ഋഗ്വേദം - ഭാഷാഭാഷ്യം

ഋഗ്വേദം

'ദേവീപ്രസാദം' ഭാഷാഭാഷ്യം

വാല്യം 1

രചയിതാവ്

ഒ. എം. സി. നാരായണൻ നമ്പൂതിരിപ്പാട്

പ്രസാധകർ

വടക്കേമഠം ബ്രഹ്മസ്വം
തൃശ്ശൂർ—1

വിതരണം

കൈരളി പ്രസ്സ് & ബുക്സ്
എം. ജി. റോഡ്, തൃശ്ശൂർ—1

വില 65 ക.

RIGVEDAM
Bhasha Bhashyam
Vol: I
By
O. M. C. Narayanan Nambudiripad
Vellinali
(Palghat Dist.)
Publishers:
Vadakke Madham Brahmaswom,
M. G. Road, Trichur.
Distributors:
Kairali Press & Books,
M. G. Road, Trichur-1
First Published February 1982
Printed at
Kairali Press
M. G. Road, Trichur-1
Copyright to the Author
Price Rs 65

Printed with the paper supplied by the Government of India at concession rate and Printed with the financial assistance from the Ministry of Education, & Social Welfare, Govt of India.

സമർപ്പണം

പല നൂററാണ്ടുകളായി ഋഗ്വേദത്തിന്റെ ദീപശി
വിപരീത പരിതഃസ്ഥിതികളിലും കെടാതെ സൂക്ഷി
രക്ഷിച്ചുപോന്ന തൃശ്ശൂർ ബ്രഹ്മസ്വം മഠത്തിനും, ആ വേ
പീഠത്തിലൂടെ തെളിഞ്ഞുയൎന്നുവന്ന യജ്ഞബുദ്ധികളു
അനേകശതം ഓത്തന്മാൎക്കും ഈ ഭാഷാഭാഷ്യം ഭക്ത്യാദരവിന
പുരസ്സരം സമൎപ്പിച്ചുകൊള്ളുന്നു.

ഗ്രന്ഥകർത്താവ്

॥ श्रीः ॥

श्री चन्द्रमौलीश्वराय नमः

श्रीमत्परमहंसपरिव्राजकाचार्यवर्य

जगद्गुरु — श्रीशङ्करभगवत्पादाचार्यपरम्परागतं श्रीकामकोटिपीठमहासंस्थानम्

काञ्चीपुरम्.

यात्रास्थानम् : १८ — ९ — १९८१

तृश्शिवपेरूर (तिरुच्चूर्)

ऋग्वेदस्य सायणाचार्यभाष्यानुसारमन्वयक्रमेण श्री ओ. एम्. सि. नारायणन् नम्बूदिरिपाट् महाशयेन मलैयालभाषायां पूर्णतया कृतः अनुवादग्रन्थः तृश्शिवपेरूर (तिरुच्चूर्) नगरवर्तमान ब्रह्मस्वमठेन प्रकाश्यते इति विदित्वा मोदामहे ।

मलैयालभाषाज्ञाः वेदाधिकारिणः एतद्ग्रन्थं पठित्वा अर्थज्ञानपुरस्सरं पारायणादि कुर्वन्तः निखिल प्रेयः श्रेयः परम्पराः अवाप्नुयुरित्याशास्महे ।

दुर्मतिभाद्रपदबहुल पञ्चमी. नारायणस्मृतिः



ഗ്രന്ഥകാരന്റെ ഗ്രാമപരദേവത
ശുകപുരത്ത് ശ്രീ ദക്ഷിണാമൂർത്തി

ആഴിത്തട്ടിലെഴുന്ന രത്ന നിരപോൽ
മിന്നിത്തിളങ്ങുന്നതാ-
മാഴംകൂടിയ മാമറയ്ക്കകയൊളി-
ഞ്ഞീടുന്ന തത്വാകരം,
ഊഴിയ്ക്കാകെ സുമംഗളം, സുഖകരം
വിജ്ഞാന സമ്പത്തുനാം
പാഴാക്കായ്കിലതീമനുഷ്യനുമഹോൽ-
ക്കർഷം വളർത്തും ദൃഢം.

പശ്ചാത്തലം-സാഹചര്യം

വേദത്തിന്ന് ഒരു ഭാഷാഭാഷ്യം നിർമ്മിക്കുവാൻ പുറപ്പെടുന്നതിന്ന് എനിക്കു് പ്രേരകമായ പശ്ചാത്തലവും സാഹചര്യവും എന്തായിരുന്നു എന്നു് ചുരുക്കത്തിൽ വിവരിക്കുവാൻ ഞാനാഗ്രഹിക്കുന്നു. വേദവേദികളുടെ നാലഞ്ചു തലമുറകൾ തുടർച്ചയായി നിലനിന്ന കുടുംബത്തിൽ ജനിച്ചതാണു് മൌലിക പശ്ചാത്തലം. നാലാമച്ഛനും മുത്തച്ഛനും മുത്തഫൻമാരും അച്ഛനും പ്രശസ്ത വേദജ്ഞൻമാരായിരുന്നു. എൻെറ വേദഗുരു ശ്രീ നരിപ്പററ ശ്രീധരൻ നമ്പൂതിരിയും ഒരു തികഞ്ഞ 'ഓത്ത'നായിരുന്നു. കുട്ടിക്കാലത്തു് പാരമ്പര്യമനുസരിച്ചു് വേദം ആദ്യന്തം ഞാൻ ഹൃദിസ്ഥമാക്കി. തൃശ്ശൂർ യോഗത്തിൽ വാദ്ധ്യാൻെറ അഭാവത്തിൽ എൻെറ മുത്തഫൻ, നീലകണ്ഠൻ നമ്പൂതിരിപ്പാടു് തല്ക്കാല വാദ്ധ്യാനായവരോധിക്കപ്പെട്ടു. അദ്ദേഹത്തിൻെറ കൂടെ പല തവണ ബ്രഹ്മസ്വം മഠത്തിൽ പോകാനും അവിടത്തെ വേദമുഖരിതമായ അന്തരീക്ഷം സ്വയമുൾക്കൊള്ളാനും കഴിഞ്ഞു. വാദ്ധ്യാൻ കഴിഞ്ഞാൽ എൻെറ ഇല്ലക്കാർക്കാണു് ബ്രഹ്മസ്വം മഠത്തിൽ പ്രാഥമ്യവും പ്രാമുഖ്യവും. അതനുസരിച്ചു് ചില മാന്യസ്ഥാനങ്ങൾ കിട്ടാനിടയായിട്ടുണ്ടു്. 1971-ൽ ബ്രഹ്മസ്വം മഠം ഭരണസമിതിയുടെ അദ്ധ്യക്ഷനായി ഞാൻ തിരഞ്ഞെടുക്കപ്പെട്ടു. ഇന്നും ആ സ്ഥാനം ഞാൻ സാദരം, സവിനയം വഹിച്ചുപോരുന്നു.

ബ്രഹ്മസ്വം മഠത്തിൻെറ ഭരണസമിതിയിൽ വന്നപ്പോൾ അവിടെ വേദാഭ്യാസം ഊർജ്ജിതപ്പെടുത്തേണ്ട ആലോചനകൾ വന്നു. വേദാർത്ഥവിചാരം കൂടി ആരംഭിക്കണമെന്ന ആശയം എൻെറ ബഹുമാന്യ സുഹൃത്തു്, ശ്രീ മുക്കനാട്ടു് ദിവാകരൻ നമ്പൂതിരിയും ഞാനും കൂടി ഉന്നയിച്ചു. വിശേഷസന്ദർഭങ്ങളിൽ വേദാർത്ഥഭാഷണങ്ങൾ നടത്തിത്തുടങ്ങി. സായണ ഭാഷ്യത്തിൻെറ ഒരു മലയാളവിവർത്തനം മഠത്തിൽ നിന്നു് പ്രസിദ്ധപ്പെടുത്താനമാലോചിച്ചു. പക്ഷെ അതിൻെറ സാമ്പത്തികഭാരം ബ്രഹ്മസ്വം മഠത്തിന്നു് താങ്ങാവുന്നതല്ലായിരുന്നു. ഈ പരിതഃസ്ഥിതിയിലാണു് ഭാഷാഭാഷ്യനിർമ്മിതിക്കുള്ള ആഗ്രഹം എ

(ഗ്രന്ഥകാരന്റെ പരദേവത : ടക്കിനിയിൽ ഭഗവതി
(മാന്ധാ തൃക്കൈശ്ചേശ്വരി)



തൃശ്ശൂർ യോഗക്കാരുടെ വേദപരദേവത ശ്രീകൃഷ്ണൻ

ന്നിലങ്കരിച്ചത്. സംസ്കൃത പാണ്ഡിത്യം വളരെ കുറവാണെങ്കിലും വേദഭക്തി ഒന്നുകൊണ്ടുമാത്രം ഏകനായി ആ ഉദ്യമത്തിൽ ഞാൻ ഭയത്തോടും ധൈര്യത്തോടും കൂടി ഇറങ്ങി. ബ്രഹ്മസ്വം മഠത്തിൽ ശ്രീകൃഷ്ണൻെറയും, എൻെറ കുലപരദേവതയായ തിരുമാന്ധാംകുന്നിൽ ഭഗവതിയുടെയും ഗ്രാമപരദേവതയായ ദക്ഷിണാമൂർത്തിയുടെയും തൃക്കാൽകളിൽ സർവ്വവും സമർപ്പിച്ചുകൊണ്ട് പരിശോധാകർമ്മം തുടന്ന ബ്രഹ്മസ്വം മഠം ഭരണസമിതിയിലെ സഹപ്രവർത്തകരും പണ്ഡിതന്മാരുമായ ശ്രീ മൃകാനാട്ടം ശ്രീ ഏക്കര രാമൻ നമ്പൂതിരിയും മററു വേദവിജ്ഞരാളും എന്നെ പ്രോത്സാഹിപ്പിച്ച ആ സാഹചര്യത്തിലാണ് ഈ മഹാസംരംഭം സംജാതമായതും സമാപിച്ചതും. അസ്സലെഴുതലടക്കം ദിവസത്തിൽ 7 മണിക്കൂർ വീതം 7 കൊല്ലം വേണ്ടിവന്ന ഇതു മുഴമിപ്പാൻ. ഒന്നാമഷ്ടകമടങ്ങിയ ഈ ഒന്നാം വാല്യം പുറത്തിറങ്ങുമ്പോൾ അതെൻെറ ചാരിതാർത്ഥ്യസാക്ഷാൽക്കാരമാണ്.

ഒന്നു കൂടി പറയേണ്ടതുണ്ട് –എൻെറ ഈ എളിയ പരിശ്രമത്തിൽ എൻെറ ഭാര്യ, ഉമാ അന്തർജ്ജനത്തിൻെറ ആരാധനാപൂർവ്വമായ അഭിനന്ദനവും ആസ്വാദനവും എനിക്ക് വളരെ പ്രോത്സാഹകമായിട്ടുണ്ട് പല ഭാഗങ്ങളും മൂലത്തോടും അന്വയാർത്ഥങ്ങളോടും കൂടി അപ്പപ്പോൾ ഞാൻ അവരെ കേൾപ്പിച്ചിട്ടുണ്ട്. പാരമ്പര്യവിശ്വാസത്താൽ അവർ മൂലം വായിയ്ക്കില്ല, കേവലം മലയാളത്തിലെ അർത്ഥമേ വായിക്കൂ സംസ്കൃതത്തിൽ ആവശ്യമാത്രമായ പരിജ്ഞാനമുള്ള അവർ, വേദഭാഷ്യമാണെന്നും എൻെറ പ്രയത്നഫലമാണെന്നതുമോർത്ത് തികഞ്ഞ ഭക്തിബഹുമാനങ്ങളോടു കൂടി ശ്രദ്ധിച്ചാസ്വദിച്ചുപോന്ന ആ അനുമോദനം എനിക്കിന്നും പ്രോത്സാഹകമാണ്

ഈ ഭാഷാഭാഷ്യം അച്ചടിക്കുന്ന വമ്പിച്ച ഭാരത്തിൽ എനിക്കു സകലവിധമായ പ്രോത്സാഹനവും സഹകരണവും ആദ്യം വാഗ്ദാന രൂപത്തിലും പിന്നീട് പ്രവൃത്തിരൂപത്തിലും തന്ന് സഹായിക്കുന്ന ഡാക്ടർ സി ആർ സ്വാമിനാഥനോട് (കേന്ദ്ര ഗവർമ്മേണ്ട് വിദ്യാഭ്യാസ വകുപ്പിൽ സംസ്കൃതം ഉപവകുപ്പിൻെറ ഉപദേഷ്ടാവ്) എനിക്കുള്ള കടപ്പാട് പറഞ്ഞാലൊടുങ്ങാത്തതാണ് ഏഴായിരം എണ്ണായിരം പേജോളം വരുന്ന ഈ ബൃഹദ്ഗ്രന്ഥം വൃത്തിയിലും വെടിപ്പിലും അസ്സലെഴുതിയ മേലേടം കൃഷ്ണൻനമ്പൂതിരി, മകൻ വാസുദേവൻ

എന്നിവരോടും എനിക്കു് സീമാതീതമായ നന്ദിയുണ്ടു്. അസ്സലെഴുതിയതു് പരിശോധിച്ചു് തെററുതീക്കുകയും മുക്കാൽഭാഗവും സ്വരചിഹ്നങ്ങൾ ചേക്കുകയും ചെയ്ത ശ്രീ. സി. എം. സുബ്രഹ്മണ്യൻ നമ്പൂതിരിയോടും ബാക്കി കാൽഭാഗം സ്വരചിഹ്നമിട്ട ശ്രീ കെ. വി. നാരായണൻ നമ്പൂതിരിയോടും ഞാൻ കൃതജ്ഞനാണു്. അച്ചടിയിൽ ക്ലേശപ്പെട്ടു് പ്രൂഫുനോക്കുന്ന ശ്രീ പൊറക്കൊടിഞ്ഞം നാരായണൻഭട്ടതിരിപ്പാടു്, കെ. വി. നാരായണൻ നമ്പൂതിരി എന്നിവർ എന്റെ സവിശേഷ കൃതജ്ഞതക്കർഹരാണു്. ബ്രഹ്മസ്വം മഠത്തിന്റെ പേരിൽ ഈ ഭാഷാഭാഷ്യം പ്രസിദ്ധപ്പെടുത്താനനുവദിച്ചതിന്നു് ഭരണ സമിതി അംഗങ്ങളോടും ഞാൻ കടപ്പെട്ടിരിക്കുന്നു. ഇതു് വൃത്തിയായും ഭംഗിയായും അച്ചടിക്കുന്നതിൽ ശുഷ്കാന്തിയും ശ്രദ്ധയുമേന്തുന്ന തൃശ്ശൂർ കൈരളീ പ്രസ്സു് പ്രവർത്തകരോടും എന്റെ അകൈതവമായ നന്ദിയും രേഖപ്പെടുത്തുന്നു.

സർവ്വോപരി ഈ ഒന്നാം വാല്യത്തിന്നു് പ്രൌഢവും പ്രോത്സാഹകവുമായ അവതാരിക എഴുതി എന്നെ ആശീർവ്വദിച്ച ഡാക്ടർ കെ. കുഞ്ഞുണ്ണിരാജാവിനോടു് അതിരററ കൃതജ്ഞത ഞാനിവിടെ സാദരം രേഖപ്പെടുത്തുന്നു.

ഒ. എം സി.

ആമുഖം

വേദമെന്നാൽ ഋഗ്വേദമാണ്. മററുവേദങ്ങൾ യജുസ്സാമാഥർവ്വ വിശേഷണങ്ങൾകൊണ്ട് പറയപ്പെടണം. വേദമെന്ന പദത്തിന്റെ അർത്ഥംപോലെ അത് ജ്ഞാനമാണ്. പരിപക്വതവന്ന ജ്ഞാനത്തിന്റെയും കവിത്വത്തിന്റെയും ഫലം വേദത്തിൽ സർവ്വത്ര തികഞ്ഞും തെളിഞ്ഞും കാണാം. വാല്മീകി, വ്യാസൻ, ഭാസൻ, കാളിദാസൻ മുതലായ കവികൾക്ക് മുമ്പും ഉത്തമകവിതകളുണ്ടായിരുന്നുവെന്നും ആ കവിത്വ സംസ്കാരമാണവരിൽ പ്രതിഫലിയ്ക്കുന്നതെന്നും വിചാരിയ്ക്കാവുന്ന പോലെ, ഋഗ്വേദത്തിന്നു മുമ്പും ഈ ആർഷഭൂമിയിൽ ഭൂതിമത്തായ ഒരു ഭൂതകാലസംസ്കാരവും വിജ്ഞാനപാരമ്പര്യവും സാഹിത്യസരണിയും ഉണ്ടായിരുന്നിരിയ്ക്കണം. അല്ലെങ്കിൽ വേദത്തിൽ ഇത്ര പരമോന്നതമായ വിചാരശൈലിയും വിജ്ഞാനപ്രകാശവും ഭാവനാഭവ്യതയുമുണ്ടാവാനിടയില്ല. പ്രഥമാഷ്ടകത്തിൽ പ്രഥമാധ്യായത്തിൽ രണ്ടാം ഋക്കിൽ ''പൂർവ്വേഭിരൃഷിഭിഃ നൂതനൈരുത'' (പൂർവ്വന്മാരായ ഋഷികളാലും നവീനന്മാരാലും) എന്നു പ്രസ്പഷ്ടം പ്രസ്താവിച്ചിട്ടുള്ളത് വേദപൂർവ്വകാലസംസ്കാരത്തെ സൂചിപ്പിയ്ക്കുന്നു. അത്തരം പരാമർശങ്ങൾ തുടന്നും പലയിടങ്ങളിലുമുണ്ട്.

വേദത്തിന് യാജ്ഞികം, ദൈവതം, ആത്മീയം എന്നിങ്ങനെ മൂന്നുവിധമർത്ഥങ്ങളുണ്ടെന്ന് ശ്രീ യാസ്കൻ സൂചിപ്പിച്ചിട്ടുണ്ട്. യാജ്ഞികാർത്ഥമെടുത്താൽ സർവ്വാർപ്പണപരമായ, സർവ്വാർപ്പണത്തിന്റെ പ്രതീകമായ യജ്ഞത്തിന്റെ തത്വപരവും അനുഷ്ഠാനപരവുമായ പൂർത്തി അതിൽ കാണാം. ദൈവതമായെടുത്താൽ പേർകൊണ്ട് പല ദേവന്മാരെയും പരാമർശിയ്ക്കുന്നുണ്ടെങ്കിലും എല്ലാദേവന്മാരും ഒന്നാണെന്നും ഓരോദേവനും എല്ലാദേവന്മാരുമാണെന്നും, നാനാത്വത്തിലേകത്വം സുവിശദമായി വേദത്തിൽ കാണാം. കേവലം യഥാശ്രുതാർത്ഥവും സൂചിതകഥകളുമെടുത്ത് കാവ്യമായാസ്വദിയ്ക്കുകയാണെങ്കിൽ മനുഷ്യന്റെ മഹത്വങ്ങളും അല്പത്വങ്ങളും വേദത്തിൽ കാണാം. മർത്ത്യത്വത്തിൽ നിന്ന് അമർത്ത്യത്വത്തിലേയ്ക്കുള്ള പ്രയാണവും

ദ്ദേശ്യമാണ്. മഹാഭാരതത്തിലില്ലാത്തത് മറെറങ്ങുമില്ല എന്നു പറഞ്ഞപോലെ, വേദത്തിലില്ലാത്തതെവിടെയുമില്ല. വാല്മീകി, വ്യാസൻ, കാളിദാസൻ മുതൽപേരുടെ കാവ്യേതിഹാസപുരാണങ്ങൾക്ക് ഉറവിടവും ഇരിപ്പിടവും വേദമാണ്. വേദത്തിൽ സൂചിപ്പിച്ച തത്വങ്ങളാണ് ഇതിഹാസപുരാണാദികളിൽ അർത്ഥവാദമായി കഥാരൂപത്തിലും കല്പനാരൂപത്തിലും വന്നിട്ടുള്ളത്.

വേദവ്യാസൻ, വേദങ്ങളെ നാലായി വ്യസിച്ചപ്പോൾ ഏററവും മഹത്തായ ഭാഗമാണ് ഋഗ്വേദമായി വിഭജിക്കപ്പെട്ടതെന്ന് വിചാരിക്കണം. നാലുവേദങ്ങളിൽ ഋഗ്വേദത്തിന്ന് പ്രാധാന്യം വേദത്തിൽ തന്നെ പറയപ്പെട്ടിട്ടുണ്ട്. പുരുഷസൂക്തത്തിൽ (8–4, 17, 18, 19) സർവ്വേശ്വരങ്കൽ നിന്ന് ഋക്കുകളാണ് മുമ്പുണ്ടായതെന്നു പറയുന്നു.

തസ്മാദ്യജ്ഞാത് സർവ്വഹുത
ഋചസ്സാമാനിജജ്ഞിരേ
ഛന്ദാംസിജജ്ഞിരേതസ്മാ–
ദ്യജുസ്തസ്മാദജായത.

(അർത്ഥം—എല്ലാം ഹോമിക്കപ്പെട്ട, യജ്ഞപുരുഷങ്കൽ നിന്ന് ഋക്കുകളും സാമങ്ങളും ജനിച്ചു. ഛന്ദസ്സുകളും ജനിച്ചു. യജുസ്സും ജനിച്ചു.) തൈത്തിരീയ സംഹിതയിൽ

'യദ്വൈയജ്ഞസ്യസാമ്നാ
യജുഷാക്രിയതേ ശിഥിലം
തദ്യദൃചാതദ്ദൃഢം'.

(അർത്ഥം—യജ്ഞത്തിന്ന് ദൃഢത്വം ഭവിക്കുന്നത് ഋക്കുകൊണ്ടാണ്.) എന്ന് ഋഗ്വേദത്തിന്റെ യജ്ഞാംഗദൃഢത്വം പ്രസ്പഷ്ടമാക്കിയിരിക്കുന്നു. 'ഋഗ്വേദോയജുർവ്വേദസ്സാമവേദോഥർവ്വവേദഃ' എന്നാണ് മുണ്ഡകോപനിഷത്തിൽ ക്രമം പറയുന്നത്. 'ഋഗ്യജുസ്സാമാഥർവ്വാണശ്ചത്വാരോവേദാഃ' എന്നാണ് നൃസിംഹതാപനീയോപനിഷത്തിലെ ക്രമീകരണം. യജുർവ്വേദം യജ്ഞാനുഷ്ഠാനപരമാകയാൽ യാജ്ഞികാർത്ഥപ്രതിപാദകമായ ഭാഷ്യം യജുർവ്വേദിയായ ശ്രീ സായണൻ യജുർവ്വേദത്തിന്നാണാദ്യം നിർമ്മിച്ചത്.

ഋക്ക് എന്നാൽ അർച്ചനയെന്നർത്ഥം. ദേവന്മാർ അതിനാൽ അർച്ചിക്കപ്പെടുന്നതുകൊണ്ട് ഋക്ക്. അപ്പോൾ യജ്ഞാംഗദ്ധത്വം പോലെ ദേവാർച്ചനയിൽ ഉത്തമത്വവും ഋഗ്വേദത്തിന്നാകുന്നു. ഋഗ്വേദമന്ത്രങ്ങളിൽ ഭൂരിഭാഗവും യഥാശ്രുതമായി പറഞ്ഞാൽ അഭീഷ്ടസിദ്ധിക്കും അനഭീഷ്ടനിവൃത്തിക്കുമുള്ള പ്രാർത്ഥനകളാണ്. ആ അഭീഷ്ടാനഭീഷ്ടങ്ങൾ ഉപാസകരിൽ വരുന്ന പാത്രഭേദം കൊണ്ട് ലൌകികങ്ങളും കാലികങ്ങളുമെന്നപോലെ, ആത്മീയങ്ങളും ചിരന്തനങ്ങളുമാവാം. ശ്രീ അരവിന്ദൻ പ്രഖ്യാപിക്കുന്ന പോലെ പ്രതീകാത്മകങ്ങളുമാവാം.

വേദം അപൌരുഷേയമാണോ?

'ഋഗ്വേദ ഏവാഗ്നേരജായത
യജുർവ്വേദോവായോഃ
സാമവേദ ആദിത്യാൽ'

എന്ന് ഐതരേയ ബ്രാഹ്മണത്തിൽ പറയുന്നു. വേദത്തിലെ ഋഷിമാർ മന്ത്രകർത്താക്കളല്ല, മന്ത്രദ്രഷ്ടാക്കൾ മാത്രമാണെന്നാണ് പൂർവ്വമതം. എന്നാൽ വിശ്വാമിത്രൻ വസിഷ്ഠനെ അധിക്ഷേപിക്കുന്നേടത്തും മററുമായ ഋക്കുകൾ നോക്കുമ്പോൾ അത് യുക്തിയ്ക്കു എത്രകണ്ട് ചേരുമെന്ന് നിശ്ചയമില്ല. മന്ത്രങ്ങളിലെ ആശയം ഋഷിമാർ ദർശിച്ചതാവാം. പിന്നീടത്ത് അവരുടെ വാക്കിലൂടെ വന്നതാവാം. അപൌരുഷേയത്വം വേദത്തിൻെറ ആത്യന്തികമഹത്വമുദ്ദേശിച്ച് സങ്കല്പിതവുമാവാം.

ഊഹം എന്നാൽ മന്ത്രത്തിൽ ഒരു പദത്തിന്നു പകരം മറെറാരു ഉചിതപദം ചേർക്കലാണ്. ലൌകികമന്ത്രങ്ങളിൽ അതു പതിവുണ്ട്. 'പതിമ്മേ പാഹി ശങ്കര' എന്നത് 'സുതമ്മേ പാഹി ശങ്കര' എന്ന് മാററിച്ചൊല്ലാറുണ്ട്. വേദത്തിൽ ഊഹം നിഷിദ്ധമാണ്. ഒരു പദത്തിന്നും തദർത്ഥമായ മറെറാരു പദം വെയ്ക്കലൊ, ഉപാസ്യദേവനെ ഉദ്ദേശിച്ചോ, ഉപാസകനെ ഉദ്ദേശിച്ചോ ലിംഗവചനങ്ങൾ മാററലോ പതിവില്ല. ഋഷിദൃഷ്ടമായതുകൊണ്ടാണ് ഊഹം നിഷിദ്ധമായിട്ടുള്ളത്.

(ശ്രീ കുഞ്ചൻനമ്പ്യാരുടെ ഐതിഹ്യപ്രസിദ്ധമായ ഒരു ഊഹമുണ്ട്. ഒരു ദിക്കിൽ ഉണ്ണിയെ ഓത്തചൊല്ലിയ്ക്കുന്ന ആശാ

യാമി, ആപോ' എന്ന് സ്വയം ചോദിച്ചപ്പോൾ അടുത്തു നിന്നിരുന്ന കമ്പർനമ്പ്യാർ 'ശക്രാശൈലാമഹതാസ്യന്ദനേന' എന്നാണ് കട്ടവെയ്ക്കുന്നത് കേട്ടു് എന്നു പറഞ്ഞുവത്രെ. (ഒരു വർഗ്ഗമോതിക്കുമ്പോൾ ഇടയ്ക്ക് തോന്നാൻവേണ്ടി പിന്നത്തെ വർഗ്ഗത്തിലെ ആദ്യത്തെ പാദംകൂട്ടി ചൊല്ലിക്കൊടുക്കുന്നതാണ് കട്ടവെയ്ക്കൽ) 'ഇന്ദ്രാപർവ്വതാ ബൃഹതാരഥേന' എന്നായിരുന്നു പാഠം. വേദോച്ചാരണാധികാരമില്ലാതിരുന്നതിനാൽ നമ്പ്യാർ കേട്ടുധരിച്ച പദങ്ങൾക്ക് പര്യായങ്ങൾ ചേർത്തു പറഞ്ഞതാണ്.)

വേദത്തിൽ അഗ്നി, ഇന്ദ്രൻ, അശ്വികൾ, രുദ്രൻ, മിത്രാവരുണന്മാർ മുതലായി അനേകം ദേവന്മാർ സ്തുതിക്കപ്പെടുന്നു. അതുപോലെ വായു, സൂര്യൻ, ഉഷസ്സ്, രാത്രി, അപ്പുകൾ മുതലായവയും ദേവതാപദത്തിൽ സ്തുതിക്കപ്പെടുന്നു. അചേതന വസ്തുക്കളായ സോമം, രഥം, യാഗപശുവിനെ കെട്ടുന്ന യൂപം, സോമം ചതയ്ക്കുന്ന പിടിക്കല്ല്, ഉരൽ, ഉലക്ക മുതലായവയും ദേവതാരൂപത്തിൽ സ്തുതിക്കപ്പെടുന്നു. സോമം അല്ലെങ്കിൽ സോമൻ ആദ്യന്തം പലയിടങ്ങളിലും ഒമ്പതാം മണ്ഡലത്തിൽ മുഴുക്കെയും പ്രതിപാദിക്കപ്പെടുന്നു. അതുപോലെ പശു, കുതിര, നായ, പക്ഷികൾ, തവളകൾ മുതലായവയും പരാമർശിക്കപ്പെടുന്നു. പശു ജ്ഞാനശക്തിയുടെയും കുതിര ക്രിയാശക്തിയുടെയും സോമം ആത്മീയാനന്ദത്തിന്റെയും പ്രതീകമാണെന്ന് ശ്രീ അരവിന്ദൻ പറയുന്നു. ഏതായാലും വേദത്തിന്റെ രീതി, ഗതി മറ്റെല്ലാ ജ്ഞാനശാഖകളിൽനിന്നും വിഭിന്നമാകുന്നു.

വേദമന്ത്രങ്ങളുടെ യാജ്ഞിക വിനിയോഗമാണ് ബ്രാഹ്മണങ്ങൾ പ്രതിപാദിക്കുന്നത്. ബ്രാഹ്മണം രണ്ടുവിധമുണ്ട്— വിധിയും അർത്ഥവാദവും. വിധിയെന്നാൽ കർമ്മചോദന. അതും രണ്ടുവിധം—അപ്രവൃത്തപ്രവർത്തകം, അജ്ഞാതാർത്ഥസ്ഥാപനം. പരസ്പര വിരുദ്ധങ്ങളായ വിധിനിഷേധങ്ങളിൽ ബ്രാഹ്മണം വിധികൾ സമർത്ഥിക്കുന്നു. അങ്ങിനെ യാജ്ഞികാർത്ഥത്തിന്റെ അടിസ്ഥാനപ്രമാണമായി ബ്രാഹ്മണങ്ങൾ നിലകൊള്ളുന്നു.

വളരെ തലമുറകളായി വേദം അർത്ഥചിന്ത കൂടാതെയാണ് ഇന്ത്യയിലുടനീളം പഠിപ്പിക്കപ്പെട്ടത്. ഏട്ടി[illegible] രക്ഷണത്ത്

കുട്ടിക്കാലത്തേ പററു. അന്നു് അർത്ഥചിന്തനം അശക്യവുമാണു്. മുതിന്നു് പാണ്ഡിത്യം നേടിയ ശേഷമാണു് അർത്ഥചിന്ത തുടങ്ങേണ്ടതു്. അതു വിരളമായി. അങ്ങിനെ അക്ഷരസ്വരം വ്യത്യാസമില്ലാതെ മുഖത്തോടുമുഖം ചൊല്ലിക്കൊടുത്തും കേട്ടു പഠിച്ചും സംഹിത നിലനിന്നു എങ്കിലും, അതിന്റെ ഉള്ളിലേക്കാരും കടക്കാതായി. വേദഭാഷയിൽ പറഞ്ഞാൽ വേദാർത്ഥങ്ങൾ ഗുഹാഹിതങ്ങളായി.

അർത്ഥചിന്തയുടെ മുഖ്യതയും ആവശ്യകതയും വേദത്തിൽ തന്നെ പ്രസ്താവിക്കപ്പെട്ടിട്ടുണ്ടു്.

ഉതത്വഃപശ്യന്നദദർശവാച-
മുതത്വശ്ശൃണ്വന്ന ശൃണോത്യേനാം
ഉതോത്വസ്മൈതന്വ്യംവിസസ്രേ
ജായേവപത്യ ഉശതീസുവാസാഃ (8–2–23)

(അർത്ഥം—ഒരുവൻ വാക്കിനെ കണ്ടിട്ടും കാണുന്നില്ല. കേട്ടിട്ടും കേൾക്കുന്നില്ല. അവന്നു് വാക്കു് അർത്ഥസ്ഫുടമാവുന്നില്ല. വേറെ ഒരുവന്നു് വാക്കു് അണിഞ്ഞൊരുങ്ങിയ പ്രേയസി ഭർത്താവിന്നെന്നപോലെ മുഗ്ധമായ സ്വശരീരം വെളിവാക്കുന്നു.)

ഉതത്വം സഖ്യേ സ്ഥിരപീതമാഹു-
ർനൈനം ഹിന്വന്ത്യപിവാജിനേഷു
അധേന്വാചരതിമായയൈഷ
വാചം ശുശ്രുവാ് അഫലാമപുഷ്പാം (8–2–23)

(അർത്ഥം—വിദ്വൽസദസ്സിൽ പലരിലൊരാൾ മാത്രം വേദാർത്ഥവേദിയായി കാണപ്പെടുന്നു. അവനെ ആരുമനാദരിക്കുന്നില്ല, എല്ലാവരും കൊണ്ടാടുന്നു. വേദാർത്ഥമറിയാത്തവൻ മച്ചിപ്പയ്യിനെ പോററുന്ന പോലെയാണു്, ഫലപുഷ്പങ്ങളില്ലാത്ത വാക്കുചൊല്ലി അലയുന്നതു്.) ''സ്ഥാണുരയം ഭാരഹാരഃ കിലാഭൂദധീത്യവേദം നവിജാനാതിയോത്ഥഃ'' (വേദം ഉരുവിട്ടു് പഠിച്ചു് അർത്ഥമറിയാത്തവൻ ഭാരം താങ്ങുന്ന തൂണാകുന്നു.) എന്നും ''യോർത്ഥജ്ഞ ഇൽ സകലം ഭദ്രമശ്നുതേ'' (വേദാർത്ഥമറിയുന്നവൻ മാത്രം എല്ലാ നന്മയും നേടുന്നു.) എന്നും

"അനഗ്നാവപി ശുഷ്കൈധോ ന തജ്ജ്വലതി കർഹിചിൽ" (തീയില്ലാതെ ഉണങ്ങിയ വിറകും കത്തുകയില്ല.) എന്നും നിരുക്തകാരൻ ശ്രീ യാസ്കൻ പറഞ്ഞിട്ടുണ്ട്. ഇപ്രകാരമെല്ലാമായിട്ടും വേദാർത്ഥചിന്തനം ദീർഘകാലമായി ഇന്ത്യയിൽ ഉപേക്ഷിതമായിരുന്നു.

പതിന്നാലാം നൂറ്റാണ്ടിൽ വിജയനഗര ചക്രവർത്തി ബുക്കന്റെ സചിവപുംഗവനായ സായണനാണ് നാലുവേദങ്ങൾക്കും സമ്പൂർണ്ണ ഭാഷ്യങ്ങൾ നിർമ്മിച്ചത്. അതിനു മുമ്പും ചില ഭാഷ്യങ്ങളുണ്ടായിട്ടുണ്ട്. അവ സായണ ഭാഷ്യങ്ങൾപോലെ പൂർണ്ണങ്ങളല്ല. അനവധി പണ്ഡിതന്മാരെ ഇരുത്തി ഭാഷ്യങ്ങളെഴുതിച്ച് താനതു മുഴുവൻ പരിശോധിച്ചു എന്നാണ് ശ്രീ സായണാചാര്യരെക്കുറിച്ചുള്ള പ്രശസ്തി. "വേദാർത്ഥവിദോ ലോകത്രയേപി ശ്രേയഃ പ്രാപ്തിരുപപദ്യതേ" (വേദാർത്ഥമറിയുന്നവർ മൂലോകങ്ങളിലും ശ്രേയഃപ്രാപ്തിയേത്തുന്നു.) എന്ന് ശ്രീ സായണാചാര്യൻ തന്നെ പറയുന്നു. സായണഭാഷ്യമുണ്ടായിരുന്നില്ലെങ്കിൽ ഇന്ന് വേദത്തിലെ പല ഭാഗങ്ങളും അജ്ഞാതാർത്ഥങ്ങളായിത്തന്നെ ഇരിയ്ക്കുമായിരുന്നു. വേദങ്ങൾക്ക് മാത്രമല്ല, ബ്രാഹ്മണാരണ്യകങ്ങൾക്കു കൂടി ശ്രീ സായണൻ ഭാഷ്യം നിർമ്മിച്ചിട്ടുണ്ട്. അങ്ങിനെ ഭാരതസംസ്കാരത്തിന്റെ നവീന സമുദ്ധാരകനെന്ന് വിളിയ്ക്കപ്പെടാൻ ശ്രീ സായണൻ സർവ്വഥാ സമർത്ഥനാകുന്നു.

"വേദേ പൂർവ്വോത്തരകാണ്ഡയോഃ ക്രമേണ ധർമ്മബ്രഹ്മണീ വിഷയഃ" വേദത്തിൽ പൂർവ്വോത്തരകാണ്ഡങ്ങൾക്ക്, സംഹിതക്കും ഉപനിഷത്തിനും ധർമ്മബ്രഹ്മങ്ങളാണ് ക്രമേണ വിഷയങ്ങളെന്ന് പറയപ്പെടുന്നു. ഉപനിഷത്തുകൾ വേദത്തിന്റെ വികസനങ്ങളല്ല, വിസ്താരങ്ങൾ മാത്രമാണ്. വേദത്തിലടങ്ങിയ തത്വങ്ങൾ തന്നെ ഏകവിഷയീകരിച്ചെടുത്തുള്ള വിസ്താരങ്ങൾ മാത്രമാണ്.

വേദാർത്ഥചിന്തനത്തിന് വേദാംഗങ്ങളായ ശിക്ഷ, വ്യാകരണം, കല്പം, നിരുക്തം, ജ്യോതിഷം, ഛന്ദസ്സ് എന്നിവയിൽ നിഷ്ണാതനാവണം.

ഛന്ദഃ പാദൌ തു വേദസ്യ
ഹസ്തൌ കല്പോഥപഠ്യതേ
ജ്യോതിഷാമയനഞ്ചക്ഷു—
ന്നിരുക്തം ശ്രോത്രമുച്യതേ

ശിക്ഷാഘ്രാണന്തുവേദസ്യ
മുഖംവ്യാകരണം സ്മൃതം
തസ്മാൽ സാങ്ഗമധീത്യൈവ
ബ്രഹ്മലോകേമഹീയതേ

(അൎത്ഥം—ഛന്ദസ്സ് വേദത്തിന്റെ കാലുകളും കല്പം കൈകളും ജ്യോതിഷം കണ്ണും നിരുക്തം ചെവിയും ശിക്ഷ മൂക്കും മുഖം വ്യാകരണവുമത്രെ. ഈ അംഗങ്ങളോടുകൂടി വേദം പഠിച്ചവൻ ബ്രഹ്മലോകത്തിൽ പൂജിക്കപ്പെടുന്നു). എന്നാണ് പാണിനീ യശിക്ഷയിൽ പറയുന്നതു്.

പുരാണം ന്യായമീമാംസാ
ധൎമ്മശാസ്ത്രാങ്ഗമിശ്രിതാഃ
വേദാസ്ഥാനാനിവിദ്യാനാം
ധൎമ്മസ്യ ച ചതുൎദ്ദശ

(അൎത്ഥം—പുരാണം, തൎക്കശാസ്ത്രം, മീമാംസ, ധൎമ്മശാസ്ത്ര ങ്ങൾ എന്നിവയോടു ചേൎന്ന വേദങ്ങൾ വിദ്യകളുടെയും ധൎമ്മ ത്തിന്റെയും പതിന്നാലു സ്ഥാനങ്ങൾ കുറിക്കുന്നു). എന്നു യാ ജ്ഞവൽക്യൻ പറയുന്നു. ഇതോൎക്കുമ്പോൾ വേദാൎത്ഥത്തെ സ മീപിക്കുന്ന ഏവനും ഭയപ്പെടണം. എന്നാൽ ഒരു പുരാവൃത്തം അവൎക്കു് സമാധാനമാണു്. ബൃഹസ്പതി നൂറു് ദിവ്യവൎഷ്കാ ലം ഇന്ദ്രന്നു് വേദാൎത്ഥമുപദേശിച്ചു. എന്നിട്ടും അവസാനിച്ചി ല്ല. പരമാവധി മനുഷ്യായുസ്സു നൂറു കൊല്ലമാണല്ലൊ. അതു കൊണ്ടെന്തു സാധിക്കുന്നു? അതുകൊണ്ടു്, അപൂൎണ്ണതകളും അല്പ തകളും അനിവാൎയ്യങ്ങളാണു്. അതുകൊണ്ടുതന്നെ ക്ഷന്തവ്യ ങ്ങളും.

വേദത്തിന്നു് സ്വരം പ്രധാനമാണു്. "വൃത്തബദ്ധാഋചഃ, ഗീതിരൂപാമന്ത്രാസ്സാമാനി, വൃത്തഗീതിവൎജ്ജിതാ മന്ത്രാ യജൂം ഷി" എന്നു് ഒരു പ്രമാണമുണ്ടു്. സ്വരം എല്ലാ വേദത്തിന്നു മുണ്ടു്.

ഉദാത്തശ്ചാനുദാത്തശ്ച
സ്വരിതശ്ചസ്വരാസ്ത്രയഃ
ഹ്രസ്വോദീർഘഃ പ്ലുതഇതി
കാലതോ നിയമാഅപി

എന്നാണു് സ്വരത്തെപ്പററിയ പ്രമാണം. പ്ലുതം ഋഗ്വേദത്തിൽ വളരെ ദുർല്ലഭമേ ഉള്ളൂ.

മന്ത്രോഹീനസ്സ്വരതോവർണ്ണതോവാ
മിഥ്യാപ്രയുക്തോനതമർത്ഥമാഹ
സവാഗ്വജ്രോയജമാനം ഹിനസ്തി
യഥേന്ദ്രശത്രുസ്സ്വരതോപരാധാത്

(അർത്ഥം—സ്വരവർണ്ണങ്ങളോടു കൂടാതെ പ്രയുക്തമായ മന്ത്രം നിഷ്ഫലമാണു്. വാക്കാകുന്ന വജ്രം യജമാനനെ ഹനിക്കുന്നു. ഇന്ദ്രശത്രു എന്ന തൽപുരുഷസമാസം സ്വരഭേദംകൊണ്ടു് ഇന്ദ്രനാകുന്ന ശത്രുവോടുകൂടിയവൻ എന്നു് ബഹുവ്രീഹിയായി വിനാശകരമായപോലെ) എന്നു് പാണിനി തന്നെ പറയുന്നു. കേരളത്തിൽ കുട്ടികളെ തലപിടിച്ചു കലുക്കിയാണു് സ്വരം ഉറപ്പിക്കുന്നതു്. എത്ര ചൊല്ലിക്കേട്ടാലും അടയാളം കണ്ടാലും സ്വരം പഠിക്കാത്തവനു് അതു് പുറപ്പെടുവാൻ പ്രയാസമുണ്ടു്.

വേദങ്ങളിൽവെച്ചു് ഋഗ്വേദം പുരാതനതമമാകുന്നു. ക്രി. മു. 1500നു് ഇപ്പുറം ആരും ഋഗ്വേദോല്പത്തിയെ ഗണിക്കുന്നില്ല. പല പണ്ഡിതന്മാരും അതിലെത്രയോ അധികം പഴക്കം ഋഗ്വേദത്തിന്നു കല്പിക്കുന്നു. അതിലെ സൂര്യോദയ പ്രശസ്തികളും ഉഷഃകാല സന്തോഷങ്ങളും കണ്ടു്, ദീർഘിച്ച രാപ്പകലുകളുള്ള ധ്രുവപ്രദേശത്തുള്ളവരായിരുന്ന പുരാതനാര്യന്മാരെന്നു് ലോകമാന്യതിലകൻ സിദ്ധാന്തിക്കുന്നു. അദ്ദേഹം വേദത്തിന്നു് വളരെ സഹസ്രാബ്ദങ്ങളുടെ പഴക്കം പറയുന്നു. ഏതു വിധത്തിലും ഇന്ത്യയിലെ ഇതിഹാസ പുരാണങ്ങളേക്കാൾ എത്രയോ അധികം പഴമ വേദത്തിനുണ്ടു് വേദഭിന്നങ്ങളായി ആദ്യന്തരങ്ങളായ ബൌദ്ധജൈനശിഖ മതങ്ങളുടെയോ, ഹിന്ദുമതത്തിലെത്തന്നെ ശൈവ വൈഷ്ണവ ശാക്തേയ ശാഖകളുടെ ഭേദങ്ങളെയോ, മുസ്ലീം ജൂതപാർസി കൃസ്ത്യൻ മതങ്ങളുടെയോ, ചാർവ്വാകം മുതലായ പഴയ നിരീശ്വര വാദങ്ങളുടെയൊ,

പുതിയ ശാസ്ത്രീയ–യുക്തിവാദപരങ്ങളായ അഭിപ്രായങ്ങളുടെയൊ, ആഘാതങ്ങളെ ശാന്തമായി ജയിച്ചാണു് വേദം ഇതുവരെ നിലനിന്നതു്. സംസ്കൃതഭാഷാപ്രചാരത്തിന്റെ ക്ഷീണംകൊണ്ടും വേദാൎത്ഥവിചാരത്തിന്റെ അഭാവംകൊണ്ടും കുറച്ചൊക്കെ ക്ഷതംബാധിച്ചുവെങ്കിലും ഇന്നും വേദം സജീവമായി വൎത്തിക്കുന്നു. 'വേദം, വിശേഷിച്ചും പുരാതനതമമായ ഋഗ്വേദം സംസ്കാരത്തിന്റെ പ്രഭാതം മാത്രമല്ല, പ്രവൃത്തിയും കൂടി കുറിക്കുന്നു അതു് ഇന്ത്യയുടെ മാത്രമല്ല, മനുഷ്യസമുദായത്തിന്റെ പ്രഥമ ഗ്രന്ഥമാണു്. അതേസമയത്തതു് മനുഷ്യജ്ഞാനത്തിന്റെ പരമകാഷ്ഠയാണു്' എന്ന ശ്രീ രാധാകുമുദ് മുഖർജിയുടെ വാക്യം അക്ഷരംപ്രതി-ശരിയാണു്.

പതിനെട്ടാം നൂററാണ്ടിന്റെ ഒടുവിലും പത്തൊമ്പതാം നൂററാണ്ടിലും പല പല ഭാരതീയ വിജ്ഞാനങ്ങൾപോലെ വേദങ്ങളും പാശ്ചാത്യപണ്ഡിതന്മാരുടെ ശ്രദ്ധയെ ആകൎഷിച്ചു. ബുദ്ധിമാന്മാരും പ്രയത്നശാലികളുമായ അവർ സംസ്കൃതം പഠിച്ചു വേദത്തിന്റെ ഉള്ളിൽ കടക്കാൻ അങ്ങേ അററം പരിശ്രമിച്ചു. അവരുടെ വിജ്ഞാനയത്നത്തിനു മുമ്പിൽ ആരും നമസ്കരിക്കണം. എന്നാൽ അവർ പിറന്നുവളൎന്ന പരിസരവും പഠിച്ചു നേടിയ വിജ്ഞാനവും അവരെ വേദപഠനത്തിൽ പലപാടും വഴിതെററിച്ചു. പ്രാകൃതരായ ആൎയ്യന്മാരുടെ നാടോടിപ്പാട്ടുകളെന്നും പ്രകൃത്യുത്ഭുതങ്ങൾ കണ്ടമ്പരന്നവരുടെ ഭയവിസ്മയജന്യങ്ങളായ സ്തുതികളെന്നും അവർ വേദത്തെ കണക്കാക്കി. സായണഭാഷ്യമാണവർ പ്രധാനമായവലംബിച്ചതെങ്കിലും അതിലും വേണ്ടപോലെ ആഞ്ഞിറങ്ങുവാൻ അവൎക്കു് കഴിഞ്ഞില്ല. വേദത്തിന്നു് ഒരു പാഠ്യപ്രചാരം അവരുടെ പരിശ്രമംകൊണ്ടു് കിട്ടിയെങ്കിലും, വേദത്തിന്റെ മഹത്വവും സൎവ്വാതിശായിത്വവും മനസ്സിലാക്കാനവൎക്കു് കഴിഞ്ഞില്ല. മാക്സ്മുള്ളർ തന്നെ പറഞ്ഞിട്ടുണ്ടു്: 'ഈ (വേദ) പഠനത്തിൽ നമ്മൾ കാക്കേണ്ടതു് ഇതാണു്: നമ്മൾ നിരൎത്ഥകമെന്നോ അയുക്തികമെന്നോ വിചാരിച്ചതു്, പിന്നീടു് അഗാധതരമായ അൎത്ഥമുള്ളതായെനിക്കനുഭവപ്പെട്ടിട്ടുണ്ടു്.' 'പഴയ പാശ്ചാത്യ പണ്ഡിതന്മാരുടെ പരമ്പര അവസാനിച്ചശേഷം ഒരു പുതിയ പരമ്പര വരുന്നുണ്ടു്. അവൎക്കു് പുതിയ വീക്ഷണങ്ങളുണ്ടാവാം.

വേദം ഏകദൈവത്തിന്നു പകരം ബഹുദേവത്വമുൾക്കൊള്ളുന്നു എന്നാണ് പാശ്ചാത്യരുടെ ആക്ഷേപം. ഏതു ദേവനെ പറയുമ്പോഴും ആ ദേവനാണ് സർവ്വമുഖ്യൻ എന്ന രീതിയെ ഹിനോതീസം (Henotheism) എന്ന ഒരു വാക്കിനാൽ മാക്സ്മുള്ളർ വിവരിക്കുന്നു വാസ്തവത്തിൽ വേദത്തിലേതു്, ഏകദേവത്വത്തെ വിശാലമാക്കി സർവ്വദേവതാകല്പനയാണ്, അഗ്നി, മിത്രൻ, വരുണൻ, ഇന്ദ്രൻ, രുദ്രൻ, വിഷ്ണു, സരസ്വതി, അശ്വികൾ മുതലായ കല്പിതദേവന്മാർക്കു പുറമെ ഉഷസ്സ്, രാത്രി, സൂര്യൻ, ചന്ദ്രൻ, ഭൂമി, ദ്യോവ്, അന്തരിക്ഷം മുതലായ പ്രകൃതിപ്രതിഭാസങ്ങളെയും നദി, പർവ്വതം, സമുദ്രം, വസന്താദികാലങ്ങൾ മുതലായ പ്രകൃതിപ്രവർത്തനങ്ങളെയും വേദം ദേവത്വം കൊടുത്തുയർത്തിയിരിക്കുന്നു, 'ത്രായന്താം വിശ്വാ ഭൂതാനി' എന്നു് (എല്ലാ ഭൂതജാതങ്ങളും എന്നെ രക്ഷിക്കട്ടെ) ദേവവല്ലരിച്ചിരിക്കുന്നു.

വേദത്തിൽ സത്യത്തിന്ന്, ഋതത്തിന്ന് മഹത്തായ സ്ഥാനമുണ്ട്. ഋതമെന്നാൽ വ്യാവഹാരികസത്യം, ലോകക്രമം, ധർമ്മമെന്നു പറയാം

സാമാസത്യോക്തിഃ പരിപാതുവിശ്വതോ-
ദ്യാവാചയത്രതതനന്നഹാനിച
വിശ്വമന്യന്നിവിശതേയദേജതി
വിശ്വാഹാപോവിശ്വാഹോദേതി സൂര്യഃ

(7–8–12)

(അർത്ഥം—സത്യംകൊണ്ടാണ് ദ്യാവാപൃഥിവികളും അഹോരാത്രങ്ങളും ഉണ്ടാകുന്നത്. എല്ലാ ഭൂതജാതങ്ങളും സത്യത്തെ ആശ്രയിച്ചാണ് വിശ്രമിക്കുന്നതും ചലിക്കുന്നതും. സത്യംകൊണ്ടാണ് എപ്പോഴും പുഴകൾ ഒഴുകുന്നതും, എന്നും സൂര്യനുദിക്കുന്നതും. ആ സത്യോക്തി എന്നെ എമ്പാടും രക്ഷിക്കട്ടെ) എന്നും

സ്വമിജ്ഞാനസ്വചികിതുഷേ ജനായ
സച്ചാസച്ചവചസീപസ്പൃധാതേ
തയോര്യത് സത്യം യതരദൃജീയ-
സ്തദിത്സോമോവതി ഹന്ത്യാസത്

(5–7–7)

(അത്ഥം—സത്യവുമസത്യവും ലോകത്തിൽ പരസ്പരം മത്സരിക്കുന്നു. അവയിൽ സത്യമായതിനെ മാത്രം സോമൻ, സർവ്വേശ്വരൻ രക്ഷിക്കുന്നു. അസത്യത്തെ അവിടുന്നു ഹനിക്കുന്നു. ഇതെല്ലാവക്കമറിയുന്നതാണു്). എന്നുമുള്ള വാക്യങ്ങൾ സത്യത്തിന്നു വേദം കല്പിക്കുന്ന വില കാണിക്കുന്നു. സത്യഃ എന്ന വിശേഷണം ദേവന്മാരോരോരുത്തക്കം പ്രയോഗിക്കുന്നു. അതുപോലെ ഋതം, ലോകത്തിലെ സത്യക്രമം സർവ്വപ്രധാനമാകുന്നു. ഋതവാൻ, ഋതവരി, ഋതവൃധഃ, മുതലായ പ്രയോഗങ്ങൾ ദേവന്മാരുടെ ധമ്മരക്ഷണവ്യഗ്രതയെ കുറിക്കുന്നു. 'യതോ ധമ്മസ്തതോ ജയഃ' (ധമ്മമുള്ളിടത്താണു് ജയം) എന്ന മഹാഭാരതതത്വം വേദോക്തമായ ഋതത്തെത്തന്നെയാണു് പ്രശംസിക്കുന്നതു്.

വേദത്തിൽ സകാമപ്രാത്ഥനകളാണധികമെന്നാണു് മറെറാരാക്ഷേപമുള്ളതു്. അതിന്നു രണ്ടു സമാധാനമുണ്ടു്. ഓരോ ഋക്കിന്നും പാത്രഭേദമനുസരിച്ചു് ലൌകികാത്ഥംപോലെ ആധ്യാത്മികാത്ഥവും പറയാം. പിന്നെ, മനുഷ്യർ പ്രായേണ സകാമന്മാരാകുന്നിടത്തോളം, സകാമപ്രാത്ഥനകൾക്കെന്താണു് തെററു്? നന്മവരാനും തിന്മനീങ്ങാനുമുള്ള പ്രാത്ഥന മനുഷ്യമനസ്സിൽ സഹജമാണു്. വിശക്കുന്നവന്നു ചോറാണു് കൊടുക്കേണ്ടതു്, തത്വപ്രസംഗങ്ങളല്ല എന്നു് സ്വാമി വിവേകാനന്ദൻ പറഞ്ഞിട്ടുള്ളതു് ഇവിടെ സ്മത്തവ്യമാണു്.

വേദത്തിൽ പറയപ്പെടുന്ന ദസ്യുക്കൾ, രാക്ഷസന്മാർ മുതലായവർ ഇന്ത്യയിലെ ആദിവാസികളാണെന്നും ആക്രമിച്ചു വന്ന ആര്യന്മാരവരെ ഒടുക്കിയതാണെന്നും, ദേവാസുരസമരങ്ങൾ ആര്യദ്രാവിഡ സംഘഷങ്ങളാണെന്നും ഒരു സിദ്ധാന്തമുണ്ടു്. ഈ ദേവന്മാരെന്നതു് നമ്മുടെ സത്വഗുണങ്ങളും സദ്വാസനകളും സൽകമ്മേച്ഛകളുമാണെന്നും രാക്ഷസാദികൾ വിപരീതശക്തികളാണെന്നും അവയുടെ മേലുള്ള ജയമാണു് വേദം ഘോഷിയ്ക്കുന്നതെന്നും മറെറാരഭിപ്രായമുണ്ടു്. ലോകമാന്യതിലകൻെറ സിദ്ധാന്തം സ്വീകരിച്ചാൽ ആര്യന്മാർ ഇന്ത്യയിൽ വന്നവരാണെന്നു് സമ്മതിയ്ക്കേണ്ടിവരും. അപ്പോൾ പൂവ്വനിവാസികളായി ചില സംഘർഷങ്ങളും അനിവാര്യങ്ങളാവും. ആധ്യാത്മികാത്ഥത്തിൽ രണ്ടാമതു് പറഞ്ഞ അഭിപ്രായമാണു് ബലപ്പെടുക.

ഒരോ സൂക്തിനും നിഗൂഢമായ ആധ്യാത്മികാർത്ഥങ്ങളുണ്ടെങ്കിൽ ശ്രീ സായണാചാര്യരെന്തേ അതെടുത്തു കാട്ടാത്തതു്? എന്തേ വാച്യാർത്ഥം മാത്രം പറഞ്ഞുപോകാൻ? കാരണമുണ്ടു്: ശ്രീ സായണാചാര്യരുടെ കാലത്തു് വേദത്തിനു് യാജ്ഞികാർത്ഥമാണു് നടപ്പിലായിരുന്നതു്. യജ്ഞങ്ങളിലെ മന്ത്രവിനിയോഗങ്ങൾ കൂടി കണക്കിലെടുത്താണദ്ദേഹം വ്യാഖ്യാനിച്ചിട്ടുള്ളതു്. ചിലയിടങ്ങളിൽ നിഗൂഢാർത്ഥം ഭാഷ്യകാരൻ സൂചിപ്പിച്ചിട്ടുമുണ്ടു്. യഥാശ്രുതാർത്ഥം പറഞ്ഞു് ബാക്കി ബുദ്ധിമാന്മാരായ ജ്ഞാനാർത്ഥികൾക്കു് വിട്ടുകൊടുത്തിരിക്കുകയാണു്. നിഗൂഢാർത്ഥം പറയാൻ പുറപ്പെട്ടാൽ ബുദ്ധിയും യുക്തിയുമനുസരിച്ച് ഓരോരുത്തർ പറയുന്നതു ഓരോ വിധമാകാനിടയുണ്ടു്. അതു് അർത്ഥപരമായ 'അനർത്ഥം' വരുത്തിവെച്ചേക്കും. അതുകൊണ്ടാവണം ശ്രീ സായണാചാര്യർ വാച്യാർത്ഥത്തിൽ നിർത്തിയതു്.

വേദം പലയിടത്തും യജ്ഞക്രിയയെ സ്പർശിക്കുന്നു, വിസ്തരിക്കുന്നു. യജ്ഞാനുഷ്ഠാന രീതികളറിയാത്തവർക്കു് പല വാക്യങ്ങളും മനസ്സിലാവാൻ തന്നെ പ്രയാസമുണ്ടു്. യൂപം, ഗ്രാവ, ഗ്രഹചമസങ്ങൾ, പുരോഡാശം, പ്രവർഗ്ഗ്യം തുടങ്ങി പല പദങ്ങൾ യജ്ഞാനുഷ്ഠാന സംബന്ധികളാണു്. എന്നാൽ യജ്ഞത്തെത്തന്നെ പ്രതീകാത്മകമായും ആത്മാർപ്പണപരമായ തപസ്സായും, ആ തപസ്സാകുന്ന അഗ്നിയിൽ ഇന്ദ്രിയസുഖങ്ങളടക്കം തനിക്കുള്ള സർവ്വസ്വവും ഹോമിക്കുന്നതായും അങ്ങിനെ സാക്ഷാൽകാരം നേടുന്നതായുമെടുക്കാം. ക്രിയാപരമായ യജ്ഞത്തിലും ആ തപസ്സും ത്യാഗവും ഉളവാകുമ്പോൾ അതു് പ്രകൃഷ്ടപ്രകാശമായിത്തീരുന്ന പുരുഷസൂക്തത്തിൽ ഹോമവസ്തുക്കളുടെ അഭാവത്തിൽ പുരുഷനെത്തന്നെ യാഗപശുവാക്കിയിട്ടുള്ളതു് ഉദാഹരണവുമാണു്

വേദത്തിൽ ഭക്തിയോഗം, കർമ്മയോഗം, ജ്ഞാനയോഗം, എന്നിവ മൂന്നുമന്തർഭവിച്ചിട്ടുണ്ടു് പ്രാർത്ഥനാ പ്രധാനമായ വേദം മുഴുവൻ ഭക്തിസംവർദ്ധകമാണു്. വേദഹൃദയമായ ഗായത്രീമന്ത്രം ഭക്തിക്കും ജ്ഞാനത്തിനും ഉദാഹരണമാണു്

തത്സവിതുർവ്വരേണ്യം
ഭർഗ്ഗോദേവസ്യധീമഹി
ധിയോയോനഃ പ്രചോദയാത് (3-4-10)

(അത്ഥം—ദേവനായ സവിതാവിൻെറ തേജസ്സ്; പരമാത്മാവിൻെറ ജ്ഞാനപ്രകാശം നമ്മുടെ ബുദ്ധികളെ, കമ്മങ്ങളെ വേണ്ടപോലെ ജ്ഞാനമാർഗ്ഗത്തിലൂടെ നയിക്കട്ടെ) എന്നതിൽ ഭക്തിപരമായ ജ്ഞാനാത്ഥന ഉറംക്കൊള്ളുന്നു. അതുപോലെ വേറെ ഋക്കുകളും ഭക്തികമ്മജ്ഞാനങ്ങറംക്ക് ഒരുപോലെ ഉദാഹരിക്കാവുന്നവയായുമുണ്ട്.

ഹിരണ്യഗഭ്സ്സമവത്തതാഗ്രേ
ഭൂതസ്യജാതഃ പതിരേക ആസീൽ
സദാധാരപ്പഥിവീന്ദ്യാമുതേമാം
കസ്മൈദേവായ ഹവിഷാവിധേമ (8–7–3)

(അത്ഥം—ഏതു ഹിരണ്യഗഭ്നെന്ന സവ്വേശ്വരനാണോ നമ്മുടെ മുമ്പിൽ വത്തിക്കുന്നതു്, ആരാണോ സവ്വഭൂതജാതങ്ങറംക്കും ഏകനായ സ്വാമിയായതു്, അവിടുന്നാണ് ഈ ഭൂവിനെയും ദ്യോവിനെയും ധരിക്കുന്നതു്. ആ പ്രജാപതിയെ നാം ഹവിസ്സാൽ പൂജിക്കാവു.) എന്നതിൽ ഭക്തിയും ജ്ഞാനവും ഹവിരപ്പ്ണത്തിൽ കമ്മവുമുറംക്കൊള്ളുന്നു.

ഇനി കമ്മയോഗമാദ്യമെടുക്കാം. വിസ്തരഭയത്താൽ ഉദാഹരണങ്ങറം ചുരുക്കുന്നു. കമ്മത്തിൻെറ മഹത്വവും അകമ്മകത്വത്തിൻെറ നിന്ദ്യതയും വേദമുൽഘോഷിക്കുന്നു.

....
മാനോനിദ്രാഈശതമോതജല്പിഃ
....
സുവീരാസോവിദഥമാവദേമ (6–4–13)

(അത്ഥം—ഉറക്കം, ആലസ്യം എന്നെ കീഴടക്കരുതേ, വൃഥാവാദി എന്നെ കീഴടക്കരുതേ, ഞങ്ങറം സുവീരന്മാരായി, യജ്ഞത്തെ അഭിസംബോധനം ചെയ്തു് പ്രഭാഷിക്കാവു.)

ഇച്ഛന്തിദേവാസ്സുന്വന്തം
നസ്വപ്നായസ്പൃഹയന്തി
യന്തിപ്രമാദമതന്ദ്രാഃ (5–7–20)

(അർത്ഥം—ദേവന്മാർ (സോമം ചതയ്ക്കുന്ന) കർമ്മം ചെയ്യുന്നവനെയാണിഷ്ടപ്പെടുന്നത്, ആലസ്യത്തിനെയല്ല. മടിയില്ലാത്തവരാണ് പ്രമാദങ്ങളെ കടന്നുപോകുന്നത്)

ന ഋതേശ്രാന്തസ്യസഖ്യായദേവാഃ (3-7-2)

(അർത്ഥം—ദേവന്മാർ വിശ്രമിക്കുന്നവന്റെ സഖ്യത്തിന്ന് വരുന്നില്ല.) മേലെഴുതിയ വേദവാക്യങ്ങൾ കർമ്മത്തെ ഊന്നുന്നു. ലൌകിക കർമ്മങ്ങളെയും വേദം പ്രശംസിക്കുന്നുണ്ട്.

അക്ഷൈർമ്മാദീവ്യഃ കൃഷിമിൽ കൃഷസ്വ
വിത്തേരമസ്വബഹുമന്യമാനഃ
തത്രഗാവഃ കിതവതത്രജായാ (7-8-5)

(അർത്ഥം—പകിട (ചൂത്) കളിച്ച് സമയം കളയരുത്. വയൽ കൃഷിചെയ്യുക. സ്വാഭിമാനത്തോടുകൂടി ധനത്തിൽ സുഖിക്കുക. അല്ലയോ ചൂതുകളിക്കാരാ, അവിടെ നിന്റെ കന്നുകളുണ്ട്, ഭാര്യയുണ്ട്, സമ്പത്തുണ്ട്, ഭാര്യാസുഖമുണ്ട്.)

സ്വസ്തിപന്ഥാമനുചരേമ
സൂര്യാചന്ദ്രമസാവിവ
പുനർദ്ദദതാഘ്നതാ
ജാനതാസങ്ഗമേമഹി (4-3-7)

(അർത്ഥം—നാം സന്മാർഗ്ഗത്തിൽ സൂര്യചന്ദ്രന്മാരെപ്പോലെ നിയതമായി ചരിക്കുമാറാവൂ. ദാതാക്കളും അഹിംസാലുക്കളും ജ്ഞാനികളുമായി സംഗമിക്കുമാറാവൂ.)

ഋതവാകേന സത്യേന
ശ്രദ്ധയാ തപസാസുതഃ............
ഇന്ദ്രായേന്ദോപരിസ്രവ (7-5-26)

(അർത്ഥം—സത്യത്തോടും ശ്രദ്ധയോടും തപസ്സോടും കൂടി സംസ്കരിക്കപ്പെട്ട അവിടന്ന് ഈ യജ്ഞാനുഷ്ഠാനത്തോടു പ്രത്യാഗമിച്ചാലും. സോമ, ഇന്ദ്രന്നുവേണ്ടി പരന്നൊഴുകിയാലും.)

ഈ ഋക്കുകളും കർമ്മത്തിന്റെ ശുദ്ധിയും അതിനുണ്ടാവേണ്ട സത്യവും ശ്രദ്ധയും തപസ്സും ചൂണ്ടിക്കാണിക്കുന്നു.

അകർമ്മികളെ അധിക്ഷേപിക്കുന്നു.

അകർമ്മാദസ്യുരഭിനോ അമന്തു-
രന്യവ്രതോ അമാനുഷഃ (7-7-7)

(അർത്ഥം-കർമ്മം ചെയ്യാത്ത ദസ്യു നേരേ വരുന്നു. അവൻ അന്യ വ്രതനാണ്, രാക്ഷസനാണ്.)

യുദ്ധത്തിൽ പൊരുതൽ കർത്തവ്യമായിപ്പറയുന്നു.

അഗ്നിരിവമന്യോത്വിഷിതസ്സഹസ്വ
സേനാനീന്നസ്സഹുരേഹൂത ഏധി (8-3-19)

(അർത്ഥം-തീപോലെ അല്ലയോ ക്രോധമേ, ചീറിച്ചെല്ലുക. അല്ലയോ വീര, സേനാനിപോലെ പടക്കു നായകനാവുക.) ഭഗവൽഗീതയിലെന്നപോലെ ഇവിടെ യുദ്ധം കർത്തവ്യമായിപ്പറയുന്നു.

വിശസ്ത്വാ സർവ്വാവാഞ്ഛന്തു
മാത്വദ്രാഷ്ട്രമധിഭ്രശൽ (8-8-31)

(അർത്ഥം-പ്രജകൾ അങ്ങയെ ഇഷ്ടപ്പെടട്ടെ. അങ്ങയുടെ രാജ്യം വീഴാതിരിക്കട്ടെ.) എന്ന് രാജാവിനെഉപദേശിക്കുന്നു.

യാഗത്തിന്റെ മഹാഫലം പറയുന്നു:

സോമോ ധേനും സോമോ അർവ്വന്തമാശും
സോമോ വീരങ്കർമ്മണ്യന്ദദാതി
സാദന്യം വിദഥ്യം സഭേയം
പിതൃശ്രവണംയോദദാശദസ്മൈ (1-6-22)

(അർത്ഥം-യാതൊരു യജമാനൻ സോമന്ന് ഹവിസ്സേകുന്നുവോ, അവന്നവിടുന്ന് കറവപ്പശുവിനെ കൊടുക്കുന്നു, ശീഘ്രഗാമിയായ കുതിരയെ കൊടുക്കുന്നു. കർമ്മകുശലനും ഗൃഹസ്ഥനും യജ്ഞാർഹനും സകലശാസ്ത്രാഭിജ്ഞനും അച്ഛന്റെ പേർ പുകഴ്ത്തുന്നവനുമായ പുത്രനെ കൊടുക്കുന്നു.)

സംവാദസൂക്തം ഐകമത്യകർത്തവ്യം ഉപദേശിക്കുന്നു.

സങ്ഗച്ഛധ്വംസംവദധ്വം
സംവോമനാംസിജാനതാം
ദേവാഭാഗം യഥാപൂർവ്വേ
സഞ്ജാനാനാ ഉപാസതേ

സമാനോമന്ത്രസ്സമിതിസ്സമാനീ
സമാനം മനസ്സഹ ചിത്തമേഷാം
സമാനം മന്ത്രമഭിമന്ത്രയേവഃ
സ്സമാനേനവോ ഹവിഷാജുഹോമി

സമാനീവ ആകൂതിഃ
സ്സമാനാ ഹൃദയാനിവഃ
സമാനമസ്തുവോമനോ–
യഥാവസ്സുസഹാസതി (8–8–49)

(അർത്ഥം—അല്ലയോ സ്തോതാക്കളേ, നിങ്ങളൊന്നിച്ചു നടക്കുക, ഒരേവാക്യം പറയുക, നിങ്ങളുടെ മനസ്സുകൾ ഏകരൂപോദ്ദേശങ്ങളോടുകൂടിയവയാകട്ടെ. പുരാതനന്മാരായ ദേവന്മാർ ഐകമത്യത്തോടുകൂടി സ്വസ്വഹവിർഭാഗങ്ങളെ സ്വീകരിക്കുന്നപോലെ, സ്വന്തം സ്വന്തം കഴിവുകളെ സ്വീകരിക്കുക. ഏകകർമ്മത്തിൽ ഒപ്പം പ്രവർത്തിക്കുന്ന നിങ്ങളുടെ സ്തുതി ഏകവിധമാവട്ടെ. നിങ്ങളുടെ പ്രാപ്തി (എന്നത്) ഏകരൂപമാവട്ടെ. അന്തഃകരണം ഏകവിധമാവട്ടെ. ചിത്തം ഏകോദ്ദേശവും ഏകീഭൂതവുമാവട്ടെ നിങ്ങളുടെ ഐക്യത്തിന്നായി ഞാൻ ഏകവിധമായ മന്ത്രംകൊണ്ടുപാസിയ്ക്കുന്നു. നിങ്ങൾക്ക് വേണ്ടി ഏകവിധമായ ഹവിസ്സുകൊണ്ട് ഹോമിയ്ക്കുന്നു. നിങ്ങളുടെ സങ്കല്പം, തീരുമാനം ഏകവിധമാവട്ടെ നിങ്ങളുടെ ഹൃദയങ്ങൾ ഏകവിധങ്ങളാവട്ടെ നിങ്ങളുടെ അന്തഃകരണം ഏപ്രകാരമായാൽ ശോഭനമായ കൂടിച്ചേർച്ച് വരുമോ, അപ്രകാരം ഏകരൂപമാവട്ടെ)

ക്രിയാപരമായ യജ്ഞത്തെയും വേദം പ്രശംസിയ്ക്കുന്നു,

ഋചാന്ത്വഃ പോഷമാസ്തേ പുപുഷ്വാൻ
ഗായത്രന്ത്വോ ഗായതിശക്വരീഷു
ബ്രഹ്മാത്വോവദതി ജാതവിദ്യാം
യജ്ഞസ്യ മാത്രാം വിമിമീത ഉത്വഃ (8–2–24)

(അർത്ഥം—ഒരാൾ, ഹോതാവ്, ഋക്കുകളുടെ പ്രയോഗത്തെ പുഷ്ടിപ്പെടുത്തുന്നു. മറ്റൊരാൾ, ഉദ്ഗാതാവ് ശക്വരികളായ

ൠക്കുകളിൽ സാമത്തെ ഗാനം ചെയ്യുന്നു. വേറൊരാറം, ബ്രഹ്മൻ പ്രായശ്ചിത്താദിവിധികരം പറയുന്നു. നാലാമതൊരാറം, അധ്വര്യു യജ്ഞശരീരത്തെ നിർമ്മിയ്ക്കുന്നു:

ഭദ്രോനോ അഗ്നിരാഹുതോ-
ഭദ്രാരാതിസ്സുഭഗഭദ്രോ അധ്വരഃ (6-1-32)

(അർത്ഥം—നമ്മുടെ യാഗാഗ്നി മംഗളകരനാവട്ടെ. നമ്മുടെ ദാനം മംഗളകരമാവട്ടെ. നമ്മുടെ യജ്ഞം മംഗളകരമാവട്ടെ.)

ദുഷ്ടജനങ്ങരം സന്മാർഗ്ഗത്തിൽ ചരിയ്ക്കുന്നില്ലെന്നു പറയുന്നു.

ഋതസ്യ പന്ഥാന്നതരന്തി ദുഷ്കൃതഃ (7-2-30)

(അർത്ഥം—യജ്ഞമാർഗ്ഗത്തിൽ ദുഷ്ടകർമ്മാക്കരം സഞ്ചരിയ്ക്കുന്നില്ല.)

നകിഷ്ടങ്കർമ്മണാനശൽ (6-5-8)

എന്നു മനസ്സുചെല്ലാത്ത കർമ്മത്തെ നിന്ദിയ്ക്കുന്നു.

വിവാഹസൂക്തത്തിൽ (8-3, 20-28) ആദർശദമ്പതീത്വവും ഗൃഹസ്ഥധർമ്മങ്ങളും വിവരിക്കുന്നു.

ഇഹപ്രിയം പ്രജയാതേ സമൃദ്ധ്യതാ-
മസ്മിൻഗൃഹേ ഗാർഹപത്യായജാഗൃഹി
ഏനാപത്യാതന്വാ ൯ം സംസൃജസ്വാ-
ധാജിവ്രീവിദഥമാവദാഥഃ

(അർത്ഥം—അല്ലയോ വധു, നിനക്കു ഈ ഭർത്തൃഗൃഹത്തിൽ സന്തതിയോടുകൂടി ഇഷ്ടസിദ്ധി സമൃദ്ധമായി വരട്ടെ. ഈ ഗൃഹത്തിൽ ഗാർഹസ്ഥ്യത്തിന്നായി (സ്വധർമ്മാചരണത്തിൽ) ഉണർവ്വോടുകൂടിയിരിക്കുക- ഭർത്താവിനോടു തന്റെ ശരീരം ചേർത്തു ഒന്നാവുക. നിങ്ങരം ജായാപതികളായി വാർദ്ധക്യ പ്രാപ്തിയിലും അന്യോന്യം സല്ലാപം ചെയ്തു സുഖിക്കുക.)

അഘോരചക്ഷുരപതിഘ്ന്യേധി
ശിവാപശുഭ്യസ്സുമനാസ്സുവർച്ചാഃ
വീരസൂർദ്ദേവകാമാസ്യോനാ
ശന്നോഭവദ്വിപദേശഞ്ചതുഷ്പദേ

(അർത്ഥം–അല്ലയോ വധു നീ അഘോരചക്ഷുസ്സായി ഭവിക്കുക സ്നേഹാർദ്രദൃഷ്ടിയാവുക, ഭർത്താവിന്ന് ദ്രോഹകരിയാവരുത്, അനുകൂലയാവണം പ്രാണികൾക്ക് മുഴുവൻ ഹിതകരിയാവുക സുമനസ്വിനിയും തേജസ്വിനിയുമാവുക സൽപുത്രന്മാക്കമ്മയാവുക സർവ്വഥാ സുഖകരിയാവുക മനുഷ്യർക്കും നാൽക്കാലികൾക്കും ശാന്തിയായി ഭവിക്കുക)

സമ്രാജ്ഞീശ്വശുരേഭവ
സമ്രാജ്ഞീശ്വശ്ര്വാംഭവ
നനാന്ദരി സമ്രാജ്ഞീഭവ
സമ്രാജ്ഞീഅധിദേവൃഷു

(അർത്ഥം–നീ ഭർത്തൃപിതാവിങ്കൽ സമ്രാജ്ഞിയാവുക ഭർത്തൃമാതാവിങ്കൽ സമ്രാജ്ഞിയാവുക ഭർത്തൃസഹോദരിമാരിൽ സമ്രാജ്ഞിയാവുക ഭർത്തൃസഹോദരന്മാരിൽ സമ്രാജ്ഞിയാവുക) ഇതിലധികം മഹത്തായ ഒരാശീവ്വാദം വധുവിന്ന് കൊടുക്കാനില്ല

ഇനി ജ്ഞാനയോഗം പരിശോധിക്കാം അതിന്ന് പരസ്സഹസ്രം ഉദാഹരണങ്ങൾ ഉണ്ട്

അക്ഷേത്രവിത് ക്ഷേത്രവിദംഹ്യപ്രാട്
സപ്രൈതിക്ഷേത്രവിദാനുശിഷ്ടഃ (7–7–30)

(അർത്ഥം–അറിവററവൻ അറിവുററവനോട് ചോദിക്കുന്നു അറിവുററവനാൽ അനുശാസിക്കപ്പെടുന്നു) ഇത് ഗുരുവിന്റെ ആവശ്യകത കാണിക്കുന്നു

ഇന്ദ്രംമിത്രം വരുണമഗ്നിമാഹു–
രഥോദിവ്യസ്സസുപർണ്ണോഗരുത്മാൻ
ഏകംസദ്വിപ്രാ ബഹുധാവദന്ത്യ
ഗ്നിംയമം മാതരിശ്വാനമാഹുഃ (2–3–22)

(അർത്ഥം–ഈ ആദിത്യനെ ഇന്ദ്രനെന്നു പറയുന്നു, മിത്രനെന്നു പറയുന്നു വരുണനെന്നു പറയുന്നു അഗ്നിയെന്നു പറയുന്നു, പിന്നെ ദ്യോവിലുണ്ടായ സുപർണ്ണനായ ഗരുഡനെന്നും പറയുന്നു വാസ്തവമായത് ഒന്നേ ഉള്ളൂ ദേവതാ തത്വവിത്തു

ക്കളായ മേധാവികൾ പലതായിപ്പറയുന്ന അഗ്നിയായും യമനായും, വായുവായും)-ഈ പ്രസിദ്ധമായ ഋക്ക് പലപേരിലറിയപ്പെടുന്ന ദേവന്മാർ ഒന്നാണെന്ന് ഖണ്ഡിതമായി സിദ്ധാന്തിക്കുന്നു.

......വിപ്രാഃ കവയോവചോഭി-
രേകംസന്തംബഹുധാകല്പയന്തി

(അർത്ഥം—ഒന്നായ ദൈവത്തെ പണ്ഡിതന്മാരും മേധാവികളും പലതായി കൽപ്പിക്കുന്നു) എന്ന് മറ്റൊരിടത്തു് പറയുന്നു.

ത്വമഗ്ന ഇന്ദ്രോവൃഷഭസ്സതാമസി
ത്വം വിഷ്ണുരുരുഗായോനമസ്യഃ
ത്വം ബ്രഹ്മാരയിവിദ്ബ്രഹ്മണസ്പതേ (2-5-17)

(അർത്ഥം—അല്ലയോ അഗ്നേ, അവിടുന്ന് സത്തുക്കളിൽവെച്ച് ശ്രേഷ്ഠനായ ഇന്ദ്രനാകുന്നു. അവിടുന്ന് പാടിപ്പുകഴ്ത്തപ്പെടേണ്ടവനും നമസ്കരിക്കപ്പെടേണ്ടവനുമായ വിഷ്ണുവാകുന്നു അല്ലയോ മന്ത്രപതേ, അവിടുന്ന് ധന (ജ്ഞാന) ദാതാവായ ബ്രഹ്മാവാകുന്നു.) എന്നിപ്രകാരം ഒരേ ദേവങ്കൽ സർവ്വദേവത്വം കൽപ്പിക്കുന്നു.

സവിതാപശ്ചാതാൽ സവിതാപുരസ്താത്
സവിതോത്തരാത്താൽ സവിതാധരാത്താൽ
സവിതാനസ്സുവതുസർവ്വതാതിം
സവിതാനോരാസതാന്ദീർഘമായുഃ (7–8–11)

(അർത്ഥം—പിന്നിൽ നില്ക്കുന്ന സവിതാവും മുന്നിൽ നില്ക്കുന്ന സവിതാവും മുകളിൽ നിൽക്കുന്ന സവിതാവും ചുവട്ടിൽ നിൽക്കുന്ന സവിതാവും നമുക്ക് സർവ്വാഭിലാഷങ്ങളുമെത്തിക്കട്ടെ. പിന്നെ സവിതാവുതന്നെ ദീർഘായുസ്സും തന്നരുളട്ടെ) ഇവിടെ ഈശ്വരന്റെ സർവ്വവ്യാപകത്വം കാണിച്ചിരിക്കുന്നു.

അദിതിർദ്യൗരദിതിരന്തരിക്ഷ-
മദിതിർമ്മാതാസപിതാസപുത്രഃ
വിശ്വേദേവാ അദിതിഃ പഞ്ചജനാ-
അദിതിർജ്ജാതമദിതിർജ്ജനിത്വം (1–6–16)

(അർത്ഥം—അദിതി സർവ്വശക്തയായ പരമാത്മസ്വരൂപയായ ദ്യോവാണ് അദിതി, അന്തരിക്ഷമാണ് അദിതി അമ്മയാണ്, അച്ഛനാണ്, മകനാണ് എല്ലാ ദേവന്മാരും അദിതിയാണ് പഞ്ചജനങ്ങൾ അദിതിയാണ്, ഉൽഭൂതമായതും ഉത്ഭവിക്കാൻ പോകുന്നതുമെല്ലാം അദിതിയാണ്) എന്ന് ഏറ്റവും മഹത്തമമായി പരാശക്തിയെ വർണ്ണിച്ചിരിക്കുന്നു

പുരുഷഏവേദം സർവ്വം
യദ്ഭൂതംയച്ചഭവ്യം (8–4–17)

(അർത്ഥം—ഇക്കണ്ടതുമുഴുവൻ പുരുഷനാണ് ഇതുവരെ ഉളവായതും ഇനി ഉളവാകാൻ പോകുന്നതും) എന്ന ആശയം തന്നെയാണ് ഇവിടെ ശക്തിരൂപത്തിൽ പറഞ്ഞിരിക്കുന്നത്

ഋതഞ്ചസത്യഞ്ചാഭീദ്ധാത്തപസോധ്യജായത
(8–8–48)

(അർത്ഥം—ധർമ്മവും സത്യവും തപസ്സിൽ നിന്നാണുണ്ടായത്) ഇപ്രകാരം പുകഴ്ത്തപ്പെടുന്ന തപസ്സ് ജ്ഞാനം തന്നെയാണ് പ്രപഞ്ചോല്പത്തിപ്രകാരം അജ്ഞാതമാണെന്നു പറയുന്നു

ഇയം വിസൃഷ്ടിര്യത ആബഭൂവ
യദിവാദധേയദിവാന
യോ അസ്യാധ്യക്ഷഃ പരമേവ്യോമ
ന്ത്സോ അംഗവേദയദിവാനവേദ (8–7–17)

(അർത്ഥം—ഈ സൃഷ്ടി ആരിൽ നിന്ന് വന്നുവോ അവിടുന്നു ധരിക്കുന്നുണ്ടോ? ഇല്ലേ? പരമോൽകൃഷ്ടസ്ഥാനത്തിരുന്ന് നാഥനായിരിക്കുന്നവൻ ഇതിനെ ശരിക്കറിയുന്നു അല്ലെങ്കിലവിടുന്നുമറിയുന്നില്ല) എന്നാൽ സൂര്യ ആത്മാ ജഗതസ്തസ്ഥുഷശ്ച (1–8–7) എന്ന് ഈശ്വരൻ സ്ഥാവരജംഗമങ്ങളുടെ ആത്മാവാണെന്ന് സ്ഥാപിക്കുന്നു

ഇനി ഭക്തിയോഗത്തിലേക്കു കടന്നാൽ അതിലും ധാരാളം ഉദാഹരണങ്ങൾ വേദത്തിലുണ്ട്

ത്വമസ്മാകം തവസ്മസി (6–6–20)

(അത്ഥം—അവിടുന്നെൻെറയാണ്. ഞാനവിടുത്തെയാണ്) എന്നതിൽ കവിഞ്ഞ് എന്താത്മനിവേദനമാണുള്ളത്?

അഗ്നിമ്മന്യേപിതരമഗ്നിമാപി—
മഗ്നിംഭ്രാതരം സദമിൽസഖായം (7–5–32)

(അത്ഥം—അഗ്നിയെ ഞാൻ പിതാവായി വിചാരിക്കുന്നു. ബന്ധുവായി വിചാരിക്കുന്നു. ഭ്രാതാവായി വിചാരിക്കുന്നു. എപ്പോഴും സഖാവായി വിചാരിക്കുന്നു.) എന്നിങ്ങനെ ഉപാസ്യദേവനെ അച്ഛനായും ബന്ധുവായും സഹോദരനായും സഖാവായും ഋഷിമാർ കാണുന്നു.

വാചമഷ്ടാപദീമഹ-
ന്നവസ്രക്തിമൃതസ്പൃശം
ഇന്ദ്രാൽപരിതന്വംമമേ (6–5–28)

(അത്ഥം—എട്ടുദിക്കുകളാലും ഉപരി സൂര്യമണ്ഡലത്താലും വ്യാപ്തമായതും യജ്ഞസ്പർശിയുമായ ഈ സ്തുതി ഇന്ദ്രനേക്കുറിച്ച് വളരെ പരിമിതമാണ്. ഉത്കൃഷ്ടമായ സ്തുതിയും പരമേശ്വരനേപ്പററിയിടത്തോളം അപൂർണ്ണമാണ്.) എന്ന് ഈശ്വര മഹത്വം ഉദ്ഘോഷിക്കുന്നു.

യൽ കിഞ്ചാഹന്ത്വായുരിദംവദാമി
തജ്ജുഷസ്വകൃധിമാദേവവന്തം (4–7–31)

(അത്ഥം—അവിടുത്തെ സ്വന്തമാക്കാനാഗ്രഹിക്കുന്ന ഞാൻ ഇപ്പോഴും ഉചിതമോ അനുചിതമോ ആയി പറയുന്നത്, അതെത്ര ചപലമായാലും, അവിടുന്നു കൈക്കൊണ്ടാലും. എന്നെ ദേവരക്ഷിതനാക്കിയാലും.) എന്ന് ഉപാസകൻെറ വിനയം പ്രകടിപ്പിക്കുന്നു.

ഒരിടത്ത് ഉപാസ്യദേവനോടുള്ള മമത്വം ഇപ്രകാരം പ്രകടമാക്കിയിരിക്കുന്നു.

യദഗ്നേസ്യാമഹന്ത്വം
ത്വം വാഘാസ്യാ അഹം
സ്യുഷ്ടേസത്യാ ഇഹാശിഷഃ (6–3–40)

(അർത്ഥം—ഞാനവിടുന്നും അവിടുന്ന് ഞാനുമായിരുന്നെങ്കിൽ എന്റെ അർത്ഥനകൾ പൂരിതങ്ങളായേനേ) എന്നുപാസകൻ കയറിപ്പറയുന്നു. നാമം ജപിക്കുവാനും വേദം ആഹ്വാനം ചെയ്യുന്നു.

ആസ്യജാനന്തോ നാമചിദ്വിവക്തന (2–2–26)

(അർത്ഥം—അവിടുത്തെ, വിഷ്ണുവിന്റെ നാമം മഹത്വമറിഞ്ഞ് സങ്കീർത്തനം ചെയ്യുക) എന്നും

നമസ്യാകല്മലീകിനന്നമോഭിർ–
ഗൃണീമസിത്വേഷം രുദ്രസ്യനാമ (2–7–17)

(അർത്ഥം—തേജസ്വിയായ രുദ്രനെ നമസ്കാരങ്ങൾകൊണ്ട് പൂജിക്കുക. ഞങ്ങൾ രുദ്രന്റെ ഉജ്ജ്വലമായ നാമം സങ്കീർത്തനം ചെയ്യുന്നു.) എന്നും നാമോച്ചാരണത്തെ പ്രശംസിക്കുന്നു.

ഭദ്രന്നോ അപിവാതയമനഃ (7–7–2)

(അർത്ഥം—ഞങ്ങളുടെ മനസ്സിനെ ശ്രേയസ്കരമായി വരത്തക്കവിധം പ്രചോദിപ്പിച്ചാലും) എന്നിങ്ങനെ മനഃശുദ്ധിക്കുള്ള പ്രാർത്ഥനയുമുണ്ട്.

ഭദ്രങ്കർണ്ണേഭിശ്ശൃണുയാമദേവാ–
ഭദ്രംപശ്യേമാക്ഷഭിര്യജത്രാഃ
സ്ഥിരൈരങ്ഗൈസ്തുഷ്ടുവാംസസ്തനൂഭി–
ർവ്യശേമദേവഹിതംയദായുഃ (1–6–16)

(അർത്ഥം—അല്ലയോ ദേവന്മാരേ, ഞങ്ങൾ ചെവികളാൽ മംഗളം കേൾക്കാറാവു. കണ്ണുകളാൽ നല്ലതു കാണാറാവു. നിങ്ങളെ സ്തുതിക്കുന്ന ഞങ്ങൾ അരോഗ ശരീരങ്ങളോടുകൂടി പ്രജാപതിയാൽ നിശ്ചയിച്ച ആയുസ്സു മുഴുവൻ പ്രാപിക്കാറാവു.) എന്നീ പ്രകാരം ജീവിതത്തിന് സർവ്വാംഗീണമായ ശുദ്ധിക്കും സുഖത്തിനും പ്രാർത്ഥിക്കുന്നു.

വേദത്തിലെ ഭക്തിയിൽ ചില സവിശേഷതകളുണ്ട്. ഉപാസകനായ തന്നെ ദേവന്മാരോട് ഗുണവാനായി, അപാപനായി പാർപ്പാൻ പ്രാർത്ഥിക്കുന്നുണ്ട്.

ഋളാചനോഅധിചബ്രൂഹിദേവ (1-8-6)

(അത്ഥം-ദേവ, ഞങ്ങളെ സന്തുഷ്ടരാക്കുക. ഞങ്ങളെപ്പ്പറ്റി മററു ദേവന്മാരോട് അധിവചിച്ചാലും—അധിവചനം—അനുകൂലപക്ഷപാതവചനം.)

പ്രനോമിത്രായവരുണായവോ-
ചോനാഗസോഅര്യമ്ണേ അഗ്നയേച (5-5-5)

(അത്ഥം—അല്ലയോ സൂര്യ, അവിടുന്ന് മിത്രനോടും വരുണനോടും അര്യമാവിനോടും അഗ്നിയോടും ഞങ്ങളെ അപാപന്മാരായിപ്പറഞ്ഞാലും.)

ഇങ്ങിനെ കമ്മയോഗവും ജ്ഞാനയോഗവും ഭക്തിയോഗവും അടങ്ങിയ വേദം എല്ലാ ഭാരതീയ ശാസ്ത്രങ്ങൾക്കും ഉറവിടമാണ്. ഇതിൽനിന്നാണ് ഭാരതീയ സംസ്കൃതി മുഴുവൻ ഒഴുകുന്നത്.

ഋഗ്വേദത്തിന്ന് ശാകലം, ബാഷ്കലം, ആശ്വലായനം, സാങ്ഖ്യായനം, മാണ്ഡൂക്യായനംഎന്നിങ്ങനെ അഞ്ചുശാഖകളുണ്ടായിരുന്നു. അവ തങ്ങളിൽ പറയത്തക്ക ഭേദങ്ങളില്ലെന്നാണ് പറയുന്നത്. ചില ഋക്കുകൾ കറവോ കൂടുതലൊ, ചില പൂർവ്വാപരക്രമ വ്യത്യാസങ്ങളൊ മാത്രമെ ഉള്ളവെന്ന് പറയുന്നു. ശാകല ശാഖയാണിന്ന് ഇന്ത്യയിൽ മുഴുവൻ സ്വീകരിക്കപ്പെട്ടുന്നത്. ബാലഖില്ല്യം, ഖിലങ്ങൾ എന്നിവകൂടി ശാകല ശാഖയുടെ ഭാഗങ്ങളായോ, പരിശിഷ്ടങ്ങളായൊ പറയപ്പെട്ടുന്നുണ്ട്. അതിന്നു പുറമെ ശ്രീസൂക്തം, മേധാസൂക്തം മുതലായി പല ഇനങ്ങളും പരിശിഷ്ടങ്ങളുടെ കൂട്ടത്തിൻ ചേർത്തു കാണപ്പെട്ടുന്നു. അവയിലെ ദേവതകൾ വേദത്തിൽ കാണപ്പെടാത്തവയും ഭാഷ, താരതമ്മ്യേന നവീനവുമാകയാൽ അവ പരിശിഷ്ടങ്ങളാണെന്ന് വിചാരിക്കാൻ ന്യായമില്ല. ബാലഖില്ല്യഖിലങ്ങളുടക്കം ഒന്നുംതന്നെ സംഹിതയുടെ കൂട്ടത്തിൽ കേരളത്തിൽ പഠിപ്പിക്കപ്പെടാറില്ല

ഋഗ്വേദം പത്തു മണ്ഡലങ്ങളായും എട്ടു് അഷ്ടകങ്ങളായും വിഭജിക്കപ്പെട്ടിരിക്കുന്നു. മണ്ഡലത്തിന്റെ ഘടകങ്ങൾ അനുവാകങ്ങളും സൂക്തങ്ങളുമാണ്. വടക്കേ ഇന്ത്യയിൽ മണ്ഡലാനുവാകസൂക്തക്രമത്തിന്നാണ് കൂടുതൽ നടപ്പ്. അഷ്ടകത്തിന്റെ ഘടകങ്ങൾ അദ്ധ്യായങ്ങളും വർഗ്ഗങ്ങളുമാണ്. കേരളത്തിൽ അഷ്ടകാദ്ധ്യായവർഗ്ഗക്രമമാണനുസരിച്ചു വരുന്നത്. എന്നാൽ സൂ

കത്തിനും പ്രാധാന്യമുണ്ടു്. സ്വാദ്ധ്യായത്തിന് അനുവാകമാണനുസരിച്ചുപ്പെടുന്നതു്. മണ്ഡലാന്തത്തിൽ മണ്ഡലം മുടിയൽ എന്ന ഒരാചാരവും നടപ്പുണ്ടു്. അഷ്ടകത്തിന് മലയാളത്തിൽ അട്ടമെന്നും അധ്യായത്തിന് ഓത്തെന്നും വർഗ്ഗത്തിന് വകമെന്നും പറയുന്ന ഓരോ അഷ്ടകത്തിലെയും പ്രഥമാധ്യായത്തിന് മുതലാമോത്തെന്ന് പറയുന്നു.

ആറു മണ്ഡലങ്ങളിൽ ഓരോ ഋഷിക്കോ, ആ ഋഷിയുടെ കുലത്തിനോ ആണ് ദ്രഷ്ടൃത്വം. 1-8-9-10 മണ്ഡലങ്ങൾക്ക് പല ഋഷികളാണ്. രണ്ടാം മണ്ഡലത്തിന് ഗൃത്സമദനും, മൂന്നിന് വിശ്വാമിത്രനും നാലിന് വാമദേവനും അഞ്ചിന് അത്രിയും ആറിന് ഭരദ്വാജനും ഏഴിന് വസിഷ്ഠനും പ്രധാന ഋഷികളാകുന്നു. ശാസ്ത്രീയമായി മണ്ഡലാദിക്രമമാണ് സ്വീകാര്യം.

കേരളത്തിൽ ഋഗ്വേദ സംഹിതക്ക് പല താണ്ടങ്ങളുമുണ്ട്. താണ്ടങ്ങൾ എന്നാൽ താണ്ടുവാൻ, കടന്നുകൂടുവാനുള്ള എളുപ്പവഴികൾ. സന്ധികൾക്കും സംഹിതയിൽ സംശയം വരാവുന്ന ഭാഗങ്ങൾക്കും പദത്തിനും എളുപ്പം ഓർമ്മിക്കാനായി താണ്ടങ്ങൾ ഉപയോഗപ്പെടുന്നു. വിവിധ പദങ്ങൾക്ക് പദാന്ത്യസ്വഭാവത്തെ അടിസ്ഥാനമാക്കി മുദ്രകളും കേരളത്തിൽ നടപ്പുണ്ട്. ഒന്നോ രണ്ടോ പദം മുദ്രകാണിച്ചാൽ ഏതു ഭാഗവും ഒരോത്തന് ചൊല്ലാനൊക്കും.

ജാന, നപി, ഭഗിഷാ, മോദം,
സയജ്ഞാഃ പാതനാനരഃ,
രസംഭിന്നായ, മാംസാദോ
നരഃ,സ്തസ്യ ജലാധിപഃ

എന്ന ശ്ലോകംകൊണ്ടു് പരല്പേരനുസരിച്ച് ജാനൻ (എട്ടു) അഷ്ടകങ്ങളെന്നും, നപി (പത്തു്) മണ്ഡലങ്ങളെന്നും, ഭഗിഷാ (അറുപത്തിനാലു്) അധ്യായങ്ങളെന്നും മോദം (85) അനുവാകങ്ങളെന്നും, സയജ്ഞാഃപാ (1017) സൂക്തങ്ങളെന്നും തനാനരഃ (2006) വർഗ്ഗങ്ങളെന്നും രസംഭിന്നായ (10472) ഋക്കുകളെന്നും മാംസാദോനരഃ (20875) അർദ്ധങ്ങൾ (ഋഗർദ്ധങ്ങൾ) എന്നും തസ്യജലാധിപഃ (193816) പദങ്ങളെന്നും സിദ്ധിക്കുന്നു.

ഈ ആമുഖമെഴുതുന്നതിൽ സായണഭാഷ്യത്തിലെ ഉപോൽഘാതത്തോടും ശ്രീ എ. സി. ബോസിന്റെ ' Call of the Vedas' എന്ന പുസ്തകത്തോടും കടപ്പാടുണ്ടു്

*

അവതാരിക

മനുഷ്യൻ ജിജ്ഞാസുവാണ്. ഈ ജിജ്ഞാസ ചെറിയ കുട്ടികളിൽക്കൂടി കാണാം. 'ഇതെന്താണ്? ഇതെന്തിനാണ്?' എന്നൊക്കെ കുട്ടികൾ ചോദിക്കാറുണ്ട്. പരിണതപ്രജ്ഞരായ പണ്ഡിതന്മാർ പോലും സത്യാന്വേഷണത്തിൽ ഇത്തരം കുട്ടികളാണ്. നാമെവിടെനിന്നു വന്നു? എവിടെപ്പോകുന്നു? ജീവിതത്തിന്റെ അർത്ഥമെന്താണ്? എന്നും മററും അവർക്കറിയണം. ഉദിച്ച സൂര്യൻ അസ്തമിക്കുമ്പോൾ 'കതമാം ദിശം രശ്മിരസ്യാതതാന' (അദ്ദേഹത്തിന്റെ രശ്മി ഏതൊരു ദിക്കിലേക്കാണ് വ്യാപിച്ചിട്ടുള്ളത്?) എന്നവർ ചോദിക്കും. സത്യത്തെപ്പററിയുള്ള ഈ ജിജ്ഞാസ തുടങ്ങുമ്പോൾ അവരുടെ നോട്ടം പ്രപഞ്ചരഹസ്യത്തിലേക്കു തിരിയുന്നു. ഈ തിരയിൽ അതിന്റെ അഗാധതയിലേക്ക് അവർ ഊളിയിട്ടു ചെല്ലും. അവരുടെ കൺമിഴിച്ചുകൊണ്ടുള്ള കുതിച്ചു പാച്ചലിൽ നാനാതരം സ്ഥൂലവസ്തുക്കൾ നാനാതരം സൂക്ഷ്മശക്തികളുടെ ഓളം തല്ലലായി അവർക്കനുഭവപ്പെട്ടു പോകുന്നു. അടിത്തട്ടിൽ നിന്നു നാലുപാടും നോക്കുമ്പോൾ ഓളമെല്ലാം ഒരേ സമുദ്രത്തിന്റെ രൂപഭേദമാണെന്ന് അവർക്കുറപ്പുവരുന്നു. തങ്ങൾക്കനുഭവപ്പെട്ട ഈ പരമ രഹസ്യം *തങ്ങളുടെ കൂട്ടുകാരോടു വിളിച്ചു പറഞ്ഞേ* തീരു എന്നവർക്കു തോന്നുകയായി. നാനാത്വം ഏകത്വത്തിൽ അലിഞ്ഞു ചേരുമ്പോൾ മനുഷ്യൻ പൂർണ്ണതയിൽ എത്തിച്ചേർന്നവനായി.

രണ്ടായിരത്തഞ്ഞൂറുകൊല്ലം മുമ്പ് യാസ്കൻ നിരുക്തത്തിൽ പറയുകയുണ്ടായി, ''സാക്ഷാൽകൃതധർമ്മാണ ഋഷയോ ബഭൂവുഃ, തേ അസാക്ഷാൽകൃത ധർമ്മഭ്യഃ ഉപദേശായ ഗ്ലായന്തഃ മന്ത്രാൻ സംപ്രാപുഃ'' പ്രപഞ്ചത്തിന്റെ സൂക്ഷ്മതത്ത്വങ്ങൾ നേരിട്ടു *കണ്ടറിഞ്ഞ മഹർഷിപുംഗവന്മാർ* അത്തരം ധർമ്മസാക്ഷാൽക്കാരം സിദ്ധിക്കാത്തവരും *തത്ത്വജിജ്ഞാസുക്കളുമായ* സ്വന്തം ശിഷ്യന്മാർക്കു ആ പാരമാർത്ഥികസത്യം കാണിച്ചുകൊടുക്കുവാൻ ശ്രമിച്ചതിന്റെ ഫലമാണ് വേദമന്ത്രങ്ങൾ.

വേദം എന്ന പദത്തിന്ന് അറിവ് എന്നാണ് വാച്യാൎത്ഥം. ശാശ്വതസത്യം കണ്ടറിയുവാനല്ലാതെ ഉണ്ടാക്കുവാനാൎക്കും കഴിയുകയില്ല. അപൌരുഷേയമാണ് വേദം എന്ന് പറയുന്നതു് ഈ നിലയ്ക്കു ശരിയാണ്. യഥാൎത്ഥമായ കവിത തന്നെ കവികൾ ഭാവനയിൽ ദൎശിക്കുകയാണ്; ഉണ്ടാക്കുകയല്ല പതിവു്. ഓരോ കവിഗോത്രങ്ങളിൽ പരമ്പരയായി സൂക്ഷിച്ചുപോന്നിരുന്നവയും യജ്ഞകൎമ്മങ്ങൾക്കും സന്ധ്യാവന്ദനാദി നിത്യകൎമ്മങ്ങൾക്കു ഉപയോഗിച്ചു വന്നിരുന്നവയുമായ പ്രധാനപ്പെട്ട സൂക്തങ്ങൾ 'സമാഹരിച്ചു തരംതിരിച്ചടുക്കിയൊതുക്കി' വെച്ചിട്ടുള്ളതാണ് വേദസംഹിതകൾ. വേദവ്യാസനാണ് ഇങ്ങിനെ തരംതിരിച്ചതെന്നു് ഐതിഹ്യവേദികൾ പറയുന്നു. ഋഗ്വേദം, യജുൎവേദം, സാമവേദം, അഥൎവ്വവേദം എന്നിങ്ങനെ നാലു വേദങ്ങളാണുള്ളതു്. യാഗാദികൎമ്മങ്ങൾക്കുപകരിക്കുന്നതു് ആദ്യത്തെ മൂന്നെണ്ണമാണ്. ഐഹികസുഖങ്ങൾക്കു വേണ്ടിയുള്ള പൌഷ്ടികകൎമ്മങ്ങളും അനിഷ്ടപരിഹാരത്തിനു വേണ്ടിയുള്ള ശാന്തികകൎമ്മങ്ങളും വിവരിക്കുന്ന അഥൎവ്വവേദത്തിന്ന് കേരളത്തിൽ തീരെ പ്രചാരം കാണുന്നില്ല. സാമവേദം ഗാനാത്മകമാണ്; ഋഗ്വേദത്തിൽ നിന്നുതന്നെ എടുത്ത 1800-ഓളം മന്ത്രങ്ങളാണ് നീട്ടിയും പല സ്വരങ്ങളോടു കൂടിയും അൎത്ഥമില്ലാത്ത അക്ഷരം ഇടയ്ക്കു ചേൎത്തും മററും പാടുന്നതു്. ഗായത്രിയിലുള്ള മന്ത്രത്തെ ശക്വരീഛന്ദസ്സിൽ നീട്ടിപ്പാടുന്നതിനെപ്പററി 'ഗായത്രം ത്വോ ഗായതി ശക്വരീഷു' എന്ന ഋഗ്വേദത്തിൽ സൂചനയുണ്ടു്. യജുൎവേദം കൃഷ്ണയജുൎവേദം ശുക്ലയജുൎവ്വേദം എന്നു രണ്ടുവിധമുണ്ടു്. അഗ്ന്യാധാനാദി ശ്രൌതകൎമ്മപ്രതിപാദകങ്ങളാണ് രണ്ടും. കേരളത്തിൽ കൃഷ്ണയജുൎവ്വേദികൾ മാത്രമേ ഉള്ളൂ. അതും ബൌധായനൻ, വാധൂലകൻ എന്നീ ശാഖക്കാർ മാത്രം. വേദങ്ങളിൽ പ്രാചീനത കൊണ്ടും പ്രാമാണികത കൊണ്ടും വ്യക്തിവൈശിഷ്ട്യം കൊണ്ടും ഏററവും പ്രധാനം ഋഗ്വേദമാണെന്നതിന്നു സംശയമില്ല. ഋഗ്വേദ സംഹിതയുടെ സായണഭാഷ്യാനുസാരിയായൊരു ഭാഷാവ്യാഖ്യാനമാണ് ഇവിടെ കൊടുത്തിട്ടുള്ളതു്.

സാരൂപ്യത്തെ മാത്രം ആസ്പദമാക്കി ഋഗ്വേദം എട്ടു് അഷ്ടകങ്ങൾ (അട്ടങ്ങൾ) ആയി വിഭജിക്കപ്പെട്ടിരിക്കുന്നു, ഓരോ അഷ്ടകവും എട്ടെട്ടു് അദ്ധ്യായങ്ങൾ (ഓത്തുകൾ) ആയും ഓരോ

അദ്ധ്യായവും 24മുതൽ 49വരെ വർഗ്ഗങ്ങൾ (വക്കങ്ങൾ) ആയും വിഭജിച്ചിട്ടുണ്ട്. സംഹിതാപാഠം കേരളത്തിൽ പഠിപ്പിക്കു ന്നതു് ഈ വിഭജനമനുസരിച്ചാണു്. അർത്ഥചിന്തയ്ക്കു് ഇവിടെ സ്ഥാനമില്ല.

കുറെ കൂടി ശാസ്ത്രീയമായ വിഭജനം പത്തുമണ്ഡലങ്ങളാ യാണു്. മണ്ഡലത്തിന്റെ ഘടകങ്ങൾ അനുവാകങ്ങളും അവാന്തര ഘടകങ്ങൾ സൂക്തങ്ങളുമത്രെ അനുവാകവും സൂക്ത ങ്ങളുമായിട്ടാണു് പണ്ടു വേദം പഠിച്ചിരുന്നതെന്നു് ഭർത്തൃഹരി യുടെ വാക്യപദീയത്തിലെ 'യഥാനുവാകഃ സൂക്തോവാ സോഢ ത്വമുപഗച്ഛതി ആവൃത്ത്യാ' എന്ന ഭാഗത്തിൽ സൂചിപ്പിച്ചി ട്ടുണ്ടു്. അഷ്ടകാദ്ധ്യായാദി വിഭജനം കുറച്ചുകൂടി അർവ്വാചീന മാണെന്നുതോന്നുന്നു.

രണ്ടുമുതൽ ഏഴുവരെയുള്ള മണ്ഡലങ്ങൾ ഓരോന്നും ഓരോ പ്രത്യേകം ഋഷികുലത്തിൽപ്പെട്ട ഋഷിമാർ ദർശിച്ചതാണു്.

രണ്ടാം മണ്ഡലം	ഗൃത്സമദൻ	429	സൂക്തങ്ങൾ
മൂന്നാം മണ്ഡലം	വിശ്വാമിത്രൻ	617	,,
നാലാം മണ്ഡലം	വാമദേവൻ	589	,,
അഞ്ചാം മണ്ഡലം	അത്രി	726	,,
ആറാം മണ്ഡലം	ഭരദ്വാജൻ	765	,,
ഏഴാം മണ്ഡലം	വസിഷ്ഠൻ	841	,,

മണ്ഡലങ്ങളുടെ ഈ ക്രമം സൂക്തങ്ങളുടെ സംഖ്യ കൂടിക്കൂടി വരുന്നതനുസരിച്ചാണെന്നു പറയപ്പെടുന്നു. മൂന്നാം മണ്ഡല ത്തിൽ നാലാം മണ്ഡലത്തേക്കാൾ സൂക്തങ്ങൾ കുറവെങ്കിലും സുപ്രസിദ്ധമായ ഗായത്രീമന്ത്രത്തിന്റെ ദ്രഷ്ടാവെന്ന നിലയ്ക്കു് വാമദേവനേക്കാൾ മുമ്പു സ്ഥാനം ലഭിച്ചു; ഗൃത്സമദനേക്കാൾ മുമ്പു സ്ഥാനം കിട്ടാതിരുന്നതു് ഇന്ദ്രന്റെ അനുഗ്രഹത്താൽ ബ്രാഹ്മണ്യം സിദ്ധിച്ച ക്ഷത്രിയനായ മന്ത്രദ്രഷ്ടാവാണു് ഗൃത്സ മദൻ എന്ന കാരണം കൊണ്ടാണത്രെ. സായണനേക്കാൾ പ്രാചീനനായ മാധവൻ എന്ന ഋഗ്വേദവ്യാഖ്യാതാവാണു് ഈ യുക്തി ചൂണ്ടിക്കാണിച്ചിട്ടുള്ളതു്. ഓരോ മണ്ഡലത്തിലെ സൂക്തങ്ങളുടേയും ക്രമം ആദ്യം പിതാവു ദർശിച്ച സൂക്തങ്ങൾ, പിന്നീടു് പുത്രൻ ദർശിച്ച സൂക്തങ്ങൾ എന്ന നിലയ്ക്കാണു്.

ന്നാം മണ്ഡലത്തിൽ മാത്രം ശ്യാവാശ്വൻ ദർശിച്ച 52 മുതൽ 62 വരെയുള്ള സൂക്തങ്ങളാം അദ്ദേഹത്തിന്റെ പിതാവായ അർച്ചനാനസ് ദർശിച്ച 63-64 എന്നീ സൂക്തങ്ങൾക്കാം മുമ്പുതന്നെ കൊടുത്തുകാണുന്നു; ഇതിനു കാരണം പിതാവിനേക്കാം പ്രസിദ്ധനായിരുന്ന പുത്രൻ എന്നതാകണം വിശ്വാമിത്രൻതന്നെ തപസ്സുകൊണ്ടു ബ്രാഹ്മണ്യം സിദ്ധിച്ച ക്ഷത്രിയനാണെന്ന ഇതിഹാസാദികളിൽക്കാണുന്നു

ഓരോ ഋഷിയുടേയും സൂക്തങ്ങളിൽ തന്നെ അഗ്നിയെ സ്തുതിക്കുന്നവ ആദ്യം, ഇന്ദ്രനെ സ്തുതിക്കുന്നവ പിന്നീട്, മറ്റുള്ളവ അതിനുശേഷം എന്നതാണ് ക്രമം.

എട്ടാം മണ്ഡലത്തിലെ ആദ്യത്തെ 66 സൂക്തങ്ങാം കണ്വകുലത്തിൽപ്പെട്ട ഋഷിമാരുടേതാണ്. 67 മുതൽ 103 വരെയുള്ള സൂക്തങ്ങാം മററു കവികളുടേതും ഇതിന്റെ തുടക്കം അഗ്നിസൂക്തങ്ങളല്ല, സൂക്തസംഖ്യയും കുറവാണ്.

ഒമ്പതാം മണ്ഡലം മുഴുവനും സോമസൂക്തങ്ങളാണ്. 60-ലധികം കവികാം ദർശിച്ച 114 സൂക്തങ്ങളുണ്ട്. രണ്ടു മുതൽ എട്ടുവരെയുള്ള മണ്ഡലങ്ങളിൽ സോമസൂക്തങ്ങാം കാണ്മാനില്ല. സോമസൂക്തങ്ങാം മുഴുവൻ തെരഞ്ഞെടുത്ത് ഒന്നിച്ചുചേർത്തതാണ് ഈ മണ്ഡലമെന്ന പറയാം

ഒന്നാം മണ്ഡലത്തിൽ 51 മുതൽ 191 വരെയുള്ള സൂക്തങ്ങാം സവ്യൻ, നോധസ്, പരാശരൻ, ഗോതമൻ, കുത്സൻ, കക്ഷീവത്, പരുച്ഛേപൻ, ദീർഘതമസ്സ്, അഗസ്ത്യൻ എന്നീ ഋഷിമാർ രചിച്ചവയാണ് 2 മുതൽ ഏഴുവരെയുള്ള പുസ്തകങ്ങളിൽ കാണാത്ത കവികളാണിവർ ഈ മണ്ഡലത്തിൽ ആദ്യഭാഗത്തുള്ള സൂക്തങ്ങാം മിക്കതും എട്ടാം മണ്ഡലത്തിലേതുപോലെ തന്നെ കണ്വകുലത്തിൽപ്പെട്ട കവികളുടെയാണ്.

പത്താം മണ്ഡലം പല തരത്തിലും മററു മണ്ഡലങ്ങളിൽനിന്നു വ്യത്യസ്തപ്പെട്ടതാണ്. ഇതു പിന്നീട കൂട്ടിച്ചേർത്തതാണെന്നു ചില പണ്ഡിതന്മാർ അഭിപ്രായപ്പെട്ടിട്ടുണ്ട് യജ്ഞത്തോടു ബന്ധപ്പെടാത്ത പല സൂക്തങ്ങളും ഈ മണ്ഡലത്തിലാണ് കാണുന്നതു്. പ്രപഞ്ചത്തിന്റെ ഉൽപത്തിയെപ്പററി ചച്ച്

ചെയ്യുന്ന നാസദീയസൂക്തം, പുരുഷസൂക്തം, വിവാഹസൂക്തം, അക്ഷസൂക്തം തുടങ്ങിയ സൂക്തങ്ങൾ ഈ മണ്ഡലത്തിലാണ്. പല സൂക്തങ്ങളുടേയും ഭാഷതന്നെ ലൌകിക സംസ്കൃതത്തോടടുത്തു നില്ക്കുന്നു. എങ്കിലും പല പ്രാചീനസൂക്തങ്ങളും ഈ മണ്ഡലത്തിൽത്തന്നെ സ്ഥാനം പിടിച്ചിട്ടുണ്ടെന്നും സമ്മതിക്കേണ്ടിവരും. ഒന്നാം മണ്ഡലത്തിൽ എന്നപോലെ പത്താം മണ്ഡലത്തിലും സൂക്തങ്ങൾ 191 ആണ്.

പത്തു മൺഡലങ്ങളിലും കൂടി 1017 സൂക്തങ്ങളാണുള്ളതു്. ഇവയ്ക്കു പുറമേ 11 വാലഖില്യ സൂക്തങ്ങൾ എട്ടാം മൺഡലത്തിൽ 48-ാം സൂക്തത്തിന്നുശേഷം കൂട്ടിച്ചേർത്തിട്ടുണ്ട്. ഇതു ശാകല്യശാഖയനുസരിച്ചാണ്; ബാഷ്കലശാഖയിൽ 7 വാലഖില്യങ്ങളേ ഉള്ളു. ശാകല്യന്റെ പദപാഠത്തിൽ വാലഖില്യങ്ങൾക്കു സ്ഥാനമുണ്ടെങ്കിലും സായണഭാഷ്യത്തിൽ അവ ഉൾപ്പെടുത്തിക്കാണുന്നില്ല. ചില സൂക്തങ്ങൾക്കു പ്രത്യേകം പേരുണ്ട്-പുരുഷസൂക്തം, അസ്യവാമീയം, ആപോനപ്ത്രീയം, നാസദീയം, ശ്രീസൂക്തം, ഭാഗ്യസൂക്തം, അക്ഷസൂക്തം എന്നിങ്ങനെ.

ചരണവ്യൂഹമനുസരിച്ച് ഋഗ്വേദത്തിന്ന് ശാകല്യം, ബാഷ്കലം, ആശ്വലായനം, ശാംഖായനം, മാണ്ഡൂകേയം എന്നിങ്ങനെ അഞ്ചു ശാഖകളുണ്ടായിരുന്നതായിക്കാണുന്നു; ഇന്നു് ശാകല്യശാഖയ്ക്കാണ് സാർവ്വത്രികമായ പ്രചാരം. ബാഷ്കലശാഖക്കും കേരളത്തിൽ സ്ഥാനം കാണുന്നുണ്ട്.

ശാകല്യസംഹിതൈകാച ബാഷ്കലസ്യ തഥാപരാ
തേ സംഹിതേ സമാശ്രിത്യ ബ്രാഹ്മണാന്യേകവിംശതിഃ

എന്നും പ്രമാണമുണ്ടെങ്കിലും ശാകല്യപാഠാനുസാരിയായ ഋഗ്വേദത്തിന്നു മാത്രമേ ഇപ്പോൾ പ്രചാരമുള്ളു. പാഠഭേദങ്ങൾ പരിശിഷ്ടങ്ങൾക്കും വാലഖില്യങ്ങൾക്കും മാത്രമാണ്. ശാകലസംഹിതക്കാർ ആശ്വലായനന്മാരും ബാഷ്കലസംഹിതക്കാർ കൌഷീതകന്മാരുമാണത്രെ.

ജീവിതം ദുഃഖമയമാണെന്നും അതുപേക്ഷിച്ചു സന്യാസം സ്വീകരിച്ചു മോക്ഷം നേടണമെന്നും ഉള്ള വിശ്വാസം ഋഗ്വേദത്തിൽ ഒരിടത്തും കാണുകയില്ല. ഈശ്വരന്റെ വിവിധ പ്ര

തിരോസങ്ങളായ പ്രാപഞ്ചിക വസ്തുക്കളൊന്നും തന്നെ ധിക്കരിക്കേണ്ടവയോ തിരസ്കരിക്കേണ്ടവയോ അല്ല. സർവ്വത്ര ഈശ്വര ചൈതന്യം പ്രത്യക്ഷമായിക്കണ്ട് ഓരോരോ പേരിൽ സ്തുതിക്കുന്നവരാണ് വൈദിക കവികൾ. സുവർണ്ണമയവും രത്നഖചിതവുമായ രഥങ്ങളിൽക്കയറിവരുന്ന ദേവന്മാരെ സ്തോത്രം കൊണ്ടു സന്തോഷിപ്പിക്കുകയും അവരുടെ അനുഗ്രഹംകൊണ്ടു സിദ്ധിക്കുന്ന ലൌകിക സുഖം ആഗ്രഹിക്കുകയും ചെയ്യുന്നവരാണവർ. വീരന്മാരായ പുത്രന്മാരുണ്ടാകണം; വിദ്വത്സദസ്സുകളിൽ സംസാരിക്കുവാൻ കഴിവുണ്ടാകണം; പശു, സുവർണ്ണം മുതലായ സമ്പത്തുണ്ടാകണം. അരോഗദൃഢഗാത്രന്മാരായിരിക്കണം നൂറുവത്സരം സുഖമായി ജീവിക്കണം, ശത്രുക്കൾ യുദ്ധത്തിനു വന്നാൽ അവരെ തോല്പിക്കുവാൻ കഴിയണം. ഇതെല്ലാമാണ് ഋഗ്വേദ കവികളുടെ ആഗ്രഹം. കണ്ണിനും ചെവിക്കും രോഗങ്ങൾക്കും ശരീരത്തിനും ശക്തി കുറയാതെ തന്നെ മനുഷ്യനു വിധിച്ചിട്ടുള്ള നൂറുവർഷം ആയുസ്സ്, പകുതിയായി വെട്ടിക്കുറയ്ക്കാതെ, ലഭിക്കുവാൻ ദേവന്മാരുടെ അനുഗ്രഹം അഭ്യർത്ഥിക്കുന്നു. ധാരാളം മക്കളുണ്ടായാൽ എല്ലാവരുംകൂടി അങ്ങയെ സ്തുതിച്ചു പാടാം. സുവർണ്ണവും, രത്നങ്ങളും, അന്നവും ധനവും എല്ലാം ലഭിക്കണമെന്നാണ് അവരുടെ ആഗ്രഹം. ഒരുതരം സകാമഭക്തിയെന്ന് ഈശ്വരനോടുള്ള അവരുടെ മനോഭാവത്തെപ്പറ്റി പറയാം.

അനേകം ദേവന്മാരെ ഋഗ്വേദത്തിൽ സ്തുതിക്കുന്നുണ്ട്. പ്രധാനമായ സ്ഥാനം ഇന്ദ്രനാണ്. ഇന്ദ്രന്റെ പരാക്രമങ്ങൾ വർണ്ണിച്ചാലൊടുങ്ങുകയില്ല മിന്നൽപ്പിണരാകുന്ന വജ്രായുധവുമേന്തി സുവർണ്ണരഥത്തിൽ വരുന്ന ഇന്ദ്രൻ ശംബരൻ, വലൻ, വൃത്രൻ മുതലായ വമ്പിച്ച അസുരന്മാരെക്കൊന്നു. സോമപാനത്തിൽ അതിയായ ആസക്തിയാണ് ഈ ദേവന്. ദസ്യുക്കളോടുള്ള യുദ്ധത്തിൽ ജനങ്ങൾക്ക് തുണയായി നിന്നത് ഇന്ദ്രനത്രെ.

അനന്തരകാലത്ത് ത്രിമൂർത്തികളിൽ ഒരാളായി മാന്യസ്ഥാനം ലഭിച്ച വിഷ്ണുവിന് ഇന്ദ്രന്റെ അനുജൻ എന്ന നിലയാണ് വേദത്തിൽ. 'ത്രിവിക്രമകഥ സൂചിപ്പിച്ചിട്ടുണ്ടെങ്കിലും മഹാബലിയെപ്പറ്റി പ്രസ്താവനയില്ല'

ഇന്ദ്രൻ കഴിഞ്ഞാൽ പിന്നീട്ട പ്രാധാന്യം അഗ്നിക്കാണ്. ഹവിസ്സ സ്വീകരിച്ച് ദേവന്മാൎക്കെത്തിച്ചു കൊടുക്കുന്നതു് അഗ്നിയാണ് അരണി കടഞ്ഞാണ് അഗ്നിയുണ്ടാക്കുന്നതു്. അച്ഛൻ മക്കൾക്കെന്നപോലെ അഭിഗമ്യനും ഹിതൈഷിയുമാണ് അഗ്നി.

വരുണൻ സൎവ്വശക്തനായൊരു ദേവനാണ്. സൎവ്വജ്ഞനായ ആ ദേവനെ എല്ലാവൎക്കും ഭയമാണ്. യമൻ പരലോകത്തിലെ രാജാവാണ്; ഇവിടെ നിന്നു മരിച്ച് അവിടെച്ചെല്ലുന്നവരെ സൽക്കരിക്കുന്ന ആതിഥേയനായിട്ടാണ് അദ്ദേഹത്തെ വൎണ്ണിച്ചുകാണുന്നതു്.

അശ്വിനീദേവന്മാർ, മിത്രാവരുണന്മാർ, മരുത്തുകൾ, സൂൎയ്യൻ, സവിതാവു്, ഉഷസ്സ്, രാത്രി തുടങ്ങി അനേകം ദേവതമാർ ഋഗ്വേദത്തിൽ ആരാധിക്കപ്പെട്ടുന്നുണ്ടു്.

ഋഗ്വേദത്തിന്നു് ആധിഭൗതികം, ആധിദൈവതം, ആദ്ധ്യാത്മികം എന്നു മൂന്നു തരത്തിൽ വ്യാഖ്യാനങ്ങൾ പണ്ടുതന്നെ ഉണ്ടായിരുന്നു. വേദത്തിന്നു് അൎത്ഥമേ ഇല്ല എന്ന വാദഗതി കൂടി യാസ്കൻ ചർച്ച ചെയ്യുന്നുണ്ടു്. യാജ്ഞികമായ വിനിയോഗമാണ് ബ്രാഹ്മണങ്ങളിലും ശ്രൗതസൂത്രങ്ങളിലും കാണുക. ബൃഹദ്ദേവതയാണ് മറ്റൊരു വ്യാഖ്യാനം. പഞ്ചജനങ്ങളെപ്പററി യാസ്കൻ, ശാകടായനൻ, ഔപമന്യവൻ എന്നിവരുടെ അഭിപ്രായങ്ങൾക്കു ഐകരൂപ്യമില്ല. ആധുനികകാലത്തു് ദയാനന്ദസരസ്വതി ഏകദേവതാസിദ്ധാന്തം സമൎത്ഥിക്കുന്നു. ആദ്ധ്യാത്മികമായ രഹസ്യാൎത്ഥമാണ് അരവിന്ദഘോഷ് കല്പിക്കുന്നതു്. കാമധേനുവിനെപ്പോലെ വിദ്യാൎത്ഥികളുടെ കഴിവനുസരിച്ച് പല പല നിലക്കും അൎത്ഥം നല്കുന്ന ഒന്നത്രെ ഋഗ്വേദമന്ത്രങ്ങൾ.

അസ്യവാമീയസൂക്തം അദ്ധ്യാത്മപരമായി വ്യാഖ്യാനിക്കുന്ന ആത്മാനന്ദൻ സ്കന്ദസ്വാമി, ഉദ്ഗീഥൻ, ഭാസ്കരൻ തുടങ്ങിയവരുടെ വ്യാഖ്യാനം അധിയജ്ഞവിഷയമാണെങ്കിലും ശൌനകാനുസാരിയായ വാരരുചാനുക്രമണികയും ബൃഹദ് വിഷ്ണുധൎമ്മത്തിന്റെ ഉത്തരാൎദ്ധത്തിൽ പുഷ്കരൻ എന്ന യക്ഷൻ ദശരഥപുത്രനായ ശ്രീരാമന്നു് രാജധൎമ്മാദികൾ ഉപദേശിച്ച

തിമോസങ്ങളായ പ്രാപഞ്ചിക വസ്തുക്കളൊന്നും തന്നെ ധിക്കരിക്കേണ്ടവയോ തിരസ്കരിക്കേണ്ടവയോ അല്ല. സർവ്വത്ര ഈശ്വരചൈതന്യം പ്രത്യക്ഷമായിക്കണ്ടു് ഓരോരോ പേരിൽ സ്തുതിക്കുന്നവരാണു് വൈദിക കവികൾ. സുവർണ്ണമയവും രത്നഖചിതവുമായ രഥങ്ങളിൽക്കയറിവരുന്ന ദേവന്മാരെ സ്തോത്രംകൊണ്ടു സന്തോഷിപ്പിക്കുകയും അവരുടെ അനുഗ്രഹംകൊണ്ടു സിദ്ധിക്കുന്ന ലൌകിക സുഖം ആഗ്രഹിക്കുകയും ചെയ്യുന്നവരാണവർ. വീരന്മാരായ പുത്രന്മാരുണ്ടാകണം, വിദ്വത്സദസ്സുകളിൽ സംസാരിക്കുവാൻ കഴിവുണ്ടാകണം, പശു, സുവർണ്ണം മുതലായ സമ്പത്തുണ്ടാകണം. അരോഗദൃഢഗാത്രന്മാരായിരിക്കണം നൂറുവത്സരം സുഖമായി ജീവിക്കണം, ശത്രുക്കൾ യുദ്ധത്തിനു വന്നാൽ അവരെ തോൽപ്പിക്കുവാൻ കഴിയണം. ഇതെല്ലാമാണു് ഋഗ്വേദ കവികളുടെ ആഗ്രഹം. കണ്ണിനും ചെവിക്കും മററംഗങ്ങൾക്കും ശരീരത്തിനും ശക്തി കുറയാതെ തന്നെ മനുഷ്യനു വിധിച്ചിട്ടുള്ള നൂറുവർഷം ആയുസ്സു്, പകുതിയായി വെട്ടിക്കുറയ്ക്കാതെ, ലഭിക്കുവാൻ ദേവന്മാരുടെ അനുഗ്രഹം അഭ്യർത്ഥിക്കുന്നു. ധാരാളം മക്കളുണ്ടായാൽ എല്ലാവരുംകൂടി അങ്ങയെ സ്തുതിച്ചു പാടാം. സുവർണ്ണവും, രത്നങ്ങളും, അന്നവും ധനവും എല്ലാം ലഭിക്കണമെന്നാണു് അവരുടെ ആഗ്രഹം. ഒരു തരം സകാമഭക്തിയെന്നു് ഈശ്വരനോടുള്ള അവരുടെ മനോഭാവത്തെപ്പററി പറയാം.

അനേകം ദേവന്മാരെ ഋഗ്വേദത്തിൽ സ്തുതിക്കുന്നുണ്ടു്. പ്രധാനമായ സ്ഥാനം ഇന്ദ്രനാണു്. ഇന്ദ്രന്റെ പരാക്രമങ്ങൾ വർണ്ണിച്ചാലൊടുങ്ങുകയില്ല. മിന്നൽപ്പിണരാകുന്ന വജ്രായുധവുമേന്തി സുവർണ്ണരഥത്തിൽ വരുന്ന ഇന്ദ്രൻ ശംബരൻ, വലൻ, വൃത്രൻ മുതലായ വമ്പിച്ച അസുരന്മാരെക്കൊന്നു. സോമപാനത്തിൽ അതിയായ ആസക്തിയാണു് ഈ ദേവനു്. ദസ്യുക്കളോടുള്ള യുദ്ധത്തിൽ ജനങ്ങൾക്കു് തുണയായി നിന്നതു് ഇന്ദ്രനത്രെ.

അനന്തരകാലത്തു് ത്രിമൂർത്തികളിൽ ഒരാളായി മാന്യസ്ഥാനം ലഭിച്ച വിഷ്ണുവിനു് ഇന്ദ്രന്റെ അനുജൻ എന്ന നിലയാണു് വേദത്തിൽ. 'ത്രിവിക്രമകഥ സൂചിപ്പിച്ചിട്ടുണ്ടെങ്കിലും മഹാബലിയെപ്പററി പ്രസ്താവനയില്ല.'

ഇന്ദ്രൻ കഴിഞ്ഞാൽ പിന്നീട പ്രാധാന്യം അഗ്നിക്കാണു്. ഹവിസ്സ സ്വീകരിച്ചു് ദേവന്മാക്കെത്തിച്ചു കൊടുക്കുന്നതു് അഗ്നിയാണു് അരണി കടഞ്ഞാണു് അഗ്നിയുണ്ടാക്കുന്നതു്. അച്ഛൻ മക്കാംക്കെന്നപോലെ അഭിഗമ്യനം ഹിതൈഷിയുമാണു് അഗ്നി.

വരുണൻ സവ്വശക്തനായൊരു ദേവനാണു്. സവ്വജ്ഞനായ ആ ദേവനെ എല്ലാവക്കും ഭയമാണു്. യമൻ പരലോകത്തിലെ രാജാവാണു്; ഇവിടെ നിന്നു മരിച്ചു് അവിടെച്ചെല്ലുന്നവരെ സൽക്കരിക്കുന്ന ആതിഥേയനായിട്ടാണു് അദ്ദേഹത്തെ വൎണ്ണിച്ചുകാണുന്നതു്.

അശ്വിനീദേവന്മാർ, മിത്രാവരുണന്മാർ, മരുത്തുകാം, സൂൎയ്യൻ, സവിതാവു്, ഉഷസ്സു്, രാത്രി തുടങ്ങി അനേകം ദേവതമാർ ഋഗ്വേദത്തിൽ ആരാധിക്കപ്പെട്ടുന്നുണ്ടു്.

ഋഗ്വേദത്തിന്നു് ആധിഭൌതികം, ആധിദൈവതം, ആദ്ധ്യാത്മികം എന്നു മൂന്നു തരത്തിൽ വ്യാഖ്യാനങ്ങാം പണ്ടുതന്നെ ഉണ്ടായിരുന്നു. വേദത്തിന്നു് അൎത്ഥമേ ഇല്ല എന്ന വാദഗതി കൂടി യാസ്കൻ ചർച്ച ചെയ്യുന്നുണ്ടു്. യാജ്ഞികമായ വിനിയോഗമാണു് ബ്രാഹ്മണങ്ങളിലും ശ്രൌതസൂത്രങ്ങളിലും കാണുക. ബൃഹദ്ദേവതയാണു് മറെറാരു വ്യാഖ്യാനം. പഞ്ചജനങ്ങളെപ്പററി യാസ്കൻ, ശാകടായനൻ, ഔപമന്യവൻ എന്നിവരുടെ അഭിപ്രായങ്ങാംക്കു ഐകരൂപ്യമില്ല. ആധുനികകാലത്തു് ദയാനന്ദസരസ്വതി ഏകദേവതാസിദ്ധാന്തം സമൎത്ഥിക്കുന്നു. ആദ്ധ്യാത്മികമായ രഹസ്യാൎത്ഥമാണു് അരവിന്ദഘോഷ് കല്പിക്കുന്നതു്. കാമധേനുവിനെപ്പോലെ വിദ്യാൎത്ഥികളുടെ കഴിവനുസരിച്ചു് പല പല നിലക്കും അൎത്ഥം നല്കുന്ന ഒന്നത്രെ ഋഗ്വേദമന്ത്രങ്ങാം.

അസ്യവാമീയസൂക്തം അദ്ധ്യാത്മപരമായി വ്യാഖ്യാനിക്കുന്ന ആത്മാനന്ദൻ സ്കന്ദസ്വാമി, ഉദ്ഗീഥൻ, ഭാസ്കരൻ തുടങ്ങിയവരുടെ വ്യാഖ്യാനം അധിയജ്ഞവിഷയമാണെങ്കിലും ശൌനകാനുസാരിയായ വാരരുചാനുക്രമണികയും ബൃഹദ് വിഷ്ണുധൎമ്മത്തിന്റെ ഉത്തരാദ്ധത്തിൽ പുഷ്കരൻ എന്ന യക്ഷൻ ദശരഥപുത്രനായ ശ്രീരാമന്നു് രാജധൎമ്മാദികാം ഉപദേശിച്ചു

തിന്നശേഷം മോക്ഷത്തെ സംബന്ധിച്ച് ഈ സൂക്തം വ്യാഖ്യാനിക്കുന്ന പുഷ്കരകല്പത്തിലും ആദ്ധ്യാത്മവിഷയമായിട്ടാണ് വ്യാഖ്യാനിച്ചിട്ടുള്ളതെന്ന ചൂണ്ടിക്കാണിക്കുന്ന 'ദ്വാസുപർണ്ണാ—' എന്ന മന്ത്രത്തിന്റെ കല്പം

'ജീവഃ പരശ്ച പ്രതിപാദനീയൌ
ജീവഃ പരാത്മേതി വിവേകയുക്താരമഃ
ഏകസ്തയോഃ കർമ്മഫലം തു ഭുങ്ക്തേ
ചകാശ്യതേഽന്യോഽനശനഃ പരാത്മാ'

സായണനും ആധുനികന്മാർ പറയുന്നതായി ഇങ്ങനെ പ്രസ്താവിക്കുന്നു

സമാനേ വൃക്ഷേ പുരുഷോ നിമഗ്നോ
ഽനീശയാ ശോചതി മുഹ്യമാനഃ
ജുഷ്ടം യദാ പശ്യത്യന്യമീശ—
മസ്യമഹിമാനമിതി വീതശോകഃ

ദേവതാനാനാത്വത്തിൽ ഏകത്വം ദർശിക്കുന്ന മന്ത്രവും ഈ സൂക്തത്തിൽപ്പെട്ടതാണ്

ഇന്ദ്രം മിത്രം വരുണമഗ്നിമാഹു—
രഥോ ദിവ്യഃ സ സുപർണ്ണോ ഗരുത്മാൻ
ഏകം സദ്വിപ്രാ ബഹുധാ വദന്തി
അഗ്നിം യമം മാതരിശ്വാനമാഹുഃ

അതിന്റെ കല്പവ്യാഖ്യ ഇതാ—

ഇന്ദ്രാദിശബ്ദാ ഗുണയോഗതോ വാ
വ്യുൽപത്തിതോ വാപി പരേശമാഹുഃ
വിപ്രാസ്തദേകം ബഹുധാവദന്തി
പ്രാണോസ്തനാനാപി സദേകമാഹുഃ

ആനന്ദതീർത്ഥന്റെ വ്യാഖ്യാനം ഡാക്ടർ സി കുഞ്ഞൻരാജാവ് മദ്രാസിൽ നിന്നു പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്

സാഹിത്യകൃതി

മനുഷ്യരാശിയുടെ ഏററവും പ്രാചീനമായ സാഹിത്യകൃതിയാണ് ഋഗ്വേദം. പ്രതിഭാധനന്മാരും പ്രത്യക്ഷധർമ്മാക്കളുമായ അനേകം ഋഷിമാർ പലപല സന്ദർഭങ്ങളിലായി രചിച്ച സൂക്തങ്ങളിൽ പ്രധാനപ്പെട്ടവയുടെ ഒരു സമാഹാരമാണത്. അപരിഷ്കൃതരായ കാടന്മാർ പ്രകൃതിയുടെ പ്രതിഭാസങ്ങൾ കണ്ടമ്പരന്ന് അന്ധമായ ഭയഭക്തികൾക്ക വിധേയരായി ഓരോ കാലത്തു പുലമ്പിയ വാക്യങ്ങളാണതിലുൾക്കൊള്ളുന്നതെന്ന് ആരെങ്കിലും കരുതിയിട്ടുണ്ടെങ്കിൽ അത് തീരെ അബദ്ധമാണ്. ആ സൂക്തങ്ങൾ സശ്രദ്ധം പരിശോധിച്ചുനോക്കിയാൽ, കലാതത്വങ്ങളെപ്പററിയ നിഷ്കൃഷ്ടചർച്ചകൾക്കതിൽ സ്ഥാനം കാണാൻ പ്രയാസമാണെങ്കിലും മന്ത്രദ്രഷ്ടാക്കളായ മഹർഷിപുംഗവന്മാർക്ക് സാഹിത്യമൂല്യങ്ങളേയും കാവ്യനിർമ്മാണപ്രക്രിയയേയും പററി സുവ്യക്തവും സുദൃഢവുമായ ചില സിദ്ധാന്തങ്ങൾ ഉണ്ടായിരുന്നുവെന്നു മനസ്സിലാക്കുവാൻ കഴിയും. സാഹിത്യകലയെപ്പററിത്തന്നെ പ്രതിപാദിക്കുന്ന ചില സൂക്തങ്ങളും ഋഗ്വേദത്തിലുണ്ടുതാനും.

പ്രതിഭാശാലികളായ ക്രാന്തദർശികളെ മാത്രമേ കവികളായി വൈദികകാലത്തെ പണ്ഡിതന്മാർ കണക്കാക്കിയിരുന്നുള്ളു ഈശ്വരസാക്ഷാൽകാരം സിദ്ധിച്ചാലേ ഋഷിയാകയുള്ളു; ഭാവനയിൽ ദേവനെ നേരിട്ടു കാണുവാൻ കഴിഞ്ഞവർക്കുമാത്രമേ കവിതയെഴുതുവാനധികാരമുള്ളു സാക്ഷാൽകൃതധർമ്മാക്കളാണ് ഋഷിമാർ. ഒരു മഹാകവിയുടെ മകനാണെന്നതുകൊണ്ടുമാത്രം ഒരാൾക്ക് സാഹിത്യസമാജത്തിൽ, വിദഥത്തിൽ, മാന്യസ്ഥാനം ലഭിക്കുകയില്ല തപസ്യകൊണ്ടും ധ്യാനം കൊണ്ടും ദേവന്മാരെ പ്രീതിപ്പെടുത്തി അവരെ പ്രത്യക്ഷമായിക്കണ്ടറിഞ്ഞു് ഭക്തിപുരസ്സരം സ്തുതിച്ചുകൊണ്ടുള്ള സൂക്തങ്ങൾ രചിച്ചതിന്നുശേഷം മാത്രം മഹാകവികളായിത്തീർന്ന ഋഷിമാരെപ്പററി വൈദിക സാഹിത്യത്തിൽത്തന്നെ സൂചനകളുണ്ട്! ശ്യാവാശ്വൻ എന്ന ഋഷികുമാരൻ രഥവീതി എന്ന യജമാനന്റെ മകളെ വേൾക്കുവാനാഗ്രഹിച്ചപ്പോൾ കവിതയെഴുതിയിട്ടില്ലാത്തൊരാൾക്ക്, അമന്ത്രദർശിക്ക്, തന്റെ ജാമാതാവാകുവാനർഹതയില്ലെന്നു അവളുടെ അമ്മ മറുപടി പറഞ്ഞതായും പിന്നീടു തപസ്സു ചെയ്തു് മരുത്തുക്കളെ പ്രത്യക്ഷമായിക്കണ്ടു്

സൂക്തങ്ങൾ രചിച്ച ആ യുവകവിക്ക് മകളെ വിവാഹം ചെയ്തുകൊടുത്തതായും ഒരു കഥയുണ്ട്. അനുഭൂതിയാണ് കവിതയുടെ ഉറവിടം എന്ന തത്വം വൈദികകവികൾ തികച്ചും മനസ്സിലാക്കിയിരുന്നു. പുല്ലുതിന്നു തിരിച്ചെത്തിയ, ധാരാളം പാലുള്ള, പശു ചുരത്തുന്നതുപോലെ ജീവിതാനുഭൂതികൾ കൊണ്ടു സമൃദ്ധമായ ഭാവന ചുരത്തുന്ന അമൃതധാരയാണ് യഥാർത്ഥ കവിത. ദിവ്യമായ ഇത്തരം ഭാവം പ്രയത്നമാത്രലഭ്യമല്ല. വാഗ്ദേവിയുടെ പ്രസാദം കൂടിയുണ്ടായാലേ അതു സാദ്ധ്യമാകൂ. 'സരസ്വതിയുടെ സ്ഥാനം ഇവിടെ സകർമ്മമാക്കിയാലും' എന്നും മറ്റും പ്രാർത്ഥിക്കുന്ന ഭാഗങ്ങൾ വേദത്തിൽക്കാണാം.

ജന്മസിദ്ധമോ സരസ്വതീപ്രസാദലബ്ധമോ ആയ പ്രതിഭ മാത്രം പോരാ, അഭ്യാസജന്യമായ കഴിവും കാവ്യനിർമ്മാണത്തിന് അത്യന്താപേക്ഷിതമാണ്. പദങ്ങൾ തിരഞ്ഞെടുക്കുന്നതിൽ, അവ വേണ്ടവിധത്തിൽ കോർത്തിണക്കുന്നതിൽ, വൃത്തം ശരിപ്പെടുത്തുന്നതിൽ, ഉചിതമായ അലങ്കാരങ്ങൾ ചേർത്തു മോടിപിടിപ്പിക്കുന്നതിൽ—എല്ലാ കാര്യത്തിലും ശ്രദ്ധയും പരിശ്രമവും അത്യാവശ്യമാണ്. സ്വന്തം കാവ്യനിർമ്മാണകലയുടെ പ്രായോഗികവശത്തെപ്പറ്റി വൈദികകവികൾ പറയുന്നതു് നിത്യനൂതനമായിരിക്കുന്നു —

(a) പദങ്ങൾ തിരഞ്ഞെടുക്കുന്നതു് വളരെ ശ്രദ്ധിച്ചുവേണം. വാമൊഴിയിൽ നെല്ലും പതിരുമുണ്ടാവും, അതു ചേറി വെടിപ്പാക്കിയിട്ടേ കവികൾ ഉപയോഗിക്കാവൂ. 'മലപ്പൊടി അരിപ്പകൊണ്ടരിച്ചു ശുദ്ധിയാക്കുന്നതുപോലെ വിദ്വാന്മാർ എവിടെ മനസ്സിരുത്തി ശുദ്ധീകരിക്കുന്നുവോ അവിടെ സഹൃദയർക്കു ഹൃദയസംവാദമുണ്ടാകുന്നു. അവരുടെ വാക്കിൽ ഭദ്രയായ ലക്ഷ്മി നിക്ഷിപ്തയായിരിക്കുന്നു

സക്തുമിവ തിതഉനാ പുനന്തോ
യത്ര ധീരാ മനസാ വാചമക്രത
അത്രാ സഖായഃ സഖ്യാനി ജാനതേ
ഭദ്രൈഷാം ലക്ഷ്മീർനിഹിതാധിവാചി (10 71 2)

ഉച്ചാരണം ശരിയായാൽ മാത്രമേ കേൾക്കുന്നവർക്ക് അർത്ഥബോധമുണ്ടാകുകയുള്ളൂ എന്ന് ഈ ഋക്കിനെ വ്യാഖ്യാനിച്ചു കണ്ടി

ട്ടുണ്ട്. പക്ഷേ സാക്ഷാൽ കൃതധർമ്മാക്കളായ ഋഷിമാർ മന്ത്രരചനയിൽ ചെലുത്തിയിരുന്ന നിഷ്കർഷയും ശരിയായ അർത്ഥജ്ഞാനം സഹൃദയർക്ക് മാത്രമേ ഉണ്ടാകയുള്ളുവെന്ന തത്വവുമാണ് ഇവിടെ ഉദ്ദേശിച്ചിട്ടുള്ളതെന്നു കരുതുന്നതാണ് കൂടുതൽ നന്നായിരിക്കുക.

നൂലുകൊണ്ടു നല്ല വസ്ത്രം നെയ്തെടുക്കുന്നതുപോലെയാണ് പദങ്ങൾകൊണ്ടു സൂക്തം രചിക്കുന്നത് എന്ന് പലപ്പോഴും വൈദികകവികൾ പറയാറുണ്ട്. ദേവന്നു സമർപ്പിക്കുവാൻ സ്തോത്രങ്ങൾ ഉണ്ടാക്കുന്നതുതന്നെ വസ്ത്രം ഉണ്ടാക്കുന്നതുപോലെയാണ്. ക്രമം തെററാതെ ഊടും പാവും ഇടകലർത്തി നെയ്തെടുക്കുന്നതുപോലെതന്നെ പ്രയാസമുള്ള ഒന്നാണ് ഉചിത പദങ്ങൾ ഭംഗിയായി കോർത്തിണക്കി വൃത്തം തെററാതെ കവിതയുണ്ടാക്കലും.

'ആയുധങ്ങൾ തേച്ചുമിനുക്കി മൂർച്ചകൂട്ടുന്നതുപോലെ കവിയും തനിക്കു പറയുവാനുള്ള കാര്യം കുറിക്കുകൊള്ളുന്നതുപോലെ പറയുവാൻ ശ്രമിക്കണം.

ഛന്ദസ്സിനെസ്സംബന്ധിച്ച സാമാന്യനിയമങ്ങൾ ഋഗ്വേദകാലത്തുതന്നെ കവികൾക്കറിയാമായിരുന്നു. ഗായത്രി തുടങ്ങിയ ഏഴു ഛന്ദസ്സുകളാണ് പ്രധാനം. ഇവ അക്ഷരസംഖ്യയെ ആശ്രയിച്ചു തരംതിരിച്ചിരിക്കുന്നു. ചില സൂക്തങ്ങളിൽ ഛന്ദസ്സുകളെ പക്ഷികളായി സങ്കല്പിച്ചുകാണാം. ഛന്ദസ്സുകളുടെ പേരുകൾ സൂക്തങ്ങളിൽത്തന്നെ അങ്ങിങ്ങു പ്രസ്താവിച്ചു കാണാം 'അക്ഷരംകൊണ്ടുതന്നെയാണ് ഏഴു ഛന്ദസ്സുകളെ കണക്കാക്കുന്നത്.' ഗായത്രത്തിന്ന് മൂന്നത്രെ വിഭാഗങ്ങൾ. വെറും അക്ഷരസംഖ്യ മാത്രമല്ല ഛന്ദോനിയാമകമായിട്ടുള്ളത്. ഗുരുലഘുക്കളുടെ ക്രമത്തിന്നും ചില നിയമങ്ങളുണ്ട്. ത്രിഷ്ടുപ്പിന് 11 ഉം ജഗതിക്ക് 12 ഉം അക്ഷരങ്ങളാണുണ്ടാവുക. ത്രിഷ്ടുപ്പിൽ ഉപാന്ത്യമായ അക്ഷരം ഗുരുവായിരിക്കും, ജഗതിയിലാകട്ടെ ലഘുവും.

'വരേണ്യം' 'സവീര്യം' തുടങ്ങിയ പദങ്ങൾ 'വരേണിയം' 'സുവീരിയം' എന്നിങ്ങനെ വ്യൂഹിച്ചുച്ചരിച്ചാലേ വൃത്തം ശരിയാകയുള്ളൂ. 24 അക്ഷരങ്ങളുള്ള ഗായത്രി മുതൽ 48 അക്ഷരങ്ങളുടെ ജഗതിവരെയുള്ള 7 പ്രധാനച്ഛന്ദസ്സുകൾക്കു പുറമേ

52 അക്ഷരങ്ങളുള്ള അതിജഗതി മുതൽ നാലക്ഷരംവീതം കൂട്ടി 76 അക്ഷരങ്ങളുള്ള അതിധൃതിവരെയുള്ള ഏഴ് അതിച്ഛന്ദസ്സുകളും ഋഗ്വേദത്തിൽക്കാണാം.

കവിതയുടെ യഥാർത്ഥ സൌന്ദര്യമറിഞ്ഞാസ്വദിക്കുവാൻ സമാനധർമ്മാക്കളായ സഹൃദയർക്ക് മാത്രമേ കഴിയുകയുള്ളുവെന്നും മററുള്ളവർ കണ്ടിട്ടും കാണാത്ത കൂട്ടരാണെന്നും വൈദിക കവികൾ പറഞ്ഞിട്ടുണ്ട് അപണ്ഡിതരും അരസികരുമായ ശ്രോതാക്കളെപ്പററിയുള്ള ആവലാതി അന്നത്തെക്കവികൾക്കും ഉണ്ടാകാതിരുന്നില്ല

ഉതത്വഃ പശ്യൻ ന ദദശ വാച-
മുതത്വഃ ശൃണ്വൻ ന ശൃണോത്യേനാം
ഉതോ ത്വസ്മൈ തന്വം വിസസ്രേ
ജായേവ പത്യ ഉശതീ സുവാസാ (10 71 4)

വാഗ്ദേവിയെ ചില കൂട്ടർ കാണുന്നുണ്ടെങ്കിലും ശരിയായി കണ്ടറിയുന്നില്ല കേൾക്കുന്നുണ്ടെങ്കിലും കേട്ടു മനസ്സിലാക്കുന്നില്ല സൌന്ദര്യധാമമായ ആ ദേവി സ്നേഹസമ്പൂർണ്ണയായൊരു ഭാര്യ സർവ്വാലങ്കാരവിഭൂഷിതയായി സ്വന്തം ശരീരം ഭർത്താവിന പൂർണ്ണമായി സമർപ്പിക്കുന്നതുപോലെ വശംവദയാകുന്നത് യഥാർത്ഥ സഹൃദയന്മാർക്കുമാത്രമാണ് ശുഷ്കപണ്ഡിതന്മാർക്ക അവളുടെ ബാഹ്യസൌന്ദര്യം കാണുവാനും ശബ്ദം ശ്രവിക്കുവാനുമല്ലാതെ യഥാർത്ഥസൌന്ദര്യമറിഞ്ഞാസ്വദിക്കുവാൻ സാധിക്കുന്നില്ല സഹൃദയന്മാർക്കുമാത്രമാണവൾ സ്വയം വശഗയാകുന്നത്. 'ശബ്ദാർത്ഥശാസനജ്ഞാനമാത്രേണൈവ ന വേദ്യതേ' എന്ന് ധ്വന്യാലോകകാരനായ ആനന്ദവർദ്ധനാചാര്യർ പ്രസ്താവിച്ചിട്ടുള്ളതും ഈ തത്വം തന്നെ

സഹൃദയന്മാരുടെ ആസ്വാദനശക്തി ഒരുപോലെയല്ല 'കണ്ണും ചെവിയുമുള്ള സഖാക്കൾ പ്രജ്ഞാദികളിൽ ഒരേനിലക്കാരായില്ല. ചില കുളങ്ങളിൽ മുഖംവരെക്കും മററു ചിലതിൽ കക്ഷംവരെക്കും, വെള്ളമുണ്ടാകും മററു ചിലതിലാകട്ടെ മുങ്ങിപ്പോകത്തക്കവണ്ണവും വെള്ളം കാണാം. (10 71 7)

പശ്ശുവിനെ കറക്കുന്നതുപോലെയാണത്രെ സഹൃദയൻ സാഹിത്യമാസ്വാദിക്കുന്നത്. ചിലപ്പോൾ കാഴ്ചയ്ക്കു നല്ല തടിച്ച പശ്ശുക്കൾ മച്ചികളാവും. പൂവും കായുമില്ലാത്ത വാക്കുകൾ കേൾക്കുന്ന സഹൃദയൻ മച്ചിപ്പയ്യിന്റെ പിന്നാലെ നടക്കുന്നവനെപ്പോലെയാണ്.

അധേന്വാ ചരതി മായയൈഷ

വാചം ശുശ്രുവാ അഫലാമപുഷ്പാം (10 71 5)

സഹൃദയഹൃദയാഹ്ലാദനമാണ് കവിതയുടെ പരമപ്രയോജനമെന്ന് വൈദികകവികൾ തികച്ചും മനസ്സിലാക്കിയിരുന്നു. സുവാസസ്സായ ജായ സ്വന്തം സൌന്ദര്യം പൂർണ്ണമായുംകാഴ്ചവെച്ച ഭർത്താവിനെ സന്തോഷിപ്പിക്കുന്നതുപോലെയാണ് കവിത യഥാർത്ഥ സഹൃദയന്നു വശംവദയാകുന്നത്. കവിത 'കതിരകളെപ്പോലെ നമുക്കുപകരിക്കുന്നു, പശ്ശുക്കൾ കന്നിനെ നക്കി മിനുക്കുന്നതുപോലെ നമ്മുടെ ബുദ്ധിയെ ശുദ്ധീകരിക്കുന്നു, സ്ത്രീകൾ ഭർത്താവിനെയെന്നപോലെ ആനന്ദിപ്പിക്കുന്നു' (1 186 7) വസ്ത്രം എന്നതുപോലെ അലങ്കരിക്കുവാനും ശാസ്ത്രങ്ങൾ എന്നപോലെ ജീവിതസമരത്തിൽ വിജയം നല്കുവാനും സാഹിത്യത്തിന്നു കഴിവുണ്ട്. (10 101 2)

ശബ്ദാലങ്കാരങ്ങൾക്കു സാഹിത്യത്തിലുണ്ടായിരുന്ന സ്ഥാനം എന്തായിരുന്നുവെന്ന് ഋഗ്വേദം നോക്കിയാൽ മനസ്സിലാക്കാം. അപൃഥഗ്യത്നനിർവ്വർത്ത്യങ്ങളായ അനുപ്രാസാദികൾ ധാരാളം കാണാം; യമകങ്ങൾക്കു സ്ഥാനം കഷ്ടിയാണ്. ശ്ലേഷത്തിന്നു സ്ഥാനമില്ലെന്നു പറഞ്ഞുകൂടാ.

'ഗണാനാം ത്വാ ഗണപതിം ഹവാമഹേ
കവിം കവീനാമുപമശ്രവസ്തമം'
'സഖ്യഃ സഖിഭ്യഃ', 'സോമപാ സോമപീതയേ',
'മഘവൻ മന്യുമത്തമഃ'

അർത്ഥാലങ്കാരങ്ങളിൽ പ്രാധാന്യം ഉപമയ്ക്കും രൂപകാതിശയോക്തിക്കുമാണ്. ഉപമയോടു ബന്ധപ്പെട്ട ഉൽപ്രേക്ഷയും രൂപകവും ധാരാളം കാണാം.

അഭ്രാതേവ പുംസ ഏതി പ്രതീചീ
ഗർത്താരുഗിവ സനയേ ധനാനാം
ജായേവ പത്യ ഉശതീ സുവാസാ
ഉഷാഹസ്രേവ നിരിണീതേ അപ്സഃ (1. 124. 7)

എന്ന ഋക്കിൽ മൂന്നുപമകൾ ഉപയോഗിച്ചാണ് ഉഷസ്സിനെ വർണ്ണിക്കുന്നത്. രൂപകാതിശയോക്തിയ്ക്കൊരു പ്രസിദ്ധോ

ദ്വാ സുപർണ്ണാ സയുജാ സഖായാ
സമാനം വൃക്ഷം പരിഷസ്വജാതേ
തയോരന്യഃ പിപ്പലം സ്വാദ്വ
ത്ത്യനശ്നന്നന്യോ അഭിചാകശീതി (1 164 20)

'ഒരേതരം ചേർച്ച ഒരേതരം ചേഷ്ട ഇങ്ങിനെയുള്ള രണ്ടു പക്ഷികൾ ഒരു വൃക്ഷത്തിൽ പാർക്കുന്നു അവയിലൊന്നു സ്വാദുറ്റ പഴം തിന്നുന്നു മറ്റേതു് ഒന്നും തിന്നാതെ നോക്കിക്കൊണ്ടിരിക്കുന്നു' ഈ പക്ഷികൾ ജീവാത്മാവിനേയും പരമാത്മാവിനേയുമാണ് കുറിക്കുന്നതെന്ന വ്യാഖ്യാതാക്കന്മാർ പറയുന്നു ഒരുതരം സിംബോളിക്ക കവിതയാണിതു് ഇന്നു സുപ്രസിദ്ധമല്ലാത്ത ഉപമാനങ്ങൾ മാത്രമുപയോഗിച്ചുള്ള ഇത്തരം സൂക്തങ്ങൾ കടംകഥപോലെ തോന്നിയേക്കാം, ഒരുപക്ഷേ വൈദികകാലത്തു് ഈ ഉപമാനങ്ങൾ പ്രസിദ്ധമായിരുന്നിരിക്കാം പ്രതീകങ്ങളുപയോഗിച്ചു കാവ്യാത്മകമായി ജീവിതതത്വങ്ങൾ പ്രതിപാദിക്കുവാൻ വൈദിക കവികൾക്കുള്ള പാടവം ഒന്നു വേറെതന്നെയാണ് ഇത്തരം സൂക്തങ്ങളിൽ പ്രധാനമായ ഒന്നാണ് അസ്യവാമീയം (1 164)

ഋഗ്വേദത്തിലെ ഉപമകൾ സുന്ദരവും സുശക്തവുമാണ് ആകാശത്തിന്റെ ചിരിയാണ് മിന്നൽ സംവത്സരം വ്രതചാരികളായ ബ്രാഹ്മണർ സ്തോത്രം ചൊല്ലുന്നതുപോലെയാണ് മഴക്കാലത്തു് തവളകൾ ശബ്ദിക്കുന്നതു് ഓത്തു ചൊല്ലിപ്പഠിപ്പിക്കുന്നതുപോലെ ഒരു തവളയുടെ ശബ്ദം മറ്റുള്ളവർ ഏറ്റുചൊല്ലുന്നു യാതൊരലങ്കാരവും കൂടാതെ പറയുവാനുള്ളതു് തുറന്നു പറയുന്ന സമ്പ്രദായവും ഋഗ്വേദത്തിനു പുത്തരിയല്ല

അക്ഷൈർമാദീവ്യഃ കൃഷിമിത് കൃഷസ്വ
(ചൂതുകളിക്കരുതു്, കൃഷിചെയ്യുവിൻ)

ഓരോ ദേവതമാരെ സ്തുതിച്ചുകൊണ്ടുള്ള ഒന്നാംതരം സ്തോത്രകാവ്യമായും ഋഗ്വേദത്തെ കണക്കാക്കാവുന്നതാണ് പ്രകൃതിയുടെ പ്രതിഭാസങ്ങളെ ദേവതാ രൂപത്തിൽ വർണ്ണിച്ചുകൊണ്ടുള്ള പലഭാഗങ്ങളും ഇന്നത്തെ മഹാകവികൾക്കുപോലും അനുകരണീയവും അപ്രാപ്യവും അസൂയാജനകവുമത്രെ അപ്രസ്തുതപ്രശംസ, സമാസോക്തി രൂപകാതിശയോക്തി എന്നീ അലങ്കാരങ്ങളോടു ബന്ധപ്പെട്ട ഒരുതരം സിംബോളിസമാണ് ഋഗ്വേദത്തിൽ കാണുന്നതു് ഉപമാനങ്ങളുടെ അവ്യക്തതകൊണ്ടു കടംകഥ പോലെ തോന്നുന്ന ഭാഗങ്ങളും ധാരാളമുണ്ട് മനസ്സിനും വാക്കിനും അപ്രാപ്യമായ ആദ്ധ്യാത്മികതത്വങ്ങളും സനാതനസത്യങ്ങളും വിവരിക്കുവാൻ ഈ മാർഗ്ഗം അനിവാര്യമാണു 'പരോക്ഷവാദാ ഋഷയഃ പരോക്ഷം മമചപ്രിയം' എന്നു് ഭാഗവതത്തിൽ (11 21 35) പറയുന്നുണ്ട്

അനിർവചനീയമെന്ന നിർവചിക്കുവാനുള്ള പരമമായ പരിശ്രമം ഋഗ്വേദത്തിലെ പുരുഷസൂക്തത്തിലാണു് ജ്യ

കൊടി നാട്ടിയിരിക്കുന്നതു്. ദൃശ്യമായ പ്രപഞ്ചത്തിന്റെ സ്വരൂപം സവിസ്തരം പ്രതിപാദിച്ചിട്ടും ഋഷികൾ തൃപ്തിവരുന്നില്ല. പരിണാമദശയിലെത്തിച്ചേർന്നിട്ടുള്ളതു് കേവലം നാലിലൊന്നു മാത്രമേ ആയിട്ടുള്ളൂ. മുക്കാൽ ഭാഗവും സൂക്ഷ്മാവസ്ഥയിൽത്തന്നെ കിടപ്പാണു്. 'ത്രിപാദസ്യാമൃതം ദിവി' ഈ സംസാരചക്രം ആ മഹാപുരുഷന്റെ ചെറിയ ഒരംശം മാത്രം.

പൂർണ്ണതയിൽ വിശ്വാസവും ഇടയ്ക്കിടെ അതിന്റെ അനുഭൂതിയുമുണ്ടായിരുന്നാലും മഹർഷിമാർ ലൌകിക ജീവിതത്തിൽനിന്നും തീരെ അതീതരായിരുന്നില്ല. ചില 'നന്വരിസ്സംശയങ്ങൾ' അവർക്കും ഉണ്ടായിരുന്നു. നാസദീയ മന്ത്രത്തിൽത്തന്നെ ഇത്തരം സംശയം കാണാം. 'ഉള്ളതെന്നോ ഇല്ലാത്തതന്നോ പറയുവാൻ പ്രയാസമായി അവ്യക്തരൂപമായ എന്തൊ ഒന്നിൽ നിന്നുണ്ടായതായിരിക്കണം ഈ പ്രപഞ്ചം. ദേവന്മാരെല്ലാം പിന്നീടുണ്ടായവരാകയാൽ അവർക്കിതൊന്നുമറിയുവാൻ വഴിയില്ല. എല്ലാററിന്റേയും അദ്ധ്യക്ഷനായ ഈശ്വരനു് ഒരുപക്ഷേ അറിയാമായിരിക്കാം; അഥവാ അദ്ദേഹത്തിന്നും അജ്ഞാതമായിരിക്കാം ഈ പ്രപഞ്ചരഹസ്യം. തത്വചിന്തയുടെ അത്യുന്നതമായൊരു മേഖലയിലേയ്ക്കു നമ്മെ നയിക്കുന്നൊരു സൂക്തമാണിതു്.

ചൂതുകളിയിലുള്ള അത്യാസക്തി കൊണ്ടു സർവ്വസ്വവും നശിച്ച ഒരു കിതവന്റെ സങ്കടങ്ങൾ വിവരിക്കുന്ന ഒരു ശോകഗാനമുണ്ടു് പത്താം മണ്ഡലത്തിൽ.

> 'ശ്വശ്രു വെറുക്കുന്നു, പത്നി വെറുക്കുന്നു
> പിച്ച ചോദിച്ചാൽ കൊടുക്കില്ലൊരുത്തനും
> വിററഴിക്കേണ്ടും കിഴററു കുതിരക്കു
> കൊറെറണ്ടു കിട്ടും? കിതവനുമേവമാം'

എന്നിങ്ങനെയുള്ള ആ സൂക്തം ചൂതുകളിക്കെതിരായുള്ള ഒരൊന്നാംതരം വിലാപകാവ്യമാണു്. 'ചൂതുകളിക്കരുതു്; കൃഷിചെയ്യുവിൻ. അതാണു് നിങ്ങളുടെ സമ്പത്തു്; അവിടെയാണു് നിങ്ങളുടെ സുഖം' എന്നാണു് സ്വന്തം ജീവിതകഥ ചൂണ്ടിക്കാട്ടി അയാൾ ഉപദേശിക്കുന്നതു്.

ഏററവും പ്രാചീനമായ ഒരു മതഗ്രന്ഥം എന്ന നിലയ്ക്കല്ലാതെ ഒരൊന്നാംതരം പ്രാചീനസാഹിത്യകൃതി എന്ന നിലക്കു നോക്കിയാലും ഋഗ്വേദമന്ത്രങ്ങൾക്കു് മഹനീയമായൊരു സ്ഥാനമാണുള്ളതെന്നു വ്യക്തമത്രെ. മിസ്റ്റിസിസവും കവിതയും ഒത്തിണങ്ങിയ സൂക്തങ്ങൾ ഋഗ്വേദത്തിൽ അനേകമുണ്ടു്.

വേദാഭ്യാസം കേരളത്തിൽ

വേദം കാത്തുരക്ഷിച്ചു പോരുന്നതിൽ കേരളം വഹിച്ചിട്ടുള്ള പങ്കു് അഭിമാനാവഹമാണു്. കേരളീയ പണ്ഡിതന്മാരുടെ ഉച്ചാരണശുദ്ധി പ്രസിദ്ധമാണല്ലോ. വേദോച്ചാരണത്തി

ലെ ചില പ്രാചീന സവിശേഷതകൾ ഇന്ത്യയിലെ ഇതര ഭാഗങ്ങളിൽ നഷ്ടപ്രായമായെങ്കിലും കേരളീയർ ഇന്നും നിലനിർത്തിപ്പോരുന്നുണ്ട്. വേദങ്ങളുടെ കേരളീയോച്ചാരണം നേരിട്ടു കേട്ടറിയുവാനും ടേപ്പ്റിക്കോർഡുവഴി കാത്തു രക്ഷിക്കുവാനും ഗവേഷകന്മാർ വിദേശത്തുനിന്നുപോലും വന്നുചേരുന്നുണ്ട്. പ്രൊഫസർ ജെ. എഫ്. സ്റ്റാൾ കുറെക്കാലം കേരളത്തിൽ വന്നു താമസിച്ച് നമ്പൂതിരിമാരുടെ വേദോച്ചാരണ സമ്പ്രദായം മനസ്സിലാക്കി ടേപ്പ്റിക്കോർഡുകളെടുത്ത് ഒരു ഗവേഷണ ഗ്രന്ഥം തയ്യാറാക്കി യൂറോപ്പിൽ നിന്നും പ്രസിദ്ധപ്പെടുത്തുകയുണ്ടായി. ഇതിനെത്തുടർന്ന് ഇന്ത്യയിൽ പല കേന്ദ്രങ്ങളിൽ നിന്നും നമ്മുടെ വേദോച്ചാരണത്തിന്റെ റിക്കാർഡു സമ്പാദിക്കുവാനുള്ള ശ്രമങ്ങൾ നടക്കുകയുണ്ടായിട്ടുണ്ട്. അന്താരാഷ്ട്രീയ സഹകരണത്തോടെ പ്രൊഫസർ സ്റ്റാളിന്റെ നേതൃത്വത്തിൽ കേരളത്തിൽവെച്ചു നടത്തിയ അതിരാത്രയജ്ഞത്തെ സംബന്ധിച്ച ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിച്ചുകൊണ്ടിരിക്കയാണ്; സിനിമയും എടുക്കുകയുണ്ടായി.

വേദോച്ചാരണത്തിൽ ഉദാത്തം, അനുദാത്തം, സ്വരിതം എന്നീ സ്വരങ്ങൾ വ്യക്തമാക്കുന്നതിനുവേണ്ടി പഠിപ്പിക്കുമ്പോൾ തല മേല്പോട്ടും, കീഴ്പോട്ടും ചെരിച്ചും പിടിക്കുന്ന സമ്പ്രദായം, ഉച്ചാരണഭേദം കാണിക്കുന്നതിന് കൈമുദ്ര കാണിക്കൽ തുടങ്ങിയ പലതും കേരളത്തിന്റെ സവിശേഷതകളാണ്. സ്വരങ്ങൾ കമ്പത്തോടുകൂടി (വിറപ്പിച്ചു) ചൊല്ലുന്നതും വിസർഗ്ഗം ഹകാരച്ഛായ കൂടാതെ വേറിട്ടാപ്പിച്ചു ചൊല്ലുന്നതും കേരളീയോച്ചാരണ വിശേഷമത്രെ. തകാരം ലകാരച്ഛായയിൽ 'തല്സവിതുർവരേണ്യം...പ്രചോദയാല്' എന്ന മട്ടിൽ ചൊല്ലുന്നതിന് പ്രമാണമുണ്ടെന്നു തോന്നുന്നില്ല. രേഫത്തിന്റെ ഉച്ചാരണത്തിൽക്കാണുന്ന ഭേദവും അങ്ങിനെ തന്നെ. അർക്കൻ, ക്രൂ എന്നിടത്തെ കറുത്ത രേഫവും കാര്യം, ഗ്രാമം എന്നിടത്തെ വെളുത്ത രേഫവും തമ്മിലുള്ള ഭേദം ഇവിടെ പ്രകടമാണ്. അകാരത്തിനും ഇതുപോലെ സംവൃതവും വിവൃതവുമായി യഥാക്രമം കമിഴ്ത്തിയും മലർത്തിയും ഉച്ചരിക്കുന്ന രീതി അതും മനസ്സിലാക്കുവാൻ തന്നെ ഉപകരിക്കുന്നു. കമിഴ്ത്തി ഉച്ചരിക്കുമ്പോൾ ഗൃഹം, മേയം, ദയ, ബലം, യശസ്സ്, രക്ഷ, ലജ്ജ, കൈത എന്നിങ്ങനെ എകാരച്ഛായയിൽ സംവൃതമായാണ് വരിക. പദാദിയിലുള്ള ഖരാതിഖരങ്ങളും ക്ഷകാരവും മലർത്തിയാണുച്ചരിക്കേണ്ടത്. സന്ധി കാണിക്കുവാൻ ഒടിക്കുമ്പോൾ പദാദി കൂട്ടക്ഷരമായാലും മലർത്തണം. സ്വാപഃ (സ്വ-ആപഃ) ഈ വിഷയത്തിൽ കൂടുതൽ വിവരം '[illegible]'ത്തിൽ (പേജ് 41–41) കാണാം.

ശരിയായ പാഠം നിർണ്ണയിക്കുന്നതിന് ഗ്രന്ഥങ്ങളേക്കാൾ പ്രാധാന്യം ഒട്ടും കുറഞ്ഞതല്ല പാരമ്പര്യാ ഗുരുമുഖത്തുനിന്നു

പഠിച്ചുവന്നിട്ടുള്ളവരുടെ ഉച്ചാരണം. കൌഷീതകിബ്രാഹ്മണത്തിന്റെ ശാസ്ത്രീയമായൊരു സംശോധിതപാഠം ജർമ്മനിയിൽനിന്നും പ്രസിദ്ധപ്പെടുത്തുന്നതിൽ ഡാക്ടർ ഈ ആർ. ശ്രീകൃഷ്ണശർമ്മയ്ക്കു ഏക്കരെ രാമൻനമ്പൂതിരി ചൊല്ലിയതിന്റെ റെക്കാഡ് വളരെയേറെ ഉപയോഗപ്പെടുകയുണ്ടായി.

സർവ്വാനുക്രമണിയിൽ ഋഗ്വേദ സൂക്തങ്ങളുടെ ഋഷിയും ദേവതയും മറ്റും പ്രത്യേകം എടുത്തുപറയുന്നുണ്ടെങ്കിലും ചിലദിക്കിൽ അഭിപ്രായവ്യത്യാസം കാണാം. കേരളത്തിൽ തൃശ്ശൂർ യോഗവും തിരുനാവായ് യോഗവും തമ്മിലുള്ള വ്യത്യാസങ്ങളിലൊന്ന് ഇതിനെസ്സംബന്ധിച്ചതാണ്. ഇവയെ വ്യക്തമാക്കിക്കൊണ്ട് കമ്മിണി ഭവദാസൻ നമ്പൂതിരി രണ്ടു പുസ്തകങ്ങൾ പ്രസിദ്ധപ്പെടുത്തുകയുണ്ടായിട്ടുണ്ട്.

വേദങ്ങളുടെ പാഠശുദ്ധി രക്ഷിച്ചുവരിക മാത്രമല്ല കേരളത്തിലെ നമ്പൂതിരിമാർ ചെയ്തിട്ടുള്ളതു്. അർത്ഥചിന്തനത്തിന്ന് അശ്രാന്തം പരിശ്രമിച്ചിട്ടുള്ള പണ്ഡിതന്മാരും നമ്മുടെ ഇടയിലുണ്ടായിരുന്നു. അർത്ഥം മനസ്സിലാക്കേണ്ടതു് അത്യാവശ്യമാണെന്ന് പണ്ടുതന്നെ പണ്ഡിതന്മാർ ഊന്നിപ്പറഞ്ഞിട്ടുണ്ട്.

സ്ഥാണുരയം ഭാരഹാരഃ കിലാഭൂദ്
അധീത്യവേദം ന വിജാനാതി യോऽർത്ഥം

എന്ന് യാസ്കൻ നിരുക്തത്തിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. വൈദികഭാഷയും സംസ്കൃതഭാഷയും തമ്മിലുള്ള വ്യത്യാസം കൂടിക്കൂടി വന്നപ്പോൾ ഉച്ചാരണം തെറ്റാതെ വേദം സൂക്ഷിച്ചുവെക്കുന്നതിലാണ് ഭാരതീയരുടെ ശ്രദ്ധ കൂടുതൽ പതിഞ്ഞതെന്നേയുള്ളു. വാച്യാർത്ഥത്തെക്കാൾ വിനിയോഗത്തിന്നാണ് പ്രാധാന്യം. എന്താണർത്ഥം എന്നതിനേക്കാൾ ഏതുസന്ദർഭത്തിലാണുപയോഗിക്കേണ്ടതു് എന്നതിന്നായി കൂടുതൽ ശ്രദ്ധ. യാഗാദി കർമ്മങ്ങൾക്കും മറ്റും അർത്ഥമറിഞ്ഞില്ലെങ്കിലും സാരമില്ലെന്ന നില വന്നതോടുകൂടി അർത്ഥമറിയുവാൻ വിദ്യാർത്ഥികളും മെനക്കെടാതെയായി. വളരെ ചുരുക്കം പണ്ഡിതന്മാർ മാത്രമേ അർത്ഥചിന്തനത്തിന്നു മുതിർന്നിരുന്നുള്ളു. മന്ത്രത്തിൽ ശബ്ദം മാറ്റുവാൻ പാടില്ല. 'അഗ്നിമീളേ പുരോഹിതം' എന്നു വേണ്ടിടത്തു് 'വഹ്നിമീളേ പുരോഹിതം' എന്നു ചൊല്ലിയാൽ ഫലം സിദ്ധിക്കയില്ല. മന്ത്രങ്ങളിൽ സ്തുതിക്കപ്പെടുന്ന ഇന്ദ്രാദിദേവന്മാർ പ്രത്യേകം ദേവന്മാരല്ലെന്നും ആ മന്ത്രശബ്ദത്തിന്നാണ് പ്രാധാന്യമെന്നും ഒരു മതം മീമാംസകന്മാർ ആവിഷ്കരിക്കയുണ്ടായി. നാരായണനാമത്തിന്നും രാമനാമത്തിന്നും മറ്റും സ്വതന്ത്രമായ ദിവ്യശക്തിയുണ്ടെന്ന വിശ്വാസം ഈ സിദ്ധാന്തത്തിന്റെ പരിണതഫലമാണ്.

ഋഗ്വേദത്തിന്റെ രണ്ടു പ്രധാന ബ്രാഹ്മണങ്ങളാണല്ലോ ഐതരേയവും കൌഷീതകവും. ഇവയ്ക്കു രണ്ടിന്നും കേരളീയ പണ്ഡിതന്മാർ വ്യാഖ്യാനമെഴുതിയിട്ടുണ്ട്. ഐതരേയ

ണ്. സായണനുമുമ്പു ജീവിച്ച പല വേദഭാഷ്യകാരന്മാരുടെയും വ്യാഖ്യാനങ്ങളുടെ താളിയോലഗ്രന്ഥങ്ങൾ തേടിപ്പിടിച്ച് മിക്കതും കേരളത്തിൽനിന്നുതന്നെ പ്രസിദ്ധപ്പെടുത്തുവാൻ അദ്ദേഹം മുൻകയ്യെടുത്തു പ്രവർത്തിക്കയുണ്ടായി. സ്കന്ദസ്വാമിയുടെ വ്യാഖ്യാനം മാധവകൃതമായ ഋഗർത്ഥദീപിക, വെങ്കടമാധവന്റെ വ്യാഖ്യാനം, ഉദ്ഗീഥഭാഷ്യം തുടങ്ങിയതെല്ലാം സായണനു മുമ്പുണ്ടായവയാണ്. സായണന്റെ ഭാഷ്യം സ്വകപോലകല്പിതമാണെന്ന പാശ്ചാത്യ പണ്ഡിതമതം ശരിയല്ലെന്നും സാമ്പ്രദായികമായ വ്യാഖ്യാനം വേദങ്ങൾക്കുണ്ടായിരുന്നുവെന്നും ഈ വ്യാഖ്യാനങ്ങൾ തെളിയിച്ചു. നാലഞ്ചു നല്ല പുസ്തകങ്ങളും ഋഗ്വേദത്തെ അടിസ്ഥാനമാക്കി എഴുതി പ്രസിദ്ധപ്പെടുത്തി. അധികവും ഇംഗ്ലീഷിലാണ്.

Veda: A Cultural study; Poet-philosophers of Rigveda; Quintessence of Rigveda, the Riddle of the universe (asyavāmiyasūkta with Ātmānanda's commentary)

പാരമ്പര്യമനുസരിച്ച് ഋഗ്വേദം ആദ്യന്തം ഓത്തുചൊല്ലിപ്പഠിച്ച ഹൃദിസ്ഥമാക്കിയ പണ്ഡിതനും പ്രാമാണികനും കലാപ്രേമിയുമായ ഒ. എം. സി. നാരായണൻ നമ്പൂതിരിപ്പാട് സ്വന്തം വ്യക്തിത്വം കൊണ്ടു കേരളീയരുടെ സ്നേഹാദരങ്ങൾക്കു പാത്രീഭവിച്ചിട്ടു കുറെക്കാലമായി. ഭാരതസംസ്കാരത്തിന്റെ അടിത്തറ കെട്ടിയുറപ്പിച്ചിട്ടുള്ളതു വേദത്തിലാണെന്നു മനസ്സിലാക്കിയ അദ്ദേഹം ഓത്തു ചൊല്ലിപ്പഠിച്ചിട്ടും അർത്ഥമറിയാത്ത സ്വസമുദായാംഗങ്ങൾക്കും ജിജ്ഞാസുക്കളായ മറ്റുള്ളവർക്കും വേദത്തിന്റെ സാമാന്യമായൊരർത്ഥം മനസ്സിലാക്കുവാൻ വേണ്ടി രചിച്ച ഈ വേദഭാഷ്യം സർവ്വഥാ സ്വാഗതാർഹമാണ്.

ഒ. എം. സി. യുടെ 'വേദരശ്മികൾ'ക്ക് അവതാരികയെഴുതിയ ഡോക്ടർ ശ്രീകൃഷ്ണശർമ്മ പ്രസ്താവിച്ചു, ''ഋഗ്വേദമന്ത്രങ്ങൾ മുഴുവൻ ഇത്തരത്തിൽ ശ്രീ. ഒ എം. സി. ലഘുവ്യാഖ്യാനമെഴുതി കേരളീയർക്കുപകാരം നല്കുമെന്നാശിക്കുന്നതോടൊപ്പം, ആ മഹാകൃത്യം ചെയ്യുവാനുള്ള ആരോഗ്യവും മനസ്തുഷ്ടിയും അദ്ദേഹത്തിനുണ്ടാവട്ടെ എന്നു പ്രാർത്ഥിച്ചുകൊണ്ടു ഞാൻ ഈ 'വേദരശ്മി'കളെ സ്വാഗതം ചെയ്യുന്നു ' എന്ന്. 'വലിയ മഹർഷികൾ ചൊന്നാൽ ഫലമാവാക്കിന്റെ പിന്നിലോടി വരും.' ശ്രീകൃഷ്ണശർമ്മയുടെ ആശംസ ഫലിച്ചു ഒ. എം. സി. ഋഗ്വേദം മുഴുവൻ വ്യാഖ്യാനിച്ചു കഴിഞ്ഞു. ആദ്യത്തെ അഷ്ടകം മുഴുവനും ഉൾക്കൊള്ളുന്ന ഈ ഒന്നാം വാള്യം ഞാനിതാ സാദരം സാഭിമാനം സഹൃദയസമക്ഷം അവതരിപ്പിച്ചുകൊള്ളുന്നു.

അഡയാർ ലൈബ്രറി,
മദ്രാസ്. 28-1-1982

ഡോക്ടർ കെ. കുഞ്ഞുണ്ണിരാജാ

അധ്യായപീഠിക

അഷ്ടകം—1 അധ്യായം—1

അഗ്നിമീളേ എന്നു തുടങ്ങുന്ന ഒന്നാമധ്യായം ഋഗ്വേദത്തിന്റെ പ്രസിദ്ധമായ ആരംഭമാണ്. ദേവന്മാരെ മനുഷ്യരുടെ കർമ്മത്തിലേക്ക് വിളിച്ചാനയിക്കുന്ന, കർമ്മഫലം പ്രാപിപ്പിക്കുന്ന അഗ്നി വേദത്തിൽ സർവ്വപ്രാധാന്യമുള്ള ദേവനാണ്. സപ്തർഷികളിൽപെട്ട വിശ്വാമിത്രന്റെ കുലത്തിൽ പിറന്ന മധുച്ഛന്ദസ്സെന്ന ഋഷിയാണ് ഇതിന്റെ ദ്രഷ്ടാവ്. അഗ്നിയെന്ന പദത്തിനുതന്നെ പലപല അർത്ഥങ്ങൾ ആചാര്യന്മാർ കൊടുത്തിട്ടുണ്ട്. 'അഗ്രണിഃ', ദേവന്മാർക്ക് മുമ്പൻ, അവരുടെ സേനാനി എന്നാണ് ഒരർത്ഥം. 'അഗ്നിർമ്മുഖം പ്രഥമോ ദേവതാനാം', അഗ്നി ദേവന്മാർക്ക് മുഖവും മുമ്പനുമാണ് എന്ന് മറ്റൊരു നിർവ്വചനം. യജ്ഞഭൂമിയിൽ സ്വീയമായ അംഗത്തെ നറുങ്ങ ദഹിപ്പിക്കുന്നതിൽ, ഹവിസ്സു പാകം ചെയ്യുന്നതിൽ പ്രേരിപ്പിക്കുന്നവനെന്നുമർത്ഥം പറയുന്നു.

'ഈളേ' എന്ന പദം സ്തുതിക്കുന്നു എന്നർത്ഥത്തിലുള്ള 'ഈഡേ' ആണ് ഋഗ്വേദികൾ ഡകാരത്തിന്ന് ളകാരവും ഢകാരത്തിന് (ള+ഹ) ള്ഹകാരവും ഉച്ചരിക്കുന്നു. എന്നാൽ കൂട്ടക്ഷരങ്ങൾ വരുമ്പോൾ (ഉദാ ഈഡ്യഃ, മീഢ്വഃ,) ഈ ളകാര ള്ഹകാരങ്ങൾ വരുന്നില്ല.

രണ്ടാമത്തെ ഋക്കിൽ 'പൂർവ്വേഭിരൃഷിഭിഃ നൂതനൈരുത' എന്നിടത്ത് പൂർവ്വന്മാരും നവീനന്മാരുമായ ഋഷികളാൽ സ്തുത്യൻ എന്നു പറഞ്ഞതുകൊണ്ട്, വേദകാലത്തിന്ന് മുമ്പും ഋഷികളുണ്ടായിരുന്നു എന്നും വേദകാലം നൂതനന്മാരുടെ കാലമായിരുന്നു എന്നും വരുന്നു 'പൂർവ്വേഭിഃ' എന്നതിന്ന് ഭൃഗുക്കൾ, അംഗിരസ്സുകൾ മുതലായവരെന്നാണ് സായണ വ്യാഖ്യാനം.

ശ്രീ അരവിന്ദഘോഷ് അഗ്നിയെ ഇപ്രകാരം വ്യാഖ്യാനിച്ചിരിക്കുന്നു. 'അവിടന്നില്ലാതെ ആത്മബിംബത്തിൽ ത്യാഗത്തിന്റെ ജ്വാലകൾ പ്രകാശിക്കുകയില്ല. ആ അഗ്നിയുടെ ഏഴു നാവുകളുടെ പ്രകാശം ആത്മശക്തിയാണ്; ജ്ഞാന

ബ്രാഹ്മണത്തിന്നും ബൃഹദ്ദേവതയ്ക്കും മററും വ്യാഖ്യാനമെഴുതിയിട്ടുള്ള ഷഡ്ഗുരുശിഷ്യൻ ഒരു മലയാളിയാണെന്ന വസ്തുത പലർക്കും അറിഞ്ഞുകൂടാ. താനെഴുതിയ വ്യാഖ്യാനങ്ങളെപ്പററി അദ്ദേഹം ഐതരേയ ബ്രാഹ്മണത്തിന്റെ സുഖപ്രദാ വ്യാഖ്യാനത്തിൽ പ്രസ്താവിക്കുന്നുണ്ട്

ആദ്യാ സർവ്വാനുക്രമണീ ദ്വിതീയാ
മഹാവ്രതം ചോപനിഷദ്ദ്വയം ച
മഹാവ്രതം സൂത്രമാസാം തൃതീയാ
ചത്വാരിംശം ബ്രാഹ്മണം വൈ ചതുർത്ഥീ
സൂത്രം പഞ്ചമ്യഥ ഷഷ്ഠീതു ഗൃഹ്യം
ശാകല്യസ്യ സംഹിതാ സപ്തമീതി

സുഖപ്രദയുടെ മൂന്നു വാല്യങ്ങൾ തിരുവനന്തപുരത്തുനിന്നു പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. മററു ഭാഗങ്ങൾ ഇനിയും പുറത്തു വരേണ്ടിയിരിക്കുന്നു. ബൃഹദ്ദേവതാവ്യാഖ്യാനം മാക്ഡോണൽ ഇംഗ്ലണ്ടിൽനിന്നു പ്രസിദ്ധപ്പെടുത്തി. സംഹിത, രൂപവാൻ ഇടങ്ങിയ പദങ്ങളുടെ ദ്രാവിഡരൂപം (ചങ്ങാത, ഉരുവം) ബ്രാഹ്മണവ്യാഖ്യാനത്തിൽ അദ്ദേഹം എടുത്തുകാണിക്കുന്നുണ്ട്.

കൗഷീതകീബ്രാഹ്മണത്തിന്നും ഒരൊന്നാംതരം വ്യാഖ്യാനം കേരളം സംഭാവന ചെയ്തിട്ടുണ്ട്. മുരിയമംഗലത്ത് ഉദയൻ രചിച്ച 'സുഖദ' അഥവാ 'സദർത്ഥവിമർശിനി'യാണത്. ഗുരുവായൂർക്കടുത്ത ബ്രഹ്മകുളത്താണ് അദ്ദേഹത്തിന്റെ ഇല്ലം. താൻ നാരായണയജ്വാവിന്റെയും സാവിത്രിയുടേയും പുത്രനാണെന്നും തനിക്ക് കുമാരൻ, നാരായണൻ എന്നു രണ്ടു ജ്യേഷ്ഠന്മാരുണ്ടായിരുന്നുവെന്നും അദ്ദേഹം പറയുന്നുണ്ട്. ഋഷി, പരമേശ്വരൻ എന്നീ രണ്ടു പിതൃവ്യന്മാരെപ്പററിയുള്ള പരാമർശം പയ്യൂർ പട്ടേരിമാരെപ്പററിയാണോ എന്നറിഞ്ഞുകൂടാ. ഉദയന്റെ ജ്യേഷ്ഠനായ നാരായണൻ 'മീമാംസാർണ്ണവകർണ്ണധാരധിഷണ'നാണെന്നും പ്രസ്താവനയുണ്ട്. ഈ വ്യാഖ്യാനവും കൗഷീതക ബ്രാഹ്മണവും ഡാക്ടർ ശ്രീകൃഷ്ണശർമ്മ പ്രസാധനം ചെയ്ത് ജർമ്മനിയിൽ നിന്നു പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

യാസ്കന്റെ നിരുക്തത്തിന് അതിവിപുലമായൊരു ശ്ലോകവാർത്തികം രചിച്ചിട്ടുള്ളത് ദേശമംഗലത്തു കൊണ്ടയ്യൂർ ദേശത്തുള്ള ഒരു നമ്പൂതിരിയാണ്. പ്രസിദ്ധമീമാംസാപണ്ഡിതനായ പയ്യൂർ ഋഷിപുത്രൻ പരമേശ്വരൻ സ്ഫോടസിദ്ധിക്കെഴുതിയ ഗോപാലികാ വ്യാഖ്യാനത്തിൽ ഈ നിരുക്തവാർത്തികത്തിൽ നിന്ന് പന്ത്രണ്ടു വരികൾ പ്രമാണമായുദ്ധരിച്ചു ചേർത്തിട്ടുണ്ട്. ഈ വ്യാഖ്യാനത്തിന്റെ ഒരേ ഒരപൂർണ്ണഗ്രന്ഥം [illegible] കണ്ണൂർ രാജാവിന്റെ ഗ്രന്ഥശേഖരത്തിലുള്ളതിനെ ആസ്പദമാക്കി യുധിഷ്ഠിരമീമാംസകർ ഒരു വ്യാഖ്യാനം തയ്യാറാക്കി പ്രസിദ്ധപ്പെടുത്തിക്കൊണ്ടിരിക്കയാണ്. നീലകണ്ഠൻ ഋഗ്വേദിയും ഗർഗ്ഗഗോത്രജനുമായിരുന്നു. അച്ഛന്റെ

പേർ കീരശമ്മാവ് എന്നാണ് കാണുന്നതു്; അമ്മ നീലി ഉത്തരകേരളത്തിൽ നിന്നു വന്നവരാണ്. നീലകണ്ഠന് രുദ്രൻ തുടങ്ങിയ ഭ്രാതാക്കളും ദത്ത തുടങ്ങിയ സോദരിമാരുമുണ്ടായിരുന്നു. നീലകണ്ഠൻ പത്മപാദനെന്ന പേരിൽ സന്യാസാശ്രമം സ്വീകരിച്ചു; അതിനുശേഷമാണ് ഈ വ്യാഖ്യാനം രചിച്ചതു്. നിരുക്തവാർത്തികത്തിൽ നിന്ന് ഒന്നു രണ്ടു ഭാഗങ്ങൾ നീലകണ്ഠസോമയാജിയുടെ ആര്യഭടീയ ഭാഷ്യത്തിൽ ഉദ്ധരിച്ചു കാണുന്നു; അജ്ഞാതകർത്തൃകമായ ഒരു സർവ്വാനുക്രമണീവ്യാഖ്യാനത്തിലും നിരുക്തവാർത്തികത്തെ സ്മരിക്കുന്നുണ്ടു്.

മേപ്പത്തൂർ നാരായണഭട്ടതിരി സൂക്തശ്ലോകങ്ങൾ എന്ന പേരിൽ വേദവിഭാഗങ്ങളെപ്പററിയുള്ള വിവരങ്ങളുടെ ഒരു പട്ടിക കടപയാദി പരൽപ്പേരുപയോഗിച്ചുകൊണ്ടു പ്രതിപാദിക്കുന്ന ഒരു കൊച്ചുകൃതി രചിച്ചിട്ടുണ്ടു്.

വേദപഠനത്തെപ്പററിയുള്ള കേരളീയ സംഭാവനകളുടെ കൂട്ടത്തിൽ അതിപ്രധാനമായ ഒന്നാണ് മഹാകവി വള്ളത്തോളിൻെറ മലയാള തർജ്ജമ. സായണൻെറ ഭാഷ്യംനല്കുന്ന മാർഗ്ഗമാണ് അദ്ദേഹം ഏറെക്കുറെ സ്വീകരിച്ചിട്ടുള്ളതു്. അതു യാജ്ഞികപദ്ധതിയിലേയ്ക്കു ചാഞ്ഞുകൊണ്ടുള്ളതാണല്ലൊ. വള്ളത്തോൾതന്നെ സ്വന്തം തർജ്ജമ സർവ്വഥാ അനവദ്യമാണെന്ന് അഭിമാനിച്ചിട്ടില്ല. സാമാന്യജനങ്ങൾക്കു ഋഗ്വേദത്തെപ്പററിയൊരു വിവരമുണ്ടാകുവാൻ വള്ളത്തോളിൻെറ തർജ്ജമ വളരെ സഹായിച്ചിട്ടുണ്ടു്. ഋഗ്വേദം വ്യാഖ്യാനത്തോടെ മലയാളത്തിൽ പ്രസിദ്ധപ്പെടുത്തുവാൻ ആദ്യമായി ശ്രമിച്ചതു് ആഗമാനന്ദനാണ്. പത്തുനാല്പതു പേജേ അച്ചടിക്കുയുണ്ടായുള്ളു. പിന്നീടു് വി. കെ. നാരായണ ഭട്ടതിരിയെക്കൊണ്ടു വ്യാഖ്യാനിപ്പിച്ചു് ഋഗ്വേദം പ്രസിദ്ധപ്പെടുത്തുവാൻ ഒരു ശ്രമം മാതൃഭൂമിക്കാർ നടത്തുകയുണ്ടായി. അതും അലസിപ്പോയി. വൈദികവിഷയങ്ങളെ ആധികാരികമായി കൈകാര്യം ചെയ്തുകൊണ്ടുള്ള ലേഖനങ്ങളുടെ ഒരു സമാഹാരമായ 'ആമ്നായമഥനം' ഏക്കര രാമൻനമ്പൂതിരിയുടേതാണ്. (ഇതു സംസ്കൃതത്തിലേയ്ക്കു പരിഭാഷപ്പെടുത്തി പ്രസിദ്ധപ്പെടുത്തുവാൻ ശ്രമം തുടങ്ങിയിട്ടുണ്ടു്.) വേദത്തിൻെറ വെളിച്ചം സാമാന്യ ജനങ്ങളിലേയ്ക്കും പരത്തുവാൻവേണ്ടി 'അനാദി' എന്നൊരു മാസിക പ്രസാധനം ചെയ്തുകൊണ്ടിരിക്കുന്ന നമ്പൂരിയുടെ സേവനം സ്തുത്യർഹമാണ്. ശ്രീമാൻ ഒ. എം. സി. തന്നെ വേദരശ്മികൾ എന്ന പേരിൽ കേരളത്തിൽ നമ്പൂതിരിമാർ സാധാരണമായി ഉപയോഗിക്കുന്ന ചില സൂക്തങ്ങൾ സായണഭാഷ്യാനുസാരിയായ വ്യാഖ്യാനത്തോടെ പ്രസിദ്ധപ്പെടുത്തുകയുണ്ടായി. കെ. എൻ. എം. ദിവാകരൻ നമ്പൂതിരിയുടെ 'ഋഗ്വേദജ്യോതിസ്സ്' എന്ന പുസ്തകവും ചൂണ്ടിക്കാണിക്കാം.

അടുത്തകാലത്തന്തരിച്ചുപോയ ഡാക്ടർ സി. കുഞ്ഞൻ രാജാവിൻെറ സേവനവും ഇവിടെ പ്രത്യേകം സ്മരണീയമാ

യുക്തമായ ഈശ്വര ചൈതന്യമാണ് ബോധപൂർവ്വം ശക്തിമത്തുമായ ഈ ബലം ജ്ഞാനശാലിയായ അതിഥിയാണ്, പരിശുദ്ധനായ പുരോഹിതനാണ്, ഭൂവും ദ്യോവും തമ്മിൽ ഇണക്കുന്നവനാണ്. നാം ഉപരിസ്ഥരായ ദേവശക്തികൾക്ക് കൊടുക്കുന്നതവിടുന്ന് ഏറ്റുവാങ്ങുന്നു. അവരിൽ നിന്ന് ശക്തിയും പ്രകാശവുമാനന്ദവും നമുക്ക് കൊണ്ടുവരുന്നു.'

രണ്ടാം വൎഗ്ഗത്തിൽ ഒമ്പതാം മന്ത്രത്തിൽ 'പിതേവ സൂനവേ', അച്ഛൻ മകനെന്ന പോലെ എന്ന ഉപമകൊണ്ട് മാനുഷികത്വം അഗ്നിയിലവതരിപ്പിക്കുന്നു. മൂന്നാം മന്ത്രത്തിൽ തന്നെ ധനം, യശസ്സ്, സന്തതി എന്നിവയൎത്ഥിച്ചിരിക്കുന്ന ഈ ആദ്യസൂക്തം വേദത്തിന്റെ ആരംഭമെന്നപോലെ പ്രതീകത്രയവുമാവുന്നു.

രണ്ടുമുതൽ സൂക്തങ്ങളിൽ വായു, ഇന്ദ്രവായുക്കൾ, മിത്രാവരുണന്മാർ, അശ്വികൾ, വിശ്വദേവന്മാർ, സരസ്വതി, മരുത്തുകൾ, ഋഭുക്കൾ, ഇന്ദ്രവരുണന്മാർ, ബ്രഹ്മണസ്പതി, ഇന്ദ്രമരുത്തുകൾ, എന്നിങ്ങനെ ദേവതകൾ പെരുകുന്നു

ഈ അദ്ധ്യായത്തിൽ ആദ്യത്തെ മൂന്ന സൂക്തങ്ങളും സാരസ്വതത്തിൽ പെട്ടതാണ്. മൂന്നാം സൂക്തത്തിൽ ഒടുവിലത്തെ മൂന്ന മന്ത്രങ്ങളേ സരസ്വതീസംബന്ധിച്ചുള്ളവയെങ്കിലും 'അഗ്നിർവാക് ഭൂത്വാ മുഖം പ്രാവിശത്' മുതലായ പ്രമാണങ്ങൾ കൊണ്ട് അഗ്നിക്ക് വാഗ്രൂപമുണ്ട്. വായുവിന്ന് വാക്പ്രേരകത്വമുണ്ട്. വായുവിനെ നടത്തുന്നത് അശ്വികളാണ്. ഇങ്ങിനെ ബന്ധിച്ച ചിന്തിച്ചാൽ ആപത്തി നീങ്ങും. സരസ്വതി തന്നെ ഉപരിസ്ഥയായ ദേവതയായും നദീരൂപയായും മാറിമാറി വൎണ്ണിക്കപ്പെടുന്നു. മൂന്നാം സൂക്തത്തിൽ ഒടുവിലെ മന്ത്രം നദീരൂപയായി സ്തുതിക്കുന്നു. നാലാം സൂക്തത്തിൽ ഇന്ദ്രന് സോമത്തിലുള്ള പ്രീതി പറഞ്ഞുതുടങ്ങുന്നു. രണ്ടാം സൂക്തം മുതൽ ഇടവിട്ട് ഉടനീളം വേദത്തിൽ സോമമാഹാത്മ്യവും സോമപാനാനന്ദവും സോമയജ്ഞപുണ്യവും പ്രതിപാദിക്കുന്നു

പതിമൂന്നാം സൂക്തം ആപ്രീസൂക്തമാണെന്ന് പറയപ്പെടുന്നു. ഇപ്രകാരമുള്ള സൂക്തങ്ങൾ മേല്പോട്ട് പോകുമ്പോഴും പല ഉണ്ട്. അതിന്റെ സവിശേഷത സമിദ്ധൻ, (ഇധ്മൻ,) തനൂനപാത്ത്, നാരാശംസൻ, ഇളൻ, ബൎഹിസ്സ്, ദ്വാരോദേ

വികം, (യജ്ഞശാലാകവാടത്തിന്റെ അധിദേവതകൾ,) ഉഷാസാനക്താ, (പകലിരവുകളുടെ ദേവതകൾ,) ദൈവ്യന്മാരായ ഇരുഹോതാക്കൾ, ഇള, സരസ്വതി, ഭാരതി, എന്നീ മൂന്നു ദേവതമാർ, ത്വഷ്ടാവ്, വനസ്പതി, സ്വാഹാകൃതികൾ എന്നിങ്ങനെ പന്ത്രണ്ട് രൂപങ്ങളിൽ അഗ്നിയെ സ്തുതിക്കുകയാണ്. ചില ആപ്രീസൂക്തങ്ങളിൽ ഒന്നുവിട്ടുതുമുണ്ട്. ചിലയിടങ്ങളിൽ അതാതു ദേവന്മാരെ ശബ്ദാഭിരൂപ്യം കൊണ്ട് നിർദ്ദേശിച്ചിട്ടുമുണ്ട്. ഉദാ.—'ഈളിതഃ' എന്ന പദംകൊണ്ട് ഇളനെ ഈ സൂക്തത്തിൽ തന്നെ സൂചിപ്പിച്ചിരിക്കുന്നു. പതിനെട്ടാം സൂക്തത്തിൽ ആറാം മന്ത്രവും സാരസ്വതത്തിൽ പെടുന്നു. പക്ഷെ അവിടെ സരസ്വതിയോടല്ല. സദസസ്പതിയെന്ന ദേവനോടാണ്, മേധ, ബുദ്ധി ലഭിയ്ക്കാനായി പ്രാർത്ഥിക്കുന്നതു്. ഈ അധ്യായമൊടുക്കത്തെ സൂക്തത്തിൽ 'മരുത്ഭിരഗ്നആഗഹി' എന്ന പാദം ഓരോ ഋക്കിലും ആവർത്തിച്ചിരിയ്ക്കുന്നു. ആ ആവർത്തനത്തിന് 'ചമയ'മെന്നാണ് മലയാളത്തിലെ വേദവിത്തുക്കൾ പേരിട്ടിരിക്കുന്നതു്. അലങ്കാരമെന്നർത്ഥം. അപ്രകാരം ചമയങ്ങൾ തുടന്ന് പലയിടങ്ങളിലും പാദമായും ദ്വിപാദമായും ഋഗ്രൂപമായും കാണാം.

അനുദാത്തസ്വരിതം കഴിഞ്ഞ് ഉദാത്തമെട്ടുകമ്പോൾ കമ്പം എന്ന ഒരു പ്രക്രിയ വരുന്നു ഹ്രസ്വമായാൽ ചെറിയ കമ്പം—ദീർഘമായാൽ വലിയ കമ്പം ചെറിയ കമ്പത്തിനുദാഹരണം: രക്ഷ + ഇന്ദ്രാ = രക്ഷാ1 ʃ ന്ദ്രാ വലിയ കമ്പത്തിനുദാഹരണം യോരായഃ + അവനിഃ = യോരായോ ʃ ʃ വനിഃ

അഷ്ടകം ഒന്ന്

അധ്യായം ഒന്ന് – വർഗ്ഗം – 1 – 2

വൈശ്വാമിത്രോ മധുച്ഛന്ദാഃ ഋഷിഃ, ഗായത്രീഛന്ദഃ,
അഗ്നിർദ്ദേവതാ

1 ഓം അഗ്നിമീളേ പുരോഹിതം
യജ്ഞസ്യ ദേവമൃത്വിജം
ഹോതാരം രത്നധാതമം

അന്വയം —യജ്ഞസ്യ പുരഃ–ഹിതം ആഹവനീയരൂപേണാവസ്ഥിതം
ദേവം, ഹോതാരം—ദാനാദിഗുണയുക്തം, ദേവാനാം യജ്ഞേഷ്വാഹ്വാതാരം
ഋത്വിജം, രത്ന–ധാതമം—ഋത്വിഗ്രൂപം, രത്നം ധാരയിതാരം
അഗ്നിം ഈളേ —സ്തൗമി

അർത്ഥം—ആഹവനീയ രൂപത്തിൽ സ്ഥിതിചെയ്യുന്നവനും അഭീഷ്ടദാനശീലനും യാഗങ്ങളിൽ ദേവന്മാരെ വിളിക്കുന്നവനും ഋത്വിഗ്രൂപനും രത്നധാരിയുമായ അഗ്നിയുടെ അധിഷ്ഠാനദേവതയെ ഞാൻ സ്തുതിക്കുന്നു

2 അഗ്നിഃ പൂർവ്വേഭിരൃഷിഭി–
രീഡ്യോ നൂതനൈരുത
സ ദേവാ് ഏഹ വക്ഷതി

അന്വയം —അഗ്നിഃ പൂർവ്വേഭിഃ ഋഷി–ഭി —പുരാതനൈരതീന്ദ്രിയാർത്ഥദർശിഭിഃ
നൂതനൈഃ ഉത —ഇദാനീന്തനൈരപി
ഈഡ്യഃ —സ്തുത്യഃ
സഃ ദേവാൻ ഇഹ ആ വക്ഷതി—ആവഹതു

അർത്ഥം—അഗ്നി പൂർവ്വീകരായ അതീന്ദ്രിയാർത്ഥദർശികളാലും നവീനരായ ഋഷികളാലും സ്തുതിക്കപ്പെടേണ്ടവനാകുന്നു. അവിടുന്ന് ദേവന്മാരെ ഈ യജ്ഞത്തിലാവഹിക്കട്ടെ.

3 അഗ്നിനാ രയിമശ്നവൽ
പോഷമേവ ദിവേദിവേ
യശസം വീരവത്തമം

അന്വയം:—അഗ്നിനാ—നിമിത്തഭൂതേന യജമാനഃ
ദിവേ–ദിവേ പോഷം ഏവ—അനുദിനം വർദ്ധമാനമേവ
യശസം —ദാനാദിയശോയുക്തം
വീരവൽ–തമം —പുത്രഭൃത്യാദിവീരപുരുഷോപേതം
രയിം അശ്നവൽ —ധനം പ്രാപ്നോതി.

അർത്ഥം—അഗ്നികാരണമായി യജമാനൻ അനുദിനം വർദ്ധിക്കക തന്നെ ചെയ്യുന്നതും ദാനാദികളെക്കൊണ്ടു കീർത്തിമത്തും വീരപുത്രഭൃത്യാദികളോടു കൂടിയതുമായ സമ്പത്തിനെ പ്രാപിക്കുന്നു.

4 അഗ്നേ യം യജ്ഞമധ്വരം
വിശ്വതഃ പരിഭൂരസി
സ ഇദ്ദേവേഷു ഗച്ഛതി.

അന്വയം:—ഹേ അഗ്നേ, (ത്വം) യം അധ്വരം യജ്ഞം—ഹിംസാരഹിതം യജ്ഞം
വിശ്വതഃ പരി–ഭൂഃ അസി—സർവ്വാസു ദിക്ഷു പരിതഃ പ്രാപ്തവാൻ
സഃ ഇൽ ദേവേഷു ഗച്ഛതി—സ യജ്ഞ ഏവ ദേവാൻ പ്രാപ്നോതി

അർത്ഥം—അല്ലയോ അഗ്നേ, അവിടുന്നു ഹിംസാരഹിതമായ യാതൊരു യജ്ഞത്തെ, അതിന്റെ എല്ലാ ഭാഗങ്ങളിലും, സ്ഥാനങ്ങളിലും പ്രാപിച്ചുവോ, ആ യജ്ഞം മാത്രമേ തൃപ്തിയണച്ചുകൊണ്ടു സ്വർഗ്ഗത്തിൽ ദേവന്മാരെ പ്രാപിക്കുന്നുള്ളൂ.

അന്വയം:—ഹേ അഗ്നേ, സഃ (ത്വം) നഃ —അസ്മദർത്ഥം
സൂനവേ പിതാ—ഇവ —പുത്രാർത്ഥം പിതേവ
സു—ഉപായനഃ ഭവ —ശോഭനപ്രാപ്തിയുക്തോ ഭവ
നഃ സ്വസ്തയേ സചസ്വ—അസ്മാകം വിനാശരാഹിത്യാ
ർത്ഥം സമവേതോ ഭവ.

അർത്ഥം—അല്ലയോ അഗ്നേ, ആപ്രകാരമുള്ള അവിടുന്ന് ഞങ്ങൾക്ക്, മകന്നച്ഛനെന്ന പോലെ, സുപ്രാപ്യനായി ഭവിച്ചാലും. ഞങ്ങൾക്ക് ക്ഷേമത്തിന്നായി സഹവർത്തിച്ചാലും.

വർഗ്ഗം—3—4—വായു. ഇന്ദ്രവായു മിത്രാവരുണൌ ച ദേവതാ.

1 വായവാ യാഹി ദർശതേ—
മേ സോമാ അരങ്കൃതാഃ
തേഷാം പാഹി ശ്രുധീ ഹവം

അന്വയം:—ഹേ ദർശത, വായോ, ആ യാഹി—ദർശനീയവായോ, ആഗച്ഛ
ഇമേ സോമാഃ അരം—കൃതാഃ—അലങ്കൃതാഃ, അഭിഷവ സംസ്കൃതാഃ
തേഷാം പാഹി —താൻ സോമാൻ പിബ (കർമ്മണി ഷഷ്ഠീ)
ഹവം ശ്രുധി— അസ്മാകമാഹ്വാനം ശൃണു

അർത്ഥം—ദർശനീയനായ വായോ, വന്നാലും ഈ സോമങ്ങൾ അവിടേക്കു വേണ്ടിയാണ് സംസ്കരിക്കപ്പെട്ടിരിക്കുന്നത്. അവയെ കുടിച്ചാലും ഞങ്ങളുടെ വിളി കേട്ടാലും.

2 വായ ഉക്ഥേഭിർജ്ജരന്തേ
ത്വാമച്ഛാ ജരിതാരഃ
സുതസോമാ അഹർവ്വിദഃ

അന്വയം:—ഹേ വായോ, സുത—സോമാഃ—അഭിഷുതസോമോപേതാഃ
അഹഃ—വിദഃ ജരിതാരഃ—ക്രതുവിജ്ഞാസ്സ്തോതാരഃ ഋത്വി
ഗ്യജമാനാഃ

ത്വാം അച്ഛ —ത്വാമഭിലക്ഷ്യ
ഉക്ഥൈഃ ജരന്തേ —ശസ്ത്രൈസ്സ്തുവന്തി.

അർത്ഥം—അല്ലയോ വായോ, സംസ്കരിച്ച സോമത്തോടു കൂടിയവരും യജ്ഞവിശാരദന്മാരുമായ സ്തോതാക്കളും, ഋത്വിഗ്യജമാനന്മാർ, അവിടത്തെ ലക്ഷ്യമാക്കി ശസ്ത്രങ്ങളെക്കൊണ്ടു സ്തുതിക്കുന്നു.

3 വായോ തവ പ്രപൃഞ്ചതീ
ധേനാ ജിഗാതി ദാശുഷേ
ഉരൂചീ സോമപീതയേ.

അന്വയം'—ഹേ വായോ, തവ
പ്ര—പൃഞ്ചതീ ധേനാ യാ—സോമഗുണം വർണ്ണയന്തീ വാക്
സോമ—പീതയെ ഉരൂചീ ജിഗാതി—ബഹൂൻ യജമാനാൻ ഗച്ഛതി
(സം)ദാശുഷേ—ദാനിം സോമഹവിർത്തവന്തം യജമാനഞ്ച ഗച്ഛതി

അർത്ഥം—അല്ലയോ വായോ, അവിടത്തെ സോമഗുണപ്രശംസിയായ യാതൊരു വാക്ക്—അതായതു് ഞാൻ നിങ്ങളുടെ സോമം കുടിക്കുന്നു എന്ന വാക്ക്—സോമപാനത്തിന്നു വേണ്ടി എല്ലാ സോമയാജികളെയും പ്രാപിക്കുന്നുവോ, ആ വാക്ക് ഇപ്പോഴം സോമഹവിസ്സേകിയ യജമാനനെയും ചെന്നണയുന്നു.

4 ഇന്ദ്രവായൂ ഇമേ സുതാ
ഉപ പ്രയോഭിരാ ഗതം
ഇന്ദവോ വാമുശന്തി ഹി

അന്വയം:—ഹേ ഇന്ദ്രവായൂ, ഇമേ സുതാഃ—സോമാഃ ഭവദർത്ഥമഭിഷുതാഃ
(യുവാം) പ്രയഃ—ഭിഃ ഉപ ആ ഗതം—അന്നൈരസ്മൽ സമീ...ഗച്ഛതം

5 അഗ്നിഹോതാ കവിക്രതു–
സ്സത്യശ്ചിത്രശ്രവസ്തമഃ
ദേവോ ദേവേഭിരാ ഗമത് (വ 1)

അന്വയം —ഹോതാ —ഹോമനിഷ്പാദകഃ
കവി–ക്രതുഃ, സത്യഃ —ക്രാന്തപ്രജ്ഞഃ, അനൃതരഹിതഃ
ചിത്രശ്രവഃ–തമഃ —വിവിധകീർത്തിയുക്തഃ
ദേവഃ അഗ്നിഃ —ദീപ്യമാനോഽഗ്നിഃ
ദേവേഭിഃ ആ ഗമത്—ദേവൈസ്സഹാഗച്ഛതു

അർത്ഥം—ഹോമോൽപാദകനും അത്യധികം പ്രജ്ഞാവാനും സത്യസ്വഭാവനും സർവ്വത്ര യശസ്വിയും ശോഭമാനനുമായ അഗ്നി മററു ദേവന്മാരോടു കൂടി ഈ യജ്ഞത്തിന്നു വന്നുചേരട്ടെ

6 യദങ്ഗ ദാശുഷേ ത്വ–
മഗ്നേ ഭദ്രം കരിഷ്യസി
തവേത്തത് സത്യമങ്ഗിരഃ

അന്വയം —ഹേ അങ്ഗ, അഗ്നേ —അഭിമുഖാഗ്നേ, ത്വം
ദാശുഷേ യത് ഭദ്രം കരിഷ്യസി —ഹവിർദത്തവതേ യജമാനായ യത് കല്യാണം വിദധാസി
തത് തവ ഇത് —ത്വത്തൈവ
ഹേ അങ്ഗിരഃ, (ഏതത്) സത്യം —അഗ്നേ അവിസംവാദം

അർത്ഥം —അഭിമുഖനായ അഗ്നേ അവിടുന്ന് ഹവിർദ്ദാതാവായ യജമാനന്നു യാതൊരു മംഗളത്തെ ചെയ്യുന്നുവോ അത വിടുത്തേക്കു തന്നെ ചേരുന്നതാണ് അഗ്നേ അതു് അവിതർക്കിതമാകുന്നു (അതായതു് അതിൻെറ ഫലഭോക്തൃത്വം ഉത്തരക്രതുവിലൂടെ അവിടേക്കു തന്നെ ചേരുന്നു)

7 ഉപ ത്വാഗ്നേ ദിവേദിവേ

ദോഷാവസ്തർധിയാ വയം

നമോ ഭരന്ത എമസി

അന്വയം —ഹേ അഗ്നേ, വയം—അനുഷ്ഠാതാരഃ
ദിവേ—ദിവേ ദോഷാ—വസ്തഃ—പ്രതിദിനം രാത്രാവഹനി ച
ധിയാ നമഃ ഭരന്തഃ—ബുദ്ധ്യാ നമസ്കാരം സമ്പാദയന്തഃ
ഉപ ത്വാ ആ ഇമസി —സമീപേ ത്വാമാഗച്ഛാമഃ

അർത്ഥം—അല്ലയോ അഗ്നേ, യജ്ഞാനുഷ്ഠാതാക്കളായ ഞങ്ങൾ ദിവസം തോറും രാവും പകലും ബുദ്ധികൊണ്ടു നമസ്കരിക്കുന്നവരായി അവിടുത്തെ അടുക്കൽ വരുന്നു, അവിടുത്തെ ആശ്രയിക്കുന്നു

8 രാജന്തമധ്വരാണാം

ഗോപാമൃതസ്യ ദീദിവിം

വർദ്ധമാനം സ്വേ ദമേ

അന്വയം —രാജന്തം, അധ്വരാണാം ഗോപാം—ദീപ്യമാനം യജ്ഞാനാം രക്ഷകം.
ഋതസ്യ ദീദിവിം —സത്യസ്യ ദ്യോതകം
സ്വേ ദമേ വർദ്ധമാനം —സ്വീയേ യജ്ഞശാലായാം ഹവിർഭിഃ പ്രോജ്ജ്വലന്തം ത്വാമുപൈമഃ

അർത്ഥം—ശോഭനനും യാഗരക്ഷകനും സത്യപ്രകാശനും സ്വന്തം യാഗശാലയിൽ ഹവിസ്സുകളെക്കൊണ്ടു പ്രോജ്ജ്വലിക്കുന്നവനുമായ അവിടുത്തെ ഞങ്ങൾ പ്രാപിയ്ക്കുന്നു.

9 സ നഃ പിതേവ സൂനവേ—

ഗ്നേ സൂപായനോ ഭവ

സചസ്വാ നഃ സ്വസ്തയേ. (വ. 2)

ഹി ഇന്ദവഃ വാം ഉശന്തി—യസ്മാത് സോമാഃ യുവാം
കാമയന്തേ

അർത്ഥം—അല്ലയോ ഇന്ദ്രവായുക്കളെ, ഈ സോമങ്ങൾ നിങ്ങൾക്കുവേണ്ടി സംസ്കരിക്കപ്പെട്ടവയാണ്. നിങ്ങൾ അന്നങ്ങളോടുകൂടി ഞങ്ങളുടെ അടുക്കൽ വന്നാലും. കാരണം, സോമങ്ങൾ നിങ്ങളെ കാമിക്കുന്നു.

5 വായവിന്ദ്രശ്ച ചേതഥ—
സുതാനാം വാജിനീവസൂ
താവാ യാതമുപ ദ്രവത് (പ. 3)

അന്വയം—ഹേ വായോ, (ത്വം) ഇന്ദ്രഃ ച—ദ്വൗ
വാജിനീ-വസൂ —യജ്ഞാന്നവന്തൗ യുവാം
സുതാനാം ചേതഥഃ—അഭിഷുതാൻ സോമാൻ ജാനീഥഃ
തൗ (യുവാം) ദ്രവത് ഉപ ആ യാതം—ക്ഷിപ്രമുപാഗച്ഛതം.

അർത്ഥം—അല്ലയോ വായോ, അവിടുന്നും ഇന്ദ്രനും, ഹവിസ്സാന്നാരായ നിങ്ങൾ സംസ്കരിച്ച സോമങ്ങളെ അറിയുന്നു. അപ്രകാരമുള്ള നിങ്ങൾ ഞങ്ങളുടെ സമീപത്തിൽ വേഗം വന്നാലും.

6 വായവിന്ദ്രശ്ച സുന്വത—
ആ യാതമുപ നിഷ്കൃതം
മക്ഷ്വിത്ഥാ ധിയാ നരാ

അന്വയം:—ഹേ വായോ, (ത്വം) ഇന്ദ്രഃ ച സുന്വതഃ—സോമാഭിഷവം കുർവതഃ
നിഃ-കൃതം ഉപ ആ യാതം—സംസ്കൃതം സോമമുപാഗച്ഛതം
ഹേ നരാ, ധിയാ—നേതാരൗ, കർമ്മണാ
മക്ഷു ഇത്ഥാ-ത്വരയാ സംസ്കാരഃ സംപത്സ്യതേ

അർത്ഥം—അല്ലയോ വായോ, അവിടുന്നും ഇന്ദ്രനും സോമം സംസ്കരിക്കുന്ന യജമാനന്റെ സംസ്കൃതസോമത്തിന്നടു

ളുവന്നാലും അല്പയോ നേതാക്കളേ, കർമ്മംകൊണ്ടും സോമം വേഗത്തിൽ സംസ്കരിയ്ക്കപ്പെടുന്നുണ്ട്.

7 മിത്രം ഹുവേ പൂതദക്ഷം
വരുണം ചരിശാദസം
ധിയം ഘൃതാചീം സാധന്താ

അന്വയം —പൂത—ദക്ഷം മിത്രം ഹുവേ—പവിത്രബലം തം ആഹ്വയാമി
രിശാദസം വരുണം—രിശാനാം ഹിംസകാനാമദസം, അത്താരം, നാശകം വരുണം ച ഹുവേ
(തൗ) ഘൃതാചീം ധിയം സാധന്താ—ഘൃതം, ഉദകം ഭൂമിം യാ പ്രാപയതി താം വർഷകർമ്മ കുർവ്വന്തൗ ഭവതഃ

അർത്ഥം—പരിശുദ്ധ ബലനായ മിത്രനെ ഞാൻ വിളിയ്ക്കുന്നു ഹിംസകഹന്താവായ വരുണനെയും വിളിക്കുന്നു അവർ വെള്ളം ഭൂമിയിലെത്തിക്കാൻ വേണ്ടി വർഷകർമ്മം ചെയ്യുന്നവരത്രേ (മിത്രൻ പകലിൻെറയും വരുണൻ രാത്രിയുടെയും അഭിമാനദേവതയാകുന്നു)

8 ഋതേന മിത്രാവരുണാ—
വൃതാവൃധാ വൃതസ്പൃശാ
ക്രതും ബൃഹന്തമാശാഥേ

അന്വയം—ഹേ ഋത—വൃധൗ, ഋത—സ്പൃശൗ,—സത്യയജ്ഞവർദ്ധകൗ, ഉദകാദീൻ സ്പൃശന്തൗ
ഹേ മിത്രാവരുണൗ, ഋതേന— യുവാം സത്യഫലേന
ബൃഹന്തം ക്രതും ആശാഥേ —അങ്ഗോപാങ്ഗപ്രൗഢം യജ്ഞമാനശാഥേ.

അർത്ഥം—സത്യത്തിൻെറയും യജ്ഞത്തിൻെറയും വർദ്ധകന്മാരും ജലസ്പർശികളുമായ മിത്രവരുണന്മാരെ, നിങ്ങൾ എല്ലാ അംഗോപാംഗങ്ങളോടു കൂടിയ ഈ യാഗത്തെ പ്രാപിക്കുന്നു.

9 കവീ നോ മിത്രാവരുണാ
തുവിജാതാ ഉരുക്ഷയാ
ദക്ഷം ദധാതേ അപസം. (വ—4)

അന്വയം:—കവീ, തുവി—ജാതൗ,—മേധാവിനൗ, ബഹൂനാം ഉപകാരായോത്പന്നൗ
ഉരു—ക്ഷയാ—ബഹുനിവാസൗ
മിത്രാവരുണൗ നഃ ദക്ഷം—അസ്മാകം ബലം.
അപസം ദധാതേ—കർമ്മ ച പോഷയതഃ

അർത്ഥം—കവികളും കാണുന്നവരും വളരെപേർക്ക് ഉപകാരത്തിന്നുത്പന്നന്മാരും ബഹുനിവാസസ്ഥാനങ്ങളുള്ളവരുമായ മിത്രാവരുണന്മാർ നമുക്ക് ബലവും കർമ്മവും വർദ്ധിപ്പിക്കുന്നു

വർഗ്ഗം—5–6—അശ്വിനൗ ഇന്ദ്രഃ വിശ്വേദേവാഃ സരസ്വതീ ച ദേവതാ

1 അശ്വിനാ യജ്വരീരിഷോ
ദ്രവത്പാണീ ശുഭസ്പതീ
പുരുഭുജാ ചനസ്യതം.

അന്വയഃ:—ഹേ ദ്രവത്—പാണീ—ഹവിർഗ്രഹണായ ദ്രവദ്ഭ്യാം പാണിഭ്യാമുപേതൗ
ഹേ ശുഭഃ പതീ, പുരു—ഭുജാ—ശോഭന കർമ്മപാലകൗ, വിസ്തീർണ്ണഭുജൗ
ഹേ അശ്വിനൗ, യജ്വരീഃ ഇഷഃ—യുവാം യാഗനിഷ്പാദികാനി ഹവിർല്ലക്ഷണാന്യന്നാനി
ചനസ്യതം—ഇച്ഛതം, ഭുഞ്ജാഥാം

അർത്ഥം—ഹവിസ്സ് പിടിക്കുവാൻ ബദ്ധപ്പെട്ട കൈ നീട്ടുന്നവരും ശോഭന കർമ്മപാലകന്മാരും ഹോമബാഹുക്കളുമായ അശ്വികളേ, നിങ്ങൾ യാഗനിഷ്പാദകങ്ങളായ ഹവിസ്സുകളെ കാമിച്ചാലും, ഭുജിച്ചാലും.

2 അശ്വിനാ പുരുദംസസാ

നരാ ശവീരയാ ധിയാ

ധിഷ്ണ്യാ വനതം ഗിരഃ.

അന്വയം:—ഹേ പുരു—ദംസസാ, നരാ,—ബഹുകർമ്മാണൗ, നേതാരൗ

ധിഷ്ണ്യാ അശ്വിനാ — ബുദ്ധിമന്താവശ്വിനൗ യുവാമസ്മദീയാഃ

ഗിരഃ ധിയാ വനതം—സ്തുതീഃ ആദരയുക്തയാ ബുദ്ധ്യാ സംഭജതം, സ്വീകുരുതം.

അർത്ഥം—നാനാവിധ കർമ്മാക്കളും നേതാക്കളും ബുദ്ധിമാന്മാരുമായ അശ്വികളേ, നിങ്ങൾ ഞങ്ങളുടെ സ്തുതികളെ സമാദരബുദ്ധിയോടു കൂടി കൈക്കൊണ്ടാലും.

3 ദസ്രാ യുവാകവസ്സുതാ

നാസത്യാ വൃക്തബർഹിഷഃ

ആ യാതം രുദ്രവർത്തനീ.

അന്വയം:—ഹേ ദസ്രാ,—ശത്രൂണാം രോഗാണാഞ്ചോപക്ഷയിതാരൗ;

നാസത്യാ രുദ്ര—വർത്തനീ —അസത്യരഹിതൗ, ശൂരഭടാനാം മാർഗ്ഗേസ്ഥിതൗ, അശ്വിനൗ

(യുഷ്മദർത്ഥം സോമാഃ) യുവാകവഃ സുതാഃ—വസതീവരീഭിർമ്മിളിതാഃ അഭിഷുതാഃ

വൃക്ത—ബർഹിഷഃ ആ യാതം —മൂലവർജ്ജിതബർഹിരാസ്തരണാഃ അഗച്ഛതം

അർത്ഥം—ശത്രുക്കളുടെയും രോഗങ്ങളുടെയും ഹന്താക്കളും സത്യശീലന്മാരും ശത്രുക്കളെ കരയിക്കുന്ന ശൂരഭടന്മാരുടെ മാർഗ്ഗത്തിൽ വർത്തിക്കുന്നവരുമായ അശ്വികളേ, നിങ്ങൾക്കുവേണ്ടി വസതീവരികളെന്ന മന്ത്രപൂതജലങ്ങൾ ചേർന്ന സോമങ്ങൾ സംസ്കരിയ്ക്കപ്പെട്ടിരിക്കുന്നു. കടമുറിച്ച ദർഭപ്പുല്ലുകളുടെ വിരിപ്പുകളെ പ്രാപിച്ചാലും, അവയിൽ വന്നിരുന്നാലും.

ഉസ്രാഃ—ഇവ സ്വസരാണി—സൂര്യരശ്മയ അഹാനീവ
സുതം ആ ഗന്ത—അഭിഷുതം സോമമാഗച്ഛന്തു

അർത്ഥം—അതാതു കാലത്തിൽ വൃഷ്ടിപ്രദന്മാരായ സകല മഹാദേവന്മാർ ത്വരായുക്തരായി, സൂര്യകിരണങ്ങൾ പകലുകളെയെന്നപോലെ, നമ്മുടെ സംസ്കരിച്ച സോമത്തെ അഭിഗമിക്കട്ടെ

9 വിശ്വേ ദേവാസോ അസ്രിധ
ഏഹിമായാസോ അദ്രുഹഃ
മേധം ജുഷന്ത വഹ്നയഃ

അന്വയം—അസ്രിധഃ, ഏഹി—മായാസഃ —ക്ഷയരഹിതാഃ, സർവ്വതോ വ്യാപ്തപ്രജ്ഞാഃ
അദ്രുഹഃ, വഹ്നയഃ —ദ്രോഹരഹിതാഃ, വോഢാരഃ, ധനാനാം പ്രാപയിതാരഃ
വിശ്വേ ദേവാസഃ, മേധം ജുഷന്ത —വിശ്വേ ദേവാഃ യജ്ഞം സേവന്താം

അർത്ഥം—അക്ഷയന്മാരും എല്ലാററിലും വ്യാപിച്ച പ്രജ്ഞാനമുള്ളവരും ഉപദ്രവരഹിതന്മാരും ധനങ്ങൾ വഹിക്കുന്നവരും (ഉപാസകർക്ക്) എത്തിക്കുന്നവരുമായ സകലദേവന്മാർ നമ്മുടെ യജ്ഞത്തെ കൈക്കൊള്ളട്ടെ

10 പാവകാ നഃ സരസ്വതീ
വാജേഭിർവാജിനീവതീ
യജ്ഞം വഷ്ടു ധിയാവസുഃ

അന്വയം—പാവകാ വാജിനീ-വതീ —ശോധയിത്രീ അന്നവതീ ക്രിയാവതീ
ധിയാ വസുഃ [illegible] കർമ്മപ്രാപ്യധനനിമിത്തഭൂതാ
സരസ്വതീ [illegible] യജമാനേഭ്യോ ദാതവ്യൈരന്നൈഃ
നഃ യജ്ഞം വഷ്ടു —അസ്മാകം യജ്ഞം കാമയതാം

അർത്ഥം—ശുദ്ധികാരിണിയും അന്നവതിയും (ക്രിയാവതിയും) കർമ്മംകൊണ്ട് ലഭ്യമായ ധനാദികളോടെ, അവലംബ ഭൂതയുമായ സരസ്വതി, ഉപാസകർക്ക് കൊടുക്കാനുള്ള അന്ന (രക്ഷണ)ങ്ങളോടുകൂടി നമ്മുടെ യജ്ഞത്തെ പ്രാപിക്കട്ടെ.

11 ചോദയിത്രീ സൂനൃതാനാം
ചേതന്തീ സുമതീനാം
യജ്ഞം ദധേ സരസ്വതീ

അന്വയം:—സൂനൃതാനാം ചോദയിത്രീ —പ്രിയസത്യഭൂതാനാം വാക്യാനാം പ്രേരയിത്രീ
സുമതീനാം ചേതന്തീ–ശോഭനബുദ്ധിയുക്താനാം ജ്ഞാപയന്തീ
സരസ്വതീ, യജ്ഞം ദധേ —യജ്ഞം ധാരിതവതീ.

അർത്ഥം–പ്രിയസത്യാത്മകങ്ങളായ വാക്യങ്ങളെ പ്രേരിപ്പിക്കുന്നവളും ശോഭനബുദ്ധികൾക്കുചേരിക്കേണ്ടും മാർഗ്ഗമറിയിക്കുന്നവളുമായ സരസ്വതി യജ്ഞത്തെ ധരിച്ചവളാകുന്നു.

12 മഹോ അർണ്ണസ്സരസ്വതീ
പ്ര ചേതയതി കേതുനാ
ധിയോ വിശ്വാ വി രാജതി

(വ–6)

അന്വയം:–സരസ്വതീ, കേതുനാ —പ്രവാഹരൂപേണ കർമ്മണാ
മഹഃ അർണ്ണഃ പ്ര ചേതയതി —പ്രഭൂതമുദകം പ്രജ്ഞാപയതി
വിശ്വാഃ ധിയഃ വി രാജതി —സർവ്വാണ്യനുഷ്ഠാതൃപ്രജ്ഞാനാനി ദീപയതി.

അർത്ഥം–(നദീരൂപയായ) സരസ്വതി പ്രവാഹകർമ്മത്താൽ സമൃദ്ധമായ ജലത്തെ കാട്ടിത്തരുന്നു. സൽകർമ്മാനുഷ്ഠാതാക്കളായവരുടെയെല്ലാം പ്രജ്ഞാനങ്ങളെ തെളിയിക്കുന്നു.

4 ഇന്ദ്രാ യാഹി ചിത്രഭാനോ

സുതാ ഇമേ ത്വായവഃ

അണ്വീഭിസ്തനാ പൂതാസഃ

അന്വയം —ഹേ ചിത്ര—ഭാനോ, ഇന്ദ്ര, അണ്വീഭിഃ—ഋത്വിജാ
മങ്ഗുലീഭിഃ

തനാ പൂതാസഃ—നിത്യം ശുദ്ധാഃ
ഇമേ ത്വാ—യവഃ—സോമാ സ്ത്വാം കാമയമാനാഃ
ആ യാഹി—ആഗച്ഛ

അർത്ഥം—വിവിധ ദീപ്തിമാനായ ഇന്ദ്ര, ഋത്വിക്കുകളുടെ വിരലുകളാൽ നിത്യം ശോധിതങ്ങളായ ഈ സോമങ്ങൾ അവിടുത്തെ കാമിക്കുന്നവയാകുന്നു, വന്നാലും.

5 ഇന്ദ്രാ യാഹി ധിയേഷിതോ—

വിപ്രജൂതസ്സുതാവതഃ

ഉപ ബ്രഹ്മാണി വാഘതഃ

അന്വയം —ഹേ ഇന്ദ്ര ധിയാ ഇഷിതഃ—പ്രജ്ഞയാ പ്രേരിതഃ
വിപ്ര—ജൂതഃ—അന്യൈരൃത്വിഗ്ഭിഃ പ്രേരിതസ്ത്വം
സുത—വതഃ—അഭിഷുതസോമകസ്യ
വാഘതഃ —ബ്രഹ്മാണി—ഋത്വിജോ വേദരൂപാണി
സ്തോത്രാണി
ഉപ ആ യാഹി—ഉപൈത്യമാഗച്ഛ

അർത്ഥം—അല്ലയോ ഇന്ദ്ര ഞങ്ങളുടെ പ്രജ്ഞയാൽ പ്രേരിതനും മററു ഋത്വിക്കുകളാലും സ്തുതനായ അവിടുന്ന് സംസ്കരിച്ച സോമത്തോടുകൂടിയ ഋത്വിക്കിന്റെ വൈദിക സ്തോത്രങ്ങളെ പ്രാപിപ്പാനായി വന്നാലും.

6 ഇന്ദ്രാ യാഹി തൂതുജാന

ഉപ ബ്രഹ്മാണി ഹരിവഃ

സുതേ ദധിഷ്വ നശ്ചനഃ

(വ 5)

അന്വയം:—ഹേ ഹരി—വഃ, ഇന്ദ്ര,—ഹര്യശ്വേന്ദ്ര, ത്വം
തൂതുജാനഃ ബ്രഹ്മാണി—ത്വരമാണസ്തോത്രാണി
ഉപ ആ യാഹി—ഉപൈതുമാഗച്ഛ
സുതേ നഃ ചനഃ—സോമാഭിഷുതേ സതി അസ്മാകം ഹവിരന്നം
ദധിഷ്വ—ധാരയ, സ്വീകുരു

അർത്ഥം—ഹരികളെന്ന കുതിരകളോടുകൂടിയ ഇന്ദ്ര, അവിടുന്നു സത്വരനായി ഞങ്ങളുടെ സ്തോത്രങ്ങളെ പ്രാപിയ്ക്കാനായി വന്നാലും. സോമം സംസ്കരിയ്ക്കപ്പെട്ടിരിയ്ക്കേ ഞങ്ങളുടെ യജ്ഞഹവിസ്സു സ്വീകരിച്ചാലും.

7 ഓമാസശ്ചർഷണീധൃതോ
വിശ്വേ ദേവാസ ആ ഗത
ദാശ്വാംസോ ദാശുഷഃസുതം

അന്വയം:—ഹേ ഓമാസഃ ചർഷണീ—ധൃതഃ—ഓമാരക്ഷകാഃ, മനുഷ്യാണാം ധാരകാഃ
ഹേ ദാശ്വാംസഃ, —ഫലസ്യ ദാതാരഃ
ഹേ വിശ്വേ ദേവാസഃ,—സർവ്വേ ദേവാഃ
ദാശുഷഃ സുതം ആ ഗത—ഹവിർദ്ദാതുര്യജമാനസ്യ സോമം പ്രത്യാഗച്ഛത

അർത്ഥം—രക്ഷകന്മാരും മനുഷ്യപോഷകരും കർമ്മഫലദാതാക്കളുമായ സകലമാനദേവന്മാരേ, ഹവിർദ്ദാതാവിൻെറ സോമത്തെച്ചൊല്ലി വന്നാലും.

8 വിശ്വേ ദേവാസോ അപ്തുര—
സ്സുതമാ ഗന്ത തൂർണ്ണയഃ
ഉസ്രാ ഇവ സ്വസരാണി

അന്വയം:—അപ്—തുരഃ വിശ്വേ ദേവാസഃ,—കാലവൃഷ്ടികരാസ്സർവ്വേ ദേവാഃ
തൂർണ്ണയഃ—ത്വരായുക്താഃ, ആലസ്യരഹിതാഃ

വർഗ്ഗം—7–8—ഇന്ദ്രോ ദേവതാ.

1 സുരൂപ കൃത്നുമൂതയേ

സുദുഘാമിവ ഗോദുഹേ

ജുഹൂമസി ദ്യവിദ്യവി

അന്വയം:—സുരൂപ–കൃത്നും–ശോഭന രൂപോപേതസ്യ കർമ്മണഃ കർത്താരമിന്ദ്രം

ഊതയേ ഗോ–ദുഹേ–രക്ഷാർത്ഥം, ഗോധുഗർത്ഥം
സുദുഘാം-ഇവ–സുഷ്ഠുദോഗ്ധ്രീം ഇവ
ദ്യവി–ദ്യവി ജുഹൂമസി–പ്രതിദിനമാഹ്വയാമഃ

അർത്ഥം—ശോഭന കർമ്മത്തിന്ന കർത്താവായ ഇന്ദ്രനെ രക്ഷയ്ക്കായി, പാൽ കറക്കുവാൻ കറവപ്പശുവിനെയെന്നപോലെ, ദിനംപ്രതി നാം വിളിക്കുന്നു.

2 ഉപനസ്സവനാഗഹി

സോമസ്യ സോമപാഃ പിബ

ഗോദാ ഇദ്രേവതോമദഃ

അന്വയഃ:—ഹേ സോമ–പാഃ — സോമസ്യ പാതഃ, ഇന്ദ്ര. (സോമം പാതും)

നഃ	— അസ്മദീയാനി
സവനാ	— ത്രീണി സവനാനി പ്രതി
ഉപ	— സമീപേ
ആ ഗഹി	— ആഗച്ഛ
രേവതഃ	— ധനവതഃ (തവ)
മദഃ	— ഹർഷഃ
ഗോ-ദാഃ ഇത്	— ഗോപ്രദ ഏവ (ത്വയി ഹൃഷ്ടേ സതി അസ്മാഭിഃ ഗാവഃ ലഭ്യന്തേ)

അർത്ഥം—ഇന്ദ്രാ സോമപായിൻ, സോമപാനത്തിനായിക്കൊണ്ട് ഞങ്ങടെ മൂന്ന സവനങ്ങളിലും അവിടുന്ന സമീപത്തു വന്നാലും. ഐശ്വര്യവാനായ അവിടുത്തെ ഹർഷം (പ്രസാദം) ഗോപ്രദമാണല്ലോ അവിടുന്ന പ്രസാ

ദിച്ചാൽ ഞങ്ങൾക്ക ധാരാളം പശുക്കൾ ഉണ്ടാകുമല്ലോ. (പശുക്കൾ സുഖജീവിതത്തിന്നല്ല, കർമ്മനിർവ്വഹണത്തിന്നാണു്.)

3 അഥാ തേ അന്തമാനാം

വിദ്യാമ സുമതീനാം

മാ നോ അതി ഖ്യ ആഗഹി

അന്വയം:—അഥ — സോമപാനാനന്തരം
തേ — തവ
അന്തമാനാം — അതിശയേന സമീപവർത്തിനാം
സു—മതീനാം — ശോഭനപ്രജ്ഞാനാം പുരുഷാണാം (മധ്യേ സ്ഥിതം)
വിദ്യാമ — വയം ത്വാം ജാനീയാമ
(ത്വം) നഃ അതി ഖ്യഃ — അസ്മാൻ അതിക്രമ്യ അന്യേഷാം തൽസ്വരൂപം മാ പ്രകഥയ
(കിം തു) ആ ഗഹി — അസ്മാനേവാഗച്ഛ

അർത്ഥം—സോമപാനത്തിന്നുശേഷം, അവിടുത്തെ ഏററവും അടുത്തു നില്ക്കുന്നവരും ശോഭനപ്രജ്ഞന്മാരുമായ ഞങ്ങളുടെ നടുവിൽ *അവിടുന്നു് എഴുന്നള്ളിനിന്നു്*, ഞങ്ങൾ അവിടുത്തെ നന്നായറിയട്ടെ. (പ്രത്യക്ഷനായി അവിടുത്തെ ഞങ്ങൾ കാണട്ടെ) ഞങ്ങളെ വിട്ടു് അന്യർക്കു് അവിടുത്തെ രൂപം വെളിപ്പെടുത്തരുതു്. അതായതു് എല്ലാവരെക്കാൾ കൂടുതൽ ഞങ്ങളെ ഭക്തതമന്മാരായി കരുതണം. പിന്നെ ഞങ്ങളുടെ അടുത്തുവന്നാലും.

4 പരേഹി വിഗ്രമസ്തൃത—

മിന്ദ്രം പൃച്ഛാ വിപശ്ചിതം

യസ്തേ സഖിഭ്യ ആ വരം

അന്വയം:-യഃ (ഇന്ദ്രഃ) തേ — തവ (യജമാനസ്യ)
സഖി-ഭ്യഃ — ഋത്വിഗ്ഭ്യഃ

വരം — ശ്രേഷ്ഠം, ധനപുത്രാദികം
ആ — സമന്താത് (പ്രയച്ഛതി)
(ഹേ യജമാന, ത്വം)
ഇന്ദ്രം പരാ ഇഹി — ഇന്ദ്രസ്യ സമീപേ ഗച്ഛ
(ഗത്വാ ച) വിപഃ ചിതം — പണ്ഡിതം
വിഗ്രം — മേധാവിനം
അസ്തൃതം — അഹിംസിതം (തം)
(ഹോതാരം മാം) പൃച്ഛ — അസൌ ഹോതാ സമ്യക് സ്തുതവാൻ, നവാ ഇതി

അർത്ഥം—(ഇവിടെ ഹോതാവു യജമാനനോടു പറയുന്നു) യാതൊരിന്ദ്രൻ കൂട്ടുകാരായ ഋത്വിക്കുകളോടുകൂടി അങ്ങക്ക്, ഐശ്വര്യസന്താനാദികളെ നിറച്ചും നല്കുന്നുവോ, ആ ഇന്ദ്രന്റെ അടുക്കൽ ചെല്ലുക ചെന്നിട്ടു പണ്ഡിതനും മേധാവിയും അജയ്യനുമായ ഇന്ദ്രനോട് എന്നെപ്പററി, 'ഈ ഹോതാവു വേണ്ടപോലെ സ്തുതിച്ചുവോ ഇല്ലയോ' എന്നു ചോദിക്കുക (ഇന്ദ്രനെയും തങ്ങളിൽ ഒരാളെപ്പോലെ എത്ര ലാഘവത്തോടുകൂടിയാണ് കണക്കാക്കുന്നത്? ഈ ദേവമാനുഷസൗഹൃദം വേദത്തിൽ പല ദിക്കിലും കാണാം)

5 ഉത ബ്രുവന്തു നോ നിദോ-
നിരന്യതശ്ചിദാരത
ദധാനാ ഇന്ദ്ര ഇദ്ദുവഃ (വ 7)

അന്വയം —നഃ — അസ്മാകം സംബന്ധിനഃ (ഋത്വിജഃ)
ഇന്ദ്രേ ഇത് ദുവഃ ദധാനാഃ — പരിചര്യാം കുർവന്തഃ
ഉത ബ്രുവന്തു — സ്തുവന്തു
ഹേ നിദഃ, — നിന്ദിതാരഃ പുരുഷാഃ,
നിഃ ആരത — ഇതോ ദേശാത് നിർഗ്ഗച്ഛത
ഉത അന്യതഃചിത് — അന്യസ്മാത് ദേശാത് അപി (നിർഗ്ഗച്ഛത)

അർത്ഥം—ഞങ്ങളെസ്സംബന്ധിച്ചവരും ഇന്ദ്രനെ പരിചര്യ ചെയ്യുന്നവരും (സർവ്വദാ സേവിച്ചുകൊണ്ടു ഇരിക്കുന്നവരും) ആയ ഋത്വിക്കുകൾ അവിടത്തെ സ്തുതിയ്ക്കട്ടെ. കർമ്മനിന്ദകന്മാരേ, നിങ്ങൾ ഈ സ്ഥലത്തുനിന്ന് മാത്രമല്ല നിങ്ങളെത്തിച്ചേരുന്ന അന്യദിക്കിൽ നിന്നും അകന്നുപോവുക. അതായത് യജ്ഞനിന്ദകന്മാരായ നിങ്ങൾക്ക് എവിടെയും സ്ഥാനമില്ലാതിരിക്കട്ടെ.

6 ഉത നസ്സുഭഗാ അരി-

വ്വോചേയുർദ്ദസ്മ കൃഷ്ടയഃ

സ്യാമേദിന്ദ്രസ്യ ശർമ്മണി.

അന്വയം:—ഹേ ദസ്മ	— ശത്രൂണാം ഉപക്ഷപയിതഃ (ഇന്ദ്ര)
(ത്വദനുഗ്രഹാൽ) അരിഃ	— ശത്രവഃ
ഉത	— അപി
നഃ	— അസ്മാൻ
സു—ഭഗാൻ	— ശോഭനധനോപേതാൻ
വോചേയുഃ	— ഉച്യാസുഃ
കൃഷ്ടയഃ	— അസ്മൽ മിത്രഭൂതാഃ മനുഷ്യാഃ ഏവം വദന്തീതി കിമു വക്തവ്യം?
(ധനസമ്പന്നാഃ വയം) ഇന്ദ്രസ്യ ശർമ്മണി	— ഇന്ദ്രപ്രസാദലബ്ധേ സുഖേ
സ്യാമ ഇൽ	— ഭവേമൈവ

അർത്ഥം:—അല്ലയോ ശത്രുനാശകനായ ഇന്ദ്ര, അവിടത്തെ അനുഗ്രഹംകൊണ്ടു ശത്രുക്കൾകൂടി ഞങ്ങളെ ഐശ്വര്യയുക്തന്മാരായി പറയാവു. ഞങ്ങൾക്കു വേണ്ടപ്പെട്ടവരായ, ബന്ധുമിത്രാദികളായ, മനുഷ്യർ അപ്രകാരം പറയണമെന്നും പറയേണ്ടതില്ലല്ലോ. ഐശ്വര്യസമ്പന്നന്മാരായ ഞങ്ങൾ ഇന്ദ്രപ്രസാദലബ്ധമായ സുഖത്തിൽത്തന്നെ സ്ഥിതിചെയ്യുമാറാകട്ടെ.

7 ഏമാശവേ ഭര

യജ്ഞശ്രിയം നൃമാദനം

പതയന്മന്ദയത്സഖം

അന്വയം (ഹേ യജമാന) ആശവേ — കൃത്സ്നസോമയാഗവ്യാപ്തായ, ഇന്ദ്രായ

ദൗഗ്ഗം — സവനത്രയവ്യാപ്തം

യജ്ഞ-ശ്രിയം — യജ്ഞസ്യ സമ്പദ്രൂപം

നൃ മാദനം — നൄണാം, ഋത്വിഗ്യജമാനാനാം, ഹർഷഹേതും

പതയത് — പതയന്തം, കർമ്മാണി പ്രാപ്നുവന്തം

മന്ദയത്-സഖം — യഃ ഇന്ദ്രഃ യജമാനാൻ മന്ദയതി, ഹർഷയതി, തസ്മിന്നിന്ദ്രേ സഖിത്വം (സോമം)

ഈം ആ ഭര — ഇമം സോമം ആഹര

അർത്ഥം: അല്ലയോ യജമാന സോമയാഗസാമാന്യത്തെ പ്രാപിക്കുന്ന ഇന്ദ്രനായി, സവനത്രയങ്ങളിൽ വ്യാപ്തവും യജ്ഞത്തിന്റെ ശ്രീയോടുകൂടിയതും ഋത്വിഗ്യജമാനന്മാർക്ക് ഹർഷകരവും കർമ്മങ്ങളിൽ ഒലിച്ചുവരുന്നതും യജമാനന്മാരെ സന്തോഷിപ്പിക്കുന്നതും ഇന്ദ്രനു് സഖിത്വമായ ഇതിനെ, ഈ സോമത്തെ ആഹരിച്ചാലും. (സോമത്തിന് അല്ലെങ്കിൽ സോമന് ഇന്ദ്രന്റെ സഖിത്വം പ്രസിദ്ധം.)

8 അസ്യപീത്വാ ശതക്രതോ

ഘനോ വൃത്രാണാമഭവഃ

പ്രാവോ വാജേഷു വാജിനം

അന്വയം - ഹേ ശത-ക്രതോ — ബഹുകർമ്മയുക്ത, ഇന്ദ്ര,

(ത്വം) അസ്യ — സോമസ്യ സംബന്ധിനം അംശം

പീത്വാ വൃത്രാണാം — വൃത്രനാമകാസുരപ്രമുഖാനാം ശത്രൂണാം
ഘ്നഃ അഭവഃ — ഹന്താഃ
(തതഃ) വാജേഷു — സംഗ്രാമേഷു
വാജിനം — സംഗ്രാമവന്തം സ്വഭക്തം
പ്ര ആവഃ — പ്രകർഷേണ രക്ഷിതവാനസി

അർത്ഥം—അപ്രയോ ബഹുകർമ്മയുക്തനായ ഇന്ദ്ര, അവിടന്നു സോമാംശം പാനംചെയ്തു്, വൃത്രപ്രമുഖരായ ശത്രുക്കളുടെ ഹന്താവായി ഭവിച്ചു. പിന്നെ യുദ്ധങ്ങളിൽ യോദ്ധാക്കളായ ഭക്തന്മാരെ അവിടന്നു രക്ഷിച്ചു.

9 ത്വാം വാജേഷു വാജിനം
വാജയാമശ്ശതക്രതോ
ധനാനാമിന്ദ്ര സാതയേ.

അന്വയം:—ഹേ ശത—ക്രതോ, ഇന്ദ്ര, — ബഹുകർമ്മയുക്ത, ഇന്ദ്ര,
ധനാനാം സാതയേ — സംഭജനാർത്ഥം
വാജേഷു വാജിനം — യുദ്ധേഷു ബലവന്തം
ത്വാ — ത്വാം
വാജയാമഃ — അന്നവന്തം കർമ്മഃ

അർത്ഥം—ബഹുകർമ്മയുക്തനായ ഇന്ദ്ര, ഐശ്വര്യസിദ്ധിക്കവേണ്ടി യുദ്ധങ്ങളിൽ ബലവാനായ അവിടത്തെ അന്നവാനാക്കിച്ചെയ്യുന്നു. അതായതു് അവിടേക്കു ഹവിസ്സർപ്പിക്കുന്നു.

10 യോ രായോ൨വനിർമ്മഹാ-
ന്ത്സുപാരഃ സുന്വതസ്സഖാ
തസ്മാ ഇന്ദ്രായ ഗായത (വ. 8)

അന്വയം:—(ഹേ ഋത്വിജഃ) യഃ (ഇന്ദ്രഃ) രായഃ — ധനസ്യ
അവനിഃ — രക്ഷകഃ, സ്വാമീ
മഹാൻ — ഗുണൈരധികഃ

സുപാരഃ — സമ്യക് കർമ്മണഃ പൂരയിതാ
സുന്വതഃ സഖാ — അഭിഷുണ്വതഃ (യജമാനസ്യ) സഖാ
തസ്മൈ ഇന്ദ്രായ — തത്പ്രീത്യർത്ഥം
ഗായത — സ്തുതിം കുരുത

സാരം-അല്ലയോ സ്തോതാക്കളേ, യാതൊരിന്ദ്രനാണോ സർവ്വധനത്തിന്റെയും സ്വാമി, രക്ഷകൻ, ഗുണങ്ങളാൽ ഉൽകൃഷ്ടൻ, സൽകർമ്മങ്ങളെ പൂരിപ്പിക്കുന്നവൻ, സോമം സംസ്കരിക്കുന്ന (യാഗംചെയ്യുന്ന) യജമാനന്റെ തോഴൻ, ആ ഇന്ദ്രന്ന പ്രീതിക്കായി സ്തുതിഗാനങ്ങൾ പാടുക

വർഗ്ഗം—9–10

1 ആ ത്വേ താ നി ഷീദതേ-
ന്ദ്രമഭി പ്ര ഗായത
സഖായസ്തോമവാഹസഃ

സായണം —ഹേ സ്തോമ-വാഹസഃ
സഖായഃ — ത്രിവൃത്പഞ്ചദശാദി സ്തോമാൻ അസ്മിൻ കർമ്മണി വഹന്തി, യേ, തേ, താദൃശാഃ
ആ തു ആ ഇത — ക്ഷിപ്രമസ്മിൻ കർമ്മണി ആഗച്ഛതാഗച്ഛത
(ആഗത്യ ച) നി സീദത — ഉപവിശത
(ഉപവിശ്യ ച) ഇന്ദ്രം അഭി
പ്ര ഗായത — സർവ്വതഃ പ്രകർഷേണ സ്തുത

അർത്ഥം—ത്രിവൃത്പഞ്ചദശാദി സ്തോത്രങ്ങൾ വശമുള്ള സഖാക്കളായ സ്തോതാക്കളേ നിങ്ങൾ വേഗത്തിൽ ഈ കർമ്മത്തിൽ വന്നുചേരുക വന്നുചേരുക വന്നിട്ട് ഇരിക്കുക, ഇന്ദ്രനെക്കുറിച്ച് എല്ലാറ്റിലും ഉന്നതമായ സ്തോത്രം ചൊല്ലുക

2 പുരൂതമം പുരൂണാ-

മീശാനം വാര്യാണാം

ഇന്ദ്രം സോമേ സചാ സുതേ.

അന്വയം:-(ഹേ സഖായഃ ഋത്വിജഃ) പുരു–തമം — പുരൂൻ, ബഹൂൻ ശത്രൂൻ തമയതി ഗ്ലാപയതി താദൃശം

പുരൂണാം — ബഹൂനാം

വാര്യാണാം — വരണീയാനാം ധനാനാം

ഈശാനം ഇന്ദ്രം — സ്വാമിനം, ഇന്ദ്രം

സുതേ സോമേ — അഭിഷുതേ സോമേ പ്രവൃത്തേ സതി

സചാ — യൂയം സർവ്വൈസ്സഹ (അഭിപ്രഗായത)

അർത്ഥം—അല്ലയോ സഖാക്കളായ ഋത്വിക്കുകളേ, സംസ്കരിച്ച സോമം സജ്ജമായിരിക്കേ, ബഹുക്കളായ ശത്രുക്കളെ അമർത്തുന്നവനും ധാരാളം ശ്രേഷ്ഠധനങ്ങളുടെ അധീശനുമായ ഇന്ദ്രനെക്കുറിച്ച് എല്ലാവരും ചേൎന്ന് സ്തോത്രം ചൊല്ലുക.

3 സ ഘാ നോ യോഗ ആ ഭുവൽ

സ രായേ സ പുരന്ധ്യാം

ഗമദ്വാജേഭിരാ സ നഃ

അന്വയം:—സഃ ഘ — പൂർവ്വോക്തഗുണവിശിഷ്ടഃ സ ഏവേന്ദ്ര

നഃ — അസ്മാകം

യോഗേ — പൂർവ്വമപ്രാപ്തസ്യ പുരുഷാർത്ഥസ്യ സംബന്ധേ

ആ ഭുവൽ — ആ ഭവതു, പുരുഷാർത്ഥം സാധയതു

സഃ (ഏവ) രായേ — ധനാർത്ഥം (ആ ഭുവൽ)

സഃ (ഏവ) പുരം–ധ്യാം — യോഷിതി, ബഹുവിധായാം ബുദ്ധൗ വാ (ആ ഭുവൽ)

7 ആ ത്വാ വിശന്ത്വാശവ-

സ്സോമാസ ഇന്ദ്ര ഗിർവ്വണ,

ശന്തേ സന്തു പ്രചേതസേ

അന്വയം —ഗിർവ്വണഃ — ഗീർഭിഃ, സ്തുതിഭിഃ സംഭജനീയ

ഹേ ഇന്ദ്ര

ആശവഃ — സവനത്രയേ വ്യാപ്തിമന്തഃ

സോമാസഃ — സോമാഃ

ത്വാ — ത്വാം

ആ വിശന്തു — ആഭിമുഖ്യേന പ്രവിശന്തു

തേ പ്രചേതസേ — തവ പ്രകൃഷ്ടജ്ഞാനായ

ശം സന്തു — സുഖരൂപാഃ (സോമാഃ) ഭവന്തു

അർത്ഥം—സ്തുതികളാൽ ഭജനീയനായ ഇന്ദ്ര സവനത്രയങ്ങളിലും വ്യാപ്തങ്ങളായ സോമങ്ങൾ നേരെ അവിടുത്തെ അണയട്ടെ അവിടേക്ക് പ്രകൃഷ്ടജ്ഞാനത്തിന്നായിക്കൊണ്ട്, സോമങ്ങൾ സുഖരൂപങ്ങളായി ഭവിക്കട്ടെ

8 ത്വാം സ്തോമാ അവീവൃധൻ

ത്വാമുക്ഥാ ശതക്രതോ

ത്വാം വർദ്ധന്തു നോ ഗിരഃ

അന്വയം —ഹേ ശതക്രതോ — ബഹുകർമ്മൻ, ബഹുപ്രജ്ഞ, ഇന്ദ്ര

ത്വാം സ്തോമാഃ — സാമഗാനാം സ്തോത്രാണി

അവീവൃധൻ — വർദ്ധയന്തി

(തഥാ) ഉക്ഥാ — ബഹ്വൃചാനാം ശസ്ത്രാണി (അവീവൃധൻ) (യസ്മാത് പൂർവ്വമേവാസീത്, തസ്മാത് ഇദാനീമപി)

നഃ ഗിരഃ — അസ്മാകം സ്തുതയഃ

ത്വാം വർദ്ധന്തു — വർദ്ധയന്തു

അൎത്ഥം—ബഹുകൎമ്മവാനായ, ബഹുപ്രജ്ഞനായ ഇന്ദ്ര, സാമഗന്മാരുടെ സ്തോത്രങ്ങൾ അവിടേയ്ക്കു് ഉൽക്കൎഷമുണ്ടാക്കുന്നു. അതുപോലെ ബഹ്വൃക്കുകളുടെ ശസ്ത്രങ്ങൾ (സ്തുതിമന്ത്രങ്ങൾ) അവിടേയ്ക്കു് ഉൽക്കൎഷമുണ്ടാക്കുന്നു. മുമ്പെന്നപോലെ ഇപ്പോഴും ഞങ്ങളുടെ സ്തുതികൾ അവിടേയ്ക്കുൽകൎഷമുണ്ടാക്കട്ടെ (പൂജകൊണ്ടു ബിംബങ്ങൾക്കു ശക്തികൂട്ടുന്നപോലെ, സ്തുതികൾകൊണ്ടു ദേവന്മാൎക്കു് ഉൽക്കൎഷവും ശക്തിയും കൂടുമെന്നു് ആൎഷസിദ്ധാന്തം.)

9 അക്ഷിതോതിസ്സനേദിമം
വാജമിന്ദ്രസ്സഹസ്രിണം
യസ്മിൻ വിശ്വാനി പൗംസ്യാ

അന്വയം:—യസ്മിൻ (വാജേ) പൗംസ്യാ — പൗംസ്യാനി, പുംസ്ത്വാനി, ബലാനി വൎത്തന്തേ
അക്ഷിത—ഊതിഃ — അഹിംസിതരക്ഷണഃ
ഇന്ദ്രഃ സഹസ്രിണം — പ്രകൃതിവികൃതിഷു ച വൎത്തമാനത്വേന സഹസ്രസംഖ്യായുക്തം
ഇമം വാജം — സോമരസരൂപം അന്നം
സനേൽ — സംഭജേൽ

അൎത്ഥം-യാതൊരന്നത്തിൽ പുംസ്ത്വങ്ങൾ, ബലങ്ങൾ ഉണ്ടോ (അതായതു് യാതൊരന്നം ബലപ്രദമാണോ), പ്രകൃതി വികൃതികളിലെ പരിണാമംകൊണ്ടു് ആയിരം (ബഹു) രൂപങ്ങളുള്ളതും സോമരസരൂപവുമായ ആ അന്നത്തെ എന്നും സുരക്ഷാകരനായ ഇന്ദ്രൻ പ്രാപിക്കട്ടെ.

10 മാ നോ മൎത്താ അഭി ദ്രുഹൻ
തനൂനാമിന്ദ്ര ഗിൎവ്വണഃ
ഈശാനോ യവയാ വധം

അന്വയം:-ഹേ ഗിൎവ്വണഃ, ഇന്ദ്ര, — ഗീൎഭിഃ സ്തുതിഭിഃ സംഭജനീയ, ഇന്ദ്ര,
മൎത്താഃ — വിരോധിനോ മനുഷ്യാഃ

സഃ (ഏവ) വാജേഭിഃ — ഭക്ഷ്യൈരന്നൈസ്സഹ
നഃ ആ ഗമത് — അസ്മാൻ ആഗച്ഛതു

സാരം—മന്ത്രത്തിൽ പറഞ്ഞ ഗുണവിശേഷങ്ങളോടുകൂടി ഇന്ദ്രൻ തന്നെ ഞങ്ങൾക്ക് ഇതുവരെ അപ്രാപ്തമായ പുരുഷാർത്ഥത്തെ (ധർമ്മാർത്ഥകാമമോക്ഷങ്ങളിൽ നേടാത്തതിനെ) സാധിപ്പിക്കട്ടെ അവിടുന്നുതന്നെ ഞങ്ങൾക്ക (ധർമ്മാർത്ഥമായ) ധനത്തിന്നായി ഭവിക്കട്ടെ അവിടുന്നുതന്നെ ഞങ്ങൾക്ക ശാസ്ത്രജ്ഞാനം (അല്ലെങ്കിൽ ബഹുവിധമായ ബുദ്ധിവൈശദ്യം) നേടിത്തരട്ടെ നല്ലപ്പെടേണ്ട അന്നത്തോടു (രക്ഷയോടു)കൂടി അവിടുന്നുതന്നെ ഞങ്ങളുടെ അടുക്കൽ ആഗമിക്കട്ടെ (ഇവിടെ ഇന്ദ്രനെ സർവ്വേശ്വരനായി, സർവ്വവിധദാതാവായി കല്പിച്ചിരിക്കുന്നു)

4 യസ്യ സംസ്ഥേ ന വൃണ്വതേ

ഹരീ സമത്സു ശത്രവഃ

തസ്മാ ഇന്ദ്രായ ഗായത

അന്വയം—സമത്—സു — യുദ്ധേഷു
യസ്യ (ഇന്ദ്രസ്യ) സം—സ്ഥേ — രഥേയുക്തൌ
ഹരീ — ഭോവശൌ
ശത്രവഃ ന വൃണ്വതേ — ന സംഭജന്തേ, കിന്തു പലായന്തേ
തസ്മൈ ഇന്ദ്രായ — തത്സന്തോഷാർത്ഥം
(ഹേ ഋത്വിജഃ) ഗായത — സ്തുതിം കുരുത

അർത്ഥം—യുദ്ധങ്ങളിൽ യാതൊരിന്ദ്രന്റെ തേരിൽ പൂട്ടപ്പെട്ട അശ്വങ്ങളുടെ നേരെ ശത്രുക്കൾ അടുക്കാത്തത് (അതായത്, അശ്വങ്ങളെ കാണുമ്പോൾതന്നെ ശത്രുക്കൾ ഓടി അകലുന്നത്,) ആ ഇന്ദ്രന്റെ സന്തോഷത്തിന്നായി, അല്ലയോ ഋത്വിക്കുകളേ, സ്തുതിചൊല്ലുക

5 സുതപാവ്നേ സുതാ ഇമേ

ശുചയോ യന്തി വീതയേ

സോമാസോ ദധ്യാശിരഃ

(വ. 9)

അന്വയം:—സുതാഃ — അഭിഷുതാഃ
ശുചയഃ — ദശാപവിത്രേണ ശോധിതാഃ
ദധി-ആശിരഃ — അവനീയമാനം ദധി ആശിർദ്ദോഷഘാതകം യേഷാം സോമാനാം തേ
ഇമേ സോമാസഃ — അസ്മിൻ കർമ്മണി സമ്പാദിതാഃ സോമാഃ
സുത-പാവ്നേ — അഭിഷുതസ്യ സോമസ്യ പാനകർത്രേ (ഷഷ്ഠ്യർത്ഥേ ചതുർത്ഥീ)
വീതയേ — ഭക്ഷണാർത്ഥം
യന്തി — ത്വമേവ പ്രാപ്നുവന്തി

അർത്ഥം—സംസ്കരിച്ചവയും ദശാപവിത്രംകൊണ്ടു് അരിച്ചു ശുദ്ധീകരിച്ചവയും തൈർചേർത്തു് 'നാവരാപ്പെട്ട ദോഷം നീങ്ങിയവയും ഈ കർമ്മത്തിൽ ഒരുക്കിയവയുമായ സോമങ്ങൾ സംസ്കരിച്ച സോമത്തിന്നു് അവകാശിയായ ഇന്ദ്രന്നു ഭക്ഷണാർത്ഥം എത്തിച്ചേരുന്നു.

6 ത്വം സുതസ്യ പീതയേ
സദ്യോ വൃദ്ധോ അജായഥാഃ
ഇന്ദ്ര ജ്യൈഷ്ഠ്യായ സുക്രതോ

അന്വയം:—സു-ക്രതോ — ശോഭനകർമ്മൻ, ശോഭനപ്രജ്ഞ
ഹേ, ഇന്ദ്ര, ത്വം സുതസ്യ — അഭിഷുതസ്യ സോമസ്യ
പീതയേ — പാനാർത്ഥം
ജ്യൈഷ്ഠ്യായ — ദേവേഷു ജ്യേഷ്ഠത്വാർത്ഥം (ച)
സദ്യഃ — അസ്മിന്നേവ ക്ഷണേ
വൃദ്ധഃ അജായഥാഃ — അഭിവൃദ്ധ്യുത്സാഹേന യുക്തഃ അഭൂഃ

അർത്ഥം—ശോഭനകർമ്മാവായ, ശോഭനപ്രജ്ഞനായ ഇന്ദ്ര, അവിടുന്നു് സംസ്കരിച്ച സോമത്തിന്റെ പാനത്തിന്നു വേണ്ടിയും (അതുവഴി) ദേവന്മാരുടെ ഇടയിൽ ശ്രേഷ്ഠതവേണ്ടിയും ഈ ക്ഷണത്തിൽത്തന്നെ, അഭിവൃദ്ധിയിൽ ഉത്സാഹയുക്തനായി ഭവിക്കുക.

നഃ തനൂനാം — അസ്മദീയാനാം ശരീരാണാം
മാ അഭി ദ്രുഹൻ — അഭിതോ ദ്രോഹം മാ കുര്യുഃ
ഈശാനഃ — സമർത്ഥഃ (ത്വം)
(വൈരിഭിഃ) വധം യവയ— അസ്മത്തഃ പൃഥക് കുരു

അർത്ഥം-സ്തുതികളാൽ ഭജനീയനായ ഇന്ദ്ര, വിരോധികളായ മനുഷ്യർ ഞങ്ങളുടെ ശരീരങ്ങളെ അഭിദ്രോഹിക്കാതിരിക്കട്ടെ (ശത്രുക്കൾക്ക് ആത്മവാന്മാരുടെ ശരീരത്തെയല്ലാതെ മറ്റൊന്നിനേയും ദ്രോഹിക്കാൻ കഴികയില്ല. ധർമ്മസാധനമാകയാൽമാത്രമാണ് ശരീരത്തിൽ പ്രതിപത്തി) ഈശനായ അവിടുന്ന് അവരുടെ വധ (ശരീരദ്രോഹ)ത്തെ ഞങ്ങളിൽനിന്നകററിയാലും.

വർഗ്ഗം 11–12 ഇന്ദ്രോ മരുതോ ദേവതാ.

1 യുഞ്ജന്തി ബ്രധ്നമരുഷം
ചരന്തം പരി തസ്ഥുഷഃ
രോചന്തേ രോചനാ ദിവി

അന്വയം—ബ്രധ്നം — ആദിത്യരൂപേണാവസ്ഥിതം
അരുഷം — അഗ്നിരൂപേണാവസ്ഥിതം
ചരന്തം — വായുരൂപേണ സർവ്വതഃ പ്രസരന്തം (ഇന്ദ്രം)
പരി തസ്ഥുഷഃ — പരിതോവസ്ഥിതാഃ ലോകത്രയവർത്തിനഃ പ്രാണിനഃ
യുഞ്ജന്തി — സ്വകീയേ കർമ്മണി ദേവതാത്വേന സംബന്ധം കുർവ്വന്തി (തസ്യൈവേന്ദ്രസ്യ മൂർത്തിവിശേഷഭൂതാനി)
രോചനാ — രോചനാനി, നക്ഷത്രാണി
ദിവി രോചന്തേ — ദ്യുലോകേ പ്രകാശന്തേ

അർത്ഥം—(ഇന്ദ്രനെ ഇവിടെ പരമേശ്വരനായി പറയുന്നു) ആദിത്യരൂപത്തിൽ അവസ്ഥിതനും അഗ്നിരൂപത്തിൽ വർത്തിക്കുന്നവനും വായുരൂപത്തിൽ സർവ്വത്ര പ്രസരിക്കുന്നവനുമായ ഇന്ദ്രനെ, ലോകത്രയങ്ങളിലെമ്പാടുമുള്ള പ്രാണി

കഠ (ജനങ്ങൾ) സ്വസ്വകർമ്മങ്ങളിൽ, ദേവതാത്വത്തോടു കൂടി ബന്ധിപ്പിക്കുന്നു. (ദേവനായി സങ്കല്പിക്കുന്നു.) ആ ഇന്ദ്രന്റെ മൂർത്തിവിശേഷങ്ങൾതന്നെയാണ് ആകാശത്തിൽ നക്ഷത്രങ്ങളായി പ്രകാശിക്കുന്നത്.

2 യുഞ്ജന്ത്യസ്യ കാമ്യാ

ഹരീ വിപക്ഷസാ രഥേ

ശോണാ ധൃഷ്ണൂ നൃവാഹസാ.

അന്വയം:—അസ്യ രഥേ — ഇന്ദ്രസ്യ രഥേ
(സാരഥയഃ) കാമ്യാ — കാമയിതവ്യൗ
വി—പക്ഷസാ — വിവിധേ പക്ഷസി, രഥസ്യ പാർശ്വൗ, യയോരശ്വയോഃ തൗ
ശോണാ — രക്തവർണ്ണൗ
ധൃഷ്ണൂ — പ്രഗത്ഭൗ
നൃ—വാഹസാ — നൃണാം, പുരുഷാണാം വോഢാരൗ
ഹരീ — ഇന്ദ്രാശ്വൗ
യുഞ്ജന്തി

അർത്ഥം—ആദിത്യാഗ്നിവായുരൂപങ്ങളിൽ അവസ്ഥിതനായ ഇന്ദ്രന്റെ രഥത്തിൽ, കാഴ്ചയിൽ കൗതുകം തോന്നിക്കുന്നവയും രഥത്തിന്റെ രണ്ടു പാർശ്വങ്ങളിലും പൂട്ടപ്പെട്ടവയും ചുകപ്പുനിറമുള്ളവയും ഗാംഭീര്യമുള്ളവയും ഇന്ദ്രൻ സാരഥി മുതലായവരെ വഹിക്കുന്നവയുമായ ഹരികളെന്നു പേരായ അശ്വങ്ങളെ കെട്ടുന്നു (ഇന്ദ്രന്റെ അശ്വങ്ങൾക്കു് ഹരികളെന്നും അഗ്നിയുടെ അശ്വങ്ങൾക്കു് രോഹിതുകളെന്നും പേരുകൾ)

3 കേതും കൃണ്വന്നകേതവേ

പേശോ മര്യാ അപേശസേ

സമുഷദ്ഭിരജായഥാഃ

അന്വയം —ഹേ മര്യാഃ — മനുഷ്യാഃ (ഇദമാശ്ചര്യം പശ്യത)

(ആദിത്യരൂപോയമിന്ദ്രഃ)

ഉഷദ്ഭിഃ — ദാഹകൈഃ രശ്മിഭിഃ

(പ്രതിദിനമുഷഃകാലേ)

അകേതവേ — രാത്രൗ നിദ്രാഭിഭൂതത്വേന പ്രജ്ഞാരഹിതായ പ്രാണിനേ

കേതും കൃണ്വൻ — പ്രാതഃ പ്രജ്ഞാനം കുർവൻ

അപേശസേ — രാത്രൗ അന്ധകാരാവൃതത്വേന അനഭിവ്യക്തത്വാത് രൂപരഹിതായ പദാർത്ഥായ പ്രാതഃ അന്ധകാരനിവാരണേന

പേശഃ — രൂപം അഭിവ്യഞ്ജനം കുർവൻ

സം അജായഥാഃ — ഉദപദ്യത

അർത്ഥം—അല്ലയോ മനുഷ്യരേ ഈ ആശ്ചര്യം കാണുക ആദിത്യരൂപനായ ഇന്ദ്രൻ തപിപ്പിക്കുന്ന രശ്മികളോടുകൂടി നിത്യവും ഉഷഃകാലത്തിൽ, നിദ്രാബാധകൊണ്ടു പ്രജ്ഞ കെട്ട പ്രാണികൾക്ക പ്രജ്ഞാനമുണ്ടാക്കിക്കൊണ്ടും അന്ധകാരംകൊണ്ട് അവ്യക്തവും അരൂപവുമായ ജഗത്തിനു രൂപവ്യക്തി വരുത്തിക്കൊണ്ടും വേണ്ടപോലെ പിറന്നു, ഉദിച്ചുവന്നു

4 ആദഹ സ്വധാമനു

പുനർഗർഭത്വമേരിരേ

ദധാനാ നാമ യജ്ഞിയം.

അന്വയം —ആത് അഹ — വർഷർത്തോരനന്തരമേവ

സ്വധാം അനു — ഇതഃപരം ജനിഷ്യമാണം അന്നമനുലക്ഷ്യ

യജ്ഞിയം നാമ ദധാനാഃ — യജ്ഞാർഹം നാമ ധാരയന്തഃ

(മരുതോ ദേവാഃ) പുനഃ
ഗർ—ത്വം ആ—ഈരിരേ — മേഘമദ്ധ്യേ ജലസ്യ ഗർഭാകാരം പ്രേരിതവന്തഃ

അർത്ഥം—വർഷകാലത്തിന്നുശേഷം, മേലിൽ ഉളവാകേണ്ട അന്നത്തെ (അന്നകാരികളായ സസ്യാദികളെ) ലക്ഷ്യംവെച്ച് യജ്ഞാർഹമായ പേരോടുകൂടിയ മരുത്തുകൾ കഴിഞ്ഞ കൊല്ലങ്ങളിൽ ചെയ്തുവന്നപോലെ മേഘങ്ങൾക്കു ജലഗർത്വം (ജലമയത്വം) വീണ്ടും ഉണ്ടാക്കിയിരിക്കുന്നു. (മരുത്തുകളിൽ) ഏഴു ഗണങ്ങൾക്കും യജ്ഞയോഗ്യങ്ങളായ സവിശേഷനാമങ്ങളുണ്ട്. ആ പേരുകളെയാണ് യജ്ഞാർഹ നാമങ്ങളെന്നു പറയുന്നത്)

5 വീളു ചിദാരുജത്നുഭി-
ർഗ്ഗുഹാ ചിദിന്ദ്ര വഹ്നിഭിഃ വ. 11
അവിന്ദ ഉസ്രിയാ അനു

അന്വയം-ഹേ ഇന്ദ്ര, വീളു ചിൽ —ദുർഗ്ഗമസ്ഥാനം ദൃഢമപി.
ആരുജത്നു—ഭിഃ — ഭഞ്ജൽ ഭിഃ
വഹ്നി-ഭിഃ — വോഢൃഭിഃ, അന്യത്ര നേതൃം സമർത്ഥൈഃ
(സഹിതഃ ത്വം) ഗുഹാ ചിൽ — ഗുഹായാമപി സ്ഥാപിതാഃ
ഉസ്രിയാഃ — ഗാഃ
അനു അവിന്ദഃ — അന്വിഷ്യ ലബ്ധവാനസി

അർത്ഥം—ദേവലോകത്തിൽനിന്ന് പണികൾ എന്ന അസുരന്മാർ പശുക്കളെ അപഹരിച്ച് ഇരുട്ടത്തൊളിപ്പിച്ചു. മരുത്തുക്കളോടും ദേവശുനിയായ സരമയുടെ സഹായത്തോടും കൂടി ഇന്ദ്രൻ പണികളെ ജയിച്ച് പശുക്കളെ വീണ്ടെടുത്തു ഈ കഥയാണ് ഇവിടെ സൂചിപ്പിക്കുന്നത്. (അംഗിരസ്സുകളുടെ പശുക്കളെന്ന് മററിടങ്ങളിൽ) അല്ലയോ ഇന്ദ്ര, ചെല്ലേണ്ടിടം ദുർഗ്ഗമവും ഉറപ്പുള്ളതുമായിട്ടും, ശത്രുബലത്തെ പിളർക്കുന്നവരും സൈന്യത്തെ നയിക്കാൻ കരുത്തരായവരുമായ മരുത്തുക്കളോടുകൂടിയ അവിടുന്ന് ഗുഹ

യിൽ, മറവിൽ ഒളിച്ചുനിറുത്തപ്പെട്ട പശുക്കളെ അന്വേഷിച്ചു പിടിച്ചു

വർഗ്ഗം 12

6 ദേവയന്തോ യഥാ മതി-

മച്ഛാ വിദദ്വസുങ്ഗിരഃ

മഹാമനൂഷത ശ്രുതം

അന്വയം —ദേവ—യന്തഃ — ദേവാൻ (മരുൽ ഗണാൻ) ഇച്ഛന്തഃ

ഗിരഃ — സ്തോതാരഃ, ഋത്വിജഃ

വിദൽ—വസും —വേദയദ്ഭിഃ, സ്വമഹിമപ്രഖ്യാപകൈഃ, വസുഭിഃ, ധനൈഃ, യുക്തം,

ശ്രുതം —പ്രഖ്യാതം

മഹാം —മഹാന്തം (മരുദ്ഗണം)

അച്ഛ —പ്രാപ്തും

യഥാ മതിം —മന്താരം ഇന്ദ്രം യഥാ സ്തുവന്തി തഥാ

അനൂഷത —സ്തുതവന്തഃ

അർത്ഥം—ദേവന്മാരായ മരുൽ ഗണങ്ങളെ സേവിക്കുന്ന സ്തോതാക്കളും ഋത്വിക്കുകളും, സ്വമഹിമയെ പുകഴ്ത്തുന്ന ഐശ്വര്യത്തോടുകൂടിയതും പ്രസിദ്ധവും മഹത്തുമായ മരുൽസമൂഹത്തെ പ്രാപിക്കുവാനായി ഇന്ദ്രനെ സ്തുതിക്കുന്നതുപോലെ സ്തുതിച്ചു

7 ഇന്ദ്രേണ സം ഹി ദൃക്ഷസേ

സഞ്ജഗ്മാനോ അബിഭ്യുഷാ—

മന്ദൂ സമാനവർച്ചസാ

അന്വയം —(ഹേ മരുദ്ഗണ ത്വം) അബിഭ്യുഷാ —ഭീതിരഹിതേന

ഇന്ദ്രേണ സം—ജഗ്മാനഃ —സംഗച്ഛമാനഃ

മന്ദൂ — നിത്യപ്രമുദിതൌ

സമാന—വർച്ചസാ —തുല്യദീപ്തീ

സം ദൃക്ഷസേ ഹി —സമ്യക് ദൃശ്യേഥാഃ ഖലു അവശ്യമസ്മാഭിർദൃഷ്ടവ്യഃ

അൎത്ഥം — അല്ലയോ മരുൽഗണമേ, നിങ്ങാം ഭീതിരഹിതനായ ഇന്ദ്രനോടുകൂടി സംഗമിച്ച നിത്യസന്തുഷ്ടരും തുല്യപ്രകാശരുമായി ഞങ്ങളാൽ അവശ്യം കാണപ്പെട്ടമാറാകണം (വൃത്രവധഘട്ടത്തിൽ ഇന്ദ്രൻെറ സഖാക്കളായ ദേവന്മാരെല്ലാം വൃത്രശ്വാസത്താൽ പറത്തി അകററപ്പെട്ടു. അന്നു മരുത്തുക്കളാണു് ഒപ്പം വിടാതെ നിന്നു് ഇന്ദ്രനു സകല സഹായങ്ങളും ചെയ്തതു്.
ഈ കഥ ഇവിടെ സ്മൎത്തവ്യം)

8 അനവദ്യൈരഭിദ്യുഭി–
മ്മഖസ്സഹസ്വദച്ചതി
ഗണൈരിന്ദ്രസ്യ കാമ്യൈഃ

അന്വയം:— മഖഃ — പ്രവൎത്തമാനോയം യജ്ഞഃ
അനവദ്യൈഃ — ദോഷരഹിതൈഃ
അഭിദ്യു–ഭിഃ — ദ്യുലോകമഭിഗതൈഃ
കാമ്യൈഃ — ഫലപ്രദത്വേന കാമയിതവ്യൈഃ
ഗണൈഃ — മരുത്സമൂഹൈഃ (സഹിതം)
ഇന്ദ്രസ്യ — ഇന്ദ്രം
സഹസ്വൽ — ബലോപേതം യഥാ ഭവതി തഥാ
അച്ചതി — പൂജയതി

അൎത്ഥം — ഈ നടക്കുന്ന യാഗം (സൽകൎമ്മം), ദോഷരഹിതന്മാരായി സ്വൎഗ്ഗത്തെ അഭിഗമിച്ചവരായി, അഭീഷ്ട പ്രദത്വംകൊണ്ടു് കാമിക്കത്തക്കവരായ മരുത്തുക്കളുടെ സമൂഹത്തോടുകൂടിയ ഇന്ദ്രനെ, അവിടുന്നു് എങ്ങിനെയായാലാണോ ബലയുക്തനാവുക ആവിധത്തിൽ പൂജിക്കുന്നു. (ഇവിടെയും ഭക്തന്മാരുടെ പൂജകൊണ്ടു പൂജ്യദേവൻെറ ബലം വൎദ്ധിക്കുമെന്നു് കാണിക്കുന്നു.)

9 അതഃ പരിജ്മന്നാ ഗഹി
ദിവോ വാ രോചനാദധി
സമസ്മിന്നൃഞ്ജതേ ഗിരഃ

അന്വയം —അസ്മിൻ —അസ്മിൻ കർമ്മണി വർത്ത മാനഃ ഋത്വിക്

ഗിരഃ —സ്തുതീഃ

സം ഋഞ്ജതേ —സമ്യക് പ്രസാധയതി

ഹേ പരി—ജ്മൻ —പരിതോ വ്യാപിൻ മരുദ്ഗണ,

അതഃ —അസ്മാത് മരുദ്ഗണസ്ഥാനാത്, അന്തരിക്ഷാത്

ദിവഃ വാ —ദ്യുലോകാദ്വാ

രോചനാത് അധി —ദീപ്യമാനാദാദിത്യമണ്ഡലാദ്വാ (അസ്മദീയകർമ്മകാലേ യത്ര യത്ര തിഷ്ഠസി തത്ര സർവ്വസ്മാത്)

ആ ഗഹി —സംഗച്ഛ

അർത്ഥം—ഈ യാഗത്തിലേർപ്പെട്ട ഋത്വിക് സ്തുതികളെ പ്രസാധനം ചെയ്യുന്ന (ചൊല്ലുന്ന) എല്ലാദിക്കിലും വ്യാപിച്ച മരുദ്ഗണമേ നിങ്ങളുടെ സ്ഥാനമായ അന്തരീക്ഷത്തിലോ സ്വർഗ്ഗത്തിലോ പ്രകാശമാനമായ ആദിത്യമണ്ഡലത്തിലോ നിങ്ങൾ എവിടെയെവിടെയാണെങ്കിൽ അവിടെയവിടെനിന്ന് ഈ ഞങ്ങളുടെ കർമ്മത്തിന്ന സമാഗമിച്ചാലും.

10 ഇതോ വാ സാതിമീമഹേ
ദിവോ വാ പാർത്ഥിവാദധി
ഇന്ദ്രം മഹോ വാ രജസഃ
വ 12

അന്വയം —ഇതഃ — അസ്മാത് അഭിദൃശ്യമാനാത്

പാർത്ഥിവാത് — പൃഥിവീലോകാത്

ദിവഃ വാ — ദ്യുലോകാദ്വാ

മഹഃ — മഹതഃ പ്രൗഢാത്

രജസഃ വാ — പക്ഷ്യാദീനാം രഞ്ജകാത് അന്തരീക്ഷാത് (അയമിന്ദ്ര യതഃ കുതശ്ചിത്)

ഇന്ദ്രം — ഇന്ദ്രം പ്രതി

സാതിം — ധനദാനം

അധി ഈമഹേ — ആധിക്യേന യാചാമഹേ

അർത്ഥം—ഇക്കാണുന്ന ഭൂലോകത്തിലോ സ്വർഗ്ഗത്തിലോ മഹാ വിസ്തൃതവും പക്ഷികൾ പറക്കുന്നതുമായ അന്തരീക്ഷലോകത്തിലോ ഇന്ദ്രൻ ഏതിടത്തുണ്ടോ, ആ ഇന്ദ്രനെച്ചൊല്ലി ഐശ്വര്യം അരുളുവാനായി അകമഴിഞ്ഞു യാചിക്കുന്നു.

വർഗ്ഗം 13—14

1 ഇന്ദ്രമിദ്ഗാഥിനോ ബൃഹ—
ദിന്ദ്രമർക്കേഭിരർക്കിണഃ
ഇന്ദ്രം വാണീരനൂഷത

അന്വയം:—ഗാഥിനഃ	—	ഗീയമാനസാമയുക്താഃ ഉൽഗാതാരഃ
ഇന്ദ്രം ഇൽ	—	ഇന്ദ്രമേവ
ബൃഹൽ	—	ബൃഹന്നാമകേന സാമ്നാ
അനൂഷത	—	സ്തുതവന്തഃ
അർക്കിണഃ	—	അർച്ചനഹേതുമന്ത്രോപേതാഃ, ഹോതാരഃ
അർക്കേഭിഃ	—	ഋഗ്രൂപൈഃ മന്ത്രൈഃ ഇന്ദ്രം (ഏവ അനൂഷത.)
(അവശിഷ്ടാഃ അധ്വര്യവഃ) വാണീഃ	—	യജുരൂപാഭിഃ വാഗ്ഭിഃ ഇന്ദ്രം (ഏവ അനൂഷത)

അർത്ഥം—സാമവേദികളായ ഉൽഗ്ഗാതാക്കൾ ബൃഹന്നാമകമായ (ത്വാമിദ്ധി ഹവാമഹേ എന്ന) സാമത്താൽ ഇന്ദ്രനെത്തന്നെ സ്തുതിച്ചു. ഋഗ്വേദികളായ ഹോതാക്കൾ ഋഗ്വേദാന്തർഗ്ഗതങ്ങളായ മന്ത്രങ്ങളെക്കൊണ്ടു് ഇന്ദ്രനെത്തന്നെ സ്തുതിച്ചു. ശേഷിച്ച അധ്വര്യുക്കൾ യജുർവ്വേദത്തിൽ പെട്ട സ്തവങ്ങളെക്കൊണ്ടു ഇന്ദ്രനെത്തന്നെ സ്തുതിച്ചു.

2 ഇന്ദ്ര ഇദ്ധര്യോഃ സചാ
സമ്മിശ്ല ആ വചോയുജാ
ഇന്ദ്രോ വജ്രീ ഹിരണ്യയഃ

അന്വയം—ഇന്ദ്രഃ ഇത് — ഇന്ദ്ര ഏവ
വചഃ—യുജാ — ഇന്ദ്രസ്യ വചനമാത്രേണ രഥേ യുജ്യമാനയോഃ, സുശിക്ഷിതയോഃ
ഹര്യോഃ — ഹരിനാമകയോഃ അശ്വയോഃ
സചാ — സഹ, യുഗപത്
ആ സം—മിശ്ലഃ — സർവ്വതഃ സമ്യങ്മിശ്രയിതാ
(അയം) ഇന്ദ്രഃ വജ്രീ — വജ്രയുക്തഃ
ഹിരണ്യയഃ — ഹിരണ്മയഃ സർവ്വാഭരണഭൂഷിതഃ

അർത്ഥം—പറയുന്ന മാത്രയിൽ തേരിൽ പൂട്ടാൻ എളുന്ന സുശിക്ഷിതങ്ങളായ ഹരിക (ഇന്ദ്രാശ്വങ്ങ)ളോടൊപ്പം ഇന്ദ്രൻ ഇടകലർന്ന് സ്ഥിതിചെയ്യുന്നു ഈ ഇന്ദ്രൻ വജ്രായുധയുക്തനാണ്, സ്വർണ്ണാഭരണഭൂഷിതനാണ്

3 ഇന്ദ്രോ ദീർഘായ ചക്ഷസ–
ആ സൂര്യം രോഹയദ്ദിവി
വി ഗോഭിരദ്രിമൈരയത്

അന്വയം—(അയം) ഇന്ദ്രഃ ദീർഘായ — നിരന്തരായ
ചക്ഷസേ — ദർശനായ
ദിവി — ദ്യുലോകേ
സൂര്യം ആ രോഹയത് — ആരോഹിതവാൻ, സ്ഥാപിതവാൻ
(സഃ സൂര്യഃ) ഗോഭിഃ — സ്വകീയരശ്മിഭിഃ
അദ്രിം — പർവ്വതപ്രമുഖം സർവ്വം ജഗത്
വി ഐരയത് — വിശേഷേണ ദർശനാർത്ഥം പ്രേരിതവാൻ

അർത്ഥം—വൃത്രാസുരൻ ജഗത്തിൽ മുഴുവൻ ഇരുട്ടു പരത്തി ആ ഇരുട്ടിൽ നിന്നു പ്രാണികളെ രക്ഷിക്കാൻ ഇന്ദ്രൻ സൂര്യനെ ദ്യോവിൽ കയററി നിർത്തി ഈ കഥ ഇവിടെ സൂചിതമാകുന്നു

ഈ ഇന്ദ്രൻ നിരന്തരമായ ദർശനത്തിന്നായി—അതായത് പ്രകാശത്തിന്നായി—സൂര്യനെ ദ്യുലോകത്തിൽ ആരോഹണം ചെയ്യിച്ചു, പൊക്കിനിർത്തി. ആ സൂര്യൻ പർവ്വതമുതൽപ്പെടെ സകല ജഗത്തിനെയും പ്രകാശിപ്പിച്ചു.

4 ഇന്ദ്ര വാജേഷു നോഽവ

സഹസ്രപ്രധനേഷു ച

ഉഗ്ര ഉഗ്രാഭിരൂതിഭിഃ

ഹേ ഇന്ദ്ര, ഉഗ്രഃ — ശത്രുഭിരപ്രധൃഷ്യഃ (ത്വം)
ഉഗ്രാഭിഃ — അപ്രധൃഷ്യാഭിഃ
ഊതി—ഭിഃ — അസ്മദ്വിഷയരക്ഷാഭിഃ
വാജേഷു — യുദ്ധേഷു
നഃ അവ — അസ്മാൻ രക്ഷ
(തഥാ) സഹസ്ര-പ്രധനേഷു ച — സഹസ്രസംഖ്യാകഗജാശ്വാദിയുക്തേഷു മഹായുദ്ധേഷു (രക്ഷ)

അർത്ഥം—അല്ലയോ ഇന്ദ്ര, ശത്രുക്കളാൽ അടക്കപ്പെടാത്ത അവിടുന്ന്, തടുത്തുനീക്കാൻ വയ്യാത്ത രക്ഷകളാൽ യുദ്ധങ്ങളിൽ ഞങ്ങളെ രക്ഷിച്ചാലും. അതുപോലെ, ആയിരക്കണക്കിൽ ആനകുതിരതേർകൾ ഏർപ്പെട്ട മഹായുദ്ധങ്ങളിലും ഞങ്ങളെ രക്ഷിച്ചാലും.

5 ഇന്ദ്രം വയം മഹാധന—

ഇന്ദ്രമർഭേ ഹവാമഹേ

യുജം വൃത്രേഷു വജ്രിണം

വ. 13

അന്വയം:—വയം — അനുഷ്ഠാതാരഃ
മഹാ—ധനേ — പ്രഭൂതധനനിമിത്തം
ഇന്ദ്രം ഹവാമഹേ — ആഹ്വയാമഃ
അർഭേ — അല്പേ, സ്വല്പേപി ധനേ നിമിത്തഭൂതേ സതി
ഇന്ദ്രം (ഹവാമഹേ)
വൃത്രേഷു — ശത്രുപ്രാപ്തേഷു, തന്നിവാരണായ

വജ്രിണം — വജ്രോപേതം (ഇന്ദ്രം ഹവാമഹേ)

അർത്ഥം—കർമ്മാനുഷ്ഠാതാക്കളായ ഞങ്ങൾ സമൃദ്ധമായ ധനത്തിന്റെ പ്രാപ്തിക്കായി ഇന്ദ്രനെ വിളിക്കുന്നു. സ്വല്പമായ ധനത്തിന്റെ സിദ്ധിയ്ക്കുവേണ്ടിയും (ചിലപ്പോൾ) ഇന്ദ്രനെ വിളിക്കുന്നു. അപ്രകാരംതന്നെ ശത്രുക്കളുടെ നിവാരണത്തിന്നു വജ്രായുധനായ ഇന്ദ്രനെ വിളിക്കുന്നു.

വർഗ്ഗം 14

6 സ നോ വൃഷന്നമും ചരും
സത്രാദാവന്നപാ വൃധി
അസ്മഭ്യമപ്രതിഷ്കുതഃ

അന്വയം:—ഹേ സത്രാ—ദാവൻ — അഭിമതഫലദാതഃ സകലം സഹ ദദാതീതി സത്രാദാവാ, താദൃശ,

വൃഷൻ	— വൃഷ്ടിപ്രദ, (ഇന്ദ്ര)
നഃ	— അസ്മഭ്യം
അമും ചരും	— മേഘം
അപ വൃധി	— ഉദ്ഘാടയ
സഃ (ത്വം തഥൈവ)	
അസ്മഭ്യം	— അസ്മദർത്ഥം
അപ്രതി—ഷ്കുതഃ	— പ്രതിശബ്ദരഹിതഃ, നേതി പ്രതിശബ്ദം ന ഉച്ചാരയതി (ഭവ)

അർത്ഥം—സകലാഭീഷ്ടങ്ങളും ഒരുമിച്ചു തന്നരുളുന്നവനും വൃഷ്ടിപ്രദനുമായ ഇന്ദ്ര, അവിടുന്ന് (ഞങ്ങളുടെ സസ്യാദികൾ വളർന്നുതെളിയാൻ വേണ്ടി) ഈ മേഘത്തെ തുറന്നുവിടുക. അതുപോലെ, അവിടുന്നു ഞങ്ങളാൽ ഏതൊന്നു യാചിക്കപ്പെട്ടാലും, ഇല്ല എന്ന പ്രതിശബ്ദം ഒരിക്കലും ഉച്ചരിക്കാത്തവനായി ഭവിച്ചാലും.

7 തുഞ്ജേതുഞ്ജേ യ ഉത്തരേ
സ്തോമാ ഇന്ദ്രസ്യ വജ്രിണഃ
ന വിന്ധേ അസ്യ സുഷ്ടുതിം

അന്വയം:-തുഞ്ജേ-തുഞ്ജേ — തസ്മിംസ്തസ്മിൻ ഫലദാതരി ദേവാന്തരേ

യേ സ്തോമാഃ — സ്തോത്രവിശേഷാഃ

ഉൽ-തരേ — ഉൽകൃഷ്ടാഃ (സന്തി)

(തൈസ്തോമൈഃ സര്വൈരപി)

വജ്രിണഃ അസ്യ ഇന്ദ്രസ്യ

സു-സ്തുതിം — യോഗ്യാം സ്തുതിം

ന വിന്ധേ — ന വിന്ദാമി

(ഇന്ദ്രസ്യാത്യന്തഗുണബാഹുല്യേന ദേവാന്തരേഷു ഉത്തമ ത്വേന പ്രസിദ്ധാന്യപി സ്തോത്രാണി ന പര്യാപ്താനി.)

അർത്ഥം—ഫലദാതാക്കളായ മറെറതേതു ദേവന്മാരെസ്സംബന്ധിച്ചും ഏതേതു സ്തോത്രങ്ങൾ ഉൽകൃഷ്ടങ്ങളാണോ, അവ വജ്രായുധനായ ഇന്ദ്രനു യോഗ്യമായ സ്തോത്രമായി വരുന്നില്ല. അതായതു് അത്യന്തഗുണബാഹുല്യംകൊണ്ടു മററു ദേവന്മാൎക്കു് അത്യുത്തമങ്ങളായ സ്തോത്രങ്ങൾ ഇന്ദ്രനെ സ്സംബന്ധിച്ചു് അപര്യാപ്തങ്ങളാണു്.

8 വൃഷാ യൂഥേവ വംസഗഃ

കൃഷ്ടീരിയർത്ത്യോജസാ

ഈശാനോ അപ്രതിഷ്കുതഃ

അന്വയം:-ഈശാനഃ — സമർത്ഥഃ

അപ്രതി—സ്കുതഃ — പ്രതിശബ്ദരഹിതഃ

വൃഷാ — കാമാനാം വർഷിതാ (ഇന്ദ്രഃ)

വംസഗഃ — വനനീയഗതിഃ വൃഷഭഃ

യൂഥാ—ഇവ — ഗോയൂഥാനിയഥാ

ഓജസാ — സ്വകീയബലേന

കൃഷ്ടീഃ — മനുഷ്യാൻ (അനുഗ്രഹീതും)

ഇയർത്തി — പ്രാപ്നോതി

അൎത്ഥം—പ്രഭാവവാനും പ്രതിശബ്ദരഹിതനും അഭീഷ്ടവർഷകനുമായ ഇന്ദ്രൻ, ഊക്കുള്ള കാള പശുക്കൂട്ടങ്ങളെ എന്നപോലെ, സ്വബലംകൊണ്ടു മനുഷ്യരെ രക്ഷിക്കാനായി, അനുഗ്രഹിപ്പാനായി എത്തുന്നു. (കാള പശുക്കൂട്ടങ്ങളെപ്പോലെ എന്ന ഉപമകൊണ്ടു് മനുഷ്യരോടു് അവിടേക്കുള്ള ഇഷ്ടം സൂചിപ്പിക്കുന്നു.)

വജ്രിണം — വജ്രോപേതം (ഇന്ദ്രം ഹവാമഹേ)

അർത്ഥം—കർമ്മാനുഷ്ഠാതാക്കളായ ഞങ്ങൾ സമൃദ്ധമായ ധനത്തിന്റെ പ്രാപ്തിക്കായി ഇന്ദ്രനെ വിളിക്കുന്നു സ്വല്പമായ ധനത്തിന്റെ സിദ്ധിക്കുവേണ്ടിയും (ചിലപ്പോൾ) ഇന്ദ്രനെ വിളിക്കുന്നു അടുത്തെത്തുന്ന ശത്രുക്കളുടെ നിവാരണത്തിന്ന വജ്രായുധനായ ഇന്ദ്രനെ വിളിക്കുന്നു

വർഗ്ഗം 14

6 സ നോ വൃഷന്നമും ചരും
സത്രാദാവന്നപാ വൃധി
അസ്മഭ്യമപ്രതിഷ്കുതഃ

അന്വയം —ഹേ സത്രാ–ദാവൻ — അഭിമതഫലജാതം സകലം സഹ ദദാതീതി സത്രാദാവാ താദൃശ,

വൃഷൻ — വൃഷ്ടിപ്രദ, (ഇന്ദ്ര)
നഃ — അസ്മഭ്യം
അമും ചരും — മേഘം
അപ വൃധി — ഉദ്ഘാടയ
സഃ (ത്വം തഥൈവ)
അസ്മഭ്യം — അസ്മദർത്ഥം
അപ്രതി–ഷ്കുതഃ — പ്രതിശബ്ദരഹിതഃ, നേതി പ്രതിശബ്ദം ന ഉച്ചാരയതി (ഭവ)

അർത്ഥം—സകലാഭീഷ്ടങ്ങളും ഒരുമിച്ച് തന്നരുളുന്നവനും വൃഷ്ടിപ്രദനുമായ ഇന്ദ്ര അവിടുന്ന് (ഞങ്ങളുടെ സസ്യാദികൾ വളരാനിടയാൻ വേണ്ടി) ഈ മേഘത്തെ തുറന്നുവിടുക അതുപോലെ, അവിടുന്ന ഞങ്ങളാൽ എന്തെങ്കിലും യാചിക്കപ്പെട്ടാലും, ഇല്ല എന്ന പ്രതിശബ്ദം ഒരിക്കലും ഉച്ചരിക്കാത്തവനായി ഭവിച്ചാലും

7 തുഞ്ജേതുഞ്ജേ യ ഉത്തരേ
സ്തോമാ ഇന്ദ്രസ്യ വജ്രിണഃ
ന വിന്ധേ അസ്യ സുഷ്ടുതിം.

അന്വയം – ത്വഞ്ജേ–ത്വഞ്ജേ — തസ്മിംസ്തസ്മിൻ ഫലദാതരി ദേവാന്തരേ
യേ സ്തോമാഃ — സ്തോത്രവിശേഷാഃ
ഉൽ–തരേ — ഉൽകൃഷ്ടാഃ (സന്തി)
(തൈസ്തോമൈഃ സർവ്വൈരപി)
വജ്രിണഃ അസ്യ ഇന്ദ്രസ്യ
സു–സ്തുതിം — യോഗ്യാം സ്തുതിം
ന വിന്ധേ — ന വിന്ദാമി

(ഇന്ദ്രസ്യാത്യന്തഗുണബാഹുല്യേന ദേവാന്തരേഷു ഉത്തമത്വേന പ്രസിദ്ധാന്യപി സ്തോത്രാണി ന പര്യാപ്താനി)

അർത്ഥം—ഫലദാതാക്കളായ മററതേതു ദേവന്മാരെസ്സംബന്ധിച്ചും ഏതേതു സ്തോത്രങ്ങൾ ഉൽകൃഷ്ടങ്ങളാണോ, അവ വജ്രായുധനായ ഇന്ദ്രനു യോഗ്യമായ സ്തോത്രമായി വരുന്നില്ല അതായതു് അത്യന്തഗുണബാഹുല്യംകൊണ്ടു മററു ദേവന്മാക്കു് അത്യുത്തമങ്ങളായ സ്തോത്രങ്ങൾ ഇന്ദ്രനെ സ്സംബന്ധിച്ചു് *അപര്യാപ്തങ്ങളാണു്*

8 വൃഷാ യൂഥേവ വംസഗഃ
കൃഷ്ടീരിയർത്ത്യോജസാ
ഈശാനോ അപ്രതിഷ്കുതഃ

അന്വയം – ഈശാനഃ — സമർത്ഥഃ
അപ്രതി–സ്കുതഃ — പ്രതിശബ്ദരഹിതഃ
വൃഷാ — കാമാനാം വർഷിതാ (ഇന്ദ്രഃ)
വംസഗഃ — വനനീയഗതിഃ വൃഷഭഃ
യൂഥാ–ഇവ — ഗോയൂഥാനിയഥാ
ഓജസാ — സ്വകീയബലേന
കൃഷ്ടീഃ — മനുഷ്യാൻ (അനുഗ്രഹീതും)
ഇയർത്തി — പ്രാപ്നോതി

അർത്ഥം — പ്രഭാവവാനും പ്രതിശബ്ദരഹിതനും അഭീഷ്ടവർഷകനുമായ ഇന്ദ്രൻ, ഊക്കുള്ള കാള പശുക്കൂട്ടങ്ങളെ എന്ന പോലെ, സ്വബലംകൊണ്ടു മനുഷ്യരെ രക്ഷിക്കാനായി അനുഗ്രഹിപ്പാനായി എത്തുന്നു (കാള പശുക്കൂട്ടങ്ങളെപ്പോലെ എന്ന ഉപമകൊണ്ടു് മനുഷ്യരോടു് അവിടേക്കുള്ള ഇഷ്ടം സൂചിപ്പിക്കുന്നു)

9 യ ഏകശ്ചർഷണീനാം

വസൂനാമിരജ്യതി

ഇന്ദ്രഃ പഞ്ച ക്ഷിതീനാം

യഃ ഇന്ദ്രഃ (സ്വയം) ഏകഃ (ഏവ)

അന്വയം:—ചർഷണീനാം — മനുഷ്യാണാം
ഇരജ്യതി — ഈഷ്ടേ
(തഥാ) വസൂനാം — ധനാനാം (ഇരജ്യതി)
(സഃ) പഞ്ച ക്ഷിതീനാം— നിഷാദ പഞ്ചമാനാം വർണ്ണാനാം (അനുഗ്രഹീതാ ഭവതി)

അർത്ഥം—യാതൊരു ഇന്ദ്രനാണോ സ്വയം, ഒററയ്ക്ക് മനുഷ്യരുടെ ഈശനായി ഭവിക്കുന്നത്, എല്ലാധനങ്ങളുടെയും അധിപനായിരിക്കുന്നത്, അവിടുന്നു ലോകത്തിൽ നിഷാദസഹിതരായ പഞ്ചവർണ്ണങ്ങളുടെ (കാട്ടാളന്മാരോടു കൂടിയ നാലുവർണ്ണങ്ങളുടെ) അനുഗ്രഹീതാവായി ഭവിക്കുന്നു

10 ഇന്ദ്രം വോ വിശ്വതസ്പരി

ഹവാമഹേ ജനേഭ്യഃ

അസ്മാകമസ്തു കേവലഃ

വ. 14

അന്വയം:-(ഹേ ഋത്വിഗ്യജമാനാഃ)
വിശ്വതഃ — സർവ്വേഭ്യഃ
ജനേഭ്യഃ പരി — ഉപരി (അവസ്ഥിതം)
ഇന്ദ്രം വഃ — യുഷ്മദർത്ഥം
ഹവാമഹേ — ആഹ്വയാമഃ
(അതഃ സഃ ഇന്ദ്രഃ) അസ്മാകം
കേവലഃ — അസാധാരണഃ, ഇതരേഭ്യോധികം, അനുഗ്രഹം അസ്മാകം കർത്താ
അസ്തു — ഭവതു

അർത്ഥം—അല്ലയോ ഋത്വിഗ്യജമാനന്മാരേ, എല്ലാജനങ്ങളുടെയും (ദേവന്മാരുൾപ്പെടെ) മീതെനില്ക്കുന്ന ഇന്ദ്രനെ നിങ്ങ

കരവേണ്ടി വിളിക്കുന്നു. അതുഹേതുവായി ആ ഇന്ദ്രൻ നമുക്കു മററെല്ലാവരിലും അധികം അനുഗ്രഹപരനായി ഭവിക്കട്ടെ.

വർഗ്ഗം 15–16

1 ഏന്ദ്ര സാനസിം രയിം

സജിത്വാനം സദാസഹം

വർഷിഷ്ഠമൂതയേ ഭര

അന്വയം:–

ഹേ ഇന്ദ്ര, സാനസിം	— സംഭജനീയം
സ–ജിത്വാനം	— സമാനശത്രുജയശീലം
സദാ–സഹം	— സർവ്വദാ ശത്രൂണാം അഭിഭവ ഹേതും
വർഷിഷ്ഠം	— അതിശയേന പ്രവൃദ്ധം, പ്രഭൂതം
രയിം	— ധനം
ഊതയേ	— അസ്മദ്രക്ഷണായ
ആ ഭര	— ആഹര

അർത്ഥം–അല്ലയോ ഇന്ദ്ര, നേടേണ്ടതും തുല്യരായ ശത്രുക്കളെ ജയിപ്പാൻ പററിയതും എപ്പോഴും ശത്രുക്കളെ തോല്പിക്കാൻ പോന്നതും ഏററവും പ്രവൃദ്ധവുമായ ധനത്തെ ഞങ്ങളുടെ രക്ഷയ്ക്കായി അവിടുന്നു കൊണ്ടുവന്നാലും, തന്നാലും.

2 നി യേന മുഷ്ടിഹത്യയാ

നി വൃത്രാ രുണധാമഹൈ

ത്വോതാസോ ന്യർവ്വതാ

അന്വയം:–

നി മുഷ്ടി–ഹത്യയാ	— നിതരാം മുഷ്ടിപ്രഹാരേണ
വൃത്രാ	— ശത്രൂൻ
നി രുണധാമഹൈ	— നിരുദ്ധാൻ കരവാമ

(താദൃശം ധനം ആഹര)

ത്വാ–ഊതാസഃ — ത്വയാ രക്ഷിതാഃ (വയം)

അർവ്വതാ — അസ്മദീയേനാശ്വേന
നി (രുണധാമഹൈ പദാതിയുദ്ധേന അശ്വയുദ്ധേന ച ശത്രൂൻ നാശയാമഃ)

അർത്ഥം—യാതൊരു ധനംകൊണ്ട് സ്വാധീനിയ്ക്കപ്പെട്ട ഭടന്മാരുടെ കഠിനമായ മുഷ്ടിപ്രഹാരത്താൽ (കൈമുട്ടടിയാൽ) ശത്രുക്കളെ പിന്തിരിപ്പിക്കുമോ അപ്രകാരമുള്ള ധനം ഞങ്ങൾക്ക് കൊണ്ടുതന്നാലും. അവിടുത്തെ രക്ഷയിലുള്ള ഞങ്ങൾ അശ്വത്തെക്കൊണ്ടും ശത്രുക്കളെ പിന്തടക്കുമാറാകണം. (കാലാൾ—കുതിരയുദ്ധങ്ങൾ രണ്ടിലും ശത്രുക്കളെ നശിപ്പിക്കുമാറാകണം)

3 ഇന്ദ്ര ത്വോതാസ ആ വയം
വജ്രം ഘനാ ദദീമഹി
ജയേമ സം യുധി സ്പൃധഃ

അന്വയം—

ഹേ ഇന്ദ്ര, ത്വാ— ഊതാസ് — ത്വയാ പാലിതാഃ
വയം ഘനാ — ഘനം, ശത്രുപ്രഹരണായ അത്യന്തദൃഢം
വജ്രം — ആയുധം
ആ ദദീമഹി — സ്വീകുമ്മഃ
(തേന വജ്രേണ) യുധി — യുദ്ധേ
സ്പൃധഃ — സ്പർദ്ധമാനാൻ ശത്രൂൻ
സം ജയേമ — സമ്യക് ജയേമ

അർത്ഥം—അല്ലയോ ഇന്ദ്ര, അവിടുന്നു പാലിക്കുന്ന ഞങ്ങൾ ശത്രുപ്രഹരണത്തിന്ന് ഏറ്റവും ഉറപ്പുള്ള ആയുധത്തെ സ്വീകരിക്കുമാറാകണം. ആ ആയുധംകൊണ്ട്, എതിക്കാൻ വരുന്ന ശത്രുക്കളെ നല്ലപോലെ ജയിക്കുമാറാകണം.

4 വയം ശൂരേഭിരസ്തൃഭി-
രിന്ദ്ര ത്വയാ യുജാ വയം
സാസഹ്യാമ പൃതന്യതഃ

അന്വയം:–

ഹേ ഇന്ദ്ര, വയം	— കർമ്മാനുഷ്ഠാതാരഃ
ശൂരേഭിഃ	— ശൗര്യയുക്തൈഃ
അസ്തൃ–ഭിഃ	— ആയുധാനാം പ്രക്ഷേപ്തൃഭിഃ ഭടൈഃ (സംയുജ്യേമഹി)
(ഭടസഹിതാഃ) വയം	
യുജാ ത്വയാ	— സഹായഭൂതേന
പൃതന്യതഃ	— സേനാമിച്ഛതഃ (ശത്രൂൻ)
സസഹ്യാമ	— അതിശയേനാഭിഭവേമ

അർത്ഥം—അല്ലയോ ഇന്ദ്ര, കർമ്മാനുഷ്ഠാതാക്കളായ ഞങ്ങൾ (സ്വയം യോദ്ധാക്കളല്ലാത്തതിനാൽ ഞങ്ങളെയും കർമ്മങ്ങളെയും എതിരിടുന്ന ശത്രുക്കളുടെ വിഷയത്തിൽ) ശൗര്യവാന്മാരും ആയുധപ്രയോഗസമർത്ഥരുമായ ഭടന്മാരോടു കൂടിയവരാവട്ടെ. ഭടരക്ഷിതരായ ഞങ്ങൾ സഹായഭൂതനായ അവിടുത്തെക്കൊണ്ടു് സേനയെ ഇച്ഛിക്കുന്ന ശത്രുക്കളെ എമ്പാടും ജയിക്കുമാറാകട്ടെ.

5 മഹാ ഇന്ദ്രഃ പരശ്ച നു
മഹിത്വമസ്തു വജ്രിണേ
ദ്യൗർന്ന പ്രഥിനാ ശവഃ ,വ. 15

അന്വയം:–

(അയം) ഇന്ദ്രഃ മഹാൻ	— ശരീരേണ പ്രൗഢഃ
പരഃ ച	— ഗുണൈഃ ഉൽകൃഷ്ടഃ അപി
നു	— കിഞ്ച
വജ്രിണേ	— വജ്രയുക്തായ ഇന്ദ്രായ
മഹി–ത്വം	— പൂർവ്വോക്തദ്വിവിധമാധിക്യം
(സർവ്വദാ) അസ്തു	— ഭവതു
(കിഞ്ച) ദ്യൗഃ ന	— ദ്യുലോക ഇവ
ശവഃ	— (ഇന്ദ്രസ്യ) സേനാരൂപം ബലം
പ്രഥിനാ	— പ്രഥിമ്നാ, പൃഥുത്വേന യുക്തം)

അർത്ഥം—ഈ ഇന്ദ്രൻ കായികമായി പ്രൗഢനും ഗുണങ്ങളെക്കൊണ്ടു് ഉൽകൃഷ്ടനുമാകുന്നു. വജ്രായുധനായ ഇന്ദ്രനു മുൻപറഞ്ഞ രണ്ടു യോഗ്യതയും (ശരീരപ്രൗഢിയും ഗുണോൽകൃഷ്ട്യ

ദ്ര്യവും) എന്നും ഭവിക്കട്ടെ. അവിടുത്തെ സേനാബലം വലുപ്പത്തിൽ ആകാശത്തിനു തുല്യമാവട്ടെ.

വർഗ്ഗം 16

6 സമോഹേ വാ യ ആശത
നരസ്തോകസ്യ സനിതൗ
വിപ്രാസോ വാ ധിയായവഃ

അന്വയം'—

യേ നരഃ	— പുരുഷാഃ
സം-ഓഹേ	— സംഗ്രാമേ
തോകസ്യ സനിതൗ വാ	— അപത്യസ്യലാഭേ വാ
(ഇന്ദ്രം സ്തുത്യ) ആശത	— പ്രാപ്നുവന്തി
വാ	— അഥവാ
വിപ്രാസഃ	— മേധാവിനഃ
ധിയാ-യവഃ	— പ്രജ്ഞാകാമാസ്സന്തഃ (ആശത തേ സർവ്വേ ലഭന്തേ)

അർത്ഥം- മനുഷ്യരേവർ യുദ്ധവിഷയത്തിലോ സന്താനലാഭവിഷയത്തിലോ ഇന്ദ്രനെ സ്തുതിച്ചു സമീപിക്കുന്നുവോ, അല്ലെങ്കിൽ ഏതു മേധാവികൾ ജ്ഞാനകാമന്മാരായി അവിടത്തെ അടുക്കുന്നുവോ, അവരെല്ലാം ആ അഭീഷ്ടങ്ങളെ നേടുന്നു

7 യഃ കുക്ഷിസ്സോമപാതമഃ
സമുദ്ര ഇവ പിന്വതേ
ഉർവീരാപോ ന കാകുദഃ

അന്വയം'—

യഃ കുക്ഷിഃ	— അസ്യ ഇന്ദ്രസ്യ ഉദരപ്രദേശഃ
സോമ-പാതമഃ	— അതിശയേന സോമസ്യ പാതാ
(സഃ കുക്ഷിഃ) സമുദ്രഃ-ഇവ പിന്വതേ	— വർദ്ധതേ
കാകുദഃ	— മുഖസംബന്ധിന്യഃ

ഉർവ്വീഃ — ബഹ്വ്യഃ
ആപഃ ന — ജലാനീവ

(തഥാ ഇന്ദ്രസ്യ കുക്ഷിഃ സോമപൂരിതഃ ന ശുഷ്യതി)

അർത്ഥം—യാതൊരിന്ദ്രന്റെ വയർ അത്യധികമായി സോമപാനം കൊണ്ടു നിറയുന്നുവോ, അതു സമുദ്രം പോലെ വർദ്ധിക്കുന്നു. വായിൽ ധാരാളം ജലം ഉള്ളപോലെ. അതായതു്, സോമപാനം കൊണ്ടു വായ വരളാത്തതുപോലെ, അവിടത്തെ വയറും വററാറില്ല.

8 ഏവാ ഹ്യസ്യ സൂനൃതാ
വിരപ്ശീ ഗോമതീ മഹീ
പക്വാ ശാഖാ ന ദാശുഷേ

അന്വയം:—

അസ്യ (ഇന്ദ്രസ്യ)

വി–രപ്ശീ	—	ബഹുവിധോപചാരവാദിനീ
ഗോ–മതീ	—	ബഹ്വീഭിഃ ഗോഭിഃ ഉപേതാ (ഗോപ്രദാ)
(അത ഏവ) മഹീ	—	മഹതീ, പൂജ്യാ
സൂനൃതാ	—	പ്രിയസത്യരൂപാ വാക്
ദാശുഷേ	—	ഹവിർദ്ദത്തവതേ യജമാനായ
ഏവ ഹി	—	ഏവം ഖലു, അനന്തരപദവക്ഷ്യമാണഗുണോപേതാ
പക്വാ ശാഖാ ന	—	യഥാ ബഹുഭിഃ പക്വൈഃ ഫലൈരുപേതാ, പനസാദിവൃക്ഷശാഖാ, പ്രീതിഹേതുഃ തദ്വൽ

അർത്ഥം—അവിടത്തെ ഔദാര്യോപചാരത്തോടുകൂടിയതും ഗോക്കളോടൊത്തവയും (ഗോക്കളെക്കൊടുക്കുന്നവയും) പൂജ്യവുമായ സൂനൃതം (പ്രിയവും സത്യവുമായ വചനം) ഹവിർദ്ദാതാവായ യജമാനന്നു്, ഉപാസകന്നു്, അങ്ങിനെത്തന്നെ ലഭിക്കുന്നു. ആ വാക്കു് ഒന്നപേക്ഷിച്ചു മറുപടി പറഞ്ഞാൽ പിന്നത്തെ അപേക്ഷ പറയാൻ ധൈര്യപ്പെടുത്തുന്നതാണു്. ധാരാളം പഴുത്ത ചക്കകൾ നിറഞ്ഞുനില്ക്കുന്ന പിലാവിന്റെ കൊമ്പു പോലെ പ്രീതികരമാണു് ആ വചനം.

9 ഏവാ ഹി തേ വിഭൂതയ
ഊതയ ഇന്ദ്ര മാവതേ
സദ്യശ്ചിൽ സന്തി ദാശുഷേ

അന്വയം:—

ഹേ ഇന്ദ്ര, തേ	— തവ
വി—ഭൂതയഃ	— ഐശ്വര്യവിശേഷാഃ
ഏവ ഹി	— ഏവംവിധാഃ ഖലു
മാ—വതേ ദാശുഷേ	— മത്സദൃശായ ഹവിർദ്ദത്തവതേ യജമാനായ
ഊതയഃ	— രക്ഷാഃ
സദ്യഃ ചിൽ സന്തി	— യദാ കർമ്മ അനുഷ്ഠിതം തദൈവ ഭവന്തി

അർത്ഥം—അല്ലയോ ഇന്ദ്ര, അവിടത്തെ ഐശ്വര്യ വിശേഷങ്ങൾ അങ്ങിനെക്കയാണല്ലോ എന്നെപ്പോലുള്ള ഹവിർദ്ദാതാക്കളായ യജമാനന്മാർക്ക(ഉപാസകർക്ക)ള്ള രക്ഷകളാവട്ടെ പെട്ടെന്ന്, കർമ്മം അനുഷ്ഠിക്കമ്പോഴുംത്തന്നെ കിട്ടുന്ന

10 ഏവാ ഹ്യസ്യ കാമ്യാ
സ്തോമ ഉക്ഥഞ്ച ശംസ്യാ
ഇന്ദ്രായ സോമപീതയേ വ 16

അന്വയം:—

അസ്യ (ഇന്ദ്രസ്യ) സ്തോമഃ	— സാമസാധ്യം സ്തോത്രം
ഉക്ഥം ച	— ഋക്സാധ്യം ശസ്ത്രം അപി
കാമ്യാ	— കാമയിതവ്യേ
ശംസ്യാ	— ഋത്വിഗ്ഭിഃ ശംസനീയേ
ഇന്ദ്രായ സോമ—പീതയേ	— സോമപാനായ
ഏവ ഹി	— ഏതേ ഉഭേ ഏവം വിധേ ഖലു

അർത്ഥം—അവിടത്തെക്കുറിച്ച സാമസ്തോത്രവും ഋക്ശസ്ത്രം (സ്തുതിവിശേഷങ്ങൾ) രണ്ടും കാമിക്കത്തക്കവയും ഋത്വിക്ക

കളാൻ ചൊല്ലപ്പെടേണ്ടവയും ഇന്ദ്രന്ന സോമപാനത്തിന്നവേണ്ടിയുള്ളവയും—അപ്രകാരമെല്ലാമാണല്ലോ.

വർഗ്ഗം 17–18

1 ഇന്ദ്രേഹി മത്സ്യന്ധസോ-

വിശ്വേഭിസ്സോമപർവ്വഭിഃ

മഹാँ അഭിഷ്ടിരോജസാ.

അന്വയം:—

ഹേ ഇന്ദ്ര, ആ ഇഹി	—	അസ്മിൻ കർമ്മണി ആഗച്ഛ
(ആഗത്യ ച) വിശ്വേഭിഃ	—	സർവൈഃ
സോമപർവ്വ—ഭിഃ	—	സോമരസത്രപൈഃ
അന്ധസഃ	—	അന്ധോഭിഃ, അന്നൈഃ
മത്സി	—	മാദ്യ, ഹൃഷ്ടോ ഭവ
(തതഃ ഊർദ്ധ്വം) ഓജസാ	—	ബലേന
മഹാൻ (ഭൂത്വാ) അഭിഷ്ടിഃ	—	ശത്രൂണാം അഭിഭവിതാ. (ഭവ)

അർത്ഥം—അല്ലയോ ഇന്ദ്ര, വന്നാലും. വന്നിട്ട്, സോമരസരൂപങ്ങളായ എല്ലാ അന്നങ്ങളെ (ഹവിസ്സുകളെ)ക്കൊണ്ടും ഹൃഷ്ടനായി ഭവിച്ചാലും. അതിന്നശേഷം അവിടുത്തെ ബലംകൊണ്ടു വലിയവനായിത്തീർന്ന്, ശത്രുക്കളുടെ ജേതാവായി ഭവിച്ചാലും.

2 ഏമേനം സൃജതാ സുതേ

മന്ദിമിന്ദ്രായ മന്ദിനേ

ചക്രിം വിശ്വാനി ചക്രയേ

അന്വയം:—

(ഹേ അധ്വര്യവഃ) സുതേ	—	അഭിഷുതേ ചമസസ്ഥേ സോമേ
മന്ദിം	—	ഹർഷഹേതും
ചക്രിം	—	സാധുകാരണശീലം
ഏനം ഈം	—	സോമം
മന്ദിനേ	—	ഹർഷയുക്തായ

വിശ്വാനി ചക്രയേ — സർവ്വാണി കർമ്മാണി കൃതവതേ
ഇന്ദ്രായ ആ സൃജത — ഇന്ദ്രാർത്ഥം പുനരാഭ്യുന്നയ

അർത്ഥം—അല്ലയോ അദ്ധ്വര്യുക്കളെ, ഇടിച്ചുപിഴിഞ്ഞു പാത്രത്തിലാക്കിയ ഹർഷകരവും നന്മ ചെയ്യുന്നതുമായ സോമത്തെ ഹർഷയുക്തനും എല്ലാ കർമ്മങ്ങളെയും ചെയ്യുന്നവനുമായ ഇന്ദ്രന്നായി വീണ്ടും ഉന്നയിക്കുക (അർപ്പിക്കുക). (ചില സന്ദർഭങ്ങളിൽ സോമത്തിന്റെ പുനരുന്നയനം ആപസ്തംബൻ വിധിച്ചിട്ടുണ്ട്.)

3 മത്സ്വാ സുശിപ്ര മന്ദിഭി
സ്തോമേഭിർവ്വിശ്വചർഷണേ
സചൈഷു സവനേഷ്വാ

അന്വയം:—

ഹേ സു—ശിപ്ര, ഇന്ദ്ര, — ശോഭനഹനോ, ഇന്ദ്ര,
മന്ദി-ഭിഃ — ഹർഷഹേതുഭിഃ
സ്തോമേഭിഃ — സ്തോത്രൈഃ
മത്സ്വ — ഹൃഷ്ടോ ഭവ
ഹേ വിശ്വ—ചർഷണേ — സർവ്വമനുഷ്യയുക്ത, സർവ്വൈഃ യജമാനൈഃ പൂജ്യ (ഇന്ദ്ര)
(ത്വം) ഏഷു — യാഗഗതേഷു
(ത്രിഷു) സവനേഷു
സചാ — ദേവൈരന്യൈസ്സഹ
ആ — ആഗച്ഛ

അർത്ഥം—നല്ല താടിയെല്ലോടുകൂടിയ ഇന്ദ്ര, ഹർഷകരങ്ങളായ സ്തോത്രങ്ങളാൽ സേവിക്കുന്ന സന്തുഷ്ടനായി ഭവിച്ചാലും. എല്ലാ മനുഷ്യരോടും കൊണ്ടാടപ്പെടുന്നവനും എല്ലാ യജമാനന്മാരാലും പൂജ്യനുമായ ഇന്ദ്ര സേവിക്കുന്ന യാഗത്തിലെ മൂന്നു സവനങ്ങളിലും മറ്റു ദേവന്മാരോടുകൂടി വന്നാലും.

4 അസൃഗ്രമിന്ദ്ര തേ ഗിരഃ
പ്രതി ത്വാമുദഹാസത
അജോഷാ വൃഷഭം പതിം

അന്വയം:—

ഹേ ഇന്ദ്ര, തേ ഗിരഃ — ത്വദീയാസ്തുതീഃ
അസൃഗ്രം — സൃഷ്ടവാനസ്മി
(താഃ ഗിരഃ സ്വഗ്രേ
സ്ഥിതം) വൃഷഭം — കാമാനാം വർഷിതാരം.
പതിം — യജമാനാനാം പാലയിതാരം
ത്വാം പ്രതി ഉൽ അഹാ
സത — ഉൽഗത്യ പ്രാപ്നുവൻ
(ത്വം) അജോഷാഃ — സേവിതവാൻ അസി

അർത്ഥം-അല്ലയോ ഇന്ദ്ര, അവിടുത്തെക്കുറിച്ച സ്തുതികൾ ഞാൻ നിർമ്മിച്ചിരിക്കുന്നു ആ സ്തുതികൾ സ്വഗ്രസ്ഥിതനും കാമവർഷകനും യജമാനന്മാരുടെ പാലകനുമായ അവിടുത്തെ ഉദ്ദേശിച്ചു മേല്പോട്ടു് ഉയൎന്നുവന്നു. അവിടുന്നു് അവയെ സ്വീകരിച്ചിരിക്കുന്നു.

5 സഞ്ചോദയ ചിത്രമർവ്വാ—
ഗ്രാധ ഇന്ദ്ര വരേണ്യം
അസദിത്തേ വിഭു പ്രഭു വ 17

അന്വയം:—

ഹേ ഇന്ദ്ര, വരേണ്യം — ശ്രേഷ്ഠം
ചിത്രം — മണിമുക്താദിരൂപേണ ബഹുവിധം
വി—ഭു — ഭോഗായ യാവൽ പര്യാപ്തം താവൽ
പ്ര—ഭു — തതോധികം
രാധഃ — ധനം
തേ ഇൽ അസൽ — ത്വദ്വെവാസ്തി
(താദൃശം ധനം) അർവ്വാക് — അസ്മദഭിമുഖം യഥാ ഭവതി തഥാ
സം ചോദയ — സമ്യക് പ്രേരയ, അസ്മഭ്യം പ്രയച്ഛ

അർഥം—അല്ലയോ ഇന്ദ്ര, ശ്രേഷ്ഠവും രത്നം മുത്തുമുതലായ ദ്രവ്യങ്ങളിലുള്ളതും അനുഭവിക്കാൻ എത്ര പര്യാപ്തമാണോ അ

ശ്രേഷ്ഠ്യം അതിലധികവും ധനം അവിടേയ്ക്കുതന്നെ ചേരുന്നതാകുന്നു അപ്രകാരമുള്ള ധനം ഏപ്രകാരമായാൽ ഞങ്ങൾക്കധീനമായി വരുമോ അപ്രകാരം അതിനെ ഗമിപ്പിച്ചാലും ആ ധനം ഞങ്ങൾക്കുതന്നരുളിയാലും

വർഗ്ഗം—18

6 അസ്മാൻ സു തത്ര ചോദയേ-

ന്ദ്ര രായേ രഭസ്വതഃ

തുവിദ്യുമ്ന യശസ്വതഃ

അന്വയം -

ഹേ തുവി-ദ്യുമ്ന ഇന്ദ്ര	— പ്രഭൂതധന, ഇന്ദ്ര,
രഭസ്വതഃ	— ഉദ്യോഗവതഃ
യശസ്വതഃ	— കീർത്തിമതഃ
അസ്മാൻ	— അസ്മാൻ
രായേ	— ധനസിദ്ധ്യർത്ഥം
തത്ര	— കർമ്മണി
സു ചോദയ	— സുഷ്ഠു പ്രേരയ

അർത്ഥം—പ്രവൃദ്ധധനനായ ഇന്ദ്ര (അവിടത്തെ അനുഗ്രഹം കൊണ്ടു) കർമ്മങ്ങളിൽ ഏർപ്പെട്ടവരും (അതുകൊണ്ടു) കേൾവിപ്പെട്ടവരുമായ അനുഷ്ഠാതാക്കളായ ഞങ്ങളെ സമ്പത്സിദ്ധിക്കു വേണ്ടി (അതിനുപററിയ) കർമ്മത്തിൽ വേണ്ടപോലെ പ്രേരിപ്പിച്ചാലും. ഞങ്ങളെക്കൊണ്ടു കർമ്മം നിർവ്വിഘ്നമായി ചെയ്യിച്ചാലും.

7 സം ഗോമദിന്ദ്ര വാജവ-

ദസ്മേ പൃഥുശ്രവോ ബൃഹൽ

വിശ്വായുർധേഹ്യക്ഷിതം.

അന്വയം —

ഹേ ഇന്ദ്ര അസ്മേ	— അസ്മാകം
ഗോ-മത്	— ബഹുഭിർഗ്ഗോഭിരുപേതം
വാജ വത്	— പ്രഭൂതേനാന്നേനോപേതം

പൃഥു — പരിമാണേനാധികം
ബൃഹൽ — ഗുണൈരധികം
വിശ്വ—ആയുഃ — കൃത്സ്നായുഷ്യകാരണം
അക്ഷിതം — നാശരഹിതം
ശ്രവഃ — ധനം
സം ധേഹി — അസ്മഭ്യം പ്രയച്ഛ

അർത്ഥം-അല്ലയോ ഇന്ദ്ര, വളരെ പശുക്കളോടുകൂടിയതും ധാരാളം അന്നത്തോടുകൂടിയതും അളവിൽ പെരുത്തതും ഗുണങ്ങളെക്കൊണ്ടു മികച്ചതും ആയുഷ്കരവും (ആയുഷ്കാലത്തോളം മുഴുവൻ തികയുന്നതും) നാശരഹിതവും ആയ ധനം ഞങ്ങൾക്കു തന്നരുളിയാലും.

8 അസ്മേ ധേഹി ശ്രവോ ബൃഹ-
ദ്യുമ്നം സഹസ്രസാതമം
ഇന്ദ്ര താ രഥിനീരിഷഃ

അന്വയംഃ—

ഹേ ഇന്ദ്ര, ബൃഹൽ ശ്രവഃ — മഹതീം കീർത്തിം
അസ്മേ ധേഹി — അസ്മഭ്യം പ്രയച്ഛ
(തഥാ) സഹസ്ര-സാതമം — അതിശയേന സഹസ്രസംഖ്യാകദാനോപേതം
ദ്യുമ്നം — ധനം (അസ്മേ ധേഹി)
(തഥാ) താഃ — വ്രീഹിയവാദിരൂപേണ പ്രസിദ്ധാഃ
രഥിനീഃ — ബഹുരഥോപേതാഃ
ഇഷഃ — അന്നാനി (അസ്മേ ധേഹി)

അർത്ഥം-അല്ലയോ ഇന്ദ്ര, വലുതായ യശസ്സിനെ എനിക്കുണ്ടാക്കിത്തന്നാലും. ആയിരക്കണക്കിന് ദാനങ്ങളോടുകൂടിയ, ദാനങ്ങൾക്കു പര്യാപ്തമായ ധനം എനിക്കരുളിയാലും. അതുപോലെ, പലതേരുകളിൽ കയറ്റിയ നെല്ല്, യവം മുതലായി ധാന്യരൂപങ്ങളായ അന്നങ്ങളും എനിക്കു തന്നരുളിയാലും.

അതാതുസോമങ്ങളെ അപ്പിക്കുന്നതോടൊപ്പം അവിടത്തെ പ്രൗഢമായ ബലത്തെ, പരാക്രമത്തെ, സ്തുതിക്കുന്നു.

വർഗ്ഗം—19 20 അനുഷ്ടുപ്ച്ഛന്ദഃ.

1 ഗായന്തി ത്വാ ഗായത്രിണോ—

ച്ചന്ത്യർക്കമർക്കിണഃ

ബ്രഹ്മാണസ്ത്വാ ശതക്രത-

ഉദ്വംശമിവ യേമിരേ.

അന്വയം:-

ഹേ ശത—ക്രതോ	— ബഹുകർമ്മൻ
ഗായത്രിണഃ	— ഉൽഗാതാരഃ
ത്വാ ഗായന്തി	— ത്വാം സ്തുവന്തി
അർക്കിണഃ	– അർച്ചനഹേതുമന്ത്രയുക്താഃ, ഹോതാരഃ
അർക്കം	— അർച്ചനീയം (ഇന്ദ്രം ത്വാം)
അർച്ചന്തി	— ശസ്ത്രഗതൈർമ്മന്ത്രൈഃ പ്രശംസന്തി
ബ്രഹ്മാണഃ	— ബ്രഹ്മപ്രഭൃതയഃ ഇതരേ ബ്രാഹ്മണാഃ
വംശം-ഇവ	— യഥാ സന്മാർഗ്ഗവർത്തിനഃ സ്വകീയം കുലം ഉന്നതം കുർവ്വന്തി തദ്വൽ
ത്വാ ഉൽ യേമിരേ	— ത്വാം ഉന്നതിം പ്രാപയന്തി.

അർത്ഥം—അല്ലയോ ബഹുകർമ്മാവായ ഇന്ദ്ര, ഉൽഗാതാക്കാർ അവിടത്തെ സ്തുതിക്കുന്നു. അർച്ചനമന്ത്രാഭിജ്ഞന്മാരായ ഹോതാക്കൾ ശസ്ത്രഗതങ്ങളായ മന്ത്രങ്ങളാൽ അവിടത്തെ പ്രശംസിക്കുന്നു. ബ്രഹ്മൻ മുതലായ മററു ബ്രാഹ്മണർ, സന്മാർഗ്ഗവർത്തിയായ ഒരാൾ സ്വകുലത്തെ ഉയർത്തുന്നതുപോലെ, അവിടത്തെ ഉന്നതിപ്രാപിപ്പിക്കുന്നു. (സ്തോത്രങ്ങളെക്കൊണ്ടു പൂജ്യദേവന്ന് ഔൽകൃഷ്ടിസിദ്ധിയുണ്ടെന്നവിശ്വാസം വീണ്ടും കാണുക. ജനിച്ചകുലം പോലെ തങ്ങൾക്കു ഇന്ദ്രൻ മൂലാവലംബമാണെന്നും സൂചന)

2 യത് സാനോഃ സാനുമാരുഹദ്
ഭൂര്യസ്പഷ്ട കർത്വം
തദിന്ദ്രോ അർത്ഥം ചേതതി
യൂഥേന വൃഷ്ണിരേജതി

അന്വയം —

യത് — യദാ
സാനോഃ — സാനും
(യജമാനഃ) ആ അരുഹത് — സോമവല്ലീസമിദാദ്യാഹരണായ പർവ്വതഭാഗാദപരം പർവ്വതഭാഗം ആരൂഢവാൻ
(തദാ) ഭൂരി — പ്രഭൂതം
കർത്വം — സോമയാഗരൂപം കർമ്മ
അസ്പഷ്ട — സ്പൃഷ്ടവാൻ, ഉപക്രാന്തവാൻ
തത് ഇന്ദ്രഃ — തദാനീം ഇന്ദ്രഃ
അർത്ഥം — യജമാനസ്യ പ്രയോജനം
ചേതതി — ജാനാതി
(ജ്ഞാത്വാ ച) വൃഷ്ണിഃ — കാമാനാം വർഷിതാ സൻ
യൂഥേന — മരുദ്ഗണേന സഹ
ഏജതി — കമ്പതേ സ്വസ്ഥാനാത് യജ്ഞഭൂമിഭാഗമുദ്ദിശ്യ ഗച്ഛതി

അർത്ഥം—യജമാനൻ സോമവല്ലിയും ചമതയും മറ്റും സംഭരിക്കാനായി പർവ്വതത്തിന്റെ ഒരു ഭാഗത്തു നിന്ന് മറ്റൊരു ഭാഗത്തേക്ക് കയറിപ്പോയി (അവ കൊണ്ടുവന്ന്) മഹത്തായ സോമയാഗകർമ്മത്തിൽ ഏർപ്പെട്ടപ്പോൾ യജമാനന്റെ ഉദ്ദേശമറിഞ്ഞ ഇന്ദ്രൻ കാമവർഷിതാവായി മരുത്തുക്കളുടെ സംഘത്തോടുകൂടി സ്വസ്ഥാനത്തുനിന്ന് ഇളകുകയായി, യാഗഭൂമിയിലേക്കു പുറപ്പെടുകയായി (സ്വപ്രയത്നംകൊണ്ടു വേണം യാഗസാധനങ്ങൾ സംഭരിക്കുകയെന്നും അങ്ങിനെ സ്വയത്നയുക്തമായ ക്ലേശപൂർണ്ണമായ ത്യാഗലബ്ധമായ യാഗത്തെ, സത്കർമ്മത്തെ കുറിച്ച് ഈശ്വരൻ ക്ഷിപ്രപ്രസാദിയാണെന്നും സൂചന)

3 യുക്ഷ്വാ ഹി കേശിനാ ഹരീ
വൃഷണാ കക്ഷ്യപ്രാ
അഥാ ന ഇന്ദ്ര സോമപാ
ഗിരാമുപശ്രുതിഞ്ചര

അന്വയം:—

ഹേ സോമ—പാഃ ഇന്ദ്ര	— സോമപാനയുക്ത, ഇന്ദ്ര,
കേശിനാ	— സ്കന്ധപ്രദേശേ ലംബമാന കേശയുക്തൗ
വൃഷണാ	— സേചനസമർത്ഥൗ, യുവാനൗ
കക്ഷ്യ—പ്രാ	— അശ്വസ്യ ഉദരബന്ധനരജ്ജുഃ കക്ഷ്യാ, തസ്യാഃ പൂരകൗ, പുഷ്ടാംഗൗ
ഹരീ	— ത്വദീയാവശ്വൗ
യുക്ഷ്വ ഹി	— സർവ്വഥാ സംയോജയ
അഥ നഃ ഗിരാം	— അനന്തരം അസ്മദീയം സ്തുതീനാം
ഉപ—ശ്രുതിം ചര	— സമീപേ ശ്രവണമുദ്ദിശ്യ ഗച്ഛ

അർത്ഥം—അല്ലയോ സോമപാനശീലനായ ഇന്ദ്ര, കഴുത്തിൽ തൂങ്ങുന്ന രോമങ്ങളുള്ളവയും യുവത്വം തികഞ്ഞവയും വയററത്തുള്ള കയർ മുറുകത്തക്കവണ്ണം തടിച്ചുകൊഴുത്തവയുമായ അവിടത്തെ കുതിരകളെ തേരിൽ പൂട്ടിയാലും. പിന്നെ ഞങ്ങളുടെ സ്തുതികൾ കേൾക്കാൻ തൽപ്രദേശത്തു വന്നാലും.

4 ഏഹി സ്തോമാ അഭിസ്വരാ-
ഭി ഗൃണീഹ്യാ രുവ
ബ്രഹ്മ ച നോ വസോ സചേ-
ന്ദ്ര യജ്ഞഞ്ച വർദ്ധയ

അന്വയം:—

ഹേ വസോ, ഇന്ദ്ര,	— നിവാസകാരണഭൂത, ഇന്ദ്ര,
ആ ഇഹി	— അസ്മിൻ കർമ്മണ്യാഗച്ഛ

(ആഗത്യ ച) സ്തോമാൻ — ഉദ്ഗാതൃപ്രയുക്താനി സ്തോത്രാണി
അഭി സ്വര — അഭിലക്ഷ്യ പ്രശംസാരൂപം ശബ്ദം കുരു
(തഥാ) അഭി ഗൃണീഹി — അധ്വര്യം അഭിലക്ഷ്യ ശബ്ദം കുരു
(തഥാ) ആ രുവ — ഹോതൃപ്രയുക്താനി ശസ്ത്രാണ്യഭിലക്ഷ്യ ശബ്ദം കുരു
(തതഃ ഊർധ്വം) നഃ — അസ്മാകം
ബ്രഹ്മ ച — അന്നം ച
യജ്ഞം ച — അനുഷ്ഠീയമാനം കർമ്മ ച
സചാ — സഹ
വർധയ — സാംഗത്വസമ്പാദനേന യജ്ഞം വർധയിത്വാ തത്ഫലമന്നം പ്രവൃദ്ധം കുരു.

അർത്ഥം: എല്ലാവരുടെയും നിവാസഹേതുവായ ഇന്ദ്ര, ഈ കർമ്മത്തിൽ സന്നിഹിതനായാലും. സന്നിഹിതനായി, ഉദ്ഗാതാക്കൾ ഉച്ചരിക്കുന്ന സ്തോത്രങ്ങളെ പുരസ്കരിച്ച് പ്രശംസാശബ്ദം പുറപ്പെടുവിച്ചാലും. അതുപോലെ, അധ്വര്യുവിന്നഭിമുഖമായി പ്രശംസാശബ്ദം പുറപ്പെടുവിച്ചാലും. ഹോതാവിന്റെ ശസ്ത്രപ്രയോഗങ്ങളുടെ നേരെയും പ്രശംസാശബ്ദം പുറപ്പെടുവിച്ചാലും. അതിനുശേഷം ഞങ്ങൾക്ക് അന്നവും യജ്ഞവും (പുഷ്ടിയും കർമ്മവും അല്ലെങ്കിൽ ത്യാഗവും) ഒപ്പം വർധിപ്പിച്ചാലും. അതായത് സാംഗോപാംഗപൂർണ്ണമായ യജ്ഞം (സത്കർമ്മം) വർധിപ്പിച്ച് തത്ഫലമായ അന്നം (പുഷ്ടി) പ്രവൃദ്ധമാക്കിയാലും.

5 ഉക്ഥമിന്ദ്രായ ശംസ്യം
വർധനം പുരുനിഷ്ഷിധേ
ശക്രോ യഥാ സുതേഷു ണോ-
രാരണത് സഖ്യേഷു ച

അന്വയം:—

ശക്രഃ നഃ സുതേഷു — ഇന്ദ്രഃ അസ്മദീയേഷു പുത്രേഷു
സഖ്യേഷു ച — സഖിത്വേഷ്വപി
യഥാ രരണൽ — യേന പ്രകാരേണ അതിശയേന ശബ്ദം കുര്യാൽ
(തഥാ) പുരുനിഃ-സിധേ — ബഹൂനാം ശത്രൂണാം നിഷേധകാരിണേ
(തസ്മൈ) ഇന്ദ്രായ — ഇന്ദ്രാർത്ഥം
വർദ്ധനം ഉക്ഥം ശംസ്യം — വൃദ്ധിസാധനം ശസ്ത്രം അസ്മാഭിശ്ശംസനീയം

അർത്ഥം—ഏതു വിധമായാൽ ഇന്ദ്രൻ നമ്മുടെ പുത്രന്മാരിലും സഖ്യങ്ങളിലും (ബന്ധുമിത്രാദികളിലും) സന്തോഷിച്ചു ശബ്ദം പ്രകടിപ്പിക്കുമോ, ആ വിധത്തിൽ ബഹുശത്രുനിഷൂദനനായ ഇന്ദ്രനെ ഉദ്ദേശിച്ച്, ശസ്ത്രമന്ത്രങ്ങൾ ചൊല്ലപ്പെടട്ടെ.

6 തമിൽ സഖിത്വ ഈമഹേ
തം രായേ തം സുവീര്യേ
സ ശക്ര ഉത നഃ ശകൽ
ഇന്ദ്രോ വസു ദയമാനഃ (വ. 19

അന്വയം:—

സഖി—ത്വേ — (നിമിത്തഭൂതേ സതി)
തം ഇൽ — തമേവേന്ദ്രം
ഈമഹേ — യാചാമഹേ
(തഥാ) രായേ — ധനാർത്ഥം
തം (ഈമഹേ) — യാചാമഹേ
(തഥാ) സു—വീര്യേ — ശോഭനസാമർത്ഥ്യനിമിത്തേ
തം (ഈമഹേ) — യാചാമഹേ
ഉത ശക്രഃ സഃ — അപിച ശക്തിമാൻ ഇന്ദ്രഃ
നഃ വസു ദയമാനഃ — അസ്മഭ്യം ധനം പ്രയച്ഛൻ
ശകൽ — അസ്മദീയരക്ഷണേ ശക്തോഭൂൽ

അർത്ഥം—സഖിത്വം(ചെങ്ങാത്തം)കാരണമായി ഇന്ദ്രനോടുതന്നെ യാചിക്കുന്നു. ധനാർത്ഥം അവിടുത്തോടുയാചിക്കുന്നു.

ശോഭനമായ സാമർത്ഥ്യത്തിന്ന് (കർമ്മങ്ങളെ യഥാവിധി നിർവ്വഹിക്കാനുള്ള കഴിവിന്ന്) വേണ്ടിയും അവിടുത്തോടു യാചിക്കുന്ന ശക്തനായ ആ ഇന്ദ്രൻ നമുക്ക് ഐശ്വര്യമണച്ചുകൊണ്ടു നമ്മുടെ രക്ഷണത്തിന്ന് പോന്നവനാവട്ടെ

വർഗ്ഗം 20

7 സ്വവിവൃതം സുനിരജ–
മിന്ദ്ര ത്വാദാതമിദ്യശഃ
ഗവാമപ വ്രജം വൃധി
കൃണുഷ്വ രാധോ അദ്രിവഃ

അന്വയം —

ഹേ ഇന്ദ്ര യശഃ	— അന്നം (കർമ്മഫലഭൂതം)
സു–വിവൃതം	— സുഷ്ഠു സർവ്വത്ര പ്രസൃതം
സുനിഃ അജം	— സുഖേന നിശ്ശേഷം പ്രാപ്തും ശക്യം
ത്വാ–ദാതം ഇത് (ക്ഷീരാദിരസലാഭാർത്ഥം)	— ത്വയാ ശോധിതം ച സമ്പന്നം
ഗവാം വ്രജം	— ഗോനിവാസസ്ഥാനം
അപ വൃധി	— അപാവൃതം, ഉൽഘാടിതദ്വാരം കുരു
ഹേ അദ്രി–വഃ	— പർവ്വതോപലക്ഷിത വജ്രയുക്ത, (ഇന്ദ്ര)
രാധഃ കൃണുഷ്വ	— ധനം സമ്പാദയ

അർത്ഥം.—അല്ലയോ ഇന്ദ്ര, കർമ്മഫലസിദ്ധമായ അന്നം വേണ്ടപോലെ എല്ലാദിക്കിലും പരന്നും, പ്രയാസം കൂടാതെ മുഴുവൻ കിട്ടത്തക്കതുമായി അവിടുന്ന് ശുദ്ധിവരുത്തി ഇവിടെ സമ്പന്ന (ലബ്ധ)മായല്ലൊ. കർമ്മങ്ങൾക്ക് ആവശ്യമായ ക്ഷീരാദികൾക്കുവേണ്ടി പശുക്കളുടെ തൊഴുത്തിന്റെ വാതിൽ തുറന്നാലും. അല്ലയോ വജ്രായുധ(മലപോലെ വലിപ്പമാർന്ന വജ്രായുധത്തോടുകൂടിയവനേ) ഞങ്ങൾക്ക് ധനം സമ്പന്നമാക്കിയാലും.

8 നഹി ത്വാ രോദസീ ഉഭേ
ഋഘായമാണമിന്വതഃ
ജേഷസ്സ്വർവ്വതീരപ-
സ്സംഗാ അസ്മഭ്യം ധൂനുഹി.

അന്വയം:—

(ഹേ ഇന്ദ്ര) ഋഘായമാണം
ത്വാ — ശത്രുവധം കുർവ്വാണം ത്വാം
രോദസീ ഉഭേ — ദ്യാവാപൃഥിവ്യൗ അപി
(ത്വദീയം മഹിമാനം)
നഹി ഇന്വതഃ — വ്യാപ്തും ന സമർത്ഥേ
(താദൃശസ്ത്വം)സ്വഃ-വതീഃ — സ്വർല്ലോകയുക്താഃ
(വൃഷ്ടിരൂപാഃ) അപഃ
ജേഷഃ — ജയേഃ, പ്രേരയ ഇത്യർത്ഥഃ
(കിഞ്ച വൃഷ്ടിപ്രദാനേന അന്നസമ്പത്തേരൂർദ്ധ്വം) അസ്മഭ്യം ഗാഃ
സം ധൂനുഹി — സമ്യക് പ്രേരയ

അർത്ഥം:—അല്ലയോ ഇന്ദ്ര, ശത്രുക്കളെ വധിക്കുന്ന അവിടുത്തെ മഹിമയെ പ്രാപിക്കുവാൻ ദ്യാവാപൃഥിവികൾകൂടി സമർത്ഥകളാകുന്നില്ല. സ്വർഗ്ഗത്തിൽനിന്നു വൃഷ്ടിരൂപത്തിൽ ജലങ്ങളെ അയച്ചാലും (പൊഴിച്ചാലും) വർഷധാരകൊണ്ടു സസ്യാദികൾ തഴച്ച് അന്നസമ്പത്തുണ്ടായാൽ, കർമ്മങ്ങൾക്കുവേണ്ടി പാൽ മുതലായതിന്നു പശുക്കളെയും വേണ്ടപോലെ എത്തിച്ചുതന്നാലും.

ആശ്രുത്കർണ്ണശ്രുധീഹവം
നൂചിദ്ദധിഷ്വ മേ ഗിരഃ
ഇന്ദ്ര സ്തോമമിമം മമ
കൃഷ്വാ യുജശ്ചിദന്തരം

അന്വയം:—

ഹേ ആശ്രുത്കർണ്ണ, ഇന്ദ്ര — സർവ്വതഃ ശ്രോതാരൗ കർണ്ണൗ യസ്യ താദൃക്
ഹവം — അസ്മദീയമാഹ്വാനം
നു ശ്രുധി — ക്ഷിപ്രം ശൃണു
മേ ഗിരഃ ചിത് — മമ ഹോതുഃ സ്തുതിരപി
ദധിഷ്വ — ചിത്തേ ധാരയ
(കിഞ്ച) മമ ഇമം സ്തോമം — മദീയം സ്തോത്രരൂപം വാക്സമൂഹം
യുജഃ ചിത് — സ്വകീയസഖ്യുരപി
അന്തരം കൃഷ്വ — ആസന്നം കുരു

(യഥാ വചനം തസ്യ പ്രിയം മന്യസേ തദ്വത് അസ്മദീയ സ്തുതിഷ്വപി പ്രീതിം കുരു)

അർത്ഥം—എവിടെ എന്തു ശബ്ദം പുറപ്പെട്ടാലും കേൾക്കുന്ന ചെവികളോടുകൂടിയ ഇന്ദ്ര, ഞങ്ങളുടെ വിളി വേഗം കേട്ടാലും. എന്റെ ഹോതാവിന്റെ സ്തുതിയെ ഉൾക്കൊണ്ടാലും. പിന്നെ എന്റെ ഈ സ്തോത്രരൂപമായ വാക്സമൂഹത്തെ, അവിടുത്തെ സ്വസഖന്റെ (ഇഷ്ടതോഴന്റെ) വാക്കുകളോടു തുല്യമായി സ്വീകരിച്ചാലും. അതായത് അവിടുത്തേക്ക് പ്രിയമാകുന്നതു, ഏതു വാക്കുകളാണോ, അവയെപ്പോലെ സ്വീകരിച്ചാലും, അവയിൽ പ്രീതി കാണിച്ചാലും.

10 വിദ്മാ ഹി ത്വാ വൃഷന്തമം
വാജേഷു ഹവനശ്രുതം
വൃഷന്തമസ്യ ഹൂമഹ—
ഊതിം സഹസ്രസാതമാം

അന്വയം —

(ഹേ ഇന്ദ്ര) വൃഷന്തമം — കാമാനാമതിശയേന വർഷിതാരം
വാജേഷു ഹവനശ്രുതം — അസ്മദീയസ്യാഹ്വാനസ്യ ശ്രോതാരം

ത്വാ വിദ്മ	— ത്വാം ജാനീമഃ
വൃഷൻ—തമസ്യ	— അതിശയേന കാമാദീനാം വർഷിതുഃ (തവ)
സഹസ്ര—സാതമാം	— അതിശയേന ധനസഹസ്രാണാം ദാത്രീം
ഊതിം	— അസ്മദഭിഷ്ടയാം രക്ഷാം (ഉദ്ദിശ്യത്വാം)
ഹ്വമഹേ	— ആഹ്വയാമഃ.

അർത്ഥം—അല്ലയോ ഇന്ദ്ര, ഏററവും അഭീഷ്ടവർഷകനും യുദ്ധങ്ങളിൽ ഞങ്ങളുടെ വിളികേൾക്കുന്നവനുമായ അവിടുത്തെ ഞങ്ങളറിയുന്നു അത്യധികം കാമങ്ങളെ വർഷിക്കുന്ന അവിടുത്തെ, ആയിരക്കണക്കിൽ ധനദാനങ്ങളോടൊത്ത രക്ഷക്കായി, ഞങ്ങൾ വിളിക്കുന്നു.

11 ആ തൂ ന ഇന്ദ്ര കൌശിക
മന്ദസാനസ്സുതം പിബ.
നവ്യമായുഃ പ്ര സൂ തിര
കൃധീ സഹസ്ര സാമൃഷിം.

അന്വയം:-

ഹേ ഇന്ദ്ര, തു നഃ ആ	— ക്ഷിപ്രം അസ്മാൻ പ്രതി ആഗച്ഛ
ഹേ കൌശിക,	— കുശികസ്യ പുത്ര (ഇന്ദ്ര)
മന്ദസാനഃ സുതം പിബ	— ഹൃഷ്ടഃ (ഭൂത്വാ) അഭിഷുതം സോമം പിബ
(ഇന്ദ്ര) നവ്യം	— സർവ്വൈർദ്ദേവൈ സ്തുത്യം കർമ്മാനുഷ്ഠാനപരം
ആയുഃ പ്ര സു തിര	— ജീവിതം പ്രകർഷേണ സുഷ്ഠു വർദ്ധയ
(തതഃ) മാം സഹസ്ര-സാം	— സഹസ്രസംഖ്യാക ലാഭോപേതം
ഋഷിം കൃധി	— അതീന്ദ്രിയദ്രഷ്ടാരം കുരു

അർത്ഥം—കുശികൻ ഇന്ദ്രതുല്യനായ ഒരു പുത്രനുണ്ടാവാൻ ഇച്ഛിച്ച് ബ്രഹ്മചര്യമനുഷ്ഠിച്ചു ഇന്ദ്രൻതന്നെ കുശികൻെറ പുത്രനായി, വിശ്വാമിത്രനായി ജനിച്ചു അതുകൊണ്ടാണ് ഇന്ദ്രനെ കൗശിക എന്നു സംബോധനംചെയ്തിട്ടുള്ളതു്

അല്ലയോ ഇന്ദ്ര, വേഗത്തിൽ ഞങ്ങളുടെ അടുക്കൽ വന്നാലും. അല്ലയോ കൗശിക, സംസ്കരിച്ച സോമത്തെ ഹൃഷ്ടനായി കുടിച്ചാലും. സർവ്വദേവന്മാരാലും വന്ദ്യമായി കർമ്മാനുഷ്ഠാനപരമായ എൻെറ ജീവിതം ഏററവും പ്രകൃഷ്ടമാക്കിയാലും. അതിന്നുശേഷം എന്നെ ആയിരക്കണക്കിൽ സിദ്ധികളോടുകൂടിയ അതീന്ദ്രിയജ്ഞാനിയാക്കിയാലും.

12 പരി ത്വാ ഗിർവ്വണോ ഗിര
ഇമാ ഭവന്തു വിശ്വതഃ
വൃദ്ധായുമനു വൃദ്ധയോ
ജുഷ്ടാ ഭവന്തു ജുഷ്ടയഃ വ 20

അന്വയം —

ഹേ ഗിർവ്വണഃ,	— അസ്മദീയസ്തുതിഭാക്, (ഇന്ദ്ര)
വൃദ്ധ- ആയും അനു	— പ്രവൃദ്ധമായുഷ്യേണോപേതം ത്വാം അനുസൃത്യ
വൃദ്ധയഃ	— വർദ്ധമാനാഃ
വിശ്വതഃ	— സർവ്വേഷു കർമ്മസു പ്രയുജ്യമാനാഃ
ഇമാഃ ഗിരഃ	— അസ്മദീയാഃ സ്തുതയഃ
ത്വാ പരി ഭവന്തു (കിഞ്ച ഏതാ ഗിരഃ)	— ത്വാം സർവ്വതഃ പ്രാപ്നുവന്തു
ജുഷ്ടാഃ	— ത്വയാ സേവിതാസ്സത്യഃ
ജുഷ്ടയഃ ഭവന്തു	— അസ്മാകം പ്രീതിഹേതവസ്സന്തു

അർത്ഥം—ഞങ്ങളുടെ സ്തുതിഭാഗഭാക്കായ ഇന്ദ്ര, പ്രവൃദ്ധമായ ആയുസ്സോടുകൂടിയ അവിടുത്തോടു ചേർന്നവിധം പ്രവൃദ്ധങ്ങളും എല്ലാ കർമ്മങ്ങളിലും പ്രയോഗിക്കപ്പെടുന്നവയുമായ ഞങ്ങളുടെ ഈ സ്തുതികൾ അവിടുത്തെ എല്ലാ വിധത്തിലും ചെന്നെത്തട്ടെ പിന്നെ ഈ സ്തുതികൾ അവിടുന്നിഷ്ടപ്പെട്ട് ഞങ്ങൾക്ക് ഇഷ്ടസിദ്ധിഹേതുകളായി ഭവിക്കട്ടെ

വർഗ്ഗം 21 മാധുച്ഛന്ദസഃ ജേതാ ഋഷിഃ അനുഷ്ടുപ്ഛന്ദഃ ഇന്ദ്രോ ദേവതാ

1 ഇന്ദ്രം വിശ്വാ അവീവൃധ—

ന്ത്സമുദ്രവ്യചസം ഗിരഃ

രഥീതമം രഥീനാം

വാജാനാം സത്പതിം പതിം.

അന്വയം:—

വിശ്വാഃ ഗിരഃ	—	സർവ്വാഃ അസ്മദീയാഃ സ്തുതയഃ
സമുദ്ര—വ്യചസം	—	സമുദ്രവദ്വ്യാപ്തവന്തം
രഥിനാം രഥി—തമം	—	രഥയുക്താനാം യോദ്ധൄണാം മധ്യേ അതിശയേന രഥയുക്തം
വാജാനാം പതിം	—	അന്നാനാം സ്വാമിനം
സൽ—പതിം	—	സന്മാർഗ്ഗവർത്തിനാം പാലകം
ഇന്ദ്രം അവീവൃധൻ	—	വർദ്ധിതവത്യഃ

അർത്ഥം—സമുദ്രംപോലെ വ്യാപിച്ചവനും തേരാളികളായ പടയാളികളുടെ ഇടയിൽ ഏററവും വലിയ തേരാളിയും (വൃഷ്ടികർത്താവെന്ന നിലയ്ക്കു) അന്നങ്ങളുടെ സ്വാമിയും സന്മാർഗ്ഗചാരികളുടെ രക്ഷിതാവുമായ ഇന്ദ്രനെ നമ്മുടെ എല്ലാ സ്തുതികളും വർദ്ധിപ്പിക്കുന്നു.

2 സഖ്യേ ത ഇന്ദ്ര വാജിനോ

മാ ഭേമ ശവസസ്പതേ

ത്വാമഭി പ്ര ണോനുമോ—

ജേതാരമപരാജിതം

അന്വയം:—

ഹേ ശവസഃ പതേ ഇന്ദ്ര		ബലസ്യ പാലക, ഇന്ദ്ര
തേ സഖ്യേ	—	തവ അനുഗ്രഹപ്രയുക്തേ സഖിത്വേ (വർത്തമാനാ വയം)
വാജിനഃ	—	അന്നവന്തഃ (ഭൂത്വാ)

[illegible]

മാ ഭേമ — ശത്രുഭ്യോ ഭീതിം പ്രാപ്യ മാ ഭൂമ
(അതഃ) ജേതാരം — യുദ്ധേഷു ജയശീലം
അപരാ–ജിതം — കദാപി പരാജയരഹിതം
(അഭയഹേതും) ത്വാം
അഭി പ്ര നോനുമഃ — സർവ്വതഃ പ്രകർഷേണ സ്തുമഃ

അർത്ഥം—അല്ലയോ ബലപതേ, ഇന്ദ്ര, അവിടുത്തെ അനുഗ്രഹപ്രയുക്തമായ സഖിത്വത്തിൽ വർത്തിക്കുന്ന (അവിടേയ്ക്കു വേണ്ടപ്പെട്ടവരായ) ഞങ്ങൾ അന്നവാന്മാരായി (പുഷ്ടന്മാരായി) ശത്രുക്കളിൽനിന്നു ഭയത്തെ പ്രാപിക്കാതിരിക്കട്ടെ. അതേ കാരണംകൊണ്ടു ജയശീലനും ഒരിടത്തും തോൽവി പറ്റാത്തവനുമായ അവിടുത്തെ എല്ലാ വിധത്തിലും സ്തുതിക്കുന്നു.

3 പൂർവ്വീരിന്ദ്രസ്യ രാതയോ–
ന വി ദസ്യന്ത്യൂതയഃ
യദീ വാജസ്യ ഗോമത–
സ്തോതൃഭ്യോ മംഹതേ മഘം

അന്വയം:—

ഇന്ദ്രസ്യ (സംബന്ധിന്യഃ) രാതയഃ — ധനദാനാനി
പൂർവ്വീഃ — അനാദികാലപ്രസിദ്ധാഃ
(ഇന്ദ്രസ്യ സർവ്വദാ യഷ്ടൃഭ്യോ ധനദാനമേവ സ്വഭാവഃ. ഏവം സതി ഇദാനീന്തനോപി യജമാനഃ)
സ്തോതൃ–ഭ്യഃ — സ്തുതിശീലേഭ്യഃ
ഗോ–മതഃ വാജസ്യ മഘം —ഗോസഹിതസ്യ അന്നസ്യ (പര്യാപ്തം) ധനം
യദി മംഹതേ — ദക്ഷിണാരൂപേണ ദദാതി.
(തദാനീം) ഊതയഃ — ബഹുധനദാനപൂർവ്വകാണി ഇന്ദ്രസ്യ അനുഗ്രഹവിഷയാണി രക്ഷണാനി
ന വി ദസ്യന്തി — വിശേഷേണ ന ഉപക്ഷീയന്തേ

അൎത്ഥം—ഇന്ദ്രനെസ്സംബന്ധിച്ചിടത്തോളം യാഗകൎത്താക്കാംക്ക ധനദാനം അനാദികാലപ്രസിദ്ധമായ സ്വഭാവമാണ്. അങ്ങിനെ ഇരിക്കെ ഇക്കാലത്തെ യജമാനനും ക്രതുക്കൾ കഴിച്ചിലിന്ന പൎയ്യാപ്തമായ ധനം പശുക്കളോടുകൂടി ദക്ഷിണയായി കൊടുക്കുന്നു എങ്കിൽ ആ യജമാനന്റെ വിഷയത്തിൽ ഇന്ദ്രന്റെ ധനദാനപൂൎവ്വമായ രക്ഷണത്തിന്ന് ഉലച്ചിൽ തട്ടുകയില്ല.

4 പുരാം ഭിന്ദുൎയ്യുവാ കവി-
രമിതൌജാ അജായത.
ഇന്ദ്രോ വിശ്വസ്യ കൎമ്മണോ-
ധൎത്താ വജ്രീ പുരുഷ്ടുതഃ

അന്വയം:—

പുരാം ഭിന്ദുഃ	— അസുരപുരാണാം ഭേത്താ
യുവാ	— കദാചിദപി വലീപലിതവാൎദ്ധകരഹിതഃ
കവിഃ	— മേധാവീ
അമിത—ഓജാഃ	— പ്രഭൂതബലഃ
വിശ്വസ്യ കൎമ്മണഃ ധൎത്താ	— കൃത്സ്നസ്യ ജ്യോതിഷ്ടോമാദേഃ പോഷകഃ
വജ്രീ	— യജമാനരക്ഷണാൎത്ഥം സൎവ്വദാ വജ്രയുക്തഃ
പുരു—സ്തുതഃ	— ബഹുവിധേ തത്തൽകൎമ്മണി സ്തുതഃ
ഇന്ദ്രഃ അജായത	— സമ്പന്നഃ

അൎത്ഥം—അസുരപുരങ്ങളെ പിളൎക്കുന്നവനും ഒരിക്കലും വാൎദ്ധക്യത്തിന്റെ ചുക്കിച്ചുളിവും നരയും ഏല്ക്കാത്തവനും മേധാവിയും മഹാബലനും അഗ്നിഷ്ടോമം മുതലായ സകലകൎമ്മങ്ങളേയും പോഷകനും ഉപാസകന്മാരെ രക്ഷിക്കാൻ വജ്രം ധരിച്ചവനും പലവിധം കൎമ്മങ്ങളിൽ പലവിധം സ്തുതിക്കപ്പെട്ടവനുമായ ഇന്ദ്രൻ ഇതാ വന്നെത്തി.

5 ത്വം വലസ്യ ഗോമതോ-
പാവരദ്രിവോ ബിലം
ത്വാം ദേവാ അബിഭ്യുഷ-
സ്തുജ്യമാനാസ ആവിഷുഃ

അന്വയം:—

ഹേ അദ്രി-വഃ ത്വം	— വജ്രയുക്ത, ഇന്ദ്ര ത്വം
ഗോ-മതഃ വലസ്യ ബിലം	— ഗോഭിര്യുക്തസ്യ വലനാമകസ്യ ബിലം
അപ അവഃ	— സ്വസൈന്യദ്വാരേണ അപാവൃതവാനസി
(തദാനീം) തുജ്യമാനാസഃ	— വലേന ഹിംസ്യമാനാഃ
ദേവാഃ അബിഭ്യുഷഃ	— ത്വദീയരക്ഷയാ വലാദഭീതാസ്സന്തഃ
ത്വാം ആവിഷുഃ	— പ്രാപ്തവന്തഃ

അർത്ഥം—വലൻ എന്ന പേരായ അസുരൻ ദേവന്മാരുടെ പശുക്കളെ ഒരു ഗുഹയിൽ ഒളിപ്പിച്ചു ഇന്ദ്രൻ സൈന്യസമേതം ആക്രമിച്ച് ഗുഹയിൽനിന്ന് പശുക്കളെ മോചിപ്പിച്ചു ആ കഥ ഇവിടെ സൂചിതമാകുന്നു അല്ലയോ വജ്രായുധ, പശുക്കളെ വലൻ കൊണ്ടുപോയി ഒളിപ്പിച്ച ഗുഹയിൽനിന്ന് സ്വസൈന്യസഹായത്തോടെ അവിടുന്ന് മടക്കിക്കൊണ്ടുവന്നു. അപ്പോൾ വലനാൽ ഉപദ്രവിക്കപ്പെട്ടിരുന്ന ദേവന്മാർ അവിടുത്തെ രക്ഷകൊണ്ട് ഭീതിയറ്റവരായി അവിടുത്തെ പ്രാപിച്ചു

6 തവാഹം ശൂര രാതിഭിഃ
പ്രത്യായം സിന്ധുമാവദൻ
ഉപാതിഷ്ഠന്ത ഗിർവണോ
വിദുഷ്ടേ തസ്യ കാരവഃ

അന്വയം:—

ഹേ ശൂര തവ രാതി—ഭിഃ — ശൌര്യയുക്ത, ഇന്ദ്ര, കർമ്മസ്വത്വദീയൈഃ ധനദാനൈഃ നിമിത്തഭൂതൈഃ

(ഹോതാ) അഹം സിന്ധും

ആ—വദൻ — സ്യന്ദമാനം സോമം സർവ്വതഃ കഥയൻ

പ്രതി ആയം — ത്വാം പുനരാഗതോസ്മി

(പുരാ ബഹുഷു കർമ്മസു ത്വത്തഃ ധനസ്യ ലബ്ധത്വാൽ അസ്മിൻ കർമ്മണി പ്രത്യാഗമനമിത്യുച്യതേ. അസ്മിൻ സോമയാഗേ ത്വദീയം ധനദാനകീർത്തിം പ്രകടയൻ).

ഹേ ഗിർവ്വണഃ — ഗീർഭിർവ്വനനീയ, ഇന്ദ്ര,

കാരവഃ — കർത്താരഃ, ഋത്വിഗ്യജമാനാഃ

ഉപ അതിഷ്ഠന്ത — പുരാ ധനലാഭാർത്ഥം ത്വാം ഉപസ്ഥിതവന്തഃ

(ഉപസ്ഥായ ച) തസ്യ — താദൃശസ്യൌദാര്യോപേതസ്യ

തേ — തവ (ധനദാനം)

വിദുഃ — ജാനന്തി

അർത്ഥം—അല്ലയോ വീരനായ ഇന്ദ്ര, കർമ്മഫലമായി അവിടുന്നരുളിയ ഐശ്വര്യം കാരണമായി ഹോതാവായ ഞാൻ ഒഴുകുന്ന സോമത്തെപ്പററി കഥിച്ചുകൊണ്ടു', അവിടുത്തെ വദാന്യതയെ പ്രകീർത്തിച്ചുകൊണ്ടു്, വീണ്ടും അവിടുത്തെ സമീപിച്ചിരിക്കുന്നു. മുമ്പുനടത്തിയ യാഗകർമ്മത്തിൻെറ ഫലമായ ധനസിദ്ധിമൂലം വീണ്ടും കർമ്മത്തിന്നു് ഉദ്യുക്തനായി, അവിടുത്തെ അടുക്കൽ മടങ്ങിവന്നിരിക്കുന്നു. അല്ലയോ സ്തുതികളാൽ ഭജനീയ, ഇന്ദ്ര, ഋത്വിഗ്യജമാനന്മാർ മുമ്പു് ഐശ്വര്യസിദ്ധിക്കായി അവിടുത്തെ ഉപസ്ഥാനംചെയ്തു വന്ദിച്ചു. ഉദാരനായ അവിടുത്തെ ധനദാനം അവരറിയുന്നു. (അതുപോലെ ഞാനും അവിടുത്തെ സമീപിക്കുന്നു.)

7 മായാഭിരിന്ദ്ര മായിനം
ത്വം ശുഷ്ണമവാതിരഃ
വിദുഷ്ടേ തസ്യമേധിരാ—
സ്തേഷാം ശ്രവാംസ്യുത്തിര.

അന്വയം —

ഹേ ഇന്ദ്ര, ത്വം മായിനം — നാനാവിധകപടോപേതം
ശുഷ്ണം — ഏതന്നാമകമസുരം
മായാഭിഃ — തത്പ്രതികൂലൈഃ കപട വിശേഷൈഃ
അവ അതിരഃ — ഹിംസിതവാനസി
മേധിരാഃ — മേധാവന്തഃ അനുഷ്ഠാതാരഃ
തസ്യ തേ — താദൃശസ്യ തവ (മഹിമാനം)
വിദുഃ — ജാനന്തി
തേഷാം — ജാനതാം അനുഷ്ഠാതൄണാം
ശ്രവാംസി — അന്നാനി
ഉത് തിര — വർദ്ധയ

അർത്ഥം—അല്ലയോ ഇന്ദ്ര, അവിടുന്നു നാനാവിധകപടങ്ങളോടുകൂടിയ ശുഷ്ണനെന്നപേരായ അസുരനെ തത്പ്രതികൂലങ്ങളായ കപടപ്രയോഗങ്ങളെക്കൊണ്ടുതന്നെ ഹനിച്ചു മേധാവികളായ അനുഷ്ഠാതാക്കൾ അവിടുത്തെ മഹിമയെ അറിയുന്നു അവർക്ക് അന്നങ്ങളെ വർദ്ധിപ്പിച്ചാലും.

8 ഇന്ദ്രമീശാനമോജസാ—
ഭി സ്തോമാ അനൂഷത
സഹസ്രം യസ്യ രാതയ
ഉത വാ സന്തി ഭൂയസീഃ വ 21

അന്വയം —

യസ്യ (ഇന്ദ്രസ്യ) രാതയഃ — ധനദാനാനി
സഹസ്രം — സഹസ്രസംഖ്യോപേതാനി
ഉത വാ — അഥവാ
ഭൂയസീഃ സന്തി — സഹസ്രസംഖ്യായാഃ അപ്യധികാഭവന്തി
സ്തോമാഃ — സ്തോതാരഃ, ഋത്വിജഃ
ഓജസാ — ബലേന
ഈശാനം ഇന്ദ്രം — ജഗതോ നിയാമകം തം
അഭി അനൂഷത — സർവ്വത്ര സ്തുതവന്തഃ,

അത്ഥം—യാതൊരിന്ദ്രന്റെ ധനദാനങ്ങൾ ആയിരക്കണക്കിലുള്ളതോ അതിലുംമേലെ കണക്കററതോ ആണോ, സ്വബലം കൊണ്ട് ജഗന്നിയന്താവായ ആ ഇന്ദ്രനെ സ്തോതാക്കളായ ഋത്വിക്കുകൾ എല്ലാടങ്ങളിലും സ്തുതിക്കുന്നു.

വഗ്ഗം 22—23

കാണ്വോമേധാതിഥിഃ ഋഷിഃ ഗായത്രീ ച്ഛന്ദഃ അഗ്നിർദ്ദേവതാ

1 അഗ്നിം ദൂതം വൃണീമഹേ
ഹോതാരം വിശ്വവേദസം
അസ്യ യജ്ഞസ്യ സുക്രതും

അന്വയം:—

ദൂതം	—	ദേവദൂതം
ഹോതാരം	—	ദേവാനാമാഹ്വാതാരം
വിശ്വ—വേദസം	—	സർവ്വധനോപേതം
അസ്യ യജ്ഞസ്യ സു—ക്രതും	—	പ്രവത്തമാനസ്യ യജ്ഞസ്യ ശോഭനകമ്മാണം
അഗ്നിം വൃണീമഹേ	—	അസ്മിൻ കമ്മണി സംഭജാമഃ

അത്ഥം—ദേവദൂതനും ദേവന്മാരെ വിളിച്ചുവരുത്തുന്നവനും സർവ്വൈശ്വര്യയുക്തനും നടന്നുകൊണ്ടിരിക്കുന്ന ഈ യാഗത്തിന്റെ നിഷ്പാദകത്വംകൊണ്ടു ശോഭനകർമ്മാവുമായ അഗ്നിയെ ഈ കർമ്മത്തിൽ വിളിക്കുന്നു (അഗ്നി ദേവന്മാരുടേയും ശുക്രൻ അസുരന്മാരുടേയും ദൂതനെന്നു ശ്രുതിപ്രസിദ്ധം)

2 അഗ്നിമഗ്നിം ഹവീമഭി—
സ്സദാ ഹവന്ത വിശ്പതിം
ഹവ്യവാഹം പുരുപ്രിയം

അന്വയം:—

വിശ്പതിം	—	വിശാം, പ്രജാനാം, ഹോതൃാദീനാം പാലകം
ഹവ്യ—വാഹം	—	ഹവിഷഃ ദേവാൻ പ്രതിവോഢാരം

(അത ഏവ) പുരു-പ്രിയം — ബഹൂനാം പ്രീത്യാസ്പദം
അഗ്നിം-അഗ്നിം — ആഹവനീയാദിസ്ഥാനഭേദാൽ,
പാവകാദിവിശേഷഭേദാച്ച,
ബഹുവിധമഗ്നിം
ഹവീമ-ഭിഃ — ആഹ്വാനമന്ത്രൈഃ
(ആഹ്വാതാരഃ) ഹവന്ത — നിരന്തരമാഹ്വയന്തി

അർത്ഥം.—ഹോതാക്കളാം കുശലായ ജനങ്ങളുടെ പാലകനും ദേവന്മാർക്ക് ഹവിസ്സ് വഹിച്ചുകൊണ്ടുപോകുന്നവനും അതുകൊണ്ട് എല്ലാവർക്കും പ്രിയപ്പെട്ടവനും ആഹവനീയാദി വിഭിന്നസ്ഥാനങ്ങളിൽ സ്ഥിതിചെയ്യുന്നവനും പാവകാദിവ്യത്യസ്തനാമങ്ങളോടുകൂടിയവനുമായ അഗ്നിയെ ആഹ്വാനമന്ത്രങ്ങളാൽ കർമ്മികൾ എപ്പോഴും വിളിക്കുന്നു.

3 അഗ്നേ ദേവാം ഇഹാ വഹ
ജജ്ഞാനോ വൃക്തബർഹിഷേ
അസി ഹോതാ ന ഈഡ്യഃ

അന്വയം:—

ഹേ അഗ്നേ, ജജ്ഞാനഃ — അരണ്യോരുത്പന്നഃ (ത്വം)
വൃക്ത-ബർഹിഷേ — ആസ്തരണാർത്ഥം ഛിന്നേന
ബർഹിഷാ യുക്തായ തം
യജമാനമനുഗ്രഹീതും
ഇഹ ദേവാൻ ആ വഹ — കർമ്മണി ദേവാൻ ആനയ
നഃ — അസ്മാകം
ഹോതാ — ദേവാനാമാഹ്വാതാ (ത്വം)
ഈഡ്യഃ അസി — സ്തുത്യഃ ഭവസി

അർത്ഥം.—അല്ലയോ അഗ്നേ, അരണിയിൽനിന്നുണ്ടായ അവിടുന്ന് കുശാസ്തരണത്തോടുകൂടിയ യജമാനനെ അനുഗ്രഹിപ്പാനായി ഹവിർഭുക്കുകളായ ദേവന്മാരെ ഈ കർമ്മത്തിൽ ആനയിച്ചാലും. ഞങ്ങൾക്കുവേണ്ടി ദേവന്മാരെ വിളിക്കുന്ന അവിടുന്ന് സ്തുത്യനാകുന്നു

4 ताँ उशतो वि बोधय

यदग्ने यासि दूत्यं

देवैरा सत्सि बर्हिषि

അന്വയം:—

ഹേ അഗ്നേ, യൽ	— യസ്മാൽ കാരണാൽ
ദൂത്യം യാസി	— ദേവാനാം ദൂതകർമ്മപ്രാപ്നോഷി
(തസ്മാൽ കാരണാൽ)	
ഉശതഃ താൻ	— ഹവിഃ കാമയമാനാൻ ദേവാൻ (ഹവിസ്വീകാരാർത്ഥം വി ബോധയ,
(വിബോധ്യ ച)	
ബർഹിഷി	— അസ്മിൻ കർമ്മണി.
(തൈഃ) ദേവൈഃ (സഹ)	
ആ സത്സി	— ആസീദ, ഉപവിശ

അർത്ഥം,—അല്ലയോ അഗ്നേ, ഏതുകാരണത്താൽ അവിടുന്നു് ദേവന്മാരുടെ ദൂതകർമ്മം ഏററുവോ, ആ കാരണത്താൽ ഹവിഷ്കാമന്മാരായ ദേവന്മാരെ ഹവിസ്വീകാരത്തിന്നു് പ്രബോധിപ്പിച്ചാലും (ക്ഷണിച്ചുകൊണ്ടുവന്നാലും) ആ ദേവന്മാരോടൊപ്പം അവിടുന്നു് ഈ കർമ്മത്തിൽ വന്നിരുന്നാലും

5 घृताहवन दीदिवः

प्रति ष्म रिषतो दह

अग्ने त्वं रक्षस्विनः

അന്വയം:—

ഹേ ഘൃത—ആഹവന	— ഘൃതേന ഹൂയമാന
ദീദി—വഃ, അഗ്നേ ത്വം	— ദീപ്യമാന, അഗ്നേ
രക്ഷസ്വിനഃ	— രക്ഷായുക്താൻ
രിഷതഃ	— ഹിംസകാൻ, ശത്രൂൻ
പ്രതി	— അസ്മാകം പ്രതികൂലാൻ
ദഹ സ്മ	— സർവ്വഥാ ഭസ്മീകുരു

അർത്ഥം—നെയ്യിനാൽ വിളിക്കപ്പെടുന്നവനും (നെയ്യ് ഹോമിച്ചാൽ പ്രീതിപൂർവ്വം പൊങ്ങിവരുന്നവനും) ദീപ്യമാനനുമായ അഗ്നേ, സ്വരക്ഷകളോടുകൂടി വരുന്ന അക്രമികളായ ശത്രുക്കളെ, ഞങ്ങളുടെ പ്രതിയോഗികളെ, അവിടുന്നു തികച്ചും വെണ്ണീറാക്കിയാലും

6 അഗ്നിനാഗ്നിസ്സമിധ്യതേ
കവിർഗൃഹപതിര്യുവാ
ഹവ്യവാഡ്ജുഹ്വാസ്യഃ വ 22

അന്വയം:—

കവിഃ	— മേധാവീ
ഗൃഹ-പതിഃ	— യജമാനഗൃഹസ്യ പാലകഃ
യുവാ	— നിത്യതരുണഃ
ഹവ്യ-വാട്	— ഹവിഷോ വോഢാ
ജുഹൂ-ആസ്യഃ	— ജുഹൂഃ ആസ്യം യസ്യ സഃ
അഗ്നിഃ	— ആഹവനീയാഖ്യഃ
(അതിൽ പ്രക്ഷിപ്യമാണേന) അഗ്നിനാ	— പ്രണീതേന സഹ
സം ഇധ്യതേ	— സമ്യക് ദീപ്യതേ

അർത്ഥം—മേധാവിയും, യജമാനന്റെ ഗൃഹത്തെ കാക്കുന്നവനും നിത്യതരുണനും ദേവന്മാർക്കു ഹവിസ്സു വഹിക്കുന്നവനും ജുഹു(ഹോമിക്കുന്ന ഉപകരണം)വാകുന്ന മുഖത്തോടുകൂടിയവനുമായ ആഹവനീയാഗ്നി തന്നിൽ പ്രക്ഷേപിക്കപ്പെടുന്ന, തന്നിൽ കൂട്ടിച്ചേർക്കപ്പെടുന്ന, തന്നിലേക്കു പ്രണയിക്കപ്പെടുന്ന മറ്റ് അഗ്നികൊണ്ട് നല്ലപോലെ ജ്വലിക്കുന്നു

വർഗ്ഗം 23

7 കവിമഗ്നിമുപ സ്തുഹി
സത്യധർമ്മാണമധ്വരേ
ദേവമമീവചാതനം

അന്വയം:—

(ഹേ സ്തോതൃസംഘ)

കവിം	— മേധാവിനം
സത്യ-ധർമ്മാണം	— സത്യം ധർമ്മോ യസ്യ തം
ദേവം	— ദ്യോതമാനം
അമീവ—ചാതനം	— അമീവാനാം, രോഗാണാം ഘാതകം
അഗ്നിം അധ്വരേ ഉപ സ്തുഹി	— ക്രതൗ ഉപേത്യ സ്തുതിം കുരു

അർത്ഥം—ഹേ സ്തോതാക്കളേ, മേധാവിയും സത്യത്തെ ധർമ്മമായി പാലിക്കുന്നവനും ദീപ്യമാനനും രോഗങ്ങളുടെ പരിഹർത്താവുമായ അഗ്നിയെ നിങ്ങൾ ഈ യാഗത്തിൽ അടുത്തു ചെന്നു സ്തുതിക്കുക.

8 യസ്ത്വാമഗ്നേ ഹവിഷ്പതി—

ർദ്ദൂതം ദേവ സപര്യതി

തസ്യ സ്മ പ്രാവിതാ ഭവ

അന്വയം:—

ഹേ, അഗ്നേ, ദേവ

യഃ ഹവിഃ—പതിഃ	— യജമാനഃ
(ദേവ) ദൂതം ത്വാം	
സപര്യതി	— പരിചരതി
തസ്യ (യജമാനസ്യ) പ്ര—	
അവിതാ ഭവ സ്മ	— അവശ്യം രക്ഷിതാ ഭവ.

അർത്ഥം—അല്ലയോ അഗ്നേ, ദേവ, യാതൊരു യജമാനൻ ദേവദൂതനായ അവിടത്തെ സേവിക്കുന്നുവോ, ഉറപ്പായും ആ യജമാനൻെറ രക്ഷകനായി ഭവിച്ചാലും.

9 യോ അഗ്നിം ദേവ വീതയേ

ഹവിഷ്മാ ആവിവാസതി

തസ്മൈ പാവക മൃളയ

അന്വയം —

ഹേ പാവക,	— അഗ്നേ,
ഹവിഷ്മാൻ യഃ	— ഹവിര്യുക്തഃ യഃ യജമാനഃ
ദേവ—വീതയേ	— ദേവാനാം ഹവിർഭക്ഷണഹേതു യാഗാർത്ഥം
അഗ്നിം ആ—വിവാസതി	— അഗ്നേസ്സമീപേ വിശേഷേണാ ഗത്യ പരിചര്യാം കരോതി
തസ്മൈ മൃളയ	— തം യജമാനം സുഖയ

അർത്ഥം—അല്ലയോ അഗ്നേ, ഹവിസ്സോടുകൂടിയ യാതൊരു യജമാനൻ, ദേവന്മാരുടെ ഹവിർഭക്ഷണഹേതുവായ യാഗത്തിന്നായി (ദേവയാഗത്തിന്നായി) അഗ്നിയുടെ (അവിടുത്തെ) അടുക്കൽവന്നു സേവിക്കുന്നുവോ, ആ യജമാനനെ സുഖിപ്പിച്ചാലും.

10 സ നഃ പാവക ദീദിവോ—
ഗ്നേ ദേവാ ഇഹാ വഹ
ഉപ യജ്ഞം ഹവിശ്ച നഃ

അന്വയം—

ഹേ ദീദി—വഃ, പാവക, അഗ്നേ	— ദീപ്യമാന, ശോധക, അഗ്നേ
സഃ (ത്വം) നഃ	— അസ്മദർത്ഥം
ഇഹ	— ദേവയജനദേശേ
ദേവാൻ ആ വഹ	— ആനയ
(തതഃ) നഃ യജ്ഞം	— അസ്മദീയം യജ്ഞം
(തത്രത്യം) ഹവിഃച ഉപ	— ദേവസമീപേ പ്രാപയ

അർത്ഥം—അല്ലയോ ദീപ്യമാന, ശുദ്ധികര, അഗ്നേ, അവിടുന്നു ഞങ്ങൾക്കുവേണ്ടി ഈ ദേവയാഗഭൂവിൽ ദേവന്മാരെ ആനയിച്ചാലും. പിന്നെ ഞങ്ങളുടെ യജ്ഞത്തെയും അവിടെയുള്ള ഹവിസ്സിനെയും ദേവസമീപത്തിൽ എത്തിച്ചാലും.

11 സ നഃ സ്തവാന ആ ഭര

ഗായത്രേണ നവീയസാ

രയിം വീരവതീമിഷം

അന്വയം:—

നവീയസാ	—	നവതരേണ, പൂർവ്വൈകരപ്യ സംപാദിതേന
ഗായത്രേണ	—	ഗായത്രീച്ഛന്ദസ്കേന സൂക്തേന
സ്തവാനഃ	—	സ്തൂയമാനഃ
സഃ (ത്വം) നഃ	—	അസ്മദർത്ഥം
രയിം	—	ധനം
വീര-വതീം ഇഷം	—	വീരപുത്രഭൃത്യയുക്തം അന്നം (ച)
ആ ഭര	—	സമ്പാദയ

അർത്ഥം—അല്ലയോ അഗ്നേ, മുമ്പുള്ളവരാൽ ചൊല്ലപ്പെടാത്ത പുതിയ ഗായത്രീവൃത്തസൂക്തത്താൽ സ്തുതിക്കപ്പെടുന്ന അവിടുന്നു ഞങ്ങൾക്ക് ഐശ്വര്യവും വീരപുത്രാദികളോടു കൂടിയ അന്നവും (പുഷ്ടിയും) ഉണ്ടാക്കിത്തന്നാലും.

12 അഗ്നേ ശുക്രേണ ശോചിഷാ

വിശ്വാഭിർദ്ദേവഹൂതിഭിഃ

ഇമം സ്തോമം ജുഷസ്വ നഃ വ 23

അന്വയം —

ഹേ അഗ്നേ, ശുക്രേണ

ശോചിഷാ	—	ത്വദീയശ്വേതവർണ്ണദീപ്ത്യാ
വിശ്വാഭിഃ ദേവഹൂതി-ഭിഃ	—	ത്വൽകൃതസർവ്വദേവതാഹ്വാന സാധനസ്തോത്രൈഃ യുക്തഃ ത്വം
നഃ ഇമം സ്തോമം ജുഷസ്വ	—	അസ്മദീയം സ്തോത്രവിശേഷം സേവസ്വ

അർത്ഥം—അല്ലയോ അഗ്നേ, വെളുത്ത ജ്വാലകളോടും എല്ലാദേവന്മാരെയും വിളിക്കുന്ന (അവിടുന്നു നിർമ്മിച്ച) സ്തോത്രങ്ങളോടും കൂടിയ അവിടുന്നു ഞങ്ങളുടെ ഈ സ്തോത്രവിശേഷത്തെ സ്വീകരിച്ചാലും.

വർഗ്ഗം—24—25 (ആപ്രീസൂക്തം)

1 സുസമിദ്ധോ ന ആ വഹ
ദേവാ അഗ്നേ ഹവിഷ്മതേ
ഹോതഃ പാവക യക്ഷി ച

അന്വയം —

ഹേ അഗ്നേ, സു—സമിദ്ധഃ	— തന്നാമകസ്ത്വം
നഃ ഹവിഷ്മതേ	— അസ്മദീയായ യജമാനായ, തദനുഗ്രഹാർത്ഥം
ദേവാൻ ആ വഹ	— ആനയ
ഹേ പാവക	— ശോധക
ഹോതഃ	— ഹോമനിഷ്പാദക, (അഗ്നേ)
യക്ഷി ച	— യജ ച

അർത്ഥം—അല്ലയോ അഗ്നേ, സമിദ്ധൻ എന്ന പേരോടുകൂടിയ അവിടുന്ന് ഞങ്ങളുടെ യജമാനനെ അനുഗ്രഹിപ്പാനായി ദേവന്മാരെ ആവഹിച്ചാലും. അല്ലയോ ശുദ്ധികര ഹോമം ഉണ്ടാക്കുന്ന കാരണത്താൽ ഹോതാവേ, അവിടുന്നുതന്നെ യജിക്കുകയും ചെയ്യാലും.

2 മധുമന്തം തനൂനപാ—
ദ്യജ്ഞം ദേവേഷു നഃ കവേ
അദ്യാ കൃണുഹി വീതയേ

അന്വയം —

ഹേ കവേ,	— മേധാവിൻ (അഗ്നേ)
തനൂ—നപാത്	— ഏതന്നാമകസ്ത്വം
അദ്യ	— അസ്മിൻ ദിനേ
നഃ മധു—മന്തം യജ്ഞം	— അസ്മദീയം രസവന്തം ഹവിഃ
വീതയേ	— ഭക്ഷണായ
ദേവേഷു കൃണുഹി	— കുരു പ്രാപയ

അർത്ഥം—മേധാവിയായ അഗ്നേ തനൂനപാൽ എന്ന പേരോടുകൂടിയ അവിടുന്ന് ഇന്ന് ഞങ്ങളുടെ സുസ്വാദുവായ ഹവിസ്സിനെ ഭക്ഷണത്തിന്നായി ദേവന്മാരിൽ എത്തിച്ചാലും.

3 നരാശംസമിഹ പ്രിയ—

മസ്മിൻ യജ്ഞ ഉപഹ്വയേ

മധുജിഹ്വം ഹവിഷ്കൃതം

അന്വയം:—

ഇഹ	— ദേവയജനദേശേ
അസ്മിൻ	— (പ്രവർത്തമാനേ) യജ്ഞേ
പ്രിയം	— ദേവാനാം പ്രീതിഹേതും
മധു—ജിഹ്വം	— മധുരഭാഷിതജിഹ്വോപേതം
ഹവിഃ—കൃതം	— ഹവിഷോനിഷ്പാദകം
നരാശംസം	— ഏതന്നാമകമഗ്നിം
ഉപ ഹ്വയേ	— ആഹ്വയാമി

അർത്ഥം—ഈ ദേവയാഗഭൂമിയിൽ നടന്നുവരുന്ന ഈ യജ്ഞത്തിൽ ദേവന്മാർക്ക് ഇഷ്ടഭൂതനും മധുരമായി ഭാഷിക്കുന്ന നാവോടുകൂടിയവനും ഹവിസ്സിനെ ഉണ്ടാക്കുന്നവനും നരാശംസൻ എന്ന പേരോടുകൂടിയവനുമായ അഗ്നിയെ ഞാൻ വിളിക്കുന്നു.

4 അഗ്നേ സുഖതമേ രഥേ

ദേവാം ഈളിത ആ വഹ

അസി ഹോതാ മനുർഹിതഃ

അന്വയം:—

(ഇട്ശബ്ദാഭിധേയ) ഹേ അഗ്നേ ഈഡിതഃ—സ്തുതസ്സൻ

സുഖ—തമേ	— അതിശയേന സുഖഹേതൗ
(കസ്മിംശ്ചിൽ) രഥേ	
ദേവാൻ	— (സ്ഥാപയിത്വാ, കർമ്മഭൂമൗ)
ആ വഹ	— ആനയ
മനുഃ—ഹിതഃ	— മന്ത്രേണ ഹിതഃ, സ്ഥാപിതഃ (ത്വം)
ഹോതാ അസി	— ദേവാനാം ആഹ്വാതാ അസി

അർത്ഥം—ഇട്ശബ്ദത്താൽ അറിയപ്പെടുന്ന അഗ്നേ, അവിടുന്നു സ്തുതനായി ഏററവും സുഖകരമായ ഒരു തേരിൽ ദേവന്മാരെ ഈ കർമ്മഭൂമിയിലേക്കു് ആവഹിച്ചാലും. മന്ത്രത്താൽ പ്രതിഷ്ഠിതനായ അവിടുന്ന ദേവന്മാരെ വിളിക്കുന്നവനാണല്ലോ (ഈളിതഃ എന്ന പദംകൊണ്ടാണ് ഇട്ശബ്ദാഭിധാനനായ അഗ്നിയെ സൂചിപ്പിക്കുന്നതു്)

5 സ്തൃണീത ബഹിരാനുഷ-
ഗ്ഘൃതപൃഷ്ഠം മനീഷിണഃ
യത്രാമൃതസ്യ ചക്ഷണം

അന്വയം —

ഹേ മനീഷിണഃ,	— ബുദ്ധിമന്തഃ, ഋത്വിജഃ,
യത്ര	— യസ്മിൻ ബഹിഷി
അമൃതസ്യ	— അമൃതസമാനസ്യ ഘൃതസ്യ
ചക്ഷണം	— ദർശനം (ഭവതി)
(തൽ) ബഹിഃ	— ദർഭം
ആനുഷക്	— അനുക്രമേണ സക്തം പരസ്പരം സംബദ്ധം
ഘൃത—പൃഷ്ഠം	— ഘൃതപൂർണ്ണാനാം സ്രുചാം ബർഹിഷി ആസാദിതത്വാത് ഘൃതം പൃഷ്ഠേ ഉപരിഭാഗേ യസ്യ ബർഹിഷഃ, തൽ
സ്തൃണീത	— വേദേഃ ഉപരി ആച്ഛാദയത

(അത്രാപി ബർഹിർന്നാമകോഗ്നിഃ സൂച്യതേ)

അർത്ഥം—ബുദ്ധിമാന്മാരായ ഋത്വിക്കുകളേ ഏതു ദർഭയിൽ അമൃതതുല്യമായ നെയ്യിന്റെ ദർശനം ഭവിക്കുന്നുവോ (ധാരാളം നെയ്യുപുരണ്ടിരിക്കുന്നു വാ) ആ ദർഭപ്പുല്ലന്യോന്യം തൊട്ടുതൊട്ടുകൊണ്ടും നെയ്യുപററിയ സ്രുവം താഴെവെച്ചു് ഉപരിഭാഗത്തു നെയ്യു കലർന്നുകൊണ്ടും വേദിയുടെ മേൽഭാഗത്തു വിരിച്ചു മൂടുക (ഇവിടെ ബർഹിസ്സ് എന്ന പേരായ അഗ്നിയെ സൂചിപ്പിക്കുന്നു)

6 വിശ്രയന്താമൃതാവൃധോ-

ദ്വാരോ ദേവീരസശ്ചതഃ

അദ്യാ നൂനഞ്ച യഷ്ടവേ വ, 24

അന്വയം:

ഋത-വൃധഃ	— ഋതസ്യ യജ്ഞസ്യ വദ്ധയിത്ര്യഃ
ദേവീഃ	— ദ്യോതമാനാഃ
അസശ്ചതഃ	— അസശ്ചന്ത്യഃ, ദ്വാരോൽഘാടനേന പ്രവേഷ്ടൃപുരുഷ സംഗരഹിതാഃ
ദ്വാരഃ	— യജ്ഞശാലാദ്വാരാണി,
അദ്യ നൂനം	— അസ്മിൻ ദിനേ അവശ്യം
യഷ്ടവേ	— യഷ്ടും
വി ശ്രയന്താം	— കവാടോൽഘാടനേന വിവ്രിയന്താം

അർത്ഥം—യജ്ഞത്തെ പോഷിപ്പിക്കുന്നവയും പ്രകാശമാനങ്ങളും തുറന്നാൽ പുരുഷന്മാരുടെ തിരക്കൊഴിയുന്നതുമായ യജ്ഞശാലയുടെ ഉമ്മറങ്ങൾ, ഇന്നു യജിക്കാനായിക്കൊണ്ടു നിശ്ചയമായും വാതിൽ തുറന്നിരിക്കട്ടെ. (ദ്വാരാഭിമാനദേവതകളായ അഗ്നിയുടെ മൂർത്തിവിശേഷങ്ങൾ ഇവിടെ സൂചിപ്പിക്കപ്പെട്ടിരിക്കുന്നു.)

വർഗ്ഗം 25

7 നക്തോഷാസാ സുപേശസാ-

സ്മിൻ യജ്ഞ ഉപ ഹ്വയേ

ഇദം നോ ബർഹിരാസദേ

അന്വയം:—

നഃ	— അസ്മദീയം
അസ്മിൻ യജ്ഞേ	— പ്രവർത്തമാനേ യജ്ഞകർമ്മണി
ഇദം ബർഹിഃ	— വേദ്യാം ആസ്തീർണ്ണം ദർഭം
ആ—സദേ	— ആസത്തും, പ്രാപ്തും

(സു)-പേശസാ — ശോഭനരൂപയുക്തേ
(ന)ക്തോഷസാ — നക്തോഷോനാമികേ വഹ്നി മൂർത്തീ
(ഉ)പ ഹ്വയേ — ആഹ്വയാമി

അർത്ഥം ഞങ്ങളുടെ ഈ നടക്കുന്ന യജ്ഞകർമ്മത്തിൽ വേദി(യി)ൽ വിരിച്ച ദർഭയിൽ വന്നിരിക്കാനായി ശോഭനരൂപയുക്ത(ക)ളായി നക്തോഷസ്സുകൾ എന്ന പേരോടു കൂടിയ (രണ്ട്) അഗ്(നി)മൂർത്തികളെ വിളിക്കുന്ന (നക്തോഷസ്സുകൾ രാവും പകലും)

8 താ സുജിഹ്വാ ഉപ ഹ്വയേ
ഹോതാരാ ദൈവ്യാ കവീ
യജ്ഞം നോ യക്ഷതാമിമം

അന്വയം —

സു—ജിഹ്വൗ — ശോഭനജ്വാലൗ
ഹോതാരാ — ഹോമനിഷ്പാദകൗ
ദൈവ്യാ — ദൈവ്യൗ, ദേവസംബന്ധിനൗ
കവീ — മേധാവിനൗ
താ — തൗ (യാജ്ഞികാനാം പ്രസിദ്ധൗ ദൈവ്യഹോതൃനാമകൗ ദ്വാവഗ്നീ)
നഃ ഇമം യജ്ഞം യക്ഷതാം — യജതാം, അനുതിഷ്ഠതാം

അർത്ഥം—ശോഭന ജ്വാലകളോടുകൂടിയവരും ഹോമനിഷ്പാദകന്മാരും ദേവസംബന്ധികളും മേധാവികളും ദൈവ്യഹോതാക്കൾ എന്ന നാമത്തോടുകൂടിയവരുമായ രണ്ടു അഗ്നികൾ ഞങ്ങളുടെ ഈ യജ്ഞത്തെ അനുഷ്ഠിക്കട്ടെ

9 ഇളാ സരസ്വതീ മഹീ
തിസ്രോ ദേവീർമയോഭുവഃ
ബർഹിസ്സീദന്ത്വസ്രിധഃ

അന്വയം —

മയഃ—ഭുവഃ — സുഖോൽപാദികാഃ
അസ്രിധഃ — ക്ഷയേണ രഹിതാഃ

ഇളാ സരസ്വതി മഹീ — ഇളാദിശബ്ദാഭിധേയാ
വഹ്നിമൂർത്തയഃ
തിസ്രഃ ദേവീഃ — ദീപ്യമാനാഃ
(വേദ്യാമാസ്തീർണ്ണം)
ബർഹിഃ സീദന്തു — പ്രാപ്നുവന്തു.
(അത്ര മഹീശബ്ദഃ ഭാരതീമാചഷ്ടേ)

അർത്ഥം—സുഖമുണ്ടാക്കുന്നവരും ഒരിക്കലും ക്ഷയം പററാത്തവരുമായ ഇള, സരസ്വതി, ഭാരതി എന്നിങ്ങനെ പേരുകളോടുകൂടിയ അഗ്നിവിശേഷമൂർത്തികളായ മൂന്നു പ്രകാശവതികളും വേദിയിൽ വിരിച്ച ദർഭയെ പ്രാപിക്കട്ടെ (മഹീ എന്ന പദംകൊണ്ടു ഭാരതിയെയാണു പറയുന്നതു്)

10 ഇഹ ത്വഷ്ടാരമഗ്രിയം
വിശ്വരൂപമുപ ഹ്വയേ
അസ്മാകമസ്തു കേവലഃ

അന്വയം:—
അഗ്രിയം — ശ്രേഷ്ഠം
വിശ്വ—രൂപം — ബഹുവിധരൂപോപേതം
ത്വഷ്ടാരം — ത്വഷ്ട്രനാമകമഗ്നിം
ഇഹ (കർമ്മണി) ഉപ
ഹ്വയേ — ഉപാഹ്വയാമി
(സഃ) അസ്മാകം കേവലഃ
അസ്തു — അസാധാരണഃ ഇതരയജമാനേഭ്യോധികം അനുഗ്രഹം കരോതു

അർത്ഥം—ശ്രേഷ്ഠനും വിവിധരൂപനുമായ ത്വഷ്ടാവെന്ന പേരോടുകൂടിയ അഗ്നിയെ ഈ കർമ്മത്തിൽ വിളിക്കുന്നു. അവിടുന്നു ഞങ്ങൾക്കു മററു യജമാനന്മാരിലും മീതെ അനുഗ്രഹപരനായി (ഞങ്ങൾക്കുമാത്രമുള്ളവനായി) ഭവിക്കട്ടെ.

11 അവസൃജാ വനസ്പതേ
ദേവ ദേവേഭ്യോ ഹവിഃ
പ്രദാതുരസ്തു ചേതനം

അന്വയം —

ഹേ വനസ്പതേ, — ഏതന്നാമകാഗ്നേ,
ദേവ, — ദീപ്യമാന,
(ഹവിർഭുഗ്ഭ്യഃ) ദേവേഭ്യഃ (അസ്മദീയം) ഹവിഃ
അവ സൃജ — സമർപ്പയ
പ്ര ദാതുഃ — യജമാനസ്യ
ചേതനം — പരലോകവിഷയം വിജ്ഞാനം
(ത്വൽപ്രസാദാൽ) അസ്തു — ഭവതു

അർത്ഥം—വനസ്പതി എന്ന പേരോടുകൂടിയ അഗ്നേ, ദേവ, ഹവിർഭുക്കുകളായ ദേവന്മാൎക്ക ഞങ്ങളുടെ ഹവിസ്സിനെ സമർപ്പിച്ചാലും. ദാതാവായ യജമാനന്ന അവിടുത്തെ പ്രസാദത്താൽ പരലോകവിഷയമായ വിജ്ഞാനം ഭവിക്കട്ടെ

12 സ്വാഹാ യജ്ഞം കൃണോതനേ-
ന്ദ്രായ യജ്വനോ ഗൃഹേ
തത്ര ദേവാँ ഉപ ഹ്വയേ വ 25

അന്വയം —

സ്വാഹാ (ഏതന്നാമകാഗ്നിവിശേഷം ലക്ഷയതി)
യജ്ഞം — തദഗ്നിസമ്പാദിതം യജ്ഞം
ഇന്ദ്രായ — ഇന്ദ്രാർത്ഥം
യജ്വനഃ ഗൃഹേ — യജമാനസ്യ ഗൃഹേ
(ഹേ ഋത്വിജഃ)
കൃണോതന — കുരുത
തത്ര (യജ്ഞേ) ദേവാൻ
ഉപ ഹ്വയേ — ആഹ്വയാമി

അർത്ഥം—സ്വാഹാകൃത് എന്ന പേരോടുകൂടിയ അഗ്നിയാൽ സമ്പാദിതമായ യജ്ഞം ഇന്ദ്രന്റെ സന്തോഷത്തിന്നായി യജമാനന്റെ ഗൃഹത്തിൽ, ഋത്വിക്കുകളേ, നിങ്ങൾ നടത്തുക ആ യജ്ഞത്തിൽ ദേവന്മാരെ വിളിക്കുന്നു

വർഗ്ഗം 26–27 വിശ്വേദേവാദേവതാ

1 ഐഭിരഗ്നേ ദുവോ ഗിരോ—

വിശേഭിസ്സോമപീതയേ

ദേവേഭിര്യാഹി യക്ഷി ച

അന്വയം:-

ഹേ അഗ്നേ, ഏഭിഃ	— അസ്മിൻ യജ്ഞേ സംഭാവിതൈഃ
വിശേഭിഃ, ദേവേഭിഃ	— സർവ്വൈർദ്ദേവൈഃ (സഹ)
സോമ—പീതയേ	— സോമപാനോപേതയാഗാർത്ഥം
ദുവഃ	— അസ്മദീയം പരിചര്യാം
ഗിരഃ	— അസ്മദീയാഃ സ്തുതീഃ (ച പ്രതി)
ആ യാഹി, യക്ഷി ച	— ആഗച്ഛ, യജ ച.

അർത്ഥം—അല്ലയോ അഗ്നേ ഈ യജ്ഞത്തിൽ പൂജിതന്മാരായ എല്ലാ ദേവന്മാരോടും കൂടി സോമപാനയുക്തമായ യാഗത്തിന്ന ഞങ്ങളുടെ സപര്യയേയും സ്തുതികളേയും ആസ്വദിച്ചു വന്നാലും, യജിക്കുകയും ചെയ്താലും.

2 ആ ത്വാ കണ്വാ അഹൂഷത

ഗൃണന്തി വിപ്ര തേ ധിയഃ

ദേവേഭിരഗ്ന ആ ഗഹി

അന്വയം:—

ഹേ വിപ്ര	— മേധാവിൻ, (അഗ്നേ)
കണ്വാഃ	— മേധാവിനഃ ഋത്വിജഃ
ത്വാ അഹൂഷത	— യജ്ഞനിഷ്പാദകം ത്വാം ആഹ്വയന്തി
(തഥാ) തേ ധിയഃ ഗൃണന്തി	— ത്വദീയാനി കർമ്മാണി കഥയന്തി
(തതഃ) ഹേ അഗ്നേ, ദേവേഭിഃ ആ ഗഹി	- ദേവൈസ്സഹ ആഗച്ഛ

അർത്ഥം—അല്ലയോ മേധാവിയായ അഗ്നേ, ജ്ഞാനികളായ ഋത്വിക്കുകൾ യജ്ഞനിഷ്പാദകനായ അവിടുത്തെ വിളിക്കു

ന്ന അവിടത്തെ കർമ്മങ്ങളെ കഥിക്കുന്ന അല്ലയോ അഗ്നേ, ദേവന്മാരോടുകൂടിവന്നാലും

3 ഇന്ദ്രവായൂ ബൃഹസ്പതിം
മിത്രാഗ്നിം പൂഷണം ഭഗം
ആദിത്യാന്മാരുതം ഗണം

അന്വയം —

ഹേ അഗ്നേ, ഇന്ദ്രവായൂ, ബൃഹസ്പതിം, മിത്രാ, അഗ്നിം പൂഷണം ഭഗം ആദിത്യാൻ മാരുതം ഗണം (പ്ര യക്ഷി)

അർത്ഥം അല്ലയോ അഗ്നേ, ഇന്ദ്രനേയും വായുവിനേയും ബൃഹസ്പതിയേയും മിത്രനേയും അഗ്നിയേയും പൂഷാവിനേയും ഭഗനേയും ആദിത്യന്മാരേയും മരുത്തുക്കളുടെ സമൂഹത്തേയും അവിടുന്നു യജിച്ചാലും

4 പ്ര വോ ഭ്രിയന്ത ഇന്ദവോ-
മത്സരാ മാദയിഷ്ണവഃ
ദ്രപ്സാ മധ്വശ്ചമൂഷദഃ

അന്വയം —

(ഹേ ഇന്ദ്രാദിദേവാഃ) വഃ — യുഷ്മദർത്ഥം
മത്സരാഃ, മാദയിഷ്ണവഃ — തൃപ്തികരാഃ, ഹർഷഹേതവഃ
ദ്രപ്സാഃ, മധ്വഃ — ബിന്ദുരൂപാഃ, മധുരാഃ
ചമൂ—സദഃ ഇന്ദവഃ — ചമസാദിപാത്രേഷ്വവസ്ഥിതാഃ സോമാഃ
പ്ര ഭ്രിയന്തേ — പ്രകർഷേണ സമ്പാദ്യന്തേ

അർത്ഥം—ഇന്ദ്രാദി ദേവന്മാരേ, നിങ്ങൾക്കുവേണ്ടി തൃപ്തികരങ്ങളും ഹർഷവർദ്ധകങ്ങളും ബിന്ദു(തുള്ളി)രൂപങ്ങളും മധുരങ്ങളും, ചമസാദിപാത്രങ്ങളിൽവെച്ചവയുമായ സോമങ്ങൾ വേണ്ടപോലെ ഒരുക്കിയിരിക്കുന്നു

5 ഈളതേ ത്വാമവസ്യവഃ
കണ്വാസോ വൃക്തബർഹിഷഃ
ഹവിഷ്മന്തോ അരങ്കൃതഃ

അന്വയം —

ഹേ അഗ്നേ അവസ്യവഃ	— അവനഹേതുൻ ദേവാൻ ഇച്ഛന്തഃ
കണ്വാസഃ	— മേധാവിനഃ
വൃക്ത—ബർഹിഷഃ	— ആസ്തരണാർത്ഥം ഛിന്നദർഭാഃ
ഹവിഷ്മന്തഃ	— ഹവിര്യുക്താഃ
അരം—കൃതഃ	— അലംകർത്താരഃ (ഋത്വിജഃ)
ത്വാം ഈളതേ	— സ്തുവന്തി

അർത്ഥം—അല്ലയോ അഗ്നേ, സ്വരക്ഷയ്ക്കു ദേവന്മാരുടെ അനുഗ്രഹമിച്ഛിക്കുന്നവരും മേധാവികളും വിരിപ്പായി ദർഭപ്പുല്ലു ചിതറിയവരും ഹവിസ്സോടുകൂടിയവരും (അവിടുത്തെ) അലങ്കരിക്കുന്നവരുമായ ഋത്വിക്കുകൾ അവിടുത്തെ സ്തുതിക്കുന്നു

6 ഘൃതപൃഷ്ഠാ മനോയുജോ
യേ ത്വാ വഹന്തി വഹ്നയഃ
ആ ദേവാന്ത്സോമപീതയേ വ 26

അന്വയം —

ഹേ അഗ്നേ, ഘൃത—പൃഷ്ഠാഃ	— ഘൃതം, ദീപ്തം പൃഷ്ഠം യേഷാം തേ
മനഃ—യുജഃ	— മനസ്സങ്കല്പമാത്രേണ രഥേ യുജ്യമാനാഃ
വഹ്നയഃ	— വോഢാര
യേ (അശ്വാ) ത്വാ വഹന്തി	— ത്വാം വഹന്തി
(തൈരശ്വൈഃ) സോമ-	

പീതയേ — സോമപാനഹേതുയാഗാർത്ഥം
ദേവാൻ ആ — ദേവാൻ ആ വഹ

അർത്ഥം—അല്ലയോ അഗ്നേ, ദീപ്തമായ പൃഷ്ഠങ്ങളോടുകൂടിയവയും മനസ്സുകല്പനാൽമാത്രം തേരിൽ പൂട്ടപ്പെടുന്നവയും തേർവലിക്കുന്നവയുമായി ഏതശ്വങ്ങളാണോ അവിടത്തെ വഹിക്കുന്നതു്, ആ അശ്വങ്ങളോടുകൂടി സോമപാനയുക്തമായ ഈ യാഗത്തിന്ന ദേവന്മാരെ ആവഹിക്കുക.

വർഗ്ഗം 27

7 താൻ യജത്രാ ഋതാവൃധോ ഽ-
ഗ്നേ പത്നീവതസ്കൃധി
മധ്വഃ സുജിഹ്വ പായയ

അന്വയം —

ഹേ അഗ്നേ, യജത്രാൻ — യജനീയാൻ
ഋത-വൃധഃ — യജ്ഞവർദ്ധകാൻ
താൻ — ഇന്ദ്രാദീൻ ദേവാൻ
പത്നീ-വതഃ കൃധി — പത്നീയുക്താൻ കുരു
ഹേ സു-ജിഹ്വ, — ശോഭനജിഹ്വോപേത,
മധ്വഃ — മധുരസ്യ സോമസ്യ ഭാഗം
(ദേവാൻ) പായയ — പാനായ പ്രയച്ഛ.

അർത്ഥം—അല്ലയോ അഗ്നേ, യജിക്കപ്പെടേണ്ടവരും യജ്ഞത്തെ പോഷിപ്പിക്കുന്നവരുമായ ഇന്ദ്രാദിദേവന്മാരെ ഈ യജ്ഞത്തിൽ പത്നീയുക്തന്മാരാക്കുക (സഭാര്യന്മാരായി വരുത്തിയാലും) മധുരമായ സോമാംശം ദേവന്മാരെക്കൊണ്ടു കുടിപ്പിച്ചാലും.

8 യേ യജത്രാ യ ഈഡ്യാ-
സ്തേ തേ പിബന്തു ജിഹ്വയാ
മധോരഗ്നേ വഷട്കൃതി

അന്വയം —

യേ (ദേവാഃ) യജത്രാഃ — യഷ്ടവ്യാഃ

(തഥാ) യേ (ദേവാഃ)
ഈഡ്യാഃ — സ്തുത്യാഃ
തേ (സർവ്വേപി)
വഷട്—കൃതി — വഷട്കാരയുക്തേ യാഗേ
ഹേ അഗ്നേ തേ
ജിഹ്വയാ
മധോഃ — മധുരസ്യ സോമസ്യ ഭാഗം
പിബന്തു — പാനം കുർവ്വന്തു

അർത്ഥം — ദേവന്മാരേവർ യജിക്കപ്പെടേണ്ടവരാണോ, ഏവർ സ്തുതിക്കപ്പെടേണ്ടവരാണോ, ആ ദേവന്മാരെല്ലാം വഷട്കാരയുക്തമായ ഈ യാഗത്തിൽ, അല്ലയോ അഗ്നേ, അവിടുത്തെ നാവിലൂടെ മധുരമായ സോമാംശം കുടിക്കട്ടെ.

9 ആകീം സൂര്യസ്യ രോചനാ—
ദ്വിശ്വാന്ദേവാം ഉഷർബ്ബുധഃ
വിപ്രോ ഹോതേഹ വക്ഷതി.

അന്വയം:-

വിപ്രഃ — മേധാവീ
ഹോതാ — ഹോമനിഷ്പാദകഃ (അഗ്നിഃ)
ഉഷഃ—ബുധഃ — ഉഷഃകാലേ യാഗഗമനായ പ്രബുധ്യമാനാൻ
വിശ്വാൻ ദേവാൻ — സർവ്വാൻ ദേവാൻ
സൂര്യസ്യ (സംബന്ധിനഃ)
രോചനാത് — സ്വർഗ്ഗലോകാത്
ഇഹ ആകീം വക്ഷതി — കർമ്മണി ആവഹതു

അർത്ഥം—മേധാവിയും ഹോമനിഷ്പാദകനുമായ അഗ്നി, യാഗത്തിന്നു പോകാൻ പ്രാതഃകാലത്തു് ഉണർന്നിട്ടുള്ള എല്ലാ ദേവന്മാരേയും സൂര്യസംബന്ധിയായ സ്വർഗ്ഗലോകത്തിൽനിന്ന് ഈ കർമ്മത്തിലേക്കു ആവഹിക്കട്ടെ.

10 വിശ്വേഭിസ്സോമ്യം മധ്വ-
ഗ്ന ഇന്ദ്രേണ വായുനാ
പിബാ മിത്രസ്യ ധാമഭിഃ

അന്വയം —

ഹേ അഗ്നേ (ത്വം)
വിശ്വേഭിഃ — സർവ്വൈ ദേവൈഃ
ഇന്ദ്രേണ വായുനാ — സഹ
മിത്രസ്യ (സംബന്ധിഭിഃ)
ധാമ—ഭിഃ — തേജോമൂർത്തിവിശേഷ രൂപൈസ്സഹ
സോമ്യം മധു പിബ — സോമസംബന്ധി മധുരം ഭാഗം പാനം കുരു

അർത്ഥം—അല്ലയോ അഗ്നേ അവിടുന്നു എല്ലാദേവന്മാരോടും ഇന്ദ്രനോടും വായുവിനോടും മിത്രനുസംബന്ധിച്ച തേജോമൂർത്തിവിശേഷങ്ങളോടും കൂടി സോമത്തിന്റെ മധുരാംശത്തെ കുടിച്ചാലും.

11 ത്വം ഹോതാ മനുർഹിതോ-
ഗ്നേ യജ്ഞേഷു സീദസി
സേമന്നോ അധ്വരം യജ

അന്വയം —

ഹേ അഗ്നേ മനു —
ഹിതഃ — മനുഷ്യേണ (ഹോത്രാദി രൂപേണ) ഹിതഃ
ഹോതാ (യഃ ത്വം)
യജ്ഞേഷു സീദസി — ഹോമനിഷ്പാദകഃ യജ്ഞേഷു സ്ഥിതവാൻ
സ (ത്വം) ഇമം അധ്വരം
യജ — നിഷ്പാദയ

അൎത്ഥം—അല്ലയോ അഗ്നേ, ഹോതാക്കൾ മുതലായ മനുഷ്യരാൽ സ്ഥാപിതനായി, ഹോമത്തെ ഉണ്ടാക്കുന്നവനായി യാതൊരവിടുന്നു യജ്ഞങ്ങളിൽ ഇരുന്നരുളുന്നുവോ, ആ അവിടുന്നു ഹിംസയില്ലാത്ത ഈ യജ്ഞത്തെ യജിച്ചാലും, ഉൽപാദിപ്പിച്ചാലും (അധ്വരം എന്ന വാക്കിനു 'ധ്വരം ഹിംസ ഇല്ലാത്തതെന്നൎത്ഥം യാഗത്തിൽ പശ്വാലംഭനം ഹിംസയല്ലെന്നും അതുകൊണ്ടു് ഹിംസയില്ലാത്തതു് എന്നുള്ളതിന്നു പശ്വാലംഭനമില്ലാത്തതു് എന്നല്ല അൎത്ഥമെന്നും പശ്വാലംഭനം ഹിംസയല്ലാത്തതുകൊണ്ടു് ഹിംസയില്ലാത്തതു് എന്നാണൎത്ഥമെന്നും കൎമ്മവേദികൾ പറയുന്നു)

12 യുക്ഷ്വാ ഹ്യരുഷീ രഥേ
ഹരിതോ ദേവ രോഹിതഃ
താഭിർദ്ദേവാ ഇഹാ വഹ. വ 27

അന്വയം—

ഹേ ദേവ, (അഗ്നേ)

അരുഷീഃ	— ഗതിമതീഃ
ഹരിതഃ	— (രഥാരൂഢാൻ) ഹൎത്തും നേതും, സമൎത്ഥാഃ
രോഹിതഃ	— രോഹിച്ഛബ്ദാഭിധേയാഃ ത്വദീയാഃ ബഡവാഃ
രഥേ യുക്ഷ്വ ഹി	— അവശ്യം രഥേയോജയ
താഭിഃ (ബഡവാഭിഃ) ഇഹ	
ദേവാൻ ആ വഹ	— ആനയ

അൎത്ഥം—അല്ലയോ ദേവ, അഗ്നേ. ഗതിവേഗമുള്ളവയും തേരിൽ കയറിയവരെ വേണ്ടിടത്തു് വേണ്ടസമയത്തെത്തിക്കാൻ കഴിവുള്ളവയും രോഹിത്തുകളെന്നറിയപ്പെടുന്നവയുമായ അവിടുത്തെ പെൺകുതിരകളെ രഥത്തിൽ അവശ്യം ബന്ധിച്ചാലും അവയെക്കൊണ്ടു് (ഓടിച്ചു്) ഈ കൎമ്മത്തിൽ ദേവന്മാരെ കൊണ്ടുവന്നാലും.

വർഗ്ഗം 28–29 വിശ്വേദേവാ ദേവതാ

1 ഇന്ദ്ര സോമം പിബ ഋതു–
നാ ത്വാ വിശന്ത്വിന്ദവഃ
മത്സരാസസ്തദോകസഃ

അന്വയം:—

ഹേ ഇന്ദ്ര, ഋതുനാ (സഹ)
സോമം പിബ — പാനം കുരു
മത്സരാസഃ — തൃപ്തികരാഃ
തത്–ഓകസഃ — തന്നിവാസാഃ, സ്വസ്ഥാ ത്വദുദരസ്ഥായിനഃ
ഇന്ദവഃ — പീയമാനാസ്സോമാഃ
ത്വാ (ത്വാം) ആ വിശന്തു — പ്രവിശന്തു

അർത്ഥം—അല്ലയോ ഇന്ദ്ര, ഋതുവോടുകൂടി (ഈ ഋതുവിൽ, വസന്തത്തിൽ) സോമം കുടിച്ചാലും. തൃപ്തിഹേതുക്കളും അവിടുത്തെ ഉദരംതന്നെ സ്ഥിരനിവാസസ്ഥാനമായവയും പാനയോഗ്യങ്ങളുമായ സോമങ്ങൾ അവിടുത്തെ ആവേശിക്കട്ടെ

2 മരുതഃ പിബത ഋതുനാ
പോത്രാദ്യജ്ഞം പുനീതന
യൂയം ഹി ഷ്ഠാ സുദാനവഃ

അന്വയം:—

ഹേ മരുതഃ, ഋതുനാ,
(സഹ) പോത്രാത് — പോതൃനാമകസ്യ ഋത്വിജഃ പാത്രാത്
(സോമം) പിബത — പാനം കുരുത
ഹേ സു–ദാനവഃ — ശോഭനദാതാരഃ
ഹി — യസ്മാത് കാരണാത്
യൂയം സ്ഥ — യുഷ്മാകം ശോധയിതൃത്വം പ്രസിദ്ധം
(തസ്മാത് അസ്മദീയം)
യജ്ഞം പുനീതന — ശോധയത

അർത്ഥം—അല്ലയോ മരുത്തുക്കളേ, ഋതുവോടുകൂടി, ഈ ഋതു അനുഭവിക്കുന്ന കൂട്ടത്തിൽ, പോതാവെന്ന ഋത്വിക്കിന്റെ പാത്രത്തിൽനിന്നു സോമം കുടിച്ചാലും. സദഭീഷ്ടപ്രദന്മാരേ, നിങ്ങളുടെ ശുദ്ധീകരത്വം പ്രസിദ്ധമാണല്ലോ. അക്കാരണത്താൽ ഞങ്ങളുടെ യജ്ഞത്തെ ശുദ്ധീകരിച്ചാലും.

3 അഭി യജ്ഞം ഗൃണീഹിനോ

ഗ്നാവോ നേഷ്ടഃ പിബ ഋതുനാ

ത്വം ഹിരത്നധാ അസി

അന്വയം:—

ഹേ ഗ്നാവഃ,	— പത്നീയുക്ത,
നേഷ്ടഃ,	— ത്വഷ്ടഃ,
നഃ യജ്ഞം	— അസ്മദീയം യജ്ഞം
അഭി ഗൃണീഹി	— അഭിതഃ, ദേവാനാം സമീപേ സ്തുഹി
ഹി	— യസ്മാൽ കാരണാൽ
ത്വം രത്ന–ധാഃ അസി	— രത്നാനാം ദാതാസി
(തസ്മാൽ) ഋതുനാ	
(സഹ സോമം) പിബ	— പാനം കുരു

അർത്ഥം—അല്ലയോ പത്നീയുക്തനായ ത്വഷ്ടാവേ, ഞങ്ങളുടെ യജ്ഞത്തെ ദേവന്മാരുടെ മുമ്പിൽ പ്രശംസിച്ചാലും. അവിടുന്നു രത്നദാതാവാണല്ലോ. അതിനാൽ ഈ ഋതു ആസ്വദിച്ചുകൊണ്ട്, ഋതുവോടുകൂടി, സോമം കുടിച്ചാലും. (ഞങ്ങളുടെ സോമം ഉൾക്കൊണ്ടു ഞങ്ങൾക്കു സാധാരണൈശ്വര്യം തന്നരുളിയാലും)

4 അഗ്നേ ദേവാം ഇഹാ വഹ

സാദയാ യോനിഷു ത്രിഷു

പരി ഭൂഷ പിബ ഋതുനാ.

അന്വയം —

ഹേ അഗ്നേ, ദേവാൻ
ഇഹ ആ വഹ — ആനയ
(തതഃ) യോനിഷു ത്രിഷു
(സവനേഷു) സാദയ — ഉപവേശയ
(തതഃ താൻ) പരി ഭൂഷ — അലങ്കുരു
ഋതുനാ (സഹ ത്വം
സോമം) പിബ — പാനം കുരു

അർത്ഥം—അല്ലയോ അഗ്നേ ദേവന്മാരെ ഈ കർമ്മത്തിൽ ആവഹിച്ചാലും. പിന്നെ, സ്ഥാനങ്ങളിൽ, മൂന്നു സവനങ്ങളിൽ, അവരെ ഇരുത്തിയാലും. അവരെ അലങ്കരിച്ചാലും. ഋതുവോടുകൂടി അവിടുന്നു സോമം കുടിച്ചാലും.

5 ബ്രാഹ്മണാദിന്ദ്ര രാധസഃ
പിബാ സോമമൃതൂꣳരനു
തവേദ്ധി സഖ്യമസ്തൃതം

അന്വയം —

ഹേ ഇന്ദ്ര, ഹി — യസ്മാത്
തവ ഇത് — തവൈവ
സഖ്യം അസ്തൃതം — ഋതൂനാം അവിച്ഛിന്നം
(തസ്മാത് ത്വം)
ബ്രാഹ്മണാത് — ബ്രാഹ്മണാച്ഛംസിസംബന്ധാത്
രാധസഃ — ധനഭൂതാത് പാത്രാത്
ഋതൂൻ അനു സോമം
പിബ — ഋതുനാ സഹ സോമം പിബ

അർത്ഥം—അല്ലയോ ഇന്ദ്ര യാതൊരു കാരണത്താൽ അവിടുത്തെ സഖ്യം ഋതുഭേദം ബാധിക്കാത്തതാണോ എല്ലാ ഋതുക്കളുമായി ഇണങ്ങിയതാണോ, ആ കാരണത്താൽ അവിടുന്ന് ഋതുക്കളോടൊത്ത്, ഋതുദേവതകളോടുകൂടി ബ്രാഹ്മണാച്ഛംസിയുടെ ധനപുഷ്ടമായ പാത്രത്തിൽനിന്ന്

6 യുവം ദക്ഷം ധൃതവ്രത
മിത്രാവരുണ ദൂളഭം
ഋതുനാ യജ്ഞമാശാഥേ വ. 28

അന്വയം:—

ഹേ ധൃത—വ്രതാ	— സ്വീകൃതകർമ്മാണൗ
മിത്രാവരുണാ	— മിത്രാവരുണൗ
യുവം	— ഉഭൗ യുവാം
ഋതുനാ	— സഹാസ്മദീയം
ദക്ഷം	— പ്രവൃദ്ധം
ദൂഃ—ദഭം	— ദുർഹിംസം, ശത്രുഭിഃധർഷ്ടും നാശയിതും അശക്യം
യജ്ഞം ആശാഥേ	— വ്യാപ്നുഥഃ

അർത്ഥം—കർമ്മത്തെ സ്വയം സ്വീകരിച്ചവരായ മിത്രവരുണന്മാരേ, നിങ്ങൾ രണ്ടുപേരും ഋതുദേവതയോടുകൂടി ഞങ്ങളുടെ പ്രവൃദ്ധവും ശത്രുക്കളാൽ കേടുവരുത്താൻ കഴിയാത്തതുമായ ഈ യജ്ഞത്തെ പ്രാപിക്കുന്നു.

വർഗ്ഗം 29

7 ദ്രവിണോദാ ദ്രവിണസോ—
ഗ്രാവഹസ്താസോ അധ്വരേ
യജ്ഞേഷു ദേവമീളതേ

അന്വയം:—

അധ്വരേ	— പ്രകൃതിരൂപേ അഗ്നിഷ്ടോമേ
യജ്ഞേഷു	— വികൃതിരൂപേഷു ഉക്ഥാദിഷു
ദ്രവിണഃ—ദാഃ ദേവം	— ധനപ്രദം അഗ്നിം
ദ്രവിണസഃ	— ധനാർത്ഥിനഃ
ഗ്രാവ—ഹസ്താസഃ (ഋത്വിജഃ)	— അഭിഷവസാധനപാഷാണധാരിണഃ
ഈളതേ	— സ്തുവന്തി

അർത്ഥം—പ്രകൃതിരൂപമായ അഗ്നിഷ്ടോമയജ്ഞത്തിലും വികൃതിരൂപങ്ങളായ (പാദവും പദവും പിണച്ചുചൊല്ലുക മുതലായവയുള്ള) യജ്ഞങ്ങളിലെ ഉക്ഥാദിമന്ത്രങ്ങളിലും ധനപ്രദനായ അഗ്നിദേവനെയാണ്, ധനാർത്ഥികളും പിടിക്കല്ലുകയ്യിലേന്തുന്നവരുമായ ഋത്വിക്കുകൾ സ്തുതിക്കുന്നതു്

8 ദ്രവിണോദാ ദദാതു നോ—
വസൂനി യാനി ശൃണ്വിരേ
ദേവേഷു താ വനാമഹേ

അന്വയം —

യാനി (ധനാനി)	
ശൃണ്വിരേ	— ഹവിരുപയുക്തത്വേന ശ്രൂയതേ
താ	— താനി (ധനാനി)
ദേവേഷു (നിമിത്തഭൂതേഷു)	
വനാമഹേ	— സംഭജാമഹേ ധനൈഃ ദേവാൻ യഷ്ടും താനി സ്വീകുമഃ
ദ്രവിണഃ ദാഃ	ധനപ്രദഃ (അഗ്നിഃ)
നഃ (താനി) വസൂനി	
ദദാതു	— പ്രയച്ഛതു

അർത്ഥം—യാതൊരു ധനം ഹവിരുപയോഗത്തിന്നു് അതായതു് ദേവന്മാർക്കു സമർപ്പണത്തിന്റെ ഫലമായി പ്രസിദ്ധമാണോ ദേവന്മാർനിമിത്തമായുണ്ടായ ആ ധനത്തെ അവരെ യജിക്കുവാനായി ഞാൻ തേടുന്നു ധനപ്രദനായ അഗ്നി ആ ധനത്തെ തന്നരുളട്ടെ (ധനം യാഗത്തിന്റെ സംഭാരങ്ങൾക്കും ദക്ഷിണാദികൾക്കും മാത്രമേ ആവശ്യമുള്ളൂ അപ്പോൾ യാഗഫലമായി ദേവദത്തമായ ധനം ദേവന്മാർക്കുതന്നെ വീണ്ടും അർപ്പിക്കപ്പെടുന്നു)

9 ദ്രവിണോദാഃ പിപീഷതി
ജുഹോത പ്ര ച തിഷ്ഠത
നേഷ്ട്രാദൃതുഭിരിഷ്യത

അന്വയം:—

ദ്രവിണഃ—ദാഃ	— അഗ്നിഃ
ഋതു—ഭിഃ (സഹ)	
നേഷ്ട്രാൽ	— നേഷ്ട്രസംബന്ധിപാത്രാൽ
പിപീഷതി	— സോമം പാതുമിച്ഛതി
(തതഃ ഹേ ഋത്വിജഃ)	
ഇഷ്യത	— ഹോമസ്ഥാനേ ഗച്ഛത.
(ഗത്വാ ച) ജുഹോത	— ഹോമം കുരുത
(ഹുത്വാ) പ്ര തിഷ്ഠത ച	— ഹോമസ്ഥാനാൽ സ്ഥാനാന്തരം പ്രതി പ്രസ്ഥാനം കുരുത

അർത്ഥം—ധനപ്രദനായ അഗ്നി ഋതുക്കളോടുകൂടി, ഋതുദേവതകളോടുകൂടി, നേഷ്ടാവെന്ന ഋത്വിക്കിന്റെ പാത്രത്തിൽനിന്നു സോമം കുടിക്കുവാൻ ഇച്ഛിക്കുന്നു. അതുകൊണ്ട്, അല്ലയോ ഋത്വിക്കുകളേ, ഹോമസ്ഥാനത്തുചെല്ലുക, ചെന്നിട്ട്, ഹോമിക്കുക. ഹോമിച്ച്, ഹോമസ്ഥാനത്തുനിന്നു മററിടത്തേയ്ക്കു നീങ്ങിയിരിക്കുക.

10 യത്വാ തുരീയമൃതുഭി—
ർദ്രവിണോദോ യജാമഹേ
അധ സ്മാ നോ ദദിർഭവ

അന്വയം:—

ഹേ ദ്രവിണഃ—ദഃ യൽ	— യസ്മാൽ കാരണാൽ
ഋതു—ഭിഃ (സഹ) ത്വാ	
തുരീയം	— ചതുർത്ഥം പൂരണം
യജാമഹേ	— പൂജയാമഹേ
അധ	— തസ്മാൽ കാരണാൽ
നഃ	— അസ്മഭ്യം
ദദിഃ ഭവ സ്മ	— ധനസ്യ ദാതാ അവശ്യം ഭവ

അർത്ഥം:—അല്ലയോ ദ്രവിണോദസ്സേ, (അഗ്നേ,) യാതൊരു കാരണത്താൽ ഋതുക്കളോടുകൂടി, ഋതുദേവതകളോടുകൂടി, ഞങ്ങൾ അവിടുത്തെ നാലാമത്തെ പൂർത്തിയായി യജിക്കുന്നുവോ, ആ കാരണത്താൽ അവിടുന്നു ഞങ്ങൾക്കു ധനദാതാവായി അവശ്യം ഭവിച്ചാലും.

11 അശ്വിനാ പിബതം മധു
ദീദ്യഗ്നീ ശുചിവ്രതാ
ഋതുനാ യജ്ഞവാഹസാ

അന്വയം —

ദീദി-അഗ്നീ — ദ്യോതമാനൗ, ആഹവനീയാദ്യഗ്നിയുക്തൗ
ശുചി-വ്രതാ — ശുദ്ധകർമ്മാണൗ
ഋതുനാ — ഋതുദേവതയാ സഹ
യജ്ഞ-വാഹസാ — യജ്ഞനിർവ്വാഹകൗ
അശ്വിനാ, — ഹേ അശ്വിനൗ,
മധു പിബതം — മാധുര്യോപേതം സോമം പിബതം

അർത്ഥം—ആഹവനീയാദി മൂന്ന അഗ്നികളോടുകൂടിയവരും പരിശുദ്ധകർമ്മാക്കളും, ഋതുദേവതയോടുകൂടി യജ്ഞത്തിന്റെ നിർവ്വാഹകന്മാരായ അശ്വികളേ, മധുരമായ സോമം പാനംചെയ്യാലും

12 ഗാർഹപത്യേന സന്ത്യ
ഋതുനാ യജ്ഞനീരസി
ദേവാന്ദേവയതേ യജ

അന്വയം — (വ —29)

ഹേ സന്ത്യ — ഫലപ്രദാഗ്നേ (ത്വം)
ഗാർഹ-പത്യേന — ഗൃഹപതിസംബന്ധിനാ രൂപേണ യുക്തസ്സൻ
ഋതുനാ — ഋതുദേവതയാ സഹ
യജ്ഞ-നീഃ അസി — യജ്ഞസ്യ നിർവ്വാഹകഃ ഭവസി
(തസ്മാത് ത്വം) ദേവ-യതേ — ദേവവിഷയകാമനായുക്തായ യജമാനായ
ദേവാൻ യജ — പൂജയ

അൎത്ഥം-അഭീഷ്ടപ്രദനായ അഗ്നേ, ഗൃഹപതിരൂപനായി ഋത്വിഗ്ദേവതയോടുകൂടി അവിടുന്നു യജ്ഞനിൎവ്വാഹകനായി ഭവിക്കുന്നു. ദേവസന്തൎപ്പണാസക്തനായ യജമാനന്നുവേണ്ടി ദേവന്മാരെ അവിടുന്നു യജിച്ചാലും.

വൎഗ്ഗം 30—31 ഇന്ദ്രോദേവതാ

1 ആ ത്വാ വഹന്തു ഹരയോ—

വൃഷണം സോമപീതയേ

ഇന്ദ്ര ത്വാ സൂരചക്ഷസഃ

അന്വയം:—

ഹേ ഇന്ദ്ര, വൃഷണം ത്വാ	— കാമാനാം വൎഷിതാരം ത്വാം
സോമ-പീതയേ	— സോമപാനാൎത്ഥം
ഹരയഃ	— ത്വദീയാഃ അശ്വാഃ
ആ വഹന്തു	— അസ്മിൻ കൎമ്മണ്യാനയന്തു
(തഥാ) സൂര-ചക്ഷസഃ	— സൂൎയ്യസമാനപ്രകാശയുക്താഃ (ഋത്വിജഃ)
ത്വാ (പ്രകാശയന്തി)	— ത്വാം മന്ത്രൈഃ പ്രകാശയന്തി

അൎത്ഥം—അല്ലയോ ഇന്ദ്ര, അഭീഷ്ടവൎഷകനായ അവിടുത്തെ, സോമപാനത്തിന്നായി ഹരികൾ (ഇന്ദ്രാശ്വങ്ങൾ) ഈ കൎമ്മത്തിലേയ്ക്കു് ആനയിക്കട്ടെ. പിന്നെ സൂൎയ്യനെപ്പോലെ പ്രകാശമുള്ള ഋത്വിക്കുകൾ അവിടുത്തെ മന്ത്രങ്ങൾകൊണ്ടു പ്രകാശിപ്പിക്കുന്നതാണു്. (മന്ത്രസിദ്ധികൊണ്ടും കൎമ്മസിദ്ധി കൊണ്ടും സൂൎയ്യനെപ്പോലെ പ്രകാശിച്ച ഋഷികൾ ഇന്ദ്രനെപ്പോലും പ്രകാശിപ്പിക്കുവാൻ പോന്നവരായിരുന്നു.)

2 ഇമാ ധാനാ ഘൃതസ്നുവോ—

ഹരീ ഇഹോപ വക്ഷതഃ

ഇന്ദ്രം സുഖതമേ രഥേ

അന്വയം:—

ഹരീ	— ഇന്ദ്രാശ്വൗ
ഇമാഃ ഘൃത-സ്നവഃ	— അലംകരണോപസ്തരണേന ഘൃതസ്രാവിണീഃ

വർഗ്ഗം 31

6 ഇമേ സോമാസ ഇന്ദവ–

സുതാസോ അധിബർഹിഷി

താ ഇന്ദ്ര സഹസേ പിബ

അന്വയം –

ഇന്ദവഃ ഇമേ സോമാസഃ	— ക്ലേദനയുക്താഃ വേദ്യാം അവസ്ഥിതാഃ തത്തൽപാത്ര ഗതാഃ സോമാഃ
ബർഹിഷി അധി	
സുതാസഃ	— യജ്ഞേ ആധിക്യേന അഭിഷുതാഃ
ഹേ ഇന്ദ്ര സഹസേ	— ബലാർത്ഥം
താൻ (സോമാൻ) പിബ	— പാനം കുരു

അർത്ഥം—ആർദ്രങ്ങളായി വേദിയിൽ അതാതു പാത്രങ്ങളിലുള്ള സോമങ്ങൾ ഈ യജ്ഞത്തിൽ (മന്ത്രപൂർവ്വം) നല്ലപോലെ സംസ്കരിച്ചവയാണു. അല്ലയോ ഇന്ദ്ര ബലത്തിന്നുവേണ്ടി ആ സോമങ്ങളെ കുടിച്ചാലും.

7 അയം തേ സ്തോമോ അഗ്രിയോ–

ഹൃദിസ്പൃഗസ്തു ശന്തമഃ

അഥാ സോമം സുതം പിബ

അന്വയം –

(ഹേ ഇന്ദ്ര) അയം	— അസ്മാഭിഃ ക്രിയമാണഃ
സ്തോമഃ	— സ്തോത്രവിശേഷഃ
അഗ്രിയഃ	— ശ്രേഷ്ഠഃ (സൻ)
തേ ഹൃദി–സ്പൃക്	— തവ ഹൃദിസ്പൃശതീതി ഹൃദിസ്പൃക്
ശം–തമഃ അസ്തു	— സുഖതമഃ ഭവതു
അഥ	— സ്തുതേരനന്തരം
സുതം സോമം പിബ	— പാനം കുരു

അർത്ഥം—അല്ലയോ ഇന്ദ്ര, ഞങ്ങളാൽ ചെയ്യപ്പെടുന്ന സ്തോത്രവിശേഷം ശ്രേഷ്ഠമായി, അവിടേക്കു ഹൃദയത്തിൽ തട്ടുന്നതായി, അവിടുത്തെ മനസ്സിൽ അംഗീകൃതമായി, ഏററവും സുഖകരമായി ഭവിക്കട്ടെ. ഈ സ്തുതിക്കുശേഷം സംസ്കരിച്ച സോമം കുടിച്ചാലും.

8 വിശ്വമിൽ സവനം സുത-

മിന്ദ്രോ മദായ ഗച്ഛതി

വൃത്രഹാ സോമപീതയേ

അന്വയം:—

വൃത്ര—ഹാ ഇന്ദ്രഃ	— ശത്രുഘാതകഃ സഃ
സോമ—പീതയേ	— സോമപാനായ
മദായ	— തൽപാനജന്യഹർഷായ (ച)
വിശ്വം ഇൽ	— സർവ്വമപി
സുതം സവനം	— അഭിഷുതസോമയുക്തം പ്രാതസ്സവനാദി രൂപം കർമ്മ
ഗച്ഛതി	— പ്രാപ്നോതി

അർത്ഥം—*ശത്രുഹന്താവായ ഇന്ദ്രൻ സോമപാനത്തിന്നും* അതു കുടിച്ചാലുള്ള ഹർഷത്തിന്നും വേണ്ടി, സംസ്കരിച്ച സോമത്തോടുകൂടിയ എല്ലാ പ്രാതസ്സവനകർമ്മത്തിന്നും എത്തുന്നു.

9 സേമം നഃ കാമമാ പൃണ

ഗോഭിരശ്വൈശ്ശതക്രതോ

സ്തവാമ ത്വാ സ്വാധ്യഃ

വ 31

അന്വയം:—

ഹേ ശത—ക്രതോ, സഃ	
(ത്വം) നഃ ഇമം കാമം	— അസ്മദീയം കാമ്യമാനം ഫലം
ഗോഭിഃ അശ്വൈഃ (ച	
സഹ) ആ പൃണ—	— സർവ്വതഃ പൂരയ
(വയം) സു—ആധ്യഃ	— സുഷ്ഠു സർവ്വതോ ധ്യാനയുക്താസ്സന്തഃ

ത്വാ — ത്വാം
സ്തവാമ — സ്തുമഃ

അത്ഥം—അല്ലയോ ഇന്ദ്ര, പ്രസ്തുതഗുണനായ അവിടുന്ന് ഞങ്ങളാഗ്രഹിക്കുന്ന ഫലത്തെ പശുക്കളോടും കുതിരകളോടും കൂടി എമ്പാടും പൂരിപ്പിച്ചാലും വേണ്ടപോലെ അവിടത്തെ ധ്യാനിച്ചുകൊണ്ട് അവിടത്തെ എല്ലാവിധത്തിലും സ്തുതിക്കുന്നു

വർഗ്ഗം 32–33 ഇന്ദ്രാവരുണൗ ദേവതാ

1 ഇന്ദ്രാവരുണയോരഹം
സമ്രാജോരവ ആ വൃണേ
താ നോ മൃളാത ഈദൃശേ

അന്വയം —

അഹം (അനുഷ്ഠാതാ)
സം–രാജോഃ — സമീചീനരാജ്യോപേതയോഃ, സമ്യക് ദീപ്യമാനയോർവ്വാ
ഇന്ദ്രാവരുണയോഃ (ദേവയോസ്സംബന്ധി) അവഃ — രക്ഷണം
ആ വൃണേ — സർവ്വതഃ പ്രാത്ഥയേ
താ — തൗ ദേവൗ
ഈദൃശേ — ഏവംവിധേ അസ്മദീയവരണേ നിമിത്തഭൂതേ സതി
നഃ മൃളാതഃ — അസ്മാൻ സുഖയതഃ

അത്ഥം—കമ്മാനുഷ്ഠാതാവായ ഞാൻ അധീശന്മാരായ അല്ലെങ്കിൽ പ്രകാശമാനന്മാരായ ഇന്ദ്രവരുണന്മാരുടെ രക്ഷയെ എല്ലാവിധത്തിലും പ്രാത്ഥിക്കുന്നു അവർ എന്റെ പ്രാത്ഥനയെ കണക്കാക്കി എനിക്കു സുഖമണയ്ക്കുന്നു

2 ഗന്താരാഹി സ്ഥോവസേ
ഹവം വിപ്രസ്യ മാവതഃ
ധത്താരാ ചഷ്ണീനാം

അന്വയം:—

(ഹേ ഇന്ദ്രാവരുണൗ,)
ചർഷണീനാം — മനുഷ്യാണാം
ധർത്താരാ — യോഗക്ഷേമസമ്പാദനേ ധാരയിതാരൗ
(യുവാം) അവസേ — അനുഷ്ഠാതാരം അവിതും. രക്ഷിതും
മാ-വതഃ വിപ്രസ്യ — മദ്വിധസ്യ ബ്രാഹ്മണർത്വിജഃ
ഹവം ഗന്താരാ സ്ഥഃ ഹി — ആഹ്വാനം പ്രാപ്തിശീലൗ ഭവഥഃ

അർത്ഥം—അല്ലയോ ഇന്ദ്രവരുണന്മാരേ, യോഗക്ഷേമങ്ങളണച്ച്, മനുഷ്യരെ ധരിക്കുന്ന (കാത്തുപോരുന്ന) നിങ്ങൾ, അനുഷ്ഠാതാവിനെ രക്ഷിക്കാനായി എന്നെപ്പോലുള്ള ബ്രാഹ്മണർത്വിക്കിന്റെ വിളികേട്ട് എത്തുന്ന ശീലമുള്ളവരാണല്ലോ.

3 അനുകാമം തർപ്പയേഥാ-
മിന്ദ്രാ വരുണ രായ ആ
താ വാം നേദിഷ്ഠമീമഹേ.

അന്വയം:—

ഇന്ദ്രാ വരുണാ, — ഹേ ഇന്ദ്രാ വരുണൗ,
അനു-കാമം — അസ്മദീയാഭിലാഷമനു
രായഃ — ധനസ്യ (പ്രദാനേന)
ആ തർപ്പയേഥാം — സർവ്വതഃ അസ്മാൻ തൃപ്താൻ കുരുതം.
(വയം യദാ യദാ ധനം കാമയാമഹേ തദാ തദാ പ്രയച്ഛതം)
താ വാം — താദൃശൗ യുവാം
നേദിഷ്ഠം — അതിശയേന സാമീപ്യം യഥാ ഭവതി തഥാ.
ഈമഹേ — യാചാമഹേ

(അവിളംബേന ധനം ദാതവ്യം)

അർത്ഥം—അല്ലയോ ഇന്ദ്രവരുണന്മാരേ, ഞങ്ങൾക്കു കാമാനുകൂലമായ്, എപ്പോഴെപ്പോൾ കാമിക്കുന്നുവോ അപ്പോഴ

പ്പോൾ, ധനത്തിന്റെ ദാനംകൊണ്ടു ഞങ്ങളെ തൃപ്തിപ്പെടുത്ത ണം. അപ്രകാരമുള്ള നിങ്ങൾ ഞങ്ങൾക്കേററവും സമീപ ത്തിൽ വരണമെന്നു്, താമസം കൂടാതെ ധനം തന്നരുളണമെ ന്നു് യാചിക്കുന്നു.

4 യുവാകു ഹി ശചീനാം

യുവാകു സുമതീനാം

ഭൂയാമ വാജദാവ്നാം

അന്വയം —

ഹി	—	യസ്മാൽ കാരണാൽ
ശചീനാം	—	അസ്മദീയകർമ്മണാം സംബന്ധി. (സോമരൂപം ഹവിഃ)
യുവാകു	—	വസതീവര്യേകധനാത്മകൈഃ ഉദകൈഃ പയസ്സക്ത്വാദി ദ്രവ്യാന്തരൈശ്ച മിശ്രിതം
(തഥാ) സു—മതീനാം	—	ശോഭനബുദ്ധിയുക്താനാം ഋത്വിജാം (സ്തോത്രരൂപം വചനമപി)
യുവാകു	—	നാനാവിധൈസ്തുത്യഗുണൈഃ മിശ്രിതം

(തസ്മാൽ കാരണാൽ ഹേ ഇന്ദ്രാവരുണൗ തം തഥാവിധം ഹവിഃ സ്വീകുർവ്വതോഃ യുവയോഃ പ്രസാദാൽ വയം)

വാജ—ദാവ്നാം	—	അന്നപ്രദാനാം പുരുഷാണാം മദ്ധ്യേ മുഖ്യാഃ
ഭൂയാമ	—	ഭവേമ

അർത്ഥം—യാതൊരു ഹേതുവാൽ ഞങ്ങളുടെ കർമ്മങ്ങളിലെ സോമരൂപമായ ഹവിസ്സു വസതീവരി, ഏകധനാ എന്നീ അഭി മന്ത്രിതജലങ്ങളാലും പാൽ, തൈരു് മുതലായ ദ്രവ്യങ്ങളാലും മിശ്രിതമാണോ, അതുപോലെ നല്ല ബുദ്ധിമാന്മാരായ ഋത്വി ക്കുകളുടെ സ്തോത്രം പലേ സ്തുത്യഗുണങ്ങളാലും മിശ്രിതമാണോ. ആ കാരണത്താൽ, അല്ലയോ ഇന്ദ്രാവരുണന്മാരേ ആവിധമുള്ള സോമരൂപമായ ഹവിസ്സു് സ്വീകരിക്കുന്ന നിങ്ങൾ, പ്രസാദി ച്ചു്, ഞങ്ങൾ അന്നദാതാക്കളുടെ ഇടയിൽ മുമ്പരായി ഭവിക്കു

മാറാകണം. (ഇവിടെ സ്വസുഖമല്ല, ദാതൃത്വവും ദാനപ്രശസ്തിയുമാണ് അപേക്ഷിക്കുന്നത്)

5 ഇന്ദ്രസ്സഹസ്രദാവ്നാം
വരുണശ്ശംസ്യാനാം
ക്രതുർഭവത്യുക്ഥ്യഃ വ 32

അന്വയം:—

(അയം) ഇന്ദ്രഃ സഹസ്ര—

ദാവ്നാം	— സഹസ്രസംഖ്യാകധനപ്രദാനാം മധ്യേ
ക്രതുഃ ഭവതി	— ധനദാനസ്യ കർത്താ ഭവതി
(തഥാ) വരുണഃ	
ശംസ്യാനാം	— സ്തുത്യാനാം മദ്ധ്യേ
ഉക്ഥ്യഃ	— അതിശയേന സ്തുത്യഃ (ഭവതി)

അർത്ഥം—(എന്തുകൊണ്ടാണ് അന്നപ്രദന്മാരുടെ മധ്യത്തിൽ തങ്ങളെ മുമ്പരാക്കണമെന്ന പ്രാർത്ഥിച്ചതെന്ന വിവരിക്കുന്നു) ഈ ഇന്ദ്രൻ ആയിരക്കണക്കിൽ ധനദാനം ചെയ്യുന്നവരുടെ ഇടയിൽ ദാനകർത്താവായി, ഭൂരിധനദാതാവായി, ഭവിക്കുന്നു. വരുണനാകട്ടെ, സ്തുതിക്കപ്പെടേണ്ടവരുടെ ഇടയിൽ ഏററവും സ്തുത്യനായി ഭവിക്കുന്നു (അതും ദാനമഹത്വംകൊണ്ടു തന്നെ)

വർഗ്ഗം 33

6 തയോരിദവസാ വയം
സനേമ നി ച ധീമഹി
സ്യാദുത പ്രരേചനം

അന്വയം:—

തയോഃ ഇത്	— ഇന്ദ്രാവരുണയോരേവ
അവസാ	— രക്ഷണേന
വയം (ധനം) സനേമ	— അനുഷ്ഠാതാരഃ വയം സംഭജേമ

നി ധീമഹി ച — പ്രാപ്തേ ധനേ യാവദപേക്ഷിതം താവൽ ഭുക്ത്വാ, തതോവശിഷ്ടം ധനം കഞ്ചിന്നിധിരൂപേണ സ്ഥാപയാമശ്ച

ഉത — അപി ച

പ്ര-രേചനം — ഭുക്താന്നിഹിതാച്ച പ്രകർഷേണാധികം ധനം

സ്യാൽ — സമ്പദ്യതാം

അർത്ഥം—ഇന്ദ്രവരുണന്മാരുടെ തന്നെ രക്ഷണംകൊണ്ടു കർമ്മാനുഷ്ഠാതാക്കളായ ഞങ്ങൾ ധനപുഷ്ടിയെ പ്രാപിക്കട്ടെ. പ്രാപ്തമായ ധനത്തിൽ ആവശ്യമുള്ളേടത്തോളം അനുഭവിച്ച്, ബാക്കി ഒരു നിധിയായി സ്ഥാപിക്കട്ടെ പിന്നെ അനുഭവിച്ചതും കരുതിസ്സൂക്ഷിച്ചതും കൂടാതെ വേറെയും ധനം ഞങ്ങൾ നേടട്ടെ.

7 ഇന്ദ്രാവരുണ വാമഹം

ഹുവേ ചിത്രായ രാധസേ

അസ്മാന്ത്സു ജിഗ്യുഷസ്കൃതം.

അന്വയം—

ഇന്ദ്രാവരുണാ, — ഹേ ഇന്ദ്രാവരുണൗ,

വാം — യുവാം ഉഭൗ

ചിത്രായ രാധസേ — മണിമുക്താദിരൂപേണ വിവിധായ ധനായ

അഹം ഹുവേ — ആഹ്വയാമി

(തതഃ ആഹൂതൗ യുവാം)

അസ്മാൻ — അനുഷ്ഠാതൄൻ

സു ജിഗ്യുഷഃ — (ശത്രുവിഷയേ) സുഷ്ഠു ജയയുക്താൻ

കൃതം — കുരുതം

അർത്ഥം—അല്ലയോ ഇന്ദ്രവരുണന്മാരേ, നിങ്ങൾ ഇരുവരെയും, രത്നം മുത്തുമുതലായധനത്തിന്നായി വിളിക്കുന്നു. അപ്രകാരം വിളിക്കപ്പെട്ട നിങ്ങൾ (ധനമരുളിത്തരുന്നതിന്നുപുറമെ) കർമ്മാനുഷ്ഠാതാക്കളായ ഞങ്ങളെ ശത്രുവിഷയത്തിങ്കൽ വിജയികളാക്കിച്ചെയ്യാലും.

8 ഇന്ദ്രാവരുണാ നൂ നു വാം

സിഷാസന്തീഷു ധീഷ്വാ

അസ്മഭ്യം ശർമ്മ യച്ഛതം

അന്വയം:—

ഇന്ദ്രാവരുണാ — ഹേ ഇന്ദ്രാവരുണൗ
ധീഷു — അസ്മദീയബുദ്ധിഷു
വാം — യുവാം
സിസാസന്തീഷു — സനിതും, സംഭക്തും, സമ്യക് സേവിതും ഇച്ഛന്തീഷു
ആ — സമന്താൽ
അസ്മഭ്യം ശർമ്മ — സുഖം
നു നു യച്ഛതം — അതിശയേന ക്ഷിപ്രം ദത്തം

അർത്ഥം—അല്ലയോ ഇന്ദ്രവരുണന്മാരേ, നിങ്ങളെ വേണ്ട പോലെ സേവിക്കുവാൻ ഇച്ഛിക്കുന്ന അവസ്ഥയിൽ പൂർണ്ണമായും ഞങ്ങൾക്കു സുഖത്തെ വേഗത്തിൽ അത്യധികം തന്നരുളണം.

9 പ്ര വാമശ്നോതു സുഷ്ടുതി—

രിന്ദ്രാവരുണ യാം ഹുവേ

യാമൃധാഥേ സധസ്തുതിം വ 33

അന്വയം:—

ഇന്ദ്രാവരുണാ, — ഹേ ഇന്ദ്രാവരുണൗ,
യാം — അസ്മൽകൃതാം ശോഭനസ്തുതിം പ്രതി
ഹുവേ — യുവാം ഉദ്ദേശ്യ ആഹ്വയാമി
(കിഞ്ച) സധ—സ്തുതിം — യുവയോരുഭയോഃ സാഹിത്യേന ക്രിയമാണായാഃ സ്തുവക്രിയായാഃ
യാം — സുഷ്ടുതിം
(പ്രതിലഭ്യയുവാം)
ഋധാഥേ — വർദ്ധേഥേ

(രോദസീ) സു-സ്തുതിഃ — ശോഭനസ്തുതിഹേതുഭൂതഃ
ഋക്‌സമൂഹഃ

വാം അശ്നോതു — യുവാം പ്രാപ്നോതു

അർത്ഥം —അല്ലയോ ഇന്ദ്രവരുണന്മാരേ, ഞാൻ ചൊല്ലുന്ന യാതൊരു സ്തുതിയെ ആസ്വദിച്ച് നിങ്ങളെ വിളിക്കുന്നുവോ, നിങ്ങൾ ഇരുവരെയുംകൂട്ടി പ്രശംസിക്കുന്ന യാതൊരു സ്തുതി സ്വീകരിച്ചു നിങ്ങൾ പ്രവൃദ്ധന്മാരാകുമോ, അപ്രകാരമുള്ള എന്റെ സ്തുതിപരമായ മന്ത്രസമൂഹം നിങ്ങളെ പ്രാപിക്കട്ടെ

വർഗ്ഗം 34–35

ബ്രഹ്മണസ്പതിഃ ഇന്ദ്രഃ സോമഃ ദക്ഷിണാ സദസസ്പതിഃ ദേവതാ

1 സോമാനം സ്വരണം
കൃണുഹി ബ്രഹ്മണസ്പതേ
കക്ഷീവന്തം യ ഔശിജഃ

അന്വയം —

ഹേ ബ്രഹ്മണഃ പതേ — ഏതന്നാമകദേവ,
സോമാനം — അഭിഷവസ്യ കർത്താരം
യഃ ഔശിജഃ — ഉശിജഃ പുത്രഃ
(തം) കക്ഷീവന്തം (ഇവ)
സ്വരണം കൃണുഹി — ദേവേഷു പ്രകാശനവന്തം കുരു

അർത്ഥം—ബ്രഹ്മണസ്പതി എന്ന ദേവ, സോമം സംസ്കരിക്കുന്നവനെ ഉശിക്കിന്റെ പുത്രൻ ആരാണോ, ആ കക്ഷീവാനെ എന്നപോലെ, ദേവന്മാരുടെ ഇടയിൽ പ്രകാശിക്കുന്നവനാക്കിച്ചെയ്താലും (കക്ഷീവാൻ ഋഷികളുടെ ഇടയിലെന്നപോലെ ദേവന്മാരുടെ ഇടയിലും പ്രശസ്തൻ)

2 യോ രേവാൻ യോ അമീവഹാ
വസുവിൽ പുഷ്ടിവർദ്ധനഃ
സ നസ്സിഷക്തു യസ്തുരഃ

അന്വയം —

യഃ രേവാൻ — ധനവാൻ

യഃ (ച) അമീവ–ഹാ — രോഗാണാം ഹന്താ
വസു–വിൽ — ധനലബ്ധാ
പുഷ്ടി–വദ്ധനഃ — പുഷ്ടേർവദ്ധയിതാ
യഃ (ച) തുരഃ — ത്വരോപേതഃ, ശീഘ്രഫലദഃ
സഃ (ബ്രഹ്മണസ്പതിഃ) നഃ — അസ്മാൻ
സിസക്തു — സേവതാം, പരിഗൃഹ്യ അനുഗൃഹ്ണാതു

അർത്ഥം:—ആര് ഐശ്വര്യവാനാണോ, ആർ രോഗഹന്താവും ധനദാതാവും പുഷ്ടികരനുമാണോ, ആർ (ഉപാസകർക്ക്) ക്ഷിപ്രഫലപ്രദനാണോ, ആ ബ്രഹ്മണസ്പതി ഞങ്ങളെ കൈക്കൊണ്ട് അനുഗ്രഹിക്കട്ടെ.

3 മാ നശ്ശംസോ അരരുഷോ
ധൂർത്തിഃ പ്രണങ്മർത്ത്യസ്യ
രക്ഷാ ണോ ബ്രഹ്മണസ്പതേ.

അന്വയം:—
അരരുഷഃ മർത്ത്യസ്യ — ഉപദ്രവം കർത്തും അസ്മൽസമീപം പ്രാപ്തസ്യ, ശത്രുരൂപസ്യ, മനുഷ്യസ്യ
ധൂർത്തിഃ — ഹിംസകഃ
ശംസഃ — ശംസനം, അധിക്ഷേപഃ
നഃ മാ പ്രണക് — അസ്മാൻ മാ സംപൃണക്തു, മാ പ്രാപ്നോതു
(തദർത്ഥം) ഹേ ബ്രഹ്മണഃ
പതേ നഃ രക്ഷ — അസ്മാൻ പാലയ

അർത്ഥം:—ഞങ്ങളെ ഉപദ്രവിക്കാനായി അടുത്തുവരുന്ന (ശത്രുവായ) മനുഷ്യൻെറ കുത്തിത്തുളക്കുന്ന അധിക്ഷേപം ഞങ്ങളെ പ്രാപിക്കാതിരിക്കട്ടെ. അതിന്നുവേണ്ടി, അല്ലയോ ബ്രഹ്മണസ്പതേ, ഞങ്ങളെ കാത്താലും.

4 സ ഘാ വീരോ ന രിഷ്യതി
യമിന്ദ്രോ ബ്രഹ്മണസ്പതിഃ
സോമോ ഹിനോതി മർത്ത്യം

അന്വയം —

ഇന്ദ്രഃ യം (യക്ഷ്യമാണം)
മർത്യം ഹിനോതി — പ്രാപ്നോതി, വർദ്ധയതി
(തഥാ) ബ്രഹ്മണഃ പതിഃ (ഹിനോതി)
(തഥാ) സോമഃ (ഹിനോതി)
സഃ ഘ — സ ഏവ യജമാനഃ
വീരഃ — വീര്യയുക്തഃ (സൻ)
ന രിഷ്യതി — ന വിനശ്യതി

അർത്ഥം—ഇന്ദ്രൻ യാഗകർത്താവായ ഏതു മനുഷ്യനെ വർദ്ധിപ്പിക്കുന്നു, അതുപോലെ ബ്രഹ്മണസ്പതി വർദ്ധിപ്പിക്കുന്നു അതുപോലെ സോമൻ വർദ്ധിപ്പിക്കുന്നു, ആ യജമാനൻ തന്നെയാണ് വീര്യയുക്തനായി നശിക്കാതിരിക്കുന്നത്

5 ത്വം തം ബ്രഹ്മണസ്പതേ
സോമ ഇന്ദ്രശ്ച മർത്യം
ദക്ഷിണാ പാത്വംഹസഃ

വ 34

അന്വയം —

ഹേ ബ്രഹ്മണസ്പതേ,
ത്വം തം മർത്യം — അനുഷ്ഠാതാരം മനുഷ്യം
അംഹസഃ — പാപാൽ (പാഹി)
(തഥാ) സോമഃ പാതു
ഇന്ദ്രഃ — (പ്ര പാതു)
ദക്ഷിണാ — ദക്ഷിണാഖ്യാ ദേവതാ (പ്ര പാതു)

അർത്ഥം—അല്ലയോ ബ്രഹ്മണസ്പതേ അവിടുന്നു കർമ്മാനുഷ്ഠാതാവായ മനുഷ്യനെ പാപത്തിൽനിന്നു രക്ഷിച്ചാലും അതുപോലെ സോമൻ രക്ഷിക്കട്ടെ ഇന്ദ്രനും രക്ഷിക്കട്ടെ ദക്ഷിണാ എന്ന ദേവതയും രക്ഷിക്കട്ടെ

വർഗ്ഗം 35

6 സദസസ്പതിമദ്ഭുതം

പ്രിയമിന്ദ്രസ്യ കാമ്യം

സനിം മേധാമയാസിഷം

അന്വയം:—

അദ്ഭുതം	— ആശ്ചര്യകരം
ഇന്ദ്രസ്യ പ്രിയം	— സോമപാനസഹചാരിത്വാൽ ഇന്ദ്രസ്യ പ്രിയം
കാമ്യം	— കമനീയം
സനിം	— ധനദാതാരം
സദസഃ പതിം	— ഏതന്നാമകം ദേവം
മേധാം	— മേധാം ലബ്ധും
അയാസിഷം	— പ്രാപ്തവാനസ്മി

അർത്ഥം—ആശ്ചര്യകരനും സോമപാനത്തിൽ കൂട്ടുകൊണ്ട് ഇന്ദ്രന്റെ സഖാവും കാമിക്കത്തക്കവനും ധനദാതാവുമായ സദസസ്പതി എന്ന ദേവനെ ജ്ഞാനസിദ്ധിക്കായി ഞാൻ പ്രാപിച്ചിരിക്കുന്നു. (മേധാ സരസ്വതിതന്നെയാവാം.)

7 യസ്മാദൃതേ ന സിദ്ധ്യതി

യജ്ഞോ വിപശ്ചിതശ്ചന

സ ധീനാം യോഗമിന്വതി.

അന്വയം:—

യജ്ഞഃ വിപഃ—ചിതഃ ചന	— അനുഷ്ഠാതവ്യഃ അയം യജ്ഞഃ, വിദുഷോപി യജമാനസ്യ
യസ്മാൽ ഋതേ ന സിധ്യതി സഃ (സദസസ്പതിഃ)	
ധീനാം	— മനോനുഷ്ഠാനവിഷയാണാം, അസ്മദ്ബുദ്ധീനാം, അനുഷ്ഠേയ കർമ്മണാം വാ
യോഗം ഇന്വതി	— സംബന്ധം വ്യാപ്നോതി

അർത്ഥം—അനുഷ്ഠിക്കപ്പെടേണ്ട ഈ യജ്ഞം വിദ്വാനായ യജമാനനെക്കൂടി ആരേക്കൂടാതെ സിദ്ധിക്കുകയില്ലയോ, ആ സദസസ്പതിദേവൻ അനുഷ്ഠാനവിഷയങ്ങളോട് അല്ലെങ്കിൽ അനുഷ്ഠേയകർമ്മങ്ങളോട് ഞങ്ങളുടെ ബുദ്ധിയുടെ ചേർച്ചയേ സഫലമാക്കുന്നു. അതായത്, ഞങ്ങളുടെ സംസാരബന്ധകളായ ബുദ്ധികളെ മനസ്സുകൊണ്ടും, വാക്കായങ്ങളാം കൊണ്ടും അനുഷ്ഠിക്കേണ്ട കർമ്മങ്ങളിലേക്ക് തിരിച്ചുവിടുന്നു.

8 ആദൃദ്ധ്നോതി ഹവിഷ്കൃതിം
പ്രാഞ്ചം കൃണോത്യധ്വരം
ഹോത്രാ ദേവേഷു ഗച്ഛതി

അന്വയം:—

ആത് — അനന്തരം
ഹവിഃ—കൃതിം — ഹവിസ്സമ്പാദനയുക്തം യജമാനം
(സദസസ്പതിഃ)
ഋദ്ധ്നോതി — വർദ്ധയതി, ഹവിർദ്ദാനാനന്തരമേവ ഫലം പ്രയച്ഛതി.
(തഥാവിധഫലസിദ്ധയേ)
അധ്വരം — യജ്ഞം
പ്രാഞ്ചം — പ്രകർഷേണ ഗച്ഛന്തം അവിഘ്നസമാപ്തിയുക്തം
കൃണോതി — കരോതി
ഹോത്രാ — ഹൂയമാനാ ദേവതാ തുഷ്ടാ സതീ യജമാനം പ്രഖ്യാപയിതും
ദേവേഷു ഗച്ഛതി — ദേവാൻ പ്രാപ്നോതി

അർത്ഥം—ഹവിർദ്ദാനാനന്തരം തന്നെ ഹവിർദ്ദാതാവായ യജമാനനെ സദസസ്പതി അഭിവൃദ്ധിപ്പെടുത്തുന്നു. അപ്രകാരമുള്ള ഫലസിദ്ധിക്കായി അവിടുന്ന് യജ്ഞത്തെ അവിഘ്നമായി പരിസമാപ്തമാക്കുന്നു. യജ്ഞത്തിൽ വിളിക്കപ്പെടുന്ന ദേവത, സന്തുഷ്ടയായി യജമാനനെ പ്രഖ്യാപിക്കുവാനായി ദേവന്മാരുടെ മദ്ധ്യത്തിലേയ്ക്കു പോകുന്നു. (ഈ ദേവത യജ്ഞസ്വരൂപയായ, യജ്ഞാഭിമാനിനിയായ ദേവതയാണ്.)

9 നരാശംസം സുധൃഷ്ടമ-

മപശ്യം സപ്രഥസ്തമം

ദിവോന സദ്മമഖസം॥ വ 35

അന്വയം:—

സു—ധൃഷ്ടമം	— അത്യാധിക്യേന ധാർഷ്ട്യയുക്തം
സപ്രഥഃ—തമം	— അതിശയേന പ്രഖ്യാതം
സദ്മ—മഖസം	— പ്രാപ്തതേജസ്കം
നരാശംസം	— തന്നാമകമഗ്നിം, സദസസ്പതിം വാ
ദിവഃ ന	— ദ്യുലോകാനിവ
അപശ്യം	— ശാസ്ത്രദൃഷ്ട്യാ ദൃഷ്ടവാനസ്മി

അർത്ഥം—അത്യധികം തന്റേടമുള്ളവനും അത്യന്തം പ്രഖ്യാതനും നിറഞ്ഞുനില്ക്കുന്ന തേജസ്സോടുകൂടിയവനുമായ നരാശംസനെന്ന അഗ്നിയെ (നരാശംസൻ എന്നതു് സദസസ്പതിയുടെ അപരനാമമാണെന്ന പക്ഷാന്തരം) ആദിത്യചന്ദ്രാദികൾ വിളങ്ങുന്ന ദ്യുലോകമെന്നപോലെ ഞാൻ ശാസ്ത്രദൃഷ്ടികൊണ്ടു കാണുന്നു. (നരാശംസാഗ്നി സൂര്യചന്ദ്രാദികൾ പോലെ തേജസ്സുററവനാണെന്നും ശാസ്ത്രദൃഷ്ടികൊണ്ടല്ലാതെ മാംസദൃഷ്ടികൊണ്ടു കാണാവുന്നതല്ലെന്നും അഭിപ്രായം)

വർഗ്ഗം 36—37 അഗ്നാമരുതാ ദേവതാ

1 പ്രതി ത്യം ചാരുമധ്വരം

ഗോപീഥായ പ്ര ഹൂയസേ

മരുദ്ഭിരഗ്ന ആ ഗഹി

അന്വയം:—

ഹേ അഗ്നേ, (യോ യജ്ഞഃ ചാരുഃ, വൈകല്യരഹിതഃ)

ത്യം ചാരും അധ്വരം

പ്രതി—	— തം യജ്ഞം (പ്രതിലക്ഷ്യ)
ഗോ—പീഥായ	— സോമപാനായ
(ത്വം) പ്ര ഹൂയസേ	— പ്രകർഷേണ ഹൂയസേ

(തസ്മാൽ) മരുൽ—ഭിഃ
(സഹ) ആ ഗഹി — ആഗച്ഛ

അർത്ഥം—അല്ലയോ അഗ്നേ, ഏതൊന്നാണോ ലോപങ്ങൾ പററാത്ത, വൈകല്യമില്ലാത്ത, യജ്ഞം, അതിനെ മുൻനിർത്തി സോമപാനത്തിന്നായി അവിടുന്നു വേണ്ടപോലെ വിളിക്കപ്പെടുന്നു. അതിനാൽ മരുത്തുക്കളോടുകൂടി വന്നാലും.

2 നഹി ദേവോ ന മർത്ത്യോ
മഹസ്തവ ക്രതും പരഃ
മരുദ്ഭിരഗ്ന ആ ഗഹി

അന്വയം:—
ഹേ അഗ്നേ, മഹഃ — മഹതഃ
തവ (സംബന്ധിനം)
ക്രതും — കർമ്മവിശേഷം ഉല്ലംഘ്യ
പരഃ നഹി (ഉൽകൃഷ്ടഃ) — അന്യഃ നഹി
ദേവഃ — അന്യോ ദേവഃ ന ഭവതി.
(തഥാ) മർത്ത്യഃ — മനുഷ്യഃ ച പരഃ
ന — ന ഭവതി
(യേ മനുഷ്യാഃ ത്വാദീയം ക്രതുമനുതിഷ്ഠന്തി, യേ ച ദേവാഃ ത്വാദീയേ ക്രതൗ ഇജ്യന്തേ, തേ ഏവോൽകൃഷ്ടാഃ)
(തസ്മാൽ) മരുൽ—ഭിഃ
(സഹ) ആ ഗഹി — ആഗച്ഛ

അർത്ഥം—അല്ലയോ അഗ്നേ, മഹാനായ അവിടുത്തെസ്സംബന്ധിച്ച കർമ്മവിശേഷത്തെ (യജ്ഞത്തെ) കടത്തിവെച്ച മറെറാന്നും ഉൽകൃഷ്ടമായിട്ടില്ല (അതിൽ യജിക്കപ്പെടാത്ത) ദേവനും ഉൽകൃഷ്ടനല്ല അതിൽ പങ്കെടുക്കാത്ത മനുഷ്യനും ഉൽകൃഷ്ടനല്ല ഏതു മനുഷ്യർ അവിടുത്തെക്കുറിച്ച് യജ്ഞം ചെയ്യുന്നു, അവിടുത്തെ ഉദ്ദേശിച്ച ഏതു യജ്ഞത്തിൽ ദേവന്മാർ യജിക്കപ്പെടുന്നു, ആ യജ്ഞങ്ങൾ മാത്രമാണ് ഉൽകൃഷ്ടങ്ങൾ. അതിനാൽ മരുത്തുക്കളോടുകൂടി വന്നാലും.

3 യേ മഹോ രജസോ വിദു

വിശ്വേ ദേവാസോ അദ്രുഹഃ

മരുദ്ഭിരഗ്ന ആ ഗഹി

അന്വയം:—

യേ (മരുതഃ) മഹഃ രജസഃ — മഹതഃ ഉദകസ്യ വർഷണപ്രകാരം
വിദുഃ — ജാനന്തി
വിശ്വേ — സപ്തവിധഗണോപേതാസ്സർവ്വേ
ദേവാസഃ — ദ്യോതമാനാഃ
അദ്രുഹഃ — ദ്രോഹരഹിതാഃ, വർഷണേന
സർവ്വഭൂതോപകാരിണഃ
ഹേ അഗ്നേ, (തൈഃ) മരുൽ-ഭിഃ (സഹ) ആ ഗഹി

അർത്ഥം—യാവരായ മരുത്തുക്കളാണോ മഹത്തായ ജലവർഷണത്തെ അറിയുന്നത്. ദ്യോതമാനന്മാരായ ആ മരുത്തുക്കരം ഏഴ് ഗണങ്ങളിൽ പെട്ടവരും സർവ്വഭൂതോപകാരികളും (ദ്രോഹരഹിതർ) ആകുന്നു. അല്ലയോ അഗ്നേ, ആ മരുത്തുക്കളോടുകൂടി വന്നാലും.

4 യ ഉഗ്രാ അർക്കമാനൃചു-

രനാധൃഷ്ടാസ ഓജസാ

മരുദ്ഭിരഗ്ന ആ ഗഹി

അന്വയം:—

യേ (മരുതഃ) ഓജസാ
അനാധൃഷ്ടാസഃ — ബലേന അതിരസ്കൃതാഃ,
സർവ്വേഭ്യോപി പ്രബലാഃ
ഉഗ്രാഃ (സന്തഃ, അർക്കം — ഉദകം
ആനൃചുഃ — അർച്ചിതവന്തഃ, വർഷണേന
സമ്പാദിതവന്തഃ
ഹേ അഗ്നേ, (തൈഃ)
മരുൽ-ഭിഃ (സഹ) ആ
ഗഹി — ആഗച്ഛ

അർത്ഥം—യാവരായ മരുത്തുക്കൾ സ്വബലംകൊണ്ടു് ആക്രമം അടക്കാൻ വയ്യാത്തവരാണോ, എല്ലാവരെക്കാളും പ്രബലരാണോ, ശക്തിമാന്മാരായി മഴപെയ്യിച്ച് വെള്ളമുണ്ടാക്കുന്നവരാണോ, ആ മരുത്തുക്കളോടുകൂടി അല്ലയോ അഗ്നേ, വന്നാലും (ഹിരണ്യഗർഭൻ, ബ്രഹ്മാവ്, വെള്ളം സൃഷ്ടിക്കുവാനായി സത്യസങ്കല്പനായി, ആത്മാവിനെ പൂജിച്ച്, അർച്ചിച്ച അർച്ചിക്കുന്ന അവിടത്തെ മുമ്പിൽ ആവിർഭൂതമായതുകൊണ്ട് വെള്ളത്തിന്ന് അർക്കമെന്ന പേരുണ്ടായി)

5 യേ ശുഭ്രാ ഘോരവർപ്പസ—
സ്സുക്ഷത്രാസോ രിശാദസഃ
മരുദ്ഭിരഗ്ന ആ ഗഹി വ 36

അന്വയം—

യേ (മരുതഃ) ശുഭ്രാഃ	— ശോഭനാഃ
ഘോര—വർപ്പസഃ	— ഉഗ്രരൂപധരാഃ
സു—ക്ഷത്രാസഃ	— ശോഭനധനോപേതാഃ
രിശാദസഃ	— ഹിംസകാനാം ഭക്ഷകാഃ
ഹേ അഗ്നേ, (തൈഃ)	
മരുത്—ഭിഃ (സഹ) ആ	
ഗഹി	— ആഗച്ഛ

അർത്ഥം—യാവരായ മരുത്തുക്കൾ പ്രകാശവാന്മാരും ഉഗ്രരൂപന്മാരും ശോഭനധനത്തോടുകൂടിയവരും ശത്രുക്കളെ ഒടുക്കുന്നവരുമാണോ, ആ മരുത്തുക്കളോടുകൂടി, അല്ലയോ അഗ്നേ, വന്നാലും.

വർഗ്ഗം 37

6 യേ നാകസ്യാധി രോചനേ
ദിവി ദേവാസ ആസതേ
മരുദ്ഭിരഗ്ന ആ ഗഹി

അന്വയം:—

യേ (മരുതഃ) നാകസ്യ
അധി ദിവി — ദുഃഖരഹിതസ്യ സൂര്യസ്യോപരി ദ്യുലോകേ
രോചനേ — ദീപ്യമാനേ സ്ഥാനേ
(യേ) ദേവാസഃ — സ്വയമപി ദീപ്യമാനാഃ
ആസതേ — ഭവന്തി
ഹേ അഗ്നേ (തൈഃ)
മരുൽ—ഭിഃ (സഹ) ആ
ഗഹി — ആഗച്ഛ

അൎത്ഥം—യാവരായ മരുത്തുക്കാം ദുഃഖരഹിതമായ സൂര്യമണ്ഡലത്തിന്നു മുകളിൽ, ദ്യുലോകത്തിൽ, ദീപ്യമാനമായ സ്ഥാനത്തു സ്വയം പ്രകാശിക്കുന്നവരായി വൎത്തിക്കുന്നുവോ, ആ മരുത്തുക്കളോടുകൂടി, അല്ലയോ അഗ്നേ, വന്നാലും.

7 യ ഈംഖയന്തി പൎവ്വതാ—

ന്തിരഃ സമുദ്രമൎണ്ണവം

മരുദ്ഭിരഗ്ന ആഗഹി

അന്വയം:—

യേ (മരുതഃ) പൎവ്വതാൻ
ഈംഖയന്തി — മേഘാൻ ചാലയന്തി
(തഥാ) അൎണ്ണവം സമുദ്രം — ഉദകയുക്തം സമുദ്രം
തിരഃ (കുൎവ്വന്തി) — നിശ്ചലസ്യ ജലസ്യ തരംഗാദ്യുൽപത്തയേ ചാലനം തിരസ്കാരം.
ഹേ അഗ്നേ, (തൈഃ)
മരുൽ—ഭിഃ (സഹ) ആ
ഗഹി — ആഗച്ഛ

അൎത്ഥം—യാവരായ മരുത്തുക്കാം മഴക്കാറുകളെ ഇളക്കിവിടുന്നുവോ, അതുപോലെ വെള്ളം നിറഞ്ഞ സമുദ്രത്തിൽ തിരയിളക്കുന്നുവോ, ആ മരുത്തുക്കളോടുകൂടി അല്ലയോ അഗ്നേ, വന്നാലും.

ആ യേ തന്വന്തി രശ്മിഭി-
സ്തിരഃ സമുദ്രമോജസാ
മരുദ്ഭിരഗ്ന ആ ഗഹി

അന്വയം —
യേ (മരുതഃ) രശ്മി-ഭിഃ — സൂര്യകിരണൈഃ (സഹ)
(ആകാശം) ആ തന്വന്തി — വ്യാപ്നുവന്തി
(കിഞ്ച) ഓജസാ — സ്വകീയേന ബലേന
സമുദ്രം തിരഃ (കുർവന്തി) — ചാലയന്തി
ഹേ അഗ്നേ, (തൈഃ)
മരുദ്-ഭിഃ (സഹ) ആ
ഗഹി — ആഗച്ഛ

അർത്ഥം.—യാവരായ മരുത്തുക്കൾ സൂര്യകിരണങ്ങളെക്കൊണ്ട് ആകാശത്തെ നിറച്ച് വ്യാപിക്കുന്നുവോ സ്വശക്തികൊണ്ട് സമുദ്രത്തിൽ തിരയിളക്കുന്നുവോ, ആ മരുത്തുക്കളോടുകൂടി, അല്ലയോ അഗ്നേ, വന്നാലും.

9 അഭി ത്വാ പൂർവ്വപീതയേ
സൃജാമി സോമ്യം മധു
മരുദ്ഭിരഗ്ന ആ ഗഹി

അന്വയം —
ഹേ അഗ്നേ, പൂർവ്വ-
പീതയേ — പൂർവ്വകാലേ പ്രവൃത്തായ പാനായ വ 37
ത്വാ — ത്വാം പ്രതി
സോമ്യം മധു — സോമസംബന്ധിനം മധുരരസം
അഭി സൃജാമി — സർവ്വതസ്സമ്പാദയാമി
ഹേ അഗ്നേ, മരുദ്-ഭിഃ
(സഹ) ആ ഗഹി — ആഗച്ഛ

അർത്ഥം.—അല്ലയോ അഗ്നേ, മുൻകാലത്തെന്നപോലെ കുടിക്കാനായി, അവിടത്തെ ഉദ്ദേശിച്ച് സോമസംബന്ധിയായ മധുരരസം എല്ലാടത്തും (വിഹിതസ്ഥാനങ്ങളിൽ) ഒരുക്കുന്നു അല്ലയോ അഗ്നേ, മരുത്തുക്കളോടുകൂടി വന്നാലും.

അദ്ധ്യായപീഠിക

അഷ്ടകം—1 അധ്യായം—2

ഈ അദ്ധ്യായത്തിൽ പ്രഥമസൂക്തത്തിൽ ഋഭുക്കളാണ് ദേവത. സ്വതപസ്സുകൊണ്ട് ദേവത്വം പ്രാപിച്ച മനുഷ്യരാണ് സുധന്വാവിന്റെ പുത്രന്മാരായ ഋഭു, വിഭ്വാവ്, വാജൻ എന്നീ മൂവർ. തുടർന്ന് ഇന്ദ്രാഗ്നികൾ, അശ്വികൾ, സവിതാവ്, ഇന്ദ്രവരുണാഗ്നിപത്നികൾ, പൃഥിവീ, വിഷ്ണു, വായു, ഇന്ദ്രവായുക്കൾ, ഇന്ദ്രമരുത്തുക്കൾ, മിത്രവരുണന്മാർ, വിശ്വേദേവന്മാർ, ജലങ്ങൾ, പ്രജാപതി, ഭഗൻ, വരുണൻ, ഉഷസ്സ് എന്നിങ്ങനെ പല ദേവതകളും വരുന്നു. 25—26 വർഗ്ഗങ്ങളുടങ്ങിയ സൂക്തത്തിൽ നാലാം ഋക്കുമുതൽ മേൽപോട്ട് ഉരലും ഉലക്കയും സോമസംസ്കരണത്തിനുള്ള കാളത്തോലുമാണ് ദേവത. യാഗത്തിലുപയോഗ്യങ്ങളായ എല്ലാററിന്നും ദേവത്വം കല്പിക്കുന്നതുകൊണ്ടും ഏതിനെപ്പററിയോ, ആരെപ്പററിയോ പറയുന്നുവോ അതു ദേവതയായതുകൊണ്ടുമാണ് ഇപ്രകാരം അജീവസാധനങ്ങൾക്കും ദേവത്വം വന്നിട്ടുള്ളത്. സോമം ഇടിച്ചുപതക്കാനുള്ളതാണ് ഉരലും ഉലക്കയും. സോമമരിക്കുന്നതിന്റെ താഴത്ത് പലകകളുടെ അടിയിൽ വെക്കുന്നതാണ് കാളത്തോല്.

ഏഴാം വർഗ്ഗം വിഷ്ണുസ്തോത്രങ്ങളിൽ ആദ്യത്തേതാണ്. വിഷ്ണുവിന്റെ ത്രിവിക്രമസ്വരൂപവും പരമാത്മഭാവവും അതിൽ പ്രതിപാദിച്ചിരിക്കുന്നു.

13—ാം വർഗ്ഗം മുതലുള്ള സൂക്തങ്ങളിൽ അജീഗർത്തന്റെ മകനായ ശുനശ്ശേപൻ ഹരിശ്ചന്ദ്രമഹാരാജാവിന്റെ യാഗത്തിന്ന് പശുവായി യൂപത്തിന്മേൽ കെട്ടപ്പെട്ട നിലയിൽ അദ്ദേഹത്തിന്റെ വിലാപമാണ്. ഓരോ ദേവനെ മാറിമാറി വിളിച്ച് രക്ഷണാപേക്ഷയാണ്. പുരാണപ്രസിദ്ധമായ ഈ കഥ സ്വല്പം വ്യത്യാസങ്ങളോടുകൂടി ഇവിടെ സൂചിപ്പിച്ചിരിക്കുന്നു. അഗ്നി, സവിതാവ്, വരുണൻ, വിശ്വേദേവന്മാർ, ഇന്ദ്രൻ, അശ്വികൾ, ഉഷസ്സ്, എന്നീ ദേവന്മാരെ സ്തുതിക്കുന്നു. മരണവിധേയനായ ശുനശ്ശേപന്റെ സ്തുതി വളരെ മാനുഷികവും അ

നുകമ്പാകാംക്ഷകവുമാണ്. 15—ാം വർഗ്ഗത്തിൽ 'തത്വായാമി' എന്നുതുടങ്ങുന്ന മന്ത്രവും 20—ാം വർഗ്ഗത്തിൽ 'ഇമംമേ വരുണശ്രുധി' എന്നു തുടങ്ങുന്ന മന്ത്രവും സായംസന്ധ്യാവന്ദനത്തിന് വരുണസ്തുതിയായി ചൊല്ലുന്നവയാണ്

32—ാം വർഗ്ഗം മുതൽക്ക് തുടങ്ങുന്ന സൂക്തം മുഴുവൻ അഗ്നിയുടെ സർവ്വോൽകൃഷ്ട്യം വർണ്ണിക്കുന്നു ഭൗതികമായുമാത്മീയമായും അഗ്നിയുടെ സർവ്വാധികത്വവും പ്രതിപാദിക്കുന്നു — 36—ാം വർഗ്ഗം മുതൽക്കു വൃത്രവധം മുതലായി ഇന്ദ്രന്റെ മാഹാത്മ്യം വിവരിക്കുന്നു

പുരാണപ്രതിപാദനങ്ങളിൽ നിന്നും ചില ഭേദഗതികൾ കാണാം. വൃത്രവധവിചാരം അടുത്ത അധ്യായത്തിലും തുടരുന്നു

അഷ്ടകം 1—അധ്യായം 2 വർഗ്ഗം 1—2 ഋഭവോ ദേവതാ

1 അയം ദേവായ ജന്മനേ
സ്തോമോ വിപ്രേഭിരാസയാ
അകാരി രത്നധാതമഃ

അന്വയം —

ജന്മനേ	—	ജായമാനായ ഋഭുസംഘരൂപായ
ദേവായ	—	തൽപ്രീത്യർത്ഥം
രത്ന—ധാതമഃ	—	രമണീയമണിമുക്താദിധനപ്രദഃ
അയം സ്തോമഃ	—	സ്തോത്രവിശേഷഃ
വിപ്രേഭിഃ	—	മേധാവിഭിഃ ഋത്വിഗ്ഭിഃ
ആസയാ	—	സ്വകീയേനാസ്യേന
അകാരി	—	നിഷ്പാദിതഃ

അർത്ഥം—(ഋഭുക്കൾ സ്വാപസ്സുകൊണ്ടു ദേവത്വം പ്രാപിച്ച ഋഷിമാരാകുന്നു അവരുടെ സംഘത്തെ ഉദ്ദേശിച്ച് ഏകവചനം പ്രയുക്തമായിരിക്കുന്നു)

സ്വാപസ്സുകൊണ്ടു ജനിച്ച ഋഭുസമൂഹരൂപമായ ദേവനായിക്കൊണ്ട് (ഋഭുക്കളെന്ന ദേവന്മാരായിക്കൊണ്ട്) തന്റെ പ്രീതിക്കുവേണ്ടി, രത്നാദിധനത്തെ നേടുന്ന ഈ സ്തോത്രവിശേഷം മേധാവികളായ ഋത്വിക്കുകളാൽ സ്വമുഖത്തിൽനിന്ന് പുറപ്പെട്ടതാകുന്നു.

2 യ ഇന്ദ്രായ വചോയുജാ
തതക്ഷുർമ്മനസാ ഹരീ
ശമീഭിര്യജ്ഞമാശത.

അന്വയം:—

യേ (ഋഭവഃ) ഇന്ദ്രായ വചഃ—

യുജാ	— താഡനാദികം വിനാ വാങ്മാത്രേണ രഥേ യുജ്യമാനൗ സുശിക്ഷിതൗ
ഹരീ	— ഇന്ദ്രാശ്വൗ
മനസാ	— സങ്കല്പേന
തതക്ഷുഃ	— സമ്പാദിതവന്തഃ
(തേ (ഋഭവഃ) ശമീഭിഃ	— ഗ്രഹചമസാദിനിഷ്പാദന രൂപൈഃ കർമ്മഭിഃ
(അസ്മദീയം) യജ്ഞം	
ആശത	— വ്യാപ്തവന്തഃ

അർത്ഥം—യാവർ ഇന്ദ്രന്നായിക്കൊണ്ടു്, ഒട്ടും ഉപദ്രവിക്കാതെ, വാക്കുകൊണ്ടുമാത്രം തേരിൽ പൂട്ടാൻ എളുന്ന സുശിക്ഷിതങ്ങളായ ഹരികളെ (ഇന്ദ്രന്റെ കുതിരകളെ) മനസ്സങ്കല്പം കൊണ്ടു നേടിയവരാണോ, ആ ഋഭുക്കൾ ഗ്രഹം, ചമസം മുതലായ പാത്രങ്ങൾ ഉണ്ടാക്കുന്ന വേലയിലേപ്പെട്ടു് ഞങ്ങളുടെ യജ്ഞത്തെ പ്രാപിച്ചവരായല്ലോ. (ഋഭുക്കളുടെ സത്യസങ്കല്പം കൊണ്ടാണ് ഹരികൾ എന്ന ഇന്ദ്രാശ്വങ്ങൾ ഉണ്ടായതു്.)

3 തക്ഷന്നാസത്യാഭ്യാം
പരിജ്മാനം സുഖം രഥം
തക്ഷന്ധേനും സബർദുഘാം

അന്വയം:—

നാസത്യാഭ്യാം	— അശ്വിദേവപ്രീത്യർത്ഥം
പരിജ്മാനം	— പരിതോ ഗന്താരം
സുഖം	— ഉപാദ്യപവേശനേ സുഖകരം

രഥം തക്ഷൻ — ഋഭവഃ കഥഞ്ചിദ്രഥം തക്ഷൻ, സമ്പാദിതവന്തഃ
(കിഞ്ച) സബഃ-ദുഘാം — സബരഃ ക്ഷീരസ്യ ദോഗ്ധ്രീം
ധേനും — കാഞ്ചിൽ ഗാം
തക്ഷൻ — സമ്പാദിതവന്തഃ

അർത്ഥം-ഋഭുക്കൾ സത്യശീലന്മാരായ അശ്വിദേവന്മാരുടെ പ്രീതിക്കുവേണ്ടി എല്ലാടത്തും ഓടുന്നതും കയറിയിരിക്കാൻ മേല്ക്കുമേൽ സുഖമുള്ളതുമായ ഒരു തേർ ഉണ്ടാക്കിക്കൊടുത്തു പിന്നെ ധാരാളം പാൽചുരത്തുന്ന ഒരു പശുവിനെ നേടിക്കൊടുത്തു.

4 യുവാനാ പിതരാ പുനഃ
സത്യമന്ത്രാ ഋജൂയവഃ
ഋഭവോ വിഷ്ട്യക്രത

അന്വയം:-
സത്യ-മന്ത്രാഃ — അവിതഥമന്ത്രസാമർത്ഥ്യോപേതാഃ
ഋജു-യവഃ ഋഭവഃ — ഋജൂതാം ആത്മനഇച്ഛന്തഃ, ഫലാഹിതാഃ
പിതരാ — സ്വകീയൗ മാതാപിതരൗ
(പൂർവ്വം വൃദ്ധാവപി) പുനഃ
യുവാനാ അക്രത — തരുണൗ കൃതവന്തഃ
(തേ) വിഷ്ടീ — വിഷ്ടയഃ, പ്രാപ്തിയുക്താഃ

അർത്ഥം—ഒരിക്കലും നിഷ്ഫലമാകാത്ത മന്ത്രസിദ്ധിയോടുകൂടിയവരും ആത്മാവിന്ന് എപ്പോഴും നേർവഴി നേരുന്നവരുമായ ഋഭുക്കൾ വൃദ്ധരായ മാതാപിതാക്കളെ വീണ്ടും യുവാക്കളാക്കി. എല്ലാ കർമ്മങ്ങളിലും അവരുടെ മന്ത്രശക്തികൾ വ്യാപ്തിയുക്തങ്ങളായിരുന്നു (പുരശ്ചരണാദ്യനുഷ്ഠാനംകൊണ്ടു മന്ത്രസിദ്ധിവന്നവർക്ക് ഉദ്ദേശിച്ച ഫലം ഉറപ്പായി കിട്ടുന്നു. ആത്മാവിന്നു നേർവഴി ഉള്ളവർക്കു മാത്രമേ മന്ത്രഫലം സിദ്ധിക്കുകയുള്ളൂ)

5 സം വോ മദാസോ അഗ്മതേ-
ന്ദ്രേണ ച മരുത്വതാ
ആദിത്യേഭിശ്ച രാജഭിഃ വ1

അന്വയം:-

(ഹേ ഋഭവഃ) വഃ	— യുഷ്മാകം സംബന്ധിനഃ
മദാസഃ	— മദഹേതവഃ സോമാഃ
മരുത്വതാ ഇന്ദ്രേണ ച	— മരുദ്യുക്തേന തേന ച
രാജ-ഭിഃ ആദിത്യേഭിഃ ച	— ദീപ്യമാനൈഃ ആദിത്യൈശ്ച
സം അഗ്മത	— സങ്ഗതാഃ

അർത്ഥം—അല്ലയോ ഋഭുക്കളേ, നിങ്ങളെസ്സംബന്ധിച്ച ഹർഷകരങ്ങളായ സോമങ്ങൾ മരുത്തുക്കളോടുകൂടിയ ഇന്ദ്രനും പ്രകാശമാനന്മാരായ ആദിത്യന്മാർക്കും ചേർന്നതാകുന്നു. (മൂന്നാം സവനത്തിൽ ഋഭുക്കൾക്ക് ഇന്ദ്രാദിത്യന്മാരോടുകൂടിയാണു് സോമപാനം)

വർഗ്ഗം 2

6 ഉത ത്യഞ്ചമസന്നവം
ത്വഷ്ടുർദ്ദേവസ്യ നിഷ്കൃതം
അകർത്ത ചതുരഃ പുനഃ

അന്വയം:

ഉത	— അപി ച
ത്വഷ്ടുഃ ദേവസ്യ	— ഏതന്നാമകസ്യ ദേവസ്യ സംബന്ധീ തക്ഷവ്യാപാരഃ
നവം	— നൂതനം
ത്യം	— തം
ചമസം	— സോമധാരണക്ഷമം കാഷ്ഠപാത്രവിശേഷം
നിഃ-കൃതം (അകരോത്)	— നിശ്ശേഷേണ സമ്പാദിതം

(ത്വഷ്ടുശ്ശിഷ്യാഃ ഋഭവഃ തേന നിർമ്മിതം തം ഏകം ചമസം)

പുനഃ ചതുരഃ അകർത്ത	— ചതുർധാ വിഭക്താൻ ചമസാൻ കൃതവന്തഃ

രഥം തക്ഷൻ — ഋഭവഃ കഥഞ്ചിദ്രഥം തക്ഷൻ സമ്പാദിതവന്തഃ
(കിഞ്ച) സബഃ—ദുഘാം — സബരഃ ക്ഷീരസ്യ ദോഗ്ധ്രീം
ധേനും — കാഞ്ചിൽ ഗാം
തക്ഷൻ — സമ്പാദിതവന്തഃ

അർത്ഥം-ഋഭുക്കൾ സത്യശീലന്മാരായ അശ്വിദേവന്മാരുടെ പ്രീതിക്കുവേണ്ടി എല്ലാടത്തും ഓടുന്നതും കയറിയിരിക്കാൻ മേല്ക്കുമേൽ സുഖമുള്ളതുമായ ഒരു തേർ ഉണ്ടാക്കിക്കൊടുത്തു പിന്നെ ധാരാളം പാൽചുരത്തുന്ന ഒരു പശുവിനെ നേടിക്കൊടുത്തു

4 യുവാനാ പിതരാ പുനഃ
സത്യമന്ത്രാ ഋജൂയവഃ
ഋഭവോ വിഷ്ട്യക്രത

അന്വയം —

സത്യ—മന്ത്രാഃ — അവിതഥമന്ത്രസാമർത്ഥ്യോപേതാഃ
ഋജു—യവഃ ഋഭവഃ — ഋജുതാം ആത്മനഇച്ഛന്തഃ ഛലരഹിതാഃ
പിതരാ — സ്വകീയൗ മാതാപിതരൗ
(പുനഃ വൃദ്ധാവപി) പുനഃ
യുവാനാ അക്രത — തരുണൗ കൃതവന്തഃ
(തേ) വിഷ്ടീ — വിഷ്ടയ്, പ്രാപ്തിയുക്താഃ

അർത്ഥം—ഒരിക്കലും നിഷ്ഫലമാകാത്ത മന്ത്രസിദ്ധിയോടുകൂടിയവരും ആത്മാവിന്ന് എപ്പോഴും നേർവഴി നേരുന്നവരുമായ ഋഭുക്കൾ വൃദ്ധരായ മാതാപിതാക്കളെ വീണ്ടും യുവാക്കളാക്കി എല്ലാ കർമ്മങ്ങളിലും അവരുടെ മന്ത്രശക്തികൾ വ്യാപ്തിയുക്തങ്ങളായിരുന്നു (പുരശ്ചരണാദ്യനുഷ്ഠാനംകൊണ്ടു മന്ത്രസിദ്ധിവന്നവർക്ക് ഉദ്ദേശിച്ച ഫലം ഉറപ്പായി കിട്ടുന്നു ആത്മാവിന്നു നേർവഴി ഉള്ളവർക്കു മാത്രമേ മന്ത്രഫലം സിദ്ധിക്കുകയുള്ളൂ)

5 സം വോ മദാസോ അഗ്മതേ-

ന്ദ്രേണ ച മരുത്വതാ

ആദിത്യേഭിശ്ച രാജഭിഃ

അന്വയം:—

(ഹേ ഋഭവഃ) വഃ	— യുഷ്മാകം സംബന്ധിനഃ
മദാസഃ	— മദഹേതവഃ സോമാഃ
മരുത്വതാ ഇന്ദ്രേണ ച	— മരുദ്യുക്തേന തേന ച
രാജ–ഭിഃ ആദിത്യേഭിഃ ച	— ദീപ്യമാനൈഃ ആദിത്യൈശ്ച
സം അഗ്മത	— സങ്ഗതാഃ

അർത്ഥം—അല്ലയോ ഋഭുക്കളേ, നിങ്ങളെസ്സംബന്ധിച്ച ഹർഷകരങ്ങളായ സോമങ്ങൾ മരുത്തുക്കളോടുകൂടിയ ഇന്ദ്രനും പ്രകാശമാനന്മാരായ ആദിത്യന്മാർക്കും ചേർന്നതാകുന്നു. (മൂന്നാം സവനത്തിൽ ഋഭുക്കൾക്ക് ഇന്ദ്രാദിത്യന്മാരോടുകൂടിയാണ് സോമപാനം)

വർഗ്ഗം 2

6 ഉത ത്യഞ്ചമസന്നവം

ത്വഷ്ടുർദ്ദേവസ്യ നിഷ്കൃതം

അകർത്ത ചതുരഃ പുനഃ

അന്വയം:

ഉത	— അപി ച
ത്വഷ്ടുഃ ദേവസ്യ	— ത്വഷ്ടൃനാമകസ്യ ദേവസ്യ സംബന്ധീ തക്ഷവ്യാപാരഃ
നവം	— നൂതനം
ത്യം	— തം
ചമസം	— സോമധാരണക്ഷമം കാഷ്ഠപാത്രവിശേഷം
നിഃ–കൃതം (അകരോൽ)	— നിശ്ശേഷേണ സമ്പാദിതം

(ത്വഷ്ടുശ്ശിഷ്യാഃ ഋഭവഃ തേന നിർമ്മിതം തം ഏകം ചമസം)

പുനഃ ചതുരഃ അകർത്ത	— ചതുർധാ വിഭക്താൻ ചമസാൻ കൃതവന്തഃ

അന്വയം —

ഇഹ ഇന്ദ്രാഗ്നീ ഉപ ഹ്വയേ — അസ്മിൻ കർമ്മണി ഇന്ദ്രാഗ്നീ ആഹ്വയാമി

തയോഃ ഇത് — ഇന്ദ്രാഗ്ന്യോരേവ

സ്തോമം ഉശ്മസി — സ്തോത്രം കാമയാമഹേ

സോമ-പാതമാ — അതിശയേന സോമം പാതും ക്ഷമൗ

താ സോമം (പിബതാം) — തൗ സോമപാനം കുരുതാം

അർത്ഥം —ഈ കർമ്മത്തിൽ ഇന്ദ്രാഗ്നികളെ ഞാൻ വിളിക്കുന്നു ഇന്ദ്രാഗ്നികൾക്കുതന്നെ സ്തോത്രത്തെ (അവരെത്തന്നെ സ്തുതിപ്പാൻ) ആഗ്രഹിക്കുന്നു ഏററവും സോമം കുടിക്കാൻ മതിയായ ആ ദേവന്മാർ സോമം കുടിക്കട്ടെ

2 താ യജ്ഞേഷു പ്രശംസതേ-
ന്ദ്രാഗ്നീ ശുംഭതാ നരഃ
താ ഗായത്രേഷു ഗായത

അന്വയം —

ഹേ നരഃ — മനുഷ്യാഃ ഋത്വിജഃ,

താ ഇന്ദ്രാഗ്നീ — പൂർവ്വോക്തൗ തൗ ഇന്ദ്രാഗ്നീ

യജ്ഞേഷു — അനുഷ്ഠീയമാനേഷു കർമ്മസു

(ശസ്ത്രൈഃ) പ്ര ശംസത — സ്തുതിം കുരുത

(തഥാ) ശുംഭത — നാനാവിധൈരലങ്കാരൈഃ ശോഭിതൗ കുരുത

(തഥാ) താ ഗായത്രേഷു ഗായത — ഗായത്രീച്ഛന്ദസ്കേഷു മന്ത്രേഷു സാമരൂപേണ തൗ ഗായത

അർത്ഥം—അല്ലയോ ഋത്വിക്കുകളേ മുൻപറഞ്ഞ ഇന്ദ്രാഗ്നികളെ, അനുഷ്ഠിച്ചുവരുന്ന ഈ കർമ്മങ്ങളിൽ ശസ്ത്രങ്ങളാൽ സ്തുതിക്കുക നാനാവിധാലങ്കാരങ്ങളെക്കൊണ്ട് (അലങ്കാരയുക്തമായി വർണ്ണിക്കുന്ന സ്തോത്രങ്ങൾ കൊണ്ട്) അവരെ ശോഭിതരാക്കുക പിന്നെ ഗായത്രീവൃത്തങ്ങളിലുള്ള മന്ത്രങ്ങളെ സാമസ്വരത്തിൽ പാടുക

3 താ മിത്രസ്യ പ്രശസ്തയ

ഇന്ദ്രാഗ്നീ താ ഹവാമഹേ

സോമപാ സോമപീതയേ.

അന്വയം:—

മിത്രസ്യ	— സ്നേഹവിഷയസ്യ അനുഷ്ഠാതുഃമമ
പ്ര—ശസ്തയേ	— പ്രശസ്ത്യർത്ഥം
താ	— തൗ (ഇന്ദ്രാഗ്നീ സമ്പദ്യേതാം)

(യദ്വാ മിത്രസ്യ മമ സംബന്ധിനൗ താവിന്ദ്രാഗ്നീ പ്രശസ്തയേ, പ്രശംസിതുമിച്ഛാമഃ),

സോമ—പാ	— സോമപാനക്ഷമൗ
താ	— തൌ ഇന്ദ്രാഗ്നീ
സോമ—പീതയേ	— സോമപാനാർത്ഥം
ഹവാമഹേ	— ആഹ്വയാമഃ

അർത്ഥം—ഇന്ദ്രാഗ്നികളുടെ സ്നേഹപാത്രഭൂതനായ എനിക്ക (കർമ്മാനുഷ്ഠാതാവിന്നു്) അവർ (ഇന്ദ്രാഗ്നികൾ) പ്രശസ്തി ഉണ്ടാക്കട്ടെ അല്ലെങ്കിൽ എന്റെ സംബന്ധികൾ ഇന്ദ്രാഗ്നികളെ പ്രശംസിക്കാൻ, സ്തുതിക്കാൻ, ഇഷ്ടപ്പെടട്ടെ സോമം കുടിക്കുന്നതിൽ തൽപരരായ ആ ഇന്ദ്രാഗ്നികളെ സോമപാനത്തിന്നായി ഞാൻ വിളിക്കുന്നു

4 ഉഗ്രാ സന്താ ഹവാമഹ

ഉപേദം സവനം സുതം

ഇന്ദ്രാഗ്നീ ഏഹ ഗച്ഛതാം.

അന്വയം —

സുതം	— അഭിഷവോപേതം
ഇദം സവനം	— അനുഷ്ഠീയമാനം പ്രാതസ്സവനാദിരൂപം കർമ്മ
ഉപ	— സാമീപ്യേന പ്രാപ്തും
ഉഗ്രാ സന്താ	— വൈരിവധാദിഷു ക്രൂരൗ സന്തൗ

അത്ഥം—ത്വഷ്ടാവെന്ന ദേവന്റെ (ദേവശില്പിയുടെ) തച്ചുപണി സോമധാരണത്തിന്നുള്ള പുതിയ ചമസത്തെ (മരംകൊണ്ടുള്ള വാലൻമരികയെ) ഉണ്ടാക്കി ത്വഷ്ടാവിന്റെ ശിഷ്യരായ ഋഭുക്കാരാ ആ ചമസത്തെ വീണ്ടും നാലാക്കിച്ചെയ്തു (ഓരോ ഋത്വിക്കിന്നും സോമധാരണത്തിന്നു് ഒരോ ചമസം (വാലൻമരിക) ഉണ്ടു് ഓരോന്നിന്റെയും വാൽ വ്യത്യാസപ്പെട്ടതി തിരിച്ചറിയാറാകുന്നു)

7 തേ നോ രത്നാനി ധത്തന
ത്രിരാ സാപ്താനി സുന്വതേ
ഏകമേകം സുശസ്തിഭിഃ

അന്വയം —

(ഹേ ഋഭവഃ) തേ (യൂയം)	— പൂർവ്വോക്താഃ യൂയം
സുശസ്തി–ഭിഃ	— ശോഭനൈഃ അസ്മദീയൈഃ ശംസനൈഃ യുക്താസ്സന്തഃ
നഃ	— അസ്മാകം സംബന്ധിനേ
സുന്വതേ	— സോമാഭിഷവം കർവ്വതേ യജമാനായ
ത്രിഃ ആ	— ത്രിവാരം, ആവൃത്താനി, ഉത്തമമധ്യമാധമാനി രത്നാനാം ത്രിരാവൃത്തിഃ
രത്നാനി	— രമണീയാനി സുവർണ്ണമണിമുക്താദീനി ധനാനി
ഏകം–ഏകം	— ക്രമേണ പ്രത്യേകം
ധത്തന	— പ്രയച്ഛത
(കിഞ്ച ത്രിരാ) സാപ്താനി	— സപ്തസംഖ്യാനിഷ്പന്നവർഗ്ഗരൂപാണി കർമ്മാണി (ച ധത്തന)

അർത്ഥം—മുമ്പറഞ്ഞ ഗുണങ്ങളോടുകൂടിയ ഋഭുക്കളേ, ശോഭനങ്ങളായ ഞങ്ങളുടെ പ്രശംസനങ്ങളോടു (സ്തുതികളോടു) കൂടിയവരായി (അവയെ കൈക്കൊണ്ടു്) സോമം സംസ്കരിക്കുന്ന ഞങ്ങളുടെ യജമാനന്നു സ്വർണ്ണം, രത്നം മുത്തുമുതലായി ഉത്തമമധ്യമാധമങ്ങളിൽപ്പെട്ട ധനങ്ങളെ ക്രമത്തിൽ ഓരോന്നായി കൊടു

ക്ഷമാറാകണം. പിന്നെ മൂന്നാവൃത്തിയുള്ള, ഏഴുവർഗ്ഗങ്ങളുംകൊള്ളുന്ന കർമ്മങ്ങളെയും തന്നരുളണം. (അഗ്ന്യാധാനദർശപൂർണ്ണമാസാദി ഏഴു ഹവിര്യജ്ഞങ്ങളും; ഔപാസനവൈശ്വദേവാദി ഏഴു പാകയജ്ഞങ്ങളും; അഗ്നിഷ്ടോമാത്യഗ്നിഷ്ടോമാദി ഏഴു സോമയജ്ഞങ്ങളും).

8 അധാരയന്ത വഹ്നയോ–
ഭജന്ത സുകൃത്യയാ
ഭാഗം ദേവേഷു യജ്ഞിയം വ. 2

അന്വയം:—

വഹ്നയഃ	—	ചമസാദിനിഷ്പാദനേന യജ്ഞസ്യ വോഢാരഃ (ഋഭവഃ)
അധാരയന്ത	—	മരണയോഗ്യാ അപി അമൃതത്വലാഭേന പ്രാണാൻ ധാരിതവന്തഃ
(കിഞ്ച ഏതേ)		
സു-കൃത്യയാ	—	യജ്ഞസാധനദ്രവ്യസമ്പാദനരൂപേണ ശോഭനവ്യാപാരേണ
ദേവേഷു (മധ്യേ സ്ഥിതാഃ)		
യജ്ഞിയം ഭാഗം	—	യജ്ഞാർഹം ഹവിർല്ലക്ഷണമംശം
അഭജന്ത	—	സേവിതവന്തഃ

അർത്ഥം—ചമസംമുതലായ യാഗോപയോഗസാധനങ്ങളുടെ നിർമ്മിതികൊണ്ടു് യജ്ഞവാഹകന്മാരായ ഋഭുക്കൾ, മരണവിധേയരായിട്ടും അമൃതത്വം പ്രാപിച്ചു്, പ്രാണങ്ങളെ ധരിച്ചു. പിന്നെ അതേ യജ്ഞസാധനനിർമ്മിതിയെന്ന സത്കർമ്മംവഴിക്കു് ദേവന്മാരുടെ ഇടയിൽ വർത്തിച്ചു് യാഗത്തിലെ ഹവിർഭാഗത്തിന്നർഹരായി അത്തു നേടി.

വർഗ്ഗം 3—ഇന്ദ്രാഗ്നീ ദേവതാ.

1 ഇന്ദ്രാഗ്നീ ഉപ ഹ്വയേ
തയോരിത് സ്തോമമുശ്മസി
താ സോമം സോമപാതമാ

(ദേവൌ) ഹവാമഹേ — ആഹ്വയാമഃ
ഇന്ദ്രാഗ്നീ ഇഹ ആ
ഗച്ഛതാം

അത്ഥം—സോമസംസ്കാരത്തോടുകൂടിയതും അനുഷ്ഠിച്ചവരുന്നതുമായ ഈ പ്രാതസ്സവനകമ്മത്തിന്നണയാൻ ശത്രുഹന്താക്കളായ ആ രണ്ടുദേവന്മാരെ ഞാൻ വിളിക്കുന്നു ഇന്ദ്രാഗ്നികൾ ഈ കമ്മത്തിൽ വന്നാവൂ

5 താ മഹാന്താ സദസ്പതീ
ഇന്ദ്രാഗ്നീ രക്ഷ ഉബ്ജതം
അപ്രജാസ്സന്ത്വത്രിണഃ

അന്വയം —
മഹാന്താ — മഹാന്തൌ, ഗുണൈരധികൌ
സദസ്പതീ — സഭാപാലകൌ
(തൌ) ഇന്ദ്രാഗ്നീ രക്ഷഃ — രാക്ഷസജാതിം
ഉബ്ജതം — ഋജു കുരുതം ക്രൌര്യം പരിത്യാജയതാം
(തയോഃ പ്രസാദാൽ)
അത്രിണഃ — ഭക്ഷകാഃ രാക്ഷസാഃ
അപ്രജാഃ സന്തു — അനപത്യാസ്സന്തു

അർത്ഥം—ഗുണാധികന്മാരും മഹൽസദസ്സുകളിൽ ആധ്യക്ഷ്യം വഹിക്കുന്നവരുമായ ആ ഇന്ദ്രാഗ്നികൾ രാക്ഷസവഗ്ഗത്തെ നേർവഴിക്കാക്കട്ടെ അവരെക്കൊണ്ടു ഹിംസാസ്വഭാവം പരിത്യജിപ്പിക്കട്ടെ ഇന്ദ്രാഗ്നികളുടെ പ്രസാദത്താൽ (മനുഷ്യ) ഭക്ഷകരായ രാക്ഷസന്മാർ ജനിക്കാതിരിക്കട്ടെ അല്ലെങ്കിൽ സന്തതിയില്ലാത്തവരാവട്ടെ (എന്നും മരുപക്ഷം)

6 തേന സത്യേന ജാഗൃത—
മധി പ്രചേതുനേ പദേ
ഇന്ദ്രാഗ്നീ ശർമ്മ യച്ഛതം

അന്വയം —
ഹേ ഇന്ദ്രാഗ്നീ സത്യേന — അവശ്യഫലപ്രദാനാൽ അവിതഥേന

തേന	— അസ്മാഭിരനഷ്ഠിതേന കർമ്മണാ
പ്ര—ചേതുനേ	— പ്രകഷേണ ഫലഭോഗജ്ഞാപകേ
പദേ	— സ്വർഗ്ഗലോകാദിസ്ഥാനേ.
അധി ജാഗൃതം	— ആധിക്യേന സാവധാനൗ ഭവതം
(തതഃ അസ്മഭ്യം) ശർമ്മ	
യച്ഛതം	— സുഖം യച്ഛതം

അർത്ഥം—അല്ലയോ ഇന്ദ്രാഗ്നികളേ, ഒഴിച്ചുകൂടാതെ ഫലപ്രദത്വംകൊണ്ടു നിഷ്ഫലമാകാത്ത ഞങ്ങളുടെ കർമ്മത്താൽ സുഖഭോഗാനുഭൂതിയെ വിളിച്ചുപറയുന്ന സ്വർഗ്ഗസ്ഥാനം ഞങ്ങൾക്ക ലഭിക്കുന്ന കാര്യത്തിൽ നിങ്ങൾ ഏററവും മനസ്സ വെച്ചാലും. പിന്നെ ഞങ്ങൾക്ക (നിത്യ)സുഖം തന്നരുളി യാലും.

വർഗ്ഗം 4–5–6–7 അശ്വിനൗ, സവിതാ, അഗ്നിഃ, ദേവ്യഃ, ഇന്ദ്രാണീവരുണാന്യഗ്നായ്യഃ ദ്യാവാപൃഥിവ്യൗ, പൃഥിവീ, വിഷ്ണുഃ ദേവതാ

1 പ്രാതര്യുജാ വി ബോധയാ

ശ്വിനാവേഹ ഗച്ഛതാം

അസ്യ സോമസ്യ പീതയേ

അന്വയം:—

(ഹോതാ അധ്വര്യും ഉദ്ദിശ്യ ബ്രൂതേ)
(ഹേ അധ്വര്യോ,)

പ്രാതഃ—യുജാ	— പ്രാതസ്സവനഗ്രഹണേ സംയുക്തൗ (അശ്വിനൗ)
വി ബോധയ	— വിശേഷേണ പ്രബുദ്ധൗ കുരു
(പ്രബുദ്ധൗ) അശ്വിനൗ	
അസ്യ	— അഭിഷവസംസ്കാരയുക്തസ്യ
സോമസ്യ പീതയേ	— പാനായ
ഇഹ	— കർമ്മണി
ആ ഗച്ഛതാം	— ആഗച്ഛതാം

അർത്ഥം—(ഇവിടെ ഹോതാവ് അദ്ധ്വര്യുവിനോട് പറയുന്നു) അല്ലയോ അദ്ധ്വര്യോ, പ്രഭാതസവനത്തിന്നുള്ള ഗ്രഹമെന്ന പാത്രം കയ്യിലേന്തിയ അശ്വിദേവന്മാരെ വേണ്ടപോലെ ഉണർത്തുക. ഉണർത്തപ്പെട്ട അശ്വിദേവന്മാർ സംസ്കരിച്ച സോമത്തിന്റെ പാനത്തിന്നായി ഈ കർമ്മത്തിൽവരട്ടെ.

2 യാ സുരഥാ രഥീതമോ—
ഭാ ദേവാ ദിവിസ്പൃശാ
അശ്വിനാ താ ഹവാമഹേ

അന്വയം:—

യാ ഉഭാ അശ്വിനാ ദേവാ	— യൗ ഉഭൗ അശ്വിനൗ ദേവൗ
സു—രഥാ	— ശോഭനരഥയുക്തൗ
രഥി—തമാ	— രഥിനാം മദ്ധ്യേ അതിശയേന രഥിനൗ
ദിവി—സ്പൃശാ	— ദ്യുലോകനിവാസിനൗ
താ ഹവാമഹേ	— തൗ ആഹ്വയാമഹേ,

അർത്ഥം—ശോഭനരഥയുക്തന്മാരും തേരാളികളിൽവെച്ച് മികച്ച തേരാളികളും സ്വർഗ്ഗവാസികളുമായ രണ്ട് അശ്വിദേവന്മാരേയും വിളിക്കുന്നു

3 യാ വാം കശാ മധുമത്യ
ശ്വിനാ സൂനൃതാവതീ
തയാ യജ്ഞം മിമിക്ഷതം

അന്വയം —

അശ്വിനാ,	— ഹേ അശ്വിനൗ,
വാം	— യുവയോഃ
മധു—മതീ സൂനൃതാ—വതീ	— ഉദകവതീ, പ്രിയസത്യവാഗ്വതീ
യാ കശാ	— അശ്വതാഡനീ (വിദ്യതേ)
തയാ (സഹ ആഗത്യ അസ്മദീയം)	

യജ്ഞം മിമിക്ഷതം — സോമരസേന സേക്തുമിച്ഛതം (അശ്വസ്യ ശീഘ്രഗത്യാ യൽ സ്വേദോദകം സ്രവതി, തേന കശാ ക്ലിന്നാ. തീവ്രേണ കശാതാഡനേന യോ ധ്വനിഃ നിഷ്പദ്യതേ, താഡനവേലായാം അശ്വാരൂഢേന ആക്രോശഃ ക്രിയതേ തദ്ദ്വയം ശീഘ്രഗമനഹേതുത്വേന യജമാനസ്യപ്രിയം)

അൎത്ഥം—അല്ലയോ അശ്വിദേവന്മാരേ, ഓടുന്നവേഗംകൊണ്ടുവിയൎത്ത കുതിരകളുടെമേൽ തട്ടി കുതിൎന്നതും, അടിക്കുന്നതിൻെറയും അടിക്കുമ്പോൾ കുതിരക്കാരൻെറയും ശബ്ദംകൊണ്ടു കുതിരകളുടെ ഗതിവേഗം അറിഞ്ഞു യജമാനന്മാൎക്കു പ്രിയമുണ്ടാക്കുന്നുമായ യാതൊരു ചാട്ടവാറുണ്ടോ, ആ ചാട്ടവാറോടുകൂടിവന്നു ഞങ്ങളുടെ യജ്ഞത്തെ സോമരസംകൊണ്ടു നനച്ചാലും. (അല്ലെങ്കിൽ) കശാ എന്നതിന്നു ധിഷണാ, ബുദ്ധി, വാക് എന്നൎത്ഥമെടുത്തു് അശ്വിനീദേവരുടെയാതൊരുവാക്കു മധുരവും പ്രിയവും സത്യവും (ഫലപ്രദവും) ആണോ ആ വാക്കോടുകൂടി ഈ യജ്ഞത്തിൽ വന്നു സോമാഹുതി സ്വീകരിച്ചാലും എന്നു്.

4 നഹി വാമസ്തി ദൂരകേ
യത്രാ രഥേന ഗച്ഛഥഃ
അശ്വിനാ സോമിനോ ഗൃഹം.

അന്വയം:—

അശ്വിനൌ	— ഹേ അശ്വിനൌ
(യുവാം) സോമിനഃ	— സോമവതഃ യജമാനസ്യ
ഗൃഹം (പ്രതി) രഥേന ഗച്ഛഥഃ	
യത്ര ഗൃഹേ (ഗച്ഛഥഃ തച്ച)	
വാം	— യുവയോഃ
ദൂരകേ	— ദൂരദേശേ
നഹി അസ്തി	— ന വൎത്തതേ ഖലു.

അൎത്ഥം—അല്ലയോ അശ്വികളേ, സോമത്തോടുകൂടിയ യജമാനൻെറ ഗൃഹത്തിലേക്കു നിങ്ങൾ തേരിൽ വരുന്നു. നിങ്ങൾക്കു പോകേണ്ടും ഗൃഹം ശീഘ്രഗതിയായ രഥമുള്ളതുകൊണ്ടു്, ദൂരദേശത്തല്ല, സമീപത്തിലാണു്.

5 ഹിരണ്യപാണിമൂതയേ

സവിതാരമുപ ഹ്വയേ

സ ചേത്താ ദേവതാ പദം. വ 4

അന്വയം —

ഹിരണ്യ–പാണിം — യജമാനായ ദാതും ഹസ്തേ സുവർണ്ണധാരിണം

സവിതാരം ഊതയേ — രക്ഷണായ

ഉപ ഹ്വയേ — ആഹ്വയാമി

സഃ ദേവതാ — ഏതന്മന്ത്രപ്രതിപാദ്യദേവതാ ഭൂത്വാ

പദം — യജമാനേന പ്രാപ്യം സ്ഥാനം.

ചേത്താ — ജ്ഞാപയിതാ (വേത്തു)

അർത്ഥം—യജമാനന്നു കൊടുപ്പാനായി കയ്യിൽ സ്വർണ്ണം ധരിക്കുന്ന (സുവർണ്ണരശ്മികളോടുകൂടിയ) സവിതാവിനെ, രക്ഷസ്സായി ഞാൻ വിളിക്കുന്നു അവിടുന്ന് ഈ മന്ത്രത്തിൽ പ്രതിപാദിക്കപ്പെട്ട ദേവതയായി ഭവിച്ച്, യജമാനനായ എനിക്കു പ്രാപ്യസ്ഥാനത്തിന്റെ ജ്ഞാപകനായി (അറിയിക്കുന്നവനായി) ഭവിക്കുന്നു (ഹിരണ്യപാണി എന്ന സവിതൃവിശേഷണത്തിന്റെ പിന്നിൽ സൂചിതമായി ഒരു കഥയും പറയുന്നു. ദേവന്മാരനുഷ്ഠിച്ച ഒരു യാഗത്തിൽ സവിതാവു ബ്രഹ്മന്റെ സ്ഥാനംവഹിച്ചു മറ്റ് ഋത്വിക്കുകൾ സവിതാവിന്നു പ്രാശിത്രമെന്നുപേരായ പുരോഡാശഭാഗംകൊടുത്തു സവിതാവു അതു കയ്യിൽ വെച്ചപ്പോൾ അവിടുത്തെ കൈ മുറിഞ്ഞു പ്രാശിത്രം കൊടുത്തവർ സവിതാവിന്ന് ഒരു സ്വർണ്ണക്കയ്യുണ്ടാക്കിപ്പിടിപ്പിച്ചു അപ്പോൾ ഹിരണ്യപാണിയായി)

6 അപാന്നപാതമവസേ

സവിതാരമുപ സ്തുഹി

തസ്യ വ്രതാന്യുശ്മസി

അന്വയം –

(ഹോതാ സാമഗം ഋത്വിജം ബ്രൂതേ)

അവസേ — രക്ഷണായ

അപാം നപാതം — ജലസ്യ ന പാലകം സന്താപേന ശോഷയിതാരം

സവിതാരം ഉപ സ്തുഹി — സ്തുതിം കുരു

തസ്യ വ്രതാനി — സവിതുസ്സംബന്ധീനി കർമ്മാണി (സോമയാഗരൂപാണി)

ഉശ്മസി — കാമയാമഹേ

അർത്ഥം–(ഇവിടെ ഹോതാവ് സാമഗനായ ഋത്വിക്കിനോടു പറയുന്നു) ജലത്തെ തപിപ്പിച്ചു ശോഷിപ്പിക്കുന്ന സവിതാവിനെ രക്ഷയ്ക്കായി ഞാൻ വിളിക്കുന്നു അവിടുത്തെ സ്സംബന്ധിച്ച സോമയാഗരൂപങ്ങളായ കർമ്മങ്ങൾ ചെയ്യാൻ ആഗ്രഹിക്കുന്നു

7 വിഭക്താരം ഹവാമഹേ
വസോശ്ചിത്രസ്യ രാധസഃ
സവിതാരം നൃചക്ഷസം

അന്വയം –

വസോഃ — നിവാസഹേതോഃ

ചിത്രസ്യ — സുവർണ്ണരജതാദിബഹുവിധസ്യ

രാധസഃ — ധനസ്യ

വി–ഭക്താരം — വിഭാഗകാരിണം

നൃ ചക്ഷസം — മനുഷ്യാണാം പ്രകാശകാരിണം

സവിതാരം ഹവാമഹേ — ആഹ്വയാമഹേ

അർത്ഥം–എല്ലാവരേയും അതാതിടത്തു വസിപ്പിക്കുന്നവരും സ്വർണ്ണം, വെള്ളി എന്നിങ്ങനെ പലവിധത്തിലുള്ള ധനത്തെ ഇന്ന യജമാനന് ഇത്ര ഇന്നതു് എന്നു വിഭജിക്കുന്നവനും; മനുഷ്യർക്കു പ്രകാശകരനുമായ സവിതാവിനെ നാം വിളിക്കുന്നു

8 സഖായ ആ നിഷീദത
സവിതാ സ്തോമ്യോ നുനഃ
ദാതാ രാധാംസി ശുംഭതി

അന്വയം —

സഖായഃ	— സഖീഭൂതാഃ ഹേ ഋത്വിജഃ
ആ നി സീദത	— സർവ്വത്രോപവിശത
നഃ	— അസ്മാകം
(അയം) സവിതാ നു	— ക്ഷിപ്രം
സ്തോമ്യഃ	— സ്തുതിയോഗ്യഃ
രാധാംസി	— ധനാനി
ദാതാ	— പ്രദാതുമുദ്യുക്തഃ ഏഷ സവിതാ
ശുംഭതി	— ശോഭതേ

അർത്ഥം—ചങ്ങാതികളായ ഋത്വിക്കുകളേ, എല്ലാടങ്ങളിലും ഇരിക്കുക നമ്മുടെ ഈ സവിതാവ് ഇപ്പോഴത്തന്നെ സ്തുതിക്കപ്പെടേണ്ടവനാകുന്നു ധനങ്ങളെ തരുവാൻ ഒരുങ്ങിയ അവിടുന്നു ശോഭിക്കുന്നു

9 അഗ്നേ പത്നീരിഹാ വഹ
ദേവാനാ മുശതീരുപ
ത്വഷ്ടാരം സോമപീതയേ

അന്വയം —

ഹേ അഗ്നേ, ഉശതീഃ	— കാമയമാനാഃ
ദേവാനാം പത്നീഃ	— ഇന്ദ്രാണ്യാദ്യാഃ
ഇഹ	— ദേവയജനദേശേ
ആ വഹ	— ആനയ
(തഥാ) സോമ—പീതയേ	
ത്വഷ്ടാരം ഉപ	— സമീപേ (ആവഹ)

അർത്ഥം—അല്ലയോ അഗ്നേ, (സോമപാനത്തിന്നു) കാമിക്കുന്ന ഇന്ദ്രാണി മുതലായ ദേവപത്നികളെ ഈ യജനദേശത്തേക്കു കൊണ്ടുവന്നാലും. അതുപോലെ, സോമപാനത്തിന്നായി ത്വഷ്ടാവെന്ന ദേവനേയും അടുക്കലെണച്ചാലും.

10 ആ ഗ്നാ അഗ്ന ഇഹാവസേ
ഹോത്രാം യവിഷ്ഠ ഭാരതീം
വരൂത്രീം ധിഷണാം വഹ

അന്വയം:—

ഹേ അഗ്നേ, അവസേ	—	രക്ഷണായ
ഗ്നാഃ	—	ദേവപത്നീഃ
ഇഹ ആ വഹ	—	ആനയ.
(തഥാ) ഹേ യവിഷ്ഠ,	—	യുവതമ, (അഗ്നേ,)
ഹോത്രാം	—	ഹോമനിഷ്പാദകാഗ്നിപത്നീം
ഭാരതീം	—	ഭരതനാമകസ്യാദിത്യസ്യ പത്നീം
വരൂത്രീം ധിഷണാം	—	വരണീയാം വാഗ്ദേവീം (ആവഹ)

അർത്ഥം—അല്ലയോ അഗ്നേ, രക്ഷയ്ക്കായി ദേവപത്നികളെ ഇവിടെ കൊണ്ടുവന്നാലും. നിത്യയുവാവായ അഗ്നേ, അതുപോലെ, ഹോമനിഷ്പാദകനായ അവിടുത്തെ പത്നിയെ കൊണ്ടുവന്നാലും. ഭരതനെന്ന ആദിത്യന്റെ പത്നിയെ കൊണ്ടുവന്നാലും. ശ്രേഷ്ഠയായ സരസ്വതിയെ കൊണ്ടുവന്നാലും.

വർഗ്ഗം 6

11 അഭി നോ ദേവീരവസാ
മഹഃ ശർമ്മണാ നൃപത്നീഃ
അച്ഛിന്നപത്രാഃ സചന്താം

അന്വയം:—

നൃ—പത്നീഃ		മനുഷ്യാണാം പാലയിത്ര്യഃ
അച്ഛിന്ന—പത്രാഃ	—	അച്ഛിന്നപക്ഷാഃ (പക്ഷിരൂപാണാം ദേവപത്നീനാം പക്ഷാഃ കേനചിൽ നഹി ഛിദ്യന്തേ)
ദേവീഃ	—	ദേവ്യഃ ദേവപത്ന്യഃ
അവസാ	—	രക്ഷണേന
മഹഃ ശർമ്മണാ	—	മഹതാ സുഖേന (സഹ ച)
നഃ അഭി സചന്താം	—	ആഭിമുഖ്യേന സേവന്താം.

അർത്ഥം—മനുഷ്യരെ പാലിക്കുന്നവരും പക്ഷിരൂപകളായി സഞ്ചരിക്കുമ്പോൾ ഒരിക്കലും ചിറകൊടിയാത്തവരുമായ ദേവപത്നികൾ, രക്ഷണംകൊണ്ടും മഹത്തായ സുഖംകൊണ്ടും നമ്മെ കാക്കട്ടെ ഗ്രിഫിത്സിന്ന പക്ഷിരൂപം പാശ്ചാത്യ

സങ്കല്പങ്ങളിൽ സുവിദിതമാണ് ഇവിടെ ദേവപത്നികൾക്കും പക്ഷിരൂപം പറഞ്ഞിരിക്കുന്നു)

12 ഇഹേന്ദ്രാണീമുപ ഹ്വയേ
വരുണാനീം സ്വസ്തയേ
അഗ്നായീം സോമപീതയേ

അന്വയം —

ഇഹ സ്വസ്തയേ — അസ്മിൻ കർമ്മണി അവിനാശായ
സോമ–പീതയേ (ച) ഇന്ദ്രാണീം വരുണാനീം അഗ്നായീം ഉപ ഹ്വയേ

അർത്ഥം—ഈ കർമ്മത്തിൽ മംഗളത്തിന്നായിക്കൊണ്ടും സോമപാനത്തിന്നായിക്കൊണ്ടും ഇന്ദ്രന്റെയും വരുണന്റെയും അഗ്നിയുടെയും പത്നിമാരെ ഞാൻ വിളിക്കുന്നു

13 മഹീ ദ്യൗഃ പൃഥിവീ ച ന
ഇമം യജ്ഞം മിമിക്ഷതാം
പിപൃതാന്നോ ഭരീമഭിഃ

അന്വയം —

മഹീ	— മഹതീ
ദ്യൗഃ	— ദ്യുലോകദേവതാ
പൃഥിവീ ച	— ഭൂമിലോകദേവതാ ച
നഃ ഇമം യജ്ഞം	
മിമിക്ഷതാം	— സ്വകീയസാരഭൂതേന രസേന സേക്തുമിച്ഛതാം
ഭരീമ–ഭിഃ	— ഭരണൈഃ, പോഷണൈഃ
നഃ പിപൃതാം	— അസ്മാൻ ഉഭേ ദേവ്യൗ പൂരയതാം

അർത്ഥം—മഹതിയായ ദ്യുലോകദേവതയും ഭൂലോകദേവതയും യജ്ഞത്തിൽ പങ്കുകൊണ്ട് (അനുഗ്രഹ) സേചനം ചെയ്യട്ടെ ഭരണപോഷണങ്ങളെക്കൊണ്ടു രണ്ടു ദേവിമാരും നമുക്ക് തികവു വരുത്തട്ടെ (ദ്യുലോകദേവത പാരത്രികവും ഭൂലോക ദേവത ഐഹികവുമായ ശ്രേയസ്സുണ്ടാക്കട്ടെ)

14 തയോരിദ്ഘൃതവൽ പയോ

വിപ്രാ രിഹന്തി ധീതിഭിഃ

ഗന്ധർവ്വസ്യ ധ്രുവേ പദേ

അന്വയം —

ഗന്ധർവ്വസ്യ ധ്രുവേ പദേ — അന്തരിക്ഷേ (അന്തരിക്ഷേണ ഉപലക്ഷിതേ ആകാശേ വർത്തമാനയോഃ)

തയോഃ ഇൽ — ദ്യാവാപൃഥിവ്യോഃ ഏവ (സംബന്ധി)

പയഃ — ജലം

ഘൃത—വൽ — ഘൃതസദൃശം

വിപ്രാഃ — മേധാവിനഃ പ്രാണിനോവാ

ധീതി—ഭിഃ — കർമ്മഭിഃ

രിഹന്തി — ലിഹന്തി

അർത്ഥം—ഗന്ധർവ്വന്മാരുടെ ഉറച്ചസ്ഥാനമായ അന്തരീക്ഷത്തിൽ (ആ അന്തരീക്ഷം ഉൾക്കൊള്ളുന്ന) ദ്യാവാപൃഥിവികൾ ഉണ്ടാകുന്ന വെള്ളത്തെ (മഴവെള്ളത്തെ) ജീവജാലങ്ങൾ നക്കി കുടിക്കുന്നു അല്ലെങ്കിൽ മേധാവികളായ ഋത്വിക്കുകൾ കർമ്മങ്ങൾക്കായി ഉപയോഗിക്കുന്നു

15 സ്യോനാ പൃഥിവി ഭവാ—

നൃക്ഷരാ നിവേശനീ

യച്ഛാ നശ്ശർമ്മ സപ്രഥഃ വ 6

അന്വയം —

ഹേ പൃഥിവി, സ്യോനാ — വിസ്തീർണ്ണതായുക്താ, സുഖയുക്താ

അനൃക്ഷരാ — കണ്ടകരഹിതാ

നി—വേശനീ ഭവ — നിവേശസ്ഥാനഭൂതാ ഭവ

സ—പ്രഥഃ — വിസ്താരയുക്തം

ശർമ്മ — ശരണം, ഗൃഹം

നഃ യച്ഛ — അസ്മഭ്യം യച്ഛ

അർത്ഥം—അല്ലയോ ഭൂമിദേവി, അവിടുന്നു വിസ്താരവതിയായി, സുഖദാത്രിയായി, കണ്ടകരഹിതയായി, എല്ലാവക്കും അധിവാസസ്ഥാനഭൂതയായി ഭവിച്ചാലും. മതിയാവോളം വിസ്തൃതമായ ഗൃഹം ഞങ്ങൾക്കു തന്നരുളിയാലും.

വർഗ്ഗം 7

16 അതോ ദേവാ അവന്തു നോ—
യതോ വിഷ്ണുർവ്വിചക്രമേ
പൃഥിവ്യാസ്സപ്ത ധാമഭിഃ

അന്വയം:—

വിഷ്ണുഃ	— പരമേശ്വരഃ
സപ്ത	— സപ്തഭിഃ
ധാമ—ഭിഃ	— ഗായത്ര്യാദിഭിഃ ഛന്ദോഭിഃ സാധനഭൂതൈഃ
യതഃ പൃഥിവ്യാഃ	— യസ്മാൽ ഭൂപ്രദേശാൽ
വി—ചക്രമേ	— വിവിധം പാദക്രമണം കൃതവാൻ
അതഃ	— അസ്മാൽ ഭൂപ്രദേശാൽ
നഃ	— അസ്മാൻ
ദേവാഃ അവന്തു	— രക്ഷന്തു

അർത്ഥം—സർവ്വേശ്വരനായ വിഷ്ണു, ഗായത്രി മുതലായ ഏഴ് ഛന്ദസ്സുകളുടെ ശക്തികൊണ്ടു്, യാതൊരു ഭൂവിൽനിന്നാണോ പാദക്രമണം ചെയ്തതു്, ആ ഭൂപ്രദേശത്തിലുള്ള ഞങ്ങളെ ദേവന്മാർ പാപനിവാരണംചെയ്തു രക്ഷിക്കട്ടെ.

17 ഇദം വിഷ്ണുർവ്വി ചക്രമേ
ത്രേധാ നി ദധേ പദം
സമൂള്ഹമസ്യ പാംസുരേ.

അന്വയം:—

വിഷ്ണുഃ	— ത്രിവിക്രമാവതാരധാരീ
	— സർവ്വം ജഗൽ

വി ചക്രമേ — വിശേഷേണ ക്രമണം കൃതവാൻ
(തദാ) ത്രേധാ — ത്രിഭിഃ പ്രകാരൈഃ
പദം നി ദധേ — സ്വപാദം പ്രക്ഷിപ്തവാൻ
അസ്യ പാംസുരേ — വിഷ്ണോഃ ധൂളിയുക്തേ പാദസ്ഥാനേ
(ഇദം സർവ്വം ജഗൽ)
സം-ഊൾഹം — സമ്യഗന്തർഭൂതം

അർത്ഥം—ത്രിവിക്രമാവതാരധാരിയായ വിഷ്ണു ഈ ജഗത്തുമുഴുവൻ ഒരു സവിശേഷതരത്തിൽ ക്രമണംചെയ്തു. അപ്പോൾ മൂന്നുവിധത്തിൽ തൃപ്പാദം വെച്ചു. അവിടത്തെ പാംസുലമായ പാദസ്ഥാനത്താണ് ഈ വിശ്വം മുഴുവനും അന്തർഭൂതമായിരിക്കുന്നത്.

18 ത്രീണി പദാ വി ചക്രമേ
വിഷ്ണുർഗ്ഗോപാ അദാഭ്യഃ
അതോ ധർമ്മാണി ധാരയൻ

അന്വയം:—

അദാഭ്യഃ — കേനാപി ഹിംസിതുമശക്യഃ
ഗോപാഃ — സർവ്വസ്യ ജഗതഃ രക്ഷകഃ
വിഷ്ണുഃ (പൃഥിവ്യാദി സ്ഥാനേഷു) ധർമ്മാണി
ധാരയൻ — സത്കർമ്മാണി വഹമാനഃ വർദ്ധയൻ
അതഃ ത്രീണി പദാ വി ചക്രമേ — ക്രമണം കൃതവാൻ

അർത്ഥം—അജയ്യനും സർവ്വജഗദ്രക്ഷകനുമായ വിഷ്ണു പൃഥിവി മുതലായ സ്ഥാനങ്ങളിൽ സൽക്കർമ്മങ്ങളെ വളർത്തിക്കൊണ്ട്, ലോകങ്ങളിൽ മൂന്നു പദക്ഷേപങ്ങളെച്ചെയ്തു.

19 വിഷ്ണോഃ കർമ്മാണി പശ്യത
യതോ വ്രതാനി പസ്പശേ
ഇന്ദ്രസ്യ യുജ്യസ്സഖാ

അന്വയം:—

(ഹേ ഋത്വിഗാദയഃ)

യതഃ	— യൈഃ കർമ്മഭിഃ
വ്രതാനി	— അഗ്നിഹോത്രാദീനി
പസ്പശേ	— സർവ്വോയജമാനഃ സ്പൃഷ്ടവാൻ (വിഷ്ണോരനുഗ്രഹാൽ അനുതിഷ്ഠതി)
(തസ്യ) വിഷ്ണോഃ കർമ്മാണി	— പാലനാദീനി
പശ്യത	
(സഃ) ഇന്ദ്രസ്യ യുജ്യഃ	— യോജ്യഃ
സഖാ (ഭവതി)	

അർത്ഥം—അല്ലയോ ഋത്വിഗ്യജമാനാദികളേ, യാതൊരു വിഷ്ണുവിന്റെ അനുഗ്രഹംകൊണ്ടാണോ സൽകർമ്മങ്ങൾ (നിങ്ങളെപ്പോലുള്ള) യജമാനൻ അനുഷ്ഠിക്കുന്നതു്, ആ വിഷ്ണുവിന്റെ ശിഷ്ടപാലനദുഷ്ടനാശനാദികർമ്മങ്ങളെ, നിങ്ങൾ കാണുക അവിടുന്നു ലോകത്തിൽ കർമ്മഫലദാതാവായ ഇന്ദ്രന്റെ അനുയോജ്യനായ സഖാവാകുന്നു

20 തദ്വിഷ്ണോഃ പരമം പദം
സദാപശ്യന്തി സൂരയഃ
ദിവീവ ചക്ഷുരാതതം.

അന്വയം:—

സൂരയഃ	— വിദ്വാംസഃ
വിഷ്ണോഃ പരമം	— ഉൽകൃഷ്ടം
തൽ	— ശാസ്ത്രപ്രസിദ്ധം
പദം	— സ്വർഗ്ഗസ്ഥാനം
ദിവി—ഇവ	— ആകാശേ യഥാ
ആ—തതം ചക്ഷുഃ സദാ	
പശ്യന്തി	— അനിരോധേന സർവ്വദാ പശ്യന്തി

അർത്ഥം—ജ്ഞാനികൾ വിഷ്ണുവിന്റെ, ശാസ്ത്രദൃഷ്ട്യാ പ്രസിദ്ധവും സ്വർഗ്ഗസ്ഥാനഭൂതവുമായ ആ പ...

സർവ്വത്ര വ്യാപ്തമായ സൂര്യബിംബം പോലെ എപ്പോഴും വിശദമായി കാണുന്നു.

21 തദ്വിപ്രാസോ വിപന്യവോ–

ജാഗൃവാംസസ്സമിന്ധതേ

വിഷ്ണോര്യൽ പരമം പദം. വ 7

അന്വയം:–

വിഷ്ണോഃ യൽ പരമം പദം (അസ്തി) തൽ (പദം)

വിപന്യവഃ	— വിശേഷേണ സ്തോതാരഃ
ജാഗൃ–വാംസഃ	— ശബ്ദാർത്ഥയോഃ പ്രമാദരാഹിത്യേന ജാഗരൂകാഃ
വിപ്രാസഃ	— മേധാവിനഃ
സം ഇന്ധതേ	— സമ്യക് ദീപയന്തി

അർത്ഥം—പൂർവ്വോക്തമായ വിഷ്ണുവിന്റെ ആ ഉൽകൃഷ്ട പദം യാതൊന്നോ, അതിനെ ഭക്തസ്തോതാക്കളും ശബ്ദോച്ചാരണത്തിലും അർത്ഥബോധത്തിലും പിഴപററാതെ കാക്കുന്നവരുമായ മേധാവികരം വേണ്ടപോലെ തെളിയിയ്ക്കുന്നു

വർഗ്ഗം 8–9–10–11–12 ഗായത്രീ പുരഉഷ്ണിക് പ്രതിഷ്ഠാ അനുഷ്ടുപ് ഛന്ദാംസി വായുഃ, ഇന്ദ്രവായൂ, മിത്രാവരുണൗ, ഇന്ദ്രോ മരുത്വാൻ, വിശ്വേദേവാഃ, ആപഃ, അഗ്നിഃ ദേവതാ

1 തീവ്രാസ്സോമാസ ആ ഗഹ്യാ–

ശീർവ്വന്തസ്സുതാ ഇമേ

വായോ താൻ പ്രസ്ഥിതാൻ പിബ

അന്വയം:–

ഹേ വായോ, ഇമേ

സോമാസഃ	—— സോമാഃ
സുതാഃ	—— അഭിഷുതാഃ
(തേ ച) തീവ്രാഃ	—— പ്രവൃദ്ധത്വാൽ തർപ്പയിതും സമർത്ഥാഃ

ആശീഃ-വന്തഃ — ആശീര്യുക്താഃ
ആ ഗഹി — അസ്മിൻ കർമ്മണ്യാഗച്ഛ
പ്ര-സ്ഥിതാൻ — ഉത്തരവേദിം പ്രതി ആനീതാൻ
താൻ (സോമാൻ) പിബ — പാനം കുരു

അർത്ഥം-അല്ലയോ വായോ, ഈ സോമങ്ങൾ സംസ്കരിക്കപ്പെട്ടവയാണ്. അവ തൃപ്തിപ്പെടുത്തുവാൻതക്കവണ്ണം കടുത്തതത്രേ, ഞങ്ങളുടെ ആശിസ്സുകളോട്, (പ്രാർത്ഥനകളോട) കൂടിയവയാണ് ഈ കർമ്മത്തിൽ വന്നാലും വടക്കേ വേദിയിൽ കൊണ്ടുവെയ്ക്കപ്പെട്ട ആ സോമങ്ങളെ കുടിച്ചാലും.

2 ഉഭാ ദേവാ ദിവിസ്പൃശേ-
ന്ദ്രവായൂ ഹവാമഹേ
അസ്യ സോമസ്യ പീതയേ.

അന്വയം:—
ദിവി-സ്പൃശാ — ദ്യുലോകവർത്തിനൗ
ഉഭാ ദേവാ — ദ്വൗ ദേവൗ
ഇന്ദ്രവായൂ അസ്യ
സോമസ്യ പീതയേ
ഹവാമഹേ — ആഹ്വയാമഃ

അർത്ഥം—ദ്യുലോകവർത്തികളായ ഇന്ദ്രവായുക്കളെന്ന രണ്ടു ദേവന്മാരെ ഈ സോമം കുടിക്കാനായി വിളിക്കുന്നു

3 ഇന്ദ്രവായൂ മനോജുവാ
വിപ്രാ ഹവന്ത ഊതയേ
സഹസ്രാക്ഷാ ധിയസ്പതീ

അന്വയം —
വിപ്രാഃ — മേധാവിനഃ ഋത്വിഗ്യജമാനാഃ
ഊതയേ — രക്ഷണായ
മനഃ-ജുവാ — മനോജുവൗ മന ഇവ വേഗവത്തരൗ

സഹസ്ര—അക്ഷാ — സഹസ്രാക്ഷൗ, സഹസ്രനയനയുക്തൗ
ധിയഃ പതീ — കർമ്മണഃ ബുദ്ധേർവ്വാ പാലകൗ
ഇന്ദ്രവായൂ ഹവന്തേ — ആഹ്വയന്തി

അർത്ഥം—മേധാവികളായ ഋത്വിഗ്യജമാനന്മാർ രക്ഷയ്ക്കായി മനസ്സിനൊത്ത വേഗമുള്ളവരും ആയിരം കണ്ണുള്ളവരും കർമ്മങ്ങളുടെ (ബുദ്ധിയുടെ) പാലകന്മാരുമായ ഇന്ദ്രവായുക്കളെ വിളിക്കുന്നു (ഇന്ദ്രൻമാത്രമാണ് സഹസ്രാക്ഷനെങ്കിലും ഛത്രിന്യായേന ആ വിശേഷണം വായുവിനും ചേരാനിടയായി. അല്ലെങ്കിൽ സർവ്വഗനായ വായു സർവ്വദർശിയാണല്ലോ. അപ്പോഴും എണ്ണമററ കണ്ണുകളുള്ളവനുമാകാം.)

4 മിത്രം വയം ഹവാമഹേ
വരുണം സോമപീതയേ
ജജ്ഞാനാ പൂതദക്ഷസാ

അന്വയം:—
വയം — അനുഷ്ഠാതാരഃ
സോമ—പീതയേ — സോമപാനാർത്ഥം
ജജ്ഞാനാ — കർമ്മപ്രദേശേ പ്രാദുർഭവന്തൗ
പൂത—ദക്ഷസാ — ശുദ്ധബലൗ
മിത്രം വരുണം (ച)
ഹവാമഹേ — ആഹ്വയാമഃ

അർത്ഥം—കർമ്മാനുഷ്ഠാതാക്കളായ ഞങ്ങൾ സോമപാനത്തിന്നായി കർമ്മപ്രദേശങ്ങളിൽ പ്രത്യക്ഷീഭവിക്കുന്നവരും വിശുദ്ധബലന്മാരുമായ മിത്രനെയും വരുണനെയും വിളിക്കുന്നു.

5 ഋതേന യാവൃതാവൃധാ—
വൃതസ്യ ജ്യോതിഷസ്പതീ
താ മിത്രാവരുണാ ഹുവേ വ—8

9 ഹത വൃത്രം സുദാനവ

ഇന്ദ്രേണ സഹസാ യുജാ

മാ നോ ദുശ്ശംസ ഈശത

അന്വയം —

ഹേ സു-ദാനവഃ,	— ശോഭനദാനയുക്താഃ, (മരുൽഗണാഃ,)
സഹസാ യുജാ ഇന്ദ്രേണ	— ബലവതാ യോഗ്യേന ഇന്ദ്രേണ (സഹ)
വൃത്രം ഹത	— ശത്രും നാശയത
ദുഃ-ശംസഃ	— ദുഷ്ടേന ശംസനേന യുക്തശ്ശത്രുഃ
നഃ	— അസ്മാൻ പ്രതി
മാ ഈശത	— മാ സമർത്ഥോഭൂൽ

അർത്ഥം—അല്ലയോ അഭീഷ്ടദാതാക്കളായ മരുൽഗണങ്ങളേ ബലവാനും പോന്നവനുമായ ഇന്ദ്രനോടുകൂടി നിങ്ങൾ ശത്രുവിനെ നശിപ്പിച്ചാലും ക്രൂരാക്രോശങ്ങളോടുകൂടിയ അവൻ ഞങ്ങളെ കീഴടക്കരുതു്

10 വിശ്വാൻദേവാൻ ഹവാമഹേ

മരുതസ്സോമപീതയേ

ഉഗ്രാ ഹി പൃശ്നിമാതരഃ വ 9

അന്വയം —

മരുതഃ	— മരുൽസംജ്ഞകാൻ
വിശ്വാൻ ദേവാൻ സോമ-പീതയേ ഹവാമഹേ	— ആഹ്വയാമഃ
പൃശ്നി-മാതരഃ	— പൃശ്നേഃ നാനാവർണ്ണയുക്തായാഃ ഭൂമേഃ പുത്രാഃ
ഉഗ്രാഃ ഹി	— ശത്രുഭിഃ അസഹ്യബലാഃ

അർത്ഥം—മരുത്തുക്കളെന്ന എല്ലാ ദേവന്മാരെയും സോമപാനത്തിന്നായി വിളിക്കുന്നു നാനാവർണ്ണങ്ങളിയന്ന ഭൂമിയുടെ മക്കളായ അവർ ശത്രുക്കൾക്കു് അജയ്യന്മാരാണല്ലോ

വർഗ്ഗം 10

11 ജയതാമിവ തന്യതു-
ർമ്മരുതാമേതി ധൃഷ്ണുയാ
യച്ഛുഭം യാഥനാ നരഃ

അന്വയം —

മരുതാം തന്യതുഃ	— ശബ്ദഃ
ധൃഷ്ണു-യാ	— ധാർഷ്ട്യയുക്തഃ (സൻ)
ജയതാം-ഇവ	— ശൂരാണാം ഭടാനാം ഇവ
ഏതി	— ഗച്ഛതി
നരഃ	— ഹേ നേതാരഃ, മരുതഃ
യത് ശുഭം	— യദാ ശോഭനം ദേവയജനം
യാഥന	— പ്രാപ്നഥ (തദാ ത്വദീയഃ ശബ്ദഃ ഗച്ഛതി)

അർത്ഥം-അല്ലയോ നേതാക്കളായ മരുത്തുക്കളേ, എപ്പോൾ നിങ്ങൾ ദേവയജനത്തെ പ്രാപിക്കുന്നുവോ, അപ്പോൾ മരുത്തുകളായ നിങ്ങളുടെ ശബ്ദം ആരെയും കൂസാതെ, യുദ്ധത്തിൽ ജയിച്ചുവരുന്ന ശൂരഭടന്മാരുടേതുപോലെ, പുറത്തുപുറപ്പെടുന്നു.

12 ഹസ്കാരാദ്വിദ്യുതസ്പര്യ-
തോ ജാതാ അവന്തു നഃ
മരുതോമൃളയന്തു നഃ

അന്വയം —

ഹസ്കാരാത്	— ദീപ്തികരാത്
വി-ദ്യുതഃ	— വിശേഷേണ ദീപ്യമാനാത്
അതഃ	— അന്തരിക്ഷാത്
പരി ജാതാഃ	— സർവ്വതഃ ഉൽപന്നാഃ
മരുതഃ നഃ	— അസ്മാൻ
അവന്തു	— രക്ഷന്തു
നഃ മൃളയന്തു	— സുഖയന്തു.

അന്വയം -
യൗ (മിത്രാവരുണൗ)
ഋതേന — യജമാനാനുഗ്രഹകാരിണാ സത്യവചനേന
ഋത-വൃധൗ — ഋതം, അവശ്യം ഭാവിതയാ സത്യം കർമ്മഫലം തസ്യ വർദ്ധകൗ
ഋതസ്യ — സത്യസ്യ
ജ്യോതിഷഃ പതീ — പ്രകാശസ്യ പാലകൗ
താ മിത്രാവരുണാ — തൗ മിത്രാവരുണൗ
ഹുവേ — ആഹ്വയാമി

അർത്ഥം—യജമാനനെ അനുഗ്രഹിക്കുന്ന, നിഷ്ഫലമാകാത്ത, വാക്കുകൊണ്ട് സത്യമായ കർമ്മഫലത്തെ വളർത്തുന്നവരും സത്യത്തിൻെറ പ്രകാശത്തെ പാലിക്കുന്നവരും യാവരോ, ആ മിത്രവരുണന്മാരെ ഞാൻ വിളിക്കുന്നു

വർഗ്ഗം—9

6 വരുണഃ പ്രാവിതാ ഭുവ-
ന്മിത്രോ വിശ്വാഭിരൂതിഭിഃ
കരതാന്നസ്സുരാധസഃ

അന്വയം —
വരുണഃ (അസ്മാകം)
പ്ര-അവിതാ ഭുവത് — പ്രകർഷേണ രക്ഷിതാ ഭവതു
മിത്രഃ (ച) വിശ്വാഭിഃ
ഊതി-ഭിഃ — സർവ്വാഭിഃ രക്ഷാഭിഃ (പ്രാവിതാ ഭുവത്)
നഃ — അസ്മാൻ
സു-രാധസഃ — പ്രഭൂതധനയുക്താൻ
കരതാം — കുരുതാം

അർത്ഥം—വരുണൻ വേണ്ടപോലെ ഞങ്ങളുടെ രക്ഷകനായി ഭവിക്കട്ടെ മിത്രനും എല്ലാ രക്ഷകളോടും കൂടി (രക്ഷകനായി) ഭവിക്കട്ടെ ആ ദേവന്മാർ ഞങ്ങളെ സമൃദ്ധമായ ധനത്തോടുകൂടിയവരാക്കട്ടെ

7 മരുത്വന്തം ഹവാമഹ

ഇന്ദ്രമാ സോമപീതയേ

സജൂർഗ്ഗണേന തൃമ്പതു

അന്വയം —

മരുത്വന്തം — മരുത്ഭിര്യുക്തം

ഇന്ദ്രം സോമ–പീതയേ

ആ ഹവാമഹേ — ആഹ്വയാമഹേ

(സഃ ച) ഗണേന സ–ജൂഃ — മരുത്സമൂഹേന സഹ

തൃമ്പതു — തൃപ്തോ ഭവതു

അർത്ഥം—മരുത്തുക്കളോടുകൂടിയ ഇന്ദ്രനെ സോമപാനത്തിന്നായി വിളിക്കുന്നു അവിടുന്നു മരുത്തുക്കളുടെ കൂട്ടത്തോടുകൂടി തൃപ്തനായി ഭവിക്കട്ടെ

8 ഇന്ദ്രജ്യേഷ്ഠാ മരുദ്ഗണാ

ദേവാസഃ പൂഷരാതയഃ

വിശ്വേ മമ ശ്രുതാ ഹവം

അന്വയം —

ഇന്ദ്ര–ജ്യേഷ്ഠാഃ — ഇന്ദ്രോ ജ്യേഷ്ഠഃ, മുഖ്യഃ യേഷ്വ തേ

മരുദ്–ഗണാഃ — മരുത്സമൂഹരൂപാഃ

പൂഷ–രാതയഃ — പൂഷാഖ്യോ ദേവഃ രാതിഃ ദാതാ യേഷാം തേ

ഹേ ദേവാസഃ — ഇന്ദ്രമരുദ്രൂപാഃ ദേവാഃ

വിശ്വേ — സർവ്വേ യൂയം

മമ ഹവം — മമാഹ്വാനം

ശ്രുത — ശൃണുത

അർത്ഥം—ഇന്ദ്രനാകുന്ന നേതാവോടുകൂടിയവരും മരുദ്ഗണരൂപന്മാരും പൂഷാവാകുന്ന ദാതാവോടുകൂടിയവരുമായ ദേവന്മാരേ, നിങ്ങൾ എല്ലാവരും എന്റെ വിളി കേട്ടാലും.

അർത്ഥം—ദീപ്തികരങ്ങളിൽവെച്ച് കൂടുതൽ ദീപ്യമാനമായ അന്തരീക്ഷത്തിൽ എല്ലാടത്തുനിന്നും ഉൽപന്നന്മാരായ മരുത്തുക്കൾ നമ്മളെ രക്ഷിക്കട്ടെ, നമ്മളെ സുഖിപ്പിക്കട്ടെ

13 ആ പൂഷഞ്ചിത്രബർഹിഷ—
മാഘൃണേ ധരുണം ദിവഃ
ആജാ നഷ്ടം യഥാ പശും

അന്വയം —

ഹേ ആഘൃണേ, — ആഗതദീപ്തിയുക്ത,
പൂഷൻ, അജ, — ഗമനശീല,
യഥാ (ലോകേ) നഷ്ടം
പശും — മഹാരണ്യാദൗ അന്വിഷ്യ കശ്ചിത്
ആ — ആഹരതി (തദ്വത്)
ചിത്ര—ബർഹിഷം — വിചിത്രൈഃ ദർഭൈഃ യുക്തം
ധരുണം — യാഗസ്യധാരകം സോമം
ദിവഃ ആ — ദ്യുലോകാത് (ആഹര)

അർത്ഥം—സിദ്ധപ്രകാശനും എല്ലാടവും ഗമിക്കുന്നവനുമായ പൂഷാവേ കാണാതായ പശുവിനെ കാട്ടുകളിൽ അന്വേഷിച്ചു കൊണ്ടുവരുന്നപോലെ വിചിത്രദർഭപ്പുല്ലുകളോടുകൂടിയതും യാഗത്തെ ധരിക്കുന്നതുമായ (യാഗത്തിന്റെ പ്രധാന ഘടകമായ) സോമത്തെ ദ്യോവിൽനിന്ന് ആഹരിച്ചാലും.

14 പൂഷാ രാജാനമാഘൃണി—
രപഗൂള്ഹം ഗുഹാ ഹിതം
അവിന്ദച്ചിത്രബർഹിഷം

അന്വയം —

ആഘൃണിഃ പൂഷാ ഗുഹാ
ഹിതം — ഗുഹാസദൃശേ ദ്യുലോകേ സ്ഥിതം
അപ-ഗൂള്ഹം — അത്യന്തഗൂഢം

ചിത്ര—ബർഹിഷം	— വിചിത്രൈഃ ദർഭൈഃ യുക്തം
രാജാനം അവിന്ദൽ	— സോമം അലഭത

അർത്ഥം—ദീപ്തനായപൂഷാവ്, ഗുഹപോലെ ഗൂഢമായ ദ്യു ലോകത്തിൽനിന്ന് ഏറ്റവും ഗൂഢ്യവും വിചിത്രദർഭ്പ്പുല്ലുക ളോടുകൂടിയതുമായ സോമത്തെ നേടി.

15 ഉതോ സ മഹ്യമിന്ദുഭി—

ഷഡ്യുക്താ അനുസേഷിധൽ

ഗോഭിര്യവന്ന ചർകൃഷൽ. (വ. 10)

അന്വയം:—

ഉതോ	— അപി ച
സഃ (പൂഷാ) മഹ്യം	— യജമാനായ
ഇന്ദു—ഭിഃ യുക്താൻ	— (യാഗഹേതുഭിഃ) സോമൈഃ യുക്താൻ
ഷട്	— വസന്താദീൻ ഋതുൻ
ഗോഭിഃ	— ബലീവർദൈഃ
യവം ന	— യഥാ യവമുദ്ദിശ്യ
ചർകൃഷൽ	— (പുനഃ പുനഃ) കൃഷതി തദ്വൽ
അനു—സേസിധൽ	— പുനഃ പുനഃ നയൻ (വർത്തതേ)

അർത്ഥം—മാത്രമല്ല, ആ പൂഷാവു യജമാനനായ എനിക്കായിക്കൊണ്ട്, യവധാന്യത്തിന്നുവേണ്ടി കാളകളെ പൂട്ടി കൊല്ലംതോറും കൃഷിചെയ്യുന്നപോലെ, യാഗഹേതുക്കളായ സോമങ്ങളോടുകൂടി വസന്താദി ഋതുക്കളെ കൊണ്ടുവന്നുകൊണ്ടു വർത്തിക്കുന്നു (വസന്തർത്തുവിലാണ് യാഗം വിധിക്കപ്പെട്ടിട്ടുള്ളത്. യാഗയോഗ്യമായ ആ കാലം ഓരോകൊല്ലത്തിലും പൂഷാവു കൊണ്ടുവരുന്നു)

വർഗ്ഗം 11

16 അംബയോ യന്ത്യധ്വഭി—

ർജാമയോ അധ്വരീയതാം

പൃഞ്ചതീർമധുനാപയഃ

അന്വയം:—

അധ്വരീയതാം — അധ്വരം ആത്മനഃ ഇച്ഛതാം അസ്മാകം
അംബയഃ — മാതൃസ്ഥാനീയാഃ (ആപഃ)
ജാമയഃ — ഹിതകാരിണ്യഃ ബന്ധവഃ
മധുനാ — മാധുര്യരസേന യുക്തം
പയഃ പൃഞ്ചതീഃ — ഗവാദിഷു യോജയന്ത്യഃ
അധ്വഭിഃ യന്തി — ദേവയജനമാർഗ്ഗൈഃ ഗച്ഛന്തി

അർത്ഥം—യാഗേച്ഛുക്കളായ ഞങ്ങൾക്ക് അമ്മയുടെ സ്ഥാനം വഹിക്കുന്നവയും ഹിതകാരിണികളായ ബന്ധുക്കളും പശുക്കളിലും മറ്റും മധുരരസത്തോടുകൂടിയ പാൽ ഉളവാക്കുന്നവയുമായ അപ്പുകൾ (ജലങ്ങൾ) ദേവയജന മാർഗ്ഗങ്ങളിലൂടെ ഗമിക്കുന്നു. (പശുക്കൾ കുടിക്കുന്ന വെള്ളമാണല്ലോ പാലായി പരിണമിക്കുന്നത്. ജലദേവതകൾ പശുക്കളിൽ സ്വയമെത്തുന്നതുകൊണ്ടാണ് നമുക്കു യാഗാദികർമ്മങ്ങൾക്കു പാൽ ലഭിക്കുന്നത്.)

17 അമൂര്യാ ഉപ സൂര്യേ
യാഭിർവ്വാ സൂര്യസ്സഹ
താ നോ ഹിന്വന്ത്വധ്വരം.

അന്വയം:—

യാഃ അമൂഃ (ആപഃ)
സൂര്യേ ഉപ — സൂര്യസ്യ സമീപേ അവസ്ഥിതാഃ
വാ — അഥവാ
സൂര്യഃ യാഭിഃ (അദ്ഭിഃ) സഹ (വർത്തതേ)
താഃ — താദൃശ്യഃ ആപഃ
നഃ അധ്വരം — അസ്മദീയം യാഗം
ഹിന്വന്തു — പ്രീണയന്തു

അർത്ഥം—അപ്പുകളേവ സൂര്യസമീപം സ്ഥിതിചെയ്യുന്നവോ, അല്ലെങ്കിൽ സൂര്യൻ ഏതു് അപ്പുകളോടുകൂടി വർത്തിക്കുന്നുവോ, അപ്രകാരമുള്ള അപ്പുകൾ നമ്മുടെ യാഗത്തെ

പ്രാപിച്ച പ്രീണിപ്പിക്കട്ടെ. (സൂര്യകൻ വെള്ളത്തിന്റെ സ്ഥിതി ശ്രുതിപ്രസിദ്ധം.)

18 അപോ ദേവീരുപ ഹ്വയേ
യത്ര ഗാവഃ പിബന്തി നഃ
സിന്ധുഭ്യഃ കർത്വം ഹവിഃ

അന്വയം:—

നഃ	— അസ്മദീയാഃ
ഗാവഃ യത്ര പിബന്തി	— യാസു അപ്സു പാനം കുർവ്വന്തി
താഃ അപഃ ദേവീഃ ഉപ	
ഹ്വയേ	— ആഹ്വയാമി
സിന്ധു-ഭ്യഃ	— സ്യന്ദനശീലാഭ്യഃ അദ്ഭ്യഃ, ദേവതാഭ്യഃ
ഹവിഃ കർത്വം	— അസ്മാഭിഃ കർത്തവ്യം

അർത്ഥം—നമ്മുടെ പശുക്കൾ എവിടെനിന്ന്, ഏതു ജലധാരയിൽനിന്ന്, ഏതു ജലനിക്ഷേപത്തിൽനിന്ന കുടിക്കുന്നുവോ, ആ ജലദേവിമാരെ ഞാൻ വിളിക്കുന്നു. ഒഴുകുന്ന അപ്പുകളാകുന്ന ദേവതകൾക്കു ഹവിസ്സു നൽകുക നമ്മൾ ചെയ്യേണ്ടതാണല്ലോ.

19 അപ്സ്വ ന്തരമൃതമപ്സു ഭേഷജ-
മപാമുത പ്രശസ്തയേ
ദേവാ ഭവത വാജിനഃ

അന്വയം:—

അപ്-സു	— ജലേഷു
അന്തഃ	— മധ്യേ
അമൃതം	— പീയൂഷം (വർത്തതേ)
(തഥൈവ) അപ്-സു	
ഭേഷജം	— ഔഷധം (വർത്തതേ)
ഉത	— അപി ച

(താദൃശീനാം) അപാം (ദേവതാനാം)
പ്ര—ശസ്തയേ — പ്രശംസാൎത്ഥം
ഹേ ദേവാഃ,—ഋത്വിഗാദയോ ബ്രാഹ്മണാഃ,
വാജിനഃ — വേഗവന്തഃ
ഭവത — ശീഘ്രം സ്തുതിം കുരുത

അൎത്ഥം—ജലങ്ങളുടെ ഉള്ളിൽ അമൃതമുണ്ട് അതുപോലെ ജലങ്ങളിൽ ഔഷധമുണ്ട് അപ്രകാരമുള്ള ജലദേവതകളുടെ പ്രശംസയ്ക്കായി, അല്ലയോ ഋത്വിഗാദിബ്രാഹ്മണരേ, വേഗവാന്മാരായി സ്തുതിചൊല്ലുക

20 അപ്സു മേ സോമോ അബ്രവീ—
ദന്തൎവിശ്വാനി ഭേഷജാ
അഗ്നിഞ്ച വിശ്വശംഭുവ—
മാപശ്ച വിശ്വഭേഷജീഃ വ 11

അന്വയം —
അപ്—സു — ജലേഷു
അന്തഃ — മധ്യേ
വിശ്വാനി ഭേഷജാ — സൎവ്വാണി ഔഷധാനി (സന്തി ഇതി)
സോമഃ മേ — മന്ത്രദശിനേമുനയേമഹ്യം,
അബ്രവീൽ — ഉക്തവാൻ
(തഥാ) വിശ്വ—ശംഭുവം — സൎവ്വസ്യ ജഗതഃ സുഖകരം
അഗ്നിം ച— (അപ്സു വൎത്തമാനമഗ്നിം, ച സോമഃ അബ്രവീൽ)
വിശ്വ—ഭേഷജീഃ — വിശ്വാനി ഭേഷജാനി യാസു താഃ ആപഃ ച (അബ്രവീൽ)

അൎത്ഥം—ജലങ്ങളുടെ ഉള്ളിൽ എല്ലാ ഔഷധങ്ങളും വൎത്തിക്കുന്നുഎന്നു സോമദേവൻ (ഓഷധീശനാണല്ലോ സോമൻ) ഈ മന്ത്രത്തിന്റെ ദ്രഷ്ടാവായ എന്നോടു പറഞ്ഞു അതുപോലെ സൎവ്വജഗൽസുഖകരനായ അഗ്നിയും വെള്ളത്തിൽ സ്ഥിതിചെയ്യുന്നതായി സോമൻ പറഞ്ഞു സൎവ്വൗഷധസ്ഥാനകളായ അപ്പുകളും എന്നോടു പറഞ്ഞു

വർഗ്ഗം 12

21 ആപഃ പൃണീത ഭേഷജം

വരൂഥം തന്വേ മമ

ജ്യോക് ച സൂര്യം ദൃശേ.

അന്വയം:—

ഹേ ആപഃ മമ തന്വേ	— ശരീരാർത്ഥം
വരൂഥം ഭേഷജം	— രോഗനിവാരകം ഔഷധം
പൃണീത	— പൂരയത
ച ജ്യോക്	— ഉത ചിരം
സൂര്യം ദൃശേ	— നീരോഗാഃ വയം ദ്രഷ്ടും ശക്നവാമ

അർത്ഥം—അല്ലയോ അപ്പുകളേ, എന്റെ ശരീരത്തിന്നു രോഗനിവാരകമായ ഔഷധം നിറച്ചു തന്നാലും. പിന്നെ, ചിരകാലം സൂര്യനെ രോഗം ബാധിക്കാതെ ദർശിക്കാൻ ശക്തിയുണ്ടാകാവൂ.

22 ഇദമാപഃ പ്ര വഹത

യത് കിഞ്ച ദുരിതം മയി

യദ്വാഹമഭിദുദ്രോഹ

യദ്വാ ശേപ ഉതാനൃതം.

അന്വയം:—

ഹേ ആപഃ മയി യത്	
കിം ച ദുഃ—ഇതം	— അജ്ഞാനാദ് നിഷ്പന്നം പാപം
വാ	— അഥവാ
അഹം അഭി—ദുദ്രോഹ	— ബുദ്ധിപൂർവ്വകം ദ്രോഹം കൃതവാൻ
വാ ശേപേ	— അഥവാ സാധുജനം ശപ്തവാൻ
ഉത അനൃതം	- അപിച അസത്യം (ഉക്തവാൻ)
(ഇതി യദ്യത് അസ്തി	

തൽ) ഇദം	— സർവ്വാപരാധ ജാതം
പ്രവഹത	— മത്തഃ അപനീയ പ്രവാഹരൂപേണ അന്യതഃ നയത.

അർത്ഥം—അല്ലയോ ജലങ്ങളേ, എങ്കൽ അറിയാതെ ചെയ്തുപോയ യാതൊരു പാപമുണ്ടോ, അല്ലെങ്കിൽ അറിഞ്ഞുകൊണ്ടു ഞാൻ ആക്കെങ്കിലും ദ്രോഹം ചെയ്തിട്ടുണ്ടോ, അല്ലെങ്കിൽ സജ്ജനങ്ങളെ ഞാൻ ശപിച്ചിട്ടുണ്ടോ, (വേദനയാകത്തക്കവണ്ണം ദുർവ്വാക്കു പറയുന്നതും ശാപംതന്നെ) അസത്യം പറഞ്ഞിട്ടുണ്ടോ, ആ സർവ്വപാപസമൂഹവും എങ്കൽനിന്നു പ്രവാഹരൂപേണ ഒഴുക്കിക്കളഞ്ഞാലും.

23 ആപോ അദ്യാന്വചാരിഷം
രസേന സമഗസ്മഹി
പയസ്വാനഗ്ന ആ ഗഹി
തം മാ സം സൃജ വർച്ചസാ.

അന്വയം—

ഹേ ആപഃ അദ്യ	— അസ്മിൻ ദിനേ അവഭൃഥാർത്ഥം,
അനു അചാരിഷം	— അനുപ്രവിഷ്ടോസ്മി
(പ്രവിശ്യ ച) രസേന	— ജലസാരേണ
സം അഗസ്മഹി	— സംഗതാസ്മഃ
ഹേ അഗ്നേ, പയസ്വാൻ (ത്വം)	— ജലേ വർത്തമാനത്വേന പയോയുക്തഃ ത്വം
ആ ഗഹി	— അസ്മിൻ കർമ്മണി ആഗച്ഛ
തം മാ	— താദൃശം സ്നാതം മാം
വർച്ചസാ സം സൃജ	— തേജസാ സംശോധയ

അർത്ഥം—അല്ലയോ ജലങ്ങളേ, ഇന്നു യാഗാന്തത്തിലെ അവഭൃഥത്തിന്നു നിങ്ങളിൽ ഞാനിറങ്ങി, ആ ജലസാരത്തിൽ കൂടിച്ചേർന്നു. അല്ലയോ അഗ്നേ, ജലത്തിൽ വർത്തിക്കുന്ന അ
വിടുന്നു ...

നായ (കളിച്ച) എന്നെ അവിടുത്തെതേജസ്സിനോടു സംയോജിപ്പിച്ചാലും, ശുദ്ധീകരിച്ചാലും.

24 സമ്മാഗ്നേ വർച്ചസാ സൃജ

സം പ്രജയാ സമായുഷാ

വിദ്യുർമ്മേ അസ്യ ദേവാ-

ഇന്ദ്രോ വിദ്യാൽ സഹ ഋഷിഭിഃ

അന്വയം'-

ഹേ അഗ്നേ, മാ വർച്ചസാ

സം സൃജ — മാം തേജസാ സംയോജയ

പ്ര-ജയാ സം (സൃജ) — സംയോജയ

ആയുഷാ സം സൃജ — സംയോജയ

ദേവാഃ — സോമപാതാരഃ

അസ്യ (യജമാനസ്യ),മേ (അനുഷ്ഠാനം) വിദ്യുഃ ജാനീയുഃ

ഇന്ദ്രഃ (ച) ഋഷി-ഭിഃ

സഹ — ഋഷിഗണൈസ്സഹ

(മമാനുഷ്ഠാനം) വിദ്യാൽ — ജാനീയാൽ

അർത്ഥം-അല്ലയോ അഗ്നേ, എന്നെ തേജസ്സോടു (വീര്യത്തോടു) വേണ്ടപോലെ യോജിപ്പിച്ചാലും സന്തതിയോടു് വേണ്ടപോലെ യോജിപ്പിച്ചാലും ആയുസ്സോടു വേണ്ടപോലെ യോജിപ്പിച്ചാലും സോമം കുടിക്കുന്ന ദേവന്മാർ യജമാനനായ എന്റെ അനുഷ്ഠാനത്തെ അറിയാവൂ ഇന്ദ്രനും ഋഷിഗണങ്ങളോടുകൂടി എന്റെ അനുഷ്ഠാനത്തെ അറിയാവൂ

വർഗ്ഗം 13, 14, 15-ആജീഗർത്തിശ്ശുനശ്ശേപഃ ഋഷിഃ, ത്രിഷ്ടുപ് ഗായത്ര്യൗ ഛന്ദസീ, കഃ പ്രജാപതിഃ, അഗ്നിഃ, സവിതാ, (ഭഗോവാ) വരുണഃ ദേവതാ

1 കസ്യ നൂനം കതമസ്യാമൃതാനാം

മനാമഹേ ചാരു ദേവസ്യ നാമ

കോ നോ മഹ്യാ അദിതയേ പുനർദാൽ

പിതരം ച ദൃശേയം മാതരം ച.

അന്വയം:—

അമൃതാനാം	— ദേവതാനാം (മധ്യേ)
കതമസ്യ	— കിംജാതീയസ്യ
കസ്യ ദേവസ്യ ചാരു	
നാമ	— ശോഭനം നാമ
മനാമഹേ	— ഉച്ചാരയാമഃ
കഃ (ദേവഃ മൃത്യും മാം)	
പുനഃ മഹ്യൈ	— മഹത്യൈ
അദിതയേ	— പൃഥിവ്യൈ
നൂനം ദാൽ	— ദദ്യാൽ (തേന ദാനേന അഹമമൃതസ്സൻ)
നഃ പിതരം മാതരം ച	
ദൃശേയം	— പശ്യേയം

അർത്ഥം: നരമേധത്തിന്നായി അച്ഛനായ അജീഗർത്തനാൽ, ദാരിദ്ര്യം മൂലം, രാജാവിന്ന വില്ക്കപ്പെട്ട യൂപബദ്ധനായിത്തീൻ ശുനശ്ശേപൻ മോചനത്തിന്നുവേണ്ടി ഏതു ദേവനോടാണ് പ്രാർത്ഥിക്കേണ്ടതെന്ന സ്വയം സംശയിക്കുന്നു

ശുനശ്ശേപനായ ഞാൻ ദേവതകളുടെ മധ്യത്തിൽ ഏതിനത്തിൽപ്പെട്ട ഏതു ദേവൻെറ ശോഭനനാമമാണ് ഉച്ചരിക്കേണ്ടതു്? ഏതു ദേവനാണ് വധവിധേയനായ എന്നെ മഹതിയായ ഭൂമിക്ക്, ഭൂവിൽ ജീവിക്കുന്നതിന്ന്, ഉറപ്പായും വീണ്ടു കൊടുക്കുക? (അല്ലെങ്കിൽ കൻ (പ്രജാപതി) സമീപമരണനായ എന്നെ തീർച്ചയായും മഹതിയായ ഭൂമിക്കു കൊടുക്കട്ടെ) ആ കൊടുക്കൽകൊണ്ടു ഞാൻ എൻെറ അച്ഛനേയും അമ്മയേയും കാണുമാറാകാവൂ

2 അഗ്നേർവ്വയം പ്രഥമസ്യാമൃതാനാം
മനാമഹേ ചാരു ദേവസ്യ നാമ
സ നോ മഹ്യാ അദിതയേ പുനർദാൽ
പിതരം ച ദൃശേയം മാതരം ച

അന്വയം:—

വയം അമൃതാനാം
പ്രഥമസ്യ അഗ്നേഃ
ദേവസ്യ ചാരു നാമ
മനാമഹേ — ഉച്ചാരയാമഃ
സഃ നഃ മഹ്യൈ
അദിതയേ പുനഃ ദാൽ — ദദാതു
പിതരം മാതരം ച ദൃശേയം

അൎത്ഥം—കൻ, (പ്രജാപതി)ദേവന്മാരിൽ പ്രമുഖനായ, അഗ്നിയെ ഉപാസിക്കുവാൻ പറഞ്ഞു അല്ലെങ്കിൽ പറഞ്ഞതായിശ്ശുനശ്ശേപന്നു തോന്നി. അതുപ്രകാരം അഗ്നിയോടു പ്രാൎത്ഥിക്കുന്നു

ദേവന്മാരിൽ ഒന്നാമനായ അഗ്നിദേവന്റെ ശോഭനനാമം ഞാൻ ഉച്ചരിക്കുന്നു. അവിടുന്നു് എന്നെ മഹതിയായ ഭൂമിക്കു വീണ്ടുകൊടുക്കട്ടെ ഞാൻ വീണ്ടും അച്ഛനേയും അമ്മയേയും കാണുമാറാകട്ടെ

3 അഭി ത്വാ ദേവ സവിത—
രീശാനം വാൎയ്യാണാം.
സദാവൻ ഭാഗമീമഹേ

അന്വയം:—

ഹേ സദാ അവൻ, — സദാരക്ഷക,
ഹേ സവിതഃ ദേവ,
വാൎയ്യാണാം — വരണീയാനാം ധനാനാം
ഈശാനം ത്വാ — സ്വാമിനം (ത്വാം പ്രതി)
ഭാഗം — ഭജനീയം ധനം
അഭി ഈമഹേ — സൎവ്വതഃ യാചാമഹേ

അൎത്ഥം—അഗ്നിആജ്ഞചെയ്തപ്രകാരം ശുനശ്ശേപൻ എല്ലാ ജീവികളുടെയും ഈശനായ സവിതാവിനോടു പ്രാൎത്ഥിക്കുന്നു.

അല്ലയോ നിത്യരക്ഷകനായ സവിതാവേ, ദേവ, ശ്രേഷ്ഠങ്ങളായ ധനങ്ങളുടെ സ്വാമിയായ അവിടുന്നോടു ഭജനീയമായ ഐശ്വൎയ്യത്തെ എല്ലാവിധത്തിലും യാചിക്കുന്നു.

അർത്ഥം—വരുണനോടു പ്രാർത്ഥിക്കുകയാണു് നല്ലതു് എന്നു സൂര്യൻ ഉപദേശിച്ചു (അല്ലെങ്കിൽ അങ്ങിനെ തോന്നിയ) ശുനശ്ശേപൻ വരുണനെ വിളിച്ചു പറയുന്നു

അല്ലയോ വരുണ, പ്രൗഢമായ ഗഗനത്തിൽ ഉല്ലാസിക്കുന്ന, മേല്പോട്ടുയരുന്ന, ഈ കാണുന്ന പരുന്തുമുതലായ പക്ഷികൾക്കും അവിടുത്തോളം ശരീരബലമില്ല, അവിടുത്തോളം പരാക്രമമില്ല, അവിടുത്തെ കോപം സഹിക്കാൻ ശക്തിയില്ല. എപ്പോഴും പ്രവഹിച്ചുകൊണ്ടിരിക്കുന്ന ഈ ജലങ്ങൾ അവിടുത്തെ ബലത്തെ പ്രാപിച്ചിട്ടില്ല വായുവിന്റെ ഏതു ഗതിവിശേഷങ്ങളുണ്ടോ, അവയും അവിടുത്തെ വേഗത്തെ ഹനിക്കുന്നില്ല

7 അബുധ്നേ രാജാ വരുണോ വനസ്യോ—
ർധ്വം സ്തൂപം ദദതേ പൂതദക്ഷഃ
നീചീനാ സ്ഥുരുപരി ബുധ്ന ഏഷാ—
മസ്മേ അന്തർനിഹിതാഃ കേതവസ്സ്യുഃ

അന്വയം:—

പൂത—ദക്ഷഃ — ശുദ്ധബലഃ
വരുണഃ രാജാ അബുധ്നേ — മൂലരഹിതേ അന്തരിക്ഷേ തിഷ്ഠൻ
വനസ്യ സ്തൂപം — വനനീയസ്യ തേജസഃ സംഘം
ഊർധ്വം ദദതേ — ഉപരിദേശേ ധാരയതി
(ഊർധ്വദേശേ വർത്തമാനസ്യ വരുണസ്യ രശ്മയഃ)
നീചീനാഃ സ്ഥുഃ — അധോമുഖാസ്തിഷ്ഠന്തി
ഏഷാം ബുധ്നഃ ഉപരി — രശ്മീനാം മൂലം (ഉപരി തിഷ്ഠതി)
(തഥാ സതി) കേതവഃ — പ്രജ്ഞാപകാഃ പ്രാണാഃ
അസ്മേ അന്തഃ
നി-ഹിതാഃ സ്യുഃ — അസ്മാസു സ്ഥാപിതാഃ സ്യുഃ

അർത്ഥം—ശുദ്ധബലനായ വരുണൻ രാജാവു്, വേരില്ലാത്ത അന്തരീക്ഷത്തിൽ നിന്നുകൊണ്ടു്, വ്യാപകമായ തേജസ്സമൂഹത്തെ മുകളിൽ ധരിക്കുന്നു അങ്ങനെ മുകളിൽ വർത്തിക്കുന്ന വരുണന്റെ രശ്മികൾ അധോമുഖങ്ങളായി ചേർക്കുന്ന

ആ രശ്മികളുടെ മൂലം (വേരു്) മുകളിലും നില്ക്കുന്നു. അങ്ങനെ ഇരിയ്ക്കെ, എല്ലാം അറിയിക്കുന്ന പ്രജ്ഞാപകങ്ങളായ പ്രാണങ്ങൾ നമ്മുടെ ഉള്ളിൽ സ്ഥാപിതങ്ങളായിരിക്കുന്നു. അതായതു് അവിടുത്തെ വ്യാപകമായ തേജസ്സാണ് പ്രാണരൂപങ്ങളിൽ ജീവികളിൽ വർത്തിക്കുന്നതു്.

8 ഉരും ഹി രാജാ വരുണശ്ചകാര

സൂര്യായ പന്ഥാമന്വേതവാ ഉ.

അപദേ പാദാ പ്രതിധാതവേക—

രുതാപവക്താ ഹൃദയാവിധശ്ചിൽ

അന്വയം-

വരുണഃ രാജാ സൂര്യായ

അനു-എതവൈ ഉ	— അനുക്രമേണ ഉദയാസ്തമയൗ ഗന്തുമേവ
പന്ഥാം ഉരും ചകാര ഹി	— മാർഗ്ഗം വിസ്തീർണ്ണം കൃതവാൻ
(തഥാ) അപദേ	— പാദരഹിതേ അന്തരീക്ഷേ
പാദാ പ്രതി-ധാതവേ	— പാദൗ പ്രക്ഷേപ്തും
അകഃ	— മാർഗ്ഗം (കൃതവാൻ)
ഉത ഹൃദയ-വിധഃ ചിൽ	— അസ്മദീയവേധകസ്യ ശത്രോരപി
അപ-വക്താ	— അപവദിതാ, നിരാകർത്താ (ഭവതു)

(യദ്വാ) അപദേ യൂപേ ബദ്ധേന മയാ ഗന്തുമശക്യേ ഭൂപ്രദേശേ പാദൗ പ്രക്ഷേപ്തും ബന്ധനമോചനം കരോതു

അർത്ഥം-വരുണൻ, രാജാവു്, സൂര്യന്നു് ഉദയാസ്തമയങ്ങൾ പ്രാപിക്കുവാനുള്ള മാർഗ്ഗത്തെ വിസ്തീർണ്ണമാക്കിയല്ലോ. അതുപോലെ, കാലില്ലാത്ത അന്തരീക്ഷത്തിൽ കാലുകൾവെപ്പാൻ മാർഗ്ഗമുണ്ടാക്കി. കൂടാതെ ഞങ്ങളുടെ ഹൃദയം വേധിക്കുന്ന ശത്രുവിനെ അകറ്റുന്നവനായും ഭവിക്കട്ടെ. (അല്ലെങ്കിൽ) കാലില്ലാത്ത യൂപത്തിൽകെട്ടപ്പെട്ട എനിക്കു ഭൂപ്രദേശത്തു കാലുകൾ വെപ്പാൻ ബന്ധനമോചനം തന്നരുളട്ടെ.

4 യശ്ചിദ്ധി ത ഇത്ഥാ ഭഗ-

ശ്ശശമാനഃ പുരാ നിദഃ

അദ്വേഷോ ഹസ്തയോർദ്ദധേ

അന്വയം —

(ഹേ സവിതഃ) യഃ ചിൽ

ഹി ഭഗഃ	— ഭജനീയോ ധനവിശേഷഃ
തേ ഹസ്തയോർദ്ദധേ	— ധൃതോഭൂൽ
ഇത്ഥാ ശശമാനഃ	— അനേന പ്രകാരേണ ശസ്യമാനഃ, സ്തൂയമാനഃ
നിദഃ പുരാ അദ്വേഷഃ	— നിന്ദായാഃ പൂർവ്വം സ്വകീയത്വേന വ്യവസ്ഥിതേ സതി ദ്വേഷരഹിതഃ

(തംധനം ഈമഹേ)

അർത്ഥം—അല്ലയോ സവിതാവേ പരിശുദ്ധവും പ്രസിദ്ധവും ഭജനീയവുമായ യാതൊരു ധനവിശേഷം അവിടത്തെ തൃക്കയ്യിൽ ധരിച്ചിരിക്കുന്നുവോ, സ്തുതിക്കപ്പെടുന്നതും നിന്ദിക്കാൻ ഇടവരാത്തതും ദ്വേഷം ബാധിക്കാത്തതുമായ ആ ധനത്തെ ഞാൻ യാചിക്കുന്നു (ധനം അപഹരിക്കപ്പെട്ടാൽ നിന്ദ്യമായി, ദ്വേഷസങ്കുലമായി, അനിന്ദിതവും അദ്വേഷ്യവുമായതു സ്വകീയധനം അപ്രകാരമുള്ള ധനമാണ് അവിടുന്നു തൃക്കയ്യിൽ ധരിച്ചിരിക്കുന്നതു്)

5 ഭഗഭക്തസ്യ തേ വയ-

മുദശേമ തവാവസാ

മൂർദ്ധാനം രായ ആരഭേ വ. 13

അന്വയം.—

(ഹേ സവിതഃ) തേ	— ത്വദീയാഃ
വയം ഭഗ—ഭക്തസ്യ	— ധനേന സംയുക്തസ്യ
തവ അവസാ	— രക്ഷണേന
രായഃ മൂർദ്ധാനം	— ധനസ്യ ഉൽകർഷം

ആ—രഭേ — പ്രാരബ്ധും
ഉൽ അശേമ — ഉൽകർഷേണ വ്യാപ്നമഃ

അർത്ഥം—അല്ലയോ സവിതാവേ, അവിടേയ്ക്കുചേർന്ന ശുനശ്ശേപനെന്ന ഞാൻ ധനസമ്പന്നനായ അവിടത്തെ രക്ഷണം കൊണ്ടു് ഐശ്വര്യത്തിന്റെ തലപ്പത്തു് ഉൽകർഷത്തോടുകൂടി ഉയരന്നെത്തട്ടെ. (ആസന്നവധനായ ശുനശ്ശേപൻ ജീവിതം ലഭിച്ചാലല്ലേ ധനമുള്ളു, അനുഭവിപ്പാനനുഗ്രഹിച്ചധനം കിട്ടിയാൽ മരണമുക്തി ഉറപ്പായല്ലോ എന്നതുകൊണ്ടാണു്. സാവിത്രി യമനോടു സന്തതിയാചിക്കുംപോലെ)

വർഗ്ഗം 14

6 നഹി തേ ക്ഷത്രം ന സഹോ ന മന്യും
വയശ്ചനാമീ പതയന്ത ആപുഃ
നേമാ ആപോ അനിമിഷം ചരന്തീ—
ൎന്ന യേ വാതസ്യ പ്രമിനന്ത്യഭ്വം.

അന്വയം:—

(ഹേ വരുണ) പതയന്തഃ — പ്രൗഢേ വിയത്യുൽപതന്തഃ
അമീ — ദൃശ്യമാനാഃ
വയഃ ചന — ശ്യേനാദയഃ പക്ഷിണഃ അപി
തേ ക്ഷത്രം — ത്വദീയം ശരീരബലം
നഹി ആപുഃ — നൈവ പ്രാപ്താഃ
(തഥാ) സഹഃ — ത്വദീയം പരാക്രമം, സാമർത്ഥ്യം
ന (ആപുഃ)
(തഥാ) മന്യും — ത്വദീയം കോപ മപി
ന (പ്രാപുഃ) — ത്വയി ക്രുദ്ധേ സതി സോഢുമശക്താഃ
അനി—മിഷം ചരന്തീഃ — സർവ്വദാ പ്രവാഹരൂപേണ ഗച്ഛന്ത്യഃ
ഇമാഃ ആപഃ (ത്വദീയം ബലം) ന (ആപുഃ)
വാതസ്യ യേ — വായോഃ ഗതിവിശേഷാഃ (തേപി)
(ത്വദീയം) അഭ്വം — വേഗം
ന പ്ര—മിനന്തി — ന ഹിംസന്തി

9 ശതന്തേ രാജൻ ഭിഷജസ്സഹസ്ര-
മുർവ്വീ ഗഭീരാ സുമതിഷ്ടേ അസ്തു
ബാധസ്വ ദൂരേ നിരൃതിം പരാചൈഃ
കൃതം ചിദേനഃ പ്ര മുമുഗ്ദ്ധ്യസ്മത്

അന്വയം —

ഹേ രാജൻ, വരുണ, തേ — തവ
ശതം സഹസ്രം ഭിഷജഃ — ബന്ധനിവാരകാണി ശതസഹസ്രസംഖ്യാകാനി ഔഷധാനി വൈദ്യാ വാ (സന്തി)
തേ സു-മതിഃ — തവ അസ്മദനുഗ്രഹബുദ്ധിഃ
ഉർവ്വീ ഗഭീരാ അസ്തു — വിസ്തീർണ്ണാ, സ്ഥിരാ ഭവതു
നിഃ-ഋതിം — അസ്മദനിഷ്ടകാരിണീം പാപദേവതാം
പരാചൈഃ — പരാങ്മുഖാം കൃത്വാ
ദൂരേ — അസ്മത്തോ വ്യവഹിതേ ദേശേ സ്ഥാപയിത്വാ (താം)
ബാധസ്വ — നാശയ
കൃതം ചിത് — അസ്മാഭിരനുഷ്ഠിതമപി
ഏനഃ — പാപം
അസ്മത് പ്ര മുമുഗ്ധി — അസ്മത്തഃ പ്രകർഷേണ മുക്തം കുരു

അർത്ഥം—അല്ലയോ രാജൻ, അവിടുത്തെ പക്കൽ ബന്ധനിവാരകങ്ങളായി നൂറും ആയിരവും കണക്കിൽ ഔഷധങ്ങളോ, അല്ലെങ്കിൽ വൈദ്യന്മാർ (അതിനുള്ള പോംവഴികളോ) ഉണ്ട് എന്റെ പേരിൽ അവിടുത്തെ അനുഗ്രഹബുദ്ധി അപാരവും സ്ഥിരവുമാവട്ടെ എനിക്ക് അനിഷ്ടത്തെ ചെയ്യുന്ന പാപദേവതയായ നിരൃതിയെ എന്നിൽനിന്നകന്നിടത്തു നിർത്തി, അവിടുന്നു ബാധിച്ചാലും. ഞാൻ വല്ല പാപവും ചെയ്തിട്ടുണ്ടെങ്കിൽ അതെന്നിൽനിന്നു വിടുർത്തിയാലും.

10 അമീ യഋക്ഷാ നിഹിതാസ ഉച്ചാ
നക്തം ദദൃശ്രേ കുഹ ചിദ്ദിവേയുഃ
അദബ്ധാനി വരുണസ്യ വ്രതാനി
വിചാകശച്ചന്ദ്രമാ നക്തമേതി. വ 14

അന്വയം:—

അമീ	— രാത്രൗ അസ്മാഭിർദൃശ്യമാനാഃ
ഋക്ഷാഃ	— സപ്തർഷയഃ നക്ഷത്രാഃ
ഉച്ചാ	— ഉച്ചൈഃ, ഉപരി, ദ്യുപ്രദേശേ
നി— ഹിതാസഃ	— സ്ഥാപിതാഃ
യേ (സന്തി തേ ഋക്ഷാഃ)	
നക്തം	— രാത്രൗ
ദദൃശ്രേ	— സർവൈരപി ദൃശ്യന്തേ
ദിവാ കുഹ ചിത് ഈയുഃ	— അഹനി ക്വാപി ഗച്ഛേയുഃ, ന ദൃശ്യന്തേ
വരുണസ്യ വ്രതാനി	— നക്ഷത്രദർശനരൂപാണി കർമ്മാണി
അദബ്ധാനി	— കേനാപ്യഹിംസിതാനി
(കിഞ്ച വരുണസ്യ ആജ്ഞയൈവ)	
ചന്ദ്രമാഃ നക്തം	— രാത്രൗ
വി—ചാകശത് ഏതി	— വിശേഷേണ ദീപ്യമാനഃ ഗച്ഛതി

അർത്ഥം—രാത്രിയിൽ കാണപ്പെടുന്ന നക്ഷത്രങ്ങൾ (സപ്തർഷികൾ) ഉച്ചത്തിൽ ദ്യോവിൽ സ്ഥാപിതങ്ങളാണ്. ആ നക്ഷത്രങ്ങൾ എല്ലവരാലും രാത്രിയിൽ കാണപ്പെടുന്നു. പകൽ എവിടെയോ പോകുന്നു, കാണപ്പെടുന്നില്ല. നക്ഷത്രങ്ങളെ ദർശിപ്പിക്കുന്നതും മാറ്റുന്നതുമായ വരുണന്റെ കർമ്മങ്ങൾ അപ്രതിഹതങ്ങളാണ്. പിന്നെ, വരുണന്റെ ആജ്ഞകൊണ്ടുതന്നെയാണല്ലോ രാത്രിയിൽ ചന്ദ്രൻ പ്രകാശമാനനായി വരുന്നതും.

വർഗ്ഗം 15

11 തത്ത്വാ യാമി ബ്രഹ്മണാ വന്ദമാന-
സ്തദാശാസ്തേ യജമാനോ ഹവിർഭിഃ
അഹേളമാനോ വരുണേഹ ബോ-
ധ്യുരുശംസ മാ ന ആയുഃ പ്ര മോഷീഃ

അന്വയം:—

ഹേ വരുണ, (മുമൂർഷുരഹം)
ബ്രഹ്മണാ — പ്രൗഢേന സ്തോത്രേണ
വന്ദമാനഃ — സ്തുവൻ
ത്വാ — ത്വാം പ്രതി
തത് — ആയുഃ
യാമി — യാചേ
യജമാനഃ (അപി)
ഹവിഃ—ർഭിഃ തത് ആ
ശാസ്തേ — പ്രാർത്ഥയതേ
(ത്വം ച) ഇഹ — കർമ്മണി
അഹേളമാനഃ — അനാദരമകുർവ്വൻ
ബോധി — അസ്മദപേക്ഷിതം ബുധ്യസ്വ
ഹേ ഉരു—ശംസ, — ബഹുഭിഃ സ്തുത്യ,
നഃ ആയുഃ മാ പ്ര മോഷീഃ — അസ്മദീയം ആയുഃ പ്രമുഷിതം മാ കുരു

അർത്ഥം—അല്ലയോ വരുണ, വധവിധേയനായ, ആസന്നമരണനായ, ഞാൻ പ്രൗഢസ്തോത്രത്താൽ അവിടത്തെ സ്തുതിച്ചുകൊണ്ട് ആയുസ്സുയാചിക്കുന്ന എവിടെയും യജമാനൻ ഹവിസ്സുകളെക്കൊണ്ട് ആയുസ്സാണല്ലോ പ്രാർത്ഥിക്കുന്നത് (അതായത് ആയുസ്സാണല്ലോ ഏതുകർമ്മത്തിന്നും ഉദ്ഗതിക്കും മൂലമൂലം. അതുകൊണ്ട് എല്ലാകർമ്മികളും ആദ്യം പ്രാർത്ഥിക്കുന്നത് അതിന്നാണ്) അനാദരം വിചാരിക്കാതെ, അവിടുന്ന് ഉദ്ബോധിച്ചാലും എല്ലാവരാലും സ്തുത്യനായ വരുണ, എന്റെ ആയുസ്സ് അപഹൃതമാക്കരുതേ

12 തദിന്നക്തം തദ്ദിവാ മഹ്യമാഹു-

സ്തദയം കേതോ ഹൃദ ആ വി ചഷ്ടേ

ശുനശ്ശേപോ യമഹ്വദ്ഗൃഭീത-

സ്സോ അസ്മാന്രാജാ വരുണോ മുമോക്തു.

അന്വയം.—

തൽ ഇൽ — തദേവ, വരുണവിഷയം സ്തോത്രം

നക്തം — രാത്രൗ

(ശുനശ്ശേപായ) മഹ്യം

ആഹുഃ — കർത്തവ്യത്വേന അഭിജ്ഞാഃ കഥയന്തി.

(തഥാ) ദിവാ (അപി) തൽ (ഏവ ആഹുഃ)

ഹൃദഃ — മദീയമനസോ നിഷ്പന്നഃ

അയം കേതഃ — പ്രജ്ഞാവിശേഷഃ (അപി)

തൽ (ഏവ) ആ വി

ചഷ്ടേ — സർവ്വതോ വിശേഷേണ പ്രകാശയതി

ഗൃഭീതഃ — ഗൃഹീതഃ, യൂപേ ബദ്ധഃ

ശുനശ്ശേപഃ യം (വരുണം)

അഹ്വൽ — ആഹൂതവാൻ

സഃ വരുണഃ രാജാ

അസ്മാൻ മുമോക്തു — മുക്തംകരോതു

അർത്ഥം—വരുണവിഷയമായ ഈ സ്തോത്രം ശുനശ്ശേപനായ എനിക്കുവേണ്ടി രാത്രിയിൽ കർത്തവ്യമെന്ന നിലയിൽ അറിവുള്ളവർ ചൊല്ലുന്നു. അതുപോലെ പകലും അതുതന്നെ ചൊല്ലുന്നു. എന്റെ മനസ്സിൽനിന്നുളവായ ഈ പ്രജ്ഞാവിശേഷവും (വരുണനെ ആശ്രയിച്ചാൽ മുക്തികിട്ടുമെന്ന ജ്ഞാനവും) അതുതന്നെ എല്ലാവിധത്തിലും പ്രകാശിപ്പിക്കുന്നു. യൂപത്തിൽ കെട്ടപ്പെട്ട ശുനശ്ശേപനെന്ന ഈയുള്ളവൻ യാതൊരു ദേവനെ വിളിക്കുന്നുവോ, ആ വരുണരാജാവ് എന്നെ മോചിപ്പിക്കട്ടെ.

13 ശുനശ്ശേപോ ഹ്യഹ്വദ്ഗൃഭീത-
സ്ത്രിഷ്വാദിത്യം ദ്രുപദേഷു ബദ്ധഃ
അവൈനം രാജാ വരുണസ്സസൃജ്യാ-
ദ്വിദ്വാ് അദബ്ധോ വി മുമോക്തു പാശാൻ.

അന്വയം:—

ഗൃഭീതഃ	—	ബന്ധനായ ഗൃഹീതഃ
ത്രിഷു ദ്രു-പദേഷു	—	ത്രിസംഖ്യാകേഷു കാഷ്ഠസ്യ, യൂപസ്യ പദേഷു
ബദ്ധഃ ശുനശ്ശേപഃ		
ആദിത്യം	—	അദിതേഃ പുത്രം വരുണം
അഹ്വത്	—	ആഹൂതവാൻ
ഹി	—	യസ്മാദേവം തസ്മാത് സഃ
വരുണഃ രാജാ ഏനം	—	ശുനശ്ശേപം
അവ സസൃജ്യാത്	—	ബന്ധനാത് അവസൃഷ്ടം മുക്തം കരോതു
വിദ്വാൻ	—	വിമോകപ്രകാരാഭിജ്ഞഃ
അദബ്ധഃ	—	കേനാപ്യഹിംസിതഃ (വരുണഃ)
പാശാൻ വി മുമോക്തു	—	ബന്ധനരജ്ജുവിശേഷാൻ മുക്തം കരോതു

അർത്ഥം—ബന്ധിക്കാനായി പിടിക്കപ്പെട്ട്, മുക്കാലിയായ യൂപത്തിൽ ബദ്ധനായ ശുനശ്ശേപൻ അദിതിപുത്രനായ വരുണനെ വിളിച്ചതിന്റെ ഫലമായി രാജാവായ വരുണൻ ഇവനെ ബന്ധനത്തിൽ നിന്ന് മോചിപ്പിക്കട്ടെ എങ്ങനെ മോചിപ്പിക്കണമെന്ന്, ഏതു കുടുക്കാക്കെട്ടും എങ്ങനെ അഴിക്കണമെന്ന് അറിയുന്നവനും ആരാലും തടുക്കപ്പെടാത്തവനുമായ വരുണൻ കെട്ടുകയറുകളിൽനിന്ന് എന്നെ മോചിപ്പിക്കട്ടെ (ഇവിടെ പ്രാരാബ്ധകർമ്മങ്ങളുടെ കെട്ടുപാടിൽപ്പെട്ട ജീവന്റെ ക്ലേശപാശം അന്യാപദേശമായി കാണിച്ചിരിക്കുന്നു)

14 അവ തേ ഹേളോ വരുണ നമോഭി-
രവ യജ്ഞേഭിരീമഹേ ഹവിർഭിഃ
ക്ഷയന്നസ്മഭ്യമസുര പ്രചേതാ
രാജന്നേനാംസി ശിശ്രഥഃ കൃതാനി

അന്വയം'—

ഹേ വരുണ, തേ ഹേളഃ	— തവ ക്രോധം
നമഃ—ഭിഃ അവ ഈമഹേ	— നമസ്കാരൈഃ അവനയാമഃ
(തഥാ) യജ്ഞേഭിഃ	— സാംഗാനുഷ്ഠാനേന പൂജ്യൈഃ
ഹവിഃ—ഭിഃ അവ	
(ഈമഹേ)	— അവനയാമഃ
ഹേ അസുര,	— അനിഷ്ടക്ഷേപണശീല,
പ്ര—ചേതഃ,	— പ്രകൃഷ്ടേണ പ്രജ്ഞായുക്ത ,
രാജൻ,	— ദീപ്യമാന(വരുണ,)
അസ്മഭ്യം	— അസ്മദർത്ഥം
ക്ഷയൻ	— അസ്മിൻ കർമ്മണി നിവസൻ
കൃതാനി	— അസ്മാഭിരനുഷ്ഠിതാനി
ഏനാംസി ശിശ്രഥഃ	— പാപാനി ശ്രഥിതാനി, ശിഥിലാനി കുരു

അർത്ഥം-അല്ലയോ വരുണ, അവിടുത്തെ ക്രോധത്തെ നമസ്കാരങ്ങളെക്കൊണ്ടു ഞാൻ നീക്കുന്നു അതുപോലെ അംഗങ്ങളോടുകൂടിയ അനുഷ്ഠാനത്താൽ പൂജ്യങ്ങളായ ഹവിസ്സുകളെക്കൊണ്ട് അതിനെ അകററുന്നു അനിഷ്ടങ്ങളെ അകററുന്നവനും വർദ്ധിച്ച ജ്ഞാനത്തോടുകൂടിയവനും വിളങ്ങുന്നവനുമായ വരുണ, എനിക്കുവേണ്ടി ഈ കർമ്മത്തിൽ സന്നിഹിതനായി ഞാൻ ചെയ്ത പാപങ്ങളെ ശിഥിലങ്ങളാക്കിച്ചെയ്താലും (രൂപബദ്ധനായ ശുനശ്ശേപന്റെ ഹവിസ്സും കർമ്മവും മാനസികമാവാനേ തരമുള്ളൂ മാനസികയജ്ഞത്തിന്നു ശാരീരാനുഷ്ഠാനപോലെ ഫലത്തിൽ കുറവില്ല)

15 ഉദുത്തമം വരുണ പാശമസ്മ—

ദവാധമം വി മധ്യമം ശ്രഥായ

അഥാ വയമാദിത്യ വ്രതേ തവാ—

നാഗസോ 'അദിതയേ സ്യാമ (വ 15)

അന്വയം:—

ഹേ വരുണ, ഉൽ—തമം

പാശം	— ശിരസി ബദ്ധം പാശം
അസ്മൽ ഉൽ ശ്രഥയ	— അസ്മത്തഃ ഉൽകൃഷ്യ ശിഥിലം കുരു
അധമം	— പാദേവസ്ഥിതം (പാശം)
അവ (ശ്രഥയ)	— അധസ്താദവകൃഷ്യ ശിഥിലീകുരു
മധ്യമം	— നാഭിപ്രദേശഗതം (പാശം)
വി (ശ്രഥയ)	— വിയുജ്യ ശിഥലീകുരു
അഥ ഹേ ആദിത്യ	— അദിതേഃ പുത്ര, വരുണ,
വയം	— ശുനശ്ശേപാഃ
തവ വ്രതേ	— ത്വദീയേ കർമ്മണി
അദിതയേ	— ഖണ്ഡനരാഹിത്യായ
അനാഗസഃ	— അപരാധരഹിതാഃ
സ്യാമ	— ഭവേമ

അർത്ഥം—അല്ലയോ വരുണ, എന്റെ തലയിൽ കെട്ടിയ കയർ എന്നിൽനിന്നു് മേല്പോട്ടു് ഊരിയാലും. കാലിന്മേലുള്ള കയർ കീഴ്പ്പോട്ടൂരിയാലും. വയററത്തുള്ള കയർ അഴിച്ചു് ഊരിയാലും. പിന്നെ, അല്ലയോ അദിതിപുത്രനായ വരുണ, ഞാൻ അവിടത്തെസ്സംബന്ധിച്ച കർമ്മത്തിൽ, ഉപാസനയിൽ ഏർപ്പെട്ടു് പൂർണ്ണതയെ പ്രാപിക്കാനായി നിരപരാധനായി, പാപരഹിതനായി ഭവിച്ചാവൂ

വർഗ്ഗം 16, 17, 18, 19 ഗായത്രീ ഛന്ദഃ വരുണോ ദേവതാ.

1 യച്ചിദ്ധി തേ വിശോ യഥാ

പ്ര ദേവ വരുണ വ്രതം

മിനീമസി ദ്യവിദ്യവി.

അന്വയം:—

ഹേ ദേവ വരുണ, യഥാ

(ലോകേ) വിശഃ	— പ്രജാഃ കദാ ചിൽപ്രമാദം കുർവ്വന്തി, തഥാവയമപി
തേ	— തവ (സംബന്ധി)
യൽ ചിൽ ഹി	— യദേവ കിംചിൽ
വ്രതം	— കർമ്മ
ദ്യവി-ദ്യവി	— പ്രതിദിനം
പ്ര മിനീമസി	— പ്രമാദേന ഹിംസിതവന്തഃ

(തദപി വ്രതം പ്രമാദപരിഹാരേണ സാംഗം കുരു)

അർത്ഥം—അല്ലയോ വരുണ, ലോകത്തിൽ ജനങ്ങൾ എപ്പോഴെങ്കിലും തെറ്റുചെയ്യുന്ന പോലെ ഞാനും അവിടത്തെ സംബന്ധിച്ച ഏതെങ്കിലും കർമ്മത്തെ പ്രമാദത്തോടു (തെറ്റോടു) കൂടി ഹനിച്ചിട്ടുണ്ടെങ്കിൽ, വികലമായി ചെയ്തിട്ടുണ്ടെങ്കിൽ, ആ വ്രതത്തെയും തെറ്റുതീർത്തു സാംഗോപാംഗശുദ്ധമാക്കിത്തരണം (അതു് അവിടത്തെ ഭാരമാണു്).

2 മാ നോ വധായ ഹത്നവേ
ജിഹീളാനസ്യ രീരധഃ
മാ ഹൃണാനസ്യ മന്യവേ.

അന്വയം:—

(ഹേ വരുണ,)

ജിഹീളാനസ്യ ഹത്നവേ	— അനാദരം കൃതവതഃ ഹന്തുഃ പാപിഹനന ശീലസ്യ തവ സംബന്ധിനേ, തൽകർത്തൃകായ
വധായ നഃ	— അസ്മാൻ
മാ രീരധഃ	— സംസിദ്ധാൻ, വിഷയഭൂതാൻ മാ കുരു
ഹൃണാനസ്യ	— ഹൃണീയമാനസ്യ, ക്രുദ്ധസ്യ
(തവ) മന്യവേ	— ക്രോധായ
(അസ്മാൻ) മാ (രീരധഃ)	

അർത്ഥം—അല്ലയോ വരുണ, അവിടത്തെ അനാദരിക്കുന്ന പാപികൾക്കു് അവിടുന്നു കല്പിക്കുന്ന ശിക്ഷയ്ക്കു്, വധത്തിന്നു്

15 ഉദുത്തമം വരുണ പാശമസ്മ-
ദവാധമം വി മധ്യമം ശ്രഥായ
അഥാ വയമാദിത്യ വ്രതേ തവാ-
നാഗസോ അദിതയേ സ്യാമ (വ 15)

അന്വയം:—

ഹേ വരുണ, ഉൽ—തമം

പാശം	— ശിരസി ബദ്ധം പാശം
അസ്മൽ ഉൽ ശ്രഥയ	— അസ്മത്തഃ ഉൽകൃഷ്യ ശിഥിലം കുരു
അധമം	— പാദേവസ്ഥിതം (പാശം)
അവ (ശ്രഥയ)	— അധസ്താദവകൃഷ്യ ശിഥിലീകുരു
മധ്യമം	— നാഭിപ്രദേശഗതം (പാശം)
വി (ശ്രഥയ)	— വിയുജ്യ ശിഥിലീകുരു
അഥ ഹേ ആദിത്യ	— അദിതേഃ പുത്ര, വരുണ,
വയം	— ശുനശ്ശേപാഃ
തവ വ്രതേ	— ത്വദീയേ കർമ്മണി
അദിതയേ	— ഖണ്ഡനരാഹിത്യായ
അനാഗസഃ	— അപരാധരഹിതാഃ
സ്യാമ	— ഭവേമ

അർത്ഥം—അല്ലയോ വരുണ, എന്റെ തലയിൽ കെട്ടിയ കയർ എന്നിൽനിന്നു് മേല്പോട്ടു് ഊരിയാലും. കാലിന്മേലുള്ള കയർ കീഴ്പ്പോട്ടൂരിയാലും. വയററത്തുള്ള കയർ അഴിച്ചു് ഊരിയാലും. പിന്നെ, അല്ലയോ അദിതിപുത്രനായ വരുണ, ഞാൻ അവിടത്തെസ്സംബന്ധിച്ച കർമ്മത്തിൽ, ഉപാസനയിൽ ഏർപ്പെട്ടു് പൂർണ്ണതയെ പ്രാപിക്കാനായി നിരപരാധനായി, പാപരഹിതനായി ഭവിച്ചാവൂ.

വർഗ്ഗം 16, 17, 18, 19 ഗായത്രീ ഛന്ദഃ വരുണോ ദേവതാ.

1 യച്ചിദ്ധി തേ വിശോ യഥാ
പ്ര ദേവ വരുണ വ്രതം
മിനീമസി ദ്യവിദ്യവി.

അന്വയം:—

ഹേ ദേവ വരുണ, യഥാ
(ലോകേ) വിശഃ — പ്രജാഃ കദാ ചിൽപ്രമാദം കുർവ്വന്തി, തഥാവയമപി
തേ — തവ (സംബന്ധി)
യൽ ചിൽ ഹി — യദേവ കിംചിൽ
വ്രതം — കർമ്മ
ദ്യവി-ദ്യവി — പ്രതിദിനം
പ്ര മിനീമസി — പ്രമാദേന ഹിംസിതവന്തഃ
(തദപി വ്രതം പ്രമാദപരിഹാരേണ സാംഗം കുരു)

അർത്ഥം—അല്ലയോ വരുണ, ലോകത്തിൽ ജനങ്ങൾ എപ്പോഴെങ്കിലും തെറ്റുചെയ്യുന്ന പോലെ ഞാനും അവിടത്തെ സംബന്ധിച്ച ഏതെങ്കിലും കർമ്മത്തെ പ്രമാദത്തോടു (തെറ്റോടു) കൂടി ഹനിച്ചിട്ടുണ്ടെങ്കിൽ, വികലമായി ചെയ്തിട്ടുണ്ടെങ്കിൽ, ആ വ്രതത്തെയും തെറ്റുതീർത്തു സാംഗോപാംഗശുദ്ധമാക്കിത്തരണം (അത് അവിടത്തെ ഭാരമാണ്)

2 മാ നോ വധായ ഹത്നവേ
ജിഹീളാനസ്യ രീരധഃ
മാ ഹൃണാനസ്യ മന്യവേ.

അന്വയം:—

(ഹേ വരുണ,)
ജിഹീളാനസ്യ ഹത്നവേ — അനാദരം കൃതവതഃ ഹന്തുഃ പാപിഹനന ശീലസ്യ തവ സംബന്ധിനേ, തൽകർത്തൃകായ
വധായ നഃ — അസ്മാൻ
മാ രീരധഃ — സംസിദ്ധാൻ, വിഷയഭൂതാൻ മാ കുരു
ഹൃണാനസ്യ — ഹൃണീയമാനസ്യ, ക്രുദ്ധസ്യ
(തവ) മന്യവേ — ക്രോധായ
(അസ്മാൻ) മാ (രീരധഃ)

അർത്ഥം—അല്ലയോ വരുണ, അവിടത്തെ അനാദരിക്കുന്ന പാപികൾക്ക് അവിടുന്ന കല്പിക്കുന്ന ശിക്ഷയ്ക്ക്, വധത്തിന്ന്

എന്നെ വിഷയീഭൂതനാക്കരുതേ ഉദ്വിഗ്നനായ അവിടത്തെ കോപത്തിന്നും എന്നെ പാത്രമാക്കരുതേ

3 വി മൃളീകായ തേ മനോ

രഥീരശ്വന്ന സന്ദിതം

ഗീർഭിർവ്വരുണ സീമഹി

അന്വയം.—

ഹേ വരുണ, മൃളീകായ — അസ്മൽസുഖായ
തേ മനഃ — തവ മനഃ
ഗീഃ—ഭിഃ — സ്തുതിഭിഃ
രഥീഃ — രഥസ്വാമീ
സം—ദിതം അശ്വം ന — ദൂരഗമനേന ശ്രാന്തം അശ്വമിവ
വി സീമഹി — വിശേഷേണ ബധ്നീമഃ, പ്രസാദയാമഃ

(ശ്രാന്തമശ്വം ഘാസപ്രദാനാദിനാ യഥാ പ്രസാദയതി തദ്വൽ)

അർത്ഥം—അല്ലയോവരുണ, എൻ്റെ സുഖത്തിന്നായി അവിടത്തെ മനസ്സിനെ സ്തുതികൾകൊണ്ടു്, നീണ്ടയാത്രയാൽ ക്ഷീണിച്ച കുതിരയെ പുല്ലും വെള്ളവും കൊടുത്തു തേരാളി കെട്ടിനിറുത്തി സന്തോഷിപ്പിക്കുന്നപോലെ ഞാൻ പ്രസാദിപ്പിക്കുന്നു

4 പരാ ഹി മേ വിമന്യവഃ

പതന്തി വസ്യഇഷ്ടയേ

വയോ ന വസതീരുപ

അന്വയം —

(ഹേ വരുണ,) മേ — ശുനശ്ശേപസ്യ മമ
വി—മന്യവഃ — ക്രോധരഹിതാ ബുദ്ധയഃ
വസ്യഃ—ഇഷ്ടയേ — അതിശയേന വസുമതോ ജീവനസ്യ പ്രാപ്തയേ
വയഃ ന — പക്ഷിണഃ യഥാ

വസതീഃ — നിവാസസ്ഥാനാനി
ഉപ — സാമീപ്യേന പ്രാപ്നുവന്തി
(തഥാ) പരാ പതന്തി ഹി — പരാങ്മുഖാഃ, പുനരാവൃത്തി രഹിതാഃ പ്രസരന്തി

അർത്ഥം—അല്ലയോ വരുണ, ശുനശ്ശേപനായ എന്റെ ക്രോധംവിട്ടബുദ്ധികൾ (തന്നെപണത്തിന്നു വിററ അച്ഛനോടും വിലയ്ക്കുവാങ്ങി യൂപത്തിൽ കെട്ടിയ രാജാവിനോടും മററാരോടും ക്രോധം തോന്നാത്ത, ശമംവന്ന വിചാരങ്ങൾ) അത്യധികം സുഖപുഷ്ടമായ ജീവനത്തിന്നുവേണ്ടി (മരിക്കാതെ ജീവിതം നീണ്ടുകിട്ടാനായി), പക്ഷികൾ കൂടുകളുടെ സമീപത്തു സോത്സാഹം പറന്നെത്തുന്നപോലെ, ജീവിതത്തിലേയ്ക്കു പിന്നാക്കം നോക്കിക്കൊണ്ടു പ്രസരിക്കുക തന്നെ ചെയ്യുന്നു.

5 കദാ ക്ഷത്രശ്രിയന്നര—
മാ വരുണങ്കരാമഹേ
മൃളീകായോരുചക്ഷസം. വ 16

അന്വയം:—
മൃളീകായ — ആത്മസുഖായ
ക്ഷത്ര—ശ്രിയം നരം — ബലസേവിനം നേതാരം
ഉരു—ചക്ഷസം വരുണം — ബഹൂനാം ദ്രഷ്ടാരം വരുണം
കദാ ആ കരാമഹേ? — കസ്മിൻ കാലേ അസ്മിൻ കർമ്മണി ആഗതം കരവാമ?

അർത്ഥം—ആത്മസുഖത്തിന്നായി ബലസേവിയും നേതാവും എല്ലാം കാണുന്നവനുമായ വരുണനെ എപ്പോഴാണ് ഈ കർമ്മത്തിൽ ഞാൻ വരുത്തുന്നതു്?

വർഗ്ഗം 17

6 ത ദിത് സമാനമാശാതേ
വേനന്താ ന പ്രയുച്ഛതഃ
ധൃതവ്രതായ ദാശുഷേ

അന്വയം —

ധൃത-വ്രതായ — അനുഷ്ഠിതകർമ്മണേ
ദാശുഷേ — ഹവിർദ്ദത്തവതേ യജമാനായ
വേനന്താ — വേനന്തൗ, കാമയമാനൗ, മിത്രാവരുണൗ
(തൗ ഉഭൗ) സമാനം — സാധാരണം
തത് ഇത് — തദേവ, അസ്മാഭിർദ്ദത്തം ഹവിഃ
ആശാതേ — അശ്നുവാതേ
ന പ്ര യുച്ഛതഃ — കദാചിദപി പ്രമാദം ന കുരുതഃ

അർത്ഥം—കർമ്മമനുഷ്ഠിച്ചു ഹവിസ്സർപ്പിക്കുന്ന യജമാനന്ന് സുഖത്തെ ഇച്ഛിക്കുന്ന (സുഖം കൊടുക്കുന്ന) മിത്രാവരുണന്മാർ രണ്ടുപേരും നമ്മളാൽ കൊടുക്കപ്പെടുന്ന ഹവിസ്സ് ഒരുമിച്ചു സ്വീകരിക്കുന്നു അവർക്ക് ഒരിക്കലും തെററുപററാറില്ല

7 വേദാ യോ വീനാം പദ-
മന്തരിക്ഷേണ പതതാം
വേദ നാവസ്സമുദ്രിയഃ

അന്വയം —

യഃ (വരുണഃ)
അന്തരിക്ഷേണ പതതാം — ആകാശമാർഗ്ഗേണ ഗച്ഛതാം
വീനാം പദം വേദ — പക്ഷിണാം പദം ജാനാതി
(തഥാ) സമുദ്രിയഃ — സമുദ്രേവസ്ഥിതഃ (വരുണഃ)
നാവഃ വേദ — ജലേ ഗച്ഛന്ത്യാഃ (പദം) ജാനാതി
(സഃ അസ്മാൻ ബന്ധനാത് മോചയതു)

അർത്ഥം—യാതൊരു ദേവൻ ആകാശമാർഗ്ഗത്തിൽ ഗമിക്കുന്ന പക്ഷികളുടെ നില അറിയുന്നുവോ അതുപോലെ സമുദ്രവർത്തിയായി ജലചരങ്ങളുടെ നില അറിയുന്നുവോ ആ വരുണൻ എന്നെ ബന്ധനത്തിൽനിന്ന് മോചിപ്പിക്കട്ടെ (ചെറുപ്രാണികളുടെകൂടി ജീവിതസ്നേഹം വരുണനറിയാമല്ലോ എന്റെ ജീവിതാസക്തിയേയും അവിടുന്നറിയട്ടെ എന്നു സാരം)

8 വേദ മാസോ ധൃതവ്രതോ–
ദ്വാദശ പ്രജാവതഃ
വേദാ യ ഉപജായതേ.

അന്വയം:–

ധൃത–വ്രതഃ	— സ്വീകൃതകർമ്മവിശേഷഃ (വരുണഃ)
പ്രജാ–വതഃ	— തദാ തദോൽപദ്യമാനപ്രജായുക്താൻ
ദ്വാദശ മാസഃ	— ചൈത്രാദീൻ ഫാൽഗുനാന്താൻ
വേദ	— ജാനാതി
യഃ (ത്രയോ ദശാധിക മാസഃ) ഉപ–ജായതേ	— സംവത്സരസമീപേ സ്വയമേവോൽപദ്യതേ.

(തമപി) വേദ (സഃ അസ്മാൻ ബന്ധനാൽ മോചയതു)

അർത്ഥം—സ്വയം ചില കർമ്മവിശേഷങ്ങൾ സ്വീകരിച്ചിട്ടുള്ള വരുണൻ, അതാതു കാലങ്ങളിൽ ജനിച്ച പ്രജകളോടു കൂടിയ, ചൈത്രംമുതൽ ഫാൽഗുനം വരെയുള്ള പന്ത്രണ്ടു മാസങ്ങളെ അറിയുന്നു. ,സംവത്സരം തികയുമ്പോൾ പതിമൂന്നാമതു് വരുന്ന അധിമാസത്തെയും അറിയുന്നു. ആ വരുണൻ എന്നെ ബന്ധനത്തിൽനിന്നു മുക്തനാക്കട്ടെ. (എല്ലാവരുടെയും ജനനകാലവും കാലത്തിന്റെ ഗതിയും അറിയുന്ന അവിടുന്നു കാലവിളംബം കൂടാതെ എന്നെ മുക്തനാക്കട്ടെ)

9 വേദ വാതസ്യ വർത്തനി–
മുരോരൃഷ്വസ്യ ബൃഹതഃ
വേദാ യേ അധ്യാസതേ.

അന്വയ:–

ഉരോഃ	— വിസ്തീർണ്ണസ്യ
ഋഷ്വസ്യ	— ദർശനീയസ്യ
ബൃഹതഃ	— ഗുണൈരധികസ്യ

വാതസ്യ വത്തനിം	— വായോഃ മാർഗ്ഗം
(വരുണഃ) വേദ	— ജാനാതി
യേ (ദേവാഃ) അധി—	
ആസതേ	— ഉപരി തിഷ്ഠന്തി

(താൻ അപി) വേദ (സഃ അസ്മാൻ ബന്ധനാൽ മോചയതു)

അത്ഥം—വിസ്തീർണ്ണവും ദശനീയവും ഗുണംകൊണ്ടു മികച്ചതുമായ വായുവിൻെറ മാർഗ്ഗത്തെ (ഗതിയെ) വരുണൻ അറിയുന്നു ഏതു ദേവന്മാർ മുകളിൽ വത്തിക്കുന്നുവോ അവരെയും വരുണനറിയുന്നു ആ വരുണൻ ബന്ധനമോചനം തരട്ടെ (വായുവിൻെറ വികാരമാണല്ലോ പ്രാണൻ അതുപോലെ, കമ്മസാക്ഷികളായ ദേവന്മാർ മുകളിൽ വത്തിക്കുന്നു പ്രാണൻെറ ഗയിയെയും ദേവന്മാരുടെ വിധിയെയും അറിയുന്ന വരുണൻ ബന്ധനമുക്തി തരണം എന്നു സാരം)

10 നിഷസാദ ധൃതവ്രതോ
വരുണഃ പസ്ത്യാ൨ സ്വാ
സാമ്രാജ്യായ സുക്രതുഃ വ 17

അന്വയം —

ധൃത—വ്രതഃ വരുണഃ

പസ്ത്യാസു	— ദൈവീഷു പ്രജാസു
സാം—രാജ്യായ	— സാമ്രാജ്യസിദ്ധ്യത്ഥം
സു—ക്രതുഃ	— ശോഭനകമ്മാ
ആ നി സസാദ	— ആഗത്യ നിഷണ്ണവാൻ (സഃ അസ്മാൻ ബന്ധനാൽ മോചയതു)

അത്ഥം—സ്വയം കമ്മവിശേഷങ്ങാം അനുഷ്ഠിക്കുന്ന വരുണൻ ദേവന്മാ രായ പ്രജകളിൽ അധീശത്വത്തിന്നായി ശോഭനകമ്മാവായി ഇരുന്നരുളി ആ വരുണൻ എന്നെ ബന്ധനത്തിൽ നിന്നു് മോചിപ്പിക്കട്ടെ

വർഗ്ഗം 18

11 അതോ വിശ്വാന്യദ്ഭുതാ
ചികിത്വാ അഭി പശ്യതി
കൃതാനി യാ ച കർത്വാ

അന്വയം:—

അതഃ — അസ്മാൽ വരുണാൽ
യാ കൃതാനി — യാനി ആശ്ചര്യാണി പൂർവ്വം സമ്പാദിതാനി.
ച കർത്വാ — ഇതഃ പരം കർത്തവ്യാനി അന്യാന്യാശ്ചര്യാണി.
(താനി) വിശ്വാനി — സർവ്വാണി
അദ്ഭുതാ — അദ്ഭുതാനി, ആശ്ചര്യാണി.
ചികിത്വാൻ — പ്രജ്ഞാവാൻ
അഭി പശ്യതി — ആഭിമുഖ്യേന പശ്യതി

അർത്ഥം—ഈ വരുണങ്കൽ നിന്നു മുമ്പുതന്നെ വെളിവായ ആശ്ചര്യങ്ങളും ഇതുവരെ കർത്തവ്യമെന്ന നിലയിൽ ഉളവായ മററാശ്ചര്യങ്ങളും ഏവയോ, ആ എല്ലാ ആശ്ചര്യങ്ങളെയും പ്രജ്ഞാവാനായി (ജ്ഞാനിയായി) നേരേ കാണുന്നു. (അവിടുത്തെ ആശ്ചര്യകർമ്മങ്ങളെ അവിടുന്നുതന്നെ കാണുന്നു.)

12 സ നോ വിശ്വാഹാ സുക്രതു—
രാദിത്യസ്സുപഥാ കരൽ
പ്ര ണ ആയൂംഷി താരിഷൽ.

അന്വയം:—

സു-ക്രതുഃ — ശോഭനപ്രജ്ഞഃ
സഃ ആദിത്യഃ — വരുണഃ
വിശ്വാഹാ — സർവ്വേഷ്വഹസ്സു
നഃ സു-പഥാ കരൽ — അസ്മാൻ ശോഭനമാർഗ്ഗേണ സഹിതാൻ കരോതു
(കിഞ്ച) നഃ ആയൂംഷി
പ്ര താരിഷൽ — നഃ ആയൂംഷി പ്രവർദ്ധയതു

അർത്ഥം—ശോഭനപ്രജ്ഞനായ ആ അദിതിപുത്രൻ, വരുണൻ, എല്ലാ ദിവസങ്ങളിലും എന്നെ ശോഭനമാർഗ്ഗസഹിതനാക്കട്ടെ, സുപഥചാരിയാക്കട്ടെ. കൂടാതെ എനിക്കു് ആയുസ്സുകളെ വർദ്ധിപ്പിക്കട്ടെ.

13 ബിഭ്രദ്ദ്രാപിം ഹിരണ്യയം
വരുണോ വസ്ത നിർണ്ണിജം
പരി സ്പശോ നി ഷേദിരേ.

അന്വയം'—

ഹിരണ്യയം — സുവർണ്ണമയം
ദ്രാപിം ബിഭ്രൽ — കവചം ധാരയൻ
വരുണഃ നിഃ—നിജം വസ്ത പുഷ്ടം സ്വശരീരം ആച്ഛാദയതി
സ്പശഃ — ഹിരണ്യസ്പർശിനോ രശ്മയഃ
പരി നി സേദിരേ — സർവ്വതോ നിഷണ്ണാഃ

അർത്ഥം—സുവർണ്ണമയമായ കവചം ധരിച്ച വരുണൻ പുഷ്ടമായ സ്വശരീരത്തെ ആച്ഛാദനംചെയ്യുന്ന സ്വർണ്ണ (കവച)ത്തിൽ മുട്ടിവരുന്ന രശ്മികൾ എല്ലാടവും വ്യാപിക്കുന്നു.

14 ന യം ദിപ്സന്തി ദിപ്സവോ
ന ദ്രുഹ്വാണോ ജനാനാം
ന ദേവമഭിമാതയഃ

അന്വയം'—

ദിപ്സവഃ — ഹിംസിതുമിച്ഛന്തോ വൈരിണഃ
യം (വരുണം) ന ദിപ്സന്തി — ഭീതാസ്സന്തഃ ഹിംസിതുമിച്ഛാം പരിത്യജന്തി
ജനാനാം — പ്രാണിനാം
ദ്രുഹ്വാണഃ — ദ്രോഗ്ധാരഃ (അപി) ന ദിപ്സന്തി
(തം)ദേവം അഭി—മാതയഃ — പാപ്മാനഃ ന (സ്പൃശന്തി)

അർത്ഥം—ഹിംസിക്കാൻ ഇച്ഛിച്ച് മതിൻ ശത്രുക്കൾ യാതൊരുദേവനെ വിട്ടുമാറുന്നുവോ, ജനങ്ങളെ ദ്രോഹിക്കുന്നവരും

യാതൊരു ദേവനെ ദ്രോഹിക്കുന്നില്ലയോ, ആ വരുണനെ പാപികരം സ്പൃശിക്കുന്നില്ല.

15 ഉത യോ മാനുഷേഷ്വാ
യശശ്ചക്രേ അസാമ്യാ
അസ്മാകമുദരേഷ്വാ.

അന്വയം:-

ഉത	— അപി ച
യഃ (വരുണഃ) മാനുഷേഷു	
യശഃ	— അന്നം
ആ ചക്രേ	— സർവ്വതഃ കൃതവാൻ
(സഃ വരുണഃ) ആ	— സർവ്വതഃ
അസാമി (ചക്രേ)	— സമ്പൂർണ്ണം, ന തു ന്യൂനം കൃതവാൻ
(വിശേഷതഃ)	
അസ്മാകം ഉദരേഷു ആ	— സർവ്വതഃ ചക്രേ

അർത്ഥം—അത്രമല്ല, യാതൊരുദേവൻ മനുഷ്യരിൽ അന്നം എല്ലാടിക്കിലും ഉണ്ടാക്കിയോ, ആ വരുണൻ അങ്ങനെ ചെയ്തു പകുതിയാ (ന്യൂനമാ) യിട്ടല്ല, പൂർണ്ണമായിട്ടാണ് വിശേഷിച്ചും നമ്മുടെ ഉദരങ്ങളിലും അവിടുന്ന് അന്നം നിറച്ചിരിരിക്കുന്നു.

16 പരാ മേ യന്തി ധീതയോ
ഗാവോ ന ഗവ്യൂതീരനു
ഇച്ഛന്തീരുരുചക്ഷസം

അന്വയം:—

ഉരു—ചക്ഷസം	— ബഹുഭിഃ ദ്രഷ്ടവ്യം വരുണം.
ഇച്ഛന്തീഃ മേ ധീതയഃ	— ശുനശ്ശേപസ്യ ബുദ്ധയഃ
ഗാവഃ ന ഗവ്യൂതീഃ അനു	— യഥാ ഗാവഃ ഗോഷ്ഠാന്യനുലക്ഷ്യ ഗച്ഛന്തി തഥാ
പരാ യന്തി	— പരാങ്മുഖാ ഗച്ഛന്തി

അർത്ഥം—എല്ലാവരാലും ദർശനീയനായ വരുണനെ ഇച്ഛിക്കുന്ന (അവിടുത്തെ പ്രസാദത്തിന്നായി പ്രാർത്ഥിക്കുന്ന) ശ്രുനശ്ശേപനായ എന്റെ ബുദ്ധികൾ, (വിചാരഗതികൾ) തൊഴുത്തിനെ ഉന്നംവെച്ചു പശുക്കൾ പോകുന്നപോലെ, അവിടുത്തെ നേരെ നിവൃത്തിരഹിതമായി ഗമിക്കുന്നു

17 സം നു വോചാവഹൈ പുന-
ര്യതോ മേ മധ്വാഭൃതം
ഹോതേവ ക്ഷദസേ പ്രിയം.

അന്വയം —

യതഃ	— യസ്മാൽ കാരണാൽ
മേ	— മജ്ജീവനാർത്ഥം
മധു	— മധുരം ഹവിഃ
ആ—ഭൃതം	— അഞ്ജസ്സവാഖ്യേ കർമ്മണി സംപാദിതം
(അതഃ കാരണാൽ)	
ഹോതാ—ഇവ	— ഹോമകർത്തേവ (ത്വമപി)
പ്രിയം (ഹവിഃ) ക്ഷദസേ	— അശ്നാസി
പുനഃ	— ഹവിസ്സ്വീകാരദൂർദ്ധ്വം തൃപ്തസ്ത്വം ജീവന്നഹം ച
നു സം വോചാവഹൈ	— സംഭൂയ അവശ്യം പ്രിയവാർത്താം കരവാവഹൈ

അർത്ഥം—യാതൊരുകാരണത്താൽ എന്റെ ഉടന്ന ജീവനത്തിന്നായി അഞ്ജസ്സവമെന്നകർമ്മത്തിൽ മധുരമായ ഹവിസ്സ് ഒരുക്കിയോ, ആ കാരണത്താൽ [illegible] ട്ടന്നും ആ പ്രിയഹവിസ്സ് അശി[illegible] ന്നശേഷം സംതൃപ്തനായ അവിടു[illegible] ഒന്നുചേർന്നു തമ്മിൽ തീച്ചയായും നല്ലപോലെ സംസാരിക്കമാറാകണം.

18 ദർശം നു വിശ്വദർശതം
ദർശം രഥമധി ക്ഷമി
ഏതാ ജുഷത മേ ഗിരഃ

അന്വയം:—

വിശ്വ—ദർശതം	— സർവ്വൈഃ ദർശനീയം, അസ്മദനുഗ്രഹാർത്ഥം ആവിർഭൂതം വരുണം
ദർശം നു	— അഹം ദൃഷ്ടവാൻ ഖലു
ക്ഷമി	— ക്ഷമായാം, ഭൂമൗ
(വരുണസംബന്ധിനം)	
രഥം അധി ദർശം	— ആധിക്യേന ദൃഷ്ടവാനസ്മി
(വരുണഃ) എതാഃ മേ	
ഗിരഃ	— ഉച്യമാനാഃ മദീയാസ്തുതീഃ
ജുഷത	— സേവിതവാൻ

അർത്ഥം—സർവ്വദർശനീയനും എന്നെ അനുഗ്രഹിപ്പാൻ പ്രത്യക്ഷനമായ വരുണനെ ഞാൻ ഇതാകണ്ടുവല്ലോ. ഭൂമിയിൽ വരുണരഥത്തെ ഇതാ ഞാൻ നല്ലപോലെ കാണുന്നു. ഞാൻ ഉച്ചരിക്കുന്ന സ്തുതികൾ വരുണൻ സ്വീകരിച്ചിരിക്കുന്നു.

19 ഇമംമേ വരുണശ്രുധീ
ഹവമദ്യാ ച മൃളയ
ത്വാമവസ്യുരാ ചകേ

അന്വയം:—

ഹേ വരുണ, മേ	— മദീയം.
ഇമം ഹവം ശ്രുധി	— ആഹ്വാനം ശൃണു.
അദ്യ മൃളയ	— അസ്മിൻ ദിനേ സുഖയ
അവസ്യുഃ	— രക്ഷണേച്ഛുഃ (അഹം)
ത്വാം ആ ചകേ	— ത്വാം ആഭിമുഖ്യേന ശബ്ദയാമി, സ്തൗമി

അർത്ഥം—അല്ലയോ വരുണ, എന്റെ ഈ വിളികേൾക്കണേ. എനിക്കിന്നു സുഖമരുളണേ, അവിടുത്തെ രക്ഷണമിച്ഛിക്കുന്ന ഞാൻ അവിടുത്തെ നേരിട്ട് ഉറക്കെ സ്തുതിക്കുന്നു.

20 ത്വം വിശ്വസ്യ മേധിര

ദിവശ്ച ഗ്മശ്ച രാജസി

സ യാമനി പ്രതി ശ്രുധി

അന്വയം –

ഹേ മേധിര,	— മേധാവിൻ (വരുണ,)
ത്വം ദിവഃ ച ഗ്മഃ ച	— ദ്യുലോകസ്യ ഭൂലോകസ്യാപി
(ഏവം ആത്മകസ്യ)	
വിശ്വസ്യ	— സർവ്വസ്യ ജഗതോമദ്ധ്യേ
രാജസി	— ദീപ്യസി
സഃ	— താദൃശ് ത്വം
യാമനി	— ക്ഷേമപ്രാപണേ അസ്മദീയേ
പ്രതി ശ്രുധി	— പ്രതിശ്രവണം ആജ്ഞാപനം കുരു

(രക്ഷിഷ്യാമി ഇതി പ്രത്യുത്തരം ദേഹി)

അർത്ഥം—അല്ലയോ മേധാവിൻ വരുണ അവിടുന്നു ദ്യോവും ഭൂവുമടങ്ങിയ സർവ്വജഗത്തിൻെറയും മദ്ധ്യത്തിൽ പ്രകാശിക്കുന്ന അപ്രകാരമുള്ള അവിടുന്ന് എനിക്കു ക്ഷേമമണയ്ക്കുന്ന വിഷയത്തിൽ (ക്ഷേമം അണയ്ക്കാനായിക്കൊണ്ടു്) എന്നോടു പ്രതിവചനം (മറുപടി) പറഞ്ഞാലും (രക്ഷിക്കാം എന്നു് ഉത്തരം തന്നാലും)

21 ഉദുത്തമം മുമുഗ്ധി നോ

വി പാശം മധ്യമം ചൃത

അവാധമാനി ജീവസേ

അന്വയം —

ഉത് മുമുഗ്ധി	— ഉത്കൃത്യ മോചയ
മധ്യമം	— ഉദരഗതം പാശം
വി ചൃത	— വിയുജ്യ നാശയ
അധമാനി	— പാദഗതാൻ പാശാൻ
അവ (ചൃത)	— അവകൃത്യ നാശയ

അർത്ഥം—ജീവിക്കാനായി എന്റെ തലയിലുള്ള കയറിനെ മേല്പ്പോട്ടരിയാലും വയററിലുള്ള കയറിനെ അഴിച്ചു വേർപെടുത്തിയാലും. കാലുകളിലുള്ള കയറുകളെ താഴോട്ടരിയാലും.

വർഗ്ഗം 20, 21—അഗ്നിർദ്ദേവതാ

1 വസിഷ്വാ ഹി മിയേധ്യ
വസ്ത്രാണ്യൂർജ്ജാം പതേ
സേമന്നോ അധ്വരം യജ

അന്വയം:—

ഹേ മിയേധ്യ,	—	മേധസ്യ, യജ്ഞസ്യ യോഗ്യ,
ഊർജ്ജാം പതേ,	—	അന്നാനാം പാലക, (അഗ്നേ,)
വസ്ത്രാണി	—	ആച്ഛാദകാനി തേജാംസി
വസിഷ്വ	—	ആച്ഛാദയ, പ്രജ്വലിതസ്തേജസാ ഭവ
ഹി	—	യസ്മാത് പ്രജ്വലിതഃ തസ്മാൽ
സഃ	—	താദൃശഃ (ത്വം)
നഃ ഇമം അധ്വരം യജ	—	അസ്മദീയം ക്രിയമാണം യാഗം നിഷ്പാദയ

അർത്ഥം—അല്ലയോ യജ്ഞയോഗ്യ, അന്നരക്ഷക, അഗ്നേ, അവിടുത്തെ മൂടുന്ന തേജസ്സുകൾ ധരിച്ചു പ്രജ്വലിതനായി ഭവിച്ചാലും. അങ്ങനെ ആളിക്കത്തി ഞങ്ങളുടെ ഈ യാഗത്തെ നിറവേററിയാലും. (വരുണനാൽ ഉപദിഷ്ടനായി ശുനശ്ശേപൻ അഗ്നിയെ സ്തുതിക്കുകയാണ് ഇതിലും തുടർന്ന് സൂക്തങ്ങൾ രണ്ടിലും.)

2 നി നോ ഹോതാ വരേണ്യഃ—
സ്സദാ യവിഷ്ഠ മന്മഭിഃ
അഗ്നേ ദിവിത്മതാ വചഃ

അന്വയം:—

സദാ യവിഷ്ഠ	—	സർവ്വദാ യുവതമ
ഹേ അഗ്നേ, മന്മ—ഭിഃ	—	ജ്ഞാപകൈഃ തേജോഭിര്യുക്തഃ

വരേണ്യഃ	— വരണീയഃ (ത്വം)
നഃ ഹോതാ	— അസ്മാകം ഹോമനിഷ്പാദകഃ (ഭൂത്വാ)
ദിവിത്മതാ	— ദീപ്തിമതാ
വചഃ	— വചസാ സ്തൂയമാനസ്സൻ
നി	— നിഷീദ

അർത്ഥം—അല്ലയോ നിത്യയുവാവായ അഗ്നേ വിളിച്ചോതുന്ന തേജസ്സോടുകൂടി ശ്രേഷ്ഠനായ അവിടുന്ന ഞങ്ങൾക്ക ഹോമനിർവ്വാഹകനായി ഭവിച്ച്, തിളങ്ങുന്ന വാക്കുകളാൽ സ്തുതിക്കപ്പെട്ടുകൊണ്ട് ഇവിടെ ഇരുന്നരുളിയാലും

3 ആ ഹി ഷ്മാ സൂനവേ പിതാ—
പിര്യജത്യാപയേ
സഖാ സഖ്യേ വരേണ്യഃ

അന്വയം —

(ഹേ അഗ്നേ) വരേണ്യഃ

പിതാ	— വരണീയഃ പിതൃസ്ഥാനീയഃ (ത്വം)
സൂനവേ	— പുത്രസ്ഥാനീയായ (മഹ്യം)
ആപിഃ	— ബന്ധും
ആപയേ	— ബന്ധവേ
ആ യജതി ഹി സ്മ	— സർവ്വഥാ ദദാതി
സഖാ സഖ്യേ	— പ്രിയഃ പ്രിയായ അഭീഷ്ടം ദദാതി

(തഥാ ത്വമപി ദേഹി)

അർത്ഥം—അല്ലയോ അഗ്നേ വരണീയനായി അച്ഛന്റെ സ്ഥാനം വഹിക്കുന്ന അവിടുന്ന മകന്റെ സ്ഥാനത്തിലുള്ള എനിക്കു ബന്ധു ബന്ധുവിന്നു കൊടുക്കുന്ന പോലെയും സഖാവു സഖാവിന്നു കൊടുക്കുന്ന പോലെയും അഭീഷ്ടം തന്നരുളിയാലും

4 ആ നോ ബർഹീ രിശാദസോ
വരുണോ മിത്രോ അര്യമാ
സീദന്തു മനുഷോ യഥാ

അന്വയം:—

(ഹേ അഗ്നേ) രിശാദസഃ	— ഹിംസകാൻ അദന്തഃ
വരുണഃ, മിത്രഃ അര്യമാ	— ത്വദ്ബന്ധവഃ, ത്വയാ പ്രേരിതാഃ ഏതേ ദേവാഃ
നഃ ബർഹിഃ	— അസ്മദീയം യജ്ഞം
യഥാ മനുഷഃ	— മനുപ്രജാപതേര്യജ്ഞം യഥാ ആസീദന്തി
(തദ്വൽ) ആ സീദന്തു	— നിഷീദന്തു

അർത്ഥം—അല്ലയോ അഗ്നേ, അവിടുത്തെ ബന്ധുക്കളും അക്രമികളെ നശിപ്പിക്കുന്നവരുമായ വരുണനും മിത്രനും അര്യമാവും അവിടുത്തെ പ്രേരണകൊണ്ടു് എന്റെ യജ്ഞത്തിൽ, മനുപ്രജാപതിയുടെ യജ്ഞത്തിലെന്നപോലെ, വന്നിരിക്കട്ടെ. (ഇവിടെയും യജ്ഞം മാനസികമാവാനേ തരമുള്ളു).

5 പൂർവ്യ ഹോതരസ്യ നോ
മന്ദസ്വ സഖ്യസ്യ ച
ഇമാ ഉ ഷു ശ്രുധീ ഗിരഃ വ 20

അന്വയം:—

ഹേ പൂർവ്യ,	— അസ്മദാദേഃ പൂർവ്വം ഉൽപന്ന,
ഹോതഃ	— ഹോമനിഷ്പാദക, (അഗ്നേ,)
നഃ	— അസ്മദീയസ്യ
അസ്യ	— പ്രവർത്തമാനസ്യ യജ്ഞസ്യ
സഖ്യസ്യ ച	— അസ്മദനുഗ്രഹസ്യ ച സിദ്ധ്യർത്ഥം
മന്ദസ്വ	— ഹൃഷ്യോ ഭവ
ഇമാഃ	— അസ്മാഭിഃ പ്രയുജ്യമാനാഃ

ഗിരഃ ഉ സു — സ്തുതിരൂപാ വാചോപി സുഷ്ഠു
ശ്രുധി — ശൃണു

അർത്ഥം—ഞങ്ങൾക്കെല്ലാം മുമ്പു് ഉത്പന്നനായ ഹോതാവേ, അഗ്നേ, നടന്നുവരുന്ന ഞങ്ങളുടെ യജ്ഞത്തിങ്കൽ ഞങ്ങൾക്കു് അനുഗ്രഹസിദ്ധിക്കായി അവിടുന്നു സന്തുഷ്ടനായി ഭവിച്ചാലും ഞങ്ങളാൽ ചൊല്ലപ്പെടുന്ന സ്തുതിരൂപങ്ങളായ ഈ വാക്കുകളെയും കേട്ടാലും.

6 യച്ചിദ്ധി ശശ്വതാ തനാ
ദേവംദേവം യജാമഹേ
ത്വേ ഇദ്ധൂയതേ ഹവിഃ

അന്വയം—

(ഹേ അഗ്നേ) യൽ ചിൽ
ഹി — യദ്യപി
ശശ്വതാ — ശാശ്വതേന, നിത്യേന
തനാ — വിസ്തൃതേന ഹവിഷാ
ദേവം—ദേവം — അന്യമന്യം നാനാവിധം ദേവതാവിശേഷം
യജാമഹേ — പൂജാമഹേ
(തഥാപി തൽ) ഹവിഃ (സർവ്വം)
ത്വേ ഇൽ — ത്വയ്യേവ
ഹൂയതേ (ദേവതാന്തരവിഷയോപി യാഗഃ ത്വദീയൈവ സേവാ)

അർത്ഥം—അല്ലയോ അഗ്നേ നിത്യമായി സവിസ്തരമായ ഹവിസ്സുകൊണ്ടു് ഇന്ദ്രവരുണാദി വേറെ വേറെ ദേവനെ യജിക്കുന്നുവെങ്കിലും, ആ ഹവിസ്സെല്ലാം അവിടുത്തെ ശരീരത്തിൽ ത്തന്നെ ഹോമിക്കപ്പെടുന്നു (ഇതരദേവാർപ്പണമായ യാഗവും അവിടുത്തെ സേവയാണെന്നു സാരം)

7 പ്രിയോ നോ അസ്തു വിശ്പതി—
ഹോതാ മന്ദ്രോ വരേണ്യഃ
പ്രിയാസ്സ്വഗ്നയോ വയം

അന്വയം'—

വിശ്പതിഃ — വിശാം, പ്രജാനാം പാലകഃ
ഹോതാ, മന്ദ്രഃ, വരേണ്യഃ — ഹോമനിഷ്പാദകഃ, ഹൃഷ്ടഃ
വരണീയഃ
(അഗ്നിഃ) നഃ പ്രിയഃ
അസ്തു — അസ്മാകം പ്രിയഃ അസ്തു
വയം (അപി) സു—
അഗ്നയഃ — ശോഭനാഗ്നിയുക്താസ്സന്തഃ
പ്രിയാഃ—(ഭൂയാസ്മ)

അർത്ഥം—പ്രജാപാലകനും ഹോമം നിറവേററുന്നവനും ഹൃഷ്ടനും ശ്രേഷ്ഠനുമായ അഗ്നി ഞങ്ങൾക്ക പ്രിയനായി ഭവിക്കട്ടെ ഞങ്ങളും ശോഭനാഗ്നിയുക്തന്മാരായി, അഗ്നിദീക്ഷാപരന്മാരായി, അവിടേയ്ക്കു പ്രിയന്മാരായി ഭവിച്ചാവൂ.

8 സ്വഗ്നയോ ഹി വാര്യം

ദേവാസോ ദധിരേ ച നഃ

സ്വഗ്നയോ മനാമഹേ.

അന്വയം'—

സു—അഗ്നയഃ — ശോഭനാഗ്നിയുക്താഃ
ദേവാസഃ — ദീപ്യമാനാഃ ഋത്വിജഃ
നഃ വാര്യം — അസ്മദീയം വരണീയം (ഹവിഃ)
ഹി ദധിരേ — യസ്മാൽ ധൃതവന്തഃ തസ്മാൽ
(വയം) സു—അഗ്നയഃ — ശോഭനാഗ്നിയുക്താസ്സന്തഃ
മനാമഹേ ച — ത്വാം യാചാമഹേ ച

അർത്ഥം—ശോഭനാഗ്നിയുക്തന്മാരും കർമ്മംകൊണ്ടു തെളിഞ്ഞുവിളങ്ങുന്നവരുമായ ഋത്വിക്കുകൾ ഞങ്ങളുടെ ശ്രേഷ്ഠമായ ഹവിസ്സിനെ ധരിച്ചവരാകകൊണ്ട്, ഞങ്ങളും ശോഭനാഗ്നിയുക്തന്മാരായി അവിടത്തോടു യാചിക്കുന്നു.

9 അഥാ ന ഉഭയേഷാ—

മമൃത മർത്ത്യാനാം.

മിഥസ്സന്തു പ്രശസ്തയഃ

അന്വയം —

(ഹേ അഗ്നേ) അമൃത — മരണരഹിത
അഥ — കർമ്മാനുഷ്ഠാനാനന്തരം
മർത്ത്യാനാം നഃ — മനുഷ്യാണാമസ്മാകം (അസ്മൽസ്വാമിനഃ തവ ച)
ഉഭയേഷാം മിഥഃ — പരസ്പരം
പ്ര-ശസ്തയഃ സന്തു — പ്രശംസാരൂപാ വാചഃ ഭവന്തു
(സമ്യഗനുഷ്ഠിതം സമ്യഗനുഗൃഹീതം ഇതി)

അർത്ഥം—അല്ലയോ മരണരഹിതനായ അഗ്നേ മനുഷ്യരായ ഞങ്ങൾക്കും ഞങ്ങളുടെ സ്വാമിയായ അവിടേയ്ക്കും തമ്മിൽ അന്യോന്യപ്രശംസാരൂപമായ (വേണ്ടപോലെ അനുഷ്ഠിച്ചു വേണ്ടപോലെ അനുഗ്രഹിച്ചു എന്നിങ്ങനെയുള്ള) വാക്കുകൾ ഭവിക്കട്ടെ

10 വിശ്വേഭിരഗ്നേ അഗ്നിഭി-
രിമം യജ്ഞമിദം വചഃ
ചനോ ധാസ്സഹസോ യഹോ വ 21

അന്വയം —

സഹസഃ യഹോ — ബലസ്യ പുത്ര ദേവതാരൂപ അഗ്നേ
വിശ്വേഭിഃ അഗ്നി-ഭിഃ — സർവ്വൈഃ ആഹവനീയാദിരൂപൈഃ യുക്തസ്ത്വം
ഇമം യജ്ഞം — അസ്മദീയം യജ്ഞം
ഇദം വചഃ (ച) — അസ്മദീയം സ്തോത്രം ച
(സേവമാനഃ) ചനഃ ധാഃ — അന്നമസ്മഭ്യം ധേഹി

അർത്ഥം—ബലത്തിന്റെ പുത്രനും ദേവതാരൂപനുമായ അഗ്നേ ആഹവനീയാദിവിവിധരൂപങ്ങളോടുകൂടിയ അവിടുന്നു ഞങ്ങളുടെ ഈ യജ്ഞത്തെയും ഈ സ്തോത്രത്തെയും സ്വീകരിച്ച് അന്നം (രക്ഷ) തന്നരുളിയാലും.

വർഗ്ഗം 22 23 24 ഗായത്രീത്രിഷ്ടുപ്ഛന്ദസീ അഗ്നിഃ ദേവോ ദേവതാ

1 അശ്വം ന ത്വാ വാരവന്തം

വന്ദധ്യാ അഗ്നിം നമോഭിഃ

സമ്രാജന്തമധ്വരാണാം.

അന്വയം:—

അധ്വരാണാം	— യജ്ഞാനാം
സം—രാജന്തം	— സമ്രാട്സ്വരൂപം സ്വാമിനം
അഗ്നിം ത്വാ നമഃ—ഭിഃ	— ത്വാം സ്തുതിഭിഃ
വാര—വന്തം	— വാലയുക്തം
അശ്വം ന	— അശ്വമിവ (അശ്വഃ യഥാ മശകമക്ഷികാദീൻ വാലൈഃ പരിഹരതി തഥാ ത്വമപി ജ്വാലാഭിഃ അസ്മദ്വിരോധിനഃ പരിഹരസി)
(ത്വാം) വന്ദധ്യൈ	— വന്ദിതും (പ്രവൃത്താഃ)

അർത്ഥം—യജ്ഞങ്ങളുടെ അധീശനായ അഗ്നിയായ അവിടുത്തെ സ്തുതികളെക്കൊണ്ടു്, കുതിര, വാൽകൊണ്ടു് ഈച്ച, കൊതു മുതലായവയെ അകററുന്നപോലെ, അവിടുത്തെ ജ്വാലകൾകൊണ്ടു് വിരോധികളെ അകററാനായി ഞങ്ങൾ വന്ദിക്കാൻ പുറപ്പെടുന്നു

2 സഘാ നസ്സൂനുശ്ശവസാ

പൃഥുപ്രഗാമാ സുശേവഃ

മീഢ്വാ് അസ്മാകം ബഭൂയാൽ

അന്വയം:—

ശവസാ സൂനഃ	— ബലസ്യ പുത്രഃ
പൃഥു—പ്രഗാമാ	— പൃഥുപ്രഗമനഃ
സഃ ഘ	— സ ഏവ (അഗ്നിഃ)
നഃ സു—ശേവഃ	— അസ്മാകം സുസുഖഃ (ഭവതു)
(കിഞ്ച) അസ്മാകം	

മീഢ്വാൻ — കാമാനാം വർഷിതാ,
ബഭ്രുയാൽ — ഭവതു

അർത്ഥം—ബലത്തിന്റെ പുത്രനും മഹത്തായ ഗമനത്തോടുകൂടിയവനുമായ അഗ്നിതന്നെ ഞങ്ങൾക്ക ഏറ്റവും സുഖപ്രദനായി ഭവിക്കട്ടെ പിന്നെ അവിടുന്നു ഞങ്ങൾക്കു കാമവർഷിതാവായി ഭവിക്കട്ടെ

3 സ നോ ദൂരാച്ചാസാച്ച
നി മർത്ത്യാദഘായോഃ
പാഹി സദമിദ്വിശ്വായുഃ

അന്വയം —
(ഹേ അഗ്നേ) വിശ്വ—
ആയുഃ — വ്യാപ്തഗമനഃ
സഃ (ത്വം) ദൂരാൽ ച
ആസാൽ ച — ദൂരേപി, ആസന്നദേശേപി
അഘ—യോഃ — അഘം, പാപം, അനിഷ്ടം കത്തുമിച്ഛതഃ
മർത്ത്യാൽ — മനുഷ്യാൽ, വൈരിണഃ
നഃ സദം ഇൽ നി പാഹി — അസ്മാൻ സർവ്വദാ നിതാം പാലയ

അർത്ഥം—അല്ലയോ അഗ്നേ, എല്ലാടവും ഗമിക്കുന്ന നീവിടുന്നു ദൂരത്തിലും ചാരത്തുമുള്ള അനിഷ്ടകരണേച്ഛുക്കളായ ശത്രുക്കളിൽ നിന്നു ഞങ്ങളെ എപ്പോഴും വേണ്ടപോലെ പാലിച്ചാലും.

4 ഇമമൂ ഷു ത്വമസ്മാകം
സനിം ഗായത്രം നവ്യാംസം
അഗ്നേ ദേവേഷു പ്രവോചഃ

അന്വയം —
ഹേ അഗ്നേ, ത്വം
അസ്മാകം — അസ്മത്സംബന്ധിനം

ഇമം ഉ സു	— പുരോദേശേ അനുഷ്ഠീയ മാനമപി
സനിം	— ഹവിർദ്ദാനം
നവ്യാംസം ഗായത്രം	— നവതരം സ്തുതിരൂപം വചോപി
ദേവേഷു പ്ര വോചഃ	— ദേവാനാമഗ്രേ പ്രബ്രൂഹി

അർത്ഥം—അല്ലയോ അഗ്നേ, അവിടുന്ന മുമ്പിൽ അനുഷ്ഠിച്ചുവരുന്ന ഞങ്ങളുടെ ഹവിർദ്ദാനത്തേയും സ്തുതിരൂപമായ വചസ്സിനെയും ദേവന്മാരുടെ മുമ്പിൽ പ്രസ്താവിച്ചാലും.

5 ആ നോ ഭജ പരമേ—

ഷ്വാ വാജേഷു മധ്യമേഷു

ശിക്ഷാ വസ്വോ അന്തമസ്യ വ 22

അന്വയം:—

ഹേ അഗ്നേ, പരമേഷു	— ഉൽകൃഷ്ടേഷു, ദ്യുലോകവർത്തിഷു
വാജേഷു	— അന്നേഷു
നഃ ആ ഭജ	— അസ്മാൻ സർവ്വതഃ പ്രാപയ
മധ്യമേഷു	— അന്തരീക്ഷലോകവർത്തിഷു (വാജേഷു)
ആ (ഭജ)	
അന്തമസ്യ	— അന്തികതമസ്യ ഭൂലോകസ്യ സംബന്ധിനി
വസ്വഃ ശിക്ഷ	— വസൂനി ദേഹി

അർത്ഥം—അല്ലയോ അഗ്നേ, ഞങ്ങളെ സ്വർഗ്ഗത്തിലുള്ള അന്നങ്ങളിൽ (സുഖങ്ങളിൽ) എത്തിക്കണം. അന്തരീക്ഷലോകത്തിലുള്ള അന്നങ്ങളിലും എത്തിക്കണം. ഒടുവിലത്തേതായ ഭൂലോകത്തിലെ ധനങ്ങളും ഞങ്ങൾക്ക് തന്നരുളണം.

6 വിഭക്താസി ചിത്രഭാനോ

സിന്ധോരൂർമാ ഉപാക ആ

സദ്യോ ദാശുഷേ ക്ഷരസി.

അന്വയം —

ഹേ ചിത്ര–ഭാനോ, — വിചിത്രരശ്മിയുക്ത (അഗ്നേ,)
(ത്വം യഥാ) സിന്ധോഃ
ഉപാകേ — നദ്യാഃ സമീപേ
ഊർമൗ — ഊർമിം, തരംഗോപലക്ഷിതം കല്യാദിപ്രവാഹം വിഭജന്തി തദ്വൽ
വി–ഭക്താ അസി — വിശിഷ്ടസ്യ ധനസ്യ പ്രാപയിതാസി
(ത്വം) ദാശുഷേ — ഹവിർദത്തവതേ യജമാനായ
സദ്യഃ — തദാനീമേവ
ആ ക്ഷരസി — കർമഫലഭൂതാം വൃദ്ധിം സമന്താൽ കരോഷി

അർത്ഥം—അല്ലയോ വിചിത്രരശ്മികളോടുകൂടിയ അഗ്നേ, ഏതുപ്രകാരം നദികളുടെ സമീപത്തിൽ തരംഗങ്ങൾ പുതിയ തോടുകൾ വിഭജിച്ച് വെള്ളം കൊടുക്കുന്നുവോ അപ്രകാരം അവിടുന്ന് ഉപാസകന്മാർക്ക വിശിഷ്ടധനം അണക്കുന്നു ഹവിർദ്ദാതാവായ യജമാനന്ന് ഉടനെത്തന്നെ കർമഫലമായ അഭിവൃദ്ധിയെ തികച്ചും ഉണ്ടാക്കുന്നു

7 യമഗ്നേ പൃൽസു മർത്യ–
മവാ വാജേഷു യം ജുനാഃ
സ യന്താ ശശ്വതീരിഷഃ

അന്വയം —

ഹേ അഗ്നേ, പൃൽ–സു — സംഗ്രാമേഷു
യം മർത്യം അവാഃ — യം യജമാനം അവസി രക്ഷസി
യം (മർത്യം) വാജേഷു
ജുനാഃ — സംഗ്രാമേഷു പ്രേര
സഃ (നരഃ യജമാനഃ)
ശശ്വതീഃ ഇഷഃ — നിത്യാന്യന്നാനി
യന്താ — നിയന്തും ...

അർത്ഥം—അല്ലയോ അഗ്നേ, യുദ്ധങ്ങളിൽ യാതൊരു യജമാനനെ അവിടുന്നു രക്ഷിക്കുന്നുവോ, യാതൊരു മനുഷ്യനെ യുദ്ധങ്ങളിൽ പ്രേരിപ്പിക്കുന്നുവോ, ആ മനുഷ്യൻ, യജമാനൻ, നിത്യമായ അന്നത്തെ (സ്വരക്ഷയെ) കാത്തുപോരുവാൻ സമർത്ഥനായി ഭവിക്കുന്നു.

8 നകിരസ്യ സഹന്ത്യ

പര്യേതാ കയസ്യ ചിൽ

വാജോ അസ്തി ശ്രവായ്യഃ

അന്വയം:—

ഹേ സഹന്ത്യ, — ശത്രൂണാം അഭിഭവനശീല,
അസ്യ — ത്വൽഭക്തസ്യ യജമാനസ്യ
കയസ്യ ചിൽ — കസ്യാപി
പരി—ഏതാ നകിഃ — ആക്രമിതാ നാസ്തി
(കിഞ്ച അസ്യ
യജമാനസ്യ) ശ്രവായ്യഃ — ശ്രവണീയഃ
വാജഃ അസ്തി — ബലവിശേഷഃ ഭവതി.

അർത്ഥം—ശത്രുക്കളെ ജയിക്കുന്ന അഗ്നേ, അവിടുത്തെ ഭക്തനായ യജമാനന്ന്, തന്നെ ആക്രമിക്കുന്ന ശത്രുവായി ആരുമില്ല പിന്നെ ആ യജമാനന്നു കേൾവിപ്പെട്ട ബലവിശേഷവും ഭവിക്കുന്നു.

9 സ വാജം വിശ്വചർഷണി—

രർവദ്ഭിരസ്തു തരുതാ.

വിപ്രേഭിരസ്തു സനിതാ

അന്വയം:—

വിശ്വ—ചർഷണിഃ — സർവ്വൈർമ്മനുഷ്യൈരുപേതഃ
സഃ (അഗ്നിഃ) അർവൽ—ഭിഃ — അശ്വൈഃ
വാജം തരുതാ അസ്തു — സംഗ്രാമം താരയിതാ ഭവതു
വിപ്രേഭിഃ — മേധാവിഭിഃ ഋത്വിഗ്ഭിഃ
(സഹിതഃ)

(തുഷ്ടഃ അഗ്നിഃ) സനിതാ
അസ്തു — ഫലദാതാ ഭവതു

അർത്ഥം—എല്ലാ മനുഷ്യരോടുംകൂടിയ (എല്ലാവരുടേയും രക്ഷിതാവായ അഗ്നിയിൽ എല്ലാവരിലും ജാഠരരൂപത്തിൽവർത്തിക്കുന്ന) അഗ്നി അശ്വങ്ങളോടുകൂടി യുദ്ധത്തിൽ മറുകര എത്തിക്കുന്നവനായി ഭവിക്കട്ടെ മേധാവികളായ ഋത്വിക്കുകളോടുകൂടി സന്തുഷ്ടനായ അഗ്നി ഫലദാതാവായി ഭവിക്കട്ടെ.

10 ജരാ്ബോധ തദ്വിവിഡ്ഢി
വിശേവിശേ യജ്ഞിയായ
സ്തോമം രുദ്രായ ദൃശീകം. വ. 23

അന്വയം—
ഹേ ജരാ—ബോധ, — ജരയാ, സ്തുത്യാ ബോധമാന (അഗ്നേ)
വിശേ—വിശേ — തത്തദ്യജമാനരൂപ പ്രജാനുഗ്രഹാർത്ഥം
യജ്ഞിയായ — യജ്ഞസംബന്ധ്യനുഷ്ഠാന സിദ്ധ്യർത്ഥം
തൽ വിവിഡ്ഢി — ദേവയജനം പ്രവിശ
(യജമാനോപി) രുദ്രായ — ക്രൂരായ അഗ്നയേ തുഭ്യം
ദൃശീകം — ദർശനീയം, സമീചീനം
സ്തോമം — സ്തോത്രം (കരോതി)

അർത്ഥം—സ്തുതിയാൽ തെളിയുന്ന അഗ്നേ, അതാതു യജമാനന്മാരാകുന്ന പ്രജകളുടെ അനുഗ്രഹത്തിന്നായി അവരുടെ യജ്ഞാനുഷ്ഠാനത്തിന്റെ സിദ്ധിക്കായി, അവിടുന്നു ദേവയജനത്തെ (യാഗശാലയിൽ) പ്രവേശിച്ചാലും. യജമാനന്മാരാകട്ടെ, ക്രൂരമായി ജ്വലിക്കുന്ന, ആളിക്കത്തുന്ന, അവിടേക്കു ചേർന്നതായ സ്തോത്രത്തെ ചൊല്ലുന്നു

11 സ നോ മഹാ് അനിമാനോ
ധൂമകേതുഃ പുരുശ്ചന്ദ്രഃ
ധിയേ വാജായ ഹിന്വതു

അന്വയം:—

മഹാൻ	— ഗുണാധികഃ
അനി—മാനഃ	— നിമാനവർജ്ജിതഃ, അപരിച്ഛിന്നഃ
ധൂമ—കേതുഃ	— ധൂമേന ജ്ഞാപ്യമാനഃ
പുരു—ചന്ദ്രഃ	— ബഹുദീപ്തിഃ
സഃ (അഗ്നിഃ) നഃ	— അസ്മാൻ
ധിയേ വാജായ ഹിന്വതു	— കർമ്മണേ അന്നായ (ച) പ്രീണയതു.

അർത്ഥം—ഗുണംകൊണ്ടു ശ്രേഷ്ഠനും അളവററവനും പുക കൊണ്ടു സ്വയം അറിയിക്കുന്നവനും ഏററവും പ്രകാശയുക്തനുമായ അഗ്നി കർമ്മവിഷയത്തിലും അന്നവിഷയത്തിലും ഞങ്ങളെ പ്രീണിപ്പിക്കട്ടെ, തുഷ്ടരാക്കട്ടെ.

12 സ രേവാം് ഇവ വിശ്പതി—
ർദൈവ്യഃ കേതുശ്ശൃണോതു നഃ
ഉക്ഥൈരഗ്നിർബ്ബൃഹദ്ഭാനുഃ

അന്വയം:—

വിശ്പതിഃ	— പ്രജാപാലകഃ
ദൈവ്യഃ	— ദേവാനാം സംബന്ധീ
കേതുഃ	— ദൂതവൽ ജ്ഞാപകഃ
ബൃഹൽ—ഭാനുഃ	— പ്രൗഢരശ്മിഃ
സഃ അഗ്നിഃ രേവാൻ—	
ഇവ	— ധനവാൻ രാജാ വന്ദിനാം സ്തോത്രമിവ
ഉക്ഥൈഃ	— സ്തോത്രൈഃ യുക്താൻ
നഃ ശൃണോതു	— അസ്മാൻ ശൃണോതു

അർത്ഥം—പ്രജകളുടെ പാലകനും ദേവന്മാരെസ്സംബന്ധിച്ച ദൂതനെപ്പോലെ എല്ലാം അറിയിക്കുന്നവനും പ്രൗഢരശ്മിയുമായ ആ അഗ്നി, ധനവാനായ രാജാവു് വന്ദികളുടെ സ്തുതികളെ എന്ന പോലെ, സ്തോത്രങ്ങളോടുകൂടിയ ഞങ്ങളെ (ഞങ്ങളുടെ സ്തോത്രങ്ങളെ) കേൾക്കട്ടെ.

13 നമോ മഹദ്ഭ്യോ നമോ അർഭകേഭ്യോ

നമോ യുവഭ്യോ നമ ആശിനേഭ്യഃ

യജാമ ദേവാൻ യദി ശക്നവാമ

മാ ജ്യായസശ്ശംസമാ വൃക്ഷി ദേവാഃ

അന്വയം:—

മഹൽ—ഭ്യഃ നമഃ	— ഗുണൈരധികേഭ്യഃ
അർഭകേഭ്യഃ നമഃ	— ഗുണൈഃ ന്യൂനേഭ്യഃ
യുവ—ഭ്യഃ നമഃ	— തരുണേഭ്യഃ
ആശിനേഭ്യഃ നമഃ	— വൃദ്ധേഭ്യഃ
(ഉക്തചതുർവ്വിധേഭ്യോ ദേവേഭ്യഃ)	
യദി ശക്നവാമ	— കഥംചിൽ ശക്താശ്ചേൽ
(തദാനീം) ദേവാൻ യജാമ	
ഹേ ദേവാഃ ജ്യായസഃ	— ജ്യേഷ്ഠസ്യ ദേവതാവിശേഷസ്യ
ആ	— സർവ്വതഃ പ്രസൃതം
ശംസം	— സ്തോത്രം
മാ വൃക്ഷി	— അഹം വിച്ഛിന്നം മാ കാർഷം

അർത്ഥം—ദേവന്മാരിൽ ഗുണാധികന്മാൎക്കും ന്യൂനഗുണന്മാൎക്കും യുവാക്കൾക്കും വൃദ്ധന്മാൎക്കും നമസ്കാരം വല്ല വിധത്തിലും ശക്തനായാൽ അന്നു ഞാൻ ദേവന്മാരെ യജിക്കാം (ഇതുവരെയുള്ള യജ്ഞപ്രസ്താവങ്ങൾ മാനസികയജ്ഞപരങ്ങളെന്നു വ്യക്തമാവുന്നു) അല്ലയോ ദേവന്മാരേ, നിങ്ങളിൽ മൂപ്പാന്ന ദേവന്റെ എല്ലാടവും പരന്ന സ്തോത്രത്തെ ഞാൻ വികലമാക്കരുത് വിച്ഛിന്നമാക്കി എന്നു വരരുത്

വൎഗ്ഗം 25, 26 ഗായത്ര്യനുഷ്ടുഭൌ ഛന്ദസീ, ഇന്ദ്രഃ, ഉലൂഖലം, ഉലൂഖലമുസലൌ പ്രജാപതിഃ, ഹരിശ്ചന്ദ്രഃ ചമ്മ ദേവതാ

1 യത്ര ഗ്രാവാ പൃഥുബുധ്ന

ഊർദ്ധ്വോ ഭവതി സോതവേ

ഉലൂഖലസുതാനാ—

മവേദിന്ദ്ര ജൽഗുലഃ

അന്വയം:-

ഹേ ഇന്ദ്ര, യത്ര — യസ്മിൻ അജ്ഞസ്സവേ
സോതവേ — അഭിഷവണാർത്ഥം
ഗ്രാവാ — പാഷാണഃ
പൃഥു—ബുധ്നഃ — സ്ഥൂലമൂലഃ
ഊർധ്വഃ ഭവതി — ഉന്നതഃ (തസ്മിൻ കർമ്മണി)
ഉലൂഖല—സുതാനാം — ഉലൂഖലേനാഭിഷുതാനാം രസം.
അവ ഇൽ ഉ — സ്വകീയത്വേന അവഗത്യൈവ
ജൽഗുലഃ — ഭക്ഷയ.

അർത്ഥം—അല്ലയോ ഇന്ദ്ര, ഏതജ്ഞസ്സവനത്തിൽ സോമം സംസ്കരിയ്ക്കുന്നതിന്ന് അമ്മികക്കഴകം സ്ഥൂലമൂലവും ഉന്നതവുമാണോ, ആ കർമ്മത്തിൽ ഉരലിൽ ഇടിച്ച രസം സ്വന്തമെന്ന കരുതി അവിടുന്ന ഭക്ഷിച്ചാലും.

2 യത്ര ദ്വാവിവ ജഘനാ—
ധിഷവണ്യാ കൃതാ.
ഉലൂഖലസുതാനാ—
മവേദ്വിന്ദ്ര ജൽഗുലഃ

അന്വയം:—

യത്ര — യസ്മിൻ കർമ്മണി
അധി—സവന്യാ — ഉഭേ അധിഷവണഫലകേ
ദ്വൗ—ഇവ ജഘനാ — ദ്വൗ ജഘനപ്രദേശാവിവ
കൃതാ — വിസ്തീർണ്ണേ കൃതേ, സംപാദിതേ
(തസ്മിൻ കർമ്മണി ഹേ ഇന്ദ്ര)
ഉലൂഖല—സുതാനാം അവ ഇൽ ഉ ജൽഗുലഃ

അർത്ഥം—ഏതു കർമ്മത്തിൽ അരക്കെട്ടുകൾക്കൊത്ത രണ്ടു പലകകൾ, വിസ്തൃതമായി വെക്കപ്പെട്ടിട്ടുണ്ടോ, ആ കർമ്മത്തിൽ, അല്ലയോ ഇന്ദ്ര, ഉരലിൽ ഇടിച്ച സോമരസം സ്വന്തമെന്നകരുതി ഭക്ഷിച്ചാലും.

3 യത്ര നാര്യപച്യവ-

മുപച്യവഞ്ച ശിക്ഷതേ

ഉലൂഖലസുതാനാ-

മവേദ്വിന്ദ്ര ജൽഗുലഃ

അന്വയം —

യത്ര — യസ്മിൻ കർമ്മണി
നാരീ — പത്നീ
അപ—ച്യവം — ശാലായാം നിർഗ്ഗമനം
ഉപ—ച്യവം — ശാലാപ്രാപ്തിം ച
ശിക്ഷതേ — അഭ്യാസം കരോതി
(തസ്മിൻ കർമ്മണി) ഹേ ഇന്ദ്ര ഉലൂഖല—സുതാനാം അവ ഇത് ഉ ജൽഗുലഃ

അർത്ഥം—ഏതു കർമ്മത്തിൽ യജമാനപത്നി യാഗശാലയിൽ നിന്നു പുറത്തു പോകലും അകത്തു കടക്കലും വീണ്ടും വീണ്ടും ചെയ്യുന്നുവോ ആ കർമ്മത്തിൽ, അല്ലയോ ഇന്ദ്ര, ഉരലിൽ ഇടിച്ച സോമരസം സ്വന്തമെന്നു കരുതി ഭക്ഷിച്ചാലും.

4 യത്ര മന്ഥാം വിബധ്നതേ

രശ്മീൻ യമിതവാ ഇവ

ഉലൂഖല സുതാനാ-

മവേദ്വിന്ദ്ര ജൽഗുലഃ

അന്വയം —

യത്ര — യസ്മിൻ കർമ്മണി
മന്ഥാം — ആശിരമഥനഹേതും മന്ഥാനം
രശ്മീൻ — അശ്വബന്ധനാർത്ഥാൻ പ്രഗ്രഹാൻ
യമിതവൈ—ഇവ
വി—ബധ്നതേ — വിബധ്നന്തി
(തസ്മിൻ കർമ്മണി) ഹേ ഇന്ദ്ര ഉലൂഖല—സുതാനാം അവ ഇത് ഉ ജൽഗുലഃ

വർഗ്ഗം 26

6 ഉത സ്മ തേ വനസ്പതേ

വാതോ വി വാത്യഗ്രമിൽ

അഥോ ഇന്ദ്രായ പാതവേ

സുനു സോമമുലൂഖല

അന്വയം —

ഉത	— അപി ച
ഹേ വനസ്പതേ	— ഉലൂഖലരൂപ വൃക്ഷ,
തേ അഗ്രം ഇൽ	— തവ പുരതഃ ഏവ
വാതഃ വി വാതി സ്മ	— ത്വരോപേതമുസലപ്രഹാരൈഃ വായുഃ വിശേഷേണ പ്രസരതി ഖലു
അഥോ	— അനന്തരം
ഹേ ഉലൂഖല, ഇന്ദ്രായ	— ഇന്ദ്രാർത്ഥം
പാതവേ സോമം സുനു	— പാതും സോമാഭിഷവം കുരു

അർത്ഥം—ഉരലിന്റെ ഉടലായ മരമേ അങ്ങയുടെ മുമ്പിൽ തന്നെ വേഗത്തോടുകൂടിയ ഉലക്കയിടികൊണ്ടു വായു ശക്തിയായടിക്കുന്നുവല്ലോ അല്ലയോ ഉരലേ ഇന്ദ്രനു കുടിക്കാനായി അങ്ങു സോമം ഇടിക്കുക.

7 ആയജീ വാജസാതമാ

താഹ്യു ച്ചാ വിജർഭൃതഃ

ഹരീ ഇവാന്ധാംസി ബപ്സതാ

അന്വയം —

(യൗ ഉലൂഖലമുസലൌ)

ആ—യജീ	— സർവ്വതോ യജ്ഞസാധനൌ
വാജ—സാതമാ	— അതിശയേന അന്നപ്രദൌ
താ ഹി	— തൌ ഖലു
അന്ധാംസി	— അന്നാനി ചണകാദീനി ഖാദ്യാനി

ബഫ്സതാ	— ഭക്ഷയന്തൗ
ഹരീ—ഇവ	— ഇന്ദ്രാശ്വാവിവ
ഉച്ചാ	— പ്രൗഢധ്വനിഃ യഥാ ഭവതി തഥാ
വി—ജർഭൃതഃ	— വിശേഷേണ പുനഃ പുനർവ്യാപാരം കുരുതഃ

അർത്ഥം—ഏതു് ഉരലുകൾ എല്ലാനിലയ്ക്കും യജ്ഞസാധനങ്ങളാണോ, ഏററവും, അന്നപ്രദങ്ങളാണോ, അവ ചണപ്പുല്ലുമുതലായ തീററകൾ തിന്നുന്ന ഇന്ദ്രാശ്വങ്ങളായ ഹരികളെന്നപോലെ, ഉച്ചത്തിൽ ഒച്ചയുണ്ടാക്കിക്കൊണ്ടു വിഹരിക്കുന്നു.

8 താ നോ അദ്യ വനസ്പതീ

ഋഷ്വാവൃഷ്വേഭിസ്സോതൃഭിഃ

ഇന്ദ്രായ മധുമൽ സുതം.

അന്വയം:—

അദ്യ	— അസ്മിൻ കർമ്മണി
ഹേ വനസ്പതീ,	— ഉലൂഖലമുസലരൂപൗ
താ	— തൗ യുവാം
ഋഷ്വേഭിഃ	— ദർശനീയൈഃ
സോതൃ—ഭിഃ	— അഭിഷവഹേതുഭിഃ (സഹ)
ഋഷ്വൗ	— ദർശനീയൗ (ഭൂത്വാ)
ഇന്ദ്രായ മധു—മൽ	— ഇന്ദ്രാർത്ഥം മാധുര്യോപേതം സോമദ്രവ്യം.
നഃ സുതം	— അസ്മദീയം അഭിഷുണുതം

അർത്ഥം—അല്ലയോ ഉരലുലയ്ക്കകളുടെ രൂപത്തിലുള്ള മരങ്ങളേ, നിങ്ങൾ ദർശനീയരായ സോമസംസ്കർത്താക്കളോടുകൂടി സ്വയം കാണത്തക്കവരായി ഇന്ദ്രനുവേണ്ടി 'മധുരമായ ഞങ്ങളുടെ സോമദ്രവ്യം സംസ്കരിയ്ക്കുക.

9 ഉച്ഛിഷ്ടം ചമ്വോർഭര

സോമം പവിത്ര ആ സൃജ

നി ധേഹി ഗോരധി ത്വചി. വ 26

അന്വയം —

(ഹേ ഋത്വിഗ്വിശേഷ,)

ചമ്വോഃ — സോമസ്യ അഭിഷവണഫലകയോഃ

ശിഷ്ടം — അഭിഷവരാഹിത്യേന ശിഷ്ടം സോമം

ഉൽ ഭര — ശകടസ്യോപരി ഹര

സോമം — അഭിഷുതം സോമം

പവിത്രേ — ദശാപവിത്രേ

ആ സൃജ — ആനീയ പ്രക്ഷിപ,

(പ്രക്ഷേപേ സതി അവശിഷ്ടം സോമം)

ഗോഃ ത്വചി — ആനഡുഹേ ചർമ്മണി

അധി നി ധേഹി — അധ്യാരോപ്യ സ്ഥാപയ

അർത്ഥം—അല്ലയോ ഋത്വിക്കേ, സോമം അരിച്ച പലകകളിൽ കരട്ടും ചണ്ടിയുമായി ബാക്കിയായതു്, വണ്ടിയുടെ മുകളിൽ ഇടുക കരടില്ലാതെ സംസ്കരിച്ചതു് ദശാപവിത്രത്തിൽ ഇടുക ആ ഇട്ടതിന്റെ അവശിഷ്ടമായ സോമം കാളത്തോലിൽ ഇട്ടുവെയ്ക്കുക (ഈ ഋക്കു് കൗഷീതകബ്രഹ്മചാരികൾ കൃഷ്ണമൃഗത്തോൽ ധരിക്കുവാൻ മന്ത്രമായി ഉപയോഗിക്കുന്നു അതിന്റെ സാരം വ്യക്തമല്ല).

വർഗ്ഗം 27 പംക്തിശ്ഛന്ദഃ ഇന്ദ്രോദേവതാ

1 യച്ചിദ്ധി സത്യ സോമപാ
അനാശസ്താ ഇവ സ്മസി
ആ തൂ ന ഇന്ദ്ര ശംസയ
ഗോഷ്വശ്വേഷു ശുഭ്രിഷു
സഹസ്രേഷു തുവീമഘ

അന്വയം —

ഹേ സോമ-പാഃ, — സോമസ്യ പാതഃ,

ഹേ സത്യ, — സത്യവാദിൻ (ഇന്ദ്ര)

യൽ ചിൽ ഹി — യദ്യപി

(വയം) അനാശസ്താഃ—ഇവ

സ്മസി — അപ്രശസ്താ ഇവ ഭവാമഃ
(തഥാപി) ഹേ തുവി-
മഘ ഇന്ദ്ര, — ബഹുധന, ത്വം
ഗോഷു അശ്വേഷു ശുഭ്രിഷു
സഹസ്രേഷു — ശോഭനേഷു
സഹസ്രസംഖ്യാകേഷു
നിമിത്തഭൂതേഷു
നഃ — അസ്മാൻ
തു ആ ശംസയ — സർവ്വതഃ പ്രശസ്താൻ കുരു
(അസ്മദ്ദോഷമനപേക്ഷ്യ ഗവാദീൻ പ്രയച്ഛ)

അർത്ഥം—അല്ലയോ സോമപാനശീല, ഞങ്ങൾ അപ്രശസ്തന്മാരാണെങ്കിലും (അവിഹിത കർമ്മാക്കളാണെങ്കിലും) ഭൂരിധനനായ ഇന്ദ്ര, അവിടുന്ന പശുക്കളിലും കുതിരകളിലും ശോഭനങ്ങളായ ആയിരക്കണക്കിൽ കാര്യങ്ങളിലും ഞങ്ങളെ എല്ലാ വിധത്തിലും സമൃദ്ധരാക്കിയാലും. (ദോഷവാന്മാരെങ്കിലും ഞങ്ങൾക്ക പശുമുതലായ ധനങ്ങളെ തന്നരുളിയാലും)

2 ശിപ്രിൻ വാജാനാം പതേ
ശചീവ സ്തവ ദംസനാ.
ആ തൂ ന ഇന്ദ്ര ശംസയ
ഗോഷ്വശ്വേഷു ശുഭ്രിഷു
സഹസ്രേഷു തുവീമഘ

അന്വയം —

ഹേ ശചീ-വഃ, — ശക്തിമൻ,
ശിപ്രിൻ, — ശോഭനഹനുയുക്ത,
വാജാനാം പതേ, — അന്നാനാം പാലക, (ഇന്ദ്ര)
തവ ദംസനാ — അനുഗ്രഹരൂപഃ കർമ്മവിശേഷഃ
(സദാ വർത്തതേ)
തുവി-മഘ ഇന്ദ്ര ഗോഷു അശ്വേഷു ശുഭ്രിഷു സഹസ്രേഷു നഃ
തു ആ ശംസയ — അസ്മാൻ സർവ്വതഃ പ്രശസ്താൻ കുരു

അർത്ഥം—ശക്തിമാനും നല്ല താടിയെല്ലോടുകൂടിയവനും അന്നങ്ങളുടെ പാലകനുമായ ഇന്ദ്ര, അവിടത്തെ അനുഗ്രഹരൂപമായ കർമ്മവിശേഷം (ഞങ്ങളിൽ) എന്നും വർത്തിക്കുന്നു. പശുക്കളിലും കുതിരകളിലും ശോഭനങ്ങളായ ആയിരക്കണക്കിൽ കാര്യങ്ങളിലും ഞങ്ങളെ സമൃദ്ധരാക്കിയാലും.

3 നി ഷ്വാപയാ മിഥൂദൃശാ
സസ്താമബുധ്യമാനേ
ആ തൂ ന ഇന്ദ്ര ശംസയ
ഗോഷ്വശ്വേഷു ശുഭ്രിഷു
സഹസ്രേഷു തുവീമഘ

അന്വയം—

മിഥു—ദൃശാ	— പരസ്പരം സംഗതത്വേന ദൃശ്യമാനേ യമദൂത്യൌ
നി സ്വാപയ	— നിതരാം സ്വപ്നേ കുരു
(തേ ച അസ്മാൻ മാരയിതും)	
അബുധ്യമാനേ (സത്യൌ)	
സസ്താം	— നിദ്രാം പ്രാപ്നുതാം

തുവി—മഘ, ഇന്ദ്ര, ഗോഷു അശ്വേഷു ശുഭ്രിഷു സഹസ്രേഷു നഃ
തു ആ ശംസയ — അസ്മാൻ പ്രശസ്താൻ കുരു

അർത്ഥം—ഒരുമിച്ചു കാണപ്പെടുന്ന യമദൂതികളായ മിഥുദൃശകളെ അവിടുന്ന് ഉറക്കിയാലും. അവർ എന്നെ മരിപ്പിക്കുവാൻ വിചാരിക്കുമ്പോഴും നിദ്രയെ പ്രാപിക്കട്ടെ. പശുക്കളിലും കുതിരകളിലും ശോഭനങ്ങളായ ആയിരക്കണക്കിൽ കാര്യങ്ങളിലും ഞങ്ങളെ സമൃദ്ധരാക്കിയാലും. (ശുനശ്ശേപന്റെ മരണനിവാരണേച്ഛ വീണ്ടും വരുന്നു)

4 സസന്തു ത്യാ അരാതയോ
ബോധന്തു ശൂര രാതയഃ
ആ തൂ ന ഇന്ദ്ര ശംസയ
ഗോഷ്വശ്വേഷു ശുഭ്രിഷു
സഹസ്രേഷു തുവീമഘ

അന്വയം:—

ത്യാഃ — അസ്മാഭിരദൃശ്യമാനാഃ, പരോക്ഷാഃ താഃ
അരാതയഃ — അദാനശീലാഃ, ശത്രവഃ
സസന്തു — നിദ്രാം കുർവ്വന്തു
ഹേ ശൂര രാതയഃ — ദാനശീലാഃ ബന്ധവഃ
ബോധന്തു — അസ്മാൻ ബുദ്ധ്യന്താം

തുവി—മഘ, ഇന്ദ്ര, ഗോഷു അശ്വേഷു ശുഭ്രിഷു സഹസ്രേഷു നഃ തു ആ ശംസയ—അസ്മാൻ പ്രശസ്താൻ കുരു.

അർത്ഥം—കാണപ്പെടാത്ത ആ ശത്രുക്കൾ ഉറങ്ങട്ടെ, അല്ലയോ വീര, ബന്ധുക്കൾ എന്നെ അറിയട്ടെ പശുക്കളിലും കുതിരകളിലും ശോഭനങ്ങളായ ആയിരക്കണക്കിൽ കാര്യങ്ങളിലും ഞങ്ങളെ സമൃദ്ധരാക്കിയാലും.

5 സമിന്ദ്ര ഗർദ്ദഭം മൃണ
നുവന്തം പാപയാമുയാ.
ആതൂ ന ഇന്ദ്ര ശംസയ
ഗോഷ്വശ്വേഷു ശുഭ്രിഷു
സഹസ്രേഷു തുവീമഘ

അന്വയം:—

ഹേ ഇന്ദ്ര, അമുയാ — അനയാ, അസ്മാഭിഃ
" യമാണയാ

പാപയാ — നിന്ദാരൂപയാ വാചാ
നമന്തം — സ്തുവന്തം, അപകീർത്തിം പ്രകടയന്തം
ഗർദഭം — ഗർദ്ദഭസമാനവൈരിണം
സം മൃണ — സമ്യക് മാരയ
തുവി—മഘ, ഇന്ദ്ര, ഗോഷു
അശ്വേഷു ശുഭ്രിഷു
സഹസ്രേഷു നഃ തു
ആ ശംസയ — അസ്മാൻ പ്രശസ്താൻ കുരു

അർത്ഥം—അല്ലയോ ഇന്ദ്ര, ഈ കേൾക്കുന്ന പാപാത്മകമായി നിന്ദാരൂപമായി അവിടത്തെ സ്തുതിക്കുന്ന (എന്റെ ശത്രുക്കൾ അവിടത്തെ അപ്രകാരം അപകീർത്തി പ്രകടിപ്പിച്ചുകൊണ്ടാണ് സ്തുതിക്കുന്നത്) കഴുതയ്ക്കൊത്ത ശത്രുവിനെ കൊന്നാലും (ശുനശ്ശേപന്റെ ബന്ധുക്കളെ ഉദ്ദേശിച്ചാണ് ഇതു പറയുന്നത് കഴുതയോടുപമിച്ചത് നിന്ദാസ്തുതിയുടെ ജുഗുപ്സിതത്വം കാണിക്കാനാണ്) പശുക്കളിലും കുതിരകളിലും ശോഭനങ്ങളായ ആയിരക്കണക്കിൻ കാര്യങ്ങളിലും ഞങ്ങളെ സമൃദ്ധരാക്കിയാലും

6 പതാതി കണ്ഡൃണാച്യാ
ദൂരം വാതോ വനാദധി
ആ തൂ ന ഇന്ദ്ര ശംസയ
ഗോഷ്വശ്വേഷു ശുഭ്രിഷു
സഹസ്രേഷു തുവീമഘ

അന്വയം —

വാതഃ — അസ്മത്പ്രതികൂലോ വായുഃ
കണ്ഡൃണാച്യാ — കുടിലഗത്യാ അസ്മാൻ പരിത്യജ്യ
വനാത് അധി — അരണ്യാദപ്യധികം
ദൂരം (ദേശം) പതാതി — പതതു

വർഗ്ഗം—28, 29, 30, 31 ഗായത്രീത്രിഷ്ടുപ്ഛന്ദസി ഇന്ദ്ര
അശ്വിനൌ ഉഷാഃ ദേവതാ

1 ആ വ ഇന്ദ്രങ്ക്രിവിം യഥാ
വാജയന്തശ്ശതക്രതും
മംഹിഷ്ഠം സിഞ്ച ഇന്ദുഭിഃ

അന്വയം —

(ഹേ ഋത്വിഗ്യജമാനാഃ,)
വാജ-യന്തഃ — അന്നമിച്ഛന്തഃ വയം
വഃ — യുഷ്മാകം സംബന്ധിനം
ശത-ക്രതും — ശതസംഖ്യകർമ്മോപേതം
മംഹിഷ്ഠം ഇന്ദ്രം — അതിശയേന പ്രവൃദ്ധം തം
യഥാ ക്രിവിം — യേന പ്രകാരേണ ക്രിവിം, കൂപം ജലേന പൂരയന്തി തഥാ
ഇന്ദു-ഭിഃ ആ സിഞ്ചേ — സോമൈഃ സർവ്വതഃ സിഞ്ചാമഹേ തർപ്പയാമഃ

അർത്ഥം—ഋത്വിഗ്യജമാനന്മാരേ അന്നം (ജീവിതം) ഇച്ഛിക്കുന്ന ഞാൻ നിങ്ങളെസ്സംബന്ധിച്ചവനും നൂറുകണക്കിൽ കർമ്മങ്ങളോടു കൂടിയവനും ഏറ്റവും പ്രവൃദ്ധനുമായ ഇന്ദ്രനെ, ഏതുപ്രകാരം ജലത്താൽ കിണറിനെ നിറക്കുന്നുവോ, അപ്രകാരം സോമങ്ങളെക്കൊണ്ടു നനക്കുന്നു, തർപ്പിക്കുന്നു (സോമവർഷത്തിന്റെ ആധിക്യമാണ് കിണറിനോടു് ഉപമിച്ചതിൽ പ്രകടമാക്കീട്ടുള്ളതു് ഈ സോമാർപ്പണവും ശുനശ്ശേപനെസ്സംബന്ധിച്ച മാനസികമാണ്)

2 ശതം വാ യശ്ശുചീനാം
സഹസ്രം വാ സമാശിരാം
ഏദുനിമ്നന്നരീയതേ

അന്വയം —

യഃ (ഇന്ദ്രഃ) ശുചീനാം — ശുദ്ധാനാം സോമാനാം
ശതം വാ — ശതസംഖ്യാകം സമൂഹം വാ

സം—ആശിരാം
(സോമാനാം) — സമീചീനേന ആശിരാഖ്യേന ശ്രപണദ്രവ്യേണോപേതാനാം
സഹസ്രം വാ — സഹസ്രസംഖ്യാകം സമൂഹം വാ
നിമ്നം ന — യഥാ നിമ്നപ്രദേശം ആപഃ ആപ്നുവന്തി തഥാ
ആ ഇൽ ഉ രീയതേ — ആഗച്ഛത്യേവ
(സഃ അസ്മാൻ അനുഗൃഹ്ണാതു)

അർത്ഥം—ശുദ്ധങ്ങളായ സോമങ്ങളുടെ നൂറുകണക്കിലുള്ള സമൂഹത്തെയോ വേണ്ടപോലെ ക്ഷീരാദികൾ കൂട്ടിച്ചേർത്ത സോമങ്ങളുടെ ആയിരക്കണക്കിലുള്ള സമൂഹത്തെയോ, യാതൊരു ഇന്ദ്രൻ, താഴ്ന്ന പ്രദേശത്തെ വെള്ളമെന്നപോലെ അവശ്യം പ്രാപിക്കുന്നുവോ, ആ ഇന്ദ്രൻ എന്നെ അനുഗ്രഹിക്കട്ടെ.

3 സം യന്മദായ ശുഷ്മിണ-
ഏനാ ഹ്യസ്യോദരേ
സമുദ്രോ ന വ്യചോ ദധേ

അന്വയഃ—
യത്
ശുഷ്മിണേ — പൂർവ്വോക്തം ശതം സഹസ്രം വാ
മദായ — ബലവതേ (ഇന്ദ്രായ)
ഏനാ ഹി — മദാർത്ഥം (ഭവതി)
— അനേനൈവ ശതേന സഹസ്രേണ ച
അസ്യ ഉദരേ സമുദ്രഃ ന — യഥാ സമുദ്രമധ്യേ ജലം വ്യാപ്തം തഥാ
വ്യചഃ സം ദധേ — വ്യാപ്തിഃ ധൃതാ (ഭവതി)

അർത്ഥം—ദർപ്പകങ്ങളായ സോമവിശേഷങ്ങളുടെ നൂറുമായിരവും കൂട്ടി ബലവാനായ ഇന്ദ്രൻ ഹർഷത്തിനായി ഭുജിക്കുന്നു. ഈ നൂറുകൊണ്ടും, ആയിരംകൊണ്ടും അവിടത്തെ വയറ്റിൽ, സമുദ്രത്തിൽ ജലമെന്നപോലെ, സോമം നിറഞ്ഞു നില്പായി.

സം—ആശിരാം
(സോമാനം) — സമീചീനേന ആശിരാഖ്യേന ശ്രപണദ്രവ്യേണോപേതാനാം
സഹസ്രം വാ — സഹസ്രസംഖ്യാകം സമൂഹം വാ
നിമ്നം ന — യഥാ നിമ്നപ്രദേശം ആപഃ ആപ്നുവന്തി തഥാ
ആ ഇൽ ഉ രീയതേ — ആഗച്ഛത്യേവ
(സഃ അസ്മാൻ അനുഗൃഹ്ണാതു)

അർത്ഥം—ശുദ്ധങ്ങളായ സോമങ്ങളുടെ നൂറുകണക്കിലുള്ള സമൂഹത്തെയോ വേണ്ടപോലെ ക്ഷീരാദികൾ കൂട്ടിച്ചേർത്ത സോമങ്ങളുടെ ആയിരക്കണക്കിലുള്ള സമൂഹത്തെയോ, യാതൊരു ഇന്ദ്രൻ, താഴ്ന്ന പ്രദേശത്തെ വെള്ളമെന്നപോലെ അവശ്യം പ്രാപിക്കുന്നുവോ, ആ ഇന്ദ്രൻ എന്നെ അനുഗ്രഹിക്കട്ടെ.

3 സം യന്മദായ ശുഷ്മിണ-
ഏനാഹ്യസ്യോദരേ
സമുദ്രോ ന വ്യചോദധേ

അന്വയംഃ—

യൽ — പൂർവ്വോക്തം ശതം സഹസ്രം വാ
ശുഷ്മിണേ — ബലവതേ (ഇന്ദ്രായ)
മദായ — മദാർത്ഥം (ഭവതി)
ഏനാ ഹി — അനേനൈവ ശതേന സഹസ്രേണ ച
അസ്യ ഉദരേ സമുദ്രഃ ന — യഥാ സമുദ്രമധ്യേ ജലം വ്യാപ്തം തഥാ
വ്യചഃ സം ദധേ — വ്യാപ്തിഃ ധൃതാ. (ഭവതി)

അർത്ഥം—മുൻപറഞ്ഞ സോമവിശേഷങ്ങളുടെ നൂറുമായിരവും കൂട്ട ബലവാനായ ഇന്ദ്രന്നു ഹർഷത്തിന്നായി ഭവിക്കുന്നു. ഈ നൂറുകൊണ്ടും ആയിരംകൊണ്ടും അവിടുത്തെ വയററിൽ, സമുദ്രത്തിൽ ജലമെന്നപോലെ, സോമം നിറഞ്ഞ നില്പായി.

4 അയമു തേ സമതസി
കപോത ഇവ ഗർഭധിം
വചസ്തച്ചിന്ന ഓഹസേ

അന്വയം:—
(ഹേ ഇന്ദ്ര യം സോമം ത്വം)

കപോതഃ—ഇവ ഗർഭധിം—	യഥാ കപോതാഖ്യഃ പക്ഷീ ഗർഭധാരിണീം കപോതീം പ്രാപ്നോതി തഥാ
സം അതസി	— സമ്യക് സ്വാതന്ത്ര്യേന പ്രാപ്നോഷി
അയം ഉ	— അയമപി ദൃശ്യമാനസ്സോമഃ
തേ	— ത്വദർത്ഥം (സംപാദിതം)
തത് ചിത്	— തസ്മാദേവ കാരണാത്
നഃ വചഃ ഓഹസേ	— പ്രാപ്നോഷി

അർത്ഥം—അല്ലയോ ഇന്ദ്ര, യാതൊരു സോമത്തെ അവിടുന്നു മാടപ്പിറാവ് അതിന്റെ ഗർഭിണിയായ പിടപ്രാവിനെ എന്നപോലെ (അത്യന്തപ്രതിപത്തിയോടുകൂടി) എപ്പോഴും വേണ്ടപോലെ പ്രാപിക്കുന്നുവോ, ആ സോമം കാണുന്നതുപോലെ വണ്ണം അവിടേയ്ക്കുവേണ്ടി ഒരുക്കിയിരിക്കുന്ന ആ കാരണത്താൽതന്നെയാണല്ലോ അവിടുന്നു ഞങ്ങളുടെ സ്തുതിയെ പ്രാപിക്കുന്നതു്.

5 സ്തോത്രം രാധാനാം പതേ
ഗിർവ്വാഹോ വീര യസ്യ തേ
വിഭൂതിരസ്തു സൂനൃതാ വ 28

അന്വയം —
(ഹേ ഇന്ദ്ര,) രാധാനാം

പതേ	— ധനാനാം പാലക,
ഗിർവ്വാഹഃ, വീര	— ഗീർഭിഃ ഉഹ്യമാന, ശൂര,
യസ്യ തേ	— തവ

സ്തോത്രം (ഈദൃശം ഭവതി തസ്യ തവ)

വി—ഭൂതിഃ	— ലക്ഷ്മീഃ
സൂനൃതാ അസ്തു	— പ്രിയസത്യരൂപാ ഭവതു

അർത്ഥം—ധനപാലകനും സ്തുതികളാൽ കല്പിക്കപ്പെടുന്ന ഗുണങ്ങളോടു കൂടിയവനും ശൂരനുമായ ഇന്ദ്ര, ഏപ്രകാരമുള്ള അവിടുത്തെ സ്തോത്രം ഇപ്രകാരം (മുൻപറഞ്ഞ ഗുണവിശേഷങ്ങൾ കീർത്തിക്കുന്നതായി) ഇരിക്കുന്നുവോ, അപ്രകാരമുള്ള അവിടുത്തെ വിഭൂതി (ഐശ്വര്യം) പ്രിയസത്യരൂപമായി ഭവിക്കട്ടെ. അതായതു് അവിടുത്തെ മഹത്വത്തിൽ ഞങ്ങൾ കല്പിക്കുന്ന ഗുണങ്ങൾ യഥാർത്ഥങ്ങളാവട്ടെ, ഞങ്ങൾക്ക പ്രിയശ്രുതങ്ങളാവട്ടെ.

വർഗ്ഗം 29

6 ഊർധ്വസ്തിഷ്ഠാ ന ഊതയേ—

സ്മിൻ വാജേ ശതക്രതോ

സമന്യേഷു ബ്രവാവഹൈ

അന്വയം.—

ഹേ ശത—ക്രതോ	— ശതസംഖ്യാകകർമ്മയുക്ത,
അസ്മിൻ വാജേ	— പ്രസക്തേ സംഗ്രാമേ
നഃ ഊതയേ	— അസ്മാകം രക്ഷണായ
ഊർധ്വഃ തിഷ്ഠ	— ഉന്നതഃ, ഉത്സുകഃ ഭവ
(ത്വം ച അഹം ച മിളിത്വാ)	
അന്യേഷു സം	
ബ്രവാവഹൈ	— കാര്യാന്തരേഷു സമ്യക് വിചാരയാവഃ

അർത്ഥം—അല്ലയോ ശതക്രതോ, ഇന്ദ്ര, ഈ നടക്കുന്ന യുദ്ധത്തിൽ (ജീവമരണസംഗരത്തിൽ) എന്റെ രക്ഷയ്ക്കായി അവിടുന്നു് ഉത്സുകനായി തല ഉയർത്തി നിന്നാലും. അവിടുന്നും ഞാനും ചേർന്നു മററു കാര്യങ്ങളെക്കുറിച്ചു വേണ്ടപോലെ ചിന്തിക്കാം.

7 യോഗേയോഗേ തവസ്തരം

വാജേവാജേ ഹവാമഹേ

സഖായ ഇന്ദ്രമൂതയേ

അന്വയം.—

യോഗേ—യോഗേ	— പ്രവേശേ പ്രവേശേ, തത്താൽ കർമ്മോപക്രമേ
വാജേ—വാജേ	— കർമ്മവിഘ്നകാരിണി തസ്മിൻ തസ്മിൻ സംഗ്രാമേ
തവഃ—തരം ഇന്ദ്രം	— അതിശയേന ബലിനം ഇന്ദ്രം
ഊതയേ	— രക്ഷാർത്ഥം
സഖായഃ ഹവാമഹേ	— സഖിവൽ പ്രിയാഃ (വയം) ആഹ്വയാമഃ

അർത്ഥം—അതാതു കർമ്മങ്ങളുടെ തുടക്കത്തിലും അവശ്യ വിഘ്നകാരികളുണ്ടാകുന്ന മുടക്കത്തിലും (വിഘ്നകാരികളും കർമ്മാനുഷ്ഠാതാക്കളും തമ്മിൽ വരുന്ന പോരുകളിലും) അതിബലവാനായ ഇന്ദ്രനെ രക്ഷയ്ക്കായി ചങ്ങാതിയെപ്പോലെ ഇഷ്ടനായ ഞാൻ വിളിക്കുന്നു

8 ആ ഘാ ഗമദ്യദി ശ്രവൽ
സഹസ്രിണീഭിരൂതിഭിഃ
വാജേഭിരുപ നോ ഹവം

അന്വയം —

യദി ശ്രവൽ	— യദ്യയം ഇന്ദ്രഃ
നഃ ഹവം	— അസ്മദീയമാഹ്വാനം (ശൃണുയാൽ)
(തദാനീം സ്വയമേവ) സഹസ്രിണീഭിഃ	
ഊതി—ഭിഃ	— ബഹ്വീഭിഃ പാലനൈഃ
വാജേഭിഃ	— അന്നൈഃ (ച സഹ)
ഉപ ആ ഘ ഗമൽ	— സമീപേ അവശ്യം ആഗച്ഛേൽ

അർത്ഥം—ഈ ഇന്ദ്രൻ എന്റെ വിളികേട്ടാൽ അപ്പോഠം സ്വയം ആയിരക്കണക്കിൽ രക്ഷകളോടും അന്നങ്ങളോടും കൂടി തീർച്ചയായും എന്റെ അടുത്തെത്തും

9 അനു പ്രത്നസ്യൗകസോ–

ഹുവേ തുവിപ്രതിം നരം

യന്തേ പൂർവ്വം പിതാ ഹുവേ

അന്വയം:–

പ്രത്നസ്യ	—	പുരാതനസ്യ
ഓകസഃ	—	സ്വർഗ്ഗരൂപസ്യ സ്ഥാനസ്യ സകാശാൽ
തുവി–പ്രതിം	—	ബഹൂൻ യജമാനാൻ പ്രതിഗന്താരം
യം നരം	—	പുരുഷം ഇന്ദ്രം
തേ	—	ത്വാം
പിതാ	—	അസ്മദീയോ ജനകഃ
പൂർവ്വം	—	പുരാ, സ്വകീയാനുഷ്ഠാനകാലേ
അനു ഹുവേ	—	ആഹൂതവാൻ (തം ആഹ്വായാമി)

അർത്ഥം—പുരാതനമായ സ്വന്തം സ്വർഗ്ഗസ്ഥാനത്തുനിന്ന് എത്രയോയജമാനന്മാരെ ഉദ്ദേശിച്ചു യാതൊരു പുരുഷൻ തുടന്നെഴുന്നള്ളിവരുന്നുവോ, ആ ഇന്ദ്രനായ അവിടത്തെ എന്റെ അച്ഛൻ സ്വകീയകർമ്മാനുഷ്ഠാനകാലത്തു വിളിച്ചുവല്ലോ ആ അവിടത്തെ ഞാനും വിളിക്കുന്നു.

10 തം ത്വാ വയം വിശ്വവാരാ

ശാസ്മഹേ പുരുഹൂത.

സഖേ വസോ ജരിതൃഭ്യഃ

വ. 29

അന്വയം:-

ഹേ വിശ്വ–വാര	—	സർവ്വൈർവ്വരണീയ,
പുരു–ഹൂത,	—	ബഹുഭിഃ സ്വകർമ്മണ്യാഹൂത,
സഖേ,	—	സഖിവൽ പ്രിയ,
വസോ.	—	നിവാസഹേതോ, (ഇന്ദ്ര),
തം ത്വാ	—	പൂർവ്വോക്ത ഗുണയുക്തംത്വാം

ജരിതൃ-ഭ്യഃ — സ്തോതൄണാമനുഗ്രഹാർത്ഥം
വയം ആ ശാസ്മഹേ — പ്രാർത്ഥയാമഹേ

അർത്ഥം—എല്ലാവരാലും വരണീയനും പലരാലും സ്വസ്വ കർമ്മങ്ങളിൽ വിളിക്കപ്പെടുവനും ചങ്ങാതിയെപ്പോലെ ഇഷ്ടനും അതാതിടത്തു് ഓരോരുത്തരുടെയും നിവാസത്തിന്നു കാരണഭൂതനുമായ ഇന്ദ്ര, ഇപ്പറഞ്ഞ ഗുണങ്ങളോടുകൂടിയ അവിടുത്തോടു സ്തോതാക്കളെ അനുഗ്രഹിക്കുവാനായി ഞാൻ പ്രാർത്ഥിക്കുന്നു.

വർഗ്ഗം 30

11 അസ്മാകം ശിപ്രിണീനാം
സോമപാസ്സോമപാവ്നാം
സഖേ വജ്രിന്ത്സഖീനാം.

അന്വയം:—

ഹേ സോമ-പാഃ, — സോമസ്യ പാതഃ,
സഖേ, — സഖിവൽ പ്രിയ,
വജ്രിൻ, — വജ്രയുക്ത (ഇന്ദ്ര),
സഖീനാം സോമ-
പാവ്നാം അസ്മാകം — സഖിവൽ പ്രിയാണാം
സോമസ്യ പാതൄണാം അസ്മാകം
ശിപ്രിണീനാം — ദീർഘാഭ്യാം ഹനുഭ്യാം യുക്താനാം
(ഗവാം സമൂഹഃ ത്വൽപ്രസാദാൽ അസ്തു)

അർത്ഥം—സോമപാനശീലനും ചങ്ങാതിയെപ്പോലെ ഇഷ്ടനും വജ്രായുധയുക്തനുമായ ഇന്ദ്ര, ചങ്ങാതികളെപ്പോലെ പ്രിയന്മാരും സോമപായികളുമായ ഞങ്ങൾക്കു് അവിടുത്തെ പ്രസാദത്താൽ, നീണ്ട താടിയെല്ലുകളോടുകൂടിയ പശുക്കളുടെ കൂട്ടം ഉണ്ടാവട്ടെ (മരണമോചനം കിട്ടി, പിന്നീടുള്ള ജീവിതത്തിന്റെ നിർവ്വഹണത്തിന്നാണു് ഈ അപേക്ഷ. ദാരിദ്ര്യം കൊണ്ടാണല്ലോ ശുനശ്ശേപൻ വില്ക്കപ്പെട്ടതു്. ആ ദുഃസ്ഥിതി വരാതിരിക്കാനും.)

12 തഥാ തദസ്തു സോമപാ—
സ്സഖേ വജ്രിന്തഥാ കൃണു
യഥാ ത ഉശ്മസീഷ്ടയേ.

അന്വയം:—

ഹേ സോമ—പാഃ, സഖേ,
വജ്രിൻ, — സോമപാതഃ, വജ്രവൻ,
ഇഷ്ടയേ — അഭിലഷിതാർത്ഥം
തേ — തവ അനുഗ്രഹം
യഥാ ഉശ്മസി — യേന പ്രകാരേണ വയം കാമയാമഹേ
(ത്വം) തഥാ കൃണു — തഥാ കുരു
(ത്വത്പ്രസാദാത്) തദ്
(അഭീഷ്ടം) തഥാ അസ്തു — ഭവതു

അർത്ഥം—സോമപായിയും ചങ്ങാതിയും വജ്രവാനുമായ ഇന്ദ്ര, ഞങ്ങൾക്ക് ഇച്ഛിച്ച കാര്യത്തിന്റെ സിദ്ധിക്ക് അവിടുത്തെ അനുഗ്രഹം ഏതുപ്രകാരം ഞങ്ങൾ കാമിക്കുന്നുവോ, അപ്രകാരമാക്കി തന്നാലും. അവിടുത്തെ പ്രസാദം കൊണ്ട് അത്, അഭീഷ്ടം സഫലമാവട്ടെ.

13 രേവതീർന്നസ്സധമാദ
ഇന്ദ്രേ സന്തു തുവിവാജാഃ
ക്ഷുമന്തോ യാഭിർമ്മദേമ.

അൎത്ഥം—അന്നവാന്മാരായ ഞങ്ങൾ ഏതു പശുക്കളോടു കൂടി ഹൎഷിക്കുന്നുവോ ഞങ്ങളുടെ ആ പശുക്കളും ഇന്ദ്രൻ ഞങ്ങളോടുകൂടി ഹൎഷിക്കുമ്പോൾ കൂടുതൽ പാലും തൈരും നെയ്യും തരുന്നവയായും ഭൂരിബലമുള്ളവയായും ഭവിക്കട്ടെ

14 ആഘ ത്വാവാൻ ത്മനാപ്ത—

സ്തോതൃഭ്യോ ധൃഷ്ണവിയാനഃ

ഋണോരക്ഷം ന ചക്ര്യോഃ

അന്വയം —

ഹേ ധൃഷ്ണോ	— ധാൎഷ്ട്യയുക്ത (ഇന്ദ്ര)
ത്വാ—വാൻ	— ത്വൽസദൃശഃ ദേവതാവിശേഷഃ
ത്മനാ ആപ്ത്	— സ്വയമേവ ആപ്തസ്സൻ
ഇയാനഃ	— അസ്മാഭിഃ യാച്യമാനഃ
സ്തോതൃ—ഭ്യഃ	— സ്തോതൃണാം അനുഗ്രഹായ തദഭീഷ്ടം
ചക്ര്യോഃ അക്ഷം ന	— രഥസ്യ ചക്രയോഃ യഥാ അക്ഷം പ്രക്ഷിപതി തഥാ
ഘ ആ ഋണോഃ	— ആനീയ പ്രക്ഷിപതു

അൎത്ഥം—ആരെയും കൂസാത്ത ഇന്ദ്ര അവിടുത്തോടുതുല്യനായ ഒരു ദേവൻ സ്വയംവന്നു് ഞങ്ങളാൽ പ്രാൎത്ഥിക്കപ്പെടുന്നവനായി സ്തോതാക്കളുടെ അനുഗ്രഹത്തിന്നായി അവരുടെ അഭീഷ്ടം ചക്രങ്ങളുടെ ഇടയിൽ അച്ചുതണ്ടു വെയ്ക്കുന്നപോലെ കൊണ്ടുവന്നു വെച്ചുതരട്ടെ (ഇന്ദ്രനോടുതുല്യനായി മറ്റൊരു ദേവൻ ഇല്ലാത്തതിനാൽ ഇന്ദ്രൻ തന്നെ വരണമെന്നു ധ്വനി അച്ചുതണ്ടിനോടുള്ള ഉപമയാൽ ജീവിതചക്രങ്ങൾ ഉരുളാൻ അഭീഷ്ടസിദ്ധിയാകുന്ന അവലംബം ഒഴിച്ചുകൂടാത്തതാണെന്നു വരുത്തുന്നു)

15 ആ യദ്ദുവശ്ശതക്രത—

വാ കാമം ജരിതൄണാം

ഋണോരക്ഷം ന ശചീഭിഃ

അന്വയം:—

ഹേ ശത—ക്രതോ (ഇന്ദ്ര)	
യൽ ദ്രവഃ	— കാമിതാർത്ഥരൂപം ധനം
ആ	— (സ്തോതൃഭിഃ) ആപ്തവ്യമസ്തി
(തം) കാമം ജരിതൃണാം	— സ്തോതൃണാം അനുഗ്രഹായ
ശചീഭിഃ	— ശകടോചിതവ്യാപാര വിശേഷൈഃ കർമ്മഭിഃ
അക്ഷം ന ആ ഭ്രൂണോഃ	— ആനീയ പ്രക്ഷിപസി

അർത്ഥം—അല്ലയോ ശതക്രതോ, ആഗ്രഹിക്കുന്ന വിധത്തിലുള്ള യാതൊരു ധനം സ്തോതാക്കൾക്ക് എത്തിച്ചേരേണ്ടതാണോ, ആ അഭീഷ്ടത്തെ (ധനത്തെ) സ്തോതാക്കളെ അനുഗ്രഹിപ്പാനായി ഓട്ടത്തിലേപ്പെട്ട വണ്ടിച്ചക്രങ്ങൾക്ക് അച്ചുതണ്ടെന്നപോലെ കൊണ്ടുവന്നണച്ചാലും.

വർഗ്ഗം 31

16 ശശ്വദിന്ദ്രഃ പോപ്രുഥദ്ഭിർജ്ജിഗായ
നാനദദ്ഭിശ്ശാശ്വസദ്ഭിർധനാനി
സ നോ ഹിരണ്യരഥം ദംസനാവാ—
ൻത്സ നസ്സനിതാ സനയേ സ നോദാൽ

അന്വയം:—

ഇന്ദ്രഃ ശശ്വൽ	— സർവ്വദാ
പോപ്രുഥൽ—ഭിഃ	— ഘാസഭക്ഷണാനന്തരം ഓഷ്ഠശബ്ദം കുർവ്വദ്ഭിഃ
നാനദൽ—ഭിഃ	— ആസ്യഗതം നാദം ഹേഷാശബ്ദം കുർവ്വദ്ഭിഃ
ശാശ്വസൽ—ഭിഃ	— ഭൃശം ശ്വസദ്ഭിഃ (അശ്വൈഃ)
ധനാനി ജിഗായ	— വൈരിസംബന്ധീനി ധനാനി ജിതവാൻ
ദംസനാ—വാൻ	— കർമ്മവാൻ
സനിതാ	— ദാതാ
സഃ സഃ (ഇന്ദ്രഃ) നഃ നഃ	— അസ്മാകം

സനയേ	— സംഭജനാർത്ഥം
ഹിരണ്യ–രഥം	— സുവർണ്ണേന നിർമ്മിതം രഥം
സഃ നഃ അദാത്	— അസ്മാകം ദത്തവാൻ

അർത്ഥം–ശുനശ്ശേപന്റെ സ്തുതികളാൽ സന്തുഷ്ടനായ ഇന്ദ്രൻ ഒരു സുവർണ്ണരഥം മനസ്സുകൊണ്ടു കൊടുത്തു ശുനശ്ശേപൻ വാങ്ങി അതാണ് ഈ ഋക്കിൽ പ്രസ്തുതം

ഉരുളക്ഷേപണം കഴിച്ച്, ചുണ്ടുകൊണ്ടു ശബ്ദമുണ്ടാക്കുന്നവയും, വായകൊണ്ടു ഹേഷാശബ്ദം (കുതിരയുടെ ശബ്ദത്തിന്റെ പേർ) പുറപ്പെടുവിക്കുന്നവയും ഏററവും വീർപ്പിടുന്നവയുമായ കുതിരകളോടുകൂടി ഇന്ദ്രൻ എതിർത്തുചെന്ന്, എപ്പോഴും ശത്രുക്കൾക്കു ചേർന്ന ധനങ്ങളെ ജയിച്ചു നേടീട്ടുണ്ട് കർമ്മവാനും ദാനശീലനുമായ അവിടുന്ന്, എനിക്ക് അവിടുന്ന് എനിക്ക് പ്രാപിക്കാനായി, ഉപയോഗിക്കാനായി സുവർണ്ണ രഥത്തെ തന്നിരിക്കുന്നു (അവിടുന്ന് എനിക്ക് 'സ നഃ സ നഃ സനഃ' എന്ന ആവർത്തനം ആദരംകൊണ്ടും ആഹ്ലാദാതിശയംകൊണ്ടും മാത്രമത്രെ)

17 ആ ശ്വിനാവശ്വാവത്യേ–
ഷായാതം ശവീരയാ
ഗോമദ്ദസ്രാഹിരണ്യവൽ

അന്വയം —

ഹേ അശ്വിനൌ,

അശ്വ–വത്യാ	— ബഹുഭിരശ്വൈര്യുക്തയാ
ശവീരയാ	— പ്രേര്യമാണയാ
ഇഷാ	— അന്നേനസഹ
ആ യാതം	— അസ്മിൻ കർമ്മണ്യാഗച്ഛതം
ഹേ ദസ്രൌ	— ആശ്വിനൌ യുവയോഃ പ്രസാദാൽ
ഗോ–മത്	— ബഹുഭിഃ ഗോഭിര്യുക്തം
ഹിരണ്യ–വത് (അസ്മദീയം ഗൃഹമസ്തു)	— ബഹുനാഹിരണ്യേനയുക്തം

അർത്ഥം–അല്ലയോ അശ്വികളേ വളരെ കുതിരകളോടുകൂടി തെളിക്കപ്പെടുന്ന (വണ്ടികളും), അന്നത്തോടുകൂടി ഈ കർമ്മ

ത്തിൽ വന്നുചേരണം ധാരാളം പശുക്കളോടും ധാരാളം സ്വർണ്ണത്തോടും കൂടിയതാവട്ടെ എന്റെ ഗൃഹം (ശുനശ്ശേപൻ ദാരിദ്ര്യത്താലാണല്ലൊ വില്ക്കപ്പെട്ടതു്. പുനർല്ലബ്ധമായ ജീവിതത്തിൽ ആ ദുർഗ്ഗതി വരാതിരിക്കാൻ പ്രാർത്ഥിക്കുന്ന ഇന്ദ്രന്റെ നിർദ്ദേശപ്രകാരമാണു് അശ്വികളെ സ്തുതിക്കുന്നതു്.)

18 സമാനയോജനോഹിവാം
രഥോദസ്രാവമർത്ത്യഃ
സമുദ്രേഅശ്വിനേയതേ.

അന്വയം —

ഹേ ദസ്രൌ,	— അശ്വിനൌ,
വാം രഥഃ	— യുവയോസ്സംബന്ധിരഥഃ
സമാന–യോജനഃ	— തുല്ല്യയോജനഃ, യുവയോർദ്വയോഃ ഏകരഥാരൂഢത്വാൽ ഉഭയാർത്ഥം സകൃദേവയുജ്യതേ
അമർത്ത്യഃ	— വിനാശരഹിതഃ, അപ്രതിഹതഗതിഃ
(അതഃ ഏവ) ഹേ	
അശ്വിനൌ, ഹി	— യസ്മാൽ
സമദ്രേ ഈയതേ	— അന്തരിക്ഷേഗച്ഛതി

അർത്ഥം—അല്പയോ അശ്വികളേ, നിങ്ങളുടെ തേരു്, ഇരുവരും ഒരേ സമയത്തു് ഒന്നിൽ ആരൂഢരായതുകൊണ്ടു് ഇരുവക്കും ഒരുപോലെ യോജിച്ചതും കേടുവരാത്തതും ആരാലും തടുക്കപ്പെടാത്തതുമത്രെ അശ്വികളേ, അതുകൊണ്ടാണല്ലൊ തേർ അന്തരിക്ഷത്തിൽ ഗമിക്കുന്നതു്

19 ന്യ ഘ്ന്യസ്യമൂർദ്ധനി
ചക്രം രഥസ്യയേമഥുഃ
പരിദ്യാമന്യദീയതേ

അന്വയം —

(ഹേ അശ്വിനൌ,
യുവാം) അഘ്ന്യസ്യ — ഹന്തും അശക്യസ്യ പർവ്വതസ്യ
മൂർധനി — ഉപരി
രഥസ്യ ചക്രം — ഭവദീയ രഥസംബന്ധി ഏകംചക്രം
നി യേമഥുഃ — നിയമിതവന്തൌ
അന്യൽ പരി ദ്യാം
ഈയതേ — അപരം ചക്രം ദ്യുലോകേപരിതഃ ഗച്ഛതി

അർത്ഥം—അല്ലയോ അശ്വികളേ, നിങ്ങളുടെ തേരിന്റെ ഒരു ചക്രത്തെ പർവ്വതത്തിന്റെ മുകളിൽ നിങ്ങൾ നിർത്തിയിരിക്കുന്നു മറ്റെ ചക്രം ദ്യുലോകത്തിൽ എല്ലാടവും ഗമിക്കുന്നു.

20 കസ്ത ഉഷഃകധപ്രിയേ

ഭുജേമർത്തോ അമർത്ത്യേ

കം നക്ഷസേവിഭാവരി

അന്വയം —

ഹേ കധ-പ്രിയേ — സ്തുതിപ്രിയേ
അമർത്ത്യേ, ഉഷഃ, — മരണരഹിതേ, ഉഷഃകാലാഭിമാന ദേവതേ,
(തവ) ഭുജേ — ഭോഗായ
കഃ മർത്തഃ — മനുഷ്യഃ (വിദ്യതേ)
ഹേ വിഭാ-വരി, — വിശേഷപ്രഭായുക്തേ,
കം (പുരുഷം) നക്ഷസേ? — പ്രാപ്നോഷി?
(തവോചിതം ഭോഗംദാതും നകോപിമനുഷ്യഃ സമർത്ഥഃ)

അർത്ഥം—അശ്വിദേവകൾ പറഞ്ഞപ്രകാരം ശുനശ്ശേപൻ ഉഷസ്സിനെ സ്തുതിക്കുന്നു

അല്ലയോ സ്തുതിപ്രിയേ, സനാതനി, ഉഷസ്സിന്റെ അധിദേവതെ, അവിടേക്കു് അനുഭവിക്കത്തക്കവനായി ഏതു മനുഷ്യനുണ്ടു്? സുപ്രകാശയുക്തെ, അവിടുന്നു് ഏതു പുരുഷനെ പ്രാപിക്കും? (സൌന്ദര്യപ്രഭാവാതിശയങ്ങൾകൊണ്ടു് ഉഷോദേവിക്കു് ചേർന്നവനാരുമില്ല എന്നു സാരം)

21 വയംഹിതേ അമന്മഹ്യാ-

ന്താദാപരാകാൽ

അശ്വേനചിത്രേ അരുഷി

അന്വയം:-

അശ്വേ,	— വ്യാപനശീലേ,
ചിത്രേ,	— ചായനീയേ,
അരുഷി,	— ആരോചമാനേ, (ഉഷോദേവതേ)
തേ (തവസ്വരൂപം) ആ	
അന്താൽ	— സമീപപര്യന്തം
ആ പരാകാൽ	— ദൂരപര്യന്തം
വയം ന ഹി അമന്മഹി	— മനുഷ്യാഃ നബോദ്ധും സമർത്ഥാഃ

അർത്ഥം—സർവ്വത്ര വ്യാപിക്കുന്നവളേ, സുന്ദരി, പ്രഭാവതി. ഉഷോദേവതേ, അവിടുത്തെ സ്വരൂപം അടുത്തും അകലേയും മനസ്സിലാക്കാൻ മനുഷ്യരായ ഞങ്ങൾ കഴിവററവർ തന്നെയാണു്.

22 ത്വംത്യേഭിരാഗഹി

വാജേഭിർദ്ദുഹിതർദ്ദിവഃ

അസ്മേരയിംനിധാരയ വ. 31

അന്വയം:—

ഹേദിവഃ ദുഹിതഃ	— ദ്യുദേവതായാഃ പുത്രി
ത്യേഭിഃ വാജേഭിഃ	— തൈരന്നൈഃ (സഹ)
ത്വം ആ ഗഹി	— അത്രാഗച്ഛ
അസ്മേ രയിം നി ധാരയ	— അസ്മാസുധനംനിതരാം സ്ഥാപയ.

അർത്ഥം—അല്ലയോ സ്വർഗ്ഗപുത്രി (ഉഷോദേവതേ) ഞങ്ങൾക്കുവേണ്ട അന്നങ്ങളോടുകൂടി അവിടുന്നു് ഇവിടെവന്നാലും. ഞങ്ങളിൽ ധനം നിറച്ചുതരിയാലും.

വർഗ്ഗം 32–33–34–35 ആംഗിരസഃ ഹിരണ്യസ്തൂപഃ ഋഷിഃ ജഗതീത്രിഷ്ടുഭൌഛന്ദസീ, അഗ്നിർദ്ദേവതാ.

വർഗ്ഗം 32

1 ത്വമഗ്നേ പ്രഥമോ അംഗിരാ ഋഷി-
ർദ്ദേവോദേവാനാമഭവ ശ്ശിവസ്സഖാ.
തവവ്രതേകവയോ വിദ്മനാപസോ-
ജായന്തമരുതോ ഭ്രാജദൃഷ്ടയഃ

അന്വയം:—

ഹേ അഗ്നേ, ത്വം പ്രഥമഃ	— ആദ്യഃ
അംഗിരാഃ	— അംഗിരോ നാമകഃ
ഋഷിഃ അഭവഃ	— (ആംഗിരസാനാം ഋഷീണാം സർവ്വേഷാം ജനകത്വാത്)
(തഥാസ്വയം) ദേവഃ	
(ഭൂത്വാ) ദേവാനാം	— അന്യേഷാം ദേവാനാം
ശിവഃ സഖാ	— ശോഭനഃ സഖാ (അഭവഃ)
തവ വ്രതേ	— ത്വദീയേകർമ്മണി
കവയഃ	— മേധാവിനഃ
വിദ്മനാ–അപസഃ	— ജ്ഞാതകർമ്മാണഃ
ഭ്രാജത്–ഋഷ്ടയഃ	— ദീപ്യമാനായുധാഃ
മരുതഃ	— മരുത്സംജ്ഞകാദേവാഃ
അജായന്ത	— ഉത്പന്നാഃ

അർത്ഥം:—അല്ലയോ അഗ്നേ, ആംഗിരസന്മാരായ എല്ലാ ഋഷികളുടേയും ജനകത്വം കൊണ്ട് അവിടുന്നാണ് അംഗിരസ്സ് എന്ന പേരുള്ള ആദ്യത്തെ ഋഷി അനന്തരം ആ ഋഷി സ്വയം ദേവനായി ഭവിച്ച്, മററുദേവന്മാർക്ക് യോഗ്യനായ സഖാവായിത്തീർന്ന അവിടുത്തെ കർമ്മത്തിലാണ് മേധാവികളും കർമ്മജ്ഞാനികളും, തിളങ്ങുന്ന ആയുധങ്ങളോടുകൂടിയവരായ മരുത്തുക്കളെന്ന ദേവന്മാർ ജനിച്ചത്

2 ത്വമഗ്നേ പ്രഥമോ അംഗിരസ്തമഃ

കവിർദ്ദേവാനാം പരിഭൂഷസിവ്രതം

വിഭുർവ്വിശ്വസ്മൈ ഭുവനായ മേധിരോ–

ദ്വിമാതാശയുഃ കതിധാചിദായവേ.

അന്വയം:—

ഹേഅഗ്നേ, വിശ്വസ്മൈ

ഭുവനായ	— സമസ്തലോകാനുഗ്രഹാത്ഥം
വി–ഭുഃ	— ബഹുവിധഃ, ആഹവനീയാദ്യനേകരൂപധാരീ
മേധിരഃ	— മേധാവാൻ
ദ്വി–മാതാ	— ദ്വയോഃ അരണ്യോഃ ഉല്പന്നഃ
ത്വം പ്രഥമഃ	
അംഗിരഃ—തമഃ	— അതിശയേന അംഗിരാഃ
കവിഃ	— മേധാവീ (സൻ)
(അന്യേഷാം) ദേവാനാം	
വ്രതം പരി ഭൂഷസി	— കർമ്മ സാലംകരോഷി
ആയവേ	— മനുഷ്യാർത്ഥം
കതിധാ ചിൽ	— കതിഭിഃ പ്രകാരൈഃ സർവ്വത്ര
ശയുഃ	— ശയാനഃ

(തത്തന്മനുഷ്യഗൃഹേ അവസ്ഥിതസ്യ തസ്യ തവ പ്രകാരഃ ഇയന്ത ഇതി ന കേനാപിജ്ഞായതേ)

അർത്ഥം—അല്ലയോ അഗ്നേ, സർവ്വലോകാനുഗ്രഹത്തിനായി ആഹവനീയാദി ബഹുരൂപങ്ങളെ ധരിച്ചവനും മേധാവിയും അരണികളാകുന്ന രണ്ട് അമ്മമാരോട് കൂടിയവനുമായ അവിടുന്ന് ഏററവും അംഗിരസ്സായി, ക്രാന്തദശിയായി മററുദേവന്മാരുടെ കർമ്മത്തെ സർവ്വത്ര അലങ്കരിക്കുന്നു, അതിന്ന് ശോഭ കൂട്ടുന്നു മനുഷ്യക്കായി എല്ലാഗൃഹങ്ങളിലും പലപ്രകാരത്തിൽ സ്ഥിതിചെയ്യുന്ന ഏതേതു രൂപത്തിലാണ് അതാതു് മനുഷ്യ ഗൃഹത്തിൽ ഗമിക്കുന്നതെന്ന് ആരാലും അറിയപ്പെടുന്നില്ല.

3 ത്വമഗ്നേ പ്രഥമോ മാതരിശ്വന–
ആവിർഭവ സുക്രതൂയാ വിവസ്വതേ.
അരേജേതാം രോദസീ ഹോതൃവൂര്യേ–
സഘ്നോർഭാരമയജോ മഹോ വസോ

അന്വയം'—

ഹേ അഗ്നേ, ത്വം
മാതരിശ്വനേ പ്രഥമഃ — വായ്വപേക്ഷയാ മുഖ്യഃ
സുക്രതൂ–യാ — ശോഭനകർമ്മേച്ഛയാ
വിവസ്വതേ — പരിചരതേ യജമാനായ
ആവിഃ. ഭവ — പ്രകടോ ഭവ
(തവ സാമർത്ഥ്യം ദ്രഷ്ടും)
രോദസീ — ദ്യാവാപൃഥിവ്യൌ
അരേജേതാം — അകമ്പേതാം
ഹോതൃ–വൂര്യേ — ഹോതൃവരണയുക്തേ, കർമ്മണി
ഭാരം — ഭരണം.
അസഘ്നോഃ — ഊഢവാനസി.
ഹേ വസോ, — നിവാസഹേതോ, (അഗ്നേ,)
മഹഃ — പൂജ്യാൻ ദേവാൻ
അയജഃ — ഇഷ്ടവാനസി

അർത്ഥം—അല്ലയോ അഗ്നേ, അവിടുന്നു് വായുവിനേക്കാൾ മുമ്പനാകുന്ന (അഗ്നിർവ്വായുരാദിത്യഃ എന്ന ക്രമം) ശോഭനകർമ്മത്തിലുള്ള താല്പര്യം കൊണ്ടു് ഉപാസകനായ യജമാനന്റെ മുമ്പിൽ പ്രത്യക്ഷീഭവിച്ചാലും. അവിടത്തെ കനിവു കണ്ടു് ദ്യാവാപൃഥിവികൾ വിറയ്ക്കുന്നു, ഹോതാവിനെ വരിക്കലുള്ള കർമ്മത്തിൽ, യജ്ഞത്തിൽ അവിടുന്നാണു് ഭരണം വഹിക്കുന്നതു് എല്ലാവരുടേയും നിവാസകാരകനായ അഗ്നേ, പൂജ്യന്മാരായ ദേവന്മാരെ അവിടുന്നു യജിച്ചിരിക്കുന്നു (പൂജിച്ചിരിക്കുന്നു)

4 ത്വമഗ്നേ മനവേ ദ്യാമവാശയഃ
പുരൂരവസേസുകൃതേ സുകൃത്തരഃ
ശ്വാത്രേണയൽ പിത്രോർമുച്യസേപ–
ര്യാത്വാപൂർവ്വ മനയന്നാപരംപുനഃ.

അന്വയം:—

ഹേ അഗ്നേ ത്വം മനവേ — മനോരനുഗ്രഹാർത്ഥം
ദ്യാം അവാശയഃ — ദ്യുലോകം ശബ്ദിതവാനസി
സു–കൃതേ — തവപരിചരണം കുർവ്വതേ
പുരൂരവസേ — ഏതന്നാമകസ്യരാജ്ഞഃ അനുഗ്രഹാർത്ഥം
സുകൃൽ–തരഃ — അതിശയേന ശോഭനഫലകാര്യഭൂഃ
യൽ പിത്രോഃ — യദാ അരണ്യോഃ
ശ്വാത്രേണ — ക്ഷിപ്രമഥനേന
പരി മുച്യസേ — പരിതോമുക്തഃ ഭവസി ഉല്പദ്യസേ
(തദാനീം) ത്വാ — അരണ്യോൽപന്നം ത്വാം
പൂർവ്വം — വേദേഃ പൂർവ്വദേശം
ആ അനയൻ — ആഹവനീയത്വേന സ്ഥാപിതവന്തഃ
പുനഃ അപരം — പശ്ചാൽപശ്ചിമദേശം
ആ (അനയൻ) — ഗാർഹപത്യരൂപേണ പ്രാപിതവന്തഃ
(ആഹവനീയ കർമ്മാനുഷ്ഠാനാദൂർദ്ധ്വംഗാർഹപത്യരൂപേണധാരിതവന്തഃ)

അർത്ഥം—അല്ലയോ അഗ്നേ, മനുവിനെ അനുഗ്രഹിപ്പാനായി അവിടുന്നു് ദ്യുലോകത്തിൽ ശബ്ദമുണ്ടാക്കി. (പുണ്യകർമ്മാക്കൾക്കു് സ്വർഗ്ഗം ലഭ്യമാണെന്നു് കാണിച്ചു.) അവിടുത്തെ ഭക്തനായ പുരൂരവസ്സെന്ന രാജാവിന്നു് ഏററവും ശോഭനമായ കർമ്മഫലം അനുഗ്രഹിച്ചരുളി. എപ്പോൾ അരണികൾ വേഗത്തിൽ കടഞ്ഞു് അവിടുന്നു പുറത്തു വന്നുവോ

അപ്പോൾ (ഋത്വിക്കുകൾ) അവിടുത്തെ ആദ്യം വേദിക്ക് കിഴക്ക് ആഹവനീയ രൂപനായി സ്ഥാപിച്ചു പിന്നെ വേദിക്കു പടിഞ്ഞാറ് ഗാർഹപത്യരൂപനായി എത്തിച്ചു അതായത്ത് ആഹവനീയ കർമ്മത്തിന്നുശേഷം അവിടുത്തെ ഗാർഹപത്യ രൂപത്തിൽ ധരിച്ചു

5 ത്വമഗ്നേ വൃഷഭഃ പുഷ്ടിവർധന–
ഉദ്യതസ്രുചേ ഭവസി ശ്രവായ്യഃ
യ ആഹുതിം പരി വേദാ വഷട്കൃതി–
മേകായുരഗ്രേ വിശ ആവിവാസസി വ 32

അന്വയം —

ഹേ അഗ്നേ ത്വം വൃഷഭഃ	— കാമാനാം വർഷിതാ
പുഷ്ടി–വർധനഃ	— യജമാനസ്യ ധനാദി പോഷാഭിവൃദ്ധിഹേതുഃ
ഉദ്യത–സ്രുചേ	— ഉദ്ധൃതയാസ്രുചായുക്തായ യജമാനായ
ശ്രവായ്യഃ ഭവസി	— മന്ത്രൈഃ ശ്രവണീയഃ ഭവസി
യഃ (യജമാനഃ)	
വഷട്–കൃതിം	— വഷട്കാരയുക്താം
ആ–ഹുതിം പരി വേദ	— പരിതോജാനാതി, സമർപ്പയതി
ഏക–ആയുഃ	— മുഖ്യാന്നഃ (ത്വം)
(ഹേ അഗ്നേ) അഗ്രേ (പ്രഥമം തം യജമാനം)	
വിശഃ	— തദനുകൂലാഃ പ്രജാഃ
ആ–വിവാസസി	— സർവ്വതഃ പ്രകാശയസി

അർത്ഥം — അല്ലയോ അഗ്നേ അവിടുന്ന് കാമവർഷകനാകുന്നു യജമാനന്നു സർവ്വവിധപുഷ്ടിയും ഏറ്റുന്നവനാകുന്നു ഹോമത്തിൽ സ്രുവമേന്തിയ യജമാനന്നു മന്ത്രങ്ങളാൽ ശ്രാവ്യനായി (കേൾപ്പിക്കാൻ പററിയവനായി) ഭവിക്കുന്നു ഏതു യജമാനൻ അവിടേയ്ക്കു വഷട്കാരത്തോടുകൂടിയ ആഹുതി അർപ്പിക്കുന്നുവോ അല്ലയോ അഗ്നേ മുമ്പായി ആ യജമാനനേയും അനുകൂലികളായ ജനങ്ങളേയും അവിടുന്ന് മുഖ്യമായ അന്നത്തോടുകൂടി പ്രകാശിപ്പിക്കുന്നു പുഷ്ടിപ്പെടുത്തുന്നു

വര്‍ഗ്ഗം 33

6 ത്വമഗ്നേ വൃജിനവര്‍ത്തനിം നരം
സക്മന്‍പിപര്‍ഷി വിദഥേ വിചര്‍ഷണേ
യശ്ശൂരസാതാ പരിതക്മ്യേ ധനേ
ദഭ്രേഭിശ്ചില്‍ സമൃതാ ഹംസിഭൂയസഃ

അന്വയം:—

ഹേ വി—ചര്‍ഷണേ,	— വിശിഷ്ടജ്ഞാനയുക്ത,
അഗ്നേ, ത്വം വൃജിന—	
വര്‍ത്തനിം	— സദാചാരരഹിതം
നരം	— പുരുഷം
സക്മന്‍ വിദഥേ	— സമവേതും യോഗ്യേ കര്‍മ്മണി
പിപര്‍ഷി	— പാലയസി, സല്‍കര്‍മ്മാനുഷ്ഠാനയുക്തം കരോഷി
യഃ (ത്വം) പരി—തക്മ്യേ	— പരിതോഗന്തവ്യേ
ധനേ	— ധനവല്‍ ശൂരാണാംപ്രിയതമേ
ശൂര—സാതാ	— ശൂരൈഃ സംഭജനീയേയുദ്ധേ
ദഭ്രേഭിഃ ചില്‍	— അല്പൈരപി, ശൌര്യരഹിതൈഃ
സം—ഋതാ	— സമ്യക്പ്രാപ്തേസതി, തദനുഗ്രഹാര്‍ത്ഥം
ഭൂയസഃ	— പ്രൌഢാന്‍ പ്രതിപക്ഷിണഃ ശത്രൂന്‍
ഹംസി	— മാരയസി

അര്‍ത്ഥം—അല്ലയോ വിശിഷ്ടജ്ഞാനയുക്തനായ അഗ്നേ, അവിടുന്ന് സദാചാരരഹിതനായ മനുഷ്യനെ (പ്പോലും) സംപ്രാപ്യമായ സല്‍ക്കര്‍മ്മത്തിലെത്തിച്ചു പാലിക്കുന്നു. ശൂരന്മാര്‍ക്ക് ധനംപോലെ പ്രിയതമമായ യുദ്ധത്തില്‍ പൊരുതുവാന്‍ പ്രതിപക്ഷത്തേിരിക്കെ, ശൌര്യമില്ലാത്ത അല്പന്മാരെക്കൊണ്ടുപോലും യോഗ്യരായ ശത്രുക്കളെ കൊല്ലിക്കുന്നു. (അവിടുത്തെ സേവിക്കുന്നവരെ അങ്ങനെയാണ് സഹായിക്കുന്നതാകുന്നു അവിടുത്തെ മഹത്വം.)

7 ത്വംതമഗ്നേ അമൃതത്വ ഉത്തമേ

മർത്തം ദധാസി ശ്രവസേ ദിവേദിവേ

യസ്താതൃഷാണ ഉഭയായ ജന്മനേ

മയഃ കൃണോഷിപ്രയ ആചസൂരയേ.

അന്വയം:—

ഹേ അഗ്നേ, ത്വം തം

മർത്തം	— തഥാവിധം ത്വൽസേവിതം മനുഷ്യം
ദിവേ—ദിവേ ശ്രവസേ	— പ്രതിദിനം അന്നാർത്ഥം
ഉൽ—തമേ അമൃത—ത്വേ	— ഉൽകൃഷ്ടേ മരണരഹിതേപദേ
ദധാസി	— ധാരയസി.
യഃ (യജമാനഃ)	
ഉഭയായ ജന്മനേ	— ദ്വിപദാം ചതുഷ്പദാം ച ലാഭായ
തതൃഷാണഃ	— തൃഷ്ണായുക്തഃ (ഭവതി)
(തസ്മൈ) സൂരയേ	— അഭിജ്ഞായ യജമാനായ
മയഃ പ്രയഃ ച	— സുഖം അന്നമപി
ആ കൃണോഷി	— സർവ്വതഃ കരോഷി

അർത്ഥം—അല്ലയോ അഗ്നേ, അവിടത്തെ സേവിക്കുന്ന മനുഷ്യനെ അവിടന്ന് ദിവസംപ്രതി നിത്യാന്നാർഹനായി ഉൽകൃഷ്ടമായ മരണരഹിതസ്ഥാനത്ത് നിലനിർത്തുന്നു ഏതുയജമാനൻ ഇരുകാലികളുടെയും നാല്ക്കാലികളുടെയും സിദ്ധിയ്ക്ക് ആഗ്രഹമുള്ളവനോ ആ അഭിജ്ഞനായ യജമാനന് സുഖവും അന്നവും എല്ലാവിധത്തിലും ഉണ്ടാക്കുന്നു

8 ത്വന്നോ അഗ്നേ സനയേ ധനാനാം

യശസംകാരും കൃണുഹിസ്തവാനഃ

ഋധ്യാമകർമ്മാപസാനവേന

ദേവൈർദ്യാവാപൃഥിവീ പ്രാവതംനഃ

അന്വയഃ:—

ഹേ അഗ്നേ, സ്തവാനഃ ത്വം	—	സ്തൂയമാനഃ ത്വം
നഃ ധനാനാം സനയേ	—	അസ്മാകം ധനാനാം ദാനാർത്ഥം
യശസം, കാരും	—	യശോയുക്തം, കർമ്മണാം കർത്താരം (പുത്രം)
കൃണുഹി	—	കുരു
നവേന അപസാ	—	നൂതനേന കർമ്മണാ. (പ്രാപ്തേനത്വദ്ദത്തേനപുത്രേണ)
കർമ്മ	—	യാഗദാനാദിരൂപംകർമ്മ
വൃധ്യാമ	—	വർദ്ധയാമ
ഹേ ദ്യാവാപൃഥിവീ,	—	ദ്യാവാപൃഥിവ്യൗ, ഉഭേദേവതേ,
(അന്യൈഃ) ദേവൈഃ		
(സഹ) നഃ പ്ര അവതം	—	അസ്മാൻ പ്രകർഷേണ രക്ഷതം

അർത്ഥം—അല്ലയോ അഗ്നേ, സ്തുതിക്കപ്പെടുന്ന അവിടുന്ന് ഞങ്ങൾക്ക് ധനംനേടിത്തരുവാൻ, കീർത്തിമാനും കർമ്മകർത്താവും ആയ ഒരു പുത്രനെ ഉണ്ടാക്കിത്തരണം, അവിടുന്ന് തന്നരുളിയ പുത്രനെക്കൊണ്ട് പുതിയകർമ്മത്താൽ യാഗദാനാദിരൂപമായ കർമ്മം വർദ്ധിച്ചാവൂ (കർമ്മവൃദ്ധിക്കാണ് ധനം. ആ ധനം നേടാനാണ് പുത്രൻ. പുത്രൻനേടിത്തരുന്ന ധനവും കർമ്മത്തിന്നുതന്നെ. ധനം നേടുന്നതും നല്ലവഴിക്കുവേണം. അതാണ് കീർത്തിമാനാവണം പുത്രൻ എന്ന നിബന്ധന.) അല്ലയോ ദ്യാവാപൃഥിവികളേ, ദേവതകളായ നിങ്ങളിരുവരും മറ്റുദേവന്മാരോടുകൂടി ഞങ്ങളെ വേണ്ടപോലെ രക്ഷിക്കണം.

9 ത്വന്നോ അഗ്നേ പിത്രോരുപസ്ഥ ആ
ദേവോ ദേവേഷ്വനവദ്യ ജാഗൃവിഃ
തനൂകൃദ്ബോധി പ്രമതിശ്ചകാരവേ
ത്വം കല്ല്യാണവസു വിശ്വമോപിഷേ

7 ത്വംതമഗ്നേ അമൃതത്വ ഉത്തമേ

മർത്തം ദധാസി ശ്രവസേ ദിവേദിവേ

യസ്താതൃഷാണ ഉഭയായ ജന്മനേ

മയഃ കൃണോഷിപ്രയ ആചസൂരയേ

അന്വയം —

ഹേ അഗ്നേ, ത്വം തം

മർത്തം	— തഥാവിധം ത്വൽസേവിതം മനുഷ്യം
ദിവേ–ദിവേ ശ്രവസേ	— പ്രതിദിനം അന്നാർത്ഥം
ഉത്–തമേ അമൃത–ത്വേ	— ഉത്കൃഷ്ടേ മരണരഹിതേപദേ
ദധാസി	— ധാരയസി.
യഃ (യജമാനഃ)	
ഉഭയായ ജന്മനേ	— ദ്വിപദാം ചതുഷ്പദാം ച ലാഭായ
തതൃഷാണഃ	— തൃഷ്ണായുക്തഃ (ഭവതി)
(തസ്മൈ) സൂരയേ	— അഭിജ്ഞായ യജമാനായ
മയഃ പ്രയഃ ച	— സുഖം അന്നമപി
ആ കൃണോഷി	— സർവ്വതഃ കരോഷി

അർത്ഥം—അല്ലയോ അഗ്നേ, അവിടത്തെ സേവിക്കുന്ന മനുഷ്യനെ അവിടന്ന് ദിവസംപ്രതി നിത്യാന്നാർഹനായി ഉൽകൃഷ്ടമായ മരണരഹിതസ്ഥാനത്ത് നിലനിർത്തുന്നു ഏതുയജമാനൻ ഇരുകാലികളുടെയും നാല്കാലികളുടെയും സിദ്ധിക്ക് ആഗ്രഹമുള്ളവനോ ആ അഭിജ്ഞനായ യജമാനന് സുഖവും അന്നവും എല്ലാവിധത്തിലും ഉണ്ടാക്കുന്നു

8 ത്വംനോ അഗ്നേ സനയേ ധനാനാം

യശസംകാരും കൃണുഹിസ്തവാനഃ

ഋധ്യാമകർമ്മാപസാനവേന

ദേവൈർദ്യാവാപൃഥിവീ പ്രാവതംനഃ

അന്വയഃ:—

ഹേ അഗ്നേ, സ്തവാനഃ ത്വം — സ്തൂയമാനഃ ത്വം
നഃ ധനാനാം സനയേ — അസ്മാകം ധനാനാം ദാനാർത്ഥം
യശസം, കാരും — യശോയുക്തം, കർമ്മണാം കർത്താരം (പുത്രം)
കൃണുഹി — കുരു
നവേന അപസാ — നൂതനേന കർമ്മണാ. (പ്രാപ്തേനത്വദ്ദത്തേനപുത്രേണ)
കർമ്മ — യാഗദാനാദിരൂപംകർമ്മ
ഋധ്യാമ — വർദ്ധയാമ
ഹേ ദ്യാവാപൃഥിവീ, — ദ്യാവാപൃഥിവ്യൗ, ഉഭേദേവതേ,
(അന്യൈഃ) ദേവൈഃ
(സഹ) നഃ പ്ര അവതം — അസ്മാൻ പ്രകർഷേണ രക്ഷതം

അർത്ഥം—അല്ലയോ അഗ്നേ, സ്തുതിക്കപ്പെടുന്ന അവിടുന്നു് ഞങ്ങൾക്കു് ധനംനേടിത്തരുവാൻ, കീർത്തിമാനും കർമ്മകർത്താവും ആയ ഒരു പുത്രനെ ഉണ്ടാക്കിത്തരണം, അവിടുന്നു് തന്നരുളിയ പുത്രനെക്കൊണ്ടു് പുതിയകർമ്മത്താൽ യാഗദാനാദിരൂപമായ കർമ്മം വർദ്ധിച്ചാവൂ. (കർമ്മവൃദ്ധിക്കാണു് ധനം. ആ ധനം നേടാനാണു് പുത്രൻ. പുത്രൻനേടിത്തരുന്ന ധനവും കർമ്മത്തിന്നുതന്നെ. ധനം നേടുന്നതും നല്ലവഴിക്കുവേണം. അതാണു് കീർത്തിമാനാവണം പുത്രൻ എന്ന നിബന്ധന.) അല്ലയോ ദ്യാവാപൃഥിവികളേ, ദേവതകളായ നിങ്ങളിരുവരും മറ്റുദേവന്മാരോടുകൂടി ഞങ്ങളെ വേണ്ടപോലെ രക്ഷിക്കണം.

9 ത്വന്നോ അഗ്നേ പിത്രോരുപസ്ഥ ആ
ദേവോ ദേവേഷ്വനവദ്യ ജാഗൃവിഃ
തനൂകൃദ്ബോധി പ്രമതിശ്ച കാരവേ
ത്വം കല്ല്യാണവസു വിശ്വമോപിഷേ

അന്വയം —

ഹേ അനവദ്യ, അഗ്നേ,	— ദോഷരഹിതാഗ്നേ,
(സർവ്വേഷു) ദേവേഷു	
(മധ്യേ) ദേവഃ ജാഗൃവിഃ	— ദ്യോതമാനഃ, ജാഗരൂകഃ
ത്വം പിത്രോഃ ഉപ-സ്ഥേ	— ദ്യാവാപൃഥിവ്യോഃ സമീപസ്ഥാനേ
(വർത്തമാനസ്സൻ) നഃ	— അസ്മാകം
തനൂ-കൃത്	— പുത്രശരീരകാരീ (ഭൂത്വാ)
ആ ബോധി	— ബുദ്ധ്യസ്വ, അനുഗൃഹാണ
(തഥാ) കാരവേ	— കർമ്മകർത്രേ യജമാനായ
പ്ര-മതിഃ ച	— അനുഗ്രഹരൂപപ്രകൃഷ്ടമതിശ്ച (ഭവ)
ഹേ കല്യാണ,	— മംഗളരൂപ
ത്വം വിശ്വം വസു	— സർവ്വമപി ധനം
ആ ഉവപിഷേ	— യജമാനാർത്ഥം ആവപസി

അർത്ഥം—അല്ലയോ ദോഷരഹിതനായ അഗ്നേ, എല്ലാ ദേവന്മാരുടെയും ഇടയിൽ ദേവനും (പ്രകാശവാനും) ജാഗരൂകനുമായ അവിടുന്ന് ദ്യാവാപൃഥിവികളുടെ സമീപസ്ഥാനത്തിൽ വർത്തിച്ച് ഞങ്ങൾക്ക് പുത്രശരീരകാരിയായി (അനുഗ്രഹംകൊണ്ട് പുത്രനുണ്ടാവുകയെന്നോ അവിടുന്ന് തന്നെ പുത്രനായി ജനിക്കുക എന്നോ രണ്ട് വിധത്തിലും അർത്ഥം പറയാം) പ്രസന്നനായി അനുഗ്രഹിച്ചാലും. അതുപോലെ കർമ്മിയായ യജമാനന് അനുഗ്രഹബുദ്ധിയായി ഭവിച്ചാലും. അല്ലയോ മംഗളാത്മൻ, അവിടുന്നാണല്ലോ എല്ലാ ധനവും (ഐശ്വര്യവും) യജമാനനു വേണ്ടി വിതക്കുന്നത്

10 ത്വമഗ്നേ പ്രമതിസ്ത്വം പിതാസി ന-
സ്ത്വം വയസ്കൃത്തവ ജാമയോ വയം
സം ത്വാ രായഃ ശതിനസ്സം സഹസ്രിണഃ
സുവീരം യന്തി വ്രതപാമദാഭ്യ വ 33

അന്വയം —

ഹേ അഗ്നേ, ത്വം

പ്ര—മതിഃ — അസ്മദനുഗ്രഹപ്രകൃഷ്ടമതിഃ

ത്വം നഃ പിതാ അസി — അസ്മാകംപാലകഃ അസി

ത്വം വയഃ—കൃത് — ആയുഷ്യപ്രദഃ

വയം തവ ജാമയഃ — ബന്ധവഃ

ഹേ അദാഭ്യ, — കേനാപ്യഹിംസനീയ, (അഗ്നേ,)

സു—വീരം — ശോഭനപുരുഷയുക്തം

വ്രത—പാം ത്വാ — കർമ്മണഃ പാലകം (ത്വാം)

ശതിനഃ സഹസ്രിണഃ

രായഃ — ശതസംഖ്യാകാനി സഹസ്ര സംഖ്യാകാനി ധനാനി

സം യന്തി — സമ്യക് പ്രാപ്നുവന്തി

അർത്ഥം—അല്ലയോ അഗ്നേ അവിടുന്ന് ഞങ്ങളിൽ പ്രകൃഷ്ട മായ അനുഗ്രഹമനസ്സുള്ളവനാണ് അവിടുന്ന് ഞങ്ങളുടെ അച്ഛനാണ് രക്ഷിതാവാണ് അവിടുന്ന് ഞങ്ങൾക്ക് ആയുഃ പ്രദനാണ് ഞങ്ങൾ അവിടത്തെ ബന്ധുക്കളാണ് ആരാലും അജയ്യനായ അഗ്നേ ശൂരരായ കൂട്ടുകാരോടുകൂടിയവനും കർമ്മ പാലകനുമായ അവിടത്തെ നൂറുകണക്കിലും ആയിരക്കണക്കി ലും ഉള്ള ഐശ്വര്യങ്ങൾ (ധനങ്ങൾ) പ്രാപിക്കുന്നു സർവ്വൈശ്വ ര്യങ്ങളും അവിടത്തെ പക്കലാണെന്നു സാരം

വർഗ്ഗം 34

11 ത്വാമഗ്നേ പ്രഥമമായുമായവേ

ദേവാ അകൃണ്വന്നഹുഷസ്യ വിശ്പതിം

ഇളാമകൃണ്വൻ മനുഷസ്യ ശാസനീം

പിതുര്യത്പുത്രോ മമകസ്യ ജായതേ

അന്വയം —

ഹേ അഗ്നേ, ത്വാം പ്രഥമം — പുരാ

ദേവാഃ ആയവേ — ആയവേ, മനുഷ്യരൂപസ്യ

നഹുഷസ്യ — ഏതന്നാമകസ്യരാജ്ഞഃ
ആയും വിശ്പതിം
ആകൃണ്വൻ — മനുഷ്യരൂപം സേനാപതിം കൃതവന്തഃ
(തഥാ) മനുഷസ്യ — മനോഃ
ഇളാം — ഏതന്നാമധേയാം പുത്രീം
ശാസനീം അകൃണ്വൻ — ധർമ്മോപദേശകർത്രീം കൃതവന്തഃ
യൽ മമകസ്യ — യദാ മദീയസ്യ, ഹിരണ്യസ്തൂപ സംബന്ധിനഃ
(യഃ അംഗിരാഃ തസ്യ)
പിതുഃ പുത്രഃ ജായതേ — തദാനീം ത്വമേവ പുത്രരൂപ ആസീഃ

അർത്ഥം—അല്ലയോ അഗ്നേ അവിടുത്തെ പണ്ടു ദേവന്മാർ മനുഷ്യരൂപനായ, നഹുഷനെന്ന പേരായ രാജാവിന്റെ മനുഷ്യരൂപനായ സേനാപതിയാക്കി പിന്നെ മനുവിന്റെ ഇള എന്ന പേരായ മകളെ ധർമ്മോപദേശകർത്രിയാക്കി അന്ന് ഹിരണ്യസ്തൂപനെന്ന എന്റെ വംശത്തിൽ അംഗിരസ്സെന്ന പ്രപൂപ്പികന് (മുതുമുത്തച്ഛന്) അവിടുന്നുതന്നെ പുത്രരൂപനായിപ്പിറന്നു (അതുകൊണ്ടാണ് അവിടുന്ന് പ്രഥമനായ അംഗിരസ്സെന്ന് മുൻപു പറഞ്ഞതു്)

12 ത്വന്നോ അഗ്നേ തവദേവപായുഭി
ർമഘോനോ രക്ഷതന്വശ്ചവന്ദ്യ
ത്രാതാതോകസ്യ തനയേ ഗവാമ–
സ്യനിമേഷം രക്ഷമാണസ്തവവ്രതേ

അന്വയം —
ഹേ വന്ദ്യ അഗ്നേ ദേവ
ത്വം — പൂജ്യാഗ്നേ ത്വം
തവ പായു–ഭിഃ — ത്വദീയൈഃ പാലനൈഃ
മഘോനഃ — ധനയുക്താൻ
നഃ രക്ഷ — അസ്മാൻ രക്ഷ

(തഥാ) തനവഃ ച — തന്വഃ, പുത്രദേഹാനപി (രക്ഷ)
തോകസ്യ തനയേ — അസ്മദീയ പുത്രസ്യ തനയഃ, തസ്മിൻ
തവ വ്രതേ — ത്വദീയേ കർമ്മണി,
അനി—മേഷം രക്ഷമാണഃ — നിരന്തരം സാവധാനോ വർത്തതേ.
(തസ്മിൻ കർമ്മണി യാ
ഗാവഃ വർത്തതേ താസാം.)
ഗവാം (ത്വം) ത്രാതാ
അസി — രക്ഷകോസി.
(ഈദൃശസ്യ തവ
അസ്മദ്രക്ഷണേ കിമുവക്തവ്യം?)

അർത്ഥം—അല്ലയോ വന്ദനീയനായ അഗ്നേ, ദേവ, അവിടുത്തെ പരിപാലനത്താൽ ധനവാന്മാരായ ഞങ്ങളെ രക്ഷിച്ചാലും. അതുപോലെ പുത്രദേഹങ്ങളെയും രക്ഷിച്ചാലും. ഞങ്ങളുടെ പൌത്രൻ അവിടുത്തെസംബന്ധിച്ച കർമ്മത്തിൽ ഇടവിടവില്ലാതെ ശ്രദ്ധാലുവാണ്. ആ കർമ്മത്തിൽ ഏർപ്പെട്ട പശുക്കളുടെയും രക്ഷകൻ അവിടുന്നാകുന്നു.. ഇപ്രകാരമുള്ള അവിടുത്തോട് ഞങ്ങളുടെ രക്ഷയെപ്പററി എന്തു പറയേണ്ടതുണ്ട്?

13 ത്വമഗ്നേ യജ്യവേപായുരന്ത—
രോനിഷംഗായ ചതുരക്ഷ ഇധ്യസേ
യോരാതഹവ്യോ വൃകായ ധായസേ
കീരേശ്ചിന്മന്ത്രം മനസാ വനോഷിതം.

അന്വയം—:—
ഹേ അഗ്നേ, ത്വം യജ്യവേ — യഷ്ട്യുഃ, യജമാനസ്യ
പായുഃ — പാലകഃ
അന്തരഃ — സമീപവർത്തീ (സൻ)
അനിഷംഗായ — രക്ഷോഭിരസംബദ്ധായ (യജ്ഞായ)
ചതുഃ—അക്ഷഃ — ദിക് ചതുഷ്ടയേപി ഇന്ദ്രിയ സ്ഥാനീയജ്വാലാത്മകഃ

ഇധ്യസേ — ദീപ്യസേ
അവൃകായ — അഹിംസകായ
ധായസേ — പോഷകായ (തുഭ്യം)
രാത—ഹവ്യഃ യഃ — ദത്തഹവിഷ്കഃ യഃ യജമാനഃ അസ്തി
കീരേഃ ചിൽ — സ്തോതുരേവ സതഃ തസ്യസംബന്ധി
മന്ത്രം — ത്വദീയസ്തോത്രരൂപം
മനസാ — ത്വദീയേനചിത്തേന
തം (പ്ര) വനോഷി — യാചസി

അർത്ഥം—അല്ലയോ അഗ്നേ, അവിടുന്ന് യജമാനനെ രക്ഷകനായി സമീപവർത്തിയായി, രക്ഷസ്സുകളാൽ അബാധിതമായ യജ്ഞത്തിൽ അവിടുത്തെ ഇന്ദ്രിയസ്ഥാനീയങ്ങളായ ജ്വാലകളോടുകൂടി പ്രശോഭിക്കുന്ന അഹിംസകനും (ദയാലുവും) പുഷ്ടികരനുമായ അവിടുത്തേക്ക് ഏതു യജമാനൻ ഹവിർദ്ദാതാവായി ഭവിക്കുന്നുവോ, സ്തോതാവിന്ന് അവിടുത്തെ സ്തുതിക്കുന്ന മന്ത്രമുണ്ടോ, അതിനെയും അദ്ദേഹത്തെയും (ആ യജമാനനെയും) അവിടുന്ന് മനസ്സുകൊണ്ട് കാമിക്കുന്നു, ഇഷ്ടപ്പെടുന്നു

14 ത്വമഗ്ന ഉരുശംസായ വാഘതേ
സ്പാർഹംയദ്രേക്ണഃ പരമം വനോഷിതൽ
ആധ്രസ്യചിൽ പ്രമതിരുച്യസേപിതാ
പ്രപാകം ശാസ്സി പ്രദിശോവിദുഷ്ടരഃ

അന്വയം —
ഹേ അഗ്നേ ത്വം ഉരു—
ശംസായ — ബഹുഭിസ്തോതവ്യായ
വാഘതേ — ഋത്വിജേ, തദുപകാരാർത്ഥം
സ്പാർഹം, പരമം — സ്പൃഹണീയം ഉത്തമം
യൽ രേക്ണഃ — ധനം (അസ്തി)
തൽ (ധനം) വനോഷി — അനുഷ്ഠാതാ ലഭതാം, ഇതി കാമയസേ

(തഥാ ത്വം)

ആധ്രസ്യ ചിൽ	—	സർവ്വതോധരണീയസ്യ, പോഷണീയസ്യ ദുർബ്ബലസ്യ, യജമാനസ്യാപി
പ്ര—മതിഃ പിതാ (ഇത്യഭിജ്ഞൈഃ)	—	പ്രകൃഷ്ടബുദ്ധിയുക്തഃ പാലകഃ
ഉച്യസേ	—	കഥ്യസേ.
(തഥാ) വിദുഃ-തരഃ	—	അതിശയേനാഭിജ്ഞഃ (ത്വം)
പാകം	—	ശിഷ്യം, തഥാവിധം യജമാനം
പ്ര ശാസ്സി	—	പ്രകർഷേണ അനുശിഷ്ടം കരോഷി
(തഥാ) ദിശഃ (ത്വദീയശാസനാഭാവേ അനുഷ്ഠാതൄണാം ദേവാനാം ച വിഭ്രമഃ സ്യാൽ)	—	പ്രാച്യാദികാഃ (പ്രശാസ്സി)

അർത്ഥം—അല്ലയോ അഗ്നേ, പലരാലും പുകഴ്ത്തപ്പെടുന്ന ളുത്വാകിന്നു്, ആശാസ്യവും ഉൽകൃഷ്ടവുമായ ധനം യാതൊന്നോ, അതുണ്ടാവാൻ അവിടുന്നു് കാമിക്കുന്നു അതുപോലെ ദുർബ്ബലനായ (ദരിദ്രനായ) യജമാനനും ധനം ധരിക്കാനും പോഷിപ്പിക്കാനും അവിടുന്നു് പ്രകൃഷ്ടബുദ്ധിയുക്തനായ (അനുകൂലമായി ഉറച്ച മനസ്സോടുകൂടിയ) രക്ഷിതാവാകുന്നു എന്നു് അഭിജ്ഞന്മാരാൽ പറയപ്പെടുന്നു. പിന്നെ ഏററവും അഭിജ്ഞനായ അവിടുന്നു് അനഭിജ്ഞനായ (വിജ്ഞതയിൽ ശിശുവായ) യജമാനനെ വേണ്ടപോലെ അനുശാസിക്കുന്നു അതുപോലെ അവിടുന്നു് കിഴക്കു മുതലായ ദിക്കുകളെയും ശാസിക്കുന്നു. (ദിക്കുകളിൽ ഉദയാസ്തമയാദികളും ഗ്രഹനക്ഷത്രാദികളുടെ ദിഗന്തസഞ്ചാരങ്ങളായ ചലനങ്ങളും അവിടുന്നു് നിയന്ത്രിക്കുന്നു ആഹവനീയാദിരൂപങ്ങളിൽ കിഴക്കു മുതലായ ദിക്കുകളിൽ സ്ഥിതനായി അനുഷ്ഠാതാക്കൾക്കും ദേവന്മാർക്കും ദിഗ്ബോധമുണ്ടാകുന്നു. അവിടുത്തെ ശാസനയില്ലെങ്കിൽ അവർക്കു് വിഭ്രമം പറ്റും).

വർഗ്ഗം 35

15 ഇമാമഗ്നേ ശരണിം മീമൃഷോന–

ഇമമധ്വാനം യമഗാമദൂരാൽ

ആപിഃ പിതാപ്രമതിസ്സോമ്യാനാം

ഭൃമിരസ്യൃഷികൃൻ മർത്യാനാം

അന്വയം:—

ഹേ അഗ്നേ, നഃ ഇമാം	— അസ്മൽ സംബന്ധിനീം, ഇദാനീംസംപാദിതാം
ശരണിം മീമൃഷഃ	— വ്രതലോപരൂപാംഹിംസാം ക്ഷമസ്വ
(തഥാ ത്വദീയസേവാം അഗ്നിഹോത്രാദിരൂപാം പരിത്യജ്യ)	
ദൂരാൽ	— ദൂരദേശേ
യം ഇമംഅധ്വാനംഅഗാമ	— വയം ഗതവന്തഃ (തദപിക്ഷമസ്വ)
സോമ്യാനാം മർത്യാനാം	— സോമാർഹാണാം അനുഷ്ഠാതൄണാം
(ത്വം) ആപിഃ, പിതാ,	
പ്ര–മതിഃ	— പ്രാപണീയഃ, പാലകഃ, പ്രകൃഷ്ടമനനയുക്തഃ
ഭൃമിഃ, ഋഷി–കൃൽ അസി	— കർമ്മനിർവ്വാഹകഃ, ദർശനകാരീ

(അനുജിഘൃക്ഷയാ പ്രത്യക്ഷോ ഭവസി).

അർത്ഥം—അല്ലയോ അഗ്നേ, ഞങ്ങളെസ്സംബന്ധിച്ച് ഇപ്പോഴ് വന്നുചേർന്നിട്ടുള്ള വ്രതലോപപരമായ വീഴ്ച ക്ഷമിച്ചാലും. അതുപോലെ അഗ്നിഹോത്രാദികളായ അവിടത്തെ ഉപാസനകളെ പരിത്യജിച്ച് ഞങ്ങൾ ദൂരദേശത്തേയ്ക്ക് വഴിതെറ്റിപ്പോയതും ക്ഷമിച്ചാലും. സോമാർഹന്മാരായ കർമ്മാനുഷ്ഠാതാക്കൾക്ക് അവിടന്ന് പ്രാപണീയനാണ്, പാലകനാണ്, പ്രൗഢബുദ്ധിയാണ്, കർമ്മനിർവ്വാഹകനാണ്, അതീന്ദ്രിയദർശനദാതാവാണ്. ഞങ്ങളെ അനുഗ്രഹിക്കാൻ വെമ്പിയാണല്ലോ അവിടന്ന് പ്രത്യക്ഷനാകുന്നത്.

17 മനുഷ്വദഗ്നേ അംഗിരസ്വദംഗിരോ—
യയാതിവൽസദനേ പൂർവ്വവച്ഛുചേ
അച്ഛയാഹ്യാവഹാദൈവ്യം ജന—
മാസാദയബർഹിഷി യക്ഷിചപ്രിയം.

അന്വയം:—

ഹേ ശുചേ,	— ശുദ്ധിയുക്ത,
അംഗിരഃ അഗ്നേ	— അംഗനശീല, ഹവിരാദാനായ തത്രതത്രഗമനശീല,
അച്ഛ	— ആഭിമുഖ്യേന
സദനേ	— ദേവയജനദേശേ
മനുഷ്വൽ, അംഗിരസ്വൽ,	
യയാതി-വൽ	— യഥാമനുഃ, അംഗിരാഃ, യയാതിന്നാമരാജാ (ച)
പൂർവ്വ-വൽ	— യഥാ അന്യേ പൂർവ്വപുരുഷാഃ ഗച്ഛന്തി
(തഥാ) യാഹി	— ഗച്ഛ
(ഗത്വാ ച)ദൈവ്യം ജനം	
ആ വഹ	— ദേവതാസമൂഹരൂപം ജനം അസ്മിൻ കർമ്മണി ആനയ.
(ആനീയ ച) ബർഹിഷി	
(താൻ) ആ സാദയ	— വിസ്തീർണ്ണേ ദർഭേ ഉപവേശയ
(ഉപവേശ്യ ച) പ്രിയം	— അഭീഷ്ടം ഹവിഃ
യക്ഷി ച	— ദേഹി

അർത്ഥം—[illegible] ശുദ്ധനും സർവ്വത്ര ഗമനശീലനുമായ അഗ്നേ, അവിടുന്ന് നേരിട്ട് ഈ ദേവയജനസ്ഥലത്ത്, പണ്ട് മനുവും അംഗിരസ്സും, യയാതി എന്ന രാജാവും മററു പൂർവ്വ പുരുഷന്മാരും യാഗത്തിന്നു വന്നെത്തുന്നതുപോലെ, വന്നുചേർന്നാലും. വന്ന്, ദേവന്മാരുടെ സമൂഹത്തെ ഈ കർമ്മത്തിലേക്ക് ആനയിച്ചാലും. ആനയിച്ചിട്ട്, വിസ്തീർണ്ണമായ ദർഭ്ഭവിരിപ്പിൽ ഇരുത്തിയാലും. ഇരുത്തി, അവർക്ക് അഭീഷ്ടമായ ഹവിസ്സു നല്കിയാലും.

18 ഏതേനാഗ്നേ ബ്രഹ്മണാ വാവൃധസ്വ
ശക്തീ വാ യത്തേ ചകൃമാ വിദാ വാ
ഉത പ്രണേഷ്യഭി വസ്യോ അസ്മാ-
ന്ത്സം നഃ സൃജ സുമത്യാ വാജവത്യാ വ 35

അന്വയം:—

ഹേ അഗ്നേ, വവൃധസ്വ	— അഭിവൃദ്ധോഭവ
ശക്തീ വാ വിദാ വാ	— അസ്മദീയ ശക്ത്യാച അസ്മദീയജ്ഞാനേന ച
തേ യൽ ചകൃമ	— തവ യൻ സ്തോത്രം വയം കൃതവന്തഃ
ഏതേന ബ്രഹ്മണാ	— മന്ത്രേണ
ഉത	— അപി ച
അസ്മാൻ	— അനുഷ്ഠാതൄൻ
വസ്യഃ	— വസുമത്തരത്വലക്ഷണം ശ്രേയഃ
അഭി പ്ര നേഷി	— പ്രകർഷേണ ആഭിപ്രാപയ
നഃ വാജ-വത്യാ	— അസ്മാൻ പ്രഭൂതാന്നയുക്തയാ
സു-മത്യാ സം സൃജ	— അനുഷ്ഠാനവിഷയയാ ശോഭനബുദ്ധ്യാ സംയോജയ

അർത്ഥം—അല്ലയോ അഗ്നേ, ഞങ്ങളുടെ ശക്തികൊണ്ടോ ജ്ഞാനംകൊണ്ടോ അവിടത്തെക്കുറിച്ച് (ചില) സ്തോത്രങ്ങളുണ്ടാക്കി ആ മന്ത്രങ്ങളെക്കൊണ്ട് അവിടുന്ന് വർദ്ധിച്ചാലും. പിന്നെ അനുഷ്ഠാതാക്കളായ ഞങ്ങളെ വസുമത്തരായ (മികച്ച ധനത്തോടു കൂടിയ) ശ്രേയസ്സിങ്കലെത്തിച്ചാലും. അന്നസമ്പത്തിയോടും അനുഷ്ഠാനവിഷയത്തിൽ തെളിഞ്ഞ ബുദ്ധിയോടും ഞങ്ങളെ യോജിപ്പിച്ചാലും. (ധനസമ്പത്തിയോടൊപ്പം കർമ്മനിഷ്ഠയും ഉണ്ടാവണം എന്നു സാരം)

വർഗ്ഗം 36, 37, 38 ത്രിഷ്ടുപ്ഛന്ദഃ ഇന്ദ്രോദേവതാ.

1 ഇന്ദ്രസ്യനവീര്യാണിപ്രവോചം
യാനിചകാര പ്രഥമാനിവജ്രീ
അഹന്നഹി മന്വപസ്തതർദ
പ്രവക്ഷണാ അഭിനൽ പർവ്വതാനാം

അന്വയം:—

വജ്രീ	— വജ്രയുക്തഃ ഇന്ദ്രഃ
പ്രഥമാനി യാനി (വീര്യാണി) ചകാര	— മുഖ്യാനി പരാക്രമയുക്താനി കർമ്മാണി ചകാര (തസ്യ) ഇന്ദ്രസ്യ (താനി) വീര്യാണി
നു പ്ര വോചം	— ക്ഷിപ്രം പ്രബ്രവീമി
അഹിം അഹൻ	— മേഘംഹതവാൻ
അനു അപഃ തതർദ്ദ	— പശ്ചാൽജലാനി ഹിംസിതവാൻ, ഭൂമൌ പതിതവാൻ
പർവ്വതാനാം (സംബന്ധിനീഃ) വക്ഷണാഃ	— പ്രവഹണശീലാനദീഃ
പ്ര അഭിനൽ	— ഭിന്നവാൻ, പ്രവാഹിതവാൻ

അർത്ഥം:—വജ്രായുധനായ ഇന്ദ്രൻ ചെയ്തിട്ടുള്ള മുഖ്യങ്ങളായ പരാക്രമകർമ്മങ്ങൾ ഏവയൊക്കെയാണോ, ഇന്ദ്രന്റെ ആ അപദാനങ്ങളെ ഞാനിതാ പറയുന്നു അവിടുന്ന് മേഘത്തെ ഉടച്ചു ഉടനേ വെള്ളങ്ങളെ ഭൂമിയിൽ വീഴ്ത്തി പർവ്വതങ്ങളിൽ നിന്നൊഴുകുന്ന വെള്ളച്ചാട്ടങ്ങളെ രണ്ടു കരകൾക്കുള്ളിലൊതുക്കി പുഴകളായി പ്രവഹിപ്പിച്ചു

2 അഹന്നഹിം പർവ്വതേ ശിശ്രിയാണം
ത്വഷ്ടാസ്മൈ വജ്രം സ്വര്യം തതക്ഷ
വാശ്രാഇവധേനവ സ്യന്ദമാനാ—
അഞ്ജഃസമുദ്രമവ ജഗ്മുരാപഃ

അന്വയം —

പർവ്വതേ ശിശ്രിയാണം — ആശ്രിതം
അഹിം അഹൻ — മേഘം ഹതവാൻ
അസ്മൈ (ഇന്ദ്രായ) ത്വഷ്ടാ — വിശ്വകർമ്മാ
സ്വര്യം — സുഷ്ഠു പ്രേരണീയം, സ്തുത്യം
വജ്രം തതക്ഷ — തനൂകൃതവാൻ
(തേന വജ്രേണ മേഘേ
ഭിന്നേ സതി) സ്യന്ദമാനാഃ — പ്രസ്രവണയുക്താഃ
ആപഃ വാശ്രാഃ—ഇവ
ധേനവഃ — വത്സാൻപ്രതി ഹംബാരവോപേതാഃ ഗാവ ഇവ
സമുദ്രം അഞ്ജഃ അവ
ജഗ്മുഃ — സമ്യക് പ്രാപ്താഃ

അർത്ഥം—പർവ്വതത്തെ ആശ്രയിച്ചു നിന്നിരുന്ന മേഘത്തെ ഇന്ദ്രൻ ഉടച്ചു. അവിടേക്കുവേണ്ടി വിശ്വകർമ്മാവ് സുക്ഷ്ഠാപ്രയോഗക്ഷമമായ വജ്രത്തിന്ന് മൂർച്ചകൂട്ടി. ആ വജ്രത്താൽ മേഘം പിളരപ്പെട്ടപ്പോൾ ഒഴുകിക്കൊണ്ടു ജലങ്ങൾ, കുട്ടികളെക്കുറിച്ച് ഇമ്പാശബ്ദം പുറപ്പെടുവിച്ച് ഓടിച്ചെല്ലുന്ന തള്ളപ്പശുക്കളെപ്പോലെ, സമുദ്രത്തെ മുറക്ക് പ്രാപിച്ചു.

3 വൃഷായമാണോ വൃണീത സോമം
ത്രികദ്രുകേഷ്വപിബൽ സുതസ്യ
ആസായകം മഘവാദത്ത വജ്ര—
മഹന്നേനം പ്രഥമജാ മഹീനാം

അന്വയം:—

വൃഷ—യമാണഃ — വൃഷ ഇവ ആചരൻ (ഇന്ദ്രഃ)
സോമം അവൃണീത — വൃതവാൻ
ത്രി—കദ്രുകേഷു — ജ്യോതിഃ, ഗൌഃ, ആയുഃ, ഇത്യേതന്നാമകാഃ ത്രയോയാഗാഃ തേഷു
സുതസ്യ — അഭിഷുതസ്യ സോമസ്യാംശം

അപിബൽ — പീതവാൻ
മഘ—വാ — ധനവാൻ ഇന്ദ്രഃ
സായകം വജ്രം ആ
അദത്ത — ബന്ധകം വജ്രം സ്വീകൃതവാൻ
(തേനവജ്രേണ)
അഹീനാം — മേഘാനാം മധ്യേ
പ്രഥമ—ജാം ഏനം — പ്രഥമോൽപ്പന്നം മേഘം
അഹൻ — ഹതവാൻ

അർത്ഥം—ഇന്ദ്രൻ കാളയായിച്ചമഞ്ഞ് സോമത്തെ കൈക്കൊണ്ടു ജ്യോതിഃ ഗൌഃ ആയുഃ എന്നീ പേരുകളോടുകൂടിയ മൂന്നു യാഗങ്ങളിൽ സംസ്കരിച്ച സോമത്തിന്റെ അംശം കുടിച്ചു ധനവാനായ ഇന്ദ്രൻ ലോകത്തെ കീഴിൽ നിർത്താൻ മതിയായ വജ്രത്തെ സ്വീകരിച്ചു ആ വജ്രംകൊണ്ട് മേഘങ്ങളിൽ ആദ്യമുണ്ടായതിനെ ഉടച്ചു

4 യദിന്ദ്രാഹൻ പ്രഥമജാ മഹീനാ—
മാൻമായിനാ മമിനാഃ പ്രോതമായാഃ
ആൽസൂര്യം ജനയന്ദ്യാ മുഷാസം
താദീത്നാ ശത്രും ന കിലാവിവിത്സേ

അന്വയം —

ഉത — അപി ച
ഹേ ഇന്ദ്ര യൽ — യദാ
അഹീനാം പ്രഥമ—ജാം — മേഘാനാംമധ്യേ പ്രഥമോല്പന്നം മേഘം
അഹൻ — ഹതവാനസി
ആൽ മായിനാം — അനന്തരം മായോപേതാനാമസുരാണാം
മായാഃ പ്ര അമിനാഃ — പ്രകർഷേണ നാശിതവാനസി
(അനന്തരം) സൂര്യം
ഉഷസം ദ്യാം — ഉഷഃകാലം ആകാശം ച

ജനയൻ — ഉൽപ്പാദയൻ, ആവരകമേഘ നിവാരണേന പ്രകാശയൻ വർത്തസേ
താദീത്നാ — തദാനീം, ആവരകാന്ധകാരാ ഭാവാൽ
ശത്രും — ഘാതകം വൈരിണം
ന വിവിത്സേ കില — ന ലബ്ധവാൻ ഖലു

അർത്ഥം—മാത്രമല്ല, അല്ലയോ ഇന്ദ്ര, എപ്പോഴം അവിടുന്ന് മേഘങ്ങളിൽ ഒന്നാമത്തേതിനെ പിളർന്നുവോ, പിന്നെ മായാ ശാലികളായ അസുരന്മാരുടെ മായകളെ നശിപ്പിച്ചുവോ, പിന്നെ സൂര്യനെയും പ്രഭാതത്തെയും ആകാശത്തെയും ഉണ്ടാക്കി പ്രകാശിപ്പിച്ച് വർത്തിച്ചുവോ, അപ്പോഴം, ഇരുട്ടുണ്ടാക്കുന്ന മേഘം നീങ്ങിത്തെളിഞ്ഞു്, ഘാതകനായ ശത്രുവിനെ മുമ്പിൽ കാണാതായി. ശത്രു പേടിച്ച് മറഞ്ഞു. (ഇരുട്ടിലാണ്, അജ്ഞാനത്തിലാണ് ശത്രുക്കളം, പാപങ്ങളം ബാധിക്കുന്നതു്. ജ്ഞാനത്തിൽ, വെളിച്ചത്തിൽ അവ മായുന്നു.)

5 അഹന്വൃത്രം വൃത്രതരം വ്യംസം
മിന്ദ്രോ വജ്രേണ മഹതാവധേന
സ്കന്ധാംസീവ കലിശേനാവിവൃ—
ക്ണാഹിശ്ശയത ഉപപൃക് പൃഥിവ്യാഃ. (വ.36)

അന്വയം:—
(അയം) ഇന്ദ്രഃ
മഹതാ വധേന — യഃ സംപാദിതോ മഹാൻ വധഃ, തേന.
വജ്രേണ കലിശേന — കഠാരേണ.
വി—വൃക്ണാ — വിശേഷതശ്ഛിന്നാനി
സ്കന്ധാംസി—ഇവ — വൃക്ഷസ്കന്ധാശ്ഛിന്നാ ഇവ
വൃത്ര—തരം — ആവരണൈഃ യസ്സുവ്വാൻ ശത്രൂൻ തരതിതം.
വൃത്രം — എതന്നാമകമസുരം.

വി–അംസം അഹൻ — വിഗതാംസഃ ഛിന്നബാഹുഃ യഥാഭവതി തഥാ ഹതവാൻ.
(തഥാസതി) അഹിഃ — വൃത്രഃ
പൃഥിവ്യാഃ (ഉപരി)
ഉപ–പൃക് — സാമീപ്യേന സംപൃക്തഃ
ശയതേ — ശയനം കരോതി, ഛിന്നകാഷ്ഠവൽ ഭൂമൌപതതി

അർത്ഥം—ഈ ഇന്ദ്രൻ യാതൊന്നുകൊണ്ടാണോ മഹത്തായ വധം സാധിക്കുന്നതു്, ആ വജ്രംകൊണ്ടു്, കോടാലിയാൽ മരത്തിന്റെ കൊമ്പിനെ എന്നപോലെ, എല്ലാശത്രുക്കളെയും ഇരുട്ടുകൊണ്ടു് മറച്ചു് മറികടക്കുന്ന വൃത്രാസുരനെ, ചുമലിൽ വെട്ടി, കൈമുറിഞ്ഞവനാക്കിക്കൊന്നു. അപ്പോൾ വൃത്രൻ മുറിഞ്ഞ മരക്കൊമ്പുപോലെ ഭൂമിയ്ക്കു മുകളിൽ കിടപ്പായി.

6 അയോദ്ധേവ ദുർമ്മദ ആഹിജുഹ്വേ
മഹാവീരം തുവിബാധമൃജീഷം
നാതാരീദസ്യ സമൃതിം വധാനാം
സംരുജാനാഃ പിപിഷ ഇന്ദ്രശത്രുഃ

അന്വയം:—
ദുഃ–മദഃ — ദർപ്പയുക്തഃ (വൃത്രഃ)
മഹാ–വീരം — ഗുണൈർമ്മഹാന്തം, ശൂരം
തുവി–ബാധം — ബഹൂനാം ബാധകം
ഋജീഷം — ശത്രൂണാം അപാർജ്ജകം (ഇന്ദ്രം)
അയോദ്ധാ–ഇവ — യോദ്ധൃരഹിത ഇവ
ആ ജുഹ്വേ ഹി — ആഹൂതവാൻ ഖലു
അസ്യ (ഇന്ദ്രസ്യ സംബന്ധിനഃ യേ ശത്രുവധാസ്സന്തി, തേഷാം വധാനാം)
സം–ഋതിം — സംഗമം
ന അതാരീത് — തരീതും നാശക്നോൽ
ഇന്ദ്ര–ശത്രുഃ — ഇന്ദ്രഃ ശത്രുഃ യസ്യ സഃ (വൃത്രഃ)

(ഇന്ദ്രേണഹതഃ നദീഷുപതിതസ്സൻ)
രുജാനാഃ — നദീഃ
സം പിപിഷേ — സമ്യക്പിഷ്ടവാൻ
(നദീനാം പാഷാണാദികം ചൂർണ്ണമിത്യർത്ഥഃ)

അർത്ഥം—ദുരഹങ്കാരിയായ വൃത്രൻ, ഗുണവാനും, ശൂരനും, ഏത്രയോ ശത്രുക്കളെ ബാധിച്ചവനും, ഒടുക്കിയവനുമായ ഇന്ദ്രനെ അയോദ്ധാവ് (കൂടെ യോദ്ധാക്കളില്ലാത്തവൻ) എന്ന നിലയിൽ പോരിനു വിളിച്ചുവത്രെ. ഇന്ദ്രന്റെ ശത്രുവധങ്ങളുടെ സംഗമത്തെ (പാരമ്പര്യത്തെ) മറികടക്കാൻ അവൻ ശക്തനായില്ല. ഇന്ദ്രനാകുന്ന ശത്രുവോടുകൂടിയ വൃത്രൻ ഇന്ദ്രനാൽ കൊല്ലപ്പെട്ട് നദികളിൽ വീണു. ആ വീഴ്ചയിൽ പുഴകളിലെ പാറകളും പൊടിപൊടിയായി.

7 അപാദഹസ്തോ അപൃതന്യദിന്ദ്ര-
മാസ്യ വജ്രമധി സാനൌ ജഘാന
വൃഷ്ണോ വധ്രിഃ പ്രതിമാനം ബുഭൂഷൻ
പുരുത്രാ വൃത്രോ അശയദ് വ്യസ്തഃ

അന്വയം:—
അപാത് — വജ്രേണ ഛിന്നത്വാൽ പാദരഹിതഃ
അഹസ്തഃ — ഹസ്തരഹിതഃ (വൃത്രഃ)
വധ്രിഃ — ഛിന്നമുഷ്കഃ പുരുഷഃ
വൃഷ്ണഃ — രേതസ്സേചന സമർത്ഥസ്യ പുരുഷാന്തരസ്യ
പ്രതി-മാനം ബുഭൂഷൻ — സാദൃശ്യം പ്രാപ്തുമിച്ഛൻ (യഥാ ന ശക്നോതി)
ഇന്ദ്രം — ഇന്ദ്രമുദ്ദിശ്യ
അപൃതന്യത് — പൃതനാം, യുദ്ധം, ഐച്ഛൽ.
(ദോഷാധിക്യേന ബഹുധാ വിദ്ധോപിയുദ്ധം ന പരിത്യക്തവാൻ)
(ഇന്ദ്രഃ) അസ്യ സാനൌ — ഹസ്തപാദഹീനസ്യ പർവ്വത സാനുസദൃശേ പ്രൌഢസ്കന്ധേ

അധി — ഉപരി
വജ്രം ആ ജഘാന — ആഭിമുഖ്യേന ക്ഷിപ്തവാൻ
(സഃ) വൃത്രഃ പുരു-ത്രാ — ബഹുഷ്വവയവേഷു
വി—അസ്തഃ — വിവിധം ക്ഷിപ്തഃ, താഡിതസ്സൻ
അശയത് — ഭൂമൗ പതിതവാൻ

അർത്ഥം—വജ്രായുധം കൊണ്ടു് മുറിക്കപ്പെട്ടു് കാലും കയ്യുമററ വൃത്രൻ, വൃഷണം മുറിഞ്ഞുപോയ ഒരു പുരുഷൻ ശുക്ലബലമുള്ള ആളോടു് സമനാവാൻ ഇച്ഛിച്ചു് പററാത്തതുപോലെ, ഇന്ദ്രന്റെ നേരെ യുദ്ധം ചെയ്‌വാൻ (വിഫലമായി) അതിൻ ദ്വേഷാധിക്യം കൊണ്ടു് പലപാടും മുറിവേററിട്ടും പോരിൽ നിന്നു് പിൻതിരിഞ്ഞില്ല ഒരു കുന്നിന്റെ സമപ്രദേശം പോലെയുള്ള, കാലും കയ്യുമററ അവന്റെ ചുമലിൽ ഇന്ദ്രൻ വജ്രത്തെ വീണ്ടും ക്ഷേപിച്ചു ദേഹം മുഴുവൻ മുറിവുപററി വൃത്രൻ ഭൂമിയിൽ പതിച്ചു

8 നദംനഭിന്നമമുയാശയാനം
മനോരുഹാണാ അതിയന്ത്യാപഃ।
യാശ്ചിദ്വൃത്രോമഹിനാപര്യതിഷ്ഠ—
ത്താസാമഹിഃ പത്സുതശ്ശീർബ്ബഭൂവ

അന്വയം —
അമുയാ — അമുഷ്യാം പൃഥിവ്യാം
ശയാനം — പതിതം മൃതം വൃത്രം
മനഃ രുഹാണാഃ — നൃണാം ചിത്തമാരോഹന്ത്യഃ
ആപഃ — ജലാനി
ഭിന്നം നദം ന — ബഹുധാഭിന്നകൂലം സിന്ധുമിവ
അതി യന്തി — അതിക്രമ്യ ഗച്ഛന്തി
വൃത്രഃ (ജീവനദശായാം)
മഹിനാ — സ്വകീയേന മഹിമ്നാ
യാഃ ചിത് — യാ ഏവ മേഘഗതാഃ ആപഃ

പരി—അതിഷ്ഠൽ	— പരിവൃത്യസ്ഥിതവാൻ
അഹിഃ	— വൃത്രഃ, മേഘഃ
താസാം (അപാം)	
പഥ്സുതഃ—ശിഃ	— പാദസ്യാധശ്ശയാനഃ
ബഭൂവ	— അഭൂൽ

അത്ഥം—വൃത്രൻ ജീവിച്ചിരിക്കുമ്പോരം സ്വന്തം ശക്തികൊണ്ടു് മേഘത്തിലടഞ്ഞിയ ജലങ്ങളേവയെ, ഭൂമിയിൽ വീഴാതെ തടഞ്ഞുനിൎത്തിയോ, മനുഷ്യരുടെ മനസ്സിൽ കയറി അവക്കു് ആനന്ദവും കുളിരുമണക്കുന്ന ആ ജലങ്ങരം കരപൊട്ടി ഒഴുകുന്ന നദിപോലെ ഭൂമിയിൽ വീണുകിടക്കുന്ന വൃത്രനെ അതിക്രമിച്ചൊഴുകി. വൃത്രൻ ആ ജലങ്ങളുടെ കാൽച്ചുവട്ടിൽ പെട്ടു. (വൃത്രനെ ജനങ്ങരംക്കത്യന്താപേക്ഷിതമായ ജലവിതരണം മുടക്കുന്ന മനുഷ്യദ്രോഹിയുടെ പ്രതീകമായി ചിത്രീകരിക്കുന്നു ഇന്ദ്രനെ തദ്ദുരിതമോചകനായും.)

9 നീചാവയാ അഭവദ്വൃത്രപുത്രേ-
ന്ദ്രോ അസ്യാ അവവധജ്ജഭാര
ഉത്തരാസൂരധരഃ പുത്ര ആസീ-
ദ്ദാനുശ്ശയ സഹവത്സാനധേനുഃ

അന്വയം:—

വൃത്ര-പുത്രാ	— വൃത്രഃ പുത്രോയസ്യാഃ സാ (മാതാ)
നീചാ—വയാഃ അഭവൽ	— ന്യക്ഭാവംപ്രാപ്താ
(തദാനീം അയം) ഇന്ദ്രഃ	
അസ്യാഃ	— മാതുഃ
അവ	— അധോഭാഗേ, വൃത്രസ്യോപരി
വധഃ	— ഹനനസാധനമായുധം
ജഭാര	— പ്രഹൃതവാൻ
(തദാനീം) സൂഃ	— മാതാ
ഉൽ—തരാ	— ഉപരിസ്ഥിതാ (ആസീൽ)
പുത്രഃ അധരഃ	— അധോഭാഗേസ്ഥിതഃ ആസീൽ

(സാ) ദാനുഃ — ദാനവീ, വൃത്രമാതാ
സഹ-വത്സാ ധേനുഃ ന — യഥാവത്സസഹിതാ
ശയാനാ ഗൌഃ തഥാ
ശയേ — മൃതാ ശയനം കൃതവതീ

അർത്ഥം-വൃത്രനാകുന്ന പുത്രനോടു കൂടിയവൾ, അമ്മ, പുത്രനെ മറച്ചു കടന്നു അപ്പോൾ ഇന്ദ്രൻ അമ്മയുടെ അടിയിൽപെട്ട വൃത്രന്റെമേൽ വജ്രായുധമേല്പിച്ചു. തത്സമയം അമ്മ മുകളിലും പുത്രൻ താഴെയും സ്ഥിതരായി ആ അസുരസ്ത്രീ, വൃത്രമാതാവ്, കുട്ടിയോടുകൂടിയ ഒരു പശുപോലെ മരിച്ചു കിടന്നു (ദുർജ്ജനത്തെ സഹായിക്കുന്ന സർവ്വജനത്തിന്നും ദുർജ്ജനങ്ങൾക്കു സഹായത്തിന്നെത്തുന്ന സജ്ജനങ്ങൾക്കും നാശമാണെന്നു സൂചിപ്പിക്കുന്നു)

10 അതിഷ്ഠന്തീനാമനിവേശനാനാം
കാഷ്ഠാനാം മധ്യേ നിഹിതം ശരീരം
വൃത്രസ്യനിണ്യം വിചരന്ത്യാപോ-
ദീർഘംതമ ആശയദിന്ദ്രശത്രുഃ വർഗ്ഗം 37

അന്വയം —
വൃത്രസ്യ നിണ്യം — നിർന്നാമധേയം,
അപ്സുമഗ്നത്വേന തദീയം നാമ ന കോപി ജ്ഞായതേ
അതിഷ്ഠന്തീനാം — സ്ഥിതിരഹിതാനാം
അനി-വേശനാനാം — ഉപവേശരഹിതാനാം
കാഷ്ഠാനാം മധ്യേ നി-
ഹിതം ശരീരം — നിക്ഷിപ്തം ദേഹം
ആപഃ വി ചരന്തി — വിശേഷേണ ഉപരി ആക്രമ്യ പ്രവഹന്തി
ഇന്ദ്ര-ശത്രുഃ (ശരീരേജലമയേ പ്രക്ഷിപ്തേ സതി)
ദീർഘം തമഃ — ദീർഘം നിദ്രാത്മകം മരണം
ആ അശയത് — സമ്പ്രാപ്തഃ പതിതവാൻ

അൎത്ഥം—ജനങ്ങളാൽ പേർ പോലും മറക്കപ്പെട്ട വൃത്രന്റെ ജഡം, ഒരിടത്തും നില്ക്കാത്തതും ഇരിക്കാത്തതുമായ ജലത്തിൽ നിക്ഷിപ്തമായി. ജലസമൂഹം മേൽക്കൂടെ ആക്രമിച്ചൊഴുകി. ഇന്ദ്രശത്രുവായ വൃത്രൻ ദീൎഘതമസ്സിൽ, നിദ്രാത്മകമായ മരണത്തിൽ പൂൎണ്ണമായി പതിച്ചു.

11 ദാസപത്നീരഹിഗോപാ അതിഷ്ഠ—
ന്നിരുദ്ധാ ആപഃ പണിനേവഗാവഃ
അപാംബിലമപിഹിതം യദാസീ—
ദ്വൃത്രം ജഘന്വാ അപതദ്വവാര

അന്വയം:—

ദാസ—പത്നീഃ	— ദാസഃ വിശ്വോപക്ഷപണഹേതുഃ വൃത്രഃ പതിഃ യാസാം താഃ (ആപഃ)
(ആ വ ഏവ)	
അഹി-ഗോപാഃ	— അഹിഃ വൃത്രഃ ഗോപാ രക്ഷകഃ യാസാം താഃ
ആപഃ	— ഉദകാനി
പണിനാ—ഇവ ഗാവഃ	— പണി നാമകോസുരഃ ഗാഃ അപഹൃത്യബിലേസ്ഥാപയിത്വാ ബിലദ്വാരമാച്ഛാദ്യ യഥാ നിരുദ്ധവാൻ തഥാ,
നി—രുദ്ധാഃ അതിഷ്ഠൻ	— സ്ഥിതവത്യഃ
യൽ അപാം ബിലം	— പ്രവഹണദ്വാരം
അപി—ഹിതം ആസീൽ	— വൃത്രേണ നിരുദ്ധമാസീൽ
തൽ (ബിലം)	— പ്രവഹണദ്വാരം
വൃത്രം ജഘന്വാൻ	— ഹതവാൻ
ഇന്ദ്രഃ അപ വവാര	— അപാവൃതമകരോൽ

അൎത്ഥം—ദാസന്റെ (വിശ്വദ്രോഹിയായ വൃത്രന്റെ) അടിമകളും അദ്ദേഹത്തിന്റെ ആജ്ഞക്കു വഴങ്ങേണ്ടിവന്നു് സ്വച്ഛന്ദമൊഴുകാൻ തടസ്സപ്പെട്ടവരുമായ അപ്പുകൾ (ജലങ്ങൾ), പണി

എന്ന അസുരനാൽ അപഹരിക്കപ്പെട്ട് പുറത്തേക്കുള്ള വഴി അടഞ്ഞ ഗുഹയിൽ പെട്ട പശുക്കളെപോലെ തടയപ്പെട്ടിരിക്കുകയായിരുന്നു. ജലങ്ങളുടെ പ്രവാഹദ്വാരങ്ങളും വൃത്രനാൽ അടക്കപ്പെട്ടിരുന്നു. വൃത്രൻ മരിച്ചപ്പോൾ ആ തടസ്സം നീക്കി പ്രവാഹദ്വാരം ഇന്ദ്രൻ തുറന്നു.

12 അശ്വ്യോ വാരോ അഭവസ്തദിന്ദ്ര
സൃകേയത്വാ പ്രത്യഹം ദേവ ഏകഃ
അജയോ ഗാ അജയഃശൂരസോമ—
മവാസൃജസ്സർത്തവേ സപ്തസിന്ധൂൻ

അന്വയം'—

ഹേ ശൂര, ഇന്ദ്ര, സൃകേ	—	വജ്രേ
ദേവഃ	—	ദീപ്യമാനഃ സ്വായുധകുശലഃ
ഏകഃ	—	അദ്വിതീയഃ (വൃത്രഃ)
യൽ ത്വാ പ്രതി—അഹൻ	—	യദാ ത്വാം പ്രതികൂലത്വേന പ്രഹൃതവാൻ
തൽ (ത്വം)	—	തദാനീം
അശ്വ്യഃ വാരഃ	—	അശ്വസംബന്ധീവാലഃ യഥാ ശ്വസ്യവാലഃ അനായാസേന മക്ഷികാദീൻ നിവാരയതി തദ്വൽ വൃത്രം അഗണയിത്വാ നിരാകൃതവാൻ
അഭവഃ	—	അഭൂൽ
(കിഞ്ച ത്വം) ഗാഃ	—	പണിനാപഹൃതാഗാഃ
അജയഃ	—	ജിതവാൻ
ത്വം സോമം അജയഃ	—	ജിതവാൻ,
(ത്വം) സപ്ത സിന്ധൂൻ	—	ഗംഗാദ്യാഃ സപ്തസംഖ്യാകാ നദീഃ
സർത്തവേ	—	സർത്തും, പ്രവാഹരൂപേണ ഗന്തും
അവ അസൃജഃ	—	ത്യക്തവാൻ

അർത്ഥം-അല്ലയോ ശൂര, ഇന്ദ്ര, വജ്രത്തെ തടുക്കുന്നതിൽ മുമ്പനും സര്വ്വായുധകുശലനുമായ വൃത്രൻ എപ്പോൾ അവിടുത്തെ എതിരാക്രമിച്ചുവോ, അപ്പോൾ അവിടുന്ന് ഒരു കുതിരവാലായി അതായത് കുതിര, വാലുകൊണ്ട് ഈച്ച മുതലായവയെ നിഷ്പ്രയാസം ആട്ടിയകററുന്നപോലെ വൃത്രനെ അനായാസമായി തോല്പിച്ചു അതുകൂടാതെ പണിയാൽ അപഹരിക്കപ്പെട്ട ഗോക്കളെ ജയിച്ചുകൊണ്ടുവന്നുവല്ലോ. അവിടുന്ന് സോമത്തെയും ജയിച്ചു (കുടിച്ചു) ഗംഗാദികളായ ഏഴു പുണ്യനദികളെ സ്വച്ഛന്ദമൊഴുകാൻവിട്ടു

13 നാസ്മൈ വിദ്യുന്നതന്യതുസ്സിഷേധ
നയാം മിഹമകിരദ്ധ്രാദുനിം ച
ഇന്ദ്രശ്ചയദ്യുയുധാതേ അഹി-
ശ്ചോതാപരീഭ്യോ മഘവാവി ജിഗ്യേ

അന്വയം —

അസ്മൈ — ഇന്ദ്രാർത്ഥം നിർമ്മിതാ,
വി–ദ്യുൽ ന സിഷേധ — ഇന്ദ്രം ന പ്രാപ്നോൽ
(തഥാ) തന്യതുഃ ന — ഗർജ്ജനം ന പ്രാപ്നോൽ
യാം മിഹം — സേചനം, വൃഷ്ടിം
അകിരൽ — വൃത്രഃ വിക്ഷിപ്തവാൻ
(സാപിവൃഷ്ടിഃ നസിഷേധ)
ഹ്രാദുനിം ച — യാം അശനിം വൃത്രഃ പ്രമുക്തവാൻ (സാപിന സിഷേധ)
ഇന്ദ്രഃ ച അഹിഃ ച യൽ
യുയുധാതേ — യദായുദ്ധം കൃതവന്തൌ
(തദാനീം വിദ്യുദാദയോ നപ്രാപ്താഃ)
ഉത — അപി ച
മഘ–വാ — ധനവാനിന്ദ്രഃ
അപരീഭ്യഃ — അപരാഭ്യഃ, അന്യാസാമപി വൃത്ര നിർമ്മിതാനാം മായാനാം സകാശാൽ
വി–ജിഗ്യേ — വിശേഷേണ ജിതവാൻ

അൎത്ഥം—ഇന്ദ്രന്റെ നേരെ വൃത്രൻ നിർമ്മിച്ചുവിട്ട മിന്നൽ അവിടത്തെ പ്രാപിച്ചില്ല അതുപോലെ വൃത്രന്റെ ഗൎജ്ജനം പ്രാപിച്ചില്ല യാതൊരു വൎഷം വൃത്രൻ പൊഴിച്ചുവോ അതും അവിടത്തെ ഏശിയില്ല വൃത്രൻ വിട്ട ഇടിവാളും ഇന്ദ്രന്റെ അടുത്തെത്തിയില്ല ഇന്ദ്രനും വൃത്രനും തമ്മിൽ യുദ്ധം ചെയ്തപ്പോൾ വൃത്രന്റെ ആയുധങ്ങളൊന്നും ഇന്ദ്രന്ന കൊണ്ടില്ല പിന്നെ, ഐശ്വര്യവാനായ ഇന്ദ്രൻ വൃത്രനിൎമ്മിതങ്ങളായ മറ്റു മായാപ്രയോഗങ്ങളെയും ജയിച്ചു.

14 അഹേര്യാതാരം കമപശ്യ ഇന്ദ്ര
ഹൃദിയത്തേ ജഘ്നുഷോ ഭീരഗച്ഛൽ
നവചയന്നവതിഞ്ച സ്രവന്തീ—
ശ്യേനോനഭീതോ അതരോ രജാംസി

അന്വയം'—

ഹേ ഇന്ദ്ര ജഘ്നുഷഃ — (വൃത്രം) ഹതവതഃ (തവ)
ഹൃദി യൽ ഭീഃ അഗച്ഛൽ — ചിത്തേ യദി ന ഹതവാൻ അസ്മീതി ബുദ്ധ്യാ ഭയം പ്രാപ്നുയാൽ
(തൎഹി) അഹേഃ യാതാരം — ഹന്താരം
കം അപശ്യഃ — ത്വത്തോന്യം കംപുരുഷം ദൃഷ്ടവാനസി
(താദൃശസ്യ പുരുഷാന്തരസ്യാഭാവാൽ മാത്രൽ തവ ഭയം)
യൽ — യസ്മാൽ കാരണാൽ (ത്വം)
നവ ച നവതിം ച
സ്രവന്തീഃ — ഏകോനശതസംഖ്യാകാഃ പ്രവഹന്തീഃ നദീഃ
(പ്രാപ്യ) രജാംസി — തത്രത്യാന്യുദകാനി
ശ്യേനഃ ന ഭീതഃ — ശ്യേനനാമകഃ പക്ഷീവാഭയഃ
അതരഃ — തീൎണ്ണവാനസി
(ദൂരഗമനാത്തവ ഭയമാസീദിതി ഗമ്യതേ തൽഭയം മാത്രൽ)

അർത്ഥം—അല്ലയോ ഇന്ദ്ര, വൃത്രനെ വധിച്ച അവിടത്തെ മനസ്സിൽ വൃത്രൻ കൊല്ലപ്പെട്ടില്ലേ എന്ന ഭയം ബാധിച്ചിട്ടുണ്ടെങ്കിൽ അത് വ്യർത്ഥമാണ്. വൃത്രന്റെ ഹന്താവായി അവിടന്നൊഴികെ ആരുണ്ട്? അന്യഹന്താവിന്റെ അഭാവത്തിൽ അവിടന്ന് ഭയപ്പെടരുത്. വൃത്രപതനത്തിനുശേഷം അവിടന്ന് നൂറിലൊന്നു കുറയെ നദികളിലെ ഒഴുകുന്ന ജലങ്ങൾ പരുന്തുപോലെ നിർഭയം താണ്ടി ബഹുദൂരം കടന്നു. (ഈ വാക്കുകൾ, വൃത്രവധത്തിൽ ഇന്ദ്രനെ വിടാതെനിന്ന് സഹായിച്ച മരുത്തുക്കളുടേതാണെന്ന് വിചാരിക്കണം. ആ വാക്കുകൾ ദ്രഷ്ടാവായ ഋഷി ഏറ്റു പറയുകയാണ്.)

15 ഇന്ദ്രോയാതോ വസിതസ്യരാജാ
ശമസ്യച ശൃംഗിണോ വജ്രബാഹുഃ
സേദുരാജാ ക്ഷയതിചർഷണീനാ—
മരാന്നനേമിഃ പരിതാബഭൂവ വ 38

അന്വയം:—

വജ്ര—ബാഹുഃ ഇന്ദ്രഃ
(ശത്രൗഹതേ സതി നിസ്സപത്നോ ഭൂത്വാ)

യാതഃ	— ഗച്ഛതഃ, ജംഗമസ്യ
അവ—സിതസ്യ	— ഏകത്രൈവസ്ഥിതസ്യ, സ്ഥാവരസ്യ
ശമസ്യ	— ശാന്തസ്യ, ശൃംഗരാഹിത്യേന പ്രഹരണാദൌ പ്രവൃത്തസ്യ, അശ്വഗർദ്ദഭാദേഃ
ശൃംഗിണഃ	— ശൃംഗോപേതസ്യ ഉഗ്രസ്യ മഹിഷബലീവർദ്ദാദേഃ
രാജാ (അഭൂത്)	— ഈശോബഭൂവ
സഃ ഇത് ഉ	— സ ഏവ ഇന്ദ്രശ്ച
ചർഷണീനാം രാജാ	— മനുഷ്യാണാം രാജാ (ഭൂത്വാ)
ക്ഷയതി	— നി [illegible]

താ — താനി പൂർവ്വോക്താനി ജംഗമാദീനി

അരാൻ ന നേമിഃ — യഥാ രഥചക്രസ്യ പരിതോ വർത്തമാനാഃ അരാൻ ദന്തവൽ കീലിതാൻ കാഷ്ഠവിശേഷാൻ വ്യാപ്നോതി തഥാ

പരി ബഭൂവ — വ്യാപ്തവാൻ

അത്ഥം—വജ്രായുധനായ ഇന്ദ്രൻ വൃത്രമരണത്താൽ ശത്രുരഹിതനായി ഭുവനത്തിൽ ജംഗമത്തിൻെറയും സ്ഥാവരത്തിൻെറയും, കൊമ്പില്ലാത്ത കുതിര കഴുത മുതലായ ശാന്തമൃഗങ്ങളുടെയും കൊമ്പുള്ള പോത്ത് കാള മുതലായ ഉഗ്ര മൃഗങ്ങളുടെയും നാഥനായി ഭവിച്ചു ആ ഇന്ദ്രൻ തന്നെ മനുഷ്യരുടെയും രാജാവായി ഭവിച്ചു നിവസിക്കുന്നു മുൻപറഞ്ഞ ജംഗമാദികളെയെല്ലാം, രഥചക്രത്തിന്നു ചുററുമുള്ള അരങ്ങളാം (അഴികരം) ചക്രത്തിൻെറ അററത്തെത്തുന്നപോലെ ഇന്ദ്രൻ വ്യാപിച്ചു

അധ്യായപീഠിക

അഷ്ടകം–1 അധ്യായം–3

1–മുതൽ–3–കൂടി വർഗ്ഗങ്ങളിൽ വൃത്രവധംതന്നെ തുടർന്ന് വിവരിക്കുന്നു അതിനുശേഷം അശ്വികൾ, സവിതാവ്, അഗ്നി, മിത്രൻ, വരുണൻ, രാത്രി, മരുത്തുക്കൾ, ബ്രഹ്മണസ്പതി, ആദിത്യന്മാർ, രുദ്രൻ എന്നീ ദേവതകൾ പ്രത്യക്ഷപ്പെടുന്നു. 23–ാം വർഗ്ഗത്തിൽ 8–9–മന്ത്രങ്ങൾ ഋഷിമാരുടെ സത്വസ്വഭാവവും വിളിച്ചുപറയുന്നു ദുഷ്ടവാക്ക് പറയരുതല്ലോ എന്നുകരുതി ശത്രുവിന്റെ പേർ കൂടി പറയുന്നില്ല എങ്കിലും ദേവനറിഞ്ഞു വേണ്ടതു ചെയ്താൽ മതിയെന്നും പ്രസ്താവിക്കുന്നു. 26–27 വർഗ്ഗങ്ങൾ രുദ്രപ്രതിപാദകമാണ്. രുദ്രസൂക്തങ്ങളിൽ ആദ്യത്തേതാണിത്. രുദ്രസൂക്തങ്ങൾ ശിവങ്കൽ ധാരയ്ക്കും പുഷ്പാർച്ചനയ്ക്കും നിത്യോപയുക്തങ്ങളാണ്.

അധ്യായം 3–വർഗ്ഗം 1–2–3 ആംഗിരസഃ ഹിരണ്യസ്തൂപഃ ത്രിഷ്ടുപ്ഛന്ദഃ ഇന്ദ്രോ ദേവതാ.

1 ഏതായാമോപ ഗവ്യന്ത ഇന്ദ്ര–
മസ്മാകം സുപ്രമതിം വാവൃധാതി.
അനാമൃണഃ കുവിദാദസ്യരായോ–
ഗവാം കേതം പരമാവർജതേനഃ

അന്വയം:–

(ദേവാഃ പരസ്പരം കഥയന്തി)

(ഹേദേവാഃ) ഗവ്യന്തഃ — പണിനാപഹൃതാഃ അസ്മദീയാഃ ഗാഃ പ്രാപ്തുമിച്ഛന്തഃ യൂയം

ആ ഇത — ആഗച്ഛത

(യുഷ്മാഭിസ്സഹിതാഃ വയം ഗവാനയനകാമം)

ഇന്ദ്രം ഉപ അയാമ — പ്രാപ്നവാമ

(സച ഇന്ദ്രഃ) അനാമൃണഃ — ഹിംസകരഹിതഃ (സൻ)
അസ്മാകം പ്ര—മതിം — ശോഭനേന ഹർഷയിത്വാ പ്രകൃഷ്ടാംബുദ്ധിം
സ വവൃധാതി — സുഷ്ഠു വർദ്ധയതി
ആത് — അനന്തരം (സ ഇന്ദ്ര)
അസ്യ രായഃ — ധനസ്യ
ഗവാം — ഗോരൂപസ്യ സംബന്ധി—
പരം കേതം — ഉത്കൃഷ്ടം ജ്ഞാനം
നഃ കുവിത് ആ—വൃജതേ — അസ്മാകം അധികം പ്രാപയതി

അർത്ഥം—(ദേവന്മാർ പരസ്പരം പറയുന്നു) അല്ലയോ ദേവന്മാരേ പണി എന്ന അസുരൻ അപഹരിച്ച പശുക്കളെ വീണ്ടുകിട്ടാൻ നിങ്ങളും വരുക നമുക്ക് ആ പശുക്കളെ മടക്കി കൊണ്ടുവരുവാൻ സമർത്ഥനായ ഇന്ദ്രന്റെ അടുക്കൽ എത്തുക ആ ഇന്ദ്രൻ ആരാലും എതിർക്കപ്പെടാത്തവനായി നമുക്ക് പശുക്കളെ വീണ്ടുകിട്ടിയ സന്തോഷംകൊണ്ട് ഇമ്പം വളർത്തും പിന്നെ ഗോരൂപമായ ഈ ധനത്തെപ്പററി ശരിയായ അറിവും പലപാടുണ്ടാക്കിത്തരും.

2 ഉപേദഹം ധനദാമപ്രതീതം
ജുഷ്ടാംനശ്യേനോ വസതിം പതാമി
ഇന്ദ്രന്നമസ്യന്നുപമേഭിരർക്കൈ—
ര്യസ്സ്തോതൃഭ്യോ ഹവ്യോ അസ്തിയാമൻ

അന്വയം —

അഹം — അനുഷ്ഠാതാ,
യഃ (ഇന്ദ്രഃ) സ്തോതൃ—ഭ്യഃ — സ്തോതൄണാം അനുഷ്ഠാതൄണാം
യാമൻ — തദീയശത്രുഭിസ്സഹ പ്രവൃത്തേ യുദ്ധേ
ഹവ്യഃ അസ്തി — ആഹ്വാതവ്യഃ ഭവതി
(തം) ധന—ദാം — ധനപ്രദം
അപ്രതി—ഇതം — അപ്രതിഗതം, അതിരസ്കൃതം

ഇന്ദ്രം ഉപ—മേഭിഃ
അർക്കൈഃ — ഉപമാനസ്ഥാനീയൈഃ
ഉത്തമൈഃ സ്തോത്രൈഃ സഹ
നമസ്യൻ — പൂജയൻ
ജൂഷ്ടാം വസതിം — പൂർവ്വൈസ്സേവിതാം
സ്വകീയനീഡം
ശ്യേനഃ ന — യഥാശ്യേനഃ തം പ്രതി
ആദരേണ ധാവതി തഥാ
ഉപ ഇൽ പതാമി — ഉപാപ്നോമ്യേവ

അർത്ഥം—അനപ്ഥാതാവായ ഞാൻ, ശത്രുക്കളായി എതിരിട്ട യുദ്ധത്തിൽ സ്തോതാക്കൾക്കും അനപ്ഥാതാക്കൾക്കും വിളിക്കപ്പെടാവുന്ന ദേവൻ ആരാണോ, (വരുമെന്നുറച്ച് വിശ്വസിച്ച് വിളിക്കപ്പെടാവുന്നവനാരാണോ,) ധനപ്രദനും എതിരററവനമായ ആ ഇന്ദ്രനെ ഉത്തമസ്തോത്രങ്ങളാൽ പൂജിച്ചുകൊണ്ട്, തൻെറ പഴയ കൂട്ടിലേക്ക് പരുന്ത് മമതയോടുകൂടി പറന്നെത്തുന്നപോലെ, പ്രാപിക്കുന്നു.

3 നിസർവ്വസേന ഇഷുധീരസക്ത
സമര്യോഗാ അജതിയസ്യവഷ്ടി
ചോഷ്കൂയമാണ ഇന്ദ്ര ഭൂരിവാമം
മാപണിർഭ്ദരസ്മദധി പ്രവൃദ്ധ

അന്വയം:—
സർവ്വ—സേനഃ — കൃത്സ്നസേനായുക്തഃ
ഇഷു—ധീൻ — ബാണാനാമാധാരഭൂതാൻ
നിഷംഗാൻ
നി അസക്ത — നിതരാം പൃഷ്ഠഭാഗേ
സംയോജിതവാൻ
അര്യഃ — സ്വാമിരൂപഃ (ഇന്ദ്രഃ)
യസ്യ (ദേവസ്യ) വഷ്ടി — അസുരേണാപഹൃതാഃ ഗാഃ
പ്രദാതും കാമയതേ,
തസ്യ ദേവസ്യ ഗൃഹേ
(താഃ) ഗാഃ സം അജതി — [illegible]

ഹേ പ്ര-വൃദ്ധ, ഇന്ദ്ര — പ്രകൃഷ്ടവൃദ്ധിയുക്ത, ഇന്ദ്ര
ഭൂരി വാമം — പ്രഭൂതം ഗോരൂപം ധനം
ചോഷ്കൂയമാണഃ — അത്യർത്ഥം പ്രയച്ഛൻ
അസ്മത് അധി — അസ്മാസു
പണിഃ മാ ഭൂഃ — വ്യവഹാരീ മാ ഭൂയാഃ
(ഗവാംമൂല്യം മാ യാചസ്വ)

അർത്ഥം—സർവ്വസൈന്യത്തോടുകൂടി, ആവനാഴി പിന്നാംപുറത്തു കെട്ടി, സ്വാമിയായ ഇന്ദ്രൻ, അസുരാപഹൃതങ്ങളായ പശുക്കളെ ഇഷ്ടാനുസാരമായി അതാതു ദേവന്റെ ഗൃഹത്തിലെത്തിക്കുന്ന സമൃദ്ധിയുക്തനായ ഇന്ദ്ര, മികച്ച ഗോധനം ഞങ്ങൾക്ക് തന്നരുളുന്ന അവിടുന്ന് ഞങ്ങളോട് ഒരു കച്ചവടക്കാരനാകരുത്; അതായത് പശുക്കളുടെ വില ചോദിക്കരുത് (ഈ സൂക്തത്തിൽ ഒന്നാം ഋക്കിൽ ദേവന്മാർ പരസ്പരം അപഹൃതപശുക്കളെപ്പററി പറയുന്നു രണ്ടാമത്തെ ഋക്കിൽ ഋഷി ഇന്ദ്രനെ പ്രാപിക്കാൻ ഇച്ഛിക്കുന്നു മൂന്നാമത്തേതിൽ അപഹൃതപശുക്കളെ കിട്ടിയ ദേവന്മാർ ഇന്ദ്രനോടു പറയുന്നു മററു പല ഇടങ്ങളിലുമെന്നപോലെ ഇതിലും കുറച്ച് ശരിയല്ലായ്ക തോന്നാം എന്നാൽ മഹർഷിമാർ മുൻനടന്ന സംഭവങ്ങളെയും സംഭാഷണങ്ങളെയും ഉള്ളുകൊണ്ട് കാണുകയാണ് ചിലപ്പോഴും പ്രകൃതംവിട്ട് സ്വയം സ്തുതിക്കുകയാണ് ഒരാശയത്തിൽ നിന്ന് അകന്ന ഒരു സംഭവത്തിലേക്കും അവിടെനിന്ന് മറെറാരിടത്തേക്കും വിചാരധാര പ്രവഹിക്കുന്നപോലെ തോന്നും)

4 വധീർഹി ദസ്യും ധനിനം ഘനേന്—
ഏകശ്ചരന്നുപശാകേഭിരിന്ദ്ര
ധനോരധി വിഷുണക്തേ വ്യായ—
ന്നയജ്വാനസ്സനകാഃ പ്രേതിമീയുഃ

അന്വയം —

ഹേ ഇന്ദ്ര, ധനിനം — ബഹുധനോപേതം
ദസ്യും — വൃത്രം
ഘനേന, വധീഃ ഹി — കഠിനേന വജ്രേണ ത്വം

ഹതവാൻ ഖലു.

ഉപ—ശാകേഭിഃ — സമീപവൎത്തിഭിഃ ശക്തി യുക്തൈൎമ്മരുത്ഭിസ്സഹിതോ ഭൂത്വാ

ഏകഃ ചരൻ — പ്രഹൎത്തും സ്വയമേവഗച്ഛൻ

ധനോഃ അധി — ഇന്ദ്രസംബന്ധിനോധനുഷ ഉപരി

വിഷുണക് — വിഷ്വക്, സൎവ്വതഃ

തേ വി ആയൻ — വൃത്രാനുചരാഃ വിവിധമാഗച്ഛൻ

(ആഗത്യ ച) അയജ്വാനഃ— യജ്വവിരോധിനസ്സന്തഃ

സനകാഃ — ഏതന്നാമകാവൃത്രാനുചരാഃ

പ്ര—ഇതിം ഈയുഃ — മരണം പ്രാപ്താഃ

അൎത്ഥം—അല്ലയോ ഇന്ദ്ര, ഭൂരിധനനായ വൃത്രനെ കഠിനമായ വജ്രായുധം കൊണ്ടു് വധിച്ചുവല്ലോ. സമീപവൎത്തികളായ ബലവാന്മാരായ മരുത്തുക്കളോടുകൂടിയെങ്കിലും, അവരാൽ പ്രോത്സാഹിതൻ മാത്രമായി, വൃത്രനെ ഏകനായാണു് അവിടുന്നു് എതിൎത്തതു്. ഇന്ദ്രന്റെ വില്ലിന്റെ മുകളിൽ വൃത്രാനുചരന്മാർ പലപാടുവന്നു യജ്വാക്കളുടെ വിരോധികളായിവന്ന സനകന്മാരെന്ന ആ വൃത്രാനുചരന്മാർ മരണ പ്രാപ്തരായി.

5 പരാചിച്ഛീൎഷാ വവൃജുസ്ത ഇന്ദ്രാ—
യജ്വാനോ യജ്വഭിസ്സ്പൎദ്ധമാനാഃ
പ്രയദ്ദിവോ ഹരിവസ്ഥാതരുഗ്ര
നിരവ്രതാ അധമോ രോദസ്യോഃ വ. 1

അന്വയം:—

ഹേ ഇന്ദ്ര, അയജ്വാനഃ — സ്വയം യാഗരഹിതാഃ

(പ്രത്യുത) യജ്വ—ഭിഃ

സ്പൎദ്ധമാനാഃ — യാഗാനുഷ്ഠാതൃഭിഃ സ്പൎദ്ധമാനാഃ

തേ ശീൎഷാ — വൃത്രാനുചരാഃ സ്വകീയാനി ശിരാംസി

പരാ ചിത് വവൃജുഃ — പരാങ്മുഖാന്യേവഗതവന്തഃ

ഹേ ഹരി—വഃ,	— ഹരിനാമകാശ്വയുക്ത,
സ്ഥാതഃ,	— സ്ഥിതിയുക്ത, യുദ്ധേ പലായന രഹിത,
ഉഗ്ര,	— ശൌര്യയുക്ത, (ഇന്ദ്ര),
യൽ	— യദാ,
ദിവഃ രോദസ്യോഃ	— അന്തരിക്ഷാൽ, ദ്യാവാപൃഥിവ്യോഃ സകാശാൽ
അവ്രതാൻ	— വ്രതരഹിതാൻ, വൃത്രാനുചരാൻ
നിഃ പ്ര അധമഃ (തദാനീം ത്വദീയ മുഖവായുനാമുന്നാഃ സന്തഃ തേ വവ്രജുഃ)	— ധമനം കൃതവാനസി

അർത്ഥം—അല്ലയോ ഇന്ദ്ര, സ്വയം യാഗം ചെയ്യാത്തവരും യാഗം ചെയ്യുന്നവരോടു മത്സരിക്കുന്നവരും ആയ വൃത്രാനുചരന്മാർ തലതാഴ്ത്തി മുഖം തിരിച്ച് ഓടിപ്പോയി. ഹരികളെന്ന അശ്വങ്ങളോടുകൂടിയവനും യുദ്ധത്തിൽ ഒരിക്കലും പിന്തിരിഞ്ഞോടാത്തവനും ശൂരനമായ ഇന്ദ്ര, എപ്പോൾ അന്തരിക്ഷത്തിൽ നിന്നും ദ്യാവാപൃഥിവികളിൽ നിന്നും കർമ്മവിരോധികളായ വൃത്രാനുചരന്മാരുടെ മേൽ അവിടുന്ന് ഊക്കിൽ ഊതിയോ, അപ്പോൾ അവിടത്തെ മുഖവായുവിനാൽ പറപ്പിക്കപ്പെട്ട് അവർ ഓടിയകന്നു.

6 അയുയുത്സന്ന നവദ്യസ്യ സേനാ—
മയാതയന്തക്ഷിതയോ നവഗ്വാഃ
വൃഷായുധോ ന വധ്രയോ നിരഷ്ടാഃ
പ്രവദ്ഭിരിന്ദ്രാച്ചിതയന്ത ആയൻ

അന്വയം:—

അനവദ്യസ്യ	— ദോഷരഹിതസ്യ (ഇന്ദ്രസ്യ)
സേനാം (പ്രതിവൃത്രസ്യാനുചരാ)	
അയുയുത്സൻ	— യോദ്ധുമൈച്ഛൻ

(തദാനീം) നവ-ഗ്വാഃ	—	ആംഗിരസാം സത്ര മാസീനാനാം യേ ന വഭിർമ്മാസൈഃ അവാപ്തഫലാഃ ഉത്ഥിതാഃ
ക്ഷിതയഃ	—	മനുഷ്യാഃ
അയാതയന്ത	—	യുദ്ധാൎത്ഥം ഇന്ദ്രം നാനാ വിധൈഃ മന്ത്രൈഃ പ്രോത്സാഹിതവന്തഃ
നിഃ-അഷ്ടാഃ	—	ഇന്ദ്രേണ നിരാകൃതാഃ (വൃത്രാനുചരാഃ)
വൃഷ-യുധഃ വധ്രയഃ ന.	—	വൃഷേണ സേചനസമൎത്ഥേന പുംസ്ത്വയുക്തേന ശൂരേണ സഹ യുദ്ധം കുൎവ്വന്തഃ നപുംസകാ ഇവ
ചിതയന്തഃ	—	സ്വകീയമശക്തിം ജ്ഞാപയന്തഃ
ഇന്ദ്രാൽ	—	ഇന്ദ്രസ്യ സകാശാൽ
പ്രവൽ-ഭിഃ	—	പ്രവണൈഃ, പലായിതും സുശകൈഃ മാൎഗ്ഗൈഃ
ആ ആയൻ	—	ദൂരേ ഗതവന്തഃ

അൎത്ഥം—നിൎദ്ദോഷനായ ഇന്ദ്രന്റെ സൈന്യത്തിന്റെ നേരെ വൃത്രാനുചരന്മാർ യുദ്ധം ചെയ്വാൻ പുറപ്പെട്ടു. അപ്പോൾ അംഗിരസ്സിന്റെ സത്രത്തിൽ ഒമ്പതുമാസങ്ങൾ കൊണ്ടു ഫലപ്രാപ്തിനേടിയ സുകൃതചരിതന്മാരായ നവഗ്വന്മാർ എന്ന മനുഷ്യർ (മഹൎഷികൾ) ഇന്ദ്രനെ പലമന്ത്രങ്ങൾകൊണ്ടും യുദ്ധത്തിൽ പ്രോത്സാഹിപ്പിച്ചു. ഇന്ദ്രനാൽ പിന്മടക്കപ്പെട്ട വൃത്രാനുചരന്മാർ സ്വയം അശക്തി പ്രകടിപ്പിച്ചുകൊണ്ടു്, പൌരുഷമുള്ള ശൂരന്മാരോടു് യുദ്ധം ചെയ്യുന്ന നപുംസകങ്ങൾ എന്നപോലെ, (തോററു്) ഇന്ദ്രസമീപത്തുനിന്നും കിട്ടിയവഴികളിലൂടെ ഓടിയകന്നു.

7 ത്വമേതാന്രുദതോ ജക്ഷത-
ശ്ചായോധയോ രജസ ഇന്ദ്രപാരേ
അവാദഹോദിവ ആ ദസ്യുമുച്ചാ
പ്രസുന്വത സ്തുവതഃശംസമാവഃ

അന്വയം —

ഹേ ഇന്ദ്ര, ത്വം രുദതഃ	— രോദനം കുർവ്വതഃ
ജക്ഷതഃ	— ഹസനം കുർവ്വതഃ
വൃത്രാൻ	— ദ്വിവിധാനപി വൃത്രാനുചരാൻ
രജസഃ പാരേ	— അന്തരിക്ഷസ്യപരഭാഗേ
അയോധയഃ	— യുദ്ധമകരോഃ, യുദ്ധേന മാരിതവാൻ.
ദസ്യും	— ഉപക്ഷയിതാരം വൃത്രം
ദിവഃ ആ	— ദ്യുലോകാദാനീയ
ഉച്ചാ	— ഉൽകർഷേണ
അവ അദഹഃ	— ദഗ്ദ്ധവാനസി
(തത ഊർദ്ധ്വം) സുന്വതഃ	— സോമാഭിഷവം കുർവ്വതഃ യജമാനസ്യ
സ്തുവതഃ (ച) ശംസം പ്ര ആവഃ	— സ്തുതിം പ്രകർഷേണ രക്ഷിതവാനസി

അർത്ഥം—അല്ലയോ ഇന്ദ്ര അവിടുന്ന്, കരയുന്നവരും ചിരിക്കുന്നവരുമായ രണ്ടുവിധം വൃത്രാനുചരന്മാരെയും അന്തരിക്ഷത്തിന്നപ്പുറത്തു വെച്ച് യുദ്ധത്തിൽ കൊന്നു ദ്രോഹിയായ വൃത്രനെ ദ്യുലോകത്തിൽ നിന്ന് കൊണ്ടുവന്ന് യഥാർഹം ദഹിപ്പിച്ചു അതിന്നുശേഷം സോമം സംസ്കരിക്കുന്ന യജമാനൻെറയും സ്തോതാവിൻെറയും സ്തുതികർമ്മത്തെ നന്നായി രക്ഷിച്ചു (കൈകൊണ്ടു കൊണ്ടാടി)

8 ചക്രാണാസഃ പരീണഹം പൃഥിവ്യാ—
ഹിരണ്യേന മണിനാ ശുംഭമാനാഃ
നഹിന്വാനാസസ്തിതിരുസ്ത ഇന്ദ്രം
പരിസ്പശോ അദധാൽ സൂര്യേണ

അന്വയം —

(യേ) പൃഥിവ്യാഃ പരീനഹം — ഭൂമേഃ ആച്ഛാദനം സർവ്വതോ വ്യാപ്തിം

ചക്രാണാസഃ	— കൃത്വാണാഃ
ഹിരണ്യേന	— ഹിരണ്യയുക്തേന
മണിനാ	— കുണ്ഡലാദ്യാഭരണേന
ശുംഭമാനാഃ	— ശോഭമാനാഃ
ഹിന്വാനാസഃ	— വർദ്ധമാനാഃ (സന്തഃ വർത്തന്തേ)
തേ	— തഥാവിധാവൃത്രാനുചരാഃ
(യുദ്ധായ ഉദ്യന്തം) ഇന്ദ്രം	
ന തിതിരുഃ	— ജേതും സമർത്ഥാ ന ആസൻ
(തദാനീം സ ഇന്ദ്രഃ) സ്പശഃ	— ബാധകാൻ താൻ
സൂര്യേണ പരി അദധാൽ	— ആദിത്യേന പരിഹിതാൻ, വ്യവഹിതാൻ അകരോൽ

അർത്ഥം—യാവർ ഭൂമിയുടെ എല്ലാടവും വ്യാപിച്ച് മറവുണ്ടാക്കിയോ, യാവർ സ്വർണ്ണംകൊണ്ടുള്ള കുണ്ഡലം മുതലായ ആഭരണങ്ങളാൽ ശോഭമാനന്മാരായി, സമൃദ്ധന്മാരായി വർത്തിച്ചുവോ, ആ വൃത്രാനുചരന്മാർ, യുദ്ധത്തിന്നു മുതിൎന്ന ഇന്ദ്രനെ വെല്ലാൻ ശക്തരായില്ല. ഇന്ദ്രൻ ബാധകരായ ആ വൃത്രാനുചരന്മാരെ ആദിത്യനെക്കൊണ്ട് മറഞ്ഞവരാക്കി. (സൂര്യൻ ഉദിച്ച് രക്ഷസ്സുകളെ ഹനിക്കുന്നു എന്ന് വേറെ ശ്രുതിയിലുണ്ട്.)

9 പരിയദിന്ദ്രരോദസീ ഉഭേ
അബുഭോജീർമ്മഹിനാ വിശ്വതസ്സീം.
അമന്യമാനാം അഭിമന്യമാനൈ-
ർന്നിർബ്രഹ്മഭിരധമോദസ്യുമിന്ദ്ര.

അന്വയം:—

ഹേ ഇന്ദ്ര, യൽ രോദസീ	
ഉഭേ	— യദാ ദ്യുലോകഭൂലോകാവുഭൌ
മഹിനാ	— ത്വദീയേനമഹിമ്നാ
വിശ്വതഃ സീം	— സർവ്വതഃ പരിഗൃഹ്യ
പരി അബുഭോജീഃ	— പരിതോ ഭുക്തവാനസി.

അന്വയം:—

ഹേ ഇന്ദ്ര, ത്വം രുദതഃ — രോദനം കുർവ്വതഃ
ജക്ഷതഃ — ഹസനം കുർവ്വതഃ
ഏതാൻ — ദ്വിവിധാനപി വൃത്രാനുചരാൻ
രജസഃ പാരേ — അന്തരിക്ഷസ്യപരഭാഗേ
അയോധയഃ — യുദ്ധമകരോഃ, യുദ്ധേന മാരിതവാൻ.
ദസ്യും — ഉപക്ഷയിതാരം വൃത്രം
ദിവഃ ആ — ദ്യുലോകാദാനീയ
ഉച്ചാ — ഉൽകർഷേണ
അവ അദഹഃ — ദഗ്ദ്ധവാനസി
(തത ഊർദ്ധ്വം) സുന്വതഃ — സോമാഭിഷവം കുർവ്വതഃ യജമാനസ്യ
സ്തുവതഃ (ച) ശംസം പ്ര ആവഃ — സ്തുതിം പ്രകർഷേണ രക്ഷിതവാനസി

അർത്ഥം—അല്ലയോ ഇന്ദ്ര, അവിടുന്ന്, കരയുന്നവരും ചിരിക്കുന്നവരുമായ, രണ്ടുവിധം വൃത്രാനുചരന്മാരെയും അന്തരിക്ഷത്തിന്നപ്പുറത്തു വെച്ച് യുദ്ധത്തിൽ കൊന്നു. ദ്രോഹിയായ വൃത്രനെ ദ്യുലോകത്തിൽ നിന്ന് കൊണ്ടുവന്ന് യഥാർഹം ദഹിപ്പിച്ചു. അതിന്നുശേഷം സോമം സംസ്കരിക്കുന്ന യജമാനന്റെയും സ്തോതാവിന്റെയും സ്തുതികർമ്മത്തെ നന്നായി രക്ഷിച്ചു. (കൈക്കൊണ്ടു കൊണ്ടാടി)

8 ചക്രാണാസഃ പരീണഹം പൃഥിവ്യാ—
ഹിരണ്യേന മണിനാ ശുംഭമാനാഃ
നഹിന്വാനാസ സ്തിതിരുസ്ത ഇന്ദ്രം
പരിസ്പശോ അദധാൽ സൂര്യേണ

അന്വയം:—

(യേ) പൃഥിവ്യാഃ പരിണഹം — ഭൂമേഃ ആച്ഛാദനം സർവ്വതോ വ്യാപ്തിം

ചക്രാണാസഃ	— കുർവ്വാണാഃ
ഹിരണ്യേന	— ഹിരണ്യയുക്തേന
മണിനാ	— കുണ്ഡലാദ്യാഭരണേന
ശുംഭമാനാഃ	— ശോഭമാനാഃ
ഹിന്വാനാസഃ	— വർദ്ധമാനാഃ (സന്തഃ വർത്തന്തേ)
തേ	— തഥാവിധാവൃത്രാനുചരാഃ
(യുദ്ധായ ഉദ്യന്തം) ഇന്ദ്രം	
ന തിതിരുഃ	— ജേതും സമർത്ഥാ ന ആസൻ
(തദാനീം സ ഇന്ദ്രഃ) സ്പശഃ	— ബാധകാൻ താൻ
സൂര്യേണ പരി അദധാൽ	— ആദിത്യേന പരിഹിതാൻ, വ്യവഹിതാൻ അകരോൽ

അർത്ഥം—യാവർ ഭൂമിയുടെ എല്ലാടവും വ്യാപിച്ച് മറവുണ്ടാക്കിയോ, യാവർ സ്വർണ്ണംകൊണ്ടുള്ള കുണ്ഡലം മുതലായ ആഭരണങ്ങളാൽ ശോഭമാനന്മാരായി, സമൃദ്ധന്മാരായി വർത്തിച്ചുവോ, ആ വൃത്രാനുചരന്മാർ, യുദ്ധത്തിന്നു മുതിന്ന ഇന്ദ്രനെ വെല്ലാൻ ശക്തരായില്ല ഇന്ദ്രൻ ബാധകരായ ആ വൃത്രാനുചരന്മാരെ ആദിത്യനെക്കൊണ്ട് മറഞ്ഞവരാക്കി. (സൂര്യൻ ഉദിച്ച് രക്ഷസ്സുകളെ ഹനിക്കുന്നു എന്ന് വേറെ ശ്രുതിയിലുണ്ട്.)

9 പരിയദിന്ദ്രരോദസീ ഉഭേ
അബുഭോജീർമ്മഹിനാ വിശ്വതസ്സീം.
അമന്യമാനാ അഭിമന്യമാനൈ—
ന്നിർബ്ബ്രഹ്മഭിരധമോദസ്യുമിന്ദ്ര.

അന്വയം:—

ഹേ ഇന്ദ്ര, യൽ രോദസീ	
ഉഭേ	— യദാ ദ്യുലോകഭൂലോകാവുഭൌ
മഹിനാ	— ത്വദീയേനമഹിമ്നാ
വിശ്വതഃ സീം	— സർവ്വതഃ പരിഗൃഹ്യ
പരി അബുഭോജീഃ	— പരിതോ ഭുക്തവാനസി.

(തദാനീം ത്വം) അമന്യമാനാൻ — മന്ത്രാർത്ഥ മനുധ്യാതും അശക്താൻ യജമാനാൻ
അഭി മന്യമാനൈഃ — അസ്മദീയാഃ ഏതേ യജമാനാരക്ഷണീയാഃ' ഇത്യഭിമാനം കുർവദ്ഭിഃ
ബ്രഹ്മ—ഭിഃ — മന്ത്രൈഃ
ദസ്യും — വൃത്രാദിരൂപമസുരം, ചോരം
നിഃ അധമഃ — നിസ്സാരിതവാനസി

അർത്ഥം—അല്ലയോ ഇന്ദ്ര, എപ്പോൾ അവിടുന്ന് സ്വന്തം മഹിമകൊണ്ട് ദ്യോവിനെയും ഭൂവിനെയും പൂർണ്ണമായടക്കി അനുഭവിച്ചുവോ അപ്പോൾ മന്ത്രാർത്ഥം അനുധ്യാനം ചെയ്വാൻ അശക്തരായ യജമാനന്മാരെക്കുറിച്ച് ' എന്റെ ഈ യജമാനന്മാർ രക്ഷിക്കപ്പെടേണ്ടവരാണ്'' എന്ന് അവിടേക്ക് മമത തോന്നത്തക്ക മന്ത്രങ്ങളെക്കൊണ്ട് സന്തുഷ്ടനായി അവിടുന്ന് ശത്രുവിനെ അകററിയോടിച്ചു (മന്ത്രാർത്ഥം അറിഞ്ഞില്ലെങ്കിലും ഭക്തിപൂർവ്വം അവിടത്തെ ഉള്ളിൽ കണ്ടു സ്തുതിക്കുമ്പോൾ അവിടേക്ക് തോന്നും ' ഇവർക്ക് മന്ത്രാർത്ഥമറിയില്ലെങ്കിലും നിഷ്കളങ്കഭക്തിയുണ്ട്, രക്ഷണീയരാണ്'' എന്ന്)

10 ന യേ ദിവഃ പൃഥിവ്യാ അന്തമാപു-
ർന മായാഭിർധനദാം പര്യഭൂവൻ
യുജം വജ്രം വൃഷഭശ്ചക്ര ഇന്ദ്രോ-
നിർജ്യോതിഷാ തമസോ ഗാ അദുക്ഷത് വ 2

അന്വയം —
യേ (ജലവിശേഷാഃ) ദിവഃ — ദ്യുലോകാത്
പൃഥിവ്യാഃ അന്തം — ഭൂമേഃ സ്ഥാനം
ന ആപുഃ — ന പ്രാപ്താഃ (മേഘരൂപമാപന്നേന വൃത്രേണ നിരുദ്ധത്വാത്)
(അത ഏവ) ധന—ദാം — ധനപ്രദാം ഭൂമിം
മായാഭിഃ — സസ്യോപകാരാദിഭിഃ കാമൈഃ
ന പരി—അഭൂവൻ — പരിതോ ന വ്യാപ്താഃ

(ജലപാന സസ്യവൃദ്ധ്യാദ്യുപകാരം ന ചക്രുഃ)
(തദാനീം) ഇന്ദ്രഃ — (മേഘഭേദനായ)
വജ്രം യുജം ചക്രേ — സ്വഹസ്തയുക്തം ചക്രേ
(തതഃ) വൃഷഭഃ
ജ്യോതിഷാ — വർഷിതേന്ദ്രഃ ദ്യോതമാനേന വജ്രേണ
തമസഃ — അന്ധകാരരൂപാൻ മേഘാൻ (ഭിത്വാ)
ഗാഃ — ഗമനശീലാന്യുദകാനി
നിഃ അധുക്ഷൽ — നിശ്ശേഷേണ ദുഗ്ധവാൻ

അർത്ഥം—ഏതു ജലങ്ങൾ ദ്യുലോകത്തിൽ നിന്ന് മേഘരൂപനായ വൃത്രന്റെ നിരോധംകൊണ്ട് ഭൂസ്ഥാനത്തെ പ്രാപിക്കാതിരുന്നുവോ, അതു കാരണമായി സമ്പന്നയായ ഭൂമിയിൽ സസ്യാദികൾ മുളച്ച് പരന്നില്ലയോ, വെള്ളം കുടിക്കാനും സസ്യാദികൾ വളരാനും സാധിക്കാതെ വന്നുവോ അപ്പോൾ ഇന്ദ്രൻ മേഘത്തെപ്പിളക്കാനായി വജ്രം കയ്യിലെടുത്തു. വർഷകനായ അവിടുന്ന് മിന്നിത്തിളങ്ങുന്ന ആ വജ്രത്താൽ അന്ധകാരരൂപങ്ങളായ മേഘങ്ങളെ പിളന്ന്, പ്രവാഹശീലങ്ങളായ ജലങ്ങളെ വൃഷാവൻ (ഭൂമിയിലേക്ക്) കറന്നുകൊടുത്തു.

11 അനു സ്വധാമക്ഷരന്നാപോ അസ്യാ-
വർധത മധ്യ ആ നാവ്യാനാം
സധ്രീചീനേന മനസാ തമിന്ദ്ര-
ഓജിഷ്ഠേന ഹന്മനാഹന്നഭിദ്യൂൻ.

അന്വയം:—
ആപഃ — ജലാനി
അസ്യ (ഇന്ദ്രസ്യ) സ്വധാം — വ്രീഹ്യാദിരൂപമന്നം അനുലക്ഷ്യ
അക്ഷരൻ — മേഘാൽ വൃഷ്ട്യാ അഭവൻ
(തദാനീം വൃത്രഃ)
നാവ്യാനാം — നാവാവതരണ യോഗ്യാനാം, പ്രവാഹിനാം അപാം

മധ്യേ ആ — സമന്താൽ
അവർദ്ധത — വൃദ്ധിം പ്രാപ്തഃ
(പ്രവൃദ്ധജലേവർത്തമാനോപി ന)
മമാര, കിന്തു അഭിവൃദ്ധ ഏവ

(തദാനീം) ഇന്ദ്രഃ
സധ്രീചീനേന — സഹഗച്ഛതാ
മനസാ (യുക്തം) തം (വൃത്രം)
ഓജിഷ്ഠേന — അതിബലയുക്തേന
ഹന്മനാ — ഹനനസാധനേന വജ്രേണ
അഭി ദ്യൂൻ — കതിചിദ്ദിവസാനഭിലക്ഷ്യ
അഹൻ — തേഷു ദിവസേഷു ഹതവാൻ

അർത്ഥം—ജലങ്ങൾ, ഇന്ദ്രന്റെ വ്രീഹ്യാദിരൂപമായ അന്നത്തെ ഉന്നംവെച്ച് (ഭൂമിയിൽ നെല്ല് വിളയിക്കുവാൻ) മേഘങ്ങളിൽ നിന്ന് വർഷമായി പൊഴിഞ്ഞു. അപ്പോൾ വൃത്രൻ, തോണിയിൽ മാത്രം സഞ്ചരിക്കാവുന്ന ആ ജലപ്പരപ്പിന്റെ നടുവിൽ വളർന്നു (ആ വെള്ളത്തള്ളിച്ചയിൽ മരിച്ചില്ലെന്നു മാത്രമല്ല വളർന്നുനിന്നു) ആ സമയത്ത് ഇന്ദ്രൻ, തന്റെകൂടെ എപ്പോഴും നടക്കുന്ന മനസ്സോടുകൂടിയ (ശത്രുവായ തന്നെപ്പററി എപ്പോഴും വിചാരിക്കുന്ന) വൃത്രനെ അതിബലവത്തായ വജ്രത്താൽ ഒരു കാലപരിമിതി കരുതി ആ ദിവസങ്ങൾക്കുള്ളിൽ കൊന്നു

12 ന്യാവിധ്യദിലീബിശസ്യ ദൃള്ഹാ
വിശൃംഗിണമഭിനച്ഛുഷ്ണമിന്ദ്രഃ
യാവത്തരോ മഘവൻ യാവദോജോ—
വജ്രേണ ശത്രുമവധീഃ പൃതന്യും

അന്വയം —
ഇലീബിശസ്യ — ഇളായാഃ ഭൂമേഃ ബിലേ ശയാനസ്യ വൃത്രസ്യ
ദൃള്ഹാ — ദൃഢാനി, പ്രബലാനി സൈന്യാനി
ഇന്ദ്രഃ നി അവിധ്യത് — നിതരാം വിദ്ധവാൻ

ശൃംഗിണം — ഗോമഹിഷാദി ശൃംഗസമാനൈഃ ആയുധൈഃ ഉപേതം
ശുഷ്ണം — ജഗതഃ ശോഷകം (വൃത്രം)
വി അഭിനൽ — വിവിധം താഡിതവാൻ
ഹേ മഘ—വൻ, — ധനയുക്ത, ഇന്ദ്ര,
യാവൽ തരഃ — യാവാൻവേഗോസ്തി
യാവൽ ഓജഃ — യാവൽ ബലമസ്തി
(തേന സർവ്വേണയുക്തഃ
ത്വം) പൃതന്യം — പൃതനാം, യുദ്ധമിച്ഛന്തം
ശത്രും വജ്രേണ അവധീഃ — ഹതവാൻ അസി

അർത്ഥം—ഭൂമിയിലെ ഗുഹയിൽ കിടക്കുന്ന വൃത്രന്റെ പ്രബലങ്ങളായ സൈന്യങ്ങളെ ഇന്ദ്രൻ തീരെ ഒടുക്കി പശുപോത്ത് മുതലായ ജന്തുക്കളുടെ കൊമ്പുകളോടൊത്ത ആയുധങ്ങളുള്ള ജഗദ്ദ്രോഹിയായ വൃത്രനെ പലപാടും അമർത്തി അല്ലയോ ഐശ്വര്യവാനായ ഇന്ദ്ര എത്രവരെ വേഗമുണ്ടോ, എത്രവരെ ബലമുണ്ടോ ആ വേഗബലങ്ങളോടെല്ലാംകൂടി അവിടുന്ന് യുദ്ധകാമനായ ശത്രുവിനെ (വൃത്രനെ) വജ്രത്താൽ കൊന്നു

13 അഭിസിധ്മോ അജിഗാദസ്യ ശത്രൂൻ—
വിതിഗ്മേന വൃഷഭേണാ പുരോഭേൽ
സംവജ്രേണാസൃജദ്വൃത്രമിന്ദ്രഃ
പ്രസ്വാം മതിമതിരച്ഛാശദാനഃ

അന്വയം —

അസ്യ (ഇന്ദ്രസ്യ)
സിധ്മഃ — സാധകഃ, വജ്രഃ
ശത്രൂൻ അഭി — അഭിലക്ഷ്യ
അജിഗാത് — ഗതവാൻ
(സച ഇന്ദ്രഃ) തിഗ്മേന — തീക്ഷ്ണേന
വൃഷഭേണ — ശ്രേഷ്ഠേനായുധേന
(വൃത്രസ്യ) പുരഃ അഭേൽ — പുരാണി വിവിധം ഭിന്നവാൻ

(വൃത്രം വജ്രേണ) സം
അസൃജൻ — സംയോജിതവാൻ
(സംയോജ്യ) ശാശദാനഃ — (വൃത്രം) ഹിംസൻ
സ്വാം മതിം — സ്വകീയാം ഹർഷോപേതാം ബുദ്ധിം
പ്ര അതിരത് — പ്രകർഷേണ വർദ്ധിതവാൻ

അത്ഥം—ഇന്ദ്രന്റെ സാധകായുധമായ വജ്രം ശത്രുവിനെ ഉന്നംവെച്ചു പോയി ആ ഇന്ദ്രൻ നിശിതവും ശ്രേഷ്ഠവുമായ ആയുധംകൊണ്ട് വൃത്രന്റെ നഗരങ്ങളെ പലപാട് തകർത്തു ആ ആയുധങ്ങളെ വൃത്രനോടടുപ്പിച്ചു ചേർത്തു അങ്ങിനെ ചേർത്ത് വൃത്രവധകാരിയായി സ്വമനസ്സിനെ സന്തോഷത്താൽ പോഷിപ്പിച്ചു

14 ആവഃ കത്സമിന്ദ്ര യസ്മിഞ്ചാകൻ
പ്രാവോയുധ്യന്തം വൃഷഭം ദശദ്യും
ശഫച്യുതോ രേണുർന്നക്ഷത ദ്യാ
മുച്ഛ്വൈത്രേയോ നൃഷാഹ്യായ തസ്ഥൗ

അന്വയം —

ഹേ ഇന്ദ്ര യസ്മിൻ
(കത്സേ) ചാകൻ — സ്തുതിം കാമയമാനഃ വർത്തസേ
(തം) കത്സം — ഏതന്നാമകം ഗോത്രപ്രവർത്തകം ഋഷിം
ആവഃ — രക്ഷിതവാനസി
(തഥാ) യുധ്യന്തം — സ്വകീയൈഃ ശത്രുഭിസ്സഹയുദ്ധം കവ്വന്തം
വൃഷഭം — ഗുണൈഃ ശ്രേഷ്ഠം
ദശ—ദ്യും — ദശസു ദിക്ഷു ദീപ്യമാനമൃഷിം
പ്ര ആവഃ — പ്രകർഷേണ രക്ഷിതവാനസി
ശഫ—ച്യുതഃ — ത്വദീയാശ്വസ്യശഫാൽ പതിതഃ
രേണുഃ ദ്യാം നക്ഷത — ധൂളിഃ ദ്യുലോകം പ്രാപ്നോതി,
ശ്വൈത്രേയഃ — ശ്വേത്രാഖ്യായാഃ യോഷിതഃ പുത്രഃ (പുരാ ശത്രുഭയാൽ ജലേമഗ്നഃ)

(തദനുഗ്രഹാൽ)

ന്യ–സഹ്യായ	—	നൃഭിഃ, പുരുഷൈഃ സോഢവ്യായ
ഉൽ തസ്ഥൌ	—	ജലാൽ ഉത്ഥിതവാൻ

അർത്ഥം—യാതൊരു കുത്സനു അവിടുന്നു സ്തുതികാമനായോ, (കുത്സന്റെ സ്തോത്രം ഇഷ്ടപ്പെട്ടുവൊ) ആ കുത്സനെന്ന ഋഷിയെ അവിടുന്നു് രക്ഷിച്ചു അതുപോലെ ശത്രുക്കളോടു പൊരുതുന്നവനും ഗുണശ്രേഷ്ഠനും പത്തുദിക്കിലും പ്രകാശം പരത്തുന്നവനുമായ (ദശദ്യു എന്ന) ഋഷിയെയും വേണ്ടപോലെ രക്ഷിച്ചു അവിടുത്തെ കുതിരകളുടെ കുളമ്പുപറപ്പിച്ച പൊടി (കൂടി) സ്വർഗ്ഗം പ്രാപിക്കുന്നു. ശ്വൈത്ര എന്ന സ്ത്രീയുടെ മകൻ ശത്രുഭയത്താൽ വെള്ളത്തിൽ മുങ്ങിക്കിടന്നു്, അവിടുത്തെ അനുഗ്രഹം കൊണ്ടാണു്, മനുഷ്യർക്കു് കാണത്തക്കവണ്ണം ജലത്തിൽ നിന്നു പൊങ്ങിവന്നതു്.

15 ആവശ്ശമം വൃഷഭം തുഗ്ര്യാസു
ക്ഷേത്രജേഷേ മഘവൻ ഛ്വിത്ര്യംഗാം
ജ്യോക്ചിദത്ര തസ്ഥിവാംസോ അക്ര–
ഞ്ഛത്രൂയതാമധരാവേദനാകഃ

വ 3

അന്വയം:—

ഹേ മഘ–വൻ,	—	ധനവൻ, ഇന്ദ്ര,
ശമം	—	ശാന്തം
വൃഷഭം	—	ഗുണശ്രേഷ്ഠം
തുഗ്ര്യാസു ഗാം	—	ജലേഷുഗതം, മഗ്നം
ശ്വിത്ര്യം	—	പൂർവ്വോക്തം ശ്വിത്രാപുത്രം
ക്ഷേത്ര–ജേഷേ	—	ശത്രുഭിസ്സഹ യുദ്ധവേലായാം ക്ഷേത്രപ്രാപ്യർത്ഥം
ആവഃ	—	രക്ഷിതവാനസി.
അത്ര	—	അസ്മാഭിസ്സഹയുദ്ധ
ജ്യോക് ചിദ്	—	ചിരകാലമപി
തസ്ഥി–വാംസഃ	—	അവസ്ഥിതാഃ (സന്തഃ)
അക്രൻ	—	[illegible]

ശത്രൂ–യതാം — ശത്രൂൻ ആത്മന ഇച്ഛതാം
(തേഷാം) അധരാ
വേദനാ — നികൃഷ്ടാനി ദുഃഖാനി
അകഃ — കുരു

അർത്ഥം—അല്ലയോ മഘവാവേ, അവിടത്തെ അനുഗ്രഹം കൊണ്ട് ശാന്തനും ഗുണശ്രേഷ്ഠനും ജലനിമഗ്നനുമായ ശ്വിത്രാ പുത്രനെ യുദ്ധഭൂമിയിൽ പ്രാപിക്കുവാനായി അവിടുന്ന് രക്ഷിച്ചുവല്ലൊ ഇവിടെ ഞങ്ങളോട് ചിരമായി എതിർത്തുനില്ക്കുന്നവരും ശത്രുക്കളെ സ്വയമിച്ഛിക്കുന്നവരുമായ അവർക്ക്, പിന്തിരിഞ്ഞു പോകാൻ തോന്നത്തക്ക കഷ്ടാനുഭവങ്ങൾ ഉണ്ടാക്കിയാലും

വർഗ്ഗം 4 5 ജഗതീത്രിഷ്ടുഭൗഛന്ദസീ, അശ്വിനൌദേവതാ

1 ത്രിശ്ചിന്നോ അദ്യാഭവതം നവേദസാ
വിഭുർവ്വാംയാമ ഉതരാതിരശ്വിനാ
യുവോർഹിയന്ത്രം ഹിമ്യേവ വാസസോ–
ഭ്യായംസേന്യാ ഭവതം മനീഷിഭിഃ

അന്വയം —

ഹേ നവേദസാ
അശ്വിനാ, — മേധാവിനൌ അശ്വിനൌ,
(യുവാം) ത്രിഃ ചിൽ — ത്രിവാരമപി സവനത്രയേ
അദ്യ നഃ — അസ്മിൻ കർമ്മണി അസ്മദർത്ഥം
ഭവതം — ആഗതൌ ഭവതം
വാം യാമഃ — യുവയോഃ ഗമനസാധന ഭൂതോരഥഃ
വി–ഭുഃ — വ്യാപ്തഃ
ഉത രാതിഃ — അപിച ദാനംവിഭു
യുവോഃ — യുവയോരുഭയോഃ
യന്ത്രം ഹി — പരസ്പര നിയമരൂപഃ
സംബന്ധ ...

വാസസഃ — സൂര്യരശ്മ്യാച്ഛാദനയുക്തസ്യ വാസരസ്യ
ഹിമ്യാ—ഇവ — ഹിമയുക്തയാ രാത്ര്യാ ഇവ (അസ്തിഖലു)
(യുവാം ഉഭൌ)
മനീഷി—ഭിഃ — മേധാവിഭിഃ ഋത്വിഗ്ഭിഃ
അഭി—ആയംസേന്യാ
ഭവതം — അഭിതോനിയന്തവ്യൌ, അനുഗ്രഹവശാൽ തദധീനൌ ഭവതം

അർത്ഥം—അല്ലയോ മേധാവികളായ അശ്വികളേ, നിങ്ങൾ ഈ കർമ്മത്തിൽ ഞങ്ങൾക്കുവേണ്ടി മൂന്നുതവണ (മൂന്നു സവനങ്ങളിലും) ആദരണാർത്ഥം വന്നുചേരണം. നിങ്ങളുടെ തേര് എല്ലാടവും വ്യാപിച്ചതാണല്ലൊ. നിങ്ങളുടെ ദാന (ശീല)വും സർവ്വവ്യാപിയാണ്. നിങ്ങളിരുവരുടെ പരസ്പരബന്ധം സൂര്യകിരണങ്ങൾ കൊണ്ട് പുതച്ച പകലിന്നും, മഞ്ഞുതിക്കുന്ന രാവിന്നും തമ്മിലുള്ളപോലെയാകുന്നു. മേധാവികളായ ഋത്വിക്കുകളാൽ നിങ്ങൾ, അനുഗ്രഹംകൊണ്ട് നിയന്തവ്യരും അധീനരുമായി ഭവിക്കണം.

2 ത്രയഃ പവയോ മധുവാഹനേ രഥേ
സോമസ്യവേനാ മനു വിശ്വഇദ്വിദുഃ
ത്രയസ്സ്കംഭാസ സ്കഭിതാസ ആരഭേ
ത്രിർനക്തം യാഥസ്ത്രിർവ്വശ്വിനാദിവാ.

അന്വയം:—

മധു—വാഹനേ — നാനാവിധാനാം മധുരദ്രവ്യാണാം യുക്തേ
(അശ്വിനോസ്സംബന്ധിനി)
രഥേ പവയഃ — വജ്രസമാനാഃ ദൃഢാഃ ചക്രവിശേഷാഃ
ത്രയഃ — ത്രിസംഖ്യാകാഃ (സന്തി)

ഇത് — ഇത്ഥം ചക്രത്രയ സ്വഭാവ പ്രകാരം
വിശ്വേ — സർവ്വേ (ദേവാഃ)
സോമസ്യ വേനാം അനു — ചന്ദ്രസ്യ കമനീയാം ഭാര്യാം അഭിലക്ഷ്യ യാത്രായാം
വിദുഃ — ജാനന്തി
(അസ്യരഥസ്യോപരി)
സ്കംഭാസഃ — സ്കംഭവിശേഷാഃ
ത്രയഃ — ത്രിസംഖ്യാകാഃ
ആ—രഭേ — ആരബ്ധും, അവലംബിതും
സ്കഭിതാസഃ — സ്ഥാപിതാഃ
(രഥത്വരയാ പതനഭീതി
നിവൃത്യർത്ഥം ഹസ്താവലംബനായ).
ഹേ അശ്വിനാ, — അശ്വിനൌ, (യുവാം)
(താദൃശേന രഥേന)
നക്തം — രാത്രൌ
ത്രിഃ യാഥഃ — ത്രിവാരംഗച്ഛഥഃ
(തഥാ) ദിവാ — ദിവസേപി
ത്രിഃ ഉ (യാഥഃ)
(രാത്രാവഹനിച രഥമാരുഹ്യ പുനഃ പുനഃ ക്രീഡഥഃ)

അർത്ഥം—മധുരഭക്ഷ്യദ്രവ്യങ്ങളെ വഹിക്കുന്ന അശ്വികളുടെ തേരിൽ വജ്രതുല്യങ്ങളായ ചക്രവിശേഷങ്ങൾ മൂന്നെണ്ണമുണ്ട്. ഈ ചക്രത്രയ സ്വഭാവം ചന്ദ്രന്റെ സുന്ദരിയായ ഭാര്യയെ ഉന്നംവെച്ചുള്ള യാത്രയിൽ എല്ലാ ദേവന്മാരും മനസ്സിലാക്കി. ആ തേരിന്റെ മേൽഭാഗത്തു തേരിന്റെ വേഗംകൊണ്ടു വീണുതെറിക്കാതിരിക്കാൻ, കൈകൊണ്ട് പിടിക്കാവുന്ന മൂന്നു തൂണുകൾ ഉറപ്പിച്ചിട്ടുണ്ട്. അല്ലയോ അശ്വികളേ അപ്രകാരമുള്ള തേരിലേറി നിങ്ങൾ രാവും പകലും മുമ്മൂന്നു തവണ (പലവട്ടം) ക്രീഡിക്കുക (സുന്ദരിയായ ചന്ദ്രന്റെ ഭാര്യ എന്നു പറയുന്നത് വിവാഹ സൂക്തത്തിൽ പ്രതിപാദിക്കുന്ന സൂര്യ എന്ന വധു തന്നെയായാവാം.)

3 സമാനേ അഹന്ത്രിരവദ്യഗോഹനാ
ത്രിരദ്യയജ്ഞം മധുനാ മിമിക്ഷതം
ത്രിർവ്വാജവതീരിഷോ അശ്വിനായുവം
ദോഷാ അസ്മഭ്യ മുഷസശ്ചപിന്വതം

അന്വയം:—

ഹേ അശ്വിനാ, യുവം	— അശ്വിനൌ, യുവാമുഭൌ
സമാനേ അഹൻ	— ഏകസ്മിന്നനുഷ്ഠാനദിനേ
ത്രിഃ അവദ്യ—ഗോഹനാ	— ത്രിവാരമനുഷ്ഠാനഗതാനാം ദോഷാണാം സംവരണ കാരിണൌ ഭവതം
അദ്യ	— അസ്മിൻദിനെ
യജ്ഞം	— യജ്ഞഗതം ഹവിഃ
മധുനാ	— മധുരരസേന
ത്രിഃ മിമിക്ഷതം	— ത്രിവാരം സിഞ്ചതം
(കിഞ്ച) ദോഷാഃ	
ഉഷസഃ ച	— രാത്രീഃ ദിവസാംശ്ച രാത്രിഷു ദിവസേഷു ച നൈരന്തര്യേണ
വാജ—വതീഃ	— ബലകാരിണീഃ
ഇഷഃ	— അന്നാനി
അസ്മഭ്യം പിന്വതം	— സിഞ്ചതം, പ്രയച്ഛതം

അർത്ഥം—അല്ലയോ അശ്വികളേ, നിങ്ങളിരുവരും ഒരേ കർമ്മാനുഷ്ഠാനത്തിൽ, മൂന്നു സവനാചരണങ്ങളിലും വന്നു്, ലോപങ്ങൾ (ദോഷങ്ങൾ) മൂന്നു പ്രാവശ്യം പരിഹരിക്കുമാറാകണം. ഇന്നു്, യജ്ഞഹവിസ്സു് മൂന്നിരട്ടി മധുരരസത്തോടു കൂടിയതാകണം. (നിങ്ങളുടെ അനുഗ്രഹംകൊണ്ടാണു് ഹവിസ്സുകൾ സ്വാദിഷ്ഠങ്ങളാകുന്നതു്.) പിന്നെ രാവുകളിലും പകലുകളിലും ഇടവിടാതെ ബലപ്രദങ്ങളായ അന്നങ്ങൾ ഞങ്ങൾക്കു തന്നരുളണം.

4 ത്രിർവ്വർത്തിര്യാതം ത്രിരനുവ്രതേ ജനേ
ത്രിസ്സുപ്രാവ്യേ ത്രേധേവശിക്ഷതം
ത്രിർന്നാന്ദ്യം വഹതമശ്വിനായുവം
ത്രിഃ പൃക്ഷോ അസ്മേ അക്ഷരേവപിന്വതം.

അന്വയം —

ഹേ അശ്വിനാ, യുവം	— അശ്വിനൌ, യുവാം
ത്രിഃ വർത്തിഃ യാതം	— അസ്മദീയവർത്തനസാധനം, ഗൃഹം, ത്രിവാരം പ്രാപ്നുതം
(തഥാ) അനു–വ്രതേ	— അസ്മദനുകൂലവ്യാപാരയുക്തേ
ജനേ ത്രിഃ (യാതം)	— തദനുഗ്രഹായ ഗച്ഛതം
ത്രിഃ സുപ്ര–അവ്യേ	— ത്രിവാരം സുഷ്ഠുപ്രകർഷേണ രക്ഷണീയേ പ്രവർത്തമാനാൻ അസ്മാൻ
ത്രേധാ–ഇവ	— ത്രിഭിഃ പ്രകാരൈഃ
ശിക്ഷതം	— പുനഃപുനഃ അനുഷ്ഠാനമുപദേഷ്ടവ്യം
(തഥാ) നാന്ദ്യം	— നന്ദനീയം, സന്തോഷകരം ഫലം
ത്രിഃ വഹതം	— പ്രാപയതം (ഉദകാനി പർജ്ജന്യോയഥാ പ്രയച്ഛതി തദ്വത്)
അസ്മേ	— അസ്മാസു
പൃക്ഷഃ അക്ഷരാ–ഇവ	— അന്നം ഉദകാനീവ
ത്രിഃ പിന്വതം	— ത്രിവാരം പ്രയച്ഛതം

ഭാവം—അല്ലയോ അശ്വികളേ നിങ്ങൾ ഞങ്ങളുടെ ഗൃഹത്തിൽ ദിവസത്തിൽ മൂന്നു തവണ (മൂന്നു സവനത്തിന്നും) വരണം. അതുപോലെ ഞങ്ങൾക്കനുകൂലനായ ആളുടെ ഗൃഹത്തിലും മൂന്നു തവണ പോകണം. വേണ്ടതുപോലെ രക്ഷിക്കപ്പെടേണ്ട ഞങ്ങളെ മൂന്നു പ്രകാരത്തിലും, സാത്വികരാജസതാമസങ്ങളെ വേർതിരിച്ച്, അനുഷ്ഠാന വിഷയത്തിൽ ഉപ

ദേശിക്കണം. അപ്രകാരം തന്നെ മൂന്നു പ്രാവശ്യവും, പ്രാഹ്നത്തിലും മധ്യാഹ്നത്തിലും അപരാഹ്നത്തിലും, കർമ്മങ്ങൾക്ക് സന്തോഷകരമായ ഫലം ഉണ്ടാക്കിത്തരണം. മേഘം വെള്ളം വർഷിക്കുന്നപോലെ മൂന്നു കാലത്തും, കർമ്മങ്ങൾക്കു മുമ്പും, കർമ്മകാലത്തും കർമ്മാനന്തരവും ഞങ്ങൾക്ക് അന്നം തന്നരുളണം.

5 ത്രിർന്നോരയിം വഹതമശ്വിനായുവം
ത്രിർദ്ദേവതാതാ ത്രിരുതാവതം ധിയഃ
ത്രിസ്സൌഭഗത്വം ത്രിരുതശ്രവാംസിന—
സ്ത്രിഷ്ഠം വാംസൂരേദുഹിതാ രുഹദ്രഥം

അന്വയം:—

ഹേ അശ്വിനാ, യുവം	—	അശ്വിനൌ, യുവാം
നഃ രയിം ത്രിഃ വഹതം	—	ത്രിവാരം പ്രാപയതം
ദേവ—താതാ	—	ദേവതാതൌ ദേവൈര്യക്തേ കർമ്മണി
ത്രിഃ	—	ത്രിവാരമാഗച്ഛതം
ഉത ധിയഃ ത്രിഃ അവതം	—	അസ്മൽബുദ്ധീഃ ത്രിവാരം രക്ഷതം
സൌഭഗ—ത്വം ത്രിഃ	—	സൌഭാഗ്യം ത്രിഃ (വഹതം)
ഉത ശ്രവാംസി	—	അന്നാനി
നഃ ത്രിഃ	—	അസ്മഭ്യം ത്രിഃ (വഹതം)
വാം	—	യുവയോഃ സംബന്ധിനം
ത്രി—സ്ഥം രഥം	—	ചക്രത്രയേവസ്ഥിതം രഥം
സൂരേ ദുഹിതാ	—	സൂര്യസ്യപുത്രീ
ആ രുഹത്	—	ആരൂഢവതീ

അർത്ഥം—അല്ലയോ അശ്വികളേ, നിങ്ങൾ ഞങ്ങൾക്ക് മൂന്നുപ്രകാരത്തിൽ (ഭൂവിലും ആകാശത്തിലും ദ്യോവിലും) ധനം, ഐശ്വര്യം, ശ്രേയസ്സ് ഉണ്ടാക്കിത്തരണം. ഞങ്ങളുടെ ദേവയജനകർമ്മത്തിൽ മൂന്നുപ്രാവശ്യം (പ്രാഹ്നത്തിലും മധ്യാഹ്നത്തിലും അപരാഹ്നത്തിലും) വരണം. പിന്നെ ഞങ്ങളുടെ

ബുദ്ധികളെ മൂന്നുപ്രകാരത്തിൽ (ധർമ്മാർത്ഥകാമങ്ങളിൽ സമീചീനമായിച്ചേർത്തു്) രക്ഷിക്കണം ഞങ്ങളുടെ സൌഭാഗ്യം മൂന്നുപ്രകാരത്തിൽ (വാതപിത്തകഫാത്മങ്ങളായ രോഗങ്ങൾ വരാതെ അല്ലെങ്കിൽ മദമാത്സര്യമോഹങ്ങൾ ബാധിക്കാതെ) രക്ഷിക്കണം പിന്നെ മൂന്നുപ്രാവശ്യം, (കർമ്മത്തിന്നു മുമ്പും, കർമ്മകാലത്തും, കർമ്മാനന്തരവും) അന്നം തന്നരുളണം മൂന്നു ചക്രത്തിൽ നില്ക്കുന്ന നിങ്ങളുടെ തേരിലാണല്ലൊ സൂര്യപുത്രി ആരോഹണം ചെയ്തതു് (വിവാഹസൂക്തത്തിൽ പ്രസ്തുതയായ സൂര്യയെത്തന്നെയാണു് ഇവിടേയും പ്രതിപാദിക്കുന്നതു്.)

6 ത്രിർന്നോ അശ്വിനാ ദിവ്യാനി ഭേഷജാ
ത്രിഃ പാർത്ഥിവാനി ത്രിരു ദത്തമദ്ഭ്യഃ
ഓമാനം ശംയോർമ്മമകായ സൂനവേ
ത്രിധാതുശർമ്മവഹതം ശുഭസ്പതീ. വ 4

അന്വയം —

ഹേ അശ്വിനാ, നഃ	—	അശ്വിനൌ, അസ്മഭ്യം
ദിവ്യാനി ഭേഷജാ	—	ദ്യുലോകവർത്തീനി ഔഷധാനി
ത്രിഃ (ദത്തം)		
പാർത്ഥിവാനി ത്രിഃ ദത്തം	—	പൃഥിവ്യാം ഉൽപന്നാനി ഔഷധാനി ദത്തം
അൽ—ഭ്യഃ ഉ ത്രിഃ (ദത്തം)	—	അന്തരിക്ഷസകാശാദപ്യൌഷധാനി
ശം—യോഃ	—	ഏതന്നാമകസ്യ ബൃഹസ്പതിപുത്രസ്യ സംബന്ധിനം
ഓമാനം	—	സുഖവിശേഷം
മമകായ സൂനവേ	—	മദീയായ പുത്രായ (ദത്തം)
ഹേ ശുഭഃ പതീ	—	ശോഭനസ്യ ഔഷധജാതസ്യ പാലകൌ
(യുവാം) ത്രി—ധാതു	—	വാതപിത്തശ്ലേഷ്മ ധാതുത്രയ ശമനവിഷയം
ശർമ്മ വഹതം	—	സുഖം പ്രാപയതം

അത്ഥം—അല്ലയോ അശ്വികളേ, ഞങ്ങൾക്ക ദ്യുലോകസ്ഥങ്ങളായ മൂന്നു പ്രകാരത്തിലുള്ള ഔഷധങ്ങളും (ദേഹത്തിന്നും മനസ്സിന്നും ആത്മാവിന്നും പുഷ്ടികരങ്ങളായവ) തന്നരുളണം. ഭൂമിയിലെ മൂന്നു പ്രകാരത്തിലുള്ള (ഉള്ള രോഗം മാറാനും പുഷ്ടിക്കും മേലിൽ രോഗം വരാതിരിക്കാനുമുള്ള) ഔഷധങ്ങൾ തന്നരുളണം. അന്തരിക്ഷലഭ്യങ്ങളായ മൂന്നു പ്രകാരത്തിലുള്ള (ശുദ്ധവായു, ശുദ്ധജലം, ശുദ്ധപ്രകാശം എന്നിവയിലൂടെ) ഔഷധങ്ങളും തന്നരുളണം. ബൃഹസ്പതിപുത്രനായ ശംയുവിന്നുള്ളപോലെ (അല്ലങ്കിൽ ദുഃഖശമനവും സ്വാസ്ഥ്യസിദ്ധിയും കൂടിയ) സുഖവിശേഷം എന്റെ മകന്ന് തന്നരുളണം. അല്ലയോ മഹൌഷധപാലകരേ, നിങ്ങൾ വാതപിത്തകഫങ്ങളായ ധാതുക്കളുടെ ശമനത്തോടുകൂടിയ സുഖം ഞങ്ങളെ പ്രാപിപ്പിക്കണം.

7 ത്രിന്നോ അശ്വിനായജതാ ദിവേദിവേ
പരിത്രിധാതു പൃഥിവീമശായതം
തിസ്രോ നാസത്യാരഥ്യാ പരാവത—
ആത്മേവവാത സ്വസരാണി ഗച്ഛതം

അന്വയം:—

ഹേ അശ്വിനാ, ദിവേ—ദിവേ	—	അശ്വിനൌ, പ്രതിദിനം
യജതാ	—	യഷ്ടവ്യൌ (യുവാം)
നഃ പൃഥിവീം പരി	—	അസ്മദീയാം വേദിരൂപാം ഭൂമിം സർവ്വതഃ പ്രാപ്യ
ത്രി—ധാതു	—	കക്ഷ്യാത്രയയുക്തേ, ആസ്തീർണ്ണേ ബർഹിഷി
ത്രിഃ അശായതം	—	ത്രിവാരം ശയനം കരുതം
ഹേ രഥ്യാ, നാസത്യാ	—	രഥ്യൌ, രഥസ്വാമിനൌ, സത്യശീലൌ
തിസ്രഃ	—	ത്രിസംഖ്യാകാഃ ഐഷ്ടിക പാശുക സൌമികരൂപാ വേദീഃ

സ്വസരാണി — ശരീരാണി
പരാ—വതഃ ആത്മാ—ഇവ
വാതഃ ഗച്ഛതം — ആത്മഭൂതഃ പ്രാണവായുവ് ദൂരദേശാൽ ഗച്ഛതം

അർത്ഥം—അല്ലയോ അശ്വികളേ, പ്രതിദിനം യഷ്ടവ്യന്മാരായ നിങ്ങൾ യാഗവേദിയിൽ എല്ലാ ഭാഗവും പ്രാപിച്ച് മൂന്നു പടവുകളുള്ള ദർപ്പൽവിരിപ്പിൽ മൂന്നുപ്രാവശ്യം (മൂന്നുസവനങ്ങൾക്കും) വന്നുകിടക്കണം. അല്ലയോ രഥവീരന്മാരേ, സത്യശീലരേ, ഇഷ്ടിക, പശു, സോമം എന്നീ അംഗങ്ങളോടു കൂടിയ വേദികളെ ആത്മഭൂതനായ പ്രാണവായു ദൂരത്തിൽ നിന്ന് ശരീരങ്ങളെ എന്നപോലെ നിരന്തരമായി പ്രാപിച്ചാലും.

8 ത്രിരശ്വിനാ സിന്ധുഭിസ്സപ്തമാതൃഭി–
സ്ത്രയ ആഹാവാ സ്ത്രേധാഹവിഷ്കൃതം
തിസ്രഃ പൃഥിവീരുപരി പ്രവാദിവോ–
നാകം രക്ഷേഥേ ദ്യുഭിരക്തുഭിർഹിതം

അന്വയം —
ഹേ അശ്വിനാ — അശ്വിനൗ
സപ്തമാതൃ—ഭിഃ — ഗംഗാദ്യാനദ്യ. മാതര. യേഷാം ജലവിശേഷാണാം തൈഃ
സിന്ധു—ഭിഃ — സ്യന്ദനസ്വഭാവൈഃ ജലൈഃ വസതീവരീനാമഭിഃ
ത്രിഃ — സോമാഭിഷവം കൃതഃ
ആ—ഹാവാഃ — യഥോക്തജലയുക്തസ്യ സോമസ്യാധാരഭൂതാഃ, കൂപസദൃശാഃ
ത്രയഃ — ത്രിസംഖ്യാകാദ്രോണ കലശാധവനീയ പൂതഭൃദാഖ്യാഃ നിഷ്പന്നാഃ

(തേഷു ത്രിഷു പാത്രവിശേഷേഷു)

ത്രേധാ	— ത്രിഭിഃ പ്രകാരൈഃ, സവന ത്രയഗതൈഃ
ഹവിഃ കൃതം	— സോമാഖ്യം ഹവിഃ, സമ്പാദിതം ദ്രവ്യം വര്‍ത്തതേ.
തിസ്രഃ പൃഥിവീഃ ഉപരി	— ത്രിഭ്യഃ പൃഥിവ്യാദിരൂപേഭ്യഃ ഉര്‍ദ്ധ്വം
പ്രവാ	— പ്രവന്തൌ, ഗച്ഛന്തൌ (യുവാം)
ദിവഃ നാകം	— ദ്യുലോകസംബന്ധിനം ആദിത്യം
ദ്യു—ഭിഃ അക്തു—ഭിഃ	— അഹോഭിഃ, രാത്രിഭിഃ
ഹിതം	— സ്ഥാപിതം
(അഹനി സൂര്യം ഉദേതി, രാത്രൌ അസ്തംഗച്ഛതി ഏവം അഹോരാത്രാഭ്യാം സൂര്യഃ വ്യവസ്ഥാപ്യതേ)	
രക്ഷേഥേ	—

അര്‍ത്ഥം—അല്ലയോ അശ്വികളേ, ഒഴുകുന്ന ഗംഗാദിമാതൃനദികളില്‍ നിന്നു് സംഭൃതമായ വസതീവരി എന്ന മന്ത്രപൂതജലത്തില്‍ മൂന്നുതവണയായി എട്ടും പതിനൊന്നും പന്ത്രണ്ടും പ്രാവശ്യം ഇടിച്ചരിച്ചവയും, ആധവനീയം, പൂതഭൃത്തു് എന്നീ കുംഭാകൃതികളായ മണ്‍പാത്രങ്ങളിലെ ജലങ്ങളില്‍, മൂന്നു സവനങ്ങളില്‍, മൂന്നുപ്രകാരങ്ങളില്‍ ഹവിഷ്കരിച്ച (ഹവിസ്സാക്കിയ) വയുമായ സോമങ്ങള്‍ ഇവിടെ വെച്ചിരിക്കുന്നു. (അവ പാനം ചെയ്യാലും.) ഭൂമി, ആകാശം, ദ്യോവ് എന്നീ മൂന്നിനും മുകളില്‍ സഞ്ചരിക്കുന്ന നിങ്ങള്‍ ദ്യുലോകസംബന്ധിയായ ആദിത്യനെ പകല്‍ ഉദിപ്പിക്കുന്നു, രാവില്‍ അസ്തമിപ്പിക്കുന്നു.—അങ്ങിനെ രാപ്പകലുകളുടെ വ്യവസ്ഥാപകനായ ആദിത്യനെ നിര്‍ത്തി രക്ഷിക്കുന്നു. (അത്രയും മഹാന്മാരായ നിങ്ങള്‍ ഞങ്ങളുടെ സോമങ്ങള്‍ സ്വീകരിക്കണം). (വസതീവരി എന്നാല്‍ സോമം ഇടിക്കാനുള്ള മന്ത്രപൂതജലമാണു്. പൂതഭൃത്തും ആധവനീയവും വസതീവരിയുടെ പാത്രത്തില്‍ വെള്ളം കഴിഞ്ഞാല്‍ വീണ്ടും ഒഴിക്കാനുള്ള കരുതല്‍വെള്ളങ്ങളാണു്. മൂന്നിനും മണ്‍പാത്രങ്ങളാണു്. സൌകര്യമുള്ളിടങ്ങളില്‍ നദീജലങ്ങളാണു് ഇതിന്നുപയോഗിക്കാറു്.)

9 ക്വ ത്രീ ചക്രാ ത്രിവൃതോ രഥസ്യ
ക്വ ത്രയോ വന്ധുരോ യേ സനീളാഃ
കദാ യോഗോ വാജിനോ രാസഭസ്യ
യേന യജ്ഞം നാസത്യോപയാഥഃ

അന്വയം —

ഹേ നാസത്യാ	— നാസത്യൗ, അശ്വിനൗ
ത്രി-വൃതഃ	— ത്രിസംഖ്യാകൈഃ അശ്വിഭിഃ ഉപേതസ്യ ഭവദീയസ്യ
രഥസ്യ	— (ഈഷാദ്വയം പൂർവ്വഭാഗേ സംയുജ്യതേ സേയം ഏകാ അശ്വിഃ പൃഷ്ഠഭാഗേ വിയുജ്യതേ തത്ര കോണദ്വയം സമ്പദ്യതേ ഈദൃശസ്യ രഥസ്യ സംബന്ധിനി)
ത്രീ ചക്രാ	— ത്രീണി ചക്രാണി
ക്വ?	— കത്ര സ്ഥിതാനി ഇതി അസ്മാഭിഃ ന ദൃശ്യതേ
യേ (കാഷ്ഠവിശേഷാഃ) സ-നീളാഃ	— ഗൃഹസദൃശം രഥസ്യ ഉപരി നിവേശനസ്ഥാനം, തേന സഹവർത്തതേ
തേ (കാഷ്ഠവിശേഷാഃ) വന്ധുരാഃ	— നീഡബന്ധനാധാരഭൂതാഃ
ത്രയഃ	— അക്ഷേണസഹിതേ ദ്വേ ഈഷേ ഇതി ത്രിസംഖ്യാകാഃ
ക്വ?	— കുത്രസ്ഥിതാ ഇത്യസ്മാഭിഃ ന ജ്ഞായതേ
വാജിനഃ	— ബലവതഃ
രാസഭസ്യ	— ഭവദീയാശ്വസ്ഥാനീയസ്യ ഗർദ്ദഭസ്യ
യോഗഃ	— രഥയോജനം

കദാ? — കസ്മിൻകാലെ നിഷ്പന്നം ഇത്യസ്മാഭിഃ ന ദൃശ്യതേ

യേന — ചക്രത്രയനീഡകാഷ്ഠത്രയരാസഭയോജനസഹിതേന രഥേന

യജ്ഞം ഉപ—യാഥഃ — അസ്മദീയം യാഗസ്ഥാനം ഉപഗച്ഛ.

(താദൃശസ്യ രഥസ്യ ഇതിപൂർവ്വത്ര അന്വയഃ)

അർത്ഥം—അല്ലയോ സത്യശീലരേ, അശ്വികളേ, മൂന്നു കോൺമുനകളുള്ളതും രണ്ടു തണ്ടുകൾ മുൻഭാഗത്തുള്ളതും ഒരു തണ്ടു് പിൻഭാഗത്തുള്ളതും ആയി നിങ്ങളുടെ തേർ പ്രധാനമായി ത്രികോണമാണു്. ഇപ്രകാരമുള്ള തേരിന്നു് മൂന്നു ചക്രങ്ങൾ (ഉണ്ടെന്നു പറയപ്പെടുന്നതു്) എവിടെയാണു്? ഞങ്ങളാൽ കാണപ്പെടുന്നില്ല. ആ തേരിലെ ഇരിപ്പിടമായ മരപ്പലകയും, അച്ചുതണ്ടോടുകൂടിയ രണ്ടു തണ്ടുകളും എവിടേയാണു്? ഞങ്ങൾക്കറിയാൻ കഴിയുന്നില്ല. നിങ്ങളുടെ തേരിൽ കുതിരയുടെ സ്ഥാനത്തു് ശക്തിയുള്ള കഴുതയെ എപ്പോഴാണു് പൂട്ടുന്നതു്? അതും ഞങ്ങളാൽ കാണപ്പെടുന്നില്ല. (ഏതായാലും) മൂന്നു ചക്രങ്ങളും മൂന്നു ഇരിപ്പിടപ്പലകകളും പൂട്ടിയ കഴുതയുമുള്ള ആ തേരിൽ നിങ്ങൾ സമീപം വന്നരുളിയാലും.

10 ആ നാസത്യാ ഗച്ഛതം ഹൂയതേ ഹവി-
ർമ്മധ്വഃ പിബതം മധുപേഭിരാസഭിഃ
യുവോർഹിപൂർവ്വം സവിതോഷസോരഥ-
മൃതായ ചിത്രം ഘൃതവന്തമിഷ്യതി

അന്വയം.—

ഹേ നാസത്യാ, — നാസത്യൌ, അശ്വിനൌ. (ഇഹകർമ്മണി)

ആ ഗച്ഛതം,

(അത്ര അസ്മാഭിഃ) ഹവിഃ

ഹൂയതേ

(യുവാം ച) മധു—പേഭിഃ — മധുരദ്രവ്യപാനയുക്തൈഃ

ആസ—ഭിഃ — ആസ്യൈഃ

മധ്വഃ പിബതം — മധുരദ്രവ്യാണി ഹവീംഷി പിബതം
സവിതാ — സൂര്യഃ
ഉഷസഃ പൂർവ്വം — ഉഷഃകാലാൽ പുരാ
യുവോഃ ചിത്രം, ഘൃത—വന്തം — യുവയോഃ, ത്രിചക്രത്വാൽ വിചിത്രം അക്ഷാഞ്ജന സാധനേന ഘൃതേനോപേതം
രഥം ഋതായ — അസ്മദ്യജ്ഞാർത്ഥം
ഇഷ്യതി ഹി — പ്രേരയതി ഖലു

അർത്ഥം—അല്ലയോ സത്യശീലരേ, അശ്വികളേ ഈ കർമ്മത്തിൽ വന്നാലും. ഇവിടെ ഞങ്ങളാൽ ഹവിസ്സു ഹോമിക്കപ്പെടുന്നു. മധുരരസ പാനശീലങ്ങളായ നിങ്ങളുടെ മുഖങ്ങളാൽ (ഞങ്ങളർപ്പിക്കുന്ന) മധുരദ്രവ്യങ്ങളായ ഹവിസ്സുകാം പാനം ചെയ്യാലും. മൂന്നു ചക്രങ്ങളുള്ളതുകൊണ്ട് വിചിത്രവും കണ്ണെഴുത്തു് നെയ്യോടുകൂടിയതുമായ നിങ്ങളുടെതേരിനെ പ്രഭാതത്തിന്നുമുമ്പുതന്നെ സൂര്യൻ യജ്ഞത്തിന്നായി (യജ്ഞസ്ഥലത്തേക്കു്) തിരിച്ചുവിടുന്നുവല്ലോ

11 ആ നാസത്യാത്രിഭിരേകാദശൈരിഹ
ദേവേഭിര്യാതം മധുപേയ മശ്വിനാ
പ്രായുസ്താരിഷ്ടം നീരപാംസി മൃക്ഷതം
സേധതം ദ്വേഷോ ഭവതം സചാഭുവാ.

അന്വയം'—

നാസത്യാ, അശ്വിനാ — നാസത്യൌ, അശ്വിനൌ,
(യുവാം) ത്രി—ഭിഃ ഏകാദശൈഃ — ത്രിസംഖ്യാകൈഃ ഏകാദശാത്മവർഗ്ഗത്രയഗതൈഃ
ദേവേഭിഃ — ദേവൈസ്സഹ
മധു—പേയം — സോമാത്മകം മധുരദ്രവ്യപാനം അഭിലക്ഷ്യ

ഇഹ ആ യാതം — അസ്മിൻ ദേവയജനദേശേ ആഗച്ഛതം

ആയുഃ പ്ര താരിഷ്ടം — അസ്മദീയമായുഷ്യം പ്രവർദ്ധയതം

രപാംസി നിഃ മൃക്ഷതം — പാപാനി നിശ്ശേഷേണ ശോധയതം

ദ്വേഷഃ സേധതം — ദ്വേഷകർത്തൄൻ പ്രതിഷേധതം

സചാ—ഭുവാ ഭവതം — അസ്മാഭിസ്സഹാവസ്ഥിതൌ ഭവതം

അർത്ഥം—അല്ലയോ സത്യശീലരായ അശ്വികളേ, മൂന്നു വർഗ്ഗങ്ങളിൽപെട്ട, പതിനൊന്നീത ദേവന്മാരോടുകൂടി ഞങ്ങളുടെ ഈ യജ്ഞത്തിൽ ആഗമിക്കണം. ഞങ്ങൾക്ക് ആയുസ്സു വർദ്ധിപ്പിക്കണം. ഞങ്ങളുടെ പാപങ്ങൾ നിശ്ശേഷം കഴുകിക്കളയണം. ഞങ്ങളുടെ ശത്രുക്കളെ തടുക്കണം. ഞങ്ങളോടൊപ്പം വർത്തിക്കണം.

12 ആനോ അശ്വിനാത്രിവൃതാരഥേനാ—
ർവ്വാഞ്ചം രയിംവഹതം സുവീരം
ശൃണ്വന്താവാ മവസേ ജോഹവീമി
വൃധേചനോ ഭവതം വാജസാതൌ വ 5

അന്വയം:—

ഹേ അശ്വിനാ — അശ്വിനൌ

ത്രി—വൃതാ രഥേന — അപ്രതിഹതഗതിനാ ത്രിഷുലോകേഷു വർത്തമാനേന രഥേനസഹ

നഃ അർവ്വാഞ്ചം — അസ്മാകമഭിമുഖം

സു—വീരം രയിം — ശോഭനൈഃ വീരൈഃ പുത്രഭൃത്യാദിഭിരുപേതം ധനം

ആ വഹതം — ആനീയപ്രാപയതം

ശൃണ്വന്താ — അസ്മദീയസ്തുതിം ശൃണ്വന്തൌ

വാം — യുവാം

അവസേ ജോഹവീമി — രക്ഷണാൎത്ഥം ആഹ്വയാമി
നഃ വാജ—സാതൌ — അസ്മാകം സംഗ്രാമേ
വൃധേ ച ഭവതം — വൎദ്ധനായ ച ഭവതം

അൎത്ഥം—അല്ലയോ അശ്വികളേ, എതിരില്ലാതെ മൂന്നു ലോകങ്ങളിലും സ്വച്ഛന്ദമോടുന്ന നിങ്ങളുടെ തേരിലേറി വന്നു് ഞങ്ങൾക്കു നേരിട്ടു് സൽപുത്രഭൃത്യാദികളോടുകൂടിയ (ആളുണ്ടാവാനുള്ള അനുഗ്രഹത്തോടുകൂടിയ) ധനത്തെ കൊണ്ടുവന്നു് തന്നാലും. ഞങ്ങളുടെ സ്തുതി കേൾക്കുന്ന നിങ്ങളെ രക്ഷാൎത്ഥം വിളിക്കുന്നു. യുദ്ധത്തിലും നിങ്ങൾ ഞങ്ങളുടെ മേന്മക്കായി (ജയത്തിന്നായി) നിലകൊള്ളണം.

വൎഗ്ഗം 6—7 ജഗതീത്രിഷ്ടുപ്ഛന്ദസീ, സവിതാ ദേവതാ

1 ഹ്വയാമ്യഗ്നിം പ്രഥമം സ്വസ്തയേ
ഹ്വയാമി മിത്രാവരുണാ വിഹാവസേ
ഹ്വയാമിരാത്രീം ജഗതോ നിവേശനീം
ഹ്വയാമിദേവം സവിതാരമൂതയേ

അന്വയം:—

സ്വസ്തയേ — അസ്മാകം അവിനാശായ
പ്രഥമം അഗ്നിം ഹ്വയാമി — ആദൌ അഗ്നിം ആഹ്വയാമി
ഇഹ — അസ്മിൻ കൎമ്മണി
അവസേ മിത്രാവരുണൌ ഹ്വയാമി — രക്ഷാൎത്ഥം മിത്രാവരുണൌ ആഹ്വയാമി
ജഗതഃ — ജംഗമസ്യ പ്രാണിജാതസ്യ
നി—വേശനീം — ഉപവേശനഹേതുഭൂതാം
രാത്രീം — രാത്രിദേവതാം
ഹ്വയാമി — ആഹ്വയാമി
ഊതയേ — അസ്മദ്രക്ഷണാൎത്ഥം
സവിതാരം ദേവം ഹ്വയാമി

അർത്ഥം—എനിക്കു് അവിനാശത്തിന്നു് (മംഗല്യത്തിന്നു്) വേണ്ടി ഒന്നാമതായി അഗ്നിയെ വിളിക്കുന്നു. ഈ കർമ്മത്തിൽ എന്റെ രക്ഷക്കായി മിത്രാവരുണന്മാരെ വിളിക്കുന്നു. ജംഗമങ്ങളായ പ്രാണിസമൂഹങ്ങളാകുന്ന സ്വാസ്ഥ്യകാരിണിയായ രാത്രിദേവതയെ വിളിക്കുന്നു. എന്റെ രക്ഷക്കായി ദേവനായ സവിതാവിനെ വിളിക്കുന്നു.

2 ആകൃഷ്ണേന രജസാ വർത്തമാനോ
നിവേശയന്നമൃതം മർത്ത്യഞ്ച
ഹിരണ്യയേന സവിതാരഥേനാ—
ദേവോയാതി ഭുവനാനിപശ്യൻ.

അന്വയം:—

സവിതാ, ദേവഃ	— സൂര്യഃ
കൃഷ്ണേന രജസാ	— കൃഷ്ണവർണ്ണേനലോകേന (അന്തരിക്ഷലോകഃ സൂര്യാഗമനാത് പൂർവ്വം കൃഷ്ണവർണ്ണഃ)
(തേനമാർഗ്ഗേണ)	
ആ വർത്തമാനഃ	— പുനഃ പുനരാഗച്ഛൻ
അമൃതം മർത്ത്യം ച	— ദേവം മനുഷ്യഞ്ച
നി—വേശയൻ	— സ്വേസ്വേ സ്ഥാനേസ്ഥാപയൻ
ഭുവനാനി	— സർവ്വാൻലോകാൻ
പശ്യൻ	— അവേക്ഷമാണഃ, പ്രകാശയൻ
ഹിരണ്യയേന രഥേന ആ യാതി	— സുവർണ്ണനിർമ്മിതേന രഥേന ആഗച്ഛതി

അർത്ഥം—സവിതാവായ ദേവൻ, തന്റെ ആഗമനത്തിന്നു കാത്തുനില്ക്കുന്ന ലോകത്തോടുകൂടി, അന്ധകാരമയമായ ആകാശമാർഗ്ഗത്തിലൂടെ നിത്യവും വീണ്ടും വീണ്ടും വന്നു്, ദേവനേയും മനുഷ്യനെയും സ്വസ്വസ്ഥാനങ്ങളിൽ സ്ഥാപിച്ചു് ലോകങ്ങളെ മുഴുവൻ കണ്ടുകൊണ്ടു്, പ്രകാശിപ്പിച്ചു കൊണ്ടു്, സ്വർണ്ണമയമായ തേരിലേറിവരുന്നു.

3 യാതി ദേവഃ പ്രവതാ യാത്യുദ്വതാ

യാതി ശുഭ്രാഭ്യാം യജതോ ഹരിഭ്യാം.

ആ ദേവോ യാതി സവിതാ പരാവതോ-

പ വിശ്വാ ദുരിതാ ബാധമാനഃ

അന്വയം:

ദേവഃ	— ദീപ്യമാനഃ (സവിതാ)
പ്ര—വതാ	— പ്രവണവതാമാർഗ്ഗേണ
യാതി	— ഗച്ഛതി
ഉത്—വതാ യാതി	— ഉൽകൃഷ്ടേന, ഊർധ്വഗതമാർഗ്ഗേണ യാതി
(തഥാ) യജതഃ	— യഷ്ടവ്യഃ (സഃ ദേവഃ)
ശുഭ്രാഭ്യാം ഹരി—ഭ്യാം	— ശേവതാഭ്യാം അശ്വാഭ്യാം
യാതി	— ഗച്ഛതി
സവിതാ ദേവഃ വിശ്വാ	
ദുഃ—ഇതാ	— സർവ്വാണി പാപാനി
അപ ബാധമാനഃ	— വിനാശയൻ
പരാ—വതഃ	— ദൂരദേശാൽ, ദ്യുലോകാൽ
ആ യാതി	— യാഗദേശേ ആഗച്ഛതി

അർത്ഥം—ദീപ്യമാനനായ സവിതാവ് താഴോട്ടുള്ള മാർഗ്ഗത്തിലൂടെ ഗമിക്കുന്നു, മേലോട്ടുള്ള മാർഗ്ഗത്തിലൂടെ ഗമിക്കുന്നു. (ഉച്ചവരെ മേലോട്ടും പിന്നെ താഴോട്ടും) പൂജനീയനായ ആ ദേവൻ വെളുത്ത കുതിരകളോടുകൂടി ദേവയജനദേശത്തു് വരുന്നു. ആ സവിതാവായ ദേവൻ എല്ലാ പാപങ്ങളെയും (അന്ധകാരത്തെയും അജ്ഞാനത്തെയും) ഒടുക്കിക്കൊണ്ടു്, വിദൂരമായ ദ്യുലോകത്തിൽ നിന്നു് യാഗദേശത്തു് ആഗമിക്കുന്നു.

4 അഭീവൃതം കൃശനൈർവ്വിശ്വരൂപം
ഹിരണ്യശമ്യം യജതോ ബൃഹന്തം.
ആസ്ഥാദ്രഥം സവിതാ ചിത്രഭാനുഃ
കൃഷ്ണാ രജാംസി തവിഷീം ദധാനഃ

അന്വയം:—

യജതഃ	—	യഷ്ടവ്യഃ
ചിത്ര–ഭാനുഃ	—	വിവിധരശ്മിയുക്തഃ
കൃഷ്ണാ രജാംസി	—	അന്ധകാരയുക്തതയാ കൃഷ്ണവർണ്ണാൻ ലോകാനുദ്ദിശ്യ തമോനിവാരണാർത്ഥം
തവിഷീം	—	സ്വകീയം പ്രകാശരൂപം ബലം
ദധാനഃ സവിതാ	—	ധാരയൻ ദേവഃ
അഭി–വൃതം	—	അഭിതോവർത്തമാനം
കൃശനൈഃ വിശ്വ–രൂപം	—	സുവർണ്ണേന നാനാരൂപം
ഹിരണ്യ–ശമ്യം	—	അശ്വാനാം സ്കന്ധേഷു രഥയോജനവേലായാം നിയന്തും പ്രക്ഷേപ്യമാണാഃ ശങ്കവഃ ശമ്യാഃ
ബൃഹന്തം രഥം ആ അസ്ഥാൽ	—	പ്രൗഢം രഥം ആരൂഢവാൻ

അർത്ഥം—പൂജ്യനും, വിവിധ രശ്മികളോടു കൂടിയവനും, കറുത്ത ലോകത്തിൽ ഇരുട്ടകററാൻ തന്റെ പ്രകാശരൂപമായ ബലത്തെ ധരിക്കുന്നവനുമായ സവിതാവ്, സമീപത്തു നില്ക്കുന്നതും സ്വർണ്ണനിർമ്മിത വിവിധരൂപങ്ങളാൽ ചേർന്നതും, നുകത്തിന്റെ അററത്ത് സ്വർണ്ണക്കുററികളോടു കൂടിയതും, ഗംഭീരവുമായ രഥത്തിൽ കയറി. (സൂര്യന്റെ രഥത്തിൽ ഒരു ഭാഗത്ത് സ്വർണ്ണംകൊണ്ട് നിർമ്മിച്ച ആനക്കൂട്ടവും മറെറാരിടത്ത് കുതിരക്കൂട്ടവും വേറൊരിടത്ത് ആൾക്കൂട്ടവും ഉണ്ടെന്ന് സങ്കല്പിക്കപ്പെട്ടിരിക്കുന്നു.)

5 വിജനാഞ്ഛ്യാവാഃശിതി പാദോ അഖ്യ—
രഥം ഹിരണ്യപ്രഉഗം വഹന്തഃ
ശശ്വദ്വിശസ്സവിതുർദൈവ്യ—
സ്യോപസ്ഥേ വിശ്വാഭുവനാനി തസ്ഥുഃ

അന്വയം:—

ശിതി—പാദഃ	— ശ്വേതൈഃ പാദൈരുപേതാഃ
ശ്യാവാഃ	— സൂര്യസ്യാശ്വാഃ
ഹിരണ്യ—പ്രഉഗം	— രഥസ്യമുഖം, ഈഷയോരഗ്രം. യുഗബന്ധനസ്ഥാനം പ്രഉഗം
രഥം വഹന്തഃ ജനാൻ	— പ്രാണിനഃ
വി അഖ്യൻ	— വിശേഷേണ പ്രകാശിതവന്തഃ
ശശ്വൽ	— സർവ്വദാ
വിശഃ വിശ്വാ	
ഭുവനാനി (ച)	— പ്രജാഃ സർവ്വലോകാശ്ച
ദൈവ്യസ്യ സവിതുഃ	— ഇതരദേവസംബന്ധിനഃ സൂര്യസ്യ
ഉപ—സ്ഥേ	— സമീപേ
(പ്രകാശായ) തസ്ഥുഃ	— സ്ഥിതവന്തഃ

അർത്ഥം.—വെളുത്ത കാലുകളോടു കൂടിയ ശ്യാവങ്ങളെന്ന സൂര്യാശ്വങ്ങൾ, സ്വർണ്ണമയമായ നുകത്തറിയുള്ള തേരിനെ വഹിച്ചുകൊണ്ട് പ്രാണികളെ പ്രകാശിപ്പിക്കുന്ന (പ്രാണികൾക്ക് പ്രകാശം നല്കുന്നു) ജനങ്ങളും മാത്രമല്ല എല്ലാ ലോകങ്ങളും മററു ദേവന്മാരുടെ പ്രേരകനായ സൂര്യന്റെ സമീപത്തിൽ വെളിച്ചത്തിന്നായി നിലകൊള്ളുന്നു

6 തിസ്രോദ്യാവസ്സവിതുർദ്വാ ഉപസ്ഥാ—
ഏകാ യമസ്യ ഭുവനേ വിരാഷാട്.
ആണിം ന രഥ്യ മമൃതാധി തസ്ഥു—
രിഹ ബ്രവീതു യ ഉ തച്ചികേതത്. (വ. 6)

അന്വയം —

ദ്യാവഃ	— സ്വർഗ്ഗോപലക്ഷിതാഃ പ്രകാശമാനലോകാഃ
തിസ്രഃ	— ത്രിസംഖ്യാകാഃ (സന്തി)
(തത്ര) ദ്വൌ (ലോകൌ)	
സവിതുഃ	— സൂര്യസ്യ
ഉപ–സ്ഥാ	— സമീപസ്ഥാനേ വർത്തതേ ദ്യുലോകഭൂലോകയോഃ സൂര്യേണ പ്രകാശിതത്വാൽ
ഏകാ	— ഭൂമിരന്തരിക്ഷലോകഃ
യമസ്യ ഭുവനേ	— പിതൃപതിഗൃഹേ
വിരാഷാട്ട്	— വിരാൻ, ഗന്തൂൻ സഹതേ (പ്രേതാഃ പുരുഷാ അന്തരിക്ഷമാർഗ്ഗേണ പിതൃലോകം ഗച്ഛതി)
അമൃതാ	— അമൃതാനി, ചന്ദ്രനക്ഷത്രാദീനി ജ്യോതീംഷി
രഥ്യം ആണിം ന	— രഥാൽബഹിഃ അക്ഷഛിദ്രേ പ്രക്ഷിപ്തഃ കീലവിശേഷഃ ആണിഃ; രഥസംബന്ധിനം ആണിം അധിഗമ്യ യഥാരഥ സ്തിഷ്ഠതിതഥാ,
അധി തസ്ഥുഃ	— സവിതാരമഭിഗമ്യസ്ഥിതാനി
യഃ (തു മാനവഃ) തൽ	— സവിതൃരൂപം
ചികേതൽ	— ജാനാതി.
(സഃ മാനവഃ) ഇഹ	— അസ്മിൻ വിഷയേ
ബ്രവീതു	— കഥയതു
(സവിതുർമ്മഹിമാകേനാപി വക്തുമശക്യഃ)	

അർത്ഥം—സ്വർഗ്ഗം, ഭൂമി, അന്തരിക്ഷം എന്നിങ്ങനെ പ്രകാശമാനങ്ങളായ ലോകങ്ങൾ മൂന്നാണ്. അതിൽ ദ്യുലോകവും ഭൂലോകവും സൂര്യന്റെ സമീപസ്ഥാനത്തുവർത്തിക്കുന്നു. സൂര്യനാൽ പ്രകാശിതങ്ങളുമാണ്. അന്തരിക്ഷലോകത്തിലാണ് യമലോകത്തിലേക്ക് പോകുന്ന പറവുന്നമാർഗ്ഗം.

(മരിച്ച ആളുകൾ അന്തരീക്ഷമാർഗ്ഗത്തിലൂടെയാണ് പിതൃലോകത്തിലേക്ക് പോകുന്നത്) ചന്ദ്രനക്ഷത്രാദി ജ്യോതിസ്സുകൾ അച്ചുതണ്ടിനെ ബന്ധിക്കുന്ന കുററി തേരിനെ എന്നപോലെ, ഒഴിയാത്ത ബന്ധത്തിൽ സൂര്യനെ ചുററിപ്പാറി നില്ക്കുന്ന ഏതു മനുഷ്യൻ സൂര്യന്റെ രൂപം അറിയുന്നുവോ, അവൻ മാത്രം ഈ വിഷയത്തിൽ സംസാരിക്കട്ടെ (സൂര്യമഹത്വം പറയുവാൻ ആക്കും കെല്പില്ലെന്നർത്ഥം.)

വർഗ്ഗം 7

7 വിസുപർണ്ണോ അന്തരിക്ഷാണ്യഖ്യ—
ദ്ഗഭീരവേപാ അസുരസ്സുനീഥഃ
ക്വേ ദാനീം സൂര്യഃ കശ്ചികേത
കതമാംദ്യാം രശ്മിരസ്യാതതാന

അന്വയം:—

ഗഭീര—വേപാഃ	— ഗംഭീരകമ്പനഃ (രശ്മേഃ പ്രകമ്പനം, ചലനം കേനാപിദ്രഷ്ടുമശക്യം
അസുരഃ	— സർവ്വേഷാം പ്രാണദഃ
സു—നീഥഃ	— സുനയനഃ, ശോഭനപ്രാപണഃ
സു—പർണ്ണഃ	— ശോഭനപതനഃ, സൂര്യസ്യ രശ്മിഃ
അന്തരിക്ഷാണി	— അന്തരിക്ഷോപലക്ഷിതാനി ലോകത്രയസ്ഥാനാനി
വി അഖ്യൽ	— വിശേഷേണ സ്ഥാപിതവാൻ, പ്രകാശിതവാൻ
(താദൃശരശ്മിയുക്തഃ) സൂര്യഃ	
ഇദാനീം	— രാത്രൗ
ക്വ ?	— കുത്രവർത്തതേ ?
(തദേതദ്രഹസ്യം)	
കഃ ചികേത	— കോജാനാതി? (നകോപി ജാനാതി)
അസ്യ (സൂര്യസ്യ) രശ്മിഃ	
കതമാം ദ്യാം	— കം ദ്യുലോകം

ആ തതാന — രാത്രൌ വ്യാപ്തവാൻ?
(ഏതദപികോനജാനാതി?)

അൎത്ഥം—ആൎക്കും കാണാൻ കഴിയാത്തതെങ്കിലും ഗംഭീര പ്രകമ്പന (ചലന) ങ്ങളോടുകൂടിയവയും, എല്ലാജീവികൾക്കും പ്രാണങ്ങളെ കൊടുക്കുന്നവ (ഉണൎത്തുന്നവ) യും വഴിതെളിയിച്ച് എല്ലാവരെയും പ്രാപ്യപ്രദേശത്തെത്തിക്കുന്നവയുമായ സൂൎയ്യന്റെ ശോഭനപതനങ്ങളായ രശ്മികൾ, ദ്യോവ്, അന്തരിക്ഷം, ഭൂമി എന്നീ മൂന്നുലോകങ്ങളെ നന്നായി പ്രകാശിപ്പിക്കുന്നു. അപ്രകാരമുള്ള രശ്മികളോടുകൂടിയ സൂൎയ്യൻ ഈ രാത്രിയിൽ എവിടെ വൎത്തിക്കുന്നു? ആ രഹസ്യം ആൎക്കറിയാം? ആൎക്കുമറിയില്ല. ആ സൂൎയ്യന്റെ രശ്മികൾ രാത്രിയിൽ ഏതു് ദ്യുലോകത്തെ പ്രാപിച്ചു? അതും ആൎക്കുമറിയില്ല.

8 അഷ്ടൌവ്യഖ്യൽ കകുഭഃ പൃഥിവ്യാ—
സ്ത്രീധന്വയോജനാ സപ്തസിന്ധൂൻ
ഹിരണ്യാക്ഷസ്സവിതാ ദേവ ആഗാ—
ദ്ദധദ്രത്നാ ദാശുഷേവാൎയ്യാണി.

അന്വയം:—

പൃഥിവ്യാഃ (സംബന്ധിനീഃ)	
അഷ്ടൌ കകുഭഃ	— പ്രാച്യാദിദിശഃ ആഗ്നേയ്യാദി വിദിശശ്ച
സവിതാ വി അഖ്യൽ	— പ്രകാശിതവാൻ
(തഥാ) യോജനാ	— യോജയതിപ്രാണിനഃ ഉപഭോഗേന ഇതിയോജനാനി, പ്രാണിനഃ
ധന്വ ത്രീ	— അന്തരിക്ഷോപലക്ഷിതാൻ ത്രിസംഖ്യാകാൻ ലോകാൻ
സപ്ത സിന്ധൂൻ	— ഗംഗാദി നദീഃ (സവിതാവ്യഖ്യൽ)
ഹിരണ്യ—അക്ഷഃ	— ഹിരണ്യമയാക്ഷഃ
സവിതാ ദേവഃ ദാശുഷേ	— ഹവിൎദ്ദത്തവതേയജമാനായ
വാൎയ്യാണി രത്നാ	— വരണീയാനി രത്നാനി

ദധൽ — പ്രയച്ഛൻ
ആ അഗാൽ — ഇഹ ആഗച്ഛതു

അർത്ഥം—ഭൂമിയെസ്സംബന്ധിച്ച കിഴക്കുമുതലായ നാലു ദിക്കുകളും അഗ്നികോൺ തുടങ്ങിയ നാലു വിദിക്കുകളും സൂര്യൻ പ്രകാശിപ്പിക്കുന്നു അതുപോലെ പ്രാണികളേയും ദ്യോവ്, അന്തരിക്ഷം ഭൂമി എന്നീ മൂന്നുലോകങ്ങളേയും ഗംഗാദികളായ ഏഴു നദികളെയും സൂര്യൻ പ്രകാശിപ്പിക്കുന്നു സ്വർണ്ണചക്ഷുസ്സായ സവിതാവ്, ദേവൻ, ഹവിർദ്ദാതാക്കളായ യജമാനന്മാർക്ക് ശ്രേഷ്ഠങ്ങളായ രത്നങ്ങളെ കൊടുത്തുകൊണ്ട് ഇവിടെ ആഗമിക്കട്ടെ

9 ഹിരണ്യപാണിസ്സവിതാവിചർഷണി-
രുഭേദ്യാവാപൃഥിവീ അന്തരീയതേ
അപാമീവാം ബാധതേ വേതിസൂര്യ-
മഭികൃഷ്ണേന രജസാ ദ്യാമൃണോതി

അന്വയം —
ഹിരണ്യ-പാണിഃ — സുവർണ്ണമയഹസ്തയുക്തഃ, യജമാനേഭ്യോദാതും ഹിരണ്യം ഹസ്തേ ധൃതവാൻ
വി-ചർഷണിഃ — വിവിധ ദർശനയുക്തഃ
സവിതാദേവഃ
ഉഭേ ദ്യാവാപൃഥിവീ
അന്തഃ — ഉഭയോർല്ലോകയോർമ്മദ്ധ്യേ
ഈയതേ — ഗച്ഛതി
അമീവാം അപ ബാധതേ — രോഗാദിബാധാം സമ്യക്നിരാകരോതി
(തഥാ) സൂര്യംവേതി — ഗച്ഛതി
കൃഷ്ണേന രജസാ — തമസഃ കർഷകേണ, നിവർത്തകേന തേജസാ
ദ്യാം അഭി ഋണോതി — ആകാശം സർവ്വതഃ വ്യാപ്നോതി

ഭാവം—സ്വർണ്ണഹസ്തനും (അല്ലെങ്കിൽ ഉപാസകർക്ക് കൊടുപ്പാൻ തൃക്കയ്യിൽ സ്വർണ്ണം, ഐശ്വര്യം ധരിച്ചവനും) വിവിധ

ദശ്നങ്ങളോടു കൂടിയവനും ആയ സവിതാവു്, ദേവൻ, ദ്യോവിന്റെയും ഭൂവിന്റെയും മദ്ധ്യത്തിൽ ഗമിക്കുന്നു. സൂൎയ്യനെ പ്രാപിക്കുന്നു (സൂൎയ്യനും സവിതാവും പൊതുവേ ഒന്നാണെങ്കിലും മൂൎത്തിഭേദം കല്പിച്ചു് സവിതാവു് സൂൎയ്യനെ പ്രാപിക്കുന്നതായി പറയുന്നു. സവിതാവു് സൎവ്വപ്രേരകനാണു്. സൂൎയ്യൻ ബാഹ്യപ്രകാശകാരനാണു്.) ഇരുട്ടിനെ (അജ്ഞാനത്തെ) അകററുന്ന തേജസ്സുകൊണ്ടു് അവിടുന്നു് ആകാശം മുഴുവൻ വ്യാപിക്കുന്നു.

10 ഹിരണ്യഹസ്തോ അസുരസ്സുനീഥ—
സ്സുമൃളീകസ്സ്വവാ യാത്വൎവ്വാങ്ങ്
അപസേധന്രക്ഷസോ യാതുധാനാ—
നസ്ഥാദ്ദേവഃ പ്രതിദോഷം ഗൃണാനഃ

അന്വയം:—

ഹിരണ്യ—ഹസ്തഃ അസുരഃ	— പ്രാണദാതാ
സു—നീഥഃ	— സുഷ്ഠുനേതാ, പ്രശസ്യഃ
സു—മൃളീകഃ	— സുഷ്ഠു സുഖയിതാ
സ്വ—വാൻ	— ധനവാൻ
അൎവ്വാങ്ങ് യാതു	— അഭിമുഖഃ ഗച്ഛതു
(കിഞ്ച അയം) ദേവഃ	
രക്ഷസഃ യാതു—ധാനാൻ	— ബലവതഃ അസുരാൻ
അപ—സേധൻ	— നിരാകുൎവ്വൻ
പ്രതി—ദോഷം ഗൃണാനഃ	— പ്രതിരാത്രം സ്തൂയമാനഃ
അസ്ഥാൽ	— സ്ഥിതവാൻ

അൎത്ഥം—സ്വൎണ്ണഹസ്തനും പ്രാണദാതാവും വേണ്ടപോലെ എല്ലാവരേയും (അന്തരപ്രേരണകൊണ്ടു്) നയിക്കുന്നവനും, നല്ലപോലെ എല്ലാവരേയും സുഖിപ്പിക്കുന്നവനും ഐശ്വൎയ്യവാനുമായ അവിടുന്നു് അഭിമുഖമായി കൎമ്മദേശത്തിൽ വന്നരുളട്ടെ. [illegible] ദേവൻ ബലവാന്മാരായ അസുരന്മാരെ അകററി, രാത്രി തോറും സ്തുതിക്കപ്പെട്ടുകൊണ്ടു് (ആകാശത്തിൽ) സ്ഥിതനാണു്.

11 യേതേപന്ഥാസ്സവിതഃ പൂർവ്യാസോ—
രേണവസ്സുകൃതാ അന്തരിക്ഷേ
തേഭിർന്നോ അദ്യപഥിഭിസ്സുഗേഭി—
രക്ഷാചനോ അധിചബ്രൂഹിദേവ. വ. 7

അന്വയം.—

ഹേ സവിതഃ, തേ	—	തവ
യേ പന്ഥാഃ	—	മാർഗ്ഗാഃ
പൂർവ്യാസഃ	—	പൂർവ്വസിദ്ധാഃ
അരേണവഃ	—	ധൂളിരഹിതാഃ
അന്തരിക്ഷേ സു–കൃതാഃ	—	സുഷ്ഠുസമ്പാദിതാഃ
സു–ഗേഭിഃ	—	സുഷ്ഠുഗന്തും ശക്യൈഃ
തേഭിഃ പഥി–ഭിഃ	—	തൈർമാർഗ്ഗൈഃ (ആഗത്യ)
അദ്യ നഃ	—	അസ്മിൻദിനേ അസ്മാൻ
രക്ഷ ച	—	പാലനമപികുരു
(തഥാ) ഹേ ദേവ, നഃ	—	അസ്മാൻ, അനുഷ്ഠാതൄൻ
അധി ബ്രൂഹി ച	—	ദേവാനാമഗ്രേ അധികത്വേന കഥയച

അർത്ഥം—അല്ലയോ സവിതാവേ, അവിടുത്തെ മാർഗ്ഗങ്ങളേവ പണ്ടുപണ്ടേ ഉള്ളവയാണൊ, (പഴക്കത്തിലും) പൊടിപുരളാത്തവയാണൊ, അന്തരിക്ഷത്തിൽ വ്യക്തമായി രേഖപ്പെട്ടവയാണൊ, ആ സുഗമ മാർഗ്ഗങ്ങളിലൂടെ എഴുന്നള്ളി ഞങ്ങളെ രക്ഷിച്ചാലും. പിന്നെ, അല്ലയോ ദേവ, അനുഷ്ഠാതാക്കളായ ഞങ്ങളെക്കുറിച്ച് ദേവന്മാരോട് ഉള്ളതിലധികം ഗുണം പറയുകയും ചെയ്താലും.

വർഗ്ഗം 8 9 10 11—ഘോരപുത്രഃ കണ്വഃ ഋഷിഃ സമാസതോ ബൃഹതീ വിഷമാബൃഹത്യൗ ഛന്ദസീ അഗ്നിർദ്ദേവതാ.

1 പ്രവോയഹ്വം പുരൂണാം

വിശാം ദേവയതീനാം

അഗ്നിം സൂക്തേഭിർവ്വചോഭിരീമഹേ

യംസീമിദന്യ ഈളതേ

അന്വയം:—

(ഹേ ഋത്വിഗ്യജമാനാഃ,)

ദേവ—യതീനാം	—	ദേവാൻ കാമയമാനാനാം
പുരൂണാം വിശാം	—	ബഹൂനാം പ്രജാരൂപാണാം
വഃ	—	യുഷ്മാകം (അനുഗ്രഹായ)
അന്യേ ഇൽ	—	അന്യേ ഋഷയഃ അപി
യം (അഗ്നിം) സീം	—	സർവ്വതഃ
ഈളതേ	—	സ്തുവന്തി,
യഹ്വം (തം) അഗ്നിം	—	മഹാന്തം അഗ്നിം
സു—ഉക്തേഭിഃ വചഃ—ഭിഃ	—	സൂക്തരൂപൈഃ വാക്യൈഃ
പ്ര ഈമഹേ	—	പ്രകർഷേണ യാചാമഹേ

അർത്ഥം—അല്ലയോ ഋത്വിക്യജമാനന്മാരേ, ദേവന്മാരെ പ്രീതിപ്പെടുത്തുവാൻ ഇച്ഛിക്കുന്ന ഭൂരിസംഖ്യരായ, പ്രജകളായ നിങ്ങൾക്കു് അനുഗ്രഹത്തിന്നായി, മററു് ഋഷികളും യാതൊരു ദേവനെ എല്ലാ വിധത്തിലും സ്തുതിക്കുന്നുവോ, ആ അഗ്നിയെ ഞങ്ങളും സൂക്തരൂപങ്ങളായ വാക്യങ്ങളാൽ വണങ്ങുന്നു. (നിങ്ങൾക്കനുഗ്രഹത്തിന്നായി യാചിക്കുന്നു.)

2 ജനാസോ അഗ്നിം ദധിരേ സഹോവൃധം

ഹവിഷ്മന്തോ വിധേമതേ

സത്വം നോ അദ്യസുമനാ ഇഹാവിതാ

ഭവാ വാജേഷുസന്ത്യ.

അന്വയം —

ജനാസഃ — അനുഷ്ഠാതാരഃ ജനാഃ
സഹഃ-വൃധം — ബലസ്യ വർദ്ധയിതാരം
അഗ്നിം ദധിരേ — ധൃതവന്തഃ
ഹവിഷ്മന്തഃ — ഹവിര്യുക്താഃ (വയം)
(ഹേ അഗ്നേ,) തേ — ത്വാം
വിധേമ — പരിചരേമ
വാജേഷു സന്ത്യ — അന്നേഷുദാനശീല,
സഃ അവിതാ ത്വം അദ്യ — രക്ഷിതാ ത്വം അസ്മിൻദിനേ
ഇഹ നഃ സു-മനാഃ ഭവ — കർമ്മണി അസ്മാൻപ്രതി ശോഭനമനസ്കഃ ഭവ

അർത്ഥം—കർമ്മാനുഷ്ഠാതാക്കളായ ജനങ്ങൾ ബലവർദ്ധനനായ അഗ്നിയെ ധരിക്കുന്നവ (ഔപാസനാഗ്നിഹോത്രാദിരൂപത്തിൽ രക്ഷിച്ചു സൂക്ഷിക്കുന്നവ) രാകുന്നു ഹവിസ്സോടുകൂടിയ ഞങ്ങൾ അല്ലയോ അഗ്നേ, അവിടത്തെ പരിചരിക്കുന്നു ഉപാസിക്കുന്നു അന്നദാതാവേ, രക്ഷകനായ ആ അവിടുന്ന് ഇന്ന് ഈ കർമ്മത്തിൽ ഞങ്ങളിൽ തെളിഞ്ഞ മനസ്സോടുകൂടിയവനായി ഭവിച്ചാലും.

3 പ്ര ത്വാ ദൂതം വൃണീമഹേ
ഹോതാരം വിശ്വവേദസം
മഹസ്തേ സതോ വിചരന്ത്യർച്ചയോ-
ദിവിസ്പൃശന്തി ഭാനവഃ

അന്വയം —

(ഹേ അഗ്നേ) ഹോതാരം — ഹോമനിഷ്പാദകം
വിശ്വ-വേദസം — സർവ്വജ്ഞം
ദൂതം — ദേവാനാം, ദൂതത്യേ പ്രവൃത്തം
ത്വാ പ്ര വൃണീമഹേ — ത്വാം പ്രകർഷേണ വരണം കുർമ്മഃ
മഹഃ സതഃ — മഹതഃ നിത്യം വർത്തമാനസ്യ
തേ അർച്ചയഃ — തവദീപ്തയഃ
വി ചരന്തി — വിവിധം പ്രചരന്തി

ഭാനവഃ ദിവി — ത്വദീയാരശ്മയഃ ദ്യുലോകേ
സ്പൃശന്തി — തത്രത്യാൻ പ്രാണിനഃ പ്രകാശയന്തി.

അൎത്ഥം—അല്ലയോ അഗ്നേ, ഹോമനിൎവ്വാഹകനും സൎവ്വജ്ഞനും ദേവദൂതനുമായ അവിടുത്തെ ഞങ്ങൾ വേണ്ടപോലെ (ഉപാസ്യനായി) വരിക്കുന്നു മഹാനും നിത്യനുമായ അവിടുത്തെ ദീപ്തികൾ പലവിധത്തിലാണല്ലോ ചലിക്കുന്നതു്. ആ രശ്മികൾ ദ്യുലോകത്തിലുള്ള ചരാചരങ്ങളെക്കൂടി പ്രകാശിപ്പിക്കുന്നു.

4 ദേവാസസ്ത്വാ വരുണോ മിത്രോ അൎയ്യമാ
സംദൂതം പ്രത്നമിന്ധതേ
വിശ്വം സോ അഗ്നേ ജയതി ത്വയാധനം
യസ്തേ ദദാശ മൎത്ത്യഃ

അന്വയം—

ഹേ അഗ്നേ, ദേവാസഃ — ദേവാഃ
വരുണഃ മിത്രഃ അൎയ്യമാ
പ്രത്നം — പുരാതനം.
ദൂതം ത്വാ സം ഇന്ധതേ — ദൂതം ത്വാം സമ്യക് ദീപയന്തി.
യഃ മൎത്ത്യഃ — മനുഷ്യഃ, യജമാനഃ
തേ ദദാശ — തുഭ്യം ഹവിൎദ്ദത്തവാൻ
സഃ (യജമാനഃ) ത്വയാ — (സഹായഭൂതേന)
വിശ്വം ധനം ജയതി — സൎവ്വം ധനം ലബ്ധവാൻ ഭവതി.

അൎത്ഥം—അല്ലയോ അഗ്നേ, ദേവന്മാരായ വരുണനും മിത്രനും അൎയ്യമാവും പണ്ടേയുള്ളപോലെ ദൂതനായ അവിടുത്തെ വേണ്ടപോലെ പ്രകാശിപ്പിക്കുന്നു. (അവരുടെയെല്ലാം തേജോംശം അവിടേയ്ക്കു് പകൎന്നുതന്നിരിക്കുന്നു.) ഏതു യജമാനൻ അവിടേയ്ക്കു് ഹവിസ്സൎപ്പിക്കുന്നുവോ, ആ യജമാനൻ അവിടുന്നാകുന്ന സഹായത്തോടുകൂടി എല്ലാ ഐശ്വൎയ്യവും നേടുന്നു.

5 മന്ദ്രോഹോതാ ഗൃഹപതി—

രഗ്നേ ദൂതോ വിശാമസി.

ത്വേ വിശ്വാസങ്ഗതാനിവ്രതാധ്രുവാ

യാനിദേവാ അകൃണ്വത. വ 8

അന്വയം:—

ഹേ അഗ്നേ, (ത്വം) മന്ദ്രഃ	— ഹർഷഹേതുഃ
ഹോതാ	— ദേവാനാമാഹ്വാതാ
വിശാം ഗൃഹ—പതിഃ	— യജമാനരൂപാണാം പ്രജാനാം ഗൃഹസ്യപാലകഃ
ദൂതഃ അസി	— ദേവദൂതഃ ഭവസി
ദേവാഃ ധ്രുവാ	— സ്ഥിരാണി.
യാനി (കർമ്മാണി)	
അകൃണ്വത	— കൃതവന്തഃ
വിശ്വാ വ്രതാ	— (താനി) സർവ്വാണി കർമ്മാണി
ത്വേ സം—ഗതാനി	— ത്വയി സംഗതാനി.

അർത്ഥം—അല്ലയോ അഗ്നേ, അവിടുന്നു ഹർഷകരനും ദേവന്മാരെ വിളിക്കുന്നവനും, യജമാനന്മാരായ പ്രജകളുടെ ഗൃഹപാലകനും ദേവദൂതനുമാകുന്നു. ദേവന്മാർ നിത്യങ്ങളായി ഏതേതു കർമ്മങ്ങളും ചെയ്തുവരുന്നുവോ (ഭൂമിധരിക്കുന്നു, മേഘം വർഷിക്കുന്നു, സൂര്യൻ പ്രകാശിക്കുന്നു എന്നിങ്ങനെയുള്ള) ആ കർമ്മങ്ങളെല്ലാം അവിടുത്തോടു ബന്ധപ്പെട്ടവയാണ്.

വർഗ്ഗം 9

6 ത്വേ ഇദഗ്നേ സുഭഗേയവിഷ്ഠ്യ

വിശ്വ മാ ഹൂയതേ ഹവിഃ

സത്വം നോ അദ്യസുമനാ ഉതാപരം

യക്ഷിദേവാൻസുവീര്യാ

അന്വയം:—

ഹേ യവിഷ്ഠ്യ, അഗ്നേ, — യുവതമാഗ്നേ,
സു—ഭഗേ ത്വേ ഇൽ — സൌഭാഗ്യയുക്തേ ത്വയി ഏവ.
വിശ്വം ഹവിഃ — സർവ്വം ഹവിഃ
ആ ഹൂയതേ — സർവ്വതഃ പ്രക്ഷിപ്യതേ.
സഃ ത്വം നഃ സു—മനാഃ — അസ്മാൻ പ്രതി ശോഭന മനസ്സഃ
(ഭൂത്വാ) അദ്യ — അസ്മിൻ ദിനേ
ഉത അപരം — അപി ച ശ്വഃ പരശ്വഃ ഇത്യാദി ഉത്തരം കാലം; സർവ്വസ്മിന്നപി കാലേനൈരന്തര്യേണ
സു—വീര്യാ ദേവാൻ
യക്ഷി — ശോഭനവീര്യോപേതാൻ ദേവാൻ യജ.

അർത്ഥം—അല്ലയോ ഏററവും യുവാവായ അഗ്നേ, സൌഭാഗ്യയുക്തനായ അവിടുന്നിൽ തന്നെയാണല്ലൊ ലോകത്തിലുള്ള എല്ലാ ഹവിസ്സുകളും ഹോമിക്കപ്പെടുന്നതു്. അപ്രകാരമുള്ള അവിടുന്നു് ഞങ്ങളെക്കുറിച്ചു് പ്രീതമനസ്സനായി ഇന്നും വരാൻ പോകുന്ന കാലത്തിലെന്നും ഞങ്ങൾക്കവേണ്ടി ശോഭനവീര്യന്മാരായ ദേവന്മാരെ ഇടവിടാതെ യജിച്ചാലും.

7 തങ്ഘേമിത്ഥാനമസ്വിന—
ഉപസ്വരാജമാസതേ
ഹോത്രാഭിരഗ്നിം മനുഷഃസ്സമിന്ധതേ—
തിതിർവ്വാംസോ അതിസ്രിധഃ

അന്വയം:—

ഹേ അഗ്നേ, നമസ്വിനഃ — നമസ്കാരയുക്താഃ യജമാനാഃ
സ്വ—രാജം — സ്വതോദീപ്യമാനം
തം ഘ ഈം — തമേവ, പൂർവ്വോക്ത ഗുണ വിശിഷ്ടം
(ത്വാം) ഇത്ഥാ — അനേനപ്രകാരേണ, ഹവിഃപ്രദാനാദിരൂപേണ

ഉപ ആസതേ — പരിചരന്തി
സ്രിധഃ അതി
തിതിർവ്വാംസഃ — ശത്രൂൻ അതിശയേന തരന്തഃ
മനുഷഃ — മനുഷ്യാഃ യജമാനാഃ
ഹോത്രാഭിഃ — സപ്തഭിഃ വഷട്കർത്തൃഭിഃ
അഗ്നിം (ത്വാം) സം
ഇന്ധതേ — സമ്യക്ദീപയന്തി

അർത്ഥം—അല്ലയോ അഗ്നേ നമസ്കാരയുക്തരായ യജമാനന്മാർ സ്വയം പ്രകാശിക്കുന്ന മുൻപറഞ്ഞ ഗുണവിശേഷങ്ങളോടുകൂടിയ അവിടുത്തെത്തന്നെയാണ് ഹവിർദ്ദാനാദിരൂപത്തിൽ ഉപാസിക്കുന്നത് (അവിടുത്തെ അനുഗ്രഹം കൊണ്ട്) ശത്രുക്കളെ തികച്ചും മറികടന്ന യജമാനന്മാർ ഏഴു വഷട്കർത്താക്കളോടുകൂടി അഗ്നിയായ അവിടുത്തെ വേണ്ടപോലെ തെളിയിക്കുന്നു

8 ഘ്നന്തോ വൃത്രമതരന്രോദസീ അപ
ഉരു ക്ഷയായ ചക്രിരേ
ഭുവത്കണ്വേ വൃഷാ ദ്യുമ്ന്യാഹുതഃ
ക്രന്ദദശ്വോ ഗവിഷ്ടിഷു

അന്വയം —
(ഹേ അഗ്നേ ദേവാഃ)
ഘ്നന്തഃ — പ്രഹരന്തഃ
(ത്വത് സാഹായ്യേന)
വൃത്രം അതരൻ — തീർണ്ണവന്തഃ
(തദനന്തരം) രോദസീ — ദ്യാവാപൃഥിവ്യൗ
അപഃ — അന്തരിക്ഷം
ക്ഷയായ — പ്രാണിനാം നിവാസാർത്ഥം
ഉരു — വിസ്താരോ യഥാഭവതി തഥാ
ചക്രിരേ — കൃതവത്യൗ
(ഭവാൻ) കണ്വേ — കണ്വനാമകേ ഋഷൗ

ഗോ—ഇഷ്ടിഷു	— ഗോവിഷയേഷ്വായുക്തേഷു സംഗ്രാമേഷു
അശ്വഃ ക്രന്ദൽ	— ശബ്ദം കുർവ്വൻ യഥാഭീഷ്ട പ്രാപ്രകഃ തഥാ
വൃഷാ	— കാമാനാം വർഷിതാ
ദ്യുമ്നീ	— ധനവാൻ
ആ—ഹുതഃ	— സർവ്വതോ ഹോമയുക്തശ്ച
ഭുവൽ	— ഭവതു

അർത്ഥം—അല്ലയോ അഗ്നേ, അവിടുത്തെ സഹായംകൊണ്ടു് ദേവന്മാർ പൊരുതി വൃത്രനെ ജയിച്ചുവല്ലോ. അതിന്നു ശേഷം ദ്യാവാപൃഥിവികരം അന്തരിക്ഷത്തെ പ്രാണികരംക്ക നിവാസത്തിന്നായി വിസ്തൃതമാക്കിച്ചെയ്തു. ആ അവിടുന്നു് ഗോവിഷയമായ (ഒരു) യുദ്ധത്തിൽ, കുതിര ഹേഷ ശബ്ദമുണ്ടാക്കി എങ്ങിനെ അഭീഷ്ടം നേടുന്നുവോ, അപ്രകാരം കണ്വങ്കൽ കാമവർഷിതാവായും ധനപ്രദനായും എല്ലാടവും ഹോമയുക്തനായും ഭവിക്കട്ടെ. (വിശപ്പുകൊണ്ടോ തളർച്ചകൊണ്ടോ കുതിര ഹേഷശബ്ദം പുറപ്പെടുവിക്കുന്നു. അതിന്നു പരിഹാരമായാലെ ആ ക്രന്ദനം നില്ക്കൂ. അതുപോലെ അവിടുത്തെ മുമ്പിൽ അർത്ഥനകളുമായി ക്രന്ദനം ചെയ്യുന്ന കണ്വങ്കൽ അഭീഷ്ടം പ്രാപിപ്പിക്കണം എന്നു സാരം.)

9 സം സീദസ്വ മഹാँ അസി
ശോചസ്വ ദേവ വീതമഃ
വിധൂമമഗ്നേ അരുഷംമിയേധ്യ
സൃജപ്രശസ്ത ദർശതം.

അന്വയഃ:—

(ഹേ അഗ്നേ,)

സം സീദസ്വ	— ബർഹിഷ്യുപവിശ
മഹാൻ അസി	— ഗുണാധികഃ ഭവസി

ദേവ–വീതമഃ — അതിശയേനദേവാൻ കാമയമാനഃ
ശോചസ്വ — ദീപ്യസ്വ
ഹേ മിയേദ്ധ്യ, പ്ര–ശസ്ത,
അഗ്നേ, — മേധാഹ, ഉൽകൃഷ്ടാഗ്നേ,
അരുഷം, ദശതം ധൂമംവി
സൃജ — ഗമനശീലം ദശനീയം ധൂമം വിശേഷേണ സമ്പാദയ

അത്ഥം—അല്ലയോ അഗ്നേ, ദർഭ്ഭൂൽ വിരിപ്പിൽ ഇരുന്നാലും അവിടുന്ന് മഹാനാകുന്ന ഏററവും ദേവ (പ്രീതി) കാമനായി തെളിഞ്ഞു വിളങ്ങിയാലും പൂജാഹ, ഉൽകൃഷ്ട, അഗ്നേ, ഗമനശീലവും ദശനീയവുമായ പുക നല്ലപോലെ ഉണ്ടാക്കിയാലും വിട്ടാലും.

10 യം ത്വാ ദേവാസോമനവേദധുരിഹ
യജിഷ്ഠം ഹവ്യവാഹന
യങ്കണ്വോ മേധ്യാതിഥിർധനസ്പൃതം
യംവൃഷായമുപസ്തുതഃ വ 9

അന്വയം —

ഹേ ഹവ്യ–വാഹന, — ഹവിഷോ വാഹക, (അഗ്നേ,)
മനവേ — മനോരനുഗ്രഹായ
ദേവാസഃ — സവ്വേദേവാഃ
യജിഷ്ഠം — അതിശയേന പൂജ്യം
യം (ത്വാം) ഇഹ — ദേവയജനദേശേ
ദധുഃ — ധൃതവന്തഃ
മേധ്യ–അതിഥിഃ കണ്വഃ — ഏതന്നാമകഃ ഋഷിഃ
യം (ത്വാം) ധന–
സ്പൃതം — ധനേന പ്രീണയിതാരം കൃത്വാ (ദധേ)
(തഥാ) വൃഷാ — ഇന്ദ്രഃ
യം (ത്വാം ദധേ) — ധൃതവാൻ
ഉപ–സ്തുതഃ — അന്യോപിസ്തോതാ, യജമാനഃ
യം (ത്വാം ദധേ, സഃ ത്വം സീദസ്വ)

അത്ഥം—അല്ലയോ ഹവിർവ്വാഹകനായ അഗ്നേ, മനുവിന്നു് അനുഗ്രഹത്തിന്നായി ദേവന്മാർ എത്രയും പൂജ്യനായ യാതൊരവിടുത്തെ ദേവയജന ദേശത്തിൽ ധരിച്ചുവോ, യോഗ്യരായ അതിഥികളോടുകൂടിയ കണ്വൻ എന്ന ഋഷി യാതൊരവിടുത്തെ ധനദാനത്തിന്നു് പ്രസാദിപ്പിച്ചുവോ, യാതൊരവിടുത്തെ ഇന്ദ്രൻ ധരിച്ചുവോ, സ്തോതാവായ യജമാനൻ യാതൊരവിടുത്തെ ധരിച്ചുവോ ആ അവിടുന്നു് ഇവിടെ ദർഭപ്പുൽ വിരിപ്പിൽ ഇരുന്നരുളിയാലും.

വർഗ്ഗം 10

11 യമഗ്നിം മേധ്യാതിഥിഃ
കണ്വ ഈധ ഋതാദധി
തസ്യപ്രേഷോ ദീദിയുസ്തമിമാ ഋച-
സ്തമഗ്നിം വർധയാമസി.

അന്വയം:—

മേധ്യ—അതിഥിഃ	—	യാഗയോഗ്യാ അതിഥയഃ ഋത്വിഗ്രൂപാഃ യസ്യ താദൃശഃ
കണ്വഃ ഋതാൽ അധി	—	ആദിത്യാദധ്യാഹൃത്യ
യം അഗ്നിം ഈധേ	—	ദീപ്തവാൻ
തസ്യ (അഗ്നേഃ) ഇഷഃ	—	ഗമനസ്വഭാവാ രശ്മയഃ
പ്ര ദീദിയുഃ	—	പ്രകർഷേണ ദീപ്യന്തേ
(തഥാ) തം അഗ്നിം		
ഇമാഃ ഋചഃ	—	അസ്മാഭിഃ പ്രയുജ്യമാനാഃ ഋചഃ വർദ്ധയന്തി
(വയമപി) വർദ്ധയാമസി	—	സ്തോത്രൈഃ വർദ്ധയാമഃ

അത്ഥം—യാഗയോഗ്യരായി, ഋത്വിഗ്രൂപന്മാരായ അതിഥികളോടു കൂടിയ കണ്വൻ, ആദിത്യങ്കൽ നിന്നു് അദ്ധ്യാഹരിച്ചു് ഏതഗ്നിയെ ജ്വലിപ്പിച്ചുവോ, ആ അഗ്നിയുടെ പ്രസരണ ശീലങ്ങളായ രശ്മികൾ ഏറ്റവും ജ്വലിക്കുന്നു ആ അഗ്നിയെ ഞങ്ങളാൽ ചൊല്ലപ്പെടുന്ന ഋക്കുകൾ വളർത്തുന്നു. ഞങ്ങളും സ്തോത്രങ്ങളാൽ വളർത്തുന്നു.

12 രായസ്പൂർധി സ്വധാവോ ഽസ്തിഹിതേ-

ഽഗ്നേ ദേവേഷ്വാപ്യം

ത്വം വാജസ്യ ശ്രുത്യസ്യരാജസി

സനോ മൃളമഹാ് അസി

അന്വയം —

ഹേ സ്വധാ—വഃ,	— അന്നവൻ, (അഗ്നേ.)
(അസ്മാകം) രായഃ	— ധനാനി
പൂർധി	— പൂരയ, ദേഹി,
ഹേ അഗ്നേ, തേ	— തവ
ദേവേഷു ആപ്യം	— പ്രാപണീയം സഖ്യം
അസ്തി ഹി	— വിദ്യതേ ഖലു
ത്വം ശ്രുത്യസ്യ വാജസ്യ	— ശ്രവണീയസ്യ അന്നസ്യ
രാജസി	— ഈശ്വരോഭവസി
സഃ (ത്വം) നഃ മൃള	— അസ്മാൻ സുഖയ
മഹാൻ അസി	— ഗുണൈഃ അധികോസി

അർത്ഥം—അന്നയുക്തനായ അഗ്നേ, ഞങ്ങൾക്ക ധനങ്ങളെ നിറച്ചും തന്നാലും. അഗ്നേ അവിടേക്ക് ദേവന്മാരിൽ എത്തുവാനുള്ള സഖ്യമുണ്ടല്ലൊ അവിടുന്ന് കേൾവിപ്പെട്ടതും അന്നത്തിന്റെ നാഥനാകുന്ന അവിടുന്ന് ഞങ്ങളെ സുഖിപ്പിച്ചാലും. അവിടുന്ന് (ക്ഷേമ സല്പ്യാദി) ഗുണങ്ങളാൽ ഉൽകൃഷ്ടനാകുന്നു

13 ഊർധ്വ ഊഷുണ ഊതയേ

തിഷ്ഠാദേവോ ന സവിതാ

ഊർധ്വോവാജസ്യ സനിതാ

യദഞ്ജിഭിർവ്വാഘദ്ഭിർവ്വിഹ്വയാമഹേ

അന്വയം:—

(ഹേ യൂപ, യൂപാത്മകദാരുനിഷ്ഠാഗ്നേ, വാ)

നഃ സു ഊതയേ — അസ്മാകം രക്ഷണായ

സവിതാ ദേവഃ ന

ഊർധ്വഃ — ഉന്നതഃ

തിഷ്ഠ ഉ — സ്ഥിതോഭവ

ഊർധ്വഃ — ഉന്നതസ്സൻ

വാജസ്യ സനിതാ — അന്നസ്യദാതാ (ഭവിഷ്യസി)

യൽ — യസ്മാൽ കാരണാൽ

അഞ്ജി—ഭിഃ — ആജ്യേന യൂപം അഞ്ജദ്ഭിഃ

വാഘൽ—ഭിഃ — യജ്ഞം വഹദ്ഭിഃ, ഋത്വിഗ്ഭിഃ സഹ

വി—ഹ്വയാമഹേ — വിശേഷേണാഹ്വയാമഃ (തസ്മാൽ അന്നസ്യ ദാതാഭവ)

അർത്ഥം—അല്ലയോ യൂപ, (അല്ലെങ്കിൽ യൂപസ്ഥിതനായ അഗ്നേ,) ഞങ്ങൾക്കു വേണ്ടുംവണ്ണമുള്ള രക്ഷയ്ക്കായി ദേവനായ സവിതാവെന്നപോലെ ഉയൎന്നു നില്ക്കുക. ഉയൎന്നു്, അവിടുന്നു് അന്നദാതാവായി ഭവിയ്ക്കും. യൂപത്തിൽ നെയ്യുപുരട്ടുന്ന യജ്ഞനിൎവ്വാഹകരായ ഋത്വിക്കുകളോടുകൂടി അവിടത്തെ നന്നായി വിളിക്കുന്നു. അതുകൊണ്ടവിടുന്നു് അന്നദാതാവായി ഭവിച്ചാലും.

14 ഊർധ്വോനഃ പാഹ്യംഹസോ നികേതുനാ

വിശ്വം സമത്രിണം ദഹ.

കൃധീന ഊർധ്വാഞ്ചരഥായ ജീവസേ

വിദാദേവേഷുനോദുവഃ

അന്വയം:—

(ഹേ യൂപ, തന്നിഷ്ഠാഗ്നേ, വാ)

ഊർധ്വഃ — ഉന്നതസ്സൻ.

(അസ്മാൻ) കേതുനാ — ജ്ഞാനേന

അംഹസഃ നി പാഹി — പാപാൽ നിതരാം പാലയ

വിശ്വം അത്രിണം — സർവ്വം അത്താരം, ഭക്ഷകം രാക്ഷസം

സം ദഹ — സമ്യക് ഭസ്മീകുരു

നഃ ചരഥായ ജീവസേ — അസ്മാൻ ലോകേചരണായ ജീവനായ (ച)

ഊർധ്വാൻ കൃധി — ഉന്നതാൻ കുരു

നഃ ദുവഃ — അസ്മാകം ധനം (ഹവിസ്വരൂപം)

ദേവേഷു വിദാഃ — ലംഭയ

അർത്ഥം—അല്ലയോ യൂപ! (യൂപസ്ഥനായ അഗ്നേ,) അവിടുന്ന് ഉയർന്നുനിന്ന് ജ്ഞാനം കൊണ്ടു ഞങ്ങളെ പാപത്തിൽ നിന്ന് തികച്ചും രക്ഷിച്ചാലും (എല്ലാം, എല്ലാവരേയും) ഭക്ഷിക്കുന്ന രാക്ഷസനെ വേണ്ടപോലെ ചുട്ടുചാമ്പലാക്കിയാലും. ലോകത്തിൽ ചരിപ്പാനും ജീവിപ്പാനും ഞങ്ങളെ ഉയർന്നവരാക്കിയാലും ഞങ്ങളുടെ ഹവിസ്വരൂപമായ ധനം ദേവന്മാരിൽ എത്തിച്ചാലും.

15 പാഹിനോ അഗ്നേ രക്ഷസഃ

പാഹിധൂർത്തേരരാവ്ണഃ

പാഹിരീഷത ഉതവാജിഘാംസതോ—

ബൃഹദ്ഭാനോയവിഷ്ഠ്യ വ 10

അന്വയം —

ബൃഹൽ-ഭാനോ — ബൃഹന്തഃ ഭാനവഃ യസ്യ താദൃശ

യവിഷ്ഠ്യ അഗ്നേ — യുവതമ അഗ്നേ,

നഃ രക്ഷസഃ പാഹി — അസ്മാൻ രാക്ഷസാദേഃ പാലയ

(തഥാ) അരാവ്ണഃ — ധനാദീനാം അദാനരൂപാൽ

ധൂർത്തേഃ പാഹി — ഹിംസകാൽ പാലയ

(തഥാ) രിഷതഃ പാഹി — ഹിംസകാൽ, വ്യാഘ്രാദേഃ സകാശാൽ

ഉത വാ ജിഘാംസതഃ പാഹി — അഥവാ ഹന്തുമിച്ഛതഃ ശത്രോഃ സകാശാൽ പാഹി

അൎത്ഥം—മഹത്തുക്കളായ രശ്മികളോടുകൂടിയ, നവയുവാവായ അഗ്നേ, ഞങ്ങളെ ബാധകരായ രാക്ഷസാദികളിൽനിന്നു രക്ഷിച്ചാലും. ആക്രമൊന്നും കൊടുക്കാത്ത, ലോഭികളായ ഹിംസകരിൽനിന്നു രക്ഷിച്ചാലും. (ലോഭം ഹിംസാപ്രേരകവും ഹിംസതന്നെയും ആകുന്നു) വ്യാഘ്രാദികളായ ഹിംസ്രമൃഗങ്ങളിൽ നിന്ന് രക്ഷിച്ചാലും. പിന്നെ ഞങ്ങളെ ഹനിക്കാനിച്ഛിക്കുന്ന ശത്രുക്കളിൽ നിന്ന് രക്ഷിച്ചാലും.

16 ഘനേവ വിഷ്വഗ്വി ജഹ്യരാവ്ണ—
സ്തപുജംഭയോ അസ്മധ്രുക്
യോമർത്യശ്ശിശീതേ അത്യക്തുഭി—
ർമ്മാനസ്സരിപുരീശത

അന്വയം:—

ഹേ തപുഃ—ജംഭ	—	തപ്യമാനരശ്മിയുക്ത (അഗ്നേ,)
അരാവ്ണഃ	—	അസ്മഭ്യം ദേയസ്യ ധനസ്യ അദാതൄൻ, വൈരിണഃ
ഘനാ—ഇവ	—	കഠിനേന ദണ്ഡപാഷാണാദിനാ ഭാണ്ഡാദി ഭംഗംകരോതി തദ്വൽ
വിഷ്വക് വി ജഹി	—	സർവ്വതഃ വിശേഷേണ മാരയ
യഃ (അന്യോപിരിപുഃ)		
അസ്മ—ധ്രുക്	—	അസ്മദ്വിഷയദ്രോഹകാരീ ഭർത്സനാദിനാ ബാധതേ
യഃ (ച അന്യഃ) മർത്യഃ	—	മനുഷ്യഃ, ശത്രുഃ
അക്തു—ഭിഃ		
അതി ശിശീതേ	—	ആയുധൈഃ തനൂകരോതി, അസ്മാൻ പ്രഹരതി
സഃ രിപുഃ	—	ഭർത്സന പ്രഹാരകാരീദ്വിവിധഃ ശത്രുഃ
നഃ മാ ഈശത	—	അസ്മാൻപ്രതി ഈശ്വരഃ, ശക്തോമാഭൂൽ

അൎത്ഥം—ഉഷ്ണരശ്മിയായ അഗ്നേ, തരാനുള്ള പണം തരാത്ത ശത്രുവിനെ കഠിനമായ വടികൊണ്ടോ, കല്ലുകൊണ്ടോ, പാത്രം മുതലായവ ഇടിച്ചു പൊളിക്കുന്നപോലെ എങ്ങും നശിപ്പിക്കണം. നിന്ദാവചനങ്ങൾകൊണ്ടു ഞങ്ങളെ ദ്രോഹിക്കുന്ന ശത്രുവും ആയുധങ്ങൾകൊണ്ടു ഞങ്ങളെ ഉപദ്രവിക്കുന്ന ശത്രുവും ആരോ, അവരും ഞങ്ങൾക്കു്മേലെ വരരുതു്. (ഞങ്ങളെ ദ്രോഹിക്കാൻ ശക്തരാകരുതു്.)

17 അഗ്നിൎവ്വവ്നേ സുവീൎയ്യ—
മഗ്നിഃ കണ്വായസൗഭഗം
അഗ്നിഃപ്രാവന്മിത്രോതമേധ്യാതിഥി—
മഗ്നിസ്സാതാ ഉപസ്തുതം.

അന്വയം:—

അഗ്നിഃ സു—വീൎയ്യം	— ശോഭനവീൎയ്യോപേതം (ധനം)
വവ്നേ	— യാചിതഃ,
(സഃ) അഗ്നിഃ കണ്വായ	
സൌഭഗം	— ശോഭനധനാദിരൂപം ഭാഗ്യം (പ്രായച്ഛൽ)
(തഥാ) അഗ്നിഃ മിത്രാ	— അസ്മന്മിത്രാണി
പ്ര ആവൽ	— പ്രകൎഷേണ രക്ഷിതവാൻ
ഉത മേധ്യ—അതിഥിം	— അപിച മേധായോഗ്യൈഃ അതിഥിഭിരുപേതം ഋഷിം (പ്രാവൽ,)
(തഥാ) ഉപ—സ്തുതം	— അന്യമപിസ്തോതാരം, യജമാനം
സാതൌ	— ധനാദിദാനനിമിത്തം (പ്രാവൽ,)

അൎത്ഥം—ശോഭനവീൎയ്യത്തോടു കൂടിയ (മഹാകാൎയ്യങ്ങൾ സാധിക്കാൻ ഉതകുന്ന) ധനം അഗ്നിയോടു് യാചിക്കപ്പെട്ടിരിക്കുന്നു. ആ അഗ്നി കണ്വനു് ഐശ്വൎയ്യരൂപമായ ഭാഗ്യത്തെ കൊടുത്തു. അതുപോലെ ഞങ്ങളുടെ മിത്രങ്ങളെ രക്ഷിച്ചു. മാത്ര

മല്ല, യാഗയോഗ്യരായ അതിഥികളോടുകൂടിയ ഋഷിയെ രക്ഷിച്ചു മററു സ്തോതാവായ യജമാനനെയും ധനം നല്കി രക്ഷിച്ചു. (ആ ഉദാരനായ അഗ്നി ധനത്തിനായി യാചിക്കപ്പെട്ടിരിക്കുന്നു.)

18 അഗ്നിനാതുർവ്വശംയദും പരാവത

ഉഗ്രാദേവം ഹവാമഹേ

അഗ്നിന്നയന്നവവാസ്ത്വം ബൃഹദ്രഥം

തുർവ്വീതിം ദസ്യവേ സഹഃ

അന്വയം:—

അഗ്നിനാ (സഹാവസ്ഥിതാൻ)
തുർവ്വശം, യദും ഉഗ്ര—ദേവം— ഏതന്നാമകാൻ രാജർഷീൻ
പരാ—വതഃ
ഹവാമഹേ — ദൂരദേശാൽ ആഹ്വയാമഃ
ദസ്യവേ സഹഃ — അസ്മദുപദ്രവഹേതോഃ ചോരസ്യ (ശത്രോഃ) അഭിഭവിതാ
(സഃ) അഗ്നിഃ
നവ—വാസ്ത്വം ബൃഹൽ—
രഥം തുർവ്വീതിം — നവവാസ്ത്വ ബൃഹദ്രഥതുർവ്വീതി നാമകാൻ രാജർഷീൻ (ച)
നയൽ — ഇഹ ആനയതു

അർത്ഥം—അഗ്നിയുടെകൂടെ വർത്തിക്കുന്ന തുർവ്വശൻ, യദു, ഉഗ്രദേവൻ എന്നീ രാജർഷികളെ ദൂരത്തുനിന്ന് ഞങ്ങൾ വിളിക്കുന്നു. ഉപദ്രവകാരികളായ ചോരന്മാരെ (ശത്രുക്കളെ) തോല്പിക്കുന്ന ആ അഗ്നി, നവവാസ്ത്വ, ബൃഹദ്രഥൻ, തുർവ്വീതി എന്നീ രാജർഷികളെയും ഇവിടേയ്ക്ക് കൊണ്ടുവരട്ടെ.

19 നിത്വാമഗ്നേ മനുർദ്ദധേ
ജ്യോതിർജ്ജനായ ശശ്വതേ
ദീദേഥകണ്വ ഋതജാത ഉക്ഷിതോ—
യം നമസ്യന്തി കൃഷ്ടയഃ

അന്വയം —
ഹേ അഗ്നേ, യം (ത്വാം)
കൃഷ്ടയഃ — മനുഷ്യാഃ
നമസ്യന്തി — നമസ്കുർവ്വന്തി
ജ്യോതിഃ — പ്രകാശരൂപം
(തം) ത്വാം ശശ്വതേ
ജനായ — ബഹുവിധായ ജനായ
മനുഃ നി ദധേ — പ്രജാപതിഃ ദേവയജനദേശേ സ്ഥാപിതവാൻ
(ഹേ അഗ്നേ, ത്വം)
ഋത—ജാതഃ — ഋതേന, യജ്ഞേന നിമിത്തഭൂതേന ഉൽപ്പന്നഃ
ഉക്ഷിതഃ — ഹവിർഭിസ്സന്തർപ്പിതസ്സൻ
കണ്വ ദീദേഥ — ദീപ്തവാൻ അസി

അർത്ഥം—അല്ലയോ അഗ്നേ, യാതൊരവിടുത്തെ മനുഷ്യർ നമസ്കരിക്കുന്നുവോ, പ്രകാശരൂപനായ ആ അവിടുത്തെ, മനുപ്രജാപതി ബഹുവിധമായ (പല മട്ടിലുപയോഗിക്കുന്ന) ജനത്തിനുവേണ്ടി ദേവയജനദേശത്തിൽ സ്ഥാപിച്ചു അഗ്നേ, യജ്ഞത്തിൽനിന്ന് ഉത്പ്പന്നനായ അവിടുന്ന്, ഹവിർഹോമത്താൽ തൃപ്തനായി കണ്വർഷിയിങ്കൽ ജ്വലിച്ചു

20 ത്വേഷാസോ അഗ്നേരമവന്തോ അർച്ചയോ—
ഭീമാസോ ന പ്രതീതയേ
രക്ഷസ്വിനസ്സദമിദ്യാതുമാവതോ—
വിശ്വം സമത്രിണം ദഹ

(വ 11)

അന്വയം —

അഗ്നേഃ അച്ച്യയഃ	— ജ്വാലാഃ
ത്വേഷാസഃ അമ–വന്തഃ	— ദീപ്താഃ ബലവന്തഃ
ഭീമാസഃ	— ഭയങ്കരാഃ
(അതഃ) പ്രതി–	
ഇതയേ ന	— അസ്മാഭിഃ പ്രത്യേതും നശക്യാഃ
(ഹേ അഗ്നേ,)	
രക്ഷസ്വിനഃ	— ബലവതഃ
യാതു–മാവതഃ	— യാതുധാനാൻ, അസുരാൻ
സദം ഇൽ സം ദഹ	— സർവ്വദൈവ സമ്യക് ഭസ്മീകുരു.
(തഥാ) വിശ്വം	
അത്രിണം	— സർവ്വം ഭക്ഷകം, അസ്മൽ ബാധകം ശത്രും. (സംദഹ)

അർത്ഥം—അഗ്നിയുടെ ജ്വാലകൾ ദീപ്തങ്ങളും ബലവത്തുകളും ഭയങ്കരങ്ങളും, അതുകാരണം നമ്മുടാൽ എതിരിടുവാൻ അസാദ്ധ്യങ്ങളുമാകുന്നു. അല്ലയോ അഗ്നേ, ബലവാന്മാരായ അസുരന്മാരെ (ആ ജ്വാലകൾകൊണ്ടു്) എപ്പോഴും ചുട്ടുചാമ്പലാക്കിയാലും. അതുപോലെ എന്തും ഭക്ഷിക്കുന്ന, ഞങ്ങളെ ഉപദ്രവിക്കുന്ന ശത്രുവിനെ ചുട്ടുചാമ്പലാക്കിയാലും.

വർഗ്ഗം 12–13–14 ഗായത്രീച്ഛന്ദഃ മരുതോദേവതാ.

1 ക്രീളം വശ്ശർധോമാരുത–
മനർവ്വാണം രഥേശുഭം
കണ്വാ അഭിപ്രഗായത.

അന്വയം'—

ഹേ കണ്വാഃ	— കണ്വഗോത്രോൽപന്നാഃ ഋഷയഃ
വഃ	— യുഷ്മദർത്ഥം
ക്രീളം	— വിഹരണശീലം
അനർവ്വാണം	— ഭ്രാതൃവ്യരഹിതം

രഥേ-ശുഭം — സ്വകീയരഥേ അവസ്ഥായ ശോഭമാനം
മാരുതം ശർധഃ — മരുത്സമൂഹരൂപം ബലം
അഭി പ്ര ഗായത — അഭിതഃ പ്രകർഷേണഗായത

അർത്ഥം—അല്ലയോ കണ്വഗോത്രജന്മാരായ ഋഷികളേ, നിങ്ങൾക്കുവേണ്ടി, വിഹാരശീലമുള്ളതും ശത്രുക്കളില്ലാത്തതും, സ്വന്തം രഥത്തിൽ ശോഭിക്കുന്നതുമായ മരുത്തുക്കളുടെ സമൂഹരൂപമായ ബലത്തെ നേരിട്ടു നന്നായി സ്തുതിക്കുക

2 യേ പൃഷതീഭിരൃഷ്ടിഭി—
സ്സാകം വാശീഭിരഞ്ജിഭിഃ
അജായന്ത സ്വഭാനവഃ

അന്വയം:—
യേ (മരുതഃ) പൃഷതീഭിഃ — പൃഷത്യാദിഭിഃ
ഋഷ്ടി-ഭിഃ — ആയുധൈഃ
വാശീഭിഃ — (പരകീയസേനാഭീതിഹേതുഭിഃ) ശബ്ദവിശേഷൈഃ
അഞ്ജി-ഭിഃ സാകം — അലങ്കാരൈസ്സഹ
സ്വ-ഭാനവഃ — സ്വകീയദീപ്തിയുക്താഃ
അജായന്ത (താൻ സ്തുമഃ)

അർത്ഥം—യാവരായ മരുത്തുക്കൾ പുള്ളിമാനുകളോടും (മരുത്തുക്കളുടെ വാഹനങ്ങൾ) ഇരുതലമൂർച്ചയുള്ള വാളുകളോടും, ശത്രുസേനയെ വിറപ്പിക്കുന്ന ശബ്ദവിശേഷങ്ങളോടും ദേഹാലങ്കരണങ്ങളോടും കൂടി, സ്വയം പ്രകാശിക്കുന്നവരായി ജനിച്ചുവോ, അവരെ സ്തുതിക്കുന്നു

3 ഇഹേവശൃണ്വ ഏഷാം
കശാഹസ്തേഷു യദ്വദാൻ
നിയാമഞ്ചിത്ര മൃഞ്ജതേ

അന്വയം —

ഏഷാം	— മരുതാം
ഹസ്തേഷു (സ്ഥിതാഃ)	
കശാഃ	— വാഹനതാഡനഹേതവഃ
യൽ വദാൻ	— യദ്വദന്തി, യം ധ്വനിം കുർവ്വന്തി
(തം ധ്വനിം) ഇഹ—ഇവ	— അത്രൈവസ്ഥിതഃ
ശൃണ്വേ	— ശൃണോമി
(സഃ ധ്വനിവിശേഷഃ)	
യാമൻ	— സംഗ്രാമേ
ചിത്രം	— വിചിത്രം (ശൌര്യം)
നി യുഞ്ജതേ	— നിതരാംകരോതി

അർത്ഥം—ഈ മരുത്തുക്കളുടെ കൈകളിലുള്ള ചാട്ടവാറുകൾ ഉണ്ടാക്കുന്ന ശബ്ദം ഇവിടെ നിന്നുകൊണ്ടു തന്നെ (ഭൂമിയിൽ നിന്നു തന്നെ) കേൾക്കുന്നു ആ ശബ്ദവിശേഷം യുദ്ധത്തിൽ (പടയാളികൾക്ക്) വിചിത്രമായ വീര്യം ഉണ്ടാക്കുന്നു.

4 പ്രവശ്ശർദ്ധായ ഘൃഷ്വയേ
ത്വേഷദ്യുമ്നായ ശുഷ്മിണേ
ദേവത്തം ബ്രഹ്മഗായത.

അന്വയം —

(ഹേ ഋത്വിജഃ) വഃ	— യുഷ്മാകം സംബന്ധിനേ
ശർദ്ധായ	— പ്രസഹനശീലായ
ഘൃഷ്വയേ	— ശത്രുഘർഷണയുക്തായ
ത്വേഷ—ദ്യുമ്നായ	— ദീപ്യമാനയശസേ
ശുഷ്മിണേ	— ബലവതേ (മരുദ്ഗണായ)
ദേവത്തം	— ദേവൈർദ്ദത്തം, ദേവതാനുഗ്രഹലബ്ധം
ബ്രഹ്മ	— ഹവിർല്ലക്ഷണമന്നം ഉദ്ദിശ്യ
പ്രഗായത	— സ്തുധ്വം.

അർത്ഥം—അല്ലയോ ഋത്വിക്കുകളേ, കണ്വന്മാരും ശത്രുഞ്ജയവും യശോദീപ്തവും ശക്തിയുക്തവുമായ മരുത്സമൂഹത്തിനായി, നിങ്ങൾക്ക് ദേവതാനുഗ്രഹംകൊണ്ടുകിട്ടിയ സ്തുതി, ഹവിരന്നത്തെ ഉദ്ദേശിച്ച് പാടുക

5 പ്രശംസാ ഗോഷ്വഘ്ന്യം
ക്രീളം യച്ഛർധോ മാരുതം
ജംഭേ രസസ്യ വാവൃധേ (വ 12)

അന്വയം —

ഗോഷു	— മരുന്മാതൃപൃശ്നി പ്രസൂതിഷു ധേനുഷ്വവസ്ഥിതം
അഘ്ന്യം	— അഹന്തവ്യം
ക്രീളം	— വിഹാരോപേതം
മാരുതം ശർധഃ	— മരുദ്ഗണസംബന്ധി പ്രസഹനശീലം തേജഃ
(ഹേ ഋത്വിജഃ) യത്	
(അസ്തിതത്) പ്ര ശംസ	— സ്തുഹി.
രസസ്യ	— ഗോക്ഷീരരൂപസ്യ സംബന്ധിതത് തേജഃ
ജംഭേ വവൃധേ	— മുഖേവ്യവർദ്ധത് (തത് സ്തുഹി)

അർത്ഥം—അഘ്ന്യയായ പൃശ്നി തൊട്ട പശുക്കളിൽ അവസ്ഥിതവും ഹനിക്കാൻ വയ്യാത്തതും വിഹരണശീലവുമായ മരുത്തുക്കളുടെ തേജസ്സ് യാതൊന്നോ, അല്ലയോ ഋത്വിക്കുകളേ അതിനെ സ്തുതിക്കുക പശുവിൻപാലിന്റെ തേജസ്സ് അവരുടെ മുഖത്തു തെളിഞ്ഞു വളർന്നിരിക്കുന്നു, അതിനെ സ്തുതിക്കുക

6 കോവോ വർഷിഷ്ഠ ആനരോ—
ദിവശ്ചഗ്മശ്ച ധൂതയഃ
യത് സീമന്തം നധൂനുഥ

അന്വയം:—

യൽ	— യസ്മാൽ കാരണാൽ
സീം	— സർവ്വതഃ
അന്തം ന	— വൃക്ഷാഗ്രമിവ
ധൂനഥ	— ചാലയഥ
ദിവഃ ച ഗ്മഃ ച ധൂതയഃ	— ദ്യുലോകസ്യ ഭൂലോകസ്യാപി കമ്പനകാരിണഃ
ഹേ നരഃ	— നേതാരഃ (മരുതഃ)
വഃ	— യുഷ്മാകം മദ്ധ്യേ
ആ വർഷിഷ്ഠഃ കഃ	— ആസമന്താൽ വൃദ്ധതമഃ കഃ

അർത്ഥം—(മരുത്തുക്കളേ,) നിങ്ങൾ എല്ലാടവും ഒരു മരക്കൊമ്പുപോലെ ചലിപ്പിക്കുന്നവരല്ലൊ. ദ്യുലോകത്തിന്റെയും ഭൂലോകത്തിന്റെയും കമ്പനകാരികളായ നേതാക്കളേ, നിങ്ങളുടെ ഇടയിൽ ആകെ നോക്കിയാൽ ആരാണധികം മൂത്തവൻ? (മരുത്തുക്കൾ ഏകരൂപരെന്ന പോലെ ഏകവയസ്സുരുമെന്ന് പ്രസിദ്ധം)

7 നി വോ യാമായ മാനുഷോ—
ദധ്ര ഉഗ്രായ മന്യവേ
ജിഹീത പർവ്വതോ ഗിരിഃ

അന്വയം:—

(ഹേ മരുതഃ,) വഃ	— യുഷ്മാകം
ഉഗ്രായ	— തീവ്രായ
മന്യവേ	— ചാലനാർത്ഥം അഭിമന്യമാനായ
(യതഃ യുഷ്മദ്ഗത്യാ ചാലിതഃ) പർവ്വതഃ	— ബഹുവിധപർവ്വയുക്തഃ
ഗിരിഃ	— ശിഖരീ
ജിഹീത	— ഗച്ഛേൽ
(തഥാവിധായ) യാമായ	— ഗമനായ
മാനുഷഃ	— ഗൃഹസ്വാമീകശ്ചിന്മനുഷ്യഃ
നി ദധ്രേ	— ഗൃഹാദ്യാത്മരക്ഷാർത്ഥം സ്തംഭം നിക്ഷിപ്പുവാൻ

അത്ഥം—അല്ലയോ മരുത്തുക്കളേ, നിങ്ങളുടെ കരുത്തുററതും എന്തിനെയും ഇളക്കിമറിക്കാൻ പോന്നതുമായ ശക്തി വളരെ അടുക്കുകളോടുകൂടിയ മാമലയെക്കൂടി ചെന്നിളക്കുന്നു അപ്രകാരമുള്ള നിങ്ങളുടെ വരവിനെ തടുക്കാനായി, വീടുകെട്ടിയിരിക്കുന്ന മനുഷ്യൻ ഉറപ്പുള്ള തൂണ് സ്ഥാപിച്ചിരിക്കുന്നു

8 യേഷാമജ്മേഷു പൃഥിവീ
ജുജുർവ്വാം ഇവ വിശ്പതിഃ
ഭിയായാമേഷു രേജതേ,

അന്വയം —

(ഹേ മരുതഃ) യേഷാം	— (യുഷ്മാകം)
യാമേഷു അജ്മേഷു	— ഗമനേഷുക്ഷേപകേഷുസത്സു
പൃഥിവീ	— ഭൂമിഃ
ജുജുർവ്വാൻ—ഇവ	
വിശ്പതിഃ	— വയോഹാനി രോഗാദിനാ ജീർണ്ണഃ പ്രജാപാലകഃ രാജാ ഇവ
ഭിയാ രേജതേ	— ഭീത്യാ കമ്പതേ

അത്ഥം—അല്ലയോ മരുത്തുക്കളേ, നിങ്ങൾ ആഞ്ഞടിക്കുമ്പോൾ ഭൂമി വാദ്ധക്യംകൊണ്ടും രോഗംകൊണ്ടും ജീർണ്ണനായ രാജാവ് ശത്രുക്കളുടെ ആക്രമണത്തെ എന്നപോലെ, ഭയപ്പെട്ട് വിറയ്ക്കുന്നു

9 സ്ഥിരംഹി ജാനമേഷാം
വയോമാതുർന്നിരേതവേ
യൽസീമനുദ്വിതാശവഃ

അന്വയം:—

യൽ	— യസ്മാൽ കാരണാൽ
ശവഃ (ഭവദീയം)	— ബലം
സീം	— സർവ്വതഃ
ദ്വിതാ	— ദ്വിത്വേന (ദ്യാവാപൃഥിവ്യോഃ) വിഭജ്യ (വർത്തതേ)
(അതഃ) ഏഷാം (ഭവതാം)	
ജാനം	— ജന്മസ്ഥാനം, ആകാശം
സ്ഥിരം ഹി	— ചലനരഹിതംഖല്വ
മാതുഃ	— മരുതാം ജനനീസ്ഥാനീയാൽ ആകാശാൽ
വയഃ നിഃ—ഏതവേ	— പക്ഷിണഃ നിർഗ്ഗന്തും സമർത്ഥാഃ (ഭവന്തി)

അർത്ഥം—യാതൊരു കാരണത്താൽ നിങ്ങളുടെ ശക്തി എല്ലാ വിധത്തിലും ദ്യോവിനെയും ഭൂവിനെയും വിഭജിച്ച് നിലനില്ക്കുന്നുവോ, ആ നിങ്ങളുടെ ജന്മസ്ഥാനമായ ആകാശം ചലനരഹിതമായിത്തന്നെ വർത്തിക്കുന്നു. നിങ്ങളുടെ മാതൃസ്ഥാനമായ ആകാശത്തിൽ നിന്ന് പക്ഷികൾക്ക് പറന്നു പോകാൻ കഴിയുന്നുണ്ടല്ലൊ.

10 ഉദ്വത്യേസ്സൂനവോഗിരഃ
കാഷ്ഠാ അജ്മേഷ്വത്നത
വാശ്രാ അഭിജ്ഞുയാതവേ വ. 13

അന്വയം:—

ത്യേ	— പൂർവ്വപ്രകൃതാഃ
ഗിരഃ സൂനവഃ (വായവോഹിതാല്വോഷ്ഠാദിഷു സഞ്ചരന്തഃ വാചമുല്പാദയന്തി.)	— വാചഃ ഉൽപാദകാഃ (മരുതഃ)
അജ്മേഷു	— സ്വകീയേഷു ഗമനേഷു സൽസു
കാഷ്ഠാഃ ഉൽ ഉ അത്നത	— അപഃ ഉൽകർഷേണൈവ അതനിഷത്, വിസ്താരിതവന്തഃ

(ഉദകപാനാർത്ഥം)
വാശ്രാഃ — ഹംഭാരവോപേതാ ഗാഃ
അഭി—ജ്ഞു — ജാനുഭ്യാമഭിമുഖ്യം യഥാ ഭവതി തഥാ
യാതവേ — ഗന്തും (പ്രേരിതവന്തഃ)

അർത്ഥം—താലു, ഓഷ്ഠം മുതലായ അവയവങ്ങളിൽ സഞ്ചരിച്ച്, വാക്കുകൾ ഉണ്ടാക്കുന്ന മുൻപറഞ്ഞ മരുത്തുക്കൾ സ്വകീയ ഗമനങ്ങളിൽക്കൂടെ വെള്ളത്തെയും ഉണ്ടാക്കിപ്പുറത്തുന്ന ആ വെള്ളം കുടിപ്പാനായി ഇമ്പാശബ്ദം പുറപ്പെടുവിച്ചു കൊണ്ട് വന്ന മുട്ടുകുത്തുവാൻ പശുക്കൾ പ്രേരിതരായി.

11 ത്യം ചിദ്ഘ്ലാദീർഘം പൃഥും
മിഹോനപാതമമൃധ്രം
പ്രച്യാവയന്തി യാമഭിഃ

അന്വയം —

ത്യം ചിത് ഘ — പ്രസിദ്ധോയോമേഘഃ അസ്തീതം
ദീർഘം — ആയാമോപേതം
പൃഥും — തിര്യഗ്വിസ്തൃതം
മിഹഃ ന പാതം — സേചനീയസ്യ ജലസ്യ ന പാതയിതാരം വൃഷ്ടിമകുർവ്വന്തം
അമൃധ്രം — കേനാപ്യഹിംസ്യം (മേഘം)
(മരുതഃ) യാമ—ഭിഃ — സ്വകീയഗമനൈഃ
പ്ര ച്യവയന്തി — പ്രകർഷേണ ഗമയന്തി

അർത്ഥം—പ്രസിദ്ധമായ യാതൊരു മേഘമുണ്ടോ നീണ്ടതും പരന്നതും നനവിന്നുള്ള ജലം വീഴ്ത്താത്തതും (മഴപൊഴിക്കാത്തതും) ആരാലും ഉടക്കാൻ കഴിയാത്തതുമായ ആ മേഘത്തെ മരുത്തുക്കൾ സ്വകീയഗമനം കൊണ്ട് ഇളക്കുന്നു (മറിയ്ക്കുന്നു)

12 മരുതോയദ്ധവോ ബലം

ജനാ് അചുച്യവീതന

ഗിരീരചുച്യവീതന.

അന്വയം:—

ഹേ മരുതഃ, യൽ ഹ	— യസ്മാൽ കാരണാദേവ
വഃ ബലം	— യുഷ്മാകം ബലം (അസ്തി, തസ്മാൽ കാരണാൽ)
ജനാൻ അചുച്യവീതന	— സ്വസ്വവ്യാപാരേഷു പ്രേരയത.
(തഥാ) ഗിരീൻ അചുച്യവീതന	— മേഘാൻ പ്രേരയത

അൎത്ഥം—അല്ലയോ മരുത്തുക്കളേ, നിങ്ങാംക്ക ബലമുള്ളതു കൊണ്ടു് പ്രാണികളെ സ്വസ്വകൎമ്മങ്ങളിൽ പ്രേരിപ്പിച്ചാലും. (വേണ്ടകാലത്തു വൎഷിക്കുവാൻ) മേഘങ്ങളെ പ്രേരിപ്പിച്ചാലും.

13 യദ്ധയാന്തി മരുത—

സ്സംഹബ്രുവതേധ്വന്നാ

ശൃണോതി കശ്ചിദേഷാം.

അന്വയം:—

യൽ ഹ	— യദാഖലു
മരുതഃ യാന്തി	— ഗച്ഛന്തി
(തദാനീം) അധ്വൻ ആ	— മാൎഗ്ഗേ സൎവ്വതഃ
സം ബ്രുവതേ ഹ	— സംഭ്രയധ്വനിരവശ്യം കുൎവ്വന്തി
ഏഷാം	— മരുതാം (ശബ്ദം)
കഃ ചിൽ ശൃണോതി?	— കോപി ശൃണോതി?

അൎത്ഥം:—എപ്പോഠം മരുത്തുക്കഠം സഞ്ചരിക്കുന്നുവോ, അപ്പോഠം മാൎഗ്ഗത്തിലെല്ലാം ഒരു ധ്വനി ഉണ്ടാക്കുന്നു. അതു് ആരെങ്കിലും കേഠംക്കുന്നുണ്ടോ?

14 പ്രയാതശീഭമാശുഭി–

സ്സന്തികണ്വേഷുവോ ദുവഃ

തത്രോഷുമാദയാധ്വൈ

അന്വയം —

ഹേ മരുതഃ, ആശു–ഭിഃ — വേഗവത്ഭിഃ (സ്വകീയൈഃ വാഹനൈഃ)

ശീഭം പ്ര യാത — ശീഘ്രം പ്രകർഷേണ കർമ്മഭൂമിം ഗച്ഛത

കണ്വേഷു — മേധാതിഥിഷ്വനുഷ്ഠാതൃഷു

വഃ ദുവഃ സന്തി — യുഷ്മാകം പരിചരണാനി ഭവന്തി

തത്രോ സു — തേഷ്വേവ

മാദയാധ്വൈ — തൃപ്താഭവത

അർത്ഥം—അല്ലയോ മരുത്തുക്കളേ വേഗവത്തുക്കളായ സ്വന്തം വാഹനങ്ങളിൽ അവിളംബമായി ഈ കർമ്മഭൂമിയിൽ വന്നാലും. കണ്വമേധാതിഥികൾ നിങ്ങളെ സപര്യചെയ്തു കൊണ്ടിരിക്കുന്ന ആ പരിചരണങ്ങളിൽ സംതൃപ്തരായി ഭവിച്ചാലും.

15 അസ്തിഹിഷ്മാമദായവ–

സ്മസിഷ്മാവയമേഷാം

വിശ്വം ചിദായുർജ്ജീവസേ (വ 14)

അന്വയം —

(ഹേ മരുതഃ അസ്മാഭിഃ പ്രയുജ്യമാനം ഹവിഃ)

വഃ മദായ — യുഷ്മാകം തൃപ്തയേ

അസ്തി ഹി സ്മ — വിദ്യതേ ഖലു

ഏഷാം — യുഷ്മാകം

(ഭൃത്യഭൃതാഃ) വയം
സ്വസി സ്ഥ — വിദ്യാമഹേ ഖലു
ജീവസേ — ജീവിതും
വിശ്വം ചിൽ ആയുഃ — സർവ്വമപ്യായുഃ (പ്രയച്ഛത)

അർത്ഥം—അല്ലയോ മരുത്തുക്കളേ, ഞങ്ങളാൽ നല്കപ്പെട്ട ഹവിസ്സ് നിങ്ങാംക്ക് തൃപ്തിയായി ഭവിക്കുന്നുവല്ലോ. നിങ്ങളുടെ ദാസഭൃതരായ ഞങ്ങാം (അങ്ങിനെ) കരുതുന്നു. മുഴുവൻ ആയുസ്സും ഞങ്ങാംക്ക ജീവിപ്പുവാൻ തന്നരുളിയാലും. (പ്രാണവായുവും മരുത്താണല്ലോ.)

വർഗ്ഗം 15–16–17

1 കദ്ധന്നൂനങ് കധപ്രിയഃ
പിതാ പുത്രം നഹസ്തയോഃ
ദധിധ്വേ വൃക്തബർഹിഷഃ

അന്വയം:—
(ഹേ മരുതഃ) കൽ ഹ — കദാഖലു.
കധ—പ്രിയഃ — സ്തുതിപ്രീതാഃ
വൃക്ത—ബർഹിഷഃ — വൃക്തം, ഛിന്നം, ബർഹിഃ, ദർഭഃ യേഷാം, തേ
(യൂയം അസ്മാൻ)
പിതാ പുത്രം ന — പിതാപുത്രമിവ
നൂനം — അവശ്യം
ഹസ്തയോഃ ദധിധ്വേ — ധാരയത

അർത്ഥം—അല്ലയോ മരുത്തുക്കളേ, സ്തുതിതുഷ്ടന്മാരും, ഛിന്നിയ ദർപ്പുൽവിരിപ്പോട്ടുകൂട്ടിയവരും ആയ (ദർപ്പുൽ ഛിന്നിയത് മരുത്തുക്കളുടെ പ്രകമ്പനവൃത്തികൊണ്ടുതന്നെ) നിങ്ങാം ഒരച്ഛൻ മകനെ എന്നപോലെ ഞങ്ങളെ എപ്പോഴാണ് കൈകളിൽ പിടിക്കുക? (ഇപ്പോാംതന്നെ വേണമെന്നാശയം)

2 ക്വ നൂനം കദ്വോ അർത്ഥം
ഗന്താദിവോന പൃഥിവ്യാഃ
ക്വ വോ ഗാവോനരണ്യന്തി.

അന്വയം —

(ഹേ മരുതഃ,) നൂനം — ഇദാനീം
(യൂയം) ക്വ (സ്ഥിതാഃ)?
കദ് വഃ — കദായുഷ്മാകം
അർത്ഥം — അരണം, ദേവയജനദേശേ ഗമനം വിളംബം മാകുരുത
ദിവഃ ഗന്ത — ദ്യുലോകാൽ ഗച്ഛത
പൃഥിവ്യാഃ ന (ഗന്ത) — ഭൂലോകാൽ മാഗച്ഛത
വഃ — യുഷ്മാൻ
ഗാവഃ ന — യഥാ ഗാവഃ രണന്തിതദ്വൽ
ക്വ രണ്യന്തി? — ദേവയജനരൂപായാഃ പൃഥിവ്യാഃ അന്യത്ര കുത്രശബ്ദയന്തി?, യജമാനാഃ സ്തുവന്തി?

അർത്ഥം—അല്ലയോ മരുത്തുക്കളേ, ഇപ്പോൾ നിങ്ങളെവിടെ സ്ഥിതി ചെയ്യുന്നു? എപ്പോഴാണ് ദേവയജനം നടക്കുന്ന ഈ ദേശത്തേക്കാഗമനം? അതിന്, താമസിക്കരുതേ ദ്യോവിൽ നിന്ന് വന്നാലും ഭുവിൽനിന്ന് പിന്നെ (മടങ്ങി) പോകാതിരുന്നാലും പശുക്കൾ ശബ്ദിക്കുന്നപോലെ ദേവയജനരൂപയായ ഈ ഭൂമിയിൽ നിന്നല്ലാതെ മററെവിടേനിന്നാണ് നിങ്ങളെക്കുറിച്ച് ശബ്ദിക്കുക, യജമാനന്മാർ സ്തുതിക്കുക?

3 ക്വ വഃ സുമ്നാനവ്യാംസി
മരുതഃ ക്വ സുവിതാ
കോ ऽ വിശ്വാനി സൌഭഗാ

അന്വയം —

ഹേ മരുതഃ, വഃ — യുഷ്മാകം സംബന്ധീനി
നവ്യാംസി — നവതരാണി
സുമ്നാ ക്വ — പ്രജാപശുരൂപാണി ധനാനി കുത്രവർത്തന്തേ?
(തഥാ) സുവിതാ — ശോഭനാനി പ്രാപ്യാണി വേദീയാനിമണിമുക്താദീനി
ക്വ — കുത്രവർത്തന്തേ?

വിശ്വാനി സൌഭഗാ	—	സർവ്വാണി സൌഭാഗ്യരൂപാണി ഗവാശ്വാദീനി
ക്വാ	—	കുത്രവാവർത്തന്തേ? (ഭവദീയൈഃ സർവ്വാദിഭിസ്സഹ ഗന്തവ്യം.)

അർത്ഥം—അല്ലയോ മരുത്തുക്കളേ, നിങ്ങളുടെ പക്കലുള്ള പ്രജാപശുരൂപങ്ങളായ ധനങ്ങൾ എവിടെ ഇരിക്കുന്നു? അതു പോലെ ശോഭനങ്ങളും പ്രാപ്യങ്ങളുമായ രത്നം, മുത്തു മുതലായവ എവിടെ ഇരിക്കുന്നു? സൌഭാഗ്യരൂപങ്ങളായ പശു, കുതിര മുതലായവ എവിടെ ഇരിക്കുന്നു? വരുമ്പോൾ അവയെല്ലാം കൊണ്ടുവരണം.

4 യദ്യൂയം പൃശ്നിമാതരോ—
മർത്താസസ്സ്യാതന
സ്തോതാവോ അമൃതസ്സ്യാൽ.

അന്വയം:—

ഹേ പൃശ്നി—മാതരഃ,	—	പൃശ്നിനാമകധേനുപുത്രാഃ, (മരുതഃ,)
യൂയം യൽ	—	യദ്യപി
മർത്താസഃ സ്യാതന	—	മനുഷ്യാഃ ഭവേത
(തഥാപി) വഃ സ്തോതാ	—	യുഷ്മാകം യജമാനഃ
അമൃതഃ സ്യാൽ	—	ദേവോഭവേൽ

അർത്ഥം—പൃശ്നി എന്ന പശുവിന്റെ മക്കളായ മരുത്തുക്കളേ, നിങ്ങൾ മനുഷ്യരാണെങ്കിൽകൂടി നിങ്ങളെ സ്തുതിക്കുന്ന യജമാനനെ അമര (ദേവ) നാക്കണം. (മരുത്തുക്കൾ മനുഷ്യരായിട്ടല്ല ഇപ്രകാരം പറയുന്നതു്. അവക്കു് മനുഷ്യത്വം, മരണധർമ്മിത്വം സംഭവിക്കുന്ന എങ്കിൽ പോലും അവരെ ഉപാസിക്കുന്ന യജമാനന്നു് ദേവത്വം കൊടുക്കണം എന്നു് താല്പര്യം. അതിന്നവക്കു് ശക്തിയുണ്ടു്.)

5 മാവോ മൃഗോനയവസേ

ജരിതാഭൂദജോഷ്യഃ

പഥായമസ്യഗാദുപ വ 15

അന്വയം:—

(ഹേ മരുതഃ,) വഃ — യുഷ്മാകം
ജരിതാ — സ്തോതാ
മൃഗഃ ന യവസേ — യഥാ ഭക്ഷണീയേ തൃണേ മൃഗഃ കദാചിദപി അസേവ്യഃ ന ഭവതി തഥാ
അജോഷ്യഃ മാ ഭൂത് — അസേവ്യഃ മാഭൂത്
(കിഞ്ച സഃ സ്തോതാ)
യമസ്യ പഥാ — യമലോകസംബന്ധിമാർഗ്ഗേണ
(മാ) ഉപ ഗാത് — മാ ഉപഗച്ഛതു

അർത്ഥം—അല്ലയോ മരുത്തുക്കളേ, നിങ്ങളെ സ്തുതിക്കുന്നവൻ, തിന്നാവുന്ന പുല്ലുകൾക്ക് മൃഗം അസ്വീകാര്യനാകാത്തതുപോലെ, നിങ്ങൾക്ക് അസേവ്യനായി, അനിഷ്ടനായി വരരുത്. മാത്രമല്ല ആ സ്തോതാവ് യമലോകത്തിലേക്കുള്ള വഴിയിലൂടെ ഗമിക്കരുത്. (അയാൾക്ക് മരണം സംഭവിക്കരുത്. ചിരം ജീവിയാകണം)

6 മോഷുണഃ പരാപരാ

നിരൃതിർദുർഹണാവധീത്

പദീഷ്ട തൃഷ്ണയാ സഹ

അന്വയം —

(ഹേ മരുതഃ) നഃ — അസ്മാൻ
പരാ—പരാ — ഉത്കൃഷ്ടോത്കൃഷ്ടാ, അതിബലാ.
(അത ഏവ) ദുർ—ഹണാ — കേനാപിഹന്തും ദുഷ്കരാ

നിഃ—ഋതിഃ	— രക്ഷോജാതിദേവതാ
മോ സു വധീൽ	— സവ്വഥാവധംമാകാഷീൽ
(സാ) തൃഷ്ണയാ സഹ	
പദീഷ്ട	— പതതു.

അത്ഥം—അല്ലയോ മരുത്തുക്കളേ, അതിബലവതിയും, ആരാലും ഹനിക്കാൻ കഴിയാത്തവളുമായ നിരൃതി എന്ന രാക്ഷസി ഒരു വിധത്തിലും ഞങ്ങളെ വധിക്കരുത്. തൃഷ്ണയോടുകൂടി, ദുരാഗ്രഹത്തോടുകൂടിത്തന്നെ അവരം വീഴട്ടെ. (ഞങ്ങളുടെ ജീവിതതൃഷ്ണയെ ബാധിക്കാൻ വരുന്ന അവരം സ്വയം തൃഷ്ണയോടുകൂടി നശിക്കട്ടെ.)

7 സത്യന്ത്വേഷാ അമവന്തോ—

ധന്വഞ്ചിദാരുദ്രിയാസഃ

മിഹങ്കൃണ്വന്ത്യവാതാം.

അന്വയം:—

ത്വേഷാഃ	— ദീപ്താഃ
അമ—വന്തഃ	— ബലവന്തഃ
ധന്വൻ ചിൽ	— മരുദേശേപി
രുദ്രിയാസഃ	— രുദ്രേണ പാലിതത്വാൽ തദീയാഃ (മരുതഃ)
ആ	— സവ്വതഃ
അവാതാം മിഹം	
കൃണ്വന്തി	— വായുരഹിതാം വൃഷ്ടിം കവ്വന്തി
(തദേതൽ) സത്യം	— യഥാത്ഥം

അത്ഥം—ദീപ്തന്മാരും ബലവാന്മാരും സ്വയം ഈശ്വരന്മാരെങ്കിലും രുദ്രനാൽ പാലിതന്മാരാകയാൽ രുദ്രിയന്മാരുമായ (രുദ്രന്റെ കൂട്ടരായ) മരുത്തുക്കരം എങ്ങും വായുരഹിതമായ മഴ പൊഴിക്കുന്നു. ഇതു സത്യം.-

8 വാശ്രേവവിദ്യുന്മിമാതി

വത്സം ന മാതാസിഷക്തി

യദേഷാം വൃഷ്ടിരസർജി.

അന്വയം'—

വി—ദ്യുൽ	— (മേഘസ്ഥാ ദൃശ്യമാനാസതീ)
വാശ്രാ—ഇവ	— ശബ്ദയുക്താ, പ്രസ്നുത സ്തനവതീ ധേനരിവ
മിമാതി	— ശബ്ദം കരോതി
മാതാ വത്സം ന (വിദ്യുൽ, മരുതഃ)	— ധേനുഃ വത്സമിവ
സിസക്തി	— സേവതേ
യത്	— യസ്മാൽ കാരണാൽ
ഏഷാം	— മരുതാം (സംബന്ധിനീ)
വൃഷ്ടിഃ അസർജി	— ഗർജ്ജനസഹിതേ വിദ്യുൽകാലേ വൃഷ്ട്യാ ഭവതി

(തസ്മാത് വിദ്യുതഃ മരുത്സേവനം ഉപപന്നം)

അർത്ഥം—ഇടിമിന്നൽ മേഘസ്ഥമായി കാണപ്പെടുമ്പോൾ, മുലചുരത്തി ഇമ്പാരവം പുറപ്പെടുവിക്കുന്ന പശുവെന്നപോലെ, ശബ്ദമുണ്ടാക്കുന്ന തള്ളപ്പശു കുട്ടിയെ എന്ന പോലെ ഇടിമിന്നൽ മരുത്തുക്കളെ പരിചരിക്കുന്ന ഇടിമുഴക്കത്തോടുകൂടനാണല്ലോ മഴ പെയ്യുന്നത് (ആ മഴ മരുത്തുക്കളുടെ പ്രവൃത്തിയാകയാൽ ഇടിമിന്നൽ മരുത്തുക്കളെ സേവിക്കുന്നത് ഉചിതം തന്നെ)

9 ദിവാ ചിത്തമഃ കൃണ്വന്തി

പർജന്യേനോദവാഹേന

യത് പൃഥിവീം വ്യുന്ദന്തി

അന്വയം:—

(തേ മരുതഃ) ഉദ—
വാഹേന പൎജ്ജന്യേന — ഉദകധാരിണാ മേഘേന
(സൂൎയ്യമാച്ഛാദ്യ)
ദിവാ ചിൽ — അഹന്യപി
തമഃ കൃണ്വന്തി — അന്ധകാരം കുൎവ്വന്തി.
യൽ പൃഥിവീം
വി—ഉന്ദന്തി — യദാ ഭൂമിം വിശേഷേണ ക്ലേദയന്തി.
(തദാനീം, അതിവൃഷ്ടികാലെ
തമഃ കുൎവ്വന്തി)

അൎത്ഥം—ആ മരുത്തുക്കൾ ജലവാഹിയായ മേഘത്താൽ, പകൽ കൂടി സൂൎയ്യനെ മറച്ച് ഇരുട്ടുണ്ടാക്കുന്നു. ഭൂമിയെ അധികം നനക്കുമ്പോഴും, അതിവൃഷ്ടികാലത്തിൽ, ഇരുട്ടുണ്ടാക്കുന്നു.

10 അധ സ്വനാന്മരുതാം
വിശ്വമാ സദ്മ പാൎത്ഥിവം
അരേജന്ത പ്ര മാനുഷാഃ (വ. 16)

അന്വയം:—

മരുതാം (സംബന്ധിനഃ)
സ്വനാൽ അധ — ഗൎജ്ജനരൂപാൽ ധ്വനേരനന്തരം
പാൎത്ഥിവം വിശ്വം
സദ്മ — പൃഥിവീസംബന്ധിസൎവ്വം ഗൃഹം
ആ (അരേജത) — സമന്താൽ കമ്പിതവൽ
(തഥാ) മാനുഷാഃ — ഗൃഹവൎത്തിനോ മനുഷ്യാ അപി
പ്ര അരേജന്ത — പ്രകൎഷേണ കമ്പിതവന്തഃ

അൎത്ഥം—മരുത്തുക്കളുടെ ഗൎജ്ജനംപോലുള്ള ഇടിപൊട്ടലിൽ ഭൂമിയിലുള്ള എല്ലാവീടും മുഴുവൻ ഇളകുന്നു. അതുപോലെ വീടുകളിലുള്ള മനുഷ്യരും അത്യധികം വിറച്ചു തുള്ളുന്നു.

11 മരുതോ വീളുപാണിഭി—

ശ്ചിത്രാരോധസ്വതീരനു

യാതേമഖിദ്രയാമഭിഃ

അന്വയം —

ഹേ മരുതഃ, വീളുപാണി—
ഭിഃ — ദൃഢഹസ്തൈസ്സഹിതാസ്സന്തഃ
ചിത്രാഃ രോധസ്വതീഃ
അനു — കൂലയുക്താനദീരനുലക്ഷ്യ
അഖിദ്രയാമ—ഭിഃ — അച്ഛിന്നഗമനൈഃ
യാത ഈം — ഗച്ഛതൈവ

അർത്ഥം—അല്ലയോ മരുത്തുക്കളേ, നിങ്ങൾ സുശക്തഹസ്തന്മാരായി, ഇരുകരകളോടുകൂടിയ നദിയെ ലക്ഷ്യമാക്കി മുറിയാത്ത ഗതിയോടുകൂടി വരുക തന്നെ ചെയ്യാലും.

12 സ്ഥിരാവസ്സന്തുനേമയോ—

രഥാ അശ്വാസ ഏഷാം

സുസംസ്കൃതാ അഭീശവഃ

അന്വയം —

(ഹേ മരുതഃ) ഏഷാം വഃ— യുഷ്മാകം
നേമയഃ — രഥചക്രവലയാഃ
സ്ഥിരാഃ സന്തു — ഭവന്തു
(തഥാ) രഥാഃ അശ്വാസഃ — അശ്വാഃ (ച സ്ഥിരാസ്സന്തു)
അഭീശവഃ — അംഗുലയഃ ദീധിതയഃ
സു—സംസ്കൃതാഃ — സ്വലംകൃതാഃ (സന്തു)

അർത്ഥം—അല്ലയോ മരുത്തുക്കളേ, നിങ്ങളുടെ തേർചക്രത്തിന്റെ വലയങ്ങൾ ഉറപ്പുള്ളവയായി ഭവിക്കട്ടെ നിങ്ങളുടെ തേരുകളും കുതിരകളും കരുത്തുറ്റുള്ളവയാവട്ടെ രശ്മികൾ (കുതിരയുടെ കടിഞ്ഞാണുകൾ) നല്ലപോലെ അലങ്കൃതങ്ങളാവട്ടെ

13 അച്ഛാവദാതനാ ഗിരാ
ജരായൈ ബ്രഹ്മണസ്പതിം
അഗ്നിംമിത്രം ന ദർശതം.

അന്വയം:—

(ഹേ ഋത്വിക് സമൂഹ,)
തനാ — തനയാ, ദേവതാ മാഹാത്മ്യ പ്രകാശയന്ത്യാ
ഗിരാ — വാചാ
ബ്രഹ്മണഃ പതിം — മന്ത്രസ്യപാലകം മരുൽഗണം
അഗ്നിം ദർശതം മിത്രം ന — ദർശനീയം മിത്രമിവ
ജരായൈ അച്ഛ വദ — സ്തോത്രം ആഭിമുഖ്യേനബ്രൂഹി

അർത്ഥം—അല്ലയോ ഋത്വിക് സമൂഹമേ, ദേവതാമാഹാത്മ്യപ്രകാശകമായ വാക്കിനാൽ മന്ത്രപതിയും മരുൽഗണാത്മാവുമായ അഗ്നിയെ, കാണാൻ വൈകിയ സ്നേഹജനത്തെ എന്നപോലെ സ്തുതിക്കുവാൻ (സ്തോതാവിനോട്ട് നേരിട്ട്) പറയുക.

14 മിമീഹി ശ്ലോകമാസ്യേ
പർജ്ജന്യ ഇവതതനഃ
ഗായഗായത്രമുക്ഥ്യം.

അന്വയം:—

(ഹേ ഋത്വിക് സമൂഹ,)
ആസ്യേ — സ്വകീയമുഖേ
ശ്ലോകം മിമീഹി — സ്തോത്രം നിർമ്മിതം കുരു
(തം ച ശ്ലോകം)
പർജ്ജന്യഃ—ഇവ — മേഘോവൃഷ്ടിം വിസ്താരയതി തദ്വൽ
തതനഃ — വിസ്താരായ

ഉക്ഥ്യം ഗായത്രം — ശസ്ത്രയോഗ്യം ഗായത്രീഛന്ദസ്സം സൂക്തം

ഗായ — പാ

അർത്ഥം—ഋത്വിക് സമൂഹമേ, സ്വകീയമുഖത്തിൽ സ്തോത്രം നിർമ്മിക്കുക. ആ സ്തോത്രം മേഘം മഴയെ എന്നപോലെ എമ്പാടും പരത്തുക ശസ്ത്രയോഗ്യമായി, ഗായത്രീഛന്ദസ്സിലുള്ള സൂക്തം ചൊല്ലുക.

15 വന്ദസ്വമാരുതം ഗണം
തോഷം പനസ്യുമക്കിണം
അസ്മേവൃദ്ധാ അസന്നിഹ. വ 17

അന്വയം:—

(ഹേ ഋത്വിക് സമൂഹ,)

ത്വേഷം	— ദീപ്തം
പനസ്യം	— സ്തുതിയോഗ്യം
അക്കിണം	— അച്ഛനോപേതം
മാരുതം ഗണം	— മരുത്സംബന്ധിസമൂഹം
വന്ദസ്വ	— നമസ്കരു
അസ്മേ	— അസ്മാകം
ഇഹ	— അസ്മിൻ കർമ്മണി
(മരുതഃ) വൃദ്ധാഃ അസൻ	— പ്രവൃദ്ധാഭവന്തു

അർത്ഥം—ഋത്വിക് സമൂഹമേ, പ്രകാശമാനവും സ്തുത്യർഹവും ഉപാസകരുടെ അച്ഛനയോടുകൂടിയതുമായ മരുത്സമൂഹത്തെ നമസ്കരിക്കുക നമ്മളുടെ ഈ കർമ്മത്തിൽ മരുത്തുക്കൾ പ്രവൃദ്ധന്മാരാവട്ടെ (സ്തുതികൊണ്ട് ദേവാദികൾക്ക് കൂടുതൽ വലുപ്പം വരുമെന്ന് ശാസ്ത്രസിദ്ധം)

ൎഗ്ഗം 18—19—ബൃഹതീസതോ ബൃഹതീച്ഛന്ദസീ

1 പ്രയദിത്ഥാപരാവത—
ശ്ശോചിന്ന മാനമസ്യഥ
കസ്യക്രത്വാ മരുതഃ കസ്യവപ്പസാ
കംയാഥകം ഹധൂതയഃ

അന്വയം:—

ഹേ ധൂതയഃ,	— സ്ഥാവരാദീനാം കമ്പന കാരിണഃ,
മരുതഃ യൽ	— യദാ
മാനം	— മനനീയം (യുഷ്മൽബലം)
പരാ—വതഃ	— ദൂരാൽ
ഇത്ഥാ	— അസ്മാദന്തരിക്ഷാൽ
ശോചിഃ ന	— തേജഃ ഇവ, സൂര്യസ്യതേജഃ അന്തരിക്ഷാൽ ഭൂമൌ പ്രക്ഷിപ്യതേ തദ്വൽ
പ്ര അസ്യഥ	— ഭൂമൌ പ്രക്ഷിപഥ.
(തദാനീം യൂയം) കസ്യ	
(യജമാനസ്യ) ക്രത്വാ	— ക്രതുനാ, സാഹചര്യാൽ (സംഗച്ഛധ്വേ?)
(തഥാ) കസ്യ	
(യജമാനസ്യ) വപ്പസാ	— സ്തോത്രേണ (ആഗച്ഛധ്വേ?)
കം (യജമാനമുദ്ദിശ്യ)	
യാഥ	— ദേവയജനദേശേ ഗച്ഛഥ?
കം ഹ	— കം ഖലു. (യജമാനം. അനുഗൃഹ്ണീഥ?)

അർത്ഥം—സ്ഥാവരങ്ങൾകൂടി ഇളക്കമുണ്ടാക്കുന്ന മരുത്തുക്കളേ, എപ്പോൾ നിങ്ങളുടെ ഗണ്യമായ ശക്തി, അകലെ അന്തരിക്ഷത്തിൽ നിന്ന്, സൂര്യതേജസ്സ് ഭൂമിയിൽ പതിക്കുന്നപോലെ, ഇവിടെ പ്രക്ഷേപിക്കുന്നുവോ, അപ്പോൾ ഏതുയജമാനന്റെ കർമ്മം ഹേതുവായിട്ടാണ് നിങ്ങൾ വരുന്നത്? അതുപോലെ ഏതു യജമാനന്റെ സ്തോത്രത്താലാണ് (ചോദി

തരായി) വരുന്നതു്? ഏതു യജമാനനെ ഉദ്ദേശിച്ചാണു് ദേവയജനദേശത്തു് എത്തുന്നതു്? ഏതു യജമാനനെയാണു് നിങ്ങൾ അനുഗ്രഹിക്കുന്നതു്?

2 സ്ഥിരാവസ്സന്ത്വായുധാ പരാണുദേ
വീളു ഉതപ്രതിഷ്കഭേ.
യുഷ്മാകമസ്തുതവിഷീപനീയസീ
മാമർത്യസ്യമായിനഃ

അന്വയം:—

(ഹേ മരുതഃ,) വഃ	
ആയുധാ	— യുഷ്മാകമായുധാനി.
പരാ—നുദേ	— ശത്രൂണാം അപനോദനായ
സ്ഥിരാ സന്തു	— സ്ഥിരാണി ഭവന്തു
ഉത പ്രതി—ഷ്കഭേ	— അപിച ശത്രൂണാം പ്രതിബന്ധായ
വീളു	— ദൃഢാനി (സന്തു)
യുഷ്മാകം	
തവിഷീ പനീയസീ	— ബലം അതിശയേന സ്തോതവ്യം (ഭവതു)
മായിനഃ മർത്യസ്യ	— (അസ്മാസു) ഛദ്മചാരിണഃ
മാ	— മാ ബലം ഭവതു

അർത്ഥം—അല്ലയോ മരുത്തുക്കളേ, നിങ്ങളുടെ ആയുധങ്ങൾ ശത്രുക്കളെ ഒടുക്കുന്നതിൽ ദൃഢങ്ങളായി ഭവിക്കട്ടെ. മാത്രമല്ല, ശത്രുക്കളെ പ്രതിബന്ധിക്കുന്നതിലും (തടുക്കുന്നതിലും) ശക്തങ്ങളാവട്ടെ. നിങ്ങളുടെ ബലം ഏററവും പ്രശംസനീയമാവട്ടെ. ഞങ്ങളിൽ ചതി ചെയ്യുന്നവർക്കു് ബലം ഉണ്ടാകാതിരിക്കട്ടെ.

3 പരാഹയൽ സ്ഥിരം ഹഥ

നരോവത്തയഥാ ഗുരു

വിയാഥനവനിനഃ പൃഥിവ്യാ

വ്യാശാഃ പർവ്വതാനാം

അന്വയം:—

ഹേ നരഃ	— നേതാരഃ, (മരുതഃ)
യൽ	— യദാ.
സ്ഥിരം (വസ്തു) പരാ ഹഥ	— വൃക്ഷാദികംപരാഹതം, ഭഗ്നം കുരുഥ
ഗുരു	— പാഷാണാദികം ഗുരുത്വോപേതം
വത്തയഥ	— പ്രേരയഥ
(തദാനീം) പൃഥിവ്യാഃ	
(സംബന്ധിനഃ) വനിനഃ	— വനവതോ വൃക്ഷാൽ
വി യാഥന	— വിയുജ്യ, മദ്ധ്യേ ഗച്ഛഥ
(തഥാ) പർവ്വതാനാം	
ആശാഃ	— പർവ്വതപാർശ്വദിശഃ
വി (യാഥന)	— വിയുജ്യഗച്ഛഥ.

അർത്ഥം—അല്ലയോ നേതാക്കളായ മരുത്തുക്കളേ, എപ്പോൾ നിങ്ങൾ വൃക്ഷാദികളെ, മററു വൃക്ഷങ്ങളുടെ മേൽ വീഴ്ത്തി, (നിങ്ങൾക്കു നീങ്ങാൻ) വഴികളുണ്ടാക്കുന്നുവോ, എപ്പോൾ കല്ലുകളെക്കൂടി ഉരുക്കിമറിക്കുന്നുവോ, അപ്പോൾ കാട്ടിലെ ഉററിനില്ക്കുന്ന വൃക്ഷങ്ങളുടെ ഇടയിൽക്കൂടെ നിങ്ങൾ ഗമിക്കുന്നു. അതു പോലെ പർവ്വതപാർശ്വങ്ങളിലെ പ്രദേശങ്ങളെ നിങ്ങൾ വിയോജിപ്പിച്ച് ഗമിക്കുന്നു.

4 നഹിവശ്ശത്രുർവ്വിവിദേ അധിദ്യവി

നഭൂമ്യാം രിശാദസഃ

യുഷ്മാകമസ്തുതവിഷീതനായുജാ

രുദ്രാസോ നൂചിദാധൃഷേ.

അന്വയം —

ഹേ രിശാദസഃ — ശത്രുഹിംസകാഃ (മരുതഃ)
അധി ദ്യവി — ദ്യുലോകസ്യോപരി
വഃ ശത്രുഃ നഹി വിവിദേ— യുഷ്മാകം ശത്രുഃ ന ബഭൂവ
(തഥാ) ഭൂമ്യാം (അപി
ശത്രു) ന — ന ബഭൂവ
ഹേ രുദ്രാസഃ — രുദ്രപുത്രാഃ, (മരുതഃ,)
യുഷ്മാകം — ഏകോനപഞ്ചാശൽ സംഖ്യാനാം ഭവതാം
യുജാ — യോഗേന, പരസ്പരൈകമത്യേന
ആ—ധൃഷേ — വൈരിണാം ധർഷണായ
തവിഷീ ന ചിൽ തനാ
അസ്തു — ബലം ക്ഷിപ്രമേവവിസ്തൃതം ഭവതു

അർത്ഥം—ശത്രുഹന്താക്കളായ മരുത്തുക്കളേ, നിങ്ങൾക്ക് ദ്യുലോകത്തിൽ ശത്രു ഉണ്ടായിട്ടില്ല അതുപോലെ ഭൂമിയിലും ശത്രു ഉണ്ടായിട്ടില്ല അല്ലയോ രുദ്രപുത്രന്മാരേ, എണ്ണത്തിൽ നാല്പത്തൊമ്പതായ നിങ്ങളുടെ അന്യോന്യയോഗം, ഐകമത്യംകൊണ്ട്, വൈരികളെ അമർത്തുന്നതിന്ന് നിങ്ങളുടെ ബലം ഉടനെത്തന്നെ പാരിച്ചതാവട്ടെ

5 പ്ര വേപയന്തി പർവ്വതാൻ
വി വിഞ്ചന്തി വനസ്പതീൻ
പ്രോ ആരത മരുതോ ദുർമദാ ഇവ
ദേവാസ സ്സർവ്വയാവിശാ വ 18

അന്വയം —

(മരുതഃ) പർവ്വതാൻ — ഹിമവദാദീൻ
പ്ര വേപയന്തി — പ്രകർഷേണ കമ്പയന്തി
വനസ്പതീൻ — വടാശ്വത്ഥാദീൻ
വി വിഞ്ചന്തി — പരസ്പരവിയുക്താൻ കുർവ്വന്തി
ഹേ മരുതഃ, ദേവാസഃ — ദേവാഃ (യൂയം)

സർവ്വയാ വിശാ — പ്രജയാ (സഹിതാഃ)
ദുർമ്മദാഃ—ഇവ — യഥാമദോന്മത്താഃ സ്വേച്ഛയാ
സർവ്വതഃ ക്രീഡന്തി തഥാ
പ്രോ ആരത — പ്രകർഷേണ സർവ്വതഃ ഗച്ഛഥ

അർത്ഥം—മരുത്തുക്കൾ ഹിമാലയാദി പർവ്വതങ്ങളെ അത്യധികം ചലിപ്പിക്കുന്നു. ആൽ, പേരാൽ മുതലായ വൃക്ഷങ്ങളെ പരസ്പരമകററുന്നു. അല്ലയോ മരുത്തുക്കളേ, ദേവന്മാരായ നിങ്ങൾ പ്രജകളോടുകൂടി മദമത്തനായ ഒരാൾ എങ്ങും വിഹരിക്കുന്ന പോലെ എല്ലാടവും ഗമിച്ചാലും.

6 ഉപോരഥേഷു പൃഷതീരയുഗ്ധ്വം
പ്രഷ്ടിർവ്വഹതി രോഹിതഃ
ആവോയാമായപൃഥിവീചിദശ്രോ—
ദബീഭയന്ത മാനുഷാഃ

അന്വയം:—
(ഹേ മരുതഃ, ഭവദീയേഷു)
രഥേഷു പൃഷതീഃ ഉപോ
അയുഗ്ധ്വം — ബിന്ദുയുക്താഃ മൃഗീഃ
സാമീപ്യേന യോജിതവന്തഃ
പ്രഷ്ടിഃ — വാഹനത്രയ മദ്ധ്യവർത്തി
യുഗവിശേഷഃ, മൃഗവിശേഷോ
വാ
രോഹിതഃ — ലോഹിതവർണ്ണഃ മൃഗാവാന്തര
ജാതിഃ
വഹതി — (രഥം) നയതി
വഃ യാമായ — യുഷ്മാകം ഗമനായ
പൃഥിവീ ചിൽ — അന്തരിക്ഷമപി.
ആ അശ്രോൽ — ആഭിമുഖ്യേന അശൃണോൽ,
അനുജാനാതി.
മാനുഷാഃ — ഭൂലോകവാസിനഃ പുരുഷാഃ
അബീഭയന്ത — സ്വയം ഭീതാസ്സന്തഃ, അന്യേഷാ
മപിഭീതാമുൽപാദിതവന്തഃ

അർത്ഥം—അല്ലയോ മരുത്തുക്കളേ, നിങ്ങളുടെ തേരുകളിൽ പെൺപുള്ളിമാനുകൾ അടുപ്പിച്ചു് കെട്ടപ്പെട്ടിരിക്കുന്നു. മൂന്നു വാഹനങ്ങളെ ഇണക്കുന്ന നുകത്തണ്ടു് (അല്ലെങ്കിൽ ഒരു മൃഗവിശേഷം) ചുകന്ന നിറത്തിലുള്ളതു്, തേരിനെ നയിക്കുന്നു. നിങ്ങളുടെ ഗമനത്തിന്നു് അന്തരിക്ഷം കൂടി (ഇവിടെ പൃഥിവീപദത്തിന്നു് അന്തരിക്ഷമെന്നാണർത്ഥം) നേരെ അനുജ്ഞനാല്ലിയിരിക്കുന്നു. ഭൂലോകവർത്തികളായ മനുഷ്യർ (നിങ്ങളുടെ ഗതിയിൽ) സ്വയം പേടിച്ചു് മററുള്ളവരെ പേടിപ്പിക്കുന്നു.

7 ആ വോ മക്ഷൂ തനായ കം
രുദ്രാ അവോ വൃണീമഹേ
ഗന്താ നൂനം നോഽവസാ യഥാ പുരേ—
ത്ഥാ കണ്വായ ബിഭ്യുഷേ.

അന്വയം—

ഹേ രുദ്രാഃ	— രുദ്രപുത്രാഃ, (മരുതഃ)
തനായ കം	— തനയായ, അസ്മദീയ പുത്രാർത്ഥം
മക്ഷൂ വഃ അവഃ	— ശീഘ്രം യുഷ്മദീയം രക്ഷണം
ആ വൃണീമഹേ	— സർവ്വതഃ പ്രാർത്ഥയാമഹേ
പുരാ	— പൂർവ്വസ്മിൻ കാലേ കർമ്മാന്തരേഷു
നഃ അവസാ	— അസ്മദീയ രക്ഷണേന
(യൂയം) യഥാ	
(പ്രാപ്തവന്തഃ) ഇത്ഥാ	— അനേന പ്രകാരേണ
ബിഭ്യുഷേ കണ്വായ	— ഭീതിയുക്തായ മേധാവിനേ യജമാനായ
(തദനുഗ്രഹായ) നൂനം	
ഗന്ത	— ക്ഷിപ്രം പ്രാപ്നുത.

അർത്ഥം—അല്ലയോ രുദ്രപുത്രന്മാരായ മരുത്തുക്കളേ, എന്റെ പുത്രന്നു് നിങ്ങളുടെ ക്ഷിപ്രമായ രക്ഷണത്തിന്നായി എല്ലാ വിധത്തിലും പ്രാർത്ഥിക്കുന്നു മുമ്പു്, മററൊരു കർമ്മത്തിൽ

ഞങ്ങളുടെ രക്ഷക്കായി നിങ്ങളെപ്രകാരം എത്തിയോ, അപ്ര കാരം ഭയത്തിൽ പെട്ട കണ്വനായ (യജമാനനായ) എന്റെ അനുഗ്രഹത്തിന്നു് നിങ്ങൾ വേഗത്തിൽ എത്തിച്ചേരണം.

8 യുഷ്മേഷിതോമരുതോ മർത്ത്യേഷിത—
ആയോനോ അഭ്വ ഈഷതേ.
വിതം യുയോതശവസാവ്യോജസാ
വിയുഷ്മാകാഭിരൂതിഭിഃ

അന്വയം:—

ഹേ മരുതഃ, യഃ അഭ്വഃ	— യഃ കശ്ചിച്ഛത്രുഃ
യുഷ്മാ—ഇഷിതഃ	— യുഷ്മാഭിഃ പ്രേഷിതഃ
മർത്ത്യ—ഇഷിതഃ	— മാരകൈഃ അന്യൈർവ്വാ പ്രേഷിതസ്സൻ
നഃ ആ ഈഷതേ	— അസ്മാൻ പ്രതി ആഭിമുഖ്യേന പ്രാപ്നോതി
തം (ശത്രും) ശവസാ വി യുയോത	— അന്നേന വിഭക്തം കരുത
(തഥാ) ഓജസാ വി (യുയോത)	— ബലേനവിയുക്തം കരുത
യുഷ്മാകാഭിഃ ഊതി—ഭിഃ വി (യുയോത)	— യുഷ്മൽസംബന്ധിഭീരക്ഷണൈഃ

അർത്ഥം—അല്പയോ മരുത്തുക്കളേ, ഏതെങ്കിലും ശത്രു നിങ്ങളാൽ അയക്കപ്പെട്ടോ (നിങ്ങളുടെ വരബലത്താൽ പ്രേരിതനായോ) വല്ല കൊലയരായ മനുഷ്യരാലും അയക്കപ്പെട്ടോ, ഞങ്ങളെ നേരിടാനിടവന്നാൽ ആ ശത്രുവിനെ അന്നത്തിൽനിന്നു് വേർപെടുത്തണം. ബലത്തിൽ നിന്നു് വേർപെടുത്തണം. (അതായത്തു് അന്നലബ്ധിയില്ലാതാകണം, ദുർബ്ബലനാക്കണം). നിങ്ങളുടെ രക്ഷകളിൽ നിന്നും വേർപെടുത്തണം.

9 അസാമിഹി പ്രയജ്യവഃ
കണ്വം ദദ പ്രചേതസഃ
അസാമിഭിർമ്മരുത ആ ന ഊതിഭി—
ർഗ്ഗന്താവൃഷ്ടിം നവിദ്യുതഃ

അന്വയം:—

പ്ര—യജ്യവഃ	— പ്രകർഷേണയഷ്ടവ്യാഃ
പ്ര—ചേതസഃ ഹേ മരുതഃ,	— പ്രകൃഷ്ടജ്ഞാനയുക്താഃ മരുതഃ
അസാമി ഹി	— സമ്പൂർണ്ണമേവയഥാഭവതി തഥാ
കണ്വം ദദ	— ഏതന്നാമകം യജമാനം, ഋഷിം ധാരയത
നഃ വി—ദ്യുതഃ വൃഷ്ടിം ന	— അസ്മാൻപ്രതിയഥാ വിദ്യുതഃ വൃഷ്ടിം ഗച്ഛതി തഥാ
അസാമി—ഭിഃ	
ഊതി—ഭിഃ	— സമ്പൂർണ്ണൈരക്ഷണൈഃ
ആ ഗന്ത	— ആഗച്ഛത

അർത്ഥം—ഏററവും യജിക്ക (പൂജിക്ക) പ്പെടേണ്ടവരും, മികച്ച ജ്ഞാനത്തോടുകൂടിയവരുമായ മരുത്തുക്കളേ, പൂർണ്ണമായും യജമാനനായ കണ്വനെ ധരിച്ചാലും (പരിപാലിച്ചാലും) ഇടിമിന്നലുകൾ മഴയെ എത്തിക്കുന്നപോലെ, എന്നെക്കുറിച്ച് സമ്പൂർണ്ണരക്ഷണങ്ങളോടുകൂടി എത്തിയാലും.

10 അസാമ്യോജോബിഭൃഥാസുദാനവോ—
സാമിധൂതയശ്ശവഃ
ഋഷിദ്വിഷേ മരുതഃ പരിമന്യവ—
ഇഷും ന സൃജതദ്വിഷം

അന്വയം:—

ഹേ സു–ദാനവഃ മരുതഃ, — ശോഭനദാനോപേതാഃ മരുതഃ,
അസാമി ഓജഃ ബിഭൃഥ — സമ്പൂർണ്ണം ബലം ധാരയഥ
ഹേ ധൂതയഃ, — കമ്പനകാരിണഃ മരുതഃ,
അസാമി ശവഃ — സമ്പൂർണ്ണം ബലം
പരി–മന്യവേ
ഋഷി–ദ്വിഷേ — പരിമന്യം, കോപപരിവൃതായ ഋഷീണാം ദ്വേഷം കുർവ്വതേ ശത്രവേ, തദ്വിനാശാർത്ഥം
ഇഷും ന — യഥാ ശത്രോരുപരിബാണം മുഞ്ചതിതദ്വൽ.
ദ്വിഷം സൃജത — ദ്വേഷകാരിണം, ഹന്താരം ഉൽപാദയ

അർത്ഥം—കല്യാണ ദാനന്മാരായ മരുത്തുക്കളേ, നിങ്ങൾ സമ്പൂർണ്ണമായ ബലം ധരിച്ചാലും. എല്ലാററിനെയും ഇളക്കുന്നവരേ, നിങ്ങളുടെ സമ്പൂർണ്ണമായ ശക്തിയെ ക്രോധയുക്തനായ ഋഷിദ്വേഷിയുടെ നേരെ, അവന്റെ വിനാശത്തിന്നായി, ശത്രുശിരസ്സിൽ പതിക്കുന്ന ബാണംപോലെ ഹന്താവാക്കിയാലും.

വർഗ്ഗം 20–21—ബ്രഹ്മണസ്പതിർദ്ദേവതാ

1 ഉത്തിഷ്ഠ ബ്രഹ്മണസ്പതേ
ദേവയന്ത സ്ത്വാമഹേ
ഉപപ്രയന്തു മരുത സ്സുദാനവ–
ഇന്ദ്രപ്രാശൂർഭവാസചാ.

അന്വയം:—

ഹേ ബ്രഹ്മണഃ പതേ, — ഏതന്നാമകദേവ,
ഉൽ തിഷ്ഠ — അസ്മദനുഗ്രഹായ ഉത്ഥാനം കുരു

ദേവ–യന്തഃ ത്വാ
ഈമഹേ — ദേവാൻ കാമയമാനാഃ (വയം) ത്വാംയാചാമഹേ
സു–ദാനവഃ മരുതഃ — ശോഭനദാനയുക്താ മരുതഃ
ഉപ പ്ര യന്തു — സമീപേ പ്രകർഷേണ ഗച്ഛന്തു
ഹേ ഇന്ദ്ര, (ത്വം) സചാ — ബ്രഹ്മണസ്പതിനാ സഹ
പ്രാശൂഃ — (സോമസ്യ) പ്രാശകഃ ഭവ

അർത്ഥം—അല്ലയോ ബ്രഹ്മണസ്പതേ, ഞങ്ങളെ അനുഗ്രഹിപ്പാനായി എഴുന്നേററാലും. (വന്നാലും). ദേവന്മാരുടെ അനുഗ്രഹം കാമിക്കുന്ന ഞങ്ങൾ അവിടുത്തോടു യാചിക്കുന്നു (അവിടുത്തെ വണങ്ങുന്നു) ദാനശീലന്മാരായ മരുത്തുക്കൾ ഞങ്ങൾക്കു സമീപം വേണ്ടപോലെ വരട്ടെ. അല്ലയോ ഇന്ദ്ര, അവിടുന്ന് ബ്രഹ്മണസ്പതിയോടൊപ്പം സോമത്തിന്റെ പ്രാശകനായി ഭവിച്ചാലും.

2 ത്വാമിദ്ധി സഹസസ്പുത്ര മർത്യ
ഉപബ്രൂതേധനേ ഹിതേ.
സുവീര്യം മരുത ആസ്വശ്വ്യം
ദധീതയോവ ആചകേ.

അന്വയം:—

ഹേ സഹസഃ പുത്ര, — ബലസ്യ ബഹുപാലക, (ബ്രഹ്മണസ്പതേ),
മർത്യഃ — മനുഷ്യഃ
ഹിതേ — ശത്രുഷുക്ഷിപ്തേ
ധനേ (നിമിത്തഭൂതേ സതി) ത്വാം ഇൽ — ത്വാമേവ
ഉപ–ബ്രൂതേ ഹി — സമീപം പ്രാപ്യസ്തൗതി ഖലു.
ഹേ മരുതഃ, യഃ
(ധനാർത്ഥീ–മർത്യഃ) വഃ — യുഷ്മാൻ (ബ്രഹ്മണസ്പതിസഹിതാൻ)
ആ–ചകേ — സ്തൗതി

(സഃ മർത്യഃ) സ്വ—അശ്വ്യം — ശോഭനാശ്വയുക്തം
സ്വ—വീര്യം (ധനം) ദധീത — ശോഭനവീര്യയുക്തം ധനം ച ധാരയേൽ

അർത്ഥം—ബലത്തിന്റെ (പലവിധത്തിലും) പാലകനായ ബ്രഹ്മണസ്പതേ, മനുഷ്യൻ, ശത്രുവിങ്കൽ പെട്ട ധനം കിട്ടുവാൻ അവിടുത്തെത്തന്നെയാണല്ലൊ സമീപിച്ച് സ്തുതിക്കുന്നതു്. അല്ലയോ മരുത്തുക്കളേ, ധനാർത്ഥിയായ ഏവൻ ബ്രഹ്മണസ്പതിയോടുകൂടിയ നിങ്ങളെ സ്തുതിക്കുന്നുവോ, അവൻ നല്ല കുതിരകളോടുകൂടിയതും കരുത്തുററതുമായ ധനത്തെ ധരിക്കും. (പ്രാപിക്കും)

3 പ്രൈതു ബ്രഹ്മണസ്പതിഃ
പ്രദേവ്യേതു സൂനൃതാ
അച്ഛാ വീരം നര്യം പങ്ക്തിരാധസം
ദേവാ യജ്ഞം നയന്തു നഃ

അന്വയം —

ബ്രഹ്മണഃ പതിഃ (ദേവഃ)
പ്ര ഏതു — അസ്മാൻ പ്രാപ്നോതു
സൂനൃതാ ദേവീ — പ്രിയസത്യരൂപവാക് ദേവതാ
പ്ര ഏതു — അസ്മാൻ പ്രാപ്നോതു
ദേവാഃ — ബ്രഹ്മണസ്പത്യാദയോ ദേവാഃ
വീരം — ശത്രും (നിശ്ശേഷേണ ദൂരേ പ്രേരയന്തു)
(തം) നര്യം — മനുഷ്യേഭ്യോഹിതം
പങ്ക്തി—രാധസം — ബ്രാഹ്മണോക്ത ഹവിഷ്പങ്ക്ത്യാദിഭിഃ സമൃദ്ധം.
യജ്ഞം (പ്രതി) നഃ
അച്ഛ നയന്തു — അസ്മാൻ ആഭിമുഖ്യേന നയന്തു

അർത്ഥം—ദേവനായ ബ്രഹ്മണസ്പതി നമ്മളെ പ്രാപിക്കട്ടെ പ്രിയത്തിന്റെയും സത്യത്തിന്റെയും മൂർത്തിരൂപമായ സര

സ്വാതി നമ്മളെ പ്രാപിക്കട്ടെ. ബ്രഹ്മണസ്പത്യാദി ദേവന്മാർ ശത്രുവിനെ തീരെ അകററട്ടെ. മനുഷ്യഹിതവും വിദ്വാന്മാർ വിധിച്ചപ്രകാരം ഹവിസ്സുകളുടെ നിരകളാൽ സൗമ്യവുമായ യജ്ഞത്തിലേക്ക് (യജ്ഞാനുഷ്ഠാനത്തിലേയ്ക്ക്, സൽക്കർമ്മാനുഷ്ഠാനത്തിലേക്ക് ആ ദേവന്മാർ) നമ്മളെ നേരെ നയിക്കട്ടെ

4 യോവാഘതേ ദദാതി സൂനരം വസു
സധത്തേ അക്ഷിതിശ്രവഃ
തസ്മാ ഇളാം സുവീരാമായജാമഹേ
സുപ്രതൂർത്തിമനേഹസം

അന്വയം.—

യഃ (യജമാനം) വാഘതേ	— ഋത്വിജേ
സൂനരം വസു	— സുഷ്ഠുനേതവ്യം ധനം
ദദാതി	— പ്രയച്ഛതി
സഃ (യജമാനഃ ബ്രഹ്മണസ്പതേഃ പ്രസാദാൽ)	
അക്ഷിതി ശ്രവഃ	— ക്ഷയരഹിതം അന്നം
ധത്തേ	— ധാരയതി
തസ്മൈ	— താദൃശായ യജമാനായ
സു—വീരാം	— വീരൈഭൃത്യൈരുപേതാം
സു—പ്രതൂർത്തിം	— സുഷ്ഠുപ്രകർഷേണ ഹിംസാകാരിണീം
അനേഹസം	— കേനാപ്യഹിംസ്യാം
ഇളാം	— ഏതന്നാമധേയാം മനോഃ പുത്രീം
ആ യജാമഹേ	— (ഋത്വിജഃ വയം) സർവ്വതഃ യജാമഃ

അർത്ഥം—യാതൊരു യജമാനൻ ഋത്വിക്കിന്ന് ധാരാളം കൊണ്ടുപോകത്തക്ക ധനം (ദക്ഷിണയായി) കൊടുക്കുന്നുവോ, ആ യജമാനൻ ബ്രഹ്മണസ്പതിയുടെ പ്രസാദത്താൽ ഒരിക്കലും ക്ഷയിക്കാത്ത പുഷ്ടിയെ പ്രാപിക്കുന്നു. അപ്രകാരമുള്ള യജമാ

നന്ന വേണ്ടി സ്തുതികകളായ നമ്മരം, വീരഭടന്മാരോട് കൂടിയ വളും മികച്ച ശത്രുഹന്ത്രിയും ആരാലും അജയ്യയുമായ ഇളയെ എല്ലാ വിധത്തിലും യജിക്കന്നു, പൂജിക്കന്നു.

5 പ്രനൂനം ബ്രഹ്മണസ്പതി—

മ്മന്ത്രംവദത്യുക്ഥ്യം

യസ്മിന്നിന്ദ്രോ വരുണോ മിത്രോ അര്യമാ

ദേവാ ഓകാംസി ചക്രിരേ വ 20

അന്വയം:—
യസ്മിൻ (മന്ത്രേ) ദേവാഃ
ഇന്ദ്രഃ വരുണഃ മിത്രഃ അര്യമാ
ഓകാംസി ചക്രിരേ — സ്ഥാനാനി കൃതവന്തഃ
(താദൃശം സർവ്വദേവ
പ്രതിപാദകം) ഉക്ഥ്യം — ശസ്ത്രയോഗ്യം
മന്ത്രം ബ്രഹ്മണഃ പതിഃ
നൂനം — അവശ്യം
(ഹോതൃമുഖേ
സ്ഥിതസ്സൻ) പ്ര വദതി — പ്രബ്രൂതേ

അർത്ഥം—ഏതു മന്ത്രത്തിൽ ദേവന്മാരായ ഇന്ദ്രനും വരുണനും മിത്രനും അര്യമാവും സ്ഥാനങ്ങരം ഉറപ്പിച്ചിട്ടുണ്ടോ, അപ്രകാരം സർവ്വദേവപ്രതിപാദകമായി, ശസ്ത്രയോഗ്യമായ ആ മന്ത്രത്തെ ഹോതാവിൻെറ മുഖത്തിൽ സ്ഥിതിചെയ്തുകൊണ്ടു് ബ്രഹ്മണസ്പതിയാണു് അവശ്യം ചൊല്ലുന്നതു്.

6 തമിദ്വോചേമാവിദഥേഷുശംഭുവം

മന്ത്രം ദേവാ അനേഹസം

ഇമാം ച വാചംപ്രതിഹര്യഥാനരോ—

വിശ്വേ ദ്വാമാവോ അശ്നവൽ,

അന്വയം —

ഹേ ദേവാഃ, ശം—ഭുവം — സുഖസ്യ ഭാവയിതാരം
അനേഹസം — അഹിംസനീയം, ദോഷരഹിതം
തം ഇൽ മന്ത്രം — സർവ്വദേവപ്രതിപാദകം മന്ത്രമേവ
(ഋത്വിജഃ വയം)
വിദഥേഷു — യജ്ഞേഷു
വോചേമ — ബ്രുവാമ
ഹേ നരഃ — നേതാരഃ, (ദേവാഃ)
ഇമാം വാചം — അസ്മാഭിരുച്യമാനം മന്ത്രരൂപാം വാചം
പ്രതി—ഹര്യഥ ച — യൂയം കാമയധ്വേചേൽ
വിശ്വാ ഇൽ — സർവ്വാപി
വാമാ — വനനീയാ (വാക്)
വഃ അശ്നവൽ — യുഷ്മാൻ പ്രാപ്നുയാൽ

അർത്ഥം—അല്ലയോ ദേവന്മാരേ, (ശ്രവണ) സുഖനിഷ്പാദകവും ദോഷരഹിതവും ആയ ആ (സർവ്വദേവപ്രതിപാദകമായ) മന്ത്രത്തെത്തന്നെയാണ് ഋത്വിക്കുകളായ ഞങ്ങൾ യജ്ഞങ്ങളിൽ ചൊല്ലുന്നത് നേതാക്കളായ ദേവന്മാരേ, ഞങ്ങളാൽ ചൊല്ലപ്പെടുന്ന മന്ത്രരൂപമായ ആ വാക്കിനെ സ്വീകരിച്ചാലും. നിങ്ങളിച്ഛിക്കുന്നുവെങ്കിൽ (ഞങ്ങളുടെ) എല്ലാ നല്ല (പിഴ പററാത്ത) വാക്കും നിങ്ങളെ പ്രാപിക്കുമാറാകട്ടെ.

7 കോദേവയന്ത മശ്നവ—
ജ്ജനങ്കോ വൃക്തബർഹിഷം
പ്രപ്രദാശ്വാൻ പസ്ത്യാഭിരസ്ഥിതാ—
ന്തർവ്വാവൽക്ഷയംദധേ

അന്വയം —

ദേവ—യന്തം — ദേവാൻ കാമയമാനം
ജനം കഃ അശ്നവൽ — ബ്രഹ്മണസ്പതിവ്യതിരിക്തഃ കോനാമദേവഃ വ്യാപ്നുയാൽ

(തഥാ) വൃക്ത–ബർഹിഷം	— അനുഷ്ഠാനായ ഛിന്നബർഹിഷം യജമാനം
കഃ (ദേവഃ അശ്നവൽ)	— പ്രാപ്നുയാൽ
ദാശ്വാൻ	— ഹവിർദ്ദത്തവാൻ യജമാനഃ
പസ്ത്യാഭിഃ	— മനുഷ്യൈഃ, ഋത്വിഗ്ഭിഃ (സഹ)
പ്ര–പ്ര അസ്ഥിത	— ദേവയജനദേശം പ്രതിപ്രസ്ഥിതവാൻ
അന്തഃ–വാവൽ	— അന്തസ്ഥിതധനോപേതം
ക്ഷയം ദധേ	— നിവാസസ്ഥാനം ഗൃഹം ധൃതവാൻ ഭവതി

അർത്ഥം—ദേവന്മാരെ, (അവരുടെ അനുഗ്രഹം) കാമിക്കുന്ന ജനത്തെ ബ്രഹ്മണസ്പതിയല്ലാതെ ഏതു ദേവനാണു് പ്രാപിക്കുക? അതുപോലെ സ്വയം യാഗാനുഷ്ഠാനത്തിന്നു് ഛിന്നവിരിച്ച ദർഭപ്പുല്ലിൽ ഇരിക്കുന്ന യജമാനനെ ഏതു ദേവനാണു് പ്രാപിക്കുക? ദേവന്മാൎക്കു് ഹവിസ്സൎപ്പിക്കുന്ന യജമാനൻ (സഹകൎമ്മികളായ) ഋത്വിക്കുകളോടുകൂടി (മററു) ദേവയജനദേശങ്ങളിലേക്കു് പുറപ്പെടുന്നു. അന്തസ്ഥിതമായ ധനത്തോടുകൂടിയ ഗൃഹത്തിൻെറ ഉടമസ്ഥനായിത്തീരുന്നു

8 ഉപ ക്ഷത്രം പൃഞ്ചീത ഹന്തി രാജഭി–
ർഭയേ ചിൽ സുക്ഷിതിം ദധേ.
നാസ്യ വൎത്താ ന തരുതാ മഹാധനേ–
നാൎഭേ അസ്തി വജ്രിണഃ

അന്വയം:—

(ബ്രഹ്മണസ്പതിർദ്ദേവഃ)	
ക്ഷത്രം	— ബലം
ഉപ പൃഞ്ചീത	— സ്വാത്മനി സംപൃക്തം കുൎയ്യാൽ
(തതഃ) രാജഭിഃ	— വരുണാദിഭിഃ (സഹ)
(ശത്രൂൻ) ഹന്തി	— ഘാതയതി.

ഭയേ ചിൽ	— ഭീതിഹേതൌ യുദ്ധേപി
സു—ക്ഷിതിം ദധേ	— സുഷ്ഠുനിവാസസ്ഥൈര്യം ധാരയതി, നപലായതേ
വജ്രിണഃ അസ്യ	— വജ്രാദ്യായുധയുക്തസ്യ ബ്രഹ്മണസ്പതേ.
മഹാ—ധനേ	— പ്രഭൂത ധനനിമിത്തേ യുദ്ധേ
വർത്താ	— പ്രവർത്തയിതാ.
(അന്യഃ കോപി)	
ന അസ്തി	— സ്വയമേവ പ്രവർത്തതേ
(തഥാ തരുതാ	— തരുണസ്യോല്ലംഘനസ്യ കർത്താ
(കോപി) ന (അസ്തി)	
(തഥൈവ) അർഭേ	— സ്വല്പേ യുദ്ധേപി
(അന്യഃ പ്രവർത്തയിതാ)	
ന (അസ്തി)	

അർത്ഥം—ദേവനായ ബ്രഹ്മണസ്പതി ആത്മാവിന്നു് ബലം പോഷമാറാകട്ടെ വരുണാദിദേവന്മാരോടുകൂടി അവിടുന്നു് ശത്രുക്കളെ ഒടുക്കുന്ന ഭീതികരമായ യുദ്ധത്തിൽ അവിടേക്കു് നിന്നുപൊരുതുവാനുള്ള കരുത്തുണ്ടു്. ഒരിക്കലും പിന്തിരിഞ്ഞോടുകയില്ല. വജ്രാദികളായ ആയുധങ്ങളോടുകൂടിയ അവിടുന്നല്ലാതെ, അധികം ധനനിമിത്തമായ മഹായുദ്ധത്തിൽ പ്രവൃത്തിക്കുന്നവനായി ആരുമില്ല അതുപോലെ എതിരു വരുന്ന യൌവ്വനശക്തിയെ അമർത്തുന്നവനായി അവിടുന്നല്ലാതെ ആരുമില്ല ചെറുയുദ്ധത്തിലും പ്രവർത്തിക്കുന്നവനായി വേറേ ആരുമില്ല.

വർഗ്ഗം 22–23—ഗായത്രീച്ഛന്ദഃ വരുണമിത്രാര്യമാദിത്യാ ദേവതാ.

1 യം രക്ഷന്തി പ്രചേതസോ—

വരുണോമിത്രോ അര്യമാ

നൂചിൽ സദഭ്യതേ ജനഃ

അന്വയം:—

പ്ര—ചേതസഃ	— പ്രകൃഷ്ടജ്ഞാനയുക്താഃ
വരുണഃ മിത്രഃ അര്യമാ	
യം രക്ഷന്തി	— പാലയന്തി
സഃ ജനഃ ന ചിൽ	— യജമാനഃ ക്ഷിപ്രമേവ
ദഭ്യതേ	— ദഭ്നോതി, ശത്രൂൻഹിനസ്തി

അർത്ഥം—ഉൽകൃഷ്ടജ്ഞാനത്തോടുകൂടിയ ദേവന്മാരായ വരുണനും മിത്രനും അര്യമാവും യാതൊരുത്തനെ രക്ഷിക്കുന്നുവോ, ആ യജമാനൻ ശത്രുക്കളെ വേഗത്തിൽത്തന്നെ ഹനിക്കുന്നു

2 യം ബാഹുതേവപിപ്രതി
പാന്തിമർത്യം രിഷഃ
അരിഷ്ടസ്സർവ്വ ഏധതേ

അന്വയം:—

യം (യജമാനം വരുണാദയോ ദേവാഃ)

ബാഹുതാ—ഇവ	— സ്വകീയോ ബാഹുവർഗ്ഗഃ അപേക്ഷിതം ധനം ആനീയ യഥാപൂരയതി തഥാ
പിപ്രതി	— (ധനൈഃ) പൂരയതി
(തഥായം) മർത്യം	— മനുഷ്യം, യജമാനം
രിഷഃ പാന്തി	— ഹിംസകാൽ രക്ഷന്തി
(സഃ) സർവ്വഃ (യജമാനഃ)	
അരിഷ്ടഃ ഏധതേ	— കേനാപ്യഹിംസിതഃ വർദ്ധതേ

അർത്ഥം—ഏതു യജമാനന്ന് വരുണാദികളായ ദേവന്മാർ സ്വന്തം കൈകളാൽ എന്നപോലെ ധനം കൊടുത്തു നിറയ്ക്കുന്നുവോ, ധനങ്ങളാൽ മൂടുന്നുവോ, അതുപോലെ ഏതു യജമാനനെ ആക്രമണകാരികളിൽ നിന്നു രക്ഷിക്കുന്നുവോ, ആ എല്ലാ യജമാനന്മാരും ആരാലും ആക്രമിക്കപ്പെടാതെ വൃദ്ധി പ്രാപിക്കുന്നു.

3 വി ദുർഗ്ഗാ വി ദ്വിഷഃ പുരോ-
ഘ്നന്തി രാജാന ഏഷാം.
നയന്തി ദുരിതാ തിരഃ

അന്വയം:-

രാജാനഃ	— വരുണാദയഃ
ഏഷാം പുരഃ	— സ്വകീയ യജമാനാനാം പുരസ്താത്
ദുഃ-ഗാ	— ദുർഗ്ഗം ദുഃഖകാനി, ശത്രുനഗരാണി
വി ഘ്നന്തി	— വിശേഷേണ നാശയന്തി.
(തഥാ) ദ്വിഷഃ വി	— ശത്രൂൻ (അപി) വിനാശയന്തി.
(തഥാ) ദുഃ-ഇതാ	— യജമാനസംബന്ധീനി ദുരിതാനി
തിരഃ നയന്തി	— വിനാശം പ്രാപയന്തി

അർത്ഥം.-വരുണാദികളായ ദേവന്മാർ സ്വകീയന്മാരായ യജമാനന്മാരുടെ മുമ്പിൽനിന്ന്, ദുഷ്പ്രവേശങ്ങളായ ശത്രുനഗരങ്ങളെ നശിപ്പിക്കുന്നു. ശത്രുക്കളെ ഒടുക്കുന്നു. അതുപോലെ ആ യജമാനന്മാരുടെ ദുരിതങ്ങളെ ദൂരീകരിക്കുന്നു.

4 സുഗഃ പന്ഥാ അനൃക്ഷര-
ആദിത്യാസ ഋതം യതേ
നാത്രാവഖാദോ അസ്തി വഃ

അന്വയം:-

ഹേ ആദിത്യാസഃ	— അദിതേഃ പുത്രാഃ,
ഋതം യതേ	— യജ്ഞം ഗച്ഛതേ (ഫലസ്പൃഹായ)
പന്ഥാഃ സുഗഃ അനൃക്ഷരഃ	— മാർഗ്ഗഃ സുഷ്ഠുഗമനം ശക്യഃ, കണ്ടകാദിരഹിതഃ ഭവതി ച.

അത്ര വഃ — അസ്മിൻ കർമ്മണിയുഷ്മാകം
അവ—ഖാദഃ ന അസ്തി — അവമന്തവ്യഃ ഖാദഃ,
ജുഗുപ്സിതഹവിർവ്വിശേഷഃ
നാസ്തി
(തസ്മാദിഹാഗന്തവ്യം)

അർത്ഥം—അല്ലയോ അദിതിപുത്രന്മാരേ, (ദേവന്മാരേ,) യജ്ഞത്തിന്ന വരുന്ന നിങ്ങളുടെ സംഘത്തിന്ന് മാർഗ്ഗം സുഗമവും കണ്ടകരഹിതവുമാണല്ലൊ. ഈ കർമ്മത്തിലാവട്ടെ ഹവിസ്സ് മലിനമല്ലാ പരിശുദ്ധമാണ്. അതുകൊണ്ട് നിങ്ങൾ ആഗമിയ്ക്കണം.

5 യം യജ്ഞം നയഥാനര—
ആദിത്യാ ഋജുനാപഥാ
പ്രവസ്സധീതയേ നശൽ വ 22

അന്വയം:—

ഹേ നരഃ ആദിത്യാഃ — നേതാരഃ അദിതിപുത്രാഃ
യം യജ്ഞം ഋജുനാ പഥാ — അവികലേന മാർഗ്ഗേണ
നയഥ — പാരം പ്രാപയഥ
സഃ (യജ്ഞഃ) വഃ
ധീതയേ പ്ര നശൽ — യുഷ്മൽ പാനായോപഭോഗായച
പ്രാപ്നോതു

അർത്ഥം—നേതാക്കളായ അദിതിപുത്രന്മാരേ, ഏതു യജ്ഞം പിഴകൂടാതെ മുഴമിക്കുന്നുവോ, അത് നിങ്ങൾക്ക് (സോമ) പാനത്തിന്നും ഹവിർഭോഗത്തിന്നുമായി എത്തിച്ചേരട്ടെ.

6 സരത്നം മർത്ത്യോ വസു
വിശ്വം തോകമുത ത്മനാ
അച്ഛാഗച്ഛത്യസ്തൃതഃ

അന്വയം:—

(ഹേ ആദിത്യാഃ,) സഃ		
മർത്യഃ	—	താദൃശഃ ഭവത്ഭിരനുഗൃഹീതഃ യജമാനഃ
അസ്തൃതഃ	—	കേനാപ്യഹിംസിതഃ (സൻ)
രത്നം വിശ്വം വസു	—	രമണീയം സർവ്വം ധനം
അച്ഛ ഗച്ഛതി	—	ആഭിമുഖ്യേന പ്രാപ്നോതി
ഉത ത്മനാ തോകം	—	അപിച ആത്മനാസദൃശം അപത്യം (ഗച്ഛതി)

അർത്ഥം—അല്ലയോ ആദിത്യന്മാരേ, അപ്രകാരം നിങ്ങളാൽ അനുഗൃഹീതനായ മനുഷ്യൻ, കർമ്മാനുഷ്ഠാതാവ്, ആരാലും ഉപദ്രവിക്കപ്പെടാത്തവനായി, കാമ്യമായ എല്ലാ ഐശ്വര്യത്തെയും നേരെ പ്രാപിക്കുന്നു. കൂടാതെ ആത്മസദൃശനായ പുത്രനെ ലഭിക്കുന്നു.

7 കഥാരാധാമ സഖായ—
സ്തോമം മിത്രസ്യാര്യമ്ണഃ
മഹിപ്സരോ വരുണസ്യ

അന്വയം:—

ഹേ സഖായഃ	—	സഖീഭൂതാഃ, ഋത്വിജഃ
മിത്രസ്യ അര്യമ്ണഃ, വരുണസ്യ മഹി പ്സരഃ	—	മഹദ്രൂപം
(അതഃ തദനുരൂപം) സ്തോമം	—	സ്തോത്രം
കഥാ രാധാമ?	—	കേന പ്രകാരേണ സാധയാമഃ?

അർത്ഥം—സഖീഭൂതരായ ഋത്വിക്കുകളേ, മിത്രന്റെയും അര്യമാവിന്റെയും വരുണന്റെയും മഹത്തായ രൂപത്തിന്ന് അനുയോജ്യമായ സ്തോത്രത്തെ ഏതു പ്രകാരമാണ് സാധിക്കേണ്ടത് ചൊല്ലേണ്ടതു്? (ആ വിധം ചൊല്ലുക).

8 മാവോഘ്നന്തം മാ ശപന്തം
പ്രതിവോചേ ദേവയന്തം
സുമ്നൈരിദ്വ ആവിവാസേ.

അന്വയം:—

(ഹേ ദേവാഃ) ദേവ-
യന്തം യഃ — ദേവാൻ കാമയമാനം (യജമാനം മാം) ശത്രുഃ (ഹന്തി)
ഘ്നന്തം — താദൃശം ശത്രും
വഃ മാ പ്രതി വോചേ — ദുരുക്തകഥനഭീത്യാ യുഷ്മാകം ന കഥയാമി
(തഥാ യജമാനം യഃ ശത്രുഃ ശപതിതം)
ശപന്തം (അപി) മാ — മാപ്രതിവോചേ.
(ഭവൽഭിരേവ വിചാര്യശിക്ഷണീയഃ)
(അഹംതു) സുമ്നൈഃ ഇൽ — ധനൈരേവ
വഃ ആ വിവാസേ — യുഷ്മാൻ സർവ്വതഃ പരിചരാമി

അൎത്ഥം—അല്ലയോ ദേവന്മാരേ, നിങ്ങൾടെ അനുഗ്രഹം അഭിലഷിക്കുന്ന യജമാനനായ ഞാൻ എന്നെ ഏതു ശത്രു ഉപദ്രവിക്കുന്നു എന്നു്, ദുർവ്വാക്കു പറയാനുള്ള ഭയംകൊണ്ടു്, നിങ്ങളോടു പറയുന്നില്ല. അതുപോലെ ഏതു ശത്രു ശപിക്കുന്നു, നിഷ്ഠുരവാക്കുകൾ എന്റെ നേരെ പറയുന്നു എന്നും ഞാൻ പറയുന്നില്ല. നിങ്ങൾ തന്നെ അതറിഞ്ഞു് ശിക്ഷിച്ചാലും. ഞാനാകട്ടെ നിങ്ങളെ ധനങ്ങളെക്കൊണ്ടുമാത്രം സേവിക്കുന്നു. (ധനം ചിലവുചെയ്യു കൎമ്മങ്ങളനുഷ്ഠിക്കുന്നു.)

9 ചതുരശ്ചിദ്ദദമാനാ-
ദ്ബിഭീയാദാനിധാതോഃ
നദുരുക്തായ സ്പൃഹയേൽ

അന്വയം:—

(അക്ഷദ്യൂതം കുർവ്വതോരുഭയോഃ മദ്ധ്യേയഃ പുമാൻ)

ചതുരഃ — ചതുസ്സംഖ്യാകാൻ കപർദ്ദാൻ

ദദമാനാൽ — ദദതഃ, ഹസ്തേധാരയതഃ പുരുഷാൽ

ആ നി–ധാതോഃ — കപർദ്ദനിപാതപര്യന്തം

ബിഭീയാൽ — ജയഃ ഭവിഷ്യതി, ന ഭവിഷ്യതി ഇതി ഭീതിം പ്രാപ്നയാൽ

(അത്രയഥാഭയം തഥാ)

ദുഃ–ഉക്തായ ന സ്പൃഹയേൽ—ദുഷ്ടം വാക്യം ന കാമയേത്

(കിംതു ദുരുക്തതാൽ ബിഭീയാൽ)

അർത്ഥം—അരുതാത്തതു് പറയരുതു്. ആഗ്രഹിക്കരുതു്. അതിനെ ഭയപ്പെടണമെന്നു് വീണ്ടും ഊന്നിപ്പറയുന്നു. ചൂതുകളിയിൽ ഏർപ്പെട്ട രണ്ടുപേരിൽ ഒരുവൻ കശക്കി കവിടി (ചൂതു്) എറിയുമ്പോഴും മററവൻ, ജയിക്കുമോ തോല്ക്കുമോ എന്നു് ഭയപ്പെടുന്നതുപോലെ, ദുഷ്ടവാക്കിനെ പേടിക്കണം. അതൊരിക്കലും ആഗ്രഹിക്കരുതു് (ചൂതുകളിയിൽ കള്ളക്കളിക്കാരനെ എന്നപോലെ എന്നാണു് യാസ്കൻ പറയുന്നതു്. ദുഷ്ടവാക്കിന്റെ ഫലത്തെക്കൂടി ഇവിടെ ഉദ്ദേശിച്ചിരിക്കണം.)

വർഗ്ഗം 24–25–പൂഷാദേവതാ

1 സംപൂഷന്നധ്വനസ്തിര

വ്യംഹോവിമുചോനപാൽ

സക്ഷ്വാദേവ പ്രണസ്പുരഃ

അന്വയം:—

ഹേ പൂഷൻ, — ജഗൽപോഷക, ദേവ,

വി–മുചഃ നപാൽ — ജലവിമോചകഹേതോഃ മേഘസ്യ പുത്ര

(ത്വം) അധ്വനഃ സം തിര — മാർഗ്ഗാൽ അസ്മാൻ അഭീഷ്ടസ്ഥാനം സമ്യക് പ്രാപയ

അംഹഃ വി	— വിഘ്നഹേതും, പാപ്മാനം വിനാശയ
നഃ പുരഃ	— അസ്മാകം പുരതഃ
പ്ര സക്ഷ്വ	— പ്രസക്തോഭവ പുരതോഗച്ഛ

അർത്ഥം—അല്ലയോ പൂഷാവേ, (ഈ ജീവിത സഞ്ചാര) മാർഗ്ഗത്തിൽ നിന്നു് അഭീഷ്ട (പ്രാപ്യ) സ്ഥാനത്തു്, സൽക്കർമ്മങ്ങൾകൊണ്ടു് പ്രാപ്യമായ സൽസ്ഥാനത്തു് എത്തിച്ചാലും. (അതിന്നിടയിൽ വരുന്ന) പാപരൂപങ്ങളായ വിഘ്നങ്ങളെ (കാമക്രോധമദമാത്സര്യാദികളെ) നിഹനിച്ചാലും. അവിടുന്നു് ഞങ്ങളുടെ മുമ്പിൽ (മാർഗ്ഗദർശകനായി) ഗമിച്ചാലും. (പൂഷാവു്, പൃഥിവി, ഭൂമിയുടെ അഭിമാനദേവതയാണു്. മേഘപുത്രൻ, അതായതു് ജലപുത്രനമാണു്. 'അത്ഭ്യഃ പൃഥിവീ', 'തദ്യദപാംസാര ആസീൽ തൽ സമഹന്യത സാ പൃഥിവ്യഭവൽ' മുതലായ ശ്രുതിവചനങ്ങളാൽ ഭൂമി ആദ്യം വെള്ളമായിരുന്നു. അപ്പോൾ ജലപുത്രത്വവും പൃഥിവ്യഭിമാനിദേവതാത്വവും സംബദ്ധം, സമുചിതം)

2 യോ നഃ പൂഷന്നഘോവൃകോ—
ദുശ്ശേവ ആദിദേശതി
അപസ്മതം പഥോ ജഹി.

അന്വയം:—

ഹേ പൂഷൻ, അഘഃ	— ആഹന്താ
വൃകഃ	— അസ്മദീയസ്യ ധനസ്യ ആദാതാ, അപഹർത്താ
ദുഃ—ശേവഃ	— സേവിതും ദുശ്ശകഃ
യഃ നഃ ആ—ദിദേശതി	— പ്രതിപക്ഷീ അനേന മാർഗ്ഗേണ ഗന്തവ്യം ഇത്യസ്മാൻ ആജ്ഞാപയതി.
തം	— താദൃശം പ്രതിപക്ഷിണം.
പഥഃ അപ ജഹി സ്മ	മാർഗ്ഗാൽ അവശ്യമപാകുരു.

അർത്ഥം—അല്ലയോ പൂഷാവേ, ആ ഹന്താവും, (എല്ലാവിധത്തിലും ഉപദ്രവിക്കുന്നവനും) ധനത്തിന്റെ അപഹർത്താവും, ഒരിക്കലും സേവിച്ച് പ്രീതിപ്പെടുത്തുവാൻ പററാത്തവനുമായ യാതൊരു എതിരാളി (സ്വയം അധർമ്മമാർഗ്ഗത്തിൽ ചരിച്ച്) ഞങ്ങളോട് ആ വഴിക്കല്ല ഈ വഴിക്കാണ് പോകേണ്ടത് എന്ന് നിർദ്ദേശിച്ച് വഴിതെററിക്കുന്നുവോ, അവനെ ഞങ്ങളുടെ മാർഗ്ഗത്തിൽ നിന്നകററിയാലും (ഇവിടെ വഴിതെററിക്കുന്ന എതിരാളി സ്വന്തം ദുർവ്വാസനകളാൽ പ്രേരിതമായ സ്വാന്തഃകരണവുമാവാം)

3 അപത്യം പരിപന്ഥിനം

മുഷീവാണം ഹുരശ്ചിതം

ദൂരമധിസ്രുതേരജ

അന്വയം —

പരി—പന്ഥിനം	—	മാർഗ്ഗപ്രതിബന്ധകം
മുഷീവാണം	—	തസ്കരരൂപം
ഹുരഃ—ചിതം	—	കൌടില്ല്യാനാം സഞ്ചേതാരം
ത്യം	—	തം (പൂർവ്വോക്തഗുണയുക്തം)
സ്രുതേഃ അധി ദൂരം	—	മാർഗ്ഗാൽ അത്യന്ത ദൂരദേശം പ്രതി
അപ അജ	—	അപഗമയ

അർത്ഥം—വഴിമുടക്കിയും കള്ളനും കൌടില്ല്യമൂർത്തിയുമായ അവനെ (സ്വയം അധർമ്മമാർഗ്ഗത്തിൽ ചരിച്ച് മററുള്ളവരെ വഴിപിഴപ്പിക്കുന്നവനെ) വഴിയിൽ നിന്ന് (ജീവിതസഞ്ചാരമാർഗ്ഗത്തിൽ നിന്ന്) ബഹുദൂരദേശത്തേക്കകററിയാലും (ഇവിടേയും ദുർവ്വാസനാപ്രേരിതമായ അന്തഃകരണത്തെ മാർഗ്ഗപ്രതിബന്ധകനായി എടുക്കാം)

4 ത്വം തസ്യദ്വയാവിനോ—

ഘശംസസ്യ കസ്യചിൽ

പദാഭി തിഷ്ഠതപുഷീം

അന്വയം.—

(ഹേ പൂഷൻ) ത്വം
ദ്വയാവിനഃ — പ്രത്യക്ഷാപഹാരഃ പരോക്ഷാപഹാരശ്ച യദ്വയം തദ്യുക്തസ്യ
അഘ–ശംസസ്യ — അസ്മാസു അഘ, മനിഷ്ടം ശംസതഃ, അഘേ, പാപേ, ശംസഃ, മനസ്യഭിലാഷഃ യസ്യ സഃ (ചോരഃ)
തസ്യ കസ്യ ചിൽ — അനിഷ്ടിഷ്ടസ്യ ചോരസ്യ കസ്യാപി
തപുഷിം — പരസന്താപനം ദേഹം, ബലം
പദാ അഭി തിഷ്ഠ — വേദീയേന പാദേന ആക്രമ്യതിഷ്ഠ

അർത്ഥം—അല്ലയോ പൂഷാവേ, പ്രത്യക്ഷവും പരോക്ഷവുമായ അപഹരണസ്വഭാവത്തോടുകൂടിയ (അല്ലെങ്കിൽ ഒന്നു പറഞ്ഞു മറ്റൊന്നു ചെയ്യുന്ന) വനും എനിയ്ക്കു് അനിഷ്ടം, ദോഷം ചെയ്യാനിച്ഛിക്കുന്നവനും ആയ ചോരനെ, അവനാരായാലും അവിടുത്തെ കാൽകൊണ്ടു് ചവിട്ടി അമർത്തി നിന്നാലും (ഇവിടേയും ആന്തരചോരനെ കാണാവുന്നതാണു്)

5 ആ തത്തേദസ്രമന്തുമഃ
പൂഷന്നവോ വൃണീമഹേ
യേനപിതൃന ചോദയഃ
വ 24

അന്വയം —

ഹേ മന്തു–മഃ, ദസ്ര,
പൂഷൻ — ജ്ഞാനവൻ, ദർശനീയപൂഷൻ
യേന (രക്ഷണേന)
പിതൃൻ — അംഗിരഃ പ്രഭൃതീൻ
അചോദയഃ — പ്രേരിതവന്തഃ

തേ തൽ അവഃ	— ത്വദീയം താദൃശം രക്ഷണം
ആ വൃണീമഹേ	— സവ്വതഃ പ്രാത്ഥയാമഹേ

അത്ഥം—ജ്ഞാനസമ്പന്നനും, ദശ്നീയനുമായ പൂഷാവേ, അംഗിരസ്സ് മുതലായ എന്റെ പിതാക്കളെ ഏതു വിധം രക്ഷാ ബുദ്ധിയോടുകൂടി സൽകാര്യങ്ങാംക്ക പ്രേരിപ്പിച്ച് സന്മാർഗ്ഗത്തിൽ നടത്തി രക്ഷിച്ചുവോ, അപ്രകാരമുള്ള അവിടത്തെ രക്ഷണം എല്ലാ വിധത്തിലും ഞാനും പ്രാത്ഥിക്കുന്നു.

വഗ്ഗം 25

6 അധാനോ വിശ്വസൌഭഗ

ഹിരണ്യവാശീമത്തമ

ധനാനി സുഷണാകൃധി

അന്വയം:—

ഹേ വിശ്വ—സൌഭഗ,	— കൃൽസ്നസൌഭാഗ്യയുക്ത
ഹിരണ്യവാശീമൽ—തമ,	— അതിശയേന സുവൎണ്ണമയായുധവൽ, (പൂഷൻ)
അധ നഃ ധനാനി	— അനന്തരം അസ്മാകം സുവണ്ണമണിമുക്താദീനി.
സു—സനാ കൃധി	— സുഷ്ഠുദാനയുക്താനികുരു

അത്ഥം — സവ്വസൌഭാഗ്യങ്ങളോടുകൂടിയവനും മികച്ച സ്വണ്ണമയങ്ങളായ ആയുധങ്ങളോടുകൂടിയവനുമായ പൂഷാവേ. (എന്റെ പ്രാത്ഥനയെ സ്വീകരിച്ച ശേഷം) എനിക്കുള്ള സ്വണ്ണം, രത്നം, മുത്ത് മുതലായ ധനങ്ങളെ വേണ്ടുംവണ്ണമുള്ള ദാനത്തോടു യോജിപ്പിച്ചാലും. അതായത് ആ ധനങ്ങാം സൽപാത്രദാനത്തിന്ന് ഉപയുക്തങ്ങളാക്കാൻ ഇടവരുത്തിയാലും.

7 അതിനസ്സശ്ചതോനയ

സുഗാനസ്സപഥാ കൃണു.

പൂഷന്നിഹ ക്രതും വിദഃ

അന്വയം'—

സശ്ചതഃ — അസ്മൽ ബാധനായ പ്രാപ്തവന്തഃ ശത്രൂൻ

നഃ അതി നയ — അസ്മാൻ അതിക്രമ്യ അന്യത്ര പ്രാപയ

നഃ സു—ഗാ സു—പഥാ കൃണു — അസ്മാൻ സുഖഗന്തും ശക്യേന ശോഭനമാർഗ്ഗേണ ഗന്തൄൻ കുരു.

ഹേ പൂഷൻ, ഇഹ — അധ്വനി

ക്രതും വിദഃ — അസ്മദ്രക്ഷണരൂപം പ്രജ്ഞാനം ജാനീഹി

അർത്ഥം—ബാധിക്കുവാൻ വരുന്ന ശത്രുവിനെ ഞങ്ങളിൽ നിന്നകററിയാലും, ഞങ്ങളെ സുഗമമായ ശോഭനമാർഗ്ഗത്തിലൂടെ ഗമിക്കുന്നവരാക്കിയാലും അല്ലയോ പൂഷാവേ, മാർഗ്ഗത്തിൽ ഞങ്ങളെ രക്ഷിക്കുന്ന കാര്യം (എപ്പോഴും) ഓർമ്മയുണ്ടായാലും

8 അഭിസൂയവസം നയ
നനവജ്വാരോ അധ്വനേ
പൂഷന്നിഹക്രതും വിദഃ

അന്വയം'—

ഹേ പൂഷൻ,

സു—യവസം — ശോഭന തൃണോപലക്ഷിതം സർവ്വൌഷധിയുക്തം ദേശം

അഭി നയ — അസ്മാൻ അഭിതഃ പ്രാപയ

അധ്വനേ — മാർഗ്ഗായ

നവ—ജ്വാരഃ ന — നൂതനഃ സന്താപഃ നഭവതു.

ഹേ, പൂഷൻ, ഇഹ

ക്രതും വിദഃ — അധ്വനി അസ്മദ്രക്ഷണരൂപം പ്രജ്ഞാനം ജാനീഹി.

അർത്ഥം—അല്ലയോ പൂഷാവേ, നല്ല പുല്ലുകരം നിറഞ്ഞതും എല്ലാ ഓഷധിവർഗ്ഗങ്ങളോടുകൂടിയതുമായ ദേശത്തേയ്ക്കു ഞങ്ങ

ളെ നയിച്ചാലും. മാർഗ്ഗത്തിൽ പുതിയ ക്ലേശം ഉണ്ടാവാതിരിക്കട്ടെ. ഞങ്ങളെ രക്ഷിക്കുന്ന കാര്യത്തിൽ എപ്പോഴും ഓർമ്മയുണ്ടായാലും. (ഇവിടെ ശ്രേഷ്ഠതരമായ ഒരു ജന്മത്തെ ആവാം ഉദ്ദേശിക്കുന്നത്.)

9 ശഗ്ധിപൂർധി പ്രയംസി ച
ശിശീഹി പ്രാസ്യുദരം
പൂഷന്നിഹ ക്രതും വിദഃ

അന്വയം:—

ഹേ പൂഷൻ, ശഗ്ധി	— (അസ്മാനനുഗ്രഹീതും) ശക്തോഭവ.
പൂർധി	— (അസ്മൽ ഗൃഹം ധനേന) പൂരയ,
(കിഞ്ച) പ്ര യംസി	— (അന്യദപ്യപേക്ഷിതം വസ്തു) പ്രയച്ഛ
ശിശീഹി	— (അസ്മാൻ സർവ്വേഷു മധ്യേ) തീക്ഷ്ണീ കുരു, തേജസ്വിനഃ കുരു
ഉദരം പ്രാസി	— അസ്മദീയമുദരം അന്നേന പൂരയ
പൂഷൻ ഇഹ ക്രതും വിദഃ	— അസ്മദ്രക്ഷണരൂപജ്ഞാനം ജാനീഹി

അർത്ഥം—അല്ലയോ പൂഷാവേ, ഞങ്ങളെ അനുഗ്രഹിക്കുവാൻ അവിടുന്ന് ശക്ത (സന്നദ്ധ) നായാലും. ഞങ്ങളുടെ ഗൃഹത്തെ ധനം കൊണ്ട് നിറച്ചാലും. കൂടാതെ മററഭിലാഷങ്ങളും അരുളിയാലും. എല്ലാവരിലുംവെച്ച് ഞങ്ങളെ (ഞങ്ങളുടെ ബുദ്ധിക്ക്) മൂർച്ച കൂട്ടിയാലും, ഞങ്ങളെ തേജസ്വികളാം (ആത്മവത്തകൊണ്ട് സ്വയംപ്രകാശിക്കുന്നവർ) ആക്കിയാലും ഞങ്ങളുടെ വയർ അന്നം കൊണ്ട് നിറച്ചാലും ഞങ്ങളെ രക്ഷിക്കുന്ന കാര്യം എപ്പോഴും ഓർമ്മയുണ്ടായാലും.

10 നപൂഷണം മേഥാമസി

സൂക്തൈരഭിഗൃണീമസി

വസൂനിദസ്മമീമഹേ.

അന്വയം:—

പൂഷണം (ദേവം)	
ന മേഥാമസി	— വയം നതുനിന്ദാമഃ
(കിന്തുവേദഗതൈഃ)	
സു—ഉക്തൈഃ	— വേദവാക്യൈഃ
അഭി ഗൃണീമസി	— സർവ്വത്രസ്തുമഃ
ദസ്മം	— ദശനീയം പൂഷണം പ്രതി.
വസൂനി ഈമഹേ	— ധനാനി യാചാമഹേ

അർത്ഥം—ദേവനായ പൂഷാവിനെ ഞങ്ങൾ അനാദരിക്കുന്നില്ല വേദത്തിലുള്ള സൂക്തങ്ങളാൽ എല്ലാവിധത്തിലും സ്തുതിക്കുന്ന ദശനീയനായ അവിടത്തൊട്ട് ധനങ്ങൾ യാചിക്കുന്നു

വർഗ്ഗം 26, 27 രുദ്രോദേവതാ

1 കദ്രുദ്രായ പ്രചേതസേ

മീള്ഹുഷ്ടമായ തവ്യസേ

വോചേമശന്തമം ഹൃദേ.

അന്വയം:—

പ്ര—ചേതസേ	— പ്രകൃഷ്ടജ്ഞാനയുക്തായ
മീള്ഹുഃ—തമായ	— സേക്തൃതമായ, അഭീഷ്ടകർമ്മവർഷായ
തവ്യസേ	— അതിശയേന പ്രവൃദ്ധായ
ഹൃദേ	— അസ്മദീയ ഹൃന്നിഷ്ഠായ
രുദ്രായ	— തംനാമകായ ദേവായ
കത് ശം—തമം വോചേമ	— കദാ സുഖകരം (സ്തോത്രം) പഠേമ?

അർത്ഥം—മഹാജ്ഞാനമൂർത്തിയായി, ഭക്താഭീഷ്ടം വർഷിച്ചുകൊണ്ട്, വർദ്ധിച്ച ബലത്തോടുകൂടി നമ്മളുടെ ഹൃദയത്തിൽ സ്ഥിതിചെയ്യുന്ന രുദ്രദേവന്ന് എപ്പോഴാണ് മംഗളസ്തോത്രം ചൊല്ലുക? (ഇപ്പോഴം തന്നെ വേണം, താമസിച്ചുകൂടാ എന്നർത്ഥം.)

2 യഥാനോ അദിതിഃ കരൽ

പശ്വേനൃഭ്യോയഥാഗവേ

യഥാതോകായ രുദ്രിയം

അന്വയം:—

യഥാ നഃ	—	യേനപ്രകാരേണ അസ്മാകം
രുദ്രിയം	—	രുദ്രസംബന്ധി ഭേഷജം
പശ്വേ	—	അശ്വമഹിഷാദിപശവേ
യഥാ ഗവേ	—	യേനപ്രകാരേണ ഗോജാതയേ
യഥാ നൃ—ഭ്യഃ	—	യേനപ്രകാരേണ അസ്മദീയേഭ്യഃ
തോകായ	—	അസ്മദീയാപത്യായ
അദിതിഃ സിദ്ധ്യതി	—	ഭൂമിഃ സിദ്ധ്യതി
(തഥാ) കരൽ	—	കരോതു

അർത്ഥം—യാതൊരു പ്രകാരത്തിൽ നമ്മളുടെ അശ്വമഹിഷാദി ജന്തുക്കൾക്കും പശുവിന്നും മനുഷ്യരായ നമ്മൾക്കും നമ്മുടെ സന്തതികൾക്കും വേണ്ടി രുദ്രസംബന്ധിയായ ഭേഷജത്തെ (ഔഷധത്തെ) ഭൂമി നേടുമോ, അപ്രകാരം ചെയ്യട്ടെ. (അതു് ലഭിക്കുമാറു് രുദ്രനെ സ്തുതിക്കട്ടെ. രുദ്രൻ ഭേഷജപതിയായി പ്രസിദ്ധനായി പറയപ്പെടുന്നു. രുദ്രന്റെ കയ്യിൽ നിന്നു് ഔഷധം സിദ്ധിക്കുക എന്നുവെച്ചാൽ അവിടുത്തെ അനുഗ്രഹഫലമായി രോഗനിവാരണവും ഇഷ്ടസിദ്ധിയും ലഭിക്കുക എന്നേ അർത്ഥമാക്കേണ്ടതുള്ളൂ. അവിടുന്നു് ഹൃദയസ്ഥിതനാണെന്നു് മുമ്പുപറഞ്ഞിട്ടുണ്ടല്ലോ)

3 യഥാനോ മിത്രോ വരുണോ—

യഥാ രുദ്രശ്ചികേതതി.

യഥാ വിശ്വേ സജോഷസഃ

അന്വയം:-

യഥാ — യേനപ്രകാരേണ
മിത്രഃ വരുണഃ യഥാ രുദ്രഃ
വിശ്വേ — സര്‍വ്വേ (ദേവാഃ)
സ-ജോഷസഃ — സമാന പ്രീതയഃ
നഃ ചികേതതി — അനുഗ്രാഹ്യത്വേന ജാനാതി
(തഥാ ഭവന്തു)

അര്‍ത്ഥം—യാതൊരു പ്രകാരമായാല്‍ മിത്രനും വരുണനും രുദ്രനും മറ്റെല്ലാ ദേവന്മാരും ഒരുപോലെ സന്തുഷ്ടരായി നിങ്ങളെ അനുഗ്രഹാര്‍ഹന്മാരായി അറിയുമോ, അപ്രകാരം ഭവിക്കട്ടെ. (ആ സ്ഥിതി വരത്തക്കവിധം രുദ്രനെ സ്തോത്രം ചെയ്യുക.)

4 ഗാഥപതിം മേധപതിം
രുദ്രം ജലാഷഭേഷജം
തച്ഛംയോസ്സുമ്നമീമഹേ

അന്വയം:—

ഗാഥ—പതിം — സ്തുതിപാലകം
മേധ—പതിം — യജ്ഞപാലകം
ജലാഷ—ഭേഷജം — ഉദകരൂപൗഷധോപേതം
രുദ്രം ശം—യോഃ — രോഗാണാം ശമനം, ഭയാനാം യാവനഞ്ച
തല്‍ സുമ്നം — പ്രസിദ്ധം സര്‍വ്വപ്രജാഹിതം സുഖം
ഈമഹേ — യാചാമഹേ

അര്‍ത്ഥം—സ്തുതിപാലകനും (സ്തുതിയെ ഇഷ്ടപ്പെട്ടു കൊണ്ടാടുന്നവനും), യജ്ഞരക്ഷകനും, സുഖകരവും ഉദകരൂപവുമായ ഔഷധത്തോടുകൂടിയവനും ആയ രുദ്രനോട് രോഗം ശമിപ്പിക്കുന്നതും ഭയം ദൂരീകരിക്കുന്നതും സര്‍വ്വപ്രജാഹിതവുമായ സുഖത്തെ നമ്മള്‍ യാചിക്കുന്നു.

5 യശ്ശുക്ര ഇവ സൂര്യോ—
ഹിരണ്യമിവരോചതേ
ശ്രേഷ്ഠോ ദേവാനാം വസുഃ വ. 26

അന്വയം'—

യഃ രുദ്രഃ സൂര്യഃ ശുക്രഃ—
ഇവ — സൂര്യവൽ ദീപ്തിമാൻ
ഹിരണ്യം—ഇവ രോചതേ — സർവ്വപ്രാണിനാം യഥാ ഹിരണ്യം പ്രീതികരം ഭവതി തഥാ ശോഭതേ
ദേവാനാം ശ്രേഷ്ഠഃ — ദേവാനാം മദ്ധ്യേ പ്രശസ്യതമഃ
വസുഃ — നിവാസഹേതുഃ (സരോചതേ)

അർത്ഥം—യാതൊരു രുദ്രൻ സൂര്യനെന്നപോലെ പ്രകാശയുക്തനാണോ, സ്വർണ്ണംപോലെ സർവ്വപ്രാണികൾക്കും പ്രിയംകരനായി ഭവിക്കുന്നുവോ, ദേവന്മാരുടെ ഇടയിൽ ഏററവും പ്രശസ്യനാണോ, എല്ലാവരെയും അതാതിടത്തു് നിവസിപ്പിക്കുന്നവനാണോ, ആ രുദ്രൻ ശോഭിക്കുന്നു.

6 ശന്നഃ കരത്യർവ്വതേ
സുഗം മേഷായമേഷ്യേ
നൃഭ്യോനാരിഭ്യോഗവേ.

അന്വയം'—

നഃ അർവ്വതേ — അസ്മാകം സംബന്ധിനേ അശ്വായ
മേഷായ മേഷ്യേ — മേഷജാതിപുരുഷായ, തജ്ജാതീയസ്ത്രീയൈ
ഗവേ — ഗോജാതയേ
നൃ—ഭ്യഃ നാരി—ഭ്യഃ — പുരുഷേഭ്യഃ സ്ത്രീഭ്യഃ
സു—ഗം കരതി — (ദേവഃ) സുഖം കരോതി

അർത്ഥം—നമ്മളെസ്സംബന്ധിച്ച കതിരക്കം, ആണാടി
നും പെണ്ണാടിന്നും, പശുവിന്നും, പുരുഷന്മാക്കം സ്ത്രീകാക്കം
ആ ദേവൻ (രുദ്രൻ) സുഖത്തെച്ചെയ്യുന്നു.

7 അസ്മേസോമശ്രിയമധി

നിധേഹി ശതസ്യ നൃണാം

മഹിശ്രവ സ്തുവിനൃമ്ണം

അന്വയം.—

ഹേ സോമ,

നൃണാം ശതസ്യ	—	പുരുഷാണാം ശതസ്യ പര്യാപ്തം
ശ്രിയം അസ്മേ അധി നി		
ധേഹി	—	അസ്മാസു ആധിക്യേന സ്ഥാപയ
(തഥാ) മഹി തുവി—		
നൃമ്ണം	—	മഹൽ, പ്രഭൂതബലയുക്തം
ശ്രവഃ	—	അന്നം (അധിനിധേഹി)

അർത്ഥം—അല്ലയോ സോമ, നൂറു പുരുഷന്മാക്ക് സുഖത്തിന്ന് പര്യാപ്തമായ ശ്രീയെ, ഐശ്വര്യത്തെ, ഞങ്ങളിൽ സമൃദ്ധമായി സ്ഥാപിച്ചാലും. പിന്നെ പെരുത്ത ബലത്തോടു കൂടിയ അന്നം ഞങ്ങളിൽ സ്ഥാപിച്ചാലും (ഇവിടെ രുദ്രസൂക്തമാണെങ്കിലും സോമ എന്ന് അഭിസംബോധനം ചെയ്യുന്നു. രുദ്രന് സോമനെന്നും പേരുണ്ട്.)

8 മാനസ്സോമപരിബാധോ—

മാരാതയോ ജുഹുരന്ത

ആന ഇന്ദോവാജേ‌ഭജ

അന്വയം —

സോമ—പരിബാധഃ — സോമസ്യ പരിതോബാധകാഃ, യാഗരഹിതാഃ
നഃ മാ ജൂഹുരന്ത — അസ്മാൻ മാഹിംസന്തു
(തഥാ) അരാതയഃ
(മാ ജൂഹുരന്ത) — ശത്രവഃ മാഹിംസന്തു
ഹേ ഇന്ദോ, വാജേ നഃ
ആ ഭജ — സോമ, ബലവിഷയേഅസ്മാൻ സർവ്വതസ്സേവസ്വ

അർത്ഥം—സോമപരിബാധകർ, അതായത് സോമയാഗം മൂലമായതിന്ന് വിരോധികൾ, കർമ്മനിഷേധികൾ ഞങ്ങളെ ഉപദ്രവിക്കരുത് അതുപോലെ ശത്രുക്കൾ ഞങ്ങളെ ദ്രോഹിക്കരുത് അല്ലയോ സോമ, ബലവിഷയത്തിൽ ഞങ്ങളെ എപ്പോഴും തുണച്ചാലും

9 യാസ്തേപ്രജാ അമൃതസ്യ
പരസ്മിന്ധാമന്നൃതസ്യ
മൂർധാനാഭാ സോമവേന
ആഭൂഷന്തീസ്സോമവേദഃ വ 27

അന്വയം —

ഹേ സോമ, അമൃതസ്യ — മരണരഹിതസ്യ
പരസ്മിൻ ധാമൻ ഋതസ്യ — ഉത്തമേസ്ഥാനേ പ്രാപ്തസ്യ
തേ യാഃ പ്ര—ജാഃ
(സ്തോത്രം കുർവ്വന്തി താഃ പ്രജാഃ)
മൂർധാ — ശിരസ്ഥാനീയഃ (ത്വം)
നാഭാ — സന്നഹനയുക്തേ യജ്ഞഗൃഹേ
വേനഃ — കാമയസ്വ

ഹേ സോമ, ആ—
ഭൂഷന്തീഃ — സർവ്വതസ്ത്വാം അലങ്കുർവ്വന്തീഃ (പ്രജാഃ)
വേദഃ — ജാനീഹി

അർത്ഥം—അല്ലയോ സോമ, ശാശ്വതനായി, സത്യമായ പരമോൽകൃഷ്ടസ്ഥാനത്ത് വർത്തിക്കുന്ന അവിടേയ്ക്ക്, ഏതേതു ജനങ്ങൾ സ്തോത്രം ചെയ്യുന്നുവോ, ആ ജനങ്ങളുടെ ശിരസ്ഥാനീയനായി, തലവനായി, അവിടുന്ന്, എല്ലാ സംഭാരങ്ങളോടും കൂടിയ ഞങ്ങളുടെ യജ്ഞഗൃഹത്തിൽ വരാൻ പ്രസാദിച്ചാലും. അവിടുത്തെ എല്ലാ വിധത്തിലും അലങ്കരിക്കുന്ന (കൊണ്ടാടുന്ന) പ്രജകളെ അവിടുന്ന് അറിഞ്ഞാലും.
വർഗ്ഗം 28, 29, 30 പ്രസ്കണ്വഃ ഋഷിഃ, ബൃഹതീസതോ ബൃഹത്യൗഛന്ദസീ, അഗ്നിർദ്ദേവതാ

1 അഗ്നേ വിവസ്വ ദുഷസ—
ശ്ചിത്രംരാധോ അമർത്ത്യ
ആദാശുഷേ ജാതവേദോവഹാത്വ—
മദ്യാദേവാँ ഉഷർബ്ബുധഃ

അന്വയം:—

അമർത്ത്യ, — മരണരഹിത,
ജാത—വേദഃ, — ജാതാനാം വേദിതഃ,
ഹേ അഗ്നേ, ത്വം ഉഷസഃ — ഉഷോദേവതായാസ്സകാശാൽ
വിവസ്വൽ — വിശിഷ്ടനിവാസോപേതം
ചിത്രം രാധഃ — നാനാവിധംധനം
ദാശുഷേ — ഹവിർദ്ദത്തവതേ യജമാനായ
ആ വഹ — ആനീയ, പ്രാപയ
(കിഞ്ച) അദ്യ — അസ്മിൻദിനേ
ഉഷഃ—ബുധഃ ദേവാൻ — ഉഷഃകാലെ പ്രബുദ്ധാൻ ദേവാൻ (ആവഹ)

അർത്ഥം—ശാശ്വതനും ഉൽപന്നമായതു മുഴുവൻ അറിയുന്നവനുമായ അഗ്നേ, അവിടുന്നു്, ഉഷോദേവതയുടെ അടുക്കൽ നിന്നു് വിശിഷ്ട ഗൃഹത്തോടുകൂടിയതും വിവിധവുമായ ധനത്തെ, ഹവിസ്സു നല്കുന്ന യജമാനന്നു് വരുത്തി എത്തിച്ചാലും. പിന്നെ ഈ പ്രഭാതത്തിൽ ഉണർന്നിരിക്കുന്ന ദേവന്മാരെ ഇങ്ങോട്ടു വരുത്തിയാലും.

2 ജുഷ്ടോഹിദൂതോ അസിഹവ്യവാഹനോ—
ഗ്നേരഥീരധ്വരാണാം
സജൂരശ്വിഭ്യാ മുഷസാ സുവീര്യ—
മസ്മേധേഹി ശ്രവോബൃഹൽ

അന്വയം —

ഹേ അഗ്നേ, (ത്വം) ജുഷ്ടഃ — സേവിതഃ
ദൂതഃ — ദേവാനാം വാർത്താഹാരഃ
ഹവ്യ—വാഹനഃ — ഹവിഷോവോഢാ
അധ്വരാണാം രഥീഃ അസി — ക്രതൂനാം രഥസ്ഥാനീയഃ ഭവസി
(താദൃശസ്ത്വം)
അശ്വി—ഭ്യാം ഉഷസാ
സ—ജൂഃ — സഹിതഃ ഭൂത്വാ
സു—വീര്യം — ശോഭനവീര്യോപേതം
ബൃഹൽ ശ്രവഃ — പ്രഭൂതമന്നം
അസ്മേ ധേഹി — അസ്മാസു പ്രക്ഷിപ

അർത്ഥം—അല്ലയോ അഗ്നേ, അവിടുന്നു് എല്ലാവരാലും സേവിതനാണു് ദേവന്മാൎക്കു് വൃത്തിപ്രദനാണു് ഹവിസ്സ് (ദേവന്മാൎക്കു്) എത്തിക്കുന്നവനാണു് യാഗങ്ങൾക്കു് രഥസ്ഥാനീയനാണു്, അതായതു് മുമ്പിൽ നില്ക്കുന്നവനാണു് അപ്രകാരമുള്ള അവിടുന്നു് അശ്വികളോടും ഉഷോദേവതയോടും കൂടിയവനായി, വീര്യവത്തായി സമൃദ്ധമായ അന്നം ഞങ്ങളിൽ വിതറിയാലും.

3 അദ്യാദൂതം വൃണീമഹേ

വസുമഗ്നിം പുരുപ്രിയം

ധൂമകേതും ഭാഋജീകം വ്യുഷ്ടിഷു

യജ്ഞാനാമധ്വരശ്രിയം

അന്വയം:—

അദ്യ	— അസ്മിൻദിനേ
ദൂതം	— ദേവാനാം വാർത്താഹാരം
വസും	— നിവാസഹേതും
പുരു—പ്രിയം	— ബഹൂനാം പ്രിയം
ധൂമ—കേതും	— ധൂമരൂപധ്വജയുക്തം
ഭാഃ—ഋജീകം	— പ്രസിദ്ധഭാസാലങ്കൃതം
വി—ഉഷ്ടിഷു	— ഉഷഃ കാലേഷു
യജ്ഞാനാം അധ്വര—ശ്രിയം	— യജമാനാനാം യാഗസ്സേവിനം
അഗ്നിം വൃണീമഹേ	— പ്രാർത്ഥയാമഹേ

അർത്ഥം—ഇന്ന്, ദേവന്മാർക്ക് വൃത്തിപ്രദനും എല്ലാവരെയും അതാതിടത്ത് വസിപ്പിക്കുന്നവനും സകലർക്കും പ്രിയനും, പുകയാകുന്ന കൊടിയോടു കൂടിയവനും പ്രസിദ്ധമായ തേജസ്സിനാൽ അലങ്കൃതനും പ്രഭാതകാലങ്ങളിൽ യജമാനന്മാരുടെ യാഗങ്ങളെ സേവിക്കു (രക്ഷിക്കു) ന്നവനും ആയ അഗ്നിയോട് നാം പ്രാർത്ഥിക്കുന്നു.

4 ശ്രേഷ്ഠം യവിഷ്ഠമതിഥിം സ്വാഹുതം

ജുഷ്ടം ജനായ ദാശുഷേ

ദേവാ അച്ഛായാതവേ ജാതവേദസ—

മഗ്നിമീളേ വ്യുഷ്ടിഷു.

അന്വയം:—

വി-ഉഷ്ടിഷു — ഉഷഃ കാലേഷു
ദേവാൻ — ഇതരാൻ സർവ്വാൻ ദേവാൻ
അച്ഛ — ആഭിമുഖ്യേന
യാതവേ — ഗന്തും
ശ്രേഷ്ഠം, യവിഷ്ഠം — അതിശയേന പ്രസിദ്ധം, യുവതമം
അതിഥിം — സതതഗമനക്ഷമം
സു-ആഹുതം — സുഷ്ഠു ആ സമന്താൽ ഹോമാധികരണം
ദാശുഷേ ജനായ ജുഷ്ടം — ഹവിർദ്ദത്തവതേ യജമാനായ പ്രീതം
ജാത-വേദസം അഗ്നിം
ഈളേ — ജാതാനാം വേദിതാരം അഗ്നിം സ്തൌമി

അർത്ഥം—പ്രഭാതകാലങ്ങളിൽ മറ്റെല്ലാ ദേവന്മാരെയും നേരെ (ഈ കർമ്മത്തിലേക്ക്) കൊണ്ടുവരുവാൻ, അത്യന്തം പ്രശസ്തനും നിത്യയുവാവും അതിഥിക്കൊത്ത് എപ്പോഴും വരുന്നവനും ഹോമത്തിന് ആസ്പദഭൂതനായി എപ്പോഴും വിളിക്കപ്പെടുന്നവനും ഹവിസ്സർപ്പിക്കുന്ന യജമാനങ്കൽ പ്രീതനും, എല്ലാം അറിയുന്നവനുമായ അഗ്നിയെ ഞാൻ സ്തുതിക്കുന്നു.

5 സ്തവിഷ്യാമി ത്വാമഹം
വിശ്വസ്യാമൃത ഭോജന
അഗ്നേ ത്രാതാരമമൃതം മിയേധ്യ
യജിഷ്ഠം ഹവ്യവാഹന.

വ 28

അന്വയം:—

അമൃത, — മരണരഹിത,
വിശ്വസ്യ ഭോജന, — കൃത്സ്നസ്യ ജഗതഃ പാലക,
ഹവ്യ-വാഹന, — ഹവിഷോവോഢഃ,
മിയേധ്യ, ഹേ അഗ്നേ, — യജ്ഞാർഹ, അഗ്നേ,

(വിശ്വസ്യ) ത്രാതാരം	— സർവ്വസ്യ ജഗതോരക്ഷകം
അമൃതം	— മരണരഹിതം
യജിഷ്ഠം ത്വാം	— അതിശയേനയഷ്ടാരംത്വാം
(അനുഷ്ഠാതാ)	
അഹം സ്തവിഷ്യാമി	— സ്തുതിംകരിഷ്യാമി

അത്ഥം—നാശരഹിതനും ജഗത്തിന്റെ മുഴുവൻ പാലകനും ദേവന്മാക്ക് ഹവിസ്സെത്തിക്കുന്നവനും യജ്ഞാഹ (പൂജാഹ)നും ആയ അഗ്നേ, സർവ്വജഗൽപതിയും ശാശ്വതനും യാഗകത്താക്കളിൽ ഉൽകൃഷ്ടനുമായ അവിടത്തെ കമ്മാനുഷ്ഠാതാവായ ഞാൻ സ്തുതിക്കാൻ പോകുന്നു.

6 സുശംസോ ബോധിഗൃണതേയവിഷ്ഠ്യ
മധുജിഹ്വ സ്വാഹുതഃ
പ്രസ്കണ്വസ്യ പ്രതിരന്നായുർജ്ജീവസേ
നമസ്യാദൈവ്യം ജനം

അന്വയം:—

ഹേ യവിഷ്ഠ്യ,	— യുവതമ, (അഗ്നേ, ത്വം)
ഗൃണതേ	— സ്തുവതേ യജമാനായ
സു—ശംസഃ	— സുഷ്ഠു ശംസനീയഃ
മധു—ജിഹ്വഃ	— മാദയിതൃജ്വാലഃ
സു—ആഹുതഃ	— സുഷ്ഠു ആഭിമുഖ്യേന ഹുതസ്സൻ
ബോധി	— അസ്മദഭിപ്രായം ബുദ്ധ്യസ്വ
(കിഞ്ച) പ്രസ്കണ്വസ്യ	
ജീവസേ	— കണ്വപുത്രസ്യ ജീവനായ
ആയുഃ പ്ര—തിരൻ	— പ്രകർഷേണ വദ്ധയൻ
ദൈവ്യം ജനം നമസ്യ	— ദേവസംബന്ധിനം ജനംപൂജയ

അത്ഥം—നിത്യയുവാവായ അഗ്നേ, അവിടന്ന് സ്തുതിക്കുന്ന യജമാനന്ന് ഏററവും സ്തുത്യനായും, മദകരങ്ങളായ ജ്വാലകളോട് കൂടിയവനായും വേണ്ടപോലെ ഹോമിക്കപ്പെട്ട് പ്രീ

ത്നായും ഞങ്ങളുടെ അഭീഷ്ടത്തെ അറിഞ്ഞാലും. പ്രസ്കണ്വന്റെ (കണ്വനായ എന്റെ പുത്രന്റെ) ജീവിതത്തിന്ന്, ആയുസ്സ് അധികം വദ്ധിക്കുവാനായി, ദേവന്മാരെ ആരാധിച്ചാലും.

7 ഹോതാരം വിശ്വവേദസം
സംഹിത്വാവിശ ഇന്ധതേ
സ ആവഹപുരുഹൂത പ്രചേതസോ-
ഗ്നേ ദേവാ ഇഹദ്രവൽ.

അന്വയം:—

ഹോതാരം	— ഹോമനിഷ്പാദകം
വിശ്വ—വേദസം ത്വാ	— സവ്വജ്ഞം (അഗ്നിംത്വാം)
വിശഃ സം ഇന്ധതേ ഹി	— പ്രജാഃ സമ്യക് ദീപയന്തി ഖലു
ഹേ പുരു—ഹൂത, അഗ്നേ,	
സഃ (ത്വം)	— ബഹുഭിരാഹൂതഃ ത്വം
പ്ര—ചേതസഃ ദേവാൻ	— പ്രകൃഷ്ടജ്ഞാനയുക്താൻ ദേവാൻ
ഇഹ ദ്രവൽ ആ വഹ	— അസ്മിൻ കമ്മണി ക്ഷിപ്രം ആഭിമുഖ്യേന പ്രാപയ

അത്ഥം—ഹോമത്തെ നിവ്വഹിക്കുന്നവനും സവ്വജ്ഞനുമായ അഗ്നിയായ അവിടുത്തെ ജനങ്ങൾ വേണ്ടപോലെ തെളിയിക്കുന്നു. (കത്തിക്കുന്നു) എല്ലാവരാലും വിളിക്കപ്പെടുന്ന അഗ്നേ, അപ്രകാരമുള്ള അവിടുന്ന് എല്ലാം വേണ്ടപോലെ അറിയുന്ന ദേവന്മാരെ ഈ കമ്മത്തിലേയ്ക്ക് വേഗത്തിൽ കൊണ്ടുവന്നാലും.

8 സവിതാരമുഷസമശ്വിനാഭഗ-
മഗ്നിം വ്യുഷ്ടിഷുക്ഷപഃ
കണ്വാസസ്ത്വാസുതസോമാസ ഇന്ധതേ
ഹവ്യവാഹം സ്വധ്വര

അന്വയം:—

ഹേ സു—അധ്വര — ആഹവനീയാഗ്നേ
വി—ഉഷ്ടിഷു — ഉഷഃകാലേഷു
സവിതാരം ഉഷസം അശ്വിനാ
(അശ്വിനൌ) ഭഗം അഗ്നിം
ക്ഷപഃ (ആവഹ)
സുത—സോമാസഃ — അഭിഷുതസോമാഃ
കണ്വാസഃ — കണ്വാഃ
ഹവ്യ—വാഹം ത്വാ
ഇന്ധതേ — ഹവിഷഃ പ്രാപകം ത്വാം ദീപയന്തി

അർത്ഥം—അല്ലയോ ആഹവനീയാഗ്നേ, പ്രഭാതകാലങ്ങളിൽ സൂര്യൻ, ഉഷസ്സ്, അശ്വികൾ, ഭഗൻ, രാത്രിദേവത, എന്നിവരെ (എല്ലാ ദേവന്മാരെയും) അവിടുന്നു കൊണ്ടുവന്നാലും. സംസ്കരിച്ച സോമത്തോടുകൂടിയ കണ്വകുലജാതന്മാർ അവിടത്തെ (നെയ്യൊഴിച്ച്) തെളിയിക്കുന്നു.

9 പതിർഹ്യധ്വരാണാ—
മഗ്നേ ദൂതോ വിശാമസി
ഉഷർബുധ ആവഹ സോമപീതയേ
ദേവാ അദ്യ സ്വർദൃശഃ

അന്വയം:—

ഹേ അഗ്നേ, വിശാം
അധ്വരാണാം പതിഃ — പ്രജാനാം സംബന്ധിനഃ യാഗാനാം പാലകഃ (ത്വം)
ദൂതഃ അസി ഹി — ദേവാനാം വാർത്താഹാരഃ ഭവസി ഖലു
ഉഷഃ—ബുധഃ സ്വഃ—ദൃശഃ — ഉഷഃകാലേ പ്രബുദ്ധാൻ, സൂര്യദർശിനഃ

ദേവാൻ അദ്യ സോമ-
പീതയേ — അസ്മിൻദിനേ സോമപാനാർത്ഥം
ആ വഹ — ആഭിമുഖ്യേന പ്രാപയ

അർത്ഥം—അല്ലയോ അഗ്നേ, ജനങ്ങളനുഷ്ഠിക്കുന്ന യജ്ഞ(സല്ക്കർമ്മ)ങ്ങളുടെ രക്ഷിതാവായ അവിടുന്ന്, ദേവന്മാർക്ക് വൃത്തികരനായ ദൂതനാണല്ലൊ ഇന്ന്, ഉഷഃകാലത്തുണർന്ന് സൂര്യനെ ദർശിക്കുന്ന ദേവന്മാരെ സോമപാനത്തിന്നായി നേരെ ഇങ്ങോട്ടാനയിച്ചാലും.

10 അഗ്നേപൂർവ്വാ അനൂഷസോ വിഭാവസോ
ദീദേഥ വിശ്വദർശതഃ
അസി ഗ്രാമേഷ്വവിതാ പുരോഹിതോ-
ഽസി യജ്ഞേഷു മാനുഷഃ വ 29

അന്വയം—

ഹേ വിഭാ-വസോ
അഗ്നേ, — വിശിഷ്ടപ്രകാശരൂപ, ധനവൻ,
വിശ്വ-ദർശതഃ — സർവ്വൈർദ്ദർശനീയഃ (ത്വം)
പൂർവ്വാഃ ഉഷസഃ അനു — അതീതാൻ ഉഷഃ കാലാൻ അനുലക്ഷ്യ
ദീദേഥ — ദീപ്തവാനസി
(താദൃശസ്ത്വം) ഗ്രാമേഷു — ജനനിവാസസ്ഥാനേഷു
അവിതാ അസി — രക്ഷകോഭവസി
യജ്ഞേഷു പുരഃ-ഹിതഃ — അനുഷ്ഠേയ കർമ്മസു വേദേഃ പൂർവ്വസ്യാം ദിശ്യവസ്ഥിതഃ
മാനുഷഃ അസി — ഋത്വിക് യജമാനാനാം മനുഷ്യാണാം ഹിതഃ ഭവസി

അർത്ഥം—വിശിഷ്ടപ്രകാശനരൂപമായ ധനത്തോടുകൂടിയ അഗ്നേ, എല്ലാവരാലും ദർശനീയ, അവിടുന്ന് കഴിഞ്ഞുപോയ പ്രഭാതങ്ങളിലെല്ലാം സ്വയം പ്രകാശിച്ചുവല്ലൊ (അതുപോലെ ഇപ്പോഴും മേലിലും പ്രകാശിക്കുമാറാകണമെന്ന ഭാവം) ആ അവിടുന്നാണല്ലൊ ഗ്രാമങ്ങളിൽ രക്ഷകനായി ഭവിക്കുന്ന

ത്തു്, യജ്ഞങ്ങളിൽ വേദികമുമ്പിൽ സ്ഥിതനായി ഋത്വിക് യജമാനാദി മനുഷ്യക്ക് ഹിതകാരിയായും ഭവിക്കുന്നതു്.

11 നിത്വായജ്ഞസ്യ സാധന-
മഗ്നേ ഹോതാര മൃത്വിജം
മനുഷ്വദ്ദേവധീമഹി പ്രചേതസം
ജീരംദൂത മമർത്യം.

അന്വയം.—

ഹേ അഗ്നേ, ദേവ

യജ്ഞസ്യ സാധനം	— യജ്ഞനിഷ്പാദകം
ഹോതാരം ഋത്വിജം	— വസന്താദികേ ഋതൌ യഷ്ടാരം
പ്ര-ചേതസം	— പ്രകൃഷ്ടജ്ഞാനയുക്തം
ജീരം	— ശത്രൂണാം വയോഹാനികരം
ദൂതം	— ദേവാനാം ദൂതസ്ഥാനീയം
അമർത്യം	— മരണരഹിതം (ത്വാം)
മനുഷ്വൽ	— യഥാമനുഃ യാഗദേശേ നി ധാതി തദ്വൽവയം
നി ധീമഹി	— സ്ഥാപയാമഃ

അർത്ഥം—അല്ലയോ ദേവനായ അഗ്നേ, യജ്ഞത്തെ സാധിപ്പിക്കുന്നവനും, വസന്താദി ഋതുവിൽ യജ്ഞം ചെയ്യുന്നവനും മഹത്തായ ജ്ഞാനത്തോടു കൂടിയവനും ദേവന്മാൎക്ക് ദൂതസ്ഥാനീയനും, വിനാശരഹിതനുമായ അവിടുത്തെ, മനു പണ്ടു യാഗവേദിയിൽ എപ്രകാരം സ്ഥാപിച്ചുവോ, അതുപോലെ ഞങ്ങളും സ്ഥാപിക്കുന്നു.

12 യദ്ദേവാനാം മിത്രമഹഃ പുരോഹിതോ-
ന്തരോയാസിദൂത്യം
സിന്ധോരിവ പ്രസ്വനിതാസ ഊൎമ്മയോ-
ഗ്നേർഭ്രാജന്തേ അൎച്ചയഃ

അന്വയം:—

ഹേ മിത്ര—മഹഃ,	— മിത്രാണാം പൂജക, (അഗ്നേ,)
യൽ പുരഃ—ഹിതഃ	— യദാ വേദേഃ പൂർവ്വസ്യാം ദിശി സ്ഥാപിതഃ (ത്വം)
അന്തരഃ	— ദേവയജനമദ്ധ്യേ വർത്തമാനസ്സൻ
ദേവാനാം ദൂത്യം യാസി	— ദൂതകർമ്മപ്രാപ്നോഷി
(തദാനീം) അഗ്നേഃ (തവ)	
അർച്ചയഃ	— ദീപ്തയഃ
സിന്ധോഃ—ഇവ	— സമുദ്രസ്യ
പ്ര—സ്വനിതാസഃ	
ഊർമ്മയഃ	— തരംഗാ ഇവ
ഭ്രാജന്തേ	— ദീപ്യന്തേ

അർത്ഥം—തൻെറ മിത്രങ്ങളെ, തന്നെ സേവിക്കുന്നവരെ, പൂജിക്കുന്ന, അഭീഷ്ടങ്ങൾ നല്കി സല്ക്കരിക്കുന്ന അഗ്നേ, എപ്പോൾ അവിടുന്ന് വേദിയുടെ കിഴക്ക് ഇരുത്തപ്പെട്ട്, ദേവയാഗമദ്ധ്യത്തിൽ വർത്തിച്ച്, ദേവന്മാരുടെ ദൂതകർമ്മം ഏററെടുക്കുന്നുവോ, അപ്പോൾ അവിടുത്തെ ജ്വാലകൾ, ഉച്ചത്തിൽ ശബ്ദിക്കുന്ന സമുദ്രതരംഗങ്ങൾ പോലെ, പ്രകാശിക്കുന്നു.

13 ശ്രുധിശ്രുൽകർണ്ണവഹ്നിഭി—
ർദ്ദേവൈരഗ്നേ സയാവഭിഃ
ആസീദന്തു ബർഹിഷി മിത്രോ അര്യമാ
പ്രാതര്യാവാണോ അധ്വരം

അന്വയം:—

ഹേ ശ്രുൽ—കർണ്ണ,	— ശ്രവണസമർത്ഥാഭ്യാം കർണ്ണാഭ്യാം യുക്ത
അഗ്നേ, ശ്രുധി	— അസ്മദീയവചനം ശൃണു.
മിത്രഃ അര്യമാ(യേചാന്യേ)	
പ്രാതഃ—യാവാനഃ	— പ്രാതഃ കാലേ ദേവയജനം ഗച്ഛന്തഃ

(തൈസ്സവൈ്യഃ) ദേവൈഃ
സയാവ—ഭിഃ — ആഹവനീയാഗ്നിനാത്വയാ സമാനഗതിഭിഃ
(അന്യൈഃ) വഹ്നി—ഭിഃ
അധ്വരം — ക്രതുമുദ്ദിശ്യ
ബഹിഷി ആ സീദന്തു — ദഭേ ഉപവിശന്തു

അത്ഥം—നല്ലപോലെ കേൾക്കുന്ന ചെവികളോടുകൂടിയ അഗ്നേ, ഞങ്ങളുടെ ഈ വാക്കുകേട്ടാലും. മിത്രനും, അര്യമാവും പ്രഭാതത്തിൽ ദേവയജനത്തിന്നെത്തുന്ന മററെല്ലാ ദേവന്മാരോടും, ആഹവനീയാഗ്നിയായ അവിടുത്തോട് സമാനഗതികളായ മററഗ്നികളോടും കൂടി ഈ യാഗത്തെ ഉദ്ദേശിച്ച് ദഭയിൽ വന്നിരിക്കട്ടെ.

14 ശൃണ്വന്തു സ്തോമം മരുതസ്സുദാനവോ—
ഗ്നിജിഹ്വാ ഋതാവൃധഃ
പിബതുസോമം വരുണോ ധൃതവ്രതോ—
ശ്വിഭ്യാമുഷസാസജൂഃ വ. 30

അന്വയം:—
സു—ദാനവഃ — സുഷ്ഠുഫലസ്യദാതാരഃ
അഗ്നി—ജിഹ്വാഃ — അഗ്നിജ്ജിഹ്വാസ്ഥാനീയാ യേഷാംതേ.
ഋത—വൃധഃ — സത്യസ്യ വദ്ധകാഃ
മരുതഃ സ്തോമം — അസ്മദീയം സ്തോത്രം
ശൃണ്വന്തു — ആകണ്ണയന്തു
(തഥാ) ധൃത—വ്രതഃ
വരുണഃ — ഗൃഹീത കമ്മാ സഃ
അശ്വി—ഭ്യാം ഉഷസാ
സ—ജൂഃ — സഹ
സോമം പിബതു

അത്ഥം—കമ്മഫലദാതാക്കളും അഗ്നിയാകുന്ന നാവോടുകൂടിയവരും (അഗ്നിമുഖമായിട്ടാണല്ലൊ ദേവന്മാർ ഹവിസ്സ് സ്വീകരിക്കുന്നത്) സത്യത്തെ വളർത്തുന്നവരും ആയ മരുത്തു

കരം ഞങ്ങളുടെ സ്തോത്രം കേൾക്കട്ടെ കമ്മവാനായ വരുണൻ അശ്വികളോടും ഉഷസ്സോടും കൂടി വന്നു് സോമം കുടിക്കട്ടെ

വർഗ്ഗം 31, 32

1   ത്വമഗ്നേ വസൂരിഹ
രുദ്രാ ആദിത്യാ ഉത
യജാസ്വധ്വരംജനം
മനുജാതം ഘൃതപ്രുഷം.

അന്വയം:—

ഹേ അഗ്നേ, ത്വം ഇഹ	—	അസ്മിൻ കമ്മണി
വസൂൻ രുദ്രാൻ		
ആദിത്യാൻ യജ	—	താൻപൂജയ
ഉത സു—അധ്വരം	—	അപിച ശോഭനയാഗയുക്തം
മനു—ജാതം	—	പ്രജാപതിനോൽപാദിതം
ഘൃത—പ്രുഷം	—	ഉദകസ്യസേക്താരം
ജനം	—	ദേവതാരൂപം പ്രാണിനം (യജ)

അത്ഥം—അല്ലയോ അഗ്നേ, അവിടുന്നു് ഈ കമ്മത്തിൽ അഷ്ടവസുക്കളെയും, ഏകാദശ രുദ്രന്മാരെയും, ദ്വാദശാദിത്യന്മാരെയും, യജിച്ചാലും (പൂജിച്ചു് പ്രീതിപ്പെടുത്തിയാലും) അതിന്നു പുറമെ ശോഭനയാഗങ്ങളാം ചെയ്യുവനും പ്രജാപതിയാൽ ഉൽപാദിതനും മഴ പെയ്യിക്കുന്നവനുമായ ദേവതാരൂപനെ, (ഇന്ദ്രനെ) യജിച്ചാലും

2   ശ്രുഷ്ടീവാനോഹി ദാശുഷേ
ദേവാ അഗ്നേ വിചേതസഃ
താന്നു്രോഹിദശ്വഗിവ്വണ—
ത്രയസ്ത്രിംശതമാവഹ

അന്വയം:—

ഹേ അഗ്നേ, വി—ചേതസഃ

ദേവാഃ	— വിശിഷ്ട പ്രജ്ഞാനാ ദേവാഃ
ദാശുഷേ	— ഹവിർദ്ദത്തവതേ യജമാനായ
ശ്രുഷ്ടീ—വാനഃ ഹി	— ശ്രുഷ്ടിഃ ഫലസ്യദാനം, തൽഭാജഃ ഖലു
ഹേ രോഹിൽ—അശ്വ,	— രോഹിന്നാമകൈഃ അശൈ്വ രുപേത
ഗിർവ്വണഃ	— ഗീർഭിഃ, സ്തുതിഭിഃ വനനീയ, (അഗ്നേ)
ത്രയഃ— ത്രിംശതം താൻ	— അനയാ സംഖ്യയാ സംഖ്യാതാൻ (ദേവാൻ)
ആ വഹ	— ഇഹാനയ

അർത്ഥം—അല്ലയോ അഗ്നേ, വിശിഷ്ട ജ്ഞാനത്തോടുകൂടിയ ദേവന്മാർ, ഹവിസ്സർപ്പിക്കുന്ന യജമാനന്നു് ഫലദാനത്തിൽ പങ്കാളികളാണല്ലൊ. രോഹിത്തു് എന്ന പേരുള്ള കുതിരകളോടു കൂടിയവനും സ്തുതികളാൽ ഭജനീയനുമായ അഗ്നേ, അവിടുന്നു് മുപ്പത്തിമൂന്നു ദേവന്മാരെയും ഇവിടേക്കു കൊണ്ടുവന്നാലും.

3 പ്രിയമേധവ ദത്രിവ—
ജ്ജാതവേദോവിരൂപവൽ
അങ്ഗിരസ്വന്മഹിവ്രത
പ്രസ്കണ്വസ്യ ശ്രുധീഹവം.

അന്വയം:—

ഹേ മഹി—വ്രത	— പ്രവൃദ്ധകർമ്മൻ
ജാത—വേദഃ,	— അഗ്നേ
പ്രിയമേധ—വൽ,	
അത്രി—വൽ, വിരൂപ—വൽ,	
അംഗിരസ്വൽ	— ഏതേഷാം ഋഷീണാം ആഹ്വാനം യഥാ ശൃണോതി തദ്വൽ

പ്രസ്കണ്വസ്യ ഹവം ശ്രുധി— കണ്വപുത്രസ്യ (മമ) ആഹ്വാനം
ശൃണു

അർത്ഥം—അല്ലയോ ബഹുകർമ്മയുക്തനായ ജാതവേദസ്സേ, (അഗ്നേ), പ്രിയമേധാത്രി വിരൂപാംഗിരസ്സുകളുടെ വിളി അവിടുന്ന് കേൾക്കുന്ന പോലെ കണ്വപുത്രനായ എന്റെ വിളി കേട്ടാലും.

4 മഹികേരവ ഊതയേ
പ്രിയമേധാ അഹൂഷത
രാജന്തമധ്വരാണാ
മഗ്നിം ശുക്രേണ ശോചിഷാ.

അന്വയം —

മഹി—കേരവഃ	—	പ്രൌഢകർമ്മാണഃ
പ്രിയ–മേധാഃ	—	പ്രിയേണ യജ്ഞേനോപേതാഃ, ഋഷയഃ
ഊതയേ	—	രക്ഷാർത്ഥം
അധ്വരാണാം	—	യജ്ഞാനാം (മദ്ധ്യേ)
ശുക്രേണ ശോചിഷാ		
രാജന്തം	—	ശുദ്ധേന പ്രകാശേന ദീപ്യമാനം
അഗ്നിം അഹൂഷത	—	ആഹൂതവന്തഃ

അർത്ഥം—മഹത്തായ കർമ്മത്തോടുകൂടിയവരും തങ്ങൾക്ക് പ്രിയമായ യജ്ഞം ചെയ്യുവരുമായ ഋഷികൾ രക്ഷക്കുവേണ്ടി, യജ്ഞങ്ങളുടെ മദ്ധ്യത്തിൽ പരിശുദ്ധമായ പ്രകാശത്തോടുകൂടി ശോഭിക്കുന്ന അഗ്നിയെ വിളിച്ചവരാകുന്നു

5 ഘൃതാഹവന സന്ത്യേ–
മാ ഉഷു ശ്രുധീ ഗിരഃ
യാഭിഃ കണ്വസ്യ സൂനവോ
ഹവന്തേ വസേ ത്വാ വ 31

അന്വയം:-

ഘൃത-ആഹവന,	— ഘൃതേന ഹൂയമാന,
സന്ത്യ,	— ഫലപ്രദ, (അഗ്നേ,)
കണ്വസ്യ സൂനവഃ	— പുത്രാഃ
യാഭിഃ അവസേ	— യാഭിഃ ഗീർഭിഃ സ്വരക്ഷാർത്ഥം
ത്വാ ഹവന്തേ	— ത്വാം ആഹ്വയന്തി
ഇമാഃ ഗിരഃ ഉ	— താസ്സ്തോത്ര രൂപാ വാച ഏവ
സു ശ്രുധി	— സുഷ്ഠു ശൃണു

അർത്ഥം—നെയ്യ് ഹോമിക്കപ്പെടുന്നവനും ഫലദാതാവുമായ അഗ്നേ, ഏതു സ്തോത്ര രൂപങ്ങളായ വാക്കുകളാൽ കണ്വപുത്രന്മാർ (ഞങ്ങൾ) സ്വരക്ഷക്കുവേണ്ടി അവിടുത്തെ വിളിക്കുന്നുവോ, ആ വാക്കുകൾ തന്നെ വേണ്ടപോലെ കേട്ടാലും.

6 ത്വാം ചിത്രശ്രവസ്തമ
ഹവന്തേ വിക്ഷു ജന്തവഃ
ശോചിഷ്കേശം പുരുപ്രിയാ-
ഗ്നേഹവ്യായവോള്ഹവേ

അന്വയം:-

ചിത്രശ്രവഃ-തമ,	— അതിശയേന വിവിധഹവീ രൂപാന്നയുക്ത
പുരു-പ്രിയ,	— ബഹൂനാം യജമാനാനാം പ്രീതികര,
അഗ്നേ,	
ഹവ്യായ വോള്ഹവേ	— ഹവിർവോഢും
വിക്ഷു ജന്തവഃ	— പ്രജാസൂൽപന്നാഃ യജമാനാഃ
ശോചിഃ-കേശം	— ദീപ്തിരൂപകേശോപേതം
ത്വാം ഹവന്തേ	— ആഹ്വയന്തി

അർത്ഥം—അധികം വിവിധങ്ങളായ ഹവിരന്നങ്ങളോടു കൂടിയവനും, വളരെ യജമാനന്മാർക്ക് പ്രിയം ചെയ്യുന്നവനുമായ

അഗ്നേ, പ്രജകളുടെ ഇടയിലുള്ള യജമാനന്മാർ (ഭൂമിയിൽ ഇന്നു യാഗം ചെയ്യുന്നവർ) ദേവന്മാൎക്കു് ഹവിസ്സു കൊണ്ടുപോകുന്നതിനായി, ജ്വാലകളാകുന്ന കേശങ്ങളോടുകൂടിയ അവിടുത്തെ വിളിയ്ക്കുന്നു.

7 നിത്വാ ഹോതാര മൃത്വിജം
ദധിരേ വസുവിത്തമം
ശ്രുൽകൎണ്ണം സപ്രഥസ്തമം
വിപ്രാ അഗ്നേ ദിവിഷ്ടിഷു.

അന്വയം:—

ഹേ അഗ്നേ, വിപ്രാഃ	— മേധാവിനഃ
ദിവിഷ്ടിഷു ഹോതാരം	— യാഗേഷു ആഹ്വാതാരം
ഋത്വിജം	— ഋതുഷു യജ്ഞശീലം
വസുവിൽ—തമം	— അതിശയേന ധനസ്യ ലംഭയിതാരം
ശ്രുൽ—കൎണ്ണം	— ശ്രവണയോഗ്യ കൎണ്ണോപേതം
സപ്രഥഃ—തമം	— അതിശയേന പ്രഖ്യാതം (ത്വാം)
നി ദധിരേ	— സ്ഥാപിതവന്തഃ

അൎത്ഥം—അല്ലയോ അഗ്നേ, ജ്ഞാനികൾ, യാഗങ്ങളിൽ ദേവന്മാരെ വിളിച്ചുവരുത്തുന്നവനും പ്രത്യേകം ഋതുക്കളിൽ യജിക്കുന്നവനും ഏറ്റവും ധനം നേടിത്തരുന്നവനും അത്യന്തം പ്രസിദ്ധനായ അവിടുത്തെ (യജ്ഞഗൃഹങ്ങളിൽ, സ്വഗൃഹങ്ങളിൽ) സ്ഥാപിച്ചവരാകുന്നു.

8 ആത്വാ വിപ്രാ അചുച്യവു—
സ്സുതസോമാ അഭിപ്രയഃ
ബൃഹദ്ഭാബിഭ്രതോ ഹവി—
രഗ്നേമൎത്തായ ദാശുഷേ

അന്വയം:—

ഹേ അഗ്നേ, ദാശ്വാംസം

മർത്തായ	— ഹവിഷ്പ്രദസ്യ യജമാനസ്യ (സംബന്ധി)
ഹവിഃ ബിഭ്രതഃ	— ധാരയന്തഃ
സുത—സോമാഃ വിപ്രാഃ	— അഭിഷുതസോമാമേധാവിനഃ, ഋത്വിജഃ
ബൃഹൽ ഭാഃ	— മഹാന്തം ഭാസമാനം
പ്രയഃ അഭി	— ഹവിർല്ലക്ഷണമന്നം അഭിലക്ഷ്യ
ത്വാ ആ അച്യച്യവുഃ	— ത്വാം ആഗമയന്തി

അർത്ഥം—അല്ലയോ അഗ്നേ, ഹവിസ്സു നല്കുന്ന യജമാനന്റെ ഹോമദ്രവ്യം കയ്യിലേന്തിയവരും സംസ്കരിച്ച സോമത്തോടുകൂടിയവരും പണ്ഡിതന്മാരുമായ ഋത്വിക്കുകൾ ഹവിരന്നം സമർപ്പിക്കാൻ ഉദ്ദേശിച്ച് മഹാനും പ്രകാശമാനനുമായ അവിടത്തെ വരുത്തുന്നു.

9 പ്രാതര്യാവ്ണസ്സഹസ്കൃത
സോമപേയായ സന്ത്യ
ഇഹാദ്യ ദൈവ്യം ജനം
ബർഹിരാസാദയാവസോ.

അന്വയം:—

ഹേ സഹഃ—കൃത, സന്ത്യ	— ബലേനമഥിത, ഫലദാതഃ
വസോ,	— നിവാസഹേതുഭൂത, (അഗ്നേ,)
ഇഹ അദ്യ	— ദേവയജനദേശേ അസ്മിൻ കർമ്മണി
സോമ—പേയായ	— സോമപാനാർത്ഥം
പ്രാതഃ—യാവ്നഃ	— പ്രാതരാഗച്ഛതഃ ദേവാൻ
ദൈവ്യം ജനം	— അന്യമപി ദേവജനം
ബർഹിഃ ആ സാദയ	— യജ്ഞം പ്രാപയ

അർത്ഥം—അതിബലനും കർമ്മഫലദാതാവും ഏവരെയും അതാതിടത്തു വസിപ്പിക്കുന്നവനുമായ അഗ്നേ, ഈ യാഗഭൂമിയിൽ ഇപ്പോൾ സോമപാനത്തിന്നായി, രാവിലെ വരുന്ന ദേവന്മാരെയും മററു ദേവഗണത്തെയും യജ്ഞത്തിന്നു കൊണ്ടു വന്നാലും

10 അർവ്വാഞ്ചം ദൈവ്യം ജന—
മഗ്നേയക്ഷ്വ സഹൂതിഭിഃ
അയം സോമസ്സുദാനവ—
സ്തംപാത തിരോഅഹ്ന്യം | വ 32

അന്വയം:—

ഹേ അഗ്നേ, അർവ്വാഞ്ചം	—	അഭിമുഖം
ദൈവ്യം ജനം	—	ദേവതാരൂപം പ്രാണിനം
സഹൂതി—ഭിഃ	—	സമാനാഹ്വാനൈഃ ദേവാന്തരൈസ്സഹ
യക്ഷ്വ	—	യജ
ഹേ സു—ദാനവഃ,	—	സുഷ്ഠുഫലദാതാരഃ, ദേവാഃ,
അയം സോമഃ	—	(യുഷ്മദർത്ഥം) സോമഃ പുരതോ വർത്തതേ
തിരഃ— അഹ്ന്യം	—	ഏതന്നാമകം, പൂർവ്വസ്മിന്നഹനി അഭിഷുതഃ യസ്സോമഃ ഉത്തരേഹനി ഹൂയതേ
തം (സോമം) പാത	—	പിബത

അർത്ഥം—അല്ലയോ അഗ്നേ, നേരെനില്ക്കുന്ന ദേവജനങ്ങളെ അവരേപ്പോലെ വിളിയ്ക്കപ്പെടുന്ന മററു ദേവന്മാരോടുകൂടി യജിച്ചാലും (ഇനി ദേവന്മാരോടു പറയുന്നു) കർമ്മങ്ങൾക്കു തക്കഫലം കൊടുക്കുന്ന ദേവന്മാരേ, നിങ്ങൾക്കുവേണ്ടി സോമം മുമ്പിലിരിക്കുന്നു ഇന്നലെ ചതച്ച് ഇന്ന് ഹോമിക്കുന്ന അതു് (സോമം) പാനം ചെയ്യാലും

വർഗ്ഗം 33, 34, 35 ഗായത്രീച്ഛന്ദഃ അശ്വിനൌദേവതാ.

1 ഏഷോ ഉഷാ അപൂർവ്യാ

വ്യുച്ഛതിപ്രിയാദിവഃ

സ്തുഷേ വാമശ്വിനാബൃഹൽ

അന്വയം:—

ഏഷോ	— ഏഷൈവാസ്മാഭിഃ പരിദൃശ്യമാനാ
പ്രിയാ	— സർവ്വേഷാം പ്രീതിഹേതുഃ
അപൂർവ്യാ	— പൂർവ്വേഷു മദ്ധ്യരാത്ര്യാദികാലേഷു നവിദ്യമാനാ, കിംതു ഇദാനീന്തനീ
ഉഷാഃ	— ഉഷോദേവതാ.
ദിവഃ	— ദ്യുലോകസ്യ സകാശാദാഗത്യ
വി ഉച്ഛതി	— തമോവർജ്ജയതി
അശ്വിനാ, വാം	— അശ്വിനൌ, യുവാം
ബൃഹൽ സ്തുഷേ	— പ്രഭൂതം യഥാ ഭവതി തഥാ സ്തൌമി

അർത്ഥം—നമ്മളാൽ കാണപ്പെടുന്നവളായി, ഏവക്കും പ്രീതികാരിണിയും. രാത്രികാലങ്ങളിൽ കാണപ്പെടാതെ ഇപ്പോഠം പ്രത്യക്ഷപ്പെടുന്നവളുമായ ഉഷസ്സ് (പ്രഭാതദേവത) സ്വർഗ്ഗപ്രദേശത്ത്നിന്ന് വന്ന്, ഇരുട്ടകററുന്നു. (ഈ സമയത്തു്) അശ്വികളേ, നിങ്ങളെ മഹത്തായ വിധം സ്തുതിക്കുന്നു. (അശ്വികളെ ആദിത്യചന്ദ്രന്മാരായി വിവക്ഷിക്കാറുണ്ട്. അപ്പോഠം സൂര്യോദയത്തിന്ന് മുമ്പുള്ള ഉഷസ്സിന്നും അവക്ക് കർത്തൃത്വം കല്പിക്കപ്പെടുന്നു.)

2 യാദസ്രാസിന്ധുമാതരാ

മനോതരാരയീണാം

ധിയാദേവാവാസുവിദാ

അർത്ഥം—അതിബലനും കർമ്മഫലദാതാവും ഏവരെയും അതാതിടത്തു വസിപ്പിക്കുന്നവനുമായ അഗ്നേ, ഈ യാഗഭൂമിയിൽ ഇപ്പോൾ സോമപാനത്തിന്നായി, രാവിലെ വരുന്ന ദേവന്മാരെയും മററു ദേവഗണങ്ങളെയും യജ്ഞത്തിന്ന് കൊണ്ടു വന്നാലും.

10 അപ്നാഞ്ചം ദൈവ്യം ജന-
മഗ്നേയക്ഷ്വ സഹൂതിഭിഃ
അയം സോമസ്സുദാനവ-
സ്തംപാത തിരോഅഹ്ന്യം വ 32

അന്വയം:—

ഹേ അഗ്നേ, അപ്നാഞ്ചം	— അഭിമുഖം
ദൈവ്യം ജനം	— ദേവതാരൂപം പ്രാണിനം
സഹൂതി—ഭിഃ	— സമാനാഹ്വാനൈഃ ദേവാന്തരൈസ്സഹ
യക്ഷ്വ	— യജ
ഹേ സു—ദാനവഃ,	— സുഷ്ഠുഫലദാതാരഃ, ദേവാഃ,
അയം സോമഃ	— (യുഷ്മദർത്ഥം) സോമഃ പുരതോ വർത്തതേ
തിരഃ— അഹ്ന്യം	— ഏതന്നാമകം, പൂർവ്വസ്മിന്നഹനി അഭിഷുതഃ യസ്സോമഃ ഉത്തരേഹനി ഹൂയതേ
തം (സോമം) പാത	— പിബത

അർത്ഥം—അല്ലയോ അഗ്നേ, നേരെനില്ക്കുന്ന ദേവജനങ്ങളെ അവരേപ്പോലെ വിളിക്കപ്പെട്ടന്ന മററു ദേവന്മാരോടുകൂടി യജിച്ചാലും. (ഇനി ദേവന്മാരോടു പറയുന്നു) കർമ്മങ്ങൾക്ക് തക്കഫലം കൊടുക്കുന്ന ദേവന്മാരേ, നിങ്ങൾക്കുവേണ്ടി സോമം മുമ്പിലിരിക്കുന്നു. ഇന്നലെ ചതച്ച് ഇന്ന് ഹോമിക്കുന്ന അതു് (സോമം)

വര്‍ഗ്ഗം 33, 34, 35 ഗായത്രീച്ഛന്ദഃ അശ്വിനൌദേവതാ.

1 ഏഷോ ഉഷാ അപൂര്‍വ്യാ

വ്യുച്ഛതിപ്രിയാദിവഃ

സ്തുഷേ വാമശ്വിനാബൃഹല്‍

അന്വയം:—

ഏഷോ	— ഏഷൈവാസ്മാഭിഃ പരിദൃശ്യമാനാ
പ്രിയാ	— സര്‍വ്വേഷാം പ്രീതിഹേതുഃ
അപൂര്‍വ്യാ	— പൂര്‍വ്വേഷു മദ്ധ്യരാത്രാദികാലേഷു നവിദ്യമാനാ, കിന്തു ഇദാനീന്തനീ
ഉഷാഃ	— ഉഷോദേവതാ.
ദിവഃ	— ദ്യുലോകസ്യ സകാശാദാഗത്യ
വി ഉച്ഛതി	— തമോവര്‍ജ്ജയതി
അശ്വിനാ, വാം	— അശ്വിനൌ, യുവാം
ബൃഹല്‍ സ്തുഷേ	— പ്രഭൂതം യഥാ ഭവതി തഥാ സ്തൌമി

അര്‍ത്ഥം—നമ്മളാല്‍ കാണപ്പെടുന്നവളായി, ഏവര്‍ക്കും പ്രീതികാരിണിയും. രാത്രികാലങ്ങളില്‍ കാണപ്പെടാതെ ഇപ്പോഴാം പ്രത്യക്ഷപ്പെടുന്നവളുമായ ഉഷസ്സ് (പ്രഭാതദേവത) സ്വര്‍ഗ്ഗപ്രദേശത്ത്നിന്ന് വന്ന്, ഇരുട്ടകററുന്നു. (ഈ സമയത്തു്) അശ്വികളേ, നിങ്ങളെ മഹത്തായ വിധം സ്തുതിക്കുന്നു. (അശ്വികളെ ആദിത്യചന്ദ്രന്മാരായി വിവക്ഷിക്കാറുണ്ട്. അപ്പോഴാം സൂര്യോദയത്തിന്ന് മുമ്പുള്ള ഉഷസ്സിന്നും അവര്‍ക്ക് കര്‍ത്തൃത്വം കല്പിക്കപ്പെടുന്നു.)

2 യാദസ്രാസിന്ധുമാതരാ

മനോതരാരയീണാം

ധിയാദേവാവാസുവിദാ

അന്വയം'—

ദസ്രാ	— ദസ്രൌ, ദർശനീയൌ
സിന്ധു–മാതരാ	— സിന്ധുമാതരൌ, സമുദ്രമാതൃകൌ
രയീണാം	— ധനാനാം
മനോതരാ	— മനസാ താരയിതാരൌ
ധിയാ	— കർമ്മണാ
വസു–വിദാ	— നിവാസസ്ഥാനസ്യ ലംഭയിതാരൌ
യാ ദേവാ (തൌസ്തുഷേ)	— യൌ ദേവൌ, അശ്വിനൌ

അർത്ഥം—ദർശനീയരും സമുദ്രമാകുന്ന അമ്മയോടു കൂടിയവരും, മനസ്സുകൊണ്ടു് (സങ്കല്പത്താൽ, അനുഗ്രഹത്താൽ ഉപാസകർക്കു്) ധനം എത്തിക്കുന്നവരും, കർമ്മംകൊണ്ടു് എവർക്കും വാസസ്ഥാനങ്ങൾ നേടുന്നവരുമായ അശ്വികൾ യാവരോ, അവരെ സ്തുതിക്കുന്നു

3 വച്യന്തേവാം കകുഹാസോ–

ജൂർണ്ണായാ മധിവിഷ്ടപി

യദ്വാംരഥോ വിഭിഷ്പതാൽ

അന്വയം'—

(ഹേ അശ്വിനൌ,) വാം	— യുവയോസ്സംബന്ധി
രഥഃ ജൂർണ്ണായാം	— നാനാശസ്ത്രൈഃ സ്തുതായാം
അധി വിഷ്ടപി	— സ്വർഗ്ഗലോകേ
യൽ വി–ഭിഃ പതാൽ	— യദാ അശ്വൈഃ പതതി
(തദാനീം) വാം	— യുവയോഃ
കകുഹാസഃ	— സ്തുതയഃ
വച്യന്തേ	— അസ്മാഭിരുച്യന്തേ

അർത്ഥം—അല്ലയോ അശ്വികളേ, നിങ്ങളുടെ തേർ നാനാശസ്ത്രങ്ങളാൽ സ്തുതിക്കപ്പെട്ടുകൊണ്ടു് (ശസ്ത്രപ്രയോഗ ശബ്ദങ്ങ

ളോട്ടകൂടി) സ്വർഗ്ഗത്തിൽ നിന്ന് എപ്പോഴം അശ്വങ്ങളോട്ടകൂടി താഴോട്ടിറങ്ങുന്നുവോ, അപ്പോഴം നിങ്ങളെക്കുറിച്ച മഹനീയ സ്തുതികഠം ഞങ്ങളാൽ ചൊല്ലപ്പെടുന്നു

4 ഹവിഷാജാരോ അപാം
പിപത്തി പപുരിർന്നരാ
പിതാകുടസ്യ ചഷണിഃ

അന്വയം:—

നരാ,	— ഹേനരൌ, അശ്വിനൌ,
പപുരിഃ	— പൂരണസ്വഭാവഃ
പിതാ	— പാലകഃ
കുടസ്യ ചഷ്ണിഃ	— കർമ്മണഃ ദ്രഷ്ടാ
അപാം ജാരഃ	— സ്വകീയതാപേന ഉദകാനാം ജരയിതാ, സൂര്യഃ
ഹവിഷാ	— അസ്മദ്ദത്തേന ഹവിഷാ
(ദേവാൻ) പിപത്തി	— പൂരയതി

(ഉദിതേ സൂര്യേ ഹവിഃപ്രദാനാൽ
സൂര്യസ്യ പൂരകത്വം, സൂര്യോദയേ
യുവയോഃ ആഗന്തവ്യത്വം)

അർത്ഥം—നേതാക്കളായ അശ്വികളേ, എല്ലാം നിറക്കുന്ന, പൂരിപ്പിക്കുന്ന സ്വഭാവത്തോട്ടുകൂടിയവനും ലോകത്തിന്റെ പാലകനും കർമ്മസാക്ഷിയുമായ ജലശോഷകൻ (സൂര്യൻ) ഞങ്ങളാൽ നല്കപ്പെട്ട ഹവിസ്സുകൊണ്ട് ദേവന്മാരെ പൂരിപ്പിക്കുന്നു, പ്രീണിപ്പിക്കുന്നു (സൂര്യോദയത്തിലാണ് ഹവിർദ്ദാനങ്ങഠം അതുകൊണ്ടാണ് സൂര്യൻ പൂരിപ്പിക്കുന്നു എന്ന് പറഞ്ഞത് അശ്വികളായ നിങ്ങളും ആ ഹവിസ്സേൽക്കാൻ സൂര്യോദയത്തിൽ വന്നെത്തണമെന്നു ഭാവം)

5 ആദാരോവാം മതീനാം
നാസത്യാമതവചസാ
പാതം സോമസ്യ ധൃഷ്ണയാ

അന്വയം —

ഹേ മത–വചസാ, — അഭിമതസ്തോത്രൌ,
നാസത്യാ, വാം — അശ്വിനൌ, യുവയോഃ
മതീനാം ആ–ധാരഃ — ബുദ്ധീനാം പ്രേരകഃ
(യഃ സോമോസ്തി)
ധൃഷ്ണു–യാ — ധർഷണശീലം മദകരത്വേന പ്രീതം
(തസ്യ) സോമസ്യ പാതം — സോമം പിബതം

അർത്ഥം—അഭിമത സ്തോത്രങ്ങളാൽ സ്തുതിക്കപ്പെടുന്ന അശ്വികളേ, നിങ്ങളുടെ ബുദ്ധികളെ പ്രേരിപ്പിക്കുന്നതു്, പ്രോത്സാഹിപ്പിക്കുന്നതു് യാതൊരു സോമമാണൊ, ശക്തിമത്തായ ഹർഷമുണ്ടാക്കുന്ന ആ സോമത്തിൻെറ ധാരയെ പാനം ചെയ്യാലും.

6 യാ നഃ പീപരദശ്വിനാ
ജ്യോതിഷ്മതീ തമസ്തിരഃ
താമസ്മേ രാസാഥാമിഷം

അന്വയം —

അശ്വിനാ, — ഹേ, അശ്വിനൌ,
ജ്യോതിഷ്മതീ — രസവീര്യാദി രൂപജ്യോതിര്യുക്താ
യാ (ഇട്) — അന്നം
തമഃ — ദാരിദ്ര്യരൂപമന്ധകാരം
തിരഃ — അന്തർഹിതം, വിനഷ്ടം കൃത്വാ
നഃ പീപരൽ — അസ്മാൻ പാരയേൽ തൃപ്തിം പ്രാപയേൽ
താം ഇഷം — താദൃശമന്നം
അസ്മേ രാസാഥാം — അസ്മഭ്യം യുവാം ദത്തം

അർത്ഥം—അല്ലയോ അശ്വികളേ രസം, വീര്യം മുതലായവ കൊണ്ടു് ശോഭിക്കുന്ന യാതൊരന്നം ദാരിദ്ര്യമാകുന്ന ഇരുട്ടിനെ അകററി ഞങ്ങളെ സന്തൃപ്തരാക്കുമോ, ആ അന്നം നിങ്ങൾ തന്നരുളാവൂ

7 ആനോ നാവാമതീനാം
യാതം പാരായ ഗന്തവേ
യുഞ്ജാഥാ മശ്വിനാ രഥം

അന്വയം:—

അശ്വിനാ,	— ഹേ അശ്വിനൌ
മതീനാം പാരായ ഗന്തവേ	— സ്തുതീനാം പാരംഗന്തും
നാവാ	— നൌരൂപേണ ഗമനസാധനേന
നഃ ആ യാതം	— അസ്മാൻപ്രതി സമുദ്രമദ്ധ്യാദാ—ഗച്ഛതം
(ഭൂമാവാഗന്തും) രഥം	
യുഞ്ജാഥാം	— സാശ്വം കുരുതം

അർത്ഥം—അല്ലയോ അശ്വികളേ, സ്തുതികളുടെ പാരമ്യത്തിലെത്തി (അവ സ്വീകരിക്കുവാൻ) നിങ്ങൾ സമുദ്രത്തിൽ നിന്ന് തോണിയാൽ വന്നുചേർന്നാലും. ഭൂമിയിൽ നിങ്ങൾ തേർപ്പൂട്ടി വന്നാലും

8 അരിത്രം വാം ദിവസ്പൃഥു
തീർത്ഥേ സിന്ധൂനാം രഥഃ
ധിയായുയുജ്ര ഇന്ദവഃ

അന്വയം:—

(ഹേ അശ്വിനൌ,) വാം	— യുവയോഃ
ദിവഃ പൃഥു	— ദ്യുലോകാദപി വിസ്തീർണ്ണം
അരിത്രം	— നൌരൂപം ഗമനസാധനം
സിന്ധൂനാം	— സമുദ്രാണാം
തീർത്ഥേ	— അവതരണപ്രദേശേ (വിദ്യതേ)
രഥഃ (ചക്രയോ ഗന്തും വിദ്യതേ)	

ഇന്ദവഃ	— സോമാഃ
ധിയാ യുയുഗ്രേ	— വേദവിഷയേണ കർമ്മണായുക്താഃ ബഭൂവുഃ

അർത്ഥം—അല്ലയോ അശ്വികളേ, ആകാശത്തേക്കാൾ വിസ്തീർണ്ണമായ നിങ്ങളുടെ യാത്രാസാധനമായ തോണി സമുദ്രങ്ങളുടെ കരയിലുണ്ടല്ലോ. ഭൂമിയിൽ സഞ്ചരിക്കുന്നതിന്ന് തേരുമുണ്ടല്ലൊ. (നിങ്ങൾക്കുവേണ്ടി) സോമങ്ങൾ നിങ്ങളെ ഉദ്ദേശിച്ച കർമ്മത്താൽ സജ്ജമാക്കിയിരിക്കുന്നു.

9 ദിവസ്കണ്വാസ ഇന്ദവോ—
വസുസിന്ധൂനാം പദേ
സ്വം വവ്രിം കുഹ ധിത്സഥഃ

അന്വയം:—

കണ്വാസഃ, (അശ്വിനൗ ഇത്ഥം പൃച്ഛതഃ)	— ഹേ കണ്വപുത്രാഃ, ഋത്വിജഃ,
ദിവഃ	— ദ്യുലോകസകാശാൽ
ഇന്ദവഃ	— സൂര്യരശ്മയഃ (പ്രാദുർഭൂതാഃ)
സിന്ധൂനാം	— വൃഷ്ടിരൂപാണാം സ്യന്ദന സ്വഭാവാനാം അപാം
പദേ	— സ്ഥാനേ, അന്തരിക്ഷേ
വസു	— അസ്മദാദിനിവാസഹേതുഭൂതം ഉഷഃ കാലീനം ജ്യോതിഃ (ആവിർഭൂതം)
(അസ്മിന്നവസരേ യുവാം) സ്വം വവ്രിം	സ്വകീയം രൂപം
കുഹ ധിത്സഥഃ?	— കുത്ര സ്ഥാപയിതുമിച്ഛഥഃ?

അർത്ഥം—അല്ലയോ പണ്ഡിതന്മാരായ ഋത്വിക്കുകളേ, (യജമാനൻ അശ്വികളോടു ചോദിയ്ക്കു) ആകാശത്തിൽ നിന്ന് സൂര്യരശ്മികൾ പുറപ്പെട്ടു ഒഴുകുന്ന സ്വഭാവത്തോടുകൂ

ടിയ വൃഷ്ടി ജലത്തിന്റെ സ്ഥാനമായ അന്തരിക്ഷത്തിൽ ഏവരുടെയും നിവാസഹേതുഭൂതമായ (നിവാസസ്ഥാനം, ഗൃഹം തെളിച്ചുകാണിക്കുന്ന) പ്രഭാത പ്രകാശം ആവിർഭൂതമായി. ഈ സന്ദർഭത്തിൽ അശ്വികളേ, നിങ്ങൾ സ്വകീയമായ രൂപം എവിടെ സ്ഥാപിക്കുവാൻ, എവിടെ വന്നുചേരുവാൻ ഇച്ഛിക്കുന്നു.?

10 അഭൂദുഭാ ഉ അംശവേ
ഹിരണ്യം പ്രതിസൂര്യഃ
വ്യഖ്യജ്ജിഹ്വയാസിതഃ വ. 34

അന്വയം:—

ഭാഃ ഉ	— സൂര്യസ്യ ദീപ്തിസ്തു
അംശവേ	— ഉഷഃ കാലീനരശ്മി സിദ്ധ്യർത്ഥം
അഭൂത്—ഉ	— പ്രാദുർഭൂതൈവ
സൂര്യഃ (ച) ഹിരണ്യം പ്രതി	— സ്വകീയോദയേന ഹിരണ്യസദൃശോ ഭൂൽ
(അഗ്നിശ്ച) അസിതഃ	— സ്വകീയദീപ്തേഃ സൂര്യപ്രകാശേന സ്വയം കൃഷ്ണോഭൂത്വാ
ജിഹ്വയാ വി അഖ്യൽ	— സ്വകീയജ്വാലയാ പ്രകാശിതവാൻ
(തസ്മാൽ അയമശ്വിനോഃ യുവയോഃ ആഗമനകാലഃ)	

താൽപ്പം—സൂര്യന്റെ തേജസ്സ് ഉഷഃകാലത്ത് രശ്മികൾ കിട്ടാനായി പുറത്തു വന്നുകഴിഞ്ഞു. സ്വന്തം ഉദയംകൊണ്ട് സൂര്യൻ സ്വർണ്ണസദൃശനായി. അഗ്നിയാകട്ടെ, സൂര്യപ്രകാശംകൊണ്ട് സ്വയം കറുത്തു വന്നു കറുത്ത്, തന്റെ ജ്വാലകൾ കൊണ്ട് പ്രകാശിച്ചു. അതുകൊണ്ട് അശ്വികളേ, നിങ്ങൾ വരേണ്ട സമയമായി.

അശ്വിനോഃ	— അശ്വിനോസ്സംബന്ധി
തൽ–തൽ ഇൻ	— പുനഃ പുനഃ കൃതം സർവ്വമപി
അവഃ	— അസ്മദ്വിഷയം രക്ഷണം
പ്രതി ഭൂഷതി	— പ്രത്യേകം അലംകരോതി, തദാതദാ പ്രശംസതി

അർത്ഥം—സ്തോതാവ്, ഹർഷകരമായ സോമത്തെ (സ്വയം കുടിച്ച്) നിറക്കുന്ന അശ്വികളെ, അവരെസ്സംബന്ധിച്ച് പുതുപുതുതായി ഉണ്ടാക്കുന്നതും, നമ്മുടെ രക്ഷയെ ഉദ്ദേശിച്ചുള്ളതും ആയ പ്രശംസയെക്കൊണ്ട് അതാതു സമയം അലങ്കരിക്കുന്നു.

13 വാവസാനാ വിവസ്വതി
സോമസ്യപീത്യാഗിരാ
മനുഷ്വച്ഛംഭൂ ആഗതം

അന്വയം:—

ഹേ ശം–ഭൂ,	— സുഖസ്യഭാവയിതാരൌ, (അശ്വിനൌ)
മനുഷ്വൽ	— മനാവിവ
വിവസ്വതി	— പരിചരണവതി യജമാനേ
വവസാനാ	— നിവാസശീലൌ (യുവാം)
സോമസ്യ പീത്യാ	— സോമസ്യപാനനിമിത്തം
ഗിരാ	— സ്തുതിനിമിത്തം (ച)
ആ ഗതം	— ആഗച്ഛതം

അർത്ഥം—മംഗളപ്രദന്മാരായ അശ്വികളേ, നിങ്ങൾ മനുവിനാലെന്നപോലെ നിങ്ങളെ സേവിക്കുന്ന യജമാനകലും (യജമാനന്റെ കർമ്മവേദിയിലും) സോമപാനം നിമിത്തമായും സ്തുതി നിമിത്തമായും (നിവാസസന്നദ്ധരായി) വരണം.

14 യുവോരുഷാ അനുശ്രിയം
പരിജ്മനോ രുപാചരത്
ഋതാവനഥോ അക്തുഭിഃ

അന്വയം:—

(ഹേ അശ്വിനൌ,)

പരി—ജ്മനോഃ — പരിതോഗന്ത്രോഃ

യുവോഃ — യുവയോരുഭയോഃ

ശ്രിയം അനു — ആഗമനരൂപാം ശോഭാം അനുസൃത്യ

ഉഷാഃ ഉപ—ആചരൽ — ഉഷഃകാലദേവതാ ഇഹാഗച്ഛതു

(യുവയോരാഗതയോഃ സതോഃ പശ്ചാൽആഗതാ)

(യുവാഞ്ച) അക്തു—ഭിഃ — രാത്രിഭിഃ

ഋതാ — യജ്ഞഗതാനിഹവിംഷി

വനഥഃ — കാമയേഥേ, സംഭജേഥേ

അർത്ഥം:—അല്ലയോ അശ്വികളേ, എങ്ങും ഗമിക്കുന്ന നിങ്ങൾ ഇരുവരുടെയും ആഗമനത്തിൻെറ പ്രകാശത്തെ അനുസരിച്ചാവട്ടെ പ്രഭാതദേവത വരുന്നതു്. അതായതു് ഉഷസ്സുവരുന്നതിന്നു മുമ്പുതന്നെ നിങ്ങൾ വന്നെത്തണം. നിങ്ങൾ രാത്രികളോടുകൂടി (രാത്രിയിൽ) യജ്ഞഹവിസ്സ് ഇഷ്ടപ്പെടുന്നുവല്ലൊ.

15 ഉഭാപിബതമശ്വിനോ—

ഭാനശ്ശർമ്മയച്ഛതം

അവിദ്രിയാഭിരൂതിഭിഃ

വ 35

അന്വയം:—

അശ്വിനാ — ഹേ അശ്വിനൌ

ഉഭാ പിബതം — യുവാം ഉഭൌസോമപാനം കുരുതം

(തതഃ ഊർദ്ധ്വം) ഉഭാ — യുവാം ഉഭൌ

അവിദ്രിയാഭിഃ

ഊതി—ഭിഃ — പ്രശസ്താഭിഃ രക്ഷാഭിഃ

നഃ ശർമ്മ യച്ഛതം — അസ്മഭ്യം സുഖം പ്രയച്ഛതം

അർത്ഥം:—അല്ലയോ അശ്വികളേ, നിങ്ങളിരുവർ സോമപാനം ചെയ്താലും. അതിനുശേഷം നിങ്ങളിരുവർ അനിന്ദിതങ്ങളായ ലക്ഷണങ്ങളാൽ (രക്ഷിതാക്കൾക്കും രക്ഷിതർക്കും പ്രശസ്തികരങ്ങളായ രക്ഷണങ്ങളാൽ) ഞങ്ങൾക്ക് മംഗളം, സുഖം തന്നരുളണം.

മൂന്നാമധ്യായം സമാപ്തം

അദ്ധ്യായപീഠിക

അഷ്ടകം–1 അദ്ധ്യായം–4

7–8 വർഗ്ഗങ്ങൾ സൌരസൂക്തങ്ങളിലെ പ്രഥമവും പ്രധാനവുമായ മന്ത്രങ്ങളാണ്. ഈ സൂക്തം പ്രത്യക്ഷനമസ്കാരത്തിന്ന് പ്രസിദ്ധമായുപയോഗിയ്ക്കുന്നു. ഹൃദ്രോഗശമനത്തിന്നും വൈവർണ്ണ്യമെന്ന രോഗത്തിന്റെ ശാന്തിയ്ക്കും പ്രത്യേകം പ്രാർത്ഥിയ്ക്കുന്നു. 9–മുതൽ 22 കൂടി വർഗ്ഗങ്ങൾ ഇന്ദ്രസ്തുതികളാണ്. ഇന്ദ്രൻ പല രാജാക്കളെയും ഋഷികളെയും രക്ഷിച്ചതും പല അസുരന്മാരെ ഹനിച്ചതുമായ കഥകൾ. 23–24 വർഗ്ഗങ്ങൾ അഗ്നിസ്തുതികളാണ്. 25–ാം വർഗ്ഗം–വൈശ്വാനരനെന്ന വിശിഷ്ടാഗ്നിയെക്കുറിച്ചാണ്. വൈശ്വാനരൻ സർവ്വപ്രാണികളിലുമന്തർഭവിയ്ക്കുന്ന ജഠരാഗ്നിയാണ്. 26–ാം വർഗ്ഗത്തിൽ അഗ്നിയും. 27–28–29ൽ വീണ്ടും ഇന്ദ്രനമാണ് ദേവത

അഷ്ടകം 1 അദ്ധ്യായം 4 വർഗ്ഗം 1–2
പ്രസ്കണ്വഃ ഋഷിഃ, ബൃഹതീസതോബൃഹത്യൌ ഛന്ദസീ, അശ്വിനൌ ദേവതാ

1 അയംവാംമധുമത്തമ–
സ്സുതസ്സോമഋതാവൃധാ
തമശ്വിനാപിബതംതിരോഅഹ്ന്യം
ധത്തംരത്നാനിദാശുഷേ

അന്വയം –

ഋത–വൃധാ	— ഋതസ്യ സത്യസ്യ വർദ്ധയിതാരൌ
അശ്വിനാ,വാം	— ഹേ അശ്വിനൌ,യുവയോഃ
അയം	— പരിതോവർത്തീ
മധുമത്–തമഃ സോമഃ സുതഃ	— അതിശയേന മാധുര്യോപേതഃ സോമഃ അഭിഷുതഃ

ിരഃ—അഹന്യം — തിരോഭ്രതേ, പൂർവ്വസ്മിൻ ദിനേ അഭിഷുതം

ം (സോമം) പിബതം — പാനംകുരുതം

ശ്രുഷേ — ഹവിർദ്ദത്തവതേയജമാനായ

ണാനി ധത്തം — രമണീയാനിധനാനിപ്രയച്ഛതം

അർത്ഥം:—സത്യവർദ്ധകരായ അശ്വികളേ, നിങ്ങൾക്ക് മു ചിൽ അതിമധുരമായ സോമം സംസ്കരിച്ചുവെച്ചിരിക്കുന്നു. ന്നലെ ചതച്ചുവെച്ച ആ സോമം പാനം ചെയ്യാലും. ഹവി ാതാവായ യജമാനന്നു് മനോഹരമായ ധനം നല്കിയാലും.

2 ത്രിവന്ധുരേണത്രിവൃതാസുപേശസാ

രഥേനായാതമശ്വിനാ

കണ്വാസോവാംബ്രഹ്മകൃണ്വന്ത്യധ്വരേ

തേഷാംസുശൃണുതംഹവം

അന്വയം:—

അശ്വിനാ, — ഹേ അശ്വിനൌ

ത്രി—വന്ധുരേണ — ഉന്നതാനതരൂപത്രിവിധബ ന്ധനകാഷ്ഠയുക്തേന

ത്രി—വൃതാ — ലോകത്രയവർത്തമാനേന

സു—പേശസാ — ശോഭനസുവർണ്ണയുക്തേന

രഥേന ആ യാതം — ഇഹാഗച്ഛതം

കണ്വാസഃ വാം അധ്വരേ — കണ്വപുത്രാഃ ഋത്വിജഃ യുവയോഃ യാഗേ

ബ്രഹ്മ കൃണ്വന്തി — സ്തോത്രരൂപം മന്ത്രം കുർവ്വന്തി

തേഷാം (കണ്വാനാം)

ഹവം — ആഹ്വാനം

സു ശൃണുതം — സുഷ്ഠ്വാദരേണ ശൃണുതം

അർത്ഥം—അല്ലയോ അശ്വികളേ, ഉയർന്നതും താഴ്ന്നതുമായ മൂന്നു മരകാട്ടുകളാൽ കൂട്ടിച്ചേർക്കപ്പെട്ടതും, മൂന്നു ലോകത്തിലും യഥേഷ്ടം സഞ്ചരിക്കുന്നതും, ശോഭനമായ സ്വർണ്ണവർണ്ണത്തോടുകൂടിയതുമായ തേരിലേറി ഇങ്ങോട്ടു വന്നാലും. കണ്വപുത്രരായ ഋത്വിക്കുകൾ യാഗത്തിങ്കൽ നിങ്ങൾക്ക് സ്തോത്രരൂപമായ മന്ത്രം ചൊല്ലുന്നു അവരുടെ വിളി സാദരം കേട്ടാലും.

3 അശ്വിനാ മധുമത്തമം
പാതം സോമമൃതാവൃധാ
അഥാദ്യദസ്രാവസു ബിഭ്രതാരഥേ
ദാശ്വാംസ മുപ ഗച്ഛതം

അന്വയം —

ഋത-വൃധാ,	—	സത്യസ്യവർദ്ധകൌ,
അശ്വിനാ,	—	ഹേ അശ്വിനൌ,
മധുമത് തമം സോമം പാതം	—	അതിശയേന മാധുര്യോപേതം സോമം പിബതം
ദസ്രാ,	—	ഹേദസ്രൌ അശ്വിനൌ,
അഥ	—	അനന്തരം
അദ്യ രഥേ	—	അസ്മിൻദിനേ സ്വകീയേരഥേ
വസു ബിഭ്രതാ	—	അസ്മദുപയുക്തം ധനം ധാരയന്തൌ
ദാശ്വാംസം ഉപ ഗച്ഛതം	—	ഹവിഷ്പ്രദം യജമാനം സമീപേ പ്രാപ്നുതം

അർത്ഥം—സത്യവർദ്ധകരായ അശ്വികളേ, അതിമധുരമായ സോമം പാനം ചെയ്താലും. അല്ലയോ ദശനീയരേ, (അശ്വികളേ,) അതിനുശേഷം, ഇന്നു സ്വന്തം തേരിൽ ഞങ്ങൾക്ക് വേണ്ട ധനം വഹിച്ചുകൊണ്ട് ഹവിസ്സേകുന്ന യജമാനന്റെ സമീപം വന്നാലും.

4 ത്രിഷധസ്ഥേ ബർഹിഷി വിശ്വവേദസാ
മധ്വായജ്ഞം മിമിക്ഷതം
കണ്വാസോവാംസുതസോമാ അഭിദ്യവോ—
യുവാം ഹവന്തേ അശ്വിനാ

അന്വയം:—

വിശ്വ—വേദസാ,	— സർവ്വജ്ഞൌ, ഹേ അശ്വിനൌ
ത്രി—സധസ്ഥേ	— കക്ഷ്യാത്രയത്രുപേണാ സ്തീർണ്ണതയാ ത്രിഷുസ്ഥാനേഷ്വ വസ്ഥിതേ
ബർഹിഷി	— ദർഭേ (സ്ഥിതൌ)
മധ്വാ	— മധുരേണ രസേന
യജ്ഞം മിമിക്ഷതം	— സേക്തുമിച്ഛതം
അശ്വിനാ, വാം സുത—സോമാഃ	— ഹേ അശ്വിനൌ, യുഷ്മദർത്ഥം
അഭി—ദ്യവഃ	— അഭിഷുതസോമയുക്താഃ, അഭിഗതദീപ്തയഃ
കണ്വാസഃ യുവാം ഹവന്തേ	— കണ്വപുത്രാഃ യുവാം ഉഭൌ ആഹ്വയന്തേ

അർത്ഥം—സർവ്വജ്ഞരായ അശ്വികളേ, മൂന്ന തട്ടുകളായി വിരിച്ച മൂന്ന സ്ഥാനങ്ങളിൽ, ദർഭപ്പുല്ലിൽ, നിന്നുകൊണ്ട്, നിങ്ങൾ ഈ യജ്ഞത്തിൽ മധുരരസം വർഷിക്കാൻ പ്രസാദിച്ചാലും. (നിങ്ങളുടെ അനുഗ്രഹംകൊണ്ട് സോമരസത്താൽ എല്ലാടവും നനയട്ടെ). അല്ലെങ്കിൽ ഫലത്രൂപമായ സുഖം പൊഴിക്കാൻ പ്രസാദിച്ചാലും. അശ്വികളേ, സംസ്കരിച്ച സോമത്തോടുകൂടിയവരും സ്വയം പ്രകാശിക്കുന്നവരുമായ കണ്വപുത്രന്മാർ നിങ്ങൾ രണ്ടുപേരെയും വിളിക്കുന്നു. (കണ്വപുത്രന്മാർ സ്വയം പ്രകാശിക്കുന്നത് അവരുടെ മന്ത്രകർമ്മശക്തി കൊണ്ടാകുന്നു. അല്ലെങ്കിൽ അശ്വികളെ പരിചരിക്കുന്നതിലുള്ള മനസ്സന്തോഷം കൊണ്ടാകുന്നു).

5 യാഭിഃ കണ്വമഭിഷ്ടിഭിഃ

പ്രാവതം യുവമശ്വിനാ

താഭിഷ്വ്വ/സ്മാ അവതം ശുഭസ്പതീ

പാതം സോമമൃതാവൃധാ വ 1

അന്വയം —

അശ്വിനാ, യുവം	— ഹേ അശ്വിനൌ, യുവാം ഉഭൌ
യാഭിഃ അഭിഷ്ടി—ഭിഃ	— അപേക്ഷിതാഭിഃ രക്ഷാഭിഃ
കണ്വം പ്ര ആവതം	— രക്ഷിതവന്തൌ
ഹേ ശുഭഃ പതീ,	— ശോഭനസ്യ കർമ്മണഃ പാലകൌ
ഋത—വൃധാ,	— സത്യസ്യ രക്ഷകൌ, (അശ്വിനൌ,)
താഭിഃ (രക്ഷാഭിഃ)	
അസ്മാൻ	— അനസ്മാത്രൻ
സു അവതം	— സുഷ്ഠുരക്ഷതം
സോമം പാതം	— സോമം പിബതം

അർത്ഥം—അല്ലയോ അശ്വികളേ, അപേക്ഷിക്കപ്പെട്ട ഏതു രക്ഷകളാൽ നിങ്ങളിരുവർ പൂർവ്വനായകണ്വനെ രക്ഷിച്ചുവോ, സല്കർമ്മപാലകരേ, സത്യവദ്ധകരേ, ആ രക്ഷകളെക്കൊണ്ടു് അനസ്മാതാക്കളായ ഞങ്ങളെയും കാത്താലും. സോമം പാനംചെയ്താലും.

വർഗ്ഗം—2

6 സുദാസേ ദസ്രാവസു ബിഭ്രതാരഥേ

പൃക്ഷോവഹതമശ്വിനാ

രയിം സമുദ്രാദുതവാദിവസ്പ—

ര്യസ്മേധത്തം പുരുസ്പൃഹം

അന്വയം:—

ദസ്രാ അശ്വിനാ, — ദർശനീയൌ, ഹേ അശ്വിനൌ,
സു—ദാസേ — പിജവനപുത്രായ രാജ്ഞേ
രഥേ വസു ബിഭ്രതാ — ധനം ധാരയന്തൌ
യുവാം പൃക്ഷഃ വഹതം — അന്നം പ്രാപിതവന്തൌ
സമുദ്രാൽ — അന്തരിക്ഷാൽ
ഉത വാ ദിവഃ പരി — അഥവാ സ്വർഗ്ഗാൽ പര്യാഹൃത്യ
പുരു—സ്പൃഹം രയിം — ബഹുഭിഃ സ്പൃഹണീയം ധനം
അസ്മേ ധത്തം — അസ്മാസു സ്ഥാപയതം

അർത്ഥം—ദർശനീയരായ അശ്വികളേ പിജവനപുത്രനായ സുദാസ്സെന്ന രാജാവിന്നു് നിങ്ങൾ തേരിൽ ധനം വഹിച്ചുകൊണ്ടു് അന്നം എത്തിച്ചുവല്ലൊ. അന്തരിക്ഷത്തിൽ നിന്നൊ, സ്വർഗ്ഗത്തിൽ നിന്നൊ കൊണ്ടുവന്നു്, എല്ലാവർക്കും കാമ്യമായ ധനം ഞങ്ങൾക്കും തന്നാലും.

7 യന്നാസത്യാപരാവതി
യദ്വാസ്ഥോ അധിതുർവ്വശേ
അതോരഥേന സുവൃതാന ആഗതം
സാകം സൂര്യസ്യ രശ്മിഭിഃ

അന്വയം:—

നാസത്യാ, — അസത്യരഹിതൌ, ഹേ അശ്വിനൌ
യൽ പരാ—വതി സ്ഥഃ — യദി ദൂരദേശേ വർത്തേഥേ
യൽ വാ അധി തുർവ്വശേ — അഥവാ അധികേ സമീപേ (സ്ഥഃ)
അതഃ — അസ്മാദ്ദൂരാൽ സമീപാദ്വാ
സൂര്യസ്യ രശ്മി—ഭിഃ
സാകം — സൂര്യോദയകാലെ
സു—വൃതാ രഥേന — ശോഭനവാഹനയുക്തേന രഥേന
നഃ ആ ഗതം — അസ്മാൻ പ്രതി ആഗച്ഛതം

അർത്ഥം—സത്യശീലരായ അശ്വികളേ, നിങ്ങൾ ദൂരദേശത്താണ് വർത്തിക്കുന്നതെങ്കിലും, അധികം സമീപത്താണ് സ്ഥിതിചെയ്യുന്നതെങ്കിലും, ദൂരത്തിലൊ സമീപത്തിലൊ ഉള്ള ആ സ്ഥാനത്തുനിന്ന് സൂര്യരശ്മികളോടൊപ്പം (അതായത് സൂര്യോദയത്തിൽ) നിങ്ങളുടെ കേടററ തേരിൽ ഞങ്ങളുടെ സമീപം വന്നാലും.

8 അർവ്വാഞ്ചാവാം സപ്തയോധ്വരശ്രിയോ—
വഹന്തുസവനേദുപ
ഇഷം പൃഞ്ചന്താസുകൃതേസുദാനവ—
ആബർഹിസ്സീദതം നരാ

അന്വയം:—

(ഹേ അശ്വിനൌ,)

അധ്വര—ശ്രിയഃ	— യാഗസേവിനഃ
സപ്തയഃ	— അശ്വാഃ
സവനാ ഇൽ ഉപ	— അസ്മദനുഷ്ഠേയാനി . ത്രീണിസവനാന്യേവോപലക്ഷ്യ
അർവ്വാഞ്ചാ വാം വഹന്തു	— അഭിമുഖൌ യുവാം പ്രാപയന്തു
നരാ,	— നരൌ, നേതാരൌ, (അശ്വിനൌ)
സു—കൃതേ	— സുഷ്ഠുകർമ്മകാരിണേ
സു—ദാനവേ	— ശോഭനദാനയുക്തായ യജമാനായ
ഇഷം പൃഞ്ചന്താ	— അന്നം സംയോജയന്തൌ (യുവാം)
ബർഹിഃ ആ സീദതം	— ദർഭം പ്രാപ്നുതം

അർത്ഥം—അല്ലയോ അശ്വികളേ, യാഗസേവികളായ അശ്വങ്ങൾ, ഞങ്ങളനുഷ്ഠിക്കുന്ന മൂന്നു സവനങ്ങൾക്കും അഭിമുഖരായി നിങ്ങളെ എത്തിക്കട്ടെ. നേതാക്കളായ അശ്വികളേ,

സല്ക്കൎമ്മകാരിയും സദ്ദാനശീലനുമായ യജമാനന്ന് അന്നം എത്തിക്കുന്ന നിങ്ങൾ (ഈ) ദൎഭപ്പുൽവിരിപ്പിൽ ഇരുന്നാലും.

9 തേന നാസത്യാഗതം
രഥേന സൂൎയ്യത്വചാ
യേനശശ്വ ദൂഹഥുൎദ്ദാശുഷേവസു
മധ്വഃസ്സോമസ്യ പീതയേ

അന്വയം:—

നാസത്യാ,	— അസത്യരഹിതൌ, ഹേ അശ്വിനൌ,
സൂൎയ്യ—ത്വചാ	— സൂൎയ്യസംവൃതേന, സൂൎയ്യരശ്മിസദൃശേന വാ
യേന (രഥേന) ദാശുഷേ	— ഹവിൎദ്ദത്തവതേ യജമാനായ
വസു ശശ്വൽ ഊഹഥുഃ	— ധനം സൎവ്വദാ പ്രാപിതവന്തൌ
തേന രഥേന മധ്വഃ	
സോമസ്യ പീതയേ	— മധുരസ്യ സോമസ്യ പാനാൎത്ഥം
ആ ഗതം	ആഗച്ഛതം

അൎത്ഥം—സത്യശീലരായ അശ്വികളേ, സൂൎയ്യരശ്മികളാൽ മൂടപ്പെട്ട് അതല്ലെങ്കിൽ സൂൎയ്യരശ്മിതുല്യമായ ഏതു തേരിലാണോ നിങ്ങൾ ഹവിൎദ്ദാതാവായ യജമാനന്ന് ധനമെത്തിക്കുന്നതു്, ആ തേരിലേറി മധുരമായ സോമം കുടിപ്പാനായി ഇവിടെ ആഗമിച്ചാലും.

10 ഉക്ഥേഭിരൎവ്വാഗവസേ പുരൂവസൂ
അൎക്കൈശ്ച നിഹ്വയാമഹേ
ശശ്വൽകണ്വാനാം സദസിപ്രിയേഹികം
സോമം പപഥുരശ്വിനാ.

വ. 2

അന്വയം:—

പുരു—വസൂ,	— പ്രഭൂതധനൌ, ഹേ അശ്വിനൌ,
അവസേ	— അസ്മദ്രക്ഷണാർത്ഥം
ഉക്ഥേഭിഃ അർക്കൈ: ച	— ഉക്ഥൈഃ, ശസ്ത്രൈഃ, അർച്ചന സാധനൈഃ സ്തോത്രൈശ്ച
അർവ്വാക് നി ഹ്വയാമഹേ	— അസ്മദാഭിമുഖ്യേന നിതരാമാഹ്വയാമഃ
അശ്വിനാ,	— ഹേ, അശ്വിനൌ
കണ്വാനാം പ്രിയേ സദസി	— കണ്വപുത്രാണാം യജ്ഞസ്ഥാനേ
ശശ്വൽ സോമം കം പപഥുഃ ഹി	— സർവ്വദാ യുവാം സുഖേന പീതവന്തൌ ഖലു

അർത്ഥം—മികച്ച ഐശ്വര്യത്തോടുകൂടിയ അശ്വികളേ, ഞങ്ങളുടെ രക്ഷക്കുവേണ്ടി ശസ്ത്രമന്ത്രങ്ങളാലും അർച്ചനാസ്തോത്രങ്ങളാലും നിങ്ങളെ നേരിട്ട് വേണ്ടപോലെ വിളിക്കുന്നു. കണ്വപുത്രന്മാരുടെ യജ്ഞസ്ഥാനത്ത് എപ്പോഴുമെപ്പോഴും വന്നു സുഖമായി സോമം കുടിക്കാറുണ്ടല്ലൊ. ഇപ്പോഴും വരുക എന്ന് ഭാവം.

വർഗ്ഗം—3, 4, 5, 6, ഉഷോദേവതാ

1 സഹവാമേന ന ഉഷോ—
വ്യുച്ഛാദുഹിതർദ്ദിവഃ
സഹദ്യുമ്നേന ബൃഹതാവിഭാവരി
രായാദേവിദാസ്വതീ

അന്വയം.—

ഹേ ദിവഃ ദുഹിതഃ,	— ദ്യുദേവതായാഃ പുത്രി,
ഉഷഃ, നഃ വാമേന സഹ	— ഉഷോദേവതേ, അസ്മഭ്യം ധനേന സഹ

വി ഉച്ഛ — പ്രഭാതംകരു
ഹേ വിഭാ–വരി
ബൃഹതാ ദ്യുമ്നേന സഹ — ഹേ ഉഷോദേവതേ, പ്രഭൂതേന അന്നേന സഹ (വ്യുച്ഛ)
ഹേ ദേവി, (ത്വം)
ദാസ്വതീ — ദാനയുക്താസതീ
രായാ — ധനേന (സഹവ്യുച്ഛ)

അർത്ഥം:–അല്ലയോ സ്വർഗ്ഗപുത്രിയായ പ്രഭാതദേവതേ, ഞങ്ങൾക്ക് ഐശ്വര്യത്തോടുകൂടി അവിടുന്ന് തെളിഞ്ഞാലും. ഉഷോദേവതേ, അവിടുന്ന് മഹത്തായ അന്നത്തോടുകൂടി തെളിഞ്ഞാലും. ദേവി, അവിടുന്ന് ദാനവതിയായി ധനത്തോടുകൂടി തെളിഞ്ഞാലും. (പ്രഭാതം പ്രവൃത്ത്യാരംഭത്തിനുള്ള സമയമാണല്ലൊ. പ്രയത്നമാണല്ലൊ എല്ലാ ധനത്തിൻേറയും അടിസ്ഥാനം. അപ്പോൾ പ്രഭാത ദേവത സ്വാഭാവികമായി ധനദാത്രിയാകുന്നു.)

2 അശ്വാവതീർഗ്ഗോമതീർവ്വിശ്വസുവിദോ–
ഭൂരിച്യവന്തവസ്തവേ
ഉദീരയപ്രതിമാസൂനൃതാഉഷ–
ശ്ചോദരാധോമഘോനാം

അന്വയം:–

അശ്വ–വതീഃ — ബഹ്വശ്വോപേതാഃ
ഗോ–മതീഃ — ബഹ്വീഭിർഗ്ഗോഭിര്യുക്താഃ
വിശ്വ–സുവിദഃ — കൃത്സ്നസ്യ ധനസ്യ സുഷ്ഠു ലംഭയിത്ര്യഃ
(ഉഷോദേവതാഃ) വസ്തവേ — പ്രജാനാം നിവാസായ
ഭൂരി ച്യവന്ത — പ്രഭൂതം യഥാ ഭവതി തഥാ പ്രാപ്താഃ
ഉഷഃ — ഹേ ഉഷോദേവതേ
മാ പ്രതി — മാമുദ്ദിശ്യ

സൂനൃതാഃ ഉത് ഈരയ — പ്രിയസത്യവാചഃ ബ്രൂഹി
മഘോനാംരാധഃചോദ — ധനവതാം (സംബന്ധി) ധനം
അസ്മഭ്യംപ്രേരയ

അർത്ഥം —ധാരാളം അശ്വങ്ങളോടും പശുക്കളോടുംകൂടിയവരായി, സമസ്തൈശ്വര്യങ്ങളെയും നേടുന്നവരായ ഉഷോദേവതകൾ പ്രജകളുടെ (സുഖ) നിവാസത്തിന്നായി എല്ലാടത്തും വ്യാപിച്ച് തികവോടുകൂടി വന്നെത്തിയല്ലൊ അല്ലയോ ഉഷോദേവതേ, അവിടുന്ന് പ്രിയവും സത്യവുമായ വാക്കുകൾ അരുളിച്ചെയ്താലും ധനവാന്മാരുടെ ധനം എൻെറ നേരെ തിരിച്ചു വിട്ടാലും (ഉഷോദേവതകൾ എന്ന് ബഹുവചനമായും ദേവത എന്ന് ഏകവചനമായും പ്രയോഗിച്ചതിൽ വൈരുദ്ധ്യമില്ല ഉഷസ്സിൻെറ വ്യാപ്തിയെയും വൈവിദ്ധ്യസ്വഭാവത്തെയും ഉദ്ദേശിച്ചാണ് ബഹുവചനം പ്രയോഗിച്ചിട്ടുള്ളത് ഒന്നിച്ചെടുത്ത് ഏകവചനവും ''പ്രിയവും സത്യവുമായ വാക്കുകൾ പറയുക'' എന്ന പറയുന്നതിന്ന് പ്രഭാതസ്വഭാവങ്ങളായ സുശബ്ദങ്ങൾ എന്നും പരിശുദ്ധ വിചാരങ്ങൾ ഉളവാക്കുന്ന ശബ്ദങ്ങൾ എന്നും അർത്ഥം ഗ്രഹിക്കാം)

3 ഉവാസോഷാ ഉച്ഛാച്ച നു
ദേവീ ജീരാ രഥാനാം
യേ അസ്യാ ആചരണേഷു ദധ്രിരേ
സമുദ്രേ ന ശ്രവസ്യവഃ

അന്വയം —

ശ്രവസ്യവഃ — ധനകാമാഃ
സമുദ്രേ ന — യഥാ സമുദ്രമധ്യേ നാവസ്സജ്ജീകൃത്യ പ്രേരയന്തി തദ്വത്
അസ്യാഃ (ഉഷസഃ) ആചരണേഷു — ആഗമനേഷു
യേ (രഥാഃ) ദധ്രിരേ — ധൃതാഃ, സജ്ജീകൃതാഃഭവന്തി,

(തേഷാം) രഥാനാം അജിരാ — പ്രേരയിത്രീ
ദേവീ ഉഷാഃ പുരാ
ഉവാസ — പുരസ്താൽ നിവാസമകരോൽ, പ്രഭാതം കൃതവതീ
ച നു ഉച്ഛാത് — അദ്യാപിവ്യുച്ഛതി, പ്രഭാതംകരോതി

അർത്ഥം—ധനകാമന്മാർ (കച്ചവടക്കാർ) സമുദ്രമദ്ധ്യത്തിൽ തോണിയിറക്കിക്കൊണ്ടു് നടക്കുന്നപോലെ, ഈ ഉഷസ്സിന്റെ ആഗമനങ്ങളിൽ യാവചില തേരുകൾ സജ്ജീകൃതങ്ങളാകുന്നുവോ ആ തേരുകളെ മുമ്പോട്ടു തെളിക്കുന്നവളായി ഉഷോദേവി മുൻ ദിവസങ്ങളിൽ പ്രഭാതം സൃഷ്ടിച്ചു വന്നിരുന്നു. ഇപ്പോഴും തെളിവേന്തി വെളിച്ചം പരത്തുന്നു.

4 ഉഷോയേതേ പ്രയാമേഷു യുഞ്ജതേ
മനോദാനായ സൂരയഃ
അത്രാഹതത് കണ്വഏഷാം കണ്വതമോ—
നാമഗൃണാതിനൃണാം.

അന്വയം:—

ഹേ ഉഷഃ, തേ യാമേഷു — തവ ഗമനേഷു സത്സു
യേ സൂരയഃ — ദാനാഭിജ്ഞാഃ വിദ്വാംസഃ
ദാനായ — ധനാദി ദാനാർത്ഥം
(സ്വകീയം) മനഃ
പ്ര യുഞ്ജതേ — പ്രേരയന്തി
ഏഷാം നൃണാം — ദാതുമിച്ഛതാം മനുഷ്യാണാം
തത് നാമ — ദാനവിഷയേ പ്രസിദ്ധംനാമ
കണ്വ—തമഃ കണ്വഃ — അതിശയേനമേധാവീമഹർഷിഃ കണ്വഃ
അത്ര ആഹ ഗൃണാതി — അത്രൈവ ഉച്ചാരയതി

അർത്ഥം:—യാതൊരു ഉഷസ്സേ, അവിടത്തെ ഗമനവേളകളിലാണല്ലോ ദാനശീലന്മാരായ വിദ്വാന്മാർ ധനാദികളുടെ

(ശാസ്ത്രോക്തരീതിയിലുള്ള) ദാനത്തിന്ന് സ്വന്തം മനസ്സിനെ പ്രേരിപ്പിക്കുന്നത് ദാതാക്കളുടെ പ്രസിദ്ധമായ പേർ അതി മേധാവിയായ കണ്വമഹർഷി അപ്പോഴത്തന്നെയാണ് വിളിച്ചു പറയുന്നത് (ദാനത്തിന്ന് ഉത്തമസമയം ഉഷഃകാലമാണെന്ന് പറഞ്ഞതുകൊണ്ട് ഇത് ഉഷസ്സുതിയാകുന്നു)

5 ആഘായോഷേവസൂനര്യു-
ഷായാതിപ്രഭുഞ്ജതീ
ജരയന്തീവൃജനംപദ്വദീയത-
ഉത്പാതയതിപക്ഷിണഃ വ 3

അന്വയം —

വൃജനം — ഗമനശീലം, ജംഗമം
പ്രാണിജാതം
ജരയന്തീ — ജരാംപ്രാപയന്തീ
ഉഷസ്യാവൃതായാം വയോഹാന്യാപ്രാണിനഃ ജീർണ്ണാഭവന്തി
ഉഷാഃ സൂനരീ യോഷാ-
ഇവ — സ്വഗൃഹകൃത്യനേത്രീനാരീവ
പ്ര—ഭുഞ്ജതീ — പ്രകർഷേണസർവ്വംപാലയന്തീ
ആ യാതി ഖലു — പ്രതിദിനമാഗച്ഛതിഖലു
(കിഞ്ച ഉഷഃകാലേ)
പദ്-വത് — പാദയുക്തം പ്രാണിജാതം
ഈയതേ — നിദ്രാംപരിത്യജ്യസ്വസ്വകൃത്യാർത്ഥം ഗച്ഛതി
(കിഞ്ച ഇയംഉഷാഃ)
പക്ഷിണഃ ഉത് പാതയതി — സമുത്ഥാപ്യതത്ര തത്രഗമയതി

അർത്ഥം —ചരങ്ങളായ പ്രാണിവർഗ്ഗങ്ങളെ പ്രതിദിനമുള്ള വരവുകൊണ്ട് വയോഹാനി വരുത്തി (വാർദ്ധക്യം പ്രാപിപ്പിച്ച്) ജരിപ്പിക്കുന്ന, ക്ഷീണിപ്പിക്കുന്ന ഉഷോദേവി, നിയതങ്ങളായ ഗൃഹകൃത്യങ്ങളെ വേണ്ടപോലെ നടത്തുന്ന കുടുംബിനി

യായ സ്ത്രീയെപോലെ, എല്ലാററിനെയും പാലിച്ചുകൊണ്ട് നിത്യവും അവിടുന്ന് വരുന്നവല്ലൊ. ഉഷഃകാലത്തിൽ കാലുള്ള പ്രാണിസമൂഹം ഉറക്കംവിട്ട് താന്താങ്ങളുടെ കർത്തവ്യങ്ങൾക്ക പോകുന്നു. കൂടാതെ ഈ ഉഷസ്സ് പക്ഷികളെ മേൽപ്പോട്ട് പറപ്പിക്കുന്നു. (ഉഷസ്സിൻെറ ആഗമനംകൊണ്ട് പ്രാണികൾക്ക് ദിവസംപ്രതി വരുന്ന വയോഹാനി, ജരാ ഒരു വാസ്തവോക്തിയാണ് ഈ തത്വം ഇനിയും ഉഷസ്സൂക്തങ്ങളിൽ ആവർത്തിക്കപ്പെട്ടു കാണാം)

വർഗ്ഗം 4

6 വിയാസൃജതിസമനം വ്യ/ർഥിനഃ
പദംനവേത്യോദതീ
വയോനകിഷ്ടേപപ്തിവാംസ ആസതേ
വ്യുഷ്ടൌവാജിനീവതി

അന്വയം:—

യാ (ദേവതാ) സമനം	— സമീചീന ചേഷ്ടാവന്തം പുരുഷം
വി സൃജതി	— പ്രേരയതി, ശയനാദുത്ഥാപ്യ സ്വസ്വവ്യാപാരേ പ്രേരയതി
(കിഞ്ച) അർഥിനഃ വി	— യാചകാൻ സ്വകീയദാതൃഗൃഹം പ്രതി വിസൃജതി, പ്രേരയതി
ഓദതീ	— ഉഷോദേവതാ
പദം ന വേതി	— സ്ഥാനം ന കാമയതേ, ശീഘ്രം ഗച്ഛതീത്യർഥഃ,
ഹേ വാജിനീ–വതി,	— അന്നവതി, (ഉഷോദേവതേ,)
തേ വി–ഉഷ്ടൌ	— ത്വദീയേ പ്രഭാതകാലേ
പപ്തി–വാംസഃ വയഃ	— പതനയുക്താഃ പക്ഷിണഃ
നകിഃ ആസതേ	— ന തിഷ്ഠന്തി

അർത്ഥം—ഏതു ദേവത മനുഷ്യരെ എഴുന്നേല്പിച്ച് താന്താങ്ങളുടെ കർമ്മങ്ങളിൽ ഏർപ്പെടുത്തുന്നു, യാചകരെ ദാതാക്കളുടെ അടുക്കലേക്കയയ്ക്കുന്നു, ആ ഉഷോദേവത നില്ക്കാൻ ഇഷ്ടപ്പെടുന്നില്ല, വേഗത്തിൽ പോയി മറയുന്നു അല്ലയോ അന്നവതി, ഉഷോദേവതേ, അവിടുന്ന് തെളിഞ്ഞുവരുന്ന സമയത്ത്, പറക്കുന്ന പക്ഷികൾ എവിടെയും ഇരിക്കുന്നില്ല. (അങ്ങുമിങ്ങും സഞ്ചരിക്കുന്നു)

7 ഏഷായുക്ത പരാവത—
സ്സൂര്യസ്യോദയനാദധി
ശതം രഥേഭിസ്സുഭഗോഷാ ഇയം
വിയാത്യഭി മാനുഷാൻ

അന്വയം —

ഏഷാ (ഉഷോദേവീ)
ശതം അയുക്ത — സ്വകീയാനാം രഥാനാം ശതം യോജിതവതീ
സു–ഭഗാ ഇയം ഉഷാഃ
പരാ–വതഃ — സൗഭാഗ്യയുക്താ ഉഷാഃ ദൂരസ്ഥാത്
സൂര്യസ്യ ഉത്–അയനാത്
അധി — സൂര്യോദയസ്ഥാനാത് അധികാത്, ദ്യുലോകാത്
മാനുഷാൻ അഭി — മനുഷ്യാൻ ഉദ്ദിശ്യ
ശതം രഥേഭിഃ വി യാതി — ശതസംഖ്യാകൈഃ രഥൈഃ വിശേഷേണ ഗച്ഛതി

അർത്ഥം—ഈ ഉഷോദേവി നൂറുകണക്കിന് തേരുകൾ സജ്ജീകരിച്ചിരിക്കുന്നു, സൗഭാഗ്യയുക്തയായ ഈ ഉഷസ്സ്, ദൂരസ്ഥമായ, സൂര്യോദയസ്ഥാനത്തു നിന്നും ദൂരെ, സ്വർഗ്ഗത്തിൽ നിന്നും, മനുഷ്യരെ ഉദ്ദേശിച്ച് (ഇരുട്ടിൽ കിടന്നു ക്ലേശിക്കുന്ന പ്രാണികളെ ഉദ്ദേശിച്ച്) നൂറുകണക്കിന് തേരുകളോടുകൂടി

വേണ്ടപോലെ വന്നെത്തുന്നു. (ഉഷസ്സിൻെറ തേരുകൾ എല്ലാടവും നേരെവന്നു പ്രാപിക്കുന്ന എണ്ണമററ പ്രഭാപൂരങ്ങളാണെന്ന് വിചാരിക്കാം. ഗോക്കളാണ് ഉഷസ്സിൻെറ വാഹനങ്ങൾ. ഗോക്കളെന്നുവച്ചാൽ രശ്മികളെന്നും അർത്ഥമുണ്ട്)

8 വിശ്വമസ്യാ നാനാമചക്ഷസേ ജഗ-
ജ്ജ്യോതിഷ്കൃണോതി സൂനരീ
അപദ്വേഷോമഘോനീദുഹിതാ ദിവ-
ഉഷാ ഉച്ഛദപസ്രിധഃ

അന്വയം:—

(യസ്മാൽ ഏഷാ) സൂനരീ — സുഷ്ഠുനേത്രീ, അഭിമതഫലസ്യ പ്രാപയിത്രീ
(ഉഷാഃ) ജ്യോതിഃ
കൃണോതി — സർവ്വം പ്രകാശയതി
(തസ്മാൽ) വിശ്വം ജഗൽ — സർവ്വം ജംഗമം പ്രാണിജാതം
അസ്യാഃ (ഉഷസഃ)
ചക്ഷസേ — പ്രകാശായ
നനാമ — പ്രഹ്വീ ഭവതി
(തമസിനിമഗ്നാഃ ജനാഃ
തം നിവാരയിത്രീമുദ്ദിശ്യ
നമസ്കുർവ്വന്തി)
(കിഞ്ച) മഘോനീ — ധനവതീ
ദിവഃ ദുഹിതാ ഉഷാഃ
ദ്വേഷഃ — ദ്വേഷ്ടൄൻ
അപ ഉച്ഛൽ — അപവർജ്ജയതി
(തഥാ) സ്രിധഃ അപ — ശോഷയിതൄൻ അപവർജ്ജയതി

അർത്ഥം—പ്രാണിവർഗ്ഗങ്ങളെ നേർവഴിക്കു നയിച്ച് അവക്ക് അഭീഷ്ടദായിനിയായി, ഉഷാദേവി എല്ലാം പ്രകാശിപ്പിക്കുന്നതുകൊണ്ട്, പ്രപഞ്ചത്തിലെ പ്രാണിസമൂഹം മുഴുവൻ, ഇരുട്ടിൽ നിന്ന് തങ്ങളെ രക്ഷിച്ചതിന്ന് പ്രാതഃപ്രകാശത്തെ

നമസ്കരിക്കുന്ന ധനവതിയായ സ്വർഗ്ഗപുത്രി, ഉഷസ്സ് ജനങ്ങളുടെ ശത്രുക്കളെ അകററുന്നു, തട്ടിപ്പറിക്കാരെ അകററുന്നു. (ശത്രുക്കളും തട്ടിപ്പറിക്കാരും ഇരുട്ടിലാണല്ലൊ ഉപദ്രവിക്കുന്നത്. ഉഷസ്സ് ധനവതിയാകുന്നത് പ്രഭാതം ധനോല്പാദനത്തെ കുറിക്കുന്നതുകൊണ്ട്).

9 ഉഷ ആ ഭാഹിഭാനുനാ
ചന്ദ്രേണദുഹിതർദ്ദിവഃ
ആവഹന്തീഭൂര്യസ്മഭ്യംസൌഭഗം
വ്യുച്ഛന്തീദിവിഷ്ടിഷു

അന്വയം:—

ഹേ ദിവഃ ദുഹിതഃ ഉഷഃ	— ദ്യുലോകസ്യപുത്രി, ഉഷോദേവതേ
ദിവിഷ്ടിഷു ഭൂരി സൌഭഗം	— ദിവസേഷു പ്രഭൂതം സൌഭാഗ്യം
അസ്മഭ്യംആ—വഹന്തീ	— സമ്പാദയന്തീ
(തഥാ) വി—ഉച്ഛന്തീ	— തമാംസിവജ്ജയന്തീ (ത്വം)
ചന്ദ്രേണ ഭാനുനാ	— സർവ്വേഷാം ആഹ്ലാദകരേണ പ്രകാശേന
ആ ഭാഹി	— സമന്താൽ പ്രകാശസ്വ

അത്ഥം—അല്ലയോ സ്വർഗ്ഗപുത്രി, ഉഷോദേവതേ, ദിവസം പ്രതി ഞങ്ങൾക്ക് മികച്ച സൌഭാഗ്യം നേടിത്തരുന്നവളായി, ഇരുട്ടിനെ അകററുന്നവളായി, അവിടുന്ന് സർവ്വാഹ്ലാദകരമായ പ്രകാശത്താൽ പൂർണ്ണമായും ശോഭിച്ചാലും.

10 വിശ്വസ്യഹിപ്രാണനം ജീവനം ത്വേ
വിയദുച്ഛസി സൂനരി
സാനോരഥേനബൃഹതാവിഭാവരി
ശ്രുധിചിത്രാമഘേഹവം

അന്വയം:—

യൽ	— യസ്മാൽ (ത്വം)
വി ഉച്ഛസി	— തമോവജ്ജയസി
ഹേ സൂനരി, (ഉഷോ	
ദേവി) വിശ്വസ്യ	— പ്രാണിജാതസ്യ
പ്രാണനം, ജീവനം	— ചേഷ്ടനം പ്രാണധാരണം (ച)
ത്വേ ഹി	— ത്വയ്യേവവത്തതേ
ഹേ വിഭാ-വരി	— വിശിഷ്ട പ്രകാശയുക്തേ
സാ (താദൃശീത്വം) നഃ	— അസ്മാൻപ്രതി
ബൃഹതാ രഥേന (ആയാഹി)	
(തഥാ) ഹേ ചിത്ര-മഘേ	— വിചിത്രധനയുക്തേ
നഃ ഹവം ശ്രുധി	— അസ്മദീയമാഹ്വാനംശൃണു

അത്ഥം—അല്പയോ സുന്ദരിയായ ഉഷോദേവി, അവിടന്നു് ഇരുട്ടകററുന്നതുകൊണ്ടു് പ്രാണിസമൂഹത്തിൻെറ മുഴുവൻ പ്രാണചേഷ്ടയും ജീവധാരണവും അവിടന്നിൽത്തന്നെ വത്തിയ്ക്കുന്നു. വിശിഷ്ട പ്രകാശത്തോടുകൂടിയ ഉഷസ്സേ, അപ്രകാരമുള്ള അവിടന്നു് മഹത്തായ തേരിലേറിവന്നാലും. വിചിത്രൈശ്വര്യവതി, ഞങ്ങളുടെ വിളികേട്ടാലും.

വഗ്ഗം 5

11 ഉഷോവാജംഹിവംസ്വ
യശ്ചിത്രോ മാനുഷേ ജനേ
തേനാവഹ സുകൃതോ അധ്വരാ ഉപ
യേ ത്വാ ഗൃണന്തി വഹ്നയഃ

അന്വയം:—

യഃ (വാജഃ) ചിത്രഃ	— ചായനീയഃ
മാനുഷേ ജനേ	— മനുഷ്യജാതേ യജമാനേ (വത്തതേ)
ഹേ ഉഷഃ, (ത്വം)	
വാജം ഹി	— ശ്രുതിപ്രസിദ്ധം ഹവിർല്ല ക്ഷണമന്നം

വംസ്വ — സ്വീകുരു (യാചസ്വ)
യേ (യജമാനാഃ) വഹ്നയഃ — യജ്ഞനിർവ്വാഹകാഃ
ത്വാ ഗൃണന്തി — ത്വാം സ്തുവന്തി,
തേന (കാരണേന ത്വാൻ)
സു—കൃതഃ — സുഷ്ഠുകൃതവതോയജമാനാൻ
അധ്വരാൻ — ഹിംസാരഹിതാൻ യാഗാൻ
ഉപ ആ വഹ — പ്രാപയ,
(യജമാനൈഃ ദത്തഃ
ഹവിഃ സ്വീകൃത്യ
പുനരപിതേഷാം യജ്ഞം
സമ്പാദയ,)

അർത്ഥം:—യാതൊരു ഹവിസ്സ് വിശിഷ്ടമായി, മനുഷ്യ ജാതനായ യജമാനങ്കൽ വർത്തിക്കുന്നുവോ, ശ്രുതിപ്രസിദ്ധമായ ആ ഹവിരന്നം, അല്ലയോ ഉഷസ്സേ, സ്വീകരിച്ചാലും യജമാനന്മാരേവർ യജ്ഞം ചെയ്ത് അവിടത്തെ സ്തുതിക്കുന്നുവോ, അവരെ വീണ്ടും അധ്വരങ്ങളിലേയ്ക്ക് നയിച്ചാലും (യജമാനന്മാരാൽ നല്കപ്പെട്ട ഹവിസ്സ് സ്വീകരിച്ച്, അവരെ വീണ്ടും യജ്ഞത്തിലേക്ക് നയിക്കുക അതായത് സൽകർമ്മങ്ങൾക്ക് സത്ഫലം നല്കി വീണ്ടും സൽകർമ്മങ്ങൾക്ക് പ്രേരിപ്പിക്കുക)

12 വിശ്വാന്ദേവാ് ആവഹ സോമപീതയേ—
ന്തരിക്ഷാ ദുഷസ്ത്വം
സാസ്മാസു ധാ ഗോമദശ്വാവ ദുക്ഥ്യ്—
മുഷോവാജം സുവീര്യം

അന്വയം —

ഹേ ഉഷഃ, ത്വം
സോമ—പീതയേ — സോമപാനായ
അന്തരിക്ഷാത് വിശ്വാൻ
ദേവാൻ ആ വഹ — സർവ്വാൻ ദേവാൻ അസ്മദീയ
ദേവ യജനദേശം പ്രാപയ

ഹേ ഉഷഃ, സാ	— ത്വാദൃശീത്വം
ഗോ–മത് അശ്വ–വത്	— ഗോമന്തം, ബഹുഭിർഗ്ഗോഭി ര്യുക്തം, അശ്വൈരുപേതം
ഉക്ഥ്യം സു–വീര്യം	— പ്രശസ്യം, ശോഭന വീര്യോപേതം
വാജം അസ്മാസു ധാഃ	— അന്നം അസ്മാസുനിധേഹി, സ്ഥാപയ

അർത്ഥം—അല്ലയോ ഉഷസ്സേ, അവിടുന്ന്, സോമപാന ത്തിന്നായി അന്തരിക്ഷലോകത്തിൽ നിന്ന് എല്ലാ ദേവന്മാ രെയും ഞങ്ങളുടെ ദേവയാഗദേശത്തേയ്ക്കെത്തിച്ചാലും അല്ല യോ ഉഷസ്സേ, അപ്രകാരമുള്ള അവിടുന്ന് ധാരാളം പശുക്ക ളോടും കുതിരകളോടും കൂടിയതും പുകഴ്ത്തക്കതും, ശോഭനവീ ര്യത്തോടു കൂടിയതുമായ അന്നം (പുഷ്ടി) ഞങ്ങളിൽ ഉണ്ടാക്കി യാലും.

13 യസ്യാരുശന്തോ അർച്ചയഃ
പ്രതിഭദ്രാ അദൃക്ഷത
സാനോരയിം വിശ്വവാരം സുപേശസ–
മുഷാദദാതു സുഗ്മ്യം.

അന്വയം:—

യസ്യാഃ (ഉഷസഃ)	
അർച്ചയഃ	— പ്രകാശാഃ
രുശന്തഃ	— ശത്രൂൻ ഹിംസന്തഃ
ഭദ്രാഃ	— കല്യാണാഃ
പ്രതി അദൃക്ഷത	— പ്രതിദൃശ്യന്തേ
സാ ഉഷാഃ വിശ്വ–വാരം	— വിശ്വൈർവ്വരണീയം
സു–പേശസം സുഗ്മ്യം	— ശോഭനരൂപോപേതം, സുഖഹേതുകം
രയിം നഃ ദദാതു	— പ്രയച്ഛതു

അർത്ഥം—ഏതുഷസ്സിന്റെ പ്രകാശങ്ങൾ ശത്രുഹിംസകങ്ങളും (ഇരുട്ടകറ്റുന്നതുകൊണ്ട് ശത്രുക്കളെയും നശിപ്പിക്കുന്ന) മംഗളകരങ്ങളുമായി കാണപ്പെടുന്നുവോ, ആ ഉഷസ്സ് എല്ലാവർക്കും കാമികമായതും ശോഭനരൂപങ്ങളോടുകൂടിയതും, സുഖസാധകവുമായ ധനം നമുക്ക് തന്നരുളട്ടെ

14 യേ ചിദ്ധി ത്വാമൃഷയഃ പൂർവ്വ ഊതയേ
ജുഹൂരേവസേ മഹി
സാ നഃ സ്തോമാൻ അഭി ഗൃണീഹി രാധസോ
ഷഃ ശുക്രേണ ശോചിഷാ.

അന്വയം:—

ഹേ മഹി,	— മഹിതേ, പൂജനീയേ, (ഉഷോദേവതേ)
ത്വാം യേ ചിൽ ഹി	— യേ ഖലു പ്രസിദ്ധാഃ
പൂർവ്വേ ഋഷയഃ	— പുരാതനാമന്ത്രദ്രഷ്ടാരഃ
ഊതയേ അവസേ	— രക്ഷണായ അന്നായ (ച)
ജുഹൂരേ	— ജുഹുവിരേ, ആഹൂതവന്തഃ, സൂക്തരൂപൈർമ്മന്ത്രൈസ്തുതവന്തഃ
ഹേ ഉഷഃ, സാ	— താദൃശീ ത്വം
രാധസാ	— അസ്മാഭിർദ്ദത്തേന ഹവിർല്ലക്ഷണേന ധനേന
ശുക്രേണ ശോചിഷാ	— ദീപ്തേന, തമോനിവാരയിതും സമർത്ഥേന തേജസാ ച ഉപലക്ഷിതാ സതീ
(തേഷാം ഋഷീണാമിവ)	
നഃ സ്തോമാൻ	— അസ്മാകം സ്തുതീഃ
അഭി ഗൃണീഹി	— സമ്യക്സ്തുതം ഇതിശബ്ദയ

അർത്ഥം—പൂജ്യയായ ഉഷോദേവതേ, ചില പ്രസിദ്ധരായ പുരാതനഋഷിമാർ, മന്ത്രദ്രഷ്ടാക്കൾ, രക്ഷയ്ക്കും അന്നത്തിനും (പുഷ്ടിക്കും) വേണ്ടി അവിടത്തെ സൂക്തരൂപങ്ങളായ മന്ത്രങ്ങളാൽ സ്തുതിച്ചവരായുണ്ടല്ലൊ അല്ലയോ ഉഷസ്സേ, അപ്രകാര

മുള്ള അവിടുന്ന്, ഞങ്ങളാൽ അർപ്പിക്കപ്പെടുന്ന ഹവിരന്നമായ ധനംകൊണ്ട് (തൃപ്തയായി) ഇരുട്ടകററാൻ സമർത്ഥമായ തേജസ്സോടുകൂടിയവളായി, ആ പുരാതനർഷിമാരുടെ എന്നപോലെ, ഞങ്ങളുടെ സ്തോത്രങ്ങളെയും സ്വീകരിച്ചാലും. ''നിങ്ങൾ നല്ലപോലെ സ്തുതിച്ചു'' എന്ന് പറഞ്ഞാലും.

15 ഉഷോയദദ്യഭാനുനാ
വിദ്വാരാവൃണവോദിവഃ
പ്രനോയച്ഛതാദവൃകം പൃഥുച്ഛർദ്ദിഃ
പ്രദേവിഗോമതീരിഷഃ

അന്വയം:—

ഹേ ഉഷഃ, അദ്യ	— അസ്മിൻ പ്രഭാതസമയേ (ത്വം)
യൽ ഭാനുനാ	— യസ്മാൽപ്രകാശേന
ദിവഃ ദ്വാരൌ	— അന്തരിക്ഷസ്യദ്വാരഭൂതൌ അന്ധകാരേണാച്ഛാദിതൌ പൂർവ്വാപരഭാഗൌ
വി ഋണവഃ	— വിവൃദ്വിഷ്യപ്രാദുരപ്രാപ്ഷി
(തസ്മാൽ ത്വം) നഃ	— അസ്മഭ്യം
അവൃകം പൃഥു ഛർദ്ദിഃ	— ഹിംസകരഹിതം, വിസ്തീർണ്ണം, തേജസ്സ്വംഗൃഹം
പ്രയച്ഛതാൽ	— ദേഹി
(അപിച) ഹേദേവി	— ദ്യോതനശീലേ
ഗോ—മതീഃ ഇഷഃ	— ബഹുഭിർഗ്ഗോഭിര്യുക്താനി, അന്നാനി (പ്രയച്ഛതാൽ)

അർത്ഥം—അല്ലയോ ഉഷസ്സേ, അവിടുന്ന് ഈ പ്രഭാതത്തിൽ ഏതുന്ന് കാരണമായി, പ്രകാശംകൊണ്ട്, മറഞ്ഞ ആകാശത്തിന്റെ പൂർവ്വാപരഭാഗങ്ങളിലൂടെ ഇരുട്ടകററി വരുന്നുവോ, അതു കാരണമായി ഞങ്ങൾക്ക്, ഉപദ്രവകാരികൾ ബാധിക്കാത്തതും വിസ്തീർണ്ണവും തേജസ്സാറുള്ളതുമായ ഗൃഹം തന്നരുളണം. പുറമെ, അല്ലയോ പ്രകാശവതി, വളരെ പശുക്കളോടൊത്ത അന്നങ്ങളും (പുഷ്ടികളും) തന്നരുളണം.

16 സംനോരായാ ബൃഹതാ വിശ്വപേശസാ
മിമിക്ഷ്വാ സമിളാഭിരാ
സംദ്യുമ്നേന വിശ്വതുരോഷോമഹി
സംവാജൈർവാജിനീവതി വ 5

അന്വയം:—

ഹേ ഉഷഃ, നഃ ബൃഹതാ		
വിശ്വ-പേശസാ	—	പ്രവൃദ്ധേന, ബഹുവിധരൂപയുക്തേന
രായാ സം മിമിക്ഷ്വ	—	ധനേന സംസിഞ്ച സംയോജയ
(തഥാ) ഇളാഭിഃ ആ സം (മിമിക്ഷ്വ)	—	ഗോഭിഃ സംയോജയ
ഹേ മഹി,	—	മഹനീയേ, ഉഷോദേവതേ,
വിശ്വ-തുരാ ദ്യുമ്നേന	—	സർവ്വേഷാം ശത്രൂണാം ഹിംസകേനയശസാ
സം (മിമിക്ഷ്വ)	—	സംയോജയ
ഹേ വാജിനീ-വതി,	—	അന്നസാധനരൂപക്രിയായുക്തേ,
വാജൈഃ (അസ്മാൻ) സം (മിമിക്ഷ്വ)	—	അന്നൈഃ സംയോജയ

അർത്ഥം—അല്ലയോ ഉഷസ്സേ, അത്യധികവും ബഹുരൂപങ്ങളിലുള്ളതും ആയ ധനത്തോട് ഞങ്ങളെ യോജിപ്പിച്ചാലും. നിറച്ചും പശുക്കളോട് ഞങ്ങളെ യോജിപ്പിച്ചാലും. അല്ലയോ മഹനീയയായ ഉഷോദേവതേ, എല്ലാ ശത്രുക്കളെയും പിടക്കുന്ന കീർത്തിയോട് ഞങ്ങളെ യോജിപ്പിച്ചാലും. ഹവിരന്നക്രിയയോടുകൂടിയവളേ, ഞങ്ങളെ അന്നത്തോടു യോജിപ്പിച്ചാലും.

വർഗ്ഗം 6 പ്രസ്കണ്വഃ ഋഷിഃ അനുഷ്ടുപ്ഛന്ദഃ

1 ഉഷോഭദ്രേഭിരാഗഹി
ദിവശ്ചിദ്രോചനാദധി
വഹന്ത്വരുണപ്സവ—
ഉപത്വാ സോമിനോഗൃഹം

അന്വയം:—

ഹേ ഉഷഃ, ഭദ്രേഭിഃ	—	ഭന്ദനീയൈഃ, ഭജനീയൈഃ, ശോഭനൈർമ്മാർഗ്ഗൈഃ
ദിവഃ	—	അന്തരിക്ഷസകാശാൽ
രോചനാൽ	—	രോചമാനാൽ, ദീപ്യമാനാൽ
ചിൽ അധി	—	പൂജിതാൽ ഉപരിവർത്തമാനാൽ
ആ ഗഹി	—	ആഗച്ഛ
അരുണ—പ്സവഃ	—	അരുണവർണ്ണാഗാവഃ
സോമിനഃ ഗൃഹം	—	സോമയുക്തസ്യ യജമാനസ്യ ദേവയജനരൂപം ഗൃഹം
ത്വാ ഉപ വഹന്തു	—	ത്വാം പ്രാപയന്തു

അർത്ഥം—അല്ലയോ ഉഷോദേവതേ, പോകേണ്ടതും ശോഭനങ്ങളുമായ മാർഗ്ഗങ്ങളിലൂടെ, അന്തരിക്ഷത്തേക്കാൾ പ്രകാശമാനമായി പൂജ്യമായ ഉപരിപ്രദേശത്തിൽ നിന്നു് വന്നാലും. ചുകന്ന പശുക്കൾ, സോമത്തോടുകൂടിയ യജമാനന്റെ യാഗശാലയിലേക്കു് (അല്ലെങ്കിൽ അഗ്നിഹോത്രശാലയിലേക്കു്) അവിടത്തെ എത്തിക്കട്ടെ. ('അരുണ്യോഗാവ ഉഷസാം' എന്ന പ്രമാണം കൊണ്ടു് ഉഷസ്സിന്റെ വാഹനങ്ങൾ ചുകന്ന പശുക്കളാകുന്നു.)

2 സുപേശസം സുഖം രഥം
യമദ്ധ്യസ്ഥാ ഉഷസ്ത്വം
തേനാസുശ്രവസംജനം
പ്രാവാദ്യദുഹിതർദ്ദിവഃ

അന്വയം:—

ഹേ ഉഷഃ, ത്വം യം
സു-പേശസം — ശോഭനാവയവം സുരൂപയുക്തം
സു-ഖം — ശോഭനേന ഖേന, ആകാശേന യുക്തം, വിസ്തൃതം
രഥം അധി-അസ്ഥാഃ — അധിതിഷ്ഠസി
ഹേ ദിവഃ ദുഹിതഃ — ദ്യുലോകപുത്രി
തേന (രഥേന) അദ്യ — അസ്മിൻ കാലേ
സു-ശ്രവസം ജനം — ശോഭനഹവിര്യുക്തം യജമാനം
പ്ര അവ — പ്രകർഷേണ ഗച്ഛ

അർത്ഥം—അല്ലയോ ഉഷസ്സേ, അവിടുന്ന് നല്ല അവയവങ്ങളോടുകൂടിയതും ഉള്ളിൽ ഒഴിഞ്ഞ സ്ഥലത്തോടുകൂടിയതും വിസ്തൃതവും ആയ യാതൊരു തേരിൽ കയറാറുണ്ടോ, അല്ലയോ സ്വർഗ്ഗപുത്രി, ഇപ്പോൾ ആ തേരിൽ നല്ല ഹവിസ്സോടെ കാത്തിരിക്കുന്ന യജമാനനെ പ്രാപിച്ചാലും.

3 വയശ്ചിത്തേ പതത്രിണോ—
ദ്വിപച്ചതുഷ്പദർജ്ജുനി
ഉഷഃ പ്രാരന്നൃതൂꣳരനു
ദിവോ അന്തേഭ്യസ്പരി

അന്വയം:—

ഹേ അർജ്ജുനി, ഉഷഃ — ശുഭ്രവർണ്ണേ, ഉഷോദേവതേ
തേ ഋതൂൻ അനു — ഗമനാന്യനുലക്ഷ്യ
ദ്വി-പത് — ദ്വിപാത്, മനുഷ്യാദികം
ചതുഃ-പത് — ഗവാദികം
പതത്രിണഃ വയഃ ചിത് — പത്രവന്തഃ, പക്ഷോപേതാഃ പക്ഷിണശ്ച
ദിവഃ അന്തേഭ്യഃ — ആകാശപ്രാന്തേഭ്യഃ
പരി പ്ര ആരൻ — പ്രകർഷേണ ഗച്ഛന്തി
(അന്ധകാരാവൃതാഃ
പ്രാണിനഃ ത്വദാഗമേ
ചേഷ്ടാവന്തോ ഭവന്തി)

അത്ഥം—ശുഭ്രവൎണ്ണയായ ഉഷോദേവതേ, അവിടത്തെ (ദിവസംതോറുമുള്ള) വരവുകളെക്കണ്ടോണല്ലൊ, ഇരുകാലികളും നാല്ക്കാലികളും ആകാശപ്രാന്തങ്ങളിൽ നിന്ന് ചിറകുററ പക്ഷികളും പുറപ്പെട്ടു വരുന്നതു് ഇരുട്ടിൽ വിഷമിച്ച പ്രാണികൾ അവിടത്തെ ആഗമനത്തിലാണു് ചൈതന്യമുൾക്കൊള്ളുന്നതു്.

4 വ്യുച്ഛന്തീഹി രശ്മിഭി-
ർവ്വിശ്വമാഭാസി രോചനം
താംത്വാ മുഷർവ്വസൂയവോ-
ഗീർഭിഃ കണ്വാ അഹൂഷത. വ 6

അന്വയം:—

ഹേ ഉഷഃ, വി—ഉച്ഛന്തി	—	തമോവജ്ജയന്തീ (ത്വം)
രശ്മി—ഭിഃ	—	സ്വകീയൈസ്തേജോഭിഃ
വിശ്വം	—	സൎവ്വം ഭൂതജാതം
രോചനം	—	പ്രകാശയുക്തം യഥാഭവതി തഥാ
ആ—ഭാസി	—	ആസമന്താൽ പ്രകാശസേ
ഹി	—	യസ്മാദേവം തസ്മാൽ
താം ത്വാം	—	താദൃശീം ത്വാം
വസു—യവഃ കണ്വാഃ	—	വസുകാമാഃ മേധാവിനഃ ഋത്വിജഃ
ഗീഃ—ഭിഃ അഹൂഷത	—	സ്തുതിലക്ഷണൈർവ്വചോഭിഃ സ്തുതവന്തഃ

അത്ഥം—അല്ലയോ ഉഷസ്സേ, ഇരുട്ടകററിക്കൊണ്ടു് അവിടന്നു് സ്വതേജസ്സുകളാൽ ചരാചരത്തെ മുഴുവൻ തികച്ചും തെളിയിച്ച പ്രകാശിപ്പിക്കുന്നു. അപ്രകാരമാകയാൽ അവ്വണ്ണമുള്ള അവിടത്തെ, ധനാർത്ഥികളായ ഋത്വിക്കുകൾ സ്തോത്രങ്ങളാൽ സ്തുതിച്ചിരിക്കുന്നു.

വർഗ്ഗം 7, 8 ഗായത്ര്യനുഷ്ടുപ്ഛന്ദസി സൂര്യോദേവതാ

1 ഉദുത്യം ജാതവേദസം
ദേവം വഹന്തി കേതവഃ
ദൃശേവിശ്വായ സൂര്യം

അന്വയം —

വിശ്വായ ദൃശേ	—	വിശ്വസ്യഭുവനായ ദൃഷ്ട്യം
ത്യം ജാത-വേദസം		
സൂര്യം ദേവം	—	പ്രസിദ്ധം, ജാതപ്രജ്ഞം, സർവ്വസ്യപ്രേരകമാദിത്യം
കേതവഃ ഉൽ വഹന്തി	—	അശ്വാഃ, രശ്മയഃ ഊർദ്ധ്വം വഹന്തി

അത്ഥം—ഭുവനത്തിന്ന മുഴുവൻ കാണ്മാൻ വേണ്ടി, ജാതപ്രജ്ഞനായ, സർവ്വജ്ഞനായകനായ ആ സൂര്യനെ അശ്വങ്ങൾ അല്ലെങ്കിൽ രശ്മികൾ മേൽപ്പോട്ടുകൊണ്ടുവരുന്നു (സൂര്യൻ എന്ന പദത്തിന്ന് സർവ്വപ്രേരകൻ എന്നത്ഥം. സൂര്യന്റെ പ്രചോദനസാമത്ഥ്യം ഗായത്രിയിൽ പ്രസിദ്ധം)

2 അപത്യേതായവോയഥാ
നക്ഷത്രായന്ത്യക്തുഭിഃ
സൂരായവിശ്വചക്ഷസേ

അന്വയം —

ത്യേ തായവഃ	—	പ്രസിദ്ധാഃ ചോരാഃ
യഥാ	—	ച തഥാ
നക്ഷത്രാ	—	നക്ഷത്രാണി
അക്തു-ഭിഃ	—	രാത്രിഭിഃ (സഹ)
വിശ്വ-ചക്ഷസേ	—	വിശ്വസ്യ, സർവ്വസ്യപ്രകാശകസ്യ

സൂരായ — സൂര്യസ്യാഗമനം ദൃഷ്ട്വാ
അപ യന്തി — അപഗച്ഛന്തി
(സൂര്യഃ ആഗമിഷ്യതീതി ഭീത്യാ പലായന്തേ)

അത്ഥം—വിശ്വപ്രകാശകനായ സൂര്യനെ ഉദ്ദേശിച്ച്, സൂര്യൻ ഉദിക്കാൻ പോകുന്നു എന്നു കണ്ട്, സൂര്യാഗമനത്തിൽ ഭയംകൊണ്ട് പ്രസിദ്ധന്മാരായ തസ്കരന്മാരും നക്ഷത്രങ്ങളും രാത്രിയോടുകൂടി അപഗമിക്കുന്നു. ലോഭമൂലമായ അസത്യവും അല്പജ്ഞാനങ്ങളും സത്യസ്വരൂപമായ പരമജ്ഞാനത്തിൻെറ മുമ്പിൽ മറയുന്നു എന്നാവാം ആന്തരാത്ഥം.

3 അദൃശ്രമസ്യകേതവോ—
വിരശ്മയോജനാँഅനു
ഭ്രാജന്തോ അഗ്നയോയഥാ

അന്വയം:—

അസ്യകേതവഃ രശ്മയഃ — സൂര്യസ്യപ്രജ്ഞാപകാഃ ദീപ്തയഃ
യഥാഭ്രാജന്തഃ അഗ്നയഃ — ദീപ്യമാനാഃ അഗ്നയഃ (തഥാ)
ജനാൻ അനു വി അദൃശ്രം — ജനാൻസവ്വാൻ അനുക്രമേണ പ്രേക്ഷന്തേ

അർത്ഥം—അവിടത്തെ (സൂര്യൻെറ) പ്രജ്ഞാപകങ്ങളായ ദീപ്തികൾ, പ്രകാശമാനങ്ങളായ അഗ്നികളെന്നപോലെ ജനങ്ങളെ അനുക്രമേണ പ്രേക്ഷിക്കുന്നു. സമീപസ്ഥനായ അഗ്നിയെപ്പോലെ ദൂരസ്ഥനായ സൂര്യനും പ്രത്യക്ഷനായി കാണപ്പെടുന്നു.

4 തരണിവ്വിശ്വദശതോ—
ജ്യോതിഷ്കൃദസിസൂര്യ
വിശ്വമാഭാസിരോചനം

അന്വയം —

ഹേ സൂര്യ, (ത്വം) തരണിഃ — താരിതാ, അന്യേനഗന്തുമശക്യസ്യ അധ്വനഃ ഗന്താ രോഗാൽ താരയിതാ വാ, ആന്തര്യാമിതയാ സർവ്വസ്യ പ്രേരകത്വാൽ സംസാരാബ്ധേസ്താരകോവാ

വിശ്വ–ദർശതഃ — വിശ്വൈഃ, സർവ്വൈഃ, പ്രാണിഭിർദ്ദർശനീയഃ

ജ്യോതിഃ–കൃൽ അസി — ജ്യോതിഷഃ, പ്രകാശസ്യകർത്താ, സർവ്വസ്യ വസ്തുനഃ പ്രകാശയിതാ, രാത്രൌ ചന്ദ്രാദീനാം പ്രകാശയിതാ ഭവസി

(യസ്മാദേവം തസ്മാൽ ത്വം) വിശ്വം — വ്യാപ്തം

രോചനം ആ ഭാസി — അന്തരിക്ഷം സമന്താൽ പ്രകാശയസി

അർത്ഥം—അല്ലയോ സൂര്യ അവിടുന്ന് അന്യന്മാർക്കെത്താൻ വയ്യാത്ത വഴിയിൽ ചരിക്കുന്നവനാകുന്നു അല്ലെങ്കിൽ (ഉപാസകരെ) രോഗത്തിൽ നിന്ന് കരകയററുന്നവനാകുന്നു അല്ലെങ്കിൽ ആന്തരപ്രചോദനത്താൽ സംസാരസമുദ്രത്തിൽ നിന്ന് താരകനാകുന്നു ഭുവനത്തിലെ എല്ലാ പ്രാണികൾക്കും കാണത്തക്കവനാകുന്നു പ്രകാശങ്ങളുടെ കർത്താവാകുന്നു അല്ലെങ്കിൽ എല്ലാ വസ്തുക്കളെയും പ്രകാശിപ്പിക്കുന്നവനാകുന്നു അല്ലെങ്കിൽ രാവിൽ ചന്ദ്രാദികൾക്ക് പ്രകാശം കൊടുക്കുന്നവനാകുന്നു അപ്രകാരമുള്ള അവിടുന്ന് വ്യാപിച്ച് അന്തരിക്ഷത്തെ മുഴുവൻ പ്രകാശിപ്പിക്കുന്നു

5 പ്രത്യങ്ദേവാനാംവിശഃ

പ്രത്യങ്ങുദേഷിമാനുഷാൻ

പ്രത്യങ്വിശ്വംസ്വർദ്ദൃശേ

അന്വയം:—

(ഹേസൂര്യ, ത്വം)

ദേവാനാം വിശഃ — മരുന്നാമകാൻ ദേവാൻ

പ്രത്യങ്ങ് ഉൽ ഏഷി — ആഭിമുഖ്യേന ഉദയംപ്രാപ്നോഷി

(തഥാ) മാനുഷാൻ പ്രത്യങ്ങ് (ഉദേഷി)

(തഥാ) വിശ്വം സ്വഃ — വ്യാപ്തം സ്വർല്ലോകം

ദൃശേ — ദ്രഷ്ടും

പ്രത്യങ്ങ് (ഉദേഷി)

അർത്ഥം—അല്ലയോ സൂര്യ, അവിടുന്ന് മരുത്തുക്കളുടെ നേരെ ഉദിയ്ക്കുന്നു. അതുപോലെ മനുഷ്യരുടെ നേരെ ഉദിയ്ക്കുന്നു. അതുപോലെത്തന്നെ വിസ്തൃതമായ സ്വർല്ലോകം കാണുവാൻ അതിന്നുനേരെ ഉദിയ്ക്കുന്നു.

6 യേനാ പാവക ചക്ഷസാ

ഭുരണ്യന്തം ജനാ അനു

ത്വം വരുണ പശ്യസി

അന്വയം:—

ഹേ പാവക, — ശോധക,

വരുണ, — അനിഷ്ടനിവാരക, സൂര്യ,

ത്വം ജനാൻ — ജാതാൻ പ്രാണിനഃ

ഭുരണ്യന്തം — ധാരയന്തം, പോഷയന്തം (ഇമം ലോകം)

യേന ചക്ഷസാ

അനു പശ്യസി — യേന പ്രകാശേന അനുക്രമേണ പ്രകാശയസി

(തം പ്രകാശം സ്തുമഃ,)

അർത്ഥം—അല്ലയൊ ശുദ്ധികര, അനിഷ്ടനിവാരക, അവിടുന്ന് സർവ്വ പ്രാണികളെയും ധരിയ്ക്കുന്ന പോഷിപ്പിയ്ക്കുന്ന ഈ ലോകത്തെ യാതൊരു തേജസ്സിനാൽ അനുക്രമമായി പ്രകാശിപ്പിയ്ക്കുന്നുവോ, ആ പ്രകാശത്തെ സ്തുതിയ്ക്കുന്നു.

7 വിദ്യാമേഷി രജസ്പൃ—

ഥ്വഹാ മിമാനോ അക്തുഭിഃ

പശ്യഞ്ജന്മാനി സൂര്യ

അന്വയം.—

ഹേ സൂര്യ (ത്വം)

ജന്മാനി പശ്യൻ	— ജന്മവന്തി ഭൂതജാതാനി പ്രകാശയൻ
അഹാ അക്തു—ഭിഃ മിമാനഃ	— അഹാനിരാത്രിഭിസ്സഹ ഉൽപാദയൻ
പൃഥു രജഃ	— വിസ്തീർണ്ണം ലോകം
ദ്യാം വി ഏഷി	— അന്തരിക്ഷലോകം വിശേഷേണ ഗച്ഛസി

അർത്ഥം—അല്ലയോ സൂര്യ, അവിടുന്ന് ഈ ലോകത്തിൽ ജന്മം കൊള്ളുന്ന ചരാചരങ്ങളെ പ്രകാശിപ്പിച്ച്, രാവുകളോട് കൂടി പകലുകളുണ്ടാക്കി വിസ്തീർണ്ണലോകമായ അന്തരിക്ഷത്തിൽ വിചരിക്കുന്നു

8 സപ്തത്വാഹരിതോ രഥേ

വഹന്തി ദേവസൂര്യ

ശോചിഷ്കേശം വിചക്ഷണ.

അന്വയം.—

ഹേ സൂര്യ, ദേവ,	— ദ്യോതമാന,
വി—ചക്ഷണ,	— സർവ്വസ്യ പ്രകാശയിതഃ
രഥേ (അവസ്ഥിതം)	
ശോചിഃ—കേശം ത്വാ	— തേജാംസിയസ്മിൻ കേശാഃ ഇവ ദൃശ്യന്തേ തം ത്വാം
സപ്ത ഹരിതഃ	— സപ്തസംഖ്യാകാഃ അശ്വാഃ, രസഹരണശീലരശ്മയോവാ
വഹന്തി	— പ്രാപയന്തി

അർത്ഥം—അല്ലയോ സൂര്യ, ദ്യോതമാന, സർവ്വപ്രകാശക, തേജസ്സുകളാകുന്ന കേശങ്ങളോടു കൂടി തേരിൽ ഇരിയ്ക്കുന്ന അവിടുത്തെ ഏഴു കതിരകൾ അല്ലെങ്കിൽ രസഹരണസമർത്ഥങ്ങളായ രശ്മികൾ വഹിക്കുന്നു.

9 അയുക്തസപ്തശുന്ധ്യുവ—
സ്സൂരോരഥസ്യ നപ്ത്യഃ
താഭിര്യാതി സ്വയുക്തിഭിഃ

അന്വയം:—

സൂരഃ രഥസ്യ നപ്ത്യഃ	—	ന പാതയിത്ര്യഃ
സപ്ത ശുന്ധ്യുവഃ	—	സപ്തസംഖ്യാകാഃ ശോധ്കാഃ അശ്വസ്ത്രീയഃ
അയുക്ത	—	യോജിതവാൻ
താഭിഃ	—	അശ്വസ്ത്രീഭിഃ
സ്വയുക്തി—ഭിഃ	—	സ്വകീയയോജനേന
യാതി	—	യജ്ഞഗൃഹം പ്രത്യാഗച്ഛതി

(അതഃ തസ്മൈ ഹവിർദ്ദാതവ്യം).

അർത്ഥം—സൂര്യൻ, ഒരിക്കലും വീഴ്ത്താത്ത ഏഴു പെൺകതിരകളെ തേരിനോട്ട് ഘടിപ്പിച്ചു. സ്വസംയോജനം കൊണ്ട് അവകളാൽ യജ്ഞഗൃഹത്തിൽ വരുന്നു. അതുകൊണ്ട് അവിടുത്തേക്ക് ഹവിസ്സ് സമർപ്പിക്കണം.

10 ഉദ്വയം തമസസ്പരി
ജ്യോതിഷ്പശ്യന്ത ഉത്തരം
ദേവം ദേവത്രാസൂര്യ—
മഗന്മജ്യോതിരുത്തമം.

അന്വയം:—

വയം	—	അനുഷ്ഠാതാരഃ
തമസഃ പരി	—	രാത്രേരൂർധ്വം, പാപാദുപരി, പാപരഹിതം

ദേവ—ത്രാ ദേവം — ദേവേഷുമദ്ധ്യേ ദേവം, ദാനാദി ഗുണയുക്തം
ഉൽ—തരം ജ്യോതിഃ — ഉൽകൃഷ്ടതരം തേജസ്വിനം
സൂര്യം ഉൽ പശ്യന്തഃ — സ്തുതിഭിഃ ഹവിർഭിശ്ച ഉപാസിതാസ്സന്തഃ
ഉൽ—തമം ജ്യോതിഃ — ഉൽകൃഷ്ടതമം, സൂര്യരൂപം, സൂര്യസായൂജ്യരൂപം
അഗന്മ — പ്രാപ്തവാമ

അർത്ഥം—അനുഷ്ഠാതാക്കളായ നമ്മൾ രാത്രിയിൽനിന്ന യന്ന്, പാപത്തിൽ നിന്നായന്ന് (പാപരഹിതനായി) ദേവന്മാരുടെ മദ്ധ്യത്തിൽ ദേവനും ഉൽകൃഷ്ടതരനും തേജസ്വിയുമായ സൂര്യനെ സ്തുതികളെക്കൊണ്ടും ഹവിസ്സുകളെക്കൊണ്ടും ഉപാസിച്ച്, മഹത്തമമായ സൂര്യസായൂജ്യ പദവിയെ പ്രാപിക്കുമാറാകട്ടെ.

11 ഉദ്യന്നദ്യമിത്രമഹ—
ആരോഹന്നുത്തരാം ദിവം
ഹൃദ്രോഗം മമ സൂര്യ
ഹരിമാണം ച നാശയ

അന്വയം:—

ഹേ സൂര്യ, മിത്ര മഹഃ, — അനുകൂലദീപ്തിയുക്ത,
അദ്യ ഉൽ—യൻ — അസ്മിൻകാലെ ഉദയം ഗച്ഛൻ
ഉൽ—തരാം ദിവം — ഉൽഗതതരം അന്തരിക്ഷം
ആ—രോഹൻ — ആഭിമുഖ്യേന പ്രാപ്നുവൻ (ത്വം)
മമ ഹൃൽ—രോഗം — ഹൃദയഗതമാന്തരം രോഗം
ഹരിമാണം ച — ശരീരഗതം ഹരിവർണ്ണം, രോഗപ്രാപ്തം വൈവർണ്ണ്യം ച
നാശയ — വിനാശയ

അർത്ഥം—അല്പയോ സൂര്യ, എല്ലാവക്കും അനുകൂലമായ പ്രകാശത്തോടുകൂടിയവനേ, ഇപ്പോൾ ഉദിച്ചയന്ന് അന്തരിക്ഷത്തെ നേരേ പ്രാപിക്കുന്ന അവിടുന്ന് എൻെറ ആന്തരരോഗത്തെയും, പച്ചപ്പ്, നിറക്കേട് എന്ന ശരീരരോഗത്തെയും ഇല്ലാതാക്കിയാലും. (ഹൃദ്രോഗം എന്നതുകൊണ്ടു് ഇന്നു് വ്യവഹരിച്ചു വരുന്ന ഹൃദ്രോഗത്തെയാണോ ഉദ്ദേശിച്ചിട്ടുള്ളതെന്നു് അറിയുകയില്ല. കാമക്രോധാദി ഹൃദയവികാരങ്ങളെയും ഉദ്ദേശിച്ചിരിക്കാം.)

12 ശുകേഷുമേഹരിമാണം

രോപണാകാസുദധ്മസി

അഥോഹാരിദ്രവേഷുമേ

ഹരിമാണം നിദധ്മസി.

അന്വയം:—

മേ ഹരിമാണം	— മദീയം ശരീരഗതം ഹരിദ്വർണ്ണം
ശുകേഷു	— താദൃശവർണ്ണം കാമയമാനേഷു പക്ഷിഷു
(തഥാ) രോപണാ	
കാസു ദധ്മസി	— ശാരികാസു (ച) സ്ഥാപയാമഃ
അഥോ ഹാരിദ്രവേഷു	— അപി ച ഹരിതാലദ്രുമേഷു
മേ ഹരിമാണം	
നി ദധ്മസി	— നി ദധീമഹി

അർത്ഥം—എന്നെസ്സംബന്ധിച്ച ശാരീരികമായ പച്ചപ്പ്, ആ വർണ്ണം ഇഷ്ടപ്പെടുന്ന പക്ഷികളിലും തത്തകളിലും ഞാൻ പകരുന്നു. പിന്നെ ആ പച്ചപ്പ് ഹരിതാലദ്രുമങ്ങളിൽ മാററി വെയ്ക്കുന്നു. (ഹരിതാലം = കരിങ്കറുക)

13 ഉദഗാദയമാദിത്യോ—
വിശ്വേന സഹസാ സഹ
ദ്വിഷന്തം മഹ്യം രന്ധയൻ
മോ അഹം ദ്വിഷതേ രധം. വ 8

അന്വയം —

അയം ആദിത്യഃ	—	പുരോവർത്തീ സൂര്യഃ
മഹ്യം ദ്വിഷന്തം രന്ധയൻ	—	ഉപദ്രവകാരിണം ഹിംസൻ
വിശ്വേന സഹസാ സഹ	—	സർവ്വേണ ബലേന സഹ
ഉൽ അഗാൽ	—	ഉദയം പ്രാപ്തവാൻ
അഹം ദ്വിഷതേ	—	അനിഷ്ടകാരിണേ, രോഗായ വാ
മോ രധം	—	നൈവഹിംസാം കരോമി, സൂര്യ ഏവ തം വിനാശയതു

അർത്ഥം—ഈ മുമ്പിൽ നില്ക്കുന്ന ആദിത്യൻ എനിക്കു് ഉപദ്രവകാരിയെ (അല്ലെങ്കിൽ എന്റെ രോഗത്തെ) നശിപ്പിച്ചുകൊണ്ടാണല്ലോ എല്ലാ ബലത്തോടും കൂടി ഉദയം പ്രാപിച്ചിരിക്കുന്നതു് എനിക്കു് അനിഷ്ടകാരിയെ (അല്ലെങ്കിൽ രോഗത്തെ) ഞാൻ ഹിംസിക്കുന്നില്ല സൂര്യൻ തന്നെ നശിപ്പിക്കട്ടെ വർഗ്ഗം 9, 10, 11, സവ്യ ആംഗിരസഃ ഋഷിഃ ജഗതീത്രിഷ്ടുപ്ഛന്ദസീ

1 അഭിത്യം മേഷം പുരുഹൂതമൃഗ്മിയ—
മിന്ദ്രം ഗീർഭിർമ്മദതാവസ്വോ അർണ്ണവം
യസ്യദ്യാവോ ന വിചരന്തിമാനുഷാ
ഭുജേമംഹിഷ്ഠമഭിവിപ്രമർച്ചത

അന്വയം:—

യസ്യ (ഇന്ദ്രസ്യ കർമ്മാണി) ദ്യാവഃ ന	— സൂര്യരശ്മയഃ യഥാ സർവ്വേഷാം ഹിതകരാഃ തഥാ
മാനുഷാ വി—ചരന്തി	— മനുഷ്യാണാംഹിതാനി വിശേഷേണവർത്തന്തേ
ത്യം	— തം പ്രസിദ്ധം
മേഷം	— ശത്രുഭിഃസ്പർദ്ധമാനം
പുരു—ഹൂതം	— പുരുഭിഃ, ബഹുഭിഃ യജമാനൈരാഹൂതം
ഋഗ്മിയം	— ഋക്ഭിഃ വിക്രയമാണം, സ്തൂയമാനം, സ്തുത്യാഹിദേവതാ വിക്രിയതേ
വസ്വഃ അർണ്ണവം	— ധനാനാം ആവാസഭൂമിം
ഇന്ദ്രം (ഹേ സ്തോതാരഃ)	
ഗീഃ—ഭിഃ	— സ്തുതിഭി
അഭി മദത	— ആഭിമുഖ്യേനഹർഷം പ്രാപയത
ഭുജേ	— ഭോഗായ
മംഹിഷ്ഠം	— അതിശയേന പ്രവൃദ്ധം
വിപ്രം	— മേധാവിനം (ഇന്ദ്രം)
അഭി അർച്ചത	— അഭിപൂജയത

അർത്ഥം—അംഗിരസ്സുമഹർഷി ഇന്ദ്രതുല്യനായ ഒരു പുത്രനുണ്ടാവാൻ ദേവന്മാരേ ഭജിച്ചു ഇന്ദ്രൻ സ്വയം അംഗിരസ്സിൻെറ പുത്രനായി ജനിച്ചു സവ്യൻ എന്ന പേരായ ആ ആംഗിരസനാണ് ഈ സൂക്തത്തിൻെറ ഋഷി—

യാവനൊരാളുടെ കർമ്മങ്ങൾ, സൂര്യരശ്മികൾ സർവ്വചരാചരങ്ങൾക്കും ഹിതകരങ്ങളായപോലെ, മനുഷ്യർക്ക് ഹിതങ്ങളാണോ, ആ പ്രസിദ്ധനും, ശത്രുക്കളോടുസ്പർദ്ധിക്കുന്നവനും അസംഖ്യം യജമാനന്മാരാൽ വിളിക്കപ്പെടുന്നവനും സ്തുതിയാൽ വാങ്ങപ്പെടാവുന്നവനും (അതായത്ത് സ്തുതിപ്രിയനും), ഐശ്വര്യങ്ങളുടെ ഇരിപ്പിടിവും ആയ ഇന്ദ്രന് ഹേ സ്തോതാക്കളേ, ആഭിമുഖ്യത്തോടുകൂടി ഹർഷം ചേർക്കുക സുഖാനുഭൂതിക്കു ഏററവും പ്രവൃദ്ധനും മേധാവിയുമായ ഇന്ദ്രനെ നേരിട്ടു പൂജിക്കുക (ശത്രുക്കളോടു സ്പർദ്ധിക്കുന്നവൻ എന്നർത്ഥത്തിൽ മേഷം എന്ന ഇന്ദ്രൻെറ

വിശേഷണത്തിൽ ഒരു ചെറുകഥയുണ്ട്. കണ്വന്റെ യാഗത്തിൽ ഇന്ദ്രൻ ആടായിച്ചമഞ്ഞു ചെന്ന് സോമം കുടിച്ചു. കണ്വൻ ''മേഷഃ മേഷഃ '' (ആട് ആട്) എന്നു പറഞ്ഞു. അവിതഥവാക്കായ മഹർഷിയുടെ ആ വാക്കു ഇന്ദ്രന്റെ പേരായി)

2 അഭീമവന്വന്ത്സ്വഭിഷ്ടിമൂതയോ—
ന്തരിക്ഷപ്രാം തവിഷീഭിരാവൃതം
ഇന്ദ്രം ദക്ഷാസ ഋഭവോമദച്യുതം
ശതക്രതുംജവനീ സൂനൃതാരുഹത്

അന്വയം —

ഊതയഃ — അവിതാരഃ രക്ഷിതാരഃ
ദക്ഷാസഃ — ദക്ഷയിതാരഃ, പ്രധർഷയിതാരഃ
ഋഭവഃ — ഉരുഭാന്തീതി ഋഭവഃ മരുതഃ
സു-അഭിഷ്ടിം — ശോഭനാഭിഗമനം
അന്തരിക്ഷ-പ്രാം — അന്തരിക്ഷം സ്വതേജസാ പ്രാതി പൂരയതീതി (ദ്വാദശസ്വാദിത്യേഷു ഇന്ദ്രസ്യവിദ്യമാനത്വാൽ)
തവിഷീഭിഃ ആ-വൃതം — ബലൈരാവൃതം അതിബലിനം
(അതഃ ഏവ) മദ-ച്യുതം — ശത്രൂണാം മദസ്യ ച്യാവയിതാരം
ഇന്ദ്രം അഭി ഈം അവന്വൻ — ആഭിമുഖ്യേന അഭജന്ത
(കിഞ്ച) ശത-ക്രതും — ബഹുകർമ്മാണമിന്ദ്രം
(തൈർമരുദ്ഭിഃ പ്രയുക്താ)
ജവനീ — വൃത്രവധം പ്രതിപ്രേരയിത്രീ
സൂനൃതാ — പ്രിയസത്യാത്മികാ വാക്
ആ അരുഹത് — ആരൂഢവതീ
(പ്രഹര ഭഗവോ ജഹി വീരയസ്വ ഇതി സാ വാക് ഇന്ദ്രസ്യോത്സാഹകാരിണ്യഭൂത്)

അൎത്ഥം—രക്ഷിതാക്കളും, ആരെയും കൃസാത്തവരും ആയ മരുത്തുക്കൾ, ശോഭനാഭിഗമനനും, അന്തരിക്ഷം സ്വതേജസ്സാൽ നിറച്ചവനും (പന്ത്രണ്ടാദിത്യന്മാരിൽ ഇന്ദ്രനും പെടും.) അതി പ്രബലനും, അതുകൊണ്ടുതന്നെ ശത്രുക്കളുടെ മദമടക്കുന്നവനും ആയ ഇന്ദ്രനെ നേരിട്ടു ഭജിച്ചുപോന്നു. മാത്രമല്ല (വൃത്രവധ സമയത്തു്) ബഹുകൎമ്മാവായ ഇന്ദ്രനെ പ്രോത്സാഹിപ്പിച്ചു കൊണ്ടു് 'ഭഗവൻ, അടിക്കുക, കൊല്ലുക, ജയിക്കുക' എന്ന പ്രിയഹിതമായ വാക്കു് മരുത്തുക്കളാൽ പറയപ്പെട്ടതു് ഉയൎന്നു കേൾക്കായി. (വൃത്രയുദ്ധത്തിൽ മററു ദേവന്മാർ ഇന്ദ്രനെ വിട്ടു പോയി എന്നും മരുത്തുക്കൾ വിടാതെ ഇന്ദ്രന്റെ കൂടെ നിന്നു എന്നും ഉള്ള കഥ ഇവിടെ സ്മൎത്തവ്യം.)

3 ത്വം ഗോത്രമങ്ഗിരോഭ്യോവൃണോരപോ—
താത്രയേശതദ്രേഷുഗാതുവിൽ
സസേനചിദ്വിമദായാവഹോവസ്വാ—
ജാവദ്രിം വാവസാനസ്യ നൎത്തയൻ.

അന്വയം:—

(ഹേ ഇന്ദ്ര,) ത്വം ഗോത്രം	— അവ്യക്തം ശബ്ദവന്തം വൃഷ്ട്യുദക സ്യാവരകം മേഘം അഥവാ ഗോസമൂഹം പണിഭിരപഹൃതം ഗുഹാസുനിഹിതം ഗുഹാദ്വാരോൽഘാടനേന
അംഗിരഃ—ഭ്യഃ	— അംഗിരസാമൃഷീണാം അൎത്ഥായ
അപ അവൃണോഃ	— അപവരണം കൃതവാനസി
ഉത ശത—ദ്രേഷു	— അപിചശതദ്വാരേഷുയന്ത്രേഷ്വ സുരൈഃ പീഡാൎത്ഥം പ്രക്ഷിപ്താ‍യ
അത്രയേ	— മഹൎഷയേ
ഗാതു—വിൽ	— മാൎഗ്ഗസ്യലംഭയിതാഭൂഃ
(തഥാ) വി—മദായ	
(മഹൎഷയേ) ചിൽ	— അപി

സസേന വസു — അന്നേന (യുക്തം) ധനം
അവഹഃ — പ്രാപിതവാൻ
(തഥാ) ആജൌ — സംഗ്രാമേ (ജയാർത്ഥം)
വവസാനസ്യ — നിവസതോഃ വർത്തമാനസ്യ അന്യസ്യാപിസ്തോതുഃ
അദ്രിം നർത്തയൻ — വജ്രംപ്രേരയൻ (രക്ഷണം കൃതവാനസി)
(അതസ്ത്വവമഹത്വമവർണ്ണനീയം)

അർത്ഥം—അല്ലയോ ഇന്ദ്ര, മഴവെള്ളത്തെ തടഞ്ഞുനിർത്തുന്ന മേഘത്തെ (അല്ലെങ്കിൽ പണികളാൽ അപഹരിക്കപ്പെട്ട പശുവൃന്ദത്തെ ബന്ധിച്ച ഗുഹയുടെ ദ്വാരം) അംഗിരോഗോത്രക്കാരായ മഹർഷിമാർക്കായി അവിടുന്ന തുറന്നുവിട്ടു. പിന്നെ നൂറിതളുകളുള്ള യന്ത്രത്തിൽ അസുരന്മാരാൽ ഇട്ടു കഴക്കപ്പെട്ട അത്രി മഹർഷിക്കു, അതിൽനിന്ന രക്ഷപ്പെടുവാൻ വഴിയുണ്ടാക്കിക്കൊടുത്തു. വിമദമഹർഷിക്ക അന്നത്തോടു കൂടിയ ധനം എത്തിച്ചു കൊടുത്തു. അതുപോലെ വീട്ടിലിരുന്നു സേവിച്ച മറെറാരു സ്തോതാവിന്നു് (യുദ്ധത്തിൽ) വജ്രായുധം പ്രയോഗിച്ചു് രക്ഷയേകി. അങ്ങിനെ അവിടുത്തെ മഹത്വം അവർണ്ണനീയമാണു്.

4 ത്വമപാമപിധാനാവൃണോര-
പാധാരയഃ പർവ്വതേ ദാനുമദ്വസു
വൃത്രംയദിന്ദ്രശവസാവധീരഹി-
മാദിൽസൂര്യം ദിവ്യാരോഹയോദൃശേ

അന്വയം —

ഹേ ഇന്ദ്ര, ത്വം അപാം — ഉദകാനാം
അപി-ധാനാ — അപിധാനാനി, ആച്ഛാദകാൻമേഘാൻ
അപ അവൃണോഃ — അപാവരിഷ്ഠാഃ
(തഥാ) പർവ്വതേ — പർവ്വവതി, പൂരയിതവ്യ പ്രദേശേ സ്വകീയനിവാസ സ്ഥാനേ

ദാന-മൽ	—	ദാനമതഃ, ഹിംസായുക്തസ്യ താദൃശസ്യ വൃത്രാദേഃ
വസു അധാരയഃ	—	ശത്രൂൻ ജിത്വാതദീയധനമപഹൃത്യ സ്വഗൃഹേ ന്യധിക്ഷിപഃ
(ത്വം) യൽ ശവസാ	—	യദാബലേന
വൃത്രം അഹിം	—	ലോകത്രയാവരകം, ആസമന്താൽ ഹന്താരം
അവധീഃ	—	വധം പ്രാപയഃ
ആൽ ഇൽ	—	അനന്തരമേവ
ദിവി ദൃശേ	—	ദ്യുലോകേ ദ്രഷ്ടും
സൂര്യം ആ അരോഹയഃ	—	വൃത്രേണാവൃതം സൂര്യം അസ്മാൽ അമുചഃ

അർത്ഥം—അല്ലയോ ഇന്ദ്ര, അവിടുന്ന് വെള്ളം മറച്ചുനിന്ന മഴക്കാറിനെ നീക്കി വെള്ളം തുറന്ന് (ഭൂമിയിൽ) പൊഴിച്ചു. അതുപോലെ പർവ്വതത്തിൽ സ്വനിവാസത്തിൽ എല്ലാവരെയും ഉപദ്രവിച്ച് വസിക്കുന്ന വൃത്രാദ്യസുരന്മാരെ ജയിച്ച് അവരുടെ ധനം പിടിച്ചെടുത്ത്, സ്വഗൃഹത്തിൽ നിക്ഷേപിച്ചു ലോകത്രയങ്ങളെ സ്വശക്തിയാൽ മറയ്ക്കുന്നവനും (സകല ദേവന്മാരെയും സർവ്വവിദ്യകളെയും സമസ്തയശസ്സുകളെയും തന്നിലൊതുക്കി) സർവ്വരെയും ഹിംസിക്കുന്നവനുമായ വൃത്രനെക്കൊന്നു അതിന്നുശേഷം ലോകത്തിന്നു കാണാനായി അന്തരിക്ഷത്തിൽ സൂര്യനെ വൃത്രന്റെ മറയിൽ നിന്ന് മോചിപ്പിച്ച് വീണ്ടും ഉയർത്തി.

5 ത്വം മായാഭിരപ മായിനോധമഃ
സ്വധാഭിര്യേ അധി ശുപ്താവജുഹ്വത
ത്വം പിപ്രോർനൃമണഃ പ്രാരുജഃ പുരഃ
പ്ര ഋജിശ്വാനം ദസ്യുഹത്യേഷ്വാവിഥ.

അന്വയം:—

(ഹേ ഇന്ദ്ര,) ത്വം
മായാഭിഃ — ജയോപായജ്ഞാനൈഃ
യേ (വൃത്രാദ്യസുരാഃ)
സ്വധാഭിഃ — ഹവിർല്ലക്ഷണൈരന്നൈഃ
ശുപ്രൗ അധി — ശോഭമാനേ സ്വകീയേമുഖേ ഏവ
അജുഹ്വത — അഹൌഷുഃ (ന ത്വഗ്നൌ)
(താൻ) മായിനഃ — വൃത്രാദീൻ അസുരാൻ
അപ അധമഃ — അപാഗമയഃ
(തഥാ) ഹേ നൃ—മനഃ — നൃഷു, യജമാനേഷു അനുഗ്രഹബുദ്ധിയുക്തഃ
ത്വം പിപ്രോഃ — ഏതന്നാമ്നോ സുരസ്യ
പുരഃ പ്ര അരുജഃ — പുരാണി, നിവാസസ്ഥാനാനി പ്രാഭാംക്ഷീഃ
(ഏവം കൃത്വാനേനോപദ്രുതം)
ഋജിശ്വാനം — ഏതൽസംജ്ഞകം സ്തോതാരം
ദസ്യു—ഹത്യേഷു — ദസ്യൂനാംഹനനനിമിത്തഭൂതേഷു
പ്ര ആവിഥ — പ്രകർഷേണ രരക്ഷിഥ

അർത്ഥം—അല്ലയോ ഇന്ദ്ര, യാവചില വൃത്രാദികളായ അസുരന്മാർ ഹവിരന്നത്തെ അഗ്നിയിലല്ലാതെ തന്റെ നല്ല വായിൽ ഹോമിച്ചു പോന്നുവോ, കപടവൃത്തികളായ അവരെ അവിടുന്നു് ജയോപായ ജ്ഞാനങ്ങളാൽ ആട്ടിയകററി. യജമാനന്മാരിൽ അനുഗ്രഹബുദ്ധിയുള്ള ഇന്ദ്ര, അവിടുന്നു് പിപ്രു എന്നു പേരായ അസുരന്റെ നിവാസസ്ഥാനങ്ങളെ തകൎത്തു അങ്ങിനെ ചെയ്തിട്ടു് അവനാൽ ഉപദ്രവിക്കപ്പെട്ടിരുന്ന ഋജിശ്വാവെന്ന സ്തോതാവിനെ, അസുരവധം മൂലം രക്ഷിച്ചു

6 ത്വം കുത്സം ശുഷ്ണഹത്യേഷ്വാവിഥാ—
രന്ധയോ തിഥിഗ്വായ ശംബരം
മഹാന്തം ചിദർബുദം നിക്രമീഃ പദാ
സനാദേവദസ്യുഹത്യായജജ്ഞിഷേ

അന്വയം:—

(ഹേ ഇന്ദ്ര,) ത്വം	
കുത്സം	— തംനാമകമൃഷിം
ശുഷ്ണ-ഹത്യേഷു	— ഏതന്നാമ്നോസുരസ്യഹനന യുക്തേഷു സംഗ്രാമേഷു
ആവിഥ	— ররക്ഷിഥ
(തഥാ) അതിഥി-ഗ്വായ	— അതിഥിഭിഃ ഗന്തവ്യായ ദിവോദാസായ
ശംബരം	— ഏതൽസംജ്ഞകം അസുരം
അരന്ധയഃ	— ഹിംസാം പ്രാപയഃ
(തഥാ) മഹാന്തം ചിൽ	— അതിപ്രവൃദ്ധമപി
അർബ്ബുദം	— ഏതൽസംജ്ഞകം അസുരം
പദാ നി ക്രമീഃ	— പാദേന നിതരാം ആക്രമിതാഭൂഃ
(യസ്മാദേവം തസ്മാൽ)	
സനാൽ ഏവ	— ചിരകാലാദേവാരഭ്യ
ദസ്യു-ഹത്യായ	— ഉപക്ഷയിതൃണാം ഹനനായ
ജജ്ഞിഷേ	— (സർവ്വദാ) ദസ്യുഹനനശീലോ ഭവസീത്യർത്ഥഃ

അർത്ഥം—അല്ലയോ ഇന്ദ്ര, അവിടുന്നു് കുത്സൻ എന്ന ഋഷിയെ ശുഷ്ണൻ എന്ന അസുരന്റെ ഘോരങ്ങളായ പോരുകളിൽ നിന്നു് രക്ഷിച്ചു അതിഥിഗമ്യനായ ദിവോദാസന്റെ രക്ഷയ്ക്കായി ശംബരനെന്ന അസുരനെ കൊന്നു. അതുപോലെ ഭീമാകാരനെങ്കിലും അർബ്ബുദനെന്ന അസുരനെ കാൽകൊണ്ടു് തട്ടി നീക്കി. അപ്പോൾ, അവിടുന്നു് ഉപദ്രവകാരികളായ ദസ്യുക്കളെ അമർത്തുന്ന ശീലത്തോടുകൂടിയവനാകുന്നു.

7 ത്വേ വിശ്വാതവിഷീ സധ്ര്യഗ്ഘിതാ

തവരാധഃസ്തോമമപീഥായ ഹർഷതേ

തവവജ്രശ്ചികിതേ ബാഹ്വോർഹിതോ—

വൃശ്ചാശത്രോരവ വിശ്വാനിവൃഷ്ണ്യാ

അന്വയം—

(ഹേ ഇന്ദ്ര,) ത്വേ
വിശ്വാ തവിഷീ — ത്വയി സർവ്വംബലം
സധ്ര്യക് ഹിതാ — സധ്രീചീനം, അപരാങ്മുഖം നിഹിതം
(തഥാ) തവ രാധഃ — മനഃ
സോമ-പീഥായ ഹർഷതേ — സോമപാനായ ഹൃഷ്യതേ
(കിഞ്ച) തവ ബാഹ്വോഃ
ഹിതഃ — ഹസ്തയോരവസ്ഥിതഃ
വജ്രഃ ചികിതേ — അസ്മാഭിർജ്ഞായതേ
(അതഃ) ശത്രോഃ — ശാതയിതുഃ വൈരിണഃ
വിശ്വാനി വൃഷ്ണ്യാ — സർവ്വാണി വൃഷ്ണ്യാനി, വീര്യാനി
അവ വൃശ്ച — ഛേദനം കുരു

അർത്ഥം—അല്ലയോ ഇന്ദ്ര, എല്ലാ ബലവും അഭിമുഖമായി അവിടന്നിലാണ് നില്ക്കുന്നത്. അവിടത്തെ മനസ്സ് സോമപാനത്തിന്നായി (സോമപാനത്തിൽ) ഹർഷിക്കുന്നു പിന്നെ അവിടത്തെ കൈകളിലുള്ള വജ്രായുധം ഞങ്ങൾക്കെല്ലാം അറിവുള്ളതാണ് അതുകൊണ്ട് അവിടന്ന് ശത്രുക്കളുടെ എല്ലാ വീര്യങ്ങളെയും (ശക്തികളെയും) ഛേദിച്ചുകളഞ്ഞാലും.

8 വിജാനീഹ്യാര്യാൻയേചദസ്യവോ—
ബർഹിഷ്മതേരന്ധയാശാസദവ്രതാൻ
ശാകീഭവയജമാനസ്യചോദിതാ
വിശ്വേത്താതേസധമാദേഷുചാകന

അന്വയം —

(ഹേ ഇന്ദ്ര, ത്വം)
ആര്യാൻ — വിദുഷഃ അനുഷ്ഠാതൄൻ
വി ജാനീഹി — വിശേഷേണബുദ്ധിസ്വ
യേ ച ദസ്യവഃ — അനുഷ്ഠാതൄണാം ഉപക്ഷയിതാരഃ

(ജ്ഞാത്വാച) ശാസൽ	—	ദുഷ്ടാനാമനുശാസനം, നിഗ്രഹം കുർവൻ
ബർഹിഷ്മതേ	—	ബർഹിഷാ, യജ്ഞേനയുക്തായ യജമാനായ
അവ്രതാൻ	—	കർമ്മവിരോധിനഃ, ദസ്യൂൻ
രന്ധയ	—	ഹിംസാം പ്രാപയ, വശംഗമയ വാ
(അതഃ) ശാകീ	—	ശക്തിയുക്തഃ (ത്വം)
യജമാനസ്യ ചോദിതാ	—	പ്രേരകഃ
ഭവ	—	യജ്ഞവിഘാതകാൻ തിരസ്കൃത്യ യജ്ഞാൻ സമ്യഗനുഷ്ഠാപയ
(സ്തോതാഹമപി) തേ താ	—	തവതാനിപൂർവ്വോക്താനി കർമ്മാണി
വിശ്വാ ഇൽ	—	സർവ്വാണ്യേവ
സധ—മാദേഷു	—	സഹമാദനയുക്തേഷു യജ്ഞേഷു
(സ്തോതും) ചാകന	—	കാമയേ

അർത്ഥം—അല്ലയോ ഇന്ദ്ര, അവിടുന്നു വിദ്വാന്മാരായ കർമ്മാനുഷ്ഠാതാക്കളെ വേണ്ടപോലെ അറിഞ്ഞാലും അനുഷ്ഠാതാക്കളെ ഉപദ്രവിക്കുന്ന ശത്രുക്കളെ വേർതിരിച്ചറിഞ്ഞാലും അങ്ങിനെ അറിഞ്ഞു ദുഷ്ടന്മാരെ ശാസിച്ചുകൊണ്ടു യജ്ഞാനുഷ്ഠാതാവായ യജമാനനെ രക്ഷിയ്ക്കുവാൻ, കർമ്മവിരോധികളായ ദസ്യുക്കളെ ഒടുക്കിയാലും അല്ലെങ്കിൽ അടക്കിയാലും അപ്രകാരം ശക്തിയുക്തനായ അവിടുന്നു യജമാനനു പ്രേരകനായി, വേണ്ടതും നല്ലതും തോന്നിക്കുന്നവനായി, യജ്ഞഘാതകരെ പുറംതള്ളി യജ്ഞങ്ങളെ അനുഷ്ഠിപ്പിക്കുക സ്തോതാവായ ഞാൻ നമ്മളൊരുമിച്ചു ഹർഷിക്കുന്ന യജ്ഞങ്ങളിൽ, അവിടുത്തെ മുൻ പറഞ്ഞ എല്ലാ കർമ്മങ്ങളെയും സ്തുതിപ്പാനിച്ഛിക്കുന്നു

9 അനുവ്രതായരന്ധയന്നപവ്രതാ—
നാഭൂഭിരിന്ദ്രശ്ശ്നഥയന്നനാഭുവഃ
വൃദ്ധസ്യചിദ്വർദ്ധതോദ്യാമിനക്ഷത
സ്തവാനോവമ്രോവിജഘാനസംദിഹഃ

അന്വയം:-

(യഃ) ഇന്ദ്രഃ അനു-വ്രതായ — അനുകൂലകർമ്മാവായ യജമാനനു
അപ-വ്രതാൻ — അപകർമ്മാക്കളെ,
അസുരന്മാരെ
രന്ധയൻ — ഹിംസിച്ച്, വശീകരിച്ചുകൊ
(ആഭൂ) ഭി-ഭിഃ — ദേവാദിഭി
അനാഭുവഃ — അപ്രിയന്മാരെ
ശ്നഥയൻ — ഹിംസിച്ച് (വധിച്ച്)
വൃദ്ധസ്യ ചിത് വർദ്ധതഃ — വൃദ്ധസ്യാപിവർദ്ധമാനസ്യ
ദ്യാം ഇനക്ഷതഃ — സ്വർഗ്ഗം വ്യാപ്നുവതഃ
(അസ്യ ഇന്ദ്രസ്യ)
സ്തവാനഃ വമ്രഃ — സ്തുതി ചെയ്യുന്ന വമ്രൻ
സംജ്ഞകഃ ഋഷിഃ
സം-ദിഹഃ — സഞ്ചയീഭൂതാഃ വല്മീകവപാഃ
വി ജഘാന — ഇന്ദ്രസഹായേനാത്മാനം ഋഷി
പൃഥിവ്യാഃ സാരഭൂതം വല്മീക
വപാലക്ഷണം യജ്ഞസംഭാരം
ആഹാരിഷീത്

അർത്ഥം.-യാതൊരിന്ദ്രൻ അനുകൂലകർമ്മാവായ യജമാനനു വേണ്ടി, ശത്രുക്കളെവേണ്ടി, കർമ്മവിഹീനരെ, കർമ്മവിരോധികളെ ഒടുക്കുന്നവനോ അടക്കുന്നവനോ ആകും, അതുപോലെ ദേവതാക്കളെക്കൊണ്ട് അവരുടെ വിപരീതരെ, വിരോധികളെ ഒടുക്കുന്നവനായും വർത്തിക്കുന്നവോ, സ്വയമേ പ്രവൃദ്ധ (പ്രവൃദ്ധ) നെങ്കിലും വീണ്ടും പ്രവൃദ്ധി പ്രാപിക്കുന്നവനും, സ്വർഗ്ഗത്തെ വ്യാപിച്ചവനുമായ ആ ഇന്ദ്രനെ സ്തുതിചെയ്ത വമ്രൻ എന്ന ഋഷി ഇന്ദ്രനാൽ തടസ്സങ്ങൾ നീക്കപ്പെട്ട് (ഇന്ദ്രന്റെ സഹായത്തോടു കൂടി) യജ്ഞസംഭാരത്തിന് മുഖ്യവും ഭൂമിയുടെ സാരഭൂതവുമായ വല്മീകവപ (ശാസ്ത്രോക്തമായ പുറ്റുമണ്ണ്) കൊണ്ടുവന്നു.

10 തക്ഷദ്യത്ത ഉശനാ സഹസാസഹോ-

വിരോദസീമജ്മനാ ബാധതേ ശവഃ-

ആത്വാവാതസ്യ നൃമണോ മനോയുജ-

ആപൂര്യമാണമവഹന്നഭിശ്രവഃ വ. 10

അന്വയം:—

(യഃ) ഇന്ദ്രഃ അനു-വ്രതായ — അനുകൂലകർമ്മണേ യജമാനായ
അപ-വ്രതാൻ — അപഗതകർമ്മണഃ, അയജമാനാൻ
രന്ധയൻ — ഹിംസയൻ, വശീകുർവ്വൻ വാ
(തഥാ) ആ-ഭുഭിഃ — സ്തോതൃഭിഃ
അനാഭുവഃ — തദ്വിപരീതാൻ
ശ്നഥയൻ — ഹിംസയൻ (വർത്തതേ)
വൃദ്ധസ്യ ചിത് വർദ്ധതഃ — വൃദ്ധസ്യാപിപുനർവ്വർദ്ധമാനസ്യ
ദ്യാം ഇനക്ഷതഃ — സ്വർഗ്ഗം വ്യാപ്നുവതഃ (തസ്യഇന്ദ്രസ്യ)
സ്തവാനഃ വമ്രഃ — സ്തുതിംകുർവ്വാണഃ ഏതൻ സംജ്ഞകഃ ഋഷിഃ
സം-ദിഹഃ — സമ്യഗുപചിതാഃ വല്മീകവപാഃ
വി ജഘാന — ഇന്ദ്രേണപരിഹൃതാന്തരായസ്സൻ പൃഥിവ്യാഃ സാരഭൂതം വല്മീകവപാലക്ഷണം യജ്ഞസംഭാരം ആഹാർഷീത്

അർത്ഥം—യാതൊരിന്ദ്രൻ അനുകൂലകർമ്മാവായ യജമാനനു വേണ്ടി, തദ്രക്ഷക്കുവേണ്ടി, കർമ്മംവിട്ടവരെ, കർമ്മവിരോധികളെ ഒടുക്കുന്നവനോ അടക്കുന്നവനോ ആയും, അതുപോലെ സ്തോതാക്കളെക്കൊണ്ട് അവരുടെ വിപരീതരെ, വിരോധികളെ ഒടുക്കുന്നവനായും വർത്തിക്കുന്നുവോ, സ്വതവേ പ്രവൃദ്ധ (പ്രപുഷ്ട)നെങ്കിലും വീണ്ടും പ്രപുഷ്ടി പ്രാപിക്കുന്നവനും, സ്വർഗ്ഗത്തെ വ്യാപിച്ചവനുമായ ആ ഇന്ദ്രന് സ്തുതിചെയ്യു വമ്രൻ എന്ന ഋഷി ഇന്ദ്രനാൽ തടസ്സങ്ങൾ നീക്കപ്പെട്ട് (ഇന്ദ്രന്റെ സഹായത്തോടു കൂടി) യജ്ഞസംഭാരങ്ങളിൽ മുഖ്യവും ഭൂമിയുടെ സാരഭൂതവുമായ വല്മീകവപ (ശാസ്ത്രോക്തമായ പുറ്റുമണ്ണ്) കൊണ്ടുവന്നു.

10 തക്ഷദ്യത്ത ഉശനാ സഹസാസഹോ—
വിരോദസീമജ്മനാ ബാധതേ ശവഃ—
ആത്വാവാതസ്യ നൃമണോ മനോയുജ—
ആപൂര്യമാണമവഹന്നഭിശ്രവഃ വ. 10

അന്വയം:—

(ഹേ ഇന്ദ്ര,) യത് ഉശാനാ — യദാ കാവ്യഃ
സഹസാ തേ സഹഃ — ആത്മീയേന ബലേന ത്വദീയം ബലം.
തക്ഷത് — തനൂകൃതവാൻ, സമ്യക് തീക്ഷ്ണമകാർഷീത്
(തദാ) ശവഃ — ത്വദീയം ബലം
മജ്മനാ — സർവ്വസ്യ ശോധകേനസ്വ തൈക്ഷ്ണ്യേന
രോദസീ വി ബാധതേ — ദ്യാവാപൃഥിവ്യൗ ബാധതേ
ഹേ നൃ—മനഃ, — നൃഷു, യജമാനേഷു അനുഗ്രഹബുദ്ധിയുക്ത, (ഇന്ദ്ര,)
ആ പൂര്യമാണം ത്വാ — പൂർവ്വോക്തേന ബലേന ആ സമന്താൽ പൂര്യമാണം ത്വാം
മനഃ—യുജഃ — മനോവ്യാപാരമാത്രയുക്താഃ
വാതസ്യ — വായോഃ (സംബന്ധിനഃ) തദ്വൽ വേഗേന ഗച്ഛന്തഃ (അശ്വാഃ)
ശ്രവഃ അഭി ആ അവഹൻ — ഹവിർല്ലക്ഷണമന്നം അഭി ലക്ഷ്യ ആഭിമുഖ്യേന പ്രാപയന്തു

അർത്ഥം—അല്ലയോ ഇന്ദ്ര, ശുക്രൻ ആത്മീയ ബലംകൊണ്ടു് അവിടത്തെ ബലത്തിന്നു് മൂർച്ചകൂട്ടിയപ്പോഠം, അവിടത്തെ ശക്തി സർവ്വശോധകമായ തീക്ഷ്ണതയാൽ ദ്യാവാപൃഥിവികളെ ബാധിക്കുന്നു; ഭയപ്പെടുത്തുന്നു. മനുഷ്യരിൽ,- യജമാനന്മാരിൽ അനുഗ്രഹബുദ്ധിയോടുകൂടിയ ഇന്ദ്ര, മുൻപറഞ്ഞ ബലംകൊണ്ടു് മുററും നിറഞ്ഞിരിക്കുന്ന അവിടത്തെ, മനോനിർദ്ദേശത്താൽ വായുവേഗത്തിൽ പറക്കുന്ന കുതിരകഠം, ഹവിരന്നത്തെ ഉദ്ദേശിച്ചു് ഞങ്ങഠംക്കു് നേരെ എത്തിക്കട്ടെ.

വർഗ്ഗം 11

11 മന്ദിഷ്ട യദുശനേ കാവ്യേ സചാ—
ഇന്ദ്രോ വങ്കൂ വങ്കുതരാധി തിഷ്ഠതി.
ഉഗ്രോ യയിം നിരപഃ സ്രോതസാസൃജ—
ദ്വി ശുഷ്ണസ്യ ദൃംഹിതാ ഐരയത് പുരഃ

അന്വയം —

യൽ ഇന്ദ്രഃ ഉശനേ	— യദാ ഇന്ദ്രഃ കാമയമാനേ
കാവ്യേ സചാ മന്ദിഷ്ട	— ഉശനസാ സഹ സ്തോതൃൽ
(തദാനീം) വങ്ക്‌ഷു	
വങ്ക്‌–തരാ	— അതിശയേന വക്രഗമനശീലൌ അശ്വൌ രഥേ സംയോജ്യ,
അധി തിഷ്ഠതി	— രഥമാരോഹതി,
ഉഗ്രഃ	— ഉൽഗൂർണ്ണഃ ഇന്ദ്രഃ
യയിം	— ഗമനയുക്താൻ മേഘാൻ
സ്രോതസാ	— പ്രവാഹരൂപേണ
അപഃ നിഃ അസൃജൽ	— ജലാനി നിരഗമയൽ
(തഥാ) ശുഷ്ണസ്യ	— തന്നാമകസ്യാസുരസ്യ
ദൃംഹിതാഃ പുരഃ	— പ്രവൃദ്ധാനി നഗരാണി
വി ഐരയൽ	— വിവിധം പ്രേരിതവാൻ,

അർഥം—എപ്പോഴാണ് ഇന്ദ്രൻ ഇഷ്ടപ്പെട്ട ശുക്രനോടൊപ്പം സ്തുതിക്കപ്പെട്ടുവോ, അപ്പോൾ ഏറ്റവും കുടിലഗതികളായ കുതിരകളെപ്പൂട്ടി തേരിലേറി ഉഗ്രനായ ഇന്ദ്രൻ ആകാശചാരികളായ മഴക്കാറുകളിൽ നിന്ന് പ്രവാഹരൂപത്തിൽ വെള്ളം പുറത്തുവരുത്തി അതുപോലെ ശുഷ്ണനെന്ന അസുരൻെറ സമ്പന്നങ്ങളായ നഗരങ്ങളെ പലവിധത്തിൽ സൈന്യങ്ങളെ വിട്ട കേടുവരുത്തി.

12 ആസ്മാരഥം വൃഷപാണേഷുതിഷ്ഠസി
ശാര്യാതസ്യ പ്രഭൃതാ യേഷുമന്ദസേ
ഇന്ദ്ര യഥാസുതസോമേഷു ചാക-
നോനർവാണം ശ്ലോകമാരോഹസേദിവി

അന്വയം:—

ഹേ ഇന്ദ്ര, (ത്വം)

വൃഷ—പാണേഷു	— വൃഷ്ണഃ സേചനസമർത്ഥസ്യ സോമസ്യ പാനാനി വൃഷപാണാനി, തേഷു നിമിത്തഭൂതേഷു
രഥം ആ തിഷ്ഠസി സ്മ	— സ്വയമേവ രഥമാരുഹ്യ ഗഛസി (നത്വന്യഃകശ്ചിൽ പ്രവർത്തയിതാ)
(ഏവം സതി) യേഷു	— സോമേഷു
(ത്വം) മന്ദസേ	— ഹർഷംപ്രാപ്നോഷി
(താദൃശാസ്സോമാഃ)	
ശാര്യാതസ്യ	— ഏതന്നാമ്നോ രാജർഷേഃ സംബന്ധിനഃ
പ്ര-ഭൃതാഃ	— അഭിഷവസംസ്കൃതാഃ
(അതഃ) സുത—സോമേഷു	— അഭിഷുതസോമയുക്തേഷു അന്യദീയേഷു യജ്ഞേഷു
യഥാ ചാകനഃ	— യഥാകാമയസേ, ഏവമസ്യാപി ശാര്യാതസ്യ സോമാൻ കാമയസ്വ
(തഥാസതി) ദിവി	
അനർവാണം	— ദ്യുലോകേ ഗമനരഹിതം, സ്ഥിരം.
ശ്ലോകം ആ രോഹസേ	— യശഃ പ്രാപ്നോഷി,

അർത്ഥം—ശര്യാതനെന്ന പേരായ രാജർഷിയുടെ യജ്ഞത്തിൽ ഭൃഗുഗോത്രക്കാരനായ ച്യവനൻ അശ്വികൾക്കുള്ള പാത്രമെടുത്തു. ഇന്ദ്രൻ കോപിച്ചു. പിന്നീട് ഇന്ദ്രനെ പറഞ്ഞിണക്കി സോമം കൊടുത്തു. മററു യാഗങ്ങളിലെപ്പോലെ സോമം സ്വീകരിപ്പാൻ ഇന്ദ്രനോടർത്ഥനയും ഈ ഋക്കിലുണ്ട്.

അല്ലയോ ഇന്ദ്ര, അവിടുന്ന് സോമപാനം കാരണമാക്കിയാണല്ലൊ മററാരുടേയും സഹായം കൂടാതെ, സ്വയം തേർ തെളിച്ചെഴുന്നള്ളുന്നത്. അങ്ങിനെയിരിക്കേ, ഏതേതുവിധം സോമങ്ങളിൽ അവിടുന്ന് ഹർഷിക്കുന്നുവോ, അത്തരം സോമ

ങ്ങളും ശാര്യാതരാജർഷിയുടെ ഈ യജ്ഞത്തിൽ സംസ്കരിച്ചൊരുക്കിയിരിക്കുന്ന പിഴിഞ്ഞ സോമത്തോടുകൂടിയ അന്യയാഗങ്ങളിലെന്നപോലെ ഈ ശാര്യാതൻെറ സോമങ്ങളെയും കൈക്കൊണ്ടാലും. അപ്രകാരമായാൽ സ്വർഗ്ഗത്തിൽ അവിടുന്ന് അചലമായ യശസ്സാണ് പ്രാപിക്കുക

13 അദദാ അർഭാം മഹതേ വചസ്യവേ
കക്ഷീവതേ വൃചയാമിന്ദ്ര സുന്വതേ
മേനാഭവോ വൃഷണശ്വസ്യ സുക്രതോ—
വിശ്വേത്താതേ സവനേഷു പ്രവാച്യാ.

അന്വയം:—

ഹേ ഇന്ദ്ര, (ത്വം) മഹതേ — പ്രവൃദ്ധായ
വചസ്യവേ — ത്വദീയസ്തോത്രലക്ഷണം വചഃ ആത്മന ഇച്ഛതേ
സുന്വതേ — ത്വദ്ദേവതാകേഷു യജ്ഞേഷു സോമാഭിഷവം കുർവ്വതേ
കക്ഷീവതേ — ഏതന്നാമ്നേ രാജ്ഞേ
വൃചയാം അർഭാം അദദാഃ — വൃചയാഖ്യാം അല്പാം, യുവതിം ദത്തവാൻ
(തഥാ) ഹേ സു-ക്രതോ — ശോഭനകർമ്മൻ, ഇന്ദ്ര, (ത്വം)
വൃഷണശ്വസ്യ — ഏതദാഖ്യസ്യ രാജ്ഞഃ
മേനാ അഭവഃ — മേനാനാമികാകന്യകാഽഭൂഃ
തേ താ — ഉക്തരൂപാണി ത്വദീയാനി താനി കർമ്മാണി
വിശ്വാ ഇത് സവനേഷു — സർവ്വേഷ്വേവയജ്ഞേഷു
പ്ര-വാച്യാ — പ്രകർഷേണ വക്തവ്യാനി

അൎത്ഥം—ഇവിടെ ഒരു കഥാസൂചനയുണ്ടു്. ദീൎഘതമസ്സെന്ന ഋഷി തന്റെ ഭാൎയ്യാപുത്രഭൃത്യാദികളാൽ ഗംഗാമദ്ധ്യത്തിൽ ഒഴുക്കപ്പെട്ടു. അദ്ദേഹം ഏതോ പൊങ്ങുതടിയിൽ പിടിച്ചൊഴുകി, അംഗരാജൻ സ്വഭാൎയ്യമാരോടുകൂടി ഗംഗയിൽ ക്രീഡിക്കുന്നിടത്തെത്തിച്ചേൎന്നു. സൎവ്വജ്ഞനായ ഋഷിയെ പൊങ്ങുതടിയിൽ നിന്നിറക്കി അംഗരാജൻ പറഞ്ഞു്. 'ഭഗവൻ, എനിക്കു് പുത്രനില്ല. അങ്ങുന്നു് എന്റെ ഈ മഹിഷിയിൽ പുത്രോല്പാദനം ചെയ്യാലും'. ഋഷി സമ്മതിച്ചു. മഹിഷിയാവട്ടെ, 'ഈ വയസ്സൻ, ചണ്ടി, എനിക്കു് വേണ്ട' എന്നു കരുതി, ഉശിക് എന്ന ദാസിയെ ഋഷിസമീപത്തേയ്ക്കയച്ചു മന്ത്രശുദ്ധമായ ജലം തളിക്കപ്പെട്ട അവൾ ഋഷിപത്നിയായി. അവളിൽ ദീൎഘതമസ്സിന്നുണ്ടായ പുത്രനാണു് കക്ഷീവാൻ. കക്ഷീവാൻ രാജപുത്രനായംഗീകരിക്കപ്പെട്ടു. അദ്ദേഹം രാജസൂയാദി പല യാഗങ്ങളനുഷ്ഠിച്ചു. ഇന്ദ്രൻ പ്രീതനായി കക്ഷീവാന്നു് വൃചയ എന്നു പേരായ തരുണിയെക്കൊടുത്തു 'കക്ഷീവന്തം യ ഔശിജഃ' എന്നിടത്തും ഉശിക്പുത്രത്വം സ്മരിച്ചിരിക്കുന്നു.

അല്ലയോ ഇന്ദ്ര, മഹാനും, അവിടുത്തെ സ്തുതിക്കുന്നതിൽ തല്പരനും, അവിടുന്നു ദേവതയായ യജ്ഞങ്ങളിൽ സോമം സംസ്കരിക്കുന്നവനുമായ കക്ഷീവാനെന്ന രാജാവിന്നു് വൃചയ എന്നു പേരായ തരുണിയെ അവിടുന്നു് കൊടുത്തു. അല്ലയോ സൽക്കൎമ്മവൻ, വൃഷണശ്വൻ എന്ന രാജാവിങ്കൽ അവിടുന്നു് പ്രസാദിച്ചു് അദ്ദേഹത്തിന്നു് മേന എന്ന മകളായി പിറന്നു. ഇപ്രകാരം അവിടുത്തെ ഉപാസിയ്ക്കുന്ന (തൃപ്തിക്കുന്ന)വരെ കുറിച്ചു് അവിടുന്നു ചെയ്ത കൎമ്മങ്ങൾ എല്ലാ യാഗങ്ങളിലും പ്രശംസിക്കത്തക്കവയത്രേ.

14 ഇന്ദ്രോ അശ്രായി സുധ്യോ നിരേകേ
പജ്രേഷു സ്തോമോ ദുര്യോ ന യൂപഃ
അശ്വയുൎഗ്ഗവ്യൂ രഥയുൎവ്വസൂയു-
രിന്ദ്ര ഇദ്രായഃ ക്ഷയതി പ്രയന്താ

അന്വയം —

(യേഷു യജമാനേഷു)
പക്ത്രേഷു — അംഗിരസ്സു
സ്തോമഃ — സ്തോത്രം
ദുര്യഃ ന യൂപഃ — ദ്വാരിനിഖാതാസ്ഥൂണേവ
(നിശ്ചലം തിഷ്ഠതി)

ഹേ ഇന്ദ്ര, (താൻ)
സു-ധ്യഃ — ശോഭനകർമ്മാണഃ യജമാനാൻ
നിരേകേ — നൈര്ധന്യേ നിമിത്തഭൂതേ
സതി

(രക്ഷിതും) അശ്രായി — അസേവിഷ്ഠ
(തസ്മാൽ ഇദാനീമപി)
രായഃ പ്ര-യന്താ — ധനസ്യ പ്രദാതാ
ഇന്ദ്രഃ ഇൽ — ഇന്ദ്രഃ ഏവ
(യജമാനാനാം ദാതുംസഃ)
ഇന്ദ്രഃ അശ്വ-യുഃ — അശ്വാനിച്ഛൻ
ഗവ്യുഃ — ഗാ ഇച്ഛൻ
രഥ-യുഃ — രഥാനിച്ഛൻ
വസു-യുഃ — അന്യദപിയദ്ധനമസ്തിതദിച്ഛൻ
ക്ഷയതി — വർത്തതേ

അത്ഥം—അംഗിരസ്സുകളായ യജമാനന്മാരിൽ അവിടത്തെ കരിച്ച സ്തോത്രം ഇടമുറിയാതെ വാതുക്കൽ കുഴിച്ചിട്ട തൂണപോലെ, നിശ്ചലമായി ചൊല്ലപ്പെട്ടു നിഷ്കിഞ്ചനത്വത്തിൽ നിന്ന ദാരിദ്ര്യത്തിൽ നിന്ന് ആ പുണ്യകർമ്മാക്കളെ രക്ഷിയ്ക്കാനായി, അല്ലയോ ഇന്ദ്രാ, അവിടുന്ന് തുനിഞ്ഞുവല്ലൊ ഇപ്പോഴും ധനപ്രദാതാവ് ഇന്ദ്രൻ തന്നെ യജമാനന്മാക്ക് (അഹത പോലെ) കൊടുപ്പാനാണല്ലൊ ഇന്ദ്രൻ അശ്വങ്ങളെയും പശുക്കളെയും രഥങ്ങളെയും മററു ധനങ്ങളെയും കാമിച്ച് വത്തിക്കുന്നത്

15 ഇദംനമോവൃഷഭായസ്വരാജേ
സത്യശുഷ്മായതവസേവാചി
അസ്മിന്നിന്ദ്രവൃജനേസർവ്വവീരാ-
സ്മൽസൂരിഭിസ്തവശർമ്മൻസ്യാമ വ 11

അന്വയം,–

ഇദം നമഃ	— പുരോവൎത്തി സ്തുതിലക്ഷണം വചഃ
ഹേ ഇന്ദ്ര, വൃഷഭായ	— വർഷണശീലായ
സ്വ–രാജേ	— സ്വകീയേന തേജസാ രാജമാനായ
സത്യ–ശുഷ്മായ തവസേ	— അവിതഥബലായ, അത്യന്തം പ്രവൃദ്ധായ (തുഭ്യം)
അവാചി	— അസ്മാഭിഃ പ്രയോജി
അസ്മിൻ വൃജനേ	— സംഗ്രാമേ
സുവ്ര–വീരാഃ	— വീരൈർഭടൈരുപേതാഃ (വയം)
തവ സ്മൽ ശർമ്മൻ	— ത്വയാദത്തേശോഭനഗൃഹേ (സ്മൽസുശബ്ദാൎത്ഥഃ)
സൂരി–ഭിഃ സ്യാമ	— വിദ്വത്ഭിഃ പുത്രാദിഭിസ്സഹഭവേമ

അൎത്ഥം–അല്ലയോ ഇന്ദ്ര, അഭീഷ്ടവൎഷിതാവും സ്വതേജസ്സാൽ ഭാസമാനനും, സഫലമായ ബലത്തോടുകൂടിയവനും ഏററവും പ്രവൃദ്ധനും ആയ അവിടേക്കു് ഈ നമസ്കാരം, സ്തുതിവചനം ഞങ്ങളൎപ്പിക്കുന്നു ഈ സംഗ്രാമത്തിൽ (ജീവിതത്തിൽ) വീരഭടന്മാരോടുകൂടിയ (ജീവിത വിജയത്തിന്നാവശ്യമായ സൽഗുണ ശീലസിദ്ധികളാകുന്ന ഭടന്മാരോടുകൂടിയ) ഞങ്ങൾ അവിടുന്നരുളിയ ശോഭന (സുഖശ്രേയിഷ്ഠ) ഗൃഹത്തിൽ വിദ്വാന്മാരായ (വിവേകികളായ) പുത്രാദികളോടുകൂടി ഭവിച്ചാവും

വൎഗ്ഗം 12–13–14 ജഗതീത്രിഷ്ടുപ്ഛന്ദസീ

1 ത്യം സുമേഷം മഹയാസ്വൎവ്വിദം
ശതം യസ്യസുഭ്വഃസ്സാകമീരതേ
അത്യം ന വാജം ഹവനസ്യദം രഥ–
മേന്ദ്രം വവൃത്യാമവസേ സുവൃക്തിഭിഃ

അന്വയം —

യസ്യ (ഇന്ദ്രസ്യ) ശതം	
സു-ഭ്വഃ	— ശതസംഖ്യാകാഃ സ്തോതാരഃ
സാകം ഈരതേ	— സഹൈവ, യുഗപദേവസ്തോത്രം പ്രവർത്തന്തേ
മേഷം	— ശത്രുഭിസ്സ്പർദ്ധമാനം
സ്വഃ-വിദം ത്യം ഇന്ദ്രം	— സ്വഃ, സുഷ്ഠ്വരണീയം ധനം, തസ്യ ലംഭയിതാരം പ്രസിദ്ധം ഇന്ദ്രം
അവസേ	— അസ്മദ്രക്ഷണായ
സുവൃക്തി-ഭിഃ	— സുഷ്ഠ്വാവർജകൈഃ സ്തോത്രൈഃ
(ഹേ അധ്വര്യോ,) സു	
മഹയ	— സമ്യക് പൂജയ
ഹവന-സ്യദം	— ആഹ്വാനം പ്രതി വേഗേന ഗച്ഛന്തം
അത്യം ന വാജം	— ഗമനസാധനമശ്വമിവ
(തസ്യ) രഥം ആ	
വവൃത്യാം	— രഥം പ്രത്യാവർത്തയാമി

അർത്ഥം—യാതൊരു ഇന്ദ്രനെക്കുറിച്ച് നൂറു സ്തോതാക്കൾ കൂടി ഒപ്പം സ്തുതിക്കുന്നുവോ, ശത്രുക്കളോടു സ്പർദ്ധിക്കുന്നവനും കാമ്യമായ ധനത്തെ (ഉപാസകർക്ക്) നേടിക്കൊടുക്കുന്നവനുമായ ആ പ്രസിദ്ധനായ ഇന്ദ്രനെ, എന്റെ രക്ഷയ്ക്കായി ആകർഷകങ്ങളായ സ്തോത്രങ്ങളാൽ, അല്ലയോ അധ്വര്യോ, വേണ്ടപോലെ പൂജിക്കുക വിളികേട്ടാൽ വേഗവാനായ കുതിരപോലെ എത്തുന്ന അവിടത്തെ തേരിനെ ഇങ്ങോട്ടു ഞാൻ തിരിച്ചുവരുത്തുന്നു

2 സ പർവ്വതോ ന ധരുണേഷ്വച്യുത—
സ്സഹസ്രമൂതിസ്തവിഷീഷു വാവൃധേ
ഇന്ദ്രോ യദ്വൃത്രമവധീന്നദീവൃത—
മുബ്ജന്നർണ്ണാംസി ജർഹൃഷാണോ അന്ധസാ.

അന്വയം:—

അന്ധസാ	— സോമലക്ഷണേനാന്നേന
ജർഹൃഷാണഃ ഇന്ദ്രഃ യൽ	— അത്യത്ഥം ഹൃഷ്യൻ ഇന്ദ്രഃ യദാ
നദീ—വൃതം	— നദനാൽ നദ്യഃ ആപഃ, താസാം ആവരീതാരം
വൃത്രം	— ലോകത്രയാണാമാവരീതാരം
അർണ്ണാംസി ഉബ്ജൻ അവധീൽ	— ജലാനി അധഃപാതയൻ ഹതവാൻ
(തദാനീം) സഃ (ഇന്ദ്രഃ)	
പർവ്വതഃ ന	— ശിലോച്ചയ ഇവ
ധരുണേഷു അച്യുതഃ	— സർവ്വസ്യ ധാരകേഷു, ഉദകേഷു മദ്ധ്യേ ചലനരാഹിത്യേന സ്ഥിതഃ
സഹസ്രം—ഊതിഃ	— ബഹുവിധരക്ഷണവാൻ
തവിഷീഷു വവൃധേ	— ബലേഷു പ്രവൃദ്ധോബഭൂവ

അത്ഥം—സോമമയമായ ഹവിസ്സിൽ അത്യന്തം ഹഷി ക്കുന്ന ഇന്ദ്രൻ എപ്പോൾ ജലങ്ങളെത്തടുത്തു നിത്തുന്നവനും, ലോകത്രയങ്ങളുടെ ഗതി തടയുന്നവനും ആയ വൃത്രനെ (മേഘ ങ്ങൾ ഭേദിച്ച്) ജലങ്ങൾ താഴെ വീഴ്ത്തിക്കൊന്നുവോ, അപ്പോൾ അവിടന്ന് (ഇന്ദ്രൻ) ഒരു പർവ്വതം പോലെ, സർവ്വധാരകമായ ജലരാശിയുടെ മദ്ധ്യത്തിൽ ഇളകാതെ (ക്ലമാലിപ്പാതെ) ലോക ത്രയത്തിന്ന് നാനാ രക്ഷകളും നല്കിക്കൊണ്ട് സ്വബലങ്ങളിൽ പ്രവൃദ്ധനായി വത്തിച്ചു.

3 സഹിദ്വരോദ്വരിഷ്വ വവ്ര ഊധനി
ചന്ദ്രബുധ്നോ മദവൃദ്ധോ മനീഷിഭിഃ
ഇന്ദ്രം തമഹ്വേ സ്വപസ്യയാധിയാ
മംഹിഷ്ഠരാതിം സഹി പപ്രിരന്ധസഃ

അന്വയം —

സഃ — പൂർവ്വോക്തഗുണവിശിഷ്ടഃ ഇന്ദ്രഃ
ദ്വരിഷു — ആവരീതൃഷു, ശത്രുഷു
ദ്വരഃ ഹി — അതിശയേനാവരീതാ,
ശത്രുജയശീലഃ ഖലു
(യസ്മാൽ) ഊധനി — ഉദ്ധൃതജലവതി അന്തരിക്ഷേ
വവ്രഃ — സംഭക്തഃ വ്യാപ്യ വർത്തതേ
(അതഃ ഏവ)
ചന്ദ്ര-ബുധ്നഃ — സർവ്വാസാം ആഹ്ലാദകമൂലഃ
മദ-വൃദ്ധഃ — മദൈഃ സോമൈഃ വർദ്ധിതഃ
(യഃ ഇന്ദ്രഃ വർത്തതേ)
മംഹിഷ്ഠ-രാതിം — പ്രവൃദ്ധദാനം
തം ഇന്ദ്രം സ്വ-
അപസ്യയാ ധിയാ — ശോഭനകർമ്മയോഗ്യയാ ബുദ്ധ്യാ
മനീഷി-ഭിഃ അഹ്വേ — പ്രാജ്ഞൈഃ സ്തോതൃഭിസ്സഹ
ആഹ്വയാമി
സഃ (ഇന്ദ്രഃ) ഹി അന്ധസഃ
പപ്രിഃ — അസ്മദപേക്ഷിതസ്യ അന്നസ്യ
പൂരയിതാ

അർത്ഥം—മുൻപറഞ്ഞ ഗുണവിശേഷങ്ങളോടു കൂടിയ അവിടന്ന് (ഇന്ദ്രൻ) മറയ്ക്കാൻ വരുന്ന ശത്രുക്കളെ മറയ്ക്കുന്നവനായി, ശത്രുജയനായി, വെള്ളം പൊന്തി നിറഞ്ഞ അന്തരിക്ഷത്തിൽ വ്യാപിച്ചുനില്ക്കുന്ന എല്ലാവർക്കും ആഹ്ലാദകാരിയായി സോമപാനത്തിന്റെ ഹർഷത്താൽ പ്രവൃദ്ധനായ യാതൊരിന്ദ്രനുണ്ടോ, മഹാനായ അഭീഷ്ടം തന്നരുളുന്ന ആ ഇന്ദ്രനെ, സല്കർമ്മയോഗ്യമായ ബുദ്ധിയോടുകൂടി, വിദ്വാന്മാരായ സ്തോതാക്കളോടൊപ്പം ഞാൻ വിളിക്കുന്നു അവിടന്നുതന്നെ അപേക്ഷിച്ച അന്നത്തിന്റെ (രക്ഷണത്തിന്റെ) പൂരയിതാവ് (നിറവേറ്റുന്നവൻ) ആണല്ലോ

4 ആയം പൃണന്തി ദിവി സദ്മബർഹിഷ—
സ്സമുദ്രം ന സുഭ്വഃ സ്വാ അഭിഷ്ടയഃ
തം വൃത്രഹത്യേ അനു തസ്ഥുരൂതയ—
ശ്ശുഷ്മാ ഇന്ദ്രമവാതാ അഹ്രുതപ്സവഃ

അന്വയം:—

ദിവി	— സ്വർഗ്ഗലോകേ (അവസ്ഥിതം)
യം (ഇന്ദ്രം) സദ്മ—	
ബർഹിഷഃ	— സോമാഃ
സു—ഭ്വഃ സമുദ്രം ന	— നദ്യഃ സമുദ്രമിവ
ആ പൃണന്തി	— ആസമന്താൽ പൂരയന്തി
തം ഇന്ദ്രം സ്വാഃ	
അഭിഷ്ടയഃ	— സമുദ്രസ്യ സ്വഭൂതാഃ ആഭിമുഖ്യേന ഗമനവത്യഃ
ഊതയഃ	— അവിതാരഃ
ശുഷ്മാഃ	— ശത്രൂണാം ശോഷയിതാരഃ
അവാതാഃ	— വാന്തി, പ്രാതികൂല്യേന ഗച്ഛന്തീതി വാതാഃ ശത്രവഃ തദ്രഹിതാഃ
അഹ്രുത—പ്സവഃ	— അകുടിലരൂപാഃ, ശോഭനാവയവാഃ (മരുതഃ)
വൃത്ര—ഹത്യേ	— വൃത്രഹനനേ നിമിത്തഭൂതേ സതി
അനു തസ്ഥുഃ	— അനുലക്ഷ്യസ്ഥിതാബഭൂവുഃ.

അർത്ഥം—സ്വർഗ്ഗലോകത്തിലുള്ള ഇന്ദ്രനെ യജ്ഞഗൃഹസ്ഥിതങ്ങളായ സോമങ്ങൾ, നദികൾ സമുദ്രത്തെ എന്നപോലെ പൂർണ്ണനാക്കുന്നു. (സദ്മ ഗൃഹം, യജ്ഞഗൃഹം. ബർഹിസ്സ് എന്ന യജ്ഞനാമം ഉപലക്ഷണമായി സോമത്തെ ഉദ്ദേശിച്ച് പ്രയോഗിച്ചിരിക്കുന്നു.) ആ ഇന്ദ്രനെ സമുദ്രോൽപന്നന്മാരും നേരിട്ടുവന്നവരും രക്ഷകരും ശത്രുനാശകരും അജാതശത്രുക്കളും ശോഭനാംഗന്മാരുമായ മരുത്തുക്കൾ വൃത്രവധവിഷയത്തിൽ അനുകൂലിച്ചുനിന്നു.

5 അഭിസ്വവൃഷ്ടിം മദേ അസ്യ യുധ്യതോ–
രഘ്വീരിവ പ്രവണേ സസ്രുരൂതയഃ
ഇന്ദ്രോയദ്വജ്രീ ധൃഷമാണോ അന്ധസാ
ഭിനദ്വലസ്യപരിധീരിവത്രിതഃ വ. 12

അന്വയം:–

ഊതയഃ — മരുതഃ
മദേ — സോമപാനഹർഷേ സതി
യുധ്യതഃ അസ്യ (ഇന്ദ്രസ്യ) — വൃത്രേണ സഹയുദ്ധ്യമാനസ്യ പുരതഃ
സ്വ–വൃഷ്ടിം — സ്വഭൂതവൃഷ്ടിമന്തം വൃത്രം
രഘ്വീഃ–ഇവ പ്രവണേ — യഥാ ഗമനസ്വഭാവാഃ ആപഃ നിമ്നദേശേ ഗച്ഛന്തിതദ്വൽ
അഭി സസ്രുഃ — ആഭിമുഖ്യേന ജഗ്മുഃ
യത് അന്ധസാ — യദാ സോമലക്ഷണേനാന്നേന പീതേന
ധൃഷമാണഃ — പ്രഗൽഭഃ
(തദാനീം) വജ്രീ ഇന്ദ്രഃ — വജ്രവാൻ ഇന്ദ്രഃ
ത്രിതഃ — ദേവാനാം ഹവിർല്ലേപനിഘർഷണായ അഗ്നേസ്സകാശാൽ അദ്ഭ്യഃ ഏകതഃ, ദ്വിതഃ, ത്രിതശ്ചജാതാഃ, ത്രിതഃ ഉദകപാനാർത്ഥം, ഗത്വാകൂപേപതിതഃ അസുരൈഃ പരിധയഃ, കൂപസ്യാച്ഛാദകാഃ സ്ഥാപിതാഃ
(താൻ) പരിധീൻ–ഇവ
വലസ്യ — സംവൃണ്വതഃ ഏതൽ സംജ്ഞകമസുരം
ഭിന

അൎത്ഥം—മരുത്തുക്കളേ, സോമപാനഹൃഷ്ടനായി ഇന്ദ്രൻ വൃത്രനോടുകൂടി യുദ്ധം ചെയ്യുമ്പോൾ അവിടത്തെ മുമ്പിൽ സ്വയം വൃഷ്ടിമാനായ വൃത്രന്റെ നേരെ താഴോട്ട് വെള്ളം ഒഴുകുന്നപോലെ ചെന്നു. എപ്പോൾ ഇന്ദ്രൻ സോമാന്നപാനത്താൽ പ്രഗൽഭനായയോ, അപ്പോൾ വജ്രായുധനായ അവിടുന്ന് ത്രിതൻ പരിധികളെ എന്ന പോലെ വലനെന്ന അസുരനെ പിളൎന്നു (കൊന്നു). (ദേവന്മാരിൽ ഹവിസ്സ പററിയത്ത് തുടച്ചു കളവാൻ അഗ്നിയുടെ സമീപം വെള്ളം തളിച്ച് ഏകതൻ, ദ്വിതൻ, ത്രിതൻ എന്നിവരുണ്ടായി. അവരിൽ ത്രിതൻ വെള്ളം കുടിപ്പാൻ കിണൎക്കരയിൽ പോയപ്പോൾ കിണററിൽ വീണു. ആ തക്കം നോക്കി അസുരന്മാർ ആ കിണറടച്ചു. ത്രിതൻ ആ അടപ്പ് തകൎത്ത് പുറത്തുവന്നു. ത്രിതൻ ആ പരിധികളെ, അടപ്പുകളെ എന്നപോലെ ഇന്ദ്രൻ വലനെ പിളൎന്നു എന്ന ഉപമ)

6 പരീംഘൃണാചരതി തിത്വിഷേശവോ—
പോവൃത്വീ രജസോ ബുധ്നമാശയൽ.
വൃത്രസ്യയൽ പ്രവണേ ദുൎഗൃഭിശ്വനോ—
നിജഘന്ഥ ഹന്വോരിന്ദ്ര തന്യതും

അന്വയം:—

(യഃ) അപഃ വൃത്വീ	— ഉദകാന്യാവൃത്യ
രജസഃ ബുധ്നം	— അന്തരിക്ഷസ്യോപരിപ്രദേശം
ആ അശയൽ	— ആശ്രിത്യാശേത
പ്രവണേ	— പ്രകൎഷേണ വനനീയേ അന്തരിക്ഷേവൎത്തമാനസ്യ
ദുഃ—ഗൃഭിശ്വനഃ	— ദുൎഗ്രഹവ്യാപനസ്യ
(തസ്യ) വൃത്രസ്യ ഹന്വോഃ	— മുഖപാൎശ്വയോഃ
ഹേ ഇന്ദ്ര, യൽ	— യദാ
തന്യതും	— തന്യതുനാ, വജ്രേണ (തൃതീയാൎത്ഥേ ദ്വിതീയാ)

നി—ജഘന്ഥ — നിതരാം പ്രജഘന്ഥ
(തദാനീം) ഈം — ഏനം (ത്വാം)
ഘൃണാ — ശത്രുജയലക്ഷണാദീപ്തിഃ
പരി ചരതി — പരിതോ വ്യാപ്നോതി
(ത്വദീയം) ശവഃ
തിത്വിഷേ — ബലംപ്രദിദീപേ

അൎത്ഥം—യാവനൊരുത്തൻ (മഴ) വെള്ളത്തെ തടഞ്ഞ് അന്തരിക്ഷത്തിൻെറ മുകൾഭാഗത്തെ ആശ്രയിച്ച് കിടക്കുന്നുവോ, കമനീയമായ അന്തരിക്ഷത്തിൽ വൎത്തിക്കുന്നവനും, എപ്പോഴും എവിടെ എത്തുമെന്നാകും അറിയാൻ കഴിയാത്ത വനമായ ആ വൃത്രൻെറ താടിയെല്ലുകളിൽ, അല്ലയോ ഇന്ദ്ര, അവിടുന്ന് വജ്രംകൊണ്ട് കഠിനമായി പ്രഹരിച്ചുവല്ലോ. അപ്പോൾ അവിടുത്തെ ശത്രുജയം കുറിക്കുന്ന പ്രകാശവിശേഷം എങ്ങും വ്യാപിച്ചു അവിടുത്തെ ബലം കത്തിജ്ജ്വലിച്ചു.

7 ഹ്രദംനഹിത്വാന്യൃഷന്ത്യൂൎമ്മയോ—
ബ്രഹ്മാണീന്ദ്രതവയാനിവൎദ്ധനാ
ത്വഷ്ടാചിത്തേയുജ്യംവാവൃധേശവ—
സ്തതക്ഷവജ്രമഭിഭൂത്യോജസം

അന്വയം —

(ഹേ ഇന്ദ്ര)
യാനി ബ്രഹ്മാണി — സ്തോത്രരൂപാണിമന്ത്രജാതാനി
തവ വൎദ്ധനാ — വൎദ്ധയിതൃണി
താനി ത്വാ — ത്വാം
ഊൎമ്മയഃ ഹ്രദം ന — ജലപ്രവാഹാഃ ജലാശയമിവ
നി—ഋഷന്തി ഹി — നിതരാം പ്രാപ്നുവന്ത്യേവ
ത്വഷ്ടാ ചിത് — ത്വഷ്ടാചദേവഃ
തേ യുജ്യം ശവഃ വവൃധേ — തവയോഗ്യംബലം, പ്രാവൎദ്ധയൽ

(അപി ച) അഭിഭൂതി–ഓ
ജസം — ശത്രൂണാം അഭിഭവിതൃണാ ഓജസായുക്തം
വജ്രം തതക്ഷ — തീക്ഷ്ണീചകാര

അൎത്ഥം—അല്ലയോ ഇന്ദ്ര, സ്തോത്രരൂപങ്ങളായ ഏതേതു മന്ത്ര സമൂഹങ്ങളാണോ അവിടത്തെ (ബലം) വൎദ്ധിപ്പിക്കുന്നതു്, അവ നീർച്ചാലുകൾ തടാകത്തെ എന്നപോലെ, അവിടത്തെത്തന്നെ പ്രാപിക്കുന്നു. ത്വഷ്ടാവെന്ന ദേവൻ അവിടേയ്ക്കുതയോജ്യമായ ശക്തിവൎദ്ധിപ്പിച്ചു. ശത്രുക്കളെ ജയിക്കുന്ന ഓജസ്സോടുകൂടിയ അവിടത്തെ വജ്രത്തിന്നു് (ത്വഷ്ടാവു്) മൂച്ചുകൂട്ടി.

8 ജഘന്വാ ഉ ഹരിഭിസ്സംഭൃതക്രത–
വിന്ദ്രവൃത്രംമനുഷേഗാതുയന്നപഃ
അയച്ഛഥാബാഹ്വോൎവ്വജ്രമായസ–
മധാരയോ ദിവ്യാസൂൎയ്യംദൃശേ

അന്വയം:—
ഹേ സംഭൃത–ക്രതോ ഇന്ദ്ര — സമ്പാദിതകൎമ്മൻ, ഇന്ദ്ര
മനുഷേ ഗാതു–യൻ — ജനായഗാതും, മാൎഗ്ഗമിച്ഛൻ
വൃത്രം — ലോകാനാമാവരകമസുരം
ഹരി–ഭിഃ — അശ്വൈൎയുക്തഃ (ത്വം)
ജഘന്വാൻ ഉ — ഹതവാൻഖലു
(തദനന്തരം) അപഃ — വൃഷ്ട്യുദകാനിപ്രാവൎത്തയഃ
ബാഹ്വോഃ ആയസം വജ്രം — ഹസ്തയോഃ അയോമയംവജ്രം
അയച്ഛഥാഃ — അഗ്രഹീഃ
സൂൎയ്യം ആ — സൂൎയ്യഞ്ച (ആകാര സ്സമുച്ചയാൎത്ഥഃ)
ദിവി ദൃശേ — ദ്യുലോകേ സൎവ്വേഷാം ദൎശനായ
അധാരയഃ — സ്ഥാപയാഞ്ചകൎഷേ

അൎത്ഥം—നാനാകൎമ്മങ്ങൾ നേടിയ ഇന്ദ്ര, ജനങ്ങൾക്കു് വഴിതെളിയിക്കുന്നതിൽ തല്പരനായി, ലോകങ്ങളെ മറച്ചു് ഇരുട്ടാക്കിയ വൃത്രാസുരനെ കതിരകളോടുകൂടി (ചെന്നു്) അവിടുന്നു് കൊന്നുവല്ലൊ. അതിന്നുശേഷം മഴവെള്ളത്തെ വിട്ടു. അ

വിട്ടത്തെ കൈകളിൽ ഇരുമ്പുകൊണ്ടുള്ള വജ്രായുധമെടുത്തു. എല്ലാവർക്കും കാണാനായി അന്തരിക്ഷത്തിൽ സൂര്യനെയും (വീണ്ടും) സ്ഥാപിച്ചു, തെളിയിച്ചു.

9 ബൃഹൽ സ്വശ്ചന്ദ്രമമവദ്യദുക്ഥ്യ൱—
മകൃണ്വത ഭിയസാ രോഹണം ദിവഃ
യന്മാനുഷപ്രധനാ ഇന്ദ്ര മൂതയ—
സ്സ്വർന്നൃഷാചോ മരുതോ മദന്നനു.

അന്വയം:—

യൽ	—	യദാ (സ്തോതാരോയജമാനാഃ)
സ്വ-ചന്ദ്രം അമ-വൽ	—	സ്വകീയേന ചന്ദ്രേണ, ആഹ്ലാദകേന തേജസായുക്തം, ബലയുക്തം
ദിവഃ രോഹണം	—	സ്വർഗ്ഗസ്യ ആരോഹണ ഹേതുഭൂതം
ബൃഹൽ	—	ബൃഹൽസാമ
ഭിയസാ	—	വൃത്രഭയേന
ഉക്ഥ്യം (ഇന്ദ്രം)		
അകൃണ്വത	—	ഉക്ഥാർഹം സ്തോത്രയോഗ്യം അകുർവ്വൻ ഇന്ദ്രം അസ്തോഷയത
യൽ മാനുഷ-പ്രധനാഃ	—	യദാ മനുഷ്യഹിതസംഗ്രാമാഃ
സ്വഃ ഊതയഃ	—	ദ്യുലോകസ്യ രക്ഷിതാരഃ
മരുതഃ നൃ-സാചഃ	—	പ്രാണരൂപേണ നൄൻ സേവമാനാസ്ത്വാ
ഇന്ദ്രം അനു അമദൻ (തദാനീംസ ഇന്ദ്രഃ വൃത്രവധം പ്രതി ഉദ്യുക്തോ ബഭൂവ).	—	ആനുപൂർവ്വ്യേണഹർഷം പ്രാപയൻ

അത്ഥം—എപ്പോൾ സ്തോതാക്കളായ യജമാനന്മാർ ആത്മാഹ്ലാദകമായ തേജസ്സററതും, ബലവത്തും, സ്വർഗ്ഗസിദ്ധിഹേതുകവുമായ ബൃഹൽസാമമെന്ന സ്തോത്രവിശേഷം കൊണ്ടു്, വൃത്രനെ പേടിച്ചു് സ്തോത്രയോഗ്യനായ ഇന്ദ്രനെ സ്തുതിച്ചുവോ എപ്പോൾ മനുഷ്യർക്കു് ക്ഷേമം വരുത്തുന്ന യുദ്ധത്തിലേപ്പെട്ട, സ്വർഗ്ഗരക്ഷകരായ മരുത്തുക്കൾ പ്രാണതുല്യന്മാരായ മനുഷ്യസേവകരായി ഇന്ദ്രനെ ക്രമേണ സന്തോഷിപ്പിച്ചുവോ അപ്പോഴാണു് വൃത്രവധത്തിന്നു് ഇന്ദ്രൻ ഉദ്യുക്തനായതു്.

10 ദ്യൌശ്ചിദസ്യാമവാ അഹേഃസ്വനാ—
ദയോയവീദ്ഭിയസാവജ്ര ഇന്ദ്രതേ
വൃത്രസ്യയദ്ബദ്ബധാനസ്യ രോദസീ
മദേസുതസ്യ ശവസാഭിനച്ഛിരഃ വ 13

അന്വയഃ:—

അമ—വാൻ ദ്യൌഃ ചിൽ	—	ബലവാൻ ദ്യുലോകോപി
അസ്യ അഹേഃ സ്വനാൽ		
ഭിയസാ	—	വൃത്രസ്യ ശബ്ദാൽ, ഭയേന
അയോയവീൽ	—	അത്യത്ഥം പൃഥക്ഭൂത ആസീൽ, അകമ്പത
ഹേ ഇന്ദ്ര, തേ	—	തവ
സുതസ്യ മദേ	—	അഭിഷുതസോമസ്യപാനേന ഹർഷേജാതേസതി
(ത്വദീയഃ) വജ്രഃ		
രോദസീ ബദ്ബധാനസ്യ	—	ദ്യാവാപൃഥിവ്യൌ ബാധനശീലസ്യ
വൃത്രസ്യ ശിരഃ യൽ		
ശവസാ അഭിനൽ	—	യദാബലേന അച്ഛിനൽ (തദാനീം ദ്യുലോകോഭയേ രഹിതോബഭൂവ)

അർത്ഥം—ബലവത്തായ (സുരക്ഷിതമായ) സ്വർഗ്ഗം കൂടി ആ വൃത്രൻെറ അലർച്ചയാൽ ഭയംകൊണ്ട് വേർപെട്ടു, വിറച്ചു. അല്ലയോ ഇന്ദ്ര, അവിടുന്ന് സംസ്കരിച്ച സോമത്തിൻെറ പാനംകൊണ്ട് ഹർഷം പ്രാപിച്ച്, ദ്യാവാപൃഥിവികളെ എപ്പോഴും ഉപദ്രവിക്കുന്ന വൃത്രൻെറ ശിരസ്സ് വജ്രംകൊണ്ട് ഛേദിച്ചുവോ, അപ്പോഴേ സ്വർഗ്ഗം ഭയരഹിതമായുള്ളു.

11 യദിന്ന്വിന്ദ്ര പൃഥിവീ ദശഭുജി—

രഹാനി വിശ്വാ തതനന്ത കൃഷ്ടയഃ

അത്രാഹ തേ മഘവൻ വിശ്രുതം സഹോ—

ദ്യാമനു ശവസാ ബർഹണാ ഭുവൽ

അന്വയം—

യൽ ഇൽ നു പൃഥിവീ ദശ—ഭുജിഃ	— യദാ ഖലു ദശഗുണിതാ (ഭവേൽ)
(യദിവാ) കൃഷ്ടയഃ	— സർവ്വേ മനുഷ്യാഃ
വിശ്വാ അഹാനി തതനന്ത	— സർവ്വാണ്യഹാനി വിസ്താരയേയുഃ
ഹേ മഘ—വൻ ഇന്ദ്ര,	
അത്ര അഹ	— അത്രൈവ, പൂർവ്വോക്തേഷു ദേശ കാലകർത്തൃകേഷു
തേ സഹഃ വി—ശ്രുതം	— ത്വദീയം വൃത്രവധാദി കാരണം ബലംവിഖ്യാതം
ശവസാ ബർഹണാ	— ബലേന കൃതാ വൃത്രവധാദി രൂപാ ക്രിയാ
ദ്യാം അനു ഭുവൽ	— അനുഭവതി

(യഥാ ദ്യൗഃ മഹതീ തഥാ ത്വൽ കൃതം ബലമപി മഹൽ)

അർത്ഥം—എന്നെങ്കിലും ഭൂമി (വലുപ്പത്തിൽ) പത്തിരട്ടിയായി ഭവിക്കുമെങ്കിൽ അന്ന്, മനുഷ്യർ അവരുടെ ദിവസങ്ങളുടെ നീളം കൂട്ടുന്നു എങ്കിൽ അന്ന്, ആ ദേശകാല പരിതസ്ഥിതിയിലേ, അല്ലയോ ഐശ്വര്യവാനായ ഇന്ദ്ര, അവിടത്തെ വൃ

ത്രവധാദ്യാത്മകമായ ബലം പ്രസിദ്ധമാവു, പ്രശംസിക്കപ്പെട്ടു. (അതായത്ത് അവിടത്തെ പ്രസിദ്ധിയുടെ വലുപ്പം നോക്കുമ്പോറം അതു് പറക്കാനുള്ള വലുപ്പം ഭൂമിക്കില്ല. അതു് പറഞ്ഞു് തീക്കാനുള്ള നീളം ദിവസങ്ങറംക്കില്ല.) അവിടത്തെ ശക്തികൊണ്ടുള്ള വൃത്രവധരൂപക്രിയയാണു് സ്വഗ്ഗത്തെ അനുഭവിക്കുന്നതു് (ദ്യോവു് എത്ര വലുതാണോ അത്ര വലുതാണു് അവിടത്തെ ബലവും)

12 ത്വമസ്യപാരേ രജസോവ്യോമന—
സ്വഭൂത്യോജാഅവസേധൃഷന്മനഃ
ചകൃഷേഭൂമിം പ്രതിമാനമോജസോ—
പസ്വഃപരിഭൂരേഷ്യാദിവം

അന്വയം:—

ഹേ ധൃഷൽ—മനഃ	— ശത്രൂണാംധഷ്കമനോയുക്ത (ഇന്ദ്ര)
അസ്യ വി—ഓമനഃ	— അസ്മാഭിഃപരിദൃശ്യമാനസ്യ വ്യാപ്തസ്യാന്തരിക്ഷസ്യ
രജസഃ പാരേ	— ലോകസ്യഉപരിപ്രദേശേ (വത്തമാനഃ)
സ്വഭൂതി—ഓജാഃ	— സ്വഭൂതബലഃ
ത്വം അവസേ	— അസ്മദ്രക്ഷണായ
ഭൂമിം ചകൃഷേ	— ഭൂലോകംകൃതവാനസി
(കിഞ്ച) ഓജസഃ	
പ്രതി—മാനം	— ബലസ്യപ്രതിനിധിരഭൂഃ
(തഥാ) സ്വഃ	— സുഷ്ഠുഅരണീയം, ഗന്തവ്യം
അപഃ	— അന്തരിക്ഷലോകം
ദിവം ആ	— ദ്യുലോകം ച (ആകാരസ്സമുച്ചയാത്ഥഃ)
പരി—ഭൂഃ ഏഷി	— പരിഗൃഹീതാപ്രാപ്നോഷി

അർത്ഥം—ശത്രുഞ്ജയമനസ്സനായ ഇന്ദ്ര, ഞങ്ങൾ കാണുന്ന വ്യാപ്തമായ അന്തരിക്ഷലോകത്തിന്റെ മുകളിൽ വർത്തിച്ച്, ആത്മബലംകൊണ്ട് ഞങ്ങളുടെ രക്ഷയ്ക്കായി അവിടുന്ന് ഭൂലോകം സൃഷ്ടിച്ചു അവിടുന്ന് ശക്തിയുടെ പ്രതിനിധിയായി പിന്നെ (പുണ്യകർമ്മങ്ങൾകൊണ്ട്) സുഗമ്യമായ അന്തരിക്ഷലോകവും സ്വർഗ്ഗവും പരിഗ്രഹിച്ച് പ്രാപിച്ചു

13 ത്വം ഭുവഃ പ്രതിമാനം പൃഥിവ്യാ—
ഋഷ്വവീരസ്യ ബൃഹതഃ പതിർഭൂഃ
വിശ്വമാപ്രാ അന്തരിക്ഷം മഹിത്വാ
സത്യമദ്ധാനകിരന്യസ്ത്വാവാൻ.

അന്വയം —

(ഹേ ഇന്ദ്ര,) ത്വം
പൃഥിവ്യാഃ പ്രതി—മാനം
ഭുവഃ — പ്രഥിതായാഃ ഭൂമേഃ പ്രതിനിധി ഭവസി
(തഥാ) ഋഷ്വ—വീരസ്യ — ഋഷ്വാഃ ദർശനീയാഃ, വീരാഃ ദേവാഃ യസ്യസഃ, തസ്യ
ബൃഹതഃ — ബൃംഹിതസ്യ, പ്രവൃദ്ധസ്യ, (സ്വർഗ്ഗലോകസ്യ)
പതിഃ ഭൂഃ — പാലയിതാസി
(തഥാ) അന്തരിക്ഷം
വിശ്വം — ആകാശം സർവ്വമപി
മഹി—ത്വാ സത്യം
ആ അപ്രാഃ — മഹത്വേന, നിശ്ചയേന ആസമന്താദപൂരയഃ
(അതഃ) ത്വാ—വാൻ — ത്വത്സദൃശഃ
അന്യഃ (കശ്ചിത്) നകിഃ — നാസ്തി ഇതിയത് തത്
അദ്ധാ — സത്യമേവ

അർത്ഥം—അല്ലയോ ഇന്ദ്ര, അവിടുന്ന് വിസ്താരമേറിയ ഭൂമിയുടെ പ്രതിനിധിയാകുന്നു. അതുപോലെ ദർശനീയരായ ദേവന്മാരോടുകൂടിയ മഹത്തായ സ്വർഗ്ഗലോകത്തിന്റെ നാഥനാകുന്നു. അവിടുന്ന് ആകാശം മുഴുവനും സ്വമഹത്വം കൊണ്ട് സത്യമായും നിറഞ്ഞിരിക്കുന്നു. അവിടുത്തോടു തുല്യനായി ആരുമില്ലെന്നതു് സത്യമാകുന്നു.

14 നയസ്യദ്യാവാപൃഥിവീഅനുവ്യചോ—
നസിന്ധവോരജസോഅന്തമാനശുഃ
നോതസ്വവൃഷ്ടിംമദേ അസ്യയുധ്യത
ഏകോഅന്യച്ചകൃഷേവിശ്വമാനുഷക്

അന്വയം:—

യസ്യ (ഇന്ദ്രസ്യ) വ്യചഃ — വ്യാപനം
ദ്യാവാപൃഥിവീ ന അനു
(ആനശാതേ) — ദ്യാവാപൃഥിവ്യൗപ്രാപ്തുമസമർത്ഥേ ബഭൂവതുഃ
(തഥാ) രജസഃ — അന്തരിക്ഷലോകസ്യ ഉപരി
സിന്ധവഃ — സ്യന്ദനശീലാ ആപഃ
(യസ്യഇന്ദ്രസ്യതേജസഃ)
അന്തം — അവസാനം
ന ആനശുഃ — നപ്രാപുഃ
ഉത (സോമപാനേന) മദേ — അപിച ഹർഷേസതി
സ്വവൃഷ്ടിം — സ്വീകൃതവൃഷ്ടിം വൃത്രാദിം
യുധ്യതഃ അസ്യ — യുദ്ധ്യമാനസ്യ ഇന്ദ്രസ്യ
(ബലസ്യ അന്തംവൃത്രാദയഃ) ന (പ്രാപുഃ)
(അതഃ ഹേഇന്ദ്ര) ഏകഃ
(ത്വം) അന്യത് — സ്വവ്യതിരിക്തം
വിശ്വം — സർവ്വംഭൂതജാതം
ആനുഷക് ചകൃഷേ — ആനുഷക്തം കരോഷി (സകലമപി ഭൂതജാതം ത്വദധീനമഭൂത്)

അത്ഥം—യാതൊരു ഇന്ദ്രന്റെ വ്യാപ്തിയെ പ്രാപിക്കുവാൻ ദ്യോവാപൃഥിവികൾ അസമത്ഥകളാണോ, അന്തരിക്ഷത്തിന്റെ മുകളിൽ ഒഴുകുന്ന വെള്ളങ്ങൾ യാതൊരിന്ദ്രന്റെ തേജസ്സിന്റെ അററം പ്രാപിക്കാത്തവരാണോ, സോമപാന ഹഷത്തിൽ, മഴ അടക്കിപ്പിടിച്ച വൃത്രാദിയോട് യുദ്ധം ചെയ്യുന്ന ആ ഇന്ദ്രന്റെ ശക്തിയുടെ അവസാനം വൃത്രാദികൾക്കു പിടികിട്ടിയില്ല അല്ലയോ ഇന്ദ്ര, ഏകനായ അവിടുന്ന് സകല ഭൂതജാതങ്ങളേയും ക്രമീകരിക്കുന്നു ആ അവിടത്തോട് ഒട്ടിപ്പിടിച്ച ബന്ധപ്പെട്ടിരിക്കുന്നു അതായത് ചരാചര സമൂഹം മുഴുവൻ അവിടത്തെ അധീനത്തിലാകുന്നു

15 ആച്ചന്നത്രമരുതസ്സസ്മിന്നാജൌ
വിശ്വേദേവാസോഅമദന്നനുത്വാ
വൃത്രസ്യയദ്ഭൃഷ്ടിമതാവധേന
നിത്വമിന്ദ്രപ്രത്യാനം ജഘന്ഥ വ 14

അന്വയം —

(ഹേ ഇന്ദ്ര, ത്വാം) മരുതഃ
അത്ര — അസ്മിൻ സംഗ്രാമേ
ആച്ചൻ — ''പ്രഹര ഭഗവോജഹി വീര യസ്വ ' ഇത്യാദിനാ വചനേന അപൂജയൻ
സസ്മിൻ ആജൌ — സവ്വസ്മിൻ സംഗ്രാമേ
വിശ്വേദേവാസഃ ത്വാ
അനു അമദൻ — മരുതഃ ത്വാം ത്വദീയമദാനന്തരം തേപി മദം പ്രാപ്താഃ
ഹേ ഇന്ദ്ര, ത്വം യത് — യദാ
ഭൃഷ്ടി—മതാ — ഭ്രംശയതി ശത്രൂൻ ഇതിഭൃഷ്ടിഃ, അശ്രിഃ, തദ്വതാ
വധേന — ഹനനസാധനേന, വജ്രേണ
വൃത്രസ്യ ആനം പ്രതി — ആനനം, മുഖംപ്രതി ശ്വാസഹേതുപ്രാണംപ്രതി

നി ജംഘനഥ	— നിതരാം പ്രാഹാഷീഃ

അർത്ഥം—അല്ലയോ ഇന്ദ്ര, മരുത്തുക്കാം ഈ (വൃത്രനുമായുള്ള) പോരിൽ "ഭഗവാനേ, അടിക്കുക, കൊല്ലുക, വിജയിക്കുക" എന്നും മററുമുള്ള വാക്കുകളാൽ അവിടുത്തെ പൂജിച്ചു എല്ലാ പോരുകളിലും മരുത്തുക്കാം അവിടുത്തെ പിന്നാലെ (സോമപാനംകൊണ്ടു്) ഹർഷിച്ചു. ഇന്ദ്ര, അവിടുന്നു് എപ്പോഴം ചേതനകെടുത്തുന്ന (മൂർച്ചയുള്ള എട്ടുമുനയോടുകൂടിയ) വജ്രംകൊണ്ടു് വൃത്രൻെറ മുഖത്തിൽ, മൂക്കിൽ അടിച്ചുവോ അപ്പോഴം മരുത്തുക്കാം അവിടുത്തെ അനുസരിച്ചു് ഹർഷിച്ചു.

വർഗ്ഗം 15, 16.

1 ന്യൂഷുവാചം പ്രമഹേഭരാമഹേ
ഗിരഇന്ദ്രായസദനേവിവസ്വതഃ
നൂചിദ്ധിരത്നംസസതാമിവാവിദ—
ന്നദുഷ്ടുതിർദ്രവിണോദേഷുശസ്യതേ

അന്വയം'—

(യതഃ) വിവസ്വതഃ	— പരിചരതോ യജമാനസ്യ
സദനേ ഗിരഃ	— യജ്ഞഗൃഹേ (ഇന്ദ്രായ) സ്തുതയഃ (ക്രിയന്തേ)
ഹി	— യസ്മാൽ (സഃ ഇന്ദ്രഃ)
നു ചിൽ	— ക്ഷിപ്രമേവ
സസതാം—ഇവ	— യഥാസ്വപതാം പുരുഷാണാം ധനംചോരഃ ക്ഷിപ്രംലഭതേ തദ്വൽ
രത്നം	— (അസുരാണാം) രമണീയംധനം
അവിദൽ	— വിന്ദതി
(തസ്യ) മഹേ ഇന്ദ്രായ സു വാചം	— മഹതേ ഇന്ദ്രായശോഭനാംസ്തുതിം
നി പ്ര ഭരാമഹേ ഉ ഷു നു'	— നിതരാം പ്രയുജ്യാമഹേ ഏവ

ദുഃ—സ്തുതിഃ — അസമീചീനാസ്തുതിഃ
ന ശസ്യതേ — നാഭിധീയതേ
(അതഃ സുവാചംപ്രഭരാമഹേ)

അർത്ഥം—പരിചാരകനായ (ഉപാസകനായ) യജമാനൻ യജ്ഞഗൃഹത്തിൽ ഇന്ദ്രനെ സ്തുതിക്കുന്ന കാരണത്താൽ അവിടന്ന് വളരെ വേഗത്തിൽ, ഉറങ്ങിക്കിടക്കുന്ന മനുഷ്യൻെറ ധനം കള്ളൻ വേഗത്തിലെടുക്കുന്നപോലെ, അസുരന്മാരുടെ കാമ്യമായ ധനം നേടുന്നു അപ്രകാരം മഹാനായ ഇന്ദ്രന് ശോഭനസ്തുതി വേണ്ടപോലെ ചൊല്ലുന്നു ധനദാതാക്കളുടെ മുമ്പിൽ അനുചിതമായ സ്തുതി പ്രശസ്യമല്ലല്ലോ (അതുകൊണ്ട് ശോഭനസ്തുതി ചൊല്ലുന്നു)

2 ദുരോഅശ്വസ്യദുര ഇന്ദ്രഗോരസി
ദുരോയവസ്യവസുനഇനസ്പതിഃ
ശിക്ഷാനരഃപ്രദിവോ അകാമകർശന—
സ്സഖാസഖിഭ്യസ്തമിദംഗൃണീമസി

അന്വയം:—

ഹേഇന്ദ്ര (ത്വം) അശ്വസ്യ
ദുരഃ അസി — ദാതാസി
ഗോഃ ദുരഃ — പശ്വാദേഃ ദാതാസി
(തഥാ) യവസ്യ ദുരഃ — യവാദേഃ ധാന്യജാതസ്യ ദാതാസി
വസുനഃ ഇനഃ — നിവാസഹേതോഃ ധനസ്യ സ്വാമീഅസി
പതിഃ — സർവ്വേഷാംപാലയിതാസി
ശിക്ഷാ—നരഃ — ദാനസ്യനേതാസി
പ്ര—ദിവഃ — പുരാണഃ അസി
അകാമ—കർശനഃ — നകാമകർശനഃ, ഹവിർദ്ദത്തവതാം

സഖി–ഭ്യഃ സഖാ	— സമാനഖ്യാനേഭ്യഃ ഋത്വിഗ്ഭ്യഃ സഖിവദത്യന്തം പ്രിയഃഅസി
തം (പ്രതി) ഇദം	— സ്തോത്രലക്ഷണംവചഃ
ഗൃണീമസി	— ബ്രൂമഹേ

അർത്ഥം–അല്ലയോ ഇന്ദ്ര, അവിടന്ന് അശ്വദാതാവാണ്. ഗോദാതാവാണ്. യവം മുതലായ ധാന്യങ്ങളുടെ ദാതാവാണ്. ജീവിതാധാരമായ ധനത്തിന്റെ സ്വാമിയാണ് എല്ലാവരുടെയും രക്ഷകനാണ്' ദാനനേതാവാണ് പുരാണനാണ് ഹവിസ്സർപ്പിക്കുന്ന യജമാനന്മാരുടെ കാമങ്ങളെ, അഭീഷ്ടങ്ങളെ വിഫലമാക്കാതെ സാധിപ്പിക്കുന്നവനാണ് സമാനജ്ഞാനികളായ ഋത്വിക്കുകൾക്ക് അത്യന്തം പ്രിയനായ തോഴനാണ്. അങ്ങനെയുള്ള അവിടത്തെക്കുറിച്ച് ഈ സ്തുതി ചൊല്ലുന്നു

3 ശചീവഇന്ദ്രപുരുകൃദ്ദ്യുമത്തമ

തവേദിദമഭിതശ്ചേകിതേവസു

അതസ്സംഗൃഭ്യാഭിഭൂത ആഭര

മാത്വായതോജരിതുഃകാമമൂനയീഃ

അന്വയം–

ശചീ–വഃ	— പ്രജ്ഞാവൻ
പുരു–കൃൽ,	— പ്രഭൂതസ്യവൃത്രവധാദേഃകർത്താഃ
ദ്യുമൽ–തമ, ഹേ ഇന്ദ്ര	— അതിശയേന ദീപ്തിമൻ, ഇന്ദ്ര
അഭിതഃ വസു	— സർവ്വത്ര വർത്തമാനം ധനം (യദസ്തി തൽ)
ഇദം തവ ഇൽ	— തവൈവ, സ്വഭൂതം–ഇതി
ചേകിതേ	— ഭൃശമസ്മാഭിർജ്ഞായതേ
അതഃ (കാരണാൽ ധനം)	
സം–ഗൃഭ്യ	— സമ്യക് ഗൃഹീത്വാ
അഭി–ഭൂതേ	— ശത്രൂണാം അഭിഭവിതഃ അസ്മഭ്യം
ആ ഭര	— ആഹര, ദേഹി

ദുഃ—സ്തുതിഃ — അസമീചീനാസ്തുതിഃ
ന ശസ്യതേ — നാഭിധീയതേ
(അതഃ സുവാചംപ്രഭരാമഹേ)

അർത്ഥം—പരിചാരകനായ (ഉപാസകനായ) യജമാനൻ യജ്ഞഗൃഹത്തിൽ ഇന്ദ്രനെ സ്തുതിക്കുന്ന കാരണത്താൽ അവിടുന്ന് വളരെ വേഗത്തിൽ, ഉറങ്ങിക്കിടക്കുന്ന മനുഷ്യന്റെ ധനം കള്ളൻ വേഗത്തിലെടുക്കുന്നപോലെ, അസുരന്മാരുടെ കാമ്യമായ ധനം നേടുന്നു. അപ്രകാരം മഹാനായ ഇന്ദ്രന് ശോഭനസ്തുതി വേണ്ടപോലെ ചൊല്ലുന്നു. ധനദാതാക്കളുടെ മുമ്പിൽ അനുചിതമായ സ്തുതി പ്രശസ്യമല്ലല്ലോ. (അതുകൊണ്ട് ശോഭനസ്തുതി ചൊല്ലുന്നു)

2 ദുരോഅശ്വസ്യദുര ഇന്ദ്രഗോരസി
ദുരോയവസ്യവസുനഇനസ്പതിഃ
ശിക്ഷാനരഃപ്രദിവോ അകാമകർശന–
സ്സഖാസഖിഭ്യസ്തമിദംഗൃണീമസി

അന്വയം:—

ഹേഇന്ദ്ര (ത്വം) അശ്വസ്യ
ദുരഃ അസി — ദാതാസി
ഗോഃ ദുരഃ — പശ്വാദേഃ ദാതാസി
(തഥാ) യവസ്യ ദുരഃ — യവാദേഃ ധാന്യജാതസ്യ ദാതാസി
വസുനഃ ഇനഃ — നിവാസഹേതോഃ ധനസ്യ സ്വാമീ അസി
പതിഃ — സർവ്വേഷാംപാലയിതാസി
ശിക്ഷാ—നരഃ — ദാനസ്യനേതാസി
പ്ര—ദിവഃ — പുരാണഃ അസി
അകാമ—കർശനഃ — നകാമകർശനഃ, ഹവിർദ്ദത്തവതാം

സഖി–ഭ്യഃ സഖാ — സമാനഖ്യാനേഭ്യഃ സ്തുതിക്ഭ്യഃ സഖിവദത്യന്തം പ്രിയഃഅസി
തം (പ്രതി) ഇദം — സ്തോത്രലക്ഷണംവചഃ
ഗൃണീമസി — ബ്രൂമഹേ

അർത്ഥം–അല്ലയോ ഇന്ദ്ര, അവിടുന്ന് അശ്വദാതാവാണ്. ഗോദാതാവാണ്. യവം മുതലായ ധാന്യങ്ങളുടെ ദാതാവാണ്. ജീവിതാധാരമായ ധനത്തിന്റെ സ്വാമിയാണ്. എല്ലാവരുടെയും രക്ഷകനാണ്! ദാനനേതാവാണ്. പുരാണനാണ്. ഹവിസ്സർപ്പിക്കുന്ന യജമാനന്മാരുടെ കാമങ്ങളെ, അഭീഷ്ടങ്ങളെ പിശുക്കുകൂടാതെ സാധിപ്പിക്കുന്നവനാണ്. സമാനജ്ഞാനികളായ സ്തുതിക്കുകാർക്ക് അത്യന്തം പ്രിയനായ തോഴനാണ്. അങ്ങനെയുള്ള അവിടുത്തെക്കുറിച്ച് ഈ സ്തുതി ചൊല്ലുന്നു.

3 ശചീവഇന്ദ്രപുരുകൃദ്യുമത്തമ
തവേദിദമഭിതശ്ചേകിതേവസു
അതസ്സംഗൃഭ്യാഭിഭൂത ആഭര
മാത്വായതോജരിതുഃകാമമൂനയീഃ

അന്വയം–

ശചീ–വഃ — പ്രജ്ഞാവൻ
പുരു–കൃൽ, — പ്രഭൂതസ്യവൃത്രവധാദേഃകർത്താഃ
ദ്യുമൽ–തമ, ഹേ ഇന്ദ്ര — അതിശയേന ദീപ്തിമൻ, ഇന്ദ്ര
അഭിതഃ വസു — സർവ്വത്ര വർത്തമാനം ധനം (യദസ്തി തൽ)
ഇദം തവ ഇൽ — തവൈവ, സ്വഭൂതം–ഇതി
ചേകിതേ — ഭൃശമസ്മാഭിർജ്ഞായതേ
അതഃ (കാരണാൽ ധനം)
സം–ഗൃഭ്യ — സമ്യക് ഗൃഹീത്വാ
അഭി–ഭൂതേ — ശത്രൂണാം അഭിഭവിതഃ അസ്മഭ്യം
ആ ഭര — ആഹര, ദേഹി

ത്വാ—യതഃ ജരിതുഃ — ത്വാം ആത്മനഃ ഇച്ഛതഃ സ്തോതുഃ
കാമം മാ ഊനയീഃ — അഭിലാഷം പരിഹീനം
മാ കാർഷീഃ

അർത്ഥം—പ്രാജ്ഞനും വൃത്രവധം മുതലായ ബഹുകർമ്മങ്ങൾ ചെയ്യുവനും അത്യന്തം ശോഭനനുമായ ഇന്ദ്ര, എങ്ങും കാണപ്പെടുന്ന എല്ലാ ധനവും അവിടുത്തെയാണ്, അവിടുന്നിൽ നിന്നുണ്ടായതാണ് എന്ന് ഞങ്ങൾക്ക് ഉറപ്പായറിയാം. അതിനാൽ ശത്രുക്കളെ ജയിക്കേണ്ട ഞങ്ങൾക്ക് അവിടുന്ന് ധനം വേണ്ടപോലെ എടുത്തു തന്നാലും. അവിടുത്തെ ആത്മാവിൽ വന്ദിക്കുന്ന സ്തോതാവിന്റെ അഭിലാഷം ഒരിക്കലും ഇല്ലാതാക്കരുതേ.

4 ഏഭിർദ്യുഭിസ്സുമനാ ഏഭിരിന്ദുഭി-
ർന്നിരുന്ധാനോ അമതിം ഗോഭിരശ്വിനാ
ഇന്ദ്രേണദസ്യും ദരയന്ത ഇന്ദുഭി-
ര്യുതദ്വേഷസസ്സമിഷാരഭേമഹി.

അന്വയം:—

(ഹേ ഇന്ദ്ര,) ഏഭിഃ — അസ്മാഭിർദ്ദത്തൈഃ
ദ്യു—ഭിഃ — ദീപ്തൈഃ ചരുപുരോഡാശാദിഭിഃ
ഏഭിഃ ഇന്ദു—ഭിഃ — പുരോവർത്തിഭിഃ, തുഭ്യംദത്തൈ സ്സോമൈഃ
(പ്രീതസ്ത്വം അസ്മാകം)
അമതിം — ദാരിദ്ര്യം
ഗോഭിഃ — ത്വയാദത്തൈഃ പശുഭിഃ
അശ്വിനാ — അശ്വയുക്തേന ധനേന (ച)
നി—രുന്ധാനഃ — നിവർത്തയൻ
സു—മനാഃ — ശോഭനമനാഃ (ഭവ)
(വയം) ഇന്ദു—ഭിഃ — അസ്മാഭിർദ്ദത്തൈസ്സോമൈഃ
(പ്രീതേന) ഇന്ദ്രേണ
ദസ്യും ദരയന്തഃ — ഉപക്ഷയിതാരം, ശത്രും ഹിംസന്തഃ

യുത–ദ്വേഷസഃ — പൃഥക്ഭൂതശത്രുകാഃ (ഭൂത്വാ)
ഇഷാ — (ഇന്ദ്രദത്തേന) അന്നേന
സം രഭേമഹി — സംഗച്ഛേമഹി

അൎത്ഥം—അല്ലയോ ഇന്ദ്ര, ഞങ്ങളാൽ നല്കപ്പെട്ട പ്രകാശമാനങ്ങളായ ചരുപുരോഡാശാദികളാലും, മുമ്പിലിരിക്കുന്നതും, അവിടേയ്ക്കു സമൎപ്പിച്ചതുമായ സോമങ്ങളാലും സന്തുഷ്ടനായ അവിടുന്ന്, ഞങ്ങളുടെ ദാരിദ്ര്യത്തെ, അവിടുന്ന് അരുളിത്തരുന്ന പശുക്കളോടും കുതിരകളോടുംകൂടിയ ധനത്താൽ പരിഹരിച്ച്, ഞങ്ങളിൽ സുമനസ്സാവണം. ഞങ്ങളാവട്ടേ, സമൎപ്പിച്ച സോമങ്ങളാൽ പ്രീതനായ ഇന്ദ്രനാൽ ശത്രുക്കളിൽ നിന്ന് വേർപെട്ടവരായി അവിടുന്നരുളുന്ന അന്നത്തോട് ചേരട്ടേ

5 സമിന്ദ്രരായാ സമിഷാരഭേമഹി
സംവാജേഭിഃ പുരുശ്ചന്ദ്രൈരഭിദ്യുഭിഃ
സംദേവ്യാപ്രമത്യാ വീരശുഷ്മയാ
ഗോ അഗ്രയാശ്വാവത്യാ രഭേമഹി വ 15

അന്വയം:—

ഹേ ഇന്ദ്ര, (വയം) രായാ — ധനേന
സം രഭേമഹി — സംഗച്ഛേമഹി
(തഥാ) ഇഷാ സം — അന്നേന സംരഭേമഹി
(തഥാ) പുരു–ചന്ദ്രൈഃ — പുരൂണാം, ബഹൂനാം ആഹ്ലാദകൈഃ
അഭിദ്യു–ഭിഃ — അഭിതഃ ദീപ്യമാനൈഃ
വാജേഭിഃ സം — ബലൈഃ സംരഭേമഹി
(കിഞ്ച) ദേവ്യാ — ദ്യോതമാനയാ
വീര–ശുഷ്മയാ — ശത്രൂണാംക്ഷേപണസമൎത്ഥം ശുഷ്മം, ബലംയസ്യാഃ തയാ
ഗോ–അഗ്രയാ — സ്തോതൃഭ്യോദാനാൎത്ഥം അഗ്രേ ഗാവോയസ്യാഃ തയാ

അശ്വ—വത്യാ — അശ്വൈരുപേതയാ
പ്ര—മത്യാ — ത്വദീയയാ പ്രകൃഷ്ടബുദ്ധ്യാ
സം രഭേമഹി — സംഗച്ഛേമഹി

അത്ഥം—അല്ലയോ ഇന്ദ്ര, ഞങ്ങൾ ധനത്തോട് ചേരുമാറാകട്ടെ. അന്നത്തോട് ചേരുമാറാകട്ടെ. എല്ലാവക്കം ആഹ്ലാദകരങ്ങളും എങ്ങും പ്രകാശിക്കന്നവയുമായ ബലങ്ങളോട് ചേരുമാറാകട്ടെ. കൂടാതെ പ്രകാശവത്തും ശത്രുക്കളെ അമത്താനുള്ള ബലത്തോട് കൂടിയതും, സ്തോതാക്കാക്ക് ദാനം കൊടുപ്പാൻ പശുവിനെ മുമ്പിൽ നിത്തിയതും അശ്വയുക്തവുമായ അവിട്ടത്തെ പ്രകൃഷ്ടബുദ്ധിയോട് ചേരട്ടെ (ഇന്ദ്രന്റെ ബുദ്ധി, ദാനദയാപരമായ മനസ്സ്. പശുക്കളെയും കുതിരകളെയും കൊടുപ്പാൻ മുന്നിൽ നിത്തിയപോലെ വണ്ണിച്ചിരിക്കന്നു.)

6 ത്വേത്വാമദാ അമദന്താനിവൃഷ്ണ്യാ
തേ സോമാസോ വൃത്രഹത്യേഷു സൽപതേ
യൽകാരവേ ദശ്വൃത്രാണ്യപ്രതി
ബർഹിഷ്മതേ നിസഹസ്രാണി ബർഹയഃ

അന്വയം:—

ഹേ സൽ—പതേ, — സതാംപാലയിതഃ, (ഇന്ദ്ര,)
വൃത്ര—ഹത്യേഷു — വൃത്രഹനനേഷു നിമിത്തഭൂതേഷു സൽസു
തേ മദാഃ — പൂവ്വോക്താ മാദകാഃ മരുതഃ
ത്വാ അമദൻ — ത്വാം അമദയൻ
താനി വൃഷ്ണ്യാ — പൂവ്വോക്താനി സേചനസമത്ഥസ്യത്വവസംബന്ധീനി ചരുപുരോഡാശാദീനി ഹവീംഷി
തേ സോമാസഃ — പ്രസിദ്ധാസ്സോമാഃ (ച) ത്വാം (അമദൻ)
യൽ കാരവേ — യദാസ്തുതികർത്രേ

ബർഹിഷ്മതേ — യജ്ഞവതേ യജമാനായ
ദശ സഹസ്രാണി
വൃത്രാണി — അപരിമിതാനി ആവരകാണി, ഉപദ്രവജാതാനി
അപ്രതി — ശത്രുഭിരപ്രതിഗതഃ (ത്വം)
നി ബർഹയഃ — ന്യവധീഃ
(തദാനീം ത്വാം അമദയൻ)

അർത്ഥം—അല്ലയോ സത്തുക്കളുടെ രക്ഷക, വൃത്രവധത്തിൽ മുൻപറഞ്ഞ മാദകന്മാരായ (വാക്കുകൊണ്ടും, സമീപവർത്തിത്വം കൊണ്ടും പ്രോത്സാഹിപ്പിക്കുന്ന) മരുത്തുക്കൾ അവിടുത്തെ മദിപ്പിച്ചു (അഭീഷ്ടവർഷിതാവായ) അവിടേക്കു് സമർപ്പിച്ച ചരുപുരോഡാശാദി ഹവിസ്സുകളും പ്രസിദ്ധങ്ങളായ സോമങ്ങളും അവിടുത്തെ ഹർഷിപ്പിച്ചു അപ്പോൾ സ്തുതികർത്താവിനും യജ്ഞകർത്താവായ യജമാനനും നേരിടേണ്ടിവന്ന അപരിമിതങ്ങളായ ഉപദ്രവങ്ങളെ, ആപത്തുകളെ, ശത്രുക്കൾക്കു് അജയ്യനായ അവിടുന്നു് അകററി.

7 യുധായുധമുപഘേദേഷി ധൃഷ്ണുയാ
പുരാപുരം സമിദം ഹംസ്യോജസാ
നമ്യായദിന്ദ്ര സഖ്യാപരാവതി
നിബർഹയോ നമുചിം നാമമായിനം

അന്വയം —

(ഹേ ഇന്ദ്ര,) ധൃഷ്ണു-യാ — ശത്രൂണാം ധർഷകഃ (ത്വം)
യുധാ യുധം — യുദ്ധേന സംബദ്ധം യുദ്ധം
ഉപ ഘ ഇത് ഏഷി — ഉപൈവഗച്ഛസി, സർവ്വദാ യുദ്ധശീലോഭവസി
(ശത്രൂണാം അസുരാണാം)
പുരാ — പുരേണ, നഗരേണ സഹ
ഇദം പുരം — പുരോവർത്തി ശത്രുനഗരം
ഓജസാ സം ഹംസി — ബലേന സമ്യക്വിനാശയസി

ഹേ ഇന്ദ്ര (ത്വം) നമ്യാ
സഖ്യാ — ശത്രൂഷു നമനശീലേന സഖി ഭൂതേന വജ്രേണ
പരാ—വതി — ദൂരദേശേ
നമുചിം നാമ മായിനം — അനയാസംജ്ഞയാപ്രസിദ്ധം മായാവിനമസുരം
യൽ നി—ബർഹയഃ — യസ്മാത് കാരണാത് നിതരാമഹിംസീഃ
(അതഃ ത്വമേവം സ്തൂയസേ)

അർത്ഥം—അല്ലയോ ഇന്ദ്ര, ശത്രുധർഷകനായ അവിടുന്ന് യുദ്ധത്തോടു യുദ്ധത്തെ പ്രാപിക്കുന്ന, സർവ്വദാ യുദ്ധശീലനാകുന്ന ശത്രുക്കളായ അസുരന്മാരുടെ നഗരത്തോടൊപ്പം ഭൂമിയിൽ നില്ക്കുന്ന ഈ ശത്രുനഗരവും ബലംകൊണ്ടു തികച്ചും നശിപ്പിക്കുന്നു അല്ലയോ ഇന്ദ്ര, ശത്രുക്കളിൽ ആഞ്ഞിറങ്ങുന്ന ചങ്ങാതിയായ വജ്രായുധം കൊണ്ടു് ദൂരദേശത്തുള്ള നമുചി എന്ന മായാവിയായ അസുരനെ കൊന്നതുകൊണ്ടു് അവിടുന്ന് ഇപ്രകാരം സ്തുതിക്കപ്പെടുന്നു

8 ത്വം കരഞ്ജമുത പർണ്ണയം വധീ—
സ്തേജിഷ്ഠയാതിഥിഗ്വസ്യ വർത്തനീ
ത്വം ശതാവങ്ഗൃദസ്യാഭിനത്പുരോ—
നാനുദഃ പരിഷൂതാ ഋജിശ്വനാ

അന്വയം —

(ഹേ ഇന്ദ്ര) ത്വം കരഞ്ജം
ഉത പർണ്ണയം — കരഞ്ജസംജ്ഞകം പർണ്ണയസംജ്ഞകഞ്ചാസുരം
അതിഥി—ഗ്വസ്യ — ഏതൽ സംജ്ഞകസ്യ രാജ്ഞഃ പ്രയോജനായ
തേജിഷ്ഠയാ — അതിശയേന തേജസ്വിന്യാ
വർത്തനീ വധീഃ — വർത്തന്യാ ശക്ത്യാഹതവാനസി

(തഥാ) അനനു–ദഃ ത്വം — അനുദഃ അനുചരഃ, അനുചര രഹിതഃ, ഏക ഏവ
ഋജിശ്വനാ — ഏതൽ സംജ്ഞകേനരാജ്ഞാ
പരി–സൂതാഃ — പരിതോവഷ്ടബ്ധാഃ
ശതാ — ശതാനി, ശതസംഖ്യാകാഃ
വങ്ഗൃദസ്യ പുരഃ — ഏതൽ സംജ്ഞകസ്യാസുരസ്യ പുരാണി, നഗരാണി
അഭിനൽ — ബിഭിദിഷേ

അൎത്ഥം–അല്ലയോ ഇന്ദ്ര, അവിടന്നു കരഞ്ജൻ, പൎണ്ണയൻ, എന്നീ അസുരന്മാരെ അതിഥിഗ്വനെന്ന രാജാവിന്നുവേണ്ടി ഏറ്റവും തേജസ്സുററ ശക്തികൊണ്ടു വധിച്ചു പിന്നെ അനുചരന്മാരോടു കൂടാതെ, ഒററയ്ക്കു, ഋജിശ്വാവെന്ന രാജാവിനാൽ വളഞ്ഞു നിൎത്തപ്പെട്ട വങ്ഗൃദനെന്ന അസുരന്റെ നൂറുകണക്കിലുള്ള നഗരങ്ങളെ തകൎത്തു

9 ത്വമേതാഞ്ജനരാജ്ഞോദ്വിർദ്ദശാ–
ബന്ധുനാ സുശ്രവസോപജഗ്മുഷഃ
ഷഷ്ടിംസഹസ്രാനവതിംനവശ്രുതോ–
നിചക്രേണരഥ്യാദുഷ്പദാവൃണക്

അന്വയം –

(ഹേഇന്ദ്ര) ശ്രുതഃ ത്വം — വിഖ്യാതസ്ത്വം
അബന്ധുനാ സു–ശ്രവസാ — ബന്ധുരഹിതേന, സഹായ രഹിതേന ഏതൽ സംജ്ഞകേനരാജ്ഞാ
ദ്വിഃ ദശ — വിംശതിസംഖ്യാകാൻ
(യുദ്ധാൎത്ഥം) ഉപ–ജഗ്മുഷഃ — ഉപഗതവതഃ
ഏതാൻ — ഏവംവിധാൻ
ജന–രാജ്ഞഃ — ജനപദാനാം അധിപതീൻ
ഷഷ്ടിം സഹസ്രാ നവതിം നവ — സഹസ്രാണാം ഷഷ്ടിം നവ സംഖ്യോത്തരാംനവതിം

(ത്വാൻ ഈദൃൿ സംഖ്യാകാനനുചരാംശ്ച)
രഥ്യാ — രഥസംബന്ധിനാ
ദുഃ–പദാ — ദുഷ്പ്രപദനേന, ശത്രുഭിഃ പ്രാപ്തുമശക്യേന
ചക്രേണ നി അവൃണക് — ന്യവൎജ്ജയഃ
(ത്വാം സ്തുവതഃ സുശ്രവസോ ജയാൎത്ഥം തദീയാൻ ശത്രൂൻ അജൈഷീഃ)

അൎത്ഥം–അല്ലയോ ഇന്ദ്ര, അവിടുന്ന്, ബന്ധുവില്ലാത്തവനും സഹായമററവനുമായ സുശ്രവസ്സെന്ന രാജാവിന്നുവേണ്ടി, യുദ്ധത്തിന്നുവന്ന ഇരുപത് ജനപദാധിപതികളെയും അവരോടൊപ്പം വന്ന അറുപതിനായിരത്തി തൊണ്ണൂററൊമ്പത് അനുചരന്മാരെയും, രഥത്തിൽ ഘടിപ്പിച്ചതും, ശത്രുക്കളാൽ അടുക്കാൻ കഴിയാത്തതുമായ ചക്രത്താൽ ആട്ടിയകററി. (അവിടുത്തെ സ്തുതിക്കുന്ന സുശ്രവസ്സിന്റെ ജയത്തിന്നുവേണ്ടി ശത്രുക്കളെ ജയിച്ചു)

10 ത്വമാവിഥ സുശ്രവസം തവോതിഭി–
സ്തവത്രാമഭിരിന്ദ്ര തൂൎവ്വയാണം
ത്വമസ്മൈ കുത്സമതിഥിഗ്വമായും
മഹേരാജ്ഞേയൂനേ അരന്ധനായഃ

അന്വയം:–

ഹേ ഇന്ദ്ര, ത്വം തവ
ഊതി–ഭിഃ — ത്വദീയൈഃ പാലനൈഃ
സു–ശ്രവസം ആവിഥ — രാജാനം രരക്ഷിഥ
(തഥാ) തൂൎവ്വയാണം — ഏതന്നാമകം രാജാനം
തവ ത്രാമ–ഭിഃ — ത്വദീയൈസ്ത്രായകൈൎബ്ബലൈഃ (ആവിഥ)
(കിഞ്ച) ത്വം മഹേ യൂനേ — മഹതേ തരുണായ
അസ്മൈ രാജ്ഞേ — സുശ്രവസേ രാജ്ഞേ

കുത്സം അതിഥി—ഗ്വം
ആയും — ത്രീൻരാജ്ഞഃ
ആരന്ധനായഃ — വശമാനയഃ

അത്ഥം—അല്ലയോ ഇന്ദ്ര, അവിടുന്ന് സ്വരക്ഷണം കൊണ്ടു് സുശ്രുവസ്സെന്ന രാജാവിനെ രക്ഷിച്ചു. അതുപോലെ തുൎവ്വയാണനെന്ന രാജാവിനെയും അവിടത്തെ രക്ഷണബലത്താൽ കാത്തു കൂടാതെ, മഹാനും യുവാവുമായ ആ സുശ്രവസ്സിന് (എതിർ നിന്നിരുന്ന) കുത്സൻ, അതിഥിഗ്വൻ, 'ആയു എന്നീ മൂന്നു രാജാക്കന്മാരെ അധീനരാക്കിക്കൊടുത്തു.

11 യ ഉദൃചീന്ദ്ര ദേവഗോപാ—
സ്സഖായസ്തേ ശിവതമാ അസാമ
ത്വാം സ്തോഷാമ ത്വയാസുവീരാ—
ദ്രാഘീയ ആയുഃ പ്രതരം ദധാനാഃ വ 16

അന്വയം:—

ഹേ ഇന്ദ്ര, യേ (വയം)
ഉൽ—ഋചി — ഉദര്‍ക്കേ, യജ്ഞസമാപ്തൌ (വത്തമാനാഃ)
ദേവ—ഗോപാഃ — ദേവൈഃ പാലിതാഃ
തേ സഖായഃ — തവസഖിവദത്യന്തം പ്രിയാഃ
(അത ഏവ) ശിവ—തമാഃ — അതിശയേന കല്യാണാഃ
അസാമ — അഭൂമ
(തേ വയം യജ്ഞസമാപ്ത്യനന്തരമപി)
ത്വാം സ്തോഷാമ — സ്തവാമ
(അസ്മാഭിസ്തുതേന) ത്വയാ
സു—വീരാഃ — ശോഭനപുത്രവന്തസ്സന്തഃ
ദ്രാഘീയഃ ആയുഃ — അതിശയേന ദീർഘം ജീവനം
പ്ര—തരം — പ്രകൃഷ്ടതരം യഥാ ഭവതി തഥാ
ദധാനാഃ — ധാരയന്തഃ (ഭൂയാസ്മ)

അൎത്ഥം—അല്ലയോ ഇന്ദ്ര, യാവരായ ഞങ്ങൾ യജ്ഞം വേണ്ടപോലെ മുഴുമിച്ചു വൎത്തിക്കുന്നവരായി, ദേവന്മാരാൽ രക്ഷിതരായി, അതുകൊണ്ടുതന്നെ മംഗളം പ്രാപിച്ചവരായി ഭവിച്ചുവോ, ആ ഞങ്ങൾ യജ്ഞം മുഴുമിച്ചശേഷവും അവിടുത്തെസ്തുതിക്കുന്നു. (കൎമ്മങ്ങൾ ചെയ്യുമ്പോൾ മാത്രമല്ല, അതു കഴിഞ്ഞാലും വിരമിക്കാതെ ഈശ്വരസ്മരണം നടത്തണം. അതിന്റെ നിരന്തരമായ *അനുസ്മൃതിയാണിവിടെ* ഉദ്ദിഷ്ടവും ഉപദിഷ്ടവുമായിട്ടുള്ളതു്.) ഞങ്ങളാൽ സ്തുതിക്കപ്പെട്ട അവിടുത്തെ കൃപകൊണ്ടു് സൽപുത്രന്മാരോടുകൂടിയവരായി, ഏററവും ദീൎഘമായ ജീവനം, ഏപ്രകാരമായാൽ ശ്രേഷ്ഠതരമാകുമോ അപ്രകാരം (സത്യധൎമ്മശാന്തിപൂൎവ്വകം) ഞങ്ങൾ ധരിക്കുമാറാകട്ടെ.

വൎഗ്ഗം 17, 18.

1 മാനോ അസ്മിൻ മഘവൻ പൃൽസ്വംഹസി
നഹിതേ അന്തശ്ശവസഃ പരീണശേ
അക്രന്ദയോ നദ്യോഽഽരോരുവദ്വനാ
കഥാനക്ഷോണീൎഭിയസാ സമാരത.

അന്വയം:—

ഹേ മഘ-വൻ, (യസ്മാൽ)
തേ ശവസഃ — തവബലസ്യ
അന്തഃ — അവസാനം
പരി–നശേ — പരിതോ വ്യാപ്തും
നഹി (ശക്യതേ) — ത്വദീയബലമതിക്രമിതും കോപിനശക്തഃ
(തസ്മാൽ ത്വം അന്തരിക്ഷേ വൎത്തമാനഃ) രോരുവൽ — അത്യൎത്ഥം ശബ്ദം കുൎവ്വൻ
നദ്യഃ വനാ — നദീഃ, തൽസംബന്ധീന്യുദകാനി (ച)
അക്രന്ദയഃ — ശബ്ദയസി

ക്ഷോണീഃ ഭിയസാ — പൃഥിവ്യുപലക്ഷിതാഃ ത്രയോലോകാഃ ത്വദ്ഭയേന
കഥാ ന സം ആരത — കഥം നസംഗച്ഛന്തേ
(ത്വദീയ ബലമവാലോക്യ ലോകത്രയം ബിഭ്യതി)
(ഏവം വിധേസതി)
അസ്മിൻ അംഹസി — പരിദൃശ്യമാനേ പാപേ
പൃൽ—സു — പൃതനാസു
നഃ മാ — അസ്മാൻ മാപ്രക്ഷൈഷഥ്സീഃ

അർത്ഥം—അല്ലയോ ധനവാനായ ഇന്ദ്ര, അവിടുത്തെ ശക്തിയുടെ അററത്തെത്തുവാൻ ആരാലും ശക്യമല്ല. (അവിടുത്തെ ബലത്തെ അതിക്രമിക്കുവാൻ ആരും ശക്തരല്ല.) അതിനാൽ അന്തരിക്ഷത്തിൽ മരുവുന്ന അവിടുന്ന് ഏററവും ശബ്ദമുണ്ടാക്കി, (ഇടിവെട്ടി) നദികളെയും അതിലെ ജലങ്ങളെയും ശബ്ദിപ്പിക്കുന്നു. ഭൂമി മുതൽ മൂന്നുലോകങ്ങളും ഭയംകൊണ്ട് അവിടുത്തോട് എങ്ങിനെ ചേരുന്നു. (അവിടുത്തെ ബലംകണ്ട് മൂന്നുലോകങ്ങളും ഭയപ്പെടുന്നു.) ഇപ്രകാരമിരിയ്ക്കേ, കാണത്തക്ക പാപത്തിൽ, പാപഫലഭൂതങ്ങളായ യുദ്ധങ്ങളിൽ ഞങ്ങളെകൊണ്ടു ചാടിക്കരുതേ. (അവിടുന്ന് ഒന്നു വിചാരിച്ചാൽ മതി, ശത്രുക്കൾ പേടിച്ചോടിപ്പോകും. അപ്പോൾ അവരുമായി യുദ്ധത്തിന്നിടവരുത്തുന്നതു് കഷ്ടമാണ്. യുദ്ധങ്ങളെല്ലാം പാപഫലഭൂതങ്ങളാണ്).

2 അച്ഛാശക്രായ ശാകിനേ ശചീവതേ
ശൃണ്വന്തമിന്ദ്രം മഹയന്നഭിഷ്ടുഹി
യോധൃഷ്ണുനാശവസാരോദസീ ഉഭേ
വൃഷാവൃഷത്വാ വൃഷഭോന്യൃഞ്ജതേ.

അന്വയം:—

(ഹേ അധ്വര്യോ,)
ശാകിനേ, ശചീ—വതേ — ശക്തിയുക്തായ പ്രജ്ഞാവതേ
ശക്രായ അച്ഛ — ഏവം വിധമിന്ദ്രം പൂജയ

(കിഞ്ചസ്തുതിഃ) ശൃണ്വന്തം — സമീചീനേയം സ്തുതിരിതി ജാനന്തം
(തം) ഇന്ദ്രം മഹയൻ — പൂജയൻ
അഭി സ്തുഹി — ആഭിമുഖ്യേനസ്തോത്രം കുരു
യഃ (ഇന്ദ്രഃ) ധൃഷ്ണുനാ ശവസാ — ശത്രൂണാം ധർഷകേണ ബലേന
ഉഭേ രോദസീ നി— ഋഞ്ജതേ — ദ്യാവാപൃഥിവ്യൗ നിതരാം പ്രസാധയതി
(സഃ ഇന്ദ്രഃ) വൃഷാ — സേചന സമർത്ഥഃ
വൃഷ—ത്വാ — വൃഷത്വേന, അനേനസേചന സാമർത്ഥ്യേന
വൃഷഭഃ — കാമാനാം വർഷിതാ

അർത്ഥം—അല്ലയോ അധ്വര്യോ, ശക്തിയുക്തനും പ്രജ്ഞാവാനുമായ ഇന്ദ്രനെപ്പൂജിക്കുക കൂടാതെ, ഈ സ്തുതി നന്ന് എന്നറിഞ്ഞു കേൾക്കുന്ന ഇന്ദ്രനെപ്പൂജിച്ച്, നേരെ സ്തോത്രം ചെയ്യുക ശത്രുകശനമായ ബലത്താൽ യാതൊരു ദേവൻ ദ്യാവാപൃഥിവികളെ (സസ്യാദികളാൽ) ഭൂഷിതകളാക്കുന്നുവോ, ആ ഇന്ദ്രൻ വർഷം പൊഴിക്കുന്നവനും, വർഷയിതൃത്വം കൊണ്ട് അഭീഷ്ടദായകനുമാകുന്നു

3 അച്ചാദിവേ ബൃഹതേ ശൂഷ്യം ʃ വചഃ—
സ്സ്വക്ഷത്രം യസ്യ ധൃഷതോ ധൃഷന്മനഃ
ബൃഹച്ഛ്രവാ അസുരോ ബർഹണാകൃതഃ
പുരോഹരിഭ്യാം വൃഷഭോരഥോഹിഷഃ

അന്വയം —

(ഹേ സ്തോതഃ,) യസ്യ
(ഇന്ദ്രസ്യ) ധൃഷതഃ — ശത്രൂൻ ധർഷയതഃ
സ്വ—ക്ഷത്രം മനഃ — സ്വതന്ത്ര ബലവന്മനഃ
ധൃഷത് — ധൃഷ്ടം ഭവതി

ഹി സഃ — സഹി, സഖല്വ ഇന്ദ്രഃ
ബൃഹൽ-ശ്രവാഃ — പ്രഭൂതയശാഃ
അസുരഃ — പ്രാണാവാ ആപഃ, താൻ രാതി, ദദാതീതി അസുരഃ
ബർഹണാ — ശത്രൂണാം നിബർഹയിതാ
ഹരി-ഭ്യാം പുരഃ കൃതഃ — അശ്വാഭ്യാം പൂജിതഃ
വൃഷഭഃ രഥഃ — കാമാനാം വർഷിതാ, രംഹണശീലഃ
(തസ്മൈ) ദിവേ ബൃഹതേ — ദീപ്തായ, മഹതേ (ഇന്ദ്രായ)
ശുഷ്യം വചഃ — സാധു, സുഖവൽ വചഃ
അച്ഛ — ഉച്ചാരയ

അൎത്ഥം-അല്ലയോ സ്തോതാവേ, യാതൊരു ദേവൻെറ, ശത്രുക്കളെ അമൎത്തുന്നതും ആത്മബലത്തോടുകൂടിയതുമായ മനസ്സ് ഊക്കേറിയതാണോ, ആ ഇന്ദ്രൻ അത്യന്തം യശസ്വിയും പ്രാണരൂപമായ ജലത്തെത്തരുന്നവനും, ഹരികളെന്ന കുതിരകളും മുൻ നടക്കുന്നവനും, (കുതിരകളാൽ പൂജിതനും) കാമവൎഷിതാവും (എപ്പോഴും) ഗമനശീലനുമാകുന്ന ദീപ്തനും മഹാനുമായ ആ ഇന്ദ്രന് സുഖവത്തായ നല്ല സ്തോത്രം ചൊല്ലുക.

4 ത്വം ദിവോ ബൃഹതഃ സാനു കോപയോ-
വ തമനാ ധൃഷതാ ശംബരം ഭിനൽ
യന്മായിനോ വ്രന്ദിനോ മന്ദിനാ ധൃഷ-
ച്ഛിതാം ഗഭസ്തി മശനിം പൃതനൃസി.

അന്വയം:-

യൽ വ്രന്ദിനഃ മായിനഃ — യദാ സമൂഹവതഃ മായാവിനഃ അസുരാൻ
മന്ദിനാ ധൃഷൽ — ഹൎഷേണ, ധൃഷതാ, പ്രാഗത്ഭ്യം പ്രാപ്നുവതാ മനസായുക്തഃ (ത്വം)

ശിതാം ഗഭസ്തിം അശനിം — തീക്ഷ്ണീകൃതം, രശ്മിവൽ വജ്രം
പൃതന്യസി — താനസുരാൻജേതും പൃതനാത്രുപേണ പ്രേരയസി
(തദാനീംഹേഇന്ദ്ര) ത്വം
ബൃഹതഃ ദിവഃ — മഹതഃദ്യുലോകസ്യ
സാനു കോപയഃ — സമുച്ഛ്രിതമുപരി പ്രദേശം അകമ്പയഃ
ധൃഷതാ ത്മനാ — ശത്രൂണാംധർഷയിത്രാ ആത്മനാ സ്വയമേവ
ശംബരം അവ ഭിനൽ — അവധീഃ

അർത്ഥം—എപ്പോഴാം കൂട്ടം കൂടിവന്ന മായാവികളായ അസുരന്മാരുടെ നേർക്ക്, സന്തുഷ്ടവും, ആരെയും ക്രൂസാത്തുമായ മനസ്സോടുകൂടിയ അവിടുന്ന്, മൂർച്ചയുള്ളതും, തീപ്പൊരി ചിതറുന്നതുമായ വജ്രം (ഇടിമിന്നൽ) അയച്ചുവോ (അസുരന്മാരെ ജയിക്കാൻ യുദ്ധത്രൂപേണ പ്രേരിപ്പിക്കുന്നുവോ) അപ്പോഴം ഇന്ദ്ര, അവിടുന്ന് മഹത്തായ ദ്യുലോകത്തിന്റെ മുകൾപ്രദേശത്തെ വിറപ്പിച്ചു ശത്രുക്കളെ ക്രൂസാത്ത ആത്മാവുകൊണ്ടു് തന്നെത്താൻ ശംബരനെന്ന അസുരനെ വധിച്ചു.

5 നിയദ്വൃണക്ഷിശ്വസനസ്യമൂർധനി
ശുഷ്ണസ്യ ചിദ്വ്രന്ദിനോരോരുവദ്വനാ
പ്രാചീനേന മനസാ ബർഹണാവതാ
യദദ്യാചിൽ കൃണവഃ കസ്ത്വാപരി വ 17

അന്വയം —

(ഹേ ഇന്ദ്ര, ത്വം)
രോരുവൽ — മേഘൈരത്യർഥം ശബ്ദയൽ
ശ്വസനസ്യ — വായോഃ
വ്രന്ദിനഃ — സ്വകിരണൈഃ ആദ്രഫലാദീൻ മൂദുഭാവം പ്രാപയതഃ

ശുഷ്ണസ്യ ചിൽ	—	രസാനാം ശോഷയിതു രാദിത്യസ്യാപി
മൂർധനി	—	ഉപരിപ്രദേശേ
വനാ	—	വനാനി, ഉദകാനി
യൽ നി വൃണക്ഷി	—	യസ്മാൽ ആവജ്ജയസി, പ്രാപയസി
പ്രാചീനേന	—	അപരാങ്മുഖേന
ബർഹണാ-വതാ മനസാ	—	ഹിംസാവതാ മനസാ (യുക്തസ്ത്വം)
യൽ അദ്യ ചിൽ	—	യസ്മാൽ അദ്യാപി
കൃണവഃ	—	ഘർമ്മകാലേ സൂര്യസ്യോപരിഭൌമാൻ രസാൻ അവസ്ഥാപയസി
(യസ്മാദേതൽ കുരുഷേ തസ്മാൽ) ത്വാ	—	ത്വാം
പരി	—	ഉപരി
കഃ വർത്തതേ	—	ന കോപീത്യർത്ഥഃ (ത്വമേവസർവ്വാധികഃ)

അർത്ഥം—അല്ലയോ ഇന്ദ്ര, അവിടുന്ന് മേഘങ്ങളാൽ ഉറക്കെ ശബ്ദിച്ച് വായുവിൻെറ (വായുമണ്ഡലത്തിൻെറ)യും, മാങ്ങ മുതലായ കായ്കളെ സ്വരശ്മികളാൽ പഴുപ്പിക്കുന്നവനും, രസങ്ങൾക്ക് ശോഷപരിണാമം വരുത്തുന്ന വനമായ സൂര്യൻെറ (സൂര്യമണ്ഡലത്തിൻെറ) യും മുകളിൽ വെള്ളമെത്തിക്കുന്ന മുഖം തിരിയ്ക്കാത്തതും, ശത്രുക്കളെ അമർത്തുന്നതുമായ മനസ്സോടു കൂടിയ അവിടുന്നു, ഉഷ്ണകാലത്ത് സൂര്യന്ന് മുകളിൽ ഭൂമിയിലെ രസങ്ങളെ സ്ഥാപിയ്ക്കുന്നു ഇതൊക്കെച്ചെയ്യുന്നതിനാൽ, അവിടേയ്ക്കു മേലേ ആരുണ്ട്? ആരുമില്ല അവിടുന്ന് സർവ്വാധികനാകുന്നു

6 ത്വമാവിഥനര്യം തുർവ്വശംയദും

ത്വം തുർവ്വീതിം വയ്യം ശതക്രതോ

ത്വം രഥമേതശംകൃത്വ്യേ ധനേ

ത്വം പുരോ നവതിം ദംഭയോ നവ

അന്വയം—

(ഹേ, ഇന്ദ്ര,) ത്വം നര്യം
തുർവ്വശം യദും — ത്രീൻരാജ്ഞഃ
ആവിഥ — ററക്ഷിഥ
ഹേ ശത—ക്രതോ, ത്വം — ബഹുവിധകർമ്മൻ, ത്വം
വയ്യം തുർവ്വീതിം — വയ്യകലജാതം തുർവ്വീതി
നാമാനം രാജാനം (ആവിഥ)

(അപിച) ത്വം രഥം
ഏതശം — ഋഷീ
ധനേ കൃത്യേ — ധനനിമിത്തേ സംഗ്രാമേ
കർത്തവ്യേസതി (ആവിഥ)

(തഥാ) ത്വം (ശംബരസ്യ)
നവതിം നവ പുരഃ — നവോത്തര നവതി
സംഖ്യാകാനി പുരാണി
ദംഭയഃ — വ്യനീനശഃ

അർത്ഥം—അല്ലയോ ഇന്ദ്ര, അവിടുന്ന് നര്യൻ, തുർവ്വശൻ, യദു എന്നീ മൂന്നു രാജാക്കന്മാരെ രക്ഷിച്ചു അല്ലയോ ബഹുകർമ്മയുക്ത, അവിടുന്ന് വയ്യകലത്തിൽ പിറന്ന തുർവ്വീതി എന്ന രാജാവിനെയും രക്ഷിച്ചു കൂടാതെ, ധനനിമിത്തമായ യുദ്ധം ചെയ്യേണ്ടി വന്നപ്പോഴ് രഥൻ, ഏതശൻ എന്നീ രണ്ടു ഋഷിമാരെ രക്ഷിച്ചു അതുപോലെ അവിടുന്ന് ശംബരന്റെ തൊണ്ണൂറെറാമ്പതു നഗരങ്ങളെ നശിപ്പിച്ചു.

7 സ്വാ രാജാസത്പതിശ്ശൂശുവജ്ജനോ
രാതഹവ്യഃ പ്രതിയശ്ശാസമിന്വതി
ഉക്ഥാവ്വായോ അഭിഗൃണാതിരാധസാ
ദാനുരസ്മാ ഉപരാപിന്വതേദിവഃ

അന്വയം:—

യഃ (ഇന്ദ്രം) പ്രതി രാത—	
ഹവ്യഃ	— ദത്തഹവിഷ്കസ്സൻ
ശാസം ഇന്വതി	— സ്തുതിം വ്യാപ്നോതി
ഉക്ഥാ വാ	— ഉക്ഥാനി, ശസ്ത്രാണിവാ
യഃ (സ്തോതാ) രാധസാ	— ഹവിർല്ലക്ഷണാന്നേന സഹ
അഭി—ഗൃണാതി	— തസ്യാഭിമുഖീകരണായ ശംസതി
സഃ ഘ ജനഃ	— സഖല്വജാതഃ
രാജാ സൽ—പതിഃ	— രാജമാനഃ, സതാംപതിഃ യജമാനഃ
ശൂശുവൽ	— ആത്മാനം വർദ്ധയതി
അസ്മൈ (സ്തോത്രേ)ദാനഃ	— അഭിമതഫലപ്രദാതാ ഇന്ദ്രഃ
ഉപരാ	— ഉപരാൻ, മേഘാൻ
ദിവഃ (സകാശാൽ)	
പിന്വതേ	— സേചയതി, ദോഗ്ധി

അർത്ഥം—ഏതൊരുത്തൻ ഇന്ദ്രനെ ഉദ്ദേശിച്ച് ഹവിസ്സർപ്പിച്ച് സ്തുതി മുഴക്കുന്നുവോ, അല്ലെങ്കിൽ ഉക്ഥങ്ങളും, ശസ്ത്രങ്ങളും ചൊല്ലുന്നുവോ, ഏതു ഹോതാവ് ഹവിസ്സോട്ടുകൂടി അവിടത്തെ നേരിൽ കാൺമാൻ വേണ്ടി സ്തുതിക്കുന്നുവോ, ആ ജനം ശോഭമാനനും, സത്തുക്കളുടെ രക്ഷകനായ യജമാനനുമായി സ്വാത്മാവിനെ വർദ്ധിപ്പിക്കുന്നു. ആ സ്തോതാവിന്ന് അഭീഷ്ടപ്രദനായ ഇന്ദ്രൻ ദ്യോവിൽ നിന്ന് മേഘങ്ങളെ വിട്ട് മഴ പെയ്യിക്കുന്നു.

8 അസമം ക്ഷത്രമസമാമനീഷാ
പ്രസോമപാ അപസാസന്തുനേമേ
യേത ഇന്ദ്രദദുഷോവർദ്ധയന്തി
മഹിക്ഷത്രം സ്ഥവിരം വൃഷ്ണ്യം ച.

അന്വയം:—

(ഇന്ദ്രസ്യ) ക്ഷത്രം — ബലം
അസമം — നകേനചിൽ സമം, സർവ്വാധികം
(തഥാ) മനീഷാ അസമാ — ബുദ്ധിഃ (ച) നകസ്യാപി സമാനാ
ഹേ ഇന്ദ്ര, തേ — തവ
ദധുഷഃ യേ — ഹവിർദ്ദത്തവന്തഃ യേ
(ത്വദീയം) മഹി ക്ഷത്രം — മഹൽബലം
സ്ഥവിരം വൃഷ്ണ്യം ച — പ്രവൃദ്ധം സ്ഥൂലം; വൃഷത്വം പുംസ്ത്വം
വർദ്ധയന്തി — പ്രവൃദ്ധം കുർവ്വന്തി
നേമേ സോമ—പാഃ — ഏതേ സോമസ്യപാതാരഃ യജമാനാഃ
അപസാ പ്ര സന്തു — കർമ്മണാ പ്രവൃദ്ധാ ഭവന്തു

അർത്ഥം—ഇന്ദ്രന്റെ ബലം അതുല്യമാകുന്നു., ആരും സമബലനായിട്ടില്ല, സർവ്വാധികബലനാകുന്നു അവിടുന്ന്. അവിടത്തെ ബുദ്ധിയും കിടയററതാകുന്നു. (ആ ബുദ്ധി ചെല്ലാത്ത വിഷയമില്ല) അല്ലയോ ഇന്ദ്ര, അവിടേയ്ക്കു് ഹവിസ്സർപ്പിക്കുന്ന ഏവർ, അവിടത്തെ മഹത്തായ ബലത്തെയും പ്രവൃദ്ധമായ പൌരുഷത്തെയും കൂടുതൽ വർദ്ധിപ്പിക്കുന്നുവോ, ആ സോമപായികൾ കർമ്മങ്ങളാൽ പ്രവൃദ്ധന്മാരാവട്ടെ (കർമ്മപ്രവൃദ്ധിയാണു് ഇവിടെ പ്രാർത്ഥിതം. ധനാദികൾ പ്രാർത്ഥിതങ്ങളായ ഇടങ്ങളിലും അവ സാധനമാണു്. സാദ്ധ്യം ധർമ്മാനുഷ്ഠാനമാകുന്നു)

9 തുഭ്യേദേതേ ബഹുലാ അദ്രിദുഗ്ധാ—
ശ്ചമൂഷദശ്ചമസാ ഇന്ദ്രപാനാഃ
വ്യശ്നുഹി തർപ്പയാ കാമമേഷാ—
മഥാ മനോ വസു... കൃഷ്വ

അന്വയം:—

(ഹേ ഇന്ദ്ര,) തുഭ്യേ ഇൽ	— തുഭ്യമേവ
ചമസാഃ ബഹ്വലാഃ	— സോമാഃ പ്രഭൃതാഃ
അദ്രി—ദുഗ്ധാഃ	— അദ്രിഭിഃ, ഗ്രാവഭിഃ അഭിഷുതാഃ
ചമൂ—സദഃ	— ചമസേഷ്വവസ്ഥിതാഃ
ഇന്ദ്ര—പാനാഃ	— ഇന്ദ്രസ്യ പാനേന സുഖകരാഃ
ഏതേ (സോമാഃ ത്വദത്ഥം സമ്പാദിതാഃ.)	
(അതഃ ത്വം താൻ)	
വി അശ്നുഹി	— വ്യാപ്നുഹി
(വ്യാപ്യ ച) ഏഷാം	
കാമം	— ത്വദീയാനാം ഇന്ദ്രിയാണാ മഭിലാഷം
(തൈഃ) തപ്പ്‌യ	— പൂരയ
അഥ വസു—ദേയായ്	— അസ്മഭ്യമഭിമതധനപ്രദാനായ
(ത്വദീയം) മനഃ കൃഷ്വ	— കരുഷ്വ

അത്ഥം—അല്ലയോ ഇന്ദ്ര, അവിടേയ്ക്കുവേണ്ടിത്തന്നെയാണു് സോമങ്ങൾ ധാരാളമായി സംസ്കരിച്ചു്, മരികകളിൽ പകൎന്നു്, ഇന്ദ്രന്നു് കുടിക്കാൻ സുഖമേകുന്നവയായി ഒരുക്കിയിരിക്കുന്നതു്. അവിടുന്നു് അവയെ പ്രാപിച്ചാലും (സ്വീകരിച്ചാലും) വ്യാപിച്ചു് അവിടത്തെ ഇന്ദ്രിയങ്ങളുടെ അഭിലാഷം പൂരിപ്പിച്ചാലും. അനന്തരം ഞങ്ങൾക്കു് ധനപ്രദാനത്തിന്നു് മനസ്സു വെച്ചാലും.

10 അപാമതിഷ്ഠദ്ധരുണഹ്വരംതമോ
ന്തർവൃത്രസ്യജഠരേഷുപർവ്വതഃ
അഭീമിന്ദ്രോനദ്യോവവ്രിണാഹിതാ
വിശ്വാഅനുഷ്ഠാഃപ്രവണേഷുജിഘ്നതേ

അന്വയം —

അപാം ധരുണ—ഹ്വരം	— വൃഷ്ട്യുദകാനാം ധാരാനിരോധകം
തമഃ അതിഷ്ഠൽ	— അന്ധകാരം വ്യാപ്തം
വൃത്രസ്യ ജഠരേഷു	— ലോകത്രയാവരിത്രസ്യരസ്യ ഉദരപ്രദേശേഷു
അന്തഃ പർവ്വതഃ	— മദ്ധ്യേപർവ്വവാൻ, മേഘഃ (അഭൂൽ)

(തമോരൂപേണ വൃത്രേണമേഘസ്യാവൃതത്വാൽ വൃഷ്ട്യുദകം അപ്യാവൃതം)

ഈം നദ്യഃ	— ഇമാഃ പൂർവ്വോക്താഃ നദനശീലാഃ ആപഃ
വവ്രിണാ	— ആവരകേനവൃത്രേണ
ഹിതാഃ	— പിഹിതാഃ
വിശ്വാഃ	— വ്യാപിനീഃ
അനു—സ്ഥാഃ	— അനുക്രമേണതിഷ്ഠന്തീഃ (ആപഃ)
ഇന്ദ്രഃ പ്രവണേഷു	— നിമ്നേഷു ഭൂപ്രദേശേഷു
അതി ജിഘ്നതേ	— അതിഗമയതി

അർത്ഥം—മഴവെള്ളത്തിന്റെ പെയ്ത്തിനെ തടയുന്ന ഇരുട്ട വ്യാപിച്ചു മേഘങ്ങളും വൃത്രന്റെ ഉദരമദ്ധ്യത്തിൽപെട്ടു തമോരൂപനായ വൃത്രനാൽ മേഘം മറയ്ക്കപ്പെട്ടപ്പോൾ മഴവെള്ളവും മറയ്ക്കപ്പെട്ടു (തടസ്സപ്പെട്ടു) അതിന്റെ ധാരമുറിഞ്ഞു മറയ്ക്കുന്ന വൃത്രനാൽ മൂടപ്പെട്ട് ഈ ജലങ്ങളും ഗമനശീലങ്ങളെങ്കിലും ക്രമേണ നില്ക്കുന്നവയായി. ഇന്ദ്രൻ ആ ജലങ്ങളെ താഴ്ന്ന ഭൂപ്രദേശങ്ങളിലേയ്ക്ക് ഇറക്കിവിടുന്നു

11 സശേവൃധമധിധാദ്യുമ്നമസ്മേ
മഹിക്ഷത്രംജനാഷാളിന്ദ്രതവ്യം.
രക്ഷാചനോമഘോനഃപാഹിസൂരീ
ന്റായേചനസ്സ്വപത്യാഇഷേധാഃ വ. 18

അന്വയം:—

ഹേ ഇന്ദ്ര, സഃ (ത്വം)	
അസ്മേ	— അസ്മാസു
ശം-വൃധം ദ്യുമ്നം	— രോഗാണാം ശമനേസതിയൽ വർദ്ധതേ താദൃശംസുഖം (യശഃ)
(തഥാ) മഹി	— മഹൽ
ജനാഷാട്ട് തവ്യം	— ശത്രുജനാൻ അഭിഭവിത്രു, പ്രവൃദ്ധം
ക്ഷത്രം	— ബലം (ച)
അധി ധാഃ	— അധിനിധേഹി
(കിഞ്ച) നഃ മഘോനഃ	— അസ്മാൻ ധനവതഃ (കൃത്വാ)
രക്ഷ	— പാലയ
സൂരീൻ പാഹി	— വിദ്വഷോന്ന്യാനപി പാലയ
(തഥാ) രായേ ച	— ധനായച
സ്വ-അപത്യൈ ഇഷേ ച	— ശോഭനപുത്ര യുക്തായ അന്നായച
നഃ ധാഃ	— അസ്മാൻധേഹി, സ്ഥാപയ

അർത്ഥം—അല്ലയോ ഇന്ദ്ര, ഞങ്ങളിൽ അനർത്ഥപരിഹാരം കൊണ്ടു് (രോഗാദി നിവാരണം കൊണ്ടു്) വർദ്ധിച്ചു സുഖവും, (യശസ്സും) മഹത്തും ശത്രുജയവും വർദ്ധിച്ചതുമായ ബലവും ഉളവാക്കിയാലും. പിന്നെ, ഞങ്ങളെ ധനവാന്മാരാക്കി പാലിച്ചാലും. മററു വിദ്വാന്മാരെയും രക്ഷിച്ചാലും. അതുപോലെ ധനവും സൽപുത്രന്മാരോടുകൂടിയ സുരക്ഷിതത്വവും (അന്നവും) ഞങ്ങളിൽ ഉറപ്പിച്ചാലും.

വർഗ്ഗം 19 20—ജഗതീച്ഛന്ദഃ

1 ദിവശ്ചിദസ്യ വരിമാവിപപ്രഥ—
ഇന്ദ്രംനമഹ്നാ പൃഥിവീചനപ്രതി
ഭീമസ്തുവിഷ്മാഞ്ചർഷണിഭ്യ ആതപ—
ശ്ശിശീതേ വജ്രം തേജസേ നവംസഗഃ

അന്വയം.—

അസ്യ (ഇന്ദ്രസ്യ) വരിമാ — ഉരുത്വം പ്രാഭവം
ദിവഃ ചിൽ വി
പപ്രഥേ — ദ്യുലോകാദപി വിസ്തീർണ്ണം ബഭൂവ
പൃഥിവീ ചന മഹ്നാ — പൃഥിവ്യപി ച മഹിമ്നാ മഹത്വേന
ഇന്ദ്രം ന പ്രതി (ഭവതി) — പ്രതിനിധിർന്നഭവതി
(തതോപി സ ഗരീയാൻ)
ഭീമഃ, തുവിഷ്മാൻ — ശത്രൂണാം ഭയങ്കരഃ ബലവാൻ
ചർഷണി–ഭ്യഃ ആ–തപഃ — സ്തോതൃഭ്യഃ, തേഷാം അർത്ഥായ ശത്രൂണാം ആസമന്താൽ താപകാരീ
(സഃ ഇന്ദ്രഃ) വജ്രം
തേജസേ — തൈക്ഷ്ണ്യായ
വംസഗഃ ന — വൃഷഭഃ യഥാസ്വശൃംഗേ യുദ്ധാർത്ഥം തീക്ഷ്ണീ കരോതി തഥാ
ശിശീതേ — തീക്ഷ്ണീകരോതി

അർത്ഥം—ഇന്ദ്രന്റെ വലിപ്പം, പ്രാഭവം സ്വർഗ്ഗത്തേക്കാൾ വിസ്തീർണ്ണമാണ് മഹത്വംകൊണ്ട് ഭൂമിയും അവിടത്തെ പ്രതിനിധീകരിക്കുന്നില്ല അതിലും എത്രയോ വലുതാണ് അവിടത്തെ പ്രഭാവം ശത്രുക്കൾക്ക ഭയങ്കരനും, ശക്തിമാനും, സ്തോതാക്കൾ (ഉപാസകർ)ക്കുവേണ്ടി ശത്രുക്കളെ മുറ്റും തപിപ്പിക്കുന്നവനുമായ ആ ഇന്ദ്രൻ, തന്റെ വജ്രായുധം തീക്ഷ്ണതയ്ക്കുവേണ്ടി, പോരിന്നുവേണ്ടി, കാള തന്റെ കൊമ്പുകൾ ഉരച്ച് മൂർച്ചകൂട്ടുന്നപോലെ മൂർച്ചകൂട്ടുന്നു

2 സോ അർണ്ണവോ ന നദ്യസ്സമുദ്രിയഃ
പ്രതിഗൃഭ്ണാതി വിശ്രിതാ വരീമഭിഃ
ഇന്ദ്രസ്സോമസ്യ പീതയേ വൃഷായതേ
സനാൽ സ യുധ്മ ഓജസാ പനസ്യതേ

അന്വയം:—

സഃ (ഇന്ദ്രഃ) സമുദ്രിയഃ — അന്തരിക്ഷഭവസ്സൻ
വരീമ—ഭിഃ വി—ശ്രിതാഃ — സ്വകീയൈഃ ഉരുത്വൈഃ വ്യാപ്താഃ
നദ്യഃ — നദീഃ, ശബ്ദകാരിണീഃ വൃത്രേണാവൃതാഃ ആപഃ
അർണ്ണവഃ ന പ്രതി ഗൃഭ്ണാതി — സമുദ്ര ഇവ സ്വീകൃത്യവവർഷ
(സച) ഇന്ദ്രഃ സോമസ്യ
പീതയേ — പാനായ
വൃഷ—യതേ — വൃഷ ഇവാചരതേ, ഹർഷയുക്തോ വർത്തതേ
(തഥാ) സഃ യുധ്മഃ — യോദ്ധാ
സനാൽ — ചിരാദേവ
ഓജസാ — ബലകൃതേന വൃത്രവധാദിരൂപേണ കർമ്മണാ
പനസ്യതേ — സ്തോത്രമിച്ഛതി

അർത്ഥം—ആ ഇന്ദ്രൻ അന്തരിക്ഷവർത്തിയായി തന്റെ പ്രാഭവങ്ങൾ കൊണ്ട് വ്യാപ്തകളും, വൃത്രനാൽ വഴിമുടക്കിയവയുമായ നദികളെ (ജലങ്ങളെ) സമുദ്രം എന്ന പോലെ സ്വീകരിച്ച് വർഷിച്ചു. (മഴയായി ഒഴുക്കി) ആ ഇന്ദ്രൻ സോമപാനത്തിനുവേണ്ടി ഒരു മൂരിയെപ്പോലെ മത്തുപിടിച്ച് പെരുമാറുന്നു. ആ ഇന്ദ്രൻ യോദ്ധാവായി തന്റെ ബലംകൊണ്ട് നടത്തിയ വൃത്രവധം മുതലായ കർമ്മങ്ങളെക്കുറിച്ച് (ഉപാസകരുടെ) സ്തുതി കേൾക്കാൻ എത്രയോ കാലമായി ഇച്ഛിക്കുന്നു.

3 ത്വം തമിന്ദ്രപർവ്വതം നഭോജസേ
മഹോനൃമ്ണസ്യ ധർമ്മണാമിരജ്യസി
പ്രവീര്യേണ ദേവതാതിചേകിതേ
വിശ്വസ്മാ ഉഗ്രഃ കർമ്മണേ പുരോഹിതഃ

അന്വയം:—

ഹേ ഇന്ദ്ര, ത്വം ഭോജസേ	—	ഭോജനായ
പർവ്വതം	—	പർവ്വവന്തം, തം മേഘം
ന (അകാർഷീഃ)	—	നഹിഹതവാനേതം (ഇന്ദ്രോഹി വർഷണായ മേഘം വജ്രേണഹന്തി)
(തഥാ) മഹഃ നൃമ്ണസ്യ	—	മഹതഃ ധനസ്യ
ധർമ്മണാം	—	ധാരയിതൄണാം കുബേരാദീനാം
ഇരജ്യസി	—	ഈശിഷേ
(സഃ ഇന്ദ്രഃ) ദേവതാ	—	ദേവതാഃ
വീര്യേണ അതി	—	അതിശയിതഃ ഇതി
പ്ര ചേകിതേ	—	അസ്മാഭിർജ്ഞാതഃ
(സച) ഉഗ്രഃ	—	ഉദ്ഗൂർണ്ണഃ
വിശ്വസ്മൈ കർമ്മണേ	—	സർവ്വസ്മൈ (വൃത്രവധാദി രൂപായ) കർമ്മണേ
(ദേവൈഃ) പുരഃ—ഹിതഃ	—	പുരസ്താദവസ്ഥാപിതഃ

അർത്ഥം—അല്ലയോ ഇന്ദ്ര, അവിടുന്ന് മേഘത്തെ ഹനിക്കുന്നതു് അവിടേയ്ക്കനുഭവിക്കാൻവേണ്ടിയല്ല, വർഷണത്തിന്ന് വേണ്ടിയാണ്. (തിന്നാൻവേണ്ടി മനുഷ്യർ ജന്തുക്കളെക്കൊല്ലുന്നപോലെയല്ല.) അവിടുന്ന മഹത്തായ ധനം ധരിക്കുന്ന കുബേരാദികളുടെ ഈശനാകുന്നു. ആ ഇന്ദ്രൻ സ്വവീര്യത്താൽ എല്ലാദേവതകളെയും അതിശയിച്ചവനാണെന്ന് ഞങ്ങൾക്കറിയാം. ഊക്കനായ അവിടുന്ന് വൃത്രവധം മുതലായ എല്ലാകർമ്മത്തിന്നും ദേവന്മാരാൽ മുമ്പിൽ നിർത്തപ്പെട്ടിരിക്കുന്നു.

4 സഇദ്വനേ നമസ്യുഭിർവ്വചസ്യതേ
ചാരു ജനേഷു പ്രബ്രുവാണ ഇന്ദ്രിയം
വൃഷാഛന്ദുർഭവതി ഹര്യതോവൃഷാ
ക്ഷേമേണ ധേനാം മഘവായദിന്വതി

അന്വയം—

സഃ ഇൽ വനേ — സ ഏവേന്ദ്രഃ അരണ്യേ
നമസ്യ—ഭിഃ വചസ്യതേ — നമസാ സ്തോത്രേണ പൂജയിതൃഭിഃ ഋഷിഭിഃ സ്തൂയതേ
(സച ഇന്ദ്രഃ ആത്മീയേഷു)
ജനേഷു — ഉപാസകേഷു
ഇന്ദ്രിയം പ്ര-ബ്രുവാണഃ
ചാരു — സ്വവീര്യം പ്രകടയൻ വൎത്തതേ
(കിഞ്ച) വൃഷാ — കാമാനാം വൎഷകഃ (ഇന്ദ്രഃ)
വൃഷാ — ഹവിഷാം വൎഷയിതാ, ഹവിൎദ്ദാതാ
മഘ—വാ — ധനവാൻ (യജമാനഃ)
ക്ഷേമേണ — ഇന്ദ്രകൃതേന രക്ഷണേനയുക്തസ്സൻ
യൽ ധേനാം ഇന്വതി — യദാസ്തുതിലക്ഷണാം വാചം പ്രേരയതി
(തദാനീം) ഹൎയ്യതഃ — പ്രേപ്സാവതഃ, ഇയക്ഷതഃ (ഇയക്ഷതാം പുരുഷാണാം യാഗേ)
ഛന്ദുഃ ഭവതി — ഉപച്ഛന്ദയിതാഭവതി

അൎത്ഥം—ആ ഇന്ദ്രൻ തന്നെ കാട്ടിൽ, സ്തോത്രനമസ്കാരങ്ങളെക്കൊണ്ടു് പൂജിക്കുന്ന ഋഷികളാൽ സ്തുതിക്കപ്പെടുന്നു. ആ ഇന്ദ്രൻ തന്നെ തന്റെ ഉപാസകരായ സ്വകീയജനങ്ങളിൽ സ്വമാഹാത്മ്യം പ്രകടിപ്പിച്ചു് നല്ലപോലെ വൎത്തിക്കുന്നു (ശത്രുക്കളുടെ നേരെയുള്ള ക്രൂരതപോലെ മിത്രങ്ങളുടെമേൽ സൌമനസ്യത്തോടുകൂടി) കൂടാതെ, അഭീഷ്ടവൎഷകനായ അവിടന്നു്, ഹവിൎദ്ദാതാവും ധനവാനുമായ (ധനം യാഗത്തിന്നു പിശുക്ക കൂടാതെ ചിലവു ചെയ്യുന്ന) യജമാനൻ ഇന്ദ്രനാൽ രക്ഷിതനായി ക്ഷേമത്തോടുകൂടി എപ്പോൾ സ്തോത്രം ചെയ്യുന്നുവോ, അപ്പോൾ യജ്ഞാഭിലാഷിയായ ആ യജമാനനെ അഭിനന്ദിക്കുന്നവനായി ഭവിക്കുന്നു.

5 സഇന്മഹാനിസമിഥാനിമജ്മനാ

കൃണോതിയുധ്മഓജസാജനേഭ്യഃ

അധാചനശ്രദ്ദധതിത്വിഷീമത

ഇന്ദ്രായവജ്രംനിഘനിഘ്നതേവധം വ 19

അന്വയം —

സഃ ഇൽ യുധ്മഃ	— സ ഏവ ഇന്ദ്രഃ യോദ്ധാ
മഹാനി സം-ഇഥാനി	— മഹതഃ സംഗ്രാമാൻ
മജ്മനാ ഓജസാ	— സർവസ്യശോധകേനബലേന
ജനേഭ്യഃ കൃണോതി	— സ്തോതൃജനാർത്ഥം കരോതി
(യദാഇന്ദ്രഃ) വധം	
വജ്രം (മേഘേഷു)	— ഹനനസാധനം
നി-ഘനിഘ്നതേ	— നിഹന്തി
അധ ചന	— അനന്തരമേവ
ത്വിഷി-മതേ ഇന്ദ്രായ	— ദീപ്തിമതേ ഇന്ദ്രായ
(സർവേജനാഃ) ശ്രൽ	
ദധതി	— ശ്രത്ഇതി സത്യനാമ, ഇന്ദ്രോ മഹാൻ ഇതിയദുച്യതേതൽ സത്യമേവേതി പ്രതിപദ്യന്തേ

അർത്ഥം—ആ ഇന്ദ്രൻ തന്നെ യോദ്ധാവായി പെരുത്ത പോരിൽ സർവ്വശോധകമായ ബലംകൊണ്ടു് ഉപാസകരായ സ്തോതാക്കൾക്കുവേണ്ടി പൊരുതുന്നു എപ്പോഴം ഇന്ദ്രൻ വധായുധമായ വജ്രം മേഘങ്ങളിൽ അടിച്ചേല്പിക്കുന്നു, അപ്പോഴം പ്രകാശമാനനായ ഇന്ദ്രനെ എല്ലാ ജനങ്ങളും ശ്രദ്ധിക്കുന്നു അതായതു്, ഇന്ദ്രൻ മഹാനാണെന്ന ചൊല്ലു് സത്യമാണെന്നു് എല്ലാവരും പറയുന്നു

6 സഹിശ്രവസ്യുസ്സദനാനി കൃത്രിമാ

ക്ഷ്മയാവൃധാന ഓജസാ വിനാശയൻ

ജ്യോതീംഷി കൃണ്വന്നവൃകാണിയജ്യവേ—

വസുക്രതുസ്സർത്തവാ അപസ്സൃജൽ

അന്വയം:—

ശ്രവസ്യുഃ	— യശഃ ആത്മന ഇച്ഛൻ
കൃത്രിമാ	— കൃത്രിമാണി ക്രിയയാനിർവൃത്താനി
സദനാനി	— അസുരപുരാണി
ഓജസാ	— ശത്രൂണാം അഭിഭവിത്രാ ബലേന
വി—നാശയൻ	— നാശയൻ
ക്ഷ്മയാ വൃധാനഃ	— ഭൂമ്യാസമാനം വർദ്ധനശീലഃ
ജ്യോതീംഷി	— സൂര്യാദീനി, വൃത്രേണാവൃതാനി
അവൃകാണി കൃണ്വൻ	— വൃകേണാവരകേണരഹിതാനി കുർവ്വൻ
സു—ക്രതുഃ സഃ ഹി (ഇന്ദ്രഃ)	— ശോഭനകർമ്മസഹിതഃ
യജ്യവേ	— യഷ്ട്രേ, യജമാനായ (താദർത്ഥ്യം)
സത്രാവൈ	— സരണായ
അപഃ അവ സൃജത്	— വൃഷ്ടിം കൃതവാൻ

അർത്ഥം—യശോഭിലാഷിയും, കൃത്രിമങ്ങളായ (മായാനിർമ്മിതങ്ങളായ) അസുരനഗരങ്ങളെ ശത്രുജയമായ ബലത്തോടുകൂടി നശിപ്പിക്കുന്നവനും, വൃത്രനാൽ മറയ്ക്കപ്പെട്ട സൂര്യാദിജ്യോതിസ്സുകളെ മറനീക്കി തെളിയിച്ച് സൽക്കർമ്മവാനുമായ ആ ഇന്ദ്രൻ, യഷ്ടാവിന്ന് (യജമാനന്ന്) വേണ്ടി മഴവെള്ളങ്ങളെ ഒഴുക്കാനായി വിട്ടു.

7 ദാനായ മനസ്സോമപാവന്നസ്തുതേ—
ർവ്വാഞ്ചാഹരീ വന്ദനശ്രുദാ കൃധി
യമിഷ്ഠാസസ്സാരഥയോയ ഇന്ദ്രതേ
നത്വാകേതാ ആദഭ്നുവന്തി ഭൂർണ്ണയഃ

അന്വയം:—

ഹേ സോമ—പാവൻ,	— സോമസ്യ പാതഃ, (ഇന്ദ്ര,)
തേ മനഃ	— ത്വദീയം മനഃ
ദാനായ സന്തു	— അസ്മദഭിമതഫലപ്രദാനായ ഭവതു.

ഹേ വന്ദന-ശ്രുത്, — വന്ദനാനാം, സ്തുതീനാം ശ്രോതഃ
തേ ഹരീ — ത്വദീയാവശ്വൌ
അർവ്വാഞ്ചാ — അസ്മദ്യജ്ഞാഭിമുഖൌ
ആ കൃധി — ആഭിമുഖ്യേന കുരു
ഹേ ഇന്ദ്ര, തേ — തവ (സ്വഭൃതാഃ)
യേ സാരഥയഃ
(സന്തിതേ) യമിഷ്ഠാസഃ — അതിശയേന യന്താരഃ, അശ്വ നിയമന കുശലാഃ
(യസ്മാദേവം തസ്മാത്)
കേതാഃ — പ്രാതികൂല്യജ്ഞാതാരഃ, ശത്രവഃ
ഭൂർണ്ണയഃ — ഭീതാഃ
ത്വാ ന ആ ദഭ്നുവന്തി — ത്വാം നഹിംസന്തി

അർത്ഥം—അല്ലയോ സോമപാനശീലനായ ഇന്ദ്ര, അവിടത്തെ മനസ്സ് ഞങ്ങൾക്ക് അഭീഷ്ടപ്രദാനത്തിനായി (അനുകൂലമായി) തീരട്ടെ. അല്ലയോ സ്തുതിശ്രോതാവേ, അവിടത്തെ കുതിരകളെ ഞങ്ങളുടെ യജ്ഞത്തിന്നഭിമുഖമായി നേരെ തെളിച്ചാലും. അല്ലയോ ഇന്ദ്ര അവിടത്തെ സ്വന്തം തേരാളികൾ യാവരോ, അവർ സമർത്ഥരായ കുതിരക്കാരാണല്ലോ. ഇപ്രകാരമാകകൊണ്ട്, എതിർപ്പ് അറിയുന്ന ശത്രുക്കൾ പേടിച്ച് അവിടത്തെ ഉപദ്രവിക്കുന്നില്ല

8 അപ്രക്ഷിതം വസുബിഭർഷിഹസ്തയോ
രഷാൾഹം സഹസ്തന്വിശ്രുതോ ദധേ
ആവൃതാസോവതാസോ ന കർതൃഭി
സ്തനൂഷ്ടേ ക്രതവ ഇന്ദ്ര ഭൂരയഃ
വ. 20

അന്വയം:—
(ഹേ ഇന്ദ്ര, ത്വം) അപ്രക്ഷിതം വസു — പ്രക്ഷയരഹിതം ധനം
ഹസ്തയോഃ ബിഭർഷി — സ്വഹസ്തയോരപി ധാരയസി
(തഥാ) ശ്രുതഃ — പ്രഖ്യാതഃ (ഭവാൻ)

തന്വി — ആത്മീയേ ശരീരേ
അഷാള്ഹം സഹഃ ദധേ — ശത്രുഭിഃ അനഭിഭൂതം ബലം ധാരയതി
(ത്വദീയാസ്തനവഃ)
കർതൃ-ഭിഃ — വൃത്രാദേഃ വധം കുർവദ്ഭിഃ ബലകൃതൈഃ കർമഭിഃ
അവതാസഃ ന — അവതഃ കൂപഃ, യഥാകൂപാഃ ജലോദ്ധാരണായ പ്രാണിഭിരാ പ്രിയന്തേ തദ്വൽ
ആ-വൃതാസഃ — ആവൃതാഃ
(യസ്മാദേവം തസ്മാൽ)
ഹേ ഇന്ദ്ര, തേ തന്വഷു
ക്രതവഃ — തവശരീരേഷു കർമാണി
ഭൂരയഃ — ബഹൂനി (വിദ്യന്തേ)

അർഥം-അല്ലയോ ഇന്ദ്ര ഒടുങ്ങാത്ത ധനം സ്തോതാക്കൾക്ക് ഉപാസകർക്ക് കൊടുക്കാനായി അവിടുന്ന് കൈകളിൽ വെച്ചിരിക്കുന്ന പ്രഖ്യാതനായ അവിടുന്ന് സ്വശരീരത്തിൽ, ശത്രുക്കളാൽ അജിതമായ ബലം ധരിക്കുന്ന അവിടുത്തെ അംഗങ്ങൾ വൃത്രാദിവധത്തെപ്പോലുള്ള ബലകൃതങ്ങളായ കർമങ്ങളാൽ, വെള്ളം കോരാൻ വരുന്നവരാൽ കിണറുകളെന്നപോലെ ചൂഴപ്പെട്ടിരിക്കുന്നു ഇപ്രകാരമാകയാൽ അല്ലയോ ഇന്ദ്ര, അവിടുത്തെ ശരീരാംഗങ്ങൾ വളരെ കർമങ്ങളോടു ചേർന്നവെന്നറിയപ്പെടുന്നു

വർഗം 21 ജഗതീച്ഛന്ദഃ

1 വൃഷപ്രപർവ്വീരവ തസ്യചക്രിഷോ-
ത്യോനയോഷാ മദയംസ്തു ഉർവ്വണിഃ
ദക്ഷംമഹേ പായയതേ ഹിരണ്യയം
രഥമാവൃത്യാ ഹരിയോഗ മൃഭ്വസം

അന്വയം:—

ഋഭ്വണി:	— അത്താ
ഏഷ: (ഇന്ദ്ര:) തസ്യ	— യജമാനസ്യ
പൂർവ്വീ: ചമ്രിഷ:	— പ്രഭൃതാ: ചമൂഷു, ചമസേഷു അവസ്ഥിതാഃ സോമലക്ഷണാ ഇഷ:
അത്യഃ ന യോഷാം	— യഥാശ്വഃ ബഡവാം ക്രീഡാർത്ഥമുപഗച്ഛതി തഥാ
പ്ര അവ ഉൽ അയംസ്ത (സച ഇന്ദ്ര:)	— പാനാർത്ഥം ഉദ്ധരതി
ഹിരണ്യയം	— സുവർണ്ണമയം
ഹരി—യോഗം	— ഹരിഭ്യാംയുക്തം
ഋഭ്വസം രഥം	— ഉരുഭാസമാനം രഥം
ആ—വൃത്യ	— അവസ്ഥാപ്യ
മഹേ	— മഹതേ, വൃത്രവധാദി രൂപായ കർമ്മണേ
ദക്ഷം	— പ്രവൃദ്ധമാത്മാനം
(സോമം) പായയതേ	— പാനം കാരയതി

അർത്ഥം—ബുഭുക്ഷുവായ ഈ ഇന്ദ്രൻ, യജമാനൻ മരികകളിൽ ഒരുക്കിവെച്ച പ്രഭൃതങ്ങളായ സോമങ്ങളെ, ആൺകുതിര ക്രീഡിയ്ക്കാൻ വേണ്ടി പെൺകുതിരയുടെ അടുത്തു പോകുന്ന പോലെ (അതിനെ എഴുന്നേല്പിയ്ക്കുന്ന പോലെ) കുടിയ്ക്കാൻ പൊക്കി എടുക്കുന്നു ആ ഇന്ദ്രൻ സ്വർണ്ണമയമായി, ഹരികളെന്ന തന്റെ കുതിരകളെ പൂട്ടിയ, തിളങ്ങുന്ന തേരിനെ ഒരുക്കി നിർത്തി, വൃത്രവധാദിരൂപമായ മഹാകർമ്മത്തിന്ന് (പ്രേരകം, പ്രോത്സാഹകമാവാൻ) പ്രവൃദ്ധനായ തന്നെത്താന്നെ സോമം കുടിപ്പിക്കുന്നു. (താൻ സ്വയം സോമം കുടിക്കുന്നു.)

2 തംഗൂർത്തയോനേമന്നിഷഃപരീണസ

സ്സമുദ്രംനസംചരണേസനിഷ്യവഃ

പതിംദക്ഷസ്യവിദഥസ്യനൂസഹോ

ഗിരിംനവേനാ അധിരോഹതേജസാ

അന്വയം:—

ഗൃത്സയഃ — ഗൃണന്തഃ, സ്തോതാരഃ
നേമൻ—ഇഷഃ — നീതഹവിഷ്കാഃ
പരീണസഃ — പരിതോവ്യാപ്തവന്തഃ
(യജമാനാഃ) തം (ഇന്ദ്രം സ്തുതിഭിഃ)
സനിഷ്യവഃ — സനിം, ധനം ആത്മന ഇച്ഛന്തഃ വണിജഃ ധനാത്ഥം
സം—ചരണേ — സഞ്ചാരേനിമിത്തഭൂതേസതി
സമുദ്രം ന — (നാവാ) സമുദ്രമിവ
(സ്വാഭിമതധനലാഭായ അധിരോഹന്തി, സ്തുവന്തി)
(ഹേ സ്തോതഃ, ത്വം)
ക്ഷേസ്യ — പ്രവൃദ്ധസ്യ
വിദഥസ്യ പതിം — യജ്ഞസ്യപാലയിതാരം
സഹഃ — സഹസ്വന്തം, ബലവന്തം (ഇന്ദ്രം)
തേജസാ — ദേവതാ പ്രകാശകേന സ്തോത്രേണ
ന — ക്ഷിപ്രം
വേനാഃ — കാന്താസ്ത്രീയഃ
ഗിരിം ന — സ്വാഭിമതപുഷ്പാപചയാത്ഥം യഥാപവ്വതമധിരോഹന്തി, തദ്വൽ
അധി രോഹ — സ്തുഹി

'അത്ഥം—സ്തോതാക്കളായ യജമാനന്മാർ, ഹവിസ്സേന്തി നാലുപുറവും വ്യാപിച്ച് ആ ഇന്ദ്രനെ, ധനകാമന്മാരായ കച്ചവടക്കാർ അവരുടെ സഞ്ചാരത്തിൽ കപ്പലിനാൽ കടൽ താണ്ടുന്നപോലെ, സ്വാഭിമതലാഭത്തിന്നായി സ്തുതിക്കുന്നു. അല്ലയോ സ്തോതാവേ, പ്രവൃദ്ധനും യജ്ഞരക്ഷകനും ബലവാനുമായ ഇന്ദ്രനെ, ദേവതകളെ പ്രകാശിപ്പിക്കുന്ന പ്രത്യക്ഷമാക്കുന്ന സ്തോത്രത്താൽ, സുന്ദരികളായ സ്ത്രീകൾ ഇഷ്ടപുഷ്പങ്ങൾക്കായി മലകയറുന്നപോലെ, വേഗം സ്തുതിച്ചുകൊള്ളുക.

3 സതുർവ്വണിർമ്മഹാ അരേണു പൗംസ്യേ
ഗിരേർഭൃഷ്ടിർന്നഭ്രാജതേ തുജാശവഃ
യേനശുഷ്ണംമായിനമായസോമദേ
ദൃധ്ര ആഭൃഷു രാമയന്നി ദാമനി

അന്വയം:-

സഃ (ഇന്ദ്രഃ) തുർവ്വണിഃ — ശത്രൂണാം ഹിംസിതാ.
മഹാൻ — പ്രവൃദ്ധഃ (പ്ര ഭവതി,)
യേന (ബലേന)
ആയസഃ ദൃധ്രഃ — അയോമയ കവചയുക്തഃ.
ദൃപ്താനാം ശത്രൂണാം
അവസ്ഥാപയിതാ.
മദേ — സോമപാനേന ഹർഷേ സതി
ശുഷ്ണം, മായിനം — സർവ്വസ്യ ശോഷകമസുരം
മായാവിനം
ആ ഭൃഷു ദാമനി — കാരാഗൃഹേഷു ബന്ധകേ
നിഗഡേ
നി രമയൻ — ന്യവാസയത്
(തസ്യ ഇന്ദ്രസ്യ തത്)
ശവഃ — ബലം
പൌംസ്യേ അരേണു — വീരൈഃ പുരുഷൈഃ കർത്തവ്യേ
സംഗ്രാമേ അനവദ്യം
തുജാ — ശത്രൂണാം ഹിംസകം
ഗിരേഃ ഭൃഷ്ടിഃ ന — ശൃംഗം യഥാ ഉന്നതം സത് യഥാ
ദീപ്യതേ തഥാ
ഭ്രാജതേ — ദീപ്യതേ

സാരം.—ആ ഇന്ദ്രൻ ശത്രുക്കളുടെ വധകാരിയാകുന്നു. മഹാനാകുന്നു. ഏതൊരു ബലംകൊണ്ട് ഇരുമ്പുകവചമണിഞ്ഞവനും സോമപാനത്തിന്റെ ഹർഷത്താൽ ദൃപ്തശത്രുക്കൾക്ക് സ്ഥാനഭ്രംശം വരുത്തുന്നവനും, എല്ലാവരെയും കരയിക്കുന്ന മായാവിയായ അസുരനെ കാരാഗൃഹത്തിൽ ബന്ധനത്തിലാക്കി

താമസിപ്പിച്ചവനുമായ ആ ഇന്ദ്രന്റെ ബലം, വീരപുരുഷന്മാൎക്കു് കൎത്തവ്യമായ യുദ്ധത്തിൽ, ദോഷമററതും ശത്രുഹിംസകവുമായി, പൎവ്വതത്തിൽ കൊടുമുടി ഉയൎന്നു പ്രകാശിക്കുന്നപോലെ, പ്രകാശിക്കുന്നു.

4 ദേവീയദിതവിഷീത്വാവൃധോതയ—
ഇന്ദ്രം സിഷക്ത്യുഷസം ന സൂൎയ്യഃ
യോധൃഷ്ണുനാശവസാബാധതേ തമ
ഇയൎത്തിരേണും ബൃഹദൎഹരിഷ്വണിഃ

അന്വയഃ—

യഃ (ഇന്ദ്രഃ)	
ധൃഷ്ണുനാ ശവസാ	— ധൎഷകേണ ബലേന
തമഃ ബാധതേ	— തമോരൂപം വൃത്രാദിംഹിനസ്തി
ഊതയേ	— രക്ഷണായ
ത്വാ-വൃധാ	— ത്വയാ, സ്തോത്രാവൎദ്ധിതം
(തം) ഇന്ദ്രം ദേവീ	
തവിഷീ	— ദ്യോതമാനം ബലം
സൂൎയ്യഃ ഉഷസം ന	— യഥാ ഉഷോദേവതാം സേവതേ തഥാ
യദി സിസക്തി	— യഥാസമവൈതി, സേവതേ
(തദാനീം) അൎഹരി-ഷ്വണിഃ	— അൎഹയഃ ശത്രവഃ തേഷാം വ്യഥോല്പാദനേന സ്വനയിതാ, ശബ്ദയിതാ ഇന്ദ്രഃ
രേണും	— രേഷണം, ഹിംസനം
ബൃഹൽ ഇയൎത്തി	— പ്രവൃദ്ധം ശത്രൂൻ ഗമയതി

അൎത്ഥം—യാതൊരു ദേവൻ ആരെയും കീഴടക്കുന്ന ബലത്താൽ തമോരൂപരായ വൃത്രാദികളെ കൊന്നുവോ, രക്ഷയ്ക്കായി സ്തോതാവായ അങ്ങയാൽ വൎദ്ധിപ്പിയ്ക്കപ്പെട്ട ആ ഇന്ദ്രനെ, തിളങ്ങുന്ന ബലം, ഉഷസ്സിനെ സൂൎയ്യനെന്നപോലെ, സേവിക്കുന്നു. അപ്പോൾ ശത്രുക്കളെ കിടിലംകൊള്ളിക്കുന്ന ശബ്ദം പുറപ്പെടുവിച്ചു് ഇന്ദ്രൻ അവരെ മികച്ചുററകററുന്നു.

5 വിയത്തിരോധരുണമച്യുതം രജോ–
തിഷ്ഠിപോദിവ ആതാസുബർഹണാ
സ്വർമീള്ഹേയന്മദ ഇന്ദ്രഹർഷ്യാ–
ഹന്ന്വൃത്രം നിരപാമൌബ്ജോ അർണ്ണവം.

അന്വയം —

യത് തിരഃ	—	യദാവൃത്രേണ തിരോഹിതം
ധരുണം അച്യുതം രജഃ	—	പ്രാണിജാതസ്യധാരകം വിനാശരഹിതം ഉദകം
ദിവഃ	—	ദ്യുലോകാൽ
ആതാസു	—	വിസ്തൃതാസുദിക്ഷു
ഹേ ഇന്ദ്ര, ബർഹണാ	—	ഹന്താ (ത്വം)
വി അതിഷ്ഠിപഃ	—	വിവിധം സ്ഥാപയാംചകൃഷേ
(തഥാ) യത്	—	യദാ
സ്വഃ–മീള്ഹേ	—	സ്വഃ സുഷ്ഠുഗന്തവ്യം മീള്ഹം, ധനം യസ്മിൻ തസ്മിൻ സംഗ്രാമേ
മദേ	—	സോമപാനഹർഷേ സതി
ഹർഷ്യാ	—	ഹൃഷ്ടയാശക്ത്യാ
വൃത്രം അഹൻ	—	ത്വമവധീഃ
(തദാനീം) അപാം (പൂർണ്ണം) അർണ്ണവം	—	മേഘം
നിഃ ഔബ്ജഃ (വൃഷ്ടിജലേന ഭൂമിം ന്യസൈക്ഷീഃ)	—	വർഷണാഭിമുഖം, അധോമുഖമകാർഷീഃ

അർത്ഥം—എപ്പോൾ വൃത്രനാൽ മറഞ്ഞു (തടയ) പ്പെട്ടിരുന്ന, എല്ലാ പ്രാണികളെയും നിലനിർത്തുന്ന, നാശരഹിതമായ വെള്ളം വിസ്തൃതങ്ങളായ ദിക്കുകളിൽ, ഹന്താവായ അവിടുന്ന് എത്തിച്ചുവോ, അതുപോലെ എപ്പോൾ മഹത്തായ ധനത്തിന്ന വിഷയമായ യുദ്ധത്തിൽ, സോമപാനത്താലുള്ള ഹർഷം

ചേർന്ന് അവിടുന്ന് സന്തോഷംപൂണ്ട ശക്തിയാൽ വൃത്രനെ കൊന്നവോ, അപ്പോൾ വെള്ളം നിറഞ്ഞ മേഘം വർഷിക്കാനൊരുങ്ങി, മുഖംതാഴ്ത്തി ഭൂമിയെ നനച്ചു.

6 ത്വം ദിവോധരുണംധിഷ ഓജസാ
പൃഥിവ്യാ ഇന്ദ്രസദനേഷു മാഹിനഃ
ത്വം സുതസ്യമദേ അരിണാ അപോ
വി വൃത്രസ്യ സമയാ പാഷ്യാരുജഃ വ 21

അന്വയം:—

ഹേ ഇന്ദ്ര, മാഹിനഃ ത്വം	—	പ്രവൃദ്ധസ്ത്വം
ദിവഃ പൃഥിവ്യാഃ		
സദനേഷു	—	ദ്യുലോകാൽ പ്രദേശേഷു
ഓജസാ	—	ബലേന
ധരുണം	—	സർവ്വസ്യജഗതോധാരകം വൃഷ്ടിജലം
ധിഷേ	—	ധത്സേ, സ്ഥാപയസി
(തസ്മാൽ) ത്വം സുതസ്യ	—	അഭിഷുതസ്യ സോമസ്യപാനേന
മദേ	—	ഹർഷേസതി
അപഃ അരിണാഃ	—	ജലാനിമേഘാൽ നിരഗമയഃ
വൃത്രസ്യ	—	ആവരകം വൃത്രം ച— (ദ്വിതീയാർത്ഥേ.ഷഷ്ഠീ)
സമയാ പാഷ്യാ	—	ധൃഷ്ടയാശക്ത്യാ
വി രുജഃ	—	വിശേഷേണാഭാങ്ക്ഷീഃ

അർത്ഥം—മാന്യനായ ഇന്ദ്ര, മികച്ച അവിടുന്ന് ആകാശത്തിൽ നിന്ന് പ്രദേശങ്ങളിൽ, ബലംകൊണ്ട്, സർവ്വ ജഗത്തിനെയും നിലനിർത്തുന്ന മഴവെള്ളത്തെ സ്ഥാപിച്ചു. സംസ്കരിച്ച സോമത്തിന്റെ പാനംകൊണ്ടുള്ള ആനന്ദത്തിൽ ജലങ്ങളെ മേഘത്തിൽനിന്ന പുറത്തുവരുത്തി. എല്ലാം മറയ്ക്കുന്ന വൃത്രനെ, ഉറപ്പേറിയ ശക്തികൊണ്ട് പിളർന്നു.

വർഗ്ഗം 22

1 പ്രമംഹിഷ്ഠായ ബൃഹതേബൃഹദ്രയേ
സത്യശുഷ്മായതവസേമതിംഭരേ
അപാമിവപ്രവണേയസ്യദുർധരം
രാധോവിശ്വായുശവസേഅപാവൃതം

അന്വയം:—

പ്രവണേ	— നിമ്നപ്രദേശേ
അപാം—ഇവ	— യഥാ ജലാനാംവേഗഃ കേനാപി അവസ്ഥാപയിതും നശക്യതേതഥാ
യസ്യ (ഇന്ദ്രസ്യബലം)	
ദുഃ—ധരം	— അന്യൈർധർത്തുമശക്യം
(തഥാ) രാധഃ	— ധനം
വിശ്വ—ആയു	— സർവ്വേഷുവ്യാപ്തം
ശവസേ	— സ്തോതൄണാം ബലായ
(യേന ഇന്ദ്രേണ)	
അപ—വൃതം	— അപഗതാവരണം ക്രിയതേ
മംഹിഷ്ഠായ	— ദാതൃതമായ
ബൃഹതേ	— ഗുണൈർമ്മഹതേ
ബൃഹത്—രയേ	— മഹാധനായ
സത്യ—ശുഷ്മായ	— അവിതഥബലായ
തവസേ	— ആകാരതഃ പ്രവൃദ്ധായ (ഇന്ദ്രായ)
മതിം പ്ര ഭരേ	— മനനീയാം സ്തുതിം പ്രകർഷേണ സമ്പാദയാമി

അർത്ഥം—താണപ്രദേശത്തേയ്ക്കു ഒഴുകുന്ന വെള്ളത്തിന്റെ ഗതിപോലെ, ആരുടെ ബലത്തെ മററാർക്കും തടുക്കാൻ കഴിവില്ലയോ, അതുപോലെ ധനം, എല്ലാവരിലും പരന്നതു് സ്തോതാക്കളുടെ ബലത്തിന്നായി, (അവർക്കു് കിട്ടാനായി) ആരാൽ മറനീക്കി പുറപ്പെടുന്നുവോ, ഏററവും ദാനശീലനും, ഗുണങ്ങ

ളാൽ മികച്ചവനും, മഹാധനനും, സഫലബലനും, മഹാകായനമായ ആ ഇന്ദ്രന്നായി അൎത്ഥപുഷ്ടിയുള്ള സ്തുതിയെ വേണ്ടപോലെ ഒരുക്കുന്നു

2 അധതേവിശ്വമനുഹാസദിഷ്ടയ
ആപോനിമ്നേവസവനാഹവിഷ്മതഃ
യൽപൎവ്വതേനസമശീതഹൎയ്യത
ഇന്ദ്രസ്യവജ്രശ്നഥിതാഹിരണ്യയഃ

അന്വയം —

അധ ഹ	— അനന്തരമേവ (ഹേ ഇന്ദ്ര)
വിശ്വം	— സൎവ്വമിദം ജഗൽ
തേ ഇഷ്ടയേ അനു അസൽ	— തവസംബന്ധിനേയാഗായ അനുഭവൽ
ഹവിഷ്മതഃ സവനാ	— യജമാനസ്യ സവനാനി
ആപഃ നിമ്നാ_ഇവ	— നിമ്നാനി ഭൂസ്ഥലാനീവ (സംഭജന്തേ)
ഹൎയ്യതഃ ഇന്ദ്രസ്യ	
ഹിരണ്യയഃ	— ശോഭനഃ തസ്യ ഹിരണ്മയഃ
ശ്നഥിതാ വജ്രഃ	— ശത്രൂണാം ഹിംസനശീലഃ വജ്രഃ
പൎവ്വതേ യൽ	— ശിലോച്ചയേ യദാ
ന സം-അശീത	— സംസുപ്തഃ നാഭവൽ

(കിന്തുജാഗരിതസ്സൻ അവധീൽ തദാപ്രഭൃത്യേവം തം യഷ്ടും സൎവ്വേയജമാനാഃ പ്രാവൎത്തിഷത)

അൎത്ഥം—അല്ലയോ ഇന്ദ്ര, ഈ ജഗത്തു മുഴുവൻ അവിടത്തെ സംബന്ധിച്ച യാഗത്തിന്നായി ഭവിച്ചിരിക്കുന്നു യജമാനന്റെ സവനങ്ങളും, വെള്ളം കീഴ്പ്രദേശങ്ങളെ എന്നപോലെ അവിടത്തെ പ്രാപിക്കുന്നു ശോഭനവും, സ്വൎണ്ണമയവും, ശത്രുഹിംസനശീലവുമായ ഇന്ദ്രന്റെ വജ്രം പൎവ്വതത്തിൽ കിടന്നുറങ്ങാതെ, ഉണൎവ്വോടുകൂടി എപ്പോൾ (വൃത്രാദികളെ) കൊന്നുവോ, അപ്പോൾ മുതൽ എല്ലായജമാനന്മാരും അവിടത്തെ യജിപ്പാൻ പുറപ്പെട്ടു

3 അസ്മൈഭീമായ നമസാസമധ്വര
ഉഷോ ന ശുഭ്ര ആഭരാപനീയസേ
യസ്യധാമശ്രവസേ നാമേന്ദ്രിയം
ജ്യോതിരകാരിഹരിതോനായസേ

അന്വയം —

ഹേ ഉഷഃ, ശുഭ്രേ, — ഉഷോദേവതേ, ശോഭനേ, (ത്വം)
ഭീമായ പനീയസേ — ശത്രൂണാം ഭയങ്കരായ, സ്തോതവ്യായ
അസ്മൈ (ഇന്ദ്രായ)
അധ്വരേ — അസ്മിൻ യാഗേ
ന നമസാ — സംപ്രതി, ഇദാനീം, ഹവിർല്ലക്ഷണേനാന്നേന
സം ആ ഭര — സമ്യക്സമ്പാദയ
ധാമ നാമ — സർവ്വസ്യധാരകം, സ്തോതൃഷു പ്രസിദ്ധം
യസ്യ ഇന്ദ്രിയം — പരമേശ്വരസ്യ ഇന്ദ്രത്വസ്യ ലിംഗം
ജ്യോതിഃ — തേജഃ
ഹരിതഃ ന — യഥാ അശ്വാൻ സാദിനഃ സ്വാഭിലഷിത പ്രദേശം ഗമയന്തി തദ്വത്
ശ്രവസേ — ഹവിർല്ലക്ഷണാന്നലാഭായ
അയസേ — ഇതസ്തതോഗമനായ
അകാരി — ക്രിയതേ
(ഇന്ദ്രോപിസ്വാഭിലഷിതേ ഹവിർദ്ദാത്രേ സ്വകീയം തേജഃ ഗമയതി)

അർത്ഥം—അല്ലയോ ഉഷോദേവതേ, ശോഭനേ, അവിടന്ന് ശത്രുഭയങ്കരനും, സ്തുത്യനുമായ ഇന്ദ്രദേവന് ഈ യാഗത്തിൽ ഇപ്പോൾ ഹവിരന്നം ഒരുക്കിയാലും. സർവ്വവും ധരിക്കുന്നതും സ്തോതാക്കളുടെ ഇടയിൽ പ്രസിദ്ധവുമായ ഇന്ദ്രത്വത്തിന്റെ,

പരമേശ്വരത്വത്തിന്റെ അടയാളമായ ജ്യോതിസ്സ് കതിരക്കാർ കതിരുകളെ ഇഷ്ടസ്ഥാനത്തെത്തിയ്ക്കുന്നപോലെ, ഹവിരന്നം ലഭിയ്ക്കാനായി അങ്ങുമിങ്ങുമെത്തുന്നു. ഹവിർല്ലാഭത്തിന്നായി ഇന്ദ്രൻ ആ ജ്യോതിസ്സിനെ അതാതിടത്തയക്കുന്നു.

4 ഇമേത ഇന്ദ്രതേ വയം പുരുഷ്ടുത
യേ ത്വാരഭ്യ ചരാമസി പ്രഭൂവസോ
നഹിത്വദന്യോഗിർവ്വണോ ഗിർസ്സഘൽ
ക്ഷോണീരിവ പ്രതിനോ ഹര്യതദ്വചഃ

അന്വയം:—

ഹേ ഇന്ദ്ര, പ്രഭു—വസോ,	— പ്രഭൂത ധന,
പുരു—സ്തുത,	— പുരുഭിഃ, ബഹുഭിഃ, യജമാനൈഃ സ്തുത,
യേ (വയം) ത്വാ	— ത്വാം
ആ—രഭ്യ	— ആശ്രയതാം അവലംബ്യ
ചരാമസി	— ചരാമഃ, യാഗേ വർത്താമഹേ
തേ ഇമേ വയം തേ	— തവ (സ്വഭൂതാഃ)
ഹേ ഗിർവ്വണഃ.	— ഗീർഭിഃവനനീയ, ഇന്ദ്ര,
ത്വൽ അന്യഃ	— ത്വത്തോന്യഃ കശ്ചിദപി
ഗിരഃ നഹി സഘൽ	— സ്തുതീഃ നഹിപ്രാപ്നോതി
(അതസ്ത്വം) നഃ	— അസ്മാകം
തൽ വചഃ	— സ്തുതിം
ക്ഷോണീഃ—ഇവ	— ക്ഷോണീ, പൃഥിവീ സ്വകീയാനി ഭൂതജാതാനി യഥാകാമയതേ തഥാ
പ്രതി ഹര്യ	— കാമയസ്വ

അർത്ഥം—അല്ലയോ ഇന്ദ്ര, ഭൂരിധന, വളരെ യജമാനന്മാരാൽ സ്തുതിക്കപ്പെടുന്നവനേ, ഞങ്ങളാം യാവർ ഭവിടത്തെ ആശ്രയത്തെ അവലംബിച്ച് യാഗത്തിൽ പ്രവർത്തിയ്ക്കുന്നുവോ, ആ ഞങ്ങളാം അവിടത്തെയ്ക്കു സ്വന്തക്കാരാകുന്നു. സ്തുതികളാൽ

വന്ദനീയ അവിടുന്നിൽ അന്യനായ ആരും (ഈ) സ്തുതികളെ പ്രാപിക്കുന്നില്ല ഞങ്ങളുടെ ഈ സ്തുതിവചനത്തെ ഭൂമി തന്റെ ചരാചരഭൂതസമൂഹത്തെ എന്നപോലെ അവിടുന്ന് ഇഷ്ടപ്പെട്ടാലും

5 ഭൂരിത ഇന്ദ്രവീര്യം തവസ്മസ്യ—

സ്യസ്തോതുർമ്മഘവൻ കാമമാപൃണ

അനുതേദ്യൌർബ്ബൃഹതീ വീര്യം മമ

ഇയംചതേ പൃഥിവീനേമ ഓജസേ

അന്വയം —

ഹേ ഇന്ദ്ര തേ വീര്യം

ഭൂരി — തവസാമർത്ഥ്യം ബഹു ന കേനാ പ്രവചേചുത്തും ശക്യതേ

(താദൃശസ്യ) തവ (വയം)

സ്മസി — സ്വഭൂതാഭവാമ

ഹേ മഘ—വൻ

അസ്യ സ്തോതുഃ — ത്വാം സ്തുവതോ യജമാനസ്യ

കാമം ആ പൃണ — അഭിലാഷം ആ പൂരയ

ബൃഹതീ ദ്യൌഃ — മഹാൻ ദ്യുലോകോപി

തേ വീര്യം അനു മമേ — തവവീര്യം അനുമംസ്ത

(ഇന്ദ്രേണ സഹാവസ്ഥാനാൽ) ഇയം പൃഥിവീ

തേ ഓജസേ — തവബലായ

നേമേ — പ്രഹ്വീബഭൂവ തൽ ബലാൽ ഭീതാസതീ അധ ഏവവർത്തതേ

അർത്ഥം—അല്ലയോ ഇന്ദ്ര അവിടുത്തെ വീര്യം അത്യധികമാണു് ആരാലും അതു് ജയിക്കാവതല്ല ഞങ്ങൾ അപ്രകാരമുള്ള അവിടേക്കു് ചേർന്നവരാകുന്നു അല്ലയോ മഘവൻ അവിടുത്തെ സ്തുതിക്കുന്ന ഈ യജമാനന്റെ അഭിലാഷം മുഴുവൻ പൂരിപ്പിച്ചാലും മികവുററ സ്വർഗ്ഗവും അവിടുത്തെ വീര്യത്തെ കൊണ്ടാടുന്നു അവിടുത്തോടു സഹവാസംകൊണ്ടു് ഈ ഭൂമി

യാകട്ടെ വിനീതയായിരിക്കുന്നു; അവിടുത്തെ ബലത്തെ ഭയപ്പെട്ട് താഴെവർത്തിക്കുന്നു.

6 ത്വം തം മിന്ദ്രപർവ്വതം മഹാമുരും
വജ്രേണ വജ്രിൻ പർവ്വശശ്ചകർത്തിഥ
അവാസൃജോ നിവൃതാസ്സർത്തവാ അപ-
സ്സത്രാ വിശ്വം ദധിഷേ കേവലം സഹഃ (വ. 22)

അന്വയം:—

ഹേ വജ്രിൻ, ഇന്ദ്ര,

ത്വം തം	— പ്രസിദ്ധം
മഹാം ഉരും	— ആയാമതഃ മഹാന്തം, വിസ്തീർണ്ണം
പർവ്വതം	— പർവ്വവന്തം മേഘം
വജ്രേണ പർവ്വ-ശഃ	
ചകർത്തിഥ	— പർവ്വണി പർവ്വണിശകലീ ചകൃഷേ
(തേന മേഘേന)	
നി-വൃതാഃ	— ആവൃതാഃ
അപഃ സർത്തവൈ	— സരണായ, ഗമനായ
അവ അസൃജഃ	— അവാങ്മുഖമസ്രാക്ഷീഃ
(അതസ്ത്വമേവ) കേവലം	
വിശ്വം	— വ്യാപ്തം
സഹഃ ദധിഷേ	— ബലം ധാരയസി, മാന്യഃ കശ്ചിൽ
(ഇതിയൽ തൽ) സത്രാ	— സത്യമേവ

അർത്ഥം:—അല്ലയോ വജ്രായുധ, ഇന്ദ്ര, അവിടുന്ന് നീണ്ടതും വിസ്തൃതിയുള്ളതും, അടുക്കടുക്കായുള്ളതുമായ ആ (പ്രസിദ്ധമായ) മേഘത്തെ വജ്രംകൊണ്ട് അടുക്കടുക്കായി മുറിച്ച് കഷണങ്ങളാക്കി. ആ മേഘത്താൽ മറഞ്ഞു (തടുക്ക) പ്പെട്ട വെള്ളത്തെ ഒഴ

കാനായി കീഴ്പോട്ട വിട്ട അതുകൊണ്ട് അവിടുന്നാണ് സർവ്വവ്യാപ്തമായ ബലം ധരിക്കുന്നതു്. അന്യരാരുമല്ല ഇതു് സത്യമാകുന്നു.

വർഗ്ഗം 23–24–ഗൌതമഃ നോധാഃ ഋഷിഃ ജഗതി ത്രിഷ്ടുപ്ച്ഛന്ദസീ അഗ്നിർദ്ദേവതാ

1 നൂചിൽ സഹോജാഅമൃതോനിതുന്ദതേ
ഹോതായദ്ദൂതോ അഭവദ്വിവസ്വതഃ
വിസാധിഷ്ഠേഭിഃപഥിഭിരജോമമ
ആദേവതാതാഹവിഷാവിവാസതി

അന്വയം:—

സഹഃ–ജാഃ — സഹസാ ബലേനജാതഃ, മഥ്യമാനാരണ്യാസ്സകാശാജ്ജാതഃ
അമൃതഃ (അഗ്നിഃ) നൂ ചിൽ — ക്ഷിപ്രമേവ
നി തുന്ദതേ — നിർഗ്ഗച്ഛതി
യൽ ഹോതാ — യദാ ദേവാനാം ആഹ്വാതാ (അഗ്നിഃ)
വിവസ്വതഃ — പരിചരതഃ യജമാനസ്യ ദേവാൻ പ്രതിഹവിർവ്വഹനസ്യ
ദൂതഃ അഭവൽ — ഹവിർവ്വഹനേ നിയുക്തഃ
(തദാനീം) സാധിഷ്ഠേഭിഃ പഥി–ഭിഃ — സമീചീനൈർമ്മാർഗ്ഗൈഃ (ഗച്ഛൻ)
രജഃ വി മമേ — അന്തരിക്ഷലോകം നിർമ്മമേ
(പൂർവ്വമപി അന്തരിക്ഷം വിദ്യമാനം, കിന്തു അസങ്കല്പമഭൂൽ ഇദാനീം തസ്യതേജസാ പ്രകാശമാനം ദൃശ്യതേ)
(കിഞ്ച) ദേവ–താതാ — ദേവതാതൌ, യജ്ഞേ
ഹവിഷാ — ചരുപുരോഡാശാദിനാ (ദേവാൻ)
ആ വിവാസതി — പരിചരതി

അർത്ഥം—സ്വബലംകൊണ്ട്, നടുക്കുള്ള അരണിയിൽ നിന്ന് ജനിച്ചവനും മരണരഹിതനുമായ അഗ്നി, വേഗത്തിൽ മറയുന്ന (അരണി കടയുമ്പോൾ പൊരിപൊട്ടിവന്ന് വീണ്ടും അപ്രത്യക്ഷമാകുന്ന) എപ്പോൾ ദേവന്മാരെ വിളിക്കുന്ന അഗ്നി, തന്നെ പരിചരിക്കുന്ന യജമാനന്റെ ഹവിസ്സ് ദേവന്മാർക്ക് എത്തിക്കുവാൻ ദൂതനായി നിയുക്തനായോ, അപ്പോൾ ഉചിതങ്ങളായ മാർഗ്ഗങ്ങളിലൂടെ പോയി അന്തരിക്ഷലോകം നിർമ്മിച്ചു (മുമ്പും അന്തരിക്ഷലോകം ഉണ്ടെങ്കിലും അഗ്നിയുടെ പ്രകാശവും പുകയും തട്ടിയപ്പോഴാണതു തെളിഞ്ഞത്) കൂടാതെ അവിടുന്ന് യജ്ഞത്തിൽ ചരുപുരോഡാശാദി ഹവിസ്സുകൊണ്ട് ദേവന്മാരെ പരിചരിക്കുന്നു

2 ആസ്വമദ്മയുവമാനോ അജര—
സ്തൃഷ്വവിഷ്യന്നതസേഷു തിഷ്ഠതി
അത്യോനപൃഷ്ഠം പ്രുഷിതസ്യരോചതേ
ദിവോന സാനുസ്തനയന്നചിക്രദൽ

അന്വയം —

അജരഃ	—	ജരാരഹിതഃ (അഗ്നിഃ)
സ്വം അദ്മ	—	സ്വകീയം അദനീയം തൃണഗുല്മാദികം
യുവമാനഃ	—	സ്വകീയജ്വാലയാസമ്മിശ്രയൻ
(അനന്തരം) അവിഷ്യൻ	—	ഭക്ഷയൻ (ച)
തൃഷു അതസേഷു	—	ക്ഷിപ്രമേവ പ്രവൃദ്ധേഷുകാഷ്ഠേഷു
ആ തിഷ്ഠതി	—	ആരോഹതി
പ്രുഷിതസ്യ	—	ദഗ്ദ്ധുമിതസ്തതഃ പ്രവൃത്തസ്യ (അഗ്നേഃ)
പൃഷ്ഠം	—	ഉപര്യവസ്ഥിതം ജ്വാലാജാലം
അത്യഃ ന രോചതേ	—	യഥാഗമനശീലഃ അശ്വഃ ഇതസ്തതോ ഗച്ഛൻ, ശോഭതേ തഥാ
(തദാനീം) ദിവഃ	—	ദ്യുലോകസ്യ സംബന്ധി
സാനു	—	സമുച്ഛ്രിതമട്ടം

സ്തനയൻ ന — ശബ്ദയൻ ഇവ
അചിക്രദത് — ഗംഭീരം ശബ്ദം ആത്മാനമചീകരത്

അർത്ഥം—ജരാരഹിതനും, തനിക്കു തിന്നാനുള്ള പുൽച്ചെടികളെ തന്റെ ജ്വാലയിൽ കലശുന്നവനും (പിന്നീടതു) ഭക്ഷിക്കുന്നവനും ആയ അഗ്നി വേഗത്തിൽ നിരന്നുകിടക്കുന്ന മരത്തടികളുടെ മേൽ കയറുന്ന കണ്ടതെല്ലാം ദഹിപ്പിക്കാൻ അങ്ങുമിങ്ങുമെത്തുന്ന അഗ്നിയുടെ ജ്വാലാജാലം അങ്ങുമിങ്ങു, ഓടുന്ന ഒരു കുതിരയെപ്പോലെ ശോഭിക്കുന്നു. അപ്പോൾ അന്തരിക്ഷത്തിൽ ഉയർന്നുനില്ക്കുന്ന മേഘം അലറുന്ന പോലെ സ്വയം ഗംഭീരശബ്ദം പുറപ്പെടുവിച്ചു

3 ക്രാണാ രുദ്രേഭിർവ്വസുഭിഃ പുരോഹിതോ
ഹോതാ നിഷത്തോ രയിഷാളമർത്യഃ
രഥോന വിക്ഷ്വൃഞ്ജസാന ആയുഷു
വ്യാനുഷഗ്വാര്യാദേവ ഋണ്വതി

അന്വയം:—
ക്രാണാ — ഹവിർവ്വഹനം കുർവ്വാണഃ
രുദ്രേഭിഃ വസു-ഭിഃ
പുരഃ-ഹിതഃ — രുദ്രൈഃ വസുഭിഃ (ച) പുരസ്കൃതഃ
ഹോതാ നി-സത്തഃ — ദേവാനാമാഹ്വാതാ, ഹവിസ്വീകരണായ യജ്ഞേ നിഷണ്ണഃ
രയിഷാട് — രയീണാം, ശത്രുധനാനാം അഭിഭവിതാ
അമർത്ത്യഃ ദേവഃ — മരണരഹിതഃ, ദ്യോതമാനഃ (അഗ്നിഃ)
വിക്ഷു — പ്രജാസു, ലൌകികജനേഷു
രഥഃ ന — രഥ ഇവ
ആയുഷു ഋഞ്ജസാനഃ — യജമാനേഷു മനുഷ്യേഷു സ്തൂയമാനഃ

വാര്യാ — വാര്യാണി,
സംഭജനീയ-നിധനാനി
ആനുഷക് — അനുഷക്തം യഥാ ഭവതി തഥാ
വി ഋണ്വതി — വിശേഷേണ പ്രാപയതി.

അത്ഥം—ദേവന്മാക്കു് ഹവിസ്സെത്തിക്കുന്നവനും, പതിനൊന്നു രുദ്രന്മാരാലും എട്ടു വസുക്കളാലും മുമ്പിൽ നിത്തപ്പെട്ടവനും, ദേവന്മാരെ വിളിക്കുന്നവനും, ഹവിസ്സേല്ക്കുവാൻ യാഗത്തിൽ ഇരിക്കുന്നവനും, ശത്രുക്കളുടെ ധനത്തെ ജയിച്ചുനേടുന്നവനും, മരണരഹിതനും, പ്രകാശമാനനുമായ അഗ്നി ലൌകികജനങ്ങൾക്കു് ഒരു തേർ എന്നു് തോന്നത്തക്കവിധം, യജമാനന്മാരാൽ സ്തുതിക്കപ്പെട്ടുകൊണ്ടു്, ധനം, അവരവക്കു ചേന്നപോലെ അവക്കെത്തിച്ചുകൊടുക്കുന്നു

4 വിവാതജൂതോ അതസേഷു തിഷ്ഠതേ
വൃഥാ ജുഹൂഭിസ്സൃണ്യാ തുവിഷ്വണിഃ
തൃഷു യദഗ്നേ വനിനോ വൃഷായസേ
കൃഷ്ണം ത ഏമരുശദൂർമ്മേ അജര

അന്വയം —

വാത-ജൂതഃ — വായുനാപ്രേരിതഃ
തുവി-സ്വനിഃ — മഹാസ്വനഃ (അഗ്നിഃ)
ജുഹൂഭിഃ — സ്വകീയാഭിജ്ജിഹ്വാഭിഃ
സൃണ്യാ — സരണശീലേന തേജസ്സമൂഹേന യുക്തസ്സൻ
വൃഥാ — അനായാസേനൈവ
അതസേഷു വി തിഷ്ഠതേ — ഉന്നതേഷുവൃക്ഷേഷു വിശേഷേണതിഷ്ഠതി
ഹേ രുശത്-ഊമ്മേ, അജര,
അഗ്നേ — ദീപ്തജ്വാല, ജരാരഹിതാഗ്നേ
യത് വനിനഃ — യദാ വനസംബന്ധാൻ വൃക്ഷാൻദഗ്ധും

തൃഷു വൃഷ–യസേ	— ക്ഷിപ്രം വൃഷവദാചരസേ, ദഹസി
(തദാനീം) തേ ഏമ	— തവഗമനമാർഗ്ഗഃ
കൃഷ്ണം	— കൃഷ്ണവർണ്ണഃ (ഭവതി)

അർത്ഥം—വായുവിനാൽ പ്രേരിതനും അതിശബ്ദവാനുമായ അഗ്നി, തന്റെ നാവുകളും (ജ്വാലകളും) കൊണ്ടു പാകുന്ന തേജസ്സിന്റെ വലയത്തോടുകൂടി അനായാസമായിത്തന്നെ ഉയർന്ന വൃക്ഷങ്ങളിൽ കയറി ഇരിക്കുന്ന ദീപ്തജ്വാലനും, ജരാരഹിതനുമായ അഗ്നേ, എപ്പോഴും അവിടുന്നു് വനവൃക്ഷങ്ങളെ വേഗത്തിൽ ദഹിപ്പിക്കുവാൻ, ഒരു കുററൻമൂരിയെപ്പോലെ ഊക്കോടുകൂടി പുറപ്പെടുന്നുവോ, അപ്പോഴും അവിടുത്തെ സഞ്ചാരമാർഗ്ഗം കറുത്ത നിറമായിത്തീരുന്നു

5 തപുർജ്ജംഭോവന ആവാതചോദിതോ
യൂഥേനസാഹ്വാ അവവാതിവംസഗഃ
അഭിവ്രജന്നക്ഷിതം പാജസാരജ
സ്ഥാതുശ്ചരഥം ഭയതേ പതത്രിണഃ വ 23

അന്വയം –

തപുഃ–ജംഭഃ	— തപുംഷി ജ്വാലാഃ, ജ്വാലായുധഃ
വാത–ചോദിതഃ	— വായുനാപ്രേരിതഃ (അഗ്നിഃ)
യൂഥേ അക്ഷിതം രജഃ	— ജ്വാലാസമൂഹേ സതി അക്ഷീണം ആർദ്രവൃക്ഷാന്തർഗ്ഗതമുദകം
പാജസാ	— തേജോബലേന
അഭി–വ്രജൻ	— ആഭിമുഖ്യേനഗച്ഛൻ
വനേ സഹ്വാൻ	— അരണ്യേസർവ്വം അഭിഭവൻ
വംസഗഃ ന	— യഥാവനനീയഗതിഃ വൃഷഃ ഗോയൂഥേ സർവ്വമഭിഭവൻ വർത്തതേ തദ്വൽ
ആ അവ വാതി	— ആഭിമുഖ്യേന വ്യാപ്നോതി

(യസ്മാദേവം തസ്മാൽ)

പതത്രിണഃ	— പതനവതഃ അഗ്നേസ്സകാശാൽ
സ്ഥാതുഃ ചരഥം (ച)	— സ്ഥാവരം ജംഗമം ച
ഭയതേ	— ബിഭേതി

അർത്ഥം—ജ്വാലായുധനും വായുവിനാൽ ഇളക്കപ്പെട്ടവനുമായ അഗ്നി പടർന്നുപിടിയ്ക്കുമ്പോൾ, നനഞ്ഞ വൃക്ഷങ്ങളുടെ ഉള്ളിൽ വററാതെയുള്ള വെള്ളത്തെ സ്വതേജോബലംകൊണ്ട് നേരിട്ടു പ്രാപിച്ച്, കാട്ടിലെല്ലാററിനെയും കീഴടക്കി, പശുക്കൂട്ടത്തിൽ പരാക്രമിയായ കാളപോലെ എങ്ങും നിറഞ്ഞു വ്യാപിയ്ക്കുന്നു. പറക്കുന്ന ആ അഗ്നിയെ സ്ഥാവരവും ജംഗമവും (ചരാചരങ്ങൾ മുഴുവൻ) ഭയപ്പെടുന്നു.

6 ദധുഷ്ട്വാ ഭൃഗവോ മാനുഷേഷ്വാ
രയിം ന ചാരും സുഹവം ജനേഭ്യഃ
ഹോതാരമഗ്നേ അതിഥിം വരേണ്യം
മിത്രം ന ശേവം ദിവ്യായ ജന്മനേ.

അന്വയം:—

ഹേ അഗ്നേ, ജനേഭ്യഃ

സുഹവം	— യജമാനാർത്ഥമാഹ്വാതും സുകരം
ഹോതാരം	— ദേവാനാമാഹ്വാതാരം
അതിഥിം	— യജനദേശേ സതതം ഗന്താരം
വരേണ്യം	— വരണീയം
മിത്രം ന ശേവം ത്വാ	— സഖായമിവ സുഖകരം ത്വാം
മാനുഷേഷു ഭൃഗവഃ	— മനുഷ്യേഷു മധ്യേ ഏതന്നാമകാ മഹർഷയഃ
ദിവ്യായ ജന്മനേ	— ദേവത്വപ്രാപ്തയേ
ചാരും രയിം ന	— ശോഭനധനമിവ
ആ ദധുഃ	— ആധാനസംസ്കാരേഷു മന്ത്രൈഃ സ്ഥാപനേന സംസ്കൃതവന്തഃ.

അർത്ഥം—അല്ലയോ അഗ്നേ, യജമാനന്മാരാൽ എളുപ്പം വിളിക്കാവുന്നവനും, ദേവന്മാരെ വിളിക്കുന്നവനും, യജ്ഞസ്ഥാനങ്ങളിൽ എപ്പോഴും വരുന്നവനും, ശ്രേഷ്ഠനും ഒരു ചങ്ങാതിപോലെ ഇമ്പമേകുന്നവനുമായ അവിടുത്തെ, മനുഷ്യർക്കിടയിൽ ഭാർഗ്ഗവകുലക്കാരായ ഋഷികൾ ദേവതാപ്രാപ്തിക്കായി നല്ല ധനത്തെ എന്നപോലെ, ആധാനസംഭാരങ്ങളുടെ കൂട്ടത്തിൽ മന്ത്രങ്ങളാൽ സ്ഥാപിച്ച് സംസ്കരിച്ചിരിക്കുന്നു (ധനത്തെ സംസ്കരിക്കുക എന്നാൽ യഥാർഹം, ധർമ്മാർത്ഥം ചിലവിട്ടു ശുദ്ധിവരുത്തുക. ഏതു ഹോമക്രിയക്കും മന്ത്രപൂർവ്വമായ അഗ്നിസംസ്കാരം വേണം)

7 ഹോതാരം സപ്തജുഹ്വോ൩ യജിഷ്ഠം
യം വാഘതോ വൃണതേ അധ്വരേഷു
അഗ്നിം വിശ്വേഷാമരതിം വസൂനാം
സപര്യാമി പ്രയസാ യാമി രത്നം

അന്വയം —

സപ്ത ജുഹ്വഃ	— സപ്തസംഖ്യാകാഃ ഹോതാരഃ
വാഘതഃ	— ഋത്വിജഃ
അധ്വരേഷു യജിഷ്ഠം	— യാഗേഷു യഷ്ടൃതമം
ഹോതാരം	— ദേവാനാമാഹ്വാതാരം
യം (അഗ്നിം) വൃണതേ	— സംഭജന്തേ
വിശ്വേഷാം വസൂനാം അരതിം	— സർവ്വേഷാം ധനാനാം പ്രാപയിതാരം
(തം) അഗ്നിം പ്രയസാ	— ഹവിർല്ലക്ഷണേനാന്നേന
സപര്യാമി	— പരിചരാമി
രത്നം യാമി	— രമണീയം കർമ്മഫലം (പ്ര) യാചാമി

അർത്ഥം— ഏഴു ഹോതാക്കളും, ഋത്വിക്കുകളും, യാഗങ്ങളിൽ ഏററവും യജിക്ക...

മായ യാതൊരു ദേവനെ വരിക്കുന്നുവോ, (ആശ്രയിക്കുന്നുവോ) എല്ലാവൎക്കും ഐശ്വര്യം പ്രാപിപ്പിക്കുന്ന ആ അഗ്നിയെ ഹവിരന്നംകൊണ്ട് ഞാൻ പരിചരിക്കുന്നു, ഉപാസിക്കുന്നു. നല്ല കൎമ്മഫലത്തെ യാചിക്കുകയും ചെയ്യുന്നു.

8 അച്ഛിദ്രാസൂനോസഹസോനോഅദ്യ
സ്തോതൃഭ്യോമിത്രമഹശ്ശൎമ്മയച്ഛ
അഗ്നേഗൃണന്തമംഹസഉരുഷ്യോ-
ൎജ്ജോനപാൽപൂൎഭിരായസീഭിഃ

അന്വയം:—

ഹേ സഹസഃ സൂനോ	—	ബലസ്യപുത്ര
മിത്ര-മഹഃ	—	അനുകൂല ദീപ്തിമൻ (അഗ്നേ)
നഃ	—	അസ്മഭ്യം
സ്തോതൃ-ഭ്യഃ അദ്യ	—	അസ്മിൻ കൎമ്മണി
അച്ഛിദ്രാ ശൎമ്മ യച്ഛ	—	അച്ഛേദ്യാനിശൎമ്മാണി, സുഖാനിദേഹി
(കിഞ്ച) ഹേ		
ഊൎജ്ജഃ നപാൽ	—	അന്നസ്യപുത്ര (ഭുക്തേനാന്നേന ജാരാഗ്നേഃ പ്രവൎത്തനാൽ അഗ്നേരന്നപുത്രത്വം)
ഹേ അഗ്നേ, ഗൃണന്തം	—	ത്വാം സ്തുവന്തം
ആയസീഭിഃ പൂഃ-ഭിഃ	—	അയോവദ്ദൃഢതരൈഃ പാലനൈഃ
അംഹസഃ ഉരുഷ്യ	—	പാപാദ്രക്ഷ

അൎത്ഥം—ബലത്തിന്റെ മകനും, അനുകൂലപ്രകാശത്തോടുകൂടിയവനുമായ അഗ്നേ, ഞങ്ങളുടെ സ്തോതാക്കൾക്ക് ഈ കൎമ്മത്തിൽ മുറിയാത്ത മംഗളങ്ങളും, സുഖങ്ങളും കൊടുത്താലും. കൂടാതെ, അന്നപുത്രനായ അഗ്നേ, അവിടത്തെ സ്തുതിക്കുന്നവനെ ഇരുമ്പൊത്ത ഉറപ്പോടുകൂടിയ പാലനത്താൽ പാപത്തിൽ നി

അര്‍ത്ഥം—അല്ലയോ അഗ്നേ, യജമാനന്മാര്‍ക്ക് എളുപ്പം വിളിക്കാവുന്നവനും, ദേവന്മാരെ വിളിക്കുന്നവനും, യജ്ഞസ്ഥാനങ്ങളില്‍ എപ്പോഴും വരുന്നവനും, ശ്രേഷ്ഠനും ഒരു ചങ്ങാതിപോലെ ഇമ്പമേകുന്നവനുമായ അവിടുത്തെ, മനുഷ്യര്‍ക്കിടയില്‍ ഭാര്‍ഗ്ഗവകുലക്കാരായ ഋഷികള്‍ ദേവതാപ്രാപ്തിക്കായി നല്ല ധനത്തെ എന്നപോലെ, ആധാനസംഭാരങ്ങളുടെ കൂട്ടത്തില്‍ മന്ത്രങ്ങളാല്‍ സ്ഥാപിച്ച് സംസ്കരിച്ചിരിക്കുന്നു (ധനത്തെ സംസ്കരിക്കുക എന്നാല്‍ യഥാര്‍ഹം, ധര്‍മ്മാര്‍ത്ഥം ചിലവിട്ട് ശുദ്ധിവരുത്തുക ഏതു ഹോമക്രിയക്കും മന്ത്രപൂര്‍വ്വമായ അഗ്നിസംസ്കാരം വേണം)

7 ഹോതാരം സപ്തജുഹ്വോ൩ യജിഷ്ഠം
യം വാഘതോ വൃണതേ അധ്വരേഷു
അഗ്നിം വിശ്വേഷാമരതിം വസൂനാം
സപര്യാമി പ്രയസാ യാമി രത്നം

അന്വയം —

സപ്ത ജുഹ്വഃ — സപ്തസംഖ്യാകാഃ ഹോതാരഃ
വാഘതഃ — ഋത്വിജഃ
അധ്വരേഷു യജിഷ്ഠം — യാഗേഷു യഷ്ടൃതമം
ഹോതാരം — ദേവാനാമാഹ്വാതാരം
യം (അഗ്നിം) വൃണതേ — സംഭജന്തേ
വിശ്വേഷാം വസൂനാം അരതിം — സര്‍വ്വേഷാം ധനാനാം പ്രാപയിതാരം
(തം) അഗ്നിം പ്രയസാ — ഹവിര്‍ല്ലക്ഷണേനാന്നേന
സപര്യാമി — പരിചരാമി
രത്നം യാമി — രമണീയം കര്‍മ്മഫലം (ച) യാചാമി

അര്‍ത്ഥം— ഏഴു ഹോതാക്കളും, ഋത്വിക്കുകളും, യാഗങ്ങളില്‍ ഏറ്റവും യജിക്കപ്പെടേണ്ടവനും, [illegible] ന്നവന

മായ യാതൊരു ദേവനെ വരിക്കുന്നുവോ, (ആശ്രയിക്കുന്നുവോ) എല്ലാവർക്കും ഐശ്വര്യം പ്രാപിപ്പിക്കുന്ന ആ അഗ്നിയെ ഹവിരന്നംകൊണ്ട് ഞാൻ പരിചരിക്കുന്നു, ഉപാസിക്കുന്നു. നല്ല കർമ്മഫലത്തെ യാചിക്കുകയും ചെയ്യുന്നു.

8 അച്ഛിദ്രാസൂനോസഹസോനോഅദ്യ
സ്തോതൃഭ്യോമിത്രമഹശ്ശർമ്മയച്ഛ
അഗ്നേഗൃണന്തമംഹസഉരുഷ്യോ-
ർജ്ജോനപാൽപൂർഭിരായസീഭിഃ

അന്വയം:—

ഹേ സഹസഃ സൂനോ	—	ബലസ്യപുത്ര
മിത്ര-മഹഃ	—	അനുകൂല ദീപ്തിമൻ (അഗ്നേ)
നഃ	—	അസ്മഭ്യം
സ്തോതൃ-ഭ്യഃ അദ്യ	—	അസ്മിൻ കർമ്മണി
അച്ഛിദ്രാ ശർമ്മ യച്ഛ	—	അച്ഛേദ്യാനിശർമ്മാണി, സുഖാനിദേഹി
(കിഞ്ച) ഹേ ഊർജഃ നപാത്	—	അന്നസ്യപുത്ര (ഭുക്തേനാന്നേന ജഠരാഗ്നേഃ പ്രവർത്തനാൽ അഗ്നേ രന്നപുത്രത്വം)
ഹേ അഗ്നേ, ഗൃണന്തം	—	ത്വാം സ്തുവന്തം
ആയസീഭിഃ പൂഃ-ഭിഃ	—	അയോവദ്ദൃഢതരൈഃ പാലനൈഃ
അംഹസഃ ഉരുഷ്യ	—	പാപാദ്രക്ഷ

അർത്ഥം—ബലത്തിന്റെ മകനും, അനുകൂലപ്രകാശത്തോടു കൂടിയവനുമായ അഗ്നേ, ഞങ്ങളുടെ സ്തോതാക്കൾക്ക് ഈ കർമ്മത്തിൽ മുറിയാത്ത മംഗളങ്ങളും, സുഖങ്ങളും കൊടുത്താലും. കൂടാതെ, അന്നപുത്രനായ അഗ്നേ, അവിടത്തെ സ്തുതിക്കുന്നവനെ ഇരുമ്പോളം ഉറപ്പോടുകൂടിയ പാലനങ്ങളാൽ പാപത്തിൽ നി

ന്നു് രക്ഷിച്ചാലും (ഭക്ഷിച്ച അന്നം ജാരാഗ്നിയെ വർദ്ധിപ്പിക്കുന്നു അതുകൊണ്ടാണ് അഗ്നിയെ അന്നപുത്രനെന്നു് പറയുന്നതു്)

9 ഭവാവരൂഥംഗൃണതേവിഭാവോ
ഭവാമഘവൻമഘവദ്ഭ്യശ്ശർമ്മ
ഉരുഷ്യാഗ്നേ അംഹസോഗൃണന്തം
പ്രാതർമ്മക്ഷൂധിയാവസുർജ്ജഗമ്യാൽ വ 24

അന്വയം —

ഹേ വിഭാ-വഃ	— വിശിഷ്ടപ്രകാശ (അഗ്നേ)
ഗൃണതേ	— ത്വാംസ്തുവതേ യജമാനായ
വരൂഥം ഭവ	— അനിഷ്ടനിവാരകം ഗൃഹം ഭവ
ഹേ മഘ-വൻ	— ധനവൻ
മഘവത്-ഭ്യഃ	— ഹവിർല്ലക്ഷണ ധനയുക്തേഭ്യഃ യജമാനേഭ്യഃ
ശർമ്മ ഭവ	— സുഖം യഥാഭവതി തഥാഭവ
ഹേ അഗ്നേ ഗൃണന്തം	— സ്തുവന്തം
അംഹസഃ ഉരുഷ്യ	— പാപകാരിണശ്ശത്രോ രക്ഷ
ധിയാ-വസുഃ	— കർമ്മണാ പ്രാപ്യധനഃ (അഗ്നിഃ)
പ്രാതഃ	— ഇദാനീമിവ പരേദ്യുരപി
മക്ഷു ജഗമ്യാൽ	— ശീഘ്രമാഗച്ഛതു

അർത്ഥം– വിശിഷ്ടപ്രകാശനായ അഗ്നേ അവിടുത്തെ സ്തുതിക്കുന്നവന് അവിടുന്ന് ഗൃഹമായി ഭവിച്ചാലും. അതായത് ഏതുപ്രകാരമായാൽ അനിഷ്ടനിവാരകമായ ഗൃഹമുണ്ടാകുമോ അപ്രകാരം ഭവിക്കുക. അതുപോലെ ഐശ്വര്യയുക്തരായ ഹവിർദ്ധനരായ യജമാനന്മാർക്ക് അവിടുന്ന് സുഖമായി ഭവിച്ചാലും. അതായത് ഏതുപ്രകാരമായാൽ സുഖമുണ്ടാകുമോ അപ്രകാരം ഭവിക്കുക. അഗ്നേ അവിടുത്തെ സ്തുതിക്കുന്നവനെ പാപകാരികളായ ശത്രുക്കളിൽ നിന്നു് രക്ഷിച്ചാലും. (പാപകാരികളായ

യഥാർത്ഥ ശത്രുക്കൾ സ്വന്തം മനോവാക് കർമ്മങ്ങളെ നയിക്കുന്ന പാപവാസനകളാകുന്ന ആ ചാപല്യങ്ങളെയാണു് ഇവിടെ ഉദ്ദേശിച്ചിട്ടുള്ളതു്) കർമ്മംകൊണ്ടു് സമ്പന്നനായ അഗ്നി ഇന്നും നാളെയും (എന്നും) പ്രഭാതത്തിൽ ശീഘ്രഗാമിയായി ഇവിടെ വന്നുചേരട്ടേ

വർഗ്ഗം 25—ത്രിഷ്ടുപ്ഛന്ദഃ വൈശ്വാനരാഗ്നിർദ്ദേവതാ

1 വയാ ഇദഗ്നേ അഗ്നയസ്തേ അന്യേ
ത്വേ വിശ്വേ അമൃതാമാദയന്തേ
വൈശ്വാനരനാഭിരസി ക്ഷിതീനാം
സ്ഥൂണേവജനാ ഉപമിദ്യയന്ഥ.

അന്വയം:—

ഹേ അഗ്നേ, (യേ) അന്യേ അഗ്നയഃ (സന്തി)
തേ വയാഃ ഇത് — തവ ശാഖാ ഏവ
(കിഞ്ച) ത്വേ വിശ്വേ
അമൃതാഃ — ത്വയി സർവ്വേ ദേവാഃ
മാദയന്തേ — ഹൃഷ്യന്തി (നഹി ത്വദ്വ്യതിരേകേണ തൈർജീവിതും ശക്യതേ)
ഹേ വൈശ്വാനര — വിശ്വേഷാം നരാണാം ജാഠരരൂപേണ സംബന്ധിൻ (അഗ്നേ)
ക്ഷിതീനാം നാഭിഃ അസി — മനുഷ്യാണാം അവസ്ഥാപകോ ഭവസി
(അതസ്ത്വം) ഉപ-മിത്
സ്ഥൂണാ-ഇവ — നിഖാതഃ, സ്തംഭഃ യഥാ ഗൃഹോപരിസ്ഥം വംശം ധാരയതി തദ്വത്
ജനാൻ യയന്ഥ — ധാരയഃ

അർത്ഥം.—അല്ലയോ അഗ്നേ, മററഗ്നികൾ ഏതെല്ലാമുണ്ടോ, അവയെല്ലാം അവിടത്തെ ശാഖകളാകുന്നു പിന്നെ അവിടുന്നിലാണ് അമരന്മാരായ സകല ദേവന്മാരും ഹർഷിക്കുന്നതു്. (അ

വിടത്തെ വിട്ടാൽ അവക്ക് ജീവിക്കാൻ സാദ്ധ്യമല്ല) എല്ലാ മനുഷ്യരിലും ജഠരാഗ്നിയായി വർത്തിക്കുന്ന ദേവ, അവിടുന്ന് മനുഷ്യർക്ക് അവസ്ഥാപകനാകുന്ന മോന്തായം താങ്ങുന്ന തൂണപോലെ അവിടുന്ന് ജനങ്ങളെ (മുഴുവൻ) താങ്ങി ധരിച്ചിരിക്കുന്നു.

2 മൂർധാദിവോനാഭിരഗ്നിഃ പൃഥിവ്യാ
അഥാഭവദരതീരോദസ്യോഃ
തംത്വാദേവാസോജനയന്തദേവം
വൈശ്വാനരജ്യോതിരിദാര്യായ

അന്വയം:—

(അയം) അഗ്നിഃ ദിവഃ — ദ്യുലോകസ്യ
മൂർധാ — ശിരോവൽ പ്രധാനഭൂതഃ (ഭവതി)
പൃഥിവ്യാഃ നാഭിഃ — സന്നാഹകഃ, രക്ഷകഃ
അഥ രോദസ്യോഃ — ദ്യാവാപൃഥിവ്യോഃ
(അയം) അരതിഃ അഭവൽ — അധിപതിഃ അഭവൽ
ഹേ വൈശ്വാനര, തം
ദേവം ത്വാ — ത്വാം
ദേവാസഃ — സർവ്വേദേവാഃ
ആര്യായ — വിദുഷേ യജമാനായ
ജ്യോതിഃ ഇൽ — ജ്യോതീരൂപമേവ
അജനയന്ത — ഉദപാദയൻ

അർത്ഥം—ഈ അഗ്നി സ്വർഗ്ഗത്തിന്റെ മൂർധാവാകുന്നു. (ശിരസ്സുപോലെ സുപ്രധാന ഭാഗമാകുന്നു) ഭൂമിക്ക് കാത്തു രക്ഷിക്കുന്നവനാകുന്നു. ദ്യാവാപൃഥിവികൾക്ക് അധിപതിയായി ഭവിച്ചിരിക്കുന്നു. അല്ലയോ വൈശ്വാനര, ദേവന്മാർ വിദ്വാനായ യജമാനനുവേണ്ടി ആ അവിടത്തെ തേജോരൂപം തന്നെയായി (പ്രകാശാത്മാവായി) ഉല്പാദിപ്പിച്ചതാകുന്നു.

3 ആസൂര്യേന രശ്മയോ ധ്രുവാസോ

വൈശ്വാനരേ ദധിരേഗ്നാവസൂനി

യാപർവ്വതേഷ്വോഷധീഷ്വപ്സു

യാമാനുഷേഷ്വസിതസ്യ രാജാ

അന്വയം:—

അഗ്നാ വൈശ്വാനരേ — അഗ്നൗ
വസൂനി — ധനാനി
ധ്രുവാസഃ രശ്മയഃ — നിശ്ചലാഃ കിരണാഃ
സൂര്യേ ന — യഥാസൂര്യേ ആധീയന്തേ തദ്വൽ
ആ ദധിരേ — ആഹിതാനി,
സ്ഥാപിതാനി ബഭൂവുഃ
ഹേ അഗ്നേ, (അതസ്ത്വം)
യാ യാ — യാനി യാനി ധനാനി
പർവ്വതേഷു, ഓഷധീഷു,
അപ്_സു, മാനുഷേഷു
(വിദ്യന്തേ)
തസ്യ രാജാ അസി — അധിപതിർഭവസി

അർത്ഥം—വൈശ്വാനരാഗ്നിയിൽ ധനങ്ങൾ, നിശ്ചലങ്ങളായ രശ്മികൾ സൂര്യങ്കലെന്നപോലെ, നിഹിതങ്ങളായിരിക്കുന്നു. അതുകൊണ്ട് അഗ്നേ, അവിടുന്ന് പർവ്വതങ്ങളിലും, ഓഷധികളിലും, (സസ്യാദികളിലും) ജലങ്ങളിലും, മനുഷ്യരിലും ഏതേതു ധനങ്ങളുണ്ടോ, അതിന്റെ മുഴുവൻ അധിപതിയാകുന്നു.

4 ബൃഹതീ ഇവ സൂനവേ രോദസീ

ഗിരോഹോതാ മനുഷ്യോ൯ നദക്ഷഃ

സ്വർവ്വതേ സത്യശുഷ്മായ പൂർവ്വീ

ർവ്വൈശ്വാനരായനൃതമായയഹ്വീഃ

അന്വയം:—

റോദസീ — ദ്യാവാപൃഥിവ്യൌ
സൂനവേ — സ്വപുത്രായ വൈശ്വാനരായ
ബൃഹതീ–ഇവ — പ്രവൃദ്ധേ ഇവ (അഭൂതാം)
(കിഞ്ച അയം) ഹോതാ — ദേവാനാമാഹ്വാതാ
ദക്ഷഃ — സമർത്ഥഃ
സ്വഃ–വതേ — ശോഭനഗമനയുക്തായ
സത്യ–ശുഷ്മായ — അവിതഥബലായ
നൃ–തമായ — അതിശയേന സർവ്വേഷാം നേത്രേ
വൈശ്വാനരായ (അഗ്നയേ)
മനുഷ്യഃ ന — ലൌകികോ മനുഷ്യഃ വന്ദീ ദാതാരം പ്രഭും ബഹുവിധയാ സ്തുത്യാ സ്തൌതി, തദ്വൽ
പൂർവ്വീഃ യഹ്വീഃ ഗിരഃ — ബഹുവിധാ മഹതീസ്സ്തുതീഃ (പ്രായുങ്ക്ത)

അർത്ഥം—ദ്യാവാപൃഥിവികൾ സ്വപുത്രനായ വൈശ്വാനരന് വലിയവരായി (ഉത്കൃഷ്ടരായി) കൂടാതെ, ദേവന്മാരെ വിളിക്കുന്ന അവിടുന്ന് (എല്ലാററിനും) സമർത്ഥനാകുന്നു. എങ്ങും പ്രകാശത്തോടുകൂടി ഗമിക്കുന്നവനും, സഫലമായ ബലത്തോടു കൂടിയവനും, എല്ലാവരുടേയും ഏററവും നേതാവുമായ വൈശ്വാനരാഗ്നിക്ക്, വന്ദിയായ (സ്തുതിപാഠകനായ) ലൌകികമനുഷ്യൻ ദാതാവായ പ്രഭുവിനെന്നപോലെ, ബഹുവിധങ്ങളും മഹത്തുക്കളുമായ സ്തോത്രങ്ങളെ ചൊല്ലി (വൈശ്വാനരൻ ദ്യാവാപൃഥിവികളുടെ പുത്രനായി ഋഗ്വേദത്തിൽ തന്നെ അന്യത്ര പ്രസ്താവമുണ്ട്)

5 ദിവശ്ചിത്തേ ബൃഹതോ ജാതവേദോ
വൈശ്വാനര പ്ര രിരിചേ മഹിത്വം
രാജാ കൃഷ്ടീനാമസി മാനുഷീണാം
യുധാ ദേവേഭ്യോ വരിവശ്ചകർഥ

അന്വയം —

ഹേ ജാത–വേദഃ, — ജാതാനാം വേദിതഃ,
വൈശ്വാനര, തേ — തവ
മഹി–ത്വം — മാഹാത്മ്യം
ബൃഹതഃ ദിവഃ ചിൽ — മഹതഃ ദ്യുലോകാദപി
പ്ര രിരിചേ — പ്രവവൃധേ
(കിഞ്ച ത്വം)
മാനുഷീണാം — മനോർജ്ജാതാനാം
കൃഷ്ടീനാം രാജാ അസി — പ്രജാനാം അധിപതിർഭവസി
(തഥാ) വരിവഃ — അസുരൈരപഹൃതം ധനം
യുധാ — യുദ്ധേന
ദേവേഭ്യഃ ചകഥ — ദേവാധീനമാകർഷീഃ

അർത്ഥം—ഉണ്ടായതെല്ലാമറിയുന്ന വൈശ്വാനരാഗ്നേ, അവിടുത്തെ വലിപ്പം മഹത്തായ സ്വർഗ്ഗത്തേക്കാളം വർദ്ധിച്ചിരിക്കുന്നു അവിടുന്ന് മനുവംശജന്മാരായ മനുഷ്യർക്ക് അധിപതിയാകുന്നു അതുപോലെ അസുരന്മാരാൽ അപഹരിക്കപ്പെട്ട ധനം അവിടുന്ന് ദേവന്മാർക്കധീനമാക്കി

6 പ്രനൂമഹിത്വം വൃഷഭസ്യവോചം
യം പൂരവോവൃത്രഹണം സചന്തേ
വൈശ്വാനരോദസ്യുമഗ്നിർജ്ജഘന്വാ–
അധൂനോൽ കാഷ്ഠാഅവശംബരംഭേൽ

അന്വയം:—

പൂരവഃ — മനുഷ്യാഃ
വൃത്ര–ഹനം — ആവരകസ്യ മേഘസ്യഹന്താരം
യം (വൈശ്വാനരം)
സചന്തേ — (വർഷാർത്ഥിനഃ) സേവന്തേ
(തസ്യ) വൃഷഭസ്യ — അപാംവർഷിതുർവ്വൈശ്വാനരസ്യ
മഹി–ത്വം — മാഹാത്മ്യം
നു പ്ര വോചം — ക്ഷിപ്രംപ്രബ്രവീമി

(കിംതദിത്യാഹ) വൈശ്വാനരഃ അഗ്നിഃ

ദസ്യും	— കർമ്മണാം ഉപക്ഷയിതാരം രാക്ഷസാദികം
ജഘന്വാൻ	— ഹതവാൻ
(തഥാ) കാഷ്ഠാഃ	— അപഃ, വൃഷ്ട്യുദകാനി
അധൂനോൽ	— അധോമുഖാന്യപതയൽ
ശംബരം	— തം നിരോധകാരിണംമേഘം
അവ ഭേൽ	— അപാദിനൽ

അർത്ഥം—മനുഷ്യർ, വെള്ളം തടുക്കുന്ന മേഘത്തെ ഉടയ്ക്കുന്ന യാതൊരു ദേവനെയാണൊ മഴ പെയ്യാൻ ഇച്ഛിച്ച സേവിക്കുന്നതു്, വർഷകനായ ആ വൈശ്വാനരാഗ്നിയുടെ മാഹാത്മ്യം ഞാൻ വേഗത്തിൽ പറയാം വൈശ്വനരാഗ്നി കർമ്മങ്ങളെ മുടക്കുന്നവരായ രാക്ഷസാദികളെ കൊന്നു അതുപോലെ മഴവെള്ളത്തെ കീഴോട്ടു മുഖമാക്കി വീഴ്ത്തി അതിനെ നിരോധിക്കുന്ന മേഘത്തെ പിളന്നു (ഇവിടെ വൈശ്വാനരപദംകൊണ്ടു് മധ്യമ (അന്തരിക്ഷ) സ്ഥാനസ്ഥനായ വൈദ്യുതാഗ്നിയെ ഉദ്ദേശിക്കുന്നു, പൃഥിവീസ്ഥാനസ്ഥനായ വൈശ്വാനരനല്ല ഇവിടെ ഉദ്ദിഷ്ടനെന്നും, മധ്യസ്ഥാന വായുവോ, ഇന്ദ്രനോ, സൂര്യനോ ആണെന്നും പക്ഷാന്തരങ്ങളുണ്ടു് യാസ്കനും സായണനും ആ പക്ഷങ്ങളെ സ്വീകരിച്ചിട്ടില്ല)

7 വൈശ്വാനരോമഹിമ്നാ വിശ്വകൃഷ്ടി
ർഭരദ്വാജേഷുയജതോവിഭാവാ
ശാതവനേയേശതിനീഭിരഗ്നിഃ
പുരുണീഥേജരതേസൂനൃതാവാൻ വ 25

അന്വയം:—

വൈശ്വാനരഃ (അഗ്നിഃ)

മഹിമ്നാ	— മഹത്വേന
വിശ്വ—കൃഷ്ടിഃ	— വിശ്വേ, സർവ്വേമനുഷ്യാഃ യസ്യ സ്വഭൂതാഃ സഃ

ഭരൽ–വാജേഷു — പുഷ്ടികര ഹവിർല്ലക്ഷണാന്ന
വത്സു യാഗേഷു
യജതഃ — യഷ്ടവ്യഃ
വിഭാ–വാ — വിശേഷേണ പ്രകാശയിതാ
സൂനൃതാ–വാൻ — പ്രിയസത്യാത്മികാവാക്; തദ്യുക്തഃ
(ഏവംഭൂതഃ) അഗ്നിഃ
ശാത–വനേയേ — ശതസംഖ്യാകാൻ ഋത്വിജഃ വനതി, സംഭജതേ ഇതി ശതവനിഃ തസ്യപുത്രഃ ശാതവനേയഃ തസ്മിൻ
പുരു–നീഥേ — ബഹൂനാം നേതരി, ഏതൽ സംജ്ഞകേ രാജനിച
ശതിനീഭിഃ — ബഹ്വീഭിഃ (സ്തുതിഭിഃ)
ജരതേ — സ്തൂയതേ

അർത്ഥം—വൈശ്വാനരാഗ്നി സ്വമാഹാത്മ്യംകൊണ്ട് വിശ്വ കൃഷ്ടിയാകുന്നു. അതായത് എല്ലാ മനുഷ്യരും വൈശ്വാനരങ്കൽ നിന്ന് ഉളവായവരാകുന്നു. (അവിടുന്ന് ജാരാഗ്നിയാണല്ലൊ) പുഷ്ടികരമായ ഹവിസ്സോടുകൂടിയ യാഗങ്ങളിൽ അവിടുന്ന് പൂജ്യനാകുന്നു. എല്ലാം വേണ്ടപോലെ പ്രകാശിപ്പിക്കുന്ന അവിടുന്ന് പ്രിയവും സത്യവുമായ വാക്കോടുകൂടിയവനാകുന്നു. നൂറ് ഋത്വിക്കുകളിൽ യാഗം ചെയ്ത ശതവനിയുടെ പുത്രനായ ശാതവനേയന്റെയും വളരെപ്പേരുടെ നേതാവായ പുരുണീഥനെന്ന രാജാവിന്റെയും യാഗങ്ങളിൽ അവിടുന്ന് വിവിധ സ്തോത്രങ്ങളാൽ സ്തുതിക്കപ്പെട്ടിരിക്കുന്നു.

വർഗ്ഗം 26 അഗ്നിർദ്ദേവതാ

1 വഹ്നിം യശസം വിദഥസ്യകേതും
സുപ്രാവ്യം ദൂതം സദ്യോഅർത്ഥം
ദ്വിജന്മാനം രയിമിവപ്രശസ്തം
രാതിംഭരദ്ഭൃഗവേ മാതരിശ്വാ

അന്വയം —

വഹ്നിം	— ഹവിഷാം വോഢാരം
യശസം	— യശസ്വിനം
വിദഥസ്യ കേതും	— യജ്ഞസ്യ പ്രകാശയിതാരം
സുപ്ര-അവ്യം	— സുഷ്ഠു, പ്രകർഷേണ രക്ഷിതാരം
ദൂതം	— ദേവൈഃ ഹവിർവ്വഹണേ ദൂത്യേനിയുക്തം
സദ്യഃ-അർത്ഥം	— യദാഹവീംഷിജുഹ്വതി സദ്യഃ തൈസ്സഹ ദേവാൻ ഗന്താരം
ദ്വി-ജന്മാനം	— ദ്വയോരരണ്യോർജ്ജായമാനം
രയിം-ഇവ പ്ര-ശസ്തം	— പ്രഖ്യാതം
(അഗ്നിം) മാതരിശ്വാ	— വായുഃ
ഭൃഗവേ	— ഏതൽ സംജ്ഞകായ ഋഷയേ
രാതിം ഭരത്	— മിത്രം അഹരത്, അകരോത്

അർത്ഥം- ഹവിസ്സ് ദേവന്മാകുവേണ്ടി വഹിക്കുന്നവനും യശസ്വിയും യജ്ഞപ്രകാശകനും വേണ്ടപോലെ (എല്ലാവരെയും) രക്ഷിക്കുന്നവനും ഹവിർവ്വഹനത്തിൽ ദേവന്മാർ നിയമിച്ച ദൂതനും രണ്ടരണികളിൽ നിന്ന് ജനിച്ചവനും ധനംപോലെ പ്രഖ്യാതനും ആയ അഗ്നിയെ, വായു ഭൃഗുമഹർഷിക്കു മിത്രമാക്കി (ധനംപോലെ പ്രഖ്യാതൻ എന്നുവെച്ചാൽ ധനംപോലെ പ്രിയൻ, പ്രശംസിക്കപ്പെട്ടേണ്ടവൻ ബഹുമതൻ, ഒഴിച്ചുകൂടാത്തവൻ എന്നർത്ഥം രാതി എന്ന പദത്തിന്ന് പുത്രനെന്നും ചിലരർത്ഥം പറയുന്നു അതുപ്രകാരം അഗ്നിയെ ഭൃഗുവിന്ന് പുത്രനാക്കിക്കൊടുത്തു എന്നർത്ഥം വരും ''രാതിംഭൃഗൂണാമുശിജംകവിക്രതും'' എന്ന് ഋഗ്വേദത്തിൽ തന്നെ അന്യത്ര പ്രയോഗത്തിൽ ആ അർത്ഥമാണ്)

2 അസ്യശാസുരുഭയാസസ്സചന്തേ
ഹവിഷ്മന്തഉശിജോയേചമർത്താഃ
ദിവശ്ചിത്പൂർവ്വോന്യസാദിഹോതാ
പൃച്ഛ്യോവിശ്പതിർവ്വിക്ഷുവേധാഃ

അന്വയം —

ഉഭയാസഃ — ഉഭയേപി, ദേവാമനുഷ്യാശ്ച
ശാസുഃ അസ്യ (അഗ്നേഃ) — ശാസിതാരമിമമഗ്നിം (ദ്വിതീയാർത്ഥേ ഷഷ്ഠീ)
സചന്തേ — സേവന്തേ
ഉശിജഃ — കാമയമാനാ ദേവാഃ
ഹവിഷ്മന്തഃ യേ ച മർത്താഃ — യജമാനാഃ (സചന്തേ)
(കിഞ്ച) ആ-പൃച്ഛ്യഃ — ആപ്രഷ്ടവ്യഃ, പൂജ്യഃ
വിശ്പതിഃ — വിശാം, പ്രജാനാം പാലയിതാ
വേധാഃ — വിധാതാ, അഭിമതഫലസ്യ കർത്താ
(അയം) ഹോതാ — ഹോമനിഷ്പാദകഃ
ദിവഃ ചിത് പൂർവ്വഃ — ആദിത്യാദപി പൂർവ്വഃ, ഉഷസ്സ്വവർത്തമാനോ ഭൂത്വാ അഗ്നിഹോത്രഹോമാർത്ഥം
വിക്ഷു നി അസാദി — യജമാനേഷു അധ്വര്യുണാ അഗ്ന്യായതനേഷ്വധായി, സ്ഥാപ്യതേ

സാരം—ദേവന്മാരും മനുഷ്യരും, രണ്ടുകൂട്ടരും, ശാസിതാവായ ഈ അഗ്നിയെ സേവിക്കുന്നു ഹവിസ്സുകൾ കാമിക്കുന്ന അമർത്ത്യന്മാരും (ദേവന്മാരും) ഹവിസ്സോടുകൂടിയ മർത്ത്യന്മാരായ യജമാനന്മാരും അവിടത്തെ സേവിക്കുന്നു കൂടാതെ പൂജ്യനും, ജനപാലനും, കർമ്മങ്ങൾക്ക് അഭീഷ്ടഫലകർത്താവുമായ ഈ ഹോതാവ്, ഹോമകാരകനായ അഗ്നി, ആദിത്യനും മുമ്പ് പ്രഭാതത്തിലെത്തി, അഗ്നിഹോത്രഹോമത്തിന്ന് യജമാനന്റെ അഗ്ന്യായതനത്തിൽ അധ്വര്യുവാൽ സ്ഥാപിക്കപ്പെടുന്നു

3 തം നവ്യസീ ഹൃദ ആജായമാന
മസ്മത് സുകീർത്തിർമധുജിഹ്വമശ്യാഃ
യമൃത്വിജോ വൃജനേ മാനുഷാസഃ
പ്രയസ്വന്ത ആയവോ ജീജനന്ത

അന്വയം —

വൃജനേ — സംഗ്രാമേ പ്രാപ്തേസതി
മാനുഷാസഃ ഋത്വിജഃ
പ്രയസ്വന്തഃ — മനോഃ പുത്രാഃ ഋതൌ, കാലെ യഷ്ടാരഃ ഹവിരന്നോപേതാഃ
ആയവഃ — മനുഷ്യാഃ
യം (അഗ്നിം) ജീജനന്ത — യജ്ഞാത്ഥമുദപാദയൻ
നവ്യസീ — നവീയസീ, നവതരാ
സു—കീത്തിഃ — സുഷ്ഠുകീത്തയിത്രീ
അസ്മൽ — അസ്മാകം (സ്തുതിഃ)
ഹൃദഃ — ഹൃദ്യവസ്ഥിതാൻ പ്രാണാൻ
ജായമാനം — ഉൽപദ്യമാനം
മധു—ജിഹ്വം — മാദയിതൃജ്വാലം
തം (അഗ്നിം) ആ അശ്യാഃ — ആഭിമുഖ്യേന വ്യാപ്നോതു

അത്ഥം—യുദ്ധമുണ്ടായപ്പോഴം മനുവിൻെറ സന്തതികളായി, യഥാകാലം യഷ്ടാക്കളായ മനുഷ്യർ, ഏതൊരഗ്നിയെ ഉൽപാദിപ്പിച്ചുവോ, ഹൃദിസ്ഥിതമായ പ്രാണങ്കൽ നിന്നുൽപന്നനും, മദം ജനിപ്പിക്കുന്ന ജ്വാലയോടു കൂടിയവനുമായ ആ അഗ്നിയ്ക്കു്, പുതുതും അവിടുത്തെ ഗുണങ്ങളെ വേണ്ടപോലെ കീർത്തിക്കുന്നതുമായ നമ്മുടെ സ്തുതി എത്തട്ടെ. (അഗ്നി വായുവിൽ നിന്നുണ്ടായി പ്രാണൻ വായുവാണു്. അപ്പോഴം അഗ്നിക്കു് പ്രാണങ്കൽ നിന്നുൽപത്തി ശാസ്ത്രസമ്മതം)

4 ഉശിക്പാവകോ വസുമ്മാനുഷേഷു
വരേണ്യോ ഹോതാധായിവിക്ഷു
ദമൂനാഗൃഹപതിർദ്ദമ ആ
അഗ്നിർഭുവദ്രയിപതീരയീണാം.

അന്വയം —

ഉശിക് പാവകഃ വസുഃ — കാമയമാനഃ, ശോധകഃ, നിവാസയിതാ
വരേണ്യഃ ഹോതാ — വരണശീലഃ ദേവാനാമാഹ്വാതാ

വിക്ഷു മാനുഷേഷു	—	യജ്ഞഗൃഹം പ്രവിഷ്ടേഷു യജമാനേഷു
അധായി	—	സ്ഥാപ്യതേ
(സഃ) അഗ്നിഃ ദമൂനാഃ	—	രക്ഷസാം ദമനകരണേ മനസായുക്തഃ
ഗൃഹ–പതിഃ	—	ഗൃഹാണാം പാലയിതാ (പ്രസന്‍)
ദമേ	—	യജ്ഞഗൃഹേ
രയീണാം രയി–പതിഃ	—	രയീണാം മദ്ധ്യേയദ്ധനം തസ്യപതിഃ
ആ ഭുവൽ	—	ആസമന്താൽ ഭവതി

അർത്ഥം—ഹവിസ്സു കാമിക്കുന്നവനും, എല്ലാം ശുദ്ധീകരിക്കുന്നവനും, എല്ലാവരെയും അതാതിടത്തു് പാപ്പിക്കുന്നവനും, (സ്വന്തം ഇഷ്ടംപോലെ എല്ലാം) വരിക്കുന്നവനും, ദേവന്മാരെ വിളിക്കുകന്നവനുമായ അഗ്നി യജ്ഞഗൃഹം പ്രാപിക്കുന്ന (യാഗത്തിനു് മുതിരുന്ന) യജമാനന്മാരിൽ സ്ഥാപിക്കപ്പെടുന്നു. ആ അഗ്നി രക്ഷസ്സുകളെ അടക്കാനുള്ള മനസ്സോടുകൂടിയവനും (യജ്ഞഗൃഹത്തിൽ വസിച്ചുകൊണ്ടു്) ഗൃഹം പാലിക്കുന്നവനും, ധനങ്ങളുടെയെല്ലാം പൂർണ്ണനാഥനുമായി ഭവിക്കുന്നു.

5 തം ത്വാവയം പതിമഗ്നേ രയീണാം
പ്രശംസാമോ മതിഭിർഗ്ഗോതമാസഃ
ആശും ന വാജംഭരം മർജ്ജയന്തഃ
പ്രാതർമ്മക്ഷൂധിയാവസുർജ്ജഗമ്യാൽ വ 26

അന്വയം:—

ഗോതമാസഃ വയം	–	ഗോതമഗോത്രജാഃ വയം (ഏകത്വേപി ആത്മനിപൂജാർത്ഥം ബഹുവചനം)
ഹേ അഗ്നേ, രയീണാം പതിം	—	ധനാനാംപതിം

വാജം-ഭരം ത്വാ — ഹവിർല്ലക്ഷണസ്യാന്നസ്യ ഭർത്താരം ത്വാ
മതി-ഭിഃ — സ്തോത്രൈഃ
ആശും ന — അശ്വമിവ, യഥാ ആരോഹാഃ പൃഷ്ഠ്യാഃ അശ്വം, വാഹനപ്രദേശം ഹസ്തേന മാർജ്ജയന്തി തദ്വത്
മർജ്ജയന്തഃ — മാർജ്ജയന്തഃ
പ്ര ശംസാമഃ — സ്തുമഃ
ധിയാ-വസുഃ — കർമ്മണാപ്രാപ്തധനഃ (സഃ അഗ്നിഃ)
പ്രാതഃമക്ഷു ജഗമ്യാത് — ശീഘ്രമാഗച്ഛതു

അർത്ഥം—ഗോതമഗോത്രജന്മാരായ ഞങ്ങൾ (ആത്മബഹുമാനാർത്ഥം ബഹുവചനം) അല്ലയോ അഗ്നേ, ധനാധിപതിയും ഹവിരന്നം ഭരിക്കുന്നവനും, ആയ ആ അവിടുത്തെ, കുതിരസ്സവാരിക്കാർ കൈകൊണ്ട് ഇരിപ്പിടം തുടച്ചുവൃത്തിയാക്കുന്നപോലെ അവിടുന്ന് ഹവിസ്സുവഹിക്കുന്ന ഭാഗം വ്യാപകമായി തുടച്ചുകൊണ്ട് സ്തോത്രങ്ങളാൽ സ്തുതിക്കുന്നു കർമ്മംകൊണ്ട് സമ്പന്നനായ അഗ്നി ഇന്നും നാളെയും (എന്നും) പ്രാതഃകാലത്ത് ശീഘ്രഗാമിയായി വന്നുചേരട്ടെ

വർഗ്ഗം 27–28–29 ഇന്ദ്രോദേവതാ

1 അസ്മാഇദുപ്രതവസേതുരായ
പ്രയോനഹർമ്മിസ്തോമം മാഹിനായ
ഋചീഷമായാധ്രിഗവഓഹ
മിന്ദ്രായബ്രഹ്മാണിരാതതമാ

അന്വയം —
തവസേ തുരായ — പ്രവൃദ്ധായ, ത്വരമാണായ
മാഹിനായ — ഗുണൈർമ്മഹതേ
ഋചീഷമായ — ഋചാസമായ, യാദൃശീസ്തുതിഃ ക്രിയതേ തത്സമായ

ദ്ധ്രി–ഗവേ — അധൃതഗമനായ, അപ്രതിഹത ഗമനായ

തസ്മൈ (ഇന്ദ്രായ) ഇൽ
പ്രയഃ ന — യഥാബുഭുക്ഷിതായകശ്ചിദന്നം പ്രഹരതിതഥാ

ാഹം — വഹനീയം, പ്രാപണീയം (അത്യന്തമുൽകൃഷ്ടം)

സ്തോമം — സ്തോത്രം (നകേവലംസ്തോമം, കിംതർഹി)

ാത–തമാ — പൂർവ്വൈർയ്യജമാനൈഃ അതിശ യേനദത്താനി

വൃഷാണി — ഹവിർല്ലക്ഷണാന്യന്നാനി

പ്ര ഹർമ്മി — പ്രഹരാമി, കരോമി

അർത്ഥം–പ്രവൃദ്ധനും, വേഗവാനും ഗുണങ്ങളാൽ മികച്ചവ നും, ഏതുവിധത്തിൽ സ്തുതിക്കുവോ, അതിന്നനുഗുണനും, അ പ്രതിഹതഗതിയുമായ ഇന്ദ്രന്നായിത്തന്നെ, വിശപ്പുററവന്നു് എന്തെങ്കിലും അന്നം കൊടുക്കുന്നപോലെ, അത്യുൽകൃഷ്ടമായ സ്തോത്രവും, കേവലം സ്തോത്രത്തിന്നുപുറമെ, മുൻയജമാനന്മാ രാൽ കൊടുക്കപ്പെട്ട ഹവിരന്നവും സമർപ്പിക്കുന്നു സ്തോത്രംകൊ ണ്ടും ഹവിസ്സുകൊണ്ടും അവിടുത്തെ പൂജിക്കുന്നു

2 അസ്മാ ഇദു പ്രയഇവ പ്രയംസി
ഭരാമ്യാങ്ഗൂഷം ബാധേ സുവൃക്തി
ഇന്ദ്രായ ഹൃദാ മനസാ മനീഷാ
പ്രത്നായപത്യേധിയോമർജ്ജയന്ത

അന്വയം –

അസ്മൈ ഇൽ ഉ (ഇന്ദ്രായ)

പ്രയഃ–ഇവ — അന്നമിവ

പ്രയംസി — പ്രയച്ഛാമി

ബാധേ — ശത്രൂണാം ബാധനായ സമർത്ഥം

സു—വൃക്തി — സുഷ്ഠു ആവർജ്ജകം
ആംഗൂഷം ഭരാമി — സ്തോത്രരൂപമാഘോഷം സമ്പാദയാമി
(അന്യേപിസ്തോതാരഃ)
പ്രത്നായ — പുരാണായ
പത്യേ ഇന്ദ്രായ — സ്വാമിനേ ഇന്ദ്രായ
ഹൃദാ മനസാ മനീഷാ — ഹൃദയേന, തദന്തർവർത്തിനാന്തഃ കരണേന മനീഷയാതജ്ജന്യേന ജ്ഞാനേന ച
ധിയഃ മർജ്ജയന്ത — സ്തുതീഃ മാർജ്ജയന്തി, സംസ്കുർവ്വന്തി

അർത്ഥം—ആ ഇന്ദ്രനായിത്തന്നെ അന്നം (വിളമ്പിക്കൊടുക്കും) പോലെ ഞാൻ (സ്തോത്രരൂപമായ തിരുമുൽകാഴ്ച) കൊടുക്കുന്നു. ശത്രുക്കളെ അകററാൻ മതിയായതും, നല്ലപോലെ ആകർഷകവും, സ്തുത്യാത്മകവുമായ ആഘോഷം ഞാൻ ഒരുക്കുന്നു മററു സ്തോതാക്കളും, പുരാതനനും സ്വാമിയുമായ ഇന്ദ്രനായി ഹൃദയംകൊണ്ടും, ഹൃദയത്തിനുള്ളിലെ അന്തഃകരണം കൊണ്ടും, ബുദ്ധിജന്യമായ ജ്ഞാനം കൊണ്ടും, സ്തുതികളെ സംസ്കരിച്ച് സമർപ്പിക്കുന്നു (ആ കൂട്ടത്തിൽ ഞാനും എന്റെ കഴിവൊത്തു സ്തുതിക്കുന്നു എന്നു ഭാവം)

3 അസ്മാ ഇദു ത്യമുപമം സ്വർഷാം
ഭരാമ്യാംഗൂഷമാസ്യേന
മംഹിഷ്ഠമച്ഛോക്തിഭിർമതീനാം
സുവൃക്തിഭിസ്സൂരിം വാവൃധധ്യൈ

അന്വയം —

അസ്മൈ ഇത് ഉ — അസ്മൈ ഏവ (ഇന്ദ്രായ)
ത്യം ഉപമം — തം പ്രസിദ്ധം ഉപമാനഭൂതം

സ്വഃ-സാം	— സുഷ്ഠുഅരണീയസ്യ ധനസ്യ ദാതാരം
സൂരിം	— വിപശ്ചിതം (ഇന്ദ്രം)
വവൃധധ്യൈ	— വർദ്ധയിതും
സുവൃക്തി-ഭിഃ	— സുഷ്ഠ്വാവർജ്ജകൈഃ
മതീനാം അച്ഛോക്തി-ഭിഃ	— സ്തുതീനാം സംബന്ധിഭിഃ സ്വച്ഛൈർവ്വചോഭിഃ
മംഹിഷ്ഠം ആംഗൂഷം	— അതിശയേന പ്രവൃദ്ധമാഘോഷം
ആസ്യേന ഭരാമി	— മുഖേനകരോമി

അർത്ഥം-പ്രസിദ്ധനും, (ഏതു മഹത്വത്തിന്നും) ഉപമാന ഹേതുവും സദ്ധനദാതാവും വിജ്ഞനുമായ ആ ഇന്ദ്രന്നുവേണ്ടി ത്തന്നെ, അവിടുത്തെ വൃദ്ധിക്കായി, അവിടേയ്ക്കു പുഷ്ടികൂട്ടു വാൻ, ഹൃദയാവർജ്ജകങ്ങളായ സ്തുതികളുടെ തെളിഞ്ഞ വാക്കു കൾകൊണ്ടു് മഹത്തായ ആഘോഷത്തെ ഞാൻ മുഖംകൊണ്ടു് (വാഗിന്ദ്രിയംകൊണ്ടു്) ഉണ്ടാക്കുന്നു.

4 അസ്മാഇദുസ്തോമംസംഹിനോമി
രഥംനതഷ്ടേവതൽസിനായ
ഗിരശ്ചഗിർവ്വാഹസേ സുവൃക്തീ-
ന്ദ്രായവിശ്വമിന്വംമേധിരായ

അന്വയം,—

അസ്മൈ ഇൽ ഉ	— അസ്മൈ ഏവ ഇന്ദ്രായ
സ്തോമം	— ശസ്ത്രരൂപം സ്തോത്രം
തൽ-സിനായ	— സിനം അന്നം, തേനരഥേന സിനംയസ്യസഃ തസ്മൈരഥ സ്വാമിനേ
തഷ്ടാ-ഇവ	— തഷ്ടാ, തക്ഷകഃ, രഥനിർമ്മാതാ ഇവ
രഥം ന	— യഥാരഥം പ്രേരയതിതദ്വൽ (ഇവപുനരാവൎത്തിഃ)

സു-വൃക്തി — സുഷ്ഠ്വാവർജ്ജകം
ആംഗൂഷം ഭരാമി — സ്തോത്രരൂപമാഘോഷം സമ്പാദയാമി
(അന്യേപിസ്തോതാരഃ)
പ്രത്നായ — പുരാണായ
പത്യേ ഇന്ദ്രായ — സ്വാമിനേ ഇന്ദ്രായ
ഹൃദാ മനസാ മനീഷാ — ഹൃദയേന, തദന്തർവർത്തിനാന്തഃ കരണേന മനീഷയാതജ്ജന്യേന ജ്ഞാനേന ച
ധിയഃ മർജ്ജയന്ത — സ്തുതീഃ മാർജ്ജയന്തി, സംസ്കുർവ്വന്തി

അർത്ഥം—ആ ഇന്ദ്രനായിത്തന്നെ അന്നം (വിളമ്പിക്കൊടുക്കും) പോലെ ഞാൻ (സ്തോത്രരൂപമായ തിരുമുൽകാഴ്ച) കൊടുക്കുന്നു ശത്രുക്കളെ അകററാൻ മതിയായതും, നല്ലപോലെ ആകർഷകവും, സ്തുത്യാത്മകവുമായ ആഘോഷം ഞാൻ ഒരുക്കുന്നു മററു സ്തോതാക്കളും, പുരാണനും സ്വാമിയുമായ ഇന്ദ്രനായി ഹൃദയംകൊണ്ടും, ഹൃദയത്തിനുള്ളിലെ അന്തഃകരണം കൊണ്ടും, ബുദ്ധിജന്യമായ ജ്ഞാനം കൊണ്ടും, സ്തുതികളെ സംസ്കരിച്ച് സമർപ്പിക്കുന്നു (ആ കൂട്ടത്തിൽ ഞാനും എന്റെ കഴിവൊത്ത സ്തുതിക്കുന്നു എന്നു ഭാവം)

3 അസ്മാ ഇദു ത്യമുപമം സ്വർഷാം
ഭരാമ്യാംഗൂഷമാസ്യേന
മംഹിഷ്ഠമച്ഛോക്തിഭിർമ്മതീനാം
സുവൃക്തിഭിസ്സൂരിം വാവൃധധ്യൈ

അന്വയം —

അസ്മൈ ഇത് ഉ — അസ്മൈ ഏവ (ഇന്ദ്രായ)
ത്യം ഉപ-മം — തം പ്രസിദ്ധം ഉപമാനഭൂതം

സ്വഃ–സാം — സുഷ്ഠുഅരണീയസ്യ ധനസ്യ ദാതാരം
സൂരിം — വിപശ്ചിതം (ഇന്ദ്രം)
വവൃധധ്യൈ — വൎദ്ധയിതും
സുവൃക്തി–ഭിഃ — സുഷ്ഠ്വാവൎജ്ജകൈഃ
മതീനാം അച്ഛോക്തി–ഭിഃ — സ്തുതീനാം സംബന്ധിഭിഃ സ്വച്ഛൈൎവ്വചോഭിഃ
മംഹിഷ്ഠം ആംഗൂഷം — അതിശയേന പ്രവൃദ്ധമാഘോഷം
ആസ്യേന ഭരാമി — മുഖേനകരോമി

അൎത്ഥം–പ്രസിദ്ധനും, (ഏതു മഹത്വത്തിന്നും) ഉപമാന ഹേതുവും സദ്ധനദാതാവും വിജ്ഞനുമായ ആ ഇന്ദ്രന്നുവേണ്ടി ത്തന്നെ, അവിടത്തെ വൃദ്ധിക്കായി, അവിടേയ്ക്കു് പുഷ്ടികൂട്ടു വാൻ, ഹൃദയാവൎജ്ജകങ്ങളായ സ്തുതികളുടെ തെളിഞ്ഞ വാക്കു കൾകൊണ്ടു് മഹത്തായ ആഘോഷത്തെ ഞാൻ മുഖംകൊണ്ടു് (വാഗിന്ദ്രിയംകൊണ്ടു്) ഉണ്ടാക്കുന്നു.

4 അസ്മാഇദുസ്തോമംസംഹിനോമി
രഥംനതഷ്ടേവതൽസിനായ
ഗിരശ്ചഗിൎവ്വാഹസേ സുവൃക്തീ–
ന്ദ്രായവിശ്വമിന്വംമേധിരായ

അന്വയം;–

അസ്മൈ ഇൽ ഉ — അസ്മൈ ഏവ ഇന്ദ്രായ
സ്തോമം — ശസ്ത്രരൂപം സ്തോത്രം
തൽ–സിനായ — സിനം അന്നം, തേനരഥേന സിനംയസ്യസഃ തസ്മൈരഥ സ്വാമിനേ
തഷ്ടാ–ഇവ — തഷ്ടാ, തക്ഷകഃ, രഥനിൎമ്മാതാ ഇവ
രഥം ന — യഥാരഥം പ്രേരയതിതദ്വൽ (ഇവപുനരാവൎത്തിഃ)

സം ഹിനോമി — പ്രേരയാമി
ഗിർവ്വാഹസേ — ഗീർഭിഃ, സ്തുതിഭിഃ ഉഹ്യമാനായ
ഇന്ദ്രായ ഗിരഃ ച — ശസ്ത്രസംബന്ധിനീഃ കേവലാഃ ഋചശ്ച
സു-വൃക്തി — ശോഭനം, ആവർജ്ജകം യഥാ ഭവതി തഥാ (പ്രേരയാമി)
(തഥാ) മേധിരായ — മേധാവിനേ (ഇന്ദ്രായ)
വിശ്വം-ഇന്വം — വിശ്വവ്യാപകം, വിശ്വൈശ്ച വ്യാപ്തം, സർവ്വോൽകൃഷ്ടം (ഹവിശ്ച പ്രേരയാമി)

അർത്ഥം—ആ ഇന്ദ്രന്നായിക്കൊണ്ടുതന്നെ, അന്നം നിറച്ച രഥം ആക്കേണ്ടോ, ആ രഥിയ്ക്കു്, രഥനിർമ്മാതാവായ തച്ചൻ രഥം നേരെയാക്കി ഓടിച്ചുകൊടുക്കുന്നപോലെ, ശസ്ത്രരൂപമായ സ്തോത്രം ഞാൻ സമർപ്പിക്കുന്നു സ്തുതികളാൽ വഹിക്കപ്പെടുന്ന ഇന്ദ്രന്നായി ശസ്ത്രസംബന്ധികളായ സാധാരണ ഋങ്മന്ത്രങ്ങളെയും ഹൃദയാകർഷകമായ വിധത്തിൽ ചൊല്ലുന്നു മേധാവിയായ ഇന്ദ്രന്നു് വിശ്വം മുഴുവൻ വ്യാപിച്ചതും വിശ്വങ്ങളാൽ വ്യാപിയ്ക്കപ്പെട്ടതുമായ (വിശ്വാത്മകമായ) സർവ്വോത്കൃഷ്ടമായ ഹവിസ്സും അർപ്പിക്കുന്നു

5 അസ്മാ ഇദു സപ്തിമിവ ശ്രവസ്യേ-
ന്ദ്രായാർക്കം ജുഹ്വാ സമഞ്ജേ
വീരം ദാനൗകസം വന്ദധ്യൈ
പുരാം ഗൂർത്തശ്രവസം ദർമ്മാണം — വ 27

അന്വയം —

അസ്മൈ ഇത് ഉ ഇന്ദ്രായ — അസ്മൈ ഏവ ഇന്ദ്രായ
അർക്കം — സ്തുതിരൂപം മന്ത്രം
ശ്രവസ്യാ — ശ്രവസ്യയാ അന്നലാഭേച്ഛയാ
സപ്തിം-ഇവ — യഥാ അന്നലാഭായ ഗന്തുകാഃ അശ്വം രഥേനൈകീകരോതി തദ്വൽ

ജുഹ്വാ — ആഹ്വാനസാധനേന വാഗിന്ദ്രിയേണ
സം അഞ്ജേ — സമക്തം കരോമി, ഏകീകരോമി
(ഏകീകൃത്യ) വീരം — ശത്രുക്ഷേപണകുശലം
ദാന—ഓകസം — ദാനാനാമേകനിലയം
ശ്രുത്ത—ശ്രവസം — പ്രശസ്യാന്നം
പുരാം ദർമ്മാണം — അസുരപുരാണാം വിദാരയിതാരം (ഇന്ദ്രം)
വന്ദധ്യൈ — വന്ദിതും, സ്തോതും (പ്രവൃത്തോസ്മി)

അർത്ഥം—ആ ഇന്ദ്രനായിത്തന്നെ അന്നലാഭേച്ഛകൊണ്ടു സ്തുതിരൂപമായ മന്ത്രത്തെ, സദ്യസ്സായി പോകുന്നവൻ കുതിരയെ തേരിനോടു ചേർക്കുന്നപോലെ, ഉച്ചരിക്കാനുള്ള ഉപകരണമായ വാഗിന്ദ്രിയത്തോടു ചേർക്കുന്നു. അതായതു് വാഗിന്ദ്രിയത്താൽ മന്ത്രങ്ങൾ ചൊല്ലുന്നു. അങ്ങിനെ വാഗിന്ദ്രിയത്തെയും മന്ത്രത്തെയും, ഏകീകരിച്ച ശേഷം, ദാനനിധിയും, പ്രശസ്തമായ അന്നത്തോടുകൂടിയവനും, അസുരപുരങ്ങളെ പിളർക്കുന്നവനുമായ ഇന്ദ്രനെ വന്ദിപ്പാനായി പുറപ്പെടുന്നു.

6 അസ്മാ ഇദു ത്വഷ്ടാ തക്ഷദ്വജ്രം
സ്വപസ്തമം സ്വര്യം രണായ
വൃത്രസ്യ ചിദ്വിദദ്യേന മർമ്മ
തുജന്നീശാനസ്തുജതാ കിയേധാഃ

അന്വയം:—

തുജൻ — ശത്രൂൻ ഹിംസൻ
ഈശാനഃ — ഐശ്വര്യവാൻ
കിയേധാഃ — ബലവാൻ (ഇന്ദ്രഃ)
തുജതാ യേന (വജ്രേണ) — ഹിംസതാ വജ്രേണ
വൃത്രസ്യ ചിദ് മർമ്മ — അസുരസ്യ മർമ്മസ്ഥാനം

വിദൽ	—	പ്രാഹാഷീൽ
(തം) സ്വപഃ–തമം	—	അതിശയേന ശോഭനകർമ്മാണം
സ്വര്യം വജ്രം രണായ	—	സ്തുത്യം വജ്രം യുദ്ധായ
അസ്മൈ ഇത് ഉ	—	അസ്മൈ ഏവ ഇന്ദ്രായ
ത്വഷ്ടാ തക്ഷൽ	—	വിശ്വകർമ്മാ തീക്ഷ്ണമകരോൽ

അർത്ഥം–ശത്രുഹന്താവും, ഐശ്വര്യവാനും, അപരിമിത ബലനുമായ ഇന്ദ്രൻ, ഏതൊരു വജ്രത്താൽ വൃത്രാസുരന്റെ മർമ്മ സ്ഥാനം പിളർന്നുവോ, ആ ശോഭനകർമ്മപ്രവീണവും, സ്തുത്യവു മായ വജ്രത്തെ ആ ഇന്ദ്രന് യുദ്ധത്തിനുവേണ്ടി വിശ്വകർമ്മാ വാണ് മൂർച്ചകൂട്ടി കൊടുത്തത്.

7 അസ്യേദു മാതുസ്സവനേഷു സദ്യോ–
മഹഃപിതും പപിവാഞ്ചാ വന്നാ
മുഷായദ്വിഷ്ണുഃ പചതം സഹീയാൻ
വിധ്യദ്വരാഹം തിരോ അദ്രിമസ്താ

അന്വയം –

മാതുഃ	—	വൃക്ഷ്ടിദ്വാരേണ സകലസ്യ ജഗതോ നിർമ്മാതുഃ
മഹഃ അസ്യ സവനേഷു	—	മഹതഃ യജ്ഞസ്യ അവയവഭൂതേഷു ത്രിഷു സവനേഷു
പിതും	—	സോമലക്ഷണം അന്നം
സദ്യഃ പപി–വാൻ	—	യദാ ജാതോ ഭവതേ തദാനീമേവ പാനം കൃതവാൻ
(തഥാ) ചാരു അന്നാ	—	ശോഭനാനി ഹവീംഷി ച ഭക്ഷിതവാൻ
(കിഞ്ച) വിഷ്ണുഃ	—	സർവ്വസ്യ ജഗതോ വ്യാപകഃ
പചതം	—	പരിപക്വമസുരാണാം ധനം
മുഷായത്	—	അപഹാരൽ
സഹീയാൻ	—	ശത്രൂണാം അഭിഭവിതാ

അദ്രിംഅസ്താ — അദ്രേഃ, വജ്രസ്യക്ഷേപകഃ
തിരഃ — പ്രാപ്തസ്സൻ
വരാഹം വിധ്യൽ ഇൽ ഉ — മേഘം അതാഡയൽ ഖലു

അർത്ഥം—മഴപെയ്യിച്ച് ജഗത്തിനെ നിർമ്മിക്ക (നിലനിർത്തു) ന്നതും മഹത്തുമായ യജ്ഞത്തിന്റെ മൂന്ന് അവയവങ്ങളായ സവനങ്ങളിൽ ഹോമിച്ച ഉടനെ സോമാന്നവും, ശോഭനഹവിസ്സുകളും അവിടുന്ന് പാനംചെയ്തു, ഭക്ഷിച്ചു. സർവ്വജഗദ്വ്യാപകനായി, അസുരധനാപഹാരിയായി, ശത്രുക്കളെ ജയിക്കുന്നവനായി, വജ്രം എറിയുന്നവനായ അവിടുന്ന് വന്ന് മേഘത്തെ പിളർന്നുവല്ലൊ.

8 അസ്മാഇദുഗ്നാശ്ചിദ്ദേവപത്നീ-
രിന്ദ്രായാർക്കമഹിഹത്യഊവുഃ
പരിദ്യാവാപൃഥിവീജഭ്രഉർവ്വീ
നാസ്യതേമഹിമാനംപരിഷ്ടഃ

അന്വയം:—

അസ്മൈ ഇൽ ഉ — അസ്മൈ ഏവ ഇന്ദ്രായ
അഹി-ഹത്യേ — അഹേഃ, വൃത്രസ്യഹനനേ നിമിത്തഭൂതേസതി
ഗ്നാഃ ചിൽ — ഗമനസ്വഭാവാ അപിസ്ഥിതാഃ
ദേവ-പത്നീഃ — ദേവാനാം പാലയിത്ര്യഃ ഗായത്ര്യാദ്യോദേവതാഃ
അർക്കം — അർച്ചനസാധനം സ്തോത്രം
ഊവുഃ — സമതന്വത, ചക്രുഃ
(സഃഇന്ദ്രഃ) ഉർവ്വീ — വിസ്തൃതേ
ദ്യാവാപൃഥിവീ — ദ്യാവാപൃഥിവ്യൌ
പരി ജഭ്രേ — സ്വതേജസാ അതിചക്രാമ
തേ (ദ്യാവാപൃഥിവ്യൌ)
അസ്യ — ഇന്ദ്രസ്യ
മഹിമാനം ന പരി സ്തഃ — നപരിഭവേത്

അർത്ഥം—ആ ഇന്ദ്രനായി വൃത്രവധസമയത്ത് സ്വതേ സഞ്ചാരിണികളായ ദേവന്മാരുടെ രക്ഷിത്രികൾ, ഗായത്ര്യാദി ദേവതകൾ സ്തോത്രം ചെയ്തു ആ ഇന്ദ്രൻ വിസ്തൃതകളായ ദ്യാവാപൃഥിവികളെ സ്വതേജസ്സാൽ അതിക്രമിച്ചു (അവിടെ നിന്ന് അവരിലും എത്രയോ വലുതായി) ആ ദ്യാവാപൃഥിവികൾക്ക് ഇന്ദ്രന്റെ മഹിമയെ താങ്ങുവാൻ പററിയില്ല

9 അസ്യേദേവ പ്രരിരിചേ മഹിത്വം
ദിവസ്പൃഥിവ്യാഃ പര്യന്തരിക്ഷാൽ
സ്വരാളിന്ദ്രോ ദമ ആവിശ്വഗൂർത്ത-
സ്സ്വരിരമത്രോ വവക്ഷേ രണായ

അന്വയം —

അസ്യ ഇൽ ഏവ	— അസ്യേന്ദ്രസ്യൈവ
മഹി—ത്വം	— മാഹാത്മ്യം
ദിവഃ പൃഥിവ്യാഃ	— ദ്യുലോകാൽ ഭൂലോകാൽ
അന്തരിക്ഷാൽ പരി പ്ര	
രിരിചേ	— ഉപരി അതിരിച്യതേ
ദമേ	— ദമയിതവ്യേ വിഷയേ
സ്വ—രാട്	സ്വേനൈവ തേജസാ രാജമാനഃ
വിശ്വ—ഗൂർത്തഃ	— വിശ്വസ്മിൻ സർവ്വസ്മിൻ കാര്യേസമർത്ഥഃ
സു—അരിഃ	— ശോഭനാരിഃ
അമത്രഃ	— മാത്രയാ ഇയത്തയാരഹിതഃ
ഇന്ദ്രഃ രണായ ആ	
വവക്ഷേ	— യുദ്ധായ ആവഹതി, മേഘാൻ പ്രാപയതി

(മേഘൈഃ പരസ്പരം യുദ്ധം കാരയിത്വാ വൃഷ്ടിം കരോതി)

അർത്ഥം—ആ ഇന്ദ്രന്റെ തന്നെ മാഹാത്മ്യം സ്വർഗ്ഗത്തിൽ നിന്നും, ഭൂലോകത്തിൽ നിന്നും അന്തരിക്ഷലോകത്തിൽ നിന്നും മേലെ വേർപെട്ടു നില്ക്കുന്നു കീഴടക്കേണ്ടവരെ കീഴട

ക്കുന്ന വിഷയത്തിൽ, സ്വതേജസ്സുകൊണ്ട് പ്രകാശമാനനും, എല്ലാ കാര്യങ്ങളിലും സമർത്ഥനും, പോന്ന ശത്രുക്കളോടു കൂടിയവനും, അളവററവനുമായ ഇന്ദ്രൻ യുദ്ധത്തിന്നായി മേഘങ്ങളെ ആവഹിക്കുന്നു. അതായത് മേഘങ്ങളെ തമ്മിൽ കൂട്ടിമുട്ടിച്ച് മഴപെയ്യിയ്ക്കുന്നു.

10 അസ്യ ദേവശവസാ ശുഷന്തം
വിവൃശ്ചദ്വജ്രേണ വൃത്രമിന്ദ്രഃ
ഗാനവ്രാണാ അവനീരമുഞ്ച-
ദഭിശ്രവോ ദാവനേ സചേതാഃ വ 28

അന്വയം:—

അസ്യ ഇൽ ഏവ	—	അസ്യൈവേന്ദ്രസ്യ
ശവസാ ശുഷന്തം	—	ബലേന ശുഷ്യന്തം
വൃത്രം ഇന്ദ്രഃ വജ്രേണ വി		
വൃശ്ചൽ	—	വൃശ്ചിനൽ
(തഥാ) ഗാഃ ന	—	ചോരൈരപഹൃതാഗാവ ഇവ
വ്രാണാഃ	—	വൃത്രേണാവൃതാഃ
അവനീഃ	—	രക്ഷണഹേതുഭൂതാഃ അപഃ
അമുഞ്ചൽ	—	അവഷീൽ
(തഥാ) ദാവനേ	—	ഹവിർദ്ദാത്രേ യജമാനായ
സ—ചേതാഃ	—	തേന യജമാനേന സമാന ചിത്തസ്സൻ
ശ്രവഃ	—	കർമ്മഫലഭൂതമന്നം
അഭി	—	ആഭിമുഖ്യേന (ദദാതി)

അർത്ഥം—ആ ഇന്ദ്രന്റെ തന്നെ ബലംകൊണ്ട് ലോകത്തെ ശോഷിപ്പിക്കുന്നവനായ വൃത്രനെ വജ്രംകൊണ്ട് ഛേദിച്ചു. വൃത്രനാൽ മറയ്ക്കു (തടുക്ക)പ്പെട്ട. ലോകരക്ഷകമായ ജലത്തെ, കട്ടുകൊണ്ടുപോയ പശുക്കളെ എന്നപോലെ, മോചിപ്പിച്ചു. ഹവിർദ്ദാതാവായ യജമാനന്ന്, അയാളോട് സമചിത്തനായി (ആ യജമാനന്റെ ആന്തരാഭിലാഷം അറിഞ്ഞ്) കർമ്മഫലഭൂതമായ അന്നം ഇന്ദ്രൻ നേരെ കൊടുത്തുകൊണ്ടിരിക്കുന്നു.

11 അസ്യേദുത്വേഷസാരന്തസിന്ധവഃ
പരിയദ്വജ്രേണ സീമയച്ഛത്
ഈശാനകൃദ്ദാശുഷേ ദശസ്യ
തുർവീതയേഗാധം തുർവണിഃ കഃ

അന്വയം:—

യത്	— യസ്മാത് (അയമിന്ദ്രഃ)
വജ്രേണ സീം	— ഏതാൻ സിന്ധൂൻ
പരി അയച്ഛത്	— പരിതോ നിയമിതവാൻ
അസ്യ ഇത് ഉ	— അസ്യൈവേന്ദ്രസ്യ
ത്വേഷസാ	— ദീപ്തേന ബലേന
സിന്ധവഃ	— ഗംഗാദ്യാസ്സപ്തനദ്യഃ
രന്ത	— സ്വേസ്വേ സ്ഥാനേ രമന്തേ
(അപി ച) ഈശാനകൃത്	— വൃത്രാദിവധേന ആത്മാനമൈശ്വര്യവന്തം കുർവൻ (ഇന്ദ്രഃ)
ദാശുഷേ ദശസ്യൻ	— ഹവിർദ്ദത്തവതേ യജമാനായ ഫലം പ്രയച്ഛൻ
തുർവണിഃ	— തൂർവിതാ, ശത്രൂണാം ഹിംസിതാ
തുർവീതയേ	— ഏതത് സംജ്ഞകായ ഉദകേ നിമഗ്നായ ഋഷയേ
ഗാധം കഃ	— അവസ്ഥാനയോഗ്യം ധിഷ്ണ്യ പ്രദേശം അകാർഷീത്

അർത്ഥം—തന്റെ വജ്രായുധംകൊണ്ട് യാതൊരിന്ദ്രൻ ഈ സിന്ധുക്കളെ നാലുപാടും നിയന്ത്രിച്ചുവോ, ആ ഇന്ദ്രന്റെ തന്നെ ജ്വലിക്കുന്ന ബലംകൊണ്ട് ആ നദികൾ (ഗംഗ മുതലായ ഏഴ് നദികൾ) സ്വസ്വസ്ഥാനങ്ങളിൽ രമിക്കുന്നു. വൃത്രവധാദി കർമ്മംകൊണ്ട് സ്വയം ഐശ്വര്യവാനാക്കി, ഇന്ദ്രൻ ഹവിർദ്ദാതാവായ യജമാനന്ന് കർമ്മഫലം കൊടുക്കുന്നു. ശത്രുഹന്താവായ അവിടുന്ന് വെള്ളത്തിൽ മുങ്ങിയ തുർവീതി എന്ന ഋഷിയെ കരയിൽ (കയററി) ഇരിപ്പാൻ യോഗ്യമായ സ്ഥാനമുണ്ടാക്കി.

12 അസ്മാഇദുപ്രഭരാതൂതുജാനോ

വൃത്രായവജ്രമീശാനഃ കിയേധാഃ

ഗോന്നപർവ്വവിരദാതിര

ശ്ചേഷ്യന്നർണ്ണാംസ്യപാംചരധ്യൈ

അന്വയം—

(ഹേ ഇന്ദ്ര, ത്വം)		
തൂതുജാനഃ	—	ത്വരമാണഃ
ഈശാനഃ	—	ഈശ്വരഃ
കിയേധാഃ	—	അനവധൃത പരിമാണസ്യ ബലസ്യധാതാ
അസ്മൈ ഇത് ഉ വൃത്രായ		
വജ്രം പ്ര ഭര	—	ഇമംവൃത്രം വജ്രേണപ്രഹര
(പ്രഹൃത്യച) അർണ്ണാംസി	—	വൃഷ്ടിജലാനി
ഇഷ്യൻ	—	തസ്മാൽവൃത്രാൽ ഗമയൻ (ത്വം)
അപാം ചരധ്യൈ	—	താസാമപാം ചരണായ, ഭൂപ്രദേശംപ്രതിഗമനായ
(തസ്യമേഘരൂപസ്യ)		
പർവ്വ	—	അവയവസന്ധിം
തിരശ്ചാ	—	തിര്യഗവസ്ഥിതേന വജ്രേണ
ഗോഃ ന	—	യഥാമാംസസ്യവികർത്താരഃ പശോരവയവാൻ ഇതസ്തതഃ വിഭജന്തിതദ്വൽ
വി രദ	—	വിലിഖ

അർത്ഥം—അല്ലയോ ഇന്ദ്ര, സത്വരകർമ്മാവും, സർവ്വപ്രഭുവും അപരിമിതബലനമായ അവിടുന്ന്, ആ മേഘരൂപനായ വൃത്രനെത്തന്നെ വജ്രംകൊണ്ട് പ്രഹരിച്ചാലും. എന്നിട്ട്, ആ മേഘത്തിൽനിന്ന് മഴവെള്ളം ഭൂപ്രദേശത്തേക്ക് വിട്ട്, അവന്റെ (മേഘരൂപനായ വൃത്രന്റെ) അവയവസന്ധികളെ, വിലങ്ങനെ പിടിച്ച വജ്രത്താൽ, കശാപ്പുകാരൻ പശുവിന്റെ അംഗങ്ങളെ അവിടവിടെ മുറിക്കുന്ന പോലെ, ഛേദിച്ചാലും.

13 അസ്യേദു പ്ര ബ്രൂഹി പൂർവ്യാണി
തുരസ്യ കർമ്മാണി നവ്യ ഉക്ഥൈഃ
യുധേ യദിഷ്ണാന ആയുധാ-
ന്യൃഘായമാണോ നിരിണാതി ശത്രൂൻ

അന്വയം:—

ഉക്ഥൈഃ നവ്യഃ	—	ശസ്ത്രൈസ്സ്തുത്യഃ (യഃ ഇന്ദ്രഃ)
അസ്യ ഇത് ഉ	—	തസ്യൈവ
തുരസ്യ	—	യുദ്ധാർത്ഥം ത്വരമാണസ്യ (ഇന്ദ്രസ്യ)
പൂർവ്യാണി കർമ്മാണി	—	പുരാണാനി ബലകർമ്മാണി
(ഹേ സ്തോതഃ) പ്ര ബ്രൂഹി	—	പ്രശംസ
യത് യുധേ	—	യദായോധനായ
ആയുധാനി ഇഷ്ണാനഃ	—	വജ്രാദീനി പ്രേരയൻ
ശത്രൂൻ ഋഘായമാണഃ	—	ഹിംസൻ (ഇന്ദ്രഃ)
നി-രിണാതി	—	അഭിമുഖം ഗച്ഛതി (തദാനീം പ്രബ്രൂഹി)

അർത്ഥം—അല്ലയോ സ്തോതാവേ, ശസ്ത്രമന്ത്രങ്ങളാൽ സ്തോതവ്യനായ യാതൊരിന്ദ്രനുണ്ടോ, യുദ്ധത്തിന്ന് വെമ്പുന്ന അവിടുന്ന് പണ്ടു നടത്തിയ വീരകർമ്മങ്ങളെ പ്രശംസിയ്ക്കുക. എപ്പോൾ യുദ്ധത്തിന്നായി വജ്രാദ്യായുധങ്ങൾ ഒരുക്കി ശത്രുക്കളെ ഹിംസിച്ചുകൊണ്ട്, അവിടുന്ന് നേരിട്ടുവരുന്നുവോ, അപ്പോൾ അവിടുത്തെ വീരകർമ്മങ്ങളെ പ്രശംസിയ്ക്കുക.

14 അസ്യേദു ഭിയാ ഗിരയശ്ച ദൃള്ഹാ
ദ്യാവാ ച ഭൂമാ ജനുഷസ്തുജേതേ
ഉപോ വേനസ്യ ജോഗുവാന ഓണിം
സദ്യോ ഭുവദ്വീര്യായ നോധാഃ

അന്വയം:—

അസ്യ ഇൽ ഉ	— അസ്യൈവേന്ദ്രസ്യ
ഭിയാ	— പക്ഷച്ഛേദഭയേന
ഗിരയഃ ച ദൃള്ഹാഃ	— പർവ്വതാ അപി നിശ്ചലാഃ സ്വേസ്വേദേശേ അവതിഷ്ഠന്തേ
ജനുഷഃ	— പ്രാദുർഭൂതാൽ അസ്മാദേവേന്ദ്രാൽ ഭീത്യാ
ദ്യാവാ ഭൂമ ച	— ദ്യാവാപൃഥിവ്യാവപി
റജേതേ	— കമ്പേതേ
(കിഞ്ച) വേനസ്യ	— കാന്തസ്യാസ്യ
ഓണിം	— ദുഃഖസ്യാപനായകം രക്ഷണം
ഉപോ ജോഗുവാനഃ	— അനേകൈസ്സൂക്തൈഃ പുനഃ പുനരുപശംസയൻ, ഉപശ്ലോകയൻ
നോധാഃ	— സൂക്തദ്രഷ്ടാഋഷിഃ
സദ്യഃ	— തദാനീമേവ
വീര്യായ ഭുവൽ	— വീര്യവാൻ അഭവൽ

അർത്ഥം—ആ ഇന്ദ്രൻ ചിറകുമുറിച്ചേക്കുമെന്നു ഭയന്നു പർവ്വതങ്ങൾ ഇളകാതെ അതാതിടത്തു നില്ക്കുന്നു. ഇന്ദ്രൻ വന്നു എന്നു കണ്ടു (പ്രാദുർഭൂതനായി എന്നുകണ്ടു") ദ്യോവും ഭൂവും പേടിച്ചു വിറയ്ക്കുന്നു. കാന്തനായ അവിടുത്തെ ദുഃഖനിവാരകമായ രക്ഷണത്തെപ്പററി അനേക സൂക്തങ്ങളാൽ വീണ്ടും വീണ്ടും സ്തുതിച്ചു സൂക്തദ്രഷ്ടാവായ നോധസ്സ് (ഈയുള്ളവൻ) അപ്പോൾ തന്നെ വീര്യവാനായി ഭവിച്ചു.

15 അസ്മാഇദ്ത്യദനുദായ്യേഷാ
മേകോയദ്വവ്നേഭൂരേരീശാനഃ
പ്രൈതശംസൂര്യേപസ്പൃധാനം
സൌവശ്വ്യേസുഷ്വിമാവദിന്ദ്രഃ

അന്വയം:—

ഏകഃ	— ഏകാകീഏവ ശത്രൂൻജേതും സമർത്ഥഃ
ഭൂരേഃ ഈശാനഃ	— ബഹുവിധസ്യധനസ്യസ്വാമീ (ഇന്ദ്രഃ)
യൽ (സ്തോത്രം) വവ്നേ	— യയാചേ
ഋഷീണാം	— സ്തോതൄണാം സംബന്ധി
ത്യൽ	— തൽ, പ്രസിദ്ധംസ്തോത്രം
അസ്മൈ ഇൽ ഉ	— അസ്മാഏവേന്ദ്രായ
അരം ദായി	— അകാരി
(അയം) ഇന്ദ്രഃ	
സൌവശ്വ്യേ	— സ്വശ്വപുത്രേ
സൂര്യേ പസ്പൃധാനം	— സ്പർദ്ധമാനം
സുഷ്വിം	— സോമാനാം അഭിഷോതാരം
ഏതശം	— ഏതൽ സംജ്ഞകമൃഷിം
പ്ര ആവൽ	— പ്രാരക്ഷൽ

അർത്ഥം—തനിച്ചുതന്നെ ശത്രുക്കളെ ജയിപ്പാൻ പോന്നവനും, ബഹുവിധ ധനത്തിന്റെ അധിപതിയുമായ ഇന്ദ്രൻ ഏതു സ്തോത്രത്തെ ഇച്ഛിച്ചുവോ, നോധസ്സ് മഹർഷിയുടെ മിത്രരായ സ്തോതാക്കളുടെ ആ പ്രസിദ്ധമായ സ്തോത്രം അവരാൽ ഇന്ദ്രന്നായി ചൊല്ലപ്പെട്ടു. ഈ ഇന്ദ്രൻ സ്വശ്വപുത്രനായ സൂര്യനായി സ്പർദ്ധിച്ചവനും, സോമം സംസ്കരിക്കുന്നവനുമായ ഏതശനെന്ന ഋഷിയെ രക്ഷിച്ചു. (സ്വശ്വൻ എന്ന രാജാവു് സന്തത്യർത്ഥം സൂര്യനെ ഭജിച്ചു. സൂര്യൻ തന്നെ സ്വശ്വപുത്രനായി ജനിച്ചു ആ സൂര്യനോടു് ഏതശൻ സ്പർദ്ധിച്ചു)

16 ഏവാ തേ ഹാരിയോജനാ സുവൃക്തീ

ന്ദ്ര ബ്രഹ്മാണി ഗോതമാസോ അക്രൻ

ഐഷു വിശ്വപേശസം ധിയം ധാഃ

പ്രാതർമ്മക്ഷൂ ധിയാവസുർജ്ജഗമ്യാൽ വ 29

അന്വയം —

ഹേ ഹാരി–യോജന,
ഇന്ദ്ര, — ഹര്യോഃ യോജനം യസ്മിൻ
രഥേ സരഥഃ തസ്യസ്വാമിൻ
ഗോതമാസഃ — ഗോതമഗോത്രോല്പന്നാഃ
സു–വൃക്തി — സുഷ്ഠ്വാവർജ്ജകാനി
അഭിമുഖീകരണ കുശലാനി
ബ്രഹ്മാണി — സ്തുതിരൂപാണി മന്ത്രജാതാനി
തേ ഏവ ആ അക്രൻ — ത്വയ്യേവ ആ അകൃഷൻ
ഏഷു — സ്തോതൃഷു
വിശ്വ–പേശസം — ബഹുവിധ രൂപയുക്തം
ധിയം ധാഃ — പശ്വാദി ബഹുവിധരൂപം
ധനം അഗ്നിഷ്ടോമാദികം
ബഹുവിധരൂപം കർമ്മച ധേഹി,
സ്ഥാപയ
ധിയാ–വസുഃ — കർമ്മണാപ്രാപ്തധനഃ ഇന്ദ്രഃ
പ്രാതഃ മക്ഷു — ഇദാനീം അപരേദ്യുരപിപ്രാതഃ
കാലേ ശീഘ്രം
ജഗമ്യാത് — ആഗച്ഛതു

അർത്ഥം—ഹരികളെപ്പൂട്ടിയ തേരോട്ടക്കൂടിയ ഇന്ദ്ര, ഗോതമഗോത്രജന്മാർ ഹൃദയാവർജ്ജകങ്ങളായി, അവിടുത്തെ പ്രത്യക്ഷമാക്കാൻ പോന്ന സ്തുതിമന്ത്രങ്ങളെ അവിടേയ്ക്ക് സമർപ്പിച്ചു സ്തോതാക്കൾക്ക് പശു മുതലായി ബഹുവിധരൂപമായ ധനവും, അഗ്നിഷ്ടോമം മുതലായി പല വിധത്തിലുള്ള കർമ്മവും തന്നരുളമാറാകണം. (ധനം തന്നെ കർമ്മനിർവ്വഹണങ്ങൾക്കാണ് കർമ്മം അനുഷ്ഠണം എന്നതുകൊണ്ട് കർമ്മം ചെയ്‌വാനുള്ള ഉൾപ്രേരണയും ചുറ്റുപാടും ഉണ്ടാകണമെന്നർത്ഥം) ഇന്നും നാളെയും (എന്നും) പ്രഭാതത്തിൽ കർമ്മത്താൽ സമ്പന്നനായ ഇന്ദ്രൻ ശീഘ്രഗാമിയായി വന്നുചേരട്ടെ

അധ്യായപീഠിക

അഷ്ടകം–1 അധ്യായം–5

1മുതൽ 5 കൂടി വർഗ്ഗങ്ങൾ ഇന്ദ്രദേവതാകങ്ങളാണ 6–7–8–കളുടെ ദേവത മരുത്തുക്കളാണ് 9 മുതൽ 14 കൂടി വർഗ്ഗങ്ങൾ ദ്വിപാദ മന്ത്രങ്ങളാണ് അഗ്നിയാണ് ദേവത 15–16–17–18 വർഗ്ഗങ്ങളിൽ അഗ്നിതന്നെ ദേവത അഗ്നി, ദേവന്മാരിൽ നിന്നൊളിച്ചുപോയതും ദേവന്മാർ ഹവിസ്സ കിട്ടാതെ വിഷമിച്ച് അഗ്നിയെ അന്വേഷിച്ച് കണ്ടെത്തുന്നതും ഇവിടെ പ്രതിപാദിക്കുന്നു 19–20–ം, അഗ്നിസൂക്തം തന്നെ 21–22ൽ ഇന്ദ്രാഗ്നികളാണ് ദേവത പല ദേവതകളും വേദത്തിൽ ഇരട്ടകളായി സ്തുതിക്കപ്പെടുന്നു ഉദാ– മിത്രാവരുണന്മാർ, ഇന്ദ്രാഗ്നികൾ മുതലായവ 23 മുതൽ 28 കൂടി വർഗ്ഗങ്ങൾ വീണ്ടും അഗ്നിതന്നെ 29–30–31ൽ ഇന്ദ്രന്റെ വൃത്രവധകർമ്മം തന്നെയാണ് വിവിധമായി വിവരിക്കുന്നത്

അഷ്ടകം–1 അധ്യായം–5 വർഗ്ഗം 1–2–3 നോധാഃ ഋഷിഃ ത്രിഷ്ടുപ്ഛന്ദഃ ഇന്ദ്രോദേവതാ

1 പ്രമന്മഹേശവസാനായശൂഷ
മാങ്ഗൂഷംഗിർവ്വണസേ അങ്ഗിരസ്വൽ
സുവൃക്തിഭിസ്തുവതഋഗ്മിയായാ–
ർച്ചാമാർക്കംനരേ വിശ്രുതായ

അന്വയം –

ശവസാനായ — ശവഃ ബലം യഥാബലം ശത്രൂൻഹന്തി തഥാശത്രൂണാം ഹന്താ, താദൃശായ

ഗിർവ്വണസേ — ഗീർഭിഃ സ്തുതിലക്ഷണൈഃ വചോഭിസ്സംഭജനീയായ (ഇന്ദ്രായ)

ശൂഷം ആംഗൂഷം	—	സുഖഹേതുകഃ സ്തോമഃ, ആഘോഷഃ
അംഗിരസ്വൽ	—	അംഗിരസഇവ
പ്ര മന്മഹേ	—	വയം, സ്തോതാരഃപ്രകർഷേണ അവഗച്ഛാമഃ
സുവൃക്തി—ഭിഃ	—	അഭിമുഖീകരണ സമർത്ഥൈഃ, സ്തോത്രൈഃ-
(അവഗത്യ ച) സ്തുവതേ	—	സ്തോത്രംകുർവ്വതേ ഋഷയേ
(യഃ ഇന്ദ്രഃ അർച്ചനീയോ ഭവതി)		
ഋഗ്മിയായ	—	അർച്ചനീയായ, സ്തൂയമാനായ
നരേ	—	സർവ്വേഷാംനേത്രേ
വി—ശ്രുതായ	—	യഷ്ടവ്യതയാവിശേഷേണ വിഖ്യാതായ (തസ്മൈ)
അർക്കം അർച്ചാമ	—	മന്ത്രരൂപം സ്തോത്രം ഉച്ചാരയാമ, പൂജയാമ

അർത്ഥം—ബലംകൊണ്ടു ശത്രുഹന്താവും, സ്തോത്രങ്ങളാൽ ഭജനീയനുമായ ഇന്ദ്രന്നായി സുഖഹേതുകമായ സ്തുതിഘോഷം, അംഗിരസ്സുകൾപോലെ, സ്തോതാക്കളായ ഞങ്ങൾ മുഴക്കുന്നു. പ്രത്യക്ഷീകരിക്കാൻപോന്ന ഹൃദയഹാരി സ്തോത്രങ്ങളാൽ സ്തുതിയ്ക്കുന്ന ഋഷിക്കു യാതൊരിന്ദ്രൻ അർച്ചനീയനാണോ, സ്തുത്യർഹനും, സർവ്വനേതാവും, യാജ്യാഹുതികൊണ്ടു വിഖ്യാതനുമായ അവിടുത്തേക്കായി മന്ത്രരൂപമായ സ്തോത്രം ചൊല്ലുന്നു.

2 പ്രവോമഹേമഹിനമോഭരധ്വ
മാങ്ഗൂഷ്യംശവസാനായസാമ
യേനാനഃപൂർവ്വേപിതരഃ പദജ്ഞാ
അർച്ചന്തോഅങ്ഗിരസോഗാഅവിന്ദൻ

അന്വയം:—

(ഹേ ഋത്വിജഃ) യേന		
(ഇന്ദ്രേണ) നഃ	—	അസ്മാകം
പിതരഃ പൂർവ്വേ	—	പിതൃവിശേഷാഃ പൂർവ്വപുരുഷാഃ

അംഗിരസഃ പദജ്ഞാഃ — പണിനാപഹൃതാനാം ഗവാം മാർഗ്ഗം ജാനന്തഃ സന്തഃ
(തം) അർച്ചന്തഃ — പൂജയന്തഃ
ഗാഃ അവിന്ദൻ — അലഭന്ത
മഹേ ശവസാനായ — മഹതേ, അതിബലായ (തസ്മൈ ഇന്ദ്രായ)
വഃ മഹി നമഃ ആംഗൂഷ്യം സാമ — യൂയം പ്രൗഢം നമസ്കാരം, ആഘോഷയോഗ്യം സാമ, രഥന്തരാദി സാമ (ച)
പ്ര ഭരധ്വം — പ്രകർഷേണ സമ്പാദയ

അർത്ഥം—പിതൃഭൂതരായി, പൂർവ്വന്മാരായ അംഗിരസ്സുകൾ, പണി എന്ന അസുരനാൽ അപഹരിക്കപ്പെട്ട പശുക്കളെ കൊണ്ടുപോയ വഴി അറിഞ്ഞവരായി, പ്രാർത്ഥിച്ചപ്പോൾ യാതൊരിന്ദ്രനാൽ പശുക്കൾ വീണ്ടുകിട്ടിയോ, മഹാനും അതിബലവാനായ ആ ഇന്ദ്രനായി, അല്ലയോ ഋത്വിക്കുകളേ, നിങ്ങൾ മഹത്തായ നമസ്കാരവും ആഘോഷയോഗ്യമായ രഥന്തരാദിസാമഗാനവും ചെയ്യുവാൻ ഒരുക്കുക.

3 ഇന്ദ്രസ്യാങ്ഗിരസാം ചേഷ്ടൗ
വിദത്സരമാ തനയായ ധാസിം
ബൃഹസ്പതിർഭിനദദ്രിം വിദദ്ഗാഃ
സമുസ്രിയാഭിർവ്വാവശന്തനരഃ

അന്വയം—

ഇന്ദ്രസ്യ അംഗിരസാം ച (ഋഷീണാഞ്ച) ഇഷ്ടൗ — പ്രേഷണേ സതി
സരമാ തനയായ — ദേവശുനീ സ്വപുത്രായ
ധാസിം വിദത് — അന്നം അവിന്ദത്
(തഥാ ഗോഷു നിവേദിതാസു) ബൃഹസ്പതിഃ — ബൃഹതാം ദേവാനാം പതിഃ ഇന്ദ്രഃ

അദ്രിം ഭിനൽ — അത്താരമസുരം അവധീൽ
(തേനാപഹൃതാഃ) ഗാഃ
വിദൽ — അലഭത
(തതഃ) നരഃ — നേതാരഃ ദേവാഃ
ഉസ്രിയാഭിഃ — ഗോഭിസ്സഹ
സം വാവശന്ത — ഭൃശം ഹർഷശബ്ദമകുർവൻ

അർത്ഥം—(മുൻ ഋക്കിലെ, അപഹൃതഗോക്കളുടെ പുനരാനയനം ഇവിടെ വിസ്തരിക്കുന്നു) സരമ ദേവശുനി (പട്ടി) യാണ്. അംഗിരസ്സുകളുടെ പശുക്കൾ പണിയാൽ അപഹരിക്കപ്പെട്ടപ്പോൾ ഇന്ദ്രൻ സരമയെ വിളിച്ച്, അവ എവിടെയാണ് ഒളിപ്പിക്കപ്പെട്ടതെന്ന് പരിശോധിച്ചു വരാൻ പറഞ്ഞു. അപ്പോൾ സരമ, 'എന്റെ കുട്ടികൾക്ക് ആ പശുക്കളുടെ പാൽ മുതലായ ഗവ്യങ്ങൾ തരാമെങ്കിൽ ഞാൻ പോയിത്തിരയാം' എന്നു പറഞ്ഞു. സരമ പോയി പശുക്കളെ ഒളിപ്പിച്ച സ്ഥലം കണ്ടുപിടിച്ച്, ഇന്ദ്രനെവന്നറിയിച്ചു.

ഇന്ദ്രന്റെയും ഋഷികളായ അംഗിരസ്സുകളുടെയും പ്രേരണയിൽ (പ്രവർത്തിച്ച്) സരമ എന്ന ദേവശുനി തന്റെ പുത്രന് അന്നം (പാൽ മുതലായവ) നേടി. ഇന്ന ദിക്കിൽ പശുക്കളുണ്ടെന്നറിഞ്ഞ് ദേവപതിയായ ഇന്ദ്രൻ (പശു) ഭക്ഷകനായ അസുരനെ കൊന്നു. അപഹരിക്കപ്പെട്ട പശുക്കളെ വീണ്ടും നേടി. അപ്പോൾ നേതാക്കളായ ദേവന്മാർ പശുക്കളൊത്ത് ഏററവും സന്തോഷാരവം മുഴക്കി.

4 സസ്യഷ്ഠുഭാ സസ്തുഭാസപ്തവിപ്രൈഃ
സ്വരേണാദ്രിം സ്വര്യോ നവഗ്വൈഃ
സരണ്യുഭിഃ ഫലിഗമിന്ദ്ര ശക്ര
വലംരവേണ ദരയോ ദശഗ്വൈഃ

അന്വയം:—
ഹേ ശക്ര, ഇന്ദ്ര, — ശക്തിമൻ, ഇന്ദ്ര.
നവ-ഗ്വൈഃ ദശ-ഗ്വൈഃ — നവമാസൈസ്സത്രമാസൈശ്ച സത്രം കുർവാണാഃ, തൈഃ

അംഗിരസഃ പദ-ജ്ഞാഃ	— പണിനാപഹൃതാനാം ഗവാം മാർഗ്ഗം ജാനന്തഃ സന്തഃ
(തം) അർച്ചന്തഃ	— പൂജയന്തഃ
ഗാഃ അവിന്ദൻ	— അലഭന്ത
മഹേ ശവസാനായ	— മഹതേ, അതിബലായ (തസ്മൈ ഇന്ദ്രായ)
വഃ മഹി നമഃ ആംഗൂഷ്യം സാമ	— യൂയം പ്രൌഢം നമസ്കാരം, ആഘോഷയോഗ്യം സാമ, രഥന്തരാദി സാമ (ച)
പ്ര ഭരധ്വം	— പ്രകർഷേണ സമ്പാദയ

അർത്ഥം—പിതൃഭൂതരായി, പൂർവ്വന്മാരായ അംഗിരസ്സുകൾ പണി എന്ന അസുരനാൽ അപഹരിക്കപ്പെട്ട പശുക്കളെ കൊണ്ടുപോയ വഴി അറിഞ്ഞവരായി, പ്രാർത്ഥിച്ചപ്പോൾ യാതൊരിന്ദ്രനാൽ പശുക്കൾ വീണ്ടുകിട്ടിയോ, മഹാനും അതിബലനുമായ ആ ഇന്ദ്രന്നായി, അല്ലയോ സ്തുതികരുകളേ, നിങ്ങൾ മഹത്തായ നമസ്കാരവും ആഘോഷയോഗ്യമായ രഥന്തരാദിസാമഗാനവും ചെയ്യുവാൻ ഒരുക്കുക

3 ഇന്ദ്രസ്യാങ്ഗിരസാം ചേഷ്ടൗ
വിദൽസരമാതനയായ ധാസിം
ബൃഹസ്പതിർഭിനദദ്രിം വിദദ്ഗാ
സ്സമുസ്രിയാഭിർവ്വാവശന്തനരഃ

അന്വയം —

ഇന്ദ്രസ്യ അംഗിരസാം ച (ഋഷീണാഞ്ച) ഇഷ്ടൗ	— പ്രേഷണേസതി
സരമാ തനയായ	— ദേവശുനീസ്വപുത്രായ
ധാസിം വിദൽ (തഥാ ഗോഷു നിവേദിതാസു) ബൃഹസ്പതിഃ	— അന്നം അവിന്ദൽ
	— ബൃഹതാം ദേവാനാംപതിഃ ഇന്ദ്രഃ

അദ്രിം ഭിനൽ	—	അത്താരമസുരം അവധീൽ
(തേനാപഹൃതാഃ) ഗാഃ		
വിദൽ	—	അലഭത
(തതഃ) നരഃ	—	നേതാരഃ ദേവാഃ
ഉസ്രിയാഭിഃ	—	ഗോഭിസ്സഹ
സം വാവശന്ത	—	ഭൃശം ഹർഷശബ്ദമകുർവ്വൻ

അർത്ഥം—(മുൻ ഋക്കിലെ, അപഹൃതഗോക്കളുടെ പുനരാനയനം ഇവിടെ വിസ്തരിക്കുന്നു) സരമ ദേവശുനി (പട്ടി) യാണ്. അംഗിരസ്സുകളുടെ പശുക്കൾ പണിയാൽ അപഹരിക്കപ്പെട്ടപ്പോൾ ഇന്ദ്രൻ സരമയെ വിളിച്ച്, അവ എവിടെയാണ് ഒളിപ്പിക്കപ്പെട്ടതെന്നു പരിശോധിച്ചു വരാൻ പറഞ്ഞു., അപ്പോൾ സരമ, 'എൻെറ കുട്ടികൾക്കു ആ പശുക്കളുടെ പാൽ മുതലായ ഗവ്യങ്ങൾ തരാമെങ്കിൽ ഞാൻ പോയിത്തിരയാം' എന്നു പറഞ്ഞു. സരമ പോയി പശുക്കളെ ഒളിപ്പിച്ച സ്ഥലം കണ്ടുപിടിച്ച്, ഇന്ദ്രനെവന്നറിയിച്ചു.

ഇന്ദ്രൻെറയും ഋഷികളായ അംഗിരസ്സുകളുടെയും പ്രേരണയിൽ (പ്രവർത്തിച്ച്) സരമ എന്ന ദേവശുനി തൻെറ പുത്രനു അന്നം (പാൽ മുതലായവ) നേടി. ഇന്ന ദിക്കിൽ പശുക്കളുണ്ടെന്നറിഞ്ഞു ദേവപതിയായ ഇന്ദ്രൻ (പശു) ക്ഷേപകനായ അസുരനെ കൊന്നു അപഹരിക്കപ്പെട്ട പശുക്കളെ വീണ്ടും നേടി അപ്പോൾ നേതാക്കളായ ദേവന്മാർ പശുക്കളുമൊത്തു ഏററവും സന്തോഷാരവം മുഴക്കി.

4 സസ്യഷ്ഠുഭാ സസ്തുഭാസപ്തവിപ്രൈ
സ്വരേണാദ്രിം സ്വര്യോ നവഗ്വൈഃ
സരണ്യുഭിഃ ഫലിഗമിന്ദ്ര ശക്ര
വലംരവേണ ദരയോ ദശഗ്വൈഃ

അന്വയം:—

ഹേ ശക്ര, ഇന്ദ്ര,	—	ശക്തിമൻ, ഇന്ദ്ര.
നവ—ഗ്വൈഃ ദശ—ഗ്വൈഃ	—	നവമാസൈർദ്ദശമാസൈശ്ച സത്രം കുർവ്വാണാഃ, തൈഃ

സരണ്യ—ഭിഃ — സരണം, ശോഭനാം ഗതിമിച്ഛദ്ഭിഃ
സപ്ത വിപ്രൈഃ — സപ്തസംഖ്യാകൈഃ മേധാതിഥി പ്രഭൃതിഭിഃ മേധാവിഭിഃ
സു-സ്തുഭാ സ്വരേണ — ശോഭനസ്തോഭയുക്തേന ഉദാത്താദി ശ്രവ്യസ്വരോപേതേന
സ്തുഭാ സ്വര്യഃ സഃ — സ്തോത്രേണ സുഷ്ഠുപ്രാപ്യഃ സഃ (ത്വം)
അദ്രിം ഫലി—ഗം — പർവ്വതം, മേഘം
വലം — അസുരം (ച)
രവേണ ദരയഃ — ആത്മീയേന ശബ്ദേന അബീഭയഃ

അർത്ഥം—അല്ലയോ ശക്തിമാനായ ഇന്ദ്ര, നവഗ്വന്മാരെന്നും ദശഗ്വന്മാരെന്നും രണ്ടുവിധത്തിലറിയപ്പെടുന്ന അംഗിരസ്സുകളിൽ സന്മാർഗ്ഗേച്ഛുക്കളായ മേധാതിഥി മുതലായ ഏഴ് മേധാവികളാൽ, ഉചിതസ്തോഭത്തോടുകൂടി, ഉദാത്താനുദാത്തസ്വരിത സ്വരങ്ങളോടു കൂടിയ സ്തോത്രത്താൽ (അവക്ക്) എളുപ്പം പ്രാപ്യനായിത്തീർന്ന അവിടുന്ന്, സ്വശബ്ദം കൊണ്ട് പർവ്വതത്തെയും, മേഘത്തെയും, വലനെന്ന അസുരനെയും പേടിപ്പിച്ചു (ആംഗിരസന്മാർ രണ്ടുവിധക്കാരാണ് ഒമ്പതു മാസംകൊണ്ട് സത്രം ചെയ്തവർ നവഗ്വന്മാർ, പത്തുമാസം കൊണ്ടു ചെയ്തവർ ദശഗ്വന്മാർ).

5 ഗൃണാനോ അങ്ഗിരോഭിർദസ്മ വി വ-
ഉഷസാ സൂര്യേണ ഗോഭിരന്ധഃ
വി ഭൂമ്യാ അപ്രഥയ ഇന്ദ്ര സാനു
ദിവോ രജ ഉപരമസ്തഭായഃ വ 1

അന്വയം —

ഹേ ദസ്മ, — ദർശനീയ, ഇന്ദ്ര, (ത്വം)
അംഗിരഃ—ഭിഃ ഗൃണാനഃ — ഋഷിഭിസ്തൂയമാനസ്സൻ
ഉഷസാ സൂര്യേണ (ച സഹ) ഗോഭിഃ — കിരണൈഃ

അന്ധഃ വി വഃ — അന്ധകാരം വ്യവൃണോഃ, വ്യനാശയഃ

(തഥാ) ഹേ ഇന്ദ്ര, (ത്വം)

ഭൂമ്യാഃ — പൃഥിവ്യാഃ

സാനു — സമുച്ഛ്രിതപ്രദേശം

വി അപ്രഥയഃ — വിശേഷേണ വിസ്തീർണ്ണമകരോഃ

(വിഷമാമിമാം സമീകൃതവാൻ)

(തഥാ) ദിവഃ രജഃ — അന്തരിക്ഷസ്യ, രജസഃ ലോകസ്യ

ഉപരം — ഉപ്തം മൂലപ്രദേശം

അസ്തഭായഃ — അസ്തഭ്നാഃ

(യഥാ തസ്യമൂലം ദൃഢം ഭവതി തഥാകാർഷീഃ)

അർത്ഥം:—അല്ലയോ ദർശനീയനായ ഇന്ദ്ര, അവിടുന്ന് അംഗിരസ്സുകളാൽ സ്തുതിക്കപ്പെടുന്നവനായി ഉഷസ്സുകൊണ്ടും സൂര്യനെക്കൊണ്ടും ഒപ്പം കിരണങ്ങളാൽ അന്ധകാരത്തെ നശിപ്പിച്ചു. അതുപോലെ ഭൂമിയുടെ ഉന്നതപ്രദേശം കുണ്ടും കുന്നുമായിരുന്നതു് നിരത്തി. കൂടാതെ, അന്തരിക്ഷലോകത്തിന്റെ മൂലഭാഗം ദൃഢമായി ഉറപ്പിച്ചുനിർത്തി.

6 തദു പ്രയക്ഷതമമസ്യ കർമ്മ
ദസ്മസ്യ ചാരുതമമസ്തി ദംസഃ
ഉപഹ്വരേ യദുപരാ അപിന്വ
മധ്വർണ്ണസോ നദ്യ ഽ ശ്ചതസ്രഃ

അന്വയം:—

ദസ്മസ്യ അസ്യ — ദർശനീയസ്യ ഇന്ദ്രസ്യ

തത് ഉ കർമ്മ — തദേവകർമ്മ

പ്രയക്ഷ-തമം — അതിശയേന പൂജ്യം

ദംസഃ ചാരു-തമം അസ്തി — (തദേവ) കർമ്മ അതിശയേന ശോഭനം ഭവതി

ഉപ–ഹ്വരേ — ഉപഹ്വരണീയേ ഗന്തവ്യേ,
പൃഥിവ്യാസ്സംബന്ധിനി
സമീപദേശേ
ഉപരാഃ — ഉപ്താഃ സ്ഥാപിതാഃ
മധു–അർണ്ണസഃ — മധുരോദകാഃ
ചതസ്രഃ നദ്യഃ — ഗംഗാദിനദീഃ
അപിന്വൽ — അസിഞ്ചൽ
യൽ– (ഏതൽ കർമ്മതൽ അന്യേന കർത്തുമശക്യത്വാൽ പൂജ്യം)

അർത്ഥം—ദർശനീയനായ ഇന്ദ്രന്റെ ഈ (പറയാൻ പോകുന്ന) കർമ്മം തന്നെ ഏററവും പൂജ്യമാണ് ആ കർമ്മം ഏററവും ശോഭനവുമാണ് ഭൂമിയെ സംബന്ധിച്ച് സമീപപ്രദേശത്ത്, സ്ഥാപിക്കപ്പെട്ടവയും മധുരജലങ്ങളോടു കൂടിയവയുമായ ഗംഗ മുതലായ നാലു പ്രധാന നദികളെ അവിടുന്ന് നനച്ച് നിത്യജലപ്രവാഹവതികളാക്കി ഈ കർമ്മം മററാരാലും അശക്യമാകയാൽ ഏററവും പൂജ്യമത്രെ

7 ദ്വിതാവിവവ്രേ സനജാസനീളേ
അയാസ്യസ്സ്തവമാനേഭിരർക്കൈഃ
ഭഗോനമേനേ പരമേവ്യോമ
ന്നധാരയ ദ്രോദസീ സുദംസാഃ

അന്വയം —
(സഃ) അയാസ്യഃ — യാസഃ പ്രയത്നഃ യുദ്ധത്രൈപൈഃ
പ്രയത്നൈഃ സാധയിതുമശക്യഃ
സ്തവമാനേഭിഃ — സ്തോത്രം കുർവ്വത്ഭിഃ
അർക്കൈഃ — സ്തുതിരൂപൈർമന്ത്രൈഃ
(സ്തൂയമാനസ്സൻ ഇന്ദ്രഃ സുസാധ്യഃ)
(ഏവം ഭൂതസ്സൻ ഇന്ദ്രഃ)
സന–ജാ — നിത്യജാതേ
സ–നീളേ — സമാനംനീളം ഓകഃ യയോഃ
തേ സംലഗ്നേദ്യാവാപൃഥി
വ്യൌ

ദ്വിതാ വി വവ്രേ — ദ്വിധാ വിവൃതേ അകരോൽ, ഭേദേനാസ്ഥാപയൽ
മേനേ പരമേ — മനനീയേ, ഉൽകൃഷ്ടേ
വി-ഓമൻ — വിവിധരക്ഷണേനഭസി (വത്തമാനഃ)
ഭഗഃ ന — സൂര്യ ഇവ
സു-ദംസാഃ — ശോഭനകമ്മാ (ഇന്ദ്രഃ)
രോദസീ അധാരയൽ — ദ്യാവാപൃഥിവ്യൌഅപോഷയൽ

അത്ഥം—അവിടന്നു് പ്രയത്നംകൊണ്ടു്, വീരതകൊണ്ടു്, യുദ്ധംകൊണ്ടു്, നേടാവുന്നവനല്ല. സ്തോത്രകാരന്മാരുടെ സ്തുതിരൂപങ്ങളായ മന്ത്രങ്ങളാൽ എളുപ്പം നേടാവുന്നവനത്രേ. അപ്രകാരമുള്ള ഇന്ദ്രൻ ചിരകാല ജാതകളായി, ഏകസ്ഥാനത്തിൽ (ഒറവിട്ടിൽ) ഒപ്പം ഉറച്ചു നിന്നവരായ ദ്യാവാപൃഥിവികളെ രണ്ടായി പിരിച്ചു് സ്ഥാപിച്ചു മനനീയവും, ഉൽകൃഷ്ടവും വിവിധരക്ഷണങ്ങളോടു കൂടിയതുമായ അന്തരിക്ഷത്തിൽ സൂര്യനെന്നപോലെ ശോഭന കമ്മാവായ ഇന്ദ്രൻ ദ്യാവാപൃഥിവികളെ വളത്തി.

8 സനാദ്ദിവം പരിഭൂമാവിരൂപേ
പുനർഭുവായുവതീസ്വേഭിരേവൈഃ
കൃഷ്ണേഭിരക്തോഷാരുശദ്ഭി
വ്വപുർഭിരാചരതോഅന്യാന്യാ

അന്വയം —
വി-രൂപേ — ശുക്ലകൃഷ്ണതയാ വിഷമരൂപേ
പുനഃ-ഭുവാ — പുനഃ പുനഃ പ്രതിദിവസം ജായമാനേ
യുവതീ — തരുണ്യൌ (രാത്ര്യുഷസൌ)
ദിവം ഭൂമ — ദ്യുലോകം ഭൂമിം (ച)
സനാൽ — ചിരകാലാദാരഭ്യ
സ്വേഭിഃ ഏവൈഃ — സ്വകീയൈർഗ്ഗമനൈഃ

പരി (ചരതഃ) — പര്യാവർത്തേതേ
അക്താ — രാത്രിഃ
കൃഷ്ണേഭിഃ — അന്ധകാരരൂപൈഃ വർണ്ണൈഃ
ഉഷാഃ (ച) രുശത്-ഭിഃ
വപുഃ-ഭിഃ — ദീപ്യമാനൈഃ സ്വശരീരഭൂതൈഃ തേജോഭിരുപലക്ഷിതാ
അന്യാ—അന്യാ — പരസ്പരവ്യതിഹാരേണ
ആ ചരതഃ — ആവർത്തേതേ

അർത്ഥം—വെളുത്തും കറുത്തുമായി വിഭിന്നരൂപകളും ദിവസം പ്രതി വീണ്ടും വീണ്ടും പിറക്കുന്നവരും നിത്യതരുണികളുമായ രാത്രിയും ഉഷസ്സും ദ്യുലോകത്തെയും ഭൂമിയെയും സ്വകീയ ഗമനങ്ങളാൽ ചുററുന്നു. രാത്രി അന്ധകാരത്തിന്റെ കറുപ്പോടും, ഉഷസ്സ് തിളങ്ങുന്ന സ്വശരീരതേജസ്സോടും കൂടി, പരസ്പരം ക്രിയാവിനിമയത്തോടു കൂടി (ചെയ്തിമാററത്തോടു കൂടി) ആവർത്തിക്കുന്നു (ഇതെല്ലാം ഇന്ദ്ര, അവിടുന്ന് ചെയ്യുന്നതാകുന്നു.)

9 സനേമിസഖ്യം സ്വപസ്യമാന
സ്സൂനുർദ്ദാധാര ശവസാസുദംസാഃ
ആമാസുചിദ്ദധിഷേ പക്വമന്തഃ
പയഃ കൃഷ്ണാസു രുശദ്രോഹിണീഷു

അന്വയം:—
സു—അപസ്യമാനഃ — സ്വപഃ ശോഭനകർമ്മ, തദിവാചരൻ
ശവസാ സൂനുഃ — ശവസഃ, ബലസ്യപുത്രഃ (വിഭക്തിവ്യത്യയഃ)
സു—ദംസാഃ — ശോഭനകർമ്മയുക്തഃ (ഇന്ദ്രഃ)
സഖ്യം സനേമി ദാധാര — യജമാനാനാം സഖിത്വം ചിരാദ്ധാരയതി, പോഷയതി
(കിഞ്ച) ആമാസു ചിത് — ആർദ്രാസു, അപരിപക്വാസു ഗോഷ്വപി

അന്തഃ	— മധ്യേ
പക്വം പയഃ ദധിഷേ	— പരിപക്വം ക്ഷീരം ധാരയസി
(തഥാ) കൃഷ്ണാസു	
രോഹിണീഷു	— കൃഷ്ണരോഹിതവർണ്ണാസുഗോഷു
(തദ്വിപരീതം) രുശൽ	— ദീപ്യമാനം, ശ്വേതവർണ്ണം പയഃ ദധിഷേ

അർത്ഥം:—സൽകർമ്മശീലനും, ബലത്തിന്റെ മകനുമായ ഇന്ദ്രൻ ശോഭനകർമ്മയുക്തനായി യജമാനന്മാരുടെ സഖിത്വം സുചിരകാലമായി വളർത്തുന്നു. കൂടാതെ അവിടുന്ന് മൂപ്പെത്താത്ത പശുക്കളിലും കൊഴുത്ത പാൽ ധരിക്കുന്നു. (ഉണ്ടാക്കുന്നു) അതുപോലെ കറുത്തവയും ചുവന്നവയുമായ പശുക്കളിൽ തിളങ്ങുന്നതും വെളുത്തതുമായ പാൽ ധരിക്കുന്നു.

10 സനാൽസനീളാ അവനീരവാതാ
വ്രതാരക്ഷന്തേ അമൃതാസ്സഹോഭിഃ
പുരുസഹസ്രാജനയോനപത്നീ
ർദ്ദുവസ്യന്തിസ്വസാരോ അഹ്രയാണം വ. 2

അന്വയം;—

സനാൽ	— ചിരകാലാദാരഭ്യ
സ—നീളാഃ	— സമാന നിവാസസ്ഥാനാഃ
അവാതാഃ	— വാതംഗമനം, തദ്രഹിതാഃ (ഏകസ്ഥാന്യവസ്ഥാനാൽ)
അവനീഃ	— അവനയഃ, അംഗുലയഃ
പുരു സഹസ്രാ	— പുരൂണി, ബഹൂനി, അസംഖ്യാതാനി
വ്രതാ	— വ്രതാനി, ഇന്ദ്രസംബന്ധീനി കർമ്മാണി
അമൃതാഃ	— പുനഃ പുനഃ കർമ്മണ്യാലസ്യരഹിതാഃ
സഹഃ—ഭിഃ രക്ഷന്തേ	— ആത്മീയൈർബ്ബലൈഃ പാലയന്തി

ച) സ്വസാരഃ — സ്വയമേവസരന്ത്യഃ അംഗുലയഃ
— പാലയിത്ര്യഃ
ാണം — ലജ്ജാരഹിതം, പ്രഗത്ഭം
ന — ദേവപത്ന്യഇവ
ന്തി — പരിചരന്തി
ലിബന്ധനേന ഇന്ദ്രം പ്രീണയന്തി)

രത്ഥം—പണ്ടേ തുടങ്ങി ഒരേ പാർപ്പിടത്തോടുകൂടിയ (ഒരേ ന്മലുള്ള) വയും, പിരിഞ്ഞുപോകാത്തവയും, ആയ വിര ഇന്ദ്രന്നുവേണ്ടിയ ആയിരമായിരം കർമ്മങ്ങളെ വീണ്ടും ം അനുഷ്ഠിച്ചും മടുപ്പുവരാതെ, ആത്മീയബലംകൊണ്ട് ർമ്മങ്ങളെ) സംരക്ഷിയ്ക്കുന്ന മാത്രമല്ല, ചലനശീലങ്ങ ആ വിരലുകൾ, രക്ഷിത്രികളായ ദേവപത്നികൾപോലെ ഭമായി, ലജ്ജാരഹിതമായി അവിടത്തെ പരിചരി അതായത് അഞ്ജലിബന്ധം ചെയ്ത് ഇന്ദ്രനെ എപ്പോഴും യ്ക്കുന്നു

11 സനായുവോനമസാനവ്യോ അർകൈ
വസൂയവോമതയോദസ്മദദ്രുഃ
പതിം നപത്നീരുശതീരുശന്തം
സ്പൃശന്തിത്വാശവസാവൻമനീഷാഃ

ന്വയം —

ദസ്മ — ദശനീയ (ഇന്ദ്ര)
ർകൈഃ നമസാ — ശസ്ത്രരൂപൈർമന്ത്രൈഃ, നമസ്കാരേണ (ച)
ന്ത്വാം) നവ്യഃ — സ്തുത്യഃ (ഭവസി)
നാ—യുവഃ — സനാതനമഗ്നിഹോത്രാദികർമ്മ ആത്മനഇച്ഛന്തഃ
വ—യവഃ മതയഃ — ധനകാമാഃ, മേധാവിനഃ (ത്വം ത്വാം)
ഃ — പ്രയാസേന ജഗ്മുഃ

ഹേ ശവസാ–വൻ, — ബലവൻ, (ഇന്ദ്ര,)
(തൈഃ പ്രയുക്താഃ)
മനീഷാഃ — സ്തുതയഃ
ഉശതീഃ പത്നീഃ ഉശന്തം
പതിം ന — കാമയമാനാഃ പത്ന്യഃ
കാമയമാനം പതിമിവ
ത്വാ സ്പൃശന്തി — ത്വാം പ്രാപ്നുവന്തി,
സംഭജന്തേ

അർത്ഥം—അല്ലയോ ദർശനീയനായ ഇന്ദ്ര, ശസ്ത്രരൂപങ്ങ
മന്ത്രങ്ങളാലും നമസ്കാരത്താലും യാതൊരവിടുന്ന്, വന്ദിക്ക
ടേണ്ടവനാണോ, ആ അവിടുത്തെ, അഗ്നിഹോത്രാദിസനാ
കർമ്മങ്ങളിൽ ശ്രദ്ധാലുക്കളും ധനകാമന്മാരുമായ മേധാവി
(ഋത്വിഗ്യജമാനന്മാർ) പ്രയാസത്തോടുകൂടിയാണ് പ്രാപ
ളു്. ബലവാനായ ഇന്ദ്ര, ഞങ്ങളാൽ ചൊല്ലപ്പെടുന്ന സൂ
ക്തം, കാമവതികളായ ഭാര്യമാർ കാമവാനായ ഭർത്താവി
എന്നപോലെ പ്രാപിക്കുന്നു, ഭജിക്കുന്നു.

12 സനാദേവതവരായോഗഭസ്ത്യേ
നക്ഷീയന്തേനോപദസ്യന്തിദസ്മ
ദ്യുമാ അസിക്രതുമാ ഇന്ദ്രധീര
ശിക്ഷാശചീവസ്തവനശ്ശചീഭിഃ

അന്വയം:—

ഹേ ദസ്മ, തവ ഗഭസ്ത്യേ — ദർശനീയ, (ഇന്ദ്ര,) തവഹസ്തേ
സനാൽ ഏവ — ചിരകാലാദാരഭ്യസ്ഥിതാനി
രായഃ ന ക്ഷീയന്തേ — ധനാനിനവിനശ്യന്തി
ന ഉപ ദസ്യന്തി — സ്തോതൃഭ്യോദത്തമപിത്വദ്ധസ്
ഗതം ധനം ഉപക്ഷയം ന
പ്രാപ്നോതി (അപി തു വർദ്ധ
ഹേ ഇന്ദ്ര, ധീരഃ (ത്വം)
ദ്യു–മാൻ അസി — ദീപ്തിമാൻ ഭവസി
(തഥാ) ക്രതു–മാൻ — ലോകഹിതകർമ്മയുക്തഃ (അസ

ഹേ ശചീ–വഃ, തവ
ശചീഭിഃ — കർമ്മവൻ, തവകർമ്മഭിഃ
നഃ ശിക്ഷ — അസ്മഭ്യം ധനം ദേഹി

അർത്ഥം—ദർശനീയനായ ഇന്ദ്ര, അവിടുത്തെ കയ്യിൽ എത്രയോ പണ്ടുകാലം മുതല്ക്കുള്ള ധനങ്ങൾ നശിക്കുന്നില്ല സ്തോതാക്കൾക്ക് കൊടുത്തിട്ടും അതു് കുറയുന്നില്ല വർദ്ധിക്കുന്നതേ ഉള്ളു അല്ലയോ ഇന്ദ്ര, ധീരനായ അവിടുന്ന് ശോഭമാനനാകുന്നു, ലോകഹിതകർമ്മം ചെയ്യുന്നവനാകുന്നു. അല്ലയോ കർമ്മയുക്ത, അവിടുത്തെ കർമ്മങ്ങളാൽ ഞങ്ങൾക്ക് ധനം തന്നരുളിയാലും.

13 സനായതേ ഗോതമ ഇന്ദ്രനവ്യ
മതക്ഷദ്ബ്രഹ്മ ഹരിയോജനായ
സുനീഥായനശ്ശവസാനനോധാഃ
പ്രാതർമ്മക്ഷൂധിയാവസുർജ്ജഗമ്യാത് വ 3

അന്വയം —

(സഃ ഇന്ദ്രഃ) സനാ–യതേ— നിത്യഃ, ആദ്യഃ ഇവാചരതേ
ഹേ ശവസാന, ഇന്ദ്ര, — ബലവൻ, ഇന്ദ്ര,
ഹരി–യോജനായ — ഹരീരഥേ യോജയതി ഹരിയോജനഃ, തസ്മൈ
സു–നീഥായ — സുഷ്ഠുനേത്രേ (തുഭ്യം)
ഗോതമഃ നോധാഃ നവ്യം
ബ്രഹ്മ — നൂതനം ഏതൽ സ്തോത്രരൂപം സൂക്തം
നഃ അതക്ഷൽ — അസ്മദർത്ഥമകരോൽ
(സഃ) പ്രാതഃ മക്ഷു ധിയാ–
വസുഃ ജഗമ്യാൽ — ഇന്ദ്രഃ പ്രാതഃകാലേ ആഗച്ഛതു

അർത്ഥം—ആ ഇന്ദ്രൻ ആദ്യനും, നിത്യനും പോലെ ഭവിക്കുന്നു ബലവാനായ ഇന്ദ്ര, ഹരികളെന്ന അശ്വങ്ങളെ തേരിൽ പൂട്ടുന്നവനും നല്ല നേതാവുമായ അവിടേയ്ക്കു് ഗോതമപുത്രനായ

നോധസ്സ് (ഞാൻ) ഈ സ്തോത്രരൂപമായ സൂക്തം ചൊല്ലിയ ല്ലോ. ഇന്നും നാളെയും (എന്നും) പ്രാതഃകാലത്ത് ഇന്ദ്രൻ ശീഘ്ര ഗാമിയായി വന്നുചേരട്ടെ.

വർഗ്ഗം 4–5

1 ത്വംമഹാ് ഇന്ദ്രയോഹശുഷ്മൈ്
ദ്യാവാജജ്ഞാനഃ പൃഥിവീ അമേധാഃ
യദ്ധതേ വിശ്വാഗിരയശ്ചിദഭ്വാ
ഭിയാദൃള്ഹാസഃ കിരണാനൈജൻ

അന്വയം:—

ഹേ ഇന്ദ്ര, ത്വം മഹാൻ — ഗുണൈഃ സർവ്വാധികഃ (ഭവസി)
യഃ ഹ — യഃഖലു (ത്വം)
അമേ — അസുരകൃതേ ഭയേ സതി
ജജ്ഞാനഃ — തദാനീമേവ പ്രാദുർഭൂതസ്സൻ
ശുഷ്മൈഃ — ശത്രുശോഷകൈർബ്ബലൈഃ
ദ്യാവാപൃഥിവീ ധാഃ — ദ്യാവാപൃഥിവ്യൌ അധാരയഃ
(താദൃശാൽ ഭയാൽ അമുമുചഃ)
(കിഞ്ച) യൽ ഹ തേ
ഭിയാ — യസ്യ ഖലു തവ സംബന്ധിന്യാ ഭീത്യാ
വിശ്വാ — വിശ്വാനി, വ്യാപ്താനി ഭൂതജാതാനി
ഗിരയഃ ചിൽ — ശിലോച്ചയാശ്ച
അഭ്വാ — അന്യാന്യപിമഹാന്തിയാനി സന്തിതാനി (തേപിസർവ്വേ)
ദൃള്ഹാസഃ — ദൃഢാഅപി
കിരണാഃ ന — യഥാസൂര്യരശ്മയഃ ഇതസ്തതോ നഭസികമ്പതേ തദ്വൽ
ഐജൻ — അകമ്പിഷത

അത്ഥം—അല്ലയോ ഇന്ദ്ര, അവിടുന്ന് ഗുണങ്ങളാൽ സർവ്വാധികനാകുന്നു യാതൊരവിടുന്നാണോ അസുരകൃതമായ ഭയം ജനിച്ചപ്പോൾ ആവിർഭവിച്ച് (മുന്നോട്ടുവന്ന്) തീക്ഷ്ണബലങ്ങളാൽ ദ്യാവാപൃഥിവികളെ രക്ഷിച്ചു കാത്തത് ആ ഭയത്തിൽനിന്ന് മോചിപ്പിച്ചത്, ആ അവിടുത്തെപ്പററിയ ഭയംകൊണ്ട്, എല്ലാടവും വ്യാപിച്ച ഭൂതജാതങ്ങളും, പർവ്വതങ്ങളും, മഹത്തുക്കളായ മററെല്ലാ ചരാചരങ്ങളും ഉറച്ചുനില്ക്കുന്നവയെങ്കിലും, ആകാശത്തിൽ സൂര്യരശ്മികൾ അങ്ങിങ്ങ് ഇളകുന്നപോലെ, വിറച്ചു

2 ആയദ്ധരീഇന്ദ്രവിവ്രതാവേ
രാതേവജ്രംജരിതാബാഹോർധാൽ
യേനാവിഹര്യതക്രതോഅമിത്രാൻ
പുരഇഷ്ണാസിപുരുഹൂതപൂർവ്വീഃ

അന്വയം—

ഹേ ഇന്ദ്ര (ത്വം) യത്	— യദാ
വി—വ്രതാ ഹരീ	— വിവിധകർമ്മാണൗ ത്വദീയാവശ്വൗ
ആ വേഃ	— രഥേആഗമയസി, യോജയസി
(തദാനീം) തേ ബാഹ്വോഃ	— തവഹസ്തയോഃ
ജരിതാ	— സ്തോതാ
വജ്രം ആ ധാത്	— സ്തോത്രേണസ്ഥാപയതി
ഹേ അവിഹര്യത—ക്രതോ	— പ്രേപ്സിതകർമ്മൻ
അമിത്രാൻ	— ശത്രൂൻ
യേന (വജ്രേണ)	
ഇഷ്ണാസി	— അഭിഗച്ഛസി
ഹേപുരു—ഹൂത	— പുരുഭിഃ, ബഹുഭിര്യജമാനൈഃ ആഹൂത (ത്വം)
പൂർവ്വീഃ പുരഃ	— ബഹുനിഅസുരപുരാണി (ഭേത്തുമഭിഗച്ഛസി)

അർത്ഥം:– അല്ലയോ ഇന്ദ്ര, അവിടുന്നു് എപ്പോഴും വിവിധ കർമ്മസമർത്ഥങ്ങളായ കുതിരകളെ തേരിൽപൂട്ടുന്നുവോ, അപ്പോഴും അവിടുത്തെ കൈകളിൽ സ്തോതാവു് വജ്രായുധമെത്തിക്കുന്നു. (ഇന്ദ്രനും, ഇന്ദ്രന്റെ മഹത്വവും വജ്രായുധവുമെല്ലാം സ്തോതാക്കളുടെ മന്ത്രപ്രഭാവംകൊണ്ടു്, സങ്കല്പ ശക്തികൊണ്ടു് ഉണ്ടായതും വർദ്ധിക്കുന്നതുമാണെന്നു് ആശയം) ഇഷ്ടകർമ്മാവായ ഇന്ദ്ര, ആ വജ്രംകൊണ്ടാണല്ലൊ, വളരെ യജമാനന്മാരാൽ വിളിക്കപ്പെടുന്നവനേ, അവിടുന്നു് ശത്രുക്കളെ നേരിടുന്നതു്, കണക്കററ അസുരപുരങ്ങളെപ്പിളക്കാൻ പോകുന്നതു്.

3 ത്വം സത്യഇന്ദ്രധൃഷ്ണുരേതാ
ന്ത്വമൃഭുക്ഷാനര്യസ്ത്വംഷാട്
ത്വം ശുഷ്ണം വൃജനേ പൃക്ഷആണൌ
യൂനേ കുത്സായ ദ്യുമതേ സചാഹൻ.

അന്വയം –

ഹേ ഇന്ദ്ര, ത്വം സത്യഃ	—	സത്സ്വഭാവഃ, സർവ്വോൽകൃഷ്ടഃ
ഏതാൻ (ശത്രൂൻ അഭിഗന്തൂൻ) ധൃഷ്ണുഃ	—	തേഷാം ധർഷയിതാ, തിരസ്കർത്താ
(കിഞ്ച) ത്വം ഋഭുക്ഷാഃ	—	ഋഭൂണാം അധിപതിഃ
നര്യഃ	—	നൃഭ്യോഹിതഃ
(തഥാ) ത്വം ഷാട്	—	ശത്രൂണാമഭിഭവിതാ
(കിഞ്ച) പൃക്ഷേ	—	വീരൈഃ യോദ്ധും പ്രാപ്തവ്യേ
ആണൌ വൃജനേ	—	സംഗ്രാമേ, യുദ്ധേ
ദ്യു–മതേ യൂനേ	—	ദീപ്തിമതേ തരുണായ
കുത്സായ സചാ ത്വം	—	സഹായോഭൂത്വാ
ശുഷ്ണം അഹൻ	—	ഏതൽസംജ്ഞമസുരം അവധീഃ

അർത്ഥം– അല്ലയോ ഇന്ദ്ര, അവിടുന്നു് സത്തുക്കളിൽ വെച്ചവനാകുന്നു, സർവ്വോൽകൃഷ്ടനാകുന്നു. ശത്രുക്കളെ നേരിട്ടു മടക്കിയവനാകുന്നു ഋഭുക്കളെന്ന ദേവന്മാരുടെ നാഥനാകുന്നു.

മനുഷ്യർക്ക് ഹിതകാരിയാകുന്ന ശത്രുക്കളുടെ ഭേത്താവാകുന്ന കൂടാതെ വീരയോദ്ധാക്കളാൽ പ്രാപ്യമായ കഠിനയുദ്ധത്തിൽ ശോഭനനും, യുവാവുമായ കുത്സന്ന് സഹായിയായി. ശുഷ്ണനെന്ന അസുരനെ വധിച്ചു

4 ത്വം ഹത്യദിന്ദ്രചോദീസ്സഖാ

വൃത്രം യദ്വജ്രിന്വൃഷകർമന്നുഭ്നാഃ

യദ്ധശൂരവൃഷമണഃ പരാചൈ

ർവിദസ്യൂംര്യോനാവകൃതോ വൃഥാഷാട്

അന്വയം —

ഹേ ഇന്ദ്ര ത്വം ഹ — ത്വം ഖലു
സഖാ — കുത്സസ്യ സഹായസ്സൻ
ത്യൽ — തൽ, പ്രസിദ്ധം ജയലക്ഷണം യശഃ
ചോദീഃ — പ്രേരിതവാൻ, അകാർഷീഃ
ഹേ വൃഷ–കർമൻ,
വജ്രിൻ — വൃഷ്ടുദകസേചന കർമോപേത, വജ്രവൻ
വൃത്രം യൽ ഹ ഉഭ്നാഃ — കുത്സസ്യ ശത്രും യദാഖലു അഹിംസീഃ
ഹേ ശൂര, വൃഷ–മനഃ — വീര, കാമാഭിവർഷകമനസ്സ്,
വൃഥാഷാട് — അനായാസേന ശത്രൂണാമഭിഭവിതാ (ത്വം)
യൽ യോനൌ — യദാഖലു വീരൈഃ മിശ്രണീയേ സംഗ്രാമേ
ദസ്യൂൻ — കുത്സസ്യോപക്ഷയിതൄൻ അന്യാൻ ശത്രൂൻ
പരാചൈഃ വി അകൃതഃ — പരാഗമനൈഃ പരാങ്മുഖാ യഥാ ഭവന്തി തഥാ വ്യച്ഛിന്നഃ
(തദാനീം കുത്സഃ സർവ്വം യശഃ പ്രാപ്നോൽ)

അർത്ഥം—അല്ലയോ ഇന്ദ്ര, അവിടന്ന് കുത്സൻെറ സഹായിയായി അദ്ദേഹത്തിന്ന് ജയകീർത്തിയുണ്ടാക്കി. അല്ലയോ മഴ പെയ്യിയ്ക്കുന്ന വജ്രായുധ, ശൂര, കാമവർഷണമനസ്ക, എപ്പോൾ അവിടന്ന് കുത്സൻെറ ശത്രുവെ ഹിംസിച്ചുവോ, അനായാസമായി ശത്രുഞ്ജയനായി എപ്പോൾ അവിടന്ന് വീരന്മാർ ചേർന്ന യുദ്ധത്തിൽ കുത്സൻെറ മററു ശത്രുക്കളെയും പിന്മടക്കി ഓടിച്ചുവോ, അപ്പോൾ കുത്സൻ എല്ലാ യശസ്സും നേടി.

5 ത്വം ഹത്യദിന്ദ്രാരിഷണ്യ
ന്ദൃള്ഹസ്യചിന്മർത്താനാമജുഷ്ടൌ
വ്യ/സ്മദാകാഷ്ഠാ അർവ്വതേവ—
ർഘനേവവജ്രിഞ്ഛ്നഥിഹ്യമിത്രാൻ വ. 4

അന്വയം:—

ഹേ ഇന്ദ്ര, ത്വം ഹ ത്യൽ — ത്വം ഖലു തസ്യ
ദൃള്ഹസ്യ ചിൽ — ദൃഢസ്യ കസ്യചിദപി
അരിഷണ്യൻ — രേഷണം, ഹിംസാം അനിച്ഛൻ (ഭവസി)
(ദേവതാത്വേനാനുഗ്രഹീതത്വാൽ)
(തഥാപി) മർത്താനാം — സ്തോതൃണാമസ്മാകം
(ശത്രുഭി:) അജുഷ്ടൌ — അപ്രീതൌ സത്യാം
അസ്മൽ അർവ്വതേ — അസ്മദീയാശ്വായ (ഗന്തും)
കാഷ്ഠാ: ആ വി വ: — ദിശ: ആസമന്താൽ വിവൃതാ: കുരു
(കിഞ്ചോത്തരത്യാൻ)
അമിത്രാൻ — ശത്രൂൻ
ഹേ വജ്രിൻ, ഘനാ—ഇവ
ശ്നഥിഹി — കഠിനേന വജ്രേണ ശ്നഥയ ജഹി

അർത്ഥം—അല്ലയോ ഇന്ദ്ര, അവിടന്ന് ദേവതാത്വം മൂലമുള്ള അനുഗ്രഹബുദ്ധിമാൻ, ആരെങ്കിലും ശക്തനായാലും, ഹിംസിപ്പാനിച്ഛിക്കാറില്ല. എന്നാലും സ്തോതാക്കളായ ഞങ്ങളിൽ ശത്രുക്കൾ അപ്രീതരാവുമ്പോൾ, ഞങ്ങളുടെ കുതിരക്ക് (ഇന്ദ്രപ്ര

കാരം എവിടെ സഞ്ചരിയ്ക്കുന്നതിന്നും) വഴി മുഴക്കെ തുറക്കപ്പെട്ടതാക്കണം. കൂടാതെ, അല്ലയോ വജ്രായുധ, അവിടങ്ങളിലുള്ള ശത്രുക്കളെ, കഠിനമായ വജ്രത്താൽ വധിച്ചാലും.

6 ത്വാം ഹത്യദിന്ദ്രാർണ്ണസാതൗ
സ്വർമ്മീള്ഹേ നര ആജാ ഹവന്തേ
തവ സ്വധാവ ഇയമാ സമര്യ
ഊതിർവ്വാജേഷ്വതസായ്യാ ഭൂൽ

അന്വയം:—

ഹേ ഇന്ദ്ര, അർണ്ണ—സാതൗ — അർണ്ണാനാം ഗന്തൄണാം, യുദ്ധേ പ്രവൃത്താനാം പുരുഷാണാം, സാതിഃ, ലാഭഃ യസ്മിൻ
സ്വഃ—മീള്ഹേ — മീഢം ധനം സുഷ്ഠധനം യസ്മിൻ
ആജാ — ആജൗ, സംഗ്രാമേ
ത്യൽ ത്വാം — തൽ, പ്രസിദ്ധം ത്വാം (ഏവ)
നരഃ ഹവന്തേ — യോദ്ധുകാമാഃ സാഹായ്യാർത്ഥമാഹ്വയന്തി
(തവ യദ്യുദ്ധം തത്ര സ്തോതാരഃ ത്വാം പ്രോത്സാഹയന്തി)
ഹേ സ്വധാ—വഃ,
സ—മര്യ — അന്നവൻ (ഇന്ദ്ര,) സംഗ്രാമേ
തവ (സംബന്ധിനീ)
ഇയം (ഊതിഃ) — ത്വദീയമിദം രക്ഷണം
ആ ഭൂൽ — അസ്മാൻ ആഭിമുഖ്യേന ഭവതു
വാജേഷു — സംഗ്രാമേഷു (യാ ഏഷാ)
ഊതിഃ അതസായ്യാ — യോദ്ധൃഭിഃ പ്രാപ്തവ്യാ (സാപി ഭവതു)

അർത്ഥം—അല്ലയോ ഇന്ദ്ര, യുദ്ധോദ്യുക്തരായ ഭടന്മാരോടു ചേർന്നും, ധാരാളം അവക്കു ധനാഗമമുള്ളതുമായ യുദ്ധത്തിൽ പ്രസിദ്ധമായി അവിടുത്തെയാണല്ലൊ യുദ്ധകാംക്ഷികൾ സഹായത്തിന്നു വിളിക്കുന്നതു്. അവിടുന്നു് എവിടെ യുദ്ധ

ത്തിലുണ്ടോ, അവിടെ സ്തോതാക്കളെ പ്രോത്സാഹിപ്പിയ്ക്കുന്നു. അല്ലയോ അന്നവാനേ, യുദ്ധത്തിൽ അവിടുത്തെ ഈ രക്ഷണം ഞങ്ങൾക്ക് ആഭിമുഖ്യത്തോടുകൂടി ഭവിയ്ക്കട്ടെ, യുദ്ധങ്ങളിൽ ഈ രക്ഷണം യോദ്ധാക്കളായ ഞങ്ങളാൽ പ്രാപിക്കത്തക്കതായി ഭവിക്കട്ടെ.

7 ത്വം ഹത്യദിന്ദ്ര സപ്തയുധ്യൻ
പുരോവജ്രിൻ പുരുകുത്സായദർദ്ദഃ
ബർഹിന്നയൽ സുദാസേ വൃഥാവ
ഗ്ഗംഹോരാജൻ വരിവഃ പൂരവേകഃ

അന്വയം:—

ഹേ വജ്രിൻ, ഇന്ദ്ര,

പുരു–കുത്സായ	—	തന്നാമകായ ഋഷയേ
യുദ്ധ്യൻ ത്വം	—	യുദ്ധം കുർവ്വാണസ്ത്വം (ഏവ)
ത്യൽ സപ്ത പുരഃ ദർദ്ദഃ ഹ	—	താഃ സപ്തസംഖ്യാകാനിനഗരാണിവ്യദാരയഃ, അഭൈത്സീഃ ഖലു
(അപിച) സു–ദാസേ	—	ഏതന്നാമകായരാജ്ഞേ
അംഹോഃ	—	ഏതൽസംജ്ഞസ്യാസുരസ്യ സംബന്ധി
യൽ (ധനമസ്തിതൽ) വൃഥാ	—	അനായാസേന
ബർഹിഃ ന വർക്ക്	—	ബർഹിരിവഅവൃണക്, അച്ഛിനഃ
ഹേ രാജൻ	—	സ്വാമിൻ, ഇന്ദ്ര
(തദനന്തരം) പൂരവേ	—	ത്വാം ഹവിഷാപൂരയതേ തസ്മൈസുദാസേ
വരിവഃ കഃ	—	ധനം അകാർഷീഃ

അർത്ഥം–വജ്രായുധനായ ഇന്ദ്ര, പുരുകുത്സനെന്ന ഋഷിയ്ക്കു വേണ്ടി യുദ്ധം ചെയ്തുകൊണ്ട് അവിടുന്ന് (അദ്ദേഹത്തിന്റെ ശത്രുക്കളുടെ) ഏഴു നഗരങ്ങളെ തകർത്തുവല്ലൊ. കൂടാതെ സുദാസ്സെന്ന രാജാവിന്നുവേണ്ടി അംഹുവെന്ന അസുരന്റെ ധനം പ

ല്ലപോലെ നശിപ്പിച്ചുവല്ലൊ. സ്വാമിൻ, അതിന്നശേഷം അവിടേയ്ക്കു് നിറച്ച ഹവിസ്സർപ്പിക്കുന്ന സുദാസ്സിന്നു് ധനവും കൊടുത്തരുളി.

8 ത്വം ത്യാംന്ന ഇന്ദ്രദേവചിത്രാ

മിഷമാപോനപീപയഃ പരിജ്മൻ

യയാശ്ശൂരപ്രത്യസ്മഭ്യംയംസി

ത്മനമൂർജ്ജംന വിശ്വധക്ഷരധ്യൈ

അന്വയം:—

ഹേ ദേവ, ഇന്ദ്ര, ത്വം നഃ — അസ്മാകം
ചിത്രാം ത്യാം ഇഷം — ചായനീയാം താം ഇഷം, അന്നം
പരി—ജ്മൻ — പരിതോവ്യാപ്തായാം ഭൂമൌ
ആപഃ ന — യഥാആപഃ, വൃഷ്ട്യുദകാനി ഭൂമ്യാംവർഷണേന പ്രവദ്ധയസി
(തഥാ) പീപയഃ — പ്രവദ്ധയ, യഥാസർവ്വാഭൂമിരന്നേന പരിപൂർണ്ണാഭവതിതഥാകുരു
ഹേശ്ശൂര, (ഇന്ദ്ര) യയാ
(ഇഷാ) ത്മനം — ആത്മാനം
വിശ്വധ ക്ഷരധ്യൈ
ഊൎജ്ജം ന — സർവ്വതഃ ക്ഷരിതും ഉദകമിവ
അസ്മഭ്യം പ്രതി യംസി — പ്രയച്ഛസി
(ബഹുലമുദകമിവ പ്രാണധാരണരൂപം ജീവനമപി പ്രയച്ഛസി)

അർത്ഥം—അല്ലയോ ദ്യോതമാനനായ ഇന്ദ്ര, ഞങ്ങൾക്കു, ഭൂമിയിലെല്ലാടവും പരന്നു് വ്യാപിയ്ക്കുന്ന മഴവെള്ളം പോലെ, നിരന്തനിറഞ്ഞ മനോഹരമായ അന്നം വദ്ധിപ്പിച്ചാലും അന്നംകൊണ്ടു് ഭൂമി നിറയുന്നവണ്ണം ആക്കിയാലും അല്ലയോ ശൂരനായ ഇന്ദ്ര, അന്നംകൊണ്ടു് നിറയ്ക്കുന്നപോലെ എങ്ങും ഒഴുകുന്ന വെള്ളവും അവിടുന്നു് തന്നരുളുന്നു അതായതു് ധാരാളം വെള്ളം പോലെ പ്രാണധാരണരൂപമായ ജീവനം (അന്ന)വും തന്നരുളുന്നു

9 അകാരിത ഇന്ദ്ര ഗോതമേഭി

ബ്രഹ്മാണ്യോക്താ നമസാ ഹരിഭ്യാം

സുപേശസംവാജമാഭരാനഃ

പ്രാതർമ്മക്ഷൂധിയാവസുർജ്ജഗമ്യാൽ വ. 5

അന്വയം:—

ഹേ ഇന്ദ്ര, തേ	— തവ
ഗോതമേഭിഃ	— തൽസംജ്ഞൈഃ ഋഷിഭിഃ
അകാരി	— സ്തോത്രംകൃതം
ബ്രഹ്മാണി നമസാ	— മന്ത്രജാതാനി ഹവിർല്ലക്ഷണേ നാന്നേന സഹ
ഹരി—ഭ്യാം	— *അശ്വാഭ്യാമുപേതായ തുഭ്യം*
ആ—ഉക്താ	— ആഭിമുഖ്യേനോക്താനി
(സഃ ത്വം) സു—പേശസം	— ബഹുവിധരൂപയുക്തം
വാജം നഃ ആ ഭര	— അന്നമസ്മഭ്യം ആഹര, ദേഹി
ധിയാ—വസുഃ പ്രാതഃ	
മക്ഷു ജഗമ്യാൽ	— ഇന്ദ്രഃ പ്രാതഃ കാലേ ഗച്ഛതു

അർത്ഥം—അല്ലയോ ഇന്ദ്ര, അവിടേയ്ക്കു് ഗോതമന്മാരാൽ (ഞങ്ങളാൽ) സ്തോത്രം കൃതമായി. (ചൊല്ലപ്പെട്ടു) ഹവിരന്നത്തോടുകൂടിയ മന്ത്രസമൂഹം, ഹരികളോടുകൂടിയ അവിടേയ്ക്കു വേണ്ടി ചൊല്ലപ്പെട്ടു. ബഹുരൂപമായ അന്നം ഞങ്ങൾക്കരുളിയാലും. കർമ്മംകൊണ്ടു് സമ്പന്നനായ ഇന്ദ്രൻ ഇന്നും നാളെയും (എന്നും) പ്രഭാതത്തിൽ ശീഘ്രഗാമിയായി വന്നുചേരട്ടെ.
വർഗ്ഗം 6–7–8 ജഗതീത്രിഷ്ടുപ്ഛന്ദസീ, മരുതോദേവതാ.

1 . വൃഷ്ണേശർധായ സുമഖായ വേധസേ

നോധസ്സുവൃക്തിം പ്രഭരാമരുദ്ഭ്യഃ

അപോനധീരോമനസാ സുഹസ്ത്യോ

ഗിരസ്സമഞ്ജേ വിദഥേഷ്വാഭുവഃ

അന്വയം:—

(പൂർവ്വാർദ്ധേനോധാഃ പ്രേര്യതേ)

ഹേ നോധഃ, വൃഷ്ണേ — കാമാനാം വർഷിത്രേ

സു-മഖായ — ശോഭനയജ്ഞായ

വേധസേ — പുഷ്പഫലാദീനാംകർത്രേ

മരുൽ-ഭ്യഃ ശർധായ — മരുതാം സമൂഹായ (വിഭക്തി വ്യത്യയഃ)

സു-വൃക്തിം പ്ര ഭര — സുഷ്ഠ്വാവർജ്ജകം സ്തോത്രം പ്രേരയ, സ്തുഹി

(പ്രേരിതോനോധാഃ ആഹ)

ധീരഃ സു-ഹസ്ത്യഃ — ധീമാൻ, ശോഭനാംഗുലിയുക്തഃ, കൃതാഞ്ജലിഃ (അഹം)

(യാഃ) ഗിരഃ വിദഥേഷു — യജ്ഞേഷു

ആ-ഭുവഃ — യഥാശാസ്ത്രം പ്രയുക്താഃ, ദേവതാഭിമുഖീകരണസമർത്ഥാഃ ഭവന്തീതി ആഭുവഃ

മനസാ (താദൃശാഃ ഗിരഃ) — സ്തുതിലക്ഷണാവാചഃ

അപഃ ന — യഥാപജ്ജന്യഃ യുഗപദേവ ബഹുഷുപ്രദേശേഷു ബഹൂശോജലാനിവർഷതിതദ്വൽ

സം അഞ്ജേ — സമ്യക്വ്യക്താഃ കരോമി

അർത്ഥം—(പൂർവ്വാർദ്ധത്തിൽ നോധസ്സിനോട് കൂട്ടുകാർ പറയുന്നു) അല്ലയോ നോധസ്സേ, കാമം വർഷിക്കുന്നതും ശോഭനയജ്ഞത്തോടുകൂടിയതും, പുഷ്പഫലാദികളെ ഉല്പാദിപ്പിക്കുന്നതുമായ മരുത്സമൂഹത്തെ ഉദ്ദേശിച്ച് നല്ല, ഹൃദ്യമായ സ്തോത്രം ചൊല്ലുക (അപ്രകാരം പ്രേരിതനായ നോധസ്സ് സ്തുതിക്കുന്നു) ബുദ്ധികൊണ്ടാലോചിക്കുന്നവനും, കൂപ്പുകയ്യുമായ ഞാൻ, യാഗങ്ങളിൽ ദേവതകളെ പ്രത്യക്ഷീകരിക്കുന്നതിന്നു പററിയ ശാസ്ത്രമനുസരിച്ചുള്ള സ്തുതിവാക്കുകളെ, മേഘം ഒരേ സമയത്തു് പല ദിക്കിലും പെയ്യുന്ന വെള്ളംപോലെ, വ്യക്തീകരിക്കുന്നു, വെളിവാക്കുന്നു

2 തേജജ്ഞിരേദിവ ഋഷ്വാസഉക്ഷണോ
രുദ്രസ്യമര്യാഅസുരാഅരേപസഃ
പാവകാസശ്ശുചയസ്സൂര്യാഇവ
സത്വാനോനദ്രഫ്സിനോഘോരവപ്പസഃ

അന്വയം:—

ഋഷ്വാസഃ	—	ദർശനീയാഃ
ഉക്ഷണഃ	—	സേക്താരഃ, യുവാനഃ
രുദ്രസ്യ മര്യാഃ	—	മര്യഃ മനുഷ്യഃ, മരുതാംമർത്ത്യത്വാസംഭവാൽ പുത്രാഃ
അസുരാഃ	—	ശത്രൂണാം നിരസിതാരഃ
അരേപസഃ പാവകാസഃ	—	പാപരഹിതാഃ, സർവ്വേഷാം ശോധകാഃ
സൂര്യാ—ഇവ ശുചയഃ	—	ദീപ്താഃ
ദ്രഫ്സിനഃ	—	വൃഷ്ട്യുദകബിന്ദുഭിര്യുക്താഃ
സത്വാനഃ ന	—	പരമേശ്വരസ്യ ഭൂതഗണാ ഇവ
ഘോര—വപ്പസഃ	—	ശത്രൂണാം ഭയങ്കരരൂപാഃ
തേ ദിവഃ ജജ്ഞിരേ		തേ (മരുതഃ) അന്തരിക്ഷാൽ പ്രാദുർഭൂതാഃ

അർത്ഥം—ദർശനീയരും ധാരാളം ബലമുള്ളവരും, (യുവാക്കളും) രുദ്രപുത്രന്മാരും, ശത്രുക്കളെ മടക്കുന്നവരും, പാപരഹിതരും, എല്ലാററിനെയും ശുദ്ധീകരിക്കുന്നവരും, ആദിത്യനെന്നപോലെ തേജസ്വികളും, മഴവെള്ളത്തുള്ളികൾ മേൽപ്പററിയവരും, പരമശിവൻെറ ഭൂതഗണങ്ങൾ പോലെ ശത്രുക്കൾക്ക് ഭയങ്കരരൂപന്മാരുമായ ആ മരുത്തുക്കൾ അന്തരിക്ഷത്തിൽ നിന്നുളവായി. ('രുദ്രസ്യമര്യാഃ' എന്നിടത്ത് മര്യൻ എന്നാൽ മനുഷ്യനെന്നർത്ഥമാണെങ്കിലും മരുത്തുക്കൾക്ക് മനുഷ്യത്വം അസംഭാവ്യമാകയാൽ പുത്രന്മാർ എന്നർത്ഥമെടുക്കണം.)

3 യുവാനോരുദ്രാ അജരാ അഭോഗ്ഘനോ
വവക്ഷുരധ്രിഗാവഃ പർവ്വതാ ഇവ
ദൃള്ഹാചിദ്വിശ്വാ ഭുവനാനി പാർത്ഥിവാ
പ്രച്യാവയന്തി ദിവ്യാനിമജ്മനാ

അന്വയം —

യുവാനഃ രുദ്രാഃ — തരുണാഃ, രുദ്രപുത്രാഃ
അജരാഃ — ജരാരഹിതാഃ
അഭോക്–ഹനഃ — യേ ദേവാൻ ഹവിർഭിന്ന ഭോജയന്തി, തേഷാം ഹന
അധ്രി–ഗാവഃ — അധൃതഗമനാഃ, അനിവാ ഗതയഃ
പർവ്വതാഃ–ഇവ (ദൃഢാംഗാഃ മരുതഃ) വവക്ഷുഃ — സ്തോതൄണാമഭിമതം പ്രാപയിതുമിച്ഛന്തി
(അപി ച) വിശ്വാ
ഭുവനാനി — സർവ്വാണി സർഭാവം പ്ര
പാർത്ഥിവാ — പൃഥിവ്യാം ഭവാനി
ദിവ്യാനി — ദിവിഭവാനി (ചവസ്തൂന
ദൃള്ഹാ ചിത് — ദൃഢാന്യപി
മജ്മനാ പ്ര
ച്യവയന്തി — ശോധകേന ബലേന പ്രചാലയന്തി

അർത്ഥം—നിത്യയുവാക്കളും, രുദ്രപുത്രന്മാരും, ഏ
ബാധിക്കാത്തവരും, ദേവന്മാരെ ഹവിസ്സുകൊണ്ട് ഉ
രുടെ ഹന്താക്കളും (അതായത് നിത്യനൈമിത്തിക
ദേവപ്രീതി കർമ്മങ്ങൾ ചെയ്യാത്തവരെ, അതിന്ന് വ
കളെ, ഹനിക്കുന്നവർ) തടവി[illegible]

മാത്രമല്ല, മൃത്തങ്ങളും ഭൂവിലും ദ്യോവിലും ഉള്ളവയുമായ എല്ലാററിനെയും, കരുത്തുള്ളവയാണെങ്കിൽപോലും, തങ്ങളുടെ ശോധകമായ ബലംകൊണ്ടു് പിടിച്ചു കുലുക്കുന്നു, മറിച്ചിടുന്നു.

4 ചിത്രൈരഞ്ജിഭിർവ്വപുഷേ വ്യഞ്ജതേ
വക്ഷസ്സുരുക്മാ അധിയേതിരേശുഭേ
അംസേഷ്വേഷാം നിമിമൃക്ഷുരൃഷ്ടയ
സ്സാകംജജ്ഞിരേ സ്വധയാദിവോനരഃ

അന്വയം –

വപുഷേ	— രൂപായ, ശോഭാർത്ഥം (മരുതഃ)
ചിത്രൈഃ അഞ്ജി–ഭിഃ	— നാനാവിധൈഃ, രൂപാദി വ്യഞ്ജനസമർത്ഥൈഃ ആഭരണൈഃ സ്വശരീരാണി
വി അഞ്ജതേ	— വ്യക്തം കുർവ്വന്തി, അലം കുർവ്വന്തി
വക്ഷഃ–സു	— ഭുജാന്തരേഷു
രുക്മാൻ	— രോചമാനാൻ ഹാരാൻ
ശുഭേ അധി യേതിരേ (അപിച) ഏഷാം	— ശോഭാർത്ഥം ഉപരിചക്രിരേ
അംസേഷു ഋഷ്ടയഃ	— ആയുധാനി
നി മിമൃക്ഷുഃ (തൈരായുധൈ സ്സഹിതാഃ) നരഃ	— നിമൃഷ്ടാഃ സ്ഥിതാബഭൂവുഃ — നേതാരഃ
ദിവഃ	— അന്തരിക്ഷാൽ
സ്വധയാ സാകം ജജ്ഞിരേ	— സ്വകീയേന ബലേന സഹപ്രാദുർഭൂതാഃ

അർത്ഥം–ശരീരശോഭയ്ക്കു വേണ്ടി മരുത്തുക്കൾ നാനാവിധങ്ങളായ, രൂപശോഭികളായ ആഭരണങ്ങളെ സ്വന്തം അംഗങ്ങളിൽ അണിയുന്നു. തിളങ്ങുന്ന മാലകൾ ശോഭയ്ക്കുവേണ്ടി മാറിടത്തിൽ പൊക്കി അണിഞ്ഞിരിയ്ക്കുന്നു. പുറമേ, അവരുടെ തോളുകളിൽ ആയുധങ്ങൾ പിടിപ്പിച്ചിരിയ്ക്കുന്നു. ആ ആയുധങ്ങളോടു കൂടിയാണു് നേതാക്കളായ അവർ അന്തരിക്ഷത്തിൽ നിന്നു് സ്വബലംകൊണ്ടു് ഒപ്പം ജനിച്ചതു്.

5 ഈശാനകൃതോ ധുനയോരിശാദസോ
വാതാൻ വിദ്യുതസ്തവിഷീഭിരക്രത
ദുഹന്ത്യൂധർദിവ്യാനി ധൂതയോ
ഭൂമിംപിന്വന്തി പയസാപരിജ്രയഃ വ 6

അന്വയം:—

ഈശാന—കൃതഃ	—	സ്തോതാരം, ഈശാനം, ധനപതിം കുർവ്വാണാഃ
ധുനയഃ	—	(മേഘാദീനാം) കമ്പയിതാരഃ
രിശാദസഃ	—	രിശാനാം, ഹിംസകാനാം അത്താരഃ
(മരുതഃ) തവിഷീഭിഃ	—	ആത്മീയൈർബ്ബലൈഃ
വാതാൻ വി—ദ്യുതഃ	—	വായൂൻ, വിദ്യോതമാനാസ്തഡിതഃ (ച)
അക്രത	—	കുർവ്വന്തി
(കൃത്വാച) പരി—ജ്രയഃ	—	പരിതോഗന്താരഃ
ധൂതയഃ	—	കമ്പയിതാരഃ
ദിവ്യാനി ഊധഃ	—	ദിവിഭവാനി ഊധസ്ഥാനീയാനി അഭ്രാണി
ദുഹന്തി	—	രക്തീകുർവ്വന്തി, ജലരഹിതാനി കുർവ്വന്തി
(അനന്തരം) ഭൂമിം പയസാ പിന്വന്തി	—	മേഘാന്നിർഗ്ഗതേന ജലേന സിഞ്ചന്തി

അർത്ഥം—സ്തോതാക്കളെ പ്രഭുക്കളാക്കുന്നവരും, മേഘാദികളെ ഇളക്കുന്നവരും, ക്രൂരന്മാരെ ഒടുക്കുന്നവരും ആയ മരുത്തുക്കൾ സ്വകീയബലംകൊണ്ട് കാററും ഇടിമിന്നലും ഉണ്ടാക്കുന്നു. എന്നിട്ട് സർവ്വത്ര ചരിച്ച് എല്ലാററിനെയും വിറപ്പിച്ച്, ദ്യോവിൻെറ അകിടിൻെറ സ്ഥാനത്തുള്ള മേഘങ്ങളെ കറന്ന്, അവയെ നിർജ്ജലങ്ങളാക്കുന്നു മേഘാദികളിൽ നിന്ന് പുറത്തുവന്ന ജലം (മഴ) കൊണ്ട് ഭൂവിനെ നനയ്ക്കുന്നു

6 പിന്വന്ത്യപോ മരുതസ്സുദാനവഃ

പയോഘൃതവദ്വിദഥേഷ്വാഭുവഃ

അത്യംനമിഹേ വിനയന്തിവാജിന

മുത്സം ദുഹന്തി സ്തനയന്തമക്ഷിതം

അന്വയം:—

സു—ദാനവഃ മരുതഃ	—	ശോഭനദാനാസ്തേ
പയഃ	—	ക്ഷീരവൽ സാരവതീഃ
ആ—ഭുവഃ	—	ആഭവന്തീത്യാഭുവഃ, ഋത്വിജഃ
വിദഥേഷു ഘൃത—വൽ	—	യജ്ഞേഷു യഥാഘൃതം സിഞ്ചന്തി തദ്വൽ
അപഃ പിന്വന്തി	—	ജലംസിഞ്ചന്തി
(തേ) അത്യം ന	—	യഥാസാദിനഃ അശ്വം യുദ്ധാർത്ഥം ശിക്ഷന്തി തഥാ
വാജിനം മിഹേ വി നയന്തി	—	വേഗവന്തം മേഘം വർഷണായ സ്വാധീനം കുർവ്വന്തി
(വിനീയച) സ്തനയന്തം അക്ഷിതം ഉത്സം	—	ഗർജ്ജന്തം അക്ഷീണം മേഘം
ദുഹന്തി	—	രക്തീകുർവ്വന്തി

അർത്ഥം—ദാനവാന്മാരായ മരുത്തുക്കരം യജ്ഞങ്ങളിൽ ഋത്വിക്കുകരം നെയ്യുരുകുന്ന പോലെ പാലിനു തുല്യം സാരവത്തായ വെള്ളം പൊഴിക്കുന്നു. കുതിരക്കാരൻ കുതിരയെപ്പോരിന്നു പരിശീലിപ്പിക്കുന്നപോലെ. വേഗമൊത്ത മേഘത്തെ അവർ വർഷണത്തിന്ന് വേണ്ടി സ്വാധീനമാക്കുന്നു പിന്നെ ഗർജ്ജിക്കുന്നതും അക്ഷീണവുമായ മേഘത്തെ കറക്കുന്നു, നിർജ്ജലമാക്കുന്നു.

7 മഹിഷാസോമായിനശ്ചിത്രഭാനവോ
ഗിരയോനസ്വതവസോ രഘുഷ്യദഃ
മൃഗാഇവഹസ്തിനഃ ഖാദഥാ വനാ
യദാരുണീഷു തവിഷീരയുഗ്ധ്വം.

അന്വയം:-

മഹിഷാസഃ മായിനഃ
ചിത്ര-ഭാനവഃ — മഹാന്തഃ, പ്രാജ്ഞാഃ, ശോഭന ദീപ്തയഃ
ഗിരയഃ ന സ്വ-തവസഃ — പർവ്വതാ ഇവ ബലേനയുക്താഃ
രഘു-സ്യദഃ — ശീഘ്രഗമനാഃ
(ഹേ മരുതഃ യൂയം)
ഹസ്തിനഃ മൃഗാഃ-ഇവ — ഹസ്തവന്തഃ ഗജാ ഇവ
വനാ — വനാനി, വൃക്ഷജാതാനി
ഖാദഥ — ഭക്ഷയഥ, പ്രഭൃങ്ക്ഥ
യൽ — യസ്മാൽ കാരണാൽ
ആരുണീഷു — അരുണവർണ്ണാസു ബഡവാസു
തവിഷീഃ അയുഗ്ധ്വം — ബലാനി സംയോജിതവന്തഃ
(തസ്മാൽ ഭവതാം വാഹനസ്യ പ്രബലതാൽ ഭവന്തഃ സർവ്വം ഭഞ്ജന്തി)

അർത്ഥം-മഹാന്മാരും, പ്രാജ്ഞന്മാരും, ശോഭനപ്രകാശന്മാരും, മലകൾ പോലെ ബലമുററവരും, ശീഘ്രഗാമികളുമായ മരുത്തുക്കളേ, നിങ്ങൾ കൊമ്പനാനകൾ പോലെ വൃക്ഷക്കൂട്ടങ്ങളെ ഭഞ്ജിക്കുന്നു, ഭക്ഷിയ്ക്കുന്നു നിങ്ങളുടെ വാഹനങ്ങളായ ചുകന്ന പെൺകുതിരകളെ നിങ്ങൾ ബലവതികളാക്കിട്ടുമുണ്ടല്ലൊ ആ വാഹനങ്ങളുടെ കരുത്താൽ നിങ്ങളെല്ലാം തകർക്കുന്നു

8 സിംഹാഇവനാനദതിപ്രചേതസഃ
പിശാഇവസുപിശോവിശ്വവേദസഃ
ക്ഷപോജിന്വന്തഃ പൃഷതീഭിരൃഷ്ടിഭി
സ്സമിൽസബാധശ്ശവസാഹിമന്യവഃ

അന്വയം:—

പ്ര–ചേതസഃ (മരുതഃ) — പ്രകൃഷ്ടജ്ഞാനാഃ
സിംഹാഃ–ഇവ നാനദതി — യഥാസിംഹാഃ ഗിരിഗഹ്വരേഷു ഗംഭീരംശബ്ദം കുർവ്വന്തിതഥാ മരുത്സുആഗതേഷുഗംഭീരശ്ശബ്ദഃ ഉൽപ്പദ്യതേ
പിശാഃ–ഇവ സു–പിശഃ — ശ്വേതബിന്ദുഭിരലംകൃതാഃ രുരവ ഇവശോഭനാലങ്കാരയുക്താ വയവാഃ
വിശ്വ–വേദസഃ — സർവ്വജ്ഞാഃ
ക്ഷപഃ — ശത്രൂണാം ക്ഷപയിതാരഃ
ജിന്വന്തഃ — സ്തോതൄൻപ്രീണയന്തഃ
ശവസാ അഹി–മന്യവഃ — ബലേനആഹനനശീലമന്യു യുക്താഃ, കോപനിയന്ത്രണ സമർത്ഥാഃ
പൃഷതീഭിഃ — ശ്വേതബിന്ദുയുക്താഭിഃ മൃഗാഭിഃ
ഋഷ്ടി–ഭിഃ — ആയുധൈഃ (പ്രസഹിതാസ്സന്തഃ)
സ–ബാധഃ — ശത്രുഭിഃബാധിതാൻ യജമാനാൻ
സം ഇൽ — സമാനമേവ, യുഗപദേവ
(രക്ഷിതുമാഗച്ഛന്തി)

അർത്ഥം—ഉൽകൃഷ്ടജ്ഞാനവാന്മാരായ മരുത്തുക്കാം, സിംഹങ്ങാം മലയിലെ മടകളിൽ നിന്നലറുന്നപോലെ, ഗംഭീര ശബ്ദം പുറപ്പെടുവിക്കുന്നു. മരുത്തുക്കാം വരുമ്പോാം ഗംഭീരശബ്ദം സ്വയം ഉയരുന്നു. വെള്ളപ്പുള്ളികളണിഞ്ഞ കൃഷ്ണമൃഗങ്ങളാംപോ

ലെ ശരീരാലങ്കാരങ്ങളോടുകൂടിയവരും, എല്ലാം അറിയുന്നവരും ശത്രുക്കളെ അമർക്കുന്നവരും, സ്തോതാക്കളെ സന്തോഷിപ്പിക്കുന്നവരും, കോപത്തെ സ്വബലംകൊണ്ടു് അടക്കാൻ കഴിവുള്ളവരും ആയ മരുത്തുക്കൾ സ്വവാഹനങ്ങളായ പുള്ളിമാനുകളോടും, ആയുധങ്ങളോടുംകൂടി ശത്രുബാധിതരായ യജമാനന്മാരെ ഒരു സമയത്തു് രക്ഷിക്കുവാൻ എത്തുന്നു.

9 രോദസീ ആവദതാഗണശ്രിയോ–
നൃഷാച ശൂരാശ്ശവസാഹിമന്യവഃ
ആവന്ധുരേഷ്വമതിർന്ന ദർശതാ
വിദ്യുന്നതസ്ഥൗ മരുതോരഥേഷുവഃ

അന്വയം —

ഗണ–ശ്രിയഃ,	—	ഗണശഃ ശ്രയമാണാഃ സപ്തഗണരൂപേണാവസ്ഥിതാഃ
നൃ–സാചഃ,	—	നൄൻ, യജമാനാൻ ഹവിസ്വീകരണായ സേവമാനാഃ
ശൂരാഃ,	—	വീരാഃ മരുതഃ
ശവസാ അഹി–മന്യവഃ	—	ബലേന ആഹനനശീലമന്യുയുക്താസ്സന്തഃ
രോദസീ ആ വദത	—	ദ്യാവാപൃഥിവ്യൗ ആസമന്താൽ ശബ്ദയത
(കിഞ്ച) ഹേ മരുതഃ, വഃ	—	യുഷ്മാകം (തേജഃ)
വന്ധുരേഷു	—	ബന്ധകകാഷ്ഠനിർമ്മിതം സാരഥേസ്ഥാനം വന്ധുരം, തേഷു
(തദ്യുക്തേഷു) രഥേഷു		
അമതിഃ ന	—	യഥാ നിർമ്മലം രൂപം സർവ്വൈർദൃശ്യതേ
ദർശതാ വി–ദ്യുൽ ന	—	യഥാമേഘസ്യ വിദ്യുൽ സർവ്വൈർദൃശ്യതേതഥാ

ആ തസ്ഥൌ — ആ തിഷ്ഠതി
(രഥേസ്ഥിതാനാം യുഷ്മാകം ജ്യോതിസ്സർവ്വൈഃ ദൃശ്യതേ)

അർത്ഥം—ഏഴു ഗണങ്ങളായി പിരിഞ്ഞു കൂടിനില്ക്കുന്നവരും, ഹവിസ്സ്വീകരണത്തിന്ന് യജമാനന്മാരെ സേവിക്കുന്നവരും, ശൂരന്മാരുമായ മരുത്തുക്കളേ, നിങ്ങൾ ബലംകൊണ്ടു കോപത്തെ അടക്കുന്നവരായി (പ്രസന്നന്മാരായി) ദ്യാവാപൃഥിവികളോട് സംഭാഷിക്കുക, അവരുടെനേരെനിറച്ചും ശബ്ദമുണ്ടാക്കുക, അവരെ ശബ്ദപൂർണ്ണങ്ങളാക്കുക. കൂടാതെ, മരുത്തുക്കളേ, തേരാളിയുടെ ഇരിപ്പിടത്തോടു കൂടിയ തേരുകളിൽ നിങ്ങളുടെ തേജസ്സ് നിർമ്മലരൂപംപോലെയും, ദർശനീയമായ ഇടിമിന്നൽപോലെയും എല്ലാവരാലും കാണപ്പെടുന്നു.

10 വിശ്വവേദസോരയിഭിസ്സമോകസ—
സ്സംമിശ്ലാസസ്തവിഷീഭിർവ്വിരപ്ശിനഃ
അസ്താര ഇഷും ദധിരേ ഗഭസ്ത്യോ
രനന്തശുഷ്മാ വൃഷഖാദയോ നരഃ വ. 7

അന്വയം:—

വിശ്വ—വേദസഃ — സർവ്വജ്ഞാഃ
രയി—ഭിഃ സം—ഓകസഃ — ധനൈഃ സമാനനിവാസാഃ, ധനപതയഃ
തവിഷീഭിഃ
സം—മിശ്ലാസഃ — ബലൈഃ സംമിശ്രാഃ, സംയുക്താഃ
വി—രപ്ശിനഃ അസ്താരഃ — മഹാന്തഃ, ശത്രൂണാംനിരസിതാരഃ
അനന്ത—ശുഷ്മാഃ — അനവച്ഛിന്നബലാഃ
വൃഷ—ഖാദയഃ, നരഃ — വൃഷ്ണഃ ഇന്ദ്രസ്യ ആയുധസ്ഥാനീയാഃ മരുതഃ
ഗഭസ്ത്യോഃ — ബാഹ്വോഃ
ഇഷും ദധിരേ — ധനുർബ്ബാണാദികമായുധം ധാരയന്തി

അർത്ഥം—എല്ലാം അറിയുന്നവരും, ധനങ്ങളോടൊപ്പം നിവസിക്കുന്നവരും (ധനാധിപതികളും) ബലയുതന്മാരും, ശത്രുക്കളെ പിൻതുടരുന്നവരും അപരിമിത ശക്തിമാന്മാരും ഇന്ദ്രന്റെ ആയുധസ്ഥാനീയന്മാരായ മരുത്തുക്കൾ കൈകളിൽ വില്ലമ്പുകൾ മുതലായ ആയുധങ്ങൾ ധരിച്ചിരിക്കുന്നു

11 ഹിരണ്യയേഭിഃ പവിഭിഃ പയോവൃധ
ഉജ്ജിഘ്നന്ത ആപഥ്യോ ന പർവ്വതാൻ
മഖാ അയാസഃ സ്വസൃതോ ധ്രുവച്യുതോ
ദുധ്രകൃതോ മരുതോ ഭ്രാജദൃഷ്ടയഃ

അന്വയം —

പയഃ—വൃധഃ	— പയസഃ, വൃഷ്ട്യുദകസ്യ വർദ്ധയിതാരഃ
മഖാഃ	— മഖവന്തഃ, യജ്ഞവന്തഃ
അയാസഃ	— ദേവയജനദേശം പ്രതി ഗന്താരഃ
സ്വ—സൃതഃ	— ശത്രൂൻ പ്രതി സ്വയമേവ സരന്തഃ, ഗച്ഛന്തഃ
ധ്രുവ—ച്യുതഃ	— ധ്രുവാണാം, നിശ്ചലാനാം, പർവ്വതാനാം ച്യാവയിതാരഃ
ദുധ്ര—കൃതഃ	— അന്യൈഃ ദുർധരമാത്മാനം കുർവ്വാണാഃ
ഭ്രാജത്—ഋഷ്ടയഃ മരുതഃ	— ദീപ്യമാനായുധാഃ മരുതഃ
ഹിരണ്യയേഭിഃ പവി—ഭിഃ	— ഹിരണ്മയൈരഥചക്രൈഃ
പർവ്വതാൻ	— ശിലോച്ചയാൻ
ആ—പഥ്യഃ ന	— യഥാ പഥി ഗച്ഛൻ രഥഃ • മാർഗ്ഗേ അവസ്ഥിതം തൃണാദികം ചൂർണ്ണീകൃത്യ നയതി തഥാ
ഉത് ജിഘ്നന്തേ	— ഊർധ്വം ഗമയന്തി, സ്ഥാനാത് പ്രച്യാവയന്തി

അൎത്ഥം—മഴവെള്ളത്തെ വളൎത്തുന്നവരും, യജ്ഞാൎഹന്മാരും, ദേവയജനസ്ഥാനങ്ങളിൽ ഗമിക്കുന്നവരും, ശത്രുക്കൾക്കെതിരെ സ്വയം ചെല്ലുന്നവരും, നിശ്ചലങ്ങളായ പൎവ്വതാദികളെ ഇള ക്കിമറിയ്ക്കുന്നവരും ആത്മാവിനെ അന്യരാൽ കഴിയാത്തവിധ മാക്കി എടുത്തവരും, തിളങ്ങുന്ന ആയുധങ്ങളോടുകൂടിയവരും ആയ മരുത്തുക്കൾ, സ്വൎണ്ണമയങ്ങളായ തേർചക്രങ്ങളാൽ, വഴി യിലുള്ള പുൽചെടികളെ ഓടുന്ന തേർ ശകലീകരിക്കുന്നപോ ലെ, മലകളെ സ്ഥാനത്തിൽനിന്നിളക്കുന്നു.

12 ഘൃഷ്വം പാവകം വനിനം വിചൎഷണിം
രുദ്രസ്യ സൂനും ഹവസാഗൃണീമസി
രജസ്തുരന്തവസംമാരുതംഗണ
മൃജീഷിണംവൃഷണംസശ്ചതശ്രിയേ

അന്വയം—

ഘൃഷ്വം	— ശത്രൂണാംബലസ്യധൎഷകം, വിനാശയിതാരം
പാവകം	— സൎവ്വേഷാംശോധകം
വനിനം	— ഉദകവന്തം, വൃഷ്ടിപ്രദം
വി—ചൎഷണിം	— വിശേഷേണസൎവ്വസ്യദ്രഷ്ടാരം
രുദ്രസ്യ സൂനും	— മഹാദേവസ്യപുത്രഭൂതം (മരുതാം സമൂഹം)
ഹവസാ	— ആഹ്വാനസാധനേനസ്തോത്രേണ
ഗൃണീമസി	— ശബ്ദയാമഃ, സ്തുമഃ
(ഹേ ഋത്വിഗ്യജമാനാഃ, യൂയമപി) ശ്രിയേ	— ഐശ്വൎയ്യായ
രജഃ—തുരം	— പാൎത്ഥിവസ്യപാംസോഃ ത്വരയിതാരം, പ്രേരകം
തവസം	— പ്രവൃദ്ധം
ഋജീഷിണം	— തൃതീയസവനേ ഹിമരുതസ്സ്തൂയ ന്തേ, തത്രഋജീഷമഭിഷ്ണ്വന്തി

വൃഷണം മാരുതം ഗണം
സശ്ചത — കാമാനാം വർഷിതാരം
മരുൽഗണംപ്രാപ്നുത

അത്ഥം—ശത്രുബലനാശകവും, എല്ലാവരെയും ശുദ്ധീകരിക്കുന്നതും, ഉദകവത്തും (വൃഷ്ടിപ്രദവും) എല്ലാററിനെയും കാണുന്നതും, പരമശിവന്ന് പുത്രഭൂതവുമായ മരുത്സമൂഹത്തെ ആഹ്വാനസാധനമായ (വിളിക്കാനുള്ള ഉപായമായ) സ്തോത്രത്താൽ സ്തുതിക്കുന്ന അല്ലയോ ഋത്വിഗ്യജമാനന്മാരേ, നിങ്ങളും ഐശ്വര്യസിദ്ധിയ്ക്കായി, മണ്ണിലെ പൊടി വേഗം പരത്തുന്നതും, പ്രവൃദ്ധവും, ഋജീഷിയും കാമവർഷകവുമായ മരുൽഗണത്തെ പ്രാപിക്കുക (മരുത്തുക്കൾക്ക് മൂന്നാംസവനത്തിലേ സ്തുതിയുള്ള അവിടെ ഋജീഷമെന്നപേരിലുള്ള സോമം സംസ്കരിക്കലുണ്ട് അതുകൊണ്ടാണ് മരുത്തുക്കൾക്ക് ഋജീഷസംബന്ധം)

13 പ്രനൂസമർത്യശ്ശവസാജനാ൯അതി

തസ്ഥൌവഊതീമരുതോയമാവത

അർവ്വദ്ഭിർവ്വാജംഭരതേധനാനൃഭി

രാപൃച്ഛ്യംക്രതുമാക്ഷേതിപുഷ്യതി

അന്വയം —

ഹേ മരുതഃ വഃ ഊതീ — യുഷ്മാകമൂത്യാ രക്ഷണേന
യം (പുരുഷം) ആവത — അരക്ഷത
സഃ മർത്തഃ ശവസാ — മർത്യഃ ബലേന
ജനാൻ അതി നു — ജാതാൻ അന്യാൻ പുരുഷാൻ
അതീത്യക്ഷിപ്രം
പ്ര തസ്ഥൌ — പ്രതിഷ്ഠിതോഭവതി
(അപിചസഃ പുരുഷഃ)
അർവ്വൽ-ഭിഃ — അശ്വൈഃ
വാജം — അന്നം
നൃ-ഭിഃ ധനാ ഭരതേ — സ്വകീയൈഃ മനുഷ്യൈഃ ധനാ
നി (ച) സമ്പാദയതി

(തഥാ) ആ-പൃച്ഛ്യം	— ആപ്രഷ്ടവ്യം, ശോഭനം
ക്രതും	— അഗ്നിഷ്ടോമാദികം കർമ്മ
ആ ക്ഷേതി	— ആപ്നോതി
പുഷ്യതി	— പ്രജയാ പശുഭിഃ പുഷ്ടോഭവതി (ച)

അർത്ഥം—അല്ലയോ മരുത്തുക്കളെ, നിങ്ങൾ രക്ഷണംകൊണ്ടു് ഏതു മനുഷ്യനെ പാലിച്ചുവോ, ആ മനുഷ്യൻ ബലംകൊണ്ടു് അന്യജനങ്ങളെ വേഗം മറികടന്നു് നില്ക്കുന്നു. മാത്രമല്ല, ആ മനുഷ്യൻ കുതിരകളെകൊണ്ടു് അന്നവും സ്വന്തം ആളുകളെകൊണ്ടു് ധനങ്ങളും സമ്പാദിക്കുന്നു. അതുപോലെ ശ്രേഷ്ഠമായ അഗ്നിഷ്ടോമാദികർമ്മം നേടുന്നു. സന്തതിയാലും, നാല്ക്കാലികളാലും, പുഷ്ടനായി ഭവിക്കുന്നു.

14 ചർകൃത്യംമരുതഃപൃത്സുദുഷ്ടരം
ദ്യുമന്തംശുഷ്മംമഘവൽസുധത്തന
ധനസ്പൃതമുക്ഥ്യംവിശ്വചർഷണിം
തോകംപുഷ്യേമതനയം ശതംഹിമാഃ

അന്വയം:—

ഹേ മരുതഃ, മഘവൽ-സു	— ഹവിർല്ലക്ഷണധനയുക്തേഷു യജമാനേഷു
ചർകൃത്യം	— കാര്യേഷുപുനഃ പുനഃ പുരസ്കർത്തവ്യം, സർവ്വകർമ്മകുശലം
പൃൽ-സു ദുസ്തരം	— സംഗ്രാമേഷുദുഃഖേനതാരിതവ്യം അജേയം
ദ്യു-മന്തം	— ദീപ്തിമന്തം
ശുഷ്മം	— ശത്രൂണാംശോഷകം, ബലവന്തം
ധന-സ്പൃതം	— ധനാനാംസ്പ്രഷ്ടാരം, ധനൈഃപ്രീതം
ഉക്ഥ്യം	— സ്തോത്രാർഹം,പ്രശസ്യം
വിശ്വ-ചർഷണിം	— വിശേഷേണദ്രഷ്ടാരം, സർവ്വജ്ഞം

തോകം തനയം ധത്തന — പുത്രംപൌത്രം(ച)
സ്ഥാപയത, ദത്ത
ശതം ഹിമാഃ — ഹേമന്തർത്തൂപലക്ഷിതാൻ ശതം
സംവത്സരാൻ ജീവന്തസ്സന്തഃ
പുഷ്യേമ — പോഷയേമ

അർത്ഥം—അല്ലയോ മരുത്തുക്കളേ, ഹവിർധനന്മാരായ യജമാനന്മാർക്ക്, കാര്യങ്ങളിൽ (കർമ്മങ്ങളിൽ) എപ്പോഴും മുമ്പിൽ നിൽക്കാവുന്ന വിധം സർവ്വകർമ്മകുശലനും, യുദ്ധങ്ങളിൽ ദുർജ്ജയനും, കാന്തിമാനും, ശത്രുക്കളെ കീഴടക്കുന്ന ബലത്തോടുകൂടിയവനും (സ്തോത്രാർഹനാകത്തക്കവിധം) പ്രശംസനീയനും എല്ലാം കാണുന്ന സർവ്വജ്ഞനും ആയ പുത്രനെയും പൌത്രനെയും നൽകിയാലും. അവർ നൂറുവർഷം ജീവിക്കുന്നവരായി പുഷ്ടി പ്രാപിച്ചാവൂ

14 നൂഷ്ഠിരം മരുതോ വീരവന്ത
മൃതീഷാഹം രയിമസ്മാസു ധത്ത
സഹസ്രിണം ശതിനം ശൂശുവാംസം
പ്രാതർമ്മക്ഷൂ ധിയാവസുർജ്ജഗമ്യാൽ (പ .8)

അന്വയം —
ഹേ മരുതഃ, സ്ഥിരം — സ്ഥാസ്നും
വീര-വന്തം — വീര്യോപേതം
ഋതീ-സഹം — ശത്രൂണാം അഭിഭവിതാരം
സഹസ്രിണം ശതിനം — ഏതൽ സംഖ്യാകധനവന്തം
(അതഏവ) ശൂശു-വാംസം - പ്രവൃദ്ധം
നു — ക്ഷിപ്രം
രയിം അസ്മാസു ധത്ത — പുത്രലക്ഷണം ധനം സ്ഥാപയത
ധിയാ-വസുഃ പ്രാതഃ
മക്ഷു ജഗമ്യാൽ — മരുൽഗണഃ പ്രാതഃ ആഗച്ഛതു

അർത്ഥം—അല്ലയോ മരുത്തുക്കളേ, സ്ഥിരവും, വീര്യത്തോടുകൂടിയതും, ശത്രുജയവും, നൂറുമായിരവും കണക്കിൽ ധനത്തോടുകൂടിയതും അതുകൊണ്ടുതന്നെ പ്രവൃദ്ധവുമായ സന്താനസമ്പത്തിനെ ഉണ്ടാക്കിയാലും. കർമ്മത്താൽ സമ്പന്നമായ മരുൽഗണം ഇന്നും നാളെയും. (എന്നും) പ്രഭാതത്തിൽ വന്നുചേരട്ടെ.

വർഗ്ഗം—9—ശക്തിപുത്രഃ പരാശരഃ ഋഷിഃ ദ്വിപദാവിരാട് ഛന്ദഃ അഗ്നിർദ്ദേവതാ.

1 പശ്വാനതായുങ്ഗുഹാ ചതന്തം
നമോയുജാനന്നമോ വഹന്തം

2 സജോഷാധീരാഃ പദൈരനുഗ്മ
ന്നുപത്വാസീദൻ വിശ്വേ യജത്രാഃ

അന്വയം:—
(പശ്വാ ഇത്യാദീനി ഷട് സൂക്താനി ദ്വൈപാദാനി)

ധീരാഃ	—	മേധാവിനോദേവാഃ
സ—ജോഷാഃ	—	സമാനപ്രീതയസ്സന്തഃ
(ഹേ അഗ്നേ, ത്വാം)		
പദൈഃ	—	മാർഗ്ഗേപാദഗതൈഃ ലാഞ്ഛനൈഃ
പശ്വാ തായും ന	—	അപഹൃതേന പശുനാ സഹവർത്തമാനം, സ്തേനമിവ
അനു ഗ്മൻ	—	അന്വഗമൻ
ഗുഹാ ചതന്തം	—	അബ്രൂപായാം ഗുഹായാം ഗച്ഛന്തം, വർത്തമാനം
നമഃ യുജാനം നമഃ വഹന്തം	—	ഹവിർല്ലക്ഷണമന്നം ആത്മാനം സംയുജാനം, ദേവേഭ്യഃ പ്രത്തം ഹവിർവ്വഹന്തം ത്വാം
യജത്രാഃ വിശ്വേ	—	യജനീയാസ്സർവ്വേദേവാഃ
ഉപ സീദൻ	—	സമീപം പ്രാപ്നുവൻ, ദദൃശുഃ.

അർത്ഥം—(ഇതുമുതൽ ആറു സൂക്തങ്ങൾ ഇരുപാദങ്ങളായ ഋക്കുകളാണ്. അപ്രകാരമുള്ള ഈരണ്ടു് ഋക്കുകൾ കൂടിയാണ് വ്യാഖ്യാനിക്കുന്നതു്.) അല്ലയോ അഗ്നേ, ബുദ്ധിമാന്മാരായ ദേവന്മാർ തുല്യ താല്പര്യത്തോടുകൂടി വഴിയിൽ കാലടയാളങ്ങൾ നോക്കി, പശുവിനെക്കട്ട കള്ളനെ എന്നപോലെ അവിടുത്തെ അനുഗമിച്ചു. ജലമയമായ ഗൂഢസ്ഥലത്തു്, ഹവിരന്നത്തോടുകൂടിയവനും, അതു ദേവന്മാർക്കു് കൊണ്ടുപോകുന്നവനുമായ അവിടുത്തെ പൂജ്യരായ എല്ലാ ദേവന്മാരും സമീപിച്ചു, കണ്ടെത്തി.

3 ഋതസ്യദേവാ അനുവ്രതാഗുർ

ഭുവത്പരിഷ്ടിർ ദ്യൌർന്നഭൂമ

4 വർദ്ധന്തീമാപഃ പന്വാസുശിശ്വി

മൃതസ്യയോനാ ഗർഭേസുജാതം

അന്വയം:—

ദേവാഃ ഋതസ്യ	— ഗതസ്യ, പലായിതസ്യ (അഗ്നേഃ)
വ്രതാ	— വ്രതാനി, കർമ്മാണി, ഗമനാവസ്ഥാനശയനാദീനി
അനു ഗുഃ	— അന്വേഷ്ടുമഗമൻ
(തദനന്തരം) പരിഷ്ടിഃ	
ഭുവൽ	— പരിതസ്സർവ്വതോന്വേഷണം അഭവൽ
ഭൂമ	— ഭൂമിരപ്യഗ്നേരന്വേഷ്ടൃഭി ർദ്ദേവൈഃ
ദ്യൗഃ ന	— സ്വർഗ്ഗ ഇവ (അഭൂൽ)
ആപഃ ഈം വർദ്ധന്തി	— അബ്ദേവതാഃ ഏനം പ്രവർദ്ധയന്തി
പന്വാ സു-ശിശ്വിം	— സ്തോത്രേണ സുഷ്ഠുപ്രവർദ്ധിതം
ഋതസ്യ യോനാ	— ഋതസ്യ, യജ്ഞസ്യകാരണ ഭൂതേ ജലേ
ഗർഭേ	— ഗർഭസ്ഥാനേമദ്ധ്യേ
സു-ജാതം	— സുഷ്ഠുപ്രാദുർഭൂതം

(ഏവമപ്പുവർത്തമാനമഗ്നിം ദേവേഭ്യഃ മത്സ്യഃ പ്രാവോചൽ)

അർത്ഥം—ദേവന്മാർ ഒളിച്ചോടിപ്പോയ അഗ്നിയുടെ ഗമനാവസ്ഥാനശയനാദി കർമ്മങ്ങളെ (പോക്ക് ഇരിപ്പ്, കിടപ്പ് മുതലായ പ്രവൃത്തികളെ) അന്വേഷിക്കുവാൻ പോയി. എല്ലാദിക്കുകളിലും അന്വേഷണം നടന്നു. അന്വേഷകരായ ദേവന്മാരാൽ നിറഞ്ഞു് ഭൂമിയും സ്വർഗ്ഗംപോലെയായി. ജലദേവതകൾ അവിടത്തെ വളർത്തി. സ്തോത്രത്താൽ സ്തുതിച്ച് വൃദ്ധി

പ്രാപിച്ച അഗ്നി, യജ്ഞത്തിൻെറ മൂലാവലംബമായ ജലത്തിൽ, അതിലെ ഗർഭസ്ഥാനത്ത് നില്പുറപ്പിച്ചു. അങ്ങിനെ ജലത്തിൽ വർത്തിയ്ക്കുന്ന അഗ്നിയെ മത്സ്യം ദേവന്മാർക്ക് പറഞ്ഞുകൊടുത്തു.

5 പുഷ്ടിർന്നരണ്വാക്ഷിതിർന്നപൃഥ്വീ

ഗിരിർന്നഭുജ്മക്ഷോദോനശംഭു

6 അത്യോനാജ്മന്സർഗ്ഗപ്രതക്ത

സ്സിന്ധുർന്നക്ഷോദഃ ക ഈംവരാതേ

അന്വയം:—

(അഗ്നിഃ) പുഷ്ടിഃ ന — അഭിമതഫലാനാം അഭിവൃദ്ധിരിവ

രണ്വാ — രമണീയഃ, സർവ്വേഷാംരമണീയഃ (ഐഹികാമുഷ്മിക സകലവ്യവഹാരസ്യ അഗ്ന്യധീനത്വാൽ)

(അഗ്നിഃ) പൃഥ്വീ ക്ഷിതിഃ ന — വിസ്തീർണ്ണാഭൂമിരിവ (സർവ്വേഷു ഭൂതേഷുജാഠരരൂപേണാവസ്ഥാനാൽ)

(അഗ്നിഃ) ഗിരിഃ ന ഭുജ്മ— സർവ്വേഷാം ഭോജയിതാ (ഗിരൌ വിദ്യമാനംഫലമൂലാദികമാഹൃത്യസർവ്വേഭുഞ്ജതേതദ്വൽ)

(അഗ്നിഃ) ക്ഷോദഃ ന ശംഭു — സുഖകരഃ (യഥാഉദകം സുഖം കരോതിതദ്വൽ സർവ്വേഷാം സുഖകാരീ)

(അഗ്നിഃ) അജ്മൻ അത്യഃ ന — അജ്മനി, സംഗ്രാമേ സതതഗമനശീലഃ ജാത്യശ്വഇവ

സർഗ്ഗ-പ്രതക്തഃ — വിസജ്ജനേന പ്രഗമിതഃ (സാദിനാപ്രേഷിതോശ്വഃ ഹന്തവ്യസമീപം ആശുഗച്ഛതി, തദ്വൽസ്തോതൃഭിഃ പ്രേഷിതസ്സൻ, ശത്രൂൻഹന്തുംശീഘ്രംഗച്ഛതി)

(അപി ച) സിന്ധുഃ ക്ഷോദഃ ന — സ്യന്ദനശീലമുദകമിവ, ശീഘ്രഗാമീ, നിമ്നപ്രദേശാഭിമുഖോ ജലപ്രവാഹ ഇവ ദഗ്ധവ്യാഭിമുഖാഗ്നിഃ ദുർന്നിവാരഃ

(യസ്മാദേവം തസ്മാൽ) ഈം കഃ വരാതേ — ഏനമഗ്നിം കഃ വാരയേൽ

അത്ഥം—അഗ്നി, അഭീഷ്ടഫലപ്രദനമായ ഉല്ക്കൃഷ്ടഅന്നപ്പോലെ എല്ലാവക്കും കാമ്യനാകുന്നു. ഇഹലോകത്തിലേയ്ക്കും പരലോകത്തിലേയ്ക്കും വേണ്ട സകല കാര്യങ്ങളും അഗ്നിയ്ക്കധീനമാകുന്നു. അഗ്നി, വിസ്തൃതയായ ഭൂമിപോലെയാകുന്നു. എല്ലാ ഭൂതജാതങ്ങളിലും ജാഠരരൂപത്തിൽ സ്ഥിതിചെയ്യുന്ന അഗ്നിയുടെ വ്യാപനം അസീമമാകുന്നു അഗ്നി പർവ്വതംപോലെ ഭക്ഷണദാതാവാകുന്നു. പർവ്വതങ്ങൾ തങ്ങളിലുള്ള ഫലമൂലാദികളെ പ്രാണികൾക്ക് ഭക്ഷിപ്പാൻ കൊടുക്കുന്ന പോലെ പാചകനായ അഗ്നിയും സമീചീനാഹാരം കൊടുക്കുന്നു. അഗ്നി ജലം പോലെ സുഖകാരിയാകുന്നു യുദ്ധത്തിൽ ത്വരിതഗാമിയായ കുതിര, കുതിരക്കാരന്റെ പ്രേരണകൊണ്ട് ശത്രുവിന്റെ അടുക്കൽ വേഗത്തിലെത്തുന്ന പോലെ, സ്തോതാക്കളാൽ പ്രീണിതനായ അഗ്നി അവരുടെ ശത്രുക്കളെ അടക്കാൻ വേഗമെത്തുന്നു. കൂടാതെ താഴ്ന്ന പ്രദേശത്തെയ്ക്കൊഴുകുന്ന വെള്ളം പോലെ എരിയ്ക്കപ്പെടേണ്ടും വസ്തുവിന്ന് നേരെ വരുന്ന അഗ്നിയും തടുക്കപ്പെടാൻ വയ്യാത്തവനാകുന്നു ഇപ്രകാരമെല്ലാമാകയാൽ ഈ അഗ്നിയെ ആർ തടുക്കും? ആരും തടുക്കാൻ കഴികയില്ല.

7 ജാമിസ്സിന്ധൂനാം ഭ്രാതേവസ്വസ്രാ

മിഭ്യാന്നരാജാവനാന്യത്തി

8 യദ്വാതജൂതോവനാവ്യസ്ഥാ

ദഗ്നിർഹദാതി രോമാപൃഥിവ്യാഃ

അന്വയം:—

(അഗ്നിഃ) സിന്ധൂനാം	— സ്യന്ദനശീലാനാമപാം
സ്വസ്രാം ഭ്രാതാ—ഇവ	
ജാമിഃ	— സ്വസൄണാം ഭ്രാതേവ ബന്ധുഃ ('അഗ്നേരാപഃ' ഇതിതാസാ മുല്പാദകത്വാൽ)
(അഗ്നിഃ) വനാനി	— മഹാന്ത്യരണ്യാനി
രാജാ ഇഭ്യാൻ ന അത്തി	— രാജാ ധനമപഹരൻ ധനിന ഇവ ഭക്ഷയതി, ദഹതി
(അഗ്നിഃ) യൽ വാത—	
ജൂതഃ	— യദാവാതേന പ്രേരിതസ്സൻ
വനാ വി അസ്ഥാൽ	— അരണ്യാനി വിവിധമാ തിഷ്ഠതി, ദഗ്ധും പ്രവർത്തതേ
(തദാനീം) അഗ്നിഃ ഹ	— അഗ്നിരേവ
പൃഥിവ്യാഃ രോമ	— ഭൂമേഃ സംബന്ധീനി ഔഷധി രൂപാണി രോമാണി
ദാതി	— ഛിനത്തി

അർത്ഥം—അഗ്നി, സ്യന്ദനശീലങ്ങളായ ജലങ്ങൾക്ക്, സഹോദരികൾക്ക് സഹോദരനെന്നപോലെ ബന്ധുവാകുന്നു. (അഗ്നിയിൽനിന്ന് വെള്ളമുണ്ടായി എന്ന ശ്രുതിവചനത്താൽ ബന്ധുത്വം സമുചിതം) അഗ്നി വൻകാടുകളെ, രാജാവ് ധനമപഹരിച്ച് ധനവാന്മാരെ ഹനിക്കുന്നപോലെ, ഭക്ഷിയ്ക്കുന്നു, ദഹിപ്പിക്കുന്നു. എപ്പോൾ അഗ്നി, വായുവിനാൽ ഇളക്കപ്പെട്ട് കാടുകളെ എരിയ്ക്കാൻ മുതിരുന്നുവോ, അപ്പോൾ അഗ്നി തന്നെ ഭൂമിയുടെ രോമങ്ങളായ സസ്യൌഷധാദികളെ അരിഞ്ഞുകളയുന്നു.

9 ശ്വസിത്യപ്സുഹംസോ നസീദൻ
ക്രത്വാചേതിഷ്ഠോ വിശാമുഷർഭുൽ
10 സോമോനവേധാ ഋതപ്രജാതഃ
പശുർന ശിശ്വാവിഭുർദൂരേഭാഃ (വ. 9)

അന്വയം:—

ക്രത്വാ — ക്രതുനാ, ജ്ഞാനഹേതുനാ, ആത്മീയേന—പ്രകാശേന

വിശാം ചേതിഷ്ഠഃ — പ്രജാനാം അതിശയേന ചേതയിതാ (രാത്രൌ അന്ധകാരാവൃതം സർവ്വം അഗ്നേഃ പ്രകാശാജ്ജനാ ജാനന്തി)

ഉഷഃ—ഭുത് — ഉഷഃകാലെ അഗ്നിഹോത്രാദൌ പ്രബുദ്ധഃ

സോമഃ ന വേധാഃ — സോമ ഇവ വിധാതാ, സ്രഷ്ടാ (സോമഃ സകലം ഓഷധിരൂപം ഭോഗ്യജാതം സൃജതി)

ഋത—പ്രജാതഃ — ഋതാൽ, ഉദകാൽ പ്രാദുർഭൂതഃ

പശുഃ ശിശ്വാ ന — ശിശ്വാ, ശിശുനാ, ഗർഭസ്ഥേന വത്സേന സഹിതാ ഗൌരിവ

വി—ഭുഃ — പ്രഭൂതാവയവഃ

ദൂരേ—ഭാഃ — ദൂരേ, വിപ്രകൃഷ്ടദേശേപി ഭാഃ പ്രകാശോയസ്യസഃ

(അഗ്നിഃ ദേവേഭ്യഃ പലായിതാസൻ)

അപ്—സു — ഉദകേഷു

ഹംസഃ ന സീദൻ — ഉദകമദ്ധ്യേ ഉപവിശൻ ഹംസ ഇവ സ്ഥിതഃ

ശ്വസിതി — പ്രാണിതി, നിഗൂഢേ വർത്തതേ

അർത്ഥം—ജ്ഞാനഹേതുവായ ആത്മപ്രകാശത്തോടുകൂടിയവനും, ഇരുട്ടുള്ള രാത്രിയിൽ സ്വപ്രകാശംകൊണ്ട് ജനങ്ങൾക്ക് ഇന്നതിന്നതെന്നറിയിക്കുന്നവനും, പ്രഭാതത്തിൽ അഗ്നിഹോത്രാദി ഹോമകർമ്മങ്ങളിൽ ഉണരുന്നവനും, സസ്യൌഷധിരൂപങ്ങളായ ഭോഗ്യവസ്തുക്കളെ സൃഷ്ടിക്കുന്ന സോമനെന്നപോലെ വിധാതാവും, വെള്ളത്തിൽനിന്ന് ഉണ്ടായി വന്നവനും, ഗർഭസ്ഥമായ കുട്ടിയോടുകൂടിയ പശുപോലെ എല്ലാ അവയവങ്ങളോടും കൂടിയവനും, അകലത്തുകൂടി പ്രകാശമെത്തിക്കുന്നവനും ആയ അഗ്നി, ദേവന്മാരിൽനിന്നും ഒളിച്ചോടി വെള്ളത്തിന്റെ നടുവിൽ അരയന്നംപോലെ നിഗൂഢമായി ശ്വസിക്കുന്നു, വർത്തിക്കുന്നു

വർഗ്ഗം 10

1 രയിന്നചിത്രാസൂരോ ന സംദൃ

ഗായുന്നപ്രാണോ നിത്യോനസൂനുഃ

2 തക്വാനഭൂർണ്ണിർവ്വനാ സിഷക്തി

പയോനധേനശ്ശുചിർവ്വിഭാവാ

അന്വയം –

(അയമഗ്നിഃ) രയിഃ ന	
ചിത്രാ	— ധനമിവ വിചിത്രരൂപഃ
സൂരഃ ന സം–ദൃക്	— സൂര്യഇവ സർവ്വേഷാം വസ്തൂനാം ദർശയിതാ
ആയുഃ ന പ്രാണഃ	— യഥാ പ്രാണവായുഃ ആയുഃ ജീവനമവസ്ഥാപയതി, തഥാ ജാഠരരൂപേണ ആയുഷഃ അവസ്ഥാപയിതാ
നിത്യഃ സൂനുഃ ന	— ധ്രുവഃ പുത്രഃ ഇവപ്രിയകാരീ, യഥാ ഔരസഃപുത്രഃ പിതൃഹിതമേവാചരതി, തദ്വൽ ഹിതസ്യ പ്രാപയിതാ
തക്വാ ന ഭൂർണ്ണിഃ	— ഗതിമാനശ്വഃ ഭർത്താഇവ, യഥാ അശ്വഃ ഉപര്യാരൂഢം പുരുഷം ബിഭർത്തി, ധാരയതി, തദ്വൽ
പയഃ ന ധേനുഃ	— പയ ഇവ പ്രീണയിതാ
ശുചിഃ വിഭാ–വാ	— ദീപഃ വിശിഷ്ടപ്രകാശയുക്തഃ
(സഃ അഗ്നിഃ) വനാ	— വനാനി, അരണ്യാനി
സിസക്തി	— ദഗ്ധും സമവൈതി

അർത്ഥം–ഈ അഗ്നി ധനംപോലെ വിചിത്രരൂപനാകുന്ന സൂര്യൻപോലെ സർവ്വവസ്തുക്കളെയും കാണിക്കുന്നവനാകുന്ന പ്രാണവായു ആയുസ്സിനെ നിലനിറുത്തുന്നപോലെ ഈ അഗ്നി ജാഠരരൂപത്തിൽ ആയുസ്സ വർദ്ധിപ്പിക്കുന്ന ആയുഷ്മാനായ മകൻ അച്ഛന് (ഇഹത്തിലേയും പരത്തിലേയും) ഹിതകാരിയാകു

ന്ന പോലെ ഈ അഗ്നി ഈ ലോകത്തിൽ ഹിതകാരിയായി (ഉപാസകനെ) സ്വർഗ്ഗത്തിലെത്തിക്കുന്നു. ഈ അഗ്നി, വേഗവാനായ അശ്വം പുറത്തുകയറിയ ആളെ ഭരിക്കുന്നപോലെ (ഉപാസകനെ) ഭരിക്കുന്നു. ഈ അഗ്നി പാൽപോലെ, പ്രീതിയെ ഉണ്ടാക്കുന്നു. ദീപ്തനും, ഉൽകൃഷ്ടപ്രകാശനമായ ആ അഗ്നി കാടുകളെ ദഹിപ്പിക്കുവാൻ എത്തുന്നു.

3 ദാധാരക്ഷേമമോകോനരണ്വോ
യവോനപക്വോജേതാജനാനാം
4 ഋഷിർന്നസ്തുഭ്വാവിക്ഷുപ്രശസ്തോ
വാജീനപ്രീതോവയോദധാതി

അന്വയം —

(അയമഗ്നിഃ) ക്ഷേമം	— ലബ്ധസ്യധനസ്യരക്ഷണം
ദാധാര	— (സ്തോതൃഭ്യഃ) ധാരയതി
ഓകഃ ന രണ്വഃ	— ഗൃഹമിവരമണീയഃ
യവഃ ന പക്വഃ	— യഥാപക്വോയവഃ ഉപയോഗ്യഃ ഭവതിതദ്വൽഅഗ്നിരപി. പാകാദി-ഹേതുഭൂതതയാ ഉപയോഗയോഗ്യഃ
ജനാനാം ജേതാ	— ശത്രുജനാനാം അഭിഭവിതാ
ഋഷിഃ ന സ്തുഭ്വാ	— മന്ത്രദ്രഷ്ടാ ഋഷിരിവദേവതാം സ്തോതാ
വിക്ഷു പ്രശസ്തഃ	— യജമാനലക്ഷണേഷു മനുഷ്യേഷു പ്രഖ്യാതഃ
വാജീ ന പ്രീതഃ	— യഥാശ്വോയുദ്ധാഭിമുഖം ഗന്തും ഹർഷയുക്തഃ തദ്വൽദേവാനാം ഹവിർവ്വഹനേഹർഷയുക്തഃ
(സഃ അഗ്നിഃ) വയഃ ദധാതി	— അന്നം ദദാതു

അത്ഥം—ഈ അഗ്നി സ്തോതാക്കാംക്കു്, ഉള്ള മുതലിനെ രക്ഷിച്ചുകൊടുക്കുന്നു. ഈ അഗ്നി ആക്കും സ്വഗൃഹമെന്നപോലെ പ്രിയപ്പെട്ടതാകുന്നു. പാകംവന്ന യവം (ഭക്ഷണധാന്യം) പോലെ, വേവിയ്ക്കുന്ന അഗ്നി ഉപയോഗയോഗ്യനാകുന്നു. അവിടുന്നു് ശത്രുജനങ്ങളെ ജയിക്കുന്നവനാകുന്നു. മന്ത്രദ്രഷ്ടാവായ ഋഷിപോലെ ദേവന്മാരുടെ സ്തോതാവാകുന്നു. യജമാനന്മാരായ മനുഷ്യരുടെ ഇടയിൽ പ്രഖ്യാതനാകുന്നു. യുദ്ധത്തിന്നു നേരെപോകുന്ന കുതിര ഉത്സാഹവാനാകുന്നപോലെ, ദേവന്മാക്കു് ഹവിസ്സുകൊണ്ടുപോകുന്നതിൽ അവിടുന്നു ഹർഷവാനാകുന്നു. ആ അഗ്നി അന്നം തന്നരുളട്ടെ.

5 ദുരോകശോചിഃ ക്രതുന്നനിത്യോ

ജായേവയോനാവരംവിശ്വസ്മൈ

6 ചിത്രോയദഭ്രാട്ഛ്വേതോനവിക്ഷു

രഥോനരുക്മീത്വേഷസ്സമത്സു

അന്വയം:—

(അയമഗ്നിഃ)

ദുരോക-ശോചിഃ	— ദുഷ്പ്രാപതേജാഃ
ക്രതുഃ ന നിത്യഃ	— കർമ്മണാം കർത്താ കർമ്മസുധ്രുവഃ, അപ്രമത്തസ്സൻജാഗർത്തി, തദ്വൽ രക്ഷസാംഹനനേധ്രുവഃ ജാഗർത്തി
യോനൌ ജായാ-ഇവ	— ഗൃഹേവർത്തമാനായോഷിദിവ, അഗ്നിഹോത്രഗൃഹേ വർത്തമാനോഗ്നിഃ
വിശ്വസ്മൈ അരം	— സർവ്വസ്മൈയജ്ഞജനായ അലം, ഭൂഷണം ഭവതി
യൽ ചിത്രഃ (അഗ്നിഃ)	
അഭ്രാട്	— യദാ വിചിത്രദീപ്തിഃ ഭ്രാജതേ
(തദാനീം) ശ്വേതഃ ന	— ശുഭ്രവർണ്ണ ആദിത്യ ഇവ (ഭവതി)
(അഹനി സൂര്യ ഇവ രാത്രാവഗ്നിഃ പ്രകാശകഃ)	
വിക്ഷു രഥഃ ന രുക്മീ	— പ്രജാസു രഥ ഇവ സുവർണ്ണവ ദ്രോചമാനഃ
സമൽ-സു ത്വേഷഃ	— സംഗ്രാമേഷു ദീപ്തഃ

അൎത്ഥം—ഈ അഗ്നി അടക്കാൻ വയ്യാത്ത തേജസ്സോടുകൂടിയവനാകുന്നു. കൎമ്മികൾ പ്രമാദം (തെററ്, വീഴ്ച) പററാതെ സൂക്ഷിക്കുന്ന പോലെ, ഈ അഗ്നി കൎമ്മങ്ങളിൽ രക്ഷസ്സുകളുടെ ബാധയെ (അവരെ ദഹിപ്പിച്ച്) അകററി കാത്തുപോരുന്നു. ഗൃഹത്തിൽ ഭാൎയ്യപോലെ (യജ്ഞഗൃഹത്തിൽ, അഗ്നിഹോത്ര സ്ഥാനത്ത്) യഷ്ടാക്കൾക്കും ഈ അഗ്നി അലങ്കാരമാകുന്നു. വിചിത്രപ്രകാശനായ ഈ അഗ്നി ശോഭിക്കുമ്പോൾ ശുഭ്രവൎണ്ണനായ ആദിത്യന്ന് തുല്യനാകുന്നു. (പകൽ സൂൎയ്യനെന്ന പോലെ രാവിൽ അഗ്നിയാണല്ലൊ സൎവ്വപ്രകാശകൻ). ജനങ്ങളുടെ ഇടയിൽ ഒരു സ്വൎണ്ണത്തേരുപോലെ അവിടുന്നു കാണപ്പെടുന്നു. യുദ്ധങ്ങളിൽ അവിടുന്ന് കത്തിക്കാളുന്നവനാകുന്നു.

7 സേനേവസൃഷ്ടാമം ദധാത്യ
സ്തുൎന്നദിദ്യുത്ത്വേഷപ്രതീകാ

8 യമോഹജാതോയമോ ജനിത്വം
ജാരഃ കനീനാം പതിൎജ്ജനീനാം

അന്വയം:—

സൃഷ്ടാ സേനാ—ഇവ — പ്രേരിതാ സ്വാമിനാ സഹവൎത്തമാനാ ഭടസംഹതിരിവ

(അയമഗ്നിഃ) അമം ദധാതി — ശത്രൂണാം ഭയം വിദധാതി, കരോതി

ത്വേഷ—പ്രതീകാ അസ്തുഃ ന ദിദ്യുൽ — ദീപ്തമുഖാ ക്ഷേപ്തൃ സംബന്ധിനീ ഇഷുരിവ

(സായകോദീപ്യതേ, തദ്വദഗ്നിരപി രാക്ഷസാദീൻ ദീപയതി)

യമഃ — സ്തോതൃഭ്യഃ കാമാൻ യച്ഛതി, ദദാതീതി യമഃ അഗ്നിഃ; അഥവാ ഇന്ദ്രാഗ്നേ്യാഃ യുഗപദുല്പന്നത്വാൽ യമത്വം

ജാതഃ — ഉൽപന്നോ ഭൂതസംഘഃ യൽ

ജനി-ത്വം — ജനയിതവ്യം, ഉല്പസ്യമാനം യൽ ച

യമഃ ഹ — അഗ്നിരേവ

കനീനാം ജാരഃ — കന്യകാനാം ജരയിതാ, വിവാഹസമയേ അഗ്നൌ ലാജാദിദ്രവ്യഹോമേ സതി താസാം കന്യാത്വം നിവത്തതേ, അതഃ ജരയിതാ

(തഥാ) ജനീനാം പതിഃ — ജായാനാം, കൃതവിവാഹാനാം ഭത്താ

അത്ഥം—നായകനാൽ നയിക്കപ്പെടുന്ന ഒരു സേനപോലെ, ഭടസമൂഹംപോലെ ഈ അഗ്നി ശത്രുക്കറംക്കു് ഭയമുണ്ടാക്കുന്നു. എയ്യുന്ന ഒരമ്പുപോലെ ഈ അഗ്നി രാക്ഷസാദികളെ ഭയപ്പെടുത്തുന്നു സ്തോതാക്കറംക്കു് അഭീഷ്ടമരുളുന്ന (അല്ലങ്കിൽ ഇന്ദ്രാഗ്നികരം ഒപ്പം പിറന്നവരാകയാൽ യമനായ) അഗ്നിതന്നെയാണു് ഇന്നുവരെ ഉണ്ടായ സവ്വഭൂതജാതവും, എനി ഉണ്ടാകാൻ പോകുന്ന സകല ഭൂതജാതവും, ഈ അഗ്നി കന്യകകളുടെ (കന്യകാത്വത്തിന്റെ) ജരയിതാവാകുന്നു (വിവാഹസമയത്തു് അഗ്നിയിൽ മലർ മുതലായതു് ഹോമിക്കുമ്പോരം കന്യകകളുടെ കന്യകാത്വം അവസാനിക്കുന്നു, അഗ്നിഅവസാനിപ്പിക്കുന്നു) അതുപോലെ വിവാഹിതകളുടെ, ഭാര്യമാരുടെ ഭത്താവാകുന്നു (വിവാഹശേഷം ഔപാസനാദികളൊ, അഗ്നിഹോത്രാദികളോ ആയ കമ്മങ്ങരംക്കു് അഗ്നിയെ ഗൃഹത്തിൽ സ്ഥാപിക്കുന്നതുകൊണ്ടു്, ആ അഗ്നി ഭാര്യയുടെ പതിയായി, രക്ഷകനായി കല്പിക്കപ്പെട്ടിരിക്കുന്നു.)

9 തംവശ്ചരാഥാവയം വസത്യാ
സ്തന്നഗാവോനക്ഷന്ത ഇദ്ധം

10 സിന്ധുന്ക്ഷോദഃ പ്രനീചീരൈനോ
ന്നവന്തഗാവസ്വ൪ ദൃശീകേ

(വ. 10)

അന്വയം:—

(ഹേ അഗ്നേ), തം വഃ — തം ത്വാം
ചരാഥാ — ചരഥയാ. പശുപ്രഭവഹൃദയാദി സാധനയാ—ആഹുത്യാ
വസത്യാ — സ്ഥാവരേണവ്രീഹ്യാദിനാ ആഹുത്യാ (ച)
വയം ഇദ്ധം — പ്രദീപ്തം (ത്വാം)
അസ്തം ന ഗാവഃ — യഥാ ഗാവഃ അസ്തം, ഗൃഹം വ്യാപ്നുവന്തിതദ്വൽ
നക്ഷന്തേ — വ്യാപ്നുയാമ
(അയമഗ്നിഃ) സിന്ധുഃ
ന ക്ഷോദഃ — സ്യന്ദനശീലമുദകമിവ
നീചീഃ — ഇതസ്തതഃ നിതരാമുൽഗച്ഛന്തീഃ ജ്വാലാഃ
പ്ര ഐനോൽ — പ്രേരയതി
സ്വഃ ദൃശീകേ — നഭസി വത്തമാനേ ദശ്നീയേ (തസ്മിന്നഗ്നൌ)
ഗാവഃ നവന്ത — ഗമനശീലാരശ്മയഃ സംഗച്ഛന്തേ

അൎത്ഥം—അല്ലയോ അഗ്നേ, (യാഗ) പശുവിൻെറ ഹൃദയാദ്യവയവങ്ങളുടെ ആഹുതികൊണ്ടും യവാദിധാന്യങ്ങളാൽ ഉണ്ടാക്കിയ പുരോഡാശാദികളുടെ ആഹുതികൊണ്ടും കത്തിജ്വലിക്കുന്ന അവിടത്തെ, തൊഴുത്താശ്രയുന്ന പശുക്കളെന്നപോലെ ഞങ്ങൾ പ്രാപിക്കുന്നു. ഈ അഗ്നി ഒഴുകുന്ന ജലം പോലെ അങ്ങുമിങ്ങും മേല്പോട്ടുയരുന്ന ജ്വാലകളെ ഇളക്കിവിടുന്നു. ആകാശത്തിൽ ദശ്നീയനായി വത്തിക്കുന്ന അഗ്നിയുടെ ഗമനശീലങ്ങളായ രശ്മികൾ നാലുപാടും വന്നു ചിന്നുന്നു.

വൎഗ്ഗം—11

1 വനേഷുജായുൎമ്മൎത്തേഷുമിത്രോ
വൃണീതേശ്രുഷ്ടിം രാജേവാജൂൎയ്യം

2 ക്ഷേമോനസാധുഃ ക്രതുൎന്നഭദ്രോ
ഭുവത്സ്വാധീഹോതാഹവ്യവാട്

അന്വയം:—

(അയമഗ്നിഃ) വനേഷു

ജായുഃ	— അരണ്യേഷുജായമാനഃ
മർത്തേഷു മിത്രഃ	— മനുഷ്യേഷുസഖാ (ഭവതി)
(സഃ) ശ്രുഷ്ടിം	— ക്ഷിപ്രമേവകർമ്മണാം അനുഷ്ഠാതാരംയജമാനം
രാജാ—ഇവ അജൂര്യം	— ജരാരഹിതം, ദൃഢാംഗം, സർവ്വകാര്യേഷുശക്തം യഥാരാജാ വൃണീതേ തഥാ
വൃണീതേ	— സംഭജതേ
ക്ഷേമഃ ന സാധുഃ	— രക്ഷകഇവസാധയിതാ
ക്രതുഃ ന ഭദ്രഃ	— കർമ്മണാംകർത്താഇവഭജനീയഃ
ഹോതാ ഹവ്യ-വാട്	— ദേവാനാം ആഹ്വാതാ, ഹവ്യവാഹനഃ (ഭവതി)
(ഏവംഭൂതോഗ്നിഃ)	
സു-ആധീഃ	— ശോഭനകർമ്മാ
ഭുവൽ	— ഭവതു

അർത്ഥം—ഈ അഗ്നി കാട്ടുകളിൽ ജനിച്ചവനാകുന്നു. മനുഷ്യർക്ക് ചങ്ങാതിയാകുന്നു കർമ്മങ്ങളുടെ ക്ഷിപ്രനിർവ്വഹണത്തിൽ ജാഗരൂകനായ യജമാനനെ, രാജാവ് കാര്യനിർവ്വഹണത്തിൽ പ്രാപ്തനും ആരോഗ്യവാനുമായ കീഴ്ജീവനക്കാരനെ എന്നപോലെ, വരിക്കുന്നു, സ്വീകരിക്കുന്നു രക്ഷകനെന്നപോലെ കാര്യങ്ങൾ സാധിപ്പിക്കുന്നവനാകുന്നു. കർമ്മാനുഷ്ഠാതാവു പോലെ ഭജനീയനാകുന്നു ദേവന്മാരെ വിളിക്കുന്നവനാകുന്നു. അവർക്ക് ഹവിസ്സുകൊണ്ടുകൊടുക്കുന്നവനാകുന്നു. അപ്രകാരമുള്ള അഗ്നി ശോഭനകർമ്മാവായി ഭവിക്കട്ടെ (അഗ്നികൾ മൂന്നുവിധം ദേവന്മാർക്ക് ഹവ്യവാഹനൻ, പിതൃക്കൾക്ക് കവ്യവാഹനൻ, അസുരന്മാർക്ക് സഹരക്ഷസ്സ്)

3 ഹസ്തേദധാനോ നൃമ്ണാവിശ്വാ

ന്യമേദേവാന്ധാദ്ഗുഹാനിഷീദൻ

4 വിദന്തീമത്രനരോധിയന്ധാ

ഹൃദായത്തഷ്ടാന്മന്ത്രാ്അശംസൻ

അന്വയം:—

വിശ്വാനി നൃമ്ണാ	— സർവ്വാണി ഹവിർല്ലക്ഷണാനി ധനാനി
ഹസ്തേ ദധാനഃ	— സ്വകീയേ ബാഹൌ ധാരയൻ
(അയമഗ്നിഃ) ഗുഹാ നി-സീദൻ	— ഗുഹായാം, അപ്സുമദ്ധ്യേ വർത്തമാനസ്സൻ
ദേവാൻ അമേ ധാത്	— ദേവാൻ ഭയേ അസ്ഥാപയത്
യത് ഹൃദാ	— യദാ ഹൃദയാവസ്ഥിതയാ ബുദ്ധ്യാ
തഷ്ടാൻ	— നിർമ്മിതാൻ, (അഗ്നിസ്തുതിപരാൻ)
മന്ത്രാൻ അശംസൻ	— അസ്തുവൻ, അവോചൻ
അത്ര നരഃ ധിയം-ധാഃ	— അസ്മിൻ കാലേ നേതാരഃ, കർമ്മണാം ധാരയിതാരഃ ദേവാഃ
ഈം വിദന്തി	— ഏതമഗ്നിം ജാനന്തി

അർത്ഥം—എല്ലാ കർമ്മങ്ങളിലും ഹോമിയ്ക്കപ്പെട്ട ഹവിസ്സുകളാകുന്ന ധനം കയ്യിലേന്തി, ഈ അഗ്നി ജലമദ്ധ്യത്തിൽ ഒളിച്ചു വർത്തിച്ച്, ദേവന്മാരെ ഭയത്തിൽ പെടുത്തി. എപ്പോൾ അവർ (ദേവന്മാർ) ഹൃൽഗതമായ ഭക്തിയോടുകൂടി രചിച്ച്, അഗ്നിസ്തുതിപരങ്ങളായ മന്ത്രങ്ങൾകൊണ്ട് സ്തുതിച്ചുവോ, അപ്പോൾ നേതാക്കളും കർമ്മധാരികളുമായ ദേവന്മാർ ഈ അഗ്നിയെ അറിയുന്നു, കണ്ടെത്തുന്നു.

5 അജോനക്ഷാന്ദാധാരപൃഥിവീം
തസ്തംഭദ്യാംമന്ത്രേഭിസ്സത്യൈഃ

6 പ്രിയാപദാനിപശ്വോനിപാഹി
വിശ്വായുരഗ്നേഗുഹാഗുഹംഗാഃ

അന്വയം:—

(അയമഗ്നിഃ) അജഃ ന	— ജന്മരഹിതഃ സർവ്വേശ്വര ഇവ
ക്ഷാം പൃഥിവീം (ച) ദാധാര	— ഭൂമിമന്തരിക്ഷം ച പ്രകാശകത്വേന ധാര

ദ്യാം സത്യൈഃ മന്ത്രേഭിഃ — അവിതഥാത്ഥൈർമന്ത്രൈഃ
തസ്തംഭ — സ്തഭ്നാതി, യഥാധോ നപതതി
തഥാകരോതി
ഹേ അഗ്നേ, വിശ്വ—
ആയുഃ — വിശ്വംസർവ്വം ആയുഃ, അന്നംയ
സ്യസഃ (ത്വം)
പശ്വഃ പ്രിയാ പദാനി — പശോഃ പ്രിയാണി, ശോഭന
തൃണോദകോപേതാനി
സ്ഥാനാനി
നി പാഹി — നിതരാംപാലയ, മാ ധാക്ഷീഃ
ഗുഹാ ഗുഹം — ഗുഹായാഃ അപിഗുഹം, സഞ്ചാ
രയോഗ്യസ്ഥാനം
ഗാഃ — ഗച്ഛ

അർത്ഥം—ഈ അഗ്നി അനാദിയായ സർവ്വേശ്വരനെന്നപോലെ ഭൂമിയെയും അന്തരിക്ഷത്തെയും പ്രകാശകത്വത്തോടുകൂടി ധരിയ്ക്കുന്നു. സഫലങ്ങളായ മന്ത്രങ്ങളാൽ ദ്യോവിനെ കീഴ്പോട്ടു വീഴാതെ ഉറപ്പിച്ചു നിർത്തുന്നു. അല്ലയോ അഗ്നേ, ലോകത്തിലുള്ള അന്നത്തിന്നു മുഴുവൻ ഉടമയായ അവിടുന്ന്, പുല്ലും നീരും ചേർന്ന പശുവിന്റെ പ്രിയപ്പെട്ട മേച്ചിൽപുറങ്ങൾ വേണ്ടപോലെ രക്ഷിച്ചാലും, കത്തിയ്ക്കരുതേ. (എന്നാൽ എവിടെയാണ് വസിയ്ക്കേണ്ടതെന്നല്ലേ?) ഗുഹകൾക്കും ഗുഹയെ (നിഗൂഢത്തിലും വെച്ച് നിഗൂഢമായ സ്ഥാനത്തെ) പ്രാപിയ്ക്കുക.

7 യ ഈം ചികേത ഗുഹാഭവന്ത
മായസ്സസാദധാരാമൃതസ്യ

8 വിയേചൃതന്ത്യൃതാ സപന്ത
ആദിദ്വസൂനി പ്രവവാചാസ്മൈ

അന്വയം:—

യഃ ഈം ഗുഹാ ഭവന്തം	— ഏനം ഗുഹായാം സന്തം (അഗ്നിം)
ചികേത	— ജാനാതി
യഃ (ച) ഋതസ്യ ധാരാം	— സത്യസ്യധാരയിതാരം (അഗ്നിം)
ആ സസാദ	— ആസീദതി, ഉപാസ്തേ
യേ (ച) ഋതാ സപന്തഃ (ഏതമഗ്നിം)	— ഋതാനി സത്യാനി സ്പൃശന്തഃ
വി ചൃതന്തി	— അഗ്നിമുദ്ദിശ്യസ്തുതിം കുർവന്തി
ആത് ഇത്	— സ്തുത്യനന്തരമേവ
അസ്മൈ	— സർവ്വസ്മൈ സ്തോതൃജനായ
വസൂനി പ്ര വവാച	— ധനാനി പ്ര കഥയതി

അർത്ഥം—യാതൊരുവൻ ഈ ഗുഹാഗതനായ അഗ്നിയെ അറിയുന്നുവോ, യാതൊരുവൻ സത്യത്തിൻെറ ധാരയെ വിട്ടു് ഈ അഗ്നിയെ ഉപാസിക്കുന്നുവോ, യാവർ സത്യങ്ങളെ വിടാതെ ഈ അഗ്നിയെ സ്തുതിക്കുന്നുവോ, ഉടൻതന്നെ, ആ സ്തോതൃജനങ്ങൾക്കു് അഗ്നി, ധനദാനങ്ങളെ പ്രഖ്യാപിക്കുന്നു.

9 വിയോ വീരുൽസുരോധന്മഹിത്വോ

ത പ്രജാ ഉത പ്രസൂഷ്വന്തഃ

10 ചിത്തിരപാംദമേ വിശ്വായു

സ്സദ്മേവ ധീരാസ്സമ്മായ ചക്രുഃ (വ 11)

അന്വയം:—

യഃ (അഗ്നിഃ) വീരുത്സു	— ഓഷധീഷു
മഹി-ത്വാ	— മഹത്വാനി
വി രോധത്	— വിരുണദ്ധി, നാവശേഷയതി
ഉത പ്ര-ജാഃ	— അപിച പ്രകർഷേണോല്പന്നാഃ, ഫലപുഷ്പാദിലക്ഷണാഃ

പ്ര–സൃഷ്ട ഉത	— ഉൽപാദയിത്രീഷു, മാതൃസ്ഥാനീയാസ്വോഷധീഷുച
അന്തഃ	— മദ്ധ്യേ (വിരുണാദ്ധി)
(തഥാ) ചിത്തിഃ	— ചേതയിതാ
അപാം ദമേ	— ജലാനാം മദ്ധ്യഭൂതേ ഗൃഹേ
വിശ്വ–ആയുഃ	— സർവ്വാന്നഃ
(തമഗ്നിം) ധീരാഃ	
സം–മായ	— സമ്മാനനം, പൂജനം കൃത്വാ
സദ്മ–ഇവ	— യഥാഗൃഹം പ്രഥമതഃ സംപൂജ്യ പശ്ചാത്തത്ര കർമ്മാണ്യാചരതി തഥാ
(സ്തുതിഭിഃ സ്തുത്വാ) ചക്രുഃ	— കർമ്മാണി കുർവ്വന്തി

അർത്ഥം–യാതൊരഗ്നി ചെടികരം വലിപ്പം വെയ്ക്കുന്നതു തടഞ്ഞു നശിപ്പിയ്ക്കുന്നുവോ, കൂടാതെ വളൎന്ന് ഫലപുഷ്പാദികളോടുകൂടിയ മരങ്ങൾക്കും നിശ്ശേഷം നാശം വരുത്തുന്നുവോ, അതുപോലെ എല്ലാം അറിയുന്നവനായി ജലമദ്ധ്യത്തിൽ സർവ്വഹവിസ്സുകളോടുംകൂടി വർത്തിക്കുന്നുവോ ആ അഗ്നിയെ ധീമാന്മാർ സ്വഗൃഹം പോലെ പൂജിച്ച് സ്തുതിച്ച് കർമ്മങ്ങൾ ചെയ്യുന്നു. (ആദ്യം ഗൃഹപൂജ–വാസ്തു ബലികഴിച്ച് പിന്നീടാണല്ലൊ അവിടെ കർമ്മങ്ങൾ ചെയ്യുക പതിവ് അഗ്നിയെ പുരസ്കരിച്ചാണ് എല്ലാ പ്രധാന കർമ്മങ്ങളും)

വർഗ്ഗം 12

1 ശ്രീണന്നുപസ്ഥാദ്ദിവം ഭുരണ്യു
സ്ഥാതുശ്ചരഥമക്തൂന്വ്യൂർണ്ണോൽ

2 പരിയദേഷാമേകോവിശ്വേഷാം
ഭുവദ്ദേവോ ദേവാനാം മഹിത്വാ

അന്വയം –

വിശ്വേഷാം ദേവാനാം	— സർവ്വേഷാം ദേവാനാം മധ്യേ
ദേവഃ ഏകഃ	— ദ്യോതമാനഏകഏവ അയമഗ്നിഃ
ഏഷാം മഹി–ത്വാ	— സ്ഥാവരജംഗമാനാം മഹത്വാനി
യൽ പരി ഭുവൽ	— യസ്മാൽ കാരണാൽ പരിഭവതി, പരിതോ വ്യാപ്യ വർത്തതേ
(തദാനീം) ഭുരണ്യഃ	— ഹവിഷാംഭർത്താ, ധാരയിതാ (പയഃ പ്രഭൃതിനാശ്രയണ ദ്രവ്യേണ സോമം ഇവ തൈഃ ഹവിർഭിഃ)
ശ്രീണൻ	— മിശ്രയൻ
ദിവം ഉപ സ്ഥാൽ	— ഉപതിഷ്ഠതി, പ്രാപ്നോതി
സ്ഥാതുഃ ചരഥം	— സ്ഥാവരം ജംഗമം ഉഭയാത്മകം ജഗൽ
അക്തൂൻ	— സർവ്വാരാത്രീശ്ച
വി ഊർണ്ണോൽ	— സ്വതേജസാവിശേഷേണ ആച്ഛാദയതി

അർത്ഥം-എല്ലാദേവന്മാരുടേയും ഇടയിൽ പ്രകാശമാനനായി ഏകനായ ഈ അഗ്നി സ്ഥാവരജംഗമങ്ങളുടെ മഹത്വത്തെ ഏതുകാരണത്താൽ ചുററും വ്യാപിച്ച് വർത്തിക്കുന്നുവോ, ആ കാരണത്താൽ ഹവിസ്സുകളുടെ പതിയായ അഗ്നി, പാൽ മുതലായ ദ്രവ്യങ്ങൾ കൂട്ടിച്ചേർത്ത സോമംപോലെ ഹവിസ്സുകൾ കൂട്ടിച്ചേർത്ത് ദ്യോവിനെ പ്രാപിക്കുന്നു ചരാചരാത്മകമായ ജഗത്തിനെ എല്ലാരാത്രികളിലും സ്വപ്രകാശത്താൽ മൂടുന്നു, നിറയ്ക്കുന്നു

3 ആദിത്തേ വിശ്വേ ക്രതും ജുഷന്ത
ശുഷ്കാദ്യദ്ദേവജീവോ ജനിഷ്ഠാഃ

4 ഭജന്തവിശ്വേ ദേവത്വന്നാമ
ഋതം സപന്തോ അമൃതമേവൈഃ

അന്വയം:-

ഹേ ദേവ,	— ദ്യോതമാന, (അഗ്നേ)
ജീവഃ	— പ്രജ്വലൻ
ശുഷ്കാൽ	— നീരസാൽ, അരണിരൂപാൽ കാഷ്ഠാൽ
യൽ ജനിഷ്ഠാഃ	— യദാമഥനേനോൽപദ്യസേ
ആൽ ഇൽ	— അനന്തരമേവ
വിശ്വേ	— സർവ്വേയജമാനാഃ
തേ ക്രതും ജുഷന്ത	— തുഭ്യം കർമ്മം സേവന്തേ, അനുതിഷ്ഠന്തി.
(തഥാ അനുഷ്ഠായച)	
വിശ്വേ	— സർവ്വേതേ
നാമ	— നാമകം
ഋതം ദേവ-ത്വം	— അവിതഥം ദേവതാത്വം
അമൃതം	— അമരണം (ത്വാം)
ഏവൈഃ സ്വപന്തഃ	— ഗന്തൃഭിഃ സ്തോത്രൈഃ പ്രാപ്നുവന്തഃ
ഭജന്ത	— ഭജന്തേ, പ്രാപ്നുവന്തി

അർത്ഥം—അല്ലയോ പ്രകാശമാനനായ അഗ്നേ, അവിടുന്നു ജ്വലിക്കുന്നവനായി അരണിരൂപമായ ഉണങ്ങിയ മരക്കഷ്ണത്തിൽ കടയപ്പെട്ട് ഉൽപാദിപ്പിയ്ക്കപ്പെടുന്നു. ഉടനെ എല്ലായജമാനന്മാരും അവിടേയ്ക്കു കർമ്മമനുഷ്ഠിയ്ക്കുന്നു. കർമ്മാനുഷ്ഠാനശേഷം അവരെല്ലാം ശാശ്വതനായ അവിടുത്തെ, ചൊല്ലപ്പെട്ട സ്തോത്രങ്ങളാൽ സമീപിച്ച് പുകഴുന്നതും, യഥാർത്ഥവുമായ ദേവത്വം പ്രാപിക്കുന്നു.

5 ഋതസ്യ പ്രേഷാ ഋതസ്യ ധീതി

വിശ്വായുർവിശ്വേ അപാംസി ചക്രുഃ

6 യസ്തുഭ്യന്ദാശാദ്യോവാതേ ശിക്ഷാ

ത്തസ്മൈ ചികിത്വാന്രയിന്ദയസ്വ

അന്വയം —

ഋതസ്യ — ഗതസ്യ, ദേവയജനം പ്രാപ്തസ്യ (അഗ്നേഃ)

പ്രേഷാഃ — പ്രകർഷേണേഷ്യമാണാസ്തുതയഃ ക്രിയന്തേ

ധീതിഃ — ധീയതേ സോമഃ, പീയതേ അസ്മിൻ ഇതിയാഗഃ (ച)

ഋതസ്യ — ദേവയജനദേശം പ്രാപ്തസ്യ (അഗ്നേഃ ക്രിയതേ)

(അതഃ സോഗ്നിഃ)
വിശ്വ—ആയുഃ — സർവ്വാന്നഃ
(അസ്മൈ) വിശ്വേ — സർവ്വേ, (യജമാനാഃ)
അപാംസി ചക്രുഃ — ദർശപൂർണ്ണമാസാദീനി കർമ്മാണി കുർവ്വന്തി

(ഹേ അഗ്നേ,) തുഭ്യം
യഃ ദാശാൽ — ഹവീംഷിദദാതി
യഃ വാ — അന്യോപിയോയജമാനഃ
തേ ശിക്ഷാൽ — ത്വദീയകർമ്മകർത്തും ഭൂയാസ്മ ഇതീച്ഛതി

തസ്മൈ (യജമാനായ)
ചികിത്വാൻ — ത്വൽകൃതമനുഷ്ഠാനം ജാനൻ
(ത്വം) രയിം ദയസ്വ — ധനം ദേഹി

അർത്ഥം—ദേവയാഗപ്രദേശം പ്രാപിച്ച അഗ്നിയ്ക്ക് നല്ലപോലെ ഉദ്ദിഷ്ടസ്തുതികൾ ചൊല്ലപ്പെടുന്നു സോമപാനയുക്തമായ യാഗവും അവിടേയ്ക്കുവേണ്ടി ചെയ്യപ്പെടുന്നു ആ കാരണത്താൽ അഗ്നി സകല ഹവിസ്സുകളോടും കൂടിയവനാകുന്നു അവിടേയ്ക്ക് എല്ലായജമാനന്മാരും ദർശപൂർണ്ണമാസാദികർമ്മങ്ങൾ ചെയ്യുന്നു (വെളുത്തപക്ഷത്തിൽ ഔപാസനാഗ്നിയിൽ സ്ഥാലീപാകത്തോടുകൂടി തുടങ്ങി രണ്ടുനേരവും അനുഷ്ഠിക്കുന്നേ കർമ്മമാണ് ദർശപൂർണ്ണമാസം അതു് ഗൃഹസ്ഥന്മാരാക്ക് എന്നും വേണ്ടതാകുന്നു) അല്ലയോ അഗ്നേ ആർ ഹവിസ്സർപ്പിക്കുന്നുവോ, വേറെ ആർ അവിടത്തെ ഉദ്ദേശിച്ച് കർമ്മം ചെയ്‌വാൻ ഇടവരേണമെ എന്നിച്ഛിക്കുന്നുവോ, ആ രണ്ടുപേർക്കും അവർ ചെയ്യും ഇച്ഛിച്ചതുമറിഞ്ഞ് അവിടുന്ന് ഐശ്വര്യമരുളിയാലും

7 ഹോതാനിഷത്തോമനോരപത്യേ
സചിന്ന്വാസാംപതീരയീണാം

8 ഇച്ഛന്തരേതോമിഥസ്തനൂഷു
സഞ്ജാനതസ്വൈർദക്ഷൈരമൂരാഃ

അന്വയം —

(ഹേ അഗ്നേ, ത്വം) മനോഃ
അപത്യേ — യജമാനരൂപായാം പ്രജായാം
ഹോതാ നി—സത്തഃ — ദേവാനാമാഹ്വാതാസൻ നിഷണ്ണഃ
സഃ ചിത് നു ആസാം
(പ്രജാനാം) രയീണാം
പതിഃ — സ ഏവത്വം ഗവാദീനാം ധനാനാം സ്വാമീ
(അതഃ താഃ പ്രജാഃ)
തനൂഷു — ആത്മീയേഷുശരീരേഷു
മിഥഃ — സംസൃഷ്ടം, ഏകീകൃതം പുത്രരൂപേണപരിണതം
രേതഃ ഇച്ഛന്ത — വീര്യമൈച്ഛൻ, ത്വദനുഗ്രഹേണ പുത്രമലഭന്ത
(ലബ്ധ പുത്രാഃ പ്രജാഃ)
അമൂരാഃ — അമൂഢാസ്സത്യഃ
സ്വൈഃ ദക്ഷൈഃ — സ്വകീയൈസ്സമർത്ഥൈഃ പുത്രൈസ്സഹ
സം ജാനത — സമ്യഗവഗച്ഛന്തി, ചിരകാലം ജീവന്തി

അർത്ഥം—അല്ലയോ അഗ്നേ, മനുവംശജന്മാരും യജമാനന്മാരുമായ പ്രജകളിൽ അവിടുന്ന് ദേവന്മാരെ വിളിക്കുന്നവനായി ഇരിക്കുന്നു. അവിടുന്നുതന്നെയാണ് അവരുടെ പശുമുതലായ ധനങ്ങളുടെ നാഥനും അതിനാൽ അവർക്ക് (അവിടുത്തെ അനുഗ്രഹം ലഭിച്ചുവരുന്നതാൽ) സ്ത്രീപുരുഷ സംഗമത്തിൽ രേതസ്സ്

(വീര്യം) പുത്രരൂപമായി പരിണമിയ്ക്കുവാൻ അവിടന്നിച്ഛിച്ചു. അപ്രകാരം പുത്രന്മാരെ ലഭിച്ച ആ പ്രജകൾ സമർത്ഥരായ അവരോടുകൂടി വേണ്ടുംവണ്ണം ജീവിക്കുന്നു.

9 പിതുർന്നപുത്രാഃ ക്രതുംജുഷന്ത

ശ്രോഷൻയേഅസ്യശാസംതുരാസഃ

10 വിരായഔർണ്ണോദ്ദുരഃ പുരുക്ഷുഃ

പിപേശനാകംസ്തൃഭിർദ്ദമൂനാഃ വ 12

അന്വയം:—

അസ്യ(അഗ്നേഃ) ശാസം — ശാസനം
തുരാസഃ — ത്വരമാണാസ്സന്തഃ
യേ (യജമാനാഃ)
ശ്രോഷൻ — ശൃണ്വന്തി
(തേസർവ്വേ) പിതുഃ ന
പുത്രാഃ — യഥാപുത്രാഃ പിതുരാജ്ഞാം കുർവ്വന്തിതഥാ
(തേന അനുഷ്ഠിതം) ക്രതും
ജുഷന്ത — കർമ്മസേവന്തേ
പുരു–ക്ഷുഃ — ബഹ്വന്നഃ (അഗ്നിഃ)
(ഏഷാം യജമാനാനാം)
ദുരഃ — ദ്വാരാണി, യജ്ഞസ്യ ദ്വാരഭൂതാനി
രായഃ വി ഔർണ്ണോത് — വിവൃണോതി, പ്രകാശയതി, ദദാതി
(അപി ച) ദമൂനാഃ — ദമേ, യജ്ഞഗൃഹേ മനോയസ്യ സഃ
നാകം — ദുഃഖാരഹിതം ദ്യുലോകം
സ്തൃ–ഭിഃ പിപേശ — നക്ഷത്രൈഃ അവയവീചകാര, നക്ഷത്രൈര്യുക്തമകരോത്

അത്ഥം—ഈ അഗ്നിയുടെ ആജ്ഞയെ ക്ഷിപ്രകാരികളായി ഏതുയജമാനന്മാർ കേരംക്കുന്നുവോ, അവരെല്ലാം പിതാവിൻെറ ശാസനമനുസരിക്കുന്ന പുത്രന്മാർപോലെ അഗ്നിയോടുകൂടി അനുഷ്ഠിക്കപ്പെട്ട കമ്മത്തെ പ്രാപിക്കുന്നു. സമസ്തഹവിസ്സോടുകൂടിയ അഗ്നി ആ യജമാനന്മാക്ക് യാഗത്തിൻെറ വാതിലായ (യാഗനിഷ്പ്പഹണത്തിന്ന് പ്രഥമാവശ്യകമായ) ധനത്തെ പ്രദാനം ചെയ്യുന്നു. കൂടാതെ, യജ്ഞഗൃഹതല്പരനായ അവിടുന്ന് ദുഃഖരഹിതമായ സ്വഗ്ഗത്തെ നക്ഷത്രപൂണ്ണമാക്കിച്ചെയ്തു. (യാഗകമ്മേച്ഛുക്കരംക്ക് അവരുടെ പ്രദീപ്തമായ പ്രാപ്യസ്ഥാനം കാണിച്ചുകൊടുക്കുന്നപോലെ.)

വഗ്ഗം 13

1 ശുക്രശ്ശുശുക്വാ് ഉഷോ ന ജാരഃ
പപ്രാസമീചീദിവോന ജ്യോതിഃ

2 പരിപ്രജാതഃ ക്രത്വാ ബഭൂഥ
ഭുവോ ദേവാനാം പിതാ പുത്രസ്സൻ

അന്വയം:—

ശുക്രഃ	— ശുഭ്രവണ്ണഃ (അയമഗ്നിഃ)
ഉഷഃ ന ജാരഃ	— ഉഷസഃ ജരയിതാ സൂര്യ ഇവ
ശുശുക്വാൻ	— ശോചയിതാ, സവ്വസ്യ പ്രകാശയിതാ (ഭവതി)
(തഥാ) സം—ഈചീ	— സംഗതേ (ദ്യാവാപൃഥിവ്യൌ)
ദിവഃ ന ജ്യോതിഃ	— ദ്യോതമാനസ്യ സൂര്യസ്യ ജ്യോതിരിവ
പപ്രാ	— സ്വതേജസാ പൂരയിതാ (ഭവതി)
(ഹേ അഗ്നേ, ത്വമസ്മാകം) പ്ര—ജാതഃ	— പ്രാദുർഭൂതസ്സൻ
ക്രത്വാ	— ജ്ഞാനഹേതുനാ പ്രകാശേന (സവ്വം ജഗത്)
പരി ബഭൂഥ	— പരിതോ വ്യാപ്തോഷി

ദേവാനാം — ഋത്വിജാം (വിഭക്തിവ്യത്യയഃ ദേവാഃ ഋത്വിജഃ)

പുത്രഃ സൻ — പുന്നാമാൽ നരകാൽ ത്രായകസ്സൻ

പിതാ ഭുവഃ — പാലയിതാ ഭവസി

അർത്ഥം—ശുഭ്രവർണ്ണനായ ഈ അഗ്നി, ഉഷസ്സിനെ ജരിപ്പിക്കുന്ന (പതുക്കെ നശിപ്പിക്കുന്ന) സൂര്യനെന്നപോലെ എല്ലാററിനെയും പ്രകാശിപ്പിക്കുന്നവനാകുന്നു അതുപോലെ കൂടിനില്ക്കുന്ന ദ്യാവാപൃഥിവികളെ, ഭാസമാനനായ സൂര്യന്റെ തേജസ്സുപോലെ സ്വപ്രകാശത്താൽ പൂരിപ്പിക്കുന്നവനാകുന്നു അല്ലയോ അഗ്നേ, ആ കാരണംകൊണ്ട് ജ്ഞാനഹേതുവായ പ്രകാശത്താൽ അവിടന്ന് ജഗത്തുമുഴുവൻ വ്യാപിക്കുന്നു ഋത്വിക്കുകൾക്ക്, പുന്നാമമായ നരകത്തിൽ നിന്ന് രക്ഷിക്കുന്ന പുത്രനായി, അവിടുന്ന് അവരുടെ പിതാ (പാലയിതാ) വായി ഭവിക്കുന്നു

3 വേധാ അദൃപ്തോ അഗ്നിർവിജാന

ന്നൂധർന്ന ഗോനാം സ്വാദ്മാപിതൂനാം

4 ജനേനശേവ ആഹൂര്യസ്സൻ

മധ്യേനിഷത്തോ രണ്വോദുരോണേ

അന്വയം —

വേധാഃ — വിധാതാ, സർവ്വസ്യകർത്താ

അദൃപ്തഃ — ദർപ്പരഹിതഃ

വിജാനൻ — കർത്തവ്യാകർത്തവ്യ വിഭാഗം ജാനൻ

അഗ്നിഃ ഗോനാം

ഊധഃ ന — പയസ ആശ്രയഭൂതം സ്ഥാനമിവ

പിതൂനാം സ്വാദ്മ — അന്നാനാം സ്വാദയിതാ, രസയിതാ (ഭവതി)

(യഥാ ഗോദ്രുധഃ പയഃ പ്രദാനേന സർവ്വാണ്യന്നാനി സ്വാദൂനി കരോതി, തദ്വൽ അഗ്നിപാകേന സ്വാദൂനി കരോതി)
(അപി ച ഏവം
ഭൂതോഗ്നിഃ) ജനേ ന
ശേവഃ — ജനപദേ ലോക സുഖകരഃ പുരുഷ ഇവ
(യജ്ഞേഷു) മദ്ധ്യേ
ആ–ഹ്വര്യഃ സൻ — ആഹ്വാതവ്യസ്സൻ
ദുരോണേ നി–സത്തഃ
രണ്വഃ — യജ്ഞഗൃഹേ നിഷണ്ണഃ രമയിതാ (ഭവതി)

അത്ഥം–എല്ലാററിന്നും കത്താവായി, ദംഭരഹിതനായി കൃത്യാകൃത്യങ്ങളെ വിവേചിച്ചറിയുന്നവനായ അഗ്നി, പൈക്കളുടെ അകിടുപോലെ (അകിട്ടിലുള്ള ക്ഷീരം, ക്ഷീരജങ്ങരം എന്നപോലെ) അന്നങ്ങരംക്കു് സ്വാദു്, രസമുണ്ടാക്കുന്നു. (പൈക്കളുടെ അകിടു് പാൽ നല്കി, ഭക്ഷണസാധനങ്ങളെ സ്വാദുള്ളവയാക്കുന്നതുപോലെ അഗ്നി, വേവിക്കുൽകൊണ്ടു് അവയെ സ്വാദുള്ളവയാക്കുന്നു) അപ്രകാരമുള്ള അഗ്നി നാട്ടിൻ പുറത്തു് സുഖകരനായ, ക്ഷേമവാനായ ഒരാരംപോലെ, യജ്ഞങ്ങളുടെ മദ്ധ്യത്തിൽ വിളിക്കപ്പെടാവുന്നവനായി ഇരുന്നു്, യാജകന്മാരെ സന്തോഷിപ്പിക്കുന്നവനായി ഭവിക്കുന്നു.

5 പുത്രോനജാതോരണ്വോ ദുരോണേ
വാജീനപ്രീതോ വിശോവിതാരീൽ
6 വിശോയ ദഹ്വേ നൃഭിസ്സനീളാ
അഗ്നിർദ്ദേവത്വാ വിശ്വാന്യശ്യാഃ

അന്വയം–
(അയമഗ്നിഃ) പുത്രഃ ന
ജാതഃ — പ്രാദുർഭൂതഃ
ദുരോണേ രണ്വഃ — യജ്ഞഗൃഹേരമയിതാ (ഭവതി,
വാജീ ന പ്രീതഃ — യുദ്ധാശ്വ ഇവ ഹർഷയുക്തസ്സൻ

വിശഃ വി താരീത്	—	ശത്രുഭൂതാഃ പ്രജാഃ വിശേഷേണ തരതി, അതിക്രാമതി
(അപി ച) നൃ-ഭിഃ	—	ഋത്വിഗ്ലക്ഷണൈഃ മനുഷ്യൈഃ (സഹിതഃ അഹം)
സ-നീളാഃ	—	സമാന നിവാസസ്ഥാനാഃ
യത് വിശഃ അഹ്വേ	—	യദാ ദൈവീഃ പ്രജാഃ ആഹ്വയാമി
(തദാനീം) അഗ്നിഃ		
വിശ്വാനി	—	സര്‍വ്വാണി
ദേവ-ത്വാ അശ്യാഃ	—	ദേവത്വാനി അശ്നുതേ, പ്രാപ്നോതി. (സ്വയമേവ തത്തദ്ദേവതാ രൂപോ ഭവതി)

അര്‍ത്ഥം—ഈ അഗ്നി, (ഋത്വിക്കുകളുടെ) പുത്രനായി (മുന്‍ ഋക്കില്‍ പറഞ്ഞപോലെ പുംനാമനരകത്തില്‍ നിന്ന് രക്ഷിക്കുന്നവനായി) ജനിച്ച് യജ്ഞഗൃഹത്തില്‍ എല്ലാവരെയും സുഖിപ്പിക്കുന്നവനാകുന്ന അവിടുന്ന് പോര്‍ക്കുതിരപോലെ ഉത്സാഹയുക്തനായി ശത്രുക്കളായ മനുഷ്യരെ വേണ്ടപോലെ അതിക്രമിക്കുന്നു. ഋത്വിക്കുകളോടൊത്ത ഞാന്‍, ഒരേ സ്ഥാനത്തു വസിക്കുന്ന ദേവപ്രജകളെ എപ്പോഴും വിളിക്കുന്നുവോ, അപ്പോഴും അഗ്നി എല്ലാ ദേവത്വങ്ങളും പ്രാപിക്കുന്നു. അതായത്, വിളിക്കപ്പെടുന്ന അതാതു ദേവന്മാരുടെ രൂപം കൈക്കൊള്ളുന്നു. ('ത്വമഗ്നേ വരുണോ ജായസേയത് ത്വം മിത്രോ ഭവസിയത് സമിദ്ധഃ' എന്ന് ഋഗ്വേദത്തില്‍ തന്നെ അന്യത്ര.)

7 നകിഷ്ട ഏതാവ്രതാമിനന്തി

നൃഭ്യോയദേഭ്യ ശ്രുഷ്ടിംചകര്‍ത്ഥ

8 തത്തുതേ ദംസോയദഹന്‍സമാനൈ

ന്യഭിര്യദ്യുക്തോ വിവേരപാംസി

അന്വയം:—

(ഹേ അഗ്നേ) തേ — തവ സംബന്ധീനി
ഏതാ വ്രതാ — ഏതാനി പരിദൃശ്യമാനാനി കർമ്മാണി
നകിഃ മിനന്തി — രാക്ഷസാദയോബാധകാഃ ന ഹിംസന്തി
യൽ (ത്വം) ഏഭ്യഃ — യസ്മാൽ ത്വം കർമ്മസു വർത്തമാനേഭ്യഃ
നൃ–ഭ്യഃ — യജ്ഞസ്യ നേതൃഭ്യോ - യജമാനേഭ്യഃ
ശ്രുഷ്ടിം ചകർത്ഥ — യജ്ഞഫലരൂപം സുഖം കൃതവാനസി (തവവ്രതാനാം ബാധകാ നസന്തി)
(ഹേ അഗ്നേ) തേ തൽ ഉ ദംസഃ — ത്വദീയം തദേവകർമ്മ
യൽ അഹൻ — യദി (രാക്ഷസാദീഃ) ഹന്തി, നാശയതി.
(ത്ദാനീം) സമാനൈഃ നൃ–ഭിഃ — സപ്തഗണരൂപേണ സദൃശൈഃ നേതൃഭിർമ്മരുത്ഭിഃ
യക്തഃ (ത്വം) രപാംസി — ബാധകാനി രാക്ഷസാദീനി
യൽ വിവേഃ — യസ്മാൽ ഗമയസി, പലായനം പ്രാപയസി
(തസ്മാൽ തവവ്രതാനി ന ഹിംസന്തി)

അർത്ഥം—അല്ലയോ അഗ്നേ, അവിടന്നു് കർമ്മാനുഷ്ഠാതാക്കളായ യജമാനന്മാർക്ക യജ്ഞഫലരൂപമായ സുഖം, ശ്രേയസ്സ് ഉണ്ടാക്കിക്കൊടുക്കുന്നതുകൊണ്ടു്, അവിടത്തെസ്സംബന്ധിച്ച കർമ്മങ്ങളെ രാക്ഷസാദികൾ ബാധിയ്ക്കുന്നില്ല, നശിപ്പിയ്ക്കുന്നില്ല. (കർമ്മഫലമായ മഹത്വംകൊണ്ടു് അവർ സ്വയം അബാധിതരായിത്തീരുന്നു.) അല്ലയോ അഗ്നേ, അവിടത്തെസ്സംബന്ധിച്ച കർമ്മത്തെത്തന്നെ രാക്ഷസാദികൾ ഹനിക്കുന്നു എങ്കിൽ അവിടന്നു് ഏഴു ഗണങ്ങളായി തുല്യ രൂപന്മാരായ നേതാക്കളായ മരുത്തുക്കളോടുകൂടി ആ പാപകാരികളെ ഓടിയ്ക്കുന്നതുകൊണ്ടു്, അവയെ അവർ ബാധിയ്ക്കുന്നില്ല.

9 ഉഷോനജാരോ വിഭാവോസ്രഃ

സ്സംജ്ഞാതരൂപശ്ചികേതദസ്മൈ

10 ത്മനാവഹന്തോ ദുരോവ്യൃണ്വൻ

നവന്തവിശ്വേസ്വ൪ ദൃശീകേ വ 13

അന്വയം —

ഉഷഃ ന ജാരഃ — ഉഷസോ ജരയിതാ സൂര്യ ഇവ
വിഭാ-വാ — വിശിഷ്ടപ്രകാശയുക്തഃ
ഉസ്രഃ — നിവാസയിതാ
സംജ്ഞാത-രൂപഃ — സർവ്വൈഃ പ്രാണിഭിരവഗത സ്വരൂപഃ, ദേവതാന്തരവൽ ത്വപ്രത്യക്ഷോ ന ഭവതി
(അഗ്നിഃ) അസ്മൈ
ചികേതൽ — യജമാനായ ജാനാതു, അഭിമതഫലം ദദാതു
(തഥാ അസ്യ രശ്മയഃ)
ത്മനാ — ആത്മനൈവ, സ്വയമേവ
വഹന്തഃ — ഹവിർവ്വഹനം കുർവ്വന്തഃ
ദുരഃ വി ഋണ്വൻ — യജ്ഞഗൃഹദ്വാരാണി വിശേഷേണ ഗച്ഛന്തി, വ്യാപ്നുവന്തി
(തദനന്തരം) ദൃശീകേ
സ്വഃ — ദശനീയേ നഭസി
വിശ്വേ — സർവ്വേ തേ രശ്മയഃ
നവന്ത — ഗച്ഛന്തി, ദേവാൻ പ്രാപ്നുവന്തി

അർത്ഥം—ഉഷസ്സിനെ ജരിപ്പിക്കുന്ന സൂര്യനെന്നപോലെ അതീവ തേജസ്വിയും എല്ലാവരെയും അതാതിടത്തു് നിവസിപ്പിക്കുന്നവനും, എല്ലാ പ്രാണികൾക്കും, മററു ദേവന്മാരെപ്പോലെയല്ലാതെ, പ്രത്യക്ഷനുമായ അഗ്നി ഈ യജമാനന്നു് അഭീഷ്ടഫലം കൊടുക്കട്ടെ അതുപോലെ അവിടത്തെ രശ്മി

കരം, നാളങ്ങരം സ്വയം ഹവിസ്സു വഹിച്ചുകൊണ്ടു് യജ്ഞഗൃഹങ്ങളുടെ ഉമ്മറങ്ങളിൽ എത്തുന്നു. പിന്നെ 'ദശ്നീയമായ' നഭസ്സിൽ ആ രശ്മികളെല്ലാം ദേവന്മാരെ പ്രാപിക്കുന്നു.

വഗ്ഗം—14

1 വനേമ പൂവ്വീരര്യോമനീഷാ

അഗ്നിസ്സുശോകോ വിശ്വാന്യശ്യാഃ

2 ആദൈവ്യാനി വ്രതാ ചികിത്വാ

നാമാനുഷസ്യ ജനസ്യ ജന്മ.

അന്വയം:—

പൂവ്വീഃ	— പ്രഭൂതാഃ ഇഷഃ, അന്നാനി
വനേമ	— സംഭജേമഹി, അഗ്നിദ്ദാതു
മനീഷാ	— മനീഷയാ, ബുദ്ധ്യാ
അര്യഃ, സു—ശോകഃ	— ഗന്തവ്യഃ, പ്രാപ്തവ്യഃ, ശോഭനദീപ്തിഃ
അഗ്നിഃ	
ദൈവ്യാനി വ്രതാ	— ദേവേഷു ഭവാനി, വ്രതാനി, കമ്മാണി
ആ ചികിത്വാൻ	— ആസമന്താൽ ജാനൻ
(തഥാ) മാനുഷസ്യ	
ജനസ്യ ജന്മ	— മനുഷ്യജാതസ്യ ഉൽപത്തിരൂപം കമ്മചികിത്വാൻ, ആഭിമുഖ്യേന ജാനൻ
വിശ്വാനി	— സവ്വാണി കമ്മാണി
ആ അശ്യാഃ	— ആഭിമുഖ്യേന അശ്നുതേ, വ്യാപ്നോതി

അത്ഥം—ഞങ്ങൾ വളരെ അന്നം നമ്മാം കാംക്ഷിക്കുന്നു, അഗ്നി തന്നരുട്ടെ. ബുദ്ധിയാൽ, ധ്യാനത്താൽ പ്രാപ്യനം ശോഭനപ്രകാശനം ആയ അഗ്നി, ദേവന്മാരുടെ ഇടയിലുള്ള കമ്മങ്ങളെ മുഴുവൻ അറിഞ്ഞുകൊണ്ടു്, മനുഷ്യജനങ്ങളുടെയും ജന്മപ്രവൃ

തിയായ കർമ്മത്തെ നേരിട്ടറിഞ്ഞുകൊണ്ട് സകലത്തെയും നേരിട്ട് വ്യാപിയ്ക്കുന്നു

3 ഗർഭോയോ അപാം ഗർഭോവനാനാം
ഗർഭശ്ചസ്ഥാതാം ഗർഭശ്ചരഥാം

4 അദ്രൗചിദസ്മാ അന്തർദ്ദുരോണേ
വിശാന്നവിശ്വോ അമൃതസ്വാധീഃ

അന്വയം —

യഃ (അഗ്നിഃ) അപാം

ഗർഭഃ	— ഗർഭവദന്തർവ്വർത്തീ, അപാന്നപാൽ സംജ്ഞകഃ
വനാനാം ഗർഭഃ	— ദാവാഗ്നിരൂപേണ അരണ്യാനാം മദ്ധ്യേ വർത്തമാനഃ
(യഃ) ച സ്ഥാതാം ഗർഭഃ	— സ്ഥാവരാണാം, കാഷ്ഠാദീനാം അന്തരവസ്ഥാതാ
ചരഥാം ഗർഭഃ	— മരണവതാം, ജംഗമാനാം ജാഠരരൂപേണ ദേഹമദ്ധ്യേ വർത്തമാനഃ

(ഏവം ഭൂതായ) അസ്മൈ (അഗ്നയേ)

ദുരോണേ	— ദുസ്സര്യഗൃഹേ
അദ്രൗ ചിൽ അന്തഃ	— പർവ്വതേപിമദ്ധ്യേ

(യജമാനാഃ ഹവിഃ പ്രയച്ഛന്തി)

(അയം) അമൃതഃ	— മരണധർമ്മരഹിതഃ
സു–ആധീഃ	— ശോഭനേ ധ്യാനഃ
വിശ്വഃ വിശാം ന	— നിവേശയിതാ, സുഖേനാവസ്ഥാപയിതാ രാജാ പ്രജാനാം യഥാ രക്ഷണ കർമ്മയുക്തോ ഭവതി തദ്വൽ അസ്മാകം ഭവതു

അർത്ഥം.—യാതൊരഗ്നി അപാന്നപാൽ എന്ന പേരോടു കൂടി ജലത്തിനുള്ളിൽ വർത്തിയ്ക്കുന്നുവോ, ദാവാഗ്നി രൂപത്തിൽ അരണ്യമദ്ധ്യത്തിൽ വർത്തിയ്ക്കുന്നുവോ, വൃക്ഷാദിസ്ഥാ

വരങ്ങളുടെ ഉള്ളിൽ വർത്തിക്കുന്നവോ, ചരങ്ങളായ ജീവികളിൽ ജാഠരരൂപത്തിൽ വർത്തിക്കുന്നവോ, ആ അഗ്നിക്കായി ഗൃഹത്തിലും പർവ്വതമദ്ധ്യത്തിലും യജമാനന്മാർ ഹവിസ്സു നല്കുന്നു ശാശ്വതനും, ശോഭനേദ്ധ്യാനനുമായ അവിടുന്ന്, വേണ്ടിടത്തു പാർപ്പിച്ച്, പ്രജകളെ പോററുന്ന രാജാവുപോലെ നമുക്ക് രക്ഷകനായി ഭവിക്കട്ടെ

5 സഹിക്ഷപാവാ അഗ്നീരയീണാം
ദാശദ്യോ അസ്മാ അരംസൂക്തൈഃ

6 ഏതാചികിത്വോ ഭൂമാനിപാഹി
ദേവാനാഞ്ജന്മ മർത്താംശ്ച വിദ്വാൻ

അന്വയം –

സഃ ഹി അഗ്നിഃ
ക്ഷപാ–വാൻ — രാത്രിമാൻ
യഃ (യജമാനഃ) അസ്മൈ (അഗ്നയേ)
സു–ഉക്തൈഃ — സുഷ്ഠൂക്തൈഃ, യഥാ ശാസ്ത്രം പ്രയുക്തൈഃ മന്ത്രൈഃ
അരം — അലം പര്യാപ്തം സ്തോത്രം) കരോതി
(തസ്മൈ) രയീണാം
ദാശൽ — ധനാനി ദാശതി, പ്രയച്ഛതി
ഹേ ചികിത്വഃ, — ചേതനാവൻ, സർവ്വജ്ഞ, അഗ്നേ
(ത്വം) ദേവാനാം
ജന്മ മർത്താൻ ച — ഇന്ദ്രാദീനാം ജന്മ മനുഷ്യാംശ്ച
വിദ്വാൻ — ജാനൻ
ഏതാ ഭൂമ — ഏതാനി ഭൂമ്യുപലക്ഷിതാനി ഭൂതജാതാനി
നി പാഹി — നിതരാം പാലയ

അർത്ഥം—ആ അഗ്നി തന്നെ രാത്രിമാനാകുന്നു-രാത്രിയോടു കൂടിയവൻ, രാത്രിയിൽ തേജോരൂപൻ, രാത്രിയുടെ നാഥൻ. പകലിനെ സൂര്യൻ എന്ന പോലെ രാത്രിയെ ശോഭിക്കുന്നവൻ. അഗ്നിക്കായി ശാസ്ത്രപ്രകാരം വിധിച്ചു മന്ത്രങ്ങളും, അക്ഷരസ്വരയുക്തമായ സ്തോത്രം, ചൊല്ലുന്ന യജമാനന്ന്, അവിടുന്ന് ധനങ്ങളും നല്കുന്നു. അല്ലയോ സർവ്വചേതനകളോടും സർവ്വജ്ഞാനങ്ങളോടും കൂടിയ അഗ്നേ, അവിടുന്ന് ഇന്ദ്രാദിദേവന്മാരുടെ ഉൽപത്തിയെയും മനുഷ്യരെയും പററി അറിഞ്ഞ്, ഇക്കണ്ട ചരാചരങ്ങളെ നല്ലപോലെ രക്ഷിച്ചാലും.

7 വർദ്ധാൻയംപൂർവ്വീഃ ക്ഷപോ വിരൂപാ
സ്ഥാതുശ്ചരഥമൃതപ്രവീതം
8 അരാധിഹോതാ സ്വ൪നിഷത്തഃ
കൃണ്വൻ വിശ്വാന്യപാംസിസത്യാ

അന്വയം:—

പൂർവ്വീഃ	— ബഹ്വ്യഃ ഉഷസഃ
ക്ഷപഃ	— നിശാഃ (ച)
വി—രൂപാഃ	— ശുക്ലകൃഷ്ണതയാ വിവിധരൂപാഃ സത്യഃ
യം (അഗ്നിം) വർദ്ധാൻ	— വർദ്ധയന്തി
(തഥാ) സ്ഥാതുഃ രഥം ച	— സ്ഥാവരം രംഹമാണം, ജംഗമം
ഋത—പ്രവീതം	— യജ്ഞേന പ്രകർഷേണാവേഷ്ടിതം യം അഗ്നിം വർദ്ധയന്തി
(സഃ അഗ്നിഃ) സ്വഃ	— സ്വസ്സരണീയേ ദേവയജനേ
നി—സത്തഃ	— നിഷണ്ണഃ, ഉപവിഷ്ടസ്സൻ
വിശ്വാനി	— സർവ്വാണി
സത്യാ	— സത്സു, യജമാനേഷു ഭവാനി
അപാംസി കൃണ്വൻ	— കർമ്മാണി കുർവ്വൻ
ഹോതാ	— ദേവാനാമാഹ്വാതാ
ആരാധി	— ഋത്വിഗ്ഭിഃ ആരാധി, ആരാധിതഃ

അത്ഥം—എണ്ണമററ ഉഷസ്സുകളും (പകലുകളും) രാത്രികളും വെളുപ്പും കറുപ്പുമററു് വിവിധ രൂപങ്ങളോടുകൂടി യാതൊരഗ്നിയെ പുഷ്ടിപ്പെടുത്തുന്നു, നില്ക്കുന്നതും ഇളകുന്നതുമായ പ്രപഞ്ചം യജ്ഞം കൊണ്ടു ചുററപ്പെട്ടു യാതൊരഗ്നിയെ വളത്തുന്നു, ആ അഗ്നി ശോഭനമായ യാഗഭൂമിയിൽ ഇരുന്നു്, യജമാനന്മാരിൽ ഭവിച്ച എല്ലാ കമ്മങ്ങളും ചെയ്തുകൊണ്ടു്, ദേവന്മാരെ വിളിയ്ക്കുന്നവനായി, സ്തുതികകളാൽ ആരാധിയ്ക്കപ്പെട്ടുവരുന്നു.

9 ഗോഷുപ്രശസ്തിം വനേഷുധിഷേ
ഭരന്തവിശ്വേ ബലിംസ്വണ്ണഃ

10 വിത്വാനരഃ പുരുത്രാസപര്യൻ
പിതുന്നജിവ്രേവ്വി വേദോഭരന്ത

അന്വയം:—

(ഹേ അഗ്നേ, ത്വം)

വനേഷു ഗോഷു	— വനനീയേഷു, സംഭജനീയേഷു അസ്മദീയേഷു പശുഷു
പ്ര-ശസ്തിം ധിഷേ	— പ്രശംസാം ദധിഷേ, സ്ഥാപയസി
വിശ്വേ	— സവ്വേജനാഃ
നഃ സ്വഃ ബലിം	— അസ്മഭ്യം സുഷ്ഠുരണീയം ഉപായനരൂപം ധനം
ഭരന്ത	— ആഹരന്തു
ത്വാ നരഃ	— ത്വാം മനുഷ്യാഃ
പുരു-ത്രാ	— ബഹുഷുദേവയജനദേശേഷു
വി സപര്യൻ	— വിവിധം പൂജയന്തി
(പൂജയിത്വാ ച) ജിവ്രേഃ പിതുഃ ന	— യഥാപുത്രാഃ വൃദ്ധാൽ പിതുസ്സകാശാൽ ധനം ആഹരന്തി തദ്വൽ
വേദഃ വി ഭരന്ത	— ത്വത്തഃ വിശേഷേണ ഹരന്തി, ഗൃഹ്ണന്തി

അർത്ഥം—അല്ലയോ അഗ്നേ, അവിടുന്ന് ഞങ്ങളുടെ ഭജനീയങ്ങളായ പശു മുതലായ ജന്തുക്കളിൽ പ്രശസ്തി (പുഷ്ടി) ഉണ്ടാക്കുന്നു. എല്ലാ ജനങ്ങളും ഞങ്ങൾക്ക് നല്ല ഉപായനരൂപങ്ങളായ (കാഴ്ചകളായ) ധനങ്ങൾ കൊണ്ടുവരട്ടെ. മനുഷ്യർ നാനായാഗഭൂമികളിൽ അവിടുത്തെ വിവിധ രൂപത്തിൽ പൂജിക്കുന്നു. അങ്ങിനെ പൂജിച്ചിട്ട്, വൃദ്ധനായ അച്ഛനിൽനിന്ന് മകനെന്നപോലെ, അവിടുത്തെ കയ്യിൽനിന്ന് ധനം ഗ്രഹിക്കുന്നു.

11 സാധുർന്ന ഗൃധ്നുരസ്തേവ ശൂരോ

യാതേവ ഭീമസ്ത്വേഷസ്സമത്സു

വ. 14

അന്വയം:—

(അയമഗ്നിഃ) സാധുഃ ന

ഗൃധ്നുഃ — യഥാ സാധകഃ സാധ്യഫലമാശു ഗൃഹ്ണാതി തദ്വൽ അഗ്നിഃ സർവ്വംസ്വീകരോതി

അസ്താ—ഇവ ശൂരഃ — യഥാ ഇഷൂണാംക്ഷേപ്താ, ധനുഷ്മാൻ ശത്രൂൻ പ്രേരയതി തദ്വൽ അഗ്നിഃ ദഹൻ സർവ്വംപ്രാണിജാതം പ്രേരയതി

(തഥാ) യാതാ—ഇവ ഭീമഃ — ഹിംസക ഇവ ഭയങ്കരഃ

(അതഃ) സമത്—സു

ത്വേഷഃ — സംഗ്രാമേഷു ദീപ്തസ്സൻ (അസ്മാകം സഹായോ ഭവതു)

അർത്ഥം—ഈ അഗ്നി, ഫലപ്രാപ്തിസമർത്ഥനായ ആൾ സാധ്യഫലങ്ങളെ ഉടനെ നേടുന്നപോലെ, എല്ലാം സ്വീകരിക്കുന്നു. അമ്പെയ്യുന്ന വില്ലാളി ശത്രുക്കളെ അടക്കുന്നപോലെ, ദഹനശീലനായി, എല്ലാററിനെയും അവിടുന്ന് ഇല്ലാതാക്കുന്നു. പിന്നെ അവിടുന്ന്, ഒരു കൊലയാളി പോലെ ഭയങ്കരനാകുന്നു. അതുകൊണ്ട്, തേജസ്സേററ അവിടുന്ന് യുദ്ധങ്ങളിൽ നമുക്ക് സഹായവാനായി ഭവിക്കട്ടെ.

വർഗ്ഗം 15, 16—ത്രിഷ്ടുപ്ഛന്ദഃ

1 ഉപപ്രജിന്വന്നുശതീരുശന്തം
പതിന്നനിത്യഞ്ജനയസ്സനീളാഃ
സ്വസാരശ്ശ്യാവീമരുഷീമജുഷ്ര
ഞ്ചിത്രമുച്ഛന്തീമുഷസന്നഗാവഃ

അന്വയം:—

ഉശതീഃ	— ഉശത്യഃ, കാമയമാനാഃ
സ—നീളാഃ	— സമാനനിവാസസ്ഥാനാഃ (ഏകപാണ്യവസ്ഥാനാൽ)
സ്വസാരഃ	— അംഗുലയഃ
ഉശന്തം	— കാമയമാനമഗ്നിം
ജനയഃ നിത്യം പതിം ന	— ജായാഃ അസാധാരണം ഭർത്താരമിവ
ഉപ പ്ര ജിന്വൻ	— ഉപേത്യ ഹവിഷ്പ്രദാനേന പ്രീണയന്തി
(പ്രീണയിത്വാച)	
ചിത്രം	— ചായനീയം, പൂജനീയം തം
ഗാവഃ	— രശ്മയഃ
ശ്യാവീം	— ശ്യാവവർണ്ണാം, കൃഷ്ണാം, രാത്രീം
(തതഃ) ഉച്ഛന്തീം	— തമോവജയന്തീം
അരുഷീം ഉഷസം ന	— ശുഭ്രരൂപയുക്താം ഉഷോദേവതാഞ്ച ഇവ
(അഞ്ജലിബന്ധേന)	
അജുഷ്രൻ	— അസേവന്ത

അർത്ഥം—കാമവതികളായ, ഏകസ്ഥാനനിവാസികളായ (ഒരേ കയ്പടത്തിൽ ഉള്ള) വിരലുകൾ ഹവിഷ്കാമനായ അഗ്നിയെ, ഭാര്യമാർ വിശിഷ്ട ഭർത്താവിനെ എന്ന പോലെ, അടുത്തുചെന്ന് ഹവിഷ്പ്രദാനം കൊണ്ട് സന്തോഷിപ്പിക്കുന്നു.

അങ്ങിനെ സന്തോഷിപ്പിച്ചിട്ട്, കറുത്ത നിറമററ രാത്രിയെ സൂര്യരശ്മികൾ ഇരുട്ടകററുന്ന ശുഭ്രവർണ്ണയായ ഉഷസ്സാക്കി മാററുന്നപോലെ, കൈക്കൂപ്പി അഗ്നിയെ (ആ വിരലുകൾ) സേവിച്ചുവാഴുന്നു.

2 . വീളുചിദ്ദൃള്ഹാ പിതരോന ഉക്ഥൈ
രദ്രിംരുജന്നങ്ഗിരസോരവേണ
ചക്രുർദ്ദിവോ ബൃഹതോ ഗാതുമസ്മേ
അഹസ്സ്വർവ്വിവിദുഃ കേതുമുസ്രാഃ

അന്വയം:—

നഃ പിതരഃ അംഗിരസഃ	— അസ്മാകം പിതര ഏതൽ സംജ്ഞാ ഋഷയഃ
ഉക്ഥൈഃ	— ശസ്ത്രൈഃ (അഗ്നിം സ്തുത്വാ)
വീളു ചിത് ദൃഹ്ളാ	— ബലവന്തം, ദൃഢാംഗമപി
അദ്രിം	— അത്താരം, പണിനാമാനമസുരം
രവേണ രുജൻ	— സ്തുതിശബ്ദമാത്രേണൈവ അഭഞ്ജൻ
(കിം ച) ബൃഹതഃ ദിവഃ	
ഗാതും	— മഹതഃ ദ്യുലോകസ്യ മാർഗ്ഗം
അസ്മേ ചക്രുഃ	— അസ്മാകം കൃതവന്തഃ (അസുരസ്യ ഹതത്വാൽ)
(മാർഗ്ഗം കൃത്വാ ച) സ്വഃ	— സുഷ്ഠുഅരണീയം, അസുര രാഹിത്യേന സുഖേന
അഹഃ വിവിദുഃ	— ദിവസം ലബ്ധവന്തഃ
(തഥാ) കേതും	— കേതയിതാരം, ജ്ഞാപയിതാരം ആദിത്യം
ഉസ്രാഃ	— പണിനാപഹൃതാഗാവഃ (ച വിവിദുഃ)

അർത്ഥം—നമ്മുടെ പൂർവ്വന്മാരായി, ആംഗിരസ്സുകളെന്നറിയപ്പെടുന്ന ഋഷികൾ ശസ്ത്രമന്ത്രങ്ങളാൽ അഗ്നിയെ സ്തുതിച്ച്, പണി എന്ന പേരായ അസുരനെ, അവൻ ദൃഢാംഗനും ബല

വാനമെങ്കിലും സ്തുതിശബ്ദം കൊണ്ടുതന്നെ കൊന്നു. അതായത്ു്, ആ സ്തുതിയാൽ പ്രീതനായി അഗ്നി അവനെ കൊന്നു. പിന്നെ സ്വർഗ്ഗത്തിലേയ്ക്കു് നമുക്കു് അസുരഹതിയാൽ തടസ്ഥമററവഴി അവർ (ആ പൂർവ്വന്മാർ) ഉണ്ടാക്കിത്തന്നു. അങ്ങിനെ വഴിയുണ്ടാക്കി നമുക്കു് അസുരരാഹിത്യത്താൽ സുദിനം ലഭിച്ചു. പിന്നെ എല്ലാം അറിയിക്കുന്ന ആദിത്യനും അപഹരിക്കപ്പെട്ട പശുക്കളും കാണായി. (ഇരുട്ടിൽ ഒളിപ്പിക്കപ്പെട്ടിരുന്നതുകൊണ്ടു് സൂര്യസന്ദർശനം മോചനത്തെ കുറിയ്ക്കുന്നു)

പണികൾ എന്ന അസുരന്മാർ ഗോക്കളെ അപഹരിക്കുന്നതായും അവയെ വിവിധ ദേവന്മാരുടെ സഹായത്തോടുകൂടി വീണ്ടു കിട്ടുന്നതായും പലേടങ്ങളിലും പ്രസ്താവമുണ്ടു്. ഈ ഗോക്കൾ അധീതങ്ങളായ (പഠിച്ചുകഴിഞ്ഞ) വിജ്ഞാനങ്ങൾ വിസ്മൃതങ്ങളാകുന്നതിനെ അല്ലേ സൂചിപ്പിക്കുന്നതു്? എന്നു് ചിന്തനീയമാണു്. ഏകാഗ്ര ധ്യാനമാകുന്ന ദേവസഹായംകൊണ്ടു് അവ വീണ്ടുകിട്ടുന്നു എന്നും വിചാരിക്കാം.

3 ദധന്നൃതം ധനയന്നസ്യ ധീതി
മാദിദര്യോദിധിഷ്വോഽഽ വിഭൃത്രാഃ.
അതൃഷ്യന്തീരപസോയന്ത്യച്ഛാ
ദേവാഞ്ജന്മപ്രയസാ വർദ്ധയന്തീഃ

അന്വയം:—
(ദേവയജനദേശ പ്രാപ്താഃ മഹർഷയഃ ആംഗിരസഃ)

ഋതം ദധൻ	— ഗാർഹപത്യാദിരൂപേണ അഗ്നിം ധാരയൻ
അസ്യ (അഗ്നേഃ) ധീതിം	— അഗ്നിഹോത്രാദികർമ്മ
ധനയൻ	— ധനമകുർവ്വൻ, യഥാപുരുഷാഃ ധനം സമ്പാദയന്തിതദ്വൽ അഗ്നേഃ കർമ്മ അന്വതിഷ്ഠൻ
ആൽ ഇൽ	— അനന്തരമേവ
അര്യഃ	— അര്യാഃ, ധനസ്യ സ്വാമിന്യഃ

ദിധിഷ്വാഃ	— തേന ധനേന അഗ്നിനാം ധാരണം കൃത്വാ, കൃതാഗ്ന്യാധാനാഃ
വി-ഭൃത്രാഃ	— അഗ്നിഹോത്രാദീനി കർമ്മാണി വിഹരന്ത്യഃ
അതൃഷ്യന്തീഃ	— വിഷയാന്തര് തൃഷ്ണാരഹിതാഃ
(അതഃ ഏവ) അപസഃ	— അപസാ കർമ്മണായുക്താഃ
(ഏവം ഭൂതായജമാനലക്ഷണാഃ പ്രജാഃ)	
പ്രയസാ ദേവാൻ	— ഹവിർല്ലക്ഷണാന്നേന ഇന്ദ്രാദീൻ
ജന്മ	— ജാതാൻ മനുഷ്യാംശ്ച
വർദ്ധയന്തീഃ	— വർദ്ധയന്ത്യസ്സത്യഃ
(ഏതമഗ്നിം)	
അച്ഛ യന്തി	— ആഭിമുഖ്യേന പ്രാപ്നുവന്തി

അർത്ഥം—ദേവയാഗഭൂമിയെ പ്രാപിച്ച മഹർഷിമാരായ അംഗിരസ്സുകൾ ഗാർഹപത്യാദിരൂപത്തോടു കൂടി അഗ്നിയെ സ്വയം ധരിച്ച ആ അഗ്നികായി അഗ്നിഹോത്രം മുതലായ കർമ്മം പ്രപുഷ്ടമായിചെയ്ത ധനം സമ്പാദിയ്ക്കുന്ന താല്പര്യത്തോടുകൂടി ചെയ്ത അതിനുശേഷം ധനപതിത്വമുള്ളവരും അഗ്ന്യാധാനം ചെയ്യുവരും അഗ്നിഹോത്രാദി കർമ്മങ്ങളിൽ തല്പരരും മററു വിഷയങ്ങളിൽ തൃഷ്ണയില്ലാത്തവരും (മനസ്സു ചെല്ലാത്തവരും) അതുകൊണ്ടുതന്നെ കർമ്മികളുമായ യജമാനപദവിയോടു കൂടിയ പ്രജകൾ, ഹവിരന്നത്താൽ ഇന്ദ്രാദി ദേവന്മാരെയും ജന്മം പൂണ്ട മനുഷ്യരെയും വർദ്ധിപ്പിച്ചുകൊണ്ടു് ഈ അഗ്നിയെ നേരിൽ പ്രാപിയ്ക്കുന്നു

4 മഥീദ്യദീംവിഭൃതോമാതരിശ്വാ

ഗൃഹേഗൃഹേശ്യേതോജേന്യോഭൂൽ

ആദീംരാജ്ഞേനസഹീയസേസച്ചാ

സന്നാദൂത്യംഭൃഗവാണോവിവായ

അന്വയം:–

മാതരിശ്വാ	— വ്യാനവൃത്തിരൂപേണാവസ്ഥിതഃ, മുഖ്യപ്രാണഃ
ഈം യൽ മഥീൽ	— ഏനമഗ്നിം യദാ അമഥ്നാൽ
(തദാ സഃ) വി–ഭൃതഃ	— പ്രാണാദിരൂപേണവിഭജ്യ സ്ഥിതഃ
ശ്വേതഃ	— ശുഭ്രവർണ്ണഃ (ഭൂത്വാ)
ഗൃഹേ–ഗൃഹേ	— സർവ്വസ്മിൻ യജ്ഞഗൃഹേ
(യദാ) ജേന്യഃ ഭൂൽ	— പ്രാദുർഭൂതഃ
ആൽ ഈം	— അനന്തരം ഏനം അഗ്നിം
ഭൃഗവാണഃ	— ഋഷിഃ ഭൃഗുരിവ ആചരൻ യജമാനഃ
സഖാ സൻ	— സഖാ ഭവൻ അന്യോരാജാ
സഹീയസേ രാജ്ഞേ ന	— യഥാപ്രബലായ രാജ്ഞേ സ്വപുരുഷം ദൂതകർമ്മ പ്രാപയതി തദ്വൽ
ദൂത്യം ആ വിവായ	— ദൂതകർമ്മ ശാസ്ത്രമര്യാദയാ പ്രാപയാമാസ

അർത്ഥം–പഞ്ചപ്രാണ വായുക്കളിൽ മധ്യമനായി സ്ഥിതി ചെയ്യുന്ന വ്യാനൻ എന്ന മുഖ്യപ്രാണൻ ഈ അഗ്നിയെ എപ്പോഠം മഥിച്ചുവോ അപ്പോഠം പ്രാണാദി രൂപങ്ങളായി വിഭജിക്കപ്പെട്ടു. അങ്ങിനെ മഥനത്തിൽ നിന്നുണ്ടായ അഗ്നി ശുഭ്രവർണ്ണനായിത്തീന്നു് എല്ലാ യജ്ഞഗൃഹങ്ങളിലും ഉളവായപ്പോഠം ഭൃഗുവെന്നപോലെ കർമ്മാചരണം ചെയ്യുന്ന ഒരു യജമാനൻ, ഒരു രാജാവു് തന്നേക്കാഠം പ്രബലതരനായ രാജാവിങൽ ദൂതകർമ്മത്തിന്നു് സ്വന്തം ആളെ അയക്കുന്നപോലെ, അഗ്നിയെ ശാസ്ത്രമര്യാദപ്രകാരം ദൂതകർമ്മത്തിൽ ഏർപ്പെടുത്തി.

5 മഹേയൽപിത്ര ഈം രസംദിവേക
രവ്വഥ്സരൽപൃശന്യശ്ചികിത്വാൻ
സൃജദസ്താധൃഷതാദിദ്യുമസ്മൈ
സ്വായാന്ദേവോദുഹിതരിത്വിഷിന്ധാൽ വ. 15

അന്വയം —

മഹേ പിത്രേ ദിവേ — മഹതേ പാലയിത്രേ ദ്യോതമാനായ ദേവഗണായ
ഈം രസം — പൃഥിവ്യാസ്സാരഭൂതം ഹവിഃ
യത് കഃ — യദാ (യജമാനഃ) കരോതി
(തദാനീം) പൃശന്യഃ — സ്പർശനകുശലഃ രാക്ഷസാദിഃ
ചികിത്വാൻ — ഹവിംഷിവഹന്തം ത്വാം ജാനൻ
അവ ത്സരത് — ത്വദ്ഭയാത് പലായതേ
അസ്താ — ഇഷുക്ഷേപ്താ (അഗ്നിഃ)
ധൃഷതാ — ധർഷകേണ (ധനുഷാ)
അസ്മൈ — പലായമാനായ രാക്ഷസാദയേ
ദിദ്യും സൃജത് — ദീപ്യമാനം (ബാണം) വിസൃജതി
ദേവഃ — ദീപ്യമാനഃ
സ്വായാം ദുഹിതരി — സ്വകീയായാം ദുഹിതൃവത് സമനന്തരഭാവിന്യാം ഉഷസി
ത്വിഷിം ധാത് — സ്വകീയാം ദീപ്തിം സ്ഥാപയതി
(ഉഷഃകാലേ സൂര്യകിരണൈഃ സ്വകീയം പ്രകാശമേകീകരോതി)

അർത്ഥം—മഹത്തായി ലോകംമുഴുവൻ പാലിച്ചുപ്രകാശിക്കുന്ന ദേവസമൂഹത്തിനായി ഭൂമിയുടെ സാരഭൂതമായ ഹവിസ്സ് എപ്പോഴാണ് യജമാനൻ അർപ്പിക്കുന്നത് അപ്പോൾ, തൊടുവാൻവരുന്ന രാക്ഷസാദികൾ, ഹവിസ്സുകൊണ്ടുപോകുന്നതവി [illegible] ഉഷഃകാലം പ്രാപിക്കുമ്പോൾ സ്വന്തം പ്രകാശത്തെ സ്വന്തം മകളിലെന്നപോലെ ഉദ്ഭവിച്ചുവരുന്ന ഉഷസ്സിൽ പകരുന്ന സ്വന്തം തേജസ്സിനെ സൂര്യകിരണങ്ങളോടുചേർക്കുന്ന

6 സ്വ ആ യസ്തുഭ്യം ദമ ആ വിഭാതി
നമോ വാ ദാശാദുശതോ അനുദ്യൂൻ
വർദ്ധോ അഗ്നേ വയോ അസ്യ ദ്വിബർഹാ
യാസദ്രായാ സരഥം യം ജുനാസി

അന്വയം:—

ഹേ അഗ്നേ, തുഭ്യം	— ത്വാം
സ്വേ ദമേ	— സ്വകീയേ യജ്ഞഗൃഹേ
യഃ (യജമാനഃ) ആ	
വി–ഭാതി	— ആസമന്താൽ സമിദാദിഭിഃ പ്രജ്വലയതി
അനു ദ്യൂൻ ഉശതഃ	— അനുദിവസം കാമയമാനായ (തുഭ്യം)
നമഃ വാ ദാശാൽ	— ഹവിർല്ലക്ഷണമന്നം വാ ദദ്യാൽ
അസ്യ (യജമാനസ്യ)	
ദ്വി–ബർഹാഃ	— ദ്വയോഃ മധ്യോത്തമ സ്ഥാനയോഃ ബൃംഹിതഃ, വർദ്ധിതഃ ത്വം
വയഃ വർദ്ധോ	— അന്നം വർദ്ധയൈവ
സ–രഥം യം	— രഥേന സഹിതം യം പുരുഷം
ജുനാസി	— യുദ്ധേപ്രേരയസി
(സഃ) രായാ ആ യാസൽ	— ധനേന സംഗച്ഛതേ

അർത്ഥം:—അല്ലയോ അഗ്നേ, സ്വന്തം യജ്ഞഗൃഹത്തിൽ ഏതു യജമാനൻ ചമത മുതലായവകളാൽ അവിടത്തെ തികച്ചും പ്രോജ്ജ്വലിപ്പിക്കുന്നുവോ, അല്ലെങ്കിൽ ദിവസംപ്രതി ഹവിഷ്കാമനായ അവിടേയ്ക്കു് ഹവിസ്സർപ്പിക്കുന്നുവോ, ആ യജമാനന്നു്, കുണ്ഡത്തിന്റെ മദ്ധ്യോത്തമങ്ങളായ രണ്ടു സ്ഥാനങ്ങളിൽ പടർന്നുപിടിച്ച അവിടുന്നു് അന്നം വർദ്ധിപ്പിക്കുകതന്നെ ചെയ്യാലും. ഏതു തേരാളിയെ അവിടുന്നു് യുദ്ധത്തിന്നയയ്ക്കുന്നുവോ അവൻ ധനത്തോടു ചേരുന്നു. അവന്നു് വിജയവും ധനലാഭവുമുണ്ടാകുന്നു.

7 അഗ്നിം വിശ്വാ അഭി പൃക്ഷസ്സചന്തേ
സമുദ്രന്ന സ്രവതസ്സപ്തയഹ്വീഃ
നജാമിഭിർവ്വിചികിതേ വയോനോ
വിദാദേവേഷു പ്രമതിംചികിത്വാൻ

അന്വയം —

വിശ്വാഃ പൃക്ഷഃ — സർവ്വാണ്യന്നാനി
യഹ്വീഃ സപ്ത സ്രവതഃ
സമുദ്രം ന — മഹത്യഃ സപ്ത ഗംഗാദ്യാനദ്യസ്സമുദ്രമിവ
ആഗ്നിം അഭി സചന്തേ — ആഭിമുഖ്യേന പ്രാപ്നുവന്തി
ജാമി-ഭിഃ — ജ്ഞാതിഭിഃ
നഃ വയഃ ന വി ചികിത്രേ — തേഭ്യോദാതുമന്നം അസ്മാകം പ്രഭൂതം നാസ്തി
(അതഃ ഹേ അഗ്നേ, ത്വം)
ദേവേഷു പ്ര-മതിം — പ്രകൃഷ്ടം സ്തോത്രം
ചികിത്വാൻ — അവഗച്ഛൻ
(ദേവേഷു) വിദാഃ — വേദയ, ജ്ഞാപയ

അർത്ഥം—ചരുപുരോഡാശാദികളായ എല്ലാ അന്നങ്ങളും, മഹതികളായ ഗംഗാദി ഏഴുനദികൾ സമുദ്രത്തെ എന്നപോലെ അവിടത്തെ നേരെ വന്നുചേരുന്നു ചാർച്ചക്കാർക്കു് കൊടുക്കാൻ മതിയായ അന്നം ഞങ്ങളുടെ പക്കൽ ഇല്ല (എങ്കിലും ദേവന്മാർക്കു് കൊടുക്കുന്നു) അതുകൊണ്ടു് അഗ്നേ, ഞങ്ങളുടെ മികച്ച സ്തോത്രം ഉൾക്കൊണ്ടു് അതു ദേവന്മാരെ അറിയിച്ചാലും

8 ആയദിഷേ നൃപതിന്തേജആനട്
ച്ഛുചിരേതോനിഷിക്തന്ദ്യൗരഭീകേ
അഗ്നിശ്ശർദ്ധമനവദ്യം യുവാനം
സ്വാധ്യഞ്ജനയൽ സൂദയച്ച

അന്വയം —

(അഗ്നേഃ) യത് തേജഃ
നൃ-പതിം — നൃണാം ഋത്വിജാം പാലകം, യജമാനം
ശുചിഃ ദ്യൗഃ — ശുഭ്രം ദീപ്തം
ഇഷേ — അന്നായ
ആനട് — ജാരരൂപേണ

ആ — സമന്താൽ വ്യാപ്നോൽ
(തേനതേജസാ
പരിപക്വമന്നം
രസരൂപം) രേതഃ — വീര്യം
അഭീകേ — അഭ്യകേത, അഭിഗതേ, അഭിപ്രാപ്തേ, ഗർഭസ്ഥാനേ
നി–സിക്തം — നിതരാം സിക്തം
അഗ്നിഃ (വക്ഷ്യമാണ ഗുണവിശിഷ്ടഃ പുത്ര രൂപേണ) ജനയൽ — ജനയതു
ശർധം — ബലവന്തം
അനവദ്യം, യുവാനം — അവദ്യരഹിതം, തരുണം
സു–ആധ്യം — ശോഭനപ്രജ്ഞം (പുത്രം)
സൂദയൽ ച — യാഗാദികർമ്മസു പ്രേരയതു ച

അർത്ഥം—അഗ്നിയുടെ ഏതൊരു തേജസ്സ് ശുദ്ധവും ദീപ്തവുമായ അന്നത്തിന്നായി ജാഠരരൂപത്തിൽ യജമാനങ്കൽ നിറച്ചും വ്യാപിയ്ക്കുന്നുവോ, ആ തേജസ്സിനാൽ പാകംവന്ന രസരൂപമായ അന്നം (ഭാര്യയുടെ) ഗർഭസ്ഥാനത്തു് ശുക്ലമായി പതിച്ചു് വിശിഷ്ടനായ പുത്രനായി അഗ്നി ജനിപ്പിയ്ക്കട്ടെ. ബലവാനും ദോഷരഹിതനും ജരബാധിക്കാത്ത യുവാവും പ്രജ്ഞായുക്തനുമായ ആ പുത്രനെ, അഗ്നി, യാഗാദികർമ്മങ്ങളിൽ തല്പരനാക്കട്ടെ.

9 മനോനയോധ്വനസ്സദ്യഏത്യേ
കസ്സത്രാസൂരോവസ്വഈശേ
രാജാനാമിത്രാവരുണാസുപാണീ
ഗോഷുപ്രിയമമൃതം രക്ഷമാണാ

അന്വയം:—
യഃ സൂരഃ ഏകഃ — സൂര്യഃ ഏകാകീ, അസഹായസ്സൻ
അധ്വനഃ — ദിവ്യാന്മാർഗ്ഗാൻ

അന്വയം —

വിശ്വാഃ പൃക്ഷഃ — സർവ്വാണ്യന്നാനി
യഹ്വീഃ സപ്ത സ്രവതഃ
സമുദ്രം ന — മഹത്യഃ സപ്ത ഗംഗാദ്യാനദ്യസ്സമുദ്രമിവ
അഗ്നിം അഭി സചന്തേ — ആഭിമുഖ്യേന പ്രാപ്നുവന്തി
ജാമി-ഭിഃ — ജ്ഞാതിഭിഃ
നഃ വയഃ ന വി ചികിത്രേ — തേഭ്യോദാതുമന്നം അസ്മാകം പ്രഭൂതം നാസ്തി
(അതഃ ഹേ അഗ്നേ, ത്വം)
ദേവേഷു പ്ര-മതിം — പ്രകൃഷ്ടം സ്തോത്രം
ചികിത്വാൻ — അവഗച്ഛൻ
(ദേവേഷു) വിദാഃ — വേദയ, ജ്ഞാപയ

അർത്ഥം—ചരുപുരോഡാശാദികളായ എല്ലാ അന്നങ്ങളും, മഹതികളായ ഗംഗാദി ഏഴുനദികൾ സമുദ്രത്തെ എന്നപോലെ അവിടുത്തെ നേരെ വന്നുചേരുന്നു ചാർച്ചക്കാർക്ക് കൊടുക്കാൻ മതിയായ അന്നം ഞങ്ങളുടെ പക്കൽ ഇല്ല (എങ്കിലും ദേവന്മാർക്ക് കൊടുക്കുന്നു) അതുകൊണ്ട് അഗ്നേ ഞങ്ങളുടെ മികച്ച സ്തോത്രം ഉൾക്കൊണ്ട് അതു ദേവന്മാരെ അറിയിച്ചാലും

8 ആയദിഷേ നൃപതിന്തേജആനട്
ഛുചിരേതോനിഷിക്തന്ദ്യൌരഭീകേ
അഗ്നിശ്ശർധമനവദ്യം യുവാനം
സ്വാധ്യംജനയൽ സൂദയച്ച

അന്വയം —

(അഗ്നേഃ) യൽ തേജഃ
നൃ-പതിം — നൃണാം ഋത്വിജാം പാലകം, യജമാനം
ശുചിഃ ദ്യൗഃ — ശുദ്ധം ദീപ്തം
ഇഷേ — അന്നായ
ആനട് — ജാഠരരൂപേണ

ആ	— സമന്താൽ വ്യാപ്നോൽ
(തേനതേജസാ	
പരിപക്വ മന്നം	
രസത്രൂപം) രേതഃ	— വീര്യം
അഭീകേ	— അഭ്യേക്ഷേത, അഭിഗതേ, അഭിപ്രാപ്തേ, ഗർഭസ്ഥാനേ
നി–സിക്തം	— നിതരാം സിക്തം
അഗ്നിഃ (വക്ഷ്യമാണ	
ഗുണവിശിഷ്ടഃ പുത്ര	
ത്രൂപേണ) ജനയൽ	— ജനയതു
ശുഷ്മം	— ബലവന്തം
അനവദ്യം, യുവാനം	— അവദ്യരഹിതം, തരുണം
സു–ആധ്യം	— ശോഭനപ്രജ്ഞം (പുത്രം)
സ്വദയൽ ച	— യാഗാദികർമ്മസുപ്രേരയതു ച

അർത്ഥം—അഗ്നിയുടെ ഏതൊരു തേജസ്സ് ശുദ്ധവും ദീപ്തവുമായ അന്നത്തിന്നായി ജാരത്രൂപത്തിൽ യജമാനങ്കൽ നിറച്ചും വ്യാപിയ്ക്കുന്നുവോ, ആ തേജസ്സിനാൽ പാകംവന്ന രസത്രൂപമായ അന്നം (ഭാര്യയുടെ) ഗർഭസ്ഥാനത്ത് ശുക്ലമായി പതിച്ച് വിശിഷ്ടനായ പുത്രനായി അഗ്നി ജനിപ്പിയ്ക്കട്ടെ. ബലവാനും ദോഷരഹിതനും ജരബാധിക്കാത്ത യുവാവും പ്രജ്ഞായുക്തനുമായ ആ പുത്രനെ, അഗ്നി, യാഗാദികർമ്മങ്ങളിൽ തല്പരനാക്കട്ടെ.

9 മനോനയോാധ്വനസ്സദ്യഏത്യേ

കസ്സത്രാസൂരോവസ്വജ്ഞഈശേ

രാജാനാമിത്രാവരുണാസുപാണീ

ഗോഷുപ്രിയമമൃതം രക്ഷമാണാ

അന്വയം:—

യഃ സൂരഃ ഏകഃ	— സൂര്യഃ ഏകാകീ, അസഹായസ്സൻ
അധ്വനഃ	— ദിവ്യാന്മാർഗ്ഗാൻ

മനഃ ന സദ്യഃ ഏതി	—	യഥാ മനഃ ശീഘ്രം ഗച്ഛതി തഥാ
വസ്വഃ	—	ധനസ്യ
സത്രാ ഈശേ	—	സഹൈവ, യുഗപദേവ ഈഷ്ടേ
(തഥാ) രാജാനാ,		
സു-പാണീ	—	രാജമാനൌ, ശോഭനബാഹൂ
മിത്രാവരുണാ	—	മിത്രാവരുണൌ
ഗോഷു പ്രിയം അമൃതം	—	പ്രീതികരം അമൃതവത് സ്വാദുഭൂതം പയഃ
രക്ഷമാണാ	—	രക്ഷന്തൌ (വർത്തതേ)

(ഹേ അഗ്നേ, ത്വദ്രൂപേണ ത്വമേവൈവം വർത്തസേ)

അർത്ഥം—യാതൊരു സൂര്യൻ ഒറ്റയ്ക്കു, അസഹായനായി, ആകാശമാർഗ്ഗങ്ങളിൽ മനസ്സ് എന്നപോലെ വേഗതയോടെ ഗമിയ്ക്കുന്നുവോ, ആ സൂര്യൻ ഒരേസമയത്ത് എല്ലാ ധനങ്ങളുടെയും ഈശത്വം വഹിയ്ക്കുന്നു അതുപോലെ പ്രകാശമാനന്മാരും ശോഭനബാഹുക്ക(ദാനം കൊണ്ട പാവനബാഹുക്കൾ)ളുമായ മിത്രവരുണന്മാർ നമ്മുടെ പശുക്കളിൽ പ്രീതികരവും അമൃതംപോലെ മധുരവുമായ പാൽ (ഉണ്ടാക്കി) രക്ഷിച്ചുവരുന്നു അല്ലയോ അഗ്നേ സൂര്യമിത്രവരുണാദി വിവിധരൂപങ്ങളോടെ അവിടുന്നുതന്നെയാണ് വർത്തിയ്ക്കുന്നത്

10 മാനോ അഗ്നേ സഖ്യാപിത്ര്യാണി
പ്രമർഷിഷ്ഠാ അഭിവിദുഷ്കവിസ്സൻ
നഭോന രൂപഞ്ജരിമാമിനാതി
പുരാതസ്യാ അഭിശസ്തേരധീഹി (വ 16)

അന്വയം —

ഹേ അഗ്നേ പിത്ര്യാണി	—	പിതരം വസിഷ്ഠമുപക്രമ്യാഗതാനി
നഃ സഖ്യാ	—	അസ്മാകം സഖിത്വാനി
മാ പ്ര മർഷിഷ്ഠാഃ	—	മാ വിനാശയ
നഭഃ ന രൂപം	—	യഥാ രൂപവന്തഃ സൂര്യരശ്മയഃ അന്തരിക്ഷം ആച്ഛാദയന്തി തഥാ

ജരിമാ മിനാതി	— ജരാ മാം ഹിനസ്തി ഇതിയൽ; തൽ
(ത്വം) കവിഃ സൻ	— ക്രാന്തദർശീസൻ
അഭി വിദ്വഃ	— ആഭിമുഖ്യേന സർവ്വം വിദ്വാൻ
അഭി–ശസ്തേഃ തസ്യാഃ	— ഹിംസാഹേതോഃ ജരായാഃ
പുരാ അധി–ഇഹി	— മാം ബുദ്ധ്യസ്വ, സാ യഥാ ന പ്രാപ്നോതി തഥാ കുരു (അമൃതത്വം പ്രയച്ഛ)

അർത്ഥം–അല്ലയോ അഗ്നേ, പൂർവ്വനായ വസിഷ്ഠനാൽ ആരംഭിച്ച ഞങ്ങളുടെ ചങ്ങാതങ്ങളെ നശിപ്പിക്കരുതേ, സൂര്യരശ്മി അന്തരിക്ഷത്തിൽ നിറയുന്നപോലെ ജര എന്നെ ഹനിക്കുന്നു എന്നതു്, അവിടുന്നു് എല്ലാററിൻെറയും അപ്പുറം കാണുന്നവനായി, നേരിട്ടു മുഴവൻ അറിയുന്നവല്ലോ. നാശഹേതുവായ ആ ജര (വർദ്ധിക്കും മുമ്പ്) അതു് പ്രാപിക്കാത്തവിധം ചെയ്യരുളണം. എനിക്കു് അമരത്വം തന്നരുളണം.

വർഗ്ഗം 17–18

1 നികാവ്യാവേധസശ്ശശ്വതസ്ക
ഹസ്തേദധാനോ നര്യാപുരൂണി
അഗ്നിർഭുവദ്രയിപതീരയീണാം
സത്രാചക്രാണോ അമൃതാനി വിശ്വാ

അന്വയം:–

ശശ്വതഃ വേധസഃ	— ശാശ്വതസ്യ, നിത്യസ്യ വിധാതുഃ, ബ്രഹ്മണഃ സംബന്ധീനി
കാവ്യാ	— കാവ്യാനി, മന്ത്രരൂപാണി സ്തോത്രാണി
നര്യാ	— നൃഭ്യോഹിതാനി
പുരൂണി ഹസ്തേ ദധാനഃ	— ബഹൂനിധനാനി ഹസ്തേ

(അയമഗ്നിഃ) നി കഃ — നിയമേന സ്വാത്മാഭിമുഖം കരോതി

(സഃ) അഗ്നിഃ രയീണാം
രയി–പതിഃ — ധനാനാം മദ്ധ്യേ ഉൽകൃഷ്ടാനാം സ്വാമീ

വിശ്വാ അമൃതാനി — വിശ്വാനി, സർവ്വാണി ഹിരണ്യാനി

(സ്തോതൃഭ്യഃ) സത്രാ
ചക്രാണഃ — സഹൈവകുർവ്വൻ, യുഗപൽ പ്രയച്ഛൻ

ഭുവൽ — ഭവതി

അർത്ഥം–നിത്യനും വിധാതാവുമായ ബ്രഹ്മാവിനെസ്സംബന്ധിച്ച മന്ത്രരൂപങ്ങളായ സ്തോത്രങ്ങളെ മനുഷ്യഹിതങ്ങളായ പല പല ധനങ്ങൾ (ശ്രേയസ്സുകൾ) കയ്യിൽ ധരിച്ചുകൊണ്ട്, നിത്യവും അഗ്നി ആത്മാഭിമുഖീകരിക്കുന്നു അതായത് അഗ്നിയുടെ മഹത്വംകണ്ട് സ്തോതാക്കൾ സ്തുതിമന്ത്രങ്ങൾ അവിടേക്കഭിമുഖമായി ചൊല്ലുന്നു, അവർക്കവിടുന്ന് ഹസ്തഗതമായ ധനനിചയം കൊടുക്കുന്നു ഈ അഗ്നി ധനങ്ങളിൽവെച്ച് ഉൽകൃഷ്ടങ്ങളായ ധനങ്ങളുടെ നാഥനായി എല്ലാ സ്വർണ്ണങ്ങളും സ്തോതാക്കൾക്ക് ഒരേ സമയത്ത് കൊടുക്കുന്നവനായി ഭവിക്കുന്നു (എത്ര കൊടുത്താലും അവിടത്തെ ധനം വർദ്ധിക്കുകയല്ലാതെ കുറയുന്നില്ല)

2 അസ്മേവത്സം പരിഷന്തം നവിന്ദ
ന്നിച്ഛന്തോവിശ്വേ അമൃതാഅമൂരാഃ
ശ്രമയുവഃ പദവ്യോധിയന്ധാ
സ്തസ്ഥുഃ പദേപരമേ ചാർവ്വഗ്നേഃ

അന്വയം:—

അസ്മേ വത്സം — അസ്മാകം വത്സവദത്യന്തം പ്രിയം

പരി സന്തം — സർവ്വത്ര വർത്തമാനം, (ദേവേഭ്യോ നിർഗ്ഗത്യ അശ്വത്ഥവേണ്വാദിഷു വർത്തമാനം അഗ്നിം)

ഇച്ഛന്തഃ വിശ്വേ അമൃതാഃ— സർവ്വേദേവാഃ

അമൂരാഃ — അമൂഢാഃ മരുതഃ (ച)

ന വിന്ദൻ — (അഗ്നിം) ന അലഭന്ത

(അലഭമാനാശ്ചതേ)

ശ്രമ-യുവഃ — ഹവിഷാമ ഭാവാൽ തജ്ജന്യേന ശ്രമേണ, ക്ലേശേന ഏകീഭൂതാഃ

(തസ്യ) അഗ്നേഃ

(അന്വേഷണായ)

പദ—വ്യഃ — പദൈഃ ഗച്ഛന്തഃ

ധിയം—ധാഃ — ധിയാം അഗ്നേഃ ശയനാസന സ്ഥാനാദീനാം കർമ്മണാം ധാരയിതാരഃ

ചാരു — ചാരുണി, ശോഭനേ

(അഗ്നേഃ) പരമേ പദേ — ഉത്തമേപദേ, യത്രാഗ്നിന്നി ലീനോ വർത്തതേ, തത്ര

തസ്ഥുഃ — സ്ഥിതവന്തഃ (ബഹുവിധ, പ്രയാസേന അഗ്നിം ദദൃശുഃ)

അർത്ഥം—നമുക്കു്, മകനെപ്പോലെ പ്രിയനും ദേവന്മാരിൽ നിന്നകന്നു് ആലുകളിലും ഓടകളിലും വസിക്കുന്നവനുമായ അഗ്നിയെ വീണ്ടുകിട്ടാനിച്ഛിച്ച എല്ലാ ദേവന്മാരും മരുത്തുക്കളും അഗ്നിയെ കിട്ടാതെ ഉഴന്നു. അഗ്നിയെ ലഭിക്കാത്ത അവർ, ഹവിസ്സുകിട്ടാതെ ശ്രമപ്പെട്ടു്, ക്ലേശിച്ചു് അഗ്നിയുടെ അന്വേഷണത്തിന്നായി കാൽനടയായി അവിടത്തെ ശയനാസനാദിസ്ഥാനങ്ങളെ ഉള്ളിലോർത്തുകൊണ്ടു്, ശോഭനമായ, പരമമായ അവിടത്തെ സ്ഥാനത്തെത്തി അഗ്നിയെ [illegible] നിരായി

3 തിസ്രോയദഗ്നേ ശരദസ്ത്വാമി

ച്ഛുചിം ഘൃതേന ശുചയസ്സപര്യാൻ

നാമാനി ചിദ്ദധിരേ യജ്ഞിയാന്യ

സൂദയന്തതന്വ / സ്സുജാതാഃ

അന്വയം'—

ശുചയഃ — ശോധയിതാരഃ, മരുതഃ

ഹേ അഗ്നേ, ശുചിം

ത്വാം ഇൽ — ശുദ്ധം ദേവേഭ്യോനിർഗ്ഗതം ത്വാമേവോദ്ദിശ്യ

തിസ്രഃ ശരദഃ — ത്രീൻ സംവത്സരാൻ

ഘൃതേന യൽ സപര്യാൻ — ആജ്യേന യദാപൂജാം കരൃഃ

(തദാനീം ത്വം ആവിരഭൂഃ)

(തദനന്തരം മരുതഃ ത്വയാനുഗ്രഹീതാസ്സന്തഃ)

യജ്ഞിയാനി — യജ്ഞാഹാണി, യജ്ഞേ പ്രയോക്തും യോഗ്യാനി

നാമാനി ചിൽ ദധിരേ — നാമാന്യപി അധാരയൻ

(ഈദൃങ്, അന്യാദൃങ്, ഏതാദൃങ്, പ്രതിദൃങ്, മിതഃ, സംമിതഃ, സഭരാഃ ഏതാനി നാമാനി)

(നാമാനിധാരയിത്വാ ച)

സു–ജാതാഃ — പൂർവ്വംരൂപം പരിത്യജ്യശോഭന മരുത്ത്വം പ്രാപ്താസ്സന്തഃ

തന്വഃ — സ്വകീയാനിശരീരാണി

അസൂദയന്ത — സ്വർഗ്ഗംപ്രാപിതവന്തഃ

അർത്ഥം—ശുദ്ധീകരന്മാരായ മരുത്തുക്കൾ, അല്ലയോ അഗ്നേ, ദേവന്മാരിൽ നിന്ന് അകന്നുപോയ അവിടത്തെ ഉദ്ദേശിച്ച് മൂന്ന കൊല്ലക്കാലം നെയ്യാൽ പൂജിച്ചപ്പോൾ, അവിടുന്ന് വീണ്ടും ആവിർഭൂതനായി അവിടുന്നനുഗ്രഹിച്ച മരുത്തുക്കൾ യജ്ഞത്തിൽ പ്രയോഗയോഗ്യങ്ങളായ ഈദൃങ്, അന്യാദൃങ്, ഏതാദൃങ്, പ്രതിദൃങ്, മിതൻ സമ്മിതൻ, സഭരസ്സ് എന്നീ ഏഴ പേരുകൾ ധരിച്ചു (സമ്പാദിച്ചു) അപ്പോൾ അത്തു സപ്ത കപാലന്മാർ എന്നു വിളിക്കപ്പെട്ട ആ നാമങ്ങൾ ധരിച്ച്

അവർ (മരുത്തുക്കൾ) പൂർവ്വരൂപം ത്യജിച്ച് ദേവത്വം പ്രാപി ച്ച്, സ്വശരീരങ്ങളെ സ്വർഗ്ഗം പ്രാപിപ്പിച്ചു (അഗ്നിയെ നെ യ്യുകൊണ്ടാരാധിച്ചപ്പോൾ അവർ ശരീരാന്തരം കൈക്കൊണ്ടി രുന്നു. അതു് വിട്ട് ദേവശരീരം വീണ്ടും പ്രാപിച്ചു)

4 ആരോദസീബൃഹതീവേവിദാനാഃ

പ്രരുദ്രിയാജഭ്രിരേയജ്ഞിയാസഃ

വിദന്മർത്തോനേമധിതാചികിത്വാ

നഗ്നിംപദേപരമേതസ്ഥിവാംസം

അന്വയം:—

ബൃഹതീ രോദസീ — മഹത്യൌദ്യാവാപൃഥിവ്യൌ
(കുത്രാഗ്നിർവ്വർത്തതേ ഇതി പരസ്പരം)
ആ വേവിദാനാഃ — വദന്തഃ, പൃച്ഛന്തഃ (ദ്യാവാപൃഥി വ്യോർമ്മദ്ധ്യേവർത്തമാനാഃ)
യജ്ഞിയാസഃ — യജ്ഞാർഹാഃ ദേവാഃ
രുദ്രിയാ — രുദ്രസ്യാർഹാണിസ്തോത്രാണി
പ്ര ജഭ്രിരേ — പ്രജഹ്രിരേ, ചക്രുഃ
നേമ—ധിതാ — ഇന്ദ്രേണസഹിതഃ
(നേമശബ്ദഃ അർദ്ധവചനഃ, സർവ്വേഷാം ദേവാനാം ഏകൈകോ ർദ്ധഃ ഇന്ദ്രഃ, അർദ്ധഭാഗേനധീയതേ, ധാര്യതേ ഇതിനേമധിതഃ)
മർത്താഃ — മരുദ്ഗണാഃ
പരമേ പദേ — ഉത്തമേസ്ഥാനേ, അശ്വത്ഥാദൌ
തസ്ഥി-വാംസം അഗ്നിം — സ്ഥിതവന്തമഗ്നിം
ചികിത്വാൻ വിദൻ — ജ്ഞാനൻ അലഭത

അർത്ഥം—അഗ്നിയെവിടെ, എന്ന് അന്യോന്യം ചോദി ക്കുന്ന ദ്യാവാപൃഥിവികളുടെ ഇടയിൽ വസിക്കുന്നവരും യ ജ്ഞാർഹരുമായ ദേവന്മാർ രുദ്രസ്തുതിരൂപമായ സ്തോത്രം ചൊ ല്ലി. (ദേവാസുരയുദ്ധത്തിൽ അഗ്നി, ദേവധനം അപഹരിച്ചു അതുദേവന്മാർ കയ്യുംപിടിച്ചു മടക്കി വാങ്ങി. അപ്പോൾ അഗ്നി രോദനം ചെയ്തു. അക്കാരണത്താൽ രുദ്രാഗ്നിയായി.) എല്ലാ

ദേവന്മാരുടേയും അദ്ധ്യാംശമായ ഇന്ദ്രനോട്ടുകൂടി മരുത്സമൂഹം അന്തിമമായി അഗ്നി വർത്തിച്ച സ്ഥാനത്ത് അവിടത്തെ കണ്ടറിഞ്ഞു വീണ്ടുംനേടി.

5 സഞ്ജാനാനാ ഉപസീദന്നഭിജ്ഞു
പത്നീവന്തോനമസ്യന്നമസ്യൻ
രിരിക്വാംസസ്തന്വഃ കൃണ്വതസ്വാ
സ്സഖാസഖ്യുർന്നിമിഷിരക്ഷമാണാഃ (വ.17)

അന്വയം:—

(ഹേ അഗ്നേ, ത്വാം)

സം—ജാനാനാഃ	— സമ്യക് ജാനന്തഃ (ദേവാഃ)
ഉപ സീദൻ	— ഉപസീദന്തി, പ്രാപ്നുവന്തി,
(ഉപസത്തിം കൃത്വാ)	
പത്നീ—വന്തഃ	— സപത്നീകാസ്സന്തഃ
നമസ്യം	— നമസ്കാരാർഹം (ത്വാം)
അഭി—ജ്ഞു	— ആഭിമുഖ്യേനാവസ്ഥിത ജാനുയുക്തം
നമസ്യൻ	— അപൂജയൻ
(പൂജയിത്വാച) സഖ്യുഃ	— മിത്രസ്യ (തവ)
നി—മിഷി	— ദർശനേ നിമിത്തഭൂതേ സതി
രക്ഷമാണാഃ	— ത്വയാ പരിരക്ഷ്യമാണാഃ
സഖാ	— സഖായഃ (ദേവാഃ)
സ്വാഃ തന്വഃ	— സ്വകീയാനി ശരീരാണി
രിരിക്വാംസഃ	— അനശനാദിരൂപേണ ദീക്ഷാ നിയമേന രിക്തീകുർവ്വന്തഃ, ശോഷയന്തഃ
കൃണ്വത	— യാഗാനകുർവ്വൻ

അർത്ഥം—അല്ലയോ അഗ്നേ, അവിടത്തെ നല്ലപോലെ അറിയുന്ന ദേവന്മാർ അടുത്തുവന്ന് പത്നീസഹിതന്മാരായി പൂജാർഹനായ അവിടത്തെ മുമ്പിൽ മുട്ടുമടക്കി നമസ്കരിച്ചു.

അപ്രകാരം ചെയ്തിട്ട് മിത്രമായ അവിടുത്തെ ദർശനം ഹേതുവായി, അവിടുന്നാൽ രക്ഷിക്കപ്പെടേണ്ട ചണ്ഡാതികളായ ദേവന്മാർ, ആഹാരത്യാഗാദിവ്രതങ്ങളാൽ സ്വശരീരങ്ങളാം മെലിപ്പിച്ചവരായി, (അവിടുത്തെ ഉദ്ദേശിച്ച്) യാഗങ്ങളാം ചെയ്തു.

6 ത്രിസ്സപ്തയദ്ഗുഹ്യാനിത്വേ ഇൽ

പദാവിദന്നിഹിതായജ്ഞിയാസഃ

തേഭീരക്ഷന്തേ അമൃതം സജോഷാഃ

പശൂൻചസ്ഥാതൄൻചരഥംചപാഹി

അന്വയം:—

ത്രിഃ സപ്ത	— ഏകവിംശതി സംഖ്യാകാനി
ഗുഹ്യാനി	— രഹസ്യാനി, വേദൈകസമധിഗമ്യാനി
യൽ പദാ	— യാനിപദാനി (യജ്ഞാനി)
(ഹേ അഗ്നേ,) ത്വേഇൽ	— ത്വയ്യേവ
നി—ഹിതാ	— സ്ഥാപിതാനി
യജ്ഞിയാസഃ	— അർത്ഥിത്വസാമർത്ഥ്യവൈദുഷ്യാദിഭിഃ യജ്ഞാർഹാഃ, യജമാനാഃ
(താനിപദാനി) അവിദൻ	— അലഭന്ത
(ലബ്ധ്വാച) തേഭിഃ	— യജ്ഞലക്ഷണൈഃ പദൈഃ
അമൃതം	— അമരണധർമ്മാണം ത്വാം
രക്ഷന്തേ	— പാലയന്തി, യജന്തി
സ—ജോഷാഃ	— തൈഃ യജമാനൈഃ സമാന പ്രീതഃ (ത്വം)
പശൂൻ ച	— ഗവാശ്വാദീൻ ച
സ്ഥാതൄൻ	— വ്രീഹ്യാദി സ്ഥാവരാണി
ചരഥം ച	— പശുവ്യതിരിക്തമന്യദ്യൽ പ്രാണിജാതമസ്തി തൽ ച
പാഹി	— രക്ഷ

അത്ഥം—വേദൈകവേദ്യങ്ങളായി, രഹസ്യങ്ങളായ ഇരുപത്തൊന്ന് സ്വർഗ്ഗമാർഗ്ഗങ്ങൾ, യജ്ഞങ്ങൾ, അല്ലയോ അഗ്നേ, ഏതുവയാണോ അവിടുന്നിൽ സ്ഥിതി ചെയ്യുന്നതു്, ആ യജ്ഞങ്ങളെയാണല്ലോ അർത്ഥിത്വസാമർത്ഥ്യവൈദുഷ്യാദികളാൽ യജ്ഞാഹരായ യജമാനന്മാർ പ്രാപിയ്ക്കുന്നതു് ആ യജ്ഞങ്ങളാലാണല്ലോ അവിടുത്തെ അവർ പാലിക്കുന്നതു്, യജിക്കുന്നതു് യജ്വാക്കളായ അവരോടൊപ്പം സമാനപ്രീതിയോടുകൂടി അവിടുന്ന് പശു, കുതിര മുതലായ മൃഗങ്ങളെയും നെല്ല് മുതലായ സ്ഥാവരങ്ങളെയും മററു ചരജന്തുസമൂഹത്തെയും രക്ഷിച്ചാലും. (യജ്ഞം ചെയ്യാനുള്ള അർഹത പ്രധാനമായി മൂന്നെണ്ണമാണു്. അത്ഥിത്വം—എന്നെ യാഗം ചെയ്യിക്കണമെന്നത്ഥന, സാമത്ഥ്യം—യാഗം നടത്താൻ ഉള്ള ആരോഗ്യവും ധനശക്തിയും, വൈദുഷ്യം—യാഗാദികർമ്മങ്ങളെപ്പററി വിപുലമായ വിദ്വത്വം. ഇരുപത്തൊന്നു് യജ്ഞങ്ങളിൽ ഔപാസനവൈശ്വദേവാദിപാകയജ്ഞങ്ങൾ ഏഴു് അഗ്ന്യാധാനദശപൂർണ്ണമാസാദി ഹവിര്യജ്ഞങ്ങൾ ഏഴു്, അഗ്നിഷ്ടോമാത്യഗ്നിഷ്ടോമാദിസോമയജ്ഞങ്ങൾ ഏഴു്)

7 വിദ്വാँ അഗ്നേവയുനാനിക്ഷിതീനാം
വ്യാനുഷക്ച്ഛരുധോജീവസേധാ
അന്തർവിദ്വാँ അധ്വനോ ദേവയാനാ
നതന്ദ്രോദൂതോ അഭവോഹവിർവാട്

അന്വയം —

ഹേ അഗ്നേ, വയുനാനി	— സർവ്വാണിജ്ഞാതവ്യാനി
വിദ്വാൻ	— ജാനൻ (ത്വം)
ക്ഷിതീനാം ജീവസേ	— യജമാനലക്ഷണാനാം പ്രജാനാം ജീവിതും
ശ്രുധഃ	— ക്ഷുദ്രൂപസ്യശോകസ്യരോധയിത്രീഃ ഇഷഃ, അന്നാനി
ആനുഷക് വി ധാഃ	— ആനുഷക്തം, സന്തതംയഥാ ഭവതിതഥാവിധേഹി, കുരു

(അനന്തരം) ഹവിഃ–വാട് — ദേവേഭ്യഃ പ്രത്തംഹവിർവ്വഹൻ
ദേവ–യാനാൻ അധ്വനഃ — ദേവാഃ യൈഃ മാർഗ്ഗൈഃ ഗച്ഛന്തിതാൻ
അന്തഃ–വിദ്വാൻ — ദ്യാവാപൃഥിവ്യോർമ്മദ്ധ്യേ ജാനൻ
അതന്ദ്രഃ — പുനഃ പുനർവ്വഹനേപ്യനലസഃ
ദൂതഃ അഭവഃ — ദേവാനാം ദൂതോഭവസി

അർത്ഥം—അല്ലയോ അഗ്നേ, അറിയപ്പെടേണ്ടതു മുഴവൻ അറിയുന്ന അവിടുന്ന്, യജമാനന്മാരായ പ്രജകൾക്ക് ജീവിപ്പാനായി വിശപ്പടക്കുന്ന അന്നത്തെ എപ്പോഴും കിട്ടാൻ തക്കവിധം അരുളിയാലും. അതിനുശേഷം ദേവന്മാക്ക് ഹവിസ്സേകുന്നവനും, ദേവന്മാരുടെ ഗമനമാർഗ്ഗങ്ങളെ, ദ്യാവാപൃഥിവികളുടെ മദ്ധ്യത്തിൽ വർത്തിച്ച് അറിയുന്നവനും, വീണ്ടും വീണ്ടും ഹവിസ്സു ചുമന്നാലും ആലസ്യം ബാധിപ്പാത്തവനുമായ ദേവദൂതനായി ഭവിക്കുന്നു.

8 സ്വാധ്യോദിവ ആസപ്തയഹ്വീ
രായോദുരോവ്യൃതജ്ഞാഅജാനൻ
വിദദ്ഗവ്യംസരമാദൃള്ഹമൂർവ്വം
യേനാനുകംമാനുഷീഭോജതേവിട്

അന്വയം:—

ഹേ അഗ്നേ, സു–ആധ്യഃ — ശോഭനകർമ്മയുക്താഃ
യഹ്വീഃ — യഹ്വ്യഃ, മഹത്യഃ
സപ്ത — ഗംഗാദ്യാസ്സപ്തനദ്യഃ
ദിവഃ ആ — ദ്യുലോകാദാഗത്യ പ്രവഹന്തി
(ഈദൃശവിധാനദ്യഃ ത്വയാസ്ഥാപിതാഃ അഗ്നൌ ഹോമേ സതി, തൃപ്തസ്സൂര്യോവൃഷ്ടിം കരോതി അതഃ വൃഷ്ടിദ്വാരാ അഗ്നിരേവനദീഃ കരോതി)
(തഥാ) ഋത–ജ്ഞാഃ — യജ്ഞജ്ഞാഃ, അംഗിരസഃ
രായഃ — വലനാമ്നാസുരേണാപഹൃതസ്യ ഗോരൂപസ്യ ധനസ്യ
ദുരഃ — ദ്വാരാണി, ഗമനമാർഗ്ഗാണി

വി അജാനൻ — ത്വയാജ്ഞാതവന്തഃ (ത്വൽസാധ്യേന യാഗേന പ്രീതഃ ഇന്ദ്രഃ ഗവാമന്വേഷണായ സരമാം ദേവശുനീം പ്രേരിതവാൻ സാ ഗവാം സ്ഥാനമവഗത്യന്യവേദയൽ, ഇന്ദ്രശ്ച അംഗിരസോഗാഃ പ്രാപയൽ ഏതൽ സർവ്വം ത്വമേവ കൃതവാൻ)

(അംഗിരോഭ്യസ്സകാശാൽ)

ഗവ്യം — ഗവി ഭവം

ദൃള്ഹം — സ്ഥൂലം, ബഹുലം, ബലപ്രദം

(പയോലക്ഷണം) ഊർവ്വം — അന്നം

സരമാ വിദൽ — അലഭത

യേന നു കം — യേനഹിഗവ്യേന

മാനുഷീ വിട് — മനോസ്സംബന്ധിനീ പ്രജാ

ഭോജതേ — ഇദാനീം ഭുംക്തേ (തൽഗവ്യമപി പരമ്പരയാ അഗ്നിരേവ കരോതി)

അർത്ഥം—അല്ലയോ അഗ്നേ, സല്ഗുണങ്ങളോടുകൂടിയ മഹതികളായ ഗംഗ മുതലായ ഏഴുനദികൾ സ്വർഗ്ഗത്തിൽ നിന്നുവന്നു് ഇവിടെ ഒഴുകുന്ന ഇപ്രകാരമുള്ള നദികൾ അവിടുന്നു് സ്ഥാപിച്ചവയാകുന്നു, (അഗ്നിയിൽ ഹോമംകൊണ്ടു് സൂര്യൻ പ്രസാദിച്ചു് മഴപെയ്യിക്കുന്നു ആ മഴ വഴി പുഴകളുണ്ടാകുന്നതു്, അപ്പോൾ അഗ്നിയാകുന്നു) അതുപോലെ യജ്ഞത്തെപ്പറ്റി എല്ലാമറിയുന്ന അംഗിരസ്സുകൾ വലനെന്ന അസുരനാൽ അപഹരിക്കപ്പെട്ട പശുക്കളാകുന്ന ധനത്തെ ഒളിപ്പിച്ച സ്ഥലത്തിലേക്കുള്ള വഴി വേണ്ടപോലെ അറിഞ്ഞു്, അഗ്നിമൂലം മാത്രം സാദ്ധ്യമായ യാഗത്താൽ ഇന്ദ്രനെ പ്രസാദിപ്പിച്ചു്, സരമ എന്ന ദേവശുനി തിരച്ചിലിന്നയക്കപ്പെട്ടു സരമ ആ സ്ഥാനം കണ്ടുപിടിച്ചു് അറിയിച്ചു ഇന്ദ്രൻ പശുക്കളെ വീണ്ടെടുത്തുകൊടുത്തു അതിനെല്ലാം മൂലകർത്തൃത്വം അവിടേക്കാണു് അംഗിരസ്സുകളുടെ അടുക്കൽ നിന്നു് പാൽചേർന്ന ബലപ്രദമായ അന്നം (ഹവിസ്സു്) ധാരാളം സരമ നേടി ആ പാൽ ആണു് ഇന്നും മനുഷ്യൻ ഭുജിക്കുന്നതു് അതാവട്ടെ പരമ്പരയായി ഉല്പാദിപ്പിക്കുന്നതു് അഗ്നിയാകുന്നു.

9 ആയേ വിശ്വാസ്വപത്യാനിതസ്ഥുഃ
കൃണ്വാനാസോ അമൃതത്വായഗാത്തും
മഹ്നാമഹദ്ഭിഃ പൃഥിവീവിതസ്ഥേ
മാതാപുത്രൈ രദിതിർദ്ധായസേവേഃ

അന്വയം:—

യേ (ആദിത്യാഃ) അമൃത-ത്വായ	— അമരണത്വ സിദ്ധയേ
ഗാത്തും കൃണ്വാനാസഃ	— മാർഗ്ഗം, ഉപായം കുർവ്വാണാസ്സന്തഃ
വിശ്വാ	— വിശ്വാനി, സർവ്വാണി
സ്വ-അപത്യാനി	— ശോഭനാനി അപതനഹേതു ഭൂതാനി ചതുർദ്ദശ രാത്രഷട്ത്രിം ശദ്രാത്രാദിത്യാനാം അയനാദീനി കർമ്മാണി
ആ തസ്ഥുഃ	— ആസ്ഥിതവന്തഃ, കൃതവന്തഃ
മഹൽ-ഭിഃ	— അനുഷ്ഠാനേന മഹാനുഭാവൈവൈസ്സ്വൈഃ
പുത്രൈഃ (സഹിതാ) മാതാ	— ജനയിത്രീ
അദിതിഃ പൃഥിവീ	— അദീനാഭൂമിഃ
ധായസേ	— സർവ്വസ്യ ജഗതോ ധാരണായ
മഹ്നാ	— സ്വകീയേന മഹത്വേന
വി തസ്ഥേ	— വിശേഷേണ തിഷ്ഠതി
(ഹേ അഗ്നേ, യതസ്ത്വം) വേഃ	— ആദിത്യൈരനുഷ്ഠിതേഷു യാഗേഷു ചരുപുരോഡാശാദീനി ഹവീംഷി അഭക്ഷയഃ അതഃ ഏതൽ സർവ്വംജാതം

അർത്ഥം—അദിതിപുത്രന്മാർ, ദേവന്മാർ, ശാശ്വതത്വത്തിനുള്ള മാർഗ്ഗം (ഉപായം) തേടുന്നവരായി പതിനാലും മുപ്പത്താറും രാത്രികരം നീണ്ടുനില്ക്കുന്ന ആദിത്യന്മാരുടെ അയനങ്ങളാകുന്ന

കർമ്മങ്ങളെ അനുഷ്ഠിച്ച ആ കർമ്മാനുഷ്ഠാനംകൊണ്ട് മഹാന്മാരായ പുത്രന്മാരോടുകൂടി ശ്രേഷ്ഠയായ ഭൂമി സ്വന്തം മഹത്വത്താൽ എല്ലാ ജഗത്തിന്റെയും ധാരണത്തിന്നായി വർത്തിക്കുന്ന അല്ലയോ അഗ്നേ, അദിതിപുത്രന്മാർ അനുഷ്ഠിച്ച യാഗങ്ങളിലെ ചരുപുരോഡാശാദി ഹവിസ്സുകളെ അവിടുന്ന് ഭക്ഷിച്ചു. അതുകൊണ്ടാണ് ഇതെല്ലാമുണ്ടായത്.

10 അധിശ്രിയന്നിദധുശ്ചാരുമസ്മിൻ
ദിവോയദക്ഷീ അമൃതാ അകൃണ്വൻ
അധക്ഷരന്തി സിന്ധവോന സൃഷ്ടാഃ
പ്രനീചീരഗ്നേ അരുഷീരജാനൻ

വ 18

അന്വയം —

അസ്മിൻ (അഗ്നൗ) ചാരും ശ്രിയം	— ശോഭനാം പരിസ്തരണ പരിഷേചനാദിരൂപാം യജ്ഞസമ്പദം
അധി നി ദധുഃ	— യജമാനാഃ സ്ഥാപിതവന്തഃ
(നിധായ ച) യത്	— യദാ
അക്ഷീ	— യജ്ഞസ്യാജ്യഭാഗലക്ഷണേ ചക്ഷുഷീ
അകൃണ്വൻ	— കല്പന്തി
(തദാനീം) ദിവഃ അമൃതാഃ	— ദ്യുലോകാത് ദേവാഃ (യാഗസമയോജാത ഇത്യവഗത്യാഗച്ഛന്തി)
ഹേ അഗ്നേ, അധ	— ആജ്യഭാഗാനന്തരം
സൃഷ്ടാഃ	— അഗ്നേരുത്പന്നാഃ
സിന്ധവഃ ന നീചീഃ	— ശീഘ്രം ഗച്ഛന്ത്യോ നദ്യ ഇവ നിതരാം സർവ്വാസുദിക്ഷു ഗച്ഛന്തീഃ
അരുഷീഃ	— നിർമ്മലരൂപാഃ (ജ്വാലാഃ)
ക്ഷരന്തി	— സഞ്ചരന്തി, സർവ്വാസുദിക്ഷു ഗച്ഛന്തി

(ആഗതാദേവാശ്ച) പ്ര
അജാനൻ — അസ്മാകം ഹോമായ ഈദൃശ്യോ
ജ്വാലാഃ ഉൽപന്നാ ഇതി
ഹൃഷ്ടാസ്സന്തഃ പ്രകർഷേണജാനന്തി

അർത്ഥം—ഈ അഗ്നിയിൽ പരിസ്തരണം (ദർഭപ്പുൽകൊണ്ടു് അഗ്നിക്കു് നാലുപുറവും അതിർത്തിയിട്ടലങ്കരിക്കൽ.) പരിഷേചനം (ഹോമാഗ്നിക്കു ചുറവും ജലംകൊണ്ടു് വിളാകി ശുദ്ധിവരുത്തൽ) മുതലായ പുഷ്ടിയെ യജമാനന്മാർ ഉണ്ടാക്കുന്നു. അങ്ങിനെ ഉണ്ടാക്കിയ ശേഷം, എപ്പോഴും യജ്ഞത്തിന്റെ കണ്ണുകളായ നെയ്യ്പകൾ നടക്കുന്നുവോ, അപ്പോഴും സ്വർഗ്ഗത്തിൽ നിന്നു് ദേവന്മാർ യാഗസമയമായി എന്നറിഞ്ഞെത്തുന്നു. അല്ലയോ അഗ്നേ, നെയ്യ്പകൾക്കലിന്നശേഷം ദ്രുതഗമനകളായ നദികളെപ്പോലെ അഗ്നിയിൽ നിന്നുളവായ ജ്വാലകൾ എല്ലാടങ്ങളിലും വ്യാപിച്ചു് നിർമ്മലരൂപകളായി ആളിപ്പടരുന്നു. വന്നുചേർന്ന ദേവന്മാരും ഹോമത്തിന്നു് ഇത്തരം ജ്വാലകൾ പടൎന്നുവല്ലൊ 'എന്നു് സന്തുഷ്ടരായി അതിനെ വേണ്ടവണ്ണം അറിഞ്ഞു കൊണ്ടാടുന്നു.

വർഗ്ഗം 19–20

1 രയിന്നയഃ പിതൃവിത്തോ വയോധാ
സുപ്രണീതിശ്ചികിതുഷോ നശാസുഃ
സ്യോനശീരതിഥിന്ന പ്രീണാനോ
ഹോതേവ സദ്മവിധതോ വിതാരീൽ

അന്വയം:—

യഃ (അഗ്നിഃ) പിതൃ—
വിത്തഃ വയഃ—ധാഃ
രയിഃ ന — യഥാ പൈതൃകം ധനം അന്നപ്രദം ഭവതി തദ്വൽ അഗ്നിരപി സർവ്വേഷാം യജ്ഞേഷു വ്യവഹൃതസ്സൻ അന്നപ്രദോ ഭവതി.
ചികിതുഷഃ ശാസുഃ ന — ധർമ്മശാസ്ത്രാഭിജ്ഞസ്യ വിദുഷശ്ശാസനമിവ

സു–പ്രനീതിഃ	— സുഖേന പ്രണേതവ്യഃ (യഥാ വിദ്വച്ഛാസനം സംശയ നിവാരണായ നീയതേ, തദ്വൽ അഗ്നിരപി സർവ്വേഷു യജ്ഞേഷു പ്രണീയതേ.)
(യശ്ച) സ്യോന–ശീഃ	— സുഖപ്രദേ ഗാർഹപത്യായതനാദൌ ശയാനഃ
അതിഥിഃ ന	— അർഘ്യപാദ്യാദിഭിസ്സൽകൃതഃ അതിഥിരിവസുഖാസനേ ഉപവേശിതഃ
പ്രീണാനഃ	— ഹവിർഭിസ്സന്തർപ്പണീയഃ
(സഃ അഗ്നിഃ) വിധതഃ	— പരിചരതഃ യജമാനസ്യ
സദ്മ	— ഗൃഹം
ഹോതാ–ഇവ	— ഹോതാ, ഹോമകർത്താ അധ്വര്യു തത്തൽ കർമ്മകരണേന ഫലൈഃ യജമാനസ്യ ഗൃഹം യഥാ വർദ്ധയതി തഥാ
വി താരീൽ	— പ്രവർദ്ധയതി

അർത്ഥം—യാതൊരഗ്നി, മകന്ന് അച്ഛനിൽ നിന്ന് ലഭിച്ചധനം അന്നപ്രദം (ശ്രേയസ്കരം, ക്ഷേമകരം) ആകുന്നപോലെ, എല്ലായാഗങ്ങളിലും ഏർപ്പെട്ട് അന്നപ്രദനായി വേിള്ളുന്നുവോ, ധർമ്മശാസ്ത്രാഭിജ്ഞനായ വിദ്വാന്റെ ശാസനം സംശയനിവാരണത്തിന്ന് വഴിതെളിയിച്ച് എത്തിയ്ക്കുന്നപോലെ, എല്ലായജ്ഞങ്ങളിലും പ്രണയിക്കപ്പെടുന്നുവോ, യാതൊരഗ്നി ഗാർഹപത്യാദികളായ സുഖപ്രദങ്ങളായ സ്ഥാനങ്ങളിൽ കിടക്കുന്നുവോ, അർഘ്യപാദ്യാദികളാൽ സല്ക്കരിക്കപ്പെട്ട് ഇരുത്തിയ അതിഥിപോലെ ഹവിസ്സുകളാൽ തർപ്പിക്കപ്പെടുന്നുവോ, ആ അഗ്നി, തന്നെപരിചരിക്കുന്നയജമാനന്റെ ഗൃഹം, ഹോതാവ് തന്റെ കർമ്മംകൊണ്ട് യജമാനന്റെ ഗൃഹം (കുടുംബം) അഭിവൃദ്ധിപ്പെടുത്തുന്നപോലെ, അഭിവൃദ്ധിപ്പെടുത്തുന്നു.

2 ദേവോനയസ്സവിതാസത്യമന്മാ

ക്രത്വാനിപാതിവൃജനാനിവിശ്വാ

പുരുപ്രശസ്തോഅമതിര്‍ന്നസത്യ

ആത്മേവശേവോദിധിഷായ്യോഭൂല്‍

അന്വയം:—

യഃ (അഗ്നിഃ) ദേവഃ ന	
സവിതാ	— ദ്യോതമാനസ്സര്‍വ്വസ്യപ്രേരക സൂര്യഇവ
സത്യ—മന്മാ	— സത്യജ്ഞാനഃ, യഥാര്‍ത്ഥദര്‍ശീ
ക്രത്വാ	— ആത്മീയേനകര്‍മ്മണാ
വിശ്വാ വൃജനാനി	— സര്‍വ്വേഭ്യസ്സംഗ്രാമേഭ്യഃ (വിഭക്തിവ്യത്യയഃ)
നി—പാതി	— നിതരാം പാലയതി
പുരു—പ്രശസ്തഃ	— പുരുഭിഃ യജമാനൈസ്സ്തുതഃ
അമതിഃ ന സത്യഃ	— യഥാപൃഥിവ്യാദേഃ സ്വരൂപം ആഗമാപായിഷു വിശേഷേഷു സല്‍സ്വപിസ്വയമൈകരൂപ്യേ ണനിത്യം ഭവതിതദ്വല്‍ അഗ്നി രപിഉച്ചാവചേഷു സര്‍വ്വേഷു കര്‍മ്മ സുസ്വയമേകഏവ വ്യാവര്‍ത്തതേ
ആത്മാ—ഇവ ശേവഃ	— പരമപ്രേമാസ്പദതയാ നിരതിശ യാനന്ദസ്വരൂപഃ ആത്മായഥാ സര്‍വ്വാന്‍ സുഖയതി തഥാ സുഖയിതാ
ദിധിഷായ്യഃ ഭൂല്‍	— സര്‍വ്വൈഃ യജമാനൈഃ ധരണീ യഃ, പരിത്യാഗേ വീരഹത്യാ ലക്ഷണോദോഷോ ഭവതി

അര്‍ത്ഥം—ഏതഗ്നി പ്രകാശമാനനും സര്‍വ്വപ്രേരകനുമായ സൂര്യനെന്നപോലെ സത്യജ്ഞാനനാണൊ, സര്‍വ്വചരാചരങ്ങളുടെയും ഉള്ളും പുറവും യഥാര്‍ത്ഥമായി കാണുന്നവനാണൊ, സ്വന്തം കര്‍മ്മംകൊണ്ട് എല്ലാ യുദ്ധങ്ങളില്‍ നിന്നും (ജീവിത യുദ്ധങ്ങ

ളിൽ നിന്നും) നന്നായി രക്ഷിക്കുന്നവോ, ബഹുസംഖ്യരായ യജമാനന്മാരാൽ സ്തുതിക്കപ്പെട്ടവനാണോ, ഭൂമി മുതലായ പ്രകൃതിപ്രസ്തരങ്ങളുടേതുപോലെ എന്തു മാററത്തിലും രൂപഭേദംവരാത്തവനാണോ, നിരതിശയാനന്ദരൂപനായ ആത്മാവുപോലെ സുഖപ്രദനാണോ, ആ അഗ്നി എല്ലാ യജമാനന്മാരാലും ധരിക്കപ്പെടേണ്ടവനാണ്. അതായതു്, ആഹവനീയാദിസ്ഥാനങ്ങളിൽ നിയതാഹുതികളോടുകൂടി ഉപാസിച്ചു രക്ഷിക്കപ്പെടേണ്ടവനാണ്. അഗ്നിയെ പരിത്യജിക്കുന്നതിൽ വീരഹത്യാപാപമുണ്ടെന്നു് ശ്രുതികൾ ശാസിക്കുന്നു.

3 ദേവോനയഃ പൃഥിവീം വിശ്വധായാ
ഉപക്ഷേതിഹിതമിത്രോനരാജാ.
പുരസ്സദശ്ശർമ്മസദോനവീരാ
അനവദ്യാപതിജുഷ്ടേവനാരീ

അന്വയം —

ദേവഃ ന	—	ദ്യോതമാനഃ സൂര്യ ഇവ
യഃ (അഗ്നിഃ) വിശ്വ-ധായാഃ	—	സർവ്വസ്യ ജഗതോ ധർത്താ
(സഃ അഗ്നിഃ) പൃഥിവീം	—	പൃഥിവ്യാം (വിഭക്തിവ്യത്യയഃ)
ഉപ-ക്ഷേതി	—	സർവ്വേഷാം പ്രിയസ്സൻ യജ്ഞഗൃഹാദൗ നിവസതി
ഹിത-മിത്രഃ രാജാ ന	—	യഥാസർവ്വജനമിത്രോ രാജാ തഥാ നഹ്യഗ്നിം കശ്ചനദ്വിഷ്ടേ)
(യസ്യ അഗ്നേഃ) പുരഃ-സദഃ	—	പുരസ്താൽ സീദന്തഃ, ഉപവിശന്തഃ പുരുഷാഃ
ശർമ്മ-സദഃ വീരാഃ ന	—	പിതൃഗൃഹേ വർത്തമാനാഃ പുത്രാ ഇവ വർത്തന്തേ
(സഃ അഗ്നിഃ) അനവദ്യാ	—	അനിന്ദിതാ
പതിജുഷ്ടാ-ഇവ നാരീ	—	സ്വപതിനാ സ്വീകൃതാ യോഷിദിവ (അതിശയേന ശുദ്ധഃ ഭവതി)

അത്ഥം—പ്രകാശമാനനായ സൂര്യനെന്നപോലെ ഏതഗ്നി ജഗത്തിൻെറ മുഴുവൻ ധാരകനാണോ, ആ അഗ്നി ഭൂമിയിൽ സർവ്വജനസമ്മതനായ രാജാവുപോലെ പ്രിയനായി വത്തിയ്ക്കുന്നു. യജ്ഞഗൃഹാദികളിൽ വസിയ്ക്കുന്നു. അഗ്നിയെ ആരും ദ്വേഷിയ്ക്കുന്നില്ല. ഏതഗ്നിയുടെ മുമ്പിൽ ഇരിയ്ക്കുന്ന ഉപാസകർ പിതൃഗൃഹത്തിൽ വർത്തിയ്ക്കുന്ന പുത്രന്മാർപോലെയാണോ, ആ അഗ്നി, അനിന്ദിതയും, ഭർത്തൃനന്ദിതയുമായ സ്ത്രീപോലെ, പരിതുഷ്ടയായ പതിവ്രതപോലെ, ശുദ്ധിയുററതാകുന്നു.

4 തന്ത്വാനരോദമ ആ നിത്യമിദ്ധ
മഗ്നേ സചന്ത ക്ഷിതിഷു ധ്രുവാസു
അധിദ്യുമ്നന്നി ദധുർഭൂര്യസ്മിൻ
ഭവാവിശ്വായുർധരുണോരയീണാം

അന്വയം—

ഹേ അഗ്നേ, തം ത്വാ	— പൂർവ്വോക്തഗുണവിശിഷ്ടം ത്വാം
നരഃ	— നേതാരഃ, യജമാനാഃ
ധ്രുവാസു ക്ഷിതിഷു	— നിശ്ചലാസു ഭൂമിഷു, നിരുപദ്രവേഷു ഗ്രാമേഷു
ദമേ	— സ്വകീയേ യജ്ഞഗൃഹേ
നിത്യം ഇദ്ധം	— അനവരതം സമിദ്ഭിഃ പ്രജ്വലിതം (കൃത്വാ)
ആ സചന്ത	— ആഭിമുഖ്യേന സേവന്തേ
(കിം ച) അസ്മിൻ	
(അഗ്നൌ) ദ്യുമ്നം	— ഹവിർല്ലക്ഷണമന്നം
അധി നി ദധുഃ	— സ്ഥാപിതവന്തഃ
സഃ (അഗ്നിഃ ത്വം)	
വിശ്വ—ആയുഃ	— സർവ്വാന്തഃ (ഭൂത്വാ)
രയീണാം ധരുണഃ ഭവ	— ധനാനാംധാരയിതാഭവ
(അസ്മാകം ദാതും ധനാനി ധാരയ)	

അത്ഥം—അല്ലയോ അഗ്നേ, മുൻപറഞ്ഞ ഗുണങ്ങളോടുകൂടിയ അവിടത്തെ, നേതാക്കളായ യജമാനന്മാർ നിശ്ചലങ്ങളായ, നിരുപദ്രവങ്ങളായ, നിശ്ശാന്തങ്ങളായ ഗ്രാമങ്ങളിൽ, സ്വന്തം യജ്ഞഗൃഹങ്ങളിൽ ചമത മുതലായതുകളാൽ ഇടവിടാതെ കത്തിച്ച് നേരേ സേവിക്കുന്നു കൂടാതെ, അഗ്നിയിൽ ചരുപുരോഡാശാദി ബഹുവിധ ഹവിസ്സുകളും അർപ്പിക്കുന്നു ആ അഗ്നിയായ അവിടുന്ന് എല്ലാ അന്നങ്ങളോടും കൂടിയവനായി ഞങ്ങൾക്ക് ധനധാരിയായി ഭവിച്ചാലും.

5 വിപൃക്ഷോഅഗ്നേമഘവാനോ അശ്യു

ർവ്വിസൂരയോദദതോവിശ്വമായുഃ

സനേമവാജംസമിഥേഷ്വര്യോ

ഭാഗം ദേവേഷുശ്രവസേദധാനാഃ വ 19

അന്വയം —

ഹേ അഗ്നേ, മഘ-വാനഃ — ഹവിർല്ലക്ഷണേന ധനേനയുക്താഃ യജമാനാഃ
പൃക്ഷഃ വി അശ്യുഃ — അന്നാനിവ്യാപ്നുവന്തു
(ത്വയാനുഗൃഹീതാഃ സർവ്വാണ്യന്നാനിലഭന്താം)
(യേ) സൂരയഃ — വിദ്വാംസഃ (ത്വാംസ്തുവന്തി)
ദദതഃ — യേച തുഭ്യം ഹവീംഷി പ്രയച്ഛന്തഃ വർത്തന്തേ
(തേസർവ്വേ) വിശ്വം
ആയുഃ വി — സർവ്വം ജീവിതം (വിഅശ്യുഃ)
(വയം ച) സം-ഇഥേഷു — സംഗ്രാമേഷു
അര്യഃ വാജം സനേമ — അരേസ്സംബന്ധിനം അന്നം സംഭജേമഹി
(അനന്തരം) ദേവേഷു
ശ്രവസേ — ഇന്ദ്രാദിഷുയശസേ
ഭാഗം ദധാനാഃ — ഹവിർഭാഗം സ്ഥാപയന്തഃ (ഭവാമ)

അർത്ഥം—അല്ലയോ അഗ്നേ, ഹവിരന്നം അവിടേയ്ക്കർപ്പിയ്ക്കുന്ന യജമാനന്മാർ അന്നങ്ങളെ സ്വയം പ്രാപിക്കട്ടെ. അവിടുത്തെ അനുഗ്രഹത്താൽ എല്ലാ പുഷ്ടികളും നേടട്ടെ. ഏതേതു വിദ്വാന്മാർ അവിടുത്തെ സ്തുതിയ്ക്കുന്നു, ഏതേതു ദാതാക്കൾ അവിടേയ്ക്ക് ഹവിരന്നമർപ്പിക്കുന്നവരായി ഭവിയ്ക്കുന്നു, അവർ മുഴുമനായുസ്സും പ്രാപിച്ച് ജീവിയ്ക്കട്ടെ. യുദ്ധങ്ങളിൽ ശത്രുസംബന്ധിയായ അന്നം ഞങ്ങൾ നേടാവൂ. അതായത്, അവരെ ജയിച്ച്, അവർ വശമുള്ള ധനധാന്യാദികൾ നേടാവൂ. (അല്ലെങ്കിൽ ജീവിതായോധനത്തിൽ ശ്രേഷ്ഠമായ, പരിശുദ്ധമായ, സ്വപ്രയത്ന സമ്പാദിതമായ അന്നം പ്രാപിച്ചാവൂ.) പിന്നെ, ഇന്ദ്രാദി ദേവന്മാരിൽ യശസ്വിന്നായിക്കൊണ്ട്, ഞങ്ങൾ ഹവിർഭാഗം സ്ഥാപിയ്ക്കുന്നവരാവട്ടെ.

6 ഋതസ്യഹി ധേനവോവാവശാനാ

സ്മദൂധ്നീഃ പീപയന്തദ്യുഭക്താഃ

പരാവതസ്സുമതിം ഭിക്ഷമാണാ

വിസിന്ധവസ്സമയാ സസ്രുരദ്രിം

അന്വയം —

വാവശാനാഃ	—	(അഗ്നിം) പുനഃ പുനഃ കാമയമാനാഃ
സ്മത്–ഊധ്നീഃ	—	സ്മത്, നിത്യം, സർവ്വദാ പയസഃ പ്രദാത്ര്യഃ
ദ്യു–ഭക്താഃ	—	ദിവാ, പ്രകാശേന, തേജസാ സംശ്ലിഷ്ടാഃ
ധേനവഃ	—	അഗ്നിഹോത്രാദി ഹവിഷാം ദോഗ്ധ്ര്യഃ ഗാവഃ
ഋതസ്യ ഹി	—	ദേവയജനദേശം പ്രാപ്തമഗ്നിമേവ
പീപയന്ത	—	ക്ഷീരാദിലക്ഷണം ഗവ്യം അപായയൽ
(അപിച) സിന്ധവഃ	—	സ്യന്ദനശീലാനദ്യഃ

അർത്ഥം—അല്ലയോ അഗ്നേ, മുൻപറഞ്ഞ ഗുണങ്ങളോടുകൂടിയ അവിടുത്തെ, നേതാക്കളായ യജമാനന്മാർ നിശ്ചലങ്ങളായ, നിരുപദ്രവങ്ങളായ, നിശ്ശാന്തങ്ങളായ ഗ്രാമങ്ങളിൽ, സ്വന്തം യജ്ഞഗൃഹങ്ങളിൽ ചമത മുതലായതുകളാൽ ഇടവിടാതെ കത്തിച്ച് നേരേ സേവിക്കുന്നു. കൂടാതെ, അഗ്നിയിൽ ചരുപുരോഡാശാദി ബഹുവിധ ഹവിസ്സുകളും അർപ്പിക്കുന്നു. ആ അഗ്നിയായ അവിടുന്ന് എല്ലാ അന്നങ്ങളോടും കൂടിയവനായി ഞങ്ങൾക്ക് ധനധാരിയായി ഭവിച്ചാലും.

5 വിപൃക്ഷോഅഗ്നേമഘവാനോ അശ്യു
ർവിസൂരയോദദതോവിശ്വമായുഃ
സനേമവാജംസമിഥേഷ്വര്യോ
ഭാഗം ദേവേഷുശ്രവസേദധാനാഃ വ. 19

അന്വയം:—

ഹേ അഗ്നേ, മഘ–വാനഃ — ഹവിർല്ലക്ഷണേന ധനേനയുക്താഃ യജമാനാഃ
പൃക്ഷഃ വി അശ്യുഃ — അന്നാനിവ്യാപ്നുവന്തു
(ത്വയാനുഗൃഹീതാഃ സർവ്വാണ്യന്നാനിലഭന്താം)
(യേ) സൂരയഃ — വിദ്വാംസഃ (ത്വാംസ്തുവന്തി)
ദദതഃ — യേച തുഭ്യം ഹവീംഷി പ്രയച്ഛന്തഃ വർത്തന്തേ
(തേസർവ്വേ) വിശ്വം
ആയുഃ വി — സർവ്വം ജീവിതം (വ്യശ്യുഃ)
(വയം ച) സം–ഇഥേഷു — സംഗ്രാമേഷു
അര്യഃ വാജം സനേമ — അരേസ്സംബന്ധിനം അന്നം സംഭജേമഹി
(അനന്തരം) ദേവേഷു
ശ്രവസേ — ഇന്ദ്രാദിഷുയശസേ
ഭാഗം ദധാനാഃ — ഹവിർഭാഗം സ്ഥാപയന്തഃ (ഭൂയാസ്മ)

അൎത്ഥം—അല്പയോ അഗ്നേ, ഹവിരന്നം അവിടേയ്ക്കൎപ്പി യ്ക്കുന്ന യജമാനന്മാർ അന്നങ്ങളെ സ്വയം പ്രാപിക്കട്ടെ. അവിടു ത്തെ അനുഗ്രഹത്താൽ എല്ലാ പുഷ്ടികളും നേടട്ടെ. ഏതേതു വിദ്വാന്മാർ അവിടുത്തെ സ്തുതിയ്ക്കുന്നു, ഏതേതു ദാതാക്കൾ അവിടേയ്ക്കു് ഹവിരന്നമൎപ്പിക്കുന്നവരായി ഭവിയ്ക്കുന്നു, അവർ മുഴുമനായുസ്സും പ്രാപിച്ചു് ജീവിയ്ക്കട്ടെ. യുദ്ധങ്ങളിൽ ശത്രുസം ബന്ധിയായ അന്നം ഞങ്ങൾ നേടാവൂ. അതായത്തു്, അവരെ ജയിച്ചു്, അവർ വശമുള്ള ധനധാന്യാദികൾ നേടാവൂ. (അല്ല ങ്കിൽ ജീവിതായോധനത്തിൽ ശ്രേഷ്ഠമായ, പരിശുദ്ധമായ, സ്വപ്രയത്ന സമ്പാദിതമായ അന്നം പ്രാപിച്ചാവൂ.) പിന്നെ, ഇന്ദ്രാദി ദേവന്മാരിൽ യശസ്വിന്നായികൊണ്ടു്, ഞങ്ങൾ ഹവിർഭാഗം സ്ഥാപിയ്ക്കുന്നവരാവട്ടെ.

6 ഋതസ്യഹി ധേനവോവാവശാനാ
സ്മദൂധ്നീഃ പീപയന്തദ്യുഭക്താഃ
പരാവതസ്സുമതിം ഭിക്ഷമാണാ
വിസിന്ധവസ്സമയാ സസ്രുരദ്രിം

അന്വയം:—

വാവശാനാഃ	— (അഗ്നിം) പുനഃ പുനഃ കാമയമാനാഃ
സ്മത്–ഊധ്നീഃ	— സ്മത്, നിത്യം, സൎവ്വദാ പയസഃ പ്രദാത്ര്യഃ
ദ്യു–ഭക്താഃ	— ദിവാ, പ്രകാശേന, തേജസാ സംശ്ലിഷ്ടാഃ
ധേനവഃ	— അഗ്നിഹോത്രാദി ഹവിഷാം ദോഗ്ധ്ര്യഃ ഗാവഃ
ഋതസ്യ ഹി	— ദേവയജനദേശം പ്രാപ്തമഗ്നി മേവ
പീപയന്ത	— ക്ഷീരാദിലക്ഷണം ഗവ്യം അപായയത്
(അപിച) സിന്ധവഃ	— സ്യന്ദനശീലാനദ്യഃ

സു-മതിം ഭിക്ഷമാണാഃ — അസ്യ അനുഗ്രഹാത്മികാം ബുദ്ധിം യാചമാനാസ്സത്യഃ
അദ്രിം സമയാ — പർവ്വതസ്യ സമീപേ
പരാ-വതഃ വി സസ്രുഃ — ദൂരദേശാൽ വിശേഷേണ പ്രവഹന്തി

അർത്ഥം—അഗ്നിയെ എപ്പോഴും ഇഷ്ടപ്പെടുന്നവയും, നിത്യമായി പാൽ തരുന്നവയും, തേജസ്സോടുകൂടിയവയും, അഗ്നിഹോത്രാദികൾക്ക് ഹവിസ്സിനുള്ള കറവേകുന്നവയുമായ പശുക്കൾ, ദേവയാഗഭൂമിയിലെത്തിയ അഗ്നിയെത്തന്നെയാണ് (പാൽ) കുടിപ്പിക്കുന്നത്. കൂടാതെ, ഒഴുകുന്ന നദികൾ അവിടുത്തെ അനുഗ്രഹബുദ്ധിയെ യാചിച്ചുകൊണ്ടാണ് ദൂരദേശത്തിൽ നിന്ന് പർവ്വതസമീപത്തിൽ നന്നായൊഴുകുന്നത്.

7 ത്വേ അഗ്നേ സുമതിം ഭിക്ഷമാണാ
ദിവിശ്രവോ ദധിരേയജ്ഞിയാസഃ
നക്താച ചക്രുരുഷസാ വിരൂപേ
കൃഷ്ണഞ്ചവർണ്ണമരുണഞ്ചസന്ധുഃ

അന്വയം.—

ഹേ അഗ്നേ, സു-മതിം
ഭിക്ഷമാണാഃ — അനുഗ്രഹാത്മികാം ബുദ്ധിം യാചമാനാഃ
യജ്ഞിയാസഃ — യജ്ഞാർഹാസ്സർവ്വേ ദേവാഃ
ദിവി ത്വേ — ദ്യോതമാനേ ത്വയി
ശ്രവഃ ദധിരേ — ഹവിർല്ലക്ഷണമന്നം ആസ്ഥാപയൻ
(അനന്തരം യാഗാനുഷ്ഠാനായ)
വി-രൂപേ — വിവിധരൂപേ
ഉഷസാ നക്താ ച — ഉഷഃകാലോപലക്ഷിതമഹഃ നക്തം, രാത്രിം ച
ചക്രുഃ — അകുർവ്വൻ

കൃഷ്ണം ച വർണ്ണം (രാത്ര്യാം)
അരുണം ച (അഹനി) — ശ്യാമളവർണ്ണമന്ധകാരം ശ്വേത വർണ്ണം തേജശ്ച
സം ധുഃ — സമ്യക്സ്ഥാപിതവന്തഃ

അർത്ഥം—അല്ലയോ അഗ്നേ, അവിടുത്തെ അനുഗ്രഹബുദ്ധിയ്ക്കായി പ്രാർത്ഥിയ്ക്കുന്ന യജ്ഞാർഹന്മാരായ ദേവന്മാരെല്ലാം, പ്രകാശമാനനായ അവിടുന്നിലാണല്ലൊ ഹവിരന്നം നേടിവെച്ചിട്ടുള്ളതു്. പിന്നെ, അപ്രകാരമുള്ള യാഗാനുഷ്ഠാനത്തിന്നു് വേണ്ടിയാണല്ലൊ വിവിധ രൂപങ്ങളായ, കറുത്ത അന്ധകാരവും വെളുത്ത തേജസ്സുമിയന്ന രാവും പകലും സ്ഥാപിച്ചതു്.

8 യാന്രായേ മർത്താൻസ്സുഷൂദോ അഗ്നേ
തേസ്യാമമഘവാനോവയഞ്ച
ഛായേവവിശ്വം ഭുവനം സിസക്ഷ്യാ
പപ്രിവാന്രോദസീ അന്തരിക്ഷം

അന്വയം:—

ഹേ അഗ്നേ, (ത്വം)
യാൻ മർത്താൻ — മനുഷ്യാനസ്മാൻ
രായേ സുസൂദഃ — അഗ്നിഹോത്രാദികർമ്മസു പ്രേരയസി
തേ വയം ച മഘ—വാനഃ
സ്യാമ — ധനിനഃ ഭവേമ
രോദസീ
അന്തരിക്ഷം (ച) — ദ്യാവാപൃഥിവ്യൌ അന്തരിക്ഷം ച
ആപപ്രി—വാൻ — സ്വതേജസാ ആപൂരിതവാൻ (ത്വം)
വിശ്വം ...

ഛായാ–ഇവ — ഛത്രാദേഃ ഛായാ ആതപാദി
ജനിതം ക്ലേശം നിവാര്യ
രക്ഷതി തദ്വൽ
സിസക്ഷി — സേവസേ, അനുഗൃഹ്യരക്ഷസി.

അർത്ഥം—അല്ലയോ അഗ്നേ, മനുഷ്യരായ ഞങ്ങളേവരെ അവിടുന്ന് ഞങ്ങൾക്ക് ധനസിദ്ധിയ്ക്കായി അഗ്നിഹോത്രാദി കർമ്മങ്ങൾക്ക് പ്രേരിപ്പിയ്ക്കുന്നുവോ, ആ ഞങ്ങൾ ധനവാന്മാരായി ഭവിച്ചാവൂ. ദ്യാവാപൃഥിവികളും അന്തരിക്ഷവും സ്വതേജസ്സുകൊണ്ട് നിറച്ചിരിക്കുന്ന അവിടുന്ന്, കുടയുടെ തണൽ വെയിൽചൂടുകൊണ്ടുള്ള ക്ലേശമില്ലാതാക്കുന്നപോലെ, ജഗത്തു മുഴുവൻ രക്ഷിയ്ക്കുന്നു

9 അർവ്വദ്ഭിരഗ്നേ അർവ്വതോനൃഭിർനൄൻ
വീരൈർവ്വീരാൻ വനുയാമാത്വോതാഃ
ഈശാനാസഃ പിതൃവിത്തസ്യരായോ
വിസൂരയശ്ശതഹിമാനോ അശ്യുഃ

അന്വയം –

ഹേ അഗ്നേ, ത്വാ—ഊതാഃ — ത്വയാ രക്ഷിതാസ്സന്തഃ
(വയം) അർവൽ–ഭിഃ — അസ്മദീയൈരശ്വൈഃ
അർവ്വതഃ — ശത്രുസംബന്ധിനഃ അശ്വാൻ
നൃ–ഭിഃ നൄൻ — അസ്മദീയൈർഭടൈഃ ശത്രോർഭടാൻ
വീരൈഃ വീരാൻ — അസ്മദീയൈഃ പുത്രൈഃ
ശത്രുപുത്രാംശ്ച
വനുയാമ — ഹന്യാമ
പിതൃ—വിത്തസ്യ — പിത്രാദിപരമ്പരയാ ലബ്ധസ്യ
രായഃ ഈശാനാസഃ — ധനസ്യ സ്വാമിനഃ
സൂരയഃ നഃ — വിദ്വാംസഃ, അസ്മാകം
(പുത്രാഃ)
ശത–ഹിമാഃ — ശതസംവത്സരാം (ജീവന്തസ്സന്തഃ)
വി അശ്യുഃ — വിശേഷേണ ഭുഞ്ജതാം
(ഭോഗ്യമാരോഗ്യം ദീർഘായുശ്ച ലഭതു)

അത്ഥം—അല്പയോ അഗ്നേ, അവിടുന്നാൽ രക്ഷിതരായി ഞങ്ങൾ ഞങ്ങളുടെ കുതിരകളെക്കൊണ്ട് ശത്രുക്കളുടെ കുതിരകളെയും, ഞങ്ങളുടെ ഭടരെക്കൊണ്ട് ശത്രുക്കളുടെ ഭടരെയും ഞങ്ങളുടെ മക്കളെക്കൊണ്ട് ശത്രുക്കളുടെ മക്കളെയും തോല്പിച്ചാലും. പിതൃപരമ്പരയായിലഭിച്ച ധനത്തിന്റെ ഉടമസ്ഥരായും പണ്ഡിതന്മാരായും ഞങ്ങളുടെമക്കൾ നൂറുകൊല്ലം ജീവിച്ച് സുഖമനുഭവിയ്ക്കട്ടെ. (അവക്ക് ആരോഗ്യവും ദീർഘായുസ്സുമുണ്ടാവട്ടെ.)

10 ഏതാതേ അഗ്ന ഉചഥാനിവേധോ
ജുഷ്ടാനിസന്തുമനസേ ഹൃദേച
ശകേമരായസ്സുധുരോ യമന്തേ
ധിശ്രവോ ദേവഭക്തന്ദധാനാഃ വ 20

അന്വയം:—

ഹേ വേധഃ, — മേധാവിൻ,
അഗ്നേ, ഏതാ ഉചഥാനി — അസ്മാഭിഃ പ്രയുക്താനി ഏതാനി സ്തോത്രാണി
തേ മനസേ ഹൃദേ ച — തവമനോവൃത്തയേ തദ്വൃത്തിമതേ അന്തഃകരണായ ച
ജുഷ്ടാനി സന്തു — പ്രിയാണി ഭവന്തു
തേ സു-ധുരഃ രായഃ — തവസംബന്ധിനഃ സുഷ്ഠുനിർവ്വാഹകസ്യ ധനസ്യ
യമം — നിയമനം (കറ്റം)
ദേവ—ഭക്തം ശ്രവഃ — ദേവൈസ്സംഭജനീയം ഹവിർല്ലക്ഷണമന്നം
അധി ദധാനാഃ — അഗ്നേരുപരിധാരയന്തഃ, ഹവിർഭിരഗ്നൌ ഹോമം കുർവ്വന്തഃ
ശകേമ — ശക്താഭൂയാസ്മ

അത്ഥം—മേധാവിയായ അഗ്നേ, ഞങ്ങളാൽ ചൊല്ലപ്പെട്ട ഈ സ്തോത്രങ്ങൾ അവിടത്തെ മനസ്സിന്നും, മനോവൃത്തിയെ ഭരിക്കുന്ന അന്തഃകരണത്തിന്നും പ്രിയങ്ങളായി ഭവിക്കട്ടെ ധമ്മകാര്യങ്ങൾ നല്ലപോലെ നിറവേററുന്നതിന്ന് ധനത്തിന്റെ ആയവ്യയങ്ങൾ നിയന്ത്രിക്കാൻ, ദേവന്മാക്കിഷ്ടമായ ഹവിസ്സ് അഗ്നിയിൽ ഹോമിക്കുന്നവരായ ഞങ്ങൾ ശക്തന്മാരായിത്തീരട്ടെ

വഗ്ഗം 21–22 രാഹൂഗണോ ഗോതമഃ ഋഷിഃ ഗായത്രീച്ഛന്ദഃ ഇന്ദ്രാഗ്നീ ദേവതാ

1 ഉപപ്രയന്തോ അധ്വരം
മന്ത്രംവോചേമാഗ്നയേ
ആരേ അസ്മേ ച ശൃണ്വതേ

അന്വയം —

അധ്വരം ഉപ—പ്രയന്തഃ — ഹിംസാപ്രത്യവായരഹിതം യജ്ഞം ഉപേത്യ പ്രകഷേണ ഗച്ഛന്തഃ സമ്യഗനുഷ്ഠിതവന്തഃ (വയം)

ആരേ അസ്മേ ച ശൃണ്വതേ — ആരേചദൂരേപിസ്ഥിതായ അസ്മാകം സ്തുതീശ്ശൃണ്വതേ

അഗ്നയേ മന്ത്രം വോചേമ — ഏതൽ സൂക്തരൂപം സ്തോത്രം വക്താരോഭൂയാസ്മ

(അസ്മാസു പ്രീത്യതിശയേന സവ്വത്ര വത്തമാനോഗ്നിഃ അസ്മദീയ സ്തോത്രം ശൃണോതി)

അത്ഥം—ഹിംസാദോഷരഹിതമായ യജ്ഞത്തെ വേണ്ടപോലെ അനുഷ്ഠിക്കുന്ന ഞങ്ങൾ അടുത്തും അകലെയും സ്ഥിതിചെയ്ത് ഞങ്ങളുടെ സ്തുതികൾ കേൾക്കുന്ന അഗ്നിയ്ക്കായി ഈ സൂക്തരൂപമായ സ്തോത്രം ചൊല്ലുമാറാവൂ (ഞങ്ങളിൽ അമിതപ്രീതികൊണ്ട് എല്ലാടവും വത്തിക്കുന്ന അവിടന്ന് ഞങ്ങളുടെ സ്തോത്രം കേൾക്കുന്നവനാ)

2 യസ്സീഹിതീഷു പൂർവ്യ

സ്സഞ്ജഗ്മാനാസുകൃഷ്ടിഷു

അരക്ഷദ്ദാശുഷേ ഗയം

അന്വയം:—

പൂർവ്യഃ യഃ	— ചിരന്തനഃ യഃ അഗ്നിഃ
സ്സീഹിതീഷു കൃഷ്ടിഷു	— വധകാരിണീഷു ശത്രുഭൂതാസു പ്രജാസു
സം—ജഗ്മാനാസു	— സംഗതാസു സതീഷു
ദാശുഷേ	— ഹവിർദ്ദത്തവതേയജമാനായ
ഗയം അരക്ഷൽ	— ധനം രക്ഷതി

(തസ്മൈ മന്ത്രം വോചേമ)

അർത്ഥം—ശാശ്വതനായ ഏതഗ്നി ഉപദ്രവകാരികളായ ശത്രുക്കളെ പ്രാപിച്ച് (അവരെ അടക്കി) ഹവിർദ്ദാതാവായ യജമാനന്നായി ധനം (സമ്പാദിച്ചുകൊടുത്ത്) രക്ഷിയ്ക്കുന്നുവോ, (അവരുടെ യോഗക്ഷേമങ്ങളെക്കാക്കുന്നുവോ) അവിടുത്തേയ്ക്കായി സ്തോത്രം ചൊല്ലുന്നു.

3 ഉതബ്രുവന്തു ജന്തവ

ഉദഗ്നിർവൃത്രഹാജനി

ധനഞ്ജയോരണേരണേ

അന്വയം:—

അഗ്നിഃ ഉൽ അജനി	— അരണ്യോസ്സകാശാൽ ഉൽപ്പന്നഃ
ഉത ജന്തവഃ	— അനന്തരം ജാതാഃ ഋത്വിജഃ
(യഃ) വൃത്ര—ഹാ	— ശത്രൂണാം ഹന്താ
രണേ—രണേ ധനം—ജയഃ	— യുദ്ധേയുദ്ധേ ശത്രുധനാനാം ജേതാ
ബ്രുവന്തു	— (തമഗ്നിം) സ്തുവന്തു

അർത്ഥം—അരണികളിൽ നിന്ന് അഗ്നി ഉൽപന്നനായി. പിന്നീടുണ്ടായ ഋത്വിക്കുകൾ, ശത്രുഹന്താവും എല്ലാ യുദ്ധങ്ങളിലും ശത്രുക്കളെ ജയിക്കുന്നവനും ആരോ, ആ അഗ്നിയെ സ്തുതിക്കട്ടെ.

4 യസ്യദൂതോഅസിക്ഷയേ

വേഷിഹവ്യാനിവീതയേ

ദസ്മൽകൃണോഷ്യധ്വരം

അന്വയം:—

(ഹേ അഗ്നേ) യസ്യ
ക്ഷയേ — ദേവയജനലക്ഷണേഗൃഹേ
(ദേവാനാം) ദൂതഃ (ത്വം)
അസി — ഭവസി
(യസ്യച) ഹവ്യാനി — ചരുപുരോഡാശാദീനി ഹവീംഷി
വീതയേ — (ദേവാനാം) ഭക്ഷണായ
വേഷി — ഗമയസി
(യസ്യച) അധ്വരം — യജ്ഞം
ദസ്മൽ കൃണോഷി — സർവൈർദ്ദർശനീയം കരോഷി (തംബ്രുവന്തു)

അർത്ഥം—അല്ലയോ അഗ്നേ, ഏതു യജമാനന്റെ യജ്ഞസ്ഥാനമായ ഗൃഹത്തിൽ ദേവന്മാരുടെ ദൂതനായ അവിടുന്നു വർത്തിക്കുന്നുവോ, ഏതു യജമാനന്റെ ചരുപുരോഡാശാദി ഹവിസ്സുകളെ ദേവഭോജനത്തിന്നായി എത്തിക്കുന്നുവോ, ഏതു യജമാനന്റെ യജ്ഞം അവിടുന്ന് എല്ലാവർക്കും ദർശനീയമാക്കുന്നുവോ, ആ അഗ്നിയെ സ്തുതിക്കട്ടെ.

5 തമിൽസുഹവ്യമംഗിര

സ്സുദേവംസഹസോയഹോ

ജനാആഹുസ്സുബർഹിഷം (വ.21)

അന്വയം:—

ഹേ സഹസഃ യഹോ — ബലസ്യപുത്ര
അംഗിരഃ — അംഗനാദിഗുണയുക്ത, (അഗ്നേ)

(യഃ യജമാനഃ ഏവമുക്തഃ)

തം ഇൽ	— തമേവയജമാനം
സു—ഹവ്യം	— ശോഭനഹവിഷ്കം
സു—ദേവം	— ശോഭനദൈവതം
സു—ബർഹിഷം	— ശോഭനയജ്ഞം
ജനാഃ ആഹുഃ	— സർവ്വേമനുഷ്യാഃ കഥയന്തി

അർത്ഥം—അല്ലയോ ബലത്തിന്റെ മകനായ അഗ്നേ, മുൻപറഞ്ഞ പ്രകാരമുള്ള യജമാനനെ ജനങ്ങൾ നല്ല ഹവിസ്സോടുകൂടിയവനെന്നും ഉൽകൃഷ്ടദേവനോടുകൂടിയവനെന്നും, ഉത്തമ യജ്ഞത്തോടുകൂടിയവനെന്നും പറയുന്നു.

6 ആ ചവഹാസിതാ ഇഹ
ദേവാ ഉപപ്രശസ്തയേ
ഹവ്യാസുശ്ചന്ദ്രവീതയേ

അന്വയം:—

ഹേ സു—ചന്ദ്ര	— ശോഭനാഹ്ലാദന (അഗ്നേ)
താൻ ദേവാൻ ഇഹ	
പ്ര—ശസ്തയേ	— അസ്മിൻ കർമ്മണി സ്തുതയേ
ഉപ ആ വഹാസി	— അസ്മൽ സമീപം ആവഹ, പ്രാപയ
(ആഗതേഭ്യസ്തേഭ്യഃ)	
ഹവ്യാ ച	— ചരുപുരഡോശാദീനി ഹവിംഷി ച
വീതയേ	— ഭക്ഷണായ (പ്രാപയ)

അർത്ഥം—അല്ലയോ ശോഭനാഹ്ലാദകരനായ അഗ്നേ, ആ ദേവന്മാരെ (എല്ലാം) ഈ കർമ്മത്തിൽ സ്തുതിയ്ക്കായി ഞങ്ങളുടെ അടുക്കൽ ആനയിച്ചാലും. എത്തിച്ചേരുന്ന അവൎക്ക് ചരുപുരോഡാശാദി ഹവിസ്സുകളും ഭക്ഷണത്തിന്ന് കൊണ്ടുകൊടുത്താലും.

7 നയോരുപബ്ദിരശ്വ്യ

ശ്ശൃണ്വേ രഥസ്യകച്ചന

യദഗ്നേയാസിദൂത്യം

അന്വയം —

ഹേ അഗ്നേ, യത് — യദാ
ദൂത്യം യാസി — ദേവാനാം ദൂതത്വം പ്രാപ്നോഷി
കത് ചന — കദാചന (തദാനീം സർവ്വദാപി)
യയോഃ — ഗച്ഛതഃ (തവ)
രഥസ്യ അശ്വ്യഃ ഉപബ്ദിഃ — അശ്വോത്പാദിതഃ
ശ്രവണാർഹശ്ശബ്ദഃ
ന ശൃണ്വേ — നശ്ശ്രൂയതേ
(രഥസ്യശീഘ്രഗമനേന ശബ്ദംനോപലഭ്യതേ)

അർത്ഥം—അല്ലയോ അഗ്നേ, എപ്പോൾ അവിടുന്ന് ദേവന്മാരുടെ ദൂതത്വം പ്രാപിക്കുന്നുവോ, അപ്പോഴൊന്നും അവിടുന്ന് സഞ്ചരിക്കുന്ന തേരിന്റെ കുതിരകൾ പുറപ്പെടുവിക്കുന്ന ശ്രവണസുഖമായ ശബ്ദം കേൾക്കപ്പെടാറില്ല. (തേരിന്റെ ഗതിവേഗം കൊണ്ട് ശബ്ദം കേൾക്കാറില്ല).

8 ത്വോതോ വാജ്യഹ്രയോ

ഭിപൂർവ്വസ്മാദപരഃ

പ്രദാശ്വാ അഗ്നേ അസ്ഥാത്

അന്വയം —

(യഃ പുരുഷഃ) പൂർവ്വസ്മാത് — സ്വസ്മാദധികാരാത്
അപരഃ — നികൃഷ്ടഃ (ഭവതി)
ഹേ അഗ്നേ, (സഃ
ഇദാനീം) ദാശ്വാൻ — ഇഭ്യംഹവീംഷി ദാതാസൻ
ത്വാ–ഊതഃ — ത്വയാരക്ഷിതഃ

വാജീ, അഹ്രയഃ — അന്നവാൻ, ലജ്ജാരഹിതസ്സൻ
അഭി പ്ര അസ്ഥാൽ — ഐശ്വര്യമഭിപ്രാപ്യ പ്രതിതിഷ്ഠതി സർവ്വോൽകൃഷ്ടോ ഭവതി

അർത്ഥം—യാതൊരുവൻ തനിക്കധികാരമില്ലാത്ത, വിധിക്കപ്പെടാത്ത കർമ്മം (അപരകർമ്മം) ചെയ്തു്, സ്വധർമ്മം വിട്ടു പരധർമ്മം പ്രാപിച്ചു്, നികൃഷ്ടനായി ഭവിയ്ക്കുന്നുവോ അവൻ, അല്ലയോ അഗ്നേ, അവിടേയ്ക്കു് ഹവിസ്സർപ്പിച്ചു്, അവിടുന്നാൽ രക്ഷിതനായി അന്നവാനും (അവിഹിത കർമ്മംചെയ്ത) ലജ്ജവിട്ടവനുമായി സർവ്വൈശ്വര്യം പ്രാപിച്ചു്, സകലോൽകൃഷ്ടനായി ഭവിക്കുന്നു. ('ശ്രേയാൻ സ്വധർമ്മോ വിഗുണഃ പരധർമ്മാൽ സ്വനുഷ്ഠിതാൽ' എന്നു് ഗീത. അപ്രകാരമുള്ള പരധർമ്മചാരിയായ പാപികൂടി, അഗ്ന്യുപാസനകൊണ്ടു് ഉൽകൃഷ്ടനായി ഭവിയ്ക്കുന്നു.)

9 ഉതദ്യുമൽസുവീര്യം
ബൃഹദഗ്നേ വിവാസസി
ദേവേഭ്യോ ദേവദാശുഷേ — വ 22

അന്വയം:—

ഉത, ഹേ ദേവ, അഗ്നേ,— ദ്യോതമാനാഗ്നേ,
ദേവേഭ്യഃ ദാശുഷേ — ഹവീംഷിദത്തവതേ യജമാനായ
ബൃഹൽ ദ്യുമൽ സുവീര്യം—പ്രൗഢം, ദീപ്തം, ശോഭനവീര്യോപേതം (ധനം)
വിവാസസി — ഗമയിതുമിച്ഛസി, പ്രാപയസി

അർത്ഥം—കൂടാതെ, അല്ലയോ പ്രകാശവാനായ അഗ്നേ, ദേവന്മാർക്കു് ഹവിസ്സർപ്പിയ്ക്കുന്ന യജമാനന്നു് അവിടുന്നു് മഹത്തും ശോഭനവും വീര്യവത്തുമായ ധനത്തെ എത്തിക്കുന്നു.

വർഗ്ഗം 23

1 ജുഷസ്വ സപ്രഥസ്തമം

വചോദേവപ്സരസ്തമം

ഹവ്യാജുഹ്വാന ആസനി

അന്വയം:—

(ഹേ അഗ്നേ,) സപ്രഥഃ—തമം—	— അതിശയേന വിസ്തീർണ്ണം
ദേവപ്സരഃ—തമം	— ദേവാനാം പ്രീണയിതൃതമം
വചഃ	— സ്തോത്രലക്ഷണമസ്മദീയം വചനം
ആസനി	— (തവ) ആസ്യേ
ഹവ്യാ	— ഹവ്യാനി, സ്തോകലക്ഷണാനി ഹവീംഷി
ജുഹ്വാനഃ	— പ്രക്ഷിപൻ
ജുഷസ്വ	— സേവസ്വ

(ഇമാനിസ്തോകലക്ഷണാനി ഹവീംഷി വൃഥാമാഭൂൽ. തത് സർവ്വം ത്വദീയേന മുഖേന സ്വീകുരു)

അർത്ഥം—അല്ലയോ അഗ്നേ, ഏറ്റവും വിസ്തീർണ്ണവും ദേവന്മാർക്കേററവും പ്രിയങ്കരവുമായ ഞങ്ങളുടെ സ്തുതിവചനം, അവിടത്തെ മുഖത്തിൽ വററുവററായി ചിന്നിയ ഹവിസ്സുകളേറ്റുകൊണ്ട് സ്വീകരിച്ചാലും. (ഈ വററു വററായ ഹവിസ്സുകളും വെറുതെ പോകരുത്. അവയെല്ലാം അവിടത്തെ മുഖം കൊണ്ടു സ്വീകരിച്ചാലും.)

2 അഥാതേ അങ്ഗിരസ്തമാ

ഗ്നേവേധസ്തമ പ്രിയം

വോചേമബ്രഹ്മസാനസി

അന്വയം:—

ഹേ അംഗിരഃ—തമ, — അംഗനാദി ഗുണയുക്ത,
വേധഃ—തമ, — അതിശയേന മേധാവിൻ,
അഗ്നേ, അധ തേ
സാനസി — തുഭ്യം സം ഭജനീയം
പ്രിയം ബ്രഹ്മ വോചേമ — പ്രീതികരം സ്തോത്രം വക്താരോ ഭൂയാസ്മ

അർത്ഥം—അല്ലയോ പ്രകാശമാനനും മേധാവിയുമായ അഗ്നേ, ഇതാ ഇപ്പോൾ അവിടേയ്ക്കു് പ്രശംസനീയവും, പ്രീതികരവുമായ സ്തോത്രം ഞങ്ങൾ ചൊല്ലുന്നു.

3 കസ്തേജാമിർജ്ജനാനാ
മഗ്നേകോദാശ്വധ്വരഃ
കോഹകസ്മിന്നസിശ്രിതഃ

അന്വയം:—

ഹേ അഗ്നേ, ജനാനാം — മനുഷ്യാണാം മദ്ധ്യേ
തേ കഃ ജാമിഃ — തവകോ ബന്ധുഃ? (ത്വം സർവ്വൈർഗ്ഗുണൈരധികഃ തവാനുരൂപോ ബന്ധുർന്നാസ്തി)
കഃ ദാശ്വ—അധ്വരഃ — ദത്തഃ അധ്വരഃ, യജ്ഞഃ യേന സതഥോക്തഃ
(ത്വാം യഷ്ടുമപിസമർത്ഥഃ കോപിനാസ്തി)
കഃ ഹ — കഥംഭൂതസ്ത്വം (ഈദൃക്‌രൂപ ഇതിസർവ്വൈഃ നജ്ഞായതേ)
കസ്മിൻ (സ്ഥാനേ) ശ്രിതഃ
അസി — ആശ്രിതഃ വർത്തസേ
(തൽസ്ഥാനമപി ന കേചിൽ ജ്ഞായതേ)

അർത്ഥം—അല്ലയോ അഗ്നേ, മനുഷ്യരുടെ ഇടയിൽ അവിടേയ്ക്കു ആർ ബന്ധുവാകുന്നു? (സർവ്വഗുണനിധിയായ അവിടേയ്ക്കു് അനുരൂപനായ ബന്ധുവാരുമില്ല) അവിടേയ്ക്കു് യജ്ഞം

നല്കുന്നവൻ ആരുണ്ട്? (അവിടത്തെ യജിക്കാൻ അർഹതയുള്ള, കഴിവുള്ള ആരുമില്ല) അവിടുന്ന് ഏതുസ്ഥാനത്ത്, ഏതുരൂപത്തിൽ വർത്തിക്കുന്നു? (അവിടത്തെ സ്ഥാനവും എല്ലാവർക്കുമജ്ഞാതമാണ് ഇവിടെ പ്രത്യക്ഷനായ അഗ്നിയെയല്ല, പരമാത്മസ്വരൂപനായ പരമേശ്വരനെയാണ് പരാമർശിക്കുന്നതെന്ന് സ്പഷ്ടം)

4 ത്വഞ്ജാമിജ്ജനാനാ
മഗ്നേമിത്രോഅസിപ്രിയഃ
സഖാസഖിഭ്യഈഡ്യഃ

അന്വയം —

ഹേ അഗ്നേ, ത്വം — അചിന്ത്യരൂപോപി അനുഗ്രഹീതൃതയാ
(സർവ്വേഷാം) ജനാനാം
ജാമിഃ അസി — ബന്ധുഭവസി
(തഥാ) പ്രിയഃ (ത്വം യജമാനാനാം) മിത്രഃ (അസി)
ഈഡ്യഃ — സ്തുതിഭിഃ സ്തുത്യഃ (ത്വം)
സഖി–ഭ്യഃ സഖാ — സമാനഖ്യാനേഭ്യഃ ഋത്വിഗ്ഭ്യഃ സഖിവദത്യന്തം പ്രിയഃ (അസി,)

അർത്ഥം—അല്ലയോ അഗ്നേ, അജ്ഞേയരൂപനെങ്കിലും അവിടുന്ന് അനുഗ്രഹബുദ്ധികൊണ്ട് എല്ലാ ജനങ്ങൾക്കും ബന്ധുവാകുന്നു പ്രിയനായ അവിടുന്ന് യജമാനന്മാർക്കിഷ്ടനാകുന്നു സ്തുതികളാൽ പ്രശസ്യനായ അവിടുന്ന് സമാനധർമ്മികളായ ഋത്വിക്കുകൾക്ക് തോഴനെന്നപോലെ പ്രിയനാകുന്നു

5 യജാനോമിത്രാവരുണാ
യജാദേവാഁഋതംബൃഹത്
അഗ്നേയക്ഷിസ്വന്ദമം

വ 23

അന്വയം —

ഹേ അഗ്നേ, നഃ — അസ്മദത്ഥം
മിത്രാവരുണാ യജ — ഏതൽ സംജ്ഞകൌ ദേവൌ ഹവിഷാ പൂജയ
(തഥാ) ദേവാൻ യജ — ഇന്ദ്രാദീൻ പൂജയ
ഋതം — സത്യം, യഥാത്ഥഫലം യജ്ഞം (ച) യജേത
(തദത്ഥം) ബൃഹൽ സ്വം
ദമം — പ്രൌഢം സ്വകീയം യജ്ഞഗൃഹം
യക്ഷി — യജ, സംഗച്ഛസ്വ (ത്വയ്യന്തർദ്ദീപ്യമാനേ സതിഹി, യജ്ഞഗൃഹം പൂജ്യതേ)

അത്ഥം—അല്ലയോ അഗ്നേ, ഞങ്ങൾക്കവേണ്ടി മിത്രവരുണന്മാരെ ഹവിസ്സുകൊണ്ട് പൂജിച്ചാലും. അതുപോലെ ഇന്ദ്രാദിദേവന്മാരെ പൂജിച്ചാലും സത്യത്തെ, യഥാത്ഥഫലാത്മകമായ യജ്ഞത്തെ അനുഷ്ഠിച്ചാലും അതിനുവേണ്ടി അവിടത്തെ സ്വന്തമായയജ്ഞഗൃഹത്തിൽ എഴുന്നള്ളിയാലും. (അഗ്നി ഉള്ളിൽ ജ്വലിച്ചാലേ യജ്ഞഗൃഹം പൂജ്യമാകൂ)

വർഗ്ഗം—24—ത്രിഷ്ടുപ്ഛന്ദഃ

1 കാത ഉപേതിമ്മനസോവരായ
ഭുവദഗ്നേശന്തമാകാമനീഷാ
കോവായജ്ഞൈഃ പരിദക്ഷന്ത ആപ
കേനവാതേമനസാദാശേമ

അന്വയം —

ഹേ അഗ്നേ, തേ — തവ
മനസഃ വരായ — നിവാരണായ, ആസ്വാസ്വവ
[illegible]

കാ ഉപ—ഇതിഃ ഭുവൽ — കീദൃശമുപഗമനം ഭവേൽ, നകാപ്യസ്തി തവോചിത മുപഗമനം കർത്തും വയം നശക്നുമഃ

മനീഷാ — സ്തുതിഃ

ശം—തമാ കാ? — തവ അതിശയേന സുഖകരീ കീദൃശീ (ഭവേൽ?) തവോചിത സ്തുതിരപിനാസ്തി

കഃ വാ (യജമാനഃ)
(യജ്ഞൈഃ) — തവസംബന്ധിഭിര്യാഗൈഃ

ദക്ഷം പരി ആപ? — വൃദ്ധിം പര്യാപ്പോൽ? ന കോപീത്യർത്ഥഃ തവോചിതാൻ യാഗാനനുഷ്ഠായതൈഃ ഫലം പ്രാപ്യതേ ഇത്യേതദപി ദുർഘട മേവ

(ഉപഗമനാദികം താവദാസ്താം, തസ്യ സർവ്വസ്യ സാധന ഭൂതം മന ഏവാസ്മാകം ദുർല്ലഭം)

(ഹേ അഗ്നേ) തേ — തുഭ്യം

കേന വാ മനസാ — കീദൃശ്യാബുദ്ധ്യാ

തേ ദാശേമ — ഹവീംഷി പ്രയച്ഛാമ

(തവോപഗമനാദ്യനരൂപം മനഃ അസ്മാകം നോൽപദ്യതേ)

അർത്ഥം—അല്ലയോ അഗ്നേ, അവിടുത്തെ മനസ്സ് ഞങ്ങളിൽ പതിയുവാൻ (അതിന്ന് ഞങ്ങളുടെ മനസ്സ് അവിടുന്നിൽ പതിയണമല്ലൊ) എങ്ങിനെ വഴിയുണ്ടാവും? ഉചിതമായി അവിടുത്തെ ഉള്ളിൽ കടക്കാൻ ഞങ്ങാം ശക്തരല്ല. ഏതു സ്തുതിയാണ് അവിടേയ്ക്കു ഏററവും സുഖകരിയായി ഭവിയ്ക്കുക? അവിടുത്തെ മഹത്വത്തിന്നു ചേർന്ന സ്തുതിയില്ല. ഏതു യജമാനനാണ് അവിടുത്തെ സംബന്ധിച്ച യജ്ഞങ്ങളാൽ വൃദ്ധിയെ പ്രാപിയ്ക്കുന്നതു്? അവിടേയ്ക്കു ചേർന്ന യാഗങ്ങളനുഷ്ഠിച്ച് ഫലം നേടുക എന്നതു് വിഷമമാകുന്നു. എല്ലാററിന്നും സാധനഭൂതമായ മനസ്സുവേണം. അതാണ് ഞങ്ങാക്ക് സ്വാധീനമല്ലാത്തതു്. അല്ലയോ അഗ്നേ, അവിടേയ്ക്കു എപ്രകാരമുള്ള മനസ്സോടുകൂടിയാണ് ഞങ്ങാം ഹവിസ്സർപ്പിക്കേണ്ടതു്? അതു് ഞങ്ങാക്കില്ലല്ലോ അതുണ്ടാക്കിത്തരണമെന്ന് ഭാവം.

2 ഏഹ്യഗ്നഇഹഹോതാനിഷീദാ

ദബ്ധസ്സപുരഏതാഭവാനഃ

അവതാന്ത്വാരോദസീവിശ്വമിന്വേ

യജാമഹേസൌമനസായദേവാൻ

അന്വയം —

ഹേ അഗ്നേ, ആ ഇഹി — ആഗച്ഛ

ഇഹ ഹോതാ (സൻ)

നി സീദ — അസ്മിൻയജ്ഞേ ദേവാനാം ആഹ്വാതാസൻ ഉപവിശ

നഃ പുരഃ—ഏതാ സ ഭവ — അസ്മാകം പുരോഗന്താസൃഷ്ഠഭവ

(യസ്മാൽത്വം) അദബ്ധഃ — രാക്ഷസാദിഭിരഹിംസ്യഃ

(താദൃശം) ത്വാ വിശ്വം—

ഇന്വേ — സർവ്വംപ്രാപ്നവത്യൌ

രോദസീ അവതാം — ദ്യാവാപൃഥിവ്യൌരക്ഷതാം

(രക്ഷിതസ്സൻ) മഹേ — മഹതേ

സൌമനസായ — സൌമനസ്യായ

ദേവാൻ യജ — ഇന്ദ്രാദീൻഹവിർഭിഃ പൂജയ

അത്ഥം—അല്ലയോ അഗ്നേ, വന്നാലും ഈ യജ്ഞത്തിൽ ദേവന്മാരെ വിളിക്കുന്നവനായി ഇരുന്നാലും ഞങ്ങൾക്കു പുരോഗാമിയായി ഭവിച്ചാലും രാക്ഷസാദികളാൽ അജയ്യനായ അവിടുത്തെ, സർവ്വവ്യാപിനികളായ ദ്യാവാപൃഥിവികൾ രക്ഷിക്കട്ടെ അങ്ങിനെ രക്ഷിതനായി അവിടുന്നു മഹത്തായ അനുഗ്രഹത്തിന്നുവേണ്ടി ഇന്ദ്രാദിദേവന്മാരെ ഹവിസ്സുകൾകൊണ്ടു പൂജിച്ചാലും

3 പ്രസവിശ്വാന്നക്ഷസോ ധക്ഷ്യഗ്നേ

ഭവായജ്ഞാനാമഭിശസ്തിപാവാ

അഥാവഹസോമപതിംഹരിഭ്യോ

മാതിഥ്യമസ്മൈ ചകൃമാസുദാവ്നേ

അന്വയം:—

ഹേ അഗ്നേ, വിശ്വാൻ
രക്ഷസഃ — സർവ്വാൻ രാക്ഷസാൻ
പ്ര സു ധക്ഷി — പ്രകർഷേണ ദഹ
(ദഗ്ധ്വാ ച) യജ്ഞാനാം — അസ്മാഭിരനുഷ്ഠേയാനാം
യാഗാനാം
അഭിശസ്തി—പാവാ ഭവ — അഭിശസ്തേഃ, ഹിംസായാഃ
പാതാ, രക്ഷിതാ ഭവ
അഥ സോമ—പതിം — ഇന്ദ്രം
ഹരി—ഭ്യാം ആ വഹ — തദീയാശ്വാഭ്യാം യജ്ഞം
പ്രാപയ
(ആഗതായ) അസ്മൈ
സു—ദാവ്നേ — ശോഭനഫലദാത്രേ
ആതിഥ്യം ചകൃമ — അതിഥ്യർഹസല്ക്കാരം കുർമ്മഃ

അർത്ഥം—അല്ലയോ അഗ്നേ, (യജ്ഞഘാതികളായ) എല്ലാ രാക്ഷസന്മാരെയും ചുട്ടെരിച്ചാലും പിന്നെ ഞങ്ങളനുഷ്ഠിക്കേണ്ടും യാഗത്തെ ഹിംസയിൽനിന്ന് രക്ഷിക്കുന്നവനായി ഭവിച്ചാലും എല്ലാ സോമങ്ങളുടെയും നാഥനായ ഇന്ദ്രനെ, അവിടത്തെ കുതിരകളോടുകൂടി കൊണ്ടുവന്നാലും അങ്ങിനെ എഴുന്നള്ളുന്ന ആ മഹാഫലദാതാവിന്ന് അതിഥിക്കുചേർന്ന സല്ക്കാരങ്ങൾ ഞങ്ങൾ ചെയ്യുന്നുണ്ട്.

4 പ്രജാവതാവചസാ വഹ്നിരാസാ
ചഹുവേ നിചസത്സീഹദേവൈഃ
വേഷിഹോത്രമുതപോത്രംയജത്ര
ബോധിപ്രയന്തർജനിതർവസൂനാം

അന്വയം —

പ്രജാ—വതാ — അപത്യാദി ഫലോപേതേന
വചസാ — സ്തോത്രേണ സ്തുതഃ
(യഃ അഗ്നിഃ)
ആസാ — ആസ്യസ്ഥാനീയയാ ജ്വാലയാ
വഹ്നിഃ — ദേവേഭ്യോ ഹവിഷാം വോഢാ,

(തമഗ്നിം) ആ ച	
ഹ്വേ	— ആഹ്വയാമി
(ആഹൂതസ്സൻ ഹേ	
അഗ്നേ, ത്വം) ഇഹ	— അസ്മിൻകർമ്മണി
ദേവൈഃ (സഹ) നി	
സഥ്സി ച	— നിഷീദ ച
(നിഷദ്യ) ഹേ യജത്ര	— യജനീയ, (അഗ്നേ)
ഹോത്രം	— ഹോത്രാക്രിയമാണം കർമ്മ
ഉത പോത്രം വേഷി	— അപി ച പോത്രാകൃതം കർമ്മകാമയസ്വ
വസൂനാം പ്ര—യന്തഃ	— ധനാനാം പ്രകർഷേണനിയന്തഃ, വസൂന്യസ്മദായത്താനികുർവ്വൻ
ഹേ ജനിതഃ	— ആഹുതിദ്വാരാ സർവ്വസ്യ ജനയിതഃ (അഗ്നേ)
ബോധി	— അസ്മാൻ ബോധയ

അർത്ഥം—സന്തത്യാദി ഫലങ്ങളോടുകൂടിയ സ്തോത്രങ്ങളാൽ സ്തുതിക്കപ്പെടുന്ന ഏതഗ്നി, മുഖത്തിൻെറ സ്ഥാനത്തുള്ള ജ്വാലകൊണ്ടു് ദേവന്മാൎക്കു് ഹവിസ്സു വഹിക്കുന്നവനായി ഭവിക്കുന്നുവോ, ആ അഗ്നിയെ വിളിക്കുന്നു. അല്ലയോ അഗ്നേ, വിളിക്കപ്പെട്ട അവിടുന്നു്, മററു ദേവന്മാരോടുകൂടി ഈ കർമ്മത്തിൽ ഇരുന്നാലും. ഇരുന്നു്, പൂജ്യനായ അഗ്നേ, ഹോതാവിനാലും പോതാവിനാലും ചെയ്യപ്പെടുന്ന കർമ്മം ഇഷ്ടപ്പെട്ടു സ്വീകരിച്ചാലും. ധനങ്ങളുടെ നിയന്താവായി ആഹുതിവഴിക്കു് എല്ലാററിൻെറയും ജനയിതാവായ അഗ്നേ, ഞങ്ങളെ അറിഞ്ഞാലും (ആഹുതി വഴിക്കു് ജനിതൃത്വം എന്നുവെച്ചാൽ, ആഹുതി മൂലം ദേവപ്രീതി, ദേവപ്രീതിമൂലം വൃഷ്ടി, വൃഷ്ടി മൂലം സസ്യവൃദ്ധി, ഈ ക്രമത്തിൽ അഗ്നിക്കു് സർവ്വജനകത്വം).

5 യഥാ വിപ്രസ്യ മനുഷോഹവിർഭി
ർദ്ദേവാ അയജഃ കവിഭിഃ കവിസ്സൻ
ഏവാ ഹോതസ്സത്യതരത്വമദ്യാ
ഗ്നേമന്ദ്രയാജുഹ്വായജസ്വ.

അന്വയം —

ഹോതഃ, — ഹോമനിഷ്പാദക
സത്യ–തര, — അതിശയേന സൽസ്വസാധോ
അഗ്നേ, ത്വം
കവിഃ സൻ — ക്രാന്തദർശീസൻ
കവി–ഭിഃ — മേധാവിഭിഃ ഋത്വിഗ്ഭിഃ (സഹ)
വിപ്രസ്യ മനുഷഃ — മേധാവിനഃ മനോഃ (യജ്ഞേ)
ഹവിഃ–ഭിഃ — ചരുപുരോഡാശാദിഭിഃ
യഥാ ദേവാൻ അയജഃ
ഏവ അദ്യ — തഥാ അസ്മിൻ യജ്ഞേ
മന്ദ്രയാ ജുഹ്വാ — ഹർഷയിത്ര്യാ ഹോമസാധന ഭൂതയാസ്രുചാ
യജസ്വ — ദേവാൻ പൂജയ

അർത്ഥം—ഹോമനിർവ്വാഹകനും, ഏററവും സത്തുക്കളിൽ വെച്ച് സത്തമായ അഗ്നേ, അവിടുന്ന് എല്ലാററിനും അപ്പുറം കാണുന്നവനായി, വിദ്വാന്മാരായ ഋത്വിക്കുകളോടുകൂടി, ജ്ഞാനിയായ മനുവിന്റെ യാഗത്തിൽ ചരുപുരോഡാശാദി ഹവിസ്സുകളെക്കൊണ്ട് ദേവന്മാരെ യജിച്ചപോലെ, ഈ യജ്ഞത്തിലും ഹർഷകരമായി ഹോമസാധനമായ സ്രുവംകൊണ്ട് ദേവന്മാരെ തൃപ്പിച്ചാലും.

വർഗ്ഗം—25

1 കഥാദാശേമാഗ്നയേകാസ്മൈ
ദേവജുഷ്ടോച്യതേഭാമിനേഗീഃ
യോമർത്ത്യേഷ്വമൃതഋതാവാ
ഹോതായജിഷ്ഠ ഇത് കൃണോതിദേവാൻ

അന്വയം —

അമൃതഃ — മരണരഹിതഃ
ഋത–വാ — ഋതവാൻ, സത്യവാൻ, യജ്ഞവാൻ

ഹോതാ — ദേവാനാമാഹ്വാതാ
യജിഷ്ഠഃ — അതിശയേനയഷ്ടാ
യഃ (അഗ്നിഃ) മർത്ത്യേഷു — മരണധർമ്മേഷ്വസ്മാസുവർത്തമാനസ്സൻ
ദേവാൻ ഇൽ കൃണോതി — ഹവിർഭിര്യുക്താൻ കരോത്യേവ
(താദൃശായ) അസ്മൈ
അഗ്നയേ കഥാ ദാശേമ — കഥം ഹവീംഷിദദാമ വയമഗ്നേരനുരൂപം യജ്ഞം കർത്തുമശക്താഃ
(അഥവാ) ഭാമിനേ — തേജസ്വിനേ (അഗ്നയേ)
ദേവ—ജുഷ്ടാ — ദേവൈസ്സേവിതവ്യാ
ഗീഃ കാ ഉച്യതേ — കീദൃശീസ്തുതിരിഹ ഉച്യതേ, തദർഹാം സ്തുതിമപികർത്തും ന ശക്താഃ

അർത്ഥം—ശാശ്വതനും സത്യവാനും (യജ്ഞാത്മാവും) ദേവന്മാരെ വിളിയ്ക്കുന്നവനും, ഏറ്റവും യാഗകർത്താവും ആയ യാതൊരഗ്നി മരണധർമ്മികളായ ഞങ്ങളിൽ വർത്തിച്ച്, ദേവന്മാരെ സിദ്ധഹവിസ്സുകളാക്കുന്നുവോ, അപ്രകാരമുള്ള അഗ്നിയ്ക്കായി എങ്ങിനെ ഞങ്ങൾ ഹവിസ്സർപ്പിക്കും? അവിടേയ്ക്കനുരൂപമായ യജ്ഞം ചെയ്യാൻ ഞങ്ങളശക്തരാണ്. അല്ലെങ്കിൽ തേജസ്വിയായ അഗ്നിയ്ക്കായി ദേവന്മാരാൽ സേവിക്കപ്പെടേണ്ടുന്ന ഏതുസ്തുതിചൊല്ലും? അവിടേയ്ക്ക് യോജിച്ച സ്തുതി ചൊല്ലാനും ഞങ്ങൾ ശക്തരല്ല

2 യോഅധ്വരേഷുശന്തമൃതാവാ
ഹോതാതമൂനമോഭിരാകൃണുധ്വം
അഗ്നിര്യദ്വേർമ്മർത്തായദേവാ
ന്ത്സചാബോധാതിമനസായജാതി

അന്വയം:—
(ഹേ ഋത്വിജഃ) യഃ
(അഗ്നിഃ) മർത്തായ — മനുഷ്യായ
അധ്വരേഷു — യാഗേഷു യജമാനാർത്ഥം

ശം–തമഃ, ഋത-വാ	— സുഖകരീ, സത്യവാൻ
ഹോതാ	— ദേവാനാമാഹ്വാതാ (ഭവതി)
യൽ (അയം) അഗ്നിഃ	
ദേവാൻ വേഃ	— യദാ വേതി, ഗച്ഛതി
(തദാനീം) സഃ (യഷ്ടവ്യാൻ സർവ്വാൻ ദേവാൻ)	
ബോധാതി ച	— ജാനാതി ച
(ജ്ഞാത്വാ ച) മനസാ	
യജാതി	— നമസാഹവിർഭിശ്ച പൂജയതി
തം ഉ നമഃ–ഭിഃ	— തമേവാഗ്നിം സ്തോത്രൈഃ
ആ കൃണുധ്വം	— അഭിമുഖീകുരുത

അർത്ഥം—ഋത്വിക്കുകളേ, യാതൊരഗ്നി, മരണധർമ്മിയായ മനുഷ്യന്ന്, യജമാനന്നു്വേണ്ടി യാഗങ്ങളിൽ സുഖകാരിയായും സത്യവാനായും ദേവന്മാരെ വിളിക്കുന്നവനായി ഭവിക്കുന്നുവോ, എപ്പോഴാം ഈ അഗ്നി ദേവന്മാരെ പ്രാപിക്കുന്നുവോ, അപ്പോഴാം അവിടുന്നു് എല്ലാദേവന്മാരെയും (വേർതിരിച്ചു്) അറിയുന്നു അറിഞ്ഞിട്ടു്, നമസ്കാരം കൊണ്ടും ഹവിസ്സുകൾ കൊണ്ടും അവരെ പൂജിക്കുന്ന ആ അഗ്നിയെ സ്തോത്രങ്ങളെ കൊണ്ടു് പ്രത്യക്ഷപ്പെടുത്തുക

3 സഹി ക്രതുസ്സ മര്യസ്സ സാധു
ർമ്മിത്രോ ന ഭൂദദ്ഭുതസ്യ രഥീഃ
തമ്മേധേഷു പ്രഥമം ന്ദേവയന്തീ
ർവ്വിശ ഉപ ബ്രുവതേ ദസ്മമാരീഃ

അന്വയം —

സഃ ഹി (അഗ്നിഃ) ക്രതുഃ	— കർമ്മണാം കർത്താ
സഃ (ഏവ) മര്യഃ	— മാരയിതാ, വിശ്വസ്യോപസംഹർത്താ
സാധുഃ	— സാധയിതാ ഉൽപാദയിതാ
മിത്രഃ ന	— യഥാ സഖാ ധനാനി പ്രാപയതി
സഃ (ഏവ) അദ്ഭുതസ്യ രഥീഃ	— അദ്ഭുതസ്യ, അലബ്ധസ്യ ധനസ്യ രംഹയിതാ, പ്രാപയിതാ

ഭൂൽ	— വേതി
തം (ഏവ) മേധേഷു	— യജ്ഞേഷു
ദേവ–യന്തീഃ	— ദേവയന്ത്യഃ, ദേവാൻ ആത്മന ഇച്ഛന്ത്യഃ
ദസ്മം	— ദശനീയം (തമഗ്നിം)
ആരീഃ	— ഗച്ഛന്ത്യഃ, ഭജന്ത്യഃ
വിശഃ പ്രഥമം ഉപ ബ്രുവതേ	— സ്തുതിഭിഃ ഉപേത്യ പ്രധാനഭൂത ഇതി കഥയന്തി

അർത്ഥം:—ആ അഗ്നിതന്നെയാണ് കർമ്മങ്ങൾക്ക് കർത്താവ്, അതായതു ലോകസ്ഥിതിരക്ഷകൻ. അവിടുന്നുതന്നെയാണ് ലോകത്തിന്നു് സംഹർത്താവ്, അവിടുന്നുതന്നെയാണ് ലോകത്തിൻെറ സ്രഷ്ടാവ്. (വിഷ്ണുശിവബ്രഹ്മമൂർത്തിത്രയം അഗ്നിതന്നെയാണ്) അവിടുത്തെത്തന്നെയാണ് ദേവന്മാരുടെ അനുഗ്രഹം കാംക്ഷിയ്ക്കുന്ന പ്രജകൾ യജ്ഞങ്ങളിൽ ദർശനീയനായി ഭജിച്ചുകൊണ്ട് സ്തുതികളാൽ സമീപിച്ച്, സർവ്വപ്രധാനനെന്നു് പുകഴ്ത്തുന്നതു്

4 സനോനൃണാന്നൃതമോരിശാദാ
അഗ്നിർഗ്ഗിരോവസാവേതു ധീതിം
തനാചയേമഘവാനശ്ശവിഷ്ഠാ
വാജപ്രസൂതാ ഇഷയന്ത മന്മ

അന്വയം:—

നൃണാം നൃ–തമഃ	— യജ്ഞസ്യനേതൄണാം മദ്ധ്യേ അതിശയേന നേതാ
രിശാദാഃ	— രിശതാം, ഹിംസതാം അസിതാ, നിരസിതാ,
സഃ അഗ്നിഃ നഃ ഗിരഃ	— അസ്മാകം സ്തുതീഃ
അവസാ	— ഹവിർല്ലക്ഷണാന്നേന യുക്താം
ധീതിം വേതു	— കർമ്മ (ച) കാമയതാം

(അപി) ച യേ
(യജമാനാഃ) തനാ — വിസ്തൃതേന ധനേന
മഘ–വാനഃ ശവിഷ്ഠാഃ — ധനവന്തഃ ബലിനഃ (ച സന്തഃ)
വാജ–പ്രസൂതാഃ — പ്രസൂതം, പ്രേരിതം വാജഃ, ഹവിർല്ലക്ഷണമന്നം യൈഃ താദൃശാ ഭൂത്വാ
മന്മ ഇഷയന്ത — മനനരൂപം സ്തോത്രം ഏഷയന്തി ഋത്വിഗ്ഭിഃ കാരയിതുമിച്ഛന്തി
(തേഷാമപിസ്തുതീഃ അഗ്നിഃ കാമയതാം)

അർത്ഥം—യജ്ഞനേതാക്കളുടെ ഇടയിൽ ഏററവും നേതാവും ഉപദ്രവകാരികളെ ആകററിമാററുന്നവനുമായ അഗ്നി നമ്മളുടെ സ്തുതികളെയും ഹവിസ്സോടു കൂടിയ കർമ്മത്തെയും ഇഷ്ടപ്പെടട്ടെ കൂടാതെ വിസ്തൃതമായ ധനം കൊണ്ടു പുഷ്ടന്മാരായവർ ബലവാന്മാരായി, ഹവിരന്നത്തെ ഉൽപാദിപ്പിക്കുന്നവരായി വേിച്ച്, ഋത്വിക്കുകളെക്കൊണ്ട് അവിടത്തെക്കുറിച്ച സ്തുതികൾ ചൊല്ലിക്കട്ടെ. അപ്രകാരമുള്ള സ്തുതികൾ അവിടുന്നിഷ്ടപ്പെടട്ടെ.

5 ഏവാഗ്നിർഗ്ഗോതമേഭിരൃതാവാ
വിപ്രേഭിരസ്തോഷ്ടജാതവേദാഃ
സഏഷുദ്യുമ്നംപീപയത്സവാജം
സപുഷ്ടിംയാതിജോഷമാചികിത്വാൻ വ. 25

അന്വയം—

ഋത–വാ ജാത–വേദാഃ അഗ്നിഃ — ഋതവാൻ, യജ്ഞവാൻ, ജാതപ്രജ്ഞോഗ്നിഃ
വിപ്രേഭിഃ ഗോതമേഭിഃ — ഗോതമൈഃ ഋഷിഭിഃ
അസ്തോഷ്ട — സ്തുതോഭൂത്
(സ്തുതശ്ച) സഃ (അഗ്നിഃ)
ഏഷു (ഗോതമേഷു) ദ്യുമ്നം — ദ്യോതമാനം സോമം

പിപയൽ	— അപിബൽ
സഃ ഏവ വാജം	— ഏവം ഹവിസ്വീകൃത്യ
ജോഷം	— അസ്മാഭിഃ കൃതംസേവനം
ആ ചികിത്വാൻ	— ആസമന്താൽ ജാനൻ
സഃ പുഷ്ടിം യാതി	— അസ്മാകംധനാനിപോഷം പ്രാപയതു

അർത്ഥം—യജ്ഞാത്മാവും മഹാപ്രാജ്ഞനുമായ അഗ്നി, വിദ്വാന്മാരും ഗോതമഗോത്രജന്മാരുമായ ഋഷികളാൽ സ്തുതിക്കപ്പെട്ടു. സ്തുതനായ അഗ്നി ആ ഗോതമന്മാരിൽ നിന്നു് പ്രകാശമാനമായ സോമം കുടിച്ചു. അങ്ങിനെ സോമഹവിസ്സു സ്വീകരിച്ചു്, നമ്മളാൽ ചെയ്യപ്പെട്ട സേവനത്തെ തികച്ചും അറിഞ്ഞു് നമ്മുടെ ധനങ്ങളെ പോഷിപ്പിയ്ക്കട്ടെ.

വർഗ്ഗം 26–ഗായത്രീച്ഛന്ദഃ

1 അഭിത്വാഗോതമാഗിരാ
ജാതവേദോവിചർഷണേ
ദ്യുമ്നൈരഭിപ്രണോനുമഃ

അന്വയം:—

ഹേ ജാത—വേദഃ, വി—ചർഷണേ	— ജാതാനാംവേദിതഃ വിശേഷേണസർവ്വസ്യ ദ്രഷ്ടഃ (അഗ്നേ)
ത്വാ ഗോതമാഃ	— ത്വാം സൂക്തദ്രഷ്ടാ (പൂജാർത്ഥം ബഹുവചനം)
ഗിരാ അഭി (അസ്തൌൽ)	— സ്തോത്രലക്ഷണയാ വാചാ ആഭിമുഖ്യേന അസ്തൌൽ
(തദ്വദ്വയം ത്വാം) ദ്യുമ്നൈഃ	— ത്വദീയഗുണപ്രകാശകൈർമ്മന്ത്രൈഃ
അഭി പ്ര നോനുമഃ	— ആഭിമുഖ്യേന പുനഃ പുനഃ സ്തുമഃ

അർത്ഥം—ഉളവായതെല്ലാം അറിയുന്നവനും എല്ലാം കാണുന്നവനുമായ അഗ്നേ, അവിടത്തെ സൂക്തദ്രഷ്ടാവായ ഗോതമൻ (ഗോത്രപ്രാതിനിധ്യംകൊണ്ടും പൂജാർത്ഥമായും ഗോതമന്മാർ

എന്നു പറയുന്നു) സ്തുതിവചനങ്ങളാൽ നേരിട്ടു വാഴ്ത്തുന്നു. അതു പോലെ ഞങ്ങളും അവിടത്തെ മഹത്വങ്ങളെ വെളിപ്പെടുത്തുന്ന മന്ത്രങ്ങളാൽ നേരേ വീണ്ടുംവീണ്ടും സ്തുതിക്കുന്നു,

2 തമു ത്വാ ഗോതമോ ഗിരാ
രായസ്കാമോദുവസ്യതി
ദ്യുമ്നൈരഭി പ്രണോനുമഃ

അന്വയം —

രായഃ-കാമഃ ഗോതമഃ	— ധനകാമഃ ഗോതമഃ
(യമഗ്നിം) ഗിരാ	
ദുവസ്യതി	— സ്തുത്യാ പരിചരതി
ഹേ അഗ്നേ, തം ഉ ത്വാ	— തമേവ ത്വാം
ദ്യുമ്നൈഃ അഭി പ്ര നോനുമഃ	— ദ്യോതമാനൈഃ സ്തോത്രൈഃ ആഭിമുഖ്യേന സ്തുമഃ

അർത്ഥം—ധനകാമിയായ ഗോതമൻ ഏതഗ്നിയെ സ്തുതിയാൽ ഉപാസിക്കുന്നുവോ, ആ അഗ്നിയായ അവിടത്തെ ശബ്ദാത്മപ്രകാശങ്ങളായ സ്തോത്രങ്ങളാൽ നേരെ വീണ്ടുംവീണ്ടും വാഴ്ത്തുന്നു.

3 തമു ത്വാ വാജസാതമ
മങ്ഗിരസ്വദ്ധവാമഹേ
ദ്യുമ്നൈരഭിപ്രണോനുമഃ

അന്വയം —

(ഹേ അഗ്നേ,)	
വാജ-സാതമം	— വാജാനാം, അന്നാനാം സനിതാരം, ദാതാരം
തം ഉ ത്വാ	— തമേവ ത്വാം

അംഗിരസ്വൽ — അംഗിരസ ഇവ
ഹവാമഹേ — ആഹ്വയാമഃ
ദ്യുമ്നൈഃ അഭി പ്ര
ണോനുമഃ — ഗുണപ്രകാശകൈ സ്തോത്രൈഃ ആഭിമുഖ്യേന സ്തുമഃ

അർത്ഥം—അല്ലയോ അഗ്നേ, അന്നദാതാവായ അവിടുത്തെ ത്തന്നെ അംഗിരസ്സുകളെന്നപോലെ ഞാൻ വിളിയ്ക്കുന്നു അവിടുത്തെ ഗുണങ്ങളെ പ്രകാശിപ്പിക്കുന്ന സ്തോത്രങ്ങളാൽ വീണ്ടുംവീണ്ടും നേരെ സ്തുതിക്കുന്നു

4 തമുത്വാവൃത്രഹന്തമം
യോദസ്യൂരവധൂനഷേ
ദ്യുമ്നൈരഭിപ്രണോനുമഃ

അന്വയം —

(ഹേ അഗ്നേ) യഃ (ത്വം)
ദസ്യൂൻ — രാക്ഷസാദീൻ
അവ-ധൂനഷേ — സ്ഥാനാത് പ്രച്യാവയസി
വൃത്രഹൻ-തമം തം ഉ ത്വാ— വൃത്രാണാം, പാപ്മനാം അതിശയേനഹന്താരം ത്വാമേവ
ദ്യുമ്നൈഃ അഭി പ്ര
ണോനുമഃ — ഗുണസ്പഷ്ടീകരണസ്തോത്രൈഃ ആഭിമുഖ്യേനസ്തുമഃ

അർത്ഥം—അല്ലയോ അഗ്നേ, യാതൊരവിടുന്നാണോ, രാക്ഷസാദികളെ (ദുഷ്ടന്മാരെ) സ്ഥാനത്തിൽ നിന്നു് വീഴ്ത്തുന്നതു്, പാപികളെ തികച്ചും ഒടുക്കുന്ന ആ അവിടുത്തെത്തന്നെ ഗുണപ്രശംസികളായ സ്തോത്രങ്ങളാൽ നേരെ വന്ദിയ്ക്കുന്നു.

5 അവോചാമരഹൂഗണാ
അഗ്നയേമധുമദ്വചഃ
ദ്യുമ്നൈരഭിപ്രണോനുമഃ

അന്വയം:—

രഹൂഗണാഃ — രഹൂഗണസ്യപുത്രാഃ ഗോതമാഃ
അഗ്നയേ മധു-മൽ വചഃ — മാധുര്യോപേതം വചനം
അവോചാമ — പ്രാവാദിഷ്മ
(തദ്വചനരൂപൈഃ)
ദ്യുമ്നൈഃ അഭി പ്ര നോനുമഃ — ഗുണപ്രകാശകൈഃ സ്തോത്രൈഃ ആഭിമുഖ്യേന സ്തുമഃ

അർത്ഥം—രഹൂഗണപുത്രനായ ഗോതമൻ അഗ്നിയ്ക്കായി മധുരസ്തുതികൾ ചൊല്ലുന്നു. ആ സ്തുതിരൂപമായ, തിളങ്ങുന്ന വാക്കുകളാൽ നേരെ സ്തുതിക്കുന്നു.

വർഗ്ഗം 27—28. ത്രിഷ്ടുബുഷ്ണിഗ്ഗായത്രീച്ഛന്ദാംസി, അഗ്നിർദ്ദേവതാ.
(വൈദ്യുതാഗ്നിഃ കേവലാഗ്നിശ്ച)

1 ഹിരണ്യകേശോരജസോവിസാരേ
ഹിർധുനിർവ്വാതഇവധ്രജീമാൻ
ശുചിഭ്രാജാഉഷസോനവേദാ
യശസ്വതീരപസ്യുവോനസത്യാഃ

അന്വയം:—

ഹിരണ്യ-കേശഃ — സുവർണ്ണവദ്രോചമാനജ്വാലഃ
അഹിഃ ധുനിഃ — മേഘാനാംഹന്താ, കമ്പയിതാ
വാതഃ-ഇവ ധ്രജീമാൻ — വായുരിവശീഘ്രഗതിയുക്തഃ
(വൈദ്യുതോഗ്നിഃ)
രജസഃ — ഉദകസ്യ
വി-സാരേ — വിസരണേ, മേഘാൽ നിർഗ്ഗമനേ
ശുചി-ഭ്രാജാഃ — ശോഭനദീപ്തിഃ (സൻ)
(മേഘാൽ ജലാനി നിർഗ്ഗമയിതും ജാനാതി)
ഉഷസഃ നവേദാഃ — ഉഷോദേവതാഃ ന ജാനന്തി
(അജ്ഞാനേ ദൃഷ്ടാന്തഃ)

യശസ്വതീഃ — അന്നവത്യഃ
അപസ്യുവഃ — കർമ്മ ആത്മന ഇച്ഛന്ത്യഃ
സത്യാഃ ന — അവിതഥാരംഭാഃ പ്രജാ ഇവ

അർത്ഥം—കേശസ്ഥാനീയങ്ങളായ സുവർണ്ണജ്വാലകളോടു കൂടിയവനും മേഘങ്ങളെപ്പിളക്കുന്നവനും അവയെ ഇളക്കുന്നവനും വായുപോലെ ഗതിവേഗമുള്ളവനുമായ വൈദ്യുതാഗ്നി, ജലത്തിന്റെ വിസരണത്തിൽ ശോഭനപ്രകാശനായി; മേഘത്തിൽ നിന്ന് ജലം പുറത്തുകൊണ്ടുവരുവാൻ അറിയുന്നവനാകുന്നു. ധനവാന്മാരും കർമ്മേച്ഛുക്കളും സഫലക്രിയരുമായ ജനങ്ങളെപ്പോലെ (യജമാനന്മാരെപ്പോലെ) ഉഷോദേവതകൾക്ക് ഇതറിയില്ല. (സഫലക്രിയന്മാരായ യജമാനന്മാരുടെ കർമ്മങ്ങളുടെ ഫലമായിട്ടാണ് വൈദ്യുതാഗ്നി മേഘംപിളക്കുന്നതും മഴ പെയ്യുന്നതും. ആ കർമ്മം ഉഷോദേവതകൾക്ക്, പ്രകാശശീലകളെങ്കിലും അറിയുകയില്ല. അതായത്, ഉഷോദേവതകൾക്ക് വൃഷ്ടികർത്തൃത്വമില്ല. ഇവിടെ ഉഷോദേവതകളെ നിന്ദയില്ല. അഗ്നിയെക്കുറിച്ച് സ്തുതിയേ ഉള്ളു.)

2 ആ തേ സുപർണ്ണാ അമിനന്തഏവൈഃ
കൃഷ്ണോനോനാവ വൃഷഭോയദീദം
ശിവാഭിർന്നസ്മയമാനാഭിരാഗാൽ
പതന്തിമിഹസ്സ്തനയന്ത്യഭ്രാ

അന്വയം:—
(ഹേ അഗ്നേ,)
തേ സു—പർണ്ണാഃ — തവശോഭനപതനാരശ്മയഃ
ഏവൈഃ — ഗന്തൃഭിർമ്മരുത്ഭിഃ (സഹ)
അമിനന്ത ആ — സമന്താൽ (മേഘം) ഹിംസന്തി
വർഷണായ താഡയന്തി
(പ്രഹൃതശ്ച) കൃഷ്ണഃ — കൃഷ്ണവർണ്ണഃ
വൃഷഃ — വർഷിതാ (മേഘഃ)
നോനാവ — ഭൃശം ശബ്ദമകരോൽ

യദി ഇദം	— യദാ ഈദൃശം കർമ്മം (തദാനീം)
ശിവാഭിഃ	
സ്മയമാനാഭിഃ ന	സുഖകാരിണീഭിഃ ഹസനവതീഭിഃ കാന്താഭിരിവ
ആ അഗാൽ	— വൈദ്യുതാഗ്നിപ്രേരിതഃ പർജ്ജന്യഃ ആഗച്ഛതി
(തദനന്തരം) മിഹഃ	
പതന്തി	— ആപഃ പ്രവൃഷ്ടാ ഭവന്തി
അഭ്രാ	— അഭ്രാണി, അഭ്രൈഃ പൂർണ്ണാമേഘാഃ
സ്തനയന്തി	— ഇതസ്തതശ്ശബ്ദം കുർവ്വന്തി

അർത്ഥം—അല്ലയോ അഗ്നേ, അവിടത്തെ ശോഭനപതനങ്ങളായ രശ്മികരം സഞ്ചാരശീലരായ മരുത്തുക്കളോടുകൂടി മേഘത്തെ മുററും, മഴപെയ്യാനായി, ഉടയ്ക്കുന്നു. ഉടയ്ക്കപ്പെട്ട, കറുത്തതും വർഷിക്കുന്നതുമായ മേഘം ഉറക്കെശ്ശബ്ദമുണ്ടാക്കി. ഈ സംഗതി ഭവിച്ചപ്പോരം വൈദ്യുതാഗ്നിയാൽ തള്ളപ്പെട്ട മേഘം സുഖകാരിണിയും മന്ദസ്മിതവതിയുമായ കാന്തയെപ്പോലെ വരുന്നു. അനന്തരം ജലം പ്രവർഷിക്കുന്നു. വെള്ളം നിറഞ്ഞ മേഘങ്ങരം അങ്ങിങ്ങു ശബ്ദിക്കുന്നു.

3 യദീമൃതസ്യ പയസാപിയാനോ
നയന്നൃതസ്യ പഥിഭീരജിഷ്ഠൈഃ
അര്യമാമിത്രോവരുണഃ പരിജ്മാ
ത്വചംപൃഞ്ചന്ത്യുപരസ്യയോനൌ

അന്വയം:—

യൽ ഈം ഋതസ്യ	— യദാ അയമഗ്നിഃ ഉദകസ്യ
പയസാ പിയാനഃ	— പയോവൽസാരഭൂതേന രസേന ജഗദാപ്യായനം കുർവ്വൻ
(ആപ്യായിതം ച ജഗത്)	
ഋതസ്യ	— ഉദകസ്യ സംബന്ധിഭിഃ

രജിഷ്ഠൈഃ പഥി–ഭിഃ — ഋജുതമൈഃ മാർഗ്ഗൈഃ സ്നാനപാനാദിഭിഃ
നയൻ — പ്രാപയൻ (വർത്തതേ)
(തദാനീം) അര്യമാ മിത്രഃ
വരുണഃ പരി–ജ്മാ — പരിതോഗന്താ മരുൽഗണഃ (ച)
ഉപരസ്യ യോനൌ — മേഘസ്യ വൃഷ്ട്യുദകോൽപത്തി സ്ഥാനേ
ത്വചം പൃഞ്ചന്തി — വൃഷ്ട്യുദകസ്യാച്ഛാദകം പ്രദേശം സ്വകീയൈരായുധൈഃ സംയോജയന്തി, ഉൽഘാടയന്തി

അർത്ഥം—എപ്പോൾ ഈ വൈദ്യുതാഗ്നി ജലത്തിന്റെ സാരഭൂതമായ രസംകൊണ്ടു് ലോകത്തെ വളർത്തി, അങ്ങിനെ പ്രവൃദ്ധമായ ലോകത്തെ ജലത്തിന്റെ ഏററവും നേരായ മാർഗ്ഗങ്ങളിലൂടെ, ജീവികളുടെ സ്നാനപാനാദികളോടു കൂടി എത്തിക്കുന്നുവോ, അപ്പോൾ അര്യമാവും മിത്രനും വരുണനും മരുത്സംഘവും മേഘത്തിന്റെ വർഷോൽപത്തിസ്ഥാനമായ പുറംതോലിനെ സ്വകീയായുധങ്ങൾ തട്ടിച്ചു് തുറക്കുന്നു

4 അഗ്നേ വാജസ്യ ഗോമത
ഈശാനസ്സഹസോയഹോ
അസ്മേധേഹി ജാതവേദോ മഹിശ്രവഃ

അന്വയം —

ഹേ സഹസഃ യഹോ — ബലസ്യപുത്ര
ഹേ അഗ്നേ, ത്വം ഗോ–
മതഃ വാജസ്യ ഈശാനഃ — ബഹുഭിർഗ്ഗോഭിര്യുക്തസ്യ അന്നസ്യ സ്വാമീ (അസി)
(അതഃ) ഹേ ജാത–വേദഃ
അസ്മേ മഹി ശ്രവഃ ധേഹി — അസ്മാസ്വപ്രഭൂതമന്നം ന...

അർത്ഥം—അല്ലയോ ബലപുത്രനായ അഗ്നേ, അവിടുന്ന് വളരെ ഗോക്കളോടുകൂടിയ അന്നത്തിന്റെ, ഐശ്വര്യത്തിന്റെ ഈശനാകുന്നു അതുകൊണ്ട്, ജാതധന, അവിടുന്ന് ഞങ്ങളിൽ ധാരാളമായ അന്നം, പുഷ്ടി ഉണ്ടാക്കിയാലും.

5 സ ഇധാനോ വസുഷ്കവി

രഗ്നിരീളേന്യോഗിരാ

രേവദസ്മഭ്യം പുർവ്വണീകദീദിഹി

അന്വയം –

സഃ അഗ്നിഃ ഇധാനഃ — ദീപനശീലഃ

വസുഃ, കവിഃ — സർവ്വേഷാം നിവാസയിതാ, ക്രാന്തദർശനഃ

ഗിരാ ഈളേന്യഃ — സ്തോതവ്യഃ (ഭവതി)

ഹേ പുരു—അനീക — അനീകം മുഖം, ബഹുഭിഃ അനീകസ്ഥാനീയാഭിഃ ജ്വാലാഭിഃ യുക്ത, (അഗ്നേ,)

അസ്മഭ്യം രേവൽ ദീദിഹി— ധനയുക്തമന്നം യഥാ ഭവതി തഥാ ദീപ്യസ്വ

അർത്ഥം— ആ അഗ്നി ദീപനശീലനും, എല്ലാവരെയും അതാതിടത്ത് വസിപ്പിയ്ക്കുന്നവനും എല്ലാററിന്റെയും അപ്പുറം കാണുന്നവനും സ്തോത്രങ്ങളാൽ സ്തുത്യനുമാകുന്നു അല്ലയോ മുഖസ്ഥാനീയങ്ങളായ ബഹുജ്വാലകളോടുകൂടിയ അഗ്നേ, ഞങ്ങൾക്ക് എപ്രകാരമായാൽ ധനത്തോടുകൂടിയ അന്നം, പുഷ്ടി ഉണ്ടാകുമോ, അപ്രകാരം ജ്വലിച്ചാലും ഹോമകർമ്മങ്ങളിൽ അഗ്നി സന്തുഷ്ടനാവുമ്പോഴാണ് നന്നായി ജ്വലിയ്ക്കുക അവിടുത്തെ സന്തോഷം ഐശ്വര്യപ്രദമാണ്)

6 ക്ഷപോരാജന്നുതത്മനാ

ഗ്നേവസ്തോരുതോഷസഃ

സതിഗ്മജംഭരക്ഷസോദഹപ്രതി വ. 27

അന്വയം:—

ഹേ രാജൻ, അഗ്നേ,
ക്ഷപഃ — രാജനശീല അഗ്നേ, രാക്ഷസാദീൻ സ്വകീയൈഃ പുരുഷൈഃ ബാധസ്വ
ഉത ത്മനാ — അപിച നകേവലമന്യൈരേവ ആത്മനാചത്വാൻ ബാധസ്വ
വസ്തോഃ ഉത ഉഷസഃ — സൎവ്വേഷ്വഹസ്സു, രാത്രിഷുബാധസ്വ (ഉഷഃ ഉപലക്ഷണേന രാത്രി)
ഹേ തിഗ്മ—ജംഭ — തീക്ഷ്ണമുഖ, (അഗ്നേ)
രക്ഷസഃ (ക്ഷപയിത്വാ)
സഃ (ഏവംത്വം) പ്രതി ദഹ— പ്രത്യേകം ദഹ

അൎത്ഥം—അല്ലയോ പ്രകാശനശീലനായ അഗ്നേ, അവിടുന്നു രാക്ഷസാദികളെ സ്വന്തം ആരംക്കാരെക്കൊണ്ടു് ബാധിച്ചാലും. ആരംക്കാരെ വിടുന്നതിന്നുപുറമെ, അവിടുന്നുതന്നെ എല്ലാ രാപ്പകലുകളിലും അവരെ ബാധിച്ചാലും. അല്ലയോ തീക്ഷ്ണജ്വാല, ബാധിച്ചശേഷം രക്ഷസ്സുകളെ ഓരോരുത്തരെയും ദഹിപ്പിച്ചാലും.

7 അവാനോ അഗ്നഊതിഭി
ൎഗ്ഗായത്രസ്യപ്രഭൎമ്മണി
വിശ്വാസുധീഷുവന്ദ്യ

അന്വയം:—

വിശ്വാസു ധീഷു വന്ദ്യ,
അഗ്നേ — സൎവ്വാസുകൎമ്മസുസ്തുത്യ അഗ്നേ
ഗായത്രസ്യ — ഗായത്രസാമ്നഃ
പ്ര—ഭൎമ്മണി — പ്രഭരണേന, സമ്പാദനേന നിമിത്തഭൂതേനസതി
നഃ ഊതി—ഭിഃ അവ — അസ്മാൻ ത്വദീയൈഃ പാലനൈഃ രക്ഷ

അർത്ഥം—എല്ലാ കർമ്മങ്ങളിലും (ഒഴിച്ചുകൂടാതെ) സ്തുത്യനായ അഗ്നേ, ഞങ്ങൾ ഗായത്രസാമം ചൊല്ലുന്നതോടുത്ത്, അവിടുത്തെ പാലനത്താൽ ഞങ്ങളെ രക്ഷിച്ചാലും

8 ആനോ അഗ്നേ രയിംഭര

സത്രാസാഹം വരേണ്യം

വിശ്വാസുപൃൽസുദുഷ്ടരം

അന്വയം —

ഹേ അഗ്നേ,

സത്രാ—സഹം	—	യുഗപദേവ ദാരിദ്ര്യസ്യനാശകം
വരേണ്യം	—	സർവ്വൈർവ്വരണീയം
വിശ്വാസു പൃൽ—സു ദുസ്തരം	—	സർവ്വേഷു സംഗ്രാമേഷു ശത്രുഭിസ്തരിതുമശക്യം
രയിം നഃ ആ ഭര ।	—	അസ്മഭ്യം ധനം പ്രയച്ഛ

അർത്ഥം—അല്ലയോ അഗ്നേ, ഉടനെ ദാരിദ്ര്യമകററുന്നതും എല്ലാവരാലും വരണീയവും (സന്മാർഗ്ഗത്തിലൂടെ, സത്കർമ്മത്തിലൂടെ, ഹിംസനവഞ്ചന ചൂഷണങ്ങളില്ലാതെ സമ്പാദിച്ചതും) എല്ലാ യുദ്ധത്തിലും (ജീവിതസമരങ്ങളിൽ) ശത്രുക്കൾക്ക് എത്താൻ കഴിയാത്തതുമായ ധനം ഞങ്ങൾക്ക തന്നരുളിയാലും

9 ആനോ അഗ്നേ സുചേതുനാ

രയിം വിശ്വായുപോഷസം

മാഡീകന്ധേഹി ജീവസേ

അന്വയം —

ഹേ അഗ്നേ, നഃ ജീവസേ	—	അസ്മാകം ജീവനായ
സു—ചേതുനാ	—	ശോഭനേന ജ്ഞാനേനയുക്തം
മാർഡീകം	—	മൃഡീകം സുഖം,, തദ്ധേതുഭൂതം
വിശ്വായു—പോഷസം	—	സർവ്വസ്മിന്നായുഷി, യാവജ്ജീവം അസ്മദുപഭോഗപര്യാപ്തം
രയിം ആ ധേഹി	—	ധനം ആ സ്ഥാപയ

അൎത്ഥം—അല്ലയോ അഗ്നേ, ഞങ്ങൾക്ക് ജീവനത്തിന്ന് മഹത്തായ ജ്ഞാനത്തോടുകൂടിയതും, സുഖഹേതുവും, ജീവിക്കുന്നിടത്തോളംകാലം ഉപഭോഗത്തിന്ന് പററിയതുമായ ധനം ഉണ്ടാക്കിത്തന്നാലും. (വേദത്തിൽ ധനമെന്ന പദത്തിന്ന് പണമെന്ന സങ്കുചിതാൎത്ഥം എടുക്കുവാൻ പാടില്ല. സുചേതുനാ എന്നപദംകൊണ്ടു് ജ്ഞാനധനം എന്നു സൂചിപ്പിക്കുന്നു. മാൎഡീകം എന്നതിന്നും സുഖഭോഗമല്ല, മനശ്ശാന്തിയുടെ സുഖം എന്നുമൎത്ഥമെടുക്കണം. യാവജ്ജീവമുപഭോഗത്തിന്ന് എന്നതിന്ന് ജീവിതം കഴിഞ്ഞുകൂടാൻ എന്നേ അൎത്ഥം വിചാരിപ്പാൻ പാടുള്ളു. സമ്പാദിച്ചുകൂട്ടിവെക്കാനും സന്താനപരമ്പരക്ക് വിട്ടുപോകാനുമുള്ള ലോഭിയുടെ ധനമല്ല അൎത്ഥിക്കുന്നത്)

10 പ്രപൂതാസ്തിഗ്മശോചിഷേ

വാചോഗോതമാഗ്നയേ

ഭരസ്വസുമ്നയുൎഗ്ഗിരഃ

അന്വയം:—

ഹേ ഗോതമ	— സൂക്തദ്രഷ്ടഃ
സുമ്ന—യുഃ	— സുമ്നം, ധനമാത്മനഇച്ഛൻ ത്വം
തിഗ്മ—ശോചിഷേ	
അഗ്നയേ	— തീക്ഷ്ണജ്വാലായാഗ്നയേ
പൂതാഃ വാചഃ	— അഗ്നേർഗ്ഗുണാൻ സമ്യഗധിദധതീഃ
ഗിരഃ പ്ര ഭരസ്വ	— സ്തുതീഃ പ്രകഷേൺസമ്പാദയ

അൎത്ഥം—ഇവിടെ സൂക്തദ്രഷ്ടാവായ ഋഷി ആത്മസംബോധനം ചെയ്തു പറയുന്നു. (അല്ലെങ്കിൽ ഋത്വിക്കുകൾ പറയുന്നു)

അല്ലയോ ഗോതമ, ധനം സ്വയമിച്ഛിക്കുന്ന അങ്ങുന്ന് തീക്ഷ്ണജ്വാലനായ അഗ്നിക്കായി അവിടുത്തെ ഗുണങ്ങളെ പ്രകീൎത്തിക്കുന്ന സ്തുതികൾ തേടിച്ചൊല്ലുക.

11 യോനോഅഗ്നേഭിദാസ
ത്യന്തിദൂരേപദീഷ്ടസഃ
അസ്മാകമിദ്വൃധേഭവ

അന്വയം;—

ഹേ അഗ്നേ, നഃ	— അസ്മാൻ
അന്തി ദൂരേ	— അന്തികേ, വിപ്രകൃഷ്ടദേശേചാവസ്ഥിതഃ
യഃ (ശത്രുഃ)	
അഭി—ദാസതി	— ഉപക്ഷയതി
സഃ (ശത്രുഃ) പദീഷ്ട	— പതതു, നശ്യതു
(ത്വം ച) അസ്മാകം ഇത്	— അസ്മാകമേവ
വൃധേ ഭവ	— വർദ്ധനായഭവ

അർത്ഥം—അല്ലയോ അഗ്നേ, ഞങ്ങളുടെ അടുത്തും അകലെയും നിലകൊള്ളുന്ന യാതൊരു ശത്രു ഉപദ്രവിക്കുന്നുവോ അവൻ വീഴട്ടെ, നശിപ്പിക്കപ്പെടട്ടെ അവിടുന്ന് ഞങ്ങൾക്ക് മാത്രം അഭിവൃദ്ധിക്കായി വേിച്ചാലും.

12 സഹസ്രാക്ഷോവിചർഷണി
രഗ്നീരക്ഷാംസിസേധതി
ഹോതാഗൃണീതഉക്ഥ്യഃ വ 28

അന്വയം'—

സഹസ്ര—അക്ഷഃ	— അസംഖ്യാതജ്വാലഃ
വി—ചർഷണിഃ	— വിശേഷേണ സർവ്വസ്യദ്രഷ്ടാ
(അയം) അഗ്നിഃ	
രക്ഷാംസി സേധതി	— പ്രതിഷേധതി
(സചാഗ്നിഃ) ഉക്ഥ്യഃ	— ശസ്ത്രൈരസ്മാഭിസ്തുയമാനസ്സൻ
ഹോതാ ഗൃണീതേ	— ദേവാനാമാഹ്വാതാ (ഭൂത്വാതാൻ) സ്തൌതി

അർത്ഥം-കണക്കററ ജ്വാലകളോടുകൂടിയവനും, എല്ലാം വേണ്ടപോലെ കാണുന്നവനുമായ ഈ അഗ്നി രക്ഷസ്സുകളെ എതിരിടുന്നു. ആ അഗ്നി, ഞങ്ങളാൽ ശസ്ത്രങ്ങളെക്കൊണ്ടു് സ്തുതിക്കപ്പെട്ടുന്നവനായി, ഞങ്ങൾക്കു് വേണ്ടി ദേവന്മാരെ വിളിച്ചു്, അവരെ സ്തുതിയ്ക്കുന്നു.

വർഗ്ഗം 29–30–31 പംക്തിഃ ഛന്ദഃ ഇന്ദ്രോദേവതാ.

1 ഇത്ഥാഹിസോമ ഇന്മദേ
ബ്രഹ്മാചകാരവർധനം
ശവിഷ്ഠ വജ്രിന്നോജസാ
പൃഥിവ്യാനിശ്ശശാ അഹി
മർച്ചന്നനു സ്വാരാജ്യം

അന്വയം: –

ഹേ ശവിഷ്ഠ,	— അതിശയേന ബലവൻ, (ഇന്ദ്ര,)
ഇത്ഥാ ഹി	— ഇത്ഥമേവ, അനേന ശാസ്ത്രോക്തപ്രകാരേണ
മദേ	— മദകരേ, ഹർഷകരേ
സോമേ (ത്വയാപീതേസതി)	
ബ്രഹ്മാ	— ബ്രാഹ്മണഃ സ്തോതാ
വർധനം ഇന്ദ്രൻ	— തവവൃദ്ധികരം ഹിസ്തോത്രം
ചകാര	— അനേന സുക്തേന കൃതവാൻ നുനം
ഹേ വജ്രിൻ,	— വജ്രായുധ,
(ത്വം) ഓജസാ	— ബലേന
സ്വ-രാജ്യം	— സ്വസ്യരാജ്യം, രാജത്വം
അനു അർച്ചൻ	— അനുലക്ഷ്യ അർച്ചൻ, സ്വസ്യ സ്വാമിത്വം പ്രകടയൻ

പൃഥിവ്യാഃ (സകാശാൽ)
അഹിം — ഹന്താരം വൃത്രം
നിഃ ശശാഃ — നിശ്ശേഷേണ അശാഃ, മാബാധസ്വ ഇതിശാസനം കൃത്വാ നിരഗമയഃ

അർത്ഥം—ഏറ്റവും ബലവാനായ ഇന്ദ്ര, ശാസ്ത്രോക്തപ്രകാരം അതായതു് യാഗത്തിൽ സംസ്കരിച്ചവിധം അവിടുന്നു സോമം കുടിച്ചപ്പോഴം, സ്തോതാവു് അവിടേയ്ക്കു് വൃദ്ധികരമായിത്തന്നെ ഈ സൂക്തംകൊണ്ടു് സ്തോത്രവും ചെയ്തു. അല്ലയോ വജ്രായുധ, അവിടുന്നു് സ്വബലംകൊണ്ടു് തന്റെ രാജത്വത്തെ, സ്വാമിത്വത്തെ പ്രകടിപ്പിച്ചുകൊണ്ടു് ഭൂമിയുടെ സമീപത്തിൽ നിന്നു് ഹന്താവായ വൃത്രനെ (വൃത്രസദൃശനായ ശത്രുവിനെ) ശാസിച്ചകറ്റിയാലും.

2 സത്വാമദദ്വൃഷാമദ
സ്സോമശ്യേനാഭൃതസ്സുതഃ
യേനാവൃത്രന്നിരദ്ഭ്യോ
ജഘന്ഥവജ്രിന്നോജസാ
ർച്ചന്നനുസ്വരാജ്യം

അന്വയം —

(ഹേ ഇന്ദ്ര) വൃഷാ, മദഃ — സേചനസ്വഭാവഃ, മദകരഃ
ശ്യേന–ആഭൃതഃ — ശ്യേനരൂപമാപന്നയാ പക്ഷ്യാകാരയാ ഗായത്ര്യാ ദിവസ്സകാശാദാഹൃതഃ
സഃ സുതഃ സോമഃ — അഭിഷുതഃ സോമഃ
ത്വാ അമദത് — ത്വാം അമദയത്, ഹർഷം പ്രാപയത്
ഹേ വജ്രിൻ — വജ്രവൻ (ഇന്ദ്ര)

യേന (പീതേനസോമേന)
ഓജസാ — ബലകരേണ
അൽ—ഭ്യഃ — അന്തരിക്ഷസ്യസകാശാൽ
സ്വ—രാജ്യം അനു അച്ചൻ — സ്വസ്വാമിത്വം പ്രകടയൻ
വൃത്രം നിഃ ജഘനഥ — ഹതവാനസി

അൎത്ഥം—അല്ലയോ ഇന്ദ്ര, തുളുമ്പുന്നതും ഹർഷകരവും, ഒരു പരുന്തിൻെറ രൂപം പൂണ്ടു് ഗായത്രി സ്വൎഗ്ഗത്തിൽ നിന്നു് കൊത്തിക്കൊണ്ടുവന്നതും, സംസ്കരിച്ചതുമായ ആ സോമം അവിടത്തെ ഹർഷിപ്പിച്ചു. ആ സോമം കുടിച്ച ഓജസ്സുകൊണ്ടാണല്ലൊ, അല്ലയോ വജ്രായുധ, അവിടുന്നു് അന്തരിക്ഷാന്തികത്തിൽ നിന്നു് തൻെറ സ്വാമിത്വം പ്രകടിപ്പിച്ചുകൊണ്ടു് വൃത്രനെ കൊന്നതു്.

3 പ്രേഹ്യഭീഹിധൃഷ്ണുഹി
നതേവജ്രോനിയംസതേ
ഇന്ദ്രനൃമ്ണംഹിതേശവോ
ഹനോവൃത്രഞ്ജയാഅപോ
ച്ചന്നനുസ്വരാജ്യം

അന്വയം;—

ഹേ ഇന്ദ്ര, പ്ര ഇഹി — പ്രകർഷേണഗച്ഛ
അഭി ഇഹി — ഹന്തവ്യാൻ ശത്രൂൻ ആഭിമുഖ്യേന പ്രാപ്നുഹി
(പ്രാപ്യച) ധൃഷ്ണുഹി — താൻ ആഭിഭവ
തേ വജ്രഃ ന നി
യംസതേ — ത്വവജ്രഃ ശത്രുഭിഃ ന നിയമ്യതേ, അപ്രതിഹത ഗതിഃ
(തഥാ) തേ ശവഃ നൃമ്ണം — ബലം നൄണാം അഭിഭാവകം
ഹി — യസ്മാദേവം തസ്മാത്

സ്വ–രാജ്യം അനു അര്‍ച്ചൻ — സ്വസ്വാമിത്വം പ്രകടയൻ
വൃത്രം ഹനഃ — മേഘം ജഹി
(തേന നിരുദ്ധാഃ) അപഃ — ഉദകാനി
ജയാഃ — ജയ

അര്‍ത്ഥം—അല്ലയോ ഇന്ദ്ര, ഒരുങ്ങിപ്പുറപ്പെട്ടാലും. കൊല്ലേണ്ടും ശത്രുക്കളെ നേരെ പ്രാപിച്ചാലും. പ്രാപിച്ച്, അവരെ തോല്പിച്ചാലും. അവിടത്തെ വജ്രം ശത്രുക്കളാൽ കീഴടക്കപ്പെടാവുന്നതല്ല, തടുക്കപ്പെടാവുന്നതല്ല. അതുപോലെ അവിടത്തെ ശക്തി മനുഷ്യരെ തോല്പിക്കുവാൻ പോന്നതാകുന്നു. ഇപ്രകാരമാകയാൽ സ്വന്തം സ്വാമിത്വത്തെ പ്രകടിപ്പിച്ചുകൊണ്ട് മേഘത്തെ ഉടച്ചാലും. മേഘം തടുത്തുനിര്‍ത്തിയ ജലത്തെ ജയിച്ചാലും, വിട്ടാലും.

4 നിരിന്ദ്ര ഭൂമ്യാ അധി
വൃത്രഞ്ജഘന്ഥ നിര്‍ദ്ദിവഃ
സൃജാമരുത്വതീരവ
ജീവധന്യാ ഇമാ അപോ
ർച്ചന്നനു സ്വരാജ്യം

അന്വയം:—

ഹേ ഇന്ദ്ര, ഭൂമ്യാഃ അധി — ഭൂലോകസ്യോപരി
വൃത്രം നിഃ ജഘന്ഥ — നിശ്ശേഷേണഹതവാനസി
(തഥാ) ദിവഃ നിഃ
(ജഘന്ഥ) — ദ്യുലോകാൽ ഹതവാനസി
(ഹത്വാ ച) സ്വ–രാജ്യം
അനു അര്‍ച്ചൻ — സ്വസ്വാമിത്വം പ്രകടയൻ
മരുത്വതീഃ — മരുത്ഭിസ്സംയുക്താഃ
ജീവ–ധന്യാഃ — യാഭിഃ പ്രാണിനോധന്യാഃ,
ഈദൃശ്യാഃ താഃ
ഇമാഃ അപഃ — വൃഷ്ട്യുദകാനി
അവ സൃജ — അധഃ പാതയ

അത്ഥം—അല്പയോ ഇന്ദ്ര, ഭൂലോകത്തിന്റെ മുകളിൽ അവിടുന്ന് വൃത്രനെ നിശ്ശേഷം കൊന്നു അതുപോലെ ദ്യുലോകത്തിൽ നിന്നും കൊന്നു. അങ്ങിനെ കൊന്നിട്ടു്, തന്റെ സ്വാമിത്വം പ്രകടിപ്പിച്ചുകൊണ്ടു് മരുത്തുക്കളോടുകൂടിയവയും പ്രാണിജാതങ്ങൾക്കു് ആശ്വാസം കൊടുക്കുന്നവയുമായ ആ ജലങ്ങളെ കീഴ്പ്പോട്ടു വിട്ടിയാലും.

5 ഇന്ദ്രോവൃത്രസ്യ ദോധത
സ്സാനും വജ്രേണ ഹീളിതഃ
അഭിക്രമ്യാവ ജിഘ്നതേ
പസ്സമ്മായ ചോദയ
ന്നച്ചന്നനു സ്വരാജ്യം വ 29

അന്വയം —

ഹീളിതഃ ഇന്ദ്രഃ — ക്രുദ്ധഃ ഇന്ദ്രഃ
അഭി—ക്രമ്യ — ആഭിമുഖ്യേന ഗത്വാ
ദോധതഃ വൃത്രസ്യ സാനും — ഭൃശം കമ്പമാനസ്യ വൃത്രസ്യ സമുച്ഛ്രിതം ഹനുപ്രദേശം
അപഃ സമ്മായ — ജലസ്യ സരണായ, നിർഗ്ഗമനായ
ചോദയൻ — പ്രേരയൻ
സ്വ—രാജ്യം അനു അച്ചൻ - സ്വസ്വാമിത്വം പ്രകടയൻ
വജ്രേണ അവ ജിഘ്നതേ — പ്രഹരതി

അത്ഥം—ക്രോധംപൂണ്ട ഇന്ദ്രൻ നേരെ ചെന്നു്, വിറച്ചുനില്ക്കുന്ന വൃത്രന്റെ (മേഘത്തിന്റെ) ഉയന്ന മുഖഭാഗത്തെ, വെള്ളം ഒഴുകുവാൻ വേണ്ടി പ്രേരിപ്പിച്ചു് സ്വന്തം സ്വാമിത്വം പ്രകടിപ്പിച്ചുകൊണ്ടു് വജ്രത്താൽ പിളക്കുന്നു

6 അധിസാനൌനി ജിഘ്നതേ
വജ്രേണ ശതപർവ്വണാ
മന്ദാന ഇന്ദ്രോ അന്ധസ
സ്സഖിഭ്യോഗാതുമിച്ഛ
ത്യർച്ചന്നനുസ്വരാജ്യം

അന്വയം —

(ഇന്ദ്രഃ) ശത–പർവ്വണാ — ശതസംഖ്യാകധാരാഭിഃ യുക്തേന
വജ്രേണ സാനൌ — (സമുച്ഛ്രിതേ വൃത്രസ്യ) കപോലാദൌ സ്ഥാനേ
അധി നി ജിഘ്നതേ — നിതരാംഹിനസ്തി
(സഃ) ഇന്ദ്രഃ സ്വ–രാജ്യം
അനു അർച്ചൻ — സ്വസ്വാമിത്വം പ്രകടയൻ
മന്ദാനഃ — മന്ദമാനഃ, സ്തൂയമാനഃ (സൻ)
സഖി–ഭ്യഃ — സമാനഖ്യാനേഭ്യഃ സ്തോതൃഭ്യഃ
അന്ധസഃ ഗാതും ഇച്ഛതി — അന്നസ്യമാർഗ്ഗം, ഉപായം ഇച്ഛതി

അർത്ഥം–ഇന്ദ്രൻ നൂറു മുനകളുള്ള വജ്രായുധത്താൽ വൃത്രന്റെ ഉയന്ന താടിയെല്ലിൽ ആഞ്ഞു കുത്തുന്നു ആ ഇന്ദ്രൻ സ്വന്തം സ്വാമിത്വം പ്രകടിപ്പിച്ചുകൊണ്ട് (ഉപാസകരാൽ) സ്തുതിക്കപ്പെട്ട്, തോഴരായ സ്തോതാക്കളോടൊപ്പം അന്നത്തിന്റെ, അതിന്ന് ഹേതുഭൂതമായ മഴയുടെ മാർഗ്ഗം ഇച്ഛിക്കുന്നു

7 ഇന്ദ്രതുഭ്യമിദദ്രിവോ
ഽനുത്തം വജ്രിൻ വീര്യം
യദ്ധത്യം മായിനം മൃഗം
തമുത്വം മായയാവധീ
രർച്ചന്നനുസ്വരാജ്യം

അന്വയം:—

ഹേ അദ്രി–വഃ, — വാഹനരൂപ മേഘയുക്ത
വജ്രിൻ, ഇന്ദ്ര, തുഭ്യം ഇൽ — തവൈവ (ഷഷ്ഠ്യർത്ഥേ ചതുർത്ഥി)
വീര്യം അനുത്തം ഉ — സാമർത്ഥ്യം
ശത്രുഭിരതിരസ്കൃതം ഹി
യൽ ഹ — യസ്മാൽ ഖലു
മായിനം ത്യം — മായാവിനം തം, പ്രസിദ്ധം
വഞ്ചയിതാരം
മൃഗം തം — മൃഗരൂപമാപന്നം വൃത്രം
സ്വ–രാജ്യം അനു അർച്ചൻ — സ്വസ്വാമിത്വം പ്രകടയൻ
ത്വം മായയാ (ഏവ)
അവധീഃ — ഹതവാനസി

അർത്ഥം:—മേഘവാഹനനും വജ്രിയുമായ ഇന്ദ്ര, അവിടത്തെ ശൌര്യം ശത്രുക്കളാൽ തിരസ്കരിക്കപ്പെടാത്തതാകുന്നു അതുകൊണ്ടാണല്ലൊ മായാവിയും മൃഗാകൃതി പൂണ്ടവനുമായ ആ വൃത്രനെ, സ്വന്തം സ്വാമിത്വം പ്രകടിപ്പിച്ചുകൊണ്ടു്, മായകൊണ്ടു തന്നെ അവിടുന്നു കൊന്നതു്.

8 വി തേ വജ്രാസോ അസ്ഥിര

ന്നവതിന്നാവ്യാ ॥ അനു

മഹത്ത ഇന്ദ്ര വീര്യം

ബാഹ്വോസ്തേ ബലം ഹിത

മർച്ചന്നനുസ്വരാജ്യം

അന്വയം:—

ഹേ ഇന്ദ്ര, തേ വജ്രാസഃ — ത്വൽ സകാശാൽ നിഃസൃതാ
ന്യായുധാനി
നാവ്യാഃ — നാവാ താര്യാഃ
നവതിം — നവതിസംഖ്യാകാ വൃത്രേണ
നിരുദ്ധാനദീഃ

സ്വ-രാജ്യം അനു അർച്ചൻ	— സ്വസ്വാമിത്വം പ്രകടയൻ
അനു വി അസ്ഥിരൻ	— ഉപലക്ഷ്യ വിവിധം അസ്ഥിഷത ത്വവജ്രഃ ഏകോഽപ്യനേക ഇവാസീൽ
(കിം ച) തേ വീര്യം	
മഹൽ	— അന്യൈരജേയം
(തഥാ) തേ ബാഹ്വോഃ	
ബലം ഹിതം	— ഹസ്തയോഃ ബലംനിഹിതം

അർത്ഥം—അല്ലയോ ഇന്ദ്ര, അവിടുത്തെ പക്കലുള്ള ആയുധങ്ങൾ (പലതായി ചമഞ്ഞ വജ്രായുധം) വൃത്രൻ തടഞ്ഞുനിർത്തിയ തൊണ്ണൂറ്റൊമ്പത് നദികളെയും തോണിയാലെന്നപോലെ കടന്നെത്തി, തന്റെ സ്വാമിത്വം പ്രകടിപ്പിച്ചുകൊണ്ട് എങ്ങും വ്യാപിച്ചു നില്പായി. അവിടുത്തെ വീര്യം ആരാലും അജയ്യമാണ്. ബാഹുക്കളിലും അതീവ ബലം നിലകൊള്ളുന്നു.

9 സഹസ്രംസാകമർച്ചത
പരിഷ്ടോഭതവിംശതിഃ
ശതൈനമന്വനോനവു
രിന്ദ്രായബ്രഹ്മോദ്യത
മർച്ചന്നനുസ്വരാജ്യം

അന്വയം:—

സഹസ്രം	— സഹസ്രസംഖ്യാകമനുഷ്യാഃ
ഏനം ഇന്ദ്രം സാകം	
അർച്ചത	— യുഗപദേവാപൂജയൻ
(തഥാ) വിംശതിഃ	— ഷോഡശർത്വിജഃ, യജമാനഃ, പത്നീ, സദസ്യഃ, ശമിതാച
പരി സ്തോഭത	— പരിതഃ, സർവ്വതഃ അസ്തൗൽ
(തഥാച) ശതാ	— ശതസംഖ്യാകാഋഷയഃ

അനു അനോനവുഃ — പുനഃ പുനരസ്തുവൻ
(അസ്മൈ ഏവ) ഇന്ദ്രായ
ബ്രഹ്മ — ഹവിർല്ലക്ഷണമന്നം
ഉത്-യതം — ദാതൃമുഖ്യം ധൃതം
(അതഃ ഏവംവിധഃ ഇന്ദ്രഃ)
സ്വ-രാജ്യം അനു അർച്ചൻ — സ്വസ്വാമിത്വം പ്രകടയൻ
വൃത്രമവധീൽ

അർത്ഥം—ആയിരക്കണക്കിൽ മനുഷ്യർ ഈ ഇന്ദ്രനെ ഒരേ സമയത്തു് പൂജിച്ചു. പതിനാറു് ഋത്വിക്കുകളും യജമാനനും പത്നിയും സദസ്യനും ശമിതാവുംകൂടി ഇരുപതുപേർ അവിടുത്തെ എല്ലാ വിധത്തിലും സ്തുതിച്ചു. നൂറുകണക്കിൽ ഋഷികൾ അവിടുത്തെ വീണ്ടും വീണ്ടും വാഴ്ത്തി. അപ്രകാരമുള്ള ഇന്ദ്രനായി ഹവിസ്സുനല്കാൻ ഇതാ ഉയർത്തിപ്പിടിക്കുന്നു. അപ്രകാരമുള്ള ഇന്ദ്രനാണല്ലൊ തൻെറ സ്വാമിത്വം പ്രകടിപ്പിച്ചുകൊണ്ടു് വൃത്രനെ കൊന്നതു്. (ശമിതാവു്—യാഗത്തിൽ പശുവിനെ ഹോമയോഗ്യമാക്കാൻ ഹിംസിക്കുന്നവൻ)

10 ഇന്ദ്രോ വൃത്രസ്യ തവിഷീം
നിരഹന്ത്സഹസാസഹഃ
മഹത്തദസ്യപൌംസ്യം
വൃത്രഞ്ജഘന്വാ അസൃജ
ദച്ഛന്നനു സ്വരാജ്യം വ. 30

അന്വയം:—

ഇന്ദ്രഃ വൃത്രസ്യ തവിഷീം — ബലം
(സ്വകീയേന ബലേന)
നിഃ അഹൻ — ഹതവാൻ
സഹസാ — അഭിഭവസാധനേനായുധേന
സഹഃ — അഭിഭവസാധനം വൃത്രായുധം
(നിരഹൻ)

അസ്യ തൽ പൌംസ്യം
മഹൽ — ബലം അതിപ്രൌഢം
സ്വ–രാജ്യം അനു അർച്ചൻ— സ്വസ്വാമിത്വം പ്രകടയൻ
(യസ്മാൽ) വൃത്രം
ജഘന്വാൻ — ഹതവാൻ
(തം ഹത്വാച നിരുദ്ധാഃ
ആപഃ) അസൃജൽ — നിരഗമയൽ

അർത്ഥം–ഇന്ദ്രൻ വൃത്രന്റെ ശക്തിയെ സ്വകീയബലം കൊണ്ടു് അടിച്ചമർത്തി. തന്റെ ജയസാധനമായ ആയുധത്താൽ വൃത്രന്റെ ജയസാധനമായ ആയുധത്തെ തകർത്തു. അവിടുത്തെ ആ പൌരുഷം അപ്രതിമമാണു്, മഹത്താണു്. അതുകൊണ്ടാണല്ലോ തന്റെ സ്വാമിത്വം പ്രകടിപ്പിച്ചുകൊണ്ടു് അവിടുന്നു് വൃത്രനെ കൊന്നതും, അവൻ തടുത്തുവെച്ച വെള്ളങ്ങളെ വിട്ടതും.।

11 ഇമേ ചിത്തവ മന്യവേ
വേപേതേ ഭിയസാ മഹീ
യദിന്ദ്ര വജ്രിന്നോജസാ
വൃത്രം മരുത്വാ് അവധീ
രർച്ചന്നനു സ്വരാജ്യം

അന്വയം —

ഹേ വജ്രിൻ, ഇന്ദ്ര, യൽ — യദാ
മരുത്വാൻ — മരുത്ഭിര്യുക്തഃ (ത്വം)
സ്വ–രാജ്യം അനു അർച്ചൻ — സ്വസ്വാമിത്വം പ്രകടയൻ
ഓജസാ വൃത്രം അവധീഃ — ഹതവാനസി
(തദാനീം) മഹീ — മഹത്യൌ
ഇമേ ചിൽ — ദ്യാവാപൃഥിവ്യാവപി
തവ മന്യവേ — ത്വദീയകോപാൽ
ഭിയസാ വേപേതേ — ഭീത്യാകമ്പേതേ

അൎത്ഥം—അല്പയോ വജ്രായുധനായ ഇന്ദ്ര, എപ്പോഠ മരുത്തു ക്കളോടു കൂടിയ അവിടുന്നു് തന്റെ സ്വാമിത്വം പ്രകടിപ്പിച്ചു കൊണ്ടു്, സ്വബലത്താൽ വൃത്രനെ കൊന്നുവോ, അപ്പോഠ മഹതികളായ ഈ ദ്യാവാപൃഥിവികഠ കൂടി അവിടുത്തെ ക്രുദ്ധഭാവം കാരണം പേടിയാൽ വിറച്ചിരുന്നു.

12 നവേപ്സാനതന്യതേ
ന്ദ്രം വൃത്രോവിബീഭയൽ
അഭ്യേനം വജ്ര ആയസ
സ്സഹസ്രഭൃഷ്ടിരായതാ
ൎച്ചന്നനുസ്വരാജ്യം.

അന്വയം:—

വൃത്രഃ ഇന്ദ്രം വേപസാ	— സ്വകീയേന കമ്പനേന
ന വി ബീഭയൽ	— ഭീതം നാകരോൽ
(തഥാ) തന്യതാ ന	— ഘോരേണ ഗൎജ്ജനശബ്ദേന ന വിബീഭയൽ
(അപി ച) സ്വ—രാജ്യം	
അനു അൎച്ചൻ	— സ്വസ്വാമിത്വം പ്രകടയൻ
(ഇന്ദ്രേണ വി സൃഷ്ടഃ)	
ആയസഃ	— അയോമയഃ
സഹസ്ര—ഭൃഷ്ടിഃ വജ്രഃ	— അനേകധാരായുക്തഃ വജ്രഃ
ഏനം അഭി ആയത	— ഹന്തുമാഭിമുഖ്യേനാഗച്ഛൽ

അൎത്ഥം—വിറപ്പിക്കൽകൊണ്ടു് ഇന്ദ്രനെ പേടിപ്പെടുത്താൻ വൃത്രനു പററിയില്ല. അതുപോലെ ഭയങ്കരമായ അലൎച്ചയുടെ ശബ്ദം കൊണ്ടും ഭയപ്പെടുത്താൻ കഴിഞ്ഞില്ല. തന്റെ സ്വാമി ത്വം പ്രകടിപ്പിച്ചുകൊണ്ടു് ഇന്ദ്രനാൽ വിടപ്പെട്ട നാനൂറുമുനക ളുള്ള ഇരുമ്പുവജ്രമാകട്ടെ, അവന്റെ നേരെ കൊല്ലാൻ എത്തുക യും ചെയ്തു.

13 യദ്വൃത്രന്തവചാശനിം
വജ്രേണസമയോധയഃ
അഹിമിന്ദ്രജിഘാംസതോ
ദിവിതേ ബദ്ബധേ ശവോ
ച്ചന്നനുസ്വരാജ്യം

അന്വയം,—

ഹേ ഇന്ദ്ര, യൽ വൃത്രം — യദാവൃത്രം
തവ — ഹനനാർത്ഥം തേനവിസൃഷ്ടാം
അശനിം ച (ത്വം)
വജ്രേണ
സം അയോധയഃ — സമ്യക് പ്രാഹാർഷീഃ
(തദാനീം) അഹിം
ജിഘാംസതഃ — വൃത്രം ഹന്തുമിച്ഛതഃ
തേ ശവഃ — തവബലം
സ്വരാജ്യം അനു അർച്ചൻ— സ്വസ്വാമിത്വം പ്രകടയൻ
ദിവി ബദ്ബധേ — ബദ്ധം, അനുസ്യൂതം
വ്യാപ്തമാസീൽ

അർത്ഥം—അല്ലയോ ഇന്ദ്ര, എപ്പോൾ അവിടുന്നു് വൃത്രനെയും, അവിടുത്തെ ഹനിക്കാൻ അവൻ വിട്ട ഇടിമിന്നലിനെയും വജ്രത്താൽ വേണ്ടപോലെ അടിച്ചുമത്തിയോ, അപ്പോൾ വൃത്രനെ കൊല്ലാനിച്ഛിക്കുന്ന അവിടുത്തെ ശക്തി സ്വന്തം സ്വാമിത്വം പ്രകടിപ്പിച്ചുകൊണ്ടു് ദ്യോവിൽ നിരന്തരമായി വ്യാപിച്ചു

14 അഭിഷ്ടനേതേ അദ്രിവോ
യൽസ്ഥാ ജഗച്ചരേജതേ
ത്വഷ്ടാ ചിത്തവമന്യവ
ഇന്ദ്രവേവിജ്യതേഭിയാ
ച്ചന്നനുസ്വ രാജ്യം

അന്വയം:—

ഹേ അദ്രി—വഃ, ഇന്ദ്ര — വജ്രവൻ, ഇന്ദ്ര,
തേ അഭീ—ഷ്ടനേ — സിംഹനാദേ സതി
സ്ഥാഃ ജഗൽ ച യൽ — സ്ഥാവരം ജംഗമം യദസ്തി തദുഭയം
രേജതേ — കമ്പതേ
ത്വഷ്ടാ ചിൽ — വജ്രനിർമ്മാതാ ത്വഷ്ടാ ച
തവ മന്യവേ — ത്വദീയായ കോപായ
ഭിയാ വേവിജ്യതേ — ഭൃശം കമ്പതേ
(സഃ ത്വം) സ്വ—രാജ്യം
അനു അർച്ചൻ — സ്വസ്വാമിത്വം പ്രകടയൻ (വർത്തസേ)

അർത്ഥം—ഹേ വജ്രായുധ, ഇന്ദ്ര, അവിടത്തെ സിംഹനാദ സമാനമായ ശബ്ദത്തിൽ സ്ഥാവരജംഗമങ്ങളാം മുഴവൻ വിറ യ്ക്കുന്നു വജ്രായുധ നിർമ്മാതാവായ ത്വഷ്ടാവുകൂടി അവിടത്തെ കോപത്തിൽ പേടിപൂണ്ടു് ഏററവും വിറയ്ക്കുന്നു അപ്രകാരമുള്ള അവിടന്നു് സ്വന്തം സ്വാമിത്വം പ്രകടിപ്പിച്ചുകൊണ്ടു് വർത്തി ക്കുന്നു.

15 നഹിനുയാ ദധീമസീ
ന്ദ്രങ്ങ്കോ വീര്യാപരഃ
തസ്മിന്നൃമ്ണ മുതക്രതും
ദേവാ ഓജാംസി സന്ദധു
രച്ചന്നനുസ്വരാജ്യം

അന്വയം —

(യസ്മാൽ) തസ്മിൻ
(ഇന്ദ്രേ) ദേവാഃ നൃമ്ണം — ധനം
ഉത ക്രതും — അപിച വീര്യകർമ്മ
ഓജാംസി — ബലാനി (ച)

സം ദധുഃ	—	സ്ഥാപയാംചക്രേ
(തസ്മാൽ) പരഃ	—	പരസ്മാൽ, അതിദൂരേസ്ഥാനേ
വീര്യാ	—	വീര്യേണസാമർത്ഥ്യേന വർത്തമാനം
ഇന്ദ്രം കഃ	—	കഃ മനുഷ്യഃ ജാനീയാൽ? (നകോപി)
(അല്പാവയം) യാൽ	—	യാന്തം, സർവ്വത്രവ്യാപ്യവർത്തമാനം (ഇന്ദ്രം)
ന ഹി ന അധി—ഇമസി	—	നഹ്യവഗച്ഛാമഃ
(സഃ ഇന്ദ്രഃ) സ്വ—രാജ്യം		
അനു അർച്ചൻ	—	സ്വസ്വാമിത്വം പ്രകടയൻ (വർത്തതേ)

അർത്ഥം—യാതൊരു കാരണത്താൽ ആ ഇന്ദ്രങ്കൽ ദേവന്മാർ ധനവും വീര്യവും ബലങ്ങളും സ്ഥാപിച്ചുവോ, ആ കാരണത്താൽ അതിവിദൂരത്തിൽ ശക്തിസാമർത്ഥ്യത്തോടുകൂടി വർത്തിക്കുന്ന ഇന്ദ്രനെ ഏതു മനുഷ്യനറിയുന്നു? ആരുമില്ല. അല്പന്മാരായ നമ്മാംക്ക് സർവ്വത്രവ്യാപിച്ചു വിലസുന്ന അവിടത്തെ പ്രാപിക്കുവാൻ കഴിയുന്നില്ല. ആ ഇന്ദ്രൻ സ്വന്തം സ്വാമിത്വം പ്രകടിപ്പിച്ചുകൊണ്ടു് വർത്തിക്കുന്നു.

16 യാമഥർവ്വാമനുഷ്പിതാ
ദധ്യങ്ധിയമത്നത
തസ്മിൻബ്രഹ്മാണിപൂർവ്വഥേ
ന്ദ്രഉക്ഥാസമഗ്മതാ
ർച്ചന്നനുസ്വരാജ്യം

അന്വയം:—

അഥർവ്വാ	— ഏതൽസംജ്ഞകഃ ഋഷിഃ
പിതാ മനുഃ	— സർവ്വാസാംപ്രജാനാം പിതൃഭൂതഃ മനുഃ
ദധ്യങ്ങ്	— അഥർവ്വണപുത്രഃ ഋഷിഃ
യാം ധിയം അതത	— യൽ കർമ്മ അതനുത, അകുർവ്വൻ
തസ്മിൻ (കർമ്മണിയാനി)	
ബ്രഹ്മാണി	— ഹവിർല്ലക്ഷണാന്യന്നാനി
ഉക്ഥാ	— ശസ്ത്രരൂപാണി സ്തോത്രാണി (സന്തി)
(താനിസർവ്വാണി തസ്മിൻ)	
ഇന്ദ്രേ പൂർവ്വ–ഥാ	— പൂർവ്വേഷാമന്യേഷാം യജ്ഞേഷു യഥാഹവീംഷി സ്തോത്രാണി ഇന്ദ്രേണസംഗച്ഛന്തേതഥാ
സം അഗ്മത	— സംഗച്ഛന്ത
(സഃ ഇന്ദ്രഃ) സ്വ–രാജ്യം	
അനു അർച്ചൻ	— സ്വസ്വാമിത്വം പ്രകടയൻ (വർത്തതേ)

അർത്ഥം—അഥർവ്വാവ് എന്ന ഋഷിയും എല്ലാ മനുഷ്യരുടെയും പിതൃഭൂതനായ മനുവും അഥർവ്വാവിന്റെ പുത്രനായ ദധ്യങ്ങ് എന്ന ഋഷിയും ഏതു കർമ്മത്തെ ചെയ്തുവോ, ആ കർമ്മത്തിൽ ഏതേതു ഹവിസ്സുകളും ശസ്ത്രരൂപങ്ങളായ സ്തോത്രങ്ങളുമുണ്ടായോ, അവയും, മുമ്പ് മററ് ഋഷികളുടെ യജ്ഞങ്ങളിലെ ഹവിസ്സുകളും സ്തോത്രങ്ങളും എങ്ങിനെ ഇന്ദ്രങ്കലെത്തിച്ചേർന്നുവോ, അപ്രകാരം ഇന്ദ്രനോടു ചേന്നു ആ ഇന്ദ്രൻ തന്റെ സ്വാമിത്വം പ്രകടിപ്പിച്ചുകൊണ്ടു് വർത്തിയ്ക്കുന്നു (ഈ ഋക്കിന്നു് ഇന്ദ്രന്നു് പുറമെ അഥർവ്വാവും മനുവും ദധ്യങ്ങും ദേവതകളാകുന്നു)

അധ്യായ പീഠിക

അഷ്ടകം—1 അധ്യായം—6

1—മുതൽ 8 കൂടി വര്ഗ്ഗങ്ങളിൽ ഇന്ദ്രനാണ് ദേവത. 9 മുതൽ 14 കൂടി മരുത്തുക്കളാണ്. 7 പേരോട്ടുകൂടിയ 7 ഗണങ്ങൾ ചേന്ന 49 പേരാണ് മരുത്തുക്കൾ. അവർ സമാനവയസ്കന്മാരും അജ്യേഷ്ഠാനജന്മാരും തുല്യരൂപരുമാണ്. 15 മുതൽ 18 കൂടി വിശ്വദേവകളാണ് ദേവത. 15—ഉം, 16—ഉം, വര്ഗ്ഗങ്ങൾ വളരെ മംഗളകരങ്ങളും അഭീഷ്ടപ്രദങ്ങളുമാണ്. ആ വർഗ്ഗങ്ങൾ ''ആനോഭദ്രം'' എന്ന പേരിൽ സന്ധ്യാവന്ദനത്തിൽ ജപിക്കപ്പെടുന്നു. 18—ാം വർഗ്ഗത്തിൽ ആദ്യത്തെ 3— സൂക്തകങ്ങൾ ശ്രാദ്ധജപ്യങ്ങളാണ്. 19 മുതൽ 23 കൂടി ദേവത സോമനാകുന്നു. 24—25 വർഗ്ഗങ്ങൾ പ്രസിദ്ധങ്ങളായ ഉപസ്തുതികളാണ്. അതിൽ 10—ാം മന്ത്രം അത്യധികം അർത്ഥഗർഭവും അനുഭവവേദ്യവുമാണ്. 16 മുതൽ 18 കൂടി മന്ത്രങ്ങൾ ആശിസ്സുതികളാണ്. 26 മുതൽ 29 കൂടിയ വർഗ്ഗങ്ങൾക്ക് അഗ്നിസോമന്മാരാണ് ദേവത. 30—31—32 വർഗ്ഗങ്ങൾ ആഗ്നേയങ്ങളാണ്.

അഷ്ടകം 1 അധ്യായം 6 വർഗ്ഗം 1—2 പംക്തിശ്ഛന്ദഃ

1 ഇന്ദ്രോമദായ വാവൃധേ
ശവസേ വൃത്രഹാനൃഭിഃ
തമിന്മഹൽസ്വാജിഷു
തേമഭേ ഹവാമഹേ
സവാജേഷു പ്രനോവിഷൽ

അന്വയം:—

വൃത്ര—ഹാ — ശത്രുഹന്താ
ഇന്ദ്രഃ മദായ ശവസേ — ഹർഷാർത്ഥം ബലാർത്ഥം ച
നൃ—ഭിഃ — നേതൃഭിഃ ഋത്വിഗ്ഭിഃ

വവൃധേ	— സ്തോത്ര ശസ്ത്രരൂപാഭിഃ സ്തുതിഭി വർദ്ധിതോബഭൂവ
തം ഇൽ	— തമേവേന്ദ്രം
മഹൽ—സു ആജിഷു	— പ്രഭൃതേഷു സംഗ്രാമേഷു (അസ്മാകം രക്ഷണായ)
ഹവാമഹേ	— ആഹ്വയാമഹേ
ഉത ഈം	— അപിച ഏനം
ആർഭേ	— അല്പേ (സംഗ്രാമേ ച ഹവാമഹേ)
(അസ്മാഭിരാഹൂതഃ) സഃ വാജേഷു നഃ പ്ര അവിഷൽ	— സംഗ്രാമേഷു അസ്മാൻ പ്രാവതു, പ്രകർഷേണ രക്ഷതു

അർത്ഥം—ശത്രുഹന്താവായ ഇന്ദ്രൻ ഹർഷത്തിന്നും ബല ത്തിന്നുമായി ഋത്വിക്കുകളാൽ സ്തോത്രശസ്ത്രരൂപങ്ങളായ സ്തുതി കളെക്കൊണ്ട് വാഴ്ത്തപ്പെട്ടു വർദ്ധിച്ചു. (സ്തുതികളാലാണ് ദേവന്മാർക്ക് വലിപ്പം കൂടുന്നത്) ആ ഇന്ദ്രനെത്തന്നെ വലിയ യുദ്ധങ്ങളിൽ രക്ഷണത്തിന്നായി വിളിക്കുന്നു. കൂടാതെ, ചെറിയ യുദ്ധങ്ങളിലും വിളിക്കുന്നു. (വലിപ്പച്ചെറുപ്പങ്ങൾ മനുഷ്യർക്കേ ഉള്ളു. അവിടേക്ക് വലുതും ചെറുതാണ്. മനുഷ്യർക്ക് ചെറുതും വലുതായി തോന്നും. ജീവിതയാത്രയിലെ സ്വാഭാവിക സം ഘർഷങ്ങളെയാണ് യുദ്ധങ്ങളായി പറയുന്നതെന്ന് കരുതിയാ ലും തെററില്ല. ചെറുതും വലുതുമായ വിഷമങ്ങളിലൊക്കെ അവിടുത്തെ വിളിക്കുന്ന എന്നെടുക്കാം) നമ്മളാൽ വിളിക്കപ്പെ ടുന്ന ഇന്ദ്രൻ യുദ്ധങ്ങളിൽ (ജീവിതസംഘർഷങ്ങളിൽ) നമ്മളെ വേണ്ടപോലെ രക്ഷിക്കട്ടെ.

2 അസിഹി വീരസേന്യോ
സിഭൂരി പരാദദിഃ
അസിദഭ്രസ്യ ചിദ്വൃധോ
യജമാനായ ശിക്ഷസി
സുന്വതേ ഭൂരിതേവസു.

അന്വയം –

ഹേ വീര, — ശത്രുക്ഷേപണകുശല, (ഇന്ദ്ര)
സേന്യഃ അസി — ത്വം സേനാഹോ ഭവസി
ഹി — യസ്മാദേവം തസ്മാൽ
ഭൂരി പരാ–ദദിഃ അസി — ശത്രൂണാം പ്രഭൂതം ധനം പരാദാതാ, ശത്രൂണാം പരാങ്മുഖം യഥാഭവേതി തഥാ ആദാതാഭവസി
ദഭ്രസ്യ ചിൽ — അല്പസ്യാപിതവസ്തോതുഃ
വൃധഃ അസി — വർദ്ധയിതാ ഭവസി
(തഥാ) യജമാനായ — യാഗം കുർവ്വതേ
സുന്വതേ — സോമാഭിഷവം കുർവ്വതേ
ശിക്ഷസി — അപേക്ഷിതം ധനം ദദാസി
തേ വസു ഭൂരി — തവധനം ബഹുലം, അക്ഷയം

അർത്ഥം—ശത്രുക്കളെ വീഴ്ത്തുന്നതിൽ സമർത്ഥനായ ഇന്ദ്ര, അവിടുന്ന് ഏകനായിത്തന്നെ ഒരു സൈന്യത്തിന്ന് തുല്യനാണ്. അതുകൊണ്ടാണല്ലൊ ശത്രുക്കളുടെ മികച്ച ധനത്തെ, അവരോട് മുഖം തിരിച്ച് മടക്കി, അവിടുന്ന് നേടുന്നത്. സ്വല്പനായ സ്തോതാവിന്നുകൂടി അവിടുന്ന് അഭിവൃദ്ധികരനായി ഭവിക്കുന്നു യാഗകർത്താവായ യജമാനന്നും സോമം സംസ്കരിക്കുന്നവന്നും അവരർത്ഥിക്കുന്ന ധനം കൊടുക്കുന്നു. അവിടുത്തെ ഐശ്വര്യം ബൃഹത്തും അക്ഷയവുമാണല്ലൊ

3 യദുദീരത ആജയോ
ധൃഷ്ണവേ ധീയതേ ധനാ
യുക്ഷ്വാമദച്യുതാഹരീ
കംഹനഃ കംവസൗദധോ
ഽസ്മാ ഇന്ദ്ര വസൗദധഃ

അന്വയം —

യൽ ആജയഃ ഉൽ–ഈരതേ — യദാ സംഗ്രാമാഃ ഉൽഗച്ഛന്തി, ഉൽപദ്യന്തേ
(തദാനീം) ധനാ — ധനം
ധൃഷ്ണവേ ധീയതേ — ശത്രൂണാം ധർഷയിത്രേ, ജേത്രേ നിധീയതേ
(ഹേ ഇന്ദ്ര, ത്വം താദൃശേഷു യുദ്ധേഷു പ്രവൃത്തേഷു)
മദ–ച്യുതാ — ശത്രൂണാം മദസ്യ, ഗർവ്വസ്യ ച്യാവയിതാരൌ
ഹരീ യുക്ഷ്വ — ത്വദീയാവശ്വൌ രഥേയോജയ
(യോജയിത്വാച) കം — കഞ്ചിൽ രാജാനം, തവപരിചരണമകുർവ്വന്തം
ഹനഃ — ഹന്യാഃ
കം — കഞ്ചനത്വാം പരിചരന്തം
വസൌ ദധഃ — വസുനി, ധനേ സ്ഥാപയസി
(തസ്മാൽ) ഹേ ഇന്ദ്ര,
അസ്മാൻ — അസ്മദീയാൻ രാജ്ഞഃ
വസൌ ദധഃ — ധനേ സ്ഥാപയ

അർത്ഥം—രഹൂഗണ പുത്രനായ ഗോതമൻ കുരുസൃഞ്ജയന്മാരുടെ പുരോഹിതനായിരുന്നു ഒരിക്കൽ അവർക്ക് ശത്രുക്കളൊയി യുദ്ധം വന്നപ്പോൾ ഈ സൂക്തംകൊണ്ടാണ് ഗോതമൻ ജയാർത്ഥന ചെയ്തത്

യുദ്ധങ്ങളുണ്ടാകുമ്പോൾ ധനം ശത്രുധർഷകനായ ജേതാവിനു ചേരുന്നു (യുദ്ധത്തിൽ ജയിക്കുന്നവനാണ് ധനം) അല്ലയോ ഇന്ദ്ര, അപ്രകാരം യുദ്ധങ്ങളിൽ പൊരുതുന്നവർക്കു വേണ്ടി, ശത്രുക്കളുടെ അഹങ്കാരത്തെ തെറിപ്പിക്കുന്ന അവിടത്തെ അശ്വങ്ങളെ തേരിൽ പൂട്ടിയാലും. അങ്ങിനെ പൂട്ടി, അവിടത്തെ സേവിക്കാത്തവനെ ഹനിച്ചാലും. അവിടത്തെ സേവിക്കുന്നവനെ ധനത്തിൽ സ്ഥാപിച്ചാലും. ഞങ്ങളെ സംബന്ധിച്ച രാജാക്കളെ, (അവരവിടത്തെ സേവിക്കുന്നവരാകയാൽ) ധനത്തിൽ സ്ഥാപിച്ചാലും.

4 ക്രത്വാമഹാ അനുഷ്വധം
ഭീമ ആവാവൃധേശവഃ
ശ്രിയഋഷ്വ ഉപാകയോ
ർനി ശിപ്രീഹരിവാന്ദധേ
ഹസ്തയോർവ്വജ്രമായസം

അന്വയം:—

ക്രത്വാ മഹാൻ	— കർമ്മണാ (പ്രജ്ഞയാ) സർവ്വാധികഃ
ഭീമഃ	— ശത്രൂണാം ഭയങ്കരഃ (ഇന്ദ്രഃ)
അനു—സ്വധം	— സ്വധായാം സോമലക്ഷണാന്നസ്യപാനേ സതി (വിഭക്ത്യർത്ഥേ അവ്യയീഭാവഃ)
ശവഃ ആ വവൃധേ	— ആത്മീയം ബലം ആഭിമുഖ്യേന പ്രാവർദ്ധയത്
(തദനന്തരം) ഋഷ്വഃ	— ദർശനീയഃ
ശിപ്രീ	— ശിപ്രേഹനൂ, തദ്യുക്തഃ
ഹരി—വാൻ	— ഹരിനാമകാശ്വോപേതഃ (ഇന്ദ്രഃ)
ഉപാകയോഃ ഹസ്തയോഃ	— സമീപവർത്തിനോഃ ബാഹ്വോഃ
ആയസം വജ്രം	— അയോമയം വജ്രം
ശ്രിയേ നി ദധേ	— സമ്പദർത്ഥം നിദധാതി, സ്ഥാപയതി

അർത്ഥം—കർമ്മംകൊണ്ടു് അല്ലെങ്കിൽ ജ്ഞാനംകൊണ്ടു് എല്ലാവരിലും മേലെയുള്ളവനും ശത്രുക്കൾക്കു് ഭയങ്കരനുമായ ഇന്ദ്രൻ സോമപാനം കുടിച്ചു് സ്വന്തം ശക്തി നേരെ വർദ്ധിപ്പിച്ചു. അതിന്നുശേഷം ദർശനീയനും നല്ല താടിയെല്ലോടു കൂടിയവനും ഹരി എന്ന കുതിരയോടൊത്തവനുമായ ഇന്ദ്രൻ പാർശ്വങ്ങളിലുള്ള കൈകളിൽ ഇരുമ്പുവജ്രം ധനാർത്ഥമായി എടുക്കുന്നു (സോമപാനം കൊണ്ടു തൃപ്തനായ ഇന്ദ്രൻ ശത്രുഹനനത്തിന്നായി കൈകളിൽ വജ്രം ധരിക്കുന്നു)

5 ആപപ്രൌപാൎത്ഥിവം രജോ

ബദ്ബധേ രോചനാദിവി

നത്വാവാ ഇന്ദ്ര കശ്ചന

ന ജാതോന ജനിഷ്യതേ

തി വിശ്വം വവക്ഷിഥ

വ. 1

അന്വയം:—

(ഇന്ദ്രഃ സ്വതേജസാ)	
പാൎത്ഥിവം	— പൃഥിവ്യാസ്സംബന്ധി വസ്തുജാതം
രജഃ	— അന്തരിക്ഷലോകം (ച)
ആ പപ്രൌ	— ആ പൂരയതി
(തഥാ) ദിവി രോചനാ	
ബദ്ബധേ	— ദ്യുലോകേ രോചനാനി, നക്ഷത്രാണി ബബന്ധ, സ്ഥാപിതവാൻ
(അതഃ) ഹേ ഇന്ദ്ര, ന	
ത്വാ—വാൻ	— ത്വൽസദൃശഃ നാസ്തി
കഃ ചന ന ജാതഃ	— നോൽപന്നോസ്തി
ന ച ജനിഷ്യതേ	— ഉൽപത്സ്യമാനോപി നാസ്തി
(താദൃശസ്ത്വം) വിശ്വം	— (രക്ഷിതവ്യം) സൎവ്വം ജഗൽ-
അതി വവക്ഷിഥ	— അതിശയേനവോഢുമിച്ഛസി

(സൎവ്വസ്യ ജഗതോ നിൎവ്വാഹകോ ഭവസി)

അൎത്ഥം—ഇന്ദ്രൻ സ്വതേജസ്സുകൊണ്ടു് ഭൂമിയിലുള്ള ചരാചരസമൂഹത്തിലും അന്തരിക്ഷലോകത്തിലും നിറഞ്ഞുനില്ക്കുന്നു. അതുപോലെ ദ്യോവിലെ മിന്നുന്ന നക്ഷത്രങ്ങളെ സ്ഥാപിച്ചവനാകുന്നു. അതുകൊണ്ടു് അല്ലയോ ഇന്ദ്ര, അവിടത്തോടു തുല്യനായി ആരുമില്ല; പിറന്നിട്ടില്ല, പിറക്കുകയുമില്ല. അപ്രകാരമുള്ള അവിടുന്നു് രക്ഷിക്കേണ്ടുന്ന ഭുവനം മുഴുവൻ നന്നായി ഏറ്റുനില്ക്കാൻ ഇച്ഛിക്കുന്നു. സകല ജഗത്തിന്റെയും നിൎവ്വാഹകൻ അവിടുന്നാകുന്നു.

6 യോ അര്യോമർത്തഭോജനം
പരാദദാതി ദാശുഷേ
ഇന്ദ്രോ അസ്മഭ്യം ശിക്ഷതു
വിഭജാ ഭൂരിതേവസു
ഭക്ഷീയതവരാധസഃ

അന്വയം —

അര്യഃ യഃ	— സ്വാമീ, പാലയിതാ യഃ ഇന്ദ്രഃ
മർത്ത—ഭോജനം	— മനുഷ്യൈരുപഭോജ്യമന്നം
ദാശുഷേ പരാ—ദദാതി	— ഹവിർദ്ദത്തവതേ യജമാനായ പ്രയച്ഛതി
(സഃ) ഇന്ദ്രഃ അസ്മഭ്യം ശിക്ഷതു	— താദൃശമന്നം ദദാതു
(ഹേ ഇന്ദ്ര, അസ്മഭ്യം ദാതും ധനം) വി ഭജ	— വിഭക്തം കുരു
(യതഃ) തേ വസു ഭൂരി	— തവധനം ബഹുലം
(അതഃ) തവ രാധസഃ	— ധനസ്യ (ഏകദേശം)
ഭക്ഷീയ	— ഭജേയ, പ്രാപ്നുയാം

അർത്ഥം—സർവ്വസ്വാമിയായ യാതൊരിന്ദ്രൻ ഹവിസ്സേകുന്ന യജമാനന്ന്, മനുഷ്യർക്ക് ഭോജ്യമായ അന്നം നല്കുന്നുവോ, ആ ഇന്ദ്രൻ നമുക്ക് അപ്രകാരമുള്ള അന്നം തന്നരുളട്ടെ അല്ലയോ ഇന്ദ്ര, ഞങ്ങൾക്ക് നല്കാനായി ധനത്തെ വിഭജിച്ചാലും. അവിടത്തെ ധനം അസംഖ്യമാണല്ലോ ആ ധനത്തിൽ നിന്ന് ഒരു ഭാഗം ഞങ്ങൾ പ്രാപിച്ചാവൂ

7 മദേമദേഹിനോദദി
ര്യൂഥാഗവാ മൃജുക്രതുഃ
സങ്ഗൃഭായ പുരൂശതോ
ഭയാഹസ്ത്യാവസു
ശിശീഹിരായ ആഭര

അന്വയം:—

മദേ—മദേ	—	സോമപാനേനഹർഷേ ഹർഷേസതി
ഋജു—ക്രതുഃ	—	ഋജുകർമ്മാ (സ ഇന്ദ്രഃ)
നഃ ഗവാം യൂഥാ	—	അസ്മഭ്യം ഗവാം യൂഥാനി
ദദിഃ ഹി	—	ദാതാഖലു
(ഹേ ഇന്ദ്ര, സത്വം) പുരു	—	പുരൂണി, പ്രഭൂതാനി
ശതാ	—	ശതസംഖ്യാകാനി, അപരിമിതാനി
വസു	—	വസൂനി, ധനാനി
ഉഭയാഹസ്ത്യാ	—	ഉഭാഭ്യാം ഹസ്താഭ്യാം
സം ഗൃഭായ	—	(അസ്മഭ്യം ദാതും) സമ്യക്ഗൃഹാണ
രായഃ	—	ഹസ്തയോഃസ്ഥിതാനിധനാനി
ആ ഭര	—	ആഹര, പ്രയച്ഛ
(അപിച) ശിശീഹി	—	തീക്ഷ്ണീകുരു, നിശിതബുദ്ധി യുക്താൻ കുരു

അർത്ഥം—സോമപാനം കൊണ്ട് വീണ്ടും വീണ്ടും ഹർഷത്തിൽ വർത്തിയ്ക്കുന്ന സത്യകർമ്മാവായ ഇന്ദ്രൻ നമുക്ക് പശുക്കൂട്ടങ്ങളെ തരുന്നവനാണല്ലോ. അല്ലയോ ഇന്ദ്ര, അപ്രകാരമുള്ള അവിടുന്ന് നൂറുകണക്കിൽ, അളവററ ധനങ്ങളെ രണ്ടു തൃക്കൈകളെക്കൊണ്ടും (ഞങ്ങൾക്ക് തരാനായി) വാരിയെടുത്താലും. തൃക്കൈകളിലെ ധനങ്ങളെ ഞങ്ങൾക്ക് തന്നരുളിയാലും. കൂടാതെ, ഞങ്ങളുടെ ബുദ്ധിക്ക് മൂർച്ച കൂട്ടിയാലും. തെളിച്ചമിയററിയാലും.

8 മാദയസ്വസുതേ സചാ
ശവസേ ശൂരരാധസേ
വിദ്മാഹിത്വാ പുരുവസു
മുപകാമാന്ഥ്സസൃജ്മഹേ
ഥാനോവിതാ ഭവ

അന്വയം:—

ഹേ ശൂര	— ശൌര്യവൻ, (ഇന്ദ്ര)
സുതേ	— സോമേഽഭിഷുതേ സതി (ആഗത്യ)
സചാ	— അസ്മാകം സഖാ (സൻ)
ശവസേ രാധസേ	— ബലാർത്ഥം, അസ്മാകം ധനാർത്ഥം ച
മാദയസ്വ	— തേന സോമേന തൃപ്തോ ഭവ
ത്വാ പുരു—വസും വിദ്മ ഹി	— ത്വാം ബഹുധനം വയം ജാനീമഃ ഖലു
(അതഃ അസ്മദീയാൻ) കാമാൻ	— മാത്രാഗവാ വത്സാനിവത്വയാ
ഉപ സസൃജ്മഹേ	— ത്വയാഖലു ഏകീകുർമ്മഃ
അഥ നഃ അവിതാ ഭവ	— അഭിലഷിതഫലപ്രദാനേന രക്ഷിതാ ഭവ

അർത്ഥം—അല്ലയോ ശൂരനായ ഇന്ദ്ര, സോമം സംസ്കരിക്കമ്പോൾ എത്തി ഞങ്ങളുടെ തോഴനായി, അവിടത്തെയ്ക്കു ബലത്തിന്നായും ഞങ്ങൾക്ക് ധനത്തിന്നായും ആ സോമത്താൽ തൃപ്തനായി മദിച്ചാലും. അവിടത്തെ കണക്കററ ധനമുള്ളവനായി ഞങ്ങളറിയുന്നു. അതുകൊണ്ട്, തള്ള പശുക്കുട്ടികളിലെന്ന പോലെ, ഞങ്ങളിൽ കാമങ്ങളെ ഇണക്കിയാലും. പിന്നെ അഭിലാഷ പൂരണത്താൽ ഞങ്ങൾക്ക് രക്ഷിതാവായി ഭവിച്ചാലും

9 ഏതേത ഇന്ദ്രജന്തവോ
വിശ്വം പുഷ്യന്തിവാര്യം
അന്തർഹി ഖ്യോജനാനാ
മര്യോവേദോ അദാശുഷാം
തേഷാന്നോവേദ ആഭര വ 2

അന്വയം:—

ഹേ ഇന്ദ്ര, തേ	— തവ സ്വഭൂതാഃ
ഏതേ ജന്തവഃ	— യജമാനലക്ഷണാ ജനാഃ
വിശ്വം വാര്യം പുഷ്യന്തി	— സർവ്വം സംഭജനീയം ഹവിഃ വർദ്ധയന്തി
അദാശുഷാം	— ഹവിഷാമദാതൄണാം
ജനാനാം അന്തഃ	— മദ്ധ്യേവിദ്യമാനം
വേദഃ	— ധനം
അര്യഃ	— സർവ്വേഷാം സ്വാമീ (ത്വം)
ഖ്യഃ ഹി	— പശ്യസിഹി, ജാനാസി
തേഷാം വേദഃ	— അയജമാനാനാം ധനം
നഃ ആ ഭര	— അസ്മഭ്യം ആഹര, പ്രയച്ഛ

(അയജമാനസ്യ ധനം യാഗാനുപയുക്തത്വാൽ വ്യർത്ഥമേവഭവേൽ. അതഃ തസ്യസാർത്ഥകത്വായ യജമാനേഭ്യഃ പ്രയച്ഛ)

അർത്ഥം—അല്ലയോ ഇന്ദ്ര, അവിടുത്തെ സ്വന്തക്കാരായ ഈ യജമാനന്മാർ എല്ലാവരാലും പൂജ്യമായ ഹവിസ്സിനെ വർദ്ധിപ്പിക്കുന്നു. ഹവിസ്സുനല്കാത്ത ജനങ്ങളുടെ ഇടയിലുള്ള ധനത്തെ സർവ്വപ്രഭുവായ അവിടുന്ന് കാണുന്നുണ്ടല്ലോ, അറിയുന്നുണ്ടല്ലോ. അയജമാനന്മാരുടെ ആ ധനം ഞങ്ങൾക്ക് അവിടുന്ന നേടിത്തന്നാലും (അയജമാനന്മാരുടെ, സൽകർമ്മങ്ങൾ ചെയ്യാത്തവരുടെ ധനം യാഗത്തിന്ന്, സൽകർമ്മത്തിന്ന് ഉപയുക്തമല്ലാതെ വരുന്നതുകൊണ്ട് അതെടുത്ത് സൽകർമ്മാനുഷ്ഠാനമായി കഴിവാന്മാർക്ക് കൊടുക്കുന്നതിൽ തെറ്റില്ല എന്നഭിപ്രായം)

8 മാദയസ്വ സുതേ സചാ
ശവസേ ശൂര രാധസേ
വിദ്മാഹി ത്വാ പുരൂവസു
മുപ കാമാന്ത്സസൃജ്മഹേ
ഥാനോവിതാ ഭവ

അന്വയം:—

ഹേ ശൂര	— ശൌര്യവൻ, (ഇന്ദ്ര)
സുതേ	— സോമേഭിഷുതേ സതി (ആഗത്യ)
സചാ	— അസ്മാകം സഖാ (സൻ)
ശവസേ രാധസേ	— ബലാർത്ഥം, അസ്മാകം ധനാർത്ഥം ച
മാദയസ്വ	— തേന സോമേന തൃപ്തോ ഭവ
ത്വാ പുരു—വസും വിദ്മ ഹി	— ത്വാം ബഹുധനം വയം ജാനീമഃ ഖലു
(അതഃ അസ്മദീയാൻ) കാമാൻ	— മാതൃഗവാ വത്സാനിവ ത്വയാ
ഉപ സസൃജ്മഹേ	— ത്വയാ ഖലു ഏകീകുർമ്മഃ
അഥ നഃ അവിതാ ഭവ	— അഭിലഷിതഫലപ്രദാനേന രക്ഷിതാ ഭവ

അർത്ഥം—അല്ലയോ ശൂരനായ ഇന്ദ്ര, സോമം സംസ്കരിക്ക മ്പോഴം എത്തി ഞങ്ങളുടെ തോഴനായി, അവിടുത്തെയ്ക്കു ബലത്തിന്നായും ഞങ്ങൾക്കു് ധനത്തിന്നായും ആ സോമത്താൽ തൃപ്തനായി മദിച്ചാലും. അവിടുത്തെ കണക്കററ ധനമുള്ളവനായി ഞങ്ങളറിയുന്നു. അതുകൊണ്ടു്, തള്ള പശുക്കുട്ടികളിലെന്ന പോലെ, ഞങ്ങളിൽ കാമങ്ങളെ ഇണക്കിയാലും പിന്നെ അഭിലാഷ പൂരണത്താൽ ഞങ്ങൾക്കു് രക്ഷിതാവായി ഭവിച്ചാലും.

9 ഏതേത ഇന്ദ്രജന്തവോ
വിശ്വം പുഷ്യന്തിവാര്യം
അന്തർഹി ഖ്യോജനാനാ
മര്യോവേദോ അദാശുഷാം
തേഷാന്നോവേദ ആഭര വ 2

അന്വയം:—

ഹേ ഇന്ദ്ര, തേ	— തവ സ്വഭൂതാഃ
ഏതേ ജന്തവഃ	— യജമാനലക്ഷണാ ജനാഃ
വിശ്വം വാര്യം പുഷ്യന്തി	— സർവ്വം സംഭജനീയം ഹവിഃ വർദ്ധയന്തി
അദാശുഷാം	— ഹവിഷാമദാതൄണാം
ജനാനാം അന്തഃ	— മദ്ധ്യേവിദ്യമാനം
വേദഃ	— ധനം
അര്യഃ	— സർവ്വേഷാം സ്വാമീ (ത്വം)
ഖ്യഃ ഹി	— പശ്യസിഹി, ജാനാസി
തേഷാം വേദഃ	— അയജമാനാനാം ധനം
നഃ ആ ഭര	— അസ്മഭ്യം ആഹര, പ്രയച്ഛ

(അയജമാനസ്യ ധനം യാഗാനുപയുക്തത്വാൽ വ്യർത്ഥമേവഭവേൽ. അതഃ തസ്യസാർത്ഥകത്വായ യജമാനേഭ്യഃ പ്രയച്ഛ)

അർത്ഥം—അല്ലയോ ഇന്ദ്ര, അവിടത്തെ സ്വന്തക്കാരായ ഈ യജമാനന്മാർ എല്ലാവരാലും പൂജ്യമായ ഹവിസ്സിനെ വർദ്ധിപ്പിക്കുന്നു. ഹവിസ്സുനല്കാത്ത ജനങ്ങളുടെ ഇടയിലുള്ള ധനത്തെ സർവ്വപ്രഭുവായ അവിടുന്ന് കാണുന്നുണ്ടല്ലോ, അറിയുന്നുണ്ടല്ലോ. അയജമാനന്മാരുടെ ആ ധനം ഞങ്ങൾക്ക് അവിടുന്ന നേടിത്തന്നാലും. (അയജമാനന്മാരുടെ, സല്ക്കർമ്മങ്ങൾ ചെയ്യാത്തവരുടെ ധനം യാഗത്തിന്ന്, സല്ക്കർമ്മത്തിന്ന് ഉപയുക്തമല്ലാതെ വരുന്നതുകൊണ്ട് അതെടുത്ത് സദുദ്ദേശാർത്ഥമായി കർമ്മവാന്മാർക്ക് കൊടുക്കുന്നതിൽ തെററില്ല എന്നഭിപ്രായം)

വർഗ്ഗം 3 പംക്തിജ്ജഗത്യൗച്ഛന്ദസീ

1 ഉപോഷുശൃണുഹീഗിരോ
മഘവന്മാതഥാഇവ
യദാനസ്സൂനൃതാവതഃ
കരആദർത്ഥയാസഇ
ദ്യോജാന്വിന്ദ്രതേഹരീ

അന്വയം:—

ഹേ മഘവൻ	— ധനവൻ (ഇന്ദ്ര)
ഗിരഃ ഉപോ സു ശൃണുഹി	— അസ്മദീയാ സ്തുതീഃ ഉപഗത്യ സമ്യക്ശൃണു
അതഥാഃ—ഇവ	— യഥാ വിധസ്ത്വം തദ്വിപരീതഃ
മാ (ഭൂഃ)	— യഥാനുഗ്രഹബുദ്ധിയുക്തഃ തഥാ വിധഏവ ഭവ
(അപിച) നഃ സൂനൃതാവതഃ	— ത്വയാ സ്തുതിരൂപയാ വാചാ യുക്താൻ
യദാ കരഃ	— കരോഷി
ആത് അർത്ഥയാസേ ഇത്	— അനന്തരം ത്വമപി യാചസേ ഏവ, നതദാസ്സേ
(അസ്മാകം സ്തുതീഃ സ്വീകരോഷി)	
(അതഃ) ഹേ ഇന്ദ്ര, തേ	
ഹരീ നു യോജ	— ത്വദീയാവശ്വൗ ക്ഷിപ്രം രഥേ യോജയ

അർത്ഥം—അല്ലയോ ധനവാനായ ഇന്ദ്ര, ഞങ്ങളുടെ സ്തുതികളെ അടുത്തുവന്ന് വേണ്ടപോലെ കേട്ടാലും. അവിടുന്ന് ഏതു വിധമാണോ അതിന്ന് വിപരീതമാകരുത്. അതായത് മുമ്പ് ഞങ്ങളിൽ അനുഗ്രഹബുദ്ധിയായതുപോലെ ഇനിയും ഭവിക്കണം. എപ്പോഴാണ് അവിടുന്ന് ഞങ്ങളെ സത്യപ്രിയ

വാക്കുകൾ ചേൻ സ്തോത്രസ്തോതാക്കളൊക്കുന്നുവോ, അപ്പോൾ അവിടുന്ന് ഉദാസീനത കാണിക്കാതെ, ആ സ്തുതികളെ കൈക്കൊള്ളുന്നു. (നല്ലവാക്കുകളോടുകൂടിയ സ്തുതികൾ ചൊല്ലിയ്ക്കുന്നതും സ്വീകരിക്കുന്നതും അവിടുന്നാണ്.) അതുകൊണ്ട് അല്ലയോ ഇന്ദ്ര, അവിടുത്തെ കുതിരകളെ വേഗം തേരിൽ പൂട്ടിയാലും.

2 അക്ഷന്നമീമദന്തഹ്യ
വപ്രിയാ അധൂഷത
അസ്തോഷത സ്വഭാനവോ
വിപ്രാനവിഷ്ഠയാ മതീ
യോജാന്വിന്ദ്രതേ ഹരീ

അന്വയം:—

(ഹേ ഇന്ദ്ര), അക്ഷൻ — (ത്വയാദത്താനി അന്നാനി യജമാനാഃ) ഭുക്തവന്തഃ
(ഭുക്ത്വാ ച)
അമീമദന്ത ഹി — തൃപ്താശ്ചാസൻ
പ്രിയാഃ അവ അധൂഷത — സ്വകീയസ്തനൂഃ അകമ്പയൻ
(അതിശയിതരസാസ്വാദനേന വക്തുമശക്നുവന്തഃ ശരീരാണ്യകമ്പയൻ)
(തദനന്തരം) സ്വഭാനവഃ — സ്വായത്തദീപ്തയഃ
വിപ്രാഃ — മേധാവിനഃ (തേ)
നവിഷ്ഠയാ മതീ — നവതമയാ മത്യാ, സ്തുത്യാ
അസ്തോഷത — അസ്തുവൻ
ഹേ ഇന്ദ്ര തേ ഹരീ നു
യോജ — ത്വദീയാവശ്വൗ ക്ഷിപ്രം രഥേയോജയ

അർത്ഥം—അല്ലയോ ഇന്ദ്ര, അവിടുന്നരുളിയ അന്നത്തെ യജമാനന്മാർ ഭക്ഷിച്ചു. ഭക്ഷിച്ച് തൃപ്തരായി. അതിരററ രസാസ്വാദനംകൊണ്ട് അവർ മിണ്ടാനാവാതെ ശരീരമിട്ടിളക്കുന്നു.

പിന്നെ ആത്മപ്രകാശരായ ആ മേധാവികൾ ഏററവും പുതിയ സ്തുതികളാൽ അവിടത്തെ സ്തുതിച്ചു. (അപ്രകാരം സ്തുതനായ) ഇന്ദ്ര, അവിടത്തെ കുതിരകളെ വേഗം പൂട്ടിയാലും.

3 സുസന്ദൃശന്ത്വാവയം
മഘവൻ വന്ദിഷീമഹി
പ്രനൂനം പൂർണ്ണവന്ധുര
സ്തുതോയാഹിവശാ അനു
യോജാന്വിന്ദ്രതേഹരീ

അന്വയം:—

ഹേ മഘ-വൻ, (ഇന്ദ്ര)
സു-സംദൃശം ത്വാ — അനുഗ്രഹദൃഷ്ട്യാ സർവ്വസ്യ ദ്രഷ്ടാരം ത്വാം
വയം വന്ദിഷീമഹി — സ്തുവീമഹി, സ്തുതികർത്താരോ ഭൂയാസ്മ
സ്തുതഃ (ത്വം)
പൂർണ്ണ-വന്ധുരഃ — സ്തോതൃഭ്യോ ദേയൈർധനൈഃ പൂരിതേന രഥേന യുക്തസ്സൻ
വശാൻ അനു — കാമയമാനാനന്യാൻ യജമാനാൻ പ്രതി
നൂനം പ്ര യാഹി — അവശ്യം പ്രതിഷ്ഠസ്വ
ഹേ ഇന്ദ്ര, തേ ഹരീ നു യോജ — ത്വദീയാവശ്വൗ ക്ഷിപ്രം രഥേ യോജയ

അർത്ഥം—അല്ലയോ മഘവാവേ, ഇന്ദ്ര, അനുഗ്രഹബുദ്ധിയോടുകൂടി ഏവരെയും നോക്കുന്ന അവിടത്തെ ഞങ്ങൾ വന്ദിച്ചാവൂ. അപ്രകാരം ഞങ്ങളാൽ സ്തുതനായ അവിടുന്ന് സ്തോതാക്കൾക്ക് കൊടുക്കാനുള്ള ധനങ്ങൾ നിറച്ച തേരോടുകൂടി, അഭീഷ്ടാർത്ഥികളായ അന്യയജമാനന്മാരുടെ അടുക്കലേക്ക്

തീർച്ചയായും പോഷ്ലൊണ്ടാലും (ഞങ്ങൾക്ക മാത്രം തന്നാൽ പോരല്ലൊ മററുള്ളവക്കും അതുപോലെ കൊടുക്കുന്നതു് സന്തോഷമാണു്) അല്ലയോ ഇന്ദ്ര, അവിടുത്തെ കുതിരകളെ വേഗം പൂട്ടിയാലും

4 സംഘാതം വൃഷ്ണംരഥ

മധിതിഷ്ഠാതി ഗോവിദം

യഃ പാത്രം ഹാരിയോജനം

പൂർണ്ണമിന്ദ്രചികേതതി

യോജാന്വിന്ദ്രതേഹരീ

അന്വയം –

സഃ ഘ	— സഖല്വിന്ദ്രഃ
വൃഷ്ണം, ഗോ–വിദം	— കാമാഭിവഷകം ഗോപ്രദം
തം രഥം അധി തിഷ്ഠാതി	— രഥേ അധിതിഷ്ഠതു
ഹേ ഇന്ദ്ര, യഃ (രഥഃ)	
ഹാരി–യോജനം	— ഹൃതൽ സംജ്ഞകം ധാനാമിശ്രിതം
പൂർണ്ണം	— സോമേനപൂർണ്ണം
പാത്രം ചികേതതി	— ജ്ഞാപയതി (തം രഥമധിതിഷ്ഠ)
(അധിഷ്ഠായ ച) ഹേ ഇന്ദ്ര തേ ഹരീ ന യോജ	— ത്വദീയാവശ്വൌയോജയ

അത്ഥം–ആ ഇന്ദ്രൻതന്നെ കാമാഭിവഷകവും ഗോപ്രദവുമായ ആ തേരിൽ കയറട്ടെ അല്ലയോ ഇന്ദ്ര, ഏതുരഥമാണോ ഹാരിയോജനമെന്ന യവത്താൽ മിശ്രിതമായ സോമം കൊണ്ടു പൂർണ്ണമായി (അതിന്റെ) പാത്രമായി പ്രസിദ്ധമായതു്, ആ രഥത്തിൽ കയറിയാലും അല്ലയോ ഇന്ദ്ര, അങ്ങിനെ കയറി അവിടുത്തെ കുതിരകളെ പൂട്ടിയാലും.

5 യുക്തസ്തേ അസ്തുദക്ഷിണ
ഉതസവ്യശ്ശതക്രതോ
തേന ജായാമുപപ്രിയാം
മന്ദാനോയാഹ്യന്ധസോ
യോജാന്വിന്ദ്രതേ ഹരീ

അന്വയം —

ഹേ ശതക്രതോ, തേ — ത്വദീയേ രഥേ
ദക്ഷിണഃ യുക്തഃ അസ്തു — ദക്ഷിണപാർശ്വസ്ഥോശ്വഃ യോജിതഃ ഭവതു
ഉത സവ്യഃ — വാമപാർശ്വസ്ഥഃ (അപിയുക്തഃ അസ്തു)
തേന (രഥേന) അന്ധസഃ — സോമലക്ഷണാന്നസ്യ പാനേന
മന്ദാനഃ — മത്തഃ (ത്വം)
പ്രിയാം ജായാം ഉപ
യാഹി — പ്രീണയിത്രീം ജായാം ഉപഗച്ഛ
(തദർത്ഥം) ഹേ ഇന്ദ്ര,
തേ ഹരീ ന യോജ — ത്വദീയാവശ്വൌ ക്ഷിപ്രം യോജയ

അർത്ഥം—അല്ലയോ ശതക്രതുവായ, ബഹുകർമ്മവാനായ ഇന്ദ്ര, അവിടത്തെ രഥത്തിലെ വലതുഭാഗത്തെ കുതിര പൂട്ടപ്പെടട്ടെ ഇടതുഭാഗത്തേതും പൂട്ടപ്പെടട്ടേ സോമപാനത്താൽ ഹൃഷ്ടനായ അവിടുന്ന് ആ രഥത്തിൽ പ്രിയകാരിണിയായ ഭാര്യയുടെ സമീപത്തിലേക്കുഗമിച്ചാലും. അതിന്നായി ഇന്ദ്ര, അവിടത്തെ കുതിരകളെ വേഗം പൂട്ടിയാലും.

6 യുനജ്മിതേ ബ്രഹ്മണാകേശിനാഹരീ
ഉപ പ്രയാഹിദധിഷേ ഗഭസ്ത്യോഃ
ഉത്വാ സുതാസോരഭസാ അമന്ദിഷുഃ
പൂഷണ്വാൻ വജ്രിന്ഥ്സമുപത്ന്യാമദഃ വ. 3

അന്വയം:—

(ഹേ ഇന്ദ്ര) കേശിനാ തേ ഹരീ	— കേശയുക്തൌ, ശിഖാവന്തൌ ത്വദീയാവശ്വൌ
ബ്രഹ്മണാ (രഥേ) യുനജ്മി	— മന്ത്രേണ സംയോജയാമി
(തേനരഥേന) ഉപ പ്ര യാഹി	— ത്വൽഗൃഹമുപഗച്ഛ
ഗഭസ്ത്യോഃ	— ബാഹ്വോഃ (രശ്മീൻ)
ദധിഷേ	— ധാരയസ്വ
ത്വാ സുതാസഃ	— ത്വാം യജ്ഞേഭിഷുതാഃ സോമാഃ
രഭസാഃ	— വേഗവന്തഃ, ക്ഷിപ്രംമദകാരിണഃ
ഉൽ അമന്ദിഷുഃ	— ഉൽകൃഷ്ടമദയുക്തമകാർഷുഃ
ഹേ വജ്രിൻ (അതസ്ത്വം സ്വഗൃഹംഗത്വാ) പൂഷൺ—വാൻ	— സോമപാനജനിതയാ പുഷ്ട്യാ യുക്തഃ (സൻ)
പത്ന്യാ (സഹ) സം ഉ അമദഃ	— സമ്യഗേവതൃപ്തോഭവ

അർത്ഥം—അല്ലയോ ഇന്ദ്ര, കുഞ്ചിരോമങ്ങളുള്ള അവിടത്തെ കുതിരകളെ മന്ത്രത്താൽ ഞാൻ തേരിൽ പൂട്ടുന്നു. ആ രഥത്തിൽ സ്വഗൃഹത്തിലേക്ക് എഴുന്നള്ളിയാലും. കൈകളിൽ കടിഞ്ഞാണ് ധരിച്ചാലും. യാഗത്തിൽ സംസ്കരിച്ച സോമങ്ങൾ വേഗത്തിൽ ഹർഷമുളവാക്കി, ഉത്തമമായ ആനന്ദം അവിടേയ്ക്കുണ്ടാക്കിയിരിക്കുന്നു. അ...

ണ്ടുണ്ടായ പുഷ്ടിയോടുകൂടി പത്നിയോടൊത്ത് (ക്രീഡിച്ച്) നല്ലപോലെ തൃപ്തനായി ഭവിച്ചാലും (ഇന്ദ്രന്റെ ഹർഷപാരമ്യംകൊണ്ട് കുതിരകളെ തേരിൽ പൂട്ടാനും കടിഞ്ഞാണേറ്റുകാനും കഴിയുന്നില്ല മന്ത്രത്താൽ പൂട്ടപ്പെട്ടു. കടിഞ്ഞാൺ തൃക്കയ്യിൽ കൊടുക്കപ്പെട്ടു ഇതെല്ലാം ഉപാസകന്റെ അനുഭവസമമായ സങ്കൽപ്പമായിട്ടും കരുതാം)

വർഗ്ഗം 4 ജഗതിച്ഛന്ദഃ

1 അശ്വാവതിപ്രഥമോഗോഷുഗച്ഛതി
സുപ്രാവീരിന്ദ്രമർത്യസ്തവോതിഭിഃ
തമിൽപൃണക്ഷിവസുനാഭവീയസാ
സിന്ധുമാപോയഥാഭിതോവിചേതസഃ

അന്വയം:—

ഹേ ഇന്ദ്ര, (യഃ) മർത്ത്യഃ — മനുഷ്യഃ
തവ ഊതി—ഭിഃ സുപ്ര—അവീഃ — ത്വദീയൈഃ രക്ഷണൈഃ സുഷ്ഠു പ്രരക്ഷിതഃ (ഭവതി)
(സമർത്ത്യഃ) അശ്വ—വതി — ബഹുഭിരശ്വൈര്യുക്തേ (ഗൃഹേവർത്തമാനഃ)
ഗോഷു (പ്രാപ്തവ്യേഷു) പ്രഥമഃ ഗച്ഛതി — സർവേഭ്യഃ പൂർവ്വമേവ ഗോമാൻ ഭവതി
തം ഇത് — തമേവപുരുഷം (ത്വം)
ഭവീയസാ വസുനാ — ബഹുതരേണധനേന
യഥാ വി—ചേതസഃ — വിശിഷ്ടജ്ഞാനഹേതുയുക്താഃ
ആപഃ അഭിതഃ — സർവ്വാസുദിക്ഷു
സിന്ധും — സമുദ്രം (പൂരയന്തി തദ്വത്)
പൃണക്ഷി — സംപൃക്തം, സമ്പൂർണ്ണം കരോഷി

അർത്ഥം—അല്ലയോ ഇന്ദ്ര, ഏതു മനുഷ്യൻ അവിടുത്തെ രക്ഷണങ്ങളാൽ വേണ്ടുംവണ്ണം പ്രപാലിതനാണോ, ആ മനുഷ്യൻ അനേകാശ്വങ്ങളോടുകൂടിയ ഗൃഹത്തിൽ വസിക്കുന്നവനും ലഭ്യങ്ങളായ പശുക്കളുടെ ഉടമസ്ഥതയിൽ മുമ്പനുമായി ഭവിക്കുന്നു. അവനെത്തന്നെ അവിടുന്ന് ബഹുവിധങ്ങളായ ധനങ്ങളാൽ, ജ്ഞാനഹേതുക്കളായ നദീജലങ്ങൾ എല്ലാടങ്ങളിലും പരന്ന് സമുദ്രത്തെ ചെന്നുനിറക്കുന്നപോലെ, സമ്പൂർണ്ണനാക്കുന്നു.

2 ആപോ ന ദേവീരുപയന്തി ഹോത്രിയ
മവഃ പശ്യന്തി വിതതം യഥാ രജഃ
പ്രാചൈർദ്ദേവാസഃ പ്രണയന്തിദേവയും
ബ്രഹ്മപ്രിയഞ്ജോഷയന്തേ വരാഇവ

അന്വയം:—

ദേവീഃ ആപ്പഃ ന	— ദ്യോതമാനാ ആപോയഥാ
ഹോത്രിയം ഉപ യന്തി	— ഹോതുഃ സ്വഭൂതം ചമസമുപഗച്ഛന്തി
(തദ്വൽ ഉപരിവർത്തമാനാഃ ദേവാഃ ഏതമേവചമസം)	
വി–തതം രജഃ	— വിസ്തീർണ്ണം സൂര്യസംബന്ധി ജ്യോതിഃ
യഥാ	— (നിരന്തരമവസ്ഥാൽ പതതി)
(തഥാ) അവഃ പശ്യന്തി	— അവസ്ഥാൻ പശ്യന്തി
ദേവാസഃ	— ദേവാഃ ഋത്വിജഃ
ദേവ–യും	— ദേവാൻ കാമയമാനമേതൽ ചമസം
പ്രാചൈഃ പ്ര നയന്തി	— അഗ്രതോധാരയന്തി
വരാഃ–ഇവ	— (കന്യകാം)
ബ്രഹ്മ–പ്രിയം	— ബ്രഹ്മണാ, സോമലക്ഷണേനാന്നേന പൂരിതം തം ചമസം
ജോഷയന്തേ	— സേവന്തേ

അർത്ഥം—പ്രകാശവത്തുക്കളായ ജലങ്ങൾ ഹോതാവിന്റെ ചമസത്തിൽ (വാലൻമരികയിൽ) ചെന്നുവീഴമ്പോൾ, മുകളിൽ വർത്തിക്കുന്ന ദേവന്മാർ ആ ചമസത്തെത്തന്നെ, സൂര്യന്റെ പരന്ന തേജസ്സ് കീഴ്പോട്ടുവരും പോലെ, കീഴ്പോട്ടു നോക്കിക്കാണുന്നു. ഋത്വിക്കുകൾ, ദേവന്മാരെ കാമിക്കുന്ന, ആ ചമസത്തെ മുമ്പിലെത്തിക്കുന്നു. എല്ലാ ദേവന്മാരും, വരന്മാർ കന്യകയെ (ഇവളെനിക്കു ചേർന്നതാണ്, എനിക്കു ചേർന്നതാണ് എന്നു പറഞ്ഞടുക്കുന്ന പോലെ) എന്നപോലെ സോമം നിറച്ച ആ ചമസത്തിന്റെ പാദങ്ങളിൽ (ഈ സോമം എനിക്കാണ്, എനിക്കാണ് എന്നു പറഞ്ഞു) വന്നുനില്ക്കുന്നു

3 അധിദ്വയോരദധാ ഉക്ഥ്യം വചോ
യതസ്രുചാമിഥുനായാസപര്യതഃ
അസംയത്തോവ്രതേതേക്ഷേതിപുഷ്യതി
ഭദ്രാശക്തിര്യജമാനായസുന്വതേ

അന്വയം.—

(ഹേ ഇന്ദ്ര) യത-സ്രുചാ — യതാഃ, സംബദ്ധാഃ സ്രുചഃ ഗ്രഹചമസാദി ലക്ഷണാനി പാത്രാണിയയോസ്തേ
മിഥുനാ — യുഗളരൂപേണ വർത്തമാനേ
യാ — യേ ഹവിർദ്ധാനേ (ത്വാം)
സപര്യതഃ — പൂജയതഃ (തയോഃ)
ദ്വയോഃ (ഹവിർദ്ധാനയോഃ) ഉക്ഥ്യം — ഉക്ഥം ശസ്ത്രം, തദ്യോഗ്യം
വചഃ അധി അദധാഃ — സ്തോത്രരൂപം വചനം നിഹിതവാനസി
(ഉക്ഥ്യം വചനമപി യജ്ഞനിയംകമ)
(കിംച ഈദൃക്രൂപഹവിർദ്ധാനയുക്തോ യജമാനഃ)
അസം-യത്തഃ — ശത്രുഭിസ്സാദ്ധം യുദ്ധാത്ഥമനഭിഗതസ്സൻ
തേ വ്രതേ ക്ഷേതി — ത്വദീയേ കമ്മണിനിവസതി

തി — പ്രജയാപശുഭിശ്ചപുഷ്ടോഭവതി
തേ യജമാനായ — ത്വദ്ദേവത്യേ യാഗേസോമാഭി ।
ഷവം കുർവ്വതോയജമാനസ്യ
രക്തിഃ — ഉൽകൃഷ്ടം ബലം (ഭവതി)
ൽ സർവ്വം ഹവിർദ്ധാനയോരുക്ഥസ്യ വചസഃ അധിനിധാ
ത്വയാകൃതം)

അത്ഥം—അല്ലയോ ഇന്ദ്ര, ഗ്രഹചമസാദി (ഉരലിൻെറ
തിയിൽ കുഞ്ഞൻ മരികഗ്രഹം, വാലൻ മരികചമസം)
ങ്ങളോട്ട ബന്ധപ്പെട്ടവയും ഇരട്ടയായുള്ളവയും ആയ
ത്തു ഹവിർദ്ധാനങ്ങളിൽ, സോമഹവിസ്സ് സംസ്കൃതവും
ംസ്കൃതവുമായ സംഭരണസ്ഥാനങ്ങളിൽ, രണ്ടിന്നും
ദകമായി, രക്ഷകമായി ശസ്ത്രയോഗ്യമായി മന്ത്രരൂപ
വചനം അവിടുന്ന് ചേർത്തു വെയ്ക്കുന്നു (ശസ്ത്രമന്ത്രവും
തകമ്മത്തിൻെറ ഭാഗം തന്നെ) കൂടാതെ ഇപ്രകാരം ഹവി
ത്തോടുകൂടിയ യജമാനൻ, ശത്രുക്കളുമായി യുദ്ധം ചെയ്
 പോകേണ്ടിവരാതെ അവിടത്തെ സേവാകമ്മത്തിൽ
ന വത്തിക്കുന്ന സന്തതിയാലും പശുക്കളാലും പുഷ്ടി
പിക്കുന്ന അവിടുന്ന് ദേവനായുള്ള യാഗത്തിൽ സോമം
ക്കരിക്കുന്ന യജമാനന്ന് ഉൽകൃഷ്ടമായ ബലം ഉണ്ടാകുന്നു.
ങ്ങിനെ ഹവിർദ്ധാനത്തോട്ട കൂടിയ മന്ത്രവചസ്സ് അവിടുന്നു
ീകരിച്ചതുകൊണ്ട്, എല്ലാം അവിടുന്നുണ്ടാക്കിയതാണ്.

4 ആങ്ങ്ഗിരാഃ പ്രഥമം ദധിരേവയ
ഇദ്ധാഗ്നയശ്ശമ്യായേ സുകൃത്യയാ
സർവ്വം പണേസ്സമവിന്ദന്തഭോജന
മശ്വാവന്തം ഗോമന്തമാപശുന്നരഃ

അന്വയം —
(യദാപണിഭിർഗ്ഗാവോപഹൃതാഃ തദാനീം)
അംഗിരാഃ പ്രഥമം വയഃ
ദധിരേ — അംഗിരസഃ പൂർവ്വം, അഗ്രതഃ ഹവിർല്ലക്ഷണമന്നം ഇന്ദ്രാർത്ഥം സമ്പാദിതവന്തഃ
ആത് യേ (അംഗിരസഃ) — അനന്തരം താദൃശാഃ അംഗിരസഃ
ഇദ്ധ—അഗ്നയഃ — പ്രജ്വലിതാഗ്നിയുക്താസ്സന്തഃ
സു—കൃത്യയാ ശമ്യാ — ശോഭനേകാരണോപേതേന കർമ്മണാ, യാഗേന (ഇന്ദ്രം അയജൻ)
(തേ) നരഃ — യജ്ഞസ്യനേതാരഃ
പണേഃ — ഹൃതന്നാമ്നോസുരസ്യ
അശ്വ—വന്തം ഗോ—മന്തം
ആ — അശ്വൈശ്വര്യകതം ഗോഭിര്യുക്തം ച (ആകാരസ്സമുച്ചയേ)
സർവ്വം ഭോജനം സം
അവിന്ദന്ത — ധനം സമലഭന്ത
പശ്രും — ഗവാശ്വവ്യതിരിക്തം അന്യത് പശുജാതം (ചസമവിന്ദന്ത)

അർത്ഥം—പണിയെന്ന അസുരനാൽ തങ്ങളുടെ പശുക്കൾ അപഹരിക്കപ്പെട്ടപ്പോൾ, അംഗിരസ്സുകൾ ഒന്നാമതായി ഇന്ദ്രന് ഹവിസ്സൊരുക്കി. പിന്നെ പ്രജ്വലിക്കുന്ന ഔപാസനാഗ്നിഹോത്രാദ്യഗ്നികളോടുകൂടിയ അവർ, തെളിഞ്ഞ മനോവാക്കായങ്ങളോടുകൂടിയ കർമ്മത്താൽ, ശോഭനയാഗത്താൽ, ഇന്ദ്രനെ യജിച്ചു, പൂജിച്ചു. ആ യജ്ഞനേതാക്കൾ പണിയെന്ന അസുരനിൽ നിന്ന് കുതിരകളോടും പശുക്കളോടും കൂടിയ സർവ്വധനവും നേടി പശുകുതിരകളല്ലാത്ത മററു ജന്തുസമൂഹവും നേടി

5 യജ്ഞൈരഥർവ്വാ പ്രഥമഃ പഥസ്തതേ
തതസ്സൂര്യോ വ്രതപാവേന ആജനി
ആഗാ ആജദുശനാ കാവ്യസ്സചാ
യമസ്യ ജാതമമൃതം യജാമഹേ

അന്വയം:—

അഥര്വ്വാ	— ഏതൽ സംജ്ഞഃ ഋഷിഃ
യജ്ഞൈഃ പഥഃ പ്രഥമഃ	
തതേ	— ഗോസംബന്ധിനോ മാര്ഗ്ഗാൻ പൂര്വ്വമേവകൃതവാൻ
തതഃ വ്രത-പാഃ	— വ്രതാനാം, കര്മ്മണാം പാലയിതാ
വേനഃ സൂര്യഃ	— കാന്തഃ, സൂര്യരൂപ ഇന്ദ്രഃ
ആ അജനി	— ഗവാം പ്രദര്ശനായ ആവിരഭൂൽ
(തതഃ അഥര്വ്വാ താഃ)	
ഗാഃ ആ ആജൽ	— ആഭിമുഖ്യേന പ്രാപ്നോൽ
(താദൃശസ്യ ഇന്ദ്രസ്യ)	
കാവ്യഃ	— കവേഃ പുത്രഃ
ഉശനാ സചാ	— (ഭൃഗുഃ അസുരനിരസനായ സഹായോഭൂൽ)
യമസ്യ	— അസുരാണാം നിയമനാര്ത്ഥം
ജാതം അമൃതം	— പ്രാദുര്ഭൂതം മരണരഹിതം (തമിന്ദ്രം)
യജാമഹേ	— ഹവിര്ഭിഃ പൂജയാമഃ

അര്ത്ഥം—അപഹരിക്കപ്പെട്ട പശുക്കളെ തിരയുന്നതിൽ അഥര്വ്വാവെന്ന ഋഷി യജ്ഞങ്ങളെക്കൊണ്ട് ഒന്നാമനായി പുറപ്പെട്ടു. അനന്തരം കര്മ്മപാലകനും ശോഭമാനനും സൂര്യാത്മാവുമായ ഇന്ദ്രൻ പശുക്കളെ കാണിച്ചുകൊടുപ്പാൻ ആവിര്ഭവിച്ചു. അപ്പോൾഅഥര്വ്വാവ് പശുക്കളെ നേരിട്ടുകണ്ടുമുട്ടി. അപ്രകാരമുള്ള ഇന്ദ്രന്ന് കവിപുത്രനായ ശുക്രൻ അസുരന്മാരെ അകററുന്നതിൽ സഹായഭൂതനായി. അസുരന്മാരെ അമര്ക്കുവാൻ വേണ്ടി ജനിച്ചവനും അനശ്വരനമായ ആ ഇന്ദ്രനെ നാം ഹവിസ്സുകളാൽ പൂജിക്കുന്നു.

6 ബര്ഹിര്വ്വായൽ സ്വപത്യായവൃജ്യതേ

ര്ക്കോവാശ്ലോകമാഘോഷതേ ദിവി

ഗ്രാവായത്ര വദതി കാരുരുക്ഥ്യ:

സ്തസ്യേദിന്ദ്രോ അഭിപിത്വേഷുരണ്യതി വ. 4

അന്വയം:—

സു—അപത്യായ	— ശോഭനാപതനഹേതുഭൂതായ കർമ്മണേ
യൽ ബർഹി: വൃജ്യതേ വാ	— യദാഹരിദ്യതേ (യാഗാർത്ഥം)
(യദാ) അർക്ക: വാ	— സ്തോത്രനിഷ്പാദകോഹോതാ വാ
ശ്ലോകം ദിവി ആ—ഘോഷതേ	— സ്തുതിരൂപാംവാചം ദ്യോതമാനേ യജ്ഞേഉച്ചാരയതി
യത്ര ഗ്രാവാ	— യസ്മിൻകാലെ അഭിഷവാർത്ഥം പ്രവൃത്ത: ഉപല:
കാരു: ഉക്ഥ്യ:	— സ്തോതാ യഥാഭിമതശബ്ദം കരോതിതദ്വൽ
വദതി	— ശബ്ദം കരോതി
(തദാനീം) തസ്യ അഭി—പിത്വേഷു	— പൂർവ്വോക്തസ്യ സർവ്വസ്യ അഭിപ്രാപ്തിഷു
ഇന്ദ്ര: രണ്യതി ഇൽ	— രമതേ ഏവ

അർത്ഥം—പതനപരിഹാരമായ, സന്തത്യർത്ഥമായ സൽക്കർമ്മത്തിന്നായി, അതായതു് യാഗത്തിന്നായി എപ്പോഴം അദ്ധ്വര്യുവാൽ ദർഭപ്പുല്ലു് മുറിയ്ക്കപ്പെടുകയോ, അല്ലങ്കിൽ സ്തുതിനിർമ്മാതാവായ ഹോതാവു് പ്രകാശമാനമായ യജ്ഞത്തിൽ സ്തോത്രം ഉച്ചരിക്കുകയോ ചെയ്യുന്നുവോ, എപ്പോഴം പിടികല്ലു് സോമം സംസ്കരിക്കുന്ന പ്രവൃത്തിയിൽ ഏർപ്പെട്ടു്, സ്തോതാവു ശസ്ത്രമന്ത്രത്തിന്റെ ശബ്ദം പുറപ്പെടുവിയ്ക്കുന്നപോലെ, ശബ്ദിക്കുന്നുവോ, അപ്പോഴം ഇതിന്റെയെല്ലാം അഭിലാഷത്തിൽ ഇന്ദ്രൻ ഉല്ലാസം ഹർഷിയ്ക്കുന്നു.

വർഗ്ഗം 5–6–7–8. അനുഷ്ടുബുഷ്ണിക്പംക്തിർഗായത്രീ ബൃഹതീ സതോബൃഹത്യശ്ഛന്ദാംസി.

1 അസാവിസോമഇന്ദ്രതേ
ശവിഷ്ഠധൃഷ്ണവാഗഹി
ആത്വാപൃണക്ത്വിന്ദ്രിയം
രജസ്സൂര്യോനരശ്മിഭിഃ

അന്വയം:–

ഹേ ഇന്ദ്ര, തേ സോമഃ	
അസാവി	— അഭിഷുതോഽഭൂത്
ശവിഷ്ഠ	— അതിശയേന ബലവൻ
(അതഃ ഏവ) ധൃഷ്ണോ, ആ	
ഗഹി	— ശത്രൂണാം ധർഷയിതഃ, ദേവയജനദേശമാഗച്ഛ
(ആഗതം) ത്വാ	
ഇന്ദ്രിയം	— ത്വാം സോമപാനോത്പന്നം പ്രവൃദ്ധം സാമർത്ഥ്യം
രജഃ രശ്മിഭിഃ സൂര്യഃ ന	— അന്തരിക്ഷം സൂര്യഃ കിരണൈഃ പൂരയതി തദ്വത്
ആ പൃണക്തു	— ആ പൂരയതു

അർത്ഥം–അല്ലയോ ഇന്ദ്ര, അവിടേയ്ക്കായി സോമം സംസ്കരിച്ചുവെച്ചിരിക്കുന്നു. ഏറ്റവും ബലവാനും, ശത്രുധർഷകനുമായ അങ്ങ് ഇങ്ങ് [illegible]

2 ഇന്ദ്രമിദ്ധരീവഹതോ
പ്രതിധൃഷ്ടശവസം
ഋഷീണാഞ്ച സ്തുതീരുപ
യജ്ഞഞ്ചമാനുഷാണാം

അന്വയം:–

അപ്രതിധൃഷ്ട–ശവസം	
ഇന്ദ്രം ഇൽ	— കേനാപ്യഹിംസിതബലം ഇന്ദ്രമേവ
ഋഷീണാം	
മാനുഷാണാം ച	— അന്യേഷാം മനുഷ്യാണാം ച
സ്തുതീഃ യജ്ഞം ച ഹരീ	
ഉപ വഹതഃ	— അശ്വൌ സമീപം പ്രാപയതഃ

അർത്ഥം–എതിരററ ബലത്തോടുകൂടിയ ഇന്ദ്രങ്കലേയ്ക്കു തന്നെയാണ് ഋഷികളുടേയും മററു മനുഷ്യരുടേയും സ്തുതികളെയും യജ്ഞത്തെയും (ഇന്ദ്രന്റെ) കുതിരകളെത്തിയ്ക്കുന്നതു് എവിടെയെവിടെ സ്തുതിയോ യജ്ഞമോ ഉണ്ടോ, അവിടവിടെ അവ ഇന്ദ്രനെ നയിയ്ക്കുന്നു

3 ആതിഷ്ഠവൃത്രഹന്രഥം
യുക്താതേബ്രഹ്മണാഹരീ
അർവ്വാചീനം സുതേമനോ
ഗ്രാവാകൃണോതുവഗ്നുനാ

അനവയം –

ഹേ വൃത്ര–ഹൻ,	
(യസ്മാൽ) തേ ഹരീ	— അശ്വൌ
ബ്രഹ്മണാ യുക്താ	— മന്ത്രേണാസ്മാഭിരഥ പ്രയോജിതൌ

(തസ്മാൽ ത്വം) രഥം

ആ തിഷ്ഠ — ആരോഹ

ഗ്രാവാ — അഭിഷവാർത്ഥം പ്രവൃത്തഃ പാഷാണഃ

തേ മനഃ വഗ്നുനാ — വചനീയാഭിഷവശബ്ദേന

അർവ്വാചീനം സു കൃണോതു— അസ്മദഭിമുഖം സുഷ്ഠുകരോതു

അർത്ഥം:—അല്ലയോ വൃത്രഹന്താവേ, അവിടത്തെ കുതിരകളെ ഞങ്ങൾ മന്ത്രത്താൽ തേരിൽ പൂട്ടിയതുകൊണ്ടു്, അവിടന്നു തേരിൽ കയറിയാലും. സോമം ചതയ്ക്കുന്ന കല്ലു് അതിന്റെ പ്രശംസനീയമായ ശബ്ദംകൊണ്ടു് അവിടത്തെ മനസ്സിനെ ഞങ്ങൾക്കഭിമുഖമാക്കിച്ചെയ്യട്ടെ.

4 ഇമമിന്ദ്രസുതംപിബ
ജ്യേഷ്ഠമമർത്ത്യംമദം
ശുക്രസ്യത്വാഭ്യക്ഷര
ന്ധാരാഋതസ്യസാദനേ

അന്വയം:—

ഹേ ഇന്ദ്ര, ജ്യേഷ്ഠം — അതിശയേന പ്രശസ്യം

മദം അമർത്ത്യം — മദകരം അമരണകരം

സുതം ഇമം (സോമം)

പിബ — പാനം കുരു

(യതഃ) ഋതസ്യ സാദനേ — യജ്ഞസ്യ ഗൃഹേ (വർത്തമാനാഃ)

ശുക്രസ്യ — ദീപ്തസ്യ (അസ്യ സോമസ്യ)

ധാരാഃ ത്വാ അഭി

അക്ഷരൻ — ത്വാം ആഭിമുഖ്യേന സ്രവന്തി, പ്രാപ്നുവന്തി

5 ഇന്ദ്രായനൂനമർച്ചതോ
ക്ഥാനിച ബ്രവീതന
സുതാഅ മത്സുരിന്ദവോ
ജ്യേഷ്ഠന്നമസ്യതാ സഹഃ വ 5

അന്വയം —

(ഹേ ഋത്വിജഃ) ഇന്ദ്രായ
നൂനം അർച്ചത — ക്ഷിപ്രം പൂജനം കുരുത
ഉക്ഥാനി ച ബ്രവീതന — സ്തോത്രാണി ബ്രൂത
സുതാഃ ഇന്ദവഃ (തം)
അമത്സുഃ — അഭിഷുതാസ്സോമാഃ മത്തം കുർവന്തു
(അനന്തരം) ജ്യേഷ്ഠം — പ്രശസ്യതമം
സഹഃ — സഹസ്വിനം ബലവന്തം (തം)
നമസ്യത — നമസ്കുരുത

അർത്ഥം—ഋത്വിക്കുകളേ ഇന്ദ്രന്നായി വേഗത്തിൽ അർച്ചന ചെയ്യുക സ്തോത്രം ചൊല്ലുക സംസ്കരിച്ച സോമങ്ങൾ അവിടുത്തെ ഹൃഷ്ടനാക്കട്ടെ പിന്നെ ഏററവും പ്രശംസനീയനും ബലവാനുമായ അവിടുത്തെ നമസ്കരിക്കുക

6 നകിഷ്ട്വദ്രഥീതരോ
ഹരീയദിന്ദ്രയച്ഛസേ
നകിഷ്ട്വാനുമജ്മനാ
നകിസ്സ്വശ്വ ആനശേ

അന്വയം —

ഹേ ഇന്ദ്ര യത് ത്വം
ഹരീ — യസ്മാത് ത്വദീയാവശ്വൗ
യച്ഛസേ — രഥേയോജയസി

(തസ്മാൽ ത്വത്തോന്യഃ
കശ്ചിൽ) രഥി–തരഃ — അതിശയേന രഥവാൻ
നകിഃ — നാസ്തി
ത്വാ അന മജ്മനാ — ത്വാമനലക്ഷ്യബലേന
(സദൃശഃ അപി)
നകിഃ — നാസ്തി
സു–അശ്വഃ — ശോഭനാശ്വോന്യശ്ച (ത്വാം)
നകിഃ ആനശേ — ന പ്രാപ

അർത്ഥം—അല്ലയോ ഇന്ദ്ര, അവിടുത്തെ കുതിരകളെ തേരിൽ പൂട്ടുന്നുവല്ലൊ. അവിടുന്നിൽ നിന്നന്യനായി തേരാളി വീരനില്ല. അവിടുത്തെ ബലത്തോട് സദൃശനായും ആരുമില്ല. ഹരികളല്ലാതെ മറെറാരു കുതിര അവിടുത്തെ പ്രാപിക്കുന്നില്ല. (ഇന്ദ്രസദൃശനായ തേരാളിയും ബലവാനും അശ്വവാനും വേറെ ഇല്ല).

7 യ ഏക ഇദ്വിദയതേ
വസുമർത്തായദാശുഷേ
ഈശാനോ അപ്രതിഷ്കുത ഇന്ദ്രോ അങ്ഗ

അന്വയം:—
യഃ (ഇന്ദ്രഃ) ഏകഃ ഇൽ — ഏക ഏവ
ദാശുഷേ മർത്തായ — ഹവിർദ്ദത്തവതേ മനുഷ്യായ,
യജമാനായ
വസു വി–ദയതേ — ധനം വിശേഷേണ ദദാതി
അപ്രതി–സ്കുതഃ — പരൈഃ അപ്രതിശബ്ദിതഃ,
പ്രതികൂലശബ്ദരഹിതഃ (സഃ)
ഇന്ദ്രഃ അംഗ — ക്ഷിപ്രം
ഈശാനഃ — സർവ്വസ്യജഗതസ്സ്വാമീ (ഭവതി)

അർത്ഥം—യാതൊരിന്ദ്രൻ ഒററയ്ക്കുതന്നെ, ഹവിസ്സേകുന്ന യജമാനന് നന്നായിധനം കൊടുക്കുന്നുവോ, എതിരില്ലാത്ത (ആരും എതിർശബ്ദം പുറപ്പെടുവിക്കാത്ത) ആ ഇന്ദ്രൻ വേഗ [illegible]

8 കദാമർത്തമരാധസം

പദാക്ഷുമ്പമിവസ്ഫുരൽ

കദാനശ്ശുശ്രുവദ്ഗിര ഇന്ദ്രോ അങ്ഗ

അന്വയം –

അരാധസം മർത്തം	— ഹവിർല്ലക്ഷണേന രാധസാ, ധനേനരഹിതം, അനാരാധയന്തം, അയഷ്ടാരം മനുഷ്യം
(ഇന്ദ്രഃ) പദാ	
ക്ഷുമ്പം–ഇവ	— പാദേന അഹിച്ഛത്രകമിവ
കദാ സ്ഫുരൽ?	— സ്ഫുരിഷ്യതി, വധിഷ്യതി?
(കദാ ഇന്ദ്രഃ അസ്മച്ഛത്രൂൻ ഹനിഷ്യതി?)	
നഃ ഗിരഃ	— യഷ്ടൃണാമസ്മാകംവാചഃ
ഇന്ദ്രഃ കദാ	— കസ്മിൻകാലെ
അംഗ ശുശ്രുവൽ?	— ക്ഷിപ്രം ശ്രോഷ്യതി?

അർത്ഥം—ഹവിർധനരഹിതനായ, അനാരാധകനായ, അയഷ്ടാവായ (കർമ്മവിരോധിയായ) മനുഷ്യനെ ഇന്ദ്രൻ എപ്പോഴാണ് കാൽകൊണ്ട് കൂണിനെ എന്നപോലെ തട്ടി വീഴ്ത്തിക്കൊല്ലുക? നമ്മുടെ ശത്രുക്കളെ എപ്പോഴാണ് ഹനിയ്ക്കുക? യഷ്ടാക്കളായ, ആരാധകരായ നമ്മുടെ സ്തുതിവചനങ്ങൾ എപ്പോഴാണ് ഇന്ദ്രൻ വേഗത്തിൽ കേൾക്കുക? (രണ്ടും ഇപ്പോൾ തന്നെ വേണമെന്നർത്ഥം)

9 യശ്ചിദ്ധിത്വാ ബഹുഭ്യ ആ

സുതാവാ ആവിവാസതി

ഉഗ്രന്തൽ പത്യതേ ശവഇന്ദ്രോ അങ്ഗ

അന്വയം:—

ബഹു—ഭ്യഃ (മനുഷ്യേഭ്യസ്സ
കാശാൽ) യഃ ചിൽ ഹി — യ ഏവ ഖലു യജമാനഃ
സുത—വാൻ — അഭിഷുത സോമയുക്തഃ (സൻ)
ത്വാ ആ—വിവാസതി — ത്വാം പരിചരതി
തൽ ഉഗ്രം ശവഃ — തസ്മൈ ഉൽഗൂർണ്ണംബലം
ഇന്ദ്രഃ അംഗ ആ പത്യതേ— ക്ഷിപ്രം പാതയതി, പ്രാപയതി

അർത്ഥം—ഭൂരിമനുഷ്യരുടെ ഇടയിൽ നിന്നു് ഏതെങ്കിലു മൊരാൾ സംസ്കരിച്ച സോമത്തോടുകൂടി അവിടുത്തെ സേവി ക്കുന്നുവോ, ആ യജമാനനു് ഇന്ദ്രനായ അവിടുന്നു് മഹത്തായ ബലത്തെ വേഗത്തിൽ പ്രാപിപ്പിക്കുന്നു.

10 സ്വാദോരിത്ഥാവിഷൂവതോ
മധ്വഃപിബന്തിഗൌര്യഃ
യാഇന്ദ്രേണസയാവരീ
വൃഷ്ണാമദന്തിശോഭസേ
വസ്വീരനുസ്വരാജ്യം വ 6

അന്വയം:—

സ്വാദോഃ	—	സ്വാദുഭൂതസ്യ, രസയുക്തസ്യ
ഇത്ഥാ വിഷു—വതഃ	—	അനേനപ്രകാരേണ സർവ്വയജ്ഞേ ഷു വ്യാപ്തിയുക്തസ്യ
മധ്വഃ	—	മധുരരസസ്യ സോമസ്യ
ഗൌര്യഃ പിബന്തി	—	ഗൌരവർണ്ണാഗാവഃ പിബന്തി
യാഃ (ഗാവഃ) ശോഭസേ	—	ശോഭാർത്ഥം
വൃഷ്ണാ ഇന്ദ്രേണ	—	കാമാഭിവർഷകേണേന്ദ്രേണ
സ—യാവരീഃ	—	സഹയാന്ത്യഃ, ഗച്ഛന്ത്യഃ (സത്യഃ)

മദന്തി — ഹൃഷ്ടാഭവന്തി
(ഇന്ദ്രപീതസ്യ സോമസ്യശേഷം താഃ പിബന്തി)
വസ്വീഃ — പയഃ പ്രദാനേന നിവാസ
കാരിണ്യഃ ഗാവഃ
സ്വ—രാജ്യം അനു — ഇന്ദ്രസ്യരാജത്വമനലക്ഷ്യ
(അവസ്ഥിതാഃ)

അർത്ഥം—സ്വാദുള്ളതും, രസമുള്ളതും, എല്ലാ യജ്ഞങ്ങളിലും വ്യാപിച്ച നില്ക്കുന്നതുമായ മധുരരസത്തെ, സോമത്തെ വെള്ളപ്പശുക്കരം കുടിയ്ക്കുന്നു കാമവർഷകനായ ഇന്ദ്രന്റെ ശോഭയ്ക്കായി ഒപ്പം നടക്കുന്ന ആ പശുക്കരം ഇന്ദ്രൻ കുടിച്ച സോമത്തിന്റെ ബാക്കി കുടിച്ചാണ് മദോന്മത്തകളായി ഭവിയ്ക്കുന്നതു് പാലേകി ഏവരേയും അതാതിടത്തു് (സുഖമായി) വസിപ്പിയ്ക്കുന്ന അവ (പശുക്കരം) ഇന്ദ്രന്റെ രാജത്വത്തെ, പ്രഭാവത്തെ, ഉന്നം വെച്ച് സ്ഥിതിചെയ്യുന്നു

11 താഅസ്യപൃശനായുവ
സ്സോമംശ്രീണന്തിപൃശ്നയഃ
പ്രിയാഇന്ദ്രസ്യധേനവോ
വജ്രംഹിന്വന്തിസായകം
വസ്വീരനുസ്വരാജ്യം

അന്വയം —

താഃ അസ്യ പൃശന—യുവഃ— പൂർവ്വോക്താഃ ഇന്ദ്രസ്യ
സ്പർശനകാമാഃ
പൃശ്നയഃ — നാനാവർണ്ണാഗാവഃ
(ഇന്ദ്രേണപാതവ്യം)
സോമം (പയസാ)
ശ്രീണന്തി — മിശ്രീകുർവ്വന്തി

ഇന്ദ്രസ്യ പ്രിയാഃ ധേനവഃ — പ്രീതിഹേതുഭൂതാഗാവഃ
സായകം വജ്രം — ശത്രൂണാമന്തകമായുധം
ഹിന്വന്തി — ശത്രുഷുപ്രേരയന്തി
വസ്വീഃ സ്വ-രാജ്യം അനു — പയഃ പ്രദാനേന നിവാസ കാരിണ്യഃ ഗാവഃ ഇന്ദ്രസ്യരാജത്വം അനുലക്ഷ്യ (അവസ്ഥിതാഃ)

അൎത്ഥം—മുൻപറഞ്ഞവയും ഇന്ദ്രന്റെ (തലോടൽ മുതലായ) സ്പൎശത്തെ ഇച്ഛിക്കുന്നവയുമായ പല നിറങ്ങളിലുള്ള പശുക്കൾ ഇന്ദ്രനാൽ കുടിക്കപ്പെടേണ്ട സോമത്തിൽ തങ്ങളുടെ പാൽ ചേൎക്കുന്നു. ഇന്ദ്രന്ന് പ്രീതിവളൎത്തുന്ന ആ പശുക്കൾ ശത്രുക്കളിൽ വധായുധമേല്പിക്കുന്നു. (സോമത്തിൽ പാൽ ചേൎത്ത്, ഇന്ദ്രന്ന് ഉത്സാഹം ജനിപ്പിച്ച്, ശത്രുക്കളെ കൊല്ലുവാൻ പ്രേരിപ്പിക്കുന്നു.) എല്ലവരെയും പാൽ കൊടുത്ത് അതാതിടത്ത് വസിപ്പിക്കുന്ന ആ പശുക്കൾ ഇന്ദ്രന്റെ പ്രഭാവത്തെ ഉന്നംവെച്ചു സ്ഥിതിചെയ്യുന്നു.

12 താ അസ്യനമസാസഹ
സ്സപൎയ്യന്തിപ്രചേതസഃ
വ്രതാന്യസ്യസശ്ചിരേ
പുരൂണിപൂൎവ്വചിത്തയേ
വസ്വീരനുസ്വരാജ്യം

അന്വയം:—

പ്ര-ചേതസഃ താഃ — പ്രകൃഷ്ടജ്ഞാനാഗാവഃ
അസ്യ സഹഃ — ഇന്ദ്രസ്യബലം
നമസാ സപൎയ്യന്തി — സ്വകീയേനപയോരൂപേണാന്നേന പരിചരന്തി
അസ്യ പുരൂണി വ്രതാനി — ഇന്ദ്രസ്യ ബഹൂനിശത്രുവധാദിരൂപാണി വീൎയ്യകൎമ്മാണി

പൂർവ്വ–പീത്തയേ — യുയുത്സുനാം ശത്രൂണാം പൂർവ്വമേവ പ്രജ്ഞാപനായ

സശ്ചിരേ — സിഷേവിരേ, ജ്ഞായന്തേ

വസ്വീഃ സ്വ–രാജ്യം

അനു — പയഃ പ്രദാനേന നിവാസകാരിണ്യഃ ഗാവഃ ഇന്ദ്രസ്യരാജത്വം അനുലക്ഷ്യ (അവസ്ഥിതാഃ)

അർത്ഥം—ഉത്തമജ്ഞാനത്തോടുകൂടി ആ പശുക്കൾ സ്വന്തം പാലാകുന്ന അന്നംകൊണ്ട് ഇന്ദ്രന്റെ ബലത്തെ പരിചരിച്ചു, ന്നു. (വർദ്ധിപ്പിക്കുന്നു) ശത്രുക്കൾക്ക് മുന്നറിയിപ്പിന്നായി ഇന്ദ്രന്റെ ശത്രുവധാദി വീരകർമ്മങ്ങളെ (ഈ പശുക്കൾ) അറിഞ്ഞു കൊണ്ടാടുന്നു. ഏവരെയും പാൽ കൊടുത്ത് അതാതിടത്ത് നിവസിപ്പിക്കുന്ന അവ ഇന്ദ്രന്റെ പ്രഭാവം ഉന്നംവെച്ച് സ്ഥിതിചെയ്യുന്നു

13 ഇന്ദ്രോദധീചോഅസ്ഥഭി

വൃത്രാണ്യപ്രതിഷ്കുതഃ

ജഘാനനവതീർനവ

അന്വയം —

അപ്രതി–സ്കുതഃ — പരൈരപ്രതിശബ്ദിതഃ, പ്രതികൂലശബ്ദരഹിതഃ

ഇന്ദ്രഃ ദധീചഃ അസ്ഥ–ഭിഃ — ഏതത്സംജ്ഞകസ്യ ആഥർവ്വണസ്യ ഋഷേഃ അശ്വശിരസ്സംബന്ധിഭിരസ്ഥിഭിഃ

നവതീഃ നവ — നവസംഖ്യാകനവതീഃ ദശോത്തരാഷ്ടശതസംഖ്യാകാഃ

വൃത്രാണി ജഘാന — ആവരകാണ്യസുരജാതാനി ഹതവാൻ

ഇവിടെ ഒരു ഇതിഹാസം സൂചിതമാണ്: അഥർവ്വണപുത്രൻ ദധ്യങ്ങിൻെറ (ദധീചിയുടെ) സ്വർഗ്ഗപ്രാപ്തികൊണ്ടു് അസുരന്മാരെല്ലാം ഭൂമിയിലേയ്ക്കുപോന്നു. ഭൂമി അവരെക്കൊണ്ടു് നിറഞ്ഞു. അവരോടു് യുദ്ധം ചെയ്വാൻ ഇന്ദ്രന്നു് കഴിഞ്ഞില്ല. അപ്പോൾ ഇന്ദ്രൻ ദധീചിയോടു് അദ്ദേഹത്തിൻെറ ശേഷിച്ച വല്ല അംഗവും ഭൂമിയിലുണ്ടോ എന്നു ചോദിച്ചു. കുരുക്ഷേത്രത്തിന്നടിയിൽ അദ്ദേഹത്തിൻെറ ഒരു കുതിരത്തലയുണ്ടെന്നു് പറഞ്ഞു. ആ തലയിലെ എല്ലുകൊണ്ടു് ഇന്ദ്രൻ അസുരന്മാരെ മുഴുവൻ കൊന്നു.

അർത്ഥം—ഇന്ദ്രൻ അഥർവ്വണപുത്രനായ ദധീചിയുടെ കുതിരത്തലയിലെ എല്ലുകൾകൊണ്ടു് എണ്ണൂററിപത്തു് ശത്രുക്കൂട്ടങ്ങളെ കൊന്നു. (ഒമ്പതു് തൊണ്ണൂറു്) ലോകത്രയവർത്തികളായ ദേവന്മാരെ ജയിക്കാൻ അസുരന്മാരുടെ മായ ആദ്യം മൂന്നിരട്ടിയായി. അതീതാദി മൂന്നു കാലങ്ങളെ പ്രാപിച്ചു. അപ്പോൾ ഒമ്പതായി. പിന്നെ ഉത്സാഹാദിശക്തിത്രയത്തെ പ്രാപിച്ചു. അങ്ങിനെ ഇരുപത്തേഴായി. ആ ഇരുപത്തേഴു മായകൾ സാത്വികാദിഗുണത്രയത്തെ പ്രാപിച്ചപ്പോൾ എൺമ്പത്തൊന്നായി. ആ എൺമ്പത്തൊന്നു മായകൾ കിഴക്കുമുതലായ നാലുദിക്കുകളിലും അഗ്നികോൺ മുതലായ നാലു് വിദിക്കുകളിലും മുകളിലും ചുവട്ടിലും വ്യാപിച്ചപ്പോൾ എണ്ണൂററിപ്പത്തായി. എണ്ണൂററിപ്പത്തു് ശത്രുക്കൂട്ടങ്ങളെ കൊന്നു എന്നതിന്നു് എൺമ്പത്തൊന്നു് വിധത്തിൽ പത്തു ദിക്കുകളിൽ വ്യാപിച്ച ആസുരികളായ മായകളെ ഹനിച്ചു എന്നർത്ഥമാകുന്നു. ദധീചിയെപ്പോലെ തപസ്വിയും ധർമ്മിഷ്ഠനുമായ ഋഷിവര്യൻ സ്വർഗ്ഗംപ്രാപിച്ചപ്പോൾ ലോകത്തിൽ ഉയൎന്നുവന്ന അധർമ്മപ്രവണതകൾ, ആസുരകർമ്മവാസനകൾ, ദിക്കാലങ്ങളെ ബാധിച്ച പാപങ്ങൾ ആവാം ഇവിടെ ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതു്.

14 ഇച്ഛന്നശ്വസ്യയച്ഛിരഃ

പർവ്വതേഷ്വപശ്രിതം

തദ്വിദച്ഛര്യണാവതി

അന്വയം —

പർവ്വതേഷു അപ-ശ്രിതം — പർവ്വവത്സുഗിരിഷു അപഗത്യ സ്ഥിതം

അശ്വസ്യ യൽ ശിരഃ ഇച്ഛൻ — അശ്വസംബന്ധി ദധീചഃ യൽശിരഃ ഇച്ഛൻ (ഇന്ദ്രഃ വർത്തതേ)

തൽ (ശിരഃ) ശര്യണാവതി — ഏതൽ സംജ്ഞകേ സരസി

വിദൽ — അജ്ഞാസീൽ

(ജ്ഞാത്വാ തദാഹൃത്യ തദീയൈരസ്ഥിഭിഃ വൃത്രാണി ജഘാന)

അർത്ഥം—അടുക്കടുക്കായുള്ള ഗിരികളിൽ വീണുകിടന്ന ദധീചിയുടെ ഏതു കുതിരത്തലയെ ഇന്ദ്രൻ അന്വേഷിച്ചുവോ, അതു് ശര്യണാവത്തെന്ന സരസ്സിൽ നിന്നു് കണ്ടെത്തി എടുത്തു കൊണ്ടുവന്നു് ആ എല്ലുകൾകൊണ്ടാണു് ശത്രുക്കൂട്ടങ്ങളെ കൊന്നതു്

15 അത്രാഹഗോരമന്വത
നാമത്വഷ്ടുരപീച്യം
ഇത്ഥാചന്ദ്രമസോഗൃഹേ വ 7

അന്വയം —

അത്ര അഹ ഗോഃ — അസ്മിന്നേവഗന്തുഃ

ചന്ദ്രമസഃ ഗൃഹേ — ചന്ദ്രമണ്ഡലേ

ത്വഷ്ടുഃ — ദീപ്തസ്യാദിത്യസ്യ സംബന്ധി

അപീച്യം — രാത്രാവന്തർഹിതം സ്വകീയം യൽ

നാമ — തേജഃ (ആദിത്യസ്യരശ്മയഃ)

ഇത്ഥാ അമന്വത — ഇത്ഥം, അനേനപ്രകാരേണ അജാനൻ

(ഈദൃക്ഛ്രുതതേജസായുക്തഃ സൂര്യശ്ചഇന്ദ്ര ഏവ ദ്വാദശാസ്വാദിത്യേഷു ഇന്ദ്രസ്യാപി പരിഗണിതത്വാൽ)

അത്ഥം—ഗമനശീലനായ ചന്ദ്രന്റെ മണ്ഡലത്തിൽ ദീപ്തിയുള്ള ആദിത്യരശ്മികാം അന്തഹിതങ്ങളായി യാതൊരു തേജസ്സുളവാക്കുന്നുവോ, പകൽ നേരിട്ടും രാത്രി ചന്ദ്രരൂപമായും ലോകത്തിൽ യാതൊരു തേജസ്സ് വെളിച്ചമുണ്ടാക്കുന്നുവോ, ആ തേജസ്സ് (ഇന്ദ്രന്റേതായി) അറിയുന്നു (സൂര്യനും ഇന്ദ്രൻ തന്നെയാണ് ദ്വാദശാദിത്യന്മാരിൽ ഇന്ദ്രനും പെടുന്നതുകൊണ്ട്)

16 കോ അദ്യയുങ്‌ക്തേധുരിഗാഋതസ്യ
ശിമീവതോഭാമിനോദുർഹൃണായൂൻ
ആസന്നിഷൂൻഹൃത്സ്വസോമയോഭൂൻ
യഏഷാംഭൃത്യാമൃണധൽസജീവാൽ

അന്വയം —

അദ്യ	— അസ്മിൻ കമ്മണി
ഋതസ്യ ധുരി	— ഗച്ഛതഃ ഇന്ദ്രരഥസ്യ അശ്വവഹന പ്രദേശേ
ശിമീ—വതഃ	— വീര്യകമ്മോപേതാൻ
ഭാമിനഃ	— തേജസായുക്താൻ
ദുഃ—ഹൃണായൂൻ	— പരൈഃ ദുഃസഹേനക്രോധേന യുക്താൻ
ആസൻ—ഇഷൂൻ	— ആസനി, ആസ്യേ, മുഖപ്രദേശേ, ശത്രൂണാം പ്രഹരണാത്ഥം ഇഷവഃ, ബാണാഃ, ബധാഃ യേഷാം താൻ
ഹൃത്സു—അസഃ	— ഹൃത്സു, ശത്രൂണാം ഹൃദയേഷു സ്വകീയം പാദം ക്ഷിപന്തീതി ഹൃത്സ്വസഃ
മയഃ—ഭൂൻ	— സ്വകീയാനാംമയസഃ, സുഖസ്യ ഭാവയിതൄൻ
ഗാഃ	— ഗതിമതോശ്വാൻ

കഃ യുങ്ക്തേ — കോനാമ നിയോക്തും ശക്നോതി? നകോപി
യഃ (യജമാനഃ) ഏഷാം — ഈദൃശാനാമശ്വാനാം
ഭൃത്യാം — ഭരണക്രിയാം, രഥവാഹന ക്രിയാം
ഋണധൽ — സമർദ്ധയതി, സ്തൗതി
സഃ (യജമാനഃ) ജീവാൽ — ജീവനവാൻ (ഭവേത്)

യദ്വാ—കഃ (പ്രജാപതിഃ) ഋതസ്യ (യജ്ഞസ്യ) ധുരി (നിർവ്വാഹേ) ശിമീവതഃ (പ്രതിപാദ്യൈഃ കർമ്മഭിര്യുക്താൻ) ഭാമിനഃ (ഉജ്ജ്വലാൻ) ദുർഹൃണായൂൻ (വേദാധ്യയന നിത്യത്വാൽ ഹാതുമശക്യാൻ) ആസന്നിഷൂൻ (ആസനി, ആസ്യേ, ഇഷുഃ, ഏഷണം, ഗമനം, ഉച്ചാരണം യേഷാം താൻ) ഹൃത്സ്വസഃ (ഹൃത്സു, ഹൃദയേഷു ദീപ്യമാനാൻ) മയോഭൂൻ (അധ്യയന പ്രഭവസ്യ അദൃഷ്ടസ്യ സുഖസാധനസ്യ ഭാവയിതൄൻ) ഗാഃ (വേദരൂപാൻ വാഗ്വിശേഷാൻ) അദ്യ (ഇദാനീം) യുംക്തേ (സംയോജയതി) യഃ (യജമാനഃ) ഏഷാം (വചസാം) ഭൃത്യാം (ഭരണക്രിയാം) ഋണധൽ (ഋദ്ധിമതീം കരോതി) സഃ (യജമാനഃ) ജീവാൽ (സ ഏവജീവതി)

അർത്ഥം—ഈ കർമ്മത്തിന്ന് വരുന്ന ഇന്ദ്രന്റെ രഥത്തിന്റെ കുതിരകളെ പൂട്ടുന്നിടത്ത് വീര്യകർമ്മങ്ങളോടുകൂടിയവയും, തേജസ്സുററവയും, ശത്രുക്കളുടെ കടുത്ത കോപത്തിന്ന് പാത്രീഭവിച്ചവയും മുഖത്ത് ശത്രുക്കളുടെ നേരെ ചെന്നു തറയ്ക്കുണ്ടുന്ന അമ്പുകൾ ഉറപ്പിച്ചവയും, ശത്രുക്കളുടെ നെഞ്ചുകളിൽ സ്വന്തം കാൽ കുത്തുന്നവയും, സ്വന്തക്കാർക്ക് സുഖത്തെ ഉണ്ടാക്കുന്നവയും. വേഗവത്തുക്കളുമായ കുതിരകളെ ആർ പൂട്ടും? ആരും അതിന്ന് ശക്തരല്ല ഏതു യജമാനൻ ഇപ്രകാരമുള്ള കുതിരകളുടെ തേർവലിമിടുക്കിനെ സ്തുതിക്കുന്നുവോ, ആ യജമാനൻ സഫലമായ ജീവിതം നേടുന്നു.

അല്ലെങ്കിൽ പ്രജാപതി, യജ്ഞനിർവ്വഹണത്തിൽ പ്രതിപാദ്യങ്ങളായ കർമ്മങ്ങൾ ഉൾക്കൊണ്ടവയും, ഉജ്ജ്വലങ്ങളും (വേദാധ്യയനത്തിന്റെ നിത്യത്വം കാരണം) ഹനിക്കപ്പെടാൻ കഴിയാത്തവയും, മുഖങ്ങളിൽ ഉച്ചാരണരൂപത്തിൽ വരുന്നവയും

ഹൃദയത്തിൽ പ്രകാശിക്കുന്നവയും ചൊല്ലുമ്പോൾ അദൃഷ്ടമായുണ്ടാകുന്ന സുഖാനുഭൂതിയോടുകൂടിയവയും ആയ വേദരൂപങ്ങളായ വചസ്സുകൾ ഇപ്പോൾ (ഈ യജ്ഞത്തിൽ) യോജിപ്പിക്കുന്നു. ഏതു യജമാനൻ ഈ വചസ്സുകളുടെ പ്രവൃത്തിപ്രഭാവത്തെ വർദ്ധിപ്പിക്കുന്നുവോ ആ യജമാനൻ മാത്രമേ സഫലമായി ജീവിക്കുന്നുള്ളൂ.

17 ക ഈഷതേ തുജ്യതേകോബിഭായ
കോമംസതേസന്തമിന്ദ്രം കോഅന്തി
കസ്തോകായക ഇഭായോതരായേ
ധിബ്രവത്തന്വേ ƒ ƒ കോജനായ

അന്വയം —

(അനുഗ്രഹീതരി ഇന്ദ്രേ ആഗതേ സതി)
കഃ ഈഷതേ? — ശത്രോർഭീതസ്സൻ നിർഗ്ഗച്ഛതി? നകോപി
കഃ തുജ്യതേ? — ഹിംസ്യതേ? നകോപി
കഃ ബിഭായ? — ബിഭേതി? നകോപി
(ഇന്ദ്രേ രക്ഷകേസതി ഭയമപിനോൽപദ്യതേ)
അന്തി സന്തം — അസ്മാകം രക്ഷകത്വേന സമീപേ വർത്തമാനം
ഇന്ദ്രം കഃ മംസതേ? — ജാനാതി (വയമേവ ജാനീമഃ നാന്യഃ)
(യുദ്ധേസഹായാർത്ഥം ഇന്ദ്രേ ആഗതേ സതി)
കഃ (യജമാനഃ) തോകായ — പുത്രായ
അധി ബ്രവാത്? — "ഹേ ഇന്ദ്ര അസ്മദീയം പുത്രം രക്ഷ" ഇതി അധിവചനം, പക്ഷപാതരൂപം വചനം കുര്യാത്? (സ്വയമേവേന്ദ്രോ രക്ഷതി)
ഇഭായ കഃ? — ഗജായ കഃ? (അധിബ്രവാത്)

ഉത രായേ — അപിച ശത്രുഭിരപഹ്രിയമാണായധനായ

കഃ (അധിബ്രവത്)?

തന്വേ — സ്വകീയായ ശരീരായ

ജനായ — പരിജനായ (ച) കഃ അധിബ്രവത്?

(ശരീരരക്ഷാർത്ഥം പരിജനരക്ഷാർത്ഥം വാ ഇന്ദ്രസ്യ അധിവചനം നാപേക്ഷിതം. സ്തുത്യാപ്രീതഃ ഇന്ദ്രഃ സ്വയമേവ രക്ഷതി)

അർത്ഥം—അനുഗ്രഹശീലനായ ഇന്ദ്രൻ അടുത്തുവന്നിരിക്കെ ആർ ശത്രുഭയത്താൽ ഓടിപ്പോകുന്നു? ആരുമില്ല ആർ ശത്രുക്കളാൽ ഹിംസിക്കപ്പെടുന്നു? ആരുമില്ല. ആർ ഭയപ്പെടുന്നു? ആരുമില്ല ഇന്ദ്രൻ രക്ഷിതാവായിരിക്കെ ഭയം തന്നെ ഉളവാകുന്നില്ല നമ്മുടെ രക്ഷയ്ക്ക് ഇന്ദ്രൻ അടുത്തു വർത്തിക്കുന്നതു് ആരറിയുന്നു? നമുക്കു് മാത്രം അറിയാം. യുദ്ധത്തിൽ സഹായിക്കാൻ വന്നെത്തവേ, ഏതു യജമാനൻ തന്റെ പുത്രന്നായി ''ഇന്ദ്ര, പുത്രനെ രക്ഷിച്ചാലും'' എന്നു് പക്ഷപാതപരമായി അർത്ഥിക്കുന്നു? ഇന്ദ്രൻ തന്നെത്താൻ രക്ഷിക്കുകയല്ലോ. ആനക്കുവേണ്ടി ആർ പ്രാർത്ഥിക്കുന്നു? ശത്രുക്കളാൽ അപഹരിക്കപ്പെടുന്ന ധനത്തിനുവേണ്ടി ആർ അർത്ഥിക്കുന്നു? തന്റെ ശരീരത്തിനും പരിജനങ്ങൾക്കുംവേണ്ടി ആർ അർത്ഥിക്കുന്നു? ശരീരരക്ഷയ്ക്കും പരിജനരക്ഷയ്ക്കും അപേക്ഷിക്കാതെ തന്നെ അവിടുന്നു് സ്തുതിയാൽ പ്രീതനായി രക്ഷിക്കുന്നു

ഇവിടെ കഃ എന്ന പദത്തിന്നു് പ്രജാപതി എന്നർത്ഥമെടുത്താൽ സർവ്വേശ്വരൻ രക്ഷിക്കുന്നു എന്നർത്ഥം വരും.

ഇന്ദ്രൻ ഞങ്ങളുടെ അടുത്തുണ്ടെന്നു് ഞങ്ങൾ മാത്രമറിയുന്നു എന്നു പറഞ്ഞതിൽ ഭക്തിയുടെ ഒരു നിഗൂഢതത്വം കിടക്കുന്നു ഭക്തന്നു് തന്റെ ഇഷ്ടദേവത കൂടെയുണ്ടെന്നു് അനുഭവവേദ്യമായിത്തോന്നും. അടുത്തു കാണും, അറിയും, മററുള്ളവർ കാണുകയില്ല, അറിയുകയില്ല അധികംപക്ഷവും വിശ്വസിക്കുകയുമില്ല)

18 കോ അഗ്നിമീട്ടേഹവിഷാഘൃതേന
സ്രുചായജാതാൠതുഭിർധ്രുവേഭിഃ
കസ്മൈദേവാ ആവഹാനാശുഹോമ
കോമംസതേവീതിഹോത്രസ്സുദേവഃ

അന്വയം:—

കഃ (യജമാനഃ) അഗ്നിം	
ഈട്ടേ	— ഇന്ദ്രാൎത്ഥം ഹവിന്നിരുപ്യ അഗ്നിംസ്തൗതി
(കോവാ ഇന്ദ്രയാഗാ ൎത്ഥമഗ്നിം) സ്രുചാ	— ജുഹ്വാ
ധ്രുവേഭിഃ ൠതു—ഭിഃ	— ധ്രുവൈഃ, നിത്യൈഃ വസന്താദികാലൈഃ
ഘൃതേന ഹവിഷാ	
യജാതൈ	— യജേൽ നകോപി
കസ്മൈ (യജമാനായ)	
ഹോമ	— ഹ്വാതവ്യം പ്രശസ്യംധനം
ആശു	— ശീഘ്രം
ദേവാഃ ആ വഹാൻ	— ആവഹന്തി നകസ്മാ അപി
വീതി—ഹോത്രഃ	— പ്രാപ്തയജ്ഞഃ
സു—ദേവഃ	— ശോഭനേ ദേവതാകഃ
കഃ (യജയമാനഃ)	
മംസതേ?	— ഇന്ദ്രം സമ്യക്ജാനാതി? നകോപി

(ചിരകാലോപാസനേനൈവ ഇന്ദ്രഃ പ്രത്യക്ഷോഭവതി)

അൎത്ഥം—ഇന്ദ്രനെ ഉദ്ദേശിച്ച് ആർ വേണ്ടപോലെ അഗ്നിയെ ഹവിസ്സേകി സ്തുതിക്കുന്നു? (ഇന്ദ്രന്റെ സ്വരൂപവും മഹത്വവും അറിയാത്തതുകൊണ്ടാണ് അഗ്നിയെ സ്തുതിക്കുന്നതും ഹോമിക്കുന്നതും) ആർ ഇന്ദ്രോപാസനത്തിന്നായി, ഇന്ദ്രനെ ഉദ്ദേശിച്ച് യാഗത്തിന്നായി, നിയതങ്ങളായ വസന്താദി കാലങ്ങ

ളിൽ ജുഹുവാൽ (നെയ്യ് ഹോമിക്കുന്ന ഉപകരണം) നെയ്‌കൊ ണ്ടും ഹവിസ്സുകൊണ്ടും യജിക്കുന്നു? ആരുമില്ല ഏതു യജമാന ന്നു പ്രശംസനീയമായ ധനം വേഗത്തിൽ ദേവന്മാർ എത്തി ക്കുന്നു? ആരുമില്ല ധനം എത്തിക്കുന്നതു് ഇന്ദ്രൻ മാത്രമാണ യജ്ഞം അനുഷ്ഠിച്ചവനെങ്കിലും നല്ല ഇഷ്ടദേവതയോടുകൂടിയ വനെങ്കിലും ഏതു യജമാനൻ ഇന്ദ്രനെ വേണ്ടപോലെ അറിയു ന്നു? ആരുമില്ല സുചിരതപസ്സുകൊണ്ടു മാത്രമേ ഇന്ദ്രൻ പ്ര ത്യക്ഷമാകൂ (ഇവിടെ അഗ്നിയേയോ മററു ദേവന്മാരെയോ കുറിച്ചു് നിന്ദയില്ല ഇന്ദ്രന്റെ സർവ്വാധികത്വം പറഞ്ഞിരി ക്കുന്നു എന്നു മാത്രം)

19 ത്വമംഗപ്രശംസിഷോ

ദേവശ്ശവിഷ്ഠമർത്ത്യം

നത്വദന്യോമഘവന്നസ്തിമർഡിതേ

ന്ദ്രബ്രവീമിതേവചഃ

അന്വയം —

അംഗ	— അഭിമുഖ
ശവിഷ്ഠ	— ബലവത്തമ (ഇന്ദ്ര)
ദേവഃ ത്വം മർത്ത്യം	— ത്വാം സ്തുതവന്തം പുരുഷം
പ്രശംസിഷഃ	— സമ്യഗേവസ്തുതഃ ഇതിപ്രശംസ
ഹേ മഘവൻ ഇന്ദ്ര	
ത്വൽ അന്യഃ	— ത്വദന്യഃ കശ്ചിൽ
മർഡിതാ ന അസ്തി	— സുഖയിതാനാസ്തി
(അതഃ) തേ വചഃ	
ബ്രവീമി	— തുഭ്യം ഇദംസ്തുതിലക്ഷണം വചനം ഉച്ചാരയാമി

അർത്ഥം—അഭിമുഖനായിരിക്കുന്ന അതിബലനായ ഇന്ദ്ര ദേവനായ അവിടുന്നു് അവിടുത്തെ സ്തുതിക്കുന്നവനോടു് ന ന്നായിസ്തുതിച്ചു എന്നു പ്രശംസിച്ചു പറഞ്ഞാലും അല്ലയോ മഘവൻ ഇന്ദ്ര അവിടുന്നല്ലാതെ സുഖദാതാവില്ല അതുകൊ ണ്ടു് അവിടുത്തെക്കുറിച്ചു് സ്തുതിവചനം ചൊല്ലുന്നു

20 മാതേരാധാംസിമാത ഊതയോവസോ
സ്മാൻകദാചനാദഭൻ
വിശ്വാചനഉപമിമീഹിമാനുഷ
വസൂനിചർഷണിഭ്യആ വ. 8

അന്വയം:—

ഹേ വസോ	— നിവാസയിതഃ (ഇന്ദ്ര)
തേ രാധാംസി	— തവഭ്രതാനി
അസ്മാൻ കദാ ചന മാ ദഭൻ	— മാവിനാശയന്തു
(തഥാ) ഊതയഃ	— ധൂതയഃ, കമ്പയിതാരഃ
തേ മാ	— ത്വദീയാമരുതശ്ച (മാദഭൻ)
ഹേ മാനുഷ	— മനുഷ്യഹിത (ഇന്ദ്ര)
ചർഷണി—ഭ്യഃ	— മന്ത്രദ്രഷ്ടൃഭ്യഃ
നഃ വിശ്വാ വസൂനി ച	— വിശ്വാനി, സർവ്വാണി ധനാനിച
ആ ഉപ—മിമീഹി	— സർവ്വതഃ ആഹൃത്യ അസ്മത് സമീപേകരു

അർത്ഥം—എല്ലാവരെയും അതാതിടത്തു വസിപ്പിയ്ക്കുന്ന ഇന്ദ്ര, അവിടുത്തെ ഭൃത്യന്മാർ ഞങ്ങളെ ഒരിക്കലും നശിപ്പിയ്ക്കരുതു്. അതുപോലെ എല്ലാം ഇളക്കുന്ന മരുത്തുക്കൾ ഞങ്ങളെ നശിപ്പിയ്ക്കരുതു്. അല്ലയോ മനുഷ്യഹിത, മന്ത്രദ്രഷ്ടാക്കളായ ഞങ്ങൾക്കു് എല്ലാ ധനവും എല്ലാടത്തുനിന്നും ആഹരിച്ചു് സമീപമെത്തിച്ചാലും, സ്വാധീനമാക്കിയാലും. (ഇവിടെ മൂന്നും നാലും പാദങ്ങളിലെ അർത്ഥം അതായതു് എല്ലാ ധനവും അർത്ഥിയ്ക്കുന്നു എന്നതു് ആദ്യം ചേർത്തു് ഒന്നും രണ്ടും പാദങ്ങളിലെ അർത്ഥം, പിന്നീടു് പറയുകയാണെങ്കിൽ ഇപ്രകാരം വരുന്നതാം: ഞങ്ങൾക്കു് എല്ലാ ധനവും സ്വാധീനമാക്കുക. എന്നാൽ അവിടത്തെ രാധസ്സുകൾ (ധനങ്ങൾ) ഞങ്ങളെ നശിപ്പിക്കരുതു്. അവിടത്തെ ഊതികൾ (രക്ഷണങ്ങൾ) ഞങ്ങളെ നശിപ്പിയ്ക്കരുതു്.

അതായത്ത് ധനംകൊണ്ട് ഗർവ്വിഷ്ഠരായും രക്ഷണംകൊണ്ട് അലസരായും ഞങ്ങൾ നശിക്കരുത്. ഗർവ്വമുളവാക്കാത്തത്ര, ജീവിയ്ക്കാൻ അത്യാവശ്യമായ ധനമേ തന്നരുളാവൂ കർമ്മോന്മുഖതയെ കെടുത്തുന്ന രക്ഷണവും തന്നരുളരുത്)

വർഗ്ഗം 9-10 ത്രിഷ്ടുബ്ജഗത്യൗച്ഛന്ദസീ മരുതോ ദേവതാ

1 പ്രയേശുംഭന്തേജനയോ നസപ്തയോ
യാമന്രുദ്രസ്യസൂനവസ്സുദംസസഃ
രോദസീഹിമരുതശ്ചക്രിരേവൃധേ
മദന്തിവീരാവിദഥേഷുഘൃഷ്വയഃ

അന്വയം —

സപ്തയഃ	—	സർപ്പണശീലാഃ
രുദ്രസ്യ സൂനവഃ	—	രോദയതി സർവ്വമന്ത്യകാലേ ഇതിരുദ്രഃ തസ്യപുത്രാഃ
ഹി	—	യസ്മാൽ കാരണാൽ
രോദസീ വൃധേ ചക്രിരേ	—	ദ്യാവാപൃഥിവ്യൌവൃഷ്ടി പ്രദാനേന വർദ്ധനായകൃതവന്തഃ
(തസ്മാൽ) സു-ദംസസഃ	—	ശോഭനേ കർമ്മാണഃ
വീരാഃ	—	വിശേഷേണ ശത്രുക്ഷേപണ ശീലാഃ
ഘൃഷ്വയഃ	—	ഘർഷണശീലാഃ മഹീരുഹാദേഃ ഭംജകാഃ
യേ ജനയഃ ന	—	ജായാഃ, യോഷിത ഇവ
യാമൻ	—	യാമനി, ഗമനേ നിമിത്ത ഭൂതേസതി
പ്ര ശുംഭന്തേ	—	സ്വാകീയാന്യംഗാനി അലം കുർവന്തി
(തേ) മരുതഃ വിദഥേഷു മദന്തി	—	യജ്ഞേഷു സോമപാനേ ഹൃഷ്യന്തി

അത്ഥം—എപ്പോഴും ചരിച്ചുകൊണ്ടിരിയ്ക്കുന്നവരും എല്ലാവരെയും കടശ്ശിയിൽ കരയിയ്ക്കുന്ന രുദ്രൻെറ (പരമേശ്വരൻെറ) മക്കളും യാതൊരു കാരണത്താൽ മഴപെയ്യിച്ച് ദ്യാവാപൃഥിവികളെ വളൎത്തുന്നുവോ, ആ കാരണത്താൽ ശോഭനകൎമ്മാക്കളും ശത്രുക്കളെ പിഴുതെറിയുന്നവരും മരങ്ങളും മലകളും മറിയ്ക്കുന്നവരുമായ യാവർ, യാത്രക്കിറങ്ങിയ സ്ത്രീകൾ സ്വാവയവങ്ങളെ അലങ്കരിയ്ക്കുന്നപോലെ, തങ്ങളെത്തന്നെ ഏററവും അലങ്കരിയ്ക്കുന്നു, ആ മരുത്തുക്കൾ യജ്ഞങ്ങളിൽ സോമപാനത്തിൽ ഹൎഷിക്കുന്നു, ആനന്ദിക്കുന്നു.

2 തഉക്ഷിതാസോമഹിമാനമാശത
ദിവിരുദ്രാസോ അധിചക്രിരേസദഃ
അൎച്ചന്തോ അൎക്കംജനയന്തഇന്ദ്രിയ
മധിശ്രിയോദധിരേപൃശ്നിമാതരഃ

അന്വയം'—

തേ (മരുതഃ) ഉക്ഷിതാസഃ	—	ദേവൈരഭിഷിക്താഃ (സന്തഃ)
മഹിമാനം ആശത	—	മഹത്വം ആപ്നുവൻ
രുദ്രാസഃ	—	രുദ്രപുത്രാഃ (ജന്യേ ജനകശബ്ദഃ)
(തേ) ദിവി സദഃ	—	നഭസിസദനം, സ്ഥാനം
അധി ചക്രിരേ	—	അധികം, സൎവ്വോൽകൃഷ്ടം കൃതവന്തഃ
അൎക്കം അൎച്ചന്തഃ	—	അൎച്ചനീയമിന്ദ്രം പൂജയന്തഃ
ഇന്ദ്രിയം ജനയന്തഃ	—	ഇന്ദ്രസ്യവീൎയ്യം ഉൽപാദയന്തഃ
പൃശ്നി—മാതരഃ	—	നാനാരൂപാ യാ ഭൂമേഃ പുത്രാഃ (തേ മരുതഃ)
ശ്രിയഃ അധി ദധിരേ	—	ഐശ്വൎയ്യാണി ആധിക്യേനാ ധാരയൻ

അൎത്ഥം—ആ മരുത്തുക്കൾ ദേവന്മാരാൽ അഭിഷേകം ചെയ്യപ്പെട്ട് മഹത്വത്തെ പ്രാപിച്ചു. രുദ്രപുത്രരായ (ഇവിടെ ജന്യത്തിന്ന് ജനകശബ്ദം പ്രയോഗിച്ചിരിയ്ക്കുയാണ്. വേറെയും

പലയിടങ്ങളിലും ഇതു കാണാം) അവർ നഭസ്സിങ്കൽ സർവ്വോത്കൃഷ്ടമായ വാസസ്ഥാനം നിർമ്മിച്ചു. പൂജ്യനായ ഇന്ദ്രനെ പൂജിക്കുന്നവരും ഇന്ദ്രന്ന് (വിഷമഘട്ടങ്ങളിൽ പ്രോത്സാഹനവചനങ്ങളാൽ) വീര്യമുളവാക്കുന്നവരും നാനാരൂപയായ ഭൂമിയുടെ മക്കളുമായ ആ മരുത്തുക്കൾ ഐശ്വര്യങ്ങളെ മികവുററ് നേടി.

3 ഗോമാതരോയച്ഛുഭയന്തേ അഞ്ജിഭി
സ്തനൂഷു ശുഭ്രാദധിരേ വിരുക്മതഃ
ബാധന്തേ വിശ്വമഭിമാതിനമപ
വർത്മാന്യേഷാ മനുരീയതേ ഘൃതം

അന്വയം.—

ഗോ—മാതരഃ	—	ഗോരൂപാ ഭൂമിർമ്മാതാ യേഷാം തേ, മരുതഃ
അഞ്ജി—ഭിഃ	—	രൂപാഭിവ്യഞ്ജനൈരാഭരണൈഃ
യത് ശുഭയന്തേ	—	യദാ സ്വാംഗാനി ശോഭായുക്താനി കുർവ്വന്തി
(തദാനീം) ശുഭ്രാഃ	—	ദീപ്താഃ
തനൂഷു വിരുക്മതഃ	—	ശരീരേഷു രോചമാനാനലങ്കാരാൻ
ദധിരേ	—	ധാരയന്തി
(അപിച) വിശ്വം		
അഭി—മാതിനം	—	സർവ്വം ശത്രും
അപ ബാധന്തേ	—	ഹിംസന്തി
ഏഷാം വർത്മാനി അനു	—	മരുതാം മാർഗ്ഗമനുസൃത്യ
ഘൃതം രീയതേ	—	ക്ഷരണശീലമുദകം സ്രവതി

(യത്ര മരുതോ ഗച്ഛന്തി വൃഷ്ട്യുദകം തത്ര ഗച്ഛതി)

അർത്ഥം—പശുരൂപം പൂണ്ട ഭൂമിയുടെ മക്കളായ മരുത്തുക്കൾ എപ്പോൾ തങ്ങളുടെ അംഗങ്ങളെ ശോഭനങ്ങളാക്കുന്നു, അപ്പോൾ അവർ ദീപ്തന്മാരായി, ദേഹത്തിൽ മിന്നുന്ന ആഭരണങ്ങളണിയുന്നു കൂടാതെ, ശത്രുക്കളെ മുഴുവൻ ഒടുക്കുന്നു. അവരുടെ വരവുവഴിയെത്തുടർന്ന്, ഒലിക്കുന്ന വെള്ളമൊഴുകുന്നു. (കാററനുസരിച്ചാണ് കാറിന്റെയും നീരിന്റെയും ഗതി)

4 വിയേ ഭ്രാജന്തേ സുമഖാസ ഋഷ്ടിഭിഃ
പ്രച്യാവയന്തോ അച്യുതാചിദോജസാ
മനോജുവോയന്മരുതോ രഥേഷ്വാ
വൃഷവ്രാതാസഃ പൃഷതീരയുഗ്ധ്വം

അന്വയം:–

സു–മഖാസഃ	— ശോഭനയജ്ഞാഃ
യേ ഋഷ്ടി–ഭിഃ	
വി ഭ്രാജന്തേ	— ആയുധൈഃ വിശേഷേണ ദീപ്യന്തേ
(തേ മരുതഃ) അച്യുതാ	
ചിൽ	— ച്യാവയിതുമശക്യാനി ദൃഢാനി പർവ്വതാന്യപി
ഓജസാ പ്ര–ച്യവയന്തഃ	— സ്വകീയേന ബലേന പ്രകർഷേണ ച്യാവയിതാരഃ (ഭവന്തി)
ഹേ മരുതഃ മനഃ–ജുവഃ	— മനോവൽ വേഗഗതയഃ
വൃഷ–വ്രാതാസഃ	— വൃഷ്ട്യുദകസേചന സമർത്ഥാഃ (യൂയം)
(ആത്മീയേഷു) രഥേഷു	
പൃഷതീഃ	— പൃഷത്യഃ, ശ്വേതബിന്ദുഭിര്യുക്താ മൃഗീഃ
യൽ ആ അയുഗ്ധ്വം	— യദാ ആഭിമുഖ്യേന നിയുക്താഃ അകൃധ്വം

(തദാനീം പർവ്വതാദികം പ്രച്യവതേ)

അർത്ഥം—ശോഭന കർമ്മാക്കളായ ഏവർ ആയുധങ്ങളോടുകൂടി ഏററവും ശോഭിക്കുന്നുവോ, ആ മരുത്തുക്കൾ വീഴ്ത്തുവാൻ വയ്യാത്ത, ഉറച്ച മലകളെക്കൂടി സ്വബലം കൊണ്ടു് മറിച്ചിടുന്നവരായി ഭവിക്കുന്നു. അല്ലയോ മരുത്തുക്കളേ, മനസ്സിനൊത്ത ശീഘ്രഗതിയുള്ളവരും മഴവെള്ളം പൊഴിക്കുന്നവരുമായ നിങ്ങൾ സ്വന്തം തേരുകളിൽ വെള്ളപ്പുള്ളികളുള്ള പെൺമാനുകളെ നേരെ പൂട്ടുമ്പോഴാണ് പർവ്വതാദിയെ മറിച്ചിടുന്നതു്.

5 പ്രയദ്രഥേഷു പൃഷതീരയുഗ്ധ്വം
വാജേ അദ്രിം മരുതോ രംഹയന്തഃ
ഉതാരുഷസ്യ വിഷ്യന്തി ധാരാ
ശ്ചർമ്മേവോദഭി ർവ്യുന്ദന്തി ഭൂമ

അന്വയം —

ഹേ മരുതഃ വാജേ	— അന്നേ നിമിത്തഭൂതേ സതി
അദ്രിം രംഹയന്തഃ	— മേഘം വർഷണാർത്ഥം പ്രേരയന്തഃ
യത് പൃഷതീഃ	— യദാ മൃഗീഃ
രഥേഷു പ്ര അയുഗ്ധ്വം	— പ്രായുയുജത
ഉത അരുഷസ്യ	— തദാനീം ആരോചമാനസ്യ വൈദ്യുതാഗ്നേഃ (സകാശാത്) വൃഷ്ട്യുദകധാരാഃ
വി സ്യന്തി	— വിമുഞ്ചന്തി
(വിമുക്താ സ്സാം) ധാരാഃ	
ഉദ—ഭിഃ	— ഉദകൈഃ
ചർമ്മ—ഇവ	— പരിമിതചർമ്മ യഥാ അപ്രയത്നേന ക്ലേദ്യതേ തഥാ
ഭൂമ വി ഉന്ദന്തി	— സർവ്വാം ഭൂമിം വിശേഷേണ ആർദ്രാം കുർവ്വന്തി

അർത്ഥം—അല്ലയോ മരുത്തുക്കളേ അന്നസിദ്ധിക്കായി മഴക്കാറുകളെ പെയ്യാൻ പ്രേരിപ്പിച്ചുകൊണ്ട് എപ്പോൾ തേരുകളിൽ പെൺപുള്ളിമാനുകളെ വേണ്ടപോലെ പൂട്ടുന്നുവോ അപ്പോൾ മിന്നിത്തിളങ്ങുന്ന വൈദ്യുതാഗ്നിയിൽ നിന്ന് വൃഷ്ടിജലധാരകളെ നിങ്ങൾ വിടുന്നു അപ്രകാരമുള്ള ധാരകൾ വെള്ളങ്ങളാൽ ഭൂമിയെ മുഴുവൻ ഒരു ചെറുതോലിനെ എന്നപോലെ എളുപ്പത്തിൽ നനവുററതാക്കുന്നു

6 ആവോവഹന്തു സപ്തയോരഘുഷ്യദോ
രഘുപത്വാനഃ പ്രജിഗാതബാഹുഭിഃ
സീദതാബർഹിരുരുവസ്സദസ്കൃതം
മാദയധ്വം മരുതോമധ്വോ അന്ധസഃ വ. 9

അന്വയം:—

(ഹേ മരുതഃ,) വഃ	— യുഷ്മാൻ
രഘു—സ്യദഃ	— ലഘു, ശീഘ്രം സ്യന്ദമാനാഃ, വേഗേന ഗച്ഛന്തഃ
സപ്തയഃ ആ വഹന്തു	— സർപ്പണശീലാ അശ്വാഃ അസ്മദ്യജ്ഞം പ്രാപയന്തു
രഘു—പത്വാനഃ	— ലഘു, ശീഘ്രം പതന്തഃ, ഗച്ഛന്തഃ (യൂയം)
ബാഹു—ഭിഃ	— സ്വകീയൈർഹസ്തൈരസ്മഭ്യം ദാതവ്യം ധനമാഹൃത്യ
പ്ര ജിഗാത	— പ്രകർഷേണ ഗച്ഛത
ഹേ മരുതഃ, വഃ സദഃ	— യുഷ്മാകം സദനം, വേദിസ്ഥാനം
ഉരു കൃതം	— വിസ്തീർണ്ണം കൃതം
(തത്രയദാസ്തീർണ്ണം) ബർഹിഃ (തത്) ആ സീദത	— ഉപവിശ
(ഉപവിശ്യ ച) മധ്വഃ അന്ധസഃ	— മധുരസ്യസോമലക്ഷണാന്നസ്യ പാനേന
മാദയധ്വം	— തൃപ്താഭവത

അർത്ഥം—അല്ലയോ മരുത്തുകാരേ, നിങ്ങളെ വേഗഗാമികളും സഞ്ചാരശീലങ്ങളുമായ കുതിരകൾ ഞങ്ങളുടെ യജ്ഞത്തിന്നെത്തിക്കട്ടെ. വേഗം പറന്നെത്തുന്ന നിങ്ങൾ സ്വന്തം കൈകളിൽ ഞങ്ങൾക്ക് തരുവാനുള്ള ധനമേന്തി വന്നാലും. അല്ലയോ മരുത്തുകാരേ, യജ്ഞവേദിയിൽ നിങ്ങൾക്കുള്ള സ്ഥാനം

വിസ്തീർണ്ണമായി (നാല്പത്തൊമ്പതു് ഇരിപ്പിടങ്ങളാം വേണമല്ലൊ) ഒരുക്കിയിരിയ്ക്കുന്നു. അവിടെ ഇരുന്നു് മധുരമായ സോമം കുടിച്ചു് തൃപ്തരായാലും.

7 തേവർദ്ധന്ത സ്വതവസോ മഹിത്വനാ
നാകന്തസ്ഥുരുരു ചക്രിരേ സദഃ
വിഷ്ണുര്യദ്ധാവദ്വൃഷണം മദച്യുതം
വയോ ന സീദന്നധി ബർഹിഷി പ്രിയേ

അന്വയം:–

സ്വ–തവസഃ തേ (മരുതഃ) അവർദ്ധന്ത (വൃദ്ധിം പ്രാപ്യ ച)	— സ്വാശ്രയബലാഃ വൃദ്ധിംഗതാഃ
മഹി–ത്വനാ	— മഹിമ്നാ, മഹത്വേന
നാകം ആ തസ്ഥുഃ	— സ്വർഗ്ഗമാസ്ഥിതവന്തഃ
സദഃ ഉരു ചക്രിരേ	— സ്വകീയനിവാസായ നഭോലക്ഷണം സ്ഥാനം നിർമ്മിതവന്തഃ
യൽ	— യേഭ്യഃ, യദർത്ഥം
വൃഷണം മദ–ച്യുതം	— കാമാഭിവർഷകം, മദസ്യ, ഹർഷസ്യ ആസേക്താരം (യജ്ഞം)
വിഷ്ണുഃ ഹ ആവൽ	— വിഷ്ണുരേവാഗത്യരക്ഷതി
(തേ മരുതഃ) വയഃ ന (ശീഘ്രമാഗത്യ) പ്രിയേ	— പക്ഷിണഃ യഥാ
ബർഹിഷി	— അസ്മദീയേ പ്രീതികരേ യജ്ഞേ
അധി സീദൻ	— സീദന്തു, ഉപവിശന്തു

അർത്ഥം–സ്വാശ്രയബലന്മാരായ ആ മരുത്തുക്കൾ വൃദ്ധിപ്രാപിച്ചു. പിന്നെ സ്വന്തം മഹത്വംകൊണ്ടു് സ്വർഗ്ഗത്തിൽ ആസ്ഥാനമുറപ്പിച്ചു. തങ്ങളുടെ നിവാസത്തിന്നു് ആകാശമെന്ന വിസ്തീർണ്ണമായ ഇരിപ്പിടമുണ്ടാക്കി. (യജ്ഞസ്വരൂപനായ)

വിഷ്ണു ആർക്കുവേണ്ടിയാണോ അഭീഷ്ടപ്രദവും ഹർഷം പൊഴിയ്ക്കുന്നതുമായ യജ്ഞത്തെ രക്ഷിച്ചുപോന്നതു്, ആ മരുത്തുക്കൾ പക്ഷികളെപ്പോലെ വേഗത്തിൽ എത്തി, നമ്മുടെ പ്രീതികരമായ യജ്ഞത്തിൽ വന്നിരിയ്ക്കട്ടെ.

8 ശൂരാഇവേദ്യുയുധയോ ന ജഗ്മയ–
ശ്രവസ്യവോ ന പൃതനാസുയേതിരേ
ഭയന്തേ വിശ്വാഭുവനാ മരുദ്ഭ്യോ–
രാജാന ഇവത്വേഷസന്ദൃശോനരഃ

അന്വയം:–

ശൂരാഃ–ഇവ ഇൽ	— ശൌര്യോപേതാഃ യുയുത്സവഃ ഇവ ച
യുയുധയഃ ന	— ശത്രുഭിര്യുദ്ധ്യമാനാഃ പുരുഷാഃ ഇവ ച
ജഗ്മയഃ	— ശീഘ്രംഗച്ഛന്തഃ (മരുതഃ)
ശ്രവസ്യവഃ ന	— അന്നമാത്മന ഇച്ഛന്തഃ പുരുഷാ ഇവ
പൃതനാസു യേതിരേ	— സംഗ്രാമേഷു പ്രയതന്തേ
(യേ) നരഃ	— വൃഷ്ട്യാദേർന്നേതാരഃ (മരുതഃ)
രാജാനഃ–ഇവ	— രാജമാനാനൃപതയ ഇവ
ത്വേഷ–സംദൃശഃ	— ദീപ്തരൂപതയാ ദ്രഷ്ടുമശക്യാഃ (ഭവന്തി)
(തേഭ്യഃ) മരുൽ–ഭ്യഃ	
വിശ്വാ ഭുവനാ	— സർവ്വാണിഭൂതജാതാനി
ഭയന്തേ	— ബിഭ്യന്തി

അത്ഥം–വീരന്മാരായ യുദ്ധോദ്യതർപോലെയും ശത്രുക്കളോടു പൊരുതുന്നവർപോലെയും ശീഘ്രഗതികളായ മരുത്തുക്കൾ, അന്നമിച്ഛിക്കുന്ന പുരുഷന്മാർ (ഭോജന ശാലയിലേയ്ക്കു്) എന്നപോലെ യുദ്ധഭൂമിയിലേയ്ക്കുപോകുന്നു മഴ പെയ്യിയ്ക്കുന്ന

നേതാക്കളായ ഏവർ ശോഭനന്മാരായ രാജാക്കന്മാർപോലെ നേരിട്ടു നോക്കാൻവയ്യാത്തവരായി ഭവിയ്ക്കുന്നുവോ, ആ മരുത്തുക്കളിൽ നിന്നു് എല്ലാ ഭൂതജാതങ്ങളും ഭയപ്പെടുന്നു

9 ത്വഷ്ടായദ്വജ്രംസുകൃതം ഹിരണ്യയം
സഹസ്രഭൃഷ്ടിംസ്വപാ അവർത്തയൽ
ധത്തഇന്ദ്രോനര്യപാംസികർത്തവേ
ഹന്വൃത്രന്നിരപാമൗബ്ജദർണ്ണവം

അന്വയം —

സു—അപാഃ	— ശോഭനകർമ്മാ
ത്വഷ്ടാ	— വിശ്വനിർമ്മാതാ
സു—കൃതം ഹിരണ്യയം	— സമ്യങ്നിഷ്പാദിതം, സുവർണ്ണമയം
സഹസ്ര—ഭൃഷ്ടിം	— അനേകാഭിർധാരാഭിര്യുക്തം
യൽ വജ്രം അവർത്തയൽ	— ഇന്ദ്രം പ്രത്യഗമയൽ, ദത്തവാൻ
(തദ്വജ്രം) ഇന്ദ്രഃ നരി	— സംഗ്രാമേ
അപാംസി കർത്തവേ	— ശത്രുഹനനാദികർമ്മം
ധത്തേ	— ധാരയതി
(തേനൈവ വജ്രേണ)	
വൃത്രം	— വൃഷ്ട്യാവരകം
അർണ്ണവം	— അർണ്ണസാ ഉദകേനയുക്തം (മേഘം)
അഹൻ	— അവധീൽ
അപാം	— തേന നിരുദ്ധാ അപശ്ച (സഃ)
നിഃ ഔബ്ജൽ	— നിർഗ്ഗമേണാധോമുഖമപാതയൽ

അർത്ഥം—ശോഭനകർമ്മാവും വിശ്വനിർമ്മാതാവുമായ ത്വഷ്ടാവു് നല്ലപോലെ പണിതതും സ്വർണ്ണമയവും ആയിരം മുനകളോടുകൂടിയതുമായ യാതൊരു വജ്രം ഇന്ദ്രന്നു് കൊടുത്തുവോ, അതു് ഇന്ദ്രൻ യുദ്ധത്തിൽ ശത്രുവധത്തിന്നു് വേണ്ടി ധരിയ്ക്കുന്നു

ആ വജ്രം കൊണ്ടത്രേ മഴയെ തടുത്തുനിർത്തിയ ജലയുക്തമായ മേഘത്തെ പിളന്നതു്. തടുത്തുനിർത്തിയ വെള്ളം അവിടന്നു് ബാക്കിവെയ്ക്കാതെ താഴോട്ടൊഴുക്കുകയും ചെയ്തു. (ഇവിടെ ഇന്ദ്രനെയാണു് സ്തുതിച്ചിട്ടുള്ളതെങ്കിലും ഇന്ദ്രന്റെ സന്തതസഹായികളായ മരുത്തുക്കൾക്കും വൃഷ്ടികർത്തൃത്വമുള്ളതുകൊണ്ടു് അവകളും കൂടി സ്തുതിയാണു്.)

10 ഊർധ്വന്നുനുദ്രേവതന്ത ഓജസാ
ദാദൃഹാണഞ്ചിദ്ബിഭിദുർവ്വി പർവ്വതം
ധമന്തോ വാണമ്മരുതസ്സുദാനവോ
മദേസോമസ്യരണ്യാനി ചക്രിരേ

അന്വയം;—

തേ (മരുതഃ) അവതം	— കൂപം
ഊർധ്വം	— ഉപരി യഥാ ഭവതി തഥാ
ഓജസാ നുനുദ്രേ	— സ്വകീയേന ബലേന പ്രേരിതവന്തഃ ഉൽഖാതവന്തഃ

(ഏവം കൂപമുൽഖായ ഗൃധോരാശ്രമം പ്രതിനയന്തഃ മരുതഃ മാർഗ്ഗമധ്യേ) ദദൃഹാണം—പ്രവൃദ്ധം, ഗതിനിരോധകം

പർവ്വതം ചിൽ	— പർവ്വവന്തം ശിലോച്ചയമപി
വി ബിഭിദുഃ	— വിശേഷേണ ബഭഞ്ജുഃ
സു—ദാനവഃ മരുതഃ	— ശോഭനദാനാ മരുതഃ
വാണം	— ശതസംഖ്യാഭിഃ തന്ത്രീഭിര്യുക്തം വീണാവിശേഷം
ധമന്തഃ	— വാദയന്തഃ
സോമസ്യ മദേ	— സോമപാനേന ഹർഷേ സതി
രണ്യാനി	— സ്തുത്യാനി, രമണീയാനി ധനാനി
ചക്രിരേ	— സ്തോതൃഭ്യഃ കർവ്വന്തി

അർത്ഥം.—ഇവിടെ ഒരു കഥ സൂചിതമായിരിക്കുന്നു. ഗോതമർഷി ഒരിക്കൽ ദാഹത്താൽ വലഞ്ഞു. അപ്പോൾ മരുത്തുക്കളോട് വെള്ളം യാചിച്ചു അവർ അടുത്തുള്ള ഒരു കിണറും തൊട്ടിയും പുഴക്കിക്കൊണ്ടു വന്ന് ആശ്രമത്തിൽ സ്ഥാപിച്ച് ഋഷിയുടെ ദാഹം തീർത്തു.

ആ മരുത്തുക്കൾ കിണർ സ്വശക്തികൊണ്ട് മേൽപ്പോട്ടുവരുമാറ് പുഴക്കി. (ഋഷിയുടെ ആശ്രമത്തിലെത്തിച്ചു) വഴി മുടക്കിയ ഉയർന്നുനില്ക്കുന്ന കുന്നിനെക്കൂടി അവർ പിളർന്ന് ശകലീകരിച്ചു. ദാനശീലരായ അവർ നൂറുകമ്പികളുള്ള ഒരു വിശിഷ്ടവീണ വായിച്ചുകൊണ്ട്, സോമപാനത്തിന്റെ ഹർഷത്തിൽ ലയിച്ച്, സ്തോതാക്കൾക്കു മഹത്തായ ധനം കൊടുത്തു

11 ജിഹ്മന്നുനുദ്രേവതന്തയാദിശാ
സിഞ്ചന്നുത്സ ങ്ഗോതമായ തൃഷ്ണജേ
ആഗച്ഛന്തീമവസാ ചിത്രഭാനവഃ
കാമം വിപ്രസ്യതർപ്പയന്തധാമഭിഃ

അന്വയം.—

(മരുതഃ) അവതം — ഉദ്ധൃതം കൂപം യസ്യാം ദിശി ഋഷിർവ്വസതി
തയാ ദിശാ ജിഹ്മം — വക്രം, തിര്യഞ്ചം
നുനുദ്രേ — പ്രേരിതവന്തഃ
(ഏവം കൂപം നീത്വാ ഋഷ്യാശ്രമേ അവസ്ഥാപ്യ)
തൃഷ്ണ—ജേ ഗോതമായ — തൃഷിതായ ഋഷയേ
ഉത്സം — ജലപ്രവാഹം കൂപാദുദ്ധൃത്യ
അസിഞ്ചൻ — ആഹാവേ അവാനയൻ
(ഏവം കൃത്വാ) ഈം — സ്തോതാരമൃഷിം
ചിത്ര—ഭാനവഃ — വിചിത്രദീപ്തയഃ (മരുതഃ)
അവസാ — ഈദൃശേന രക്ഷണേന (സഹ)
ആ ഗച്ഛന്തി — തത്സമീപം പ്രാപ്നുവന്തി

(പ്രാപ്യച) വിപ്രസ്യ
കാമം — മേധാവിനോ ഗോതമസ്യാഭിലാഷം
ധാമ–ഭിഃ തപ്പയന്ത — ആയുഷോ ധാരകൈരുദകൈര തപ്പയൻ

അത്ഥം–മരുത്തുക്കരം പുഴക്കിപ്പൊക്കിയ കിണറിനെ, ഋഷി ഇരുന്നരുളുന്നിടത്തു് വക്രമായി (കിണറിൻെറ മുഖം ആശ്രമാഭിമുഖമായി) എത്തിച്ചു നിത്തി. അങ്ങിനെ കിണറെത്തിച്ചു് ആശ്രമത്തിൽ നിത്തി ദാഹാത്തനായ ഗോതമഷിയ്ക്കു്, കിണറിൽ നിന്നു് ഒഴുകുന്ന വെള്ളത്തെ തൊട്ടിയിലേക്കൊഴിച്ചു കൊടുത്തു ഇപ്രകാരം ചെയ്തിട്ടു്, വിചിത്രപ്രകാശരായ മരുത്തുക്കരം ഈദൃശമായരക്ഷണത്തോടുകൂടി ഋഷിയെ സമീപിച്ചു മേധാവിയായ ഗോതമൻെറ അഭീഷ്ടം സാധിപ്പിച്ചുകൊണ്ടു് ആയുഷ്യമായ ജലത്താൽ തൃപ്തനാക്കി

12 യാവശ്ശമ്മ ശശമാനായ സന്തി
ത്രിധാതൂനിദാശുഷേയച്ഛതാധി
അസ്മഭ്യന്താനി മരുതോ വിയന്ത
രയിന്നോധത്ത വൃഷണസ്സുവീരം വ. 10

അന്വയം —

(ഹേ മരുതഃ) വഃ — യുഷ്മാകം സംബന്ധീനി
ത്രി–ധാതൂനി — പൃഥിവ്യാദിത്രിഷു സ്ഥാനേഷ്വവസ്ഥിതാനി
യാ ശമ്മ — ശമ്മാണി
ശശമാനായ — യുഷ്മാൻ സ്തുതിഭിഭജമാനായ ദാതും സമ്പാദിതാനി
സന്തി — ഭവന്തി
(യാനിച) ദാശുഷേ — ഹവിർദത്തവതേ യജമാനായ
അധി യച്ഛത — അധികം പ്രയച്ഛഥ
ഹേ മരുതഃ, താനി — സവ്വാണി ശമ്മാണി

അസ്മഭ്യം വി യന്ത — പ്രയച്ഛത
(കിംച) ഹേ വൃഷണഃ — കാമവർഷിതാരഃ (മരുതഃ)
നഃ സു–വീരം രയിം ധത്ത — അസ്മഭ്യം പുത്രാദിഭിര്യുക്തം
ധനം ദത്ത

അർത്ഥം—അല്ലയോ മരുത്തുക്കളേ, ഭൂമ്യന്തരിക്ഷ സ്വർഗ്ഗങ്ങളിൽ നിങ്ങളെസ്സംബന്ധിച്ച മംഗല്യങ്ങളേവയാണോ, സ്തുതികളാൽ ഉപാസിയ്ക്കുന്നവൎക്ക് കൊടുപ്പാൻ ഒരുക്കീട്ടുള്ളവയും ഹവിർദ്ദാതാവായ യജമാനന്ന് കൊടുപ്പാനുള്ളവയും ഏതുവയോ, ആ മംഗല്യങ്ങളെല്ലാം ഞങ്ങൾക്ക് തന്നരുളിയാലും. പിന്നെ, കാമവർഷകന്മാരേ, ഞങ്ങൾക്ക് സൽസന്താനവൃദ്ധിയോടുകൂടിയ ധനപുഷ്ടി തന്നരുളിയാലും.

വർഗ്ഗം 11–12. ഗായത്രീച്ഛന്ദഃ

1 മരുതോയസ്യഹിക്ഷയേ
പാഥാദിവോവിമഹസഃ
സസുഗോപാതമോജനഃ

അന്വയം:–

ഹേ വി–മഹസഃ മരുതഃ — വിശിഷ്ടപ്രകാശാഃ മരുതഃ
ദിവഃ — അന്തരിക്ഷലോകാദാഗത്യ
യസ്യ ഹി ക്ഷയേ പാഥ — യസ്യഖലു യജമാനസ്യ യജ്ഞഗൃഹേസോമംപിബഥ
സഃ ജനഃ — ജാതോയജമാനഃ
സു–ഗോപാതമഃ — ശോഭനൈഃ പാലകൈരത്യന്തംയുക്തോഭവതി

അർത്ഥം—അല്ലയോ വിശിഷ്ടപ്രകാശരായ മരുത്തുക്കളേ, അന്തരിക്ഷത്തിൽ നിന്ന് പുറപ്പെട്ടുവന്ന് നിങ്ങൾ ഏതു യജമാനന്റെ യജ്ഞശാലയിൽ സോമം കുടിക്കുന്നു, ആ യജമാനൻ തെളിഞ്ഞ രക്ഷകന്മാരാൽ ഏററവും രക്ഷിതനായി.

2 യജ്ഞൈർവ്വായജ്ഞവാഹസോ

വിപ്രസ്യവാമതീനാം

മരുതശ്ശൃണുതാഹവം

അന്വയം.—

ഹേ യജ്ഞ–വാഹസഃ	
മരുതഃ	— യജ്ഞസ്യവോഢാരഃ (യൂയം)
യജ്ഞൈഃ വാ	— യജ്ഞൈശ്ച
മതീനാം	— സ്തുതീനാം സംബന്ധിനഃ
വിപ്രസ്യ വാ	— അയജമാനസ്യ മേധാവിനശ്ച
ഹവം ശൃണുത	— ആഹ്വാനം ശൃണുത

(യജ്ഞവതോ യജമാനസ്യ യാഗരഹിതസ്യ സ്തോതുശ്ച ആഹ്വാനം ഭവത്ഭിശ്ശ്രോതവ്യം)

അർത്ഥം—യജ്ഞത്തെ വഹിയ്ക്കുന്ന മരുത്തുക്കളേ, നിങ്ങൾ യജ്ഞം ചെയ്യുന്ന യജമാനന്റെയും, യജ്ഞം ചെയ്യാതെ നിങ്ങളെ സ്തുതിയ്ക്കുന്ന മേധാവിയുടേയും (സ്തോതാവിന്റേയും) വിളി കേൾക്കുമാറാകണം.

3 ഉത വായസ്യ വാജിനോ—

നവിപ്രമതക്ഷത

സഗന്താഗോമതിവ്രജേ

അന്വയം.—

ഉത വാ യസ്യ	— അപിച യജമാനസ്യ
വാജിനഃ	— ഹവിർല്ലക്ഷണോപേതാ ഋത്വിജഃ
വിപ്രം	— മേധാവിനം മരുൽഗണം
അനു അതക്ഷത	— ഹവിഷ്പ്രദാനാദിനാ തീക്ഷ്ണീകുർവ്വന്തി
സഃ (യജമാനഃ)	
ഗോ–മതി	— ബഹുഭിർഗ്ഗോഭിര്യുക്തേ
വ്രജേ ഗന്താ	— ഗോഷ്ഠേ ഗമനശീലഃ (ഭവതി)

അത്ഥം—അതിന്നു പുറമേ, ഏതു യജമാനന്റെ ഹവിസ്സോന്നിയഷ്ട്രതചീകമകാം മരുൽഗണത്തിന്ന്ഹവിർദ്ദാനാദികളാൽ ഊക്ക കൂട്ടുന്നു, ആ യജമാനൻ ധാരാളം പശുക്കാം നിറഞ്ഞ തൊഴുത്തിൽ ചെല്ലുന്നു (അദ്ദേഹത്തിന്റെ തൊഴുത്തിൽ നിറയെ പശുക്കളുണ്ടാകുന്നു)

4 അസ്യവീരസ്യ ബഹിഷി
സുതസ്സോമോദിവിഷ്ടിഷു
ഉക്ഥമ്മദശ്ചശസ്യതേ

അന്വയം —

ദിവിഷ്ടിഷു ബർഹിഷി	— യജനീയ ദിവസേഷു, യജ്ഞേ
വീരസ്യ അസ്യ	— ശത്രുക്ഷേപണ കുശലസ്യ മരുൽഗണസ്യ (പാനായ)
സോമഃ സുതഃ	— അഭിഷുതഃ (ഭവതി)
ഉക്ഥം	— മരുദ്ദേവതാകം ശസ്ത്രം
മദഃ ച	— മാരുതീ നിവിച്ച
(മരുൽഗണസ്യ ഹഷായ)	
ശസ്യതേ	— ഹോത്രാ പഠ്യതേ

അത്ഥം—യാഗമനുഷ്ഠിക്കേണ്ടും ദിവസങ്ങളിൽ, യജ്ഞത്തിൽ, ശത്രുക്കളെ അമർത്തുന്ന മരുൽഗണത്തിന്ന് കുടിപ്പാനായി സോമം പിഴിഞ്ഞു വെച്ചിരിക്കുന്നു മരുത്തുക്കാംദേവതയായ ശസ്ത്രവും മരുത്തുക്കാംക്കുള്ള നിവിത്തും (ഒരു ആഹുതിവിശേഷം അതിന്റെ മന്ത്രം) അവരുടെ ഹർഷത്തിന്നായി ഹോതാവിനാൽ ചൊല്ലപ്പെടുന്നു

5 അസ്യശ്രോഷന്ത്വാഭുവോ
വിശ്വായശ്ചഷണീരഭി
സൂരഞ്ചിൽ സസ്രുഷീരിഷഃ വ 1

അന്വയം —

യഃ (മരുൽഗണഃ)
വിശ്വാഃ ചർഷണീഃ — സർവ്വാൻ ശത്രുഭൂതാൻ മനുഷ്യാൻ
അഭി ഭുവഃ — അഭിഭവതി
(താദൃക്ഗണാകാരാ മരുതഃ)
അസ്യ — യജമാനസ്യ (സ്തുതിം)
ആ ശ്രോഷന്തു — ആഭിമുഖ്യേനശൃണ്വന്തു
സ്തോരം ചിൽ — സ്തുതേഃ പ്രേരയിതാരം യജമാനമപി
ഇഷഃ സസ്രുഷീഃ — മരുൽ പ്രത്താന്യന്നാനി പ്രാപ്താനിഭവന്തു

അർത്ഥം—യാതൊരു മരുൽഗണം ശത്രുക്കളായി ഭവിച്ച എല്ലാ മനുഷ്യരെയും ജയിക്കുന്നുവോ ഗണരൂപരായ ആ മരുത്തുക്കൾ യജമാനൻെറ സ്തുതിയെ നേരെ കേൾക്കട്ടെ സ്തുതിപ്രേരകനായ യജമാനന് മരുത്തുക്കളെരുളുന്ന അന്നത്തെ (ക്ഷേമത്തെ) പ്രാപിക്കട്ടെ

6 പൂർവ്വീഭിർഹിദദാശിമ
ശരദ്ഭിർമ്മരുതോവയം
അവോഭിശ്ചർഷണീനാം

അന്വയം,—

ഹേ മരുതഃ പൂർവ്വീഭിഃ
ശരൽ—ഭിഃ — ബഹ്വീഭിഃ ബഹുഭിസ്സംവത്സരൈഃ
ചർഷണീനാം — സർവ്വസ്യദ്രഷ്ടൄണാം (ഭവതാം) സംബന്ധിഭിഃ
അവഃ—ഭിഃ — രക്ഷണൈര്യുക്താഃ (സന്തഃ)
വയം ദദാശിമ — യുഷ്മഭ്യം ഹവീംഷി ദത്തവന്തഃ
ഹി — യസ്മാദേവം തസ്മാൽ ഇദാനീമപി ഹവിസ്സ്വീകരണായാഗച്ഛത

അർത്ഥം—അതിന്നു പുറമേ, ഏതു യജമാനന്റെ ഹവിസ്സേന്തിയജ്ഞത്തിൽക്കൾ മരുൽഗണത്തിന്നു ഹവിർദ്ദാനാദികളാൽ ഊക്കു കൂട്ടുന്നു, ആ യജമാനൻ ധാരാളം പശുക്കളും നിറഞ്ഞ തൊഴുത്തിൽ ചെല്ലുന്നു. (അദ്ദേഹത്തിന്റെ തൊഴുത്തിൽ നിറയെ പശുക്കളുണ്ടാകുന്നു.)

4 അസ്യവീരസ്യ ബർഹിഷി

സുതസ്സോമോദിവിഷ്ടിഷു

ഉക്ഥമ്മദശ്ചശസ്യതേ

അന്വയം:—

ദിവിഷ്ടിഷു ബർഹിഷി — യജനീയ ദിവസേഷു, യജ്ഞ
വീരസ്യ അസ്യ — ശത്രുക്ഷേപണ കുശലസ്യ മരുൽഗണസ്യ (പാനായ)
സോമഃ സുതഃ — അഭിഷുതഃ (വേതി)
ഉക്ഥം — മരുദ്ദേവതാകം ശസ്ത്രം
മദഃ ച — മാരുതീ നിവിച്ച
(മരുൽഗണസ്യ ഹർഷായ)
ശസ്യതേ — ഹോത്രാ പഠ്യതേ

അർത്ഥം—യാഗമനുഷ്ഠിക്കേണ്ടും ദിവസങ്ങളിൽ, യജ്ഞത്തിൽ, ശത്രുക്കളെ, അമർത്തുന്ന മരുൽഗണത്തിന്നു കുടിപ്പാനായി സോമം ചതച്ചു വെച്ചിരിക്കുന്നു. മരുത്തുക്കൾദേവതയായ ശസ്ത്രവും മരുത്തുക്കൾക്കുള്ള നിവിത്തും (ഒരു ആഹുതിവിശേഷം അതിന്റെ മന്ത്രം) അവരുടെ ഹർഷത്തിന്നായി ഹോതാവിനാൽ ചൊല്ലപ്പെടുന്നു.

5 അസ്യശ്രോഷന്ത്വാഭുവോ

വിശ്വായശ്ചർഷണീരഭി

സൂരഞ്ചിൽ സസ്രുഷീരിഷഃ വ-11

അന്വയം:—

യഃ (മരുൽഗണഃ)
വിശ്വാഃ ചർഷണീഃ — സർവ്വാൻ ശത്രുഭൂതാൻ മനുഷ്യാൻ
അഭി ഭുവഃ — അഭിഭവതി
(താദൃക്ഗണാകാരാ മരുതഃ)
അസ്യ — യജമാനസ്യ (സ്തുതിം)
ആ ശ്രോഷന്തു — ആഭിമുഖ്യേനശൃണ്വന്തു
സ്തുരം ചിൽ — സ്തുതേഃ പ്രേരയിതാരം യജമാനമപി
ഇഷഃ സസ്രുഷീഃ — മരുൽ പ്രത്താന്യന്നാനി പ്രാപ്താനിഭവന്തു

അത്ഥം—യാതൊരു മരുൽഗണം ശത്രുക്കളായി ഭവിച്ച എല്ലാ മനുഷ്യരെയും ജയിക്കുന്നുവോ, ഗണരൂപരായ ആ മരുത്തുക്കാം യജമാനൻെറ സ്തുതിയെ നേരെ കേരംക്കട്ടെ. സ്തുതിപ്രേരകനായ യജമാനൻ മരുത്തുക്കളെരുളുന്ന അന്നത്തെ (ക്ഷേമത്തെ) പ്രാപിക്കട്ടെ.

6 പൃത്വീഭിഹിദദാശിമ
ശരദ്ഭിർമ്മരുതോവയം
അവോഭിശ്ചർഷണീനാം

അന്വയം;—

ഹേ മരുതഃ, പൃത്വീഭിഃ
ശരൽ—ഭിഃ — ബഹ്വീഭിഃ ബഹുഭിസ്സംവത്സരൈഃ
ചർഷണീനാം — സർവ്വസ്യദ്രഷ്ടൄണാം (ഭവതാം) സംബന്ധിഭിഃ
അവഃ—ഭിഃ — രക്ഷണൈര്യുക്താഃ (സന്തഃ)
വയം ദദാശിമ — യുഷ്മഭ്യം ഹവീംഷി ദത്തവന്തഃ
ഹി — യസ്മാദേവം തസ്മാൽ ഇദാനീമപിഹവിസ്സ്വീകരണായാഗച്ഛത

അർത്ഥം—അല്ലയോ മരുത്തുക്കളേ, വളരെ കൊല്ലങ്ങളായി എല്ലാം കാണുന്ന നിങ്ങളുടെ രക്ഷണത്തോടുകൂടിയവരായിട്ടാണല്ലോ ഞങ്ങൾ നിങ്ങൾക്ക ഹവിസ്സേകിപ്പോന്നത്. അപ്രകാരമാകയാൽ ഇപ്പോഴും ഞങ്ങൾ നല്കുന്ന ഹവിസ്സ് സ്വീകരിപ്പാൻ വന്നെത്തിയാലും.

7 സുഭഗസ്സുപ്രയജ്യവോ
മരുതോഅസ്തുമർത്യഃ
യസ്യപ്രയാംസിപർഷഥ

അന്വയം:—

ഹേ പ്ര-യജ്യവഃ, മരുതഃ — പ്രകർഷേണ യഷ്ടവ്യാഃ മരുതഃ
യസ്യ പ്രയാംസി
പർഷഥ — ഹവിർല്ലക്ഷണാന്യന്നാനി ആത്മനിസിഞ്ചഥ, സ്വീകുരുഥ
സഃ മർത്യഃ സു-ഭഗഃ അസ്തു— മനുഷ്യഃ, യജമാനഃ ശോഭനധനോഭവതു

അർത്ഥം—നല്ലപോലെ യജിക്കപ്പെടേണ്ടും മരുത്തുക്കളേ, ഏതുവൻെറ ഹവിരന്നം നിങ്ങളുടെ ആത്മാവിൽ അപ്പിക്കപ്പെടുന്നു, നിങ്ങൾ സ്വീകരിക്കുന്നു, ആ യജമാനൻ ശോഭനമായ ഐശ്വര്യത്തോടുകൂടിയവനായി ഭവിക്കട്ടെ.

8 ശശമാനസ്യ വാനര
സ്വേദസ്യ സത്യശവസഃ
വിദാകാമസ്യ വേനതഃ

അന്വയം:—

ഹേ സത്യ-ശവസഃ നരഃ — അവിതഥബലാഃ നേതാരഃ (മരുതഃ)
ശശമാനസ്യ — യുഷ്മാൻ സ്തുതിഭിസ്സംഭജമാനസ്യ

സ്വേദസ്യ വാ — സ്തവോച്ചാരണ ജനിതേന ശ്രമേണ സ്വിദ്യമാന ഗാത്രസ്യ (വാശബ്ദസ്സമുച്ചയേ)
വേനതഃ — കാമയമാനസ്യ
കാമസ്യ — കാമം, അഭിലാഷം
വിദ — ലംഭയത, പ്രയച്ഛത

അർത്ഥം—സഫല ബലന്മാരായ നേതാക്കളേ, മരുത്തുക്കളേ, നിങ്ങളെ സ്തവങ്ങൾ കൊണ്ടു ഭജിക്കുന്നവനും സ്തുതികൾ ഉറക്കെച്ചൊല്ലി ശ്രമം കൊണ്ടു് വിയർക്കുന്നവനും അഭിലാഷാർത്ഥിയുമായ സ്തോതാവിന്റെ ആഗ്രഹം നേടിക്കൊടുത്താലും

9 യൂയന്തൽ സത്യശവസ
ആവിഷ്കർത്ത മഹിത്വനാ
വിധ്യതാവിദ്യുതാരക്ഷഃ

അന്വയം —
ഹേ സത്യ—ശവസഃ — അപ്രധൃഷ്യബലാഃ (മരുതഃ)
യൂയം തൽ — വൃത്രവധാദി പ്രസിദ്ധം മാഹാത്മ്യം
ആവിഃ കർത്ത — ആവിഷ്കുരുത, പ്രകാശയത
വി—ദ്യുതാ മഹി—ത്വനാ — വിദ്യോതമാനേന മഹത്വേന
രക്ഷഃ — അസ്മാകമുപദ്രവകാരിണം രാക്ഷസാദികം
വിധ്യത — താഡയത, നാശയത

അർത്ഥം—അപ്രധൃഷ്യശക്തികളായ മരുത്തുക്കളേ, നിങ്ങൾ വൃത്രവധാദികളിൽ പ്രസിദ്ധമായ മാഹാത്മ്യത്തെ ആവിഷ്കരിച്ചാലും, പ്രകാശിപ്പിച്ചാലും ഞങ്ങളെ ഉപദ്രവിക്കുന്ന രാക്ഷസാദികളെ തേജസ്സുററ മഹത്വം കൊണ്ടു് അമർത്തിയാലും.

10 ഗൂഹതാഗുഹ്യന്തമോ
വിയാതവിശ്വമത്രിണം
ജ്യോതിഷ്കർത്തായദുശ്മസി

അന്വയം:—

(ഹേ മരുതഃ) ഗുഹ്യം — ഗുഹായാംസ്ഥിതം, സർവ്വത്ര വ്യാപ്തം

തമഃ ഗൂഹത — അന്ധകാരം സംവൃതം കുരുത

(യഥാ അസ്മാഭിർന്നദൃശ്യതേ തഥാ അദർശനം പ്രാപയത)

വിശ്വം അത്രിണം — സർവ്വമത്താരം, രാക്ഷസാദികം

വി യാത — വിവിധം യാപയത, സകാശാന്നിർഗ്ഗമയത

യൽ ജ്യോതിഃ — സൂര്യാദികം പ്രകാശം

(വയം) ഉശ്മസി (തൽ)

കർത്ത — കാമയാമഹേ തൽകുരുത

അഥവാ—ഗുഹ്യം (ഗുഹായാം, ഗുഹാദിരൂപേ ഹൃദയേഭവം) തമഃ (ഭാവരൂപാജ്ഞാനം) ഗൂഹത (വിനാശയത) അത്രിണം (പുരുഷാർത്ഥസ്യ അത്താരം, കാമക്രോധാദികം സർവ്വം) വിയാത (വിനിർഗ്ഗമയത) യൽ ജ്യോതിഃ (പരതത്വസാക്ഷാൽകാരരൂപം ജ്ഞാനം) ഉശ്മസി (കാമയാമഹേ) (പ്രാണാപാനാദി പഞ്ചവൃത്തിരൂപാഃ മരുതഃ തൽ) കർത്ത (കുരുത)

അർത്ഥം—അല്ലയോ മരുത്തുക്കളേ, ഗുഹയിൽ ഉള്ളവായി എല്ലാടവും വ്യാപിച്ച ഇരുട്ടിനെ അകററിയാലും. ആ ഇരുട്ട് ഞങ്ങൾക്ക് കാണാതാക്കിയാലും. എല്ലാം ഭക്ഷിക്കുന്ന രാക്ഷസാദികളെ ഞങ്ങളുടെ സമീപത്തിൽ നിന്ന് ഓടിച്ചാലും. സൂര്യാദികളായി ഞങ്ങൾ കാമിക്കുന്ന പ്രകാശം ഉണ്ടാക്കിയാലും.

അല്ലങ്കിൽ—ഗുഹാരൂപമായ ഹൃദയത്തിലുള്ള അന്ധകാരരൂപമായ അജ്ഞാനത്തെ നശിപ്പിച്ചാലും. പുരുഷാർത്ഥങ്ങളെ വിഴുങ്ങുന്ന കാമക്രോധാദികളെയെല്ലാം ദൂരീകരിച്ചാലും. പരതത്വ സാക്ഷാൽകാരരൂപമായ ഏതു ജ്ഞാനത്തെയാണോ ഞങ്ങൾ കാമിക്കുന്നതു്, ആ ജ്ഞാനം, പ്രാണാപാനാദി പഞ്ചരൂപന്മാരായ മരുത്തുക്കളേ, നിങ്ങളുണ്ടാക്കിത്തന്നാലും.

വൎഗ്ഗം 13 ജഗതീച്ഛന്ദഃ

1 പ്രത്വക്ഷസഃ പ്രതവസോ വിരപ്ശിനോ
നാനതാ അവിഥുരാ ഋജീഷിണഃ
ജുഷ്ടതമാസോനൃതമാസോ അഞ്ജിഭി
ര്വ്യാനജ്രേ കേചിദുസ്രാഇവ സ്തൃഭിഃ

അന്വയം:—

പ്ര–ത്വവസഃ	— പ്രകൃഷ്ട ബലോപേതാഃ
പ്ര–ത്വക്ഷസഃ	— ശത്രൂണാം പ്രകൎഷേണ തനൂകൎത്താരഃ ശത്രുഘാതിനഃ
വി–രപ്ശിനഃ	— മഹാന്തഃ
ഋജീഷിണഃ	— രസാനാം പ്രാൎജ്ജയിതാരഃ
അനാനതാഃ	— ആനതിരഹിതാഃ, സൎവ്വോൽകൃഷ്ടാഃ
അവിഥുരാഃ	— അവിയുക്താഃ, സപ്തഗണ രൂപേണ സംഘീഭൂതാഃ
ജുഷ്ട–തമാസഃ	— അതിശയേനയഷ്ടൃഭിഃ സേവിതാഃ
നൃ–തമാസഃ	— അതിശയേന മേഘാദേൎന്നേതാരഃ
സ്തൃ–ഭിഃ അഞ്ജി–ഭിഃ	— ശരീരാച്ഛാദകൈഃ, രൂപാഭി വ്യഞ്ജകൈരാഭരണൈഃ
കേ ചിൽ ഉസ്രാഃ–ഇവ	— കേചന സൂൎയ്യരശ്മയോ യഥാ തദ്വൽ
വി ആനജ്രേ	— നഭസിവ്യക്താദൃശ്യന്തേ

അൎത്ഥം—ഏററവും ബലവാന്മാരും ശത്രുഘാതികളും, മഹാന്മാരും, രസങ്ങളെ വലിച്ചെടുക്കുന്നവരും, ആരെയും വണങ്ങാത്തവരും, ഒരിയ്ക്കലും വേർപിരിയാത്തവരും (ഏഴേഴു ഗണങ്ങളാൽ സംഘടിതരും) യഷ്ടാക്കളാൽ ഏററവും സേവിതന്മാരും, മഴക്കാറിനെയും മററും നയിയ്ക്കുന്നവരും, ശരീരം മറയ്ക്കുന്ന ആഭരണങ്ങളണിഞ്ഞവരുമായ മരുത്തുക്കൾ, ചില സൂൎയ്യരശ്മികൾ ശോഭിയ്ക്കുന്നപോലെ, ആകാശത്തിൽ വ്യക്തമായി കാണപ്പെടുന്നു

2 ഉപഹ്വരേഷുയദചിധ്വംയയിം
വയഇവമരുതഃ കേനചിൽപഥാ
ശ്ചോതന്തികോശാഉപവോരഥേഷ്വാ
ഘൃതമുക്ഷതാമധുവർണ്ണമർച്ചതേ

അന്വയം:—

ഹേ മരുതഃ ഉപ—ഹ്വരേഷു — ഗന്തവ്യേഷു അസ്മാകം സന്നികൃഷ്ടേഷു നഭസഃ പ്രദേശേഷു
യൽ യയിം — യദാ ഗതിമന്തം മേഘം
അചിധ്വം — വർഷണസാമർത്ഥ്യേനോപേതം കുരുഥ
വയഃ—ഇവ — പക്ഷിണ ഇവ
കേന ചിൽ പഥാ ഉപ — കേനചിദാകാശമാർഗ്ഗേണ ശീഘ്രം ഉപഗച്ഛന്തഃ
(തദാനീം) കോശാഃ — മേഘാഃ
വഃ രഥേഷു — യുഷ്മാകം രഥേഷ്വാസക്താഃ
ശ്ചോതന്തി — ജലം മുഞ്ചന്തി
(യസ്മാദേവം തസ്മാൽ ഹേ മരുതഃ യൂയം)
അർച്ചതേ — യുഷ്മാൻ ഹവിർഭിഃ പൂജതേ (മഹ്യം)
മധു—വർണ്ണം — മധുസദൃശരൂപം, സ്വച്ഛം
ഘൃതം ആ ഉക്ഷത — വൃഷ്ട്യുദകമാസമന്താൽ സിഞ്ചത

അർത്ഥം—അല്ലയോ മരുത്തുക്കളേ, അടുത്തുള്ള ആകാശ പ്രദേശത്തു് എപ്പോൾ ഗതി ശീലമായ മേഘത്തെ പെയ്യാൻ ഒരുക്കുന്നുവോ അപ്പോൾ പക്ഷികളെപ്പോലെ ആകാശത്തിൽ ഒരു മാർഗ്ഗത്തിലൂടെ വേഗത്തിൽ ഗമിക്കുന്ന ആ നിങ്ങളുടെ തേരുകളോടടുപ്പിച്ചു് നിങ്ങൾ വെള്ളം പെയ്യിക്കുന്നു. അപ്രകാരമാകയാൽ അല്ലയോ മരുത്തുക്കളേ, നിങ്ങൾ ഹവിസ്സുകളാൽ നിങ്ങളെ പൂജിക്കുന്ന എന്നെ തേനൊത്ത നിർമ്മലമായ മഴവെള്ളംകൊണ്ടു് നനച്ചാലും. അതായതു് ഞങ്ങളാഗ്രഹിക്കുന്ന വിധം മഴ പെയ്യിച്ചാലും.

3 പ്രൈഷാമജ്മേഷുവിഥുരേവരേജതേ

ഭൂമിര്യാമേഷുയദ്ധയുഞ്ജതേശുഭേ

തേക്രീളയോധുനയോഭ്രാജദൃഷ്ടയ

സ്വയമ്മഹിത്വം പനയന്തധൂതയഃ

അന്വയം:—

യൽ ഹ	— യദാഖലു (ഏതേ മരുതഃ)
ശുഭേ യുഞ്ജതേ	— ശോഭനായവൃഷ്ട്യുദകായ മേഘാൻ സജ്ജീകുർവ്വന്തി
(തദാനീം) അജ്മേഷു	— മേഘാനാം ഉൽക്ഷേപകേഷു
ഏഷാം യാമേഷു	— മരുതാം സംബന്ധിഷു നിയമനേഷു സത്സു
ഭൂമിഃ വിഥുരാ—ഇവ	— യഥാ ഭർത്തൃവിയുക്താ ജായാ രാജോപദ്രവാദിഷു സൽസു നിരാലംബാസതീ കമ്പതേ തദ്വൽ
പ്ര രേജതേ	— പ്രകർഷേണ കമ്പതേ
തേ ക്രീളയഃ ധുനയഃ	— താദൃശാവിഹാരശീലാഃ, ചലനസ്വഭാവാഃ
ഭ്രാജൽ—ഋഷ്ടയഃ	— ദീപ്യമാനായുധാഃ (മരുതഃ)
ധൂതയഃ	— പർവ്വതാദീൻ ധൂനവന്തഃ (സന്തഃ)
സ്വയം മഹി—ത്വം പനയന്ത	— സ്വകീയമഹിമാനം വിഹരന്തി.

അർത്ഥം—എപ്പോഴാണോ ഈ മരുത്തുക്കൾ പെയ്ത്തുവെള്ളത്തിനായി മഴക്കാറുകളെ ഒരുക്കുന്നത്, അപ്പോൾ മേഘങ്ങളെ അടിച്ചു നയിക്കുന്ന മരുത്തുക്കളുടെ പ്രവൃത്തിയിൽ ഭൂമി, ഭർത്തൃവിയുക്തയായ സ്ത്രീ രാജോപദ്രവാദികളാൽ അവലംബഹീനയായി വിറക്കുന്നപോലെ, ഏറ്റവും വിറക്കുന്നു. വിഹാരശീലരും ചലനസ്വഭാവരും മിന്നുന്ന ആയുധങ്ങളോടുകൂടിയവരുമായ മരുത്തുക്കൾ പർവ്വതാദികളെ പിഴുത്, സ്വന്തം മഹിമയെ പ്രകടിപ്പിക്കുന്നു. (അപ്പോഴാണ് ഭൂമി വിറക്കുന്നത്.)

4 സഹിസ്വസൃത് പൃഷദശ്വോ യുവാഗണോऽ
യാ ഈശാനസ്തവിഷീഭിരാവൃതഃ
അസിസത്യഋണയാവാനേദ്യോ
സ്യാധിയഃ പ്രാവിതാഥാ വൃഷാഗണഃ

അന്വയം:—

സ്വ-സൃത്	—	സ്വയമേവസരൻ, പ്രേരകരഹിതഃ
പൃഷത്-അശ്വഃ	—	അശ്വസ്ഥാനീയാഃ ശ്വേത ബിന്ദ്വങ്കിതാഃ മൃഗ്യഃ യസ്യസഃ
യുവാ	—	നിത്യ തരുണഃ
തവിഷീഭിഃ ആ-വൃതഃ	—	ബലൈഃ പരിവേഷ്ടിതഃ
സത്യഃ	—	സൽക്കർമ്മാവഹഃ
ഋണ-യാവാ	—	സ്തോതൄണാം ഋണസ്യാപഗമയിതാ
അനേദ്യഃ	—	സർവ്വൈരനിന്ദിതഃ
വൃഷാ ഗണഃ	—	ജലാനാം വർഷിതാമരുദ്ഗണഃ
സഃ ഹി ഗണഃ	—	സഖലു മരുദ്ഗണഃ
അയാഃ ഈശാനഃ	—	സർവ്വസ്യ ജഗത ഈശനശീലഃ (ഭവതി)
(ഏവം ഭൂതോ മരുദ്ഗണഃ)		
അസ്യാഃ ധിയഃ	—	അസ്മദീയസ്യാസ്യകർമ്മണഃ
അഥ പ്ര-അവിതാ		
അസി	—	പ്രകർഷേണ രക്ഷിതാ ഭവതി

അർത്ഥം—അന്യപ്രേരണയില്ലാതെ സ്വയം ചരിക്കുന്നതും തേർകുതിരയുടെ സ്ഥാനത്ത് വെള്ളപ്പുള്ളികളുററ പേടമാനുകളോടുകൂടിയതും നിത്യയുവത്വമാർന്നതും ബലങ്ങളാൽ ചുററപ്പെട്ടതും സൽക്കർമ്മങ്ങൾക്കാവഹവും സ്തോതാക്കളുടെ കടബാധ്യത തീർക്കുന്നതും (ധാരാളം ധനം നല്കുന്നതും) ആരാലും നിന്ദിക്കപ്പെടാത്തതും വെള്ളം വർഷിക്കുന്നതുമായ ആ മരുത്സമൂഹമാണല്ലോ ലോക

ത്തിന്നുമുഴവൻ നാഥത്വത്തിൽ ഭവിയ്ക്കുന്നതു്. അപ്രകാരമുള്ള മരുൽസമൂഹം നമ്മുടെ കർമ്മത്തിന്നു് (അതിൽ പങ്കുകൊണ്ടനുഗ്രഹിച്ചു് തികച്ചും) രക്ഷാകർത്തൃത്വത്തിൽ ഭവിയ്ക്കട്ടെ.

5 പിതുഃ പ്രത്നസ്യ ജന്മനാവദാമസി
സോമസ്യ ജിഹ്വാ പ്രജിഗാതി ചക്ഷസാ
യദീമിന്ദ്രം ശമ്യൃക്വാണ ആശത
ദിന്നാമാനി യജ്ഞിയാനി ദധിരേ

അന്വയം:—

പ്രത്നസ്യ പിതുഃ യൽ	— ചിരന്തനസ്യാസ്മാകം ജനകസ്യ രഹൂഗണസ്യ സകാശാൽ യജ്ജന്മ, തേന വയം.
വദാമസി	— ബ്രൂമഃ
സോമസ്യ	— യജ്ഞേഷ്വഭിഷുതസ്യ സോമസ്യ
ചക്ഷസാ	— പ്രകാശമാനയാ ആഹുത്യാ (സഹിതാ)
ജിഹ്വാ	— സ്തുതിരൂപാവാക്
പ്ര ജിഗാതി	— മരുൽഗണാൻ പ്രകർഷേണ ഗച്ഛതി
(യസ്മാൽ) ഈം ഏനം	— ഇന്ദ്രം
ശമി	— വൃത്രവധാദിരൂപേ കർമ്മണി
ഋക്വാണഃ	— "പ്രഹര ഭഗവോ ജഹി വീര യസ്വ" ഇത്യേവം രൂപയാ സ്തുത്യായുക്താസ്സന്തഃ
ആശത	— പ്രാപ്നുവൻ, നപര്യത്യാക്ഷുഃ
ആൽ ഇൽ	— ഏവമിന്ദ്രപ്രാപ്ത്യനന്തരമേവ
യജ്ഞിയാനി നാമാനി	— യജ്ഞാർഹാണി നാമാനി ഇന്ദ്ര സകാശാൽ ലബ്ധ്വാ
ദധിരേ	— ധൃതവന്തഃ

(തസ്മാദേഷാം യജ്ഞേ സോമാഹുതിശ്ച ക്രിയതേ)

അർത്ഥം—പുരാതനനായ അച്ഛൻ രഹൂഗണങ്ങൾനിന്നുള്ള ജനനംകൊണ്ട് ഞാൻ പറയുന്നു: യജ്ഞങ്ങളിൽ സംസ്കരിച്ച സോമദ്രവ്യത്തിന്റെ പ്രകാശമാനമായ ആഹുതിയോടൊപ്പ് സ്തുതിരൂപമായ വാക്കും മരുൽഗണത്തെ വേണ്ടപോലെ പ്രാപിക്കുന്നു. വൃത്രവധാദിരൂപങ്ങളായ കർമ്മങ്ങളിൽ ഇവർ "ഭഗവൻ, അടിക്കുക, ജയിക്കുക" എന്ന് പറഞ്ഞു പ്രോത്സാഹിപ്പിച്ച്, വിടാതെനിന്നു. അങ്ങിനെ, ഇന്ദ്രന്റെ കൂടെത്തന്നെ നിന്നതിന്നുശേഷമാണ് അവർ യജ്ഞാർഹങ്ങളായ നാമങ്ങളം ലഭിച്ചു ധരിക്കുന്നത്. അതുകൊണ്ടവർക്കിന്നും സോമാഹുതിയും സ്തുതിയും നടത്തപ്പെടുന്നു.

6 ശ്രിയസേകം ഭാനുഭിസ്സംമിമിക്ഷിരേ
തേ രശ്മിഭിസ്ത ഋക്വഭിസ്സുഖാദയഃ
തേവാശീമന്ത ഇഷ്മിണോ അഭീരവോ
വിദ്രേപ്രിയസ്യ മാരുതസ്യ ധാമ്നഃ വ. 13

അന്വയം:—

തേ	— പൂർവ്വോക്താ മരുതഃ
ഭാനു-ഭിഃ രശ്മി-ഭിഃ	— ഭാസശീലൈഃ, ദീപ്യമാനൈഃ സൂര്യരശ്മിഭിഃ (സഹ)
കം ശ്രിയസേ	— വൃഷ്ട്യുദകം ശ്രയിതും
സം മിമിക്ഷിരേ	— സമ്യക് പൃഥിവീം സേക്തുമിച്ഛന്തി
(ഏവം വൃഷ്ടിമുത്പാദ്യ)	
തേ ഋക്വ-ഭിഃ	— മരുതഃ സ്തുതിമദ്ഭിഃ ഋത്വിഗ്ഭിഃ (സഹ)
സു-ഖാദയഃ	— ശോഭനഹവിർഭക്ഷയിതാഃ (ഭവന്തി)
വാശീ-മന്തഃ	— ശോഭനയാസ്തുതിവാചോപേതാഃ
ഇഷ്മിണഃ	— ഗതിമന്തഃ
അഭീരവഃ	— ഭയരഹിതാഃ

തേ പ്രിയസ്യ	—	സർവ്വാഭിമതസ്യ
മാരുതസ്യ ധാമ്നഃ	—	മരുൽസംബന്ധിനഃ സ്ഥാനം
വിദ്രേ	—	ലബ്ധവന്തഃ

അർത്ഥം—മുൻ പറഞ്ഞ മരുത്തുക്കൾ മിന്നിത്തിളങ്ങുന്ന സൂര്യരശ്മികളോടുകൂടി, പ്രാണികൾക്ക് ജീവനാശ്രയമായി മഴവെള്ളത്തെ പെയ്യിച്ച് ഭൂമിയെ നനയ്ക്കാനിച്ചിച്ചു. അപ്രകാരം മഴപെയ്യിച്ച് അവർ സ്തുതികാരന്മാരായ ഋത്വിക്കുകളോടുകൂടി നല്ല ഹവിസ്സ ഭക്ഷിയ്ക്കുന്നവരായി. ശോഭനസ്തുതിയോററവരും ഗതിശീലരും നിഭയരുമായ ആ മരുത്തുക്കൾ സർവ്വർക്കും പ്രീതികരമായ മാരുതസ്ഥാനം നേടിയവരായി.

വർഗ്ഗം 14

1 ആവിദ്യുന്മദ്ഭിർമ്മരുതഃസ്വർക്കൈ

രഥേഭിര്യാതഋഷ്ടിമദ്ഭിരശ്വപർണ്ണൈഃ

ആവർഷിഷ്ഠയാനഇഷാ

വയോനപപ്തതാസുമായാഃ

അന്വയം:—

ഹേ മരുതഃ വിദ്യുന്മൽ-ഭിഃ	—	വിശിഷ്ടദീപ്തിയുക്തൈഃ
സു—അർക്കൈഃ	—	ശോഭനഗമനയുക്തൈഃ
ഋഷ്ടിമൽ—ഭിഃ	—	ശക്തിരൂപൈരായുധൈര്യുക്തൈഃ
അശ്വ—പർണ്ണൈഃ	—	അശ്വാനാം പതനം, ഗമനം യേഷാംതാദൃശൈഃ
രഥേഭിഃ ആ യാത	—	ആത്മീയൈരഥൈഃ ആഗച്ഛത
ഹേ സു—മായാഃ	—	ശോഭനകർമ്മാണഃ
വർഷിഷ്ഠയാ ഇഷാ	—	പ്രവൃദ്ധതരയാ അന്നേഭ്യം ദാതവ്യേനാന്നേന (സഹ)
നഃ വയഃ ന ആ പപ്തത	—	അസ്മാൻ പ്രതിപക്ഷിണ ഇവ ശീഘ്രമാപതത, ആഗച്ഛത

അർത്ഥം—അല്ലയോ മരുത്തുക്കളെ വിശിഷ്ട പ്രകാശത്തോടും ശോഭന ഗമനത്തോടും ശക്തിരൂപങ്ങളായ ആയുധങ്ങളോടും കൂടിയവയും കുതിരകളുടെ ശീഘ്രഗതിയോടു കൂടിയവയുമായ സ്വന്തം തേരുകളിൽ നിങ്ങൾ വന്നാലും. ശോഭന കർമ്മാക്കളേ, ഞങ്ങൾക്ക് തരാനുള്ള സമൃദ്ധമായ അന്നത്തോടുകൂടി, പക്ഷികൾപോലെ വേഗത്തിൽ ഞങ്ങളുടെ അടുക്കൽ ഇറങ്ങി വന്നാലും.

2 തേഽരുണേഭിർവ്വരമാപിശങ്ഗൈഃ
ശുഭേകംയാന്തിരഥതൂർഭിരശ്വൈഃ
രുക്മോനചിത്രസ്വധിതീവാൻപവ്യാ
രഥസ്യജങ്ഘനന്തഭൂമ

അന്വയം:—

തേ	— പൂർവ്വോക്താമരുതഃ
അരുണേഭിഃ	
പിശങ്ഗൈഃ	— അരുണവർണ്ണൈഃ പിംഗളവർണ്ണൈരുപേതൈഃ
രഥതുഃ—ഭിഃ അശ്വൈഃ	— രഥസ്യപ്രേരയിതൃഭിഃ അശ്വൈഃ
വരം കം	— ദേവാനാം വരീതാരം, സ്തുവന്തംയജമാനം
ശുഭേ	— തസ്യശോഭാം കർത്തും
ആ യാന്തി	— ആഗച്ഛന്തി
(തേഷാം മരുതാം ഗണഃ) രുക്മഃ ന ചിത്രഃ	— രോചമാനം സുവർണ്ണമിവ ദർശനീയഃ
സ്വധിതി—വാൻ	— ശത്രൂണാം ഖണ്ഡകേനായുധേനോപേതഃ
(ഏവം വിധഗണ രൂപാമരുതഃ) രഥസ്യ പവ്യാ	— ചക്രധാരയാ
ഭൂമ ജങ്ഘനന്ത	— ഭൂമിം അത്യർത്ഥം ഘ്നന്തി

(മരുതാം ഭാരസഹിതാനാം ഭൂമിരതി പീഡിതാ ബഭൂവ)

അൎത്ഥം—മുൻപറഞ്ഞ മരുത്തുക്കൾ ചുകപ്പും ഇളംമഞ്ഞയുമായ നിറങ്ങളോടുകൂടിയവയും തേർവലിയ്ക്കുന്നവയുമായ കുതിരകളോത്തു്, ദേവന്മാരെ വരിയ്ക്കുന്നവരും സ്തുതിയ്ക്കുന്നവരുമായ യജമാനന്റെ സമീപം, അദ്ദേഹത്തിന്നു് നന്മചെയ്‌വാനായി വന്നുചേരുന്നു. ആ മരുത്തുക്കളുടെ സമൂഹം, തിളങ്ങുന്ന സ്വൎണ്ണംപോലെ ദൎശനീയവും ശത്രുക്കളെ ഖണ്ഡിയ്ക്കുന്ന ആയുധത്തോടുകൂടിയതുമാകുന്നു. ഗണശ്രുപരായ മരുത്തുക്കൾ രഥചക്രത്തിന്റെ ഉരുളിച്ചുകൊണ്ടു് ഭൂമിയെ ഞെരുക്കുന്നു. മരുത്തുക്കളുടെ കനം താങ്ങാനാവാതെ ഭൂമി കുഴങ്ങുന്നു. (ഇവിടെ കുതിരകൾ, എന്നു പറഞ്ഞിട്ടുണ്ടെങ്കിലും ആ സ്ഥാനത്തുള്ള പുള്ളിമാൻപേടകളെയാണുദ്ദേശിച്ചിട്ടുള്ളതു്)

3 ശ്രിയേകംവോ അധിതനൂഷുവാശീ
ർമ്മേധാവനാനകൃണവന്തഊർദ്ധ്വാ
യുഷ്മഭ്യംകംമരുതസ്സുജാതാ
സ്തുവിദ്യുമ്നാസോധനയന്തേഅദ്രിം

അന്വയം:—

(ഹേ മരുതഃ) വഃ തനൂഷു	–	യുഷ്മാകം ശരീരേഷു, അംസപ്രദേശേഷു
വാശീഃ	—	ശത്രൂണാമാക്രോശകമായുധം
ശ്രിയേ കം അധി	—	ഐശ്വൎയ്യാൎത്ഥം (വൎത്തതേ)
(താദൃശാ മരുതഃ) വനാ ന	—	ഉച്ഛ്രിതാൻ വൃക്ഷസമൂഹാനിവ
മേധാ	—	മേധാൻ, യജ്ഞാൻ
ഊർദ്ധ്വാ	—	ഊർദ്ധ്വാൻ, ഏകാഹാഹീന സത്രരൂപേണോച്ഛ്രിതാൻ
കൃണവന്തേ	—	യജമാനൈഃ കാരയന്തി
ഹേ സു-ജാതാഃ	—	ശോഭനേ ജനനയുക്താഃ
മരുതഃ യുഷ്മഭ്യം കം	—	യുഷ്മദൎത്ഥം സുഖകരം
അദ്രിം	—	സോമാഭിഷവേ പ്രവൃത്തം ഗ്രാവാണം
തുവി-ദ്യുമ്നാസഃ	—	പ്രഭൂതധനാഃ
ധനയന്തേ	—	ധനം കുർവ്വന്തി, യുഷ്മാകം യാഗായ ഗ്രാവഭിരഭിഷുണ്വന്തി

അർത്ഥം—അല്ലയോ മരുത്തുക്കളേ, നിങ്ങളുടെ തോളിൽ ശത്രുക്കളുടെ നേരെ അലറുന്ന കന്തം ശോഭയ്ക്കായി നിലകൊള്ളുന്നു. ആ മരുത്തുക്കൾ പടിപടിയായി ഉയന്നുപോകുന്ന വൃക്ഷസമൂഹങ്ങളെപ്പോലെ യജ്ഞങ്ങളെ ഏകാഹം, അഹീനം, സത്രം, എന്നിങ്ങനെ ക്രമത്തിൽ ഉയർത്തിയുയർത്തി യജമാനന്മാരെക്കൊണ്ടു ചെയ്യിക്കുന്നു, അതിന്നു് പ്രേരിപ്പിക്കുന്നു, അനുകൂലപരിതസ്ഥിതികളുണ്ടാകുന്നു. അല്ലയോ ശോഭനജന്മാക്കളേ, മരുത്തുക്കളേ, നിങ്ങൾക്കുവേണ്ടി മികച്ച ധനവാന്മാർ സുഖകരമായ പിടിക്കല്ലിനാൽ യാഗത്തിന്നു് സോമം ചതച്ചു സംസ്കരിക്കുന്നു. ആ പിടിക്കല്ലിനെ സോമസംസ്കാരംകൊണ്ടു് ഒരു ധനമാക്കുന്നു. യാഗത്തിന്നു സോമം സംസ്കരിക്കുന്നു.

4 അഹാനിഗൃധ്രാഃ പര്യാവ ആഗു-
രിമാംധിയം വാർക്കാര്യാഞ്ചദേവീം
ബ്രഹ്മകൃണ്വന്തോഗോതമാസോഅർക്കൈ-
രൂർദ്ധ്വന്നുനുദ്ര ഉത്സധിം പിബധ്യൈ

അന്വയം:—

(ഹേ ഗോതമാഃ) ഗൃധ്രാഃ	— ജലാഭികാംക്ഷായുക്താൻ
വഃ	— യുഷ്മാൻ
അഹാനി	— ശോഭനോദകോപേതാനി ദിനാനി
പരി ആ അഗുഃ	— പര്യാഗതാനി, പരിതഃ ആഭിമുഖ്യേന പ്രാപ്താനി ഭവന്തി
(പ്രാപ്യ ച) വാർക്കാര്യാം	— വാർഭിഃ, ഉദകൈർന്നിഷ്പാദ്യാം
ഇമാം ധിയം ച	— ജ്യോതിഷ്ടോമാദിലക്ഷണം കർമ്മ ച
ദേവീം	— ദ്യോതമാനമകല്പൻ
(യേചാഹസ്സു) ബ്രഹ്മ	— ഹവിർല്ലക്ഷണമന്നം
അർക്കൈഃ	— മന്ത്രസാദ്ധ്യൈസ്തോത്രൈഃ (സഹ)

ആ കൃണ്വന്തഃ	— മരുത്ഭ്യഃ കുർവന്തഃ
ഗോതമാസഃ	— ഗോതമാ ഋഷയഃ
ഉത്സം ധിം	— കൂപം
പിബധ്യൈ ഊർധ്വം	
നുനുദ്രേ	— സ്വകീയപാനായ നുനുദിരേ, ദേശാന്തരേ വർത്തമാനം കൂപമുൽഖാതവന്തഃ

അത്ഥം—ദാഹബാധിതന്മാരായ ഗോതമന്മാരാൽ സ്തുതിക്കപ്പെട്ട മരുത്തുക്കൾ അന്യത്ര നില്ക്കുന്ന ഒരു കിണർ പുഴക്കികൊണ്ടുവന്ന് കൊടുത്തുവല്ലൊ അതിനെ ഉള്ളിൽ വെച്ച് മററ് ഋഷിമാർ ഗോതമന്മാരോട് പറയുകയാണ്

അല്ലയോ ഗോതമന്മാരേ, ദാഹിച്ച് ജലം കാംക്ഷിച്ച നിങ്ങൾ തെളിഞ്ഞ വെള്ളത്തോടുകൂടിയ ദിവസങ്ങളെ പ്രാപിച്ചുവല്ലൊ അങ്ങിനെ പ്രാപിച്ച് (നിങ്ങൾ ദാഹം തീക്കുക മാത്രമല്ല) ജലംകൊണ്ട് സാധിക്കേണ്ടതായ ജ്യോതിഷ്ടോമകർമ്മം വെടുപ്പായി ചെയ്തു മന്ത്രസാധ്യങ്ങളായ സ്തോത്രങ്ങളോടുകൂടി മരുത്തുക്കളെ സേവിച്ച്, മഹർഷിമാർ കിണർവെള്ളംകുടിപ്പാനായി അന്യദിക്കിൽ നിന്ന പൊക്കി എടുത്തു വരുത്തിയല്ലൊ (ഈ ഋക്കിൽ ഗോതമന്മാരോടാണ് പറയുന്നതെങ്കിലും മരുത്തുക്കളുടെ അത്ഭുതകർമ്മം പറയുന്നതുകൊണ്ട് മരുൽസ്തുതിതന്നെ)

5 ഏതത്ത്യന്ന യോജനമചേതി
സസ്വാഹയന്മരുതോ ഗോതമോവഃ
പശ്യന്ഹിരണ്യചക്രാ നയോദംഷ്ട്രാൻ
വിധാവതോ വരാഹൂൻ

അന്വയം:—

ഹേ മരുതഃ,

ഏതൽ യോജനം	— സ്വാത്മരൂപം സ്തോത്രം
ത്യൽ ന	— പ്രസിദ്ധമന്യോൽകൃഷ്ടം സ്തോത്രമിവ

അചേതി — സർവ്വൈർജ്ഞായതേ
വ. യൽ — യുഷ്മദർത്ഥം യദേതൽ സൂക്തരൂപം സ്തോത്രം

ഗോതമഃ
ഹിരണ്യ-ചക്രാൻ — ഹിരണ്യചക്രാൻ...
അയഃ-ദംഷ്ട്രാൻ — അയോമയീഭിഃ ചക്രധാരാഭിരുപേതാൻ
വി ധാവതഃ വരാഹൂൻ — വിവിധമിതസ്തതഃ പ്രവർത്തമാനാൻ, ശത്രോ ഹന്തൄൻ
പശ്യൻ — സമ്യക്ജാനൻ
സസ്വഃ ഹ — ഉച്ചാരിതവാൻ ഖലു
(ഗോതമഃ യൽ സ്തോത്രം കൃതവാൻ തദേതൽ സർവ്വോൽകൃഷ്ടം സൽ അസ്മാഭിരുപലഭ്യതേ)

അർത്ഥം—അല്ലയോ മരുത്തുക്കളേ, സൂക്തരൂപമായ ഈ സ്തോത്രം (മരുൽസ്തോത്രം) പ്രസിദ്ധമായ മററു ഉത്തമസ്തോത്രം പോലെ എല്ലാവരാലും അറിയപ്പെടുന്ന സ്വർണ്ണചക്രങ്ങളോടു കൂടിയ തേരിൽ ആരൂഢന്മാരും ചക്രങ്ങളാകട്ടെ ഇരുമ്പു പല്ലുകളോടുകൂടിയവരും അങ്ങിങ്ങു പല വിധത്തിൽ വർത്തിക്കുന്നവരും ഊക്കനായ ശത്രുവിനെ ഹനിക്കുന്നവരുമായ നിങ്ങളെ ഉള്ളിൽ കണ്ടുകൊണ്ടാണു ഗോതമൻ ആ സൂക്തരൂപമായ സ്തോത്രം ചൊല്ലിയതു് ഗോതമൻ ഉച്ചരിച്ച ആ സർവ്വോൽകൃഷ്ടമായ സ്തോത്രം നമുക്കു ലഭിക്കാനിടയായി

6 ഏഷാസ്യാവോ മരുതോനുഭർത്രീ
പ്രതിഷ്ടോഭതി വാഘതോനവാണീ
അസ്തോഭയദ്വൃഥാസാ
മനുസ്വധാം ഗഭസ്ത്യോഃ — വ 14

അന്വയം —
ഹേ മരുതഃ, സ്യാ ഏഷാ — സാ അസ്മദീയാ സ്തുതിഃ
വഃ അനു-ഭർത്രീ — യുഷ്മാൻ അനുഹരന്തീ, യുഷ്മൽ ഗുണസദൃശീ

പ്രതി സ്തോഭതി	—	പ്രത്യേകം സ്തൌതി
(തഥാ യദാ) ഗഭസ്ത്യോഃ	—	അസ്മദീയയോഃ ബാഹ്വോഃ
സ്വധാം അന്ന	—	ബഹുവിധമന്നം (മരുതഃ സ്ഥാപയന്തി)
(തദാ) വാഘതഃ		
ന വാണീ	—	ഇദാനീം ഋത്വിക്സംബന്ധിനീ വാഗപി
വൃഥാ	—	അനായാസേന
ആസാം	—	ആഭിഃ ഋഗ്ഭിഃ
അസ്തോഭയൽ	—	അസ്തൌൽ

അൎത്ഥം—അല്ലയോ മരുത്തുക്കളേ, നിങ്ങളുടെ ഗുണങ്ങൾക്ക് സദൃശിയായി, ഞങ്ങളുടെ ആ സ്തുതിയെ പ്രത്യേകം ചൊല്ലുന്നു. എപ്പോൾ ഞങ്ങളുടെ കൈകളിൽ ബഹുവിധമായ അന്നം മരുത്തുക്കൾ വെച്ചുതരുന്നുവോ, അപ്പോൾ അതനുസരിച്ച് ഋത്വിക്കുകൾ ചൊല്ലുന്ന വാക്കുകൂടി അനായാസമായി ആ ഋക്കുകളോടു കൂടെ ഞങ്ങൾ ചൊല്ലിയിരുന്നു.

വൎഗ്ഗം 15–16—രാഹൂഗണോ ഗോതമഃ ഋഷിഃ ജഗതീ വിരാൾസ്ഥാനാത്രിഷ്ടുഭശ്ഛന്ദാംസി വിശ്വേ ദേവാ ദേവതാ.

1 ആനോ ഭദ്രാഃ ക്രതവോയന്തു വിശ്വതോ
ദബ്ധാസോ അപരീതാസ ഉദ്ഭിദഃ
ദേവാനോ യഥാസദമിദ്വൃധേ അസ
ന്നപ്രായുവോ രക്ഷിതാരോദിവേദിവേ

അന്വയം:—

ഭദ്രാഃ	—	കല്യാണാഃ
അദബ്ധാസഃ	—	അഹിംസിതാഃ
അപരീതാസഃ		
ഉദ്ഭിദഃ	—	അപ്രതിബദ്ധാഃ ഉദ്ഭേത്താരഃ (ശത്രൂൻ)

ക്രതവഃ നഃ — മഹായജ്ഞാഃ അസ്മാൻ
വിശ്വതഃ ആ യന്തു — സർവ്വേഭ്യോദിഗ്ഭ്യഃ ആഗച്ഛന്തു
അപ്ര-ആയുവഃ — രക്ഷിതവ്യമപരിത്യജന്തഃ
ദിവേ-ദിവേ - പ്രതിദിവസം
രക്ഷിതാരഃ ദേവാഃ നഃ — രക്ഷാകർത്താരഃ ദേവാഃ അസ്മാകം
സദം ഇത് വൃധേ — സദൈവ വർദ്ധനായ
യഥാ അസൻ — ഭവേയുഃ (തഥാ ആഗച്ഛന്തു)

അർത്ഥം—മംഗളാത്മകങ്ങളും കേടേല്പിക്കപ്പെടാത്തവയും എതിരില്ലാത്തവയും ശത്രുക്കളെ അകറ്റുന്നവയുമായ മഹായജ്ഞങ്ങൾ എല്ലാ ദിക്കുകളിൽ നിന്നും ഞങ്ങൾക്കുനേരെ വന്നെത്തട്ടെ. രക്ഷിക്കേണ്ടതിനെ പരിത്യജിക്കാത്തവരും നിത്യമായ രക്ഷ ചെയ്യുന്നവരുമായ ദേവന്മാർ എപ്പോഴും ഞങ്ങളുടെ അഭിവൃദ്ധിയ്ക്കായി എപ്രകാരം ഭവിക്കേണമോ അപ്രകാരം വന്നുചേരട്ടെ.

2 ദേവാനാം ഭദ്രാസുമതിരൃജൂയതാം
ദേവാനാം രാതിരഭിനോനിവർത്തതാം
ദേവാനാം സഖ്യമുപസേദിമാവയം
ദേവാന ആയുഃ പ്രതിരന്തുജീവസേ

അന്വയം:—

ഭദ്രാ — സുഖയിത്രീ
ദേവാനാം സു-മതിഃ — ശോഭനാമതിഃ, അനുഗ്രഹാത്മികാബുദ്ധിഃ, (അസ്മാകമസ്തു)
ഋജു-യതാം — ആർജ്ജവയുക്താം അനുഷ്ഠാതാരം സ്വായത്തീകർത്തുമിച്ഛതാം
ദേവാനാം രാതിഃ നഃ
അഭി നി വർത്തതാം — ദേവാനാം ദാനം ആഭിമുഖ്യേന വർത്തതാം (തദഭിമതഫലപ്രദാനമപ്യസ്മാകം ഭവതു)

വയം ദേവാനാം സഖ്യം
ഉപ സേദിമ — സഖിത്വം പ്രാപ്നവാമ
ദേവാഃ നഃ ആയുഃ
ജീവസേ — ജീവിതും
പ്രതിരന്തു — വർദ്ധയന്തു

അർത്ഥം—ദേവന്മാരുടെ സുഖദായിനിയായ, അനുഗ്രഹാത്മികബുദ്ധി, സന്മനസ്സ് ഞങ്ങളിലുണ്ടാകട്ടെ. നേരററ അനുഷ്ഠാതാവിനെ സ്വന്തമാക്കാനിച്ഛിക്കുന്ന ദേവന്മാരുടെ ദാനം ഞങ്ങൾക്കു നേരെ വർത്തിക്കട്ടെ, അഭിമതഫലത്തിന്റെ സിദ്ധി ഞങ്ങൾക്കു ഭവിക്കട്ടെ. ഞങ്ങൾ ദേവന്മാരുടെ സഖിത്വം പ്രാപിച്ചാവൂ. ദേവന്മാർ ഞങ്ങൾക്ക് ജീവിക്കാൻ ആയുസ്സ് വേണ്ടപോലെ വർദ്ധിപ്പിക്കട്ടെ.

3 താൻ പൂർവ്വയാനിവിദാഹൂമഹേവയം
ഭഗം മിത്രമദിതിന്ദക്ഷമസ്രിധം
അര്യമണം വരുണംസോമമശ്വിനാ
സരസ്വതീനസ്സുഭഗാമയസ്കരൽ

അന്വയം:—

വയം താൻ (ദേവാൻ)
പൂർവ്വയാ — പൂർവ്വകാലീനയാ, നിത്യയാ
നി-വിദാ — വേദാത്മികയാവാചാ
ഹൂമഹേ — ഹ്വയേമ
ഭഗം — ദ്വാദശാനാമാദിത്യാനാമന്യതമം
മിത്രം — അഹരഭിമാനിനംദേവം
അദിതിം — ദേവമാതരം
ദക്ഷം — സർവ്വപ്രാണിഷുവർത്തമാനം ഹിരണ്യഗർഭം
അസ്രിധം — മരുൽഗണം
അര്യമണം, — സൂര്യം

വരുണം — രാത്ര്യഭിമാനിനംദേവം
സോമം — ഭുവിലതാരൂപേണ, ദിവിചന്ദ്രരൂപേണവരിതമാനംദേവം
അശ്വിനാ — അശ്വിനൌ (പ്ര) ഹ്വയേമ
സു–ഭഗാ സരസ്വതീ — ശോഭന ധനോപേതാസരസ്വതീ
നഃ മയഃ കരൽ — സുഖം കരോതു.

അൎത്ഥം— നാം ആ ദേവന്മാരെ, പണ്ടുമുതൽക്കേ ഉള്ളതും നിത്യവുമായ വേദാത്മകവാക്കിനാൽ വിളിയ്ക്കുന്നു. പന്ത്രണ്ടാദിത്യന്മാരിൽപ്പെട്ട ഭഗനെയും, പകലിന്റെ അഭിമാനദേവനായ മിത്രനെയും, ദേവമാതാവായ അദിതിയെയും, എല്ലാ പ്രാണികളിലും വൎത്തിക്കുന്ന ഹിരണ്യ ഗൎഭനെയും, മരുത്സമൂഹത്തെയും, സൂര്യനെയും രാത്ര്യഭിമാനദേവനായ വരുണനെയും ഭൂമിയിൽ ലതാരൂപത്തിലും, ദ്യോവിൽ ചന്ദ്രരൂപത്തിലും വൎത്തിയ്ക്കുന്ന സോമനെയും അശ്വികളെയും വിളിയ്ക്കുന്നു ഐശ്വൎയ്യവതിയായ സരസ്വതി നമുക്കു് സുഖം തന്നരുളട്ടെ.

4 തന്നോവാതോമയോഭുവാതുഭേഷജം
തന്മാതാപൃഥിവീതത് പിതാദ്യൌഃ
തദ്ഗ്രാവാണഃസ്സോമസുതോമയോഭുവ
സ്തദശ്വിനാശൃണുതന്ധിഷ്ണ്യായുവം

അന്വയം:—

(യൽ) ഭേഷജം മയഃ–ഭു — ഔഷധം, സുഖസ്യ ഭാവയിതൃ
തൽ നഃ വാതഃ വാതു — ഔഷധമസ്മാൻവായുഃ പ്രാപയതു
മാതാ പൃഥിവീ തൽ — ജനനീ ഭൂമിഃ (തൽഭേഷജം വാതു)
പിതാ ദ്യൌഃ തൽ — തൽഭേഷജം വാതു
സോമ–സുതഃ — സോമാഭിഷവം കൎത്താ
മയഃ–ഭുവഃ — സുഖഭാവയിതാരഃ
ഗ്രാവാണഃ തൽ — സോമാഭിഷവോപയോഗിനഃ പാഷാണാഃ (തൽഭേഷജം വാതു)
ഹേ ധിഷ്ണ്യാ, അശ്വിനാ, — ധിഷ്ണ്യൌ, ധിഷണായുക്തൌ, അശ്വിനൌ,
യുവം തൽ ശൃണുതം — യുവാം ആകൎണ്ണയതം

അൎത്ഥം—യാതൊരൌഷധം സുഖമുണ്ടാക്കുന്നതാണോ, ആ ഔഷധം നമ്മളെ വായു പ്രാപിപ്പിയ്ക്കട്ടെ. അമ്മയായ ഭൂമി ആ ഔഷധം പ്രാപിപ്പിയ്ക്കട്ടെ. അച്ഛനായ ദ്യോവ് ആ ഔഷധം പ്രാപിപ്പിയ്ക്കട്ടെ. സോമം ചതയ്ക്കുന്നവയും, സുഖമുണ്ടാക്കുന്നവയും, ആയ പിടികല്ലുകളും ആ ഔഷധം പ്രാപിപ്പിയ്ക്കട്ടെ. ബുദ്ധിമാന്മാരായ അശ്വികളേ, നിങ്ങൾ അതു്—(ഞങ്ങളുടെ വചനം) കേൾക്കുമാറാകണം.

5 തമീശാനഞ്ജഗതസ്തസ്ഥുഷസ്പതിം
ധിയഞ്ജിന്വമവസേഹൂമഹേ വയം
പൂഷാനോയഥാ വേദസാമസദ്വൃധേ
രക്ഷിതാപായുരദബ്ധ സ്വസ്തയേ വ.. 15

അന്വയം:—

വയം ജഗതഃ തസ്ഥുഷഃ		
പതിം	—	ജംഗമസ്യ സ്ഥാവരസ്യ സ്വാമിനം
ധിയം-ജിന്വം	—	ധീഭിഃ, കൎമ്മഭിഃ പ്രീണയിതവ്യം
തം ഈശാനം	—	ഐശ്വൎയ്യവന്തം
അവസേ ഹൂമഹേ	—	രക്ഷണായ ആഹ്വയാമഃ
പൂഷാ നഃ വേദസാം വൃധേ	—	ധനാനാം വൎദ്ധനായ
യഥാ രക്ഷിതാ അസൽ	—	ഭവതി
(തഥാ) അദബ്ധഃ	—	അഹിംസിതഃ (സഃ)
സ്വസ്തയേ പായുഃ	—	അവിനാശായ രക്ഷിതാ (ഭവതു)

അൎത്ഥം—ജംഗമത്തിന്റെയും, സ്ഥാവരത്തിന്റെയും, നാഥനും, കൎമ്മങ്ങളാൽ പ്രീതിപ്പെടുന്നവനും, ആയ ആ ഐശ്വൎയ്യവാനെ (സൎവ്വേശ്വരനെ) രക്ഷണത്തിനായി നാം വിളിയ്ക്കുന്നു. പൂഷാവെന്ന ദേവൻ നമുക്കു് ധനങ്ങളുടെ വൃദ്ധിയ്ക്കായി എപ്രകാരമാണോ വേണ്ടുന്നതു്, അപ്രകാരം കേടേല്ക്കാത്ത അവിടുന്നു് നമുക്കു് അവിനാശത്തിന്നായി, മംഗളത്തിന്നായി രക്ഷിതാവായി ഭവിയ്ക്കട്ടെ.

6 സ്വസ്തിന ഇന്ദ്രോവൃദ്ധശ്രവാ
സ്വസ്തിനഃ പൂഷാവിശ്വവേദാഃ
സ്വസ്തിനസ്താർക്ഷ്യോഅരിഷ്ടനേമി
സ്വസ്തിനോ ബൃഹസ്പതിർദ്ദധാതു

അന്വയം:—

വൃദ്ധ–ശ്രവാഃ ഇന്ദ്രഃ — പ്രവൃദ്ധംശ്രവഃ യസ്യസഃ ഇന്ദ്രഃ
നഃ സ്വസ്തി ദധാതു — കരോതു
വിശ്വ-വേദാഃ — വിശ്വാനിവേദാംസി (ധനാനി ജ്ഞാനാനിവാ) യസ്യസഃ
പൂഷാ നഃ സ്വസ്തി — ദധാതു, കരോതു
അരിഷ്ട—നേമിഃ — അഹിംസിതോ നേമിഃ യസ്യ (നേമിരിതി ആയുധനാമ)
താർക്ഷ്യഃ നഃ സ്വസ്തി — ഗരുഡഃ സ്വസ്തിദധാതു
ബൃഹസ്പതിഃ നഃ സ്വസ്തി (ദധാതു)

അർത്ഥം—മികച്ച അന്നത്തോടുകൂടി ഇന്ദ്രൻ നമുക്ക് മംഗളം ഉണ്ടാക്കട്ടെ എല്ലാ ധനങ്ങളും (ജ്ഞാനങ്ങളും) ആകെ ചേർന്നതാണോ, ആ പൂഷാവ് നമുക്ക് മംഗളം ഉണ്ടാക്കട്ടെ കേടുപററാത്ത ആയുധത്തോടുകൂടിയ ഗരുഡൻ നമുക്ക് മംഗളമുണ്ടാക്കട്ടെ. ബൃഹസ്പതി നമുക്ക് മംഗളമുണ്ടാക്കട്ടെ

7 പൃഷദശ്വാമരുതഃ പൃശ്നിമാതര
ശുഭംയാവാനോവിദഥേഷുജഗ്മയഃ
അഗ്നിജിഹ്വാമനവസ്സൂരചക്ഷസോ
വിശ്വേനോദേവാ അവസാഗമന്നിഹ

അന്വയം:—

പൃഷൽ—അശ്വാഃ	— പൃഷത്ഭിഃ ശ്വേതബിന്ദുഭി രുപേതാഃ അശ്വാഃ യേഷാം തേ
പൃശ്നി–മാതരഃ	— പൃശ്നിഃ (നാനാവർണ്ണാഗൌഃ) മാതായേഷാം തേ
ശുഭം–യാവാനഃ	— ശോഭനം യാന്തി ഇതി ശുഭം യാവാനഃ
വിദഥേഷു ജഗ്മയഃ	— യജ്ഞേഷു ഗമനശീലാഃ
അഗ്നി—ജിഹ്വാഃ	— അഗ്നേഃ ജിഹ്വായാം വർത്തമാനാഃ
മനവഃ	— മനനശീലാഃ
സൂര–ചക്ഷസഃ	— സൂര്യസ്യേവപ്രകാശഃ യേഷാം തേ
മരുതഃ നഃ ഇഹ	— മരുൽ സംജ്ഞിതാഃ അസ്മാനസ്മിൻ കാലേ
വിശ്വേ ദേവാഃ	— സർവ്വേ ദേവാഃ
അവസാ ആ ഗമൻ	— രക്ഷണേന ആ ഗച്ഛന്തു

അർത്ഥം—വെള്ളപ്പുള്ളികളോടുകൂടിയ കുതിരകളുള്ളവരും, വിവിധ വർണ്ണയായ പൃശ്നി എന്ന പശുവാകുന്ന അമ്മയോടുകൂടിയവരും, ശോഭനഗമനന്മാരും യാഗങ്ങളിൽ പോകുന്നവരും അഗ്നിയുടെ നാവിന്മേൽ വർത്തിക്കുന്നവരും വിചാരശീലരും സൂര്യന്റേതുപോലുള്ള പ്രകാശത്തോടുകൂടിയവരും, മരുത്തുക്കളെന്ന പേരോടുകൂടിയവരും ആയ എല്ലാദേവന്മാരും ഇപ്പോഴ് രക്ഷണത്തോടുകൂടി നമ്മളെ പ്രാപിയ്ക്കട്ടെ

8 ഭദ്രങ്കർണ്ണേഭി ശൃണുയാമ ദേവാ
ഭദ്രം പശ്യേമാക്ഷഭിര്യജത്രാഃ
സ്ഥിരൈരംഗൈസ്തുഷ്ടുവാംസസ്തനൂഭി
വ്യശേമദേവഹിതം യദായുഃ

അന്വയം:—

ഹേ ദേവാഃ (വയം)	
കർണ്ണേഭിഃ	— കർണ്ണൈഃ
ഭദ്രം ശൃണുയാമ	— ആകർണ്ണയാമ
ഹേ യജത്രാഃ	— യഷ്ടവ്യാഃ
അക്ഷഭിഃ ഭദ്രം പശ്യേമ	— അക്ഷിഭിഃ
സ്ഥിരൈഃ അംഗൈഃ	
തനൂഭിഃ	— ശരീരൈഃ (ച)
തുഷ്ടുവാംസഃ	— യുഷ്മാൻ സ്തുവന്തഃ (വയം)
യത് ആയുഃ ദേവ–ഹിതം	— പ്രജാപതിനാ സ്ഥാപിതം (തത്)
വി അശേമ	— പ്രാപ്നുയാമ

അർത്ഥം—അല്ലയോ ദേവന്മാരേ, ഞങ്ങൾ ചെവികളാൽ നല്ലതു കേൾക്കുമാറാകട്ടെ. അല്ലയോ യജിക്കപ്പെടേണ്ടവരേ, കണ്ണുകളാൽ നല്ലതു കാണുമാറാകട്ടെ, ദൃഢങ്ങളായ അംഗങ്ങളാലും ശരീരങ്ങളാലും നിങ്ങളെ സ്തുതിക്കുന്ന ഞങ്ങൾ ബ്രഹ്മാവിനാൽ വിധിക്കപ്പെട്ട ആയുസ്സ് ഏതോ അതു് പ്രാപിക്കുമാറാകണം.

9 ശതമിന്നുശരദോഅന്തിദേവാ
യത്രാനശ്ചക്രാജരസംതനൂനാം
പുത്രാസോയത്രപിതരോഭവന്തി
മാനോമധ്യാരീരിഷതായുർഗ്ഗന്തോഃ

അന്വയം:—

ഹേ ദേവാഃ, അന്തി	— അന്തികേ
ശരദഃ ശതം ഇത് നു	— സംവത്സരാഃ ശതമേവഖലു
നഃ ആയുഃ ഗന്തോഃ	— ക്ലൃപ്തസ്യ ആയുഷഃ ഗമനാത് പൂർവ്വം
മധ്യാ	— മധ്യേ
മാ രിരീഷത	— മാഹിംസിഷ്ട

നഃ തനൂനാം	— ശരീരാണാം
ജരസം യത്ര ചക്ര	— ജരാംയദാ അകാർഷിഷ്ട
യത്ര പുത്രാസഃ പിതരഃ	— യാവൽപുത്രാഃ രക്ഷിതാരഃ
ഭവന്തി (താവൽ നഃ മാ രിരിഷത)	

അർത്ഥം—അല്ലയോ ദേവന്മാരെ, ഇവിടെ ഈ ലോകത്തിൽ (ആയുസ്സ്) നൂറുവർഷങ്ങളാണല്ലൊ. നിശ്ചിതമായ ആയുസ്സ് കഴിയും മുമ്പ്, മദ്ധ്യത്തിൽ ഞങ്ങളെ ഹിംസിയ്ക്കരുതേ, ഞങ്ങളുടെ ശരീരങ്ങൾക്ക് എപ്പോൾ ജരബാധിക്കുന്നുവോ, എപ്പോൾ പുത്രന്മാർ പിതാക്കളാകുന്നുവോ, (ഞങ്ങൾക്ക രക്ഷിതാക്കളാകുന്നുവോ അല്ലെങ്കിൽ അവരും അച്ഛന്മാരാകുന്നുവോ) അതുവരെ ഞങ്ങളെ ഹിംസിയ്ക്കരുതേ.

10 അദിതിർദ്യൌരദിതിരന്തരിക്ഷ
മദിതിർമ്മാതാസപിതാസപുത്രഃ
വിശ്വേദേവാഅദിതിഃ പഞ്ചജനാ
അദിതിർജ്ജാതമദിതിർജ്ജനിത്വം വ. 16

അന്വയം—

അദിതിഃ	— അദീനാപൃഥിവീ, ദേവമാതാവാ
ദ്യൌഃ	— ദ്യോതന ശീലോനാകഃ
അദിതിഃ അന്തരിക്ഷം	— അന്തരാഈക്ഷ്യതേ ഇത്യന്തരിക്ഷം
അദിതിഃ മാതാ	— നിർമ്മാത്രീ, ജഗതോ ജനനീ
സഃ പിതാ	— ഉൽപാദകഃ
സഃ പുത്രഃ	— ഉൽപന്നഃ സൂനുഃ
അദിതിഃ വിശ്വേ ദേവാഃ	— സർവ്വേദേവാഃ
(അദിതിഃ) പഞ്ച ജനാഃ	— ഗന്ധർവ്വ പിതൃദേവാസുര രക്ഷാംസി
അദിതിഃ ജാതം	— പ്രജാനാമുല്പത്തിഃ
അദിതിഃ ജനി—ത്വം	— ജന്മാധാരം

അർത്ഥം—ദേവമാതാവായ അദിതിയാണ് പ്രകാശിക്കുന്ന സ്വർഗ്ഗം. ഇടയിൽ കാണപ്പെടുന്ന അന്തരിക്ഷം അദിതിയാണ്, അദിതിയാണ് ജഗത്തിന്റെ ജനനി, ജഗത്സൃഷ്ടികാരിണി. അവിടുന്നാണ് എല്ലാവരുടെയും ഉൽപാദകനായ അച്ഛൻ. അവിടുന്നാണ് എല്ലാവർക്കും ഉൽപന്നനായ പുത്രൻ. എല്ലാ ദേവന്മാരും അദിതിയാണ്. അദിതിയാണ് ഗന്ധർവ്വന്മാർ, പിതൃക്കൾ, ദേവന്മാർ, അസുരന്മാർ, രക്ഷസ്സുകൾ എന്നീ പഞ്ചജനങ്ങൾ. അദിതിയാണ് പ്രാണികളുടെ ഉല്പത്തി. അദിതിയാണ് അവരുടെ ജന്മത്തിന്നാധാരം.

വർഗ്ഗം 17–18. ഗായത്ര്യനുഷ്ടുഭൌച്ഛന്ദസീ.

1 ഋജുനീതീനോ വരുണോ
മിത്രോനയതുവിദ്വാൻ
അര്യമാദേവൈസ്സജോഷാഃ

അന്വയം:—

മിത്രഃ	— അഹരഭിമാനീ ദേവഃ
വരുണഃ	— രാത്ര്യഭിമാനീ ദേവഃ
(മിത്രശ്ച വരുണശ്ച)	
വിദ്വാൻ	— നേതവ്യമുത്തമംസ്ഥാനം ജാനൻ
നഃ ഋജു–നീതീ	— ഋജുനീത്യാ, കൌടില്യരഹിതേന ഗമനേന
നയതു	— അഭിമതം ഫലം പ്രാപയതു
(തഥാ) ദേവൈഃ	
സ–ജോഷാഃ	— സമാനപ്രീതിഃ
അര്യമാ	— അഹോരാത്രവിഭാഗസ്യ കർത്താ സൂര്യഃ (ഋജുഗമനേന അഭിമതം സ്ഥാനം പ്രാപയതു)

അർത്ഥം—പകലിന്റെ അഭിമാനദേവനായ മിത്രനും, രാവിന്റെ അഭിമാനദേവനായ വരുണനും, എത്തിക്കേണ്ട ഉത്തമസ്ഥാനമറിഞ്ഞ് നമ്മളെ വളവില്ലാത്ത വഴിയിലൂടെ, ധർമ്മമാർഗ്ഗത്തിൽക്കൂടെ അഭീഷ്ടസ്ഥാനം, അഭീഷ്ടഫലം പ്രാപിപ്പി

ക്കട്ടെ. പകലിനെയും രാവിനെയും വിഭജിക്കുന്ന അര്യമാവ്, സൂര്യൻ, മററ് ഇന്ദ്രാദിദേവന്മാരോടൊപ്പം പ്രീതിയോടുകൂടി നമ്മളെ സത്യമാർഗ്ഗത്തിലൂടെ പ്രാപ്യസ്ഥാനമെത്തിക്കട്ടെ.

2 തേഹിവസ്വോവസവാനാ്

സ്തേഅപ്രമൂരാമഹോഭിഃ

വ്രതാരക്ഷന്തേവിശ്വാഹാ

അന്വയം:—

തേ ഹി	— പൂർവ്വോക്താഃ മിത്രാദയഃ
വസ്വഃ വസവാനാഃ	— ധനസ്യവാസകാഃ, സർവ്വംജഗൽ ധനേനാച്ഛാദയിതാരഃ
തേ അപ്ര—മൂരാഃ	— അപ്രമൂർച്ഛിതാഃ, അമൂഢാഃ, പ്രാജ്ഞാഃ (സന്തഃ)
മഹഃ—ഭിഃ	— ആത്മീയൈസ്തേജോഭിഃ
വിശ്വാഹാ	— സർവ്വാണ്യഹാനി, സർവ്വേഷ്വഹസ്സു
വ്രതാ	— ജഗന്നിർവ്വാഹകരൂപാണി സ്വകീയാനികർമ്മാണി
രക്ഷന്തേ	— പാലയന്തി

അർത്ഥം—മുൻപറഞ്ഞ മിത്രാദിദേവന്മാർ ഐശ്വര്യംകൊണ്ട് ലോകം മുഴുവൻ മൂടുന്നവരാകുന്നു. എപ്പോഴും മൂർച്ഛയേല്ക്കാത്തവരായി, (മോഹാലസ്യ വിസ്മൃതി സ്വാപാദികം പററാത്തവരായി) അറിവുററവരായി, തങ്ങളുടെ ആത്മീയ തേജസ്സുകളാൽ 'അവർ നിത്യവും ജഗൽ കാര്യനിർവ്വഹണകർമ്മങ്ങളെ പാലിക്കുന്നു.

3 തേഅസ്മഭ്യംശർമ്മയംസ

ന്നമൃതാമർത്യേഭ്യഃ

ബാധമാനാ അപദ്വിഷഃ

അന്വയം —

അമൃതാഃ തേ	— അമരണധർമ്മാണഃ വിശ്വേദേവാഃ
മർത്യേഭ്യഃ അസ്മഭ്യം	— മരണധർമ്മഭ്യഃ അനുഷ്ഠാതൃഭ്യഃ
ദ്വിഷഃ അപ ബാധമാനാഃ	— അസ്മദീയാൻ പാപരൂപാൻ ശത്രൂൻവിനാശം പ്രാപയന്തഃ
ശർമ്മ യംസൻ	— അമൃതലക്ഷണം സുഖംയച്ഛന്തു പ്രയച്ഛന്തു

അർത്ഥം—ശാശ്വതന്മാരായ ദേവന്മാർ, നശ്വരന്മാരായ അനുഷ്ഠാതാക്കൾക്ക് (നമുക്ക്) നമ്മുടെ (പാപരൂപരായ) ശത്രുക്കളെ (പാപവാസനകളെ) നശിപ്പിച്ച് നിത്യമായ സുഖത്തെ തന്നരുളട്ടെ

4 വി നഃ പഥസ്സുവിതായ
ചിയന്ത്വിന്ദ്രോ മരുതഃ
പൂഷാഭഗോവന്ദ്യാസഃ

അന്വയം —

ഇന്ദ്രഃ മരുതഃ, പൂഷാ, ഭഗഃ	— തേ ദേവാഃ
വന്ദ്യാസഃ	— വന്ദനീയാഃ
സുവിതായ	— സുഷ്ഠുപ്രാപ്തവ്യായ സ്വർഗ്ഗാദി ഫലായ
നഃ പഥഃ	— അസ്മാകം മാർഗ്ഗാൻ
വി ചിയന്തു	— വിചിന്വന്തു, അശോഭനേഭ്യോ മാർഗ്ഗേഭ്യസ്സകാശാൽ പൃഥക് കുർവന്തു

അർത്ഥം—ഇന്ദ്രൻ മരുത്തുക്കൾ, പൂഷാവ്, ഭഗൻ എന്നീ വന്ദിക്കപ്പെടേണ്ട ദേവന്മാർ, സുപ്രാപ്യമായ സ്വർഗ്ഗാദി ഫലസിദ്ധിക്കായി നമ്മുടെ മാർഗ്ഗങ്ങളെ അസത്തിൽ നിന്ന് വേർതിരിച്ച് ശോഭനത്തിൽ നയിക്കട്ടെ

5 ഉതനോധിയോഗോഅഗ്രാഃ
പൂഷൻ വിഷ്ണ്വേവയാവഃ
കർത്താനസ്സ്വസ്തിമതഃ
വ. 17

അന്വയം:—

ഹേ പൂഷൻ, — പോഷക,
വിഷ്ണോ, — വ്യാപനശീല
ഏവ—യാവഃ, — മരുൽഗണ
(തേ സർവ്വേ യൂയം)
നഃ ധിയഃ — അസ്മാകം അപ്തോര്യാമലക്ഷണാനി കർമ്മാണി
ഗോ—അഗ്രാഃ — പശ്വഗ്രാണി, അസ്മൽ സകാശാൽ ഭ്രഷ്ടൈഃ പശുഭിര്യുക്താനി
കർത്ത — കുരുത
ഉത നഃ സ്വസ്തി—മതഃ — അപിച അസ്മാൻ അവിനാശിനഃ (കുരുത)

അർത്ഥം—അല്ലയോ പൂഷാവേ, വ്യാപനശീലനായ വിഷ്ണോ, വേഗവത്തുക്കളായ അശ്വങ്ങളിൽ ചരിക്കുന്ന മരുത്സമൂഹമേ, നിങ്ങളെല്ലാം ഞങ്ങളുടെ അപ്തോര്യാമകർമ്മത്തെ (ഒരു യജ്ഞവിഭാഗം) നഷ്ടപ്പെട്ടപശുക്കളെ മുൻനിർത്തിയതാക്കി ചെയ്യുക. കൂടാതെ ഞങ്ങളെ അവിനാശികളാക്കി ചെയ്യുക.

6 മധുവാതാ ഋതായതേ
മധുക്ഷരന്തി സിന്ധവഃ
മാധ്വീർന്നസ്സന്ത്വോഷധീഃ

അന്വയം.—

ഋത—യതേ — ഋതം, യജ്ഞം, ആത്മനഇച്ഛതേ യജമാനായ
വാതാഃ — വായവഃ
മധു — മാധുര്യോപേതം കർമ്മഫലം

ക്ഷരന്തി — വർഷന്തി, പ്രയച്ഛന്തി
(തഥാ) സിന്ധവഃ — സ്യന്ദനശീലാനദ്യഃ
മധു — മാധുര്യോപേതം സ്വരസം (ക്ഷരന്തി)
(ഏവം) നഃ ഓഷധീഃ — അസ്മഭ്യം ഫലപാകാന്താഃ ഓഷധയഃ
മാധ്വീഃ സന്തു — മാധുര്യോപേതാഭവന്തു

അർത്ഥം—സ്വാത്മാവിന്ന് ഋതം (സത്യം, യജ്ഞം, സല്ക്കർമ്മം) ഇച്ഛിയ്ക്കുന്ന യജമാനന്ന് (എനിക്ക്) വായുക്കൾ (ആന്തര ബാഹ്യവായുക്കൾ) മധുരമായ, അഭീഷ്ടാനുസാരിയായ, ശ്രേയസ്കരമായ കർമ്മഫലം തന്നരുളട്ടെ അതുപോലെ ഒഴുകുന്ന നദികൾ മധുരരസമൊഴുക്കട്ടെ അപ്രകാരം ഫലപാകങ്ങളായ ഔഷധങ്ങൾ സൽഫലയുക്തങ്ങളാവട്ടെ

7 മധുനക്തമുതോഷസോ
മധുമൽപാർത്ഥിവംരജഃ
മധുദ്യൌരസ്തുനഃ പിതാ

അന്വയം —

നക്തം — രാത്രിഃ
നഃ മധു അസ്തു — അസ്മാകം മധുമതീ മാധുര്യോപേതഫലപ്രദാ (ഭവതു)
ഉത ഉഷസഃ — അപി ച ഉഷഃ കാലോപലക്ഷിതാനി അഹാനി (ച മധുമന്തി ഭവന്തു)
പാർത്ഥിവം രജഃ — പൃഥിവ്യാസ്സംബന്ധീ ലോകഃ (അസ്മാകം)
മധു—മൽ — മാധുര്യവിശിഷ്ടഫലയുക്തം (ഭവതു)
പിതാ ദ്യൌഃ — വൃഷ്ടിപ്രദാനേന സർവ്വേഷാം പാലയിതാദ്യുലോകഃ (അപി)
മധു — മധുയുക്തഃ (ഭവതു)

അർത്ഥം—രാത്രി എനിയ്ക്കു മധുമതി, വിശ്രമ നിദ്രാസുഖപ്രദയാവട്ടെ. ഉഷസ്സുകളായാരംഭിക്കുന്ന പകലുകൾ എനിയ്ക്കു സല്ലക്ഷയുക്തങ്ങളാവട്ടെ. ഭൂലോകം എനിക്ക് അഭീഷ്ടപ്രദമാകട്ടെ. വൃഷ്ടികരനായി, എല്ലാ ചരാചരങ്ങൾക്കും പാലകനായ ദ്യോവ് എനിക്ക് സുഖപ്രദനാവട്ടെ.

8 മധുമാന്നോവനസ്പതി

ർമ്മധുമാꣳഅസ്തുസൂര്യഃ

മാധ്വീർഗ്ഗാവോഭവന്തുനഃ

അന്വയം:—

നഃ വനസ്പതിഃ	—	അസ്മാകം വനാനാം പാലയിതാ യൂപാഭിമാനീദേവഃ
മധു-മാൻ അസ്തു	—	മാധുര്യോപേതഫലവാൻ, താദൃശംഫലമസ്മഭ്യം പ്രയച്ഛതു
സൂര്യഃ മധു-മാൻ	—	സർവ്വസ്യ പ്രേരകസ്സവിതാ (ച) താദൃശോസ്തു
ഗാവഃ	—	അഗ്നിഹോത്രാദ്യർത്ഥം ധേനവഃ (ച)
നഃ മാധ്വീഃ ഭവന്തു	—	അസ്മാകം മാധുര്യോപേത പയസാ യുക്താഃ (ഭവന്തു)

അർത്ഥം—യൂപാഭിമാനദേവനായ വനങ്ങളുടെ പാലയിതാവ് എനിയ്ക്ക് സൽഫലദാതാവായി ഭവിയ്ക്കട്ടെ. എല്ലാവരുടേയും ആന്തരപ്രചോദകനായ സൂര്യൻ ഇഷ്ടഫലപ്രദനാവട്ടെ. അഗ്നിഹോത്രാദികൾക്കുള്ള പശുക്കളും മധുരക്ഷീരപ്രദകളാവട്ടെ.

9 ശന്നോ മിത്രശ്ശംവരുണ

ശ്ശന്നോഭവത്വര്യമാ

ശന്ന ഇന്ദ്രോ ബൃഹസ്പതി

ശ്ശന്നോ വിഷ്ണുരുരുക്രമഃ

അന്വയം —

മിത്രഃ നഃ ശം	— അസ്മാകം സുഖകരഃ (ഭവതു)
വരുണഃ ശം ഭവതു	— സുഖകരഃ (ഭവതു)
അര്യമാ നഃ ശം	— സുഖകരഃ (ഭവതു
ബൃഹസ്പതിഃ	— ബൃഹതാം ദേവാനാം പാലയിതാ
ഇന്ദ്രഃ (ച) നഃ ശം	— സുഖകരഃ (ഭവതു)
ഉരു-ക്രമഃ	— ലോകാൻ പാദത്രയത്രൂപേണാ ക്രാന്തവാൻ
വിഷ്ണുഃ (ച) നഃ ശം	— സുഖകരഃ (ഭവതു)

അർത്ഥം—പകലിന്റെ അഭിമാനദേവനായ മിത്രൻ നമുക്ക സുഖകരനായി ഭവിയ്ക്കട്ടെ. രാവിന്റെ അഭിമാനദേവനായ വരുണൻ നമുക്ക് സുഖദാതാവായി ഭവിയ്ക്കട്ടെ അഹോരാത്ര ങ്ങളെ പ്രഖ്യാപിയ്ക്കുന്ന അര്യമാവ് നമുക്ക് സുഖദായകനായി ഭവിയ്ക്കട്ടെ മികച്ച ദേവന്മാരുടെ പാലകനായ ഇന്ദ്രൻ നമുക്ക് സുഖം തരുന്നവനായി ഭവിയ്ക്കട്ടെ വാമനാവതാരത്തിൽ ലോ കങ്ങളെ പാദത്രയംകൊണ്ട് ക്രമിച്ച വിഷ്ണു നമുക്ക് സുഖപ്രദനാ യി ഭവിയ്ക്കട്ടെ

വർഗ്ഗം 19 20-21-22-23 ഉഷ്ണിഗ്ഗായത്രീത്രിഷ്ടുഭശ്ഛന്ദാംസി സോമോ ദേവതാ

1 ത്വംസോമപ്രചികിതോ മനീഷാ
ത്വം രജിഷ്ഠ മനുനേഷി പന്ഥാം
തവപ്രണീതീ പിതരോ ന ഇന്ദോ
ദേവേഷു രത്നമഭജന്ത ധീരാഃ

അന്വയം —

ഹേ സോമ, ത്വം മനീഷാ	— മനീഷയാ, അഷ്മദീയയാ ബുദ്ധ്യാ
പ്ര ചികിതഃ	— പ്രകർഷേണ ജ്ഞാതഃ (അസി)

(അതഃ) ത്വം രജിഷ്ഠം	— ഋജുതമം, അകുടിലം
പന്ഥാം	— പന്ഥാനം, കർമ്മഫലാവാപ്തി ഹേതുഭൂതംമാർഗ്ഗം
അനു നേഷി	— അസ്മാൻ അനുക്രമേണ പ്രാപയസി
(കിഞ്ച) ഹേ ഇന്ദോ	— ഉന്ദനശീല, സർവ്വംജഗദമൃതേന ക്ലേദയിതഃ സോമ
തവ പ്ര–നീതീ	— പ്രണീത്യാ, ത്വൽകർത്തൃകേന പ്രകൃഷ്ടനയനേന
ധീരാഃ	— ധീമന്തഃ, കർമ്മവന്തഃ
നഃ പിതരഃ	— അസ്മാകം പിതരഃ
ദേവേഷു രത്നം അഭജന്ത	— ഇന്ദ്രാദിഷുധനം പ്രാപ്തവന്ത

(അസ്മാനപി താദൃശം ധനം പ്രാപയ)

അർത്ഥം—അല്ലയോ സോമ, അവിടുന്ന് ഞങ്ങൾക്ക് ബുദ്ധിയാൽ നല്ലപോലെ അറിയപ്പെട്ടവനാകുന്നു അതുകൊണ്ടു തന്നെ അവിടുന്ന് ഞങ്ങളെ വളവില്ലാത്ത, സത്യമായ മാർഗ്ഗത്തിലൂടെ, കർമ്മഫലപ്രാപ്തിയ്ക്കുതകുന്ന വഴിയിലൂടെ ക്രമമായി നയിക്കുന്നു. കൂടാതെ, ജഗത്തുമുഴവൻ അമൃതംകൊണ്ടു നനയ്ക്കുന്ന സോമ, കർമ്മവാന്മാരായ ഞങ്ങളുടെ പൂർവ്വന്മാർ ഇന്ദ്രാദി ദേവന്മാരിൽ നിന്ന് ഐശ്വര്യം നേടി. അപ്രകാരമുള്ള ഐശ്വര്യം ഞങ്ങൾക്കും തന്നരുളിയാലും,

2 ത്വം സോമക്രതുഭിസ്സുക്രതുർഭൂ
സ്ത്വം ദക്ഷൈസ്സുദക്ഷോവിശ്വവേദാഃ
ത്വം വൃഷാവൃഷത്വേഭിർമ്മഹിത്വാ
ദ്യുമ്നേഭിർദ്യുമ്ന്യഭവോനൃചക്ഷാഃ

അന്വയം:—

ഹേ സോമ, ത്വം

ക്രതു–ഭിഃ	— ആത്മീയൈർജ്ഞാനൈഃ
സു–ക്രതുഃ ഭൂഃ	— ശോഭനപ്രജ്ഞഃ ഭവസി

(തഥാ) വിശ്വ-വേദാഃ
ത്വം — സര്‍വ്വധനസ്സ്വം
ദക്ഷൈഃ സു-ദക്ഷഃ — ആത്മീയൈര്‍ബ്ബലൈഃ ശോഭന ബലഃ (ഭവസി)
(തഥാ) ത്വം വൃഷ ത്വേഭിഃ — വൃഷത്വൈഃ, കാമാഭിവര്‍ഷണൈഃ
മഹി-ത്വാ വൃഷാ — മഹത്വേന കാമവര്‍ഷിതാ (ഭവസി)
(തഥാ ത്വം) നൃ-ചക്ഷാഃ — നൃണാം, യജ്ഞസ്യനേതൃണാം യജമാനാനാം അഭിമതഫലസ്യ സന്ദര്‍ശയിതാ (സന്‍)
ദ്യുമ്നേഭിഃ — ദ്യുമ്നൈഃ, തൈസ്തൈര്‍ഹവിര്‍ല്ല ക്ഷണാന്നൈഃ
ദ്യുമ്നീ അഭവഃ — പ്രഭൂതാന്നഃ (ഭവസി)

അര്‍ത്ഥം—അല്ലയോ സോമ, അവിടുന്ന് ആത്മീയജ്ഞാനങ്ങളാല്‍ മഹാ പ്രാജ്ഞനായി ഭവിക്കുന്നു അതുപോലെ സ വൈശ്വര്യയുക്തനായ അവിടുന്ന് സ്വബലങ്ങള്‍കൊണ്ട് സുശക്തനായി ഭവിക്കുന്നു. പിന്നെ (ഉപാസകര്‍ക്ക്) അഭീഷ്ടദാനങ്ങള്‍ കൊണ്ട് മാഹാത്മ്യത്തോടുകൂടി കാമാഭിവര്‍ഷകനായി ഭവിക്കുന്നു അതുപോലെ യജ്ഞനേതാക്കളായ യജമാനന്മാര്‍ക്ക് ആഗ്രഹിച്ച ഫലത്തെ കാണിച്ചുകൊടുത്തുകൊണ്ട് അവിടുന്ന് അവര്‍ നല്കുന്ന ഹവിരന്നങ്ങളാല്‍ മികച്ച അന്നവനായി ഭവിക്കുന്നു.

3 രാജ്ഞോനുതേ വരുണസ്യ വ്രതാനി
ബൃഹദ്ഗഭീരന്തവ സോമധാമ
ശുചിഷ്ട്വമസി പ്രിയോ നമിത്രോ
ദക്ഷായ്യോ അര്യമേവാസി സോമ

അന്വയം:—
ഹേ സോമ, രാജ്ഞഃ
വരുണസ്യ നു — രാജമാനസ്യ വരുണസ്യേവ
തേ വ്രതാനി — തവകര്‍മ്മാണി ലോകഹിത കാരീണി

തവ ധാമ — ത്വദീയം തേജഃ
ബൃഹൽ, ഗഭീരം — മഹൽ, ഗാംഭീര്യോപേതം (ച)
ഹേ സോമ, ത്വം പ്രിയഃ
ന മിത്രഃ — സർവ്വേഷാം അനുകൂലഃ മിത്ര ഇവ
ശുചിഃ അസി — ശോധകഃ ഭവസിഃ
(തഥാ) അര്യമാ—ഇവ — അസ്മാഭിർദൃശ്യമാനസൂര്യ ഇവ
ദക്ഷായ്യഃ അസി — സർവ്വേഷാം വർദ്ധകോ ഭവസി
(അഹനിസൂര്യ ഇവ നിശി ത്വം സർവ്വം വർദ്ധയസി)

അർത്ഥം—അല്ലയോ സോമ, കാന്തിമാനായ വരുണന്റെ യെന്നപോലെ അവിടുത്തെ കർമ്മങ്ങൾ ലോകഹിതകരങ്ങളാകുന്നു. അവിടുത്തെ തേജസ്സ് മഹത്തും ഗംഭീരവുമാകുന്നു. അല്ലയോ സോമ, അവിടുന്ന് എല്ലാവർക്കും അനുകൂലനായ, പ്രീതികരനായ മിത്രനെന്നപോലെ ജഗത്തിനെ ശുദ്ധീകരിക്കുന്നവനാണ് അതുപോലെ നാം കാണുന്ന സൂര്യനെന്നപോലെ എല്ലാററിനെയും വളർത്തുന്നവനാണ്. പകൽ സൂര്യൻ ജഗത്തിനെ വളർത്തുന്നപോലെ രാവിൽ അവിടുന്ന് വളർത്തുന്നു. (ഇവിടെ സോമനെ ചന്ദ്രനായി കാണുന്നു.)

4 യാതേധാമാനിദിവിയാപൃഥിവ്യാം
യാപർവ്വതേഷോഷധീഷ്വപ്സു
തേഭിർന്നോവിശ്വൈസ്സുമനാഅഹേള
ന്രാജന്ത്സോമപ്രതിഹവ്യാഗൃഭായ

അന്വയം—

ഹേ രാജൻ, സോമ, തേ
ദിവി യാ — രാജമാനസോമ, യാനി
ധാമാനി — തേജാംസി (വർത്തന്തേ)
പൃഥിവ്യാം യാ — ഭൂമൌ (യാനിവർത്തന്തേ)
(തഥാ) പർവ്വതേഷു യാ — പർവ്വതസുശിലോച്ചയേഷു (യാനിവർത്തന്തേ)
(തഥാ) ഓഷധീഷു

അപ്-സു	— വ്രീഹ്യാദിഷു ജലേഷുച (യാനിവർത്തന്തേ)
തേഭിഃ വിശ്വൈഃ	— തൈസ്സർവ്വൈസ്തേജോഭിഃ (യുക്തഃ)
സു-മനാഃ അഹേളൻ	— ശോഭനമനാഃ, അക്രുദ്ധ്യൻ
(ഏവം ഭൂതസ്ത്വം) നഃ	
ഹവ്യാ	— അസ്മാഭിർദ്ദത്താനി ഹവിംഷി
പ്രതി ഗൃഭായ	— പ്രതിഗൃഹാണ

'അർത്ഥം—അല്ലയോ പ്രകാശമാനനായ സോമ, അവിടത്തെ ഏപ്രകാരമുള്ള തേജസ്സുകൾ ദ്യോവിലുണ്ടോ, ഭൂവിലുണ്ടോ, മാമലകളിലുണ്ടോ, നെല്ലുമുതലായ സസ്യങ്ങളിലും ജലങ്ങളിലുമുണ്ടോ, ആ എല്ലാ തേജസ്സുകളോടും ചേർന്ന് പ്രീതമനസ്സായി, ക്രോധരഹിതനായി അവിടുന്ന് ഞങ്ങളാൽ നിവേദിയ്ക്കപ്പെടുന്ന ഹവിസ്സ് സ്വീകരിച്ചാലും,

5 ത്വം സോമാസിസത്പതി
സ്ത്വംരാജോതവൃത്രഹാ
ത്വം ഭദ്രോഅസിക്രതുഃ വ. 19

അന്വയം'—

ഹേ സോമ, ത്വം	
സത്-പതിഃ അസി	— സതാം പതിഃ ഭവസി
ഉത രാജാ ത്വം വൃത്ര-ഹാ	— രാജമാനസ്ത്വം ശത്രോഹന്താ (അസി)
ത്വം ഭദ്രഃ അസി	— ശോഭനഃ ഭവസി
(ത്വം) ക്രതുഃ	— അഗ്നിഷ്ടോമാദിയാഗരൂപഃ (യാഗാനാം ത്വൽ സാദ്ധ്യത്വാൽ)

അർത്ഥം—അല്ലയോ സോമ, അവിടുന്ന് സത്തുക്കളുടെ, സല്ക്കർമ്മവാന്മാരുടെ നാഥനാകുന്നു. കൂടാതെ പ്രകാശമാനനായ അവിടുന്ന് ശത്രുക്കളുടെ ഹന്താവാകുന്നു അവിടുന്ന് കല്യാണഗുണനാകുന്നു. യാഗരൂപനാകുന്നു (അവിടുന്നാണ് യാഗം സാധിപ്പിക്കുന്നത്)

6 ത്വഞ്ചസോമനോ വശോ

ജീവാതുന്നമരാമഹേ

പ്രിയസ്തോത്രോ വനസ്പതിഃ

അന്വയം:—

ഹേ സോമ, നഃ ജീവാതും	— അസ്മാകം സ്തോതൄണാം ജീവനൌഷധം
പ്രിയ—സ്തോത്രഃ ത്വം	— ബഹുഭിസ്തോതവ്യഃ ത്വം
വശഃ ച	— കാമയേഥാഃ ചേൽ
(തദാനീം വയം)	
ന മരാമഹേ	— ന മ്രിയാമഹേ
(ത്വം) വനസ്പതിഃ	— വനാനാം, ഓഷധീനാം പതിഃ

അർത്ഥം—അല്ലയോ സോമ, വളരെ ജനങ്ങളാൽ സ്തുതിക്കപ്പെടുന്ന അവിടുന്ന് ഞങ്ങൾക്ക് ജീവനൌഷധം ഇച്ഛിക്കുന്നുവെങ്കിൽ (ഞങ്ങൾ ജീവിക്കണമെന്നാഗ്രഹിക്കുന്നുവെങ്കിൽ) പിന്നെഞങ്ങൾ മരിക്കുകയില്ല. അവിടുന്ന് വനങ്ങളുടെ സസ്യൌഷധികളുടെ നാഥനാണ്.

7 ത്വം സോമമഹേ ഭഗം

ത്വം യൂന ഋതായതേ

ദക്ഷന്ദധാസി ജീവസേ

അന്വയം:—

ഹേ സോമ മഹേ	
ഋത—യതേ	— മഹതേ, ഋതം, യജ്ഞം ആത്മന ഇച്ഛതേ വൃദ്ധായ പുരുഷായ
ജീവസേ ദക്ഷം	— ജീവിതും ഉപഭോഗസമർത്ഥം
ത്വം ഭഗം ദധാസി	— ധനം വിദധാസി, കരോഷി
(തഥാ) ത്വം യൂനേ	— തരുണായ (ജീവിതും ധനം ദധാസി)

അൎത്ഥം—അല്ലയോ സോമ, അവിടുന്നു് മഹാനും ആത്മാവിൽ യജ്ഞമിച്ഛിക്കുന്നവനുമായ വൃദ്ധന്നു് ജീവിപ്പാൻ പൎയ്യാപ്തമായ ധനം കൊടുക്കുന്നു. അതുപോലെ യുവാവായ യജ്ഞേച്ഛുവിന്നും കൊടുക്കുന്നു.

8 ത്വന്നസ്സോമവിശ്വതോ
രക്ഷാരാജന്നഘായതഃ
നരിഷ്യേത്ത്വാവതസ്സഖാ

അന്വയം:—

ഹേ സോമ, രാജൻ, ത്വം — രാജനശീല, ത്വം
അഘ—യതഃ — അഘം, പാപം, ദുഃഖമസ്മാകം കൎത്തുമിച്ഛതഃ
വിശ്വതഃ — സൎവ്വസ്മാദപിപുരുഷാൽ
നഃ രക്ഷ — അസ്മാൻപാലയ
ത്വാ—വതഃ സഖാ ന രിഷ്യേൽ — ത്വൽ സദൃശസ്യസഖാ നഹി വിനശ്യേൽ
(കിമുവക്തവ്യം ത്വൽ സഖാ ന വിനശ്യതീതി)

അൎത്ഥം—പ്രകാശശീലനായ സോമ, അവിടുന്നു്, കഷ്ടപ്പാടണയ്ക്കുവാൻ പുറപ്പെടുന്ന എല്ലാവരിൽ നിന്നും ഞങ്ങളെ രക്ഷിച്ചാലും. അവിടുത്തോടു തുല്യനായ ഒരുത്തന്റെ തോഴൻ നശിക്കുന്നില്ല. പിന്നെ അവിടത്തെ തോഴൻ നശിക്കുകയില്ലെന്നു പറയേണ്ടതുണ്ടോ?

9 സോമയാസ്തേമയോഭുവ
ഊതയസ്സന്തി ദാശുഷേ
താഭിർന്നോവിതാ ഭവ

അന്വയം:—

ഹേ സോമ, തേ	— തവസംബന്ധിന്യഃ
ദാശുഷേ	— ചരുപുരോഡാശാദിദത്തവതേ യജമാനായ
മയഃ—ഭുവഃ	— സുഖസ്യ ഭാവയിത്ര്യഃ
യാഃ ഊതയഃ സന്തി	— രക്ഷാഃ വിദ്യന്തേ
താഭിഃ ന അവിതാ ഭവ	— രക്ഷാഭിഃ അസ്മാകം രക്ഷിതാ ഭവ

അൎത്ഥം—അല്ലയോ സോമ, അവിടത്തേക്ക് ചരുപുരോഡാശാദി ഹവിസ്സുകൾ നല്കുന്ന യജമാനന്ന് സുഖദായകങ്ങളായ രക്ഷണങ്ങൾ ഏവയാണോ ഉള്ളത്? ആ രക്ഷണങ്ങളാൽ ഞങ്ങളുടെ പാലയിതാവായി ഭവിച്ചാലും.

10 ഇമംയജ്ഞമിദംവചോ
ജുജുഷാണ ഉപാഗഹി
സോമത്വന്നോ വൃധേ ഭവ വ. 20

അന്വയം:—

ഹേ സോമ, ത്വം ഇമം	— അസ്മാഭിഃ ക്രിയമാണം
യജ്ഞം, ഇദം വചഃ	— യാഗം, ഇദാനീം ക്രിയമാണം സ്തുതിലക്ഷണം വചനം (ച)
ജുജുഷാണഃ	— സേവമാനഃ (സൻ)
ഉപ—ആ ഗഹി	— ഉപാഗച്ഛ, പ്രാചീനഗൃഹം പ്രാപ്നുഹി
(പ്രാപ്യച) നഃ വൃധേ ഭവ	— അസ്മാകം യജ്ഞസ്യ വൎദ്ധനായ ഭവ

അൎത്ഥം—അല്ലയോ സോമ, അവിടുന്ന് ഞങ്ങളാൽ ചെയ്യപ്പെടുന്ന ഈ യജ്ഞത്തെയും, ചൊല്ലപ്പെടുന്ന ഈ സ്തോത്രവചനത്തെയും സ്വീകരിക്കുന്നവനായി, കിഴക്കിനിയിൽ വന്നുചേൎന്നാലും. വന്നിട്ട് ഞങ്ങളുടെ ഈ യജ്ഞത്തിന്റെ പുഷ്ടിക്കു (കാരണഭൂതനായി) ഭവിച്ചാലും.

11 സോമഗീർഭിഷ്ട്വാവയം
വർധയാമോവചോവിദഃ
സുമൃളീകോന ആവിശ

അന്വയം:—

ഹേ സോമ, ത്വാ
വചഃ—വിദഃ — ത്വാം സ്തുതിലക്ഷണാനാം വചസാംവേദിതാരഃ
വയം ഗീഃ—ഭിഃ — അനുഷ്ഠാതാരഃ സ്തുതിലക്ഷണൈ ർവ്വചോഭിഃ
വർധയാമഃ — പ്രവൃദ്ധംകർമ്മഃ
(താദൃശസ്ത്വം) നഃ
സു—മൃളീകഃ ആ വിശ — അസ്മാകം ശോഭനം സുഖം കുർവ്വൻ സൻ ആഗച്ഛ

അർത്ഥം—അല്ലയോ സോമ, അവിടത്തെ, സ്തോത്രപണ്ഡിതന്മാരും, അനുഷ്ഠാതാക്കളുമായ ഞങ്ങൾ സ്തുതിവചനങ്ങളാൽ വളർത്തുന്നു. അപ്രകാരമുള്ള അവിടുന്ന് ഞങ്ങൾക്ക് നല്ല സുഖമരുളുന്നവനായി വന്നരുളിയാലും.

12 ഗയസ്ഫാനോഅമീവഹാ
വസുവിത്പുഷ്ടിവർധനഃ
സുമിത്രസ്സോമനോഭവ

അന്വയം:—

ഹേ സോമ, (ത്വം) നഃ
ഗയ—സ്ഫാനഃ — അസ്മാകം ഗയസ്യ, ധനസ്യ വർദ്ധയിതാ
അമീവ—ഹാ — അമീവാനാം, രോഗാണാംഹന്താ
വസു—വിത് — ധനസ്യലംഭയിതാ പ്രാപയിതാ
പുഷ്ടി—വർധനഃ — പുഷ്ടഃ, സമ്പദഃ വർദ്ധയിതാ
സു—മിത്രഃ ഭവ — ശോഭനമിത്രോപേതോഭവ

അത്ഥം—അല്ലയോ സോമ, അവിടുന്നു് ഞങ്ങൾക്കു് ഐശ്വര്യം വളത്തുന്നവനും. രോഗം തളത്തുന്നവനും, ധനം ഉണ്ടാക്കുന്നവനും, അഭിവൃദ്ധി നേടിത്തരുന്നവനും, നല്ല ചങ്ങാതികളോടുകൂടിയവനുമായി ഭവിച്ചാലും.

13 സോമരാരന്ധിനോഹൃദി

ഗാവോനയവസേഷ്വാ

മര്യഇവസ്വഓക്യേ

അന്വയം:—

ഹേ സോമ, (ത്വം)

നഃ ഹൃദി	— ഹൃദയേ
ഗാവഃ ന യവസേഷു	— ഗാവഃ ശോഭനേതൃണേഷ്വിവ
സ്വേ ഓക്യേ	— സ്വകീയേഓകസി, ഗൃഹേ പുത്രാദിഭിസ്സഹ
മര്യഃ—ഇവ	— മരണധമ്മാമനുഷ്യഃ യഥാരമതേ തദ്വൽ
ആ രരന്ധി	— സമന്താൽ രമസ്വ

(അസ്മാഭിർദത്തേന ഹവിഷാതൃപ്തസ്സൻ അസ്മാസ്വേവ അവതിഷ്ഠസ്വ, നാന്യത്രഗച്ഛ)

അത്ഥം—അല്ലയോസോമ, അവിടുന്നു് ഞങ്ങളുടെ ഹൃദയത്തിൽ, നല്ല പുല്ലിൽ പശുക്കളെന്നപോലെയും, സ്വഗൃഹത്തിൽ കുട്ടികളോടുകൂടി മരണധമ്മിയായ മനുഷ്യൻ (ഗൃഹസ്ഥൻ) എപ്രകാരം രമിക്കുന്നുവോ അതുപോലെയും പൂണ്ണമായി രമിച്ചാലും ഞങ്ങളാൽ നല്കപ്പെടുന്ന ഹവിസ്സിനാൽ തൃപ്തനായി വേറേ എങ്ങും പോകാതെ ഞങ്ങളിൽത്തന്നെ വസിച്ചാലും. (ഞങ്ങളുടെ ഹൃദയത്തിൽ രമിക്കുക എന്നതുകൊണ്ടു് ഞങ്ങളവിടുത്തെ എന്നും മറക്കാതിരിക്കുമാറാകണമെന്നും അത്ഥം)

14 യസ്തോമസഖ്യേതവ
രാരണദ്ദേവമർത്യഃ
തന്ദക്ഷസ്സചതേ കവിഃ

അന്വയം —

ഹേ ദേവ സോമ, തവ സഖ്യേ	— ത്വദീയേ സഖ്യേ നിമിത്തഭൂതേ സതി
യഃ മർത്യഃ രരണൽ	— മരണധർമ്മാ യഃ യജമാനഃ ഏതൽ സ്തോത്രരൂപേണ ത്വാം സ്തൗതി
തം (യജമാനം) കവിഃ, ദക്ഷഃ	— ക്രാന്തദർശീ, സർവ്വകാര്യസമർത്ഥഃ (ത്വം)
സചതേ	— സേവസേ, അനുഗൃഹ്ണാസി

അർത്ഥം—അല്ലയോ ദ്യോതമാനനായ സോമ, അവിടത്തെ സഖിത്വം കാരണമായി ഏതു മരണധർമ്മിയായ യജമാനൻ ഈ സ്തോത്രംകൊണ്ടവിടത്തെ സ്തുതിക്കുന്നുവോ, ആ യജമാനനെ സർവ്വകാര്യങ്ങളുടെയും അപ്പുറം കാണുന്നവനും, സർവ്വകാര്യസമർത്ഥനുമായ അവിടുന്ന് അനുഗ്രഹിക്കുന്നു

15 ഉരുഷ്യാണോ അഭിശസ്തേ
സ്സോമനിപാഹ്യംഹസഃ
സഖാസുശേവ ഏധിനഃ വ, 21

അന്വയം —

ഹേ സോമ, (ത്വം) നഃ	— അസ്മാൻ
അഭി—ശസ്തേഃ ഉരുഷ്യ	— അഭിശംസനാത്, അഭിശാപരൂപാന്നിന്ദനാൽ രക്ഷ

(തഥാ) അംഹസഃ നി
പാഹി — അസ്മൽ കൃതാൽ പാപാൽ
നിതരാംപാലയ

(ഏവമസ്മദീയം പാപം
പരിഹൃത്യ) സു—ശേവഃ
സഖാ — അസ്മഭ്യം ദാതവ്യേന ശോഭനേന
സുഖേന യുക്തസ്സുഖാസൻ

നഃ ഏധി — ഹിതകാരീഭവ

അൎത്ഥം—അല്ലയോ സോമ, അവിടുന്നു് ഹാനികരമായ നിന്ദയിൽ നിന്നു് ഞങ്ങളെ രക്ഷിച്ചാലും. അതുപോലെ ഞങ്ങളാൽ ചെയ്യപ്പെട്ട പാപത്തിൽ നിന്നു് തികച്ചും രക്ഷിച്ചാലും. പാപം പരിഹരിച്ചു് ഞങ്ങൾക്കു് തരേണ്ടും സുഖത്തോടു കൂടിയ സഖാവായി ഞങ്ങൾക്കു് ക്ഷേമകാരിയായി ഭവിച്ചാലും.

16 ആപ്യായസ്വസമേതുതേ
വിശ്വതസ്സോമ വൃഷ്ണ്യം
ഭവാവാജസ്യസങ്ഗഥേ

അന്വയം:—

ഹേ സോമ, (ത്വം) ആ
പ്യായസ്വ — വൎദ്ധസ്വ
തേ വൃഷ്ണ്യം — തവ വൃഷത്വം, വീൎയ്യം,
സാമൎത്ഥ്യം
വിശ്വതഃ സം ഏതു — സൎവ്വതസ്സംഗച്ഛതാം, ത്വയാ
സംയുക്തം ഭവതു
(ഏവം ഭൂതസ്ത്വം) വാജസ്യ
സം—ഗഥേ — അന്നസ്യ സംഗമനേ
ഭവ — (അസ്മാകമന്നപ്രദഃ) ഭവ

അർത്ഥം—അല്ലയോ സോമ, അവിടന്ന് വർദ്ധിച്ചാലും. അവിടത്തെ വീര്യം, ശക്തി അവിടത്തോട് ചേർന്നിരിക്കട്ടെ. (വേർപിരിയാതെ) അപ്രകാരമുള്ള അവിടന്ന് ഞങ്ങൾക്ക് അന്ന ലബ്ധിയ്ക്കായി (അന്നപ്രദനായി) ഭവിച്ചാലും.

17 ആപ്യായസ്വമദിന്തമ
സോമവിശ്വേഭിരംശുഭിഃ
ഭവാനസ്സുശ്രവസ്തമസ്സഖാ വൃധേ

അന്വയം:—

ഹേ മദിൻ—തമ, സോമ — അതിശയേന മദവൻ, സോമ,
വിശ്വേഭിഃ അംശു—ഭിഃ — സർവ്വൈഃ ലതാവയവൈഃ
ആ പ്യായസ്വ — ആസമന്താൽ വർദ്ധസ്വ
(സഃ ത്വം) സുശ്രവഃ—തമഃ — അതിശയേന ശോഭനാന്ന യുക്തസ്സൻ
നഃ വൃധേ സഖാ ഭവ — അസ്മാകം വർദ്ധനായ മിത്രീഭവ

അർത്ഥം—ഏററവും ഹർഷത്തോടുകൂടിയ സോമ, (ലതാരൂപനായ) അവിടന്ന് എല്ലാ അവയവങ്ങളാലും മുഴുക്കെ വളർന്നാലും. ആ അവിടന്ന് നല്ല അന്നത്തോടുകൂടി ഞങ്ങളുടെ മേന്മയ്ക്കായി ചങ്ങാതിയായി ഭവിച്ചാലും

18 സന്തേപയാംസി സമുയന്തുവാജാഃ
സംവൃഷ്ണ്യാന്യഭിമാതിഷാഹഃ
ആപ്യായമാനോ അമൃതായ സോമ
ദിവിശ്രവാംസ്യുത്തമാനി ധിഷ്വ

അന്വയം:—

ഹേ സോമ, അഭിമാതി—

സഹഃ തേ	—	അഭിമാതീനാം, ശത്രൂണാം ഹന്തുസ്തവ, ത്വാം
പയാംസി	—	ശ്രയണാർത്ഥാനി ക്ഷീരാണി
സം യന്തു	—	സംഗച്ഛന്താം
(തഥാ) വാജാഃ ഉ	—	ഹവിർല്ലക്ഷണാനി അന്നാനിച
(ത്വാം) സം	—	സംഗച്ഛന്തു
വൃഷ്ണ്യാനി സം	—	വീര്യാണി (ച) സംഗച്ഛന്താം
(ത്വം) ആ–പ്യായമാനഃ		
അമൃതായ	—	ആസമന്താൽ വർദ്ധമാനഃ അസ്മാകമമൃതത്വായ, അമരണത്വായ
ദിവി	—	നഭസി, സ്വർഗ്ഗേ
ഉൽ–തമാനി ശ്രവാംസി		
ധിഷ്വ	—	അസ്മാകംഭോക്തവ്യാനി ഉൽകൃഷ്ടാന്യന്നാനിധാരയ

അർത്ഥം—അല്ലയോ സോമ, ശത്രുഹന്താവായ അവിടത്തെ ഹവിസ്സിൽ ചേർക്കാനായി പാൽ വന്നുചേരട്ടേ. അതുപോലെ ഹവിരന്നങ്ങളും അവിടത്തേയ്ക്കെത്തിച്ചേരട്ടേ. അവിടന്നു് പ്രവൃദ്ധനായി ഞങ്ങൾക്കു് അമൃതത്വത്തിന്നായി, മരണമില്ലാത്ത സ്ഥിരത്വത്തിന്നായി, ദ്യോവിൽ ഞങ്ങൾക്കു് നല്ല അന്നങ്ങൾ ധരിച്ചുവെച്ചാലും.' (അമൃതത്വത്താൽ ഞങ്ങൾ സ്വർഗ്ഗത്തിൽ ചിരംജീവികളായിത്തീരുമെന്നാശയം)

19 യാതേധാമാനിഹവിഷായജന്തി
താതേവിശ്വാപരിഭൂരസ്തുയജ്ഞം
ഗയസ്ഫാനഃ പ്രതരണസ്സുവീരോ
വീരഹാപ്രചരാസോമദുര്യാൻ

അന്വയം'—

ഹേ സോമ, തേ
യാ ധാമാനി — ത്വദീയാനിയാനിദ്യുപ്രഭൃതിഷ്വ വസ്ഥിതാനിതേജാംസി
ഹവിഷാ യജന്തി — ചരുപുരോഡാശാദിനാ യജമാനാഃ പൂജയന്തി
താ തേ വിശ്വാ — ത്വദീയാനിതാനി സർവ്വാണി ധാമാനി
യജ്ഞം പരി-ഭൂഃ അസ്തു — അസ്മദീയമധ്വരം പരിതഃ പ്രാപ്താനിസന്തു
(താദൃശൈർദ്ധാമഭിരുപേതഃ)
ഗയ—സ്ഫാനഃ — ധനസ്യവർദ്ധയിതാ
പ്ര—തരണഃ — പ്രകർഷേണ ദുരിതാൽ താരയിതാ
സു—വീരഃ — ശോഭനൈർവ്വീരൈരുപേതഃ
അവീര—ഹാ — വീര്യാൽജായന്തേ ഇതിവീരാഃ പുത്രാഃ തേഷാം അഹന്താ
(ത്വം) ദുര്യാൻ — പ്രാചീനവംശലക്ഷണാൻ അസ്മദീയാൻ ഗൃഹാൻ
പ്ര ചര — പ്രകർഷേണഗച്ഛ

അർത്ഥം—അല്ലയോ സോമ, അവിടുത്തേതായി ദ്യോവിലും മററുമുള്ള ഏതേതു തേജസ്സുകളെ ചരുപുരോഡാശാദി ഹവിസ്സുകൾ കൊണ്ടു് യജമാനന്മാർ, പൂജിയ്ക്കുന്നുവോ, ആ എല്ലാ തേജസ്സുകളും ഞങ്ങളുടെ യാഗത്തിന്നുചുററും പ്രാപ്തങ്ങളായി ഭവിയ്ക്കട്ടെ അപ്രകാരമുള്ള തേജസ്സുകളോടുകൂടിയവനായി, പാപത്തിൽ നിന്നു് തികച്ചും കരകയററുന്നവനായി, നല്ല വീരന്മാരോടുകൂടിയവനായി, പുത്രന്മാരെ രക്ഷിയ്ക്കുന്നവനായ അവിടുന്നു് ഞങ്ങളുടെ പഴംമുളകൾകൊണ്ടു പണിത ഗൃഹങ്ങളിൽ വേണ്ടപോലെ വന്നാലും

20 സോമോധേനും സോമോ അർവ്വന്തമാശും
സോമോവീരങ്കർമ്മണ്യന്ദദാതി
സാദന്യം വിദഥ്യം സഭേയം
പിതൃശ്രവണം യോദദാശദസ്മൈ വ. 22

അന്വയം:–

യഃ (യജമാനഃ) ദദാശൽ	— സോമായ ഹവിർല്ലക്ഷണാന്യന്നാനിദദ്യാൽ
അസ്മൈ (യജമാനായ)	
സോമഃ ധേനും	— സവത്സാം ദോഗ്ദ്ധ്രീംഗാം
ദദാതി	— പ്രയച്ഛതി
(തഥാ) ആശും അർവ്വന്തം	— ശീഘ്രഗമനമശ്വം (ദദാതി)
(തഥാ) കർമ്മണ്യം	— ലൌകികകർമ്മസു കുശലം
സദന്യം	— സദനംഗൃഹം, തദർഹം, ഗൃഹകാര്യകുശലം
വിദഥ്യം	— വിദഥാഃ യജ്ഞാഃ, തദർഹം യജ്ഞാനുഷ്ഠാനപരം
സഭേയം	— സഭായാംസാധും, സകല ശാസ്ത്രാഭിജ്ഞം
പിതൃ–ശ്രവണം	— പിതാശ്രൂയതേ, പ്രഖ്യായതേ യേനപുത്രേണതാദൃശം
വീരം	— പുത്രം (ദദാതി)

അർത്ഥം–ഏതു യജമാനൻ സോമനായി ഹവിരന്നം കൊടുക്കുമോ, ആ യജമാനന്ന് സോമൻ കിടാവോടുകൂടിയ കറവുപശുവിനെ കൊടുക്കുന്നു. ഗതിവേഗമുള്ള കുതിരയെ കൊടുക്കുന്നു. അതുപോലെ ലൌകിക കർമ്മങ്ങളിൽ കുശലനും ഗൃഹകാര്യങ്ങളിൽ സമർത്ഥനും യജ്ഞാനുഷ്ഠാനങ്ങളിൽ തല്പരനും, സകല ശാസ്ത്രജ്ഞനായി സഭയിൽ ശോഭിക്കുന്നവനും, തന്റെ അച്ഛനെ പ്രസിദ്ധനാക്കുന്നവനുമായ പുത്രനെ കൊടുക്കുന്നു.

21 അഷാള്ഹംയുൽസുപൃതനാസുപപ്രിം

സ്വഷാമപ്സാം വൃജനസ്യ ഗോപാം

ഭരേഷുജാം സുക്ഷിതിം സുശ്രവസം

ജയന്തംത്വാമനുമദേമസോമ

അന്വയം:—

ഹേ സോമ, യുൽ–സു	— യുദ്ധേഷു
അഷാഹ്ളം	— ശത്രുഭിരനഭിഭവനീയം
(തഥാ) പൃതനാസു പപ്രിം	— സേനാസു ജയസ്യ പൂരയിതാരം
സ്വഃ–സാം	— സ്വർഗ്ഗസ്യ സനിതാരം, ദാതാരം
അപ്സാം	— വൃഷ്ട്യുദകാനാം ദാതാരം
വൃജനസ്യ ഗോപാം	— ബലസ്യ ഗോപയിതാരം, രക്ഷിതാരം
ഭരേഷു–ജാം	— യാഗേഷു പ്രാദുർഭവന്തം
സു–ക്ഷിതിം	— ശോഭന നിവാസസ്ഥാനം
സു–ശ്രവസം	— ശോഭനയശസ്കം
ജയന്തം	— ശത്രൂൻ അഭിഭവന്തം
ത്വാം അനു മദേമ	— അനുലക്ഷ്യഹർഷയുക്താഭവേമ

അർത്ഥം—അല്ലയോസോമ, യുദ്ധങ്ങളിൽ ശത്രുക്കളാൽ അജയ്യനും, സേനകളിൽ (സേനകളെക്കൊണ്ടു യുദ്ധംചെയ്യിച്ച്) ജയം പൂർത്തിയാക്കുന്നവനും, സ്വർഗ്ഗത്തെ കൊടുക്കുന്നവനും, മഴവെള്ളം പൊഴിയ്ക്കുന്നവനും, ശക്തിയുടെ രക്ഷിതാവും, യാഗങ്ങളിൽനിന്നുളവാകുന്നവനും, നല്ലനിവാസസ്ഥാനത്തോടുകൂടിയവനും മഹത്തായ കീർത്തിചേർന്നവനും, ശത്രുഞ്ജയനുമായ അവിടുത്തെ നോക്കി ഞങ്ങളാനന്ദിയ്ക്കുമാറാവൂ.

22 ത്വമിമാ ഓഷധീസ്സോമവിശ്വാ

സ്ത്വമപോ അജനയസ്ത്വംഗാഃ

ത്വമാതതന്ഥോർവ്വന്തരിക്ഷം

ത്വം ജ്യോതിഷാവിതമോവവർത്ഥ

അന്വയം:—

ഹേസോമ ത്വം ഇമാഃ	— ഭൂമ്യാം വർത്തമാനാഃ
വിശ്വാഃ ഓഷധീഃ	
അജനയഃ	— സർവ്വാഃ ഓഷധീഃ ഉൽപാദിതവാനസി
(തഥാ) ത്വം അപഃ	— ഓഷധീനാം കാരണഭൂതാനി വൃഷ്ട്യുദകാനി (അജനയഃ)
(തഥാ) ത്വം ഗാഃ	— പശൂൻ (ഉദപാദയഃ)
ഉരു അന്തരിക്ഷം ത്വം	
ആ തതന്ഥ	— വിസ്താരിതവാനസി
(തസ്മിൻ അന്തരിക്ഷേ	
യൽ) തമഃ	— ദൃഷ്ടിനിരോധകമന്ധകാരം
(തദപി) ത്വം ജ്യോതിഷാ	— ആത്മീയേന പ്രകാശേന
വി വവർത്ഥ	— വിവൃതം, വിനഷ്ടംകൃതവാനസി

അർത്ഥം—അല്ലയോ സോമ, ഭൂമിയിലുള്ള എല്ലാവിധ സസ്യാദികളെയും അവിടുന്നാണ് മുളപ്പിച്ചത്. അതുപോലെ ആ സസ്യാദികൾക്ക് ആശ്രയഭൂതമായ മഴവെള്ളത്തെ അവിടുന്നാണുൽപാദിപ്പിച്ചത്. അവിടുന്നാണ് പശുക്കളെ ജനിപ്പിച്ചതു്, അവിടുന്നാണ് അന്തരിക്ഷത്തെ വിസ്തീർണ്ണമാക്കിയതു്. ആ അന്തരിക്ഷത്തിൽ കാഴ്ചമുടക്കുന്ന ഇരുട്ടിനെ സ്വകീയപ്രകാശംകൊണ്ടു് അകററിയതും അവിടുന്നാണ്.

23 ദേവേനനോമനസാ ദേവസോമ
രായോഭാഗംസഹസാവന്നഭിയുധ്യ
മാത്വാതനദീശിഷേവീര്യസ്യോ
ഭയേഭ്യഃ പ്രചികിത്സാഗവിഷ്ടൗ വ. 23

അന്വയം:–

ഹേ ദേവ, സഹസാ–വൻ,

സോമ	— ദ്യോതമാന, ബലവൻസോമ
ദേവേന മനസാ	— ദ്യോതമാനയാ ത്വദീയയാബുദ്ധ്യാ
രായഃ ഭാഗം	— ധനസ്യാംശം
നഃ അഭി യുധ്യ	— അസ്മാനഭിലക്ഷ്യപ്രേരയ
ത്വാ മാ ആ തനൽ	— താദൃശം ത്വാം കശ്ചിദപിശത്രുഃ ക്ലേശേന ആതതംമാ കാഷീൽ, മാഹിംസീൽ
ഉഭയേഭ്യഃ	— ഉഭയേഷാം യുദ്ധ്യമാനാനാം സംബന്ധിനഃ
വീരസ്യ (ത്വം)	
ഈശിഷേ	— ഈശ്വരോ ഭവസി
(സഃ ത്വം) ഗോ–ഇഷ്ടൌ	— സംഗ്രാമേ
പ്ര ചികിത്സ	— അസ്മദീയമുപദ്രവം പരിഹര

അർത്ഥം–പ്രകാശമാനനം, 'ബലവാനമായ സോമ, ദ്യോതമാനമായ അവിടത്തെ (അനുഗ്രഹ) ബുദ്ധികൊണ്ട് ഐശ്വര്യത്തിന്റെ അംശം ഞങ്ങാംക്കുനേരെ അയച്ചാലും. അപ്രകാരമുള്ള അവിടത്തെ ഒരു ശത്രുവും കഷ്ടപ്പെടുത്താതിരിക്കട്ടെ, ഹിംസിക്കാതിരിക്കട്ടെ. (ഈപ്പറഞ്ഞതു് രാഹുകേതുക്കളെ ഉദ്ദേശി

ച്ചാണ്.) യുദ്ധത്തിൽ പൊരുതുന്ന ഇരുഭാഗക്കാരുടേയും ബലത്തിന്ന് ഈശ്വരൻ അവിടുന്നാകുന്നു. ആ അവിടുന്ന് യുദ്ധത്തിൽ ഞങ്ങൾക്കുപദ്രവമില്ലാതാക്കിയാലും.

വർഗ്ഗം 24, 25, 26, 27 ജഗത്യൃഷ്ണിക് ത്രിഷ്ടുപ്ഛന്ദാംസി ഉഷാഃ അശ്വിനൌച ദേവതാ.

1 ഏതാഉത്യാ ഉഷസഃകേതുമക്രത
പൂർവ്വേ അർദ്ധേ രജസോ ഭാനുമഞ്ജതേ
നിഷ്കൃണ്വാനാ ആയുധാനീവധൃഷ്ണവഃ
പ്രതിഗാവോരുഷീര്യന്തിമാതരഃ

അന്വയം:—

ത്യാഃ ഏതാഃ ഉഷസഃ — താഃ പ്രഭാതകാലാഭിമാനിന്യോ ദേവതാഃ
കേതും — അന്ധകാരാവൃതസ്യ ജഗതഃ പ്രജ്ഞാപകം പ്രകാശം
ഉ അക്രത — അകൃഷത, കൃതവത്യഃ
(തസ്മാൽ ഉഷസഃ) രജസഃ — അന്തരിക്ഷ ലോകസ്യ
പൂർവ്വേ അർദ്ധേ — പ്രാചീനദിക്ഭാഗേ
ഭാനും അഞ്ജതേ — പ്രകാശാ വ്യക്തീ കുർവ്വന്തി
ധൃഷ്ണവഃ — ധർഷണശീലായോദ്ധാരഃ
ആയുധാനി—ഇവ — യഥാ അസിപ്രഭൃതിന്യായുധാനി സംസ്കുർവ്വന്തി
(തഥാ) നിഃ—കൃണ്വാനാഃ — സ്വഭാസാജഗൽ സംസ്കുർവ്വാണാഃ
ഗാവഃ, അരുഷീഃ — ഗമനസ്വഭാവാഃ, ആരോചമാനാഃ
മാതരഃ പ്രതി യന്തി — ജഗജ്ജനന്യഃ പ്രതിദിവസം ഗച്ഛന്തി

അർത്ഥം—പ്രസിദ്ധകളായ ഈ പ്രഭാതാഭിമാനദേവതകൾ, ഉഷസ്സുകൾ ഇരുട്ടുകൊണ്ടുമൂടിയ ജഗത്തിന്ന് തിരിച്ചറിയാനുള്ള വെളിച്ചമുണ്ടാക്കി. ആ ഉഷസ്സുകൾ അന്തരിക്ഷത്തിന്റെ കിഴക്കേദിക്കിൽ വെളിച്ചം അലങ്കരിയ്ക്കുന്നു, പരത്തുന്നു. കൂസലില്ലാത്ത പടയാളികൾ വാൾ മുതലായ ആയുധങ്ങൾ എടുത്തുതുടയ്ക്കുന്നപോലെ, സ്വന്തം പ്രകാശംകൊണ്ട് സംസ്കരിക്കുന്നവരും, ഗമനശീലകളും, പ്രകാശവതികളുമായ ഈ ജഗജ്ജനനികൾ (ഉഷസ്സുകൾ) ദിവസംപ്രതി വന്നുചേരുന്നു.

2 ഉദപപ്തന്നരുണാ ഭാനവോ വൃഥാ
സ്വായുജോ അരുഷീർഗ്ഗാ അയുക്ഷത
അക്രന്നുഷാസോ വയുനാനി പൂർവ്വഥാ
രുശന്തം ഭാനുമരുഷീരശിശ്രയുഃ

അന്വയം:—

അരുണാഃ ഭാനവഃ — ആരോചമാനാഃ ഔഷസ്യോദീപ്തയഃ
വൃഥാ ഉത് അപപ്തൻ — അനായാസേന, സ്വയമേവ ഉദഗമൻ
(തദനന്തരം) ഉഷസഃ
സു-ആയുജഃ — സുഖേനരഥേ ആയോക്തും ശക്യാഃ
അരുഷീഃ ഗാഃ — ശുക്ലവർണ്ണാശ്ചബലീവർദ്ദാഃ
അയുക്ഷത — സ്വരഥേയോജയൻ
(ഏവം ഗോഭിര്യുക്താം രഥമാരുഹ്യ) പൂർവ്വ—ഥാ — അതീതേഷ്വഹസ്സ്വിവ
വയുനാനി അക്രൻ — സർവ്വേഷാം പ്രാണിനാം ജ്ഞാനാനി അകാർഷുഃ
(ഉഷസിഹിസർവ്വേ പ്രാണിനഃ ജ്ഞാനയുക്താഭവന്തി)

(തദനന്തരം) അരുഷീഃ — ആരോചമാനാഃ (ഉഷസഃ)
രുശന്തം ഭാനം — ശുഭ്രവർണ്ണം സൂര്യം
അശിശ്രയുഃ — അസേവന്ത, തേനസഹ ഏകീഭവന്തി

അർത്ഥം—പ്രകാശമാനങ്ങളായ ഔഷസ്യ (ഉഷസ്സിൻെറ) ദീപ്തികഠം അനായാസമായി, സ്വയം ഉദിച്ചുവരുന്നു. പിന്നെ ഉഷസ്സുകഠം, വിഷമം കൂടാതെ തേരിൽ പൂട്ടാവുന്ന വെളുത്ത പശുക്കളെ പൂട്ടി, ആ തേരിൽ കയറി എല്ലാ പ്രാണികഠംക്കും ചേതനയുണ്ടാക്കുന്നു. (ഉഷഃകാലത്താണല്ലൊ ഉറങ്ങിക്കിടന്ന പ്രാണികളുടെ ചേതന ഉണരുന്നതു്) പിന്നെ പ്രഭാവതികളായ ഉഷസ്സുകഠം ശുഭ്രവർണ്ണനായ ആദിത്യനെ സേവിക്കുന്നു, ആദിത്യനോടു് ചേന്നു് ലയിച്ചു് ഒന്നാകുന്നു. ("അരുണോഗാവ ഉഷസാം" എന്ന പ്രമാണ പ്രകാരം ഉഷസ്സിൻെറ വാഹനങ്ങഠം വെള്ളപ്പശുക്കളാണു്. ആദ്യംവരുന്ന രശ്മികളെന്നും എടുക്കാം).

3 അച്ചന്തിനാരീരപസോനവിഷ്ടിഭി
സ്സമാനേനയോജനേനാപരാവതഃ
ഇഷംവഹന്തീസ്സുകൃതേ സുദാനവേ
വിശ്വേദഹയജമാനായസുന്വതേ

അന്വയം—

നാരീഃ — നേത്ര്യഃ ഉഷസഃ
സു—കൃതേ — ശോഭനസ്യകർമ്മണഃ കർത്രേ
സുന്വതേ — സോമാഭിഷവം കുർവ്വതേ
സു—ദാനവേ — ഋത്വിഗ്ഭ്യഃ കല്യാണദക്ഷിണാഃ ദദതേ

അത്ഥം—പ്രസിദ്ധകളായ ഈ പ്രഭാതാഭിമാനദേവതകൾ, ഉഷസ്സുകൾ ഇരുട്ടുകൊണ്ടുമൂടിയ ജഗത്തിന്നു് തിരിച്ചറിയാനുള്ള വെളിച്ചമുണ്ടാക്കി ആ ഉഷസ്സുകൾ അന്തരിക്ഷത്തിൻെറ കിഴക്കേദിക്കിൽ വെളിച്ചം അലങ്കരിയ്ക്കുന്നു, പരശ്ശതം കുസലില്ലാത്ത പടയാളികൾ വാൾ മുതലായ ആയുധങ്ങൾ എടുത്തുതുടയ്ക്കുന്നപോലെ, സ്വന്തം പ്രകാശംകൊണ്ടു് സംസ്കരിക്കുന്നവരും, ഗമനശീലകളും, പ്രകാശവതികളുമായ ഈ ജഗജ്ജനനികൾ (ഉഷസ്സുകൾ) ദിവസംപ്രതി വന്നുചേരുന്നു

2 ഉദപപ്തന്നരുണാഭാനവോ വൃഥാ
സ്വായുജോ അരുഷീർഗ്ഗാ അയുക്ഷത
അക്രന്നുഷാസോവയുനാനിപൂവ്വഥാ
രുശന്തം ഭാനമരുഷീരശിശ്രയുഃ

അന്വയം —

അരുണാഃ ഭാനവഃ — ആരോചമാനാഃ ഔഷസ്യോദീപ്തയഃ
വൃഥാ ഉൽ അപപ്തൻ — അനായാസേന, സ്വയമേവ ഉദഗമൻ
(തദനന്തരം) ഉഷസഃ
സു—ആയുജഃ — സുഖേനരഥേ ആയോക്തും ശക്യാഃ
അരുഷീഃ ഗാഃ — ശുഭ്രവർണ്ണാശ്ചതുഷ്പദീർഗ്ഗാഃ
അയുക്ഷത — സ്വരഥേയോജയൻ
(ഏവം ഗോഭിര്യുക്താം രഥമാരുഹ്യ) പൂവ്വ—ഥാ — അതീതേഷ്വഹസ്സിവ
വയുനാനി അക്രൻ — സവ്വേഷാം പ്രാണിനാം ജ്ഞാനാനി അകാർഷുഃ
(ഉഷസിഹിസവ്വേപ്രാണിനഃ ജ്ഞാനയുക്താഭവന്തി)

(തദനന്തരം) അരുഷീഃ — ആരോചമാനാഃ (ഉഷസഃ)
രുശന്തം ഭാനം — ശുഭ്രവർണ്ണം സൂര്യം
അശിശ്രയുഃ — അസേവന്ത, തേനസഹ ഏകീഭവന്തി

അർത്ഥം—പ്രകാശമാനങ്ങളായ ഔഷസ്യ (ഉഷസ്സിന്റെ)-ദീപ്തികൾ അനായാസമായി, സ്വയം ഉദിച്ചുവരുന്നു പിന്നെ ഉഷസ്സുകൾ, വിഷമം കൂടാതെ തേരിൽ പൂട്ടാവുന്ന വെളുത്ത പശുക്കളെ പൂട്ടി, ആ തേരിൽ കയറി എല്ലാ പ്രാണികൾക്കും ചേതനയുണ്ടാക്കുന്നു (ഉഷഃകാലത്താണല്ലൊ ഉറങ്ങിക്കിടന്ന പ്രാണികളുടെ ചേതന ഉണരുന്നതു്) പിന്നെ പ്രഭാവതികളായ ഉഷസ്സുകൾ ശുഭ്രവർണ്ണനായ ആദിത്യനെ സേവിക്കുന്നു, ആദിത്യനോടു് ചേർന്നു് ലയിച്ചു് ഒന്നാകുന്നു. (''അരുണോഗാവ ഉഷസാം'' എന്ന പ്രമാണ പ്രകാരം ഉഷസ്സിന്റെ വാഹനങ്ങൾ വെള്ളപ്പശുക്കളാണു് ആദ്യംവരുന്ന രശ്മികളെന്നും എടുക്കാം).

3 അർച്ചന്തിനാരീരപസോനവിഷ്ടിഭി
സ്സമാനേനയോജനേനാപരാവതഃ
ഇഷംവഹന്തീസ്സുകൃതേ സുദാനവേ
വിശ്വേദഹയജമാനായസുന്വതേ

അന്വയം'—

നാരീഃ — നേത്ര്യഃ ഉഷസഃ
സു—കൃതേ — ശോഭനസ്യകർമ്മണഃ കർത്രേ
സുന്വതേ — സോമാഭിഷവം കുർവ്വതേ
സു—ദാനവേ — ഋത്വിഗ്ഭ്യഃ കല്യാണദക്ഷിണാഃ ദദതേ

യജമാനായ വിശ്വാ

ഇൽ അഹ — സർവ്വമേവ

ഇഷം വഹന്തീഃ — അന്നമാവഹന്ത്യഃ, പ്രയച്ഛന്ത്യഃ

വിഷ്ഠി-ഭിഃ — നിവേശകൈഃ

സ്വകീയൈരഞ്ജോഭിഃ

സമാനേന യോജനേന — ഏകേനൈവോദ്യോഗേന

ആ പരാ-വതഃ — ആ ദൂരദേശാൽ

അപസഃ ന — യുദ്ധകർമ്മോപേതാഃ പുരുഷാഃ

യഥാസ്വകീയൈരായുധൈഃ

ധാടീമുഖേന സർവ്വംദേശം

വ്യാപ്നുവന്തി തഥാ

അച്ഛന്തി — നഭഃ പ്രദേശം പൂജയന്തി,

കൃൽസ്നം ജഗൽ യുഗപദേവ

വ്യാപ്നുവന്തി

അർത്ഥം—(കാലത്തെമുന്നോട്ട്) നയിയ്ക്കുന്നവരായ ഉഷസ്സു കരം സൽക്കർമ്മിയും, സോമം സംസ്കരിയ്ക്കുന്നവനും, ഋത്വി ക്കുകൾക്ക് നല്ല ദക്ഷിണകൊടുക്കുന്നവനുമായ യജമാനന്ന്, അന്നമേന്തിക്കൊണ്ട് എങ്ങും ചിതറിയ തേജസ്സുകളോടുകൂടി ഏകപരിശ്രമത്തിൽ ദൂരദിക്കിൽ നിന്നുവരുന്നു. ഒരു യോ ദ്ധാവ് തന്റെ ആയുധങ്ങളോടുകൂടി ശത്രുക്കളെ എതിക്കാറ നാടടക്കം എത്തുന്നപോലെ ആകാശദേശം മുഴുവൻ അവർ വ്യാ പിയ്ക്കുന്നു.

4 അധിപേശാംസിവപതേനൃതൂരിവാ

പോർണ്ണുതേവക്ഷ ഉസ്രേവ ബർജ്ജഹം

ജ്യോതിർവ്വിശ്വസ്മൈ ഭുവനായ കൃണ്വതീ

ഗാവോനവ്രജം വ്യുഷാ ആവർത്തമഃ

അന്വയം:-

ഉഷാഃ പേശാംസി	— ജഗൽസ്വാച്ഛ്രിഷ്ഠാനി കൃഷ്ണവർണ്ണാനി തമാംസി
നൃതുഃ—ഇവ	— നൃത്യന്തീയോഷിദിവ
അധി വപതേ	— സ്വാത്മന്യധികം ധാരയതി
(ഏവം പ്രഥമതഃ അന്ധകാരം സ്വകിരണൈർന്നിരസ്യ)	
ബജ്ജഹം	— പയസഃ ഉൽപത്തിസ്ഥാനം (ദോഹനസമയേ)
ഉസ്രാ—ഇവ	— ഗോഃ യഥാ ആവിഷ്കരോതി തദ്വൽ
വക്ഷഃ അപ ഊർണ്ണുതേ	— തമസാ അനാച്ഛാദിതം കരോതി, സ്വയമാവിർഭവതി
(ഏവമുക്തപ്രകാരേണ)	
ഗാവഃ ന വ്രജം	— യഥാഗാവഃ സ്വകീയം ഗോഷ്ഠം സ്വയമേവശീഘ്രം പ്രാപ്നുവന്തി തഥാ പ്രാചീംദിശംപ്രാപ്യ
വിശ്വസ്മൈ ഭുവനായ	— സർവ്വസ്മൈലോകായ
ജ്യോതിഃ കൃണ്വതീ	— പ്രകാശംകുർവ്വതീ (ഉഷാഃ)
തമഃ വി ആവഃ	— വിവൃതം, അപച്ഛ്രിഷ്ടമകരോൽ

അർത്ഥം—ജഗത്തിനെ മൂടിയ കറുത്ത ഇരുട്ടിനെ നീക്കി നൃത്യംചെയ്യുന്ന ഒരു തരുണി (സ്വവേഷ ഭൂഷാദികളെക്കൊണ്ടു്) പ്രകാശവതിയാകുന്നപോലെ ഉഷസ്സ് സ്വാത്മാവിങ്കൽ അധികതേജസ്സുധരിക്കുന്നു. അപ്രകാരം ആദ്യം ഇരുട്ടുനീക്കി, കറവുസമയത്തു് അകിടുകാട്ടുന്ന പശുപോലെ, തന്റെ മാറിടം കാട്ടി ഇരുട്ടില്ലാതാക്കുന്നു. പശുക്കൾ സ്വന്തം തൊഴുത്തിൽ സ്വയം വേഗമണയുന്നപോലെ, ലോകത്തിനു മുഴുവനായിക്കൊണ്ടു് പ്രകാശം പരത്തി ഉഷസ്സ് കിഴക്കുദിക്കിൽ ആവിർഭവിക്കുന്നു, തമസ്സിനെ അകററുന്നു.

5 പ്രത്യർച്ചീരുശദസ്യാ അദർശി
വിതിഷ്ഠതേബാധതേകൃഷ്ണമഭ്വം
സ്വരുന്നപേശോവിദഥേഷ്വഞ്ജ
ഞ്ചിത്രന്ദിവോദുഹിതാഭാനമശ്രേൽ വ. 24

അന്വയം:—

അസ്യാഃ (ഉഷസഃ)
രുശൽ അർച്ചിഃ — ദീപ്യമാനം തേജഃ
പ്രതി അദർശി — സർവൈഃ പൂർവ്വസ്യാംദിശി പ്രഥമതോദൃശ്യതേ
വി തിഷ്ഠതേ — സർവ്വാസുദിക്ഷുവിവിധമവതിഷ്ഠതേ, വ്യാപ്നോതി
(സർവ്വദിശോവ്യാപ്യ)
അഭ്വം — അതിശയേനവിപുലം, മഹൽ
കൃഷ്ണം ബാധതേ — കൃഷ്ണവർണ്ണമന്ധകാരം അപസാരയതി
വിദഥേഷു സ്വരും ന — സ്വരുനാമ്നാശകലേനയുക്തം യൂപം ആജ്യേനയഥാ അധ്വര്യവഃ
അഞ്ജൻ — അഞ്ജന്തിതദ്വൽ (നഭസിസ്വകീയം)
പേശഃ — രൂപം (ഉഷാഃ അനക്തി, സംശ്ലിഷ്ടം കരോതി)
(തദനന്തരം) ചിത്രം ഭാനം — ചായനീയം സൂര്യം
ദിവഃ ദുഹിതാ അശ്രേൽ — ദ്യുലോകാദുൽപന്നോഷാഃ അസേവത

അർത്ഥം—ആ ഉഷസ്സിന്റെ തിളങ്ങുന്ന തേജസ്സ് എല്ലാവരാലും കിഴക്കുദിക്കിൽ ഒന്നാമതായി കാണപ്പെടുന്നു. ആ പ്രകാശം എല്ലാ ദിക്കുകളിലും വിവിധം വ്യാപിക്കുന്നു. അങ്ങിനെ സർവ്വത്രവ്യാപിച്ച് പരന്നുപിടിച്ചതും, കനത്തതും കറുത്തതുമായ ഇരുട്ടിനെ അകറ്റുന്നു. യജ്ഞങ്ങളിൽ സ്വരു എന്നപേരാ ശകലത്തോടുകൂടിയ യൂപത്തെ നെയ്യുകൊണ്ട് അദ്ധ്വര്യക്ക

മിന്നപ്പിയ്ക്കുന്നപോലെ, ആകാശത്തിലാകെ ഉഷസ്സ് സ്വന്തം രൂപം (വെളിച്ചം) ചേർക്കുന്നു. അതിനുശേഷം സ്വർഗ്ഗപുത്രിയായ ഉഷസ്സ് മോഹനനായ സൂര്യനെ സേവിച്ച് (ആ സൂര്യങ്കൽ) ലയിയ്ക്കുന്നു.

6 അതാരിഷ്മതമസസ്പാരമസ്യോ
ഷാ ഉച്ഛന്തീവയുനാകൃണോതി
ശ്രിയേഛന്ദോനസ്മയതേ വിഭാതീ
സുപ്രതീകാസൌമനസായാജീഗഃ

അന്വയം:—

അസ്യ (നൈശസ്യ)

തമസഃ പാരം	— സമാപ്തിപ്രദേശം
അതാരിഷ്മ	— ഉത്തീർണ്ണാ അഭൂമ
(അനന്തരം) ഉച്ഛന്തീ	— നൈശന്തമോ വർജ്ജയന്തീ
ഉഷാഃ വയുനാ കൃണോതി	— വയുനാനി, സർവ്വേഷാം പ്രാണിനാം ജ്ഞാനാനി നിർമ്മിമീതേ
ശ്രിയേ ഛന്ദഃ ന	— സമ്പദർത്ഥം ഉപച്ഛന്ദയിതാ വശീകരണേ സമർത്ഥഃ ആഢ്യസമീപം പ്രാപ്യതൽ പ്രിയാർത്ഥം
സ്മയതേ	— ഹസതി (ഏവം)
വി–ഭാതീ	— വിശിഷ്ടപ്രകാശം കുർവ്വതീ
സു–പ്രതീകാ	— പ്രകാശരൂപവപുഷാ ശോഭനാംഗീ സതീ
സൌമനസായ	— സർവ്വേഷാം സൌമനസ്യായ
അജീഗഃ	— അന്ധകാരം ക്ഷേപിതവതീ

അൎത്ഥം—രാവിരുട്ടിന്റെ അവസാനഭാഗം കടന്നുകഴിഞ്ഞു. പിന്നെ ഇരുട്ടകററുന്ന ഉഷസ്സ് എല്ലാ പ്രാണികൾക്കും ജ്ഞാനങ്ങളുണ്ടാക്കുന്നു ഒരു മുഖസ്തുതിസമൎത്ഥൻ പണക്കാരന്റെ മുമ്പിൽ അവന്റെ പ്രീതിനേടി പണം കിട്ടാൻ ചിരിക്കുന്ന പോലെ, പ്രകാശരൂപയായ ഈ സുന്ദരി, ഉഷസ്സ് എല്ലാവൎക്കും മാനസോല്ലാസത്തിന്നായി ഇരുട്ടിനെ വിഴുങ്ങുന്നു.

7 ഭാസ്വതീനേത്രീ സൂനൃതാനാം
ദിവസ്സ്തവേ ദുഹിതാ ഗോതമേഭിഃ
പ്രജാവതോ നൃവതോ അശ്വബുധ്യാ
ഉഷോ ഗോഅഗ്രാ ഉപമാസി വാജാൻ

അന്വയം —

ഭാസ്വതീ	— തേജസ്വിനീ
സൂനൃതാനാം നേത്രീ	— പ്രിയസത്യാത്മികാനാം വാചാംപ്രണേത്രീ, കാരയിത്രീ
ദിവഃ ദുഹിതാ	— ദ്യുലോകാദുത്പന്നോഷാഃ
ഗോതമേഭിഃ സ്തവേ	— ഋഷിഭിരസ്മാഭിസ്തൂയതേ
ഹേ ഉഷഃ (അസ്മാഭിസ്തുതാത്വം)	
പ്രജാ—വതഃ	— പ്രജാഭിഃ, പുത്രപൌത്രാദിഭിര്യുക്താൻ
നൃ—വതഃ	— ദാസലക്ഷണൈൎന്നൃഭിരുപേതാൻ
അശ്വ—ബുധ്യാൻ	— അശ്വമൂലാൻ
ഗോ—അഗ്രാൻ	— അഗ്രേ, പ്രമുഖേഗോഭിര്യുക്താൻ
വാജാൻ ഉപ മാസി	— പ്രയച്ഛ

അൎത്ഥം—തേജസ്വിനിയും, പ്രിയവും സത്യവുമായ വാക്കുകളെ പ്രേരിപ്പിക്കുന്നവളും, സ്വൎഗ്ഗപുത്രിയുമായ ഉഷസ്സ് ഗോതമകുലജന്മാരായ നമ്മളാൽ സ്തുതിക്കപ്പെടുന്നു അല്ലയോ ഉഷസ്സേ, ഞങ്ങളാൽ സ്തുതിക്കപ്പെടുന്ന അവിടുന്ന് പുത്രപൌത്രാദി സന്താനവൃദ്ധിയോടും, സഹായികളായ ജനങ്ങളോടും, അന്ന

മൂലങ്ങളായ കതിരകളോടും (കതിരകളെ പാടങ്ങളിൽ പൂട്ടുന്നതുകൊണ്ടാണ് അന്നമൂലങ്ങളെന്നു പറയുന്നതു്.) മുമ്പിൽ നില്ക്കുന്ന പശുക്കളോടും കൂടിയ പുഷ്ടികൾ തന്നരുളണം. (1) സത്യപ്രിയവാക്കുകളുടെ പ്രണേത്രി എന്നതുകൊണ്ടു് പ്രഭാതത്തിൽ ആദ്യം ചൊല്ലുക മന്ത്രങ്ങളാണല്ലോ എന്നും രാവിലെ നല്ലവാക്കുകൾ പറയാൻ കൂട്ടതലിടയുണ്ടു് എന്നും കാണുക. (2) അന്നങ്ങൾ (വാജങ്ങൾ) എന്നതുകൊണ്ടു് ക്ഷേമം, പുഷ്ടികൾ എന്നെ അർത്ഥമാക്കേണ്ടതുള്ളു.

8 ഉഷസ്തമശ്യാംയശസംസുവീരം
ദാസപ്രവർഗ്ഗംരയിമശ്വബുധ്യം
സുദംസസാശ്രവസായാവിഭാസി
വാജപ്രസൂതാസുഭഗേബൃഹന്തം

അന്വയം:—

ഹേ സു—ഭഗേ, ഉഷഃ,

സു—ദംസസാ	—	ശോഭനേന കർമ്മണായുക്തേന
ശ്രവസാ	—	ശ്രവണീയേന സ്തോത്രേണ പ്രീതാത്വം
വാജ—പ്രസൂതാ	—	അസ്മഭ്യം ദത്താന്നാസതീ
ബൃഹന്തം	—	പ്രൌഢം
യാ രയിം	—	യം രയിം, ധനം
വി—ഭാസി	—	വിശേഷേണ പ്രകാശയസി
യശസം	—	യശസാ, കീർത്ത്യായുക്തം, സർവ്വൈഃ പ്രശസ്യം
സു—വീരം	—	ശോഭനൈർവ്വീരൈഃ പുത്രാദിഭിര്യുക്തം
ദാസ—പ്രവർഗ്ഗം	—	അനേകൈർഭൃത്യൈരുപേതം
അശ്വ—ബുധ്യം	—	അശ്വാഃ ബോദ്ധവ്യാഃ യേന ധനേന താദൃശം
തം (രയിം) അശ്യാം	—	പ്രാപ്നയാം

അത്ഥം—ശോഭനധനയായ ഉഷസ്സേ, സമ്ഭ്രമത്തോടുകൂടിയ, ശ്രവണസുഖമായ സ്തോത്രത്താൽ സന്തുഷ്ടയായ അവിടുന്ന് ഞങ്ങാംക്ക് അന്നദാത്രിയായി മഹത്തായ ഏതുധനത്തെ തിളക്കിക്കാട്ടുന്നുവോ, കീത്തികൊണ്ട് എല്ലാവരാലും പ്രശംസനീയവും സൽപുത്രാദി സന്താനങ്ങളോടുകൂടിയതും നാനാഭൃത്യരോടുകൂടിയതും കുതിരകളെ രക്ഷിയ്ക്കാൻ മതിയായതുമായ ആ ധനം ഞങ്ങാം പ്രാപിച്ചാവൂ (ഇവിടെയും ധനത്തിന്ന് ക്ഷേമമെന്നത്ഥം)

9 വിശ്വാനിദേവീ ഭുവനാഭിചക്ഷ്യാ
പ്രതീചീചക്ഷുരുവ്വിയാവിഭാതി
വിശ്വംജീവംചരസേബോധയന്തീ
വിശ്വസ്യ വാചമവിദന്മനായോഃ

അന്വയം —

ദേവീ	— ദ്യോതമാനോഷാഃ
വിശ്വാനി ഭുവനാ	— സവ്വാണി ഭുവനാനി, ഭൂതജാതാനി
അഭി—ചക്ഷ്യ	— അഭിപ്രകാശ്യ, പ്രകാശവന്തി കൃത്വാ
(അനന്തരം) പ്രതീചീ ചക്ഷുഃ	— പ്രത്യങ്മുഖീ സതീ, പ്രകാശേന, തേജസാ
ഉവ്വിയാ വി ഭാതി	— ഉവ്വീ, വിസ്തീണ്ണാസതീ, പ്രകാശതേ
(അപിച) വിശ്വം ജീവം	— സവ്വം പ്രാണിജാതം
ചരസേ ബോധയന്തീ	— ചരണായ, സ്വസ്വവ്യാപാരേഷു പ്രവത്തനായ, നിദ്രാതസ്സകാശാൽ ഉൽബോധയന്തീ

വിശ്വസ്യ മനായോഃ — സവ്വസ്യമനസായുക്തസ്യ വാഗവ്യവഹാരസമത്ഥസ്യ, പ്രാണിജാതസ്യയാവാഗസ്തിതാം
വാചം അവിദൽ — അലഭത, അതഃ ഉഷസഃ സൂനൃതാവതീസംജ്ഞോപപന്നാ

അത്ഥം–പ്രകാശവതിയായ ഉഷസ്സ് ഭുവനത്തെ, ചരാചരങ്ങളെ മുഴവൻ പ്രകാശിപ്പിച്ചശേഷം മുഖംതിരിച്ച് തന്റെ തേജസ്സുകൊണ്ട് വിസ്തൃതയായ ഭൂമിയെ തെളിയിക്കുന്നു. കൂടാതെ, എല്ലാ പ്രാണിസമൂഹങ്ങളെയും സ്വസ്വവ്യാപാരങ്ങളുടെ പ്രവൎത്തനത്തിന്നായി ഉണൎത്തി, മനസ്സോടുകൂടി, ആ പ്രാണിസമൂഹങ്ങൾ ഉച്ചരിക്കുന്ന വാക്കേതോ, അതറിയുന്നു, നേടുന്നു. (ഉഷസ്സ് സൂനൃതവതിയാണെന്ന് മുമ്പു പറഞ്ഞതിന്ന് ഇതു് ഔചിത്യം കുറിക്കുന്നു.)

10 പുനഃ പുനൎജ്ജായമാനാപുരാണീ
സമാനംവൎണ്ണമഭിശുംഭമാനാ
ശ്വഘ്നീവകൃത്നുൎവ്വിജആമിനാനാ
മൎത്തസ്യദേവീജരയന്ത്യായുഃ വ. 25

അന്വയം:—

പുനഃ–പുനഃ ജായമാനാ — പ്രതിദിവസം സൂര്യോദയാൽ പൂൎവ്വംപ്രാദുർഭവന്തീ
പുരാണീ — ചിരന്തനീ, നിത്യാ
സമാനം വൎണ്ണം അഭി
ശുംഭമാനാ — ഏകമേവരൂപം പ്രാപ്യശോഭമാനാ
ദേവീ — ദേവനശീലോഷാഃ
മൎത്ത്യസ്യ ആയുഃ — മരണധൎമ്മണഃ, സൎവ്വസ്യ പ്രാണിജാതസ്യ ആയുഃ
കൃത്നുഃ ശ്വഘ്നീ–ഇവ — കൎത്തനശീലാവ്യാധസ്ത്രീവ

വിജഃ ആ—മിനാനാ — ചലതഃ പക്ഷിണഃ പക്ഷാദി
സായധാഛേദേനഹിംസന്തീ
തേഷാമായുർജ്ജരയതീതതാൽ

ജരയന്തീ — ഊനയന്തീ (വത്തതേ)

അത്ഥം—ദിവസംപ്രതി സൂര്യോദയത്തിന്നുമുമ്പ് വീണ്ടും വീണ്ടും ഉളവാകുന്നവളും അനാദികാലം മുതല്ക്ക് നിത്യയും ഒററ രൂപത്തെ കൈക്കൊണ്ട് ശോഭിക്കുന്നവളും പ്രകാശശീലയുമായ ഉഷസ്സ് മരണധമ്മത്തോടുകൂടിയ എല്ലാ പ്രാണികളുടെയും ആയുസ്സിനെ, മുറിയ്ക്കൽ ശീലമായ ഒരു വേടത്തി, പറക്കുന്ന പക്ഷികളുടെ ചിറകുമുതലായവ അരിഞ്ഞ്, അവയുടെ ആയുസ്സ് അറക്കുന്നപോലെ, കുറച്ചു കുറച്ചുകൊണ്ടുവരുന്ന ഓരോ പ്രാതവും ജീവികളുടെ ആയുസ്സിനെ കുറേശ്ശെ മുറിച്ചെടുക്കുന്നു.

11 വ്യൂർണ്വതീദിവോ അന്താ്അബോ
ധ്യപസ്വസാരം സനുതര്യുയോതി
പ്രമിനതീമനുഷ്യായുഗാനി
യോഷാജാരസ്യചക്ഷസാവിഭാതി

അന്വയം—

ദിവഃ അന്താൻ — നഭസഃ പ്രാന്താൻ
വി–ഊർണ്വതീ — വിവൃതാൻ, തമസാവിയുക്താൻ കുർവ്വതീ (ഉഷാഃ)
അബോധി — സർവ്വൈർജ്ഞാതാഭൂൽ
(തദനന്തരം) സ്വസാരം — ഉഷസഃ പ്രാദുർഭാവേസതി സ്വയമേവസരന്തീം നിശാം
സനുതഃ അപ യുയോതി — അന്തഹിതപ്രദേശേ അപഗമയ്യപൃഥക് കരോതി
മനുഷ്യാ യുഗാനി — മനുഷ്യാണാം സംബന്ധീനി കൃതത്രേതാദീനി
പ്ര–മിനതീ — സ്വഗമനാഗമനാഭ്യാം പ്രകർഷേണഹിംസന്തീ

ജാരസ്യ യോഷാ — രാത്രേർജ്ജരയിതുസ്സൂര്യസ്യ ജായോഷാഃ
ചക്ഷസാ വി ഭാതി — ആത്മീയപ്രകാശേന വിശേഷേണ പ്രകാശതേ

അർത്ഥം—ആകാശത്തിന്റെ നാലുഭാഗത്തുമുള്ള പ്രദേശങ്ങളിലെ ഇരുട്ടകററി, ഉഷസ്സ് എല്ലാവരാലും അറിയപ്പെട്ടവളായി. പിന്നെ, ഉഷസ്സിന്റെ വരവിൽ സ്വയം നീങ്ങിപ്പോകുന്ന രാവിനെ മറഞ്ഞ (ഏതോ) പ്രദേശത്തേയ്ക്കുയച്ചകററുന്ന മനുഷ്യരുടെ (ആയുസ്സിനെയെന്നപോലെ) കൃതത്രേതാദിയുഗങ്ങളെ, തന്റെ വരവുപോക്കുകൾകൊണ്ട് കത്തിരിയ്ക്കുന്നവളായി, രാവകററുന്ന സൂര്യന്റെ ഭാര്യയായ ഉഷസ്സ് ആത്മീയപ്രകാശത്താൽ ഏററവും ശോഭിയ്ക്കുന്നു.

12 പശൂന്നചിത്രാസുഭഗാപ്രഥാനാ
സിന്ധുന്നക്ഷോദഉർവ്വിയാവ്യശൈ്വൽ
അമിനതീദൈവ്യാനിവ്രതാനി
സൂര്യസ്യചേതിരശ്മിഭിർദൃശാനാ

അന്വയം.—
സു-ഭഗാ ചിത്രാ — ശോഭനധനാ, ചായനീയാ ഉഷാഃ
പശൂൻ ന — യഥാ പശൂൻ ഗോപാലകഃ അരണ്യേ വിസ്താരയതിതഥാ
പ്രഥാനാ — തേജാംസി വിസ്താരയന്തീ
ഉർവ്വിയാ — ഉർവ്വീ, മഹതീ
സിന്ധുഃ ന ക്ഷോദഃ — സ്യന്ദനശീലമുദകം യഥാ നിമ്നദേശേ വ്യാപ്നോതി തദ്വൽ
വി അശൈ്വൽ — സർവ്വം ജഗദ്വ്യാപ്നോൽ
(സൈവോഷാഃ) സൂര്യസ്യ
രശ്മി-ഭിഃ — കിരണൈസ്സഹ

ദൈവ്യാനി വ്രതാനി	—	ദേവസംബന്ധീനി അഗ്നിഹോത്രാദീനി കർമ്മാണി
അമിനതീ	—	അഹിംസതീ, അനുഷ്ഠാനം പ്രവർത്തയന്തീ
ദൃശാനാ ചേതി	—	ദൃശ്യമാനാ പ്രജ്ഞാതാസീൽ.

അർത്ഥം—ശോഭനധനയും പൂജനീയയുമായ ഉഷസ്സ്, മേച്ചുകാരൻ മാട്ടുകളെ വിട്ടുപരത്തുന്നപോലെ, സ്വന്തം തേജസ്സുപരത്തി, മഹതിയായി, ഒഴുകുന്നവെള്ളം താഴ്ന്നപ്രദേശത്തെ വേഗത്തിൽ പ്രാപിക്കുന്നപോലെ, (തന്റെ തേജസ്സ്) ഭുവനം മുഴുവൻ വ്യാപ്തമാക്കുന്നു. ആ ഉഷസ്സുതന്നെ ദേവസംബന്ധികളായ അഗ്നിഹോത്രാദികർമ്മങ്ങളെ കേടുവരുത്താതെ അനുഷ്ഠിപ്പിച്ചുകൊണ്ട്, പുഷ്ടിപ്പെടുത്തികൊണ്ട്, കാണപ്പെടുന്നു, അറിയപ്പെടുന്നു.

13 ഉഷസ്തച്ചിത്രമാഭരാ
സ്മഭ്യം വാജിനീവതി
യേനതോകഞ്ചതനയഞ്ചധാമഹേ

അന്വയം:—

ഹേ വാജിനീ—വതി ഉഷഃ,	—	ഹവിര്യുക്ത ക്രിയായുക്തേ, ഉഷഃ
യേന തോകം ച തനയം ച	—	യേന ധനേന പുത്രം, തൽപുത്രഞ്ച
ധാമഹേ	—	ദദ്ധ്മഹേ, ധാരയാമഃ
അസ്മഭ്യം ചിത്രം തൽ ആ ഭര	—	ചായനീയം ധനം ആഹര, പ്രയച്ഛ

അർത്ഥം—ഹവിര്യുക്തങ്ങളായ ക്രിയകളോടുകൂടിയ ഉഷസ്സേ, ഏതുധനം പുത്രനെയും പൌത്രനെയും നിലനിറുത്തുമോ, (അവർക്ക ക്ഷേമവും ക്ഷേമാധാരമായ ധർമ്മവും ഉളവാക്കുമോ,) ആ പൂജ്യമായ ധനം (സുസ്ഥിതി) ഞങ്ങൾക്കുണ്ടാക്കിത്തന്നാലും.

14 ഉഷോ അദ്യേഹഗോമ
ത്യശ്വാവതിവിഭാവരി
രേവദസ്മേവ്യുച്ഛസൂനൃതാവതി

അന്വയം:—

ഹേ ഗോ-മതി. അശ്വ-വതി, വിഭാ-വരി, സൂനൃതാ-വതി, ഉഷഃ	— അസ്മഭ്യം ദാതവ്യൈഗ്ഗോഭി ര്യക്തേ, അശ്വൈര്യക്തേ, വിശിഷ്ട പ്രകാശോപേതേ, പ്രിയ സത്യാത്മികയാ വാചായുക്തേ, ഉഷഃ
അദ്യ ഇഹ അസ്മേ	— ഇദാനീം, പ്രഭാതസമയേ, അസ്മിൻദേശേ—അസ്മാകം
രേവൽ വി ഉച്ഛ	— ധനയുക്തം കമ്മയഥാ ഭവതി തഥാ നൈശന്തമോനിവാരയ

അത്ഥം—ഞങ്ങാംക്കു നല്ലാനുള്ള പശുക്കളോടും കുതിരകളോടും കൂടിയവളും, മഹത്തായ പ്രകാശമുററവളും, പ്രിയവും സത്യവുമായ വാക്കോടു ചേന്നവളുമായ ഉഷസ്സേ, ഇപ്പോാം, ഈ പ്രഭാതത്തിൽ, ഇവിടെ ഞങ്ങാംക്കു ധനത്തോടു (പുഷ്ടിയോടു) കൂടിയ കമ്മം നടക്കത്തക്കവിധം രാവിരുട്ടിനെ അകററിയാലും.

15 യുക്ഷ്വാ ഹിവാജിനീവ
ത്യശ്വാ അദ്യാരുണാ ഉഷഃ
അഥനോ വിശ്വാസൌഭാഗാന്യാവഹ വ. 26

അന്വയം:—

ഹേ വാജിനീ-വതി,
ഉഷഃ അരുണാൻ — അരുണവർണ്ണാൻ
അശ്വാൻ — അശ്വസ്ഥാനീയാൻ ഗോവിശേഷാൻ
അദ്യ യുക്ഷ്വ ഹി — അസ്മിൻ കാലേ രഥേ യോജയൈവ
അഥ വിശ്വാ സൌഭഗാനി — അനന്തരം (രഥമാരുഹ്യ) സർവ്വാണി സൌഭാഗ്യാനി
നഃ ആ വഹ — അസ്മഭ്യമാനയ

അർത്ഥം—അല്ലയോ ഹവിര്യുക്തമായ ക്രിയകളോടുകൂടിയ ഉഷസ്സേ, കതിരകളുടെ സ്ഥാനത്തുള്ള പശുക്കളെ ഇപ്പോൾ തേരിൽ പൂട്ടിയാലും, തേരിലേറിയിട്ട് ഞങ്ങൾക്കെല്ലാ സൌഭാഗ്യങ്ങളും എത്തിച്ചുതന്നാലും.

16 അശ്വിനാ വർത്തിരസ്മദാ
ഗോമദ്ദസ്രാഹിരണ്യവൽ
അർവ്വാഗ്രഥം സമനസാനിയച്ഛതം

അന്വയം:—

ഹേ അശ്വിനാ, ദസ്രാ, — അശ്വിനൌ. ദസ്രൌ
അസ്മൽ വർത്തിഃ — അസ്മാകംവർത്തനഹേതും ഗൃഹം
ആ ഗോ-മൽ,
ഹിരണ്യ-വൽ — ആസമന്താൽഗോഭിര്യുക്തം, ഹിതരമണീയ ധനയുക്തംച യഥാഭവതിതഥാ
സ-മനസാ — സമാനമനസ്സൌസന്തൌയുവാം
(യുഷ്മദീയം) രഥം അർവ്വാക് — അർവ്വാചീനം, അസ്മദഭിമുഖം
നി യച്ഛതം — ആവർത്തയതം

അർത്ഥം—അല്പയോ അശ്വികളേ, ശത്രുഹന്താക്കളേ, ഞങ്ങളുടെ ഗൃഹം ഗോക്കളെക്കൊണ്ടും, ശ്രേയസ്കരവും ശോഭനവുമായ ധനംകൊണ്ടും നിറയത്തക്കവിധം നിങ്ങൾ രണ്ടുപേരും ഒരേ മനസ്സോടുകൂടി (പ്രസാദിച്ച്) നിങ്ങളുടെ തേർ ഞങ്ങളുടെ നേരെ തിരിച്ചുവിടണം (ഞങ്ങളുടെ സമീപം വരുമാറാകണം)

17 യാവിത്ഥാശ്ലോകമാദിവോ

ജ്യോതിർജ്ജനായ ചക്രഥുഃ

ആന ഊർജ്ജം വഹതമശ്വിനായുവം

അന്വയം —

ഹേ അശ്വിനാ, യൌ	— അശ്വിനൌ, യൗ യുവാം
ദിവഃ ശ്ലോകം ജ്യോതിഃ	— ദ്യുലോകാൽ, ഉപശ്ലോകനീയം, പ്രശംസനീയം തേജഃ
ഇത്ഥാ ജനായ ആ ചക്രഥുഃ	— ഇത്ഥം, അസ്മാഭിരനുഭൂയമാനേന പ്രകാരേണ, കൃതവന്തൌ
(തൌ) യുവം നഃ ഊർജ്ജം	— യുവാമസ്മഭ്യം ബലപ്രദമന്നം
ആ വഹതം	— ആനയതം, പ്രയച്ഛന്തം

അർത്ഥം—അല്പയോ അശ്വികളേ, നിങ്ങളേവർ ഇപ്രകാരം ഞങ്ങൾക്ക് അനുഭവിക്കത്തക്കവിധത്തിൽ ജനങ്ങൾക്കുവേണ്ടി ദ്യുലോകത്തിൽ നിന്ന് സ്തുത്യർഹമായതേജസ്സ് ഉണ്ടാക്കുന്നുവോ ആ നിങ്ങൾ ഞങ്ങൾക്ക് ബലപ്രദമായ അന്നം എത്തിച്ചുതന്നാലും (അശ്വികൾ സൂര്യചന്ദ്രന്മാർ തന്നെ എന്ന് ഒരു പക്ഷം ഉഷസ്സംബന്ധിതാം ആ പക്ഷപ്രകാരമാവാം)

18 ഏഹദേവാമയോഭുവാ

ദസ്രാഹിരണ്യവർത്തനീ

അന്വയം'—

ഉഷഃ—ബുധഃ	— ഉഷസിപ്രബുദ്ധാഃ അശ്വാഃ
ഇഹ സോമ—പീതയേ	— അസ്മിൻയാഗേ സോമപാനായ
ദേവാ	— ദേവനശീലൌ
മയഃ—ഭുവാ	— സുഖസ്യഭാവയിതാരൌ
ഹിരണ്യ—വർത്തനീ ദസ്രാ	— സുവർണ്ണരഥയുക്തൌ അശ്വിനൌ
ആ വഹന്തു	— ആനയന്തു

അർത്ഥം—രാവിലെ ഉണർന്ന കുതിരകൾ, ഈ യാഗത്തിൽ സോമപാനത്തിന്നായി പ്രകാശവാന്മാരും സുഖദാതാക്കളും സ്വർണ്ണത്തേരോടുകൂടിയവരുമായ അശ്വികളെ വരുത്തട്ടെ

വർഗ്ഗം 28—29. അനുഷ്ടുപ്ഗായത്രീത്രിഷ്ടുഭശ്ഛന്ദാംസി, അഗ്നീഷോമൌദേവതാ

1 അഗ്നീഷോമാവിമംസുമേ
ശൃണുതംവൃഷണാഹവം
പ്രതിസൂക്താനിഹര്യതം
ഭവതന്ദാശുഷേമയഃ

അന്വയം —

ഹേ അഗ്നീഷോമൌ	— വൃഷണൌ, കാമാനാം വർഷിതാരൌ, അഗ്നീഷോമൌ
ഇമം മേ ഹവം സു ശൃണുതം	— ഇദാനീം പ്രയുജ്യമാനം മദീയമാഹ്വാനം സമ്യഗവഗച്ഛതം
സു—ഉക്താനി പ്രതി ഹര്യതം	— ശോഭനാനി സ്തുതിവചനാനി പ്രത്യേകം കാമയേഥാം
(തദനന്തരം) ദാശുഷേ മയഃ ഭവതം	— ഹവിർദ്ദത്തവതേ യജമാനായ സുഖസ്യദാതാരൌഭവതം

അർത്ഥം: കാമവർഷികളായ അഗ്നിസോമന്മാരെ, ഇപ്പോൾ എന്റെ ഈ വിളി വേണ്ടപോലെ കേൾക്കുമാറാകണം. എന്റെ സ്തുതിവചനങ്ങൾ അവിടുന്ന് പ്രത്യേകം ഇഷ്ടപ്പെടണം. പിന്നെ ഹവിസ്സുനല്കുന്ന യജമാനന് (എനിക്ക്) സുഖദാതാവായി ഭവിക്കണം.

2 അഗ്നീഷോമായോ അദ്യവാ
മിദംവചസ്സപര്യതി
തസ്മൈധത്തം സുവീര്യം
ഗവാംപോഷംസ്വശ്വ്യം

അന്വയം:—

ഹേ അഗ്നീഷോമാ,

യഃ അദ്യ	— യഃ യജമാനഃ അസ്മിൻ കർമ്മണി
വാം ഇദം വചഃ	
സപര്യതി	— യുവാഭ്യാം, യുഷ്മദർത്ഥം സ്തുതി ലക്ഷണം വാക്യം പൂജിതാം കരോതി
തസ്മൈ സു-വീര്യം	— ശോഭനേന വീര്യേണ, സാമർത്ഥ്യേനോപേതം
സു-അശ്വ്യം	— ശോഭനൈരശ്വൈര്യുക്തം
ഗവാം പോഷം ധത്തം	— പശൂനാം സമൃദ്ധിം പ്രയച്ഛതം

അർത്ഥം:—അല്ലയോ അഗ്നിസോമന്മാരേ, ഏതു യജമാനൻ ഈ കർമ്മത്തിൽ നിങ്ങൾക്കായി ഈ സ്തുതിവചനം അർപ്പിക്കുന്നുവോ ആ യജമാനന് നല്ല വീര്യത്തെയും, നല്ല കുതിരകളോടു കൂടിയ പശുസമൃദ്ധിയെയും നല്കണം. അതായത് കുതിരകളും പശുക്കളും ധാരാളമുണ്ടാകണം.

3 അഗ്നീഷോമായ ആഹുതിം
യോവാന്ദാശാദ്ധവിഷ്കൃതം
സപ്രജയാസുവീര്യം
വിശ്വമായുർവ്യശ്നവൽ

അന്വയം:—

ഹേ അഗ്നീഷോമാ, യഃ
ആ—ഹുതിം — അഗ്നീഷോമൌ, യഃ യജമാനഃ ആജ്യാഹുതിം
വാം ദാശാൽ — യുവാഭ്യാം ദദ്യാൽ
(അഥവാ) ഹവിഃ—കൃതിം — ചരുപുരോഡാശാദിനാ ഹവിഷാകൃതാമാഹുതിം
യഃ (യജമാനഃ ദദ്യാൽ)
സഃ പ്ര—ജയാ സു—വീര്യം — പുത്രപൌത്രാദിനായുക്തം ശോഭനവീര്യയുക്തം
വിശ്വം ആയുഃ വി
അശ്നവൽ — സർവ്വം ജീവനം വ്യാപ്നോതു

അർത്ഥം—അല്ലയോ അഗ്നിസോമന്മാരേ, ഏതുവൻ നിങ്ങൾക്കു് നെയ്യ് ഹോമിക്കുന്നുവോ, അല്ലെങ്കിൽ ചരുപുരോഡാശാദി ഹവിസ്സുകൊണ്ടുള്ള ആഹുതി തരുന്നുവോ, ആ യജമാനൻ പുത്രപൌത്രാദികളോടുകൂടിയതും വീര്യയുക്തവുമായി മുഴുവനായുസ്സ് പ്രാപിക്കട്ടെ

4 അഗ്നീഷോമാചേതി തദ്വീര്യം വാം
യദമുഷ്ണീതമവസം പണിം ഗാഃ
അവാതിരതം ബൃസയസ്യ ശേഷോ
വിന്ദതം ജ്യോതിരേകം ബഹുഭ്യഃ

അന്വയം:—

ഹേ അഗ്നീഷോമാ

യൽ വാം ഗാഃ അവസം	— യേനവീര്യേണയുവയോഃ ഗോരൂപമന്നം
പണിം അമുഷ്ണീതം	— പണേഃ (വിഭക്തിവ്യത്യയഃ) ഏതന്നാമ്നോസുരാൽ അപാഹാർഷ്ടം
(തഥാ) ബൃസയസ്യ	
ശേഷഃ	— ത്വഷ്ട്യനാമകാസുരാദുല്പന്ന മപത്യം, വൃത്രം
അവ അതിരതം	— അവധിഷ്ടം (പ്രാണാപാന രൂപയോഃ യുവയോഃ വൃത്രേ അനവസ്ഥാനാൽ സമരണം പ്രാപ്തഃ)
(തതഃ, വൃത്രവധാനന്തരം)	
ജ്യോതിഃ	— ദ്യോതമാനം സൂര്യം
ഏകം	— നഭസിഗച്ഛന്തം
ബഹു—ഭ്യഃ	— ബഹൂനാം ജനാനാമർത്ഥായ
അവിന്ദതം	— അലബ്ധാഥാം
വാം തൽ വീര്യം	— വക്ഷ്യമാണവീര്യം
ചേതി	— അസ്മാഭിർജ്ഞാതം

അർത്ഥം—യാതൊരു വീര്യംകൊണ്ടാണോ, അല്ലയോ അഗ്നിസോമന്മാരേ, പണി എന്ന പേരായ അസുരങ്കൽനിന്ന് നിങ്ങളുടെ പശുരൂപമായ ധനത്തെ വിട്ടുവിച്ചുകൊണ്ടുവന്നതു്, അതുപോലെ ത്വഷ്ടാവെന്ന അസുരന്റെ പുത്രനായ വൃത്രനെ (പ്രാണാപാന രൂപന്മാരായ നിങ്ങാം വൃത്രങ്കൽ സ്ഥിതിചെയ്യാതെ) കൊന്നതു്, അതിനുശേഷം എല്ലാ ജനങ്ങാംക്കുംവേണ്ടി ആകാശത്തിൽ പ്രകാശകനായ സൂര്യനെ നിർത്തിയതു് അപ്രകാരമെല്ലാമുള്ള നിങ്ങളുടെ സ്തുത്യമായ സാമർത്ഥ്യം ഞങ്ങാംക്കറിയാം.

5 യുവമേതാനിദിവിരോചനാ
ന്യഗ്നിശ്ചസോമസക്രതൂഅധത്തം
യുവംസിന്ധൂരഭിശസ്തേരവദ്യാ
ദഗ്നീഷോമാവമുഞ്ചതംഗൃഭീതാൻ

അന്വയം:—

ഹേ സോമ (ത്വം) അഗ്നിഃ

ച സ—ക്രതൂ	— സമാനകർമ്മാണൗസന്തൗ
യുവം	— യുവാം
രോചനാനി	— രോചമാനാനി, ദീപ്യമാനാനി
ഏതാനി	— അസ്മാഭിർന്നിശിദൃശ്യമാനാനി താരാഗ്രഹാദീനിജ്യോതീംഷി
ദിവി അധത്തം	— ദ്യുലോകേ അധാരയതം
ഹേ അഗ്നീഷോമൗ,	
ഗൃഭീതാൻ	— വൃത്രവധരൂപേണ ബ്രഹ്മഹത്യാംശേനപാപേന ഗൃഹീതാൻ, ആക്രാന്താൻ
സിന്ധൂൻ	— നദീവിശേഷാൻ
അഭി—ശസ്തേഃ അവദ്യാൽ	— അഭിശസ്യമാനാൽ പാപാൽ
യുവാം അമുഞ്ചതം	— മുക്തവന്തൗ

അർത്ഥം—അല്ലയോസോമ, അവിടുന്നും അഗ്നിയും തുല്യകർമ്മാക്കളായി പ്രകാശമാനങ്ങളും, ഞങ്ങളാൽ രാത്രി ആകാശത്തിൽ കാണപ്പെടുന്നവയുമായ ഗ്രഹനക്ഷത്രാദി ജ്യോതിസ്സുകളെ ധരിക്കുന്നവല്ലൊ. അല്ലയോ അഗ്നിസോമന്മാരെ, വൃത്രവധംമൂലം ബ്രഹ്മഹത്യാപാപം ബാധിച്ച നദികളെ ആ പാപത്തിൽനിന്നു് നിങ്ങളാണല്ലോ മോചിപ്പിച്ചതു്. (ഇന്ദ്രനെ ബാധിച്ച ബ്രഹ്മഹത്യാദോഷം ഭൂമിയിലും വൃക്ഷങ്ങളിലും സ്ത്രീകളിലും നദികളിലും ഇന്ദ്രൻ പകന്നുകൊടുത്തു. അവയിൽ നദികളുടെ പാപം സോമാഗ്നികരം പരിഹരിച്ചു.)

6 ആന്യന്ദിവോമാതരിശ്വാജഭാരാ
മഥ്നാദന്യം പരിശ്യേനോ അദ്രേഃ
അഗ്നീഷോമാ ബ്രഹ്മണാവാവൃധാനോ
രുംയജ്ഞായ ചക്രഥുരുലോകം വ. 28

അന്വയം:—

ഹേ അഗ്നീഷോമാ,

(യുവയോർമ്മധ്യേ) അന്യം	—	ഏകം, അഗ്നിം
മാതരിശ്വാ ദിവഃ	—	വായുഃ ദ്യുലോകാൽ
ആ ജഭാര	—	ഭൃഗവേ, യജമാനായ ആജഹാര
ശ്യേനഃ	—	ശംസനീയ ഗതിമാൻ പക്ഷീ, പക്ഷ്യാകാരാഗായത്രീ
അന്യം അദ്രേഃ പരി അമഥ്നാൽ	—	സോമം മേരോരുപര്യപസ്ഥിതാൽ സ്വർഗ്ഗാൽ ബലാദാഹൃതവതീ
(ഏവം മഹാന്തഭാവൌ യുവാം) ബ്രഹ്മണാ	—	സ്രഷ്ട്രാ
വവൃധാനാ	—	വർദ്ധമാനൌ
യജ്ഞായ	—	അന്യേഷാം ദേവാനാം യാഗായ
ഉരും ലോകം	—	വിസ്തീർണ്ണം സ്ഥാനം
ചക്രഥുഃ ഉ	—	കൃതവന്താവേവ

അർത്ഥം—അല്ലയോ അഗ്നിസോമന്മാരേ, നിങ്ങളിൽ ഏകനെ, അഗ്നിയെ വായു ദ്യുലോകത്തിൽനിന്ന് യജമാനനായ ഭൃഗുവിന്നുവേണ്ടി കൂട്ടിക്കൊണ്ടുവന്നു പക്ഷിരൂപയായ ഗായത്രി അന്യനെ, സോമനെ മഹാമേരുവിന്നു മുകളിലുള്ള സ്വർഗ്ഗത്തിൽ നിന്ന് ബലംപ്രയോഗിച്ചു കൊണ്ടുപോന്നു. അപ്രകാരം മഹാന്മാരായവന്മാരായി, സ്രഷ്ടാവായ ബ്രഹ്മാവിനാൽ വൃദ്ധിനേടിയ നിങ്ങൾ മററുദേവന്മാരെ ഉദ്ദേശിച്ചു യജ്ഞത്തിന്ന് വിസ്തീർണ്ണമായ സ്ഥാനമുണ്ടാക്കി. (യജ്ഞത്തിൽ ആദ്യ

ഭാഗദേവതകളായ അഗ്നിസോമന്മാർക്ക് ഹോതൃകുണ്ഡത്തിൻ വടക്കെ പകുതിയിലും തെക്കെ പകുതിയിലും ഹോമിക്കുന്നു. മററു ദേവന്മാർക്ക് നടുവും ഹവിസ്സ് ഹോമിക്കുന്നു.)

7 അഗ്നീഷോമാഹവിഷഃ പ്രസ്ഥിതസ്യ
വീതം ഹര്യതം വൃഷണാജുഷേഥാം
സുശർമ്മാണാസ്വവസാഹിഭൂത
മഥാധത്തം യജമാനായ ശംയോഃ

അന്വയം:—

ഹേ അഗ്നീഷോമാ,	
പ്ര–സ്ഥിതസ്യ	— ഹോമാർത്ഥമാഹവനീയ സമീപം പ്രാപ്തസ്യ
ഹവിഷഃ വീതം	— ഇദംഹവിഃ (വിഭക്തിവ്യത്യയഃ) ഭക്ഷയതം
(തദനന്തരം) ഹര്യതം	— അസ്മാൻ കാമയേഥാം (ച)
ഹേ വൃഷണാ	— വൃഷണൌ, കാമാനാം വർഷിതാരൌ
ജുഷേഥാം	— അസ്മദീയം പരിചരണം സേവേഥാം
(തദനന്തരം)	
സു–ശർമ്മാണാ	— ശോഭനസുഖൌ
സു–അവസാ ഹി	— ശോഭനരക്ഷണൌച
ഭൂതം	— അസ്മാകം ഭവതം
അഥ യജമാനായ	— ഹവിർദ്ദത്തവതേ
ശം യോഃ	— രോഗാണാം ശമനം ഭയാനാം യാവനം ച
ധത്തം	— വിധത്തം, കുരുതം

അർത്ഥം—അല്ലയോ അഗ്നിസോമന്മാരേ, ഹോമിക്കാനായി ആഹവനീയാഗ്നിയുടെ സമീപത്തെത്തിച്ച ഈ ഹവിസ്സിനെ ഭക്ഷിക്കുമാറാകണം. പിന്നെ ഞങ്ങളെ ഇഷ്ടപ്പെടണം. കാമ

വഷട്കരേ, ഞങ്ങളുടെ പരിചരണം സ്വീകരിക്കണം. ഞങ്ങൾക്ക് നല്ല സുഖവും രക്ഷയും തരുന്നവരായി ഭവിക്കണം. ഹവിസ്സു നല്കുന്ന യജമാനന് (എനിക്ക്) രോഗശമനവും ഭയദൂരീകരണവും ഉണ്ടാക്കിത്തരണം

8 യോഅഗ്നീഷോമാഹവിഷാസപര്യാ

ദ്ദേവദ്രീചാമനസായോഘൃതേന

തസ്യവ്രതം രക്ഷതം പാതമംഹസോ

വിശേജനായമഹിശർമ്മയച്ഛതം

അന്വയം —

യഃ അഗ്നീഷോമാ,	—	അഗ്നീഷോമൌ
ദേവദ്രീചാ	—	ദേവതാപരായണേന ശ്രദ്ധായുക്തേന
മനസാ	—	അന്തഃകരണേനയുക്തസ്സൻ
ഹവിഷാ സപര്യാൽ	—	സപര്യതി, പരിചരതി
യഃ ഘൃതേന	—	ആജ്യേന (അഗ്നീഷോമൌ പരിചരതി)
തസ്യ (യജമാനസ്യ)		
വ്രതം രക്ഷതം	—	കർമ്മരക്ഷതം
അംഹസഃ പാതം	—	പാപാൽ സംരക്ഷതം
വിശേ ജനായ	—	യാഗേഷു പ്രവിശതേ തസ്മൈയജമാനായ
മഹി ശർമ്മ യച്ഛതം	—	പ്രഭൂതം സുഖം ദത്തം

അർത്ഥം-യാതൊരാൾ അഗ്നിസോമന്മാരെ അവരിലുറച്ച ശ്രദ്ധയോടുകൂടിയ മനസ്സോടെ, ഉദ്ഗാതാക്കളാൽ ഹവിസ്സർപ്പിച്ചു സേവിക്കുന്നു, യാതൊരാൾ അഗ്നിസോമന്മാരെ നെയ്കൊണ്ട് (നെയ് ഹോമിച്ച്) സേവിക്കുന്നു, ആ യജമാനന്റെ കർമ്മത്തെ നിങ്ങൾ പാലിക്കണം. ആ യജമാനനെ പാപത്തിൽ നിന്ന് രക്ഷിക്കണം. യാഗത്തിൽ പ്രവേശിക്കുന്ന യാഗഹോതാവിന് മികച്ച സുഖം നല്കണം.

9 അഗ്നീഷോമാസവേദസാ

സഹൂതീവനതങ്ഗിരഃ

സന്ദേവത്രാബഭൂവഥുഃ

അന്വയം:—

ഹേ അഗ്നീഷോമാ,	— അഗ്നീഷോമൌ, (യുവാം)
സ—വേദസാ	— സമാനേനൈകേന വേദസാ ഹവിർല്ലക്ഷണേനാന്നേന യുക്തൌ
സ—ഹൂതീ	— സമാനാഹ്വാനൌ (ച സന്തൌ)
ഗിരഃ വനതം	— അസ്മദീയാസ്തുതീഃ സംഭജേഥാം
ദേവ—ത്രാ	— ദേവേഷു സർവ്വേഷു (യൌയുവാം)
സം ബഭൂവഥുഃ	— സംഭൂതൌ, സംഭാവിതൌ പ്രശസ്യൌ സ്ഥഃ

അത്ഥം—അല്ലയോ അഗ്നിസോമന്മാരേ, നിങ്ങാം ഒരേ തരത്തിലുള്ള ഹവിസ്സററവരായി, ഒരേ വിധത്തിൽ വിളിയ്ക്കപ്പെട്ടുന്നവരായി ഞങ്ങളുടെ സ്തുതികളെ പ്രാപിയ്ക്കു (സ്വീകരിയ്ക്കു) മാറാകണം. എല്ലാ ദേവന്മാരുടേയും ഇടയിൽ നിങ്ങാം ബഹുമതരും പ്രശസ്തരുമാണല്ലൊ (ദേവന്മാരിൽ അഗ്നിസോമന്മാർ രാജാക്കളെന്നു് ശ്രുതി)

10 അഗ്നീഷോമാവനേനവാം

യോവാംഘൃതേനദാശതി

തസ്മൈദീദയതം ബൃഹൽ

അന്വയം:—

ഹേ അഗ്നീഷോമൌ വാം	— യുവയോസ്സംബന്ധി
യഃ അനേന ഘൃതേന	— ഉൽപവനാദിഭിഃ സംസ്കൃതേനാജ്യേനയുക്തം ഹവിഃ

വാം ദാശതി	—	യുവാഭ്യാം പ്രയച്ഛതി
തസ്മൈ (യജമാനായ)		
ബൃഹൽ	—	പ്രഭൂതംധനം
ദീദയതം	—	പ്രകാശയതം, പ്രയച്ഛതം

അർത്ഥം—അഗ്നിസോമന്മാരേ, ഏതു യജമാനൻ പവിത്രം കൊണ്ടു് ഇളക്കി അരിച്ചു് സംസ്കരിച്ച (ശുദ്ധിവരുത്തിയ) ഈ നെയ്യോടുകൂടിയ ഹവിസ്സു്, നിങ്ങൾക്കർപ്പിയ്ക്കുന്നുവോ, ആ യജമാനന്നു് മികച്ച ധനം പ്രകാശിപ്പിയ്ക്കണം, കൊടുക്കണം

11 അഗ്നീഷോമാവിമാനിനോ
യുവം ഹവ്യാജുജോഷതം
ആയാതമുപനസ്സചാ

അന്വയം:—

ഹേ അഗ്നീഷോമൌ,		
യുവം	—	യുവാം
നഃ ഇമാനി ഹവ്യാ	—	അസ്മദീയാനി ഹവീംഷി
ജുജോഷതം	—	സേവേഥാം
(തദർത്ഥം) നഃ സചാ		
ഉപ ആ യാതം	—	യുവാംസഹ ഉപാഗച്ഛതം

അർത്ഥം—അല്ലയോ അഗ്നിസോമന്മാരേ, നിങ്ങൾ ഞങ്ങളുടെ ഈ ഹവിസ്സുകൾ സ്വീകരിയ്ക്കണം. അതിന്നുവേണ്ടി ഞങ്ങളുടെ അടുക്കൽ വന്നെത്തണം.

12 അഗ്നീഷോമാപിപൃതമർവ്വതോന
ആപ്യായന്താമുസ്രിയാഹവ്യസൂദഃ
അസ്മേബലാനിമഘവത്സുധത്തം
കൃണുതന്നോഅധ്വരം ശ്രുഷ്ടിമന്തം

അന്വയം —

ഹേ അഗ്നീഷോമാ, നഃ

അശ്വാവതഃ പിപൃതം	— അസ്മാകമശ്വാൻ പാലയതം
ഹവ്യ—സൂദഃ	— ക്ഷീരാദിഹവിഷാം ഉൽപാദയിത്ര്യഃ
ഉസ്രിയാഃ	— അസ്മദീയ ഗാവഃ (ച)
ആ പ്യായന്താം	— പ്രവൃദ്ധാസ്സന്തു
മഘവൽ—സു	— ഹവിർല്ലക്ഷണധനയുക്തേഷു
അസ്മേ ബലാനി ധത്തം	— അസ്മാസു ബലാനി സ്ഥാപയത
(തഥാ) നഃ അധ്വരം	— അസ്മാകം യാഗം
ശ്രുഷ്ടി—മന്തം കൃണുതം	— ധനയുക്തം കുരുതം

അർത്ഥം—അല്ലയോ അഗ്നിസോമന്മാരേ, ഞങ്ങളുടെ കുതിരകളെ കാത്തുരക്ഷിച്ചാലും. പാൽ മുതലായ ഹവിസ്സുകളുൽപാദിപ്പിക്കുന്ന ഞങ്ങളുടെ പശുക്കളും വൃദ്ധിയെ പ്രാപിക്കട്ടെ ഹവിർദ്ധനന്മാരായ ഞങ്ങളുടെ യാഗം ധനയുക്തമാക്കിയാലും അതായത് അതു് നിർവ്വഹിപ്പാൻ ധനക്ലേശമില്ലാതാക്കിയാലും

വർഗ്ഗം 30–31–32 ആങ്ഗിരസഃ കുത്സഃ ഋഷിഃ ത്രിഷ്ടുപ്ജഗത്യൗച്ഛന്ദസീ അഗ്നിർദ്ദേവതാ

1 ഇമംസ്തോമമർഹതേ ജാതവേദസേ
രഥമിവസമ്മഹേമാ മനീഷയാ
ഭദ്രാഹിനഃ പ്രമതിരസ്യ സംസ
ദ്യഗ്നേസഖ്യേമാരിഷാമാവയന്തവ

അന്വയം —

അർഹതേ ജാത—വേദസേ	— പൂജ്യായ അഗ്നയേ
മനീഷയാ ഇമം സ്തോമം	— നിശിതയാ ബുദ്ധ്യാ ഏതൽ സുകൃതരൂപം സ്തോത്രം
രഥം—ഇവ	— യഥാതക്ഷാരഥം സംസ്കരോതി തഥാ

സം മഹേമ	— സമ്യക് പൂജിതംകൎമ്മഃ
അസ്യ സം—സദി	— അഗ്നേഃ സംഭജനേ
നഃ പ്ര—മതിഃ	— അസ്മാകം പ്രകൃഷ്ടാബുദ്ധിഃ
ഭദ്രാ ഹി	— കല്യാണീ, സമൎത്ഥാ ഖലു (അതസ്തയാ ബുദ്ധ്യാസ്മഃ)
ഹേ അഗ്നേ, തവ സഖ്യേ	— അസ്മാകം ത്വയാ സഹസഖിത്വേ
വയം മാ രിഷാമ	— ഹിംസിതാ ന ഭവാമ

അൎത്ഥം—പൂജ്യനായ അഗ്നിക്കായിക്കൊണ്ടു്, നിശിതമായ ബുദ്ധിയാൽ സൂക്തരൂപമായ ഈ സ്തോത്രം, തച്ചന്മാർ തേർ ഉഴിഞ്ഞു് വെടുപ്പാക്കുന്നപോലെ സംസ്കരിച്ചു് വേണ്ടപോലെ സമൎപ്പിക്കുന്നു അഗ്നിയുടെ ഭജനത്തിൽ (ആശ്രയത്തിൽ) ഞങ്ങളുടെ ഉത്തമബുദ്ധി മംഗളമുററതാകുമല്ലൊ, (ആ ബുദ്ധികൊണ്ടു് സ്തുതിക്കുന്നു.) അഗ്നേ, ഞങ്ങൾക്കു് അവിടത്തോടു് സഖ്യമുള്ളപ്പോൾ ഞങ്ങൾ (ആരാലും) ദ്രോഹിക്കപ്പെടുകയില്ല.

2 യസ്മൈത്വമായജസേ സസാധ
ത്യനൎവ്വാക്ഷേതിദധതേ സുവീൎയ്യം
സതൂതാവനൈനമശ്നോത്യംഹതി
രഗ്നേസഖ്യേമാരിഷാമാവയന്തവ

അന്വയം:—
യസ്മൈ (ഹേ അഗ്നേ)

ത്വം ആ—യജസേ	— ദേവാൻ ആഭിമുഖ്യേന യജസി
സഃ (യജമാനഃ) സാധതി	— സ്വാഭിലാഷം സാധയതി, പ്രാപ്നോതി
(കിഞ്ച സഃ യജമാനഃ)	
അനൎവ്വാ	— ശത്രുഭിരപ്രാപ്യസ്സൻ
ക്ഷേതി	— നിവസതി
(തഥാ) സു—വീൎയ്യം ദധതേ	— ശോഭനവീൎയ്യോപേതംധനം ധാരയതി, പ്രാപ്നോതി

(ധ്രുത്വാച) സഃ ത്രുതാവ — വർദ്ധതേ
ഏനം അംഹതിഃ — ആർത്തിഃ ദാരിദ്ര്യം
ന അശ്നോതി — ന പ്രാപ്നോതി
ഹേ അഗ്നേ തവ സഖ്യേ
വയം മാ രിഷാമ — അസ്മാകം ത്വയാ സഹ സഖിത്വേ ഹിംസിതാ ന ഭവാമ

അർത്ഥം—അല്ലയോ അഗ്നേ, യാതൊരാൾക്കുവേണ്ടി അവിടുന്ന് ദേവന്മാരെ അഭിമുഖീകരിച്ച് യജിക്കുന്നുവോ, ആ യജമാനൻ സ്വന്തം അഭിലാഷം നേടുന്ന മാത്രമല്ല ശത്രുക്കളാൽ അബാധിതനായി വസിക്കുന്നു പിന്നെ ശോഭന വീര്യത്തോടുകൂടിയ ധനത്തെ പ്രാപിക്കുന്നു (ധനവാനായി) ആ യജമാനൻ അഭിവൃദ്ധി പ്രാപിക്കുന്നു ആ യജമാനൻ ദുഃഖം, ദാരിദ്ര്യം ഒരിക്കലും പ്രാപിക്കുന്നില്ല. അല്ലയോ അഗ്നേ ഞങ്ങൾക്ക് അവിടുത്തോട് സഖ്യമുള്ളപ്പോൾ ഞങ്ങൾ (ആരാലും) ദ്രോഹിക്കപ്പെടുകയില്ല

3 ശകേമത്വാസമിധം സാധയാധിയ
സ്ത്വേദേവാഹവിരദന്ത്യാഹുതം
ത്വമാദിത്യാ ആവഹതാന്ഹ്യുശ്മ
സ്യഗ്നേസഖ്യേമാരിഷാമാവയന്തവ

അന്വയം:—

(ഹേ അഗ്നേ,) ത്വാ
സം—ഇധം ശകേമ — ത്വാം സമ്യഗിദ്ധം കർത്തും ശക്താഭൂയാസ്മ
(ത്വഞ്ച) ധിയഃ സാധയ — അസ്മദീയാനി ദർശപൂർണ്ണമാസാദീനികർമ്മാണി നിഷ്പാദ
ത്വേ ആ—ഹുതം ഹവിഃ — ത്വയി പ്രക്ഷിപ്തം ഹവിഃ
ദേവാഃ അദന്തി — ഭക്ഷയന്തി

(അപിച) ത്വം
ആദിത്യാൻ — അദിതേഃ പുത്രാൻ, സവ്വാൻ ദേവാൻ
ആ വഹ — അസ്മദ്യജ്ഞാത്ഥമാനയ
(വയം) താൻ ഹി ഉശ്മസി — താനേവ കാമയാമഹേ
ഹേ അഗ്നേ, തവ സഖ്യേ
വയം മാ രിഷാമ — അസ്മാകം ത്വയാ സഹ സഖിത്വേ ഹിംസിതാ ന ഭവാമ

അത്ഥം—അല്ലയോ അഗ്നേ, അവിടത്തെ ഉജ്വലിപ്പിയ്ക്കുവാൻ (ആളിക്കത്തിയ്ക്കുവാൻ) ഞങ്ങൾക്ക് കഴിയുമാറാകട്ടെ. അവിടുന്ന് ഞങ്ങളുടെ ദശ്പൂണ്ണമാസാദികമ്മങ്ങളെ സാധിപ്പിയ്ക്കണം, നിവ്വഹിച്ചുതരണം. (കമ്മനിർവ്വാഹകനാണല്ലൊ അഗ്നി.) അവിടുന്നിൽ (അഗ്നിയിൽ) പ്രക്ഷേപിച്ച ഹവിസ്സാണല്ലൊ ദേവന്മാർ ഭക്ഷിയ്ക്കുന്നത്. (അതുകൊണ്ടവിടുന്നാണ് കമ്മങ്ങൾ സാധിപ്പിയ്ക്കേണ്ടത്.) കൂടാതെ, എല്ലാ ദേവന്മാരെയും ഞങ്ങളുടെ ഈ യജ്ഞത്തിന്നാനയിച്ചാലും. അവരെ (അവരുടെ അനുഗ്രഹത്തെ) ഞങ്ങൾ കാമിയ്ക്കുന്നു. അല്ലയോ അഗ്നേ, ഞങ്ങൾക്ക് അവിടത്തോട് സഖ്യമുള്ളപ്പോൾ ഞങ്ങൾ (ആരാലും) ദ്രോഹിയ്ക്കപ്പെടുകയില്ല.

4 ഭരാമേധ്മങ്കൃണവാമാ ഹവീംഷിതേ
ചിതയന്തഃ പവ്വാണാ പവ്വണാവയം
ജീവാതവേ പ്രതരം സാധയാധിയോ
ഗ്നേസഖ്യേമാരിഷാമാ വയന്തവ

അന്വയം:—

(ഹേ അഗ്നേ,) വയം
പവ്വണാ—പവ്വണാ — പ്രതിപക്ഷം ആവൃത്താഭ്യാം ദശ്പൂണ്ണമാസാഭ്യാം
ചിതയന്തഃ — ത്വാം പ്രജ്ഞാപയന്തഃ
ഇധ്മം ഭരാമ — ഏകവിംശത്യാത്മകം സമിത്സമൂഹം സമ്പാദയാമ

(തദനന്തരം) തേ ഹവീംഷി
വയം കൃണവാമ — കരവാമ
(സഃ ത്വം) ജീവാതവേ — അസ്മാകം ജീവനൌഷധായ, ചിരകാലാവസ്ഥാനായ
ധിയഃ പ്ര-തരം സാധയ — കൎമ്മാണി പ്രകൃഷ്ടതരം നിഷ്പാദയ

ഹേ അഗ്നേ തവ സഖ്യേ
വയം മാ രിഷാമ — അസ്മാകം ത്വയാസഹസഖിത്വേ ഹിംസിതാ ന ഭവാമ

അൎത്ഥം—ഞങ്ങൾ പക്ഷത്തിൽ പക്ഷത്തിൽ ആവൎത്തിച്ചു വരുന്നവാവിന്റെ ഒടുക്കത്തെ കാലിൽ, ആ തിഥി അറിയിച്ചു കൊണ്ടു്, അല്ലയോ അഗ്നേ, അവിടേയ്ക്കു് ഇരുപത്തൊന്നു് ചമതകളോടുകൂടിയ ഇധ്മത്തെ അൎപ്പിക്കുന്നു, ഹോമിക്കുന്നു. അതിന്നുശേഷം അവിടേക്കു ഹവിസ്സൎപ്പിക്കുന്നു. (ഇവിടെ വാവിന്റെ നാലാം കാലിലൊ, പ്രതിപദത്തിൻ നാളിലൊ ആവശ്യം അനുഷ്ഠേയമായ സ്ഥാലീപാകമെന്ന കൎമ്മമാണു് ഉദ്ദേശിച്ചിട്ടുള്ളതു്) അപ്രകാരമുള്ള അവിടുന്നു് ദീൎഘായുസ്സിന്നുള്ള ഔഷധത്തിന്നായി അതായതു് ദീൎഘായുൎല്ലാഭത്തിന്നായി, കൎമ്മങ്ങൾ വേണ്ടപോലെ നിൎവ്വഹിച്ചാലും. അല്ലയോ അഗ്നേ, ഞങ്ങൾക്കു് അവിടുത്തോടു സഖ്യമുള്ളപ്പോൾ ഞങ്ങൾ (ആരാലും) ദ്രോഹിക്കപ്പെടുകയില്ല.

5 വിശാങ്ഗോപാ അസ്യചരന്തിജന്തവോ
ദ്വിപച്ചയദുതചതുഷ്പദക്തുഭിഃ
ചിത്രഃ പ്രകേതഉഷസോമഹാ അ
സ്യഗ്നേസഖ്യേമാരിഷാമാവയന്തവ വ. 30

അന്വയം:—

അസ്യ ജന്തവഃ — അഗ്നേൎജ്ജാതാ രശ്മയഃ
വിശാം ഗോപാഃ — സൎവ്വേഷാം പ്രാണിനാം രക്ഷകാസ്സന്തഃ

ചരന്തി — ഉൽഗച്ഛന്തി
(തദനന്തരം) യൽ
ദ്വി—പൽ ച — ദ്വിപാൽ മനുഷ്യാദികം (അസ്തി)
ഉത ചതുഃ—പൽ — ചതുഷ്പാൽ, ഗവാദികം (യദസ്തി)
(തദുഭയം) അക്തു—ഭിഃ — അഞ്ജകൈഃ അസ്യരശ്മിഭിഃ
അക്തം, ആശ്ലിഷ്ടം അഭൂൽ
(ഹേ അഗ്നേ) ചിത്രഃ — വിചിത്രദീപ്തിയുക്തഃ
പ്ര—കേതഃ — രാത്രാവന്ധകാരാവൃതാനാം
സർവ്വേഷാം പ്രജ്ഞാപയിതാ
ഉഷസഃ മഹാൻ അസി — ഉഷോദേവതായാഃ അപി
ഗുണൈരധികഃ ഭവസി
(ഉഷാസ്തുരാത്രേഃ ചരമഭാഗേ പ്രകാശയതി, അഗ്നിസ്തു സർവ്വസ്യാം രാത്രൌ പ്രകാശയതി).
ഹേ അഗ്നേ തവ സഖ്യേ
വയം മാ രിഷാമ — അസ്മാകം ത്വയാസഹസഖിത്വേ
ഹിംസിതാ ന ഭവാമ

അർത്ഥം—അഗ്നിയിൽ നിന്നു് പുറപ്പെടുന്ന രശ്മികൾ എല്ലാ പ്രാണികളുടേയും രക്ഷകരായി മേൽപ്പോട്ടുയരുന്നു. ഇരുകാലികളായ മനുഷ്യാദികളും നാല്ക്കാലികളായ പശ്വാദികളും ആ രശ്മികളാൽ ആശ്ലേഷിക്കപ്പെട്ടിരിക്കുന്നു. അല്ലയോ അഗ്നേ, അവിടുന്നു് വിചിത്ര പ്രകാശനം രാത്രിയിൽ ഇരുട്ടു മൂടിയ എല്ലാററിനെയും വേർതിരിച്ചറിയിക്കുന്നവനും ഗുണംകൊണ്ടു് ഉഷസ്സിനേക്കാൾ മേലേയുമാകുന്നു (ഉഷസ്സ് രാവിന്റെ അവസാനഘട്ടത്തിൽ മാത്രമാണല്ലൊ വെളിച്ചം വീശുന്നതു്. അഗ്നിയാകട്ടെ രാത്രി മുഴുവൻ പ്രകാശം പരത്തുന്നു). അല്ലയോ അഗ്നേ, ഞങ്ങൾക്കവിടുത്തോടു് സഖ്യമുള്ളപ്പോൾ ഞങ്ങൾ (ആരാലും) ദ്രോഹിക്കപ്പെടുകയില്ല.

6 ത്വമധ്വര്യുരുതഹോതാസിപൂർവ്യഃ
പ്രശാസ്താപോതാജനുഷാ പുരോഹിതഃ
വിശ്വാവിദ്വാ ആർത്വിജ്യാധീരപുഷ്യ
സ്യഗ്നേ സഖ്യേമാരിഷാമാവയന്തവ

അന്വയം:—

(ഹേ അഗ്നേ) ത്വം
അധ്വര്യുഃ — അധ്വരസ്യ, യാഗസ്യനേതാ, ദേവാൻ പ്രതി പ്രേരയിതാ
(അധ്വര്യൌ മനുഷ്യേ ജാഠരരൂപഃ വാഗിന്ദ്രിയാധിഷ്ഠാതൃത്വേന യാഗനിഷ്പാദകഃ)
ഉത പൂർവ്വ്യഃ ഹോതാ
അസി — അപിചമുഖ്യഃ ദേവാനാമാഹ്വാതാ, ഹോതൃരൂപേണസ്ഥായ ഹൌത്രസ്യകർമ്മണഃ കർത്താ
(മാനുഷോ ഹോതാ അമുഖ്യഃ, തദപേക്ഷയാമുഖ്യത്വം)
(തഥാ) പ്ര-ശാസ്താ — സർവ്വേഷാം ശിക്ഷകോസി
('ഹോതര്യജ, പോതര്യജ' ഇത്യാദിനാപ്രൈഷേണ ശാസ്തീതി മൈത്രാവരുണഃ പ്രശാസ്താ തസ്മിന്നവസ്ഥായ യാഗനിഷ്പാദകോസി)
(തഥാ) പോതാ — തന്നാമക ഋത്വിഗസി
(തഥാ) ജനുഷാ
പുരഃ-ഹിതഃ — സ്വാഭാവ്യേന ബ്രഹ്മാ ദേവപുരോഹിതസ്യ ബൃഹസ്പതേഃ പ്രതിനിധിരസി
(ബ്രഹ്മണി അവസ്ഥായ തദ്രൂപസ്സൻ)
വിശ്വാ ആർത്വിജ്യാ — സർവ്വാണി ഋത്വിജഃ കർമ്മാണി
വിദ്വാൻ — ജാനൻ (ത്വം)
ഹേ ധീര (അഗ്നേ)
പുഷ്യസി — പ്രാജ്ഞ, ന്യൂനാധിക ഭാവരാഹിത്യേന സമ്പൂർണ്ണാനികരോഷി
ഹേ അഗ്നേ തവ സഖ്യേ
വയംമാ രിഷാമ — അസ്മാകം ത്വയാ സഹ സഖിത്വേ ഹിംസിതാ ന ഭവാമ

അർത്ഥം—അല്ലയോ അഗ്നേ, അവിടുന്ന് യാഗത്തിന്റെ നേതാവായ, ദേവന്മാരെ പ്രേരിപ്പിക്കുന്ന അധ്വര്യുവാകുന്നു. മനുഷ്യനായ അധ്വര്യുവിൽ ജാഠരരൂപത്തിൽ വാഗിന്ദ്രിയത്തിന്ന് മൂലമായി വർത്തിച്ച് യാഗനിറ ...ായി ഭവിക്കുന്നു.

കൂടാതെ അവിടന്ന് മുഖ്യനായ ഹോതാവ്, ദേവന്മാരെ വിളിക്കുന്നവനാകുന്നു. മനുഷ്യനായ ഹോതാവിന്നുള്ളിൽ സ്ഥിതി ചെയ്ത ഹൌത്ര കർമ്മത്തിന്റെ കർത്താവാകുന്നു. മനുഷ്യനായ ഹോതാവല്ല, അവിടന്നാണ് മുഖ്യൻ. അതുപോലെ അവിടന്ന് പ്രശാസ്താവ്, എല്ലാവർക്കും ശിക്ഷകൻ ആകുന്നു. അതായതു് 'ഹോതാവേ യജിക്കുക, പോതാവേ യജിക്കുക' എന്നിങ്ങനെ പ്രൈഷത്താൽ ശാസിക്കുന്ന മൈത്രാവരുണനാകുന്നു. അവിടന്ന് പോതാവ് യജ്ഞത്തിന്ന് ശുദ്ധി വരുത്തുന്നവൻ ആകുന്നു. പോതാവിന്റെ ഉള്ളിലിരുന്ന്, യാഗനിർവ്വാഹകനായി ഭവിക്കുന്നു. പിന്നെ സ്വാഭാവികമായി പുരോഹിതനാകുന്നു. അതായതു് ദേവപുരോഹിതനായ ബൃഹസ്പതിയുടെ പ്രതിനിധിയായ ബ്രഹ്മനാകുന്നു. ബ്രഹ്മന്റെ ഉള്ളിൽ വർത്തിച്ച് എല്ലാ കർമ്മങ്ങളും അറിയുന്ന അവിടന്ന്, അല്ലയോ പ്രാജ്ഞനായ അഗ്നേ, യാഗത്തെ, ഏറ്റക്കുറച്ചിൽ വരാതെ, സമ്പൂർണ്ണമാക്കി ച്ചെയ്യുന്നു. അല്ലയോ അഗ്നേ അവിടത്തോടു സഖ്യമുള്ളപ്പോൾ ഞങ്ങൾ (ആരാലും) ദ്രോഹിക്കപ്പെടുകയില്ല.

7 യോ വിശ്വതസ്സുപ്രതീകസ്സദൃങ്ങസി
ദൂരേചിൽ സന്തളിദിവാതിരോചസേ
രാത്ര്യാശ്ചിദന്ധോ അതിദേവപശ്യ
സ്യഗ്നേ സഖ്യേമാരിഷാമാവയന്തവ

അന്വയം:—

(ഹേ അഗ്നേ) യഃ (ത്വം)

സു—പ്രതീകഃ	— ശോഭനാങ്ഗസ്സൻ
വിശ്വതഃ സ—ദൃങ്അസി	— സർവ്വസ്മാദപ്യന്യൂനഃ, സദൃശോഭവേസി
(സഃ ത്വം) ദൂരേ ചിൽ	
സൻ	— ദൂരേപിവർത്തമാനസ്സൻ
തളിൽ—ഇവ	— അന്തികേ വർത്തമാന ഇവ
അതി രോചസേ	— അതിശയേനദീപ്യസേ
രാത്ര്യാഃ ചിൽ	— രാത്രേരപി, രാത്രേസ്സംബന്ധിനം

അന്ധഃ — ബഹുലമന്ധകാരമപി

ഹേ ദേവ, അതി

പശ്യസി — ദ്യോതമാന, അതീത്യ പ്രകാശസേ

ഹേ അഗ്നേ, തവ സഖ്യേ

വയം മാ രിഷാമ — അസ്മാകം ത്വയാസഹ സഖിത്വേ ഹിംസിതാനഭവാമ

അർത്ഥം—അല്ലയോ അഗ്നേ, അവിടുന്ന് പ്രകാശിക്കുന്ന അംഗങ്ങളോടുകൂടി ഒന്നിൽ നിന്നും കുറവില്ലാതെ, എല്ലാററിനും തുല്യനായി, അകലെ വർത്തിക്കുമ്പോഴും അടുത്തിരിക്കുമ്പോലെ ഏററവും ശോഭിക്കുന്നു അല്ലയോ പ്രകാശശീലനായ അഗ്നേ, രാത്രിയുടെ പരന്ന ഇരുട്ടിനെക്കൂടി മറികടന്ന് അവിടുന്ന് പ്രകാശിക്കുന്നു അല്ലയോ അഗ്നേ, അവിടുത്തോടു സഖ്യമുള്ളപ്പോൾ ഞങ്ങൾ (ആരാലും) ദ്രോഹിക്കപ്പെടുകയില്ല

8 പൂർവ്വോ ദേവാ ഭവതു സുന്വതോ രഥോ

സ്മാകം ശംസോ അഭ്യസ്തു ദൂഢ്യഃ

തദാ ജാനീതോത പുഷ്യതാ വചോ

ഗ്നേ സഖ്യേ മാ രിഷാമാ വയം തവ

അന്വയം —

ഹേ ദേവാഃ — അഗ്ന്യവയവഭൂതാഃ സർവ്വേ ദേവാഃ

സുന്വതഃ രഥഃ — സോമാഭിഷവം കുർവ്വതോ യജമാനസ്യ രഥഃ

പൂർവ്വഃ ഭവതു — അയജമാനാനാം രഥേഭ്യോ മുഖ്യഃ ഭവതു

(അപിച) അസ്മാകം ശംസഃ — ശംസനീയം അഭിശാപരൂപം പാപം

ദുഃ—ധ്യഃ — ദുർധിയഃ പാപബുദ്ധീൻ അഭി

അഭി അസ്ത — അഭിഭവത്ത, ബാധതാം
തൽ ആ ജാനീത — ഇദം മദ്വാക്യം ആഭിമുഖ്യേനാവഗച്ഛത
ഉത വചഃ പുഷ്യത — അപിച തദ്വചനം തദർത്ഥാചരണേ പ്രവർദ്ധയത
അഗ്നേ തവ സഖ്യേ വയം
മാ രിഷാമ — അസ്മാകം ത്വയാസഹ സഖിത്വേ ഹിംസിതാ ന ഭവാമ

അർത്ഥം—അഗ്ന്യവയവഭൂതരായ ദേവന്മാരേ, സോമം സംസ്കരിക്കുന്ന യജമാനന്റെ തേർ അയജമാനന്മാരായ അന്യരുടെ തേരുകളേക്കാൾ മുഖ്യമായി ഭവിയ്ക്കട്ടെ. കൂടാതെ ശാപരൂപമായ ഞങ്ങളുടെ പാപം (ശാപപാത്രത്വം വഴിക്കോ ശാപകർത്തൃത്വം വഴിക്കോ ഉള്ളത്) പാപബുദ്ധികളും അനിഷ്ടാചരണന്മാരുമായ ശത്രുക്കളെ ബാധിയ്ക്കട്ടെ. എന്റെ ഈ വാക്ക് നേരേ മനസ്സിലാക്കിയാലും. (അർത്ഥാനുസാരമായി പുഷ്ടിപ്പെടുത്തിയാലും.) അല്ലയോ അഗ്നേ, അവിടുത്തോടു സഖ്യമുള്ളപ്പോൾ ഞങ്ങൾ (ആരാലും) ദ്രോഹിയ്ക്കപ്പെടുകയില്ല.

9 വധൈർദ്ദുശ്ശംസാँ അപദൂഢ്യോ ജഹി
ദൂരേവായേ അന്തിവാകേ ചിദത്രിണഃ
അഥായജ്ഞായ ഗൃണതേ സുഗങ്കൃ
ധ്യഗ്നേ സഖ്യേമാരിഷാമാവയന്തവ

അന്വയം:—

(ഹേ അഗ്നേ ത്വം) വധൈഃ — ഹനനസാധനൈരായുധൈഃ
ദുഃ–ശംസാൻ — ദുഃഖേനകീർത്തനീയാൻ
ദുഃ–ധ്യഃ — ദുർധിയഃ, പാപബുദ്ധീൻ
അപ ജഹി — വധം പ്രാപയ
യേ കേ ചിത് — യേകേചന
ദൂരേ വാ അന്തി വാ — വിപ്രകൃഷ്ടേ, സമീപേ വാ ദേശേ (വർത്തമാനാഃ)

അദ്ത്രിണഃ — അത്താരഃ, രാക്ഷസാദയഃ (താനപിജഹി)

അഥ യജ്ഞായ — യജ്ഞപതയേ

ഗൃണതേ സു-ഗം കൃധി — ത്വാം സ്തുവതേ യജമാനായ ശോഭനം മാർഗ്ഗം കുരു

അഗ്നേ, തവ സഖ്യേ വയം മാ രിഷാമ — അസ്മാകം ത്വയാ സഹ സഖിത്വേ ഹിംസിതാ ന ഭവാമ

അർത്ഥം—അല്ലയോ അഗ്നേ, അവിടുന്ന് വധായുധങ്ങളാൽ പേർപറയാൻ കൊള്ളാത്ത ദുർബ്ബുദ്ധികളെ ഹനിച്ചാലും. ദൂരത്തിലോ ചാരത്തിലോ ഉള്ള സർവ്വഭക്ഷകരായ രാക്ഷസാദികൾ യാവരോ, അവരെയും കൊന്നാലും. അനന്തരം യജ്ഞപതിയും അവിടുത്തെ സ്തുതിക്കുന്നവനുമായ യജമാനന്ന് തെളിഞ്ഞ മാർഗ്ഗമുണ്ടാക്കിയാലും. അല്ലയോ അഗ്നേ, അവിടുത്തെ സഖ്യമുള്ളപ്പോൾ ഞങ്ങൾ (ആരാലും) ദ്രോഹിക്കപ്പെടുകയില്ല

10 യദയുക്ഥാ അരുഷാ രോഹിതാരഥേ
വാതജൂതാവൃഷഭസ്യേവതേരവഃ
ആദിന്വസി വനിനോധൂമകേതുനാ
ഗ്നേസഖ്യേമാരിഷാമാ വയന്തവ വ 31

അന്വയം:—

(ഹേ അഗ്നേ) അരുഷാ — അരുഷൌ, ആരോചമാനൌ

വാത-ജൂതാ — വാതജൂതൌ, വായുവേഗൌ

രോഹിതാ — രോഹിതൌ, ലോഹിതവർണ്ണൌ, അഗ്നേഃ അശ്വൌ

രഥേ യത് അയുക്ഥാഃ — യദാ അയോജയഃ

(താനിം ബൃഹതഃ)

തേ രവഃ — തവ ശബ്ദഃ

വൃഷഭസ്യ-ഇവ — വൃഷഭസ്യ മഹോക്ഷസ്യ ഇവ (ഗംഭീരോഭ 1)

ആൽ വനിനഃ — അനന്തരം വനസംബന്ധാൻ വൃക്ഷാൻ
ധൂമ–കേതുനാ — ധൂമഃ കേതുഃ പ്രജ്ഞാപകഃ യസ്യ താദൃശേന രശ്മിനാ
ഇനക്ഷസി — വ്യാപ്നോഷി
അഗ്നേ തവ സഖ്യേ
വയം മാ രിഷാമ — അസ്മാകം ത്വയാ സഹ സഖിത്വേ ഹിംസിതാ ന ഭവാമ

അൎത്ഥം—അല്പയോ അഗ്നേ, തെളിഞ്ഞുമിന്നുന്നവയും വായുവേഗങ്ങളുമായ അവിടുത്തെ രോഹിതങ്ങളെന്നുപേരായ ചെങ്കുതിരകളെ എപ്പോൾ തേരിൽ പൂട്ടുന്നുവോ, അപ്പോൾ അവിടുത്തെ ശബ്ദം ഊക്കനായ ഒരു കാളക്കൂററൻേറതുപോലെ ഗംഭീരമാകുന്നു. ആ ശബ്ദമുണ്ടാക്കിയശേഷം കത്തിക്കാളുന്ന അവിടുത്തെ രശ്മികൾ, പുകയാകുന്ന കൊടിയുയർത്തലോടുകൂടി വനവൃക്ഷങ്ങളെ എമ്പാടും വ്യാപിക്കുന്നു. അഗ്നേ, അവിടുത്തോടു സഖ്യമുള്ളപ്പോൾ ഞങ്ങൾ (ആരാലും) ദ്രോഹിക്കപ്പെടുകയില്ല.

11 അധ്സ്വനാദുതബിഭ്യുഃ പതത്രിണോ
ദ്രപ്സായത്തേയവസാദോവ്യസ്ഥിരൻ
സുഗന്തത്താ താവകേഭ്യോരഥേഭ്യോ
ഗ്നേസഖ്യേമാരിഷാമാവയന്തവ്

അന്വയം:—

(ഹേ അഗ്നേ,) അധ — ദഗ്ധ്വം വനപ്രവേശാനന്തരം
സ്വനാൽ — പൂൎവ്വോക്ത ഗംഭീരശബ്ദാൽ
പതത്രിണഃ ഉത ബിഭ്യുഃ — പക്ഷിണോപി ഭയം പ്രാപ്നുവന്തി
(ഉൽപതനേന ദേശാന്തരം പ്രാപ്തും സമൎത്ഥാഃ പക്ഷിണോപി ഭയം പ്രാപ്നുവന്തി, കിമുവക്തവ്യമന്യേഷാം തത്രത്യാനാം വൃകാദീനാം ഭീതിഃ)

തേ ദ്രഫ്സാഃ — തവജ്വാലൈകദേശാഃ
യവസ— അദഃ — യവസാനാം,
തൃണാനാമത്താരസ്സന്തഃ
യൽ വി അസ്ഥിരൻ — യദാവിവിധം അവതിഷ്ഠന്തേ
തൽ തേ സ്വ–ഗം — തദാ തവ സർവ്വമരണ്യം സുഖേന
ഗന്തുംശക്യം
(അതഃ) താവകേഭ്യഃ രഥേഭ്യഃ (തദരണ്യം സുഗം ഭവതി)
അഗ്നേ തവ സഖ്യേ വയം
മാ രിഷാമ — അസ്മാകം ത്വയാ സഹ
സഖിത്വേ ഹിംസിതാ ന ഭവാമ

അർത്ഥം—അല്ലയോ അഗ്നേ, ദഹിപ്പിയ്ക്കാനായി അവിടെ ന്ന് കാട്ടിൽ കടക്കമ്പോാൾ, മുൻപറഞ്ഞ അവിടുത്തെ ശബ്ദം കാരണം പക്ഷികൾ കൂടി പേടിയ്ക്കുന്നു (മേൽപ്പോട്ടുപറന്ന് അന്യദിക്കിൽ പോകാൻ കഴിവുള്ള പക്ഷികൾ കൂടി പേടിയ്ക്കു മ്പോൾ അവിടെയുള്ള മററു ജന്തുക്കളുടെ പേടി പറയാനുണ്ടോ?) അവിടുത്തെ ചില ജ്വാലാപ്രസരങ്ങൾ കാട്ടിലെ പുൽകളെ തിന്ന് (ദഹിപ്പിച്ച്) തീരവേ, കാടുമുഴുവൻ അവിടേക്ക് സുഗമമായിത്തീരുന്നു ഇക്കാരണത്താൽ അവിടുത്തെ തേരു കൾക്ക് കാട്ടിലൂടെ നിഷ്പ്രയാസം പോകാറാവുന്നു അഗ്നേ, അവിടുത്തോടു സഖ്യമുള്ളപ്പോൾ ഞങ്ങൾ (ആരാലും) ദ്രോഹി യ്ക്കപ്പെടുകയില്ല

12 അയം മിത്രസ്യ വരുണസ്യധായസേ
വയാതാമ്മരുതാം ഹേളോ അദ്ഭുതഃ
മൃളാസുനോ ഭൂത്വേഷാമ്മനഃ പുന
രഗ്നേ സഖ്യേമാരിഷാമാവയന്തവ

അന്വയം —

അയം	—	അഗ്നേസ്തോതാ
മിത്രസ്യ വരുണസ്യ	—	അഹരഭിമാനിനഃ രാത്ര്യഭിമാനിനശ്ച ദേവസ്യ സംബന്ധിനേ
ധായസേ	—	ധാരണായ, അവസ്ഥാപനായ (ഭവതു)
(മിത്രാവരുണാവിമമഗ്നേ സ്തോതാരം ധാരയതാം)		
അവ—യാതാം	—	അധസ്താൽ ഗച്ഛതാം, സ്വർഗ്ഗലോകസ്യാധസ്താൽ അന്തരിക്ഷേ വർത്തമാനാനാം
മരുതാം ഹേളഃ	—	തൽസംജ്ഞാനാം ദേവാനാം ക്രോധഃ
അദ്ഭുതഃ	—	മഹാൻ (ഭവതി)
(തസ്മാൽ ക്രോധാൽ സ്തോതാരം മിത്രാവരുണൌരക്ഷതാം)		
(അപിച) സു മൃള	—	സുഖയ
നഃ	—	അസ്മാൻ
ഏഷാം മനഃ പുനഃ ഭൂതു	—	മരുതാം മനഃ പുനരപിപ്രസന്നം ഭവതു
അഗ്നേ തവ സഖ്യേ വയം		
മാ രിഷാമ	—	അസ്മാകം ത്വയാ സഹ സഖിത്വേ ഹിംസിതാ ന ഭവാമ

അർത്ഥം-അഗ്നിയെ സ്തുതിക്കുന്ന ഈയുള്ളവൻ പകലിന്റെ അധിദേവനായ മിത്രന്റെയും രാവിന്റെ അധിദേവനായ വരുണന്റെയും ധാരണത്തിൽ (സംരക്ഷണത്തിൽ) വേിക്കട്ടെ. ആ ദേവന്മാർ രക്ഷിക്കട്ടെ. സ്വർഗ്ഗത്തിന്നുതാഴെ അന്തരിക്ഷത്തിൽ വർത്തിക്കുന്ന മരുത്തുക്കളുടെ കോപം വലുതാണ്. ആ കോപത്തിൽനിന്ന് മിത്രാവരുണന്മാർ അഗ്നിസ്തോതാവിനെ രക്ഷിക്കട്ടെ. കൂടാതെ, ഈയുള്ളവനെ സുഖിപ്പിച്ചാലും. മരുത്തുക്കളുടെ മനസ്സ് വീണ്ടും പ്രസന്നമാകട്ടെ അഗ്നേ, അവിടുത്തോടു സഖ്യമുള്ളപ്പോൾ ഞങ്ങൾ (ആരാലും) ദ്രോഹിക്കപ്പെടുകയില്ല

13 ദേവോ ദേവാനാമസിമിത്രോ അദ്ഭുതോ
വസുർവ്വസൂനാമസി ചാരു രധ്വരേ
ശർമ്മൻസ്യാമതവ സപ്രഥസ്തമേ
ഗ്നേസഖ്യേമാരിഷാമാവയന്തവ

അന്വയം:—

(ഹേ അഗ്നേ,) ദേവഃ	— ദ്യോതമാനഃ (ത്വം)
(സർവ്വേഷാം) ദേവാനാം	
അദ്ഭുതഃ മിത്രഃ അസി	— പ്രൌഢസ്സഖാഭവസി
(തഥാ) അധ്വരേ ചാരുഃ	— യജ്ഞേ ശോഭനഃ (ത്വം)
വസൂനാം വസുഃ അസി	— ധനാനാം നിവാസയിതാ ഭവസി (അതഃ അസ്മാകം വസുനിദേഹി)
(കിഞ്ച) സപ്രഥഃ-തമേ	— പൃഥുതമേ, അതിശയേന വിസ്തീർണ്ണേ
തവ ശർമ്മൻ	— ത്വൽസംബന്ധിനി ശർമ്മണി, യജ്ഞഗൃഹേ
സ്യാമ	— വർത്തമാനാ ഭവേമ
അഗ്നേ തവ സഖ്യേ	
വയം മാ രിഷാമ	— അസ്മാകം ത്വയാ സഹ സഖിത്വേ ഹിംസിതാ ന ഭവാമ

അർത്ഥം—അല്ലയോ അഗ്നേ, പ്രകാശമാനനായ അവിടുന്ന് എല്ലാ ദേവന്മാക്കും ഒത്ത ചങ്ങാതിയാകുന്നു. അതുപോലെ യാഗത്തിൽ ശോഭമാനനായ അവിടുന്ന് എല്ലാ ധനങ്ങളും അതാതിടത്തു് സ്ഥാപിയ്ക്കുന്നവനാകുന്നു. അല്ലെങ്കിൽ ധനങ്ങൾക്കും ധനമാകുന്നു. (അതുകൊണ്ടു് ഞങ്ങൾക്കും ധനം തന്നരുളിയാലും.) പിന്നെ അതിവിസ്തീർണ്ണമായ അവിടത്തെ ഗൃഹത്തിൽ, യജ്ഞശാലയിൽ, ഞങ്ങൾ വർത്തിച്ചാവൂ അഗ്നേ, അവിടത്തോടു സഖ്യമുള്ളപ്പോൾ ഞങ്ങൾ (ആരാലും) ദ്രോഹിയ്ക്കപ്പെടുകയില്ല.

14 തത്തേഭദ്രം യൽ സമിദ്ധഃസ്വേദമേ
സോമാഹുതോ ജരസേമൃളയത്തമഃ
ദധാസിരത്നന്ദ്രവിണഞ്ചദാശുഷേ
ഗ്നേസഖ്യേമാരിഷാമാവയന്തവ

അന്വയം.—

സ്വേ ദമേ	—	സ്വകീയേ ഉത്തരവേദി ലക്ഷണേ നിവാസസ്ഥാനേ
സം—ഇദ്ധഃ	—	സമ്യഗിദ്ധഃ, പ്രജ്വലിതഃ
സോമ—ആഹുതഃ	—	ഹുതേന സോമരസേന സന്തപ്പിതസ്സൻ '
ജരസേ യൽ	—	സ്തുതിഗ്ഭിഃ സ്തൂയസേ ഇതിയൽ
(ഹേ അഗ്നേ തേ തൽ)		
ഭദ്രം	—	ഭജനീയം
(സഃ ത്വം) മൃളയൽ—തമഃ	—	അതിശയേന സുഖയിതാ ഭൂത്വാ
രത്നം ദ്രവിണം ച	—	രമണീയം കർമ്മഫലം ധനം ച
ദാശുഷേ ദധാസി	—	ഹവിർദ്ദത്തവതേ യജമാനായ പ്രയച്ഛസി
അഗ്നേ തവ സഖ്യേ വയം		
മാ രിഷാമ	—	അസ്മാകം ത്വയാ സഹ സഖി ത്വേ ഹിംസിതാ ന ഭവാമ

അർത്ഥം—സ്വന്തമായ, ഉത്തരവേദിയിലെ ഇരിപ്പിടത്തിൽ വേണ്ടപോലെ കത്തിക്കാളിക്കൊണ്ടും, ഹോമിയ്ക്കപ്പെട്ട സോമരസത്താൽ തൃപ്തനായും, അവിടുന്ന് സ്തുതിക്കപ്പെടുന്നതു് അവിടേക്ക് സ്വീകരണീയമാണല്ലൊ അപ്രകാരമുള്ള അവിടുന്ന് ഏററവും സുഖപ്രദനായി, നല്ല കർമ്മഫലവും ധനവും ഹവിർദ്ദാതാവായ യജമാനന്ന് കൊടുക്കുന്നു അഗ്നേ, അവിടുത്തോടു സഖ്യമുള്ളപ്പോൾ ഞങ്ങൾ (ആരാലും) ദ്രോഹിക്കപ്പെടുകയില്ല.

15 യസ്മൈത്വം സുദ്രവിണോദദാശോ
നാഗാസ്ത്വമദിതേസർവ്വതാതാ
യംഭദ്രേണശവസാചോദയാസി
പ്രജാവതാരാധസാതേസ്യാമ

അന്വയം.—

ഹേ സു–ദ്രവിണഃ അദിതേ — ശോഭന ധന, അഖണ്ഡനീയ (അഗ്നേ)
സർവ്വ–താതാ — സർവ്വാസുകർമ്മതതിഷു വർത്തമാനായ
യസ്മൈ അനാഗാഃ–ത്വം — അപാപത്വം, പാപരാഹിത്യേന കർമ്മാർഹതാം
ത്വം ദദാശഃ — പ്രയച്ഛസി (സയജമാനഃ സമൃദ്ധോഭവതി)
യം ഭദ്രേണ — ഭജനീയേന
ശവസാ ചോദയാസി — ബലേന സംയോജയസി (സോപിസമൃദ്ധോ ഭവതി)
(വയഞ്ചസ്തോതാരഃ)
പ്രജാ–വതാ — പ്രജാഭിഃ, പുത്രപൌത്രൈര്യുക്തേന
തേ രാധസാ സ്യാമ — ത്വയാദത്തേന ധനേനയുക്താഃ ഭവേമ

അർത്ഥം—അല്ലയോ ശോഭനധന, അഖണ്ഡനീയ, അഗ്നേ, എല്ലാ കർമ്മങ്ങളിലും ഏർപ്പെട്ട ഏതൊരു യജമാനന്ന് അപാപത്വം കൊടുത്തു് കർമ്മത്തിന്നർഹത അവിടുന്ന് ഉണ്ടാക്കുന്നുവോ, ആ യജമാനൻ സമൃദ്ധനായി ഭവിക്കുന്നു ഏതൊരു യജമാനനെ നേടേണ്ടും ബലത്തോടുകൂടിയവനാക്കുന്നുവോ, ആ യജമാനനും സമൃദ്ധനായിത്തീരുന്നു അവിടുത്തെ സ്തോതാക്കളായ ഞങ്ങളും പുത്രപൌത്രാദികളോടും അവിടുന്നരുളുന്ന ധനത്തോടും കൂടിയവരാകാവു.

16 സത്വമഗ്നേ സൌഭഗത്വസ്യവിദ്വാ
നസ്മാകമായുഃ പ്രതിരേഹദേവ
തന്നോമിത്രോവരുണോമാമഹന്താ
മദിതിസ്സിന്ധുഃ പൃഥിവീഉതദ്യൌഃ വ 32

അന്വയം —

ഹേ ദേവ, അഗ്നേ
സഃ ത്വം — പൂർവ്വോക്തഗുണവിശിഷ്ടസ്ത്വം
സൌഭഗ–ത്വസ്യ
വിദ്വാൻ — സുഭഗത്വം സൌഭാഗ്യം ജാനൻ
ഇഹ അസ്മാകം ആയുഃ
പ്ര തിര — അസ്മിൻ കർമ്മണി ആയുഃ പ്രവദ്ധയ
(ത്വയാപ്രവദ്ധിതം)
നഃ തൽ — അസ്മാകമായുഃ
മിത്രഃ വരുണഃ അദിതിഃ
സിന്ധുഃ പൃഥിവീ ഉത ദ്യൌഃ
മമഹന്താം — പൂജന്താം രക്ഷന്തു

അത്ഥം—അല്ലയോ ദാനശീലനായ അഗ്നേ, മുൻപറഞ്ഞ ഗുണങ്ങളോടുകൂടിയ അവിടുന്നു് സൌഭാഗ്യം അറിയുന്നവനായി ഈ കർമ്മത്തിൽ (വെച്ചു്) ഞങ്ങളുടെ ആയുസ്സിനെ വദ്ധിപ്പിച്ചാലും. അപ്രകാരം അവിടുന്നു വദ്ധിപ്പിച്ച ആയുസ്സിനെ മരണത്തിൽ നിന്നു രക്ഷിക്കുന്ന മിത്രനും, അനിഷ്ടപരിഹത്താവായ വരുണനും, ദേവമാതാവായ അദിതിയും ഉദകദേവതയായ സിന്ധുവും, പ്രഥിതയായ ഭൂമിയും, പ്രകാശമാനയായ ദ്യോവും കൊണ്ടാടട്ടെ, രക്ഷിയ്ക്കട്ടെ

അധ്യായ പീഠിക

അഷ്ടകം–1 അധ്യായം–7

1–മുതൽ 4 കൂടി വൎഗ്ഗങ്ങൾ ആഗ്നേയങ്ങൾ. അഗ്നിയുടെ സൂൎയ്യാത്മകവും വിദ്യുദാത്മകവും പൃഥിവ്യാത്മകവുമായ ഭാവങ്ങൾ വിവിധ രീതികളിൽ വൎണ്ണിയ്ക്കുന്നു. 4ാം വൎഗ്ഗത്തിൽ 8–ാം മന്ത്രം പുണ്യാഹമന്ത്രങ്ങളിൽ പെടുന്നു. ദീൎഘായുഃ പ്രാൎത്ഥനകളിലും ഒന്നാണ്. 5ാം വൎഗ്ഗം അഗ്നിദേവതാകവും പശ്ചാത്താപംകൊണ്ട് പാപം തീരാനുള്ള അൎത്ഥനയുമാണ്. 6 വൈശ്വാനരാഗ്നിദേവത. 7ാം വൎഗ്ഗം ഒരു മന്ത്രമേ ഉള്ളൂ. അത് അത്യന്തം ശക്തിയുക്തമാണ്. ത്രിഷ്ടുപ് എന്ന പേരിലറിയപ്പെടുന്നു. രോഗശാന്തിയ്ക്കും പാപനാശത്തിന്നും ആപന്നിവൃത്തിയ്ക്കും സാൎവ്വത്രികമായുപയോഗിയ്ക്കപ്പെടുന്നു. 8 മുതൽ 19 കൂടി വൎഗ്ഗങ്ങളിൽ ഇന്ദ്രൻ ദേവത. 12–ാം വൎഗ്ഗത്തിൽ ഒന്നാം മന്ത്രം ഗൎഭിണികൾ കേട്ടുകൂടാത്തതാണ്. കേട്ടാൽ ഗൎഭം ഛിദ്രിയ്ക്കുമെന്നു പറയപ്പെടുന്നു. 20 മുതൽ 23 കൂടി കിണററിൽ തള്ളപ്പെട്ട 'ത്രിതൻ' എന്ന ഋഷിയുടെ രക്ഷാപ്രാൎത്ഥനയാണ്. വളരെ മാനുഷികത്വമുള്ള ത്രിതവാക്യം അനുകമ്പാവഹമാണ്. 24–25. വിശ്വദേവന്മാർ. 26–27–28–ഇന്ദ്രാഗ്നികൾ. 29–30–31. ഋഭുക്കൾ. ഇവിടെ അവരുടെ അത്ഭുതകൎമ്മങ്ങൾ വിവരിയ്ക്കുന്നു. 32–33 കൂടിയ വൎഗ്ഗങ്ങളിൽ ദേവതയായ അശ്വികളുടെ ധീരകൎമ്മങ്ങൾ വൎണ്ണിയ്ക്കുന്നു. ഒരേ കൎമ്മംതന്നെ ഉടനീളം സംഹിതയിൽ പല ദിക്കിലും വിവരിച്ചിട്ടുണ്ട്.

അഷ്ടകം1– അധ്യായം 7–വൎഗ്ഗം 1–2 ആംഗിരസഃകുത്സ ഋഷിഃ ത്രിഷ്ടുപ്ഛന്ദഃ അഗ്നിൎദ്ദേവതാ

1 ദ്വേവിരൂപേചരതഃസ്വൎത്ഥേ

അന്യാന്യാവത്സമുപധാപയേതേ

ഹരിരന്യസ്യാം ഭവതി സ്വധാവാ

ഞ്ഛുക്രോ അന്യസ്യാംദദൃശേ സുവൎച്ചാഃ

അന്വയം:—

സു—അർത്ഥേ — സ്വരണേ, ശോഭനഗമനാഗമനേ
വി—രൂപേ — വിഷമരൂപേ, ശുക്ലകൃഷ്ണതയാ നാനാരൂപേ
ദ്വേ ചരതഃ — അഹോരാത്രേ പുനഃ പുനഃ പര്യാവർത്തേതേ
(തേ അഹോരാത്രേ അഗ്നേഃ സൂര്യസ്യ ച ജനന്യൌ തത്ര രാത്രേഃ പുത്രസ്സൂര്യഃ അഹ്നഃ പുത്രോഗ്നിഃ)
(തേ അഹോരാത്രേ)
വത്സം — സ്വം സ്വം പുത്രം
അന്യാ—അന്യാ — പരസ്പരവ്യതിഹാരേണ
ഉപ ധാപയേതേ — സ്വകീയം രസം പായയതഃ
(യൽ രാത്ര്യാ കർത്തവ്യം, സ്വപുത്രസ്യാദിത്യസ്യ രസസ്യപായനം തദഹഃ കരോതി; അഹ്നാ കർത്തവ്യം അഗ്നേഃ പായനം രാത്രിഃ കരോതി)
(യസ്മാദേവം തസ്മാൽ)
അന്യസ്യാം — അഹരാത്മികായാം അഗ്നേജ്ജനന്യാം
ഹരിഃ സ്വധാ-വാൻ ഭവതി — ആദിത്യഃ ഹവിർല്ലക്ഷണാന്നവാൻ ഭവതി
ശുക്രഃ — നിർമ്മലദീപ്തിരഗ്നിഃ
അന്യസ്യാം — രാത്ര്യാം, ആദിത്യസ്യ ജനന്യാം
സു—വർച്ചാഃ ദദൃശേ — ശോഭനദീപ്തിയുക്തസ്സൻ ദൃശ്യതേ

അർത്ഥം—ഭംഗിയുള്ള പോക്കുവരവുകളോടുകൂടി, വെളുത്തും കറുത്തുമുള്ള വിവിധരൂപങ്ങളുള്ള രണ്ടുപേർ, പകലും രാവും, വീണ്ടും വീണ്ടും ചുററുന്നുണ്ടല്ലോ. ആ പകലിരവുകൾ അഗ്നിയുടെയും സൂര്യൻെറയും അമ്മമാരത്രേ—രാവിൻെറ പുത്രൻ സൂര്യനും, പകലിൻെറ മകൻ അഗ്നിയും. (രാത്രിയുടെ ഗർഭത്തിൽ നിന്നാണല്ലൊ സൂര്യൻ പിറക്കുന്നതു്. പകൽ മങ്ങിയ തീയിൻെറ വെളിച്ചം രാവിലാണല്ലൊ ശോഭിയ്ക്കുന്നതു്. അപ്പോൾ പകലിൻെറ ഗർഭത്തിൽ നിന്നാണു് തീ പിറക്കുന്നതു്.) ആ പകലിരവുകൾ സ്വന്തം പുത്രനെവിട്ടു് മററേ ആളുടെ പുത്ര

ന്ന് മാറി മുല കൊടുക്കുന്നു. സ്വപുത്രനായ സൂര്യന്ന് രാത്രി കൊടുക്കേണ്ടും മുലപ്പാൽ, പകൽ കൊടുക്കുന്നു. അഗ്നിക്ക് പകൽ കൊടുക്കേണ്ടും മുലപ്പാൽ രാത്രികൊടുക്കുന്നു. ഇപ്രകാരമാകയാൽ അഗ്നിമാതാവായ പകലിങ്കൽ നിന്ന് ആദിത്യന്ന് ഹവിരന്നം കിട്ടുന്നു. നിർമ്മലപ്രകാശനായ അഗ്നിയാകട്ടെ ആദിത്യമാതാവായ രാത്രിയിങ്കൽ നിന്ന് ദീപ്തിലഭിച്ചവനായി കാണപ്പെടുന്നു. (സൂര്യന്ന് ആഹുതി പകലും, അഗ്നിക്ക് രാത്രിയുമെന്നത് സാമാന്യനിയമം)

2 ദശേമന്ത്വഷ്ടുർജ്ജനയന്ത ഗർഭ

മതന്ദ്രാസോ യുവതയോ വിഭൃത്രം

തിഗ്മാനീകം സ്വയശസഞ്ജനേഷു

വിരോചമാനം പരിഷീന്നയന്തി

അന്വയം —

അതന്ദ്രാസഃ	— ജഗതഃ പോഷണേ സ്വകാര്യേ അനലസാഃ, ജാഗരൂകാഃ
യുവതയഃ	— നിത്യതരുണ്യഃ, ജരാമരണ രഹിതാഃ
ദശ	— പ്രാച്യാദ്യാ ദശസംഖ്യാകാ ദിശഃ
ഗർഭം	— മേഘേഷു ഗർഭരൂപേണാന്തർവ്വർത്തമാനം
ത്വഷ്ടുഃ	— ദീപ്താൽ മധ്യമാൽ വായോസ്സകാശാൽ
ജനയന്ത	— വൈദ്യുതാഗ്നിമുൽപാദയന്തി
വി—ഭൃത്രം	— സർവ്വേഷു ഭൂതേഷു വിഹൃതം, ജാഠരരൂപേണ വിജൃംഭമാനം
തിഗ്മ—അനീകം	— തീക്ഷ്ണമുഖം, തീക്ഷ്ണതേജസം
സ്വ—യശസം	— സ്വായത്തയശസ്കം

ജനേഷു വി–രോചമാനം — ജനപദേഷു വിശേഷേണ ദീപ്യമാനം

സീം ഇമം പരി നയന്തി — ഏനമഗ്നിം പരിതഃ, സർവ്വതഃ പ്രാപയന്തി

(ബഹൂനാമുപകാരകമഗ്നിം സ്വസ്വോപകാരായ സർവ്വേജനാഃ സ്വകീയം ദേശം പ്രാപയന്തി.)

അർത്ഥം–ജഗൽപോഷണ വിഷയമായ സ്വകർത്തവ്യത്തിൽ അലസകളാകാതെ, ജാഗരൂകകളായി, ജരാമരണരഹിതകളായ നിത്യതരുണികളായി കിഴക്ക മുതലായ പത്തുദിക്കുകരം (ദിഗ്ദേവതകരം) മഴക്കാറുകരംക്കള്ളിൽ ഗർഭരൂപത്തിൽ വർത്തിക്കുന്ന പ്രകാശമാനനായ വൈദ്യുതാഗ്നിയെ മധ്യമവായുവിങ്കൽ നിന്നു് ഉൽപാദിപ്പിക്കുന്നു. സർവ്വഭൂതങ്ങളിലും ജാഠരരൂപത്തിൽ സ്വയം പിരിഞ്ഞു് വർത്തിക്കുന്നതും, വിഹരിക്കുന്നതും, നോക്കാൻ വയ്യാത്ത തേജസ്സോടുകൂടിയതും, താൻ തന്നെ നേടിയ യശസ്സോടുകൂടിയതും, ജനവാസ സ്ഥാനങ്ങളിൽ വിശേഷിച്ചു് വെളിച്ചം വിതറുന്നതുമായ ഈ അഗ്നിയെ (ദിക്കുകരം) എല്ലാടവും എത്തിക്കുന്നു. (എല്ലാവക്കും ഉപകാരകനായ അഗ്നിയെ, അവനവൻെറ ഉപയോഗത്തിന്നു് എല്ലാ ജനങ്ങളും സ്വസ്വപ്രദേശത്തേയ്ക്കു കൊണ്ടുപോകുന്നു).

3 ത്രീണിജാനാപരിഭൂഷന്ത്യസ്യ
സമുദ്രഏകംദിവ്യേകമപ്സു
പൂർവ്വാമനുപ്രദിശം പാർത്ഥിവാനാ
മൃതൂൻപ്രശാസദ്വിദധാവനുഷ്ഠു

അന്വയം;–

അസ്യ (അഗ്നേഃ)
ത്രീണി — ത്രിസംഖ്യാകാനി
ജാനാ പരി ഭൂഷന്തി — ജനനാനി, ജന്മാനിപരിതഃ, സർവതഃ അല ്ന്തി

സമുദ്രേ ഏകം — അബ്ധൌ ബഡവാനലരൂപം ഏകം ജന്മ;
ദിവി ഏകം — ദ്യുലോകേ ആദിത്യാത്മനാ ഏകം ജന്മ;
അപ്-സു (ഏകം) — അന്തരിക്ഷേ വൈദ്യുതാഗ്നി രൂപേണ ഏകം ജന്മ
(ഏവമഗ്നിഃ ത്രേധാത്മാനം വിഭജ്യ ത്രിഷുസ്ഥാനേഷു വർത്തതേ)
(ആദിത്യാത്മനാവർത്തമാനോഗ്നിഃ) ഋതൂൻ — വസന്താദ്യാൻഷഡൃതൂൻ
അനു പ്ര-ശാസൽ — അനുക്രമേണ പ്രകർഷേണ വിഭക്തതയാജ്ഞാപയൻ
പാർത്ഥിവാനാം — പൃഥിവ്യാസ്സംബന്ധിനാം സർവ്വേഷാം പ്രാണിനാം
പൂർവ്വാം പ്ര ദിശം — പ്രാചീം പ്രകൃഷ്ടാംകകുഭം
ആനുഷ്ഠു വി ദധൌ — സമ്യക്, അനുക്രമേണ (അവ്യയം) കൃതവാൻ
(അഖണ്ഡയോർദ്ദിക്കാലയോഃ പ്രാച്യാദിഭേദഃ വസന്താദിഭേദശ്ച സൂര്യഗത്യാനിഷ്പാദ്യതേ. അതഃ സൂര്യ ഏവ തയോഃ കർത്താ)

അർത്ഥം—ഈ അഗ്നിയെ മൂന്നു ജന്മങ്ങൾ എമ്പാടുമലങ്കരിക്കുന്നു. സമുദ്രത്തിൽ ബഡവാഗ്നിരൂപത്തിൽ ഒരു ജന്മം; ദ്യുലോകത്തിൽ ആദിത്യാത്മകമായി മറെറാരു ജന്മം, അന്തരിക്ഷത്തിൽ വൈദ്യുതാഗ്ന്യാകൃതിയായി വേറെ ഒരു ജന്മം. ഇപ്രകാരം അഗ്നി ത്രിവിധരൂപനായി പിരിഞ്ഞ് മൂന്നു സ്ഥാനങ്ങളിൽ വർത്തിക്കുന്നു. ആദിത്യാകാരനായി വർത്തിക്കുന്ന അഗ്നിയാണ് വസന്തംമുതൽ ആറ് ഋതുക്കളെ വേണ്ടപോലെ വിഭജിച്ച് കാലമറിയിക്കുന്നത്. ഭൂമിയിലുള്ള പ്രാണികൾക്ക് കിഴക്കെന്ന ഉൽകൃഷ്ട ദിക്ക് വേണ്ടപോലെ ക്രമത്തിൽ ഉണ്ടാക്കിയതും ആദിത്യവപുസ്സായ അഗ്നിയാണ്. സ്വതവേ അഖണ്ഡങ്ങളായ ദിക്കാലങ്ങൾക്ക്, കിഴക്കുമുതലായ ഭേദവും വസന്തം മുതലായ മാററങ്ങളും സൂര്യഗതികൊണ്ടാണുണ്ടാകുന്നത്. അതുകൊണ്ട് സൂര്യൻ തന്നെയാണ് ദിക്കാലങ്ങളുടെ കർത്താവ്. ആ സൂര്യൻ അഗ്നിതന്നെയാകുന്നു.

4 ക ഇമംവോനിണ്യമാചികേത
വത്സോമാതൄജ്ജനയതസ്വധാഭിഃ
ബഹ്വീനാങ്ഗർഭോ അപസാമുപസ്ഥാ
മഹാൻ കവിന്നിശ്ചരതി സ്വധാവാൻ

അന്വയം:—

(ഹേ ഋത്വിഗ്യജമാനാഃ)
നിണ്യം — നിർണ്ണീതം, അന്തർഹിതം (അപാംഗർഭസ്ഥം)
ഇമം (അഗ്നിം) വഃ കഃ — യുഷ്മാകം മധ്യേ കഃ
ആ ചികേത — ജാനാതി, നകോപീത്യർത്ഥഃ
(സോയമഗ്നിഃ) വത്സഃ — മേഘസ്ഥാനാമപാം വൈദ്യുതാഗ്നിരൂപേണ പുത്രസ്ഥാനീയസ്സൻ
മാതൄഃ — തസ്യ മാതൃസ്ഥാനീയാനി വൃഷ്ട്യുദകാനി
സ്വധാഭിഃ ജനയത — ഹവിർല്ലക്ഷണൈരന്നൈരുൽപാദയതി
(അപിച) ബഹ്വീനാം
ഗർഭഃ — മേഘസ്ഥാനാമപാം വൈദ്യുതരൂപേണ ഗർഭസ്ഥാനീയഃ സോഗ്നിഃ
അപസാം ഉപ–സ്ഥാൽ — സമുദ്രാൽ
മഹാൻ കവിഃ — തേജസാ പ്രൌഢഃ, ക്രാന്തദർശീ
സ്വധാ—വാൻ — ഹവിർല്ലക്ഷണാന്നയുക്തഃ (സോഗ്നിഃ)
നിഃ ചരതി — ഔഷസാഗ്നിരൂപേണ ആദിത്യഃ സന്നിർഗച്ഛതി
(ഏക ഏവാഗ്നിഃ ഹോമനിഷ്പാദക ലക്ഷണേന പാർത്ഥിവരൂപേണ, വൈദ്യുതാത്മനാ, ഔഷസരൂപേണാദിത്യാത്മനാച വിഭജ്യവർത്തതേ)

അർത്ഥം—അല്ലയോ ഋത്വിഗ്യജമാനന്മാരെ, ജലഗർഭസ്ഥിതനായി മറഞ്ഞിരിക്കുന്ന ഈ അഗ്നിയെ നിങ്ങളിൽ ആരറിയുന്നു? ആരുമറിയുന്നില്ല ആ അഗ്നി മേഘസ്ഥങ്ങളായ ജലങ്ങളുടെ വൈദ്യുതാഗ്നിരൂപനായ മകനായി, തന്റെ മാതൃസ്ഥാനമുള്ള മഴവെള്ളങ്ങളെ ഹവിരന്നങ്ങളാലുൽപാദിപ്പിക്കുന്ന ("അഗ്നിയിൽ പ്രാഹുതമായ ഹവിസ്സ് ആദിത്യങ്കലെത്തുന്നു ആദിത്യങ്കൽ നിന്ന് വൃഷ്ടി, വൃഷ്ടിയിങ്കൽ നിന്ന് ജനങ്ങളും" എന്ന മനുസ്മൃതി) കൂടാതെ മേഘങ്ങളിലെ വെള്ളങ്ങളിൽ വൈദ്യുതിയായി മറഞ്ഞിരിക്കുന്ന അഗ്നിതന്നെയാണ് സമുദ്രത്തിൽ നിന്ന് അതീവ തേജസ്സോടുകൂടി എല്ലാററിന്റെയും അപ്പുറം കാണുന്നവനായി, ഹവിരന്നത്തോടുകൂടിയവനായി, പ്രഭാതത്തിൽ ആദിത്യനായി ഉദിച്ചുവരുന്നത്. ഒരേ അഗ്നിയാണ് (ഹോമനിർവ്വഹണത്തിന്) പാർത്ഥിവരൂപത്തിലും വൈദ്യുതരൂപത്തിലും (ഉഷസ്സിങ്കൽ) ആദിത്യരൂപത്തിലും വർത്തിക്കുന്നത്

5 ആവിഷ്ട്യോവർധതേചാരുരാസു
ജിഹ്മാനാമൂർധ്വസ്സ്വയശാഉപസ്ഥേ
ഉഭേത്വഷ്ടുർബിഭ്യതുർജായമാനാത്
പ്രതീചീസിംഹം പ്രതിജോഷയേതേ വ 1

അന്വയം —

ആസു	— മേഘസ്ഥാസ്വപ്സു വൈദ്യുതാത്മനാവർത്തമാനോഗ്നിഃ
ചാരുഃ	— ശോഭനദീപ്തിസ്സൻ
ജിഹ്മാനാം	— കുടിലാനാം, മേഘേഷുതിര്യഗവസ്ഥിതാനാം താസാമപാം
ഉപ—സ്ഥേ	— ഉത്സംഗേ
സ്വ—യശാഃ	— സ്വായത്തയശസ്സഃ
ഊർധ്വഃ	— ഊർധ്വജ്വലനഃ, സ്വകാരണഭൂതാസ്വപ്സു തിര്യഗവസ്ഥിതാസ്വപിസ്വയമൂർധ്വം ജ്വലൻ

ആവിഃ-ത്യഃ വർദ്ധതേ	—	ആവിർഭൂതഃ പ്രകാശമാനോ വൃദ്ധിം പ്രാപ്നോതി
(അപിച) ഉഭേ	—	ദ്യാവാപൃഥിവ്യൌ
ത്വഷ്ടുഃ ജായമാനാൽ	—	ദീപ്താൽ ഉൽപദ്യമാനാദസ്മാദഗ്നേഃ
ബിഭ്യതുഃ	—	ഭയംപ്രാപതുഃ
(തദനന്തരമുൽപന്നം)		
സിംഹം	—	സഹനശീലം, അഭിഭവനശീലം (അഗ്നിം)
പ്രതീചീ	—	പ്രത്യഞ്ചന്ത്യൌ, പ്രതിഗച്ഛന്ത്യൌ, ആഭിമുഖ്യേന പ്രാപ്നുവന്ത്യൌ
പ്രതി ജോഷയേതേ	—	സേവേതേ

അൎത്ഥം—മേഘങ്ങളിലുള്ള വെള്ളങ്ങളിൽ വൈദ്യുതരൂപത്തിൽ വൎത്തിക്കുന്ന അഗ്നി, ശോഭനപ്രകാശനായി, വളഞ്ഞു പിരിഞ്ഞ മേഘങ്ങളിൽ വിലങ്ങനെ നില്ക്കുന്ന വെള്ളങ്ങളുടെ മടിയിൽ സ്വയം നേടിയ യശസ്സോടുകൂടി മേല്പോട്ടുയൎന്ന ജ്വാലകളോടു ചേൎന്ന പുറത്തുവന്നു് വളൎച്ചയെ പ്രാപിക്കുന്നു. (വെള്ളങ്ങളിൽ വിലങ്ങനെ കിടന്നാലും ഇടിമിന്നലായി മേല്പോട്ടുയരുമ്പോഴും സ്വയം വലുതാവുന്നു) കൂടാതെ തേജസ്സിൽ നിന്നുൽപന്നനായ ഈ അഗ്നിയെ ദ്യാവാപൃഥിവികൾ ഭയപ്പെടുന്നു. എല്ലാററിനെയും ജയിക്കുന്ന ആ അഗ്നിയെ നേരിട്ടു് അണഞ്ഞുചെന്നു് ദ്യാവാപൃഥിവികൾ സേവിക്കുന്നു, പരിചരിക്കുന്നു.

6 ഉഭേഭദ്രേജോഷയേതേനമേനേ
ഗാവോനവാശ്രാ ഉപതസ്ഥുരേവൈഃ
സദക്ഷാണാന്ദക്ഷപതിർബ്ബഭൂവാ
ഞ്ജന്തിയന്ദക്ഷിണതോ ഹവിർഭിഃ

അന്വയം:—

യം (അഗ്നിം) ദക്ഷിണതഃ — ആഹവനീയസ്യദക്ഷിണ
ഭാഗേഽവസ്ഥിതാഃ ഋത്വിജഃ
ഹവിഃ—ഭിഃ അഞ്ജന്തി — ചരുപുരോഡാശാദിഭിഃ ആർദ്രീം
കുർവ്വന്തി, തർപ്പയന്തി
(ഏനമഗ്നിം) ഉഭേ — അഹശ്ചരാത്രിശ്ച. ദ്യാവാ
പൃഥിവ്യൌ, അരണീ വാ
ഭദ്രേ മേനേ
ജോഷയേതേ ന — ശോഭനാംഗ്യൌസ്ത്രിയൌ
ചാമരഹസ്തേ രാജാനം
സേവേതേ ഇവ
(അപിച) വാശ്രാഃ
ഗാവഃ ന — ഹംഭാരവം കുർവ്വത്യഃ ഗാവഇവ
(യഥാ) ഏവൈഃ — സ്വകീയചരിത്രൈഃ ആദരാതി
ശയേന വത്സാൻ
ഉപ തസ്ഥുഃ — സംഗച്ഛന്തേ (തഥേമമഗ്നിം
ദ്യാവാപൃഥിവ്യൌ ഉപസ്ഥിതേ
ഭവതഃ)
സഃ (അഗ്നിഃ) ദക്ഷാണാം — ബലാനാം
ദക്ഷ—പതിഃ ബഭൂവ — ബലാധിപതിഃ ആസീൽ

അർത്ഥം—ഏതൊരഗ്നിയെ ആഹവനീയത്തിൻെറ തെക്കുഭാഗത്തു നില്ക്കുന്ന ഋത്വിക്കുകൾ ചരുപുരോഡാശാദി ഹവിസ്സുകൾ ആദരപൂർവ്വം അർപ്പിച്ച് പ്രീതിപ്പെടുത്തുന്നുവോ, ആ അഗ്നിയെ ദ്യാവാപൃഥിവികൾ (അല്ലെങ്കിൽ അഹോരാത്രങ്ങൾ, അല്ലെങ്കിൽ അരണികൾ) ശോഭനാംഗികളും കൈകളിൽ ചാമരമേന്തിയവരുമായ രണ്ടു സ്ത്രീകൾ രാജാവിനെ വീശിപ്പരിചരിക്കുന്നപോലെ, സേവിക്കുന്നു ഹംബാ ശബ്ദംമുഴക്കി പശുക്കൾ വാത്സല്യാധിക്യത്തോടുകൂടി പൈക്കുട്ടിയെ പ്രാപിക്കുന്ന (നക്കിത്തുടച്ചോമനിക്കുന്ന) പോലെ ദ്യാവാപൃഥിവികൾ അഗ്നിയെ അടുത്തുചെന്നു പരിചരിക്കുന്നു ആ അഗ്നി ബലങ്ങൾക്കും ബലത്തിന്ന് അധിപതിയായിരിക്കുന്നു

7 ഉദ്യംയമീതി സവിതേവബാഹൂ
ഉഭേസിചൌയതതേ ഭീമ ഋഞ്ജൻ
ഉച്ഛുക്രമല്കമജതേ സിമസ്മാ
ന്നവാമാതൃഭ്യോവസനാജഹാതി

അന്വയം:—

(ഔഷസോഗ്നിഃ)	
സവിതാ—ഇവ	— സവ്വസ്യപ്രേരകഃ ആദിത്യോ യഥാ
ബാഹൂ	— ബാഹുസ്ഥാനീയാൻ രശ്മീൻ
ഉൽ യംയമീതി	— ഭൃശം ഉദ്യതാനി, ഊർധ്വാഭിമുഖാനി കരോതി
(തദനന്തരം) ഭീമഃ	— സവ്വേഷാം ഭയങ്കരോഗ്നിഃ
ഉഭേ സിചൌ	— ഉഭേ ദ്യാവാപൃഥിവ്യൌ
ഋഞ്ജൻ	— പ്രസാധയൻ, സ്വതേജസാലങ്കുവ്വൻ
യതതേ	— സ്വവ്യാപാരേ പ്രയതതേ
(തദനന്തരം) സിമസ്മാൽ	— സവ്വസ്മാൽ ഭൂതജാതാൽ
ശുക്രം അൽകം	— ദീപ്തം സാരഭൂതംരസം
ഉൽ അജതേ	— രശ്മിഭിഃ ഊർധ്വമാദത്തേ
(അപിച) മാതൃ—ഭ്യഃ	— സ്വമാതൃസ്ഥാനീയേഭ്യോവൃഷ്ട്യുദകേഭ്യഃ സകാശാൽ
നവാ വസനാ	— നവാനി, പ്രത്യഗ്രാണിസവ്വജഗതഃ ആച്ഛാദകാനിതേജാംസി
ജഹാതി	— ഉൽഗമയതി

അത്ഥം—അഗ്നി, സവ്വപ്രേരകനായ സവിതാവു തന്റെ കരങ്ങളെ (രശ്മികളെ) ഉയത്തുന്നപോലെ തന്റെ കൈകളൊത്ത രശ്മികളെ ഊക്കിൽ മേല്പോട്ട് നേരെ ഉയത്തുന്നു. പിന്നെ എല്ലാവക്കും ഭയങ്കരനായ അവിടുന്ന് ദ്യാവാപൃഥിവികളെ രണ്ടു പേരെയും, സ്വതേജസ്സുകൊണ്ടലങ്കരിച്ച് സ്വസ്വവ്യാപാരങ്ങളിൽ പ്രയത്നിപ്പിക്കുന്നു. അതിന്നുശേഷം എല്ലാ ഭൂതജാതങ്ങ

ളിൽ നിന്നും ദീപ്തവും സാരഭൂതവുമായ രസം, തന്റെ രശ്മികളാൽ മേല്പോട്ടെത്തിയ്ക്കുന്നു. കൂടാതെ തന്റെ അമ്മയുടെ സ്ഥാനത്തുള്ള മഴവെള്ളങ്ങളുടെ അടുക്കൽ നിന്ന് നവങ്ങളും ജഗത്തു മുഴുവൻ മൂടുന്നവയുമായ തേജസ്സുകളുയർത്തുന്നു.

8 ത്വേഷംരൂപംകൃണുത ഉത്തരംയൽ
സംപൃഞ്ചാനസ്സദനേഗോഭിരദ്ഭിഃ
കവിർബ്ബുധ്നം പരിമർമൃജ്യതേധീ
സ്സാദേവതാതാസമിതിർബ്ബഭൂവ

അന്വയം:—

സദനേ	— അന്തരിക്ഷേ
ഗോഭിഃ അൽ-ഭിഃ	— ഗന്ത്രീഭിഃ, മേഘസ്ഥാഭി രദ്ഭിസ്സഹ
സം—പൃഞ്ചാനഃ	— വൈദ്യുതരൂപേണ സംപൃക്തസ്സൻ
ത്വേഷം	— ദീപ്തം, സർവ്വൈർദ്രഷ്ടുമശക്യം
ഉൽ—തരം രൂപം	— ഉൽകൃഷ്ടതരം വൈദ്യുതം പ്രകാശം
യൽ കൃണുതേ	— യദാകരോതി, തദാനീം
കവിഃ ധീഃ	— ക്രാന്തദർശീ, സർവ്വേഷാം ധാരകഃ (അഗ്നിഃ)
ബുധ്നം	— സർവ്വസ്യോദകസ്യ മൂലഭൂതമന്തരിക്ഷം
പരി മർമൃജ്യതേ	— പരിതോമാർഷ്ടി, സ്വതേജസാച്ഛാദയതി
സാ ദേവ-താതാ	— ദേവേന, ദേവനശീലേന അഗ്നിനാ തതാ, വിസ്താരിതാ ദീപ്തിരസ്മാഭിഃ സ്തുതാ സതീ
സം—ഇതിഃ ബഭൂവ	— സംഹതിർഭവതി

അൎത്ഥം—അന്തരിക്ഷത്തിൽ ഗമനസ്വഭാവങ്ങളായ മേഘങ്ങളിലുള്ള ജലങ്ങളോടുകൂടി വൈദ്യുതരൂപത്തോടു ചേൎന്ന്, ആക്രമം നോക്കുവാൻ വയ്യാത്തവിധം പ്രകാശമയമായി, ഊൎജ്ജസ്വലമായ രൂപം (ഇടിമിന്നൽ) എപ്പോഴും (അഗ്നി) ഉണ്ടാക്കുന്നുവോ, അപ്പോഴും എല്ലാററിന്റെയും അപ്പുറം കാണുന്നവനും എല്ലാം കയ്യടക്കിയവനുമായ അവിടുന്ന്, ഉദകാധാരമായ അന്തരിക്ഷത്തെ സ്വതേജസ്സുകൊണ്ട് മൂടുന്നു. ആ അഗ്നിയുടെ സൎവ്വത്രവ്യാപ്തമായ പ്രകാശം നമ്മളാൽ സ്തുതിക്കപ്പെട്ടു കൂട്ടം കൂടുന്നു.

9 ഉരുതേജ്രയഃ പര്യേതിബുധ്നം
വിരോചമാനമ്മഹിഷസ്യധാമ
വിശ്വേഭിരഗ്നേസ്വയശോഭിരിദ്ധോ
ദബ്ധേഭിഃ പായുഭിഃ പാഹ്യസ്മാൻ

അന്വയം:—

മഹിഷസ്യ തേ ജ്രയഃ — മഹതഃ തവ (രാക്ഷസാദീനാം) അഭിഭാവുകം
വി-രോചമാനം ഉരു
ധാമ — ദ്യോതമാനം വിസ്തീൎണ്ണം തേജഃ
ബുധ്നം പരി ഏതി — അപാം മൂലാധാരമന്തരിക്ഷം പരിതോവ്യാപ്നോതി
ഹേ അഗ്നേ, ഇദ്ധഃ — അസ്മാഭിഃ പ്രജ്വലിതസ്സൻ
അദബ്ധേഭിഃ പായു—ഭിഃ — രാക്ഷസാദിഭിരഹിംസിതൈഃ പാലനശീലൈഃ
വിശ്വേഭിഃ സ്വയശഃ—ഭിഃ — സൎവ്വൈരാത്മീയൈസ്തേജോഭിഃ
അസ്മാൻ പാഹി — രക്ഷ

അൎത്ഥം—മഹത്തും രാക്ഷസാദികളെ വെല്ലുന്നതുമായ അവിടുത്തെ ദ്യോതമാനവും വിസ്തീൎണ്ണവുമായ തേജസ്സ്, ജലങ്ങളുടെ ഇരിപ്പിടമായ അന്തരിക്ഷത്തിൽ നിറച്ചും വ്യാപിക്കുന്നു. അല്ലയോ അഗ്നേ, രാക്ഷസാദികളാൽ ബാധിക്കപ്പെടാത്തവയും, രക്ഷണശീലങ്ങളും ആയ അവിടുത്തെ എല്ലാ ആത്മീയ തേജസ്സുകളാലും ഞങ്ങളെ രക്ഷിച്ചാലും.

10 ധന്വന്ത്സ്രോതഃ കൃണുതേഗാതുമൂർമ്മിം

ശുക്രൈരൂർമ്മിഭിരഭിനക്ഷതിക്ഷാം

വിശ്വാസനാനി ജഠരേഷുധത്തേ

ന്തർന്നവാസുചരതി പ്രസൂഷു

അന്വയം —

ധന്വൻ ഗാതും ഊർമ്മിം — നഭസി ഗമനശീലമുദകസംഘം
(അയമഗ്നിഃ) സ്രോതഃ
കൃണുതേ — സ്രോതസാ, പ്രവാഹരൂപേണ യുക്തം കരോതി
ശുക്രൈഃ ഊർമ്മി-ഭിഃ — നിർമ്മലൈഃ ജലസംഘൈഃ
ക്ഷാം അഭി നക്ഷതി — ഭൂമിം അഭിവ്യാപ്നോതി
(പശ്ചാൽ) വിശ്വാ
സനാനി — സർവ്വാണ്യന്നാനി
ജഠരേഷു ധത്തേ — അവസ്ഥാപയതി
(തദർത്ഥം) നവാസു — വൃഷ്ട്യനന്തരമുൽപന്നാസു
പ്ര-സൂഷു — സർവ്വേഷാമന്നാനാം പ്രസവിത്രീഷോഷധീഷു പാകാർത്ഥം
- അന്തഃ ചരതി — മദ്ധ്യേവർത്തതേ
(അന്തരവസ്ഥിതേന ഭൌമാഗ്നിനാ സർവ്വാ ഓഷധയഃ പച്യന്തേ)

അർത്ഥം—ആകാശത്തിലുള്ള ഗമനശീലങ്ങളായ ഉദകസമൂഹങ്ങളെ ഈ അഗ്നി ഒഴുക്കോടുകൂടിയവയാക്കുന്നു നിർമ്മലങ്ങളായ ആ ജലസമൂഹങ്ങളെക്കൊണ്ട് ഭൂമിയെ പ്രാപിപ്പിച്ച് നനക്കുന്നു ഭൂമിയിൽ വർഷിക്കുന്ന (വർഷഫലങ്ങളായ) ഉളവാകുന്ന എല്ലാ അന്നങ്ങളെയും വയറുകളിൽ സ്ഥാപിക്കുന്നു അതിനുവേണ്ടി മഴക്കുശേഷം മുളക്കുന്നവയും എല്ലാ അന്നങ്ങളുടെയും അമ്മമാരുമായ സസ്യാദികളുടെ ഉള്ളിലിരുന്ന് അവക്ക് മൂപ്പുണ്ടാക്കുന്നു

11 ഏവാനോ അഗ്നേ സമിധാവൃധാനോ

രേവൽ പാവകശ്രവസേ വിഭാഹി

തന്നോമിത്രോ വരുണോ മാമഹന്താ

മദിതിസ്സിന്ധുഃ പൃഥിവീ ഉതദ്യൌഃ വ. 2

അന്വയം:—

ഹേ പാവക, അഗ്നേ, — ശോധകാഗ്നേ,
സം—ഇധാ ഏവ വൃധാനഃ — അസ്മാഭിർദ്ദത്തേന സമിദാദി ദ്രവ്യേണ ഉക്തപ്രകാരേണ വർദ്ധമാനസ്സൻ
രേവൽ — രയിമതേ, ധനയുക്തായ
നഃ ശ്രവസേ — അസ്മാകമന്നായ
വി ഭാഹി — വിശേഷേണ ദീപ്യസ്വ
നഃ തൽ — അസ്മാകമന്നം
മിത്രഃ വരുണഃ അദിതിഃ
സിന്ധുഃ പൃഥിവീ ഉത
ദ്യൌഃ മമഹന്താം — പൂജയന്താം; രക്ഷന്തു

അർത്ഥം—അല്ലയോ ശുദ്ധികരനായ അഗ്നേ, ഞങ്ങൾ ചമത മുതലായ ദ്രവ്യങ്ങൾ ഹോമിച്ച് അവിടുന്ന് മുൻപറഞ്ഞ പ്രകാരം വളൎന്ന്, ഞങ്ങൾക്ക് ധനവത്തായ അന്നത്തിന്നായി (അന്നസിദ്ധിക്കായി) വേണ്ടപോലെ ശോഭിച്ചാലും. അവിട ന്നരുളുന്ന ഞങ്ങളുടെ ആ അന്നത്തെ മിത്രനും വരുണനും അദി തിയും സിന്ധുവും പൃഥിവിയും ദ്യോവും കൊണ്ടാടട്ടെ.

വർഗ്ഗം 3—4

1 സപ്രത്നഥാസഹസാ ജായമാന

സ്സദ്യഃ കാവ്യാനിബളധത്തവിശ്വാ

ആപശ്ചമിത്രന്ധിഷണാചസാധ

ന്ദേവാ അഗ്നിന്ധാരയന്ദ്രവിണോദാം

അന്വയം —

സഹസാ ജായമാനഃ	—	ബലേന, നിർമ്മഥനേനോൽ പദ്യമാനഃ
സഃ (അഗ്നിഃ) സദ്യഃ	—	ഉൽപത്യനന്തരമേവ
പ്രത്ന–ഥാ	—	പ്രത്നഃ, ചിരന്തനഇവ
വിശ്വാ കാവ്യാനി	—	സർവ്വാണി ക്രാന്തദർശിനഃ കർമ്മാണി
ബട് അധത്ത	—	സത്യം അധാരയൽ
(മേഘേഷ്വവസ്ഥിതാഃ) ആപഃ ച ധിഷണാ ച	—	മാധ്യമികാവാക് ച
(ഇമമഗ്നിം) മിത്രം സാധൻ	—	സഖീഭൂതം സാധയന്തി, കുർവ്വന്തി
(തമിമം) ദ്രവിണഃ–ദാം	—	ദ്രവിണസ്യ, ധനസ്യ ദാതാരം
അഗ്നിം ദേവാഃ	—	ഋത്വിജഃ
ധാരയൻ	—	ഗാർഹപത്യരൂപേണ ധാരയന്തി

അർത്ഥം—ബലത്താൽ അരണികളം കടഞ്ഞു്, ഉളവാകുന്ന ആ അഗ്നി ഉണ്ടായ ഉടനെ മുമ്പുമുമ്പെ ഉള്ളവനെന്നപോലെ ക്രാന്തദർശിയായ തന്റെ കർമ്മം (ദേവന്മാർക്കു് ഹവിസ്സെത്തിക്കൽ മുതലായവ) സത്യമായും ഏറ്റെടുത്തു മേഘങ്ങളിലുള്ള വെള്ളങ്ങളും മാധ്യമികയായ വാക്കും ഈ അഗ്നിയെ തോഴനാക്കിയിരിക്കുന്നു ധനദാതാവായ ഈ അഗ്നിയെ ഋത്വിക്കുകൾ ഗാർഹപത്യരൂപത്തിൽ ധരിക്കുന്നു

2 സപൂർവ്വയാനിവിദാകവ്യതായോ
രിമാഃ പ്രജാ അജനയന്മനൂനാം
വിവസ്വതാ ചക്ഷസാദ്യാമപശ്ച
ദേവാ അഗ്നിന്ധാരയന്ദ്രവിണോദാം

അന്വയം:—

സഃ (അഗ്നിഃ) പൂർവ്വയാ — പ്രഥമയാ (അഗ്നിർദ്ദേവേദ്ധ ഇത്യാദിനാ)
നി–വിദാ കവ്യതാ — ഗുണിനിഷ്ഠ ഗുണാഭിധാന ലക്ഷണാം സ്തുതിം കുർവ്വതാ
ആയോഃ — മനോസ്സംബന്ധിനോക്ഥേന സ്തൂയമാനഃ
മന്വനാം ഇമാഃ പ്ര–ജാഃ — മനോസ്സംബന്ധിനീഃ പ്രജാഃ
അജനയൽ — ഉദപാദയൽ
(മന്വനാസ്തുതസ്സൻ മാനവീസ്സർവ്വാഃ പ്രജാഃ അജനയൽ)
വിവസ്വതാ — വിവാസനവതാ, വിശേഷേണാച്ഛാദയതാ
ചക്ഷസാ — ആത്മീയേന തേജസാ
ദ്യാം അപഃ ച — ദ്യുലോകമന്തരിക്ഷഞ്ച (വ്യാപ്നോതി)
(തമിമം) ദ്രവിണഃ–ദാം
അഗ്നിം ദേവാഃ ധാരയൻ — ധനസ്യദാതാരം ഋത്വിജഃ ഗാർഹപത്യരൂപേണ ധാരയന്തി

അർത്ഥം—ആ അഗ്നി 'അഗ്നിർദ്ദേവേദ്ധഃ' എന്ന തുടങ്ങിയ ആദ്യനിവിത്താൽ (ഗുണമുള്ളവൻെറ ഗുണം ചൊല്ലുന്ന സ്തുതി വിശേഷത്താൽ) സ്തുതിയ്ക്കുന്ന, (മനുവിനെസ്സംബന്ധിച്ച) ഉക്ഥത്താൽ (സ്തോത്രത്താൽ) പുകഴ്ത്തപ്പെട്ട്, മനുവിൻെറ സന്തതികളായ പ്രജകളെ (മനുഷ്യരെ) ഉൽപാദിപ്പിച്ചു. പരന്ന ആത്മീയ തേജസ്സുകൊണ്ട് ദ്യുലോകവും അന്തരിക്ഷവും നിറച്ചു. ഈ ധനദാതാവായ അഗ്നിയെ ഋത്വിക്കുകൾ ഗാർഹപത്യരൂപത്തിൽ ധരിക്കുന്നു.

3 തമീളിതപ്രഥമംയജ്ഞസാധം
വിശ ആരീരാഹുതമൃഞ്ജസാനം
ഊർജഃ പുത്രം ഭരതം സൃപ്രദാനം
ദേവാ അഗ്നിന്ധാരയന്ദ്രവിണോദാം

അന്വയം —

ഹേ വിശഃ,	— സർവ്വേ മനുഷ്യാഃ,
ആരീഃ	— അഗ്നിം സ്വാമിനം ഗച്ഛന്ത്യഃ യൂയം
പ്രഥമം	— സർവ്വേഷു ദേവേഷു മുഖ്യം
യജ്ഞ—സാധം	— യജ്ഞസ്യസാധകം, നിഷ്പാദകം
ആ—ഹുതം	— ഹവിർഭിസ്തർപ്പിതം
ഋഞ്ജസാനം	— സ്തോത്രൈഃ പ്രസാദ്യമാനം
ഊർജ്ജഃ പുത്രം	— അന്നസ്യപുത്രം
ഭരതം	— പ്രാണരൂപേണ സർവ്വാസാം ഭർത്താരം
സൃപ്ര—ദാനം	— സർപ്പണശീലദാനയുക്തം, അവിച്ഛേദേന ധനാനിപ്രയച്ഛന്തം
തം (അഗ്നിം) ഈളത	— സ്തുധ്വം
(തമിമം) ദ്രവിണഃ—ദാം അഗ്നിം ദേവാഃ ധാരയൻ	— ധനസ്യദാതാരം അഗ്നിംഋത്വിജഃ ഗാർഹപത്യരൂപേണധാരയന്തി

അർത്ഥം—അല്ലയോ ജനങ്ങളെ, മനുഷ്യരേ, അഗ്നിയെ സ്വാമിയായികരുതുന്ന നിങ്ങൾ, ദേവന്മാരിൽ മുഖ്യനും, യജ്ഞനിർവ്വാഹകനും, ഹവിസ്സുകൾ ഹോമിക്കപ്പെട്ടവനും, സ്തോത്രങ്ങളാൽ അലങ്കരിക്കപ്പെടുന്നവനും അന്നത്തിന്റെ പുത്രനും (ഭക്ഷിച്ച അന്നം ജഠരാഗ്നിയെ വർദ്ധിപ്പിക്കുന്നതുകൊണ്ട് അന്നപുത്രത്വം) പ്രാണരൂപത്തിൽ എല്ലാ ജീവികളെയും ഭരിക്കുന്നവനും എങ്ങും ചരിച്ചുകൊണ്ട് ദാനം ചെയ്യുന്നവനുമായ (അഭീഷ്ടം കൊടുക്കുന്നവനുമായ) ആ അഗ്നിയെ സ്തുതിക്കുക ഈ ധനദാതാവായ അഗ്നിയെ ഋത്വിക്കുകൾ ഗാർഹപത്യരൂപത്തിൽ ധരിക്കുന്നു.

4 സമാതരിശ്വാപുരുവാർപുഷ്ടി

ർവ്വിദദ്ഗാതുന്തനയായസ്വർവ്വിൽ

വിശാങ്ഗോപാജനിതാരോദസ്യോ

ർദ്ദേവാഅഗ്നിന്ധാരയന്ദ്രവിണോദാം

അന്വയം:–

മാതരിശ്വാ	— മാതരി, സർവ്വസ്യജഗതോ നിർമ്മാതരി അന്തരിക്ഷേശ്വസൻ വർത്തമാനഃ
പുരുവാര–പുഷ്ടിഃ	— പുരുഭിഃ, ബഹുഭിഃ വാരാ, വരണീയാ പുഷ്ടിഃ, അഭിവൃദ്ധിഃ യസ്യ, സഃ
സ്വഃ–വിൽ	— യാഗദ്വാരേണ സ്വർഗ്ഗസ്യ ലംഭയിതാ
വിശാം ഗോപാഃ	— സർവ്വാസാം പ്രജാനാം രക്ഷിതാ
രോദസ്യോഃ ജനിതാ	— ജനയിതാ, ഉൽപാദയിതാ
സഃ (അഗ്നിഃ) തനയായ	— അസ്മദീയായ പുത്രായ
ഗാതും വിദൽ	— അനുഷ്ഠാനമാർഗ്ഗം ലംഭയതു
(ഇമം) ദ്രവിണഃ–ദാം	
അഗ്നിം ദേവാഃ ധാരയൻ	— ധനദാതാരം ഋത്വിജഃ ധാരയന്തി

അർത്ഥം–സർവ്വജഗത്തിന്നും കാരണഭൂതമായ, ജഗത്തിന്റെ നിർമ്മാതാവായ അന്തരിക്ഷത്തിൽ ശ്വസിച്ചുകൊണ്ടു്, സ്ഫുലിംഗങ്ങളാൽ ഉതിർത്തുകൊണ്ടു് വർത്തിയ്ക്കുന്നവനും, എല്ലാവർക്കും കാമിയ്ക്കത്തക്ക അഭിവൃദ്ധിയോടുകൂടിയവനും, യാഗമാർഗ്ഗത്തിലൂടെ സ്വർഗ്ഗം നേടിക്കൊടുക്കുന്നവനും, സർവ്വജനങ്ങളുടെയും രക്ഷിതാവും, ദ്യാവാപൃഥിവികളുടെ അച്ഛനുമായ ആ അഗ്നി എന്റെ പുത്രന്നു് കർമ്മാനുഷ്ഠാനമാർഗ്ഗം നേടിത്തരട്ടെ. ധനദാതാവായ ഈ അഗ്നിയെ ഋത്വിക്കുകൾ ഗാർഹപത്യരൂപത്തിൽ ധരിയ്ക്കുന്നു.

5 നക്തോഷാസാവർണ്ണമാമേമ്യാനേ
ധാപയേതേ ശിശുമേകം സമീചീ
ദ്യാവാക്ഷാമാരുക്മോ അന്തർവ്വിഭാതി
ദേവാ അഗ്നിന്ധാരയന്ദ്രവിണോദാം   വ. 3

അന്വയം —

നക്തോഷസാ വർണ്ണം — രാത്രിരഹശ്ചസ്വകീയം രൂപം
ആ-മേമ്യാനേ — പരസ്പരം പുനഃ
പുനർഹിംസന്ത്യൌ
സം-ഈചീ — സംഗതേ, സംശ്ലിഷ്ടേ,
ഏകം ശിശും ധാപയേതേ — അഹ്നഃ പുത്രമഗ്നിം ഹവീംഷി
പായയേതേ
രുക്മഃ — രോചമാനസ്സോഗ്നിഃ
ദ്യാവാക്ഷാമാ — ദ്യാവാപൃഥിവ്യോഃ
അന്തഃ വി ഭാതി — മധ്യേവിശേഷേണ പ്രകാശതേ
(ഇമം) ദ്രവിണഃ—ദാം
അഗ്നിം ദേവാഃ ധാരയൻ — ധനദാതാരം ഋത്വിജഃ ധാരയന്തി

അർത്ഥം—രാവും പകലും സ്വന്തം സ്വന്തം രൂപത്തെ പരസ്പരം ഹനിച്ചുകൊണ്ടു്, കൂടിച്ചേർന്നു് ഒരു ശിശുവിനെ, പകലിന്റെ മകനായ അഗ്നിയെ ഹവിസ്സൂട്ടുന്നു പ്രകാശമാനനായ ആ അഗ്നി ദ്യാവാപൃഥിവികളുടെ മധ്യത്തിൽ വിശേഷിച്ചും പ്രകാശിക്കുന്നു ധനദാതാവായ ഈ അഗ്നിയെ ഋത്വിക്കുകൾ ഗാർഹപത്യരൂപത്തിൽ ധരിക്കുന്നു

6 രായോ ബുധ്നസ്സംഗമനോ വസൂനാം
യജ്ഞസ്യകേതുർമ്മന്മസാധനോ വേഃ
അമൃതത്വം രക്ഷമാണാസ ഏനം
ദേവാ അഗ്നിന്ധാരയന്ദ്രവിണോദാം

അന്വയം.—

(യോഗ്നിഃ) രായഃ
ബുധ്നഃ — ധനസ്യമൂലഭൂതഃ (ആഹുതിദ്വാരാ
സർവ്വേഷാം ധനാനാം
കാരണത്വാൽ)
വസൂനാം സം—ഗമനഃ — ധനാനാം സംഗമയിതാ,
പ്രാപയിതാ

യജ്ഞസ്യ കേതുഃ	— കേതയിതാ, ജ്ഞാപയിതാ
വേഃ മന്മ–സാധനഃ	— ആത്മാനമഭിഗച്ഛതഃ പുരുഷസ്യ മനനീയസ്യ, അഭിലഷിതസ്യ സാധയിതാ
അമൃത–ത്വം	
രക്ഷമാണാസഃ ദേവാഃ	— സ്വകീയാമരണത്വം– പാലയന്തഃ ഋത്വിജഃ
(ഏനം) ദ്രവിണഃ–ദാം	
അഗ്നിം ധാരയൻ	— ധനദാതാരം ഗാർഹപത്യരൂപേണ ധാരയന്തി

അർത്ഥം–ഏതൊരഗ്നി ആഹുതിവഴിയ്ക്കു് ധനത്തിന്റെ കാരണത്വംകൊണ്ടു് (ഉപാസകർക്കു്) ധനം നേടിക്കൊടുക്കുന്നവനാണോ, യജ്ഞത്തെ (സല്ക്കർമ്മത്തെ) വിളിച്ചോതുന്നവനാണോ, തന്നെ സമീപിയ്ക്കുന്ന പുരുഷന്റെ അഭീഷ്ടം സാധിപ്പിയ്ക്കുന്നവനാണോ, ആ ധനദാതാവായ അഗ്നിയെ സ്വന്തം അമരണത്വം പാലിയ്ക്കുന്ന ഋത്വിക്കുകൾ ഗാർഹപത്യാഗ്നിരൂപത്തിൽ ധരിയ്ക്കുന്നു

7 നൂച്പുരാച്സദനം രയീണാം
ജാതസ്യ ച ജായമാനസ്യ ച്ക്ഷാം
സതശ്ചഗോപാം ഭവതശ്ച ഭൂരേ
ർദ്ദേവാ അഗ്നിന്ധാരയന്ദ്രവിണോദാം

അന്വയം —

നു ച പുരാ ച	— അദ്യ, അസ്മിൻകാലേ, അതീതകാലേ ച
രയീണാം സദനം	— ധനാനാമാവാസസ്ഥാനം
ജാതസ്യ ച ജായമാനസ്യ	
ച ക്ഷാം	— ഉൽപന്നസ്യ ഉൽപദ്യമാനസ്യ ച നിവാസയിതാ

സതഃ ച ഭവതഃ ച — സർവ്വദാവിദ്യമാനസ്യ, നിത്യസ്യ, സൽഭാവം പ്രാപ്നുവതഃ

ഭൂരേഃ ഗോപാം — അന്യസ്യ ച ഭൂതജാതസ്യ രക്ഷിതാരം

ദ്രവിണഃ—ദാം അഗ്നിം ദേവാഃ ധാരയൻ — ധനദാതാരം ഋത്വിജഃ ധാരയന്തി

അർത്ഥം—ഇപ്പോഴും പോയകാലത്തും ധനങ്ങളുടെ ഇരിപ്പിടവും, ജനിച്ചവനെയും ജനിയ്ക്കുന്നവനെയും അതാതിടത്തു് നിവസിപ്പിക്കുന്നവനും (ആകാശം മുതലായ) നിത്യത്തിന്റെയും ഭാവം പ്രാപിയ്ക്കുന്ന മററു ഭൂതസമൂഹത്തിന്റെയും രക്ഷിതാവും ധനദാതാവുമായ അഗ്നിയെ ഋത്വിക്കുകൾ ഗാർഹപത്യരൂപത്തിൽ ധരിയ്ക്കുന്നു

8 ദ്രവിണോദാദ്രവിണസസ്തുരസ്യ
ദ്രവിണോദാസ്സനരസ്യ പ്രയംസൽ
ദ്രവിണോദാവീരവതീമിഷന്നോ
ദ്രവിണോദാരാസതേ ദീർഘമായുഃ

അന്വയം:—

ദ്രവിണഃ—ദാഃ — ദ്രവിണസ്യ, ധനസ്യദാതാ (അഗ്നിഃ)

തുരസ്യ — ത്വരമാണസ്യ, ചലതഃ ജംഗമസ്യ

ദ്രവിണസഃ — ധനസ്യ ഏകദേശം

പ്ര യംസത് — അസ്മഭ്യം പ്രയച്ഛതു

(തഥാ) ദ്രവിണഃ-ദാഃ

സനരസ്യ — സനനീയസ്യ, സംഭജനീയസ്യ, സ്ഥാവരരൂപസ്യ ധനസ്യ (ഏകദേശം യച്ഛതു)

(അപിച) ദ്രവിണഃ—ദാഃ
വീര–വതീം ഇഷം — വീരൈഃ പുത്രാദിഭിര്യുക്താം ഇഷം, അന്നം
നഃ (പ്രയച്ഛതു)
(തഥാ) ദ്രവിണഃ–ദാഃ
ദീർഘം ആയുഃ രാസതേ — അസ്മഭ്യം പ്രയച്ഛതു

അർത്ഥം—ധനദാതാവായ അഗ്നി ജംഗമധനത്തിന്റെ കുറെ ഭാഗം ഞങ്ങൾക്ക് തന്നരുളട്ടെ. അതുപോലെ സ്ഥാവരധനത്തിന്റെ ഏതാനും ഭാഗം തന്നരുളട്ടെ. വീരപുത്രന്മാരോടുകൂടിയ അന്നം (പുഷ്ടി) ഞങ്ങൾക്ക് തന്നരുളട്ടെ. അതുപോലെ ദീർഘമായ ആയുസ്സ് ഞങ്ങൾക്ക് തന്നരുളട്ടെ.

9 ഏവാനോ അഗ്നേസമിധാവൃധാനോ
രേവൽപാവകശ്രവസേവിഭാഹി
തന്നോമിത്രോവരുണോമാമഹന്താ
മദിതിസ്സിന്ധുഃ പൃഥിവീഉതദ്യൌഃ വ. 4

അന്വയം:—

ഹേ പാവക, അഗ്നേ, — ശോധകാഗ്നേ,
സം—ഇധാ ഏവ വൃധാനഃ — അസ്മാഭിർദ്ദത്തേന സമിദാദി ദ്രവ്യേണ ഉക്തപ്രകാരേണ വർദ്ധമാനസ്സൻ
രേവൽ — രയിമതേ, ധനയുക്തായ
നഃ ശ്രവസേ വി ഭാഹി — അസ്മാകമന്നായ വിശേഷേണ ദീപ്യസ്വ
നഃ തൽ — അസ്മാകമന്നം
മിത്രഃ വരുണഃ അദിതിഃ സിന്ധുഃ പൃഥിവീ ഉത ദ്യൌഃ മമഹന്താം

അൎത്ഥം—അല്ലയോ ശുദ്ധികരനായ അഗ്നേ, ഞങ്ങൾ ചമതമുതലായ ദ്രവ്യങ്ങൾ ഹോമിച്ച് അവിടുന്ന് മുൻപറഞ്ഞ പ്രകാരം വളൎന്ന് ഞങ്ങൾക്ക് ധനവത്തായ അന്നത്തിന്നായി വേണ്ടപോലെ ശോഭിച്ചാലും. അവിടുന്നരുളുന്ന ഞങ്ങളുടെ ആ അന്നത്തെ മിത്രനും വരുണനും അദിതിയും സിന്ധുവും പൃഥിവിയും ദ്യോവും കൊണ്ടാടട്ടെ.

വൎഗ്ഗം—5. ഗായത്രീച്ഛന്ദഃ

1 അപ നഃ ശോശുചദഘം

അഗ്നേ ശുശുഗ്ധ്യാ രയിം

അപ നഃ ശോശുചദഘം

അന്വയം:—

ഹേ അഗ്നേ, നഃ അഘം	— അസ്മാകം പാപം
അപ ശോശുചൽ	— ശോകഗ്രസ്തം സദ്വിനശ്യതു
(അപിചാസ്മാകം) രയിം	
ആ ശുശുഗ്ധി	— ആസമന്താൽ പ്രകാശയ
നഃ അഘം അപ	
ശോശുചൽ	— ശോകഗ്രസ്തം സദ്വിനശ്യതു

അൎത്ഥം—ഇവിടെ ഒരു കഥയുണ്ട്. ദീൎഘജിഹ്വി എന്ന രാക്ഷസി എല്ലാം തൊട്ടുനക്കുന്നവളായി യജ്ഞങ്ങളെ ദുഷിപ്പിച്ചുവന്നു. അവളെക്കൊല്ലാൻ സാധിക്കാതെ ഇന്ദ്രൻ മിത്രഭൂതനായ കുത്സനോട് അവളെക്കൊല്ലുവാനാവശ്യപ്പെട്ടു. കുത്സൻ മന്ത്രശക്തികൊണ്ട് അവളെ കൊന്നു. കുത്സനോട് വാശേവി പറഞ്ഞു. ''അങ്ങേയ്ക്കിതു് അനുചിതമായി. എല്ലാവരും സ്വഹൃത്തായ അങ്ങ് ഈ ക്രൂരകൎമ്മം ചെയ്യുവല്ലൊ'' ഋഷിക്കു ദുഃഖമായി. ഈ സൂക്തംകൊണ്ടു കുത്സൻ അഗ്നിയെ സ്തുതിച്ച് ദുഃഖവും പാപവും തീൎക്കുകയാണ്.

അല്ലയോ അഗ്നേ, എന്റെ പാപം ശോകഗ്രസ്തമായി നശിക്കട്ടെ. അതായതു് പശ്ചാത്താപത്തിൽ നീറി നശിക്കട്ടെ. കൂടാതെ ധനത്തെ (പുണ്യത്തെ) പൂൎണ്ണമായി പ്രകാശിപ്പിച്ചാലും. എന്റെ പാപം നീറിനശിക്കട്ടെ.

2 സ്വക്ഷേത്രിയാസ്വഗാതുയാ

വസൂയാചയജാമഹേ

അപനശ്ശോശുചദഘം

അന്വയം:—

സ്വ—ക്ഷേത്രിയാ — ദേവയജനലക്ഷണ ശോഭനേ ദേശസംബന്ധിനാ

സ്വഗാതു—യാ — ശോഭനമാർഗ്ഗേച്ഛയാ

വസൂ—യാ ച — ധനേച്ഛയാനിമിത്ത ഭൃതയാച

യജാമഹേ — അഗ്നിം ഹവിഷാ പൂജയാമഃ

നഃ അഘം അപ ശോശുചൽ — അസ്മാകം പാപംശോകഗ്രസ്തം സദ്വിനശ്യതു

അർത്ഥം—യാഗംകൊണ്ടു് ശോഭനേ (പരിശുദ്ധ) ദേശത്തെസ്സംബന്ധിച്ച, സന്മാർഗ്ഗത്തിൽ ഇച്ഛയോടും (അതായതു് സല്കർമ്മേച്ഛയോടും) ധനത്തിങ്കൽ (പാപപരിഹാരങ്ങളായ ദാനാദികം ചെയ്‌വാൻവേണ്ടി) ഇച്ഛനിമിത്തമായും ഞാൻ അഗ്നിയെ, ഹവിസ്സുകളെക്കൊണ്ടു് പൂജിക്കുന്നു. എന്റെ പാപം നീറി നശിക്കട്ടെ

3 പ്രയദ്ഭന്ദിഷ്ഠ ഏഷാം

പ്രാസ്മാകാസശ്ചസൂരയഃ

അപനശ്ശോശുചദഘം

അന്വയം:—

യൽ ഏഷാം (കാസ്മ അഹം) പ്ര ഭന്ദിഷ്ഠഃ — യഥാസ്തോതൄണാം മദ്ധ്യേ

— പ്രകർഷേണസ്തോതൃതമഃ

(ഏവം) അസ്മാകാസഃ
സൂരയഃ ച പ്ര — ആസ്മാകീനാസ്തോതാരഃ
സ്തോതൃതമാഭവന്തി –

നഃ അഘം
അപ ശോശുചത് — ശോകഗ്രസ്തം സദ്വിനശ്യതു

അർത്ഥം–സ്തോതാക്കളുടെ ഇടയിൽ കുത്സനായ ഞാൻ എപ്രകാരം മികച്ച സ്തോതാവാണോ, അപ്രകാരം എന്നെ സംബന്ധിച്ച സ്തോതാക്കളെല്ലാം ഏററവും മികച്ചവരാകുന്നു (അതായത് പാപനാശത്തിനുള്ള എൻെറ ഈ സ്തുതിയിൽ എന്നെസ്സംബന്ധിച്ചവരെല്ലാം ചേരുന്നു) എൻെറ പാപം നീറി നശിയ്ക്കട്ടെ

4 പ്രയത്തേ അഗ്നേസൂരയോ
ജായേമഹിപ്രതേവയം
അപനശ്ശോശുചദഘം

അന്വയം —

ഹേ അഗ്നേ, യത് — യസ്മാത്
തേ സൂരയഃ പ്ര — തവസ്തോതാരഃ പ്രജായന്തേ, പുത്രപൌത്രാദിരൂപേണ ബഹുധാഭവന്തി
(തസ്മാത്) വയം (ച) തേ — തവസ്തോതാരഃ
പ്ര ജായേമഹി — പുത്രപൌത്രാദിഭിരുപേതാ ഭവേമ
നഃ അഘം അപ
ശോശുചത് — ശോകഗ്രസ്തം സദ്വിനശ്യതു

അർത്ഥം–അല്ലയോ അഗ്നേ എന്തുകാരണത്താൽ അവിടത്തെ സ്തുതിക്കുന്നവർ പുത്രപൌത്രാദിരൂപത്തിൽ വർദ്ധിക്കുന്നുവോ, ആ കാരണത്താൽ അവിടത്തെ സ്തുതിക്കുന്ന ഞങ്ങളും (പാപം നശിച്ച്) പുത്രപൌത്രാദികളോട് ചേർന്നവരാകാവു എൻെറ പാപം നീറി നശിക്കട്ടെ

5 പ്രയദഗ്നേസ്സഹസ്വതോ

വിശ്വതോയന്തി ഭാനവഃ

അപനശ്ശോശുചദഘം

അന്വയം:—

സഹസ്വതഃ	— സഹനവതഃ, ശത്രൂനഭിഭവതഃ
അഗ്നേഃ ഭാനവഃ	— ദീപ്തയഃ
വിശ്വതഃ പ്ര യന്തി	— സർവ്വസ്മാൽ പ്രദേശാൽ പ്രകർഷേണോൽഗച്ഛതി
യൽ	— യസ്മാദേവം തസ്മാൽ
നഃ അഘം	
അപ ശോശുചൽ	— ശോകഗ്രസ്തം സദ്വിനശ്യതു

അർത്ഥം- ബലവത്തുക്കളായ, ശത്രുക്കളെ ജയിക്കുന്ന അഗ്നിയുടെ പ്രകാശങ്ങൾ എല്ലാദിക്കുകളിൽനിന്നും മേൽപ്പോട്ടുയൎന്നു വരുന്നു. അതുകൊണ്ട്, ആ ദീപ്തികൾകൊണ്ട്, എന്റെ പാപം നീറിനശിക്കട്ടെ.

6 ത്വം ഹി വിശ്വതോമുഖ

വിശ്വതഃ പരിഭൂരസി

അപനശ്ശോശുചദഘം

അന്വയം:—

വിശ്വതഃ—മുഖ,	— സർവ്വതോജ്വാല, അഗ്നേ,
വിശ്വതഃ	— സർവ്വതഃ, സർവ്വസ്മാദപ്യുപദ്രവജാതാൽ
പരി—ഭൂഃ അസി	— അസ്മാകം പരിഗ്രഹീതാ ഭവ
നഃ അഘം	
അപ ശോശുചൽ	— ശോകഗ്രസ്തം സദ്വിനശ്യതു

അർത്ഥം—എല്ലാപുറവും ജ്വാലയോടുകൂടിയ അഗ്നേ, എല്ലാ ഉപദ്രവങ്ങളിൽ നിന്നും എന്നെ കൈപിടിച്ചു കയറ്റുന്നവനായിഭവിച്ചാലും. എന്റെ പാപം നീറിനശിക്കട്ടെ.

7 ദ്വിഷോ നോ വിശ്വതോമുഖാ

തിനാവേവപാരയ

അപനശ്ശോശുചദഘം

അന്വയം:—

ഹേ വിശ്വതഃ—മുഖ, — സർവ്വതോമുഖ, അഗ്നേ,
നാവാ—ഇവ — നാവാനദീമിവ
ദ്വിഷഃ നഃ അതി പാരയ — അതിക്രമ്യ പ്രാപയ
നഃ അഘം അപ
ശോശുചത് — ശോകഗ്രസ്തം സദ്വിനശ്യതു

അർത്ഥം—എമ്പാടും മുഖത്തോട് (ജ്വാലയോട്) കൂടിയ അഗ്നേ, തോണിയാൽ നദിയെപ്പോലെ ഞങ്ങളെ ശത്രുക്കളിൽ നിന്ന് (രാഗദ്വേഷാദികളിൽ നിന്ന്) അപ്പുറം കടത്തിയാലും. എന്റെ പാപം നീറി നശിക്കട്ടെ

8 സനസ്സിന്ധുമിവനാവയാ

തിപർഷാസ്വസ്തയേ

അപനശ്ശോശുചദഘം വ 5

അന്വയം:—

(ഹേ അഗ്നേ) സഃ
(ത്വം) നഃ — അസ്മാൻ
നാവയാ സിന്ധും—ഇവ — നാവാ നദീമിവ
സ്വസ്തയേ അതി പർഷ — ക്ഷേമാർത്ഥം ശത്രൂൻ അതിക്രമയ്യപാലയ
നഃ അഘം അപ
ശോശുചത് — ശോകഗ്രസ്തം സദ്വിനശ്യതു

അർത്ഥം—അല്ലയോ അഗ്നേ, (പാപഹർത്താവായ) അവിടുന്ന് എന്നെ തോണിയാൽ നദിയെ എന്നപോലെ, ക്ഷേമത്തിന്നായി ശത്രുക്കളിൽ (രാഗദ്വേഷാദികളിൽ) നിന്നക്കരെക്കടത്തി രക്ഷിച്ചാലും. എൻെറ പാപം നീറി നശിയ്ക്കട്ടെ

വർഗ്ഗം 6 ത്രിഷ്ടുപ്ഛന്ദഃ

1 വൈശ്വാനരസ്യ സുമതൗസ്യാമ
രാജാഹികം ഭുവനാനാമഭിശ്രീഃ
ഇതോ ജാതോവിശ്വമിദം വിചഷ്ടേ
വൈശ്വാനരോയതതേ സൂര്യേണ

അന്വയം —

(യഃ) വൈശ്വാനരഃ	— വിശ്വേഷാം നരാണാം സ്വാമീ
ഇതഃ ജാതഃ	— അസ്മദരണിദ്വയാൽ ജാതമാത്ര ഏവ
ഇദം വിശ്വം വി ചഷ്ടേ	— സർവ്വം ജഗദ്വിശേഷേണപശ്യതി
സൂര്യേണ	— പ്രാതരുദ്യതാ ആദിത്യേന (ച)
യതതേ	— സംയതതേ, സംഗച്ഛതേ
(തസ്യ) വൈശ്വാനരസ്യ	— അഗ്നേഃ
സു-മതൗ സ്യാമ	— ശോഭനായാം, അനുഗ്രഹാത്മികായാം ബുദ്ധൗഭവേമ
ഹി കം	— സഹിവൈശ്വാനരഃ
അഭി-ശ്രീഃ	— അഭിശ്രയണശീലഃ, സേവിതവ്യസ്സൻ
ഭുവനാനാം രാജാ	— സ്വാമീ (ഭവതി)

അർത്ഥം—എല്ലാനരന്മാരുടേയും (ലോകാന്തരങ്ങളുടെ കൂടി) നാഥനായ ഏതഗ്നി ഈ അരണികളിൽനിന്നുത്ഭവായ ഉടൻ തന്നെ, ഈ ജഗത്തിനെ മുഴുവൻ നന്നായികാണുന്നുവോ, പ്രഭാതത്തിലുദിയ്ക്കുന്ന സൂര്യനോടുചേരുന്നുവോ, ആ വൈ

ശ്വാനരന്റെ (അഗ്നിയുടെ) അനുഗ്രഹാത്മികയായ ബുദ്ധിയിൽ ഞങ്ങളെത്താവൂ. ആ വൈശ്വാനരനാണല്ലോ ആരാധ്യനായി ലോകങ്ങളുടെ സ്വാമിയായി ഭവിയ്ക്കുന്നത്.

2 പൃഷ്ടോദിവി പൃഷ്ടോ അഗ്നിഃ പൃഥിവ്യാം
പൃഷ്ടോ വിശ്വാ ഓഷധീരാവിവേശ
വൈശ്വാനരസ്സഹസാ പൃഷ്ടോ അഗ്നി
സ്സനോദിവാസരിഷഃ പാതുനക്തം

അന്വയം:–

(അയം വൈശ്വാനരഃ)	
അഗ്നിഃ ദിവി	— ദ്യുലോകേ ആദിത്യാത്മനാ
പൃഷ്ടഃ	— സംസ്പൃഷ്ടഃ, നിഹിതഃ (വർത്തതേ)
(തഥാ) പൃഥിവ്യാം പൃഷ്ടഃ	— ഗാർഹപത്യാദിരൂപേണ നിഹിതഃ
(തഥാ) വിശ്വാഃ ഓഷധീഃ	
പൃഷ്ടഃ	— സംസ്പൃഷ്ടസ്സോഗ്നിഃ
ആ വിവേശ	— പാകാത്മമന്തഃ പ്രവിഷ്ടവാൻ
സഹസാ പൃഷ്ടഃ	
വൈശ്വാനരഃ	– പരേഷാം അസാധാരണ ബലേന സംസ്പൃഷ്ടഃ അഗ്നിഃ
സഃ നഃ ദിവാ	— അഹനി
രിഷഃ പാതു	— ഹിംസതഃ രക്ഷതു
(തഥാ) സഃ നക്തം	— രാത്രാവപ്യസ്മാൻ ഹിംസകാൽ പാതു

അൎത്ഥം—ഈ വൈശ്വാനരാഗ്നി ദ്യോവിൽ ആദിത്യ രൂപത്തിൽ നിഹിതനായി വൎത്തിയ്ക്കുന്നു ഭൂമിയിൽ ഗാൎഹപത്യാദ്യാകാരങ്ങളിൽ സ്ഥിതനായി വൎത്തിയ്ക്കുന്ന എല്ലാ സസ്യാദികളിലും ഉള്ള ആ അഗ്നി അവ മൂപ്പിക്കുവാൻ ഉള്ളിൽ പ്രവേശിയ്ക്കുന്നു ശത്രുക്കളുടെ(പോലും) അസാധാരണ ബലത്തിൽ നിഹിതനായ അഗ്നി ഉപദ്രവിയ്ക്കുന്നവരിൽനിന്ന് ഞങ്ങളെ രാവും പകലും രക്ഷിയ്ക്കട്ടെ

3 വൈശ്വാനരതവതൽസത്യമ
സ്ത്വസ്മാന്രായോ മഘവാനസ്സചന്താം
തന്നോമിത്രോവരുണോമാമഹന്താ
മദിതിസ്സിന്ധുഃ പൃഥിവീഉതദ്യൌഃ വ 6

അന്വയം—

ഹേ വൈശ്വാനര,

തവ തൽ	— അസ്മാഭിഃ ക്രിയമാണം കൎമ്മ
സത്യം അസ്തു	— അവിതഥഫലം ഭവതു
(തതഃ) അസ്മാൻ	
മഘ വാനഃ	— ധനവന്തഃ
രായഃ	— ധനവദതിപ്രിയാഃ പുത്രാഃ
സചന്താം	— സേവന്താം
(ഏവമസ്മാഭിഃ പ്രാൎത്ഥിതം)	
തൽ നഃ മിത്രഃ വരുണഃ	
അദിതിഃ സിന്ധുഃ പൃഥിവീ	
ഉത ദ്യൌഃ മമഹന്താം	— പൂജയന്താം

അൎത്ഥം—അല്ലയോ വൈശ്വാനര, അവിടുത്തെ ഉദ്ദേശിച്ച് ഞങ്ങളനുഷ്ഠിയ്ക്കുന്ന കൎമ്മം പൂൎണ്ണഫലമായി ഭവിയ്ക്കട്ടെ പിന്നെ ധനവാന്മാരും ധനംപോലെ പ്രിയന്മാരുമായ പുത്രന്മാർ ഞങ്ങളെ വേണ്ടപോലെ സേവിയ്ക്കട്ടെ, പരിചരിയ്ക്കട്ടെ ഇപ്രകാരം പ്രാൎത്ഥിയ്ക്കപ്പെട്ടതിനെ മിത്രനും വരുണനും അദിതിയും സിന്ധുവും പൃഥിവിയും ദ്യോവും കൊണ്ടാടട്ടെ

വർഗ്ഗം 7 മാരീചഃ കശ്യപഃ ഋഷിഃ ത്രിഷ്ടുപ്ഛന്ദഃ ജാതവേദാ അഗ്നിർദ്ദേവതാ

1 ജാതവേദസേ സുനവാമസോമ
മരാതീയതോനിദഹാതിവേദഃ
സനഃ പർഷദതിദുർഗ്ഗാണിവിശ്വാ
നാവേവസിന്ധുംദുരിതാത്യഗ്നിഃ വ 7

അന്വയം —

ജാത–വേദസേ	— ജാതാനാം സർവ്വേഷാം വേദിത്രേ അഗ്നയേ
(ലതാരൂപം) സോമം സുനവാമ	— യജ്ഞും സോമാഭിഷവം കരവാമ
(സഃ അഗ്നിഃ) അരാതി–യതഃ	— ശത്രുമിവാസ്മാനാചരതഃ, ശത്രോഃ
വേദഃ നി ദഹാതി	— ധനം നിതരാം ദഹതു ഭസ്മീകരോതു
(അപിച) സഃ നഃ	— അസ്മാൻ
വിശ്വാ ദുഃ–ഗാനി	— സർവ്വാണിദുർഗ്ഗാണി, ഭോക്തു മശക്യാനി ദുഃഖാനി
നാവാ–ഇവ സിന്ധും	— നാവാ കർണ്ണധാരഃ ഗ്രാഹാദ്യാകലിതാം നദീമിവ
അതി പർഷൽ	— അതിപാരയതു, അതിക്രമ്യ ദുഃഖരഹിതം സുഖം പ്രാപയതു
(തഥാ) അഗ്നിഃ ദുഃ–ഇതാ അതി (പാരയതു)	— ദുഃഖഹേതുകാനി പാപാനി

അർത്ഥം–ജഗത്തിൽ ജന്മം പൂണ്ട എല്ലാററിനെയും അറിയുന്ന അഗ്നിക്കായി, അവിടുത്തെ യജിക്കാനായി ലതാരൂപമായ സോമം ഞാൻ സംസ്കരിക്കുന്നു ആ അഗ്നി, എന്നെ ശത്രുവായി കരുതുന്നവൻെറ, ശത്രുവിൻെറ ധനത്തെ തീരേ നശി

പ്പിച്ച് വെണ്ണീറാക്കട്ടെ. (ഇവിടെ ധനമെന്നത് ശത്രുവിൻെറ ഉപദ്രവിപ്പാനുള്ള ശക്തിയാണ്.) കൂടാതെ ആ അഗ്നി പൊറുക്കാൻ വയ്യാത്ത ദുഃഖങ്ങളിൽ നിന്ന്, നാവികൻ തോണിയാൽ ക്ഷുദ്രജന്തുക്കളെം നിറഞ്ഞ പുഴയെ എന്നപോലെ, എന്നെ അക്കരെയെത്തിയ്ക്കട്ടെ. എനിക്ക ദുഃഖരഹിതമായ സുഖമണയ്ക്കട്ടെ. അതുപോലെ ദുഃഖകാരണങ്ങളായ പാപങ്ങളിൽനിന്നും എന്നെ കരകയററട്ടെ.

വർഗ്ഗം 8 9 10 11 വൃഷാഗിരഃ പുത്രഭൂതാഃ ഋജ്രാശ്വാദയഃ പഞ്ചരാജർഷയഃ ഋഷയഃ–ത്രിഷ്ടുപ്ഛന്ദഃ ഇന്ദ്രോദേവതാ.

1 സയോവൃഷാ വൃഷ്ണ്യേഭിസ്സമോകാ
മഹോദിവഃ പൃഥിവ്യാശ്ച സമ്രാട്
സതീനസത്വാഹവ്യോ ഭരേഷു
മരുത്വാന്നോ ഭവത്വിന്ദ്ര ഊതീ

അന്വയം:–

യഃ (ഇന്ദ്രഃ) വൃഷാ	—	കാമാനാം വർഷിതാ
വൃഷ്ണ്യേഭിഃ സം–ഓകാഃ	—	വീര്യൈഃ സമ്യക്സമവേതഃ, സംഗതഃ
മഹഃ ദിവഃ പൃഥിവ്യാഃ ച	—	മഹതഃ ദ്യുലോകസ്യ പൃഥിവ്യാ ഭൂമേശ്ച
സം–രാട്	—	ഈശ്വരഃ
സതീന–സത്വാ	—	സതീനമുദകം, സത്വാ സാദയിതാ, ഗമയിതാ
ഭരേഷു ഹവ്യഃ	—	സംഗ്രാമേഷ്വാഹ്വാതവ്യഃ
മരുത്വാൻ	—	മരുത്ഭിര്യുക്തഃ
സഃ ഇന്ദ്രഃ നഃ ഊതീ ഭവതു	—	ഊതയേ, രക്ഷണായ ഭവതു

അൎത്ഥം-യാതൊരിന്ദ്രൻ അഭീഷ്ടവൎഷിതാവും വീൎയ്യങ്ങളോടുചേൎന്നവനും മഹത്തായ സ്വൎഗ്ഗത്തിന്റെയും ഭൂമിയുടെയും അധീശ്വരനും ജലങ്ങളെ അതാതിടത്തെത്തിയ്ക്കുന്നവനും യുദ്ധങ്ങളിൽ വിളിയ്ക്കപ്പെടേണ്ടവനുമാകുന്നുവോ, മരുത്തുക്കളോടുകൂടിയ ആ ഇന്ദ്രൻ നമുക്കു രക്ഷയ്ക്കായി ഭവിയ്ക്കട്ടെ.

2 യസ്യാനാപ്തസ്സൂൎയ്യസ്യേവയാമോ
ഭരേഭരേ വൃത്രഹാശുഷ്മോ അസ്തി
വൃഷന്തമസ്സഖിഭി സ്വേഭിരേവൈ
ൎമ്മരുത്വാന്നോ ഭവത്വിന്ദ്ര ഊതീ

അന്വയം:-

യസ്യ (ഇന്ദ്രസ്യ) യാമഃ — ഗതിഃ
സൂൎയ്യസ്യ-ഇവ — സൂൎയ്യസ്യഗതിരിവ
അനാപ്തഃ — പരൈരപ്രാപ്യാ
സ്വേഭിഃ ഏവൈഃ
സഖി-ഭിഃ — ആത്മീയൈഃ ഗമനശീലൈഃ മിത്രഭൂതൈൎമ്മരുത്ഭിസ്സഹ
വൃഷൻ-തമഃ — അതിശയേന കാമാനാം വൎഷിതാ
ഭരേ-ഭരേ — സൎവ്വേഷു സംഗ്രാമേഷു
വൃത്ര-ഹാ — ശത്രൂണാം ഹന്താ
ശുഷ്മഃ അസ്തി — സൎവ്വേഷാമസുരാണാം ശോഷകഃ വിദ്യതേ
(സഃ) മരുത്വാൻ ഇന്ദ്രഃ
നഃ ഊതീ ഭവതു — രക്ഷണായ ഭവതു

അൎത്ഥം-യാതൊരിന്ദ്രന്റെ ഗതി സൂൎയ്യന്റേതുപോലെ അന്യരാൽ പ്രാപിയ്ക്കാൻ കഴിയാത്തതാണോ, യാതൊരിന്ദ്രൻ സ്വന്തം തോഴരും ഗമനശീലരുമായ മരുത്തുക്കളോടുകൂടി ഏററവും അഭീഷ്ടദാതാവാണോ, എല്ലാ യുദ്ധങ്ങളിലും ശത്രുക്കളെ

ഒടുക്കുന്നവനാണോ, എല്ലാ അസുരന്മാൎക്കും ശക്തിക്ഷയകരനാണോ, മരുത്തുക്കളോടുകൂടിയ ആ ഇന്ദ്രൻ നമുക്കു് രക്ഷയ്ക്കായി ഭവിയ്ക്കട്ടെ.

3 ദിവോനയസ്യരേതസോ ദുഘാനാഃ
പന്ഥാസോയന്തിശവസാപരീതാഃ
തരദ്ദ്വേഷാസ്സാസഹിഃ പൌംസ്യേഭി
ൎമ്മരുത്വാന്നോ ഭവത്വിന്ദ്ര ഊതീ

അന്വയം;—

ശവസാ	—	ബലേന സഹിതാഃ
അപരി-ഇതാഃ	—	പരൈരനഭിഗതാഃ, ദുഷ്പ്രാപാഃ
യസ്യ (ഇന്ദ്രസ്യ)		
പന്ഥാസഃ	—	രശ്മയഃ
രേതസഃ ദുഘാനാഃ	—	വൃഷ്ട്യുദകാനി ദുഹന്തഃ പ്രവർഷന്തഃ
ദിവഃ ന	—	യഥാദ്യോതമാനസ്യസൂര്യസ്യ കിരണാഃ വിഷ്ടിംകുർവ്വന്തഃ നഭസ്ഥലാൽ നിർഗ്ഗച്ഛന്തിതദ്വൽ
യന്തി	—	നിർഗ്ഗച്ഛന്തി, ദ്യുലോകാദിത സ്തതഃ പ്രസരന്തി
(സോയമിന്ദ്രഃ) തരൽ-ദ്വേഷാഃ	—	ദ്വേഷാംസി, ശത്രൂംസ്തരൻ, ജിതശത്രുകഃ
പൌംസ്യേഭിഃ	—	ബലൈഃ (സഹിതഃ)
സസഹിഃ	—	ശത്രൂണാം അഭിഭവിതാ (ഭവതി)
(സഃ) മരുത്വാൻ ഇന്ദ്രഃ നഃ		
ഊതീ ഭവതു	—	രക്ഷണായ ഭവതു

സാരം — ബലത്തിൽ ഉറച്ചവനും അന്യരാൽ നേരിടാൻ വയ്യാത്തവനും ആയ യാതൊരിന്ദ്രന്റെ രശ്മികളും മഴവെള്ളങ്ങളെ വർഷിക്കുന്നവയായി, പ്രകാശമാനനായ സൂര്യന്റെ കിരണങ്ങൾ ആകാശത്തിൽ നിന്ന് മടപെട്ട് പുറത്തുവരുന്നപോലെ, ദ്യുലോകത്തിൽ നിന്ന് പുറത്തുവന്ന് പരക്കുന്നുവോ, ആ ഇന്ദ്രൻ ശത്രുക്കളെ ജയിച്ചവനായി സ്വബലങ്ങളോടുകൂടി അജയ്യനായി, ഭവിക്കുന്ന മരുത്തുക്കളോടുകൂടിയ ആ ഇന്ദ്രൻ നമുക്ക രക്ഷയ്ക്കായി ഭവിക്കട്ടെ

4 സോഽങ്ഗിരോഭിരങ്ഗിരസ്തമോഭൂദ്

വൃഷാവൃഷഭിസ്സഖിഭിസ്സഖാസൻ

ഋഗ്മിഭിരൃഗ്മീഗാതുഭിർജ്ജ്യേഷ്ഠോ

മരുത്വാന്നോഭവത്വിന്ദ്രഊതീ

അന്വയം —

സഃ (ഇന്ദ്രഃ) അങ്ഗിരഃ-
ഭിഃ — അങ്ഗന്തിഗച്ഛന്തി, ഗന്തൃഭിഃ
(തേഭ്യഃ) അങ്ഗിരഃ-
തമഃ ഭൂത് — അതിശയേന ഗന്താഭവതി
വൃഷ-ഭിഃ വൃഷാ — വർഷിതൃഭ്യഃ അതിശയേന വർഷിതാ
സഖി-ഭിഃ സഖാ സൻ — മിത്രഭൂതേഭ്യോപിഹിതകാരീസൻ
ഋഗ്മി-ഭിഃ ഋഗ്മീ — അർച്ചനീയേഭ്യോപ്യർച്ചനീയഃ
ഗാതു-ഭിഃ ജ്യേഷ്ഠഃ — ഗാതവ്യേഭ്യഃ, സ്തോതവ്യേഭ്യഃ അപ്യതിശയേന സ്തോതവ്യഃ (ഭവതി)
(സഃ) മരുത്വാൻ ഇന്ദ്രഃ
നഃ ഊതീ ഭവതു — രക്ഷണായ ഭവതു

അൎത്ഥം—ആ ഇന്ദ്രൻ ഗമനശീലരിൽവെച്ച് അത്യന്തം ഗമനശീലനാകുന്നു. വർഷിക്കുന്നവരിൽവെച്ച് മികച്ച വർഷിതാവാകുന്നു. (അഭീഷ്ടദാതാക്കളിൽവെച്ച് മികച്ച അഭീഷ്ടദാതാവാകുന്നു) മിത്രഭൂതരിൽവെച്ച് ഹിതകാരിയായ മിത്രമായി, പൂജ്യന്മാരിൽവെച്ച് പൂജ്യനാകുന്നു. സ്തുതിക്കപ്പെടേണ്ടവരിൽ മുമ്പനാകുന്നു. ആ മരുത്തുക്കളോടുകൂടിയ ആ ഇന്ദ്രൻ നമുക്ക് രക്ഷക്കായി ഭവിക്കട്ടെ.

5 സസൂനുഭിൎന്ന രുദ്രേഭിരൃഭ്വാ
നൃഷാഹ്യേ സാസഹ്വാꣳ അമിത്രാൻ
സനീളേഭി ശ്രവസ്യാനി തൂൎവ്വൻ
മരുത്വാന്നോഭവത്വിന്ദ്ര ഊതീ വ 8

അന്വയം:—

സൂനു–ഭിഃ ന	— പുത്രൈരിവ
രുദ്രേഭിഃ	— രുദ്രപുത്രൈൎമ്മരുത്ഭിരൃക്തഃ
ഋഭ്വാ സഃ	— മഹാനിന്ദ്രഃ
നൃ– സഹ്യേ	— നൃഭിഃ, പുരുഷൈഃ സോഢവ്യേ സംഗ്രാമേ
അമിത്രാൻ സസഹ്വാൻ	— ശത്രൂനഭിഭൂതവാൻ
(അപിച) സ–നീളേഭിഃ	— സമാനനിലയൈൎമ്മരുത്ഭിസ്സഹ
ശ്രവസ്യാനി	— ശ്രവഃ അന്നം, തദ്ധേതുഭൂതാന്യുദകാനി
തുൎവ്വൻ	— മേഘാൽ പ്രച്യാവയൻ
(സഃ) മരുത്വാൻ ഇന്ദ്രഃ	
നഃ ഊതീ ഭവതു	— രക്ഷണായ ഭവതു

അൎത്ഥം—സ്വന്തം പുത്രന്മാരോടെന്നപോലെ രുദ്രപുത്രരായ മരുത്തുക്കളോടുകൂടി മഹാനായ അവിടുന്ന് (ഇന്ദ്രൻ) യോദ്ധാക്കളാൽ സഹിക്കപ്പെടുന്ന യുദ്ധത്തിൽ ശത്രുക്കളെ ജയിച്ചവനാകുന്നു. കൂടാതെ തന്റെ കൂടെ വൎത്തിക്കുന്ന മരുത്തുക്കളോടുകൂടി അന്നമൂലങ്ങളായ ജലങ്ങളെ മേഘത്തിൽ നിന്ന് വീഴ്ത്തുന്നു. മരുത്തുക്കളോടുകൂടിയ [illegible] ഭവി[illegible]ട്ടെ.

6 സമന്യുമിസ്സമദനസ്യകർത്താ
സ്മാകേഭിർന്യൃഭിസ്സൂര്യംസനൽ
അസ്മിന്നഹന്ത്സൽപ്പതിഃ പുരുഹൂതോ
മരുത്വാന്നോ ഭവത്വിന്ദ്ര ഊതീ

അന്വയം —

സഃ (ഇന്ദ്രഃ) മന്യു–മീഃ — അഭിമന്യമാനസ്യ ശത്രോർഹിംസകഃ
(അപിച) സ– മദനസ്യ
കർത്താ — സംഗ്രാമസ്യ കർത്താ
സൽ–പതിഃ പുരു–ഹൂതഃ — സതാം പാലയിതാ ബഹുഭിര്യജമാനൈരാഹൂതഃ
(സഃ) അസ്മിൻ അഹൻ — അസ്മിൻ ദിവസേ
അസ്മാകേഭിഃ നൃ–ഭിഃ — അസ്മദീയൈഃ പുരുഷൈഃ
സൂര്യം സനൽ — സൂര്യപ്രകാശം സംഭക്താം കരോതു
(ശത്രുപുരുഷൈസ്സ ദൃഷ്ടി നിരോധമന്ധകാരം സംയോജയതു)
(സഃ) മരുത്വാൻ ഇന്ദ്രഃ നഃ
ഊതീ ഭവതു — രക്ഷണായ ഭവതു

അർത്ഥം—ആ ഇന്ദ്രൻ എതിർ വരുന്ന ശത്രുവിനെ അമർത്തുന്നവനാണ് യുദ്ധത്തിൻെറ കർത്താവാണ് സത്തുക്കളുടെ പാലകനാണ് വളരെ യജമാനന്മാരാൽ വിളിയ്ക്കപ്പെടുന്നവനാണ് അവിടുന്ന് ഇന്ന്, ഞങ്ങളെ സ്സംബന്ധിച്ചവർക്ക് സൂര്യപ്രകാശം പ്രാപ്യമാക്കിത്തരട്ടെ അതായതു് ശത്രുക്കളെ ആ പ്രകാശം കിട്ടാതെ കാഴ്ചമറയ്ക്കുന്ന ഇരുട്ട് ബാധിയ്ക്കട്ടെ മരുത്തുക്കളോട് കൂടിയ ആ ഇന്ദ്രൻ നമുക്കു രക്ഷയ്ക്കായി ഭവി ട്ടെ

7 തമൂതയോരണയഞ്ഛൂരസാതൌ
തം ക്ഷേമസ്യക്ഷിതയഃ കൃണ്വതത്രാം
സവിശ്വസ്യ കരുണസ്യേശ ഏകോ
മരുത്വാന്നോ ഭവത്വിന്ദ്ര ഊതീ.

അന്വയം;-

തം (ഇന്ദ്രം) ശൂര-സാതൌ— വീരൈഃ പുരുഷൈഃ സംഭജനീയേ സംഗ്രാമേ
ഊതയഃ രണയൻ — ഗന്താരോമരുതോരമയന്തി
(അപി ച) ക്ഷിതയഃ തം— മനുഷ്യാഃ ഇന്ദ്രം
ക്ഷേമസ്യ ത്രാം കൃണ്വത — രക്ഷണീയസ്യ സൎവ്വസ്യ ധനസ്യ ത്രാതാരം കുൎവ്വന്തി
സഃ വിശ്വസ്യ കരുണസ്യ — സൎവ്വസ്യ അഭിമതഫല നിഷ്പാദന രൂപസ്യ കൎമ്മണഃ
ഏകഃ ഈശേ — അസഹായ ഏവ ഈഷ്ടേ
(സഃ) മരുത്വാൻ ഇന്ദ്രഃ നഃ
ഊതീ ഭവതു — രക്ഷണായ ഭവതു

അൎത്ഥം-ഇന്ദ്രനെ, വീരന്മാരേപ്പെട്ട യുദ്ധത്തിൽ ഗമനശീലരായ മരുത്തുക്കൾ പ്രീണിപ്പിക്കുന്നു. കൂടാതെ മനുഷ്യർ, രക്ഷിക്കപ്പെടേണ്ട എല്ലാ ധനത്തിന്നും അവിടുത്തെ രക്ഷിതാവാക്കുന്നു. അഭീഷ്ടഫലദായകമായ എല്ലാ കൎമ്മത്തിന്നും അവിടുന്ന് ഒറ്റയ്ക്ക് ഈശനായി, പാലയിതാവായി ഭവിക്കുന്നു. മരുത്തുക്കളോടു കൂടിയ ആ ഇന്ദ്രൻ നമുക്കു രക്ഷക്കായി ഭവിക്കട്ടെ.

8 തമപ്സന്തശവസ ഉത്സവേഷു
നരോനരമവസേതന്ധനായ
സോ അന്ധേചിത്തമസിജ്യോതിൎവ്വിദ
ന്മരുത്വാന്നോഭവത്വിന്ദ്രഊതീ

അന്വയം:—

(യസ്മാത്) സഃ (ഇന്ദ്രഃ)		
തമസി	—	ദൃഷ്ടിപ്രതിബന്ധകേ
അന്ധേ ചിത്	—	ചിത്തവ്യാമോഹകരേപി സംഗ്രാമേ
ജ്യോതിഃ വിദത്	—	വിജയലക്ഷണം പ്രകാശം ലംഭയതി
(തസ്മാത്) നരഃ	—	നേതാരഃ, സ്തോതാരഃ
ശവസഃ ഉത്—സവേഷു	—	ബലസ്യ സംബന്ധിഷു സംഗ്രാമേഷു
നരം തം അവസേ	—	ജയസ്യനേതാരമിന്ദ്രം രക്ഷണാർത്ഥം
(തഥാ) ധനായ തം	—	ധനാർത്ഥം ച
അഘ്സന്ത	—	പ്രാപ്നുവന്തി
(സഃ) മരുത്വാൻ ഇന്ദ്രഃ		
നഃ ഊതീ ഭവതു	—	രക്ഷണായ ഭവതു

അർത്ഥം—ഇന്ദ്രൻ കാഴ്ചമറയ്ക്കുന്ന ഇരുട്ടിലും മനസ്സിന്ന് ഭ്രമം വരുത്തുന്ന യുദ്ധത്തിലും (തന്നെ സേവിക്കുന്നവർക്ക് വിജയചിഹ്നമായ) പ്രകാശം നേടിക്കൊടുക്കുന്നു. അതുകൊണ്ട് അവിടുത്തെ ഭക്തരായ സ്തോതാക്കളും ബലവത്തുക്കളായ യുദ്ധങ്ങളിൽ ജയനേതാവായ ഇന്ദ്രനെ രക്ഷക്കായും, അതുപോലെ ധനത്തിന്നുവേണ്ടിയും പ്രാപിക്കുന്നു. മരുത്തുക്കളോടുകൂടിയ ആ ഇന്ദ്രൻ നമുക്ക രക്ഷയ്ക്കായി ഭവിക്കട്ടെ.

9 സസവ്യേനയമതിവ്രാധതശ്ചിത്
സദക്ഷിണേസംഗൃഭീതാകൃതാനി
സകീരിണാചിത്സനിതാധനാനി
മരുത്വാന്നോഭവത്വിന്ദ്ര ഊതീ

അന്വയം:—

സഃ (ഇന്ദ്രഃ) സവ്യേന	—	വാമഹസ്തേന
വ്രാധതഃ ചിൽ യമതി	—	മഹതശ്ശത്രൂനപി നിയമതി
സഃ ദക്ഷിണേ	—	ദക്ഷിണഹസ്തേന
കൃതാനി സം—ഗൃഭീതാ	—	യജമാനൈഃകൃതാനി ഹവീംഷി സമ്യക്ഗൃഹ്ണാതി
(അപിച) സഃ കീരിണാ		
ചിൽ	—	കീർത്തയിത്രാസ്തോത്രാ സ്തുതശ്ചസൻ
ധനാനി സനിതാ	—	ധനപ്രദാനശീലോ ഭവതി
(സഃ) മരുത്വാൻ ഇന്ദ്രഃ നഃ		
ഊതീ ഭവതു	—	രക്ഷണായ ഭവതു

അർത്ഥം—അവിടുന്നു് (ഇന്ദ്രൻ) ഇടത്തെ കൈകൊണ്ടു് ശത്രുക്കളെ ഊക്കന്മാരെങ്കിലും, അടക്കിനിർത്തുന്നു. വലത്തെ കൈകൊണ്ടു് യജമാനന്മാരാൽ നല്കപ്പെട്ട ഹവിസ്സു് വേണ്ടപോലെ സ്വീകരിക്കുന്നു. കൂടാതെ പ്രകീർത്തിക്കുന്ന സ്തോതാവിനാൽ പുകഴ്ത്തുന്നവനായി ധനദാനശീലനായി ഭവിക്കുന്നു. (ഹവിർദ്ദാതാവിനെന്ന പോലെ സ്തോതാവിന്നും ഐശ്വര്യമുണ്ടാക്കുന്നു) മരുത്തുക്കളോടുകൂടിയ ആ ഇന്ദ്രൻ നമുക്കു് രക്ഷസ്സായി ഭവിക്കട്ടെ.

10 സഗ്രാമേഭിസ്സനിതാസരഥേഭി
ർവ്വിദേ വിശ്വാഭിഃ കൃഷ്ടിഭിർന്വദ്യ
സപൌംസ്യേഭിരഭിഭൂരശസ്തീ
ർമ്മരുത്വാന്നോ ഭവത്വിന്ദ്ര ഊതീ വ 9

അന്വയം —

സഃ (ഇന്ദ്രഃ) ഗ്രാമേഭിഃ	—	മരുത്സംഘൈസ്സഹ
സനിതാ	—	ഫലാനാം പ്രദാതാ (ഭവതി)
സഃ അദ്യ നു	—	അസ്മിന്നഹനി ക്ഷിപ്രം
വിശ്വാഭിഃ കൃഷ്ടി—ഭിഃ	—	സർവ്വൈർമ്മനുഷ്യൈഃ

രഥേഭിഃ വിദേ — ഇന്ദ്രസംബന്ധിഭീരഥൈർവ്വി ജ്ഞായതേ
(അപി ച) സഃ
പൌംസ്യേഭിഃ — ബലൈഃ
അശസ്തീഃ — അശംസനീയാൻ ശത്രൂൻ
അഭി- ഭൂഃ — അഭിഭവൻ വർത്തതേ
(സഃ) മരുത്വാൻ ഇന്ദ്രഃ നഃ
ഊതീ ഭവതു — രക്ഷണായ ഭവതു

അർത്ഥം—അവിടുന്ന് (ഇന്ദ്രൻ) മരുത്തുക്കളുടെ സമൂഹത്തോടു കൂടി (കർമ്മങ്ങൾക്ക്) ഫലദാതാവായി ഭവിക്കുന്ന അവിടുന്ന്, ഇപ്പോൾ ഇതാ എല്ലാ മനുഷ്യരാലും അവിടുത്തെ തേരുകളാൽ അറിയപ്പെടുന്നു കൂടാതെ സ്വന്തം ബലങ്ങളാൽ അവിടുന്ന് നിന്ദ്യരായ ശത്രുക്കളെ കീഴടക്കി വർത്തിക്കുന്നു മരുത്തുക്കളോടു കൂടിയ ആ ഇന്ദ്രൻ നമുക്ക് രക്ഷയ്ക്കായി ഭവിക്കട്ടെ

11 സജാമിഭിര്യത് സമജാതിമീള്ഹേ
ജാമിഭിർവ്വാപുരുഹൂത ഏവൈഃ
അപാന്തോകസ്യ തനയസ്യജേഷേ
മരുത്വാന്നോ ഭവത്വിന്ദ്ര ഊതീ

അന്വയം —

പുരു—ഹൂതഃ സഃ — ബഹുഭിര്യജമാനൈരാഹൂത ഇന്ദ്ര
മീള്ഹേ — മീഢ്ഹം ധനം തദ്ധേതുത്വാൽ സംഗ്രാമേ
ജാമി—ഭിഃ അജാമി—
ഭിഃ വാ — ബന്ധുഭിരബന്ധുഭിർവ്വാ
ഏവൈഃ — മരുദ്ഭിഃ സഹ (യുദ്ധാർത്ഥം)
യത് സം—അജാതി — യദാ സംഗച്ഛതേ

(തേഷാം ഉഭയവിധാനാം)
അപാം — ഇന്ദ്രം പ്രാപ്നുവതാം
പുരുഷാണാം
തോകസ്യ തനയസ്യ
ജേഷേ — പുത്രസ്യ തൽപുത്രസ്യ ജയ
പ്രാപ്തയേ ഭവതി
(കിമു വക്തവ്യമസ്മാകം സ്തോതൄണാം ജയോ ഭവതീതി?)
(സഃ) മരുത്വാൻ ഇന്ദ്രഃ
നഃ ഊതീ ഭവതു — രക്ഷണായ ഭവതു

അത്ഥം—വളരെ യജമാനന്മാരാൽ വിളിയ്ക്കപ്പെട്ട ഇന്ദ്രൻ യുദ്ധത്തിൽ ബന്ധുക്കളെയും അബന്ധുക്കളെയും സഹായിയ്ക്കുവാൻ മരുത്തുക്കളോടുകൂടി എത്തുന്നു അപ്പോഠം അവിടുത്തെ പ്രാപിയ്ക്കുന്ന, ആശ്രയിക്കുന്ന രണ്ടു വിധം ജനങ്ങഠംക്കും അവരുടെ പുത്രനും പൌത്രനും അവിടുന്നു് ജയപ്രാപ്തിയുണ്ടാക്കുന്നു അങ്ങിനെയിരിക്കെ, സ്തോതാക്കളായ നമുക്കു് ജയം ഭവിക്കുമെന്നു് പറയേണ്ടതുണ്ടോ? മരുത്തുക്കളോടുകൂടിയ ആ ഇന്ദ്രൻ നമുക്കു് രക്ഷകനായി ഭവിക്കട്ടെ

12 സവജ്രഭൃദ്ദസ്യുഹാഭീമ ഉഗ്ര
` സ്സഹസ്രചേതാശ്ശതനീഥ ഋഭ്വാ
ചമ്രീഷോന ശവസാ പാഞ്ചജന്യോ
മരുത്വാന്നോഭവത്വിന്ദ്ര ഊതീ

അന്വയം —

സഃ (ഇന്ദ്രഃ) വജ്ര-ഭൃത് — അന്യൈർധർത്തുമശക്യസ്യ
വജ്രസ്യ ധർത്താ
ദസ്യു-ഹാ — ദസ്യൂനാം, അസുരാണാം ഹന്താ
ഭീമഃ, ഉഗ്രഃ — സർവ്വേഷാം ഭയഹേതുഃ,
ഉത്കൃഷ്ടതേജാഃ

സഹസ്ര–ചേതാഃ	— ബഹുവിധജ്ഞാനഃ, സർവ്വജ്ഞഃ
ശത–നീഥഃ	— ബഹുവിധ പ്രാപണഃ
ഋഭ്വാ	— ഉരുഭാസമാനഃ
ചമ്രീഷഃ ന	— ചമസേ രസാത്മനാവസ്ഥിതഃ സോമ ഇവ
ശവസാ പാഞ്ച–ജന്യഃ	— ബലേന പഞ്ചജനേഷു രക്ഷകത്വേന ഭവഃ
(സഃ) മരുത്വാൻ ഇന്ദ്രഃ	
നഃ ഊതീ ഭവതു	— രക്ഷണായ ഭവതു

അർത്ഥം–അവിടന്ന് (ഇന്ദ്രൻ) വജ്രായുധധാരിയാണ്. ഉപദ്രവകാരികളായ അസുരന്മാരുടെ ഹന്താവാണ് എല്ലാവർക്കും ഭയങ്കരനാണ്. മിന്നുന്ന തേജസ്സോടുകൂടിയവനാണ്. ആയിരം കൂട്ടമറിയുന്നവനാണ്. സർവ്വജ്ഞനാണ്. പല പദവികളിലേക്കും സ്വാശ്രിതരെ എത്തിക്കുന്നവനാണ്. ഏററവും പ്രകാശമാനനാണ്. മരപ്പാത്രത്തിൽ രസരൂപത്തിലിരിക്കുന്ന സോമം പോലെ തന്റെ ബലത്താൽ ഗന്ധർവ്വാപ്സരദേവാസുരരാക്ഷസരായ പഞ്ചജനങ്ങളുടെ രക്ഷിതാവാണ്. മരുത്തുക്കളോടുകൂടിയ ആ ഇന്ദ്രൻ നമുക്ക് രക്ഷയ്ക്കായി ഭവിക്കട്ടെ.

13 തസ്യ വജ്രഃ ക്രന്ദതി സ്മൽ സ്വർഷാ
ദിവോ ന ത്വേഷോ രവഥഃ ശിമീവാൻ
തം സചന്തേ സനയസ്തം ധനാനി
മരുത്വാന്നോ ഭവത്വിന്ദ്ര ഊതീ

അന്വയം:–

തസ്യ (ഇന്ദ്രസ്യ) വജ്രഃ	— കലിശഃ
സ്മൽ ക്രന്ദതി	— ഭൃശം ശത്രൂനാക്രന്ദയതി, രോദയതി
(യഃ ഇന്ദ്രഃ) സ്വഃ–സാഃ	— ശോഭനസ്യോദകസ്യ ദാതാ
ദിവഃ ന ത്വേഷഃ	— സൂര്യ ഇവ ദീപ്തഃ

രവഥഃ	— ഗജ്ജനലക്ഷണസ്യ ശബ്ദസ്യ കർത്താ
ശിമീ–വാൻ	— ശിമീകർമ്മ, ലോകാനുഗ്രാഹകേ കർമ്മണാ യുക്തഃ
തം (ഇന്ദ്രം) സനയഃ	— ധനസ്യ ദാനാനി
സചന്തേ	— സേവന്തേ
(തഥാ) തം ധനാനി	— (സചന്തേ)
(സഃ) മരുത്വാൻ ഇന്ദ്രഃ നഃ	
ഉതീ ഭവതു	— രക്ഷണായ ഭവതു

അർത്ഥം—ഇന്ദ്രൻെറ വജ്രായുധം ശത്രുക്കളെ ഏററവും കരയിപ്പുന്നു. യാതൊരിന്ദ്രൻ നല്ലവെള്ളം കൊടുക്കുന്നനും (മഴപെയ്യിപ്പുന്നവനും) സൂര്യനെപ്പോലെ പ്രകാശമാനനും, ഗജ്ജനശബ്ദം മുഴക്കുന്നവനും, ലോകാനുഗ്രഹകരമായ കർമ്മത്തോടുകൂടിയവനുമാണോ, ആ ഇന്ദ്രനെ ധനദാനം സേവിക്കുന്നു. (ദാനദേവത ഇന്ദ്രനെ അങ്ങോട്ടുപരിചരിയ്ക്കുന്നു.–അതായതു് അത്യധികം ദാനശീലനാകുന്നു.) അതുപോലെ ധനങ്ങളും അവിടുത്തെ സേവിയ്ക്കുന്നു. (ധനങ്ങളെ അവിടുന്നു് തേടുകയല്ല, ഇങ്ങോട്ടു വന്നുചേരുകയാണു്.) മരുത്തുക്കളോടുകൂടിയ ആ ഇന്ദ്രൻ നമുക്കരക്ഷയ്ക്കായി ഭവിയ്ക്കട്ടെ.

14 യസ്യാജസ്രംശവസാമാനമുക്ഥം
പരിഭുജദ്രോദസീവിശ്വതസ്സീം
സപാരിഷൽക്രതുഭിർമ്മന്ദസാനോ
മരുത്വാന്നോഭവതിന്ദ്ര ഊതീ

അന്വയം:—

യസ്യ (ഇന്ദ്രസ്യ) ഉക്ഥം	— പ്രശസ്യം
ശവസാ മാനം	— ബലേന സർവ്വസ്യ പരിച്ഛേദകം
രോദസീ വിശ്വതഃ സീം	— ദ്യാവാപൃഥിവ്യൌ സർവ്വതഃ
അജസ്രം പരി–ഭുജൽ	— അനവരതം പരിതഃ, സർവ്വതഃ ഭുനക്തി, പാലയതി

സഃ (ഇന്ദ്രഃ) ക്രതു-ഭിഃ	—	അസ്മാഭിഃ കൃതൈര്യാഗൈഃ
മന്ദസാനഃ	—	മോദമാനസ്സൻ
പാരിഷൽ	—	അസ്മാൻ ദുരിതാൽ പാരയതു
(സഃ) മരുത്വാൻ ഇന്ദ്ര നഃ		
ഊതീ ഭവതു	—	രക്ഷണായ ഭവതു

അർത്ഥം—യാതൊരിന്ദ്രന്റെ പ്രശസ്യവും ബലംകൊണ്ട് എല്ലാററിനെയും പരിചോദിക്കുന്നതും (അളന്നുമുറിച്ചു വേർപെടുത്തുന്നതും) ആയ മഹത്വം ദ്യാവാപൃഥിവികളെ നിരന്തരം എമ്പാടും പാലിക്കുന്നുവോ, ആ ഇന്ദ്രൻ നമ്മുടെ യാഗങ്ങളാൽ സന്തുഷ്ടനായി, ദുരിതങ്ങളിൽ നിന്ന് നമ്മളെ അക്കരെയെത്തിക്കട്ടെ. മരുത്തുക്കളോടു കൂടിയ ആ ഇന്ദ്രൻ നമുക്കു രക്ഷയ്ക്കായി ഭവിക്കട്ടെ.

15 നയസ്യ ദേവാദേവതാനമർത്താ
ആപശ്ചനശവസോ അന്തമാപുഃ
സപ്രരിക്വാ ത്വക്ഷസാക്ഷ്മോദിവശ്ച
മരുത്വാന്നോ ഭവത്വിന്ദ്ര ഊതീ. വ 10

അന്വയം:—

ദേവതാ	—	ദേവസ്യ, ദാനാദി ഗുണയുക്തസ്യ
യസ്യ (ഇന്ദ്രസ്യ) ശവസഃ		
അന്തം	—	ബലസ്യാവസാനം
ദേവാഃ ന ആപുഃ	—	വസ്വാദയോ ദേവാഃ ന ആനശിരേ
മർത്താഃ ആപഃ ചന ന	—	മനുഷ്യാഃ ആപോപിനപ്രാപുഃ
സഃ (ഇന്ദ്രഃ) ത്വക്ഷസാ	—	ശത്രൂണാം തനൂകർത്രാ ആത്മീയേന ബലേന

ക്ഷ്മഃ ദിവഃ ച — പൃഥിവ്യാഃ സ്വർഗ്ഗസ്യ ച
പ്ര–രികാ — പ്രകർഷേണരേചകോ ഭവതി
(ലോകദ്വയാദപ്യസ്യ ബലമതിരിച്യതേ)
(സഃ) മരുത്വാൻ ഇന്ദ്രഃ നഃ
ഊതീ ഭവതു — രക്ഷണായ ഭവതു

അർത്ഥം–ദാനാദി ഗുണയുക്തനായ യാതൊരിന്ദ്രന്റെ ബലത്തിന്റെ അവസാനം വസുക്കൾ മുതലായ ദേവന്മാർ പ്രാപിച്ചിട്ടില്ല, മനുഷ്യരും ജലങ്ങളും പ്രാപിച്ചിട്ടില്ല, (മററു ദേവന്മാർക്കും ജലദേവതകൾക്കും മനുഷ്യർക്കും അവിടത്തെ ബലത്തിന്റെ അവസാനത്തെപ്പററി എത്തും പിടിയുമില്ല) ആ ഇന്ദ്രൻ ശത്രുക്കളെ ക്ഷീണിപ്പിക്കുന്ന ശക്തിയാൽ ഭൂമിയെയും സ്വർഗ്ഗത്തെയും കവിഞ്ഞു നില്ക്കുന്നു. ആ രണ്ടു ലോകങ്ങളെയുംകാൾ കൂടുതലാകുന്നു അവിടത്തെ ബലം. മരുത്തുകളോടുകൂടിയ ആ ഇന്ദ്രൻ നമുക്ക് രക്ഷകരായി ഭവിക്കട്ടെ.

16 രോഹിച്ഛ്യാവാസുമദംശുർല്ലലാമീ
ദ്യുക്ഷാരായ ഋജ്രാശ്വസ്യ
വൃഷണ്വന്തംബിഭ്രതീധൂർഷുരഥം
മന്ദ്രാചികേത നാഹുഷീഷുവിക്ഷു

അന്വയം:–

രോഹിത്, ശ്യാവാ — രോഹിതവർണ്ണാ, ശ്യാമവർണ്ണാ
സുമത്–അംശുഃ — സുമത്, സ്വതഃ പ്രാംശുഃ,
ദീർഘാവയവാ
ഉഭയോഃ പാർശ്വയോഃ
ഉഭയവിധ വർണ്ണയുക്താ
ലലാമീഃ — പുണ്ഡ്രവതീ
ദ്യുക്ഷാ — ദ്യുലോകേ കൃതനിവാസാ
ഋജ്ര–അശ്വസ്യ രായേ — ഏതന്ന് സംജ്ഞകസ്യ രാജർഷേഃ
ധനാർത്ഥം

വൃഷൺ-വന്തം — വൃഷ്ണാ, സേക്ത്രാ
ഇന്ദ്രേണയുക്തം
രഥം ധുരഃ-സു ബിഭ്രതീ — യുഗസംബന്ധിഷു
വഹനപ്രദേശേഷു വഹന്തീ
മന്ദ്രാ — സർവ്വേഷാമാഹ്ലാദകരീ
അശ്വപംക്തിഃ
നാഹുഷീഷു വിക്ഷു — മനുഷ്യസംബന്ധിനീഷു സേനാ
ലക്ഷണാസു പ്രജാസു (നഹുഷാ
മനുഷ്യാഃ)
ചികേത — ജ്ഞായതേ-ഈദൃശ്യാശ്വപംക്ത്യാ
യുക്തഃ ഇന്ദ്രഃ സംഗ്രാമേഷ്വനു
ഗ്രാഹകതയാ പ്രാദുർഭവതി)

അർത്ഥം—ചുകന്നതും കറുത്തതുമായി രണ്ടു പുറത്തും രണ്ടു നിറങ്ങളിലുള്ളതും, നീണ്ട കൈകാലുകളോടുകൂടിയതും മുഖത്ത് ഗോപിക്കുറിയോടുകൂടിയതും സ്വർഗ്ഗത്തിൽ വാസസ്ഥാനത്തോടുകൂടിയതും രാജർഷിയായ ഋജ്രാശ്വന് ധനദാനത്തിന് പുറപ്പെട്ട്, അഭീഷ്ടവർഷകനായ ഇന്ദ്രനോടുകൂടിയതുമായ രഥത്തെ നുകപ്രദേശത്തിൽ വഹിക്കുന്നതും എല്ലാവർക്കും ആഹ്ലാദം കൊടുക്കുന്നതുമായ അശ്വപംക്തിയെ (കുതിരനിരയെ) മനുഷ്യരായ സേനാജനങ്ങൾ അറിയുന്നു. ഇപ്രകാരമുള്ള അശ്വങ്ങളോടുകൂടിയ ഇന്ദ്രൻ അനുഗ്രഹബുദ്ധിയോടുകൂടി യുദ്ധങ്ങളിൽ സഹായത്തിനെത്തുന്നു.

17 ഏതത്ത്യത്തഇന്ദ്രവൃഷ്ണ ഉക്ഥം
വാർഷാഗിരാ അഭിഗൃണന്തിരാധഃ
ഋജ്രാശ്വഃ പ്രഷ്ടിഭിരംബരീഷ
സ്സഹദേവോഭയമാനസ്സുരാധാഃ

അന്വയം:—

ഹേ ഇന്ദ്ര, വൃഷ്ണേ തേ — കാമാനാം വർഷിതുസ്തവ
ത്യൽ ഏതൽ ഉക്ഥം
രാധഃ — തൽസ്തോത്രം സംരാധകം തൽപ്രീതിഹേതു
വാർഷാഗിരാഃ — വൃഷാഗിരഃ രാജ്ഞഃ പുത്രാഃ ഋജ്രാശ്വാദയഃ
അഭി ഗൃണന്തി — ആഭിമുഖ്യേനവദന്തി
ഋജ്ര-അശ്വഃ പ്രഷ്ടി-ഭിഃ — പാർശ്വസ്ഥൈരന്യൈഃ ഋഷിഭിസ്സഹ (ഇന്ദ്രമസ്തൗൽ)।
(പാർശ്വസ്ഥാ ഋഷയഃ)
അംബരീഷഃ സഹ-ദേവഃ ഭയമാനഃ സു-രാധാഃ—(ഇത്യേതേ ചത്വാരഃ)

അർത്ഥം—അല്ലയോ ഇന്ദ്ര, കാമവർഷിതാവായ അവിടുത്തേയ്ക്കു പ്രസിദ്ധമായ ഈ സ്തോത്രം പ്രീതികരമാണല്ലൊ. വൃഷാഗിരെന്ന രാജാവിൻെറ പുത്രന്മാർ, ഋജ്രാശ്വൻ മുതലായവർ അവിടുത്തെ മുമ്പിൽ അതുചൊല്ലി. ഋജ്രാശ്വൻ സമീപസ്ഥരായ അംബരീഷൻ, സഹദേവൻ, ഭയമാനൻ, സുരാധസ്സ് എന്നീ നാലുരാജർഷികളോടൊത്താണ് ഇന്ദ്രനെ സ്തുതിച്ചത്.

18 ദസ്യൂഞ്ഛിമ്യൂംശ്ചപുരുഹൂത ഏവൈ
ർഹത്വാപൃഥിവ്യാം ശർവ്വാനിബർഹീൽ
സനൽക്ഷേത്രം സഖിഭിശ്ശ്വിത്ന്യേഭി
സ്സനൽസൂര്യം സനദപസ്സുവജ്രഃ

അന്വയം:—

പുരു-ഹൂതഃ — ബഹുഭിര്യജമാനൈരാഹൂതഃ (ഇന്ദ്രഃ)
ഏവൈഃ — ഗമനശീലൈമരുദ്ഭി രുക്തസ്സൻ
പൃഥിവ്യാം ദസ്യൂൻ — ഭൂമൌവർത്തമാനാൻ ഉപക്ഷയിതൄൻ ശത്രൂൻ

ശിമ്യൂൻ ച ഹത്വാ — ശമയിതൄൻ, വധകാരിണഃ രാക്ഷസാദീംശ്ച ഹത്വാ

ശ്വാ നി ബർഹീൻ — ഹിംസാകന വജ്രേണാവധിൻ

(ഏവം ശത്രൂന്നിരസ്യ)

ശ്വിത്ന്യേഭിഃ — ശ്വേതവർണ്ണൈരലങ്കാരേണ ദീപ്താങ്ഗൈഃ

സഖി—ഭിഃ — മിത്രഭൂതൈർമരുദ്ഭിസ്സഹ

ക്ഷേത്രം സനാത് — ശത്രൂണാം സ്വഭൂതം ഭൂമിം സമഭാക്ഷീത്

(തഥാവൃത്രേണ തിരോഹിതം) സൂര്യം

സനത് — അഭജത, പ്രാപ്തവാൻ

(തഥാ) സു—വജ്രഃ — ഇന്ദ്രഃ (വൃത്രേണനിരുദ്ധാഃ)

അപഃ സനത് — വൃഷ്ട്യുദകാനി സമഭജത

അർത്ഥം—പല യജമാനന്മാരാലും വിളിക്കപ്പെട്ട ഇന്ദ്രൻ, സഞ്ചാരശീലരായ മരുത്തുക്കളോടുകൂടി, ഭൂമിയിൽ ഉപദ്രവകാരികളായ ശത്രുക്കളെയും, കൊലയാളികളായ രാക്ഷസാദികളെയും അടക്കി വജ്രായുധത്താൽ അവരെ കൊന്നു അങ്ങിനെ ശത്രുക്കളെ അകററിയ ശേഷം, വെളുത്ത്, ആഭരണങ്ങളണിഞ്ഞ ശോഭനാങ്ഗരായ സുഹൃത്തുക്കളായ മരുത്തുക്കളോടു കൂടി ശത്രുക്കളുടെ സ്വന്തം നാട്ട് സ്വാധീനമാക്കി അതുപോലെ വൃത്രനാൽ മറയ്ക്കപ്പെട്ട സൂര്യനെ പ്രാപിച്ചു (പ്രകാശിപ്പിച്ചു) വജ്രായുധനായ അവിടുന്ന് വൃത്രനാൽ തടയപ്പെട്ട മഴവെള്ളത്തെയും പ്രാപിച്ചു (ഒഴുകിച്ചു)

19 വിശ്വാഹേന്ദ്രോ അധിവക്താനോ അ
സ്ത്വപരിഹ്വൃതാസ്സനുയാമവാജം
തന്നോമിത്രോ വരുണോമാമഹന്താ
മദിതിസ്സിന്ധുഃ പൃഥിവീ ഉതദ്യൌഃ വ 11

അന്വയം:—

വിശ്വാഹാ നഃ — സർവ്വകാലമസ്മാകം
ഇന്ദ്രഃ അധി-വക്താ അസ്തു — പക്ഷപാത വചനയുക്തോ ഭവതു
(വയം) അപരി-ഹ്വൃതാഃ — അകുടില ഗതയസ്സന്തഃ
വാജം സനയാമ — ഹവിർല്ലക്ഷണമന്നം
സംഭജാമഹേ
(യദനേന സൂക്തേനാസ്മാഭിഃ പ്രാർത്ഥിതം) നഃ തൽ മിത്രഃ
വരുണഃ അദിതിഃ
സിന്ധുഃ പൃഥിവീ
ഉത ദ്യൌഃ മമഹന്താം — പൂജയന്താം

അർത്ഥം—എത്ര കാലത്തും ഇന്ദ്രൻ നമുക്ക് അധിവക്താവ് (അധിവചനം പക്ഷപാതവചനം, ഉള്ളതിലധികം ഗുണം പറയുന്നവൻ) ആയി ഭവിയ്ക്കട്ടെ. ഞങ്ങൾ നേർവഴിക്കാരായി ഹവിരന്നം പ്രാപിച്ചാവു. ഈ സൂക്തം കൊണ്ട് പ്രാർത്ഥിച്ചതിനെ മിത്രനും വരുണനും അദിതിയും സിന്ധുവും പൃഥിവിയും ദ്യോവും കൊണ്ടാടട്ടെ.

വർഗ്ഗം 12 13 ആംഗിരസഃ കുത്സഃ ഋഷിഃ ത്രിഷ്ടുബ് ജഗത്യൗ ച്ഛന്ദസീ, അപക്രാമത ഗർഭിണ്യഃ

1 പ്രമന്ദിനേപിതുമദർച്ചതാവചോ
യഃ കൃഷ്ണഗർഭാ നിരഹന്നൃജിശ്വനാ
അവസ്യവോ വൃഷണം വജ്രദക്ഷിണം
മരുത്വന്തം സഖ്യായ ഹവാമഹേ

അന്വയം:—

(ഹേ ഋത്വിജഃ) മന്ദിനേ — സ്തുതിമതേ, സ്തോതവ്യായ
(ഇന്ദ്രായ)
പിതു-മൽ വചഃ — ഹവിരന്നയുക്തം സ്തുതിവചനം
പ്ര അർച്ചത — പ്രകർഷേണോച്ചാരയത
യഃ (ഇന്ദ്രഃ) ഋജിശ്വനാ — ഏതൽ സംജ്ഞകേന രാജ്ഞാ
സഖ്യാ സഹിതസ്സൻ

കൃഷ്ണ-ഗർഭാഃ — കൃഷ്ണനാമ്നാ കേനചിദസുരേണ നിഷിക്തഗർഭാഃ, തദീയാ ഭാര്യാഃ

നിഃ-അഹൻ — അവധീത്

അവസ്യവഃ — രക്ഷണേച്ഛവോവയം

വൃഷണം, വജ്ര-ദക്ഷിണം — കാമാനാം വർഷിതാരം, വജ്രയുക്തേന ദക്ഷിണഹസ്തേനോപേതം

(തം) മരുത്വന്തം സഖ്യായ — സഖ്യഃ കാമണേ

ഹവാമഹേ, — ആഹ്വയാമഹേ

യഥാസ്ഥാനം ഗർഭിണ്യഃ

അർത്ഥം-ഗർഭിണികൾ നീങ്ങിനില്ക്കണം.

യാതൊരിന്ദ്രൻ തോഴനായ ഋജിശ്വാനെന്ന രാജാവിനോട് ചേർന്ന്, കൃഷ്ണനെന്നപേരായ അസുരനിൽനിന്ന് ഗർഭം ധരിച്ച ഭാര്യമാരെ കൊന്നുവോ, സ്തോതവ്യനായ ആ ഇന്ദ്രന്, ഋത്വിക്കുകളെ, ഹവിരന്നത്തോടുകൂടി സ്തുതിനല്ലപോലെ ചൊല്ലുക. (കൃഷ്ണാസുരനെ കൊന്ന് അയാളുടെ സന്തതിയും വധിക്കരുതെന്ന് കരുതിയാണ് ഗർഭിണികളായ ഭാര്യമാരെ കൊന്നത് ഗർഭിണികളെ കൊന്ന എന്ന പ്രസ്താവമുള്ളതുകൊണ്ടാണ് ഈ ഋക്ക് ഗർഭമുള്ള സ്ത്രീകൾ കേൾക്കരുതെന്ന് നിയമിച്ചിട്ടുള്ളത്) രക്ഷണമിച്ഛിക്കുന്ന ഞങ്ങൾ കാമവർഷകനും വലത്തെ കയ്യിൽ വജ്രായുധത്തോടുകൂടിയവനും മരുത്തുക്കളോട് ചേർന്നവനുമായ ഇന്ദ്രനെ സഖ്യത്തിന്നായി വിളിയ്ക്കുന്നു.

ഗർഭിണികൾ മുൻസ്ഥാനത്തുവരാം

2 യോവ്യംസഞ്ജാഹൃഷാണേനമന്യുനാ
യശ്ശംബരം യോ അഹൻ പിപ്രുമവ്രതം
ഇന്ദ്രോയശ്ശുഷ്ണമശുഷന്ന്യാവൃണങ്
മരുത്വന്തം സഖ്യായ ഹവാമഹേ

അന്വയം:—

യഃ (ഇന്ദ്രഃ) ജഹൃഷാണേന
മന്യുനാ വി—അംസം
(വൃത്രം) അഹൻ — പ്രവൃദ്ധേനമന്യുനാ വിഗതഭുജം വൃത്രമവധീൽ
യഃ (ഇന്ദ്രഃ) ശംബരം — തം നാമകമസുരം (അവധീൽ)
(തഥാ) യഃ അവ്രതം
പിപ്രും — യാഗാദേഃ കർമ്മണോ വിരോധിനം തൽസംജ്ഞക മസുരം (അവധീൽ)
യഃ ഇന്ദ്രഃ അശുഷം ശുഷ്ണം— ജഗച്ഛോഷകം തം നാമകമസുരം
നി അവൃണക് — സമൂലം ഹതവാൻ
(തം) മരുത്വന്തം സഖ്യായ
ഹവാമഹേ — സഖ്യുഃ കർമ്മണേ ആഹ്വയാമഹേ

അർത്ഥം—യാതൊരിന്ദ്രൻ വർദ്ധിച്ച ക്രോധത്തോടുകൂടി കൈ മുറിഞ്ഞ വൃത്രനെ കൊന്നുവോ, യാതൊരിന്ദ്രൻ ശംബരനെന്ന അസുരനെക്കൊന്നുവോ, അതുപോലെ യാഗാദി കർമ്മങ്ങൾക്ക് വിരോധിയായ പിപ്രു എന്ന അസുരനെക്കൊന്നുവോ, യാതൊരിന്ദ്രൻ ലോകത്തെ ശോഷിപ്പിയ്ക്കുന്ന (ക്ഷീണിപ്പിയ്ക്കുന്ന) ശുഷ്ണനെന്ന അസുരനെക്കൊന്ന് വംശമൂലം മുറിച്ചുവോ, ആ മരുത്തുക്കളോടുകൂടിയ ഇന്ദ്രനെ സഖ്യത്തിന്നായി വിളിയ്ക്കുന്നു.

3 യസ്യദ്യാവാപൃഥിവീപൌംസ്യം മഹ
ദ്യസ്യവ്രതേ വരുണോയസ്യ സൂര്യഃ
യസ്യേന്ദ്രസ്യ സിന്ധവസ്സശ്ചതിവ്രതം
മരുത്വന്തം സഖ്യായ ഹവാമഹേ

അന്വയം:—

യസ്യ (ഇന്ദ്രസ്യ) മഹൽ
പൌംസ്യം — വിപുലം ബലം
ദ്യാവാപൃഥിവീ — ദ്യാവാപൃഥിവ്യൌ (അനുവർത്തേതേ)

യസ്യ വ്രതേ — നിയമരൂപേ കർമ്മണി
വരുണഃ വർത്തതേ — (വരുണോപീന്ദ്രം നാതിക്രാമതി)

സൂര്യഃ (അപി) യസ്യ (വ്രതേവർത്തതേ)
(തഥാ) യസ്യ ഇന്ദ്രസ്യ
വ്രതം — കർമ്മ
സിന്ധവഃ സശ്ചതി — നദ്യഃഗച്ഛന്തി (വചനവ്യത്യയഃ) ഇന്ദ്രേണാനുശിഷ്ടാഃ പ്രവഹന്തി

(തം) മരുത്വന്തം
സഖ്യായ ഹവാമഹേ — സഖ്യഃ കർമ്മണേ ആഹ്വയാമഹേ

അർത്ഥം—യാതൊരിന്ദ്രന്റെ വിപുലമായ ബലം ദ്യാവാപൃഥിവികൾ അനുവർത്തിയ്ക്കുന്നു, യാതൊരിന്ദ്രന്റെ നിയന്ത്രണത്തിൽ വരുണൻ നില്ക്കുന്നു, യാതൊരിന്ദ്രന്റെ കർമ്മപദ്ധതിയിൽ സൂര്യൻ സ്ഥിതിചെയ്യുന്നു, യാതൊരിന്ദ്രന്റെ അനുശാസനപ്രകാരം നദികൾ ഒഴുകുന്നു, ആ മരുത്തുക്കളോടുകൂടിയ ഇന്ദ്രനെ സഖ്യത്തിന്നായി വിളിയ്ക്കുന്നു.

4 യോ അശ്വാനാം യോഗവാങ്ഗോപതിർവ്വശീ
യ ആരിതഃ കർമ്മണികർമ്മണിസ്ഥിരഃ
വീളോശ്ചിദിന്ദ്രോയോ അസുന്വതോവധോ
മരുത്വന്തം സഖ്യായഹവാമഹേ

അന്വയം:—

യഃ (ഇന്ദ്രഃ) അശ്വാനാം
(പതിഃ) യഃ ഗവാം
ഗോ—പതിഃ — സാകല്യേന അശ്വാനാം ഗവാം അധിപതിഃ
വശീ — അപരാധീനഃ, സ്വതന്ത്രഃ
യഃ കർമ്മണി—കർമ്മണി
സ്ഥിരഃ — നൈശ്ചല്യേനാവതിഷ്ഠമാനഃ
ആരിതഃ — സ്തുതിഭിഃ പ്രത്യൃതഃ, പ്രാപ്തഃ

യഃ ഇന്ദ്രഃ അസുന്വതഃ — സുന്വതാം, യാഗാനുഷ്ഠാതൃണാം വിരോധിനഃ

വീളോഃ ചിൽ വധഃ — ദൃഢസ്യാപി ശത്രോഃ ഹന്താ

(തം) മരുത്വന്തം സഖ്യായ

ഹവാമഹേ — സഖ്യുഃ കർമ്മണേ ആഹ്വയാമഹേ

അർത്ഥം—യാതൊരിന്ദ്രൻ എല്ലാ കുതിരകൾക്കും പശുക്കൾക്കും നാഥനാണോ, അപരാധീന (സ്വതന്ത്ര) നാണോ, ഏല്പ്പെട്ട ഓരോ കർമ്മത്തിലും ഇളകാതെ ഉറച്ചുനില്ക്കുന്നവനാണോ, സ്തുതികളാൽ പ്രാപിക്കപ്പെട്ടവനാണോ, യാഗാനുഷ്ഠാനവിരോധികളുടെ ഹന്താവാണോ, ആ മരുത്തുക്കളോടുകൂടിയ ഇന്ദ്രനെ സഖ്യത്തിന്നായി വിളിക്കുന്നു.

5 യോ വിശ്വസ്യ ജഗതഃ പ്രാണതസ്പതി

ര്യോബ്രഹ്മണേ പ്രഥമോ ഗാ അവിന്ദൽ

ഇന്ദ്രോയോദസ്യൂരധരാँ അവാതിര

ന്മരുത്വന്തം സഖ്യായ ഹവാമഹേ

അന്വയം:—

യഃ (ഇന്ദ്രഃ) വിശ്വസ്യ

ജഗതഃ — ഗച്ഛതഃ

പ്രാണതഃ പതിഃ — പ്രശ്വസതഃ പ്രാണിജാതസ്യ സ്വാമീ

യഃ ബ്രഹ്മണേ — ബ്രാഹ്മണജാതിഭ്യോ ങ്ഗിരോഭ്യഃ

പ്രഥമഃ — അന്യേഭ്യോദേവേഭ്യഃ പൂർവ്വഭാവീ സൻ—പണിഭിരപഹൃതാഃ

ഗാഃ അവിന്ദൽ — അലഭത

(അപിച) യഃ ഇന്ദ്രഃ

ദസ്യൂൻ — അസുരാൻ

അധരാൻ അവ—അതിരൽ — നികൃഷ്ടാൻ കൃത്വാ അവധീൽ

(തം) മരുത്വന്തം സഖ്യായ

ഹവാമഹേ — സഖ്യുഃ കർമ്മണേ ആഹ്വയാമഹേ

അർത്ഥം—യാതൊരിന്ദ്രൻ ചരിയ്ക്കുന്നവയും ശ്വസിയ്ക്കുന്നവയുമായ പ്രാണി സമൂഹത്തിന്റെയെല്ലാം നാഥനാണോ, യാതൊരിന്ദ്രൻ ബ്രാഹ്മണരായ അങ്ഗിരസ്സുകൾക്ക് പണികളാൽ അപഹരിക്കപ്പെട്ട പശുക്കളെ, മററു ദേവന്മാരേക്കാൾ മുമ്പ് ഒന്നാമനായി വന്ന് നേടിക്കൊടുത്തുവോ, യാതൊരിന്ദ്രൻ ദ്രോഹകാരികളായ അസുരന്മാരെ കീഴ്പ്പെടുത്തികൊന്നുവോ, ആ മരുത്തുക്കളോടുകൂടിയ ഇന്ദ്രനെ സഖ്യത്തിന്നായി വിളിയ്ക്കുന്നു

6 യഃ ശൂരേഭിർഹവ്യോ യശ്ച ഭീരുഭി
ർയോ ധാവദ്ഭിർഹൂയതേ യശ്ച ജിഗ്യുഭിഃ
ഇന്ദ്രം യം വിശ്വാ ഭുവനാഭിസന്ദധു
ർമരുത്വന്തം സഖ്യായ ഹവാമഹേ വ 12

അന്വയം —

യഃ (ഇന്ദ്രഃ) ശൂരേഭിഃ ഹവ്യഃ	— ശൌര്യോപേതൈഃ പുരുഷൈഃ യോദ്ധുമാഹ്വാതവ്യഃ
യഃ ച ഭീരു–ഭിഃ	— ഭയശീലൈഃ, കാതരൈഃ സഹായാർത്ഥം (ഹവ്യഃ)
യഃ ധാവദ്–ഭിഃ ഹൂയതേ	— പരാജയേന പലായമാനൈഃ രക്ഷാർത്ഥമാഹൂയതേ
യഃ ച ജിഗ്യു–ഭിഃ	— പ്രാപ്തജയൈഃ (ഹൂയതേ)
യം ഇന്ദ്രം വിശ്വാ ഭുവനാ	— സർവ്വാണി ഭൂതജാതാനി സ്വേഷു സ്വേഷു കാര്യേഷു
അഭി സം–ദധുഃ	— ആഭിമുഖ്യേന സ്ഥാപയന്തി
(തം) മരുത്വന്തം സഖ്യായ ഹവാമഹേ	— സഖ്യഃ കർമ്മണേ ആഹ്വയാമഹേ

അർത്ഥം—യാതൊരിന്ദ്രൻ വീര്യത്തോടുകൂടിയ യുദ്ധോദ്യതരാൽ പൊരുതുവാൻ വിളിക്കപ്പെടുന്നു, യാതൊരിന്ദ്രൻ ഭീരുക്കളായ പോരാളികളാൽ സഹായാർത്ഥമായി വിളിക്കപ്പെടുന്നു, യാതൊരിന്ദ്രൻ യുദ്ധത്തിൽ തോറേറാടുന്നവരാൽ രക്ഷയ്ക്കായി വിളിക്കപ്പെടുന്നു, യാതൊരിന്ദ്രൻ പോരിൽ ജയം പ്രാപിച്ചവരാൽ (കൃതജ്ഞതയോടുകൂടി) വിളിക്കപ്പെടുന്നു, യാതൊരിന്ദ്രനെ എല്ലാ ഭൂതജാതങ്ങളും താന്താങ്ങളുടെ കാര്യങ്ങളിൽ മുൻനിൎത്തുന്നു, ആ മരുത്തുക്കളോടുകൂടിയ ഇന്ദ്രനെ സഖ്യത്തിന്നായി വിളിക്കുന്നു.

7 രുദ്രാണാമേതിപ്രദിശാവിചക്ഷണോ
രുദ്രേഭിര്യോഷാതനുതേ പൃഥുജ്രയഃ
ഇന്ദ്രം മനീഷാ അഭ്യർച്ചതിശ്രുതം
മരുത്വന്തം സഖ്യായ ഹവാമഹേ

അന്വയം:—

വി–ചക്ഷണഃ	—	സൂര്യാത്മനാ പ്രകാശമാനഃ (ഇന്ദ്രഃ)
രുദ്രാണാം പ്ര–ദിശാ ഏതി	—	രുദ്രപുത്രാണാം മരുതാം പ്രദേശനേന, ധനേഭ്യേഃ പ്രദാനേന സഹ അന്തരിക്ഷേ ഗച്ഛതി
(അപിച) രുദ്രേഭിഃ	—	മരുത്ഭിഃ
യോഷാ	—	മാധ്യമികാവാക്
പൃഥു ജ്രയഃ തനുതേ	—	വിസ്തീർണ്ണം വേഗം വിസ്താരയതി

(പ്രസംഗാദത്ര മരുതാം സ്തുതിഃ, തൈർമരുത്ഭിർവ്വർത്തമാനം)

ശ്രുതം ഇന്ദ്രം	—	പ്രഖ്യാതമിന്ദ്രം
മനീഷാ അഭി അർച്ചതി	—	സ്തുതിലക്ഷണാവാക് ആഭിമുഖ്യേനസ്തൌതി
(തം) മരുത്വന്തം സഖ്യായ ഹവാമഹേ	—	സഖ്യൈ കർമ്മണേ ആഹ്വയാമഹേ

അർത്ഥം—സൂര്യാത്മാവായി പ്രകാശിയ്ക്കുന്ന ഇന്ദ്രൻ രുദ്രപുത്രരായ മരുത്തുക്കളുടെ സഖ്യത്തോടുകൂടി മനുഷ്യർക്ക് അഭീഷ്ടദാനം ചെയ്തുകൊണ്ട്, അന്തരിക്ഷത്തിലെത്തുന്നു. കൂടാതെ മരുത്തുക്കളാൽ (സൂക്ഷ്മമായ) മദ്ധ്യസ്ഥാനവാക്ക് മഹത്തായ വേഗത്തോടുകൂടി രൂപപ്പെട്ടു പരക്കുന്നു. ആ മരുത്തുക്കളോടുകൂടി വർത്തിയ്ക്കുന്ന ഇന്ദ്രനെ, സൂര്യാത്മാവായി പ്രസിദ്ധനായ ഇന്ദ്രനെ, സ്തുതിരൂപമായ വാക്ക് നേരെചെന്ന് അർച്ചിയ്ക്കുന്നു, ആരാധിയ്ക്കുന്നു. ആ മരുത്തുക്കളോടുകൂടിയ ഇന്ദ്രനെ സഖ്യത്തിന്നായി വിളിയ്ക്കുന്നു.

8 യദ്വാ മരുത്വഃ പരമേ സധസ്ഥേ
യദ്വാവമേ വൃജനേ മാദയാസേ
അത ആ യാഹ്യധ്വരം നോ അച്ഛാ
ത്വായാ ഹവിശ്ചകൃമാ സത്യരാധഃ

അന്വയം —

ഹേ മരുത്വഃ,	മരുദ്ഭിര്യുക്ത, (ഇന്ദ്ര)
യൽ വാ പരമേ	
സധ—സ്ഥേ	— യദിവാ ഉൽകൃഷ്ടേ സഹസ്ഥാനേ, ഗൃഹേ
മാദയാസേ	— തൃപ്യോവർത്തസേ
യൽ വാ അവമേ വൃജനേ	— യദിവാ അർവ്വാചീനേ ഗൃഹേ മാദയാസേ
അതഃ നഃ അധ്വരം	— അസ്മാകം യജ്ഞം
അച്ഛ ആ യാഹി	— ആഭിമുഖ്യേന ആഗച്ഛ
ഹേ സത്യ—രാധഃ	
ത്വാ—യാ	— ഹേ സത്യധന, ത്വൽ കാമനയാ വയം
ഹവിഃ ചകൃമ	— കൃതവന്തഃ

അൎത്ഥം—അല്ലയോ മരുത്തുക്കളോടുകൂടിയ ഇന്ദ്ര, അവിടുന്നു് ഉൽകൃഷ്ടമായ (സ്വൎഗ്ഗ) ഗൃഹത്തിൽ സന്തുഷ്ടനായി വൎത്തിക്കുകയായാലും, പുതിയ ഒരു ഗൃഹത്തിൽ മോദിയ്ക്കുകയായാലും (രണ്ടുദിക്കുകളിൽ നിന്നായാലും) അവിടെനിന്നു് ഞങ്ങളുടെ യജ്ഞത്തിന്നു്, നേരെവന്നുചേരനാലും. അല്ലയോ സത്യമാകുന്ന ധനത്തോടുകൂടിയവനേ, അവിടുത്തോടുള്ള കൂറോടുകൂടി ഞങ്ങളിതാ ഹവിസ്സൊരുക്കിയിരിയ്ക്കുന്നു.

9 ത്വായേന്ദ്ര സോമം സുഷുമാസുദക്ഷ
ത്വായാ ഹവിശ്ചകൃമാ ബ്രഹ്മവാഹഃ
അധാനിയുത്വസ്സഗണോ മരുദ്ഭി
രസ്മിൻ യജ്ഞേബൎഹിഷിമാദയസ്വ

അന്വയം:—

ഹേ സു—ദക്ഷ, ഇന്ദ്ര,	—	ശോഭനബല, ഇന്ദ്ര.
ത്വാ—യാ സോമം സുസുമ	—	ത്വൽ കാമനയാ വയം അഭിഷുതവന്തഃ
ഹേ ബ്രഹ്മ-വാഹഃ	—	ബ്രഹ്മണാ, മന്ത്രരൂപേണ സ്തോത്രേണോഹ്യമാന, പ്രാപ്യമാണേ, (ഇന്ദ്ര)
ത്വാ—യാ	—	ത്വൽ കാമനയാ ആഹവനീയേ പുരോഡാശാദിലക്ഷണം
ഹവിഃ ചകൃമ	—	കൃതവന്തഃ
ഹേ നിയുത്വഃ,	—	നിയുതോശ്വാഃ, അശ്വവൻ,
അധ മരുൽ—ഭിഃ	—	അനന്തരം സപ്തഗണൈ രുപേതൈൎമ്മരുത്ഭിഃ
സ—ഗണഃ	—	ഗണസഹിതസ്സൻ
അസ്മിൻ യജ്ഞേ	—	വൎത്തമാനേ യജ്ഞേ
ബൎഹിഷി മാദയസ്വ	—	ആസ്തീൎണ്ണേ ദൎഭേ ഉപവിശ്യ തൃപ്തോഭവ

അർത്ഥം—ശോഭനബലത്തോടുകൂടിയ ഇന്ദ്ര, അവിടത്തോടു കൂറ്റ ഞങ്ങൾ സോമം സംസ്കരിക്കുന്നു. മന്ത്രരൂപമായ സ്തോത്രത്താൽ പ്രാപ്യനായ ഇന്ദ്ര, അവിടത്തോടു കൂറ്റു്, ആഹവനീയത്തിൽ പുരോഡാശാദി ഹവിസ്സു ഞങ്ങൾ ഒരുക്കിയിരിക്കുന്നു. നിയുത്തുക്കളെന്ന കുതിരകളോടുകൂടിയ ഇന്ദ്ര, അവിടുന്ന് എന്നി ഏഴ് ഗണങ്ങളായി വർത്തിക്കുന്ന മരുത്തുക്കളുടെ എല്ലാ ഗണങ്ങളേയും കൂട്ടി, ഈ യജ്ഞത്തിൽ വിരിച്ച ദർഭപ്പുല്ലിൽ വന്നിരുന്ന് സന്തുഷ്ടനായി ഭവിച്ചാലും.

10 മാദയസ്വ ഹരിഭിര്യേത ഇന്ദ്ര
വിഷ്യസ്വശിപ്രേവിസൃജസ്വധേനേ
ആത്വാസുശിപ്രഹരയോവഹന്തു
ശന്ഹവ്യാനി പ്രതിനോ ജുഷസ്വ

അന്വയം:—

ഹേ ഇന്ദ്ര, ഹരി-ഭിഃ — അശ്വൈഃ
മാദയസ്വ — സംതൃപ്തോഭവ
യേ തേ (അശ്വാഃ തദർത്ഥം സോമപാനായ)
ശിപ്രേ വി സ്യസ്വ — ഹനൂ സംഹതേ, വിവൃതേ കുരു
(തഥാ) ധേനേ — പാനസാധനഭൂതേ ജിഹ്വോപജിഹ്വികേ
വി സൃജസ്വ — സോമപാനാർത്ഥം വിസൃഷ്ടേ കുരു
ഹേ സു-ശിപ്ര — ശോഭനഹനോ, ഇന്ദ്ര,
ത്വാ ഹരയഃ ആ വഹന്തു — ത്വാം അശ്വാഃ അസ്മദീയം യജ്ഞം പ്രാപയന്തു
(ത്വം ച) ഉശൻ — അസ്മാൻ കാമയമാനഃ
നഃ ഹവ്യാനി പ്രതി
ജുഷസ്വ — ഹവിംഷി പ്രത്യേകം സേവസ്വ, മാ ഉദാസിഷ്ഠാഃ

അൎത്ഥം—അല്പയോ ഇന്ദ്ര, കുതിരകളെക്കൊണ്ടു് അവിടുന്നു് സന്തോഷിച്ചാലും. അവയേവയോ അവസ്ഥ്യ് സോമപാനത്തിന്നായി താടിയെല്ലുകളെ വിടൎത്തുക. അതുപോലെ ഇറക്കാൻ പററുമാറു് അവയുടെ നാവും ചെറുനാവും വേർപ്പെടുത്തിനിൎത്തുക. നല്ല താടിയെല്ലോടുകൂടിയ (സുന്ദരനായ) ഇന്ദ്ര, ഹരികളെന്ന ആ കുതിരകൾ അവിടുത്തെ ഞങ്ങളുടെ യജ്ഞത്തിലെത്തിയ്ക്കട്ടെ. അവിടുന്നു് ഞങ്ങളിൽ തല്പരനായി ഞങ്ങളുടെ ഹവിസ്സുകളിൽ ഓരോന്നും സ്വീകരിച്ചാലും. ഉദാസീനനാകരുതേ.

11 മരുൽസ്തോത്രസ്യ വൃജനസ്യഗോപാ

വയമിന്ദ്രേണ സനയാമവാജം

തന്നോമിത്രോ വരുണോമാമഹന്താ

മദിതിസ്സിന്ധുഃ പൃഥിവീ ഉതദ്യൌഃ വ 13

അന്വയം:—

മരുൽ—സ്തോത്രസ്യ	—	മരുത്ഭിസ്സഹസ്തോത്രം യസ്യ തസ്യ
വൃജനസ്യ	—	ശത്രൂണാം ക്ഷേപ്തുഃ (ഇന്ദ്രസ്യ) സംബന്ധിനഃ
ഗോപാഃ	—	ഗോപായനീയാഃ, രക്ഷണീയാഃ
വയം ഇന്ദ്രേണ വാജം		
സനയാമ	—	അന്നം ലഭേമഹി
(യദേതദസ്മാഭിഃ പ്രാൎത്ഥിതം) തൽ നഃ മിത്രഃ വരുണഃ അദിതിഃ സിന്ധുഃ പൃഥിവീ ഉത ദ്യൌഃ		
മമഹന്താം	—	പൂജയന്താം

അൎത്ഥം—മരുത്തുക്കളോടൊത്തു് സ്തുതിക്കപ്പെടുന്നവനും, ശത്രുക്കളെ അകററുന്നവനുമായ ഇന്ദ്രന്റെ സംബന്ധികളും രക്ഷിക്കപ്പെടേണ്ടവരുമായ ഞങ്ങൾ ഇന്ദ്രനെക്കൊണ്ടു് അന്നം നേടുന്നു, നേടാവൂ. ഞങ്ങൾ പ്രാൎത്ഥിച്ച ഇതിനെ മിത്രനും വരുണനും അദിതിയും സിന്ധുവും പൃഥിവിയും ദ്യോവും കൊണ്ടാടട്ടെ.

വർഗ്ഗം 14—15

1 ഇമാന്തേധിയം പ്രഭരേ മഹോമഹീ

മസ്യസ്തോത്രേ ധിഷണായത്ത ആനജേ

തമുത്സവേച പ്രസവേചസാസഹി

മിന്ദ്രന്ദേവാസശ്ശവസാമദന്നനു.

അന്വയം:—

(ഹേ ഇന്ദ്ര,) മഹഃ തേ	— മഹതസ് തവ
ഇമാം മഹീം ധിയം	— ഇദാനീം ക്രിയമാണാം മഹതീം സ്തുതിം
പ്ര ഭരേ	— പ്രകർഷേണ സമ്പാദയാമി
തേ ധിഷണാ അസ്യ സ്തോത്രേ	— ത്വദീയാബുദ്ധിഃ സ്തോതുർമ്മമ സ്തുതൌ
യത് ആനജേ	— യസ്മാത് അക്താ, സംശ്ലിഷ്ടാ സീത് (തസ്മാത് തവപ്രിയാം സ്തുതിം കരോമി)
സസഹിം തം ഇന്ദ്രം	— ശത്രൂണാമഭിഭവിതാരം തമിന്ദ്രം
ദേവാസഃ	— കർമ്മസുദീവ്യന്തഃ, ഋത്വിജഃ
ശവസാ	— സ്തുതിഭിഃ കീർത്തിതേന ബലേന
ഉത്—സവേ ച	— ഉത്സവാർത്ഥം, അഭിവൃദ്ധ്യർത്ഥം
പ്ര-സവേ ച	— ധനാനാമുല്പത്ത്യർത്ഥഞ്ച
അനു അമദൻ	— അനുക്രമേണ ഹർഷം പ്രാപയൻ

അർത്ഥം:—അല്ലയോ ഇന്ദ്ര, ഇപ്പോൾ ചെയ്യപ്പെടുന്ന ഉൽകൃഷ്ടമായ സ്തുതി വേണ്ടപോലെ ഇതാ ഒരുക്കുന്നു. അവിടത്തെ ബുദ്ധിസ്തോതാവായ എന്റെ സ്തുതിയിൽ ആസക്തമാകയാൽ (താല്പര്യയുക്തമാകയാൽ) അവിടേയ്ക്കു് പ്രിയമായ ആ സ്തുതി ചൊല്ലുന്നു. (ഇതുവരെ ഇന്ദ്രനോടു് നേരിട്ടു പറയുന്നതാണു്.

അടുത്ത അദ്ധ്യക്കു് പരോക്ഷമാണു്) ശത്രുഞ്ജയനായ ഇന്ദ്രനെ കർമ്മദീപ്തന്മാരായ ഋത്വിക്കുകൾ സ്തുതികളാൽ പ്രശസ്തമായ ബലം കൊണ്ടു് അഭിവൃദ്ധിയ്ക്കായും ധനോൽപത്തിയ്ക്കായും ക്രമേണ ഹർഷം പ്രാപിപ്പിച്ചു

2 അസ്യ ശ്രവോനദ്യഃ സപ്ത ബിഭ്രതി

ദ്യാവാക്ഷാമാ പൃഥിവീദർശതം വപുഃ

അസ്മേ സൂര്യാചന്ദ്രമസാഭിചക്ഷേ

ശ്രദ്ധേകമിന്ദ്രചരതോ വിതർത്തുരം

അന്വയം—

അസ്യ (ഇന്ദ്രസ്യ) ശ്രവഃ	—	യശഃ
സപ്ത നദ്യഃ ബിഭ്രതി	—	ഗംഗാദ്യാഃ ധാരയന്തി

(വൃത്രഹനനേന ഇന്ദ്രസ്യ യൽ വൃഷ്ടേഃ പ്രദാതൃത്വം തൽ പ്രഭൂത ജലോപേതാനദ്യഃ പ്രകടയന്തി)

(അപിച) ദ്യാവാക്ഷാമാ പൃഥിവീ	—	ദ്യാവാപൃഥിവ്യൌ അന്തരിക്ഷഞ്ച അസ്യ സൂര്യാത്മനാ വർത്തമാനസ്യ ഇന്ദ്രസ്യ
ദർശതം വപുഃ	—	സർവൈഃ പ്രാണിഭിർദ്ദർശനീയം രൂപം (ധാരയന്തി)
(കിംച) ഹേ ഇന്ദ്ര, അസ്മേ	—	അസ്മാകം
അഭി–ചക്ഷേ	—	ദ്രഷ്ടവ്യാനാം പദാർത്ഥാനാം ആഭിമുഖ്യേന പ്രകാശനാർത്ഥം
ശ്രദ്ധേ കം	—	ശ്രദ്ധാർത്ഥം (ചക്ഷുഷാ ദൃഷ്ടേ ഹി വസ്തുനി ഇദം സത്യം ഇതി ശ്രദ്ധോൽപദ്യതേ)
(തദുഭയാർത്ഥം) സൂര്യാ ചന്ദ്രമസാ	—	സൂര്യാചന്ദ്രമസൌ

വി-തർത്തുരം — പരസ്പരവ്യതിഹാരേണ തരണം, പുനഃ പുനർഗ്ഗമനം യഥാ ഭവതി തഥാ

ചരതഃ — വർത്തേതേ (ത്വമേതദ്രൂപസ്സൻ വർത്തസേ)

അർത്ഥം—ഈ ഇന്ദ്രന്റെ കീർത്തിയെ ഗംഗാദികളായ ഏഴു നദികൾ ധരിക്കുന്നു (വൃത്രവധം കൊണ്ടു് ഇന്ദ്രൻ വൃഷ്ടിപ്രദനായി ഈ നദികൾക്കു് സമൃദ്ധമായ ജലം കൊടുത്തതിനാൽ അവ ഇന്ദ്രനെ പുകഴ്ത്തുന്നു) കൂടാതെ ഭൂവും ദ്യോവും അന്തരിക്ഷവും, സൂര്യാത്മാവായ ഇന്ദ്രന്റെ, സർവ്വപ്രാണികൾക്കും ദർശനീയമായ രൂപത്തെ ധരിക്കുന്നു (അതായതു് ആ രൂപം ത്രിസ്ഥാനങ്ങളിലും പതിഞ്ഞിരിക്കുന്നു) പിന്നെ അല്ലയോ ഇന്ദ്ര, ഞങ്ങൾക്കു് കാണേണ്ടതു കാണാൻ കഴിയുമാറു് നേരെ തെളിയിക്കുവാൻവേണ്ടിയും, കണ്ടു്, ഉള്ളിൽ സത്യമാണെന്നു് ബോദ്ധ്യപ്പെടുവാൻ വേണ്ടിയും സൂര്യചന്ദ്രന്മാർ അന്യോന്യം മാറിമാറി വീണ്ടുംവീണ്ടും വന്നും പോയും ചരിക്കുന്നു ഈ സൂര്യചന്ദ്രന്മാരുടെ രൂപത്തിൽ വർത്തിക്കുന്നതും അവിടുന്നു തന്നെ

3 തംസ്മാരഥംമഘവൻ പ്രാവസാതയേ
ജൈത്രംയന്തേ അനുമദാമസംഗമേ
ആജാനഇന്ദ്രമനസാപുരുഷ്ടുത
ത്വായദ്ഭ്യോമഘവഞ്ഛർമയച്ഛനഃ

അന്വയം —

ഹേ മഘ-വൻ, ഇന്ദ്ര,

സാതയേ — അസ്മാകം ധനലാഭായ

തം സ്മ രഥം പ്ര അവ — തദേവരഥം പ്രേരയ, വാതയ

ഹേ പുരു-സ്തുത — ബഹുശസ്തുത

നഃ മനസാ യോ — അസ്മാകം ബുദ്ധ്യാതവസാധ്രതം

ജൈത്രം യം സം—ഗമേ — ജയശീലം യം രഥം ശത്രുഭിസ്സഹ സംഗമനേ
ആജാ അനു—മദാമ — ആജൌ, യുദ്ധേസതിവയമനു ക്രമേണസ്തുമഃ
(അപിച) ഹേ മഘ—വൻ
ത്വായൽ—ഭ്യഃ — ത്വാം കാമയമാനേഭ്യഃ
നഃ ശർമ്മ യച്ഛ — അസ്മഭ്യം സുഖംദേഹി

അർത്ഥം—അല്ലയോ ഐശ്വര്യവാനായ ഇന്ദ്ര, ഞങ്ങാംക്ക് ധന സിദ്ധിയ്ക്കായി (ധനം തന്നരുളാനായി) അവിടുത്തെ ആ രഥത്തെ (ഇങ്ങോട്ടു) തിരിച്ചാലും. പലപാടു സ്തുതിയ്ക്കപ്പെടുന്ന ഇന്ദ്ര, ഞങ്ങളുടെ ബുദ്ധികൊണ്ടു് അവിടുത്തെ ജയശീലമായ തേർ യുദ്ധത്തിലേപ്പെടുമ്പോഠംകൂടി, ഞങ്ങാം ക്രമമായി സ്തുതിയ്ക്കുന്നു. അല്ലയോ മഘവൻ, അവിടുത്തോടു കൂററ ഞങ്ങാംക്ക് സുഖം, മംഗളം തന്നരുളിയാലും.

4 വയഞ്ജയേമത്വായായുജാവൃത
മസ്മാകമംശമുദവാഭരേഭരേ
അസ്മഭ്യമിന്ദ്രവരിവസ്സുഗങ്കൃധി
പ്രശത്രൂണാമ്മഘവന്വൃഷ്ണ്യാരുജ

അന്വയം:—

(ഹേ ഇന്ദ്ര,) യുജാ ത്വയാ — അസ്മാഭിര്യുക്തേന സഹായ ഭൂതേനത്വയാ
വൃതം — ആവൃണ്വന്തം ശത്രും
വയം ജയേമ — സ്തോതാരോ വയമഭിഭവേമ
ഭരേ—ഭരേ — സംഗ്രാമേ സംഗ്രാമേ
അസ്മാകം അംശം
ഉത് അവ — അസ്മദീയം ഭാഗം ശത്രുകൃത പീഡാപരിഹാരേണ രക്ഷ

(തഥാ) ഹേ ഇന്ദ്ര
അസ്മഭ്യം വരിവഃ
സുഗം കൃധി — ധനം സുഗമം, സുപ്രാപം കുരു
(തഥാ) ഹേ മഘവൻ,
ശത്രൂണാം — അസ്മദുപദ്രവകാരിണാം
വൃഷ്ണ്യാ പ്ര രുജ — വൃഷ്ണ്യാനി, വീര്യാണി
പ്രഭങ്ഗ്ധി, ബാധസ്വ

അർത്ഥം—അല്ലയോ ഇന്ദ്ര, സഹായഭൂതനായി ഞങ്ങളോട് അവിടന്ന് ചേർന്ന് വളഞ്ഞണയുന്ന ശത്രുവിനെ സ്തോതാക്കളായ ഞങ്ങൾ ജയിയ്ക്കുമാറാകണം. ഓരോ യുദ്ധത്തിലും ശത്രു ചെയ്യുന്ന പീഡനത്തിൻെറ പരിഹാരം കൊണ്ട് ഞങ്ങളുടെ ഭാഗത്തെ രക്ഷിയ്ക്കണം. ഇന്ദ്ര, ധനം ഞങ്ങൾക്ക് എളുപ്പത്തിൽ പ്രാപ്യമാകണം. പിന്നെ മഘവൻ, ഞങ്ങളെ ഉപദ്രവിയ്ക്കുന്നവരുടെ വീര്യങ്ങൾ അവിടന്ന് ഭഞ്ജിക്കണം.

5 നാനാഹി ത്വാ ഹവമാനാ ജനാ ഇമേ
ധനാനാം ധർത്തരവസാ വിപന്യവഃ
അസ്മാകം സ്മാരഥമാതിഷ്ഠസാതയേ
ജൈത്രം ഹീന്ദ്രനിഭൃതമ്മനസ്തവ. വ. 14

അന്വയം—

ഹേ ധനാനാം ധർത്തഃ — ഗോഹിരണ്യാദി രൂപാണാം ധനാനാം ധാരയിതഃ
വിപന്യവഃ ഇമേ ജനാഃ — സ്തോതാര ഇമേജനാഃ
അവസാ ത്വാ ഹവമാനാഃ — രക്ഷണേന നിമിത്തേന ത്വാമാഹ്വയന്തഃ
നാനാ ഹി — വിഭിന്നാഃ ഖലു
(തേഷാം മധ്യേ)
അസ്മാകം സ്മ — അസ്മാകമേവ
സാതയേ രഥം ആ തിഷ്ഠ — ധനലാഭായ രഥം ആരോഹ

ഹേ ഇന്ദ്ര, നി–ഭൃതം തവ
മനഃ — അവ്യാകുലം ചിത്തം
ജൈത്രം ഹി — ജയശീലം ഖലു

അൎത്ഥം–പശ്വ, സ്വൎണ്ണം മുതലായ ധനങ്ങരം ധരിയ്ക്കുന്ന ഇന്ദ്ര, സ്തോതാക്കളായ ഈ കണ്ട ജനങ്ങളൊക്കെ രക്ഷണമുദ്ദേശിച്ച് അവിടുത്തെ വിളിയ്ക്കുന്നു. അവർ വളരെയാണ്. ഭിന്നോദ്ദേശക്കാരാണ്. അവരുടെ ഇടയിൽ ഞങ്ങളുടെ ധനലാഭത്തിന്നായിത്തന്നെ (ഞങ്ങളുടെ യാഗത്തിൽ വന്ന് അനുഗ്രഹിപ്പാനായി) അവിടുന്ന് തേരിലേറിയാലും. അല്ലയോ ഇന്ദ്ര, തെളിഞ്ഞ അവിടുത്തെ മനസ്സ് ജയശീലമാണല്ലോ.

6 ഗോജിതാബാഹൂ അമിതക്രതുസ്സിമഃ
കൎമ്മൻകൎമ്മഞ്ഛതമൂതിഃ ഖജങ്കരഃ
അകല്പഇന്ദ്രഃ പ്രതിമാനമോജസാ
ഥാജനാവിഹ്വയന്തേസിഷാസവഃ

അന്വയം:–

(ഹേ ഇന്ദ്ര, തവ) ബാഹൂ — ഹസ്തൌ
ഗോ–ജിതാ — ജയേനഗവാംലംഭയിതാരൌ
(ത്വം ച) അമിത–ക്രതുഃ
സിമഃ — അപരിച്ഛിന്നജ്ഞാനഃ, ശ്രേഷ്ഠഃ
കൎമ്മൻ–കൎമ്മൻ — സ്തോതൃണാം കൎമ്മണി കൎമ്മണ്യുപസ്ഥിതേ
ശതം–ഊതിഃ — ബഹുവിധരക്ഷണോപേതഃ
ഖജം–കരഃ — ഖജഃ സംഗ്രാമഃ, തസ്യകൎത്താ
അകല്പഃ — കല്പേനാന്യേനരഹിതഃ, സ്വതന്ത്രഃ .
ഓജസാ പ്രതി–മാനം — സൎവ്വേഷാം പ്രാണിനാം ബലേനപ്രതിനിധിഭൂതഃ

(യസ്മാദേവം ഗുണ വിശിഷ്ടഃ) ഇന്ദ്രഃ അധ	— അതഃ കാരണാൽ
സിസാസവഃ ജനാഃ	— ധനം ലബ്ധുകാമാഃ ജനാഃ
(ത്വം) വി ഹ്വയന്തേ	— വിവിധമാഹ്വയന്തി

അർത്ഥം—അല്ലയോ ഇന്ദ്ര, അവിടത്തെ തൃക്കൈകളും ബലം കൊണ്ട് പശുക്കളെ നേടുന്നവയാകുന്നു. അവിടുന്ന് പൂർണ്ണജ്ഞാനനാകുന്നു, ശ്രേഷ്ഠനാകുന്നു സ്തോതാക്കളുടെ ഓരോ കർമ്മത്തിലും സ്ഥിതിചെയ്ത്, നൂറുവിധം രക്ഷണങ്ങളും നല്കുന്ന യുദ്ധകർത്താവാകുന്നു. അനന്യതുല്യനാകുന്നു. എല്ലാ പ്രാണികളുടെയും ഓജസ്സിന്റെ, മനോബലത്തിന്റെ പ്രതിനിധിയായി ഗണിക്കപ്പെടുന്നവനാകുന്നു. ഇപ്രകാരം ഗുണവിശിഷ്ടനാകയാലാണല്ലോ *ഐശ്വര്യേച്ഛുക്കളായ ജനങ്ങൾ അവിടത്തെ* പലപാടും വിളിക്കുന്നത്.

7 ഉത്തേശതാന്മഘവന്നുച്ചഭൂയസ
ഉൽസഹസ്രാദ്രിരിചേകൃഷ്ടിഷുശ്രവഃ
അമാത്രന്ത്വാധിഷണാതിത്വിഷേമ
ഹ്യധാവൃത്രാണിജിഘ്നസേപുരന്ദര

അന്വയം:—

ഹേ മഘവൻ (ഇന്ദ്ര)	
കൃഷ്ടിഷു	— സ്തോതൃഷു മനുഷ്യേഷു
തേ ശ്രവഃ	— ത്വയാദീയമാനം യദന്നമസ്തി, തൽ
ശതാൽ	— ശതസംഖ്യാകാദ്ധനാൽ
ഉൽ രിരിചേ	— ഉദ്രിക്തം, അധികം ഭവതി
(അപിച) ഭൂയസഃ	— ശതസംഖ്യാകാദപി ബഹുതരാദ്ധനാൽ
ഉൽ (രിരിചേ)	— അധികം ഭവതി
(കിം ബഹുനാ)	

സഹസ്രാൽ ഉൽ — സഹസ്രസംഖ്യാകാദപി
അധികം ഭവതി
(ത്വയാദത്തമന്നമക്ഷയം)
(അപിച) അമാത്രം ത്വാ — മാത്രയേയത്തയാരഹിതം
പരിഗണിതുമശക്യൈഃ
സർവ്വൈർഗ്ഗുണൈരധികം
ത്വാം
മഹി ധിഷണാ — മഹതീ അസ്മദീയാ
സ്തുതിലക്ഷണാവാക്
തിത്വിഷേ ച — ദീപയതി, ത്വൽസംബന്ധി
നോഗുണാൻ പ്രകാശയതിച
ഹേ പുരം—ദര, — ശത്രൂണാം പുരാം ദാരയിതഃ,
അധ വൃത്രാണി ജിഘ്നസേ — സ്തുത്യനന്തരം ആവരകാൻ
ശത്രൂൻ ഹംസി, വിനാശയസി

അത്ഥം—അല്ലയോ മഘവൻ, ഇന്ദ്ര, സ്തോതാക്കളായ മനുഷ്യർക്ക് അവിടുന്നരുളുന്ന യാതൊരു അന്നം (പുഷ്ടി, ശ്രേയസ്സ്, ക്ഷേമം) ഉണ്ടോ അത്, നൂറുകണക്കിലുള്ള (മററ്) ധനത്തേക്കാൾ അധികമാകുന്നു പോരാ, നൂറിനേക്കാൾ എത്രയോ അധികമായ മററു ധനത്തേക്കാൾ മികച്ചതാകുന്നു എന്തിന്നധികം? *ആയിരക്കണക്കിലുള്ള മററു ധനത്തേക്കാൾ കവിഞ്ഞ*താകുന്നു അവിടുന്നരുളിയ അന്നം അക്ഷയമാകുന്നു അളവാററ, ഗണിയ്ക്കാൻ വയ്യാത്ത സർവ്വഗുണങ്ങൾക്കും മേലെയായ അവിടുത്തെ, മഹത്വമേറിയ ഞങ്ങളുടെ ഈ സ്തുതിവചനം പ്രകാശിപ്പിക്കുന്നു, അവിടുത്തെ ഗുണങ്ങളെ തെളിയിക്കുകയും ചെയ്യുന്നു അല്ലയോ ശത്രുപുരനാശന, സ്തുതികൊണ്ട് പ്രീതനായ അവിടുന്ന് ഞങ്ങളെ വളയുന്ന ശത്രുക്കളെ (രാഗദ്വേഷാദികളെ) നശിപ്പിയ്ക്കുന്നു

8 ത്രിവിഷ്ടിധാതുപ്രതിമാനമോജസ
സ്തിസ്രോഭൂമീർന്നൃപതേത്രീണിരോചനാ
അതീദം വിശ്വം ഭുവനം വവക്ഷിഥാ
ശത്രുരിന്ദ്രജനുഷാസനാദസി.

അന്വയം:–

ഹേ നൃ–പതേ,	— നൃണാം പാലയിതഃ, (ഇന്ദ്ര, ത്വം)
ഓജസഃ	— സർവ്വേഷാം പ്രാണിനാം ബലസ്യ
ത്രിവിഷ്ടി–ധാതു	— ധാതുശബ്ദഃ രജ്ജുവചനഃ, യഥാ ത്രിവിഷ്ടിഃ, ത്രിഗുണിതാരജ്ജുഃ ദൃഢീയസീ, തഥാ ഇന്ദ്രോപി ദൃഢതരഃ
പ്രതി–മാനം	— പ്രതിനിധിരസി
(കിം ച ത്വം)	
തിസ്രഃ ഭൂമീഃ	— ത്രീൻലോകാൻ
ത്രീണി രോചനാ	— ത്രീണി തേജാംസി, ദിവ്യാദിത്യം, അന്തരിക്ഷേ വൈദ്യുതാഗ്നിം, പൃഥിവ്യാം ആവഹനീയാദി രൂപേണ വർത്തമാനമഗ്നിഞ്ച
അതി വവക്ഷിഥ	— അതിശയേന വോഢുമിച്ഛസി
(അപിച) ഇദം വിശ്വം	
ഭുവനം	— സർവ്വം ഭൂതജാതം (ചവോഢുമിച്ഛസി)
(യസ്മാൽ) ഹേ ഇന്ദ്ര,	
(ത്വം) സനാൽ	— ചിരകാലാദാരഭ്യ
ജനുഷാ അശത്രുഃ അസി	— ജന്മനാ സപത്നരഹിതഃ ഭവസി

അർത്ഥം–അല്ലയോ മനുഷ്യപാലകനായ ഇന്ദ്ര, അവിടുന്ന് എല്ലാ പ്രാണികളുടെയും ആകത്തുകയായ ഓജസ്സിന്റെ, മുപ്പിരിക്കയർ പോലെ ഉറപ്പേറിയ, പ്രതിനിധിയാകുന്നു. പിന്നെ മൂന്നു തേജസ്സുകളെയും, അതായത് ദ്യോവിൽ ആദിത്യൻ, അന്തരിക്ഷത്തിൽ വൈദ്യുതാഗ്നി, ഭൂമിയിൽ ആഹവനീയാദി രൂപത്തിലുള്ള അഗ്നി എന്നീ തേജസ്സുകളെയും ശക്തിയോടുകൂടി താങ്ങുവാൻ മനസ്സുള്ളവനാകുന്നു മാത്രമല്ല, ഇക്കാണുന്ന ഭുവനത്തെ മുഴുവൻ ശക്തിയോടുകൂടി താങ്ങുവാൻ ഇച്ഛപ്പെടുന്നവനാകുന്നു. അല്ലയോ ഇന്ദ്ര, അവിടുന്ന് സുചിരകാലമായി, പിറവികൊണ്ടുതന്നെ, ശത്രുരഹിതനാണല്ലോ.

9 ത്വാന്ദേവേഷു പ്രഥമം ഹവാമഹേ
ത്വം ബഭൂഥ പൃതനാസു സാസഹിഃ
സേമന്നഃ കാരുമുപമന്യുമുദ്ഭിദ
മിന്ദ്രഃ കൃണോതു പ്രസവേരഥം പുരഃ

അന്വയം'—

(ഹേ ഇന്ദ്ര), ദേവേഷു		
പ്രഥമം ത്വാം ഹവാമഹേ	—	ശ്രേഷ്ഠം ത്വാം യാഗാർത്ഥമാഹ്വയാമഹേ
(തഥാ) ത്വം പൃതനാസു		
സസഹിഃ ബഭൂഥ	—	സംഗ്രാമേഷു ശത്രൂണാം അഭിഭവിതാസി
സഃ ഇന്ദ്രഃ കാരും	—	യുദ്ധസ്യകർത്താരം
ഉപ—മന്യും	—	ഉപഗതേന, പ്രാപ്തേന മന്യുനാ, ക്രോധേനയുക്തം
ഉൽ—ഭിദം	—	മാർഗ്ഗേവസ്ഥിതാനാം വൃക്ഷാദീനാം ഉൽഭേത്താരം, അതിശയേന ഭങ്ക്താരം
ഇമം നഃ രഥം പ്ര—സവേ	—	യുദ്ധോൽപത്തൗ അസ്മദീയം രഥം
പുരഃ കൃണോതു	—	അന്യേഭ്യോ രഥേഭ്യഃ പുരതോ വർത്തമാനം കരോതു

അർത്ഥം—അല്ലയോ ഇന്ദ്ര, ദേവന്മാരിൽ മുമ്പനായ അവിടത്തെ, യാഗത്തിന്നായി വിളിക്കുന്ന അവിടന്ന് യുദ്ധങ്ങളിൽ ശത്രുഞ്ജയനായി ഭവിക്കുന്നു (ഇവിടന്നങ്ങോട്ട് പരോക്ഷം) ആ ഇന്ദ്രൻ, യുദ്ധത്തിലേർപ്പെട്ടതും ക്രോധമേന്തി ചീറിപ്പാഞ്ഞ് വഴിയിലുള്ള വൃക്ഷാദികളെ പുഴക്കി മറിച്ചിടുന്നതുമായ ഈ തേരിനെ യുദ്ധാരംഭത്തിൽ തന്നെ മററു തേരുകൾക്ക് മുമ്പിലെത്തിക്കട്ടെ.

10 ത്വഞ്ജിഗേഥ നധനാരുരോധിഥാ
ർഭേഷ്വാജാമഘവൻ മഹൽസുച
ത്വാമുഗ്രമവസേ സംശിശീമ
സ്യഥാന ഇന്ദ്രഹവനേഷു ചോദയ

അന്വയം —

(ഹേ ഇന്ദ്ര,) ത്വം	
ജിഗേഥ	— ശത്രൂൻ ജയസി
(തഥാ) ധനാ	— ശത്രുഭ്യോപഹൃതാനി ധനാനി
ന രുരോധിഥ	— നാവരുണത്സി, സ്തോതൃഭ്യഃ പ്രയഛസി
ഹേ മഘവൻ, അർഭേഷു	
ആജാ	— അല്പേഷു ആജിഷു, സംഗ്രാമേഷു
മഹൽ—സു ച	— പ്രൌഢേഷു സംഗ്രാമേഷുച
അവസേ ഉഗ്രം ത്വാം	— രക്ഷണാർത്ഥം അധികബലം ത്വാം
സം ശിശീമസി	— സ്തോത്രൈഃ തീക്ഷ്ണീകുർമഃ
അഥ ഹേ ഇന്ദ്ര, (ത്വം)	
ഹവനേഷു	— യുദ്ധാർത്ഥമാഹ്വാനേഷുസത്സു, ആഗത്യ
നഃ ചോദയ	— അസ്മാൻ സംഗ്രാമേഷുപ്രേരയ, ജയംപ്രാപയ

അർത്ഥം—അല്ലയോ ഇന്ദ്ര, അവിടുന്ന ശത്രുക്കളെ ജയിക്കുന്ന ശത്രുക്കളിൽ നിന്ന് പിടിച്ചെടുത്ത ധനങ്ങൾ തടഞ്ഞുവെയ്ക്കാറില്ല, സ്തോതാക്കൾക്കു് കൊടുക്കുന്നു അല്ലയോ മഘവൻ, ചെറിയ പോരുകളിലും വലിയ യുദ്ധങ്ങളിലും ഞങ്ങളുടെ രക്ഷയ്ക്കായി ഉഗ്രനായ അവിടുത്തെ സ്തോത്രങ്ങളാൽ ഞങ്ങൾ കൂടുതൽ ഉഗ്രനാക്കുന്നു, ഊക്കിന്നു് മൂർച്ചകൂട്ടുന്നു പിന്നെ ഇന്ദ്ര, പോരിന്നുള്ള വിളികളുണ്ടാവുമ്പോൾ ഞങ്ങളെ ധൈര്യപ്പെടുത്തിയാലും, ജയം പ്രാപിപ്പിച്ചാലും.

11 വിശ്വാഹേന്ദ്രോ അധിവക്താനോ അ
സ്ത്വപരിഹ്വൃതാസ്സനയാമവാജം
തന്നോമിത്രോവരുണോമാമഹന്താ
മദിതിസ്സിന്ധുഃ പൃഥിവീഉതദ്യൌഃ വ. 15

അന്വയം:—

വിശ്വാഹാ നഃ — സർവ്വകാലമസ്മാകം
ഇന്ദ്രഃ അധി–വക്താ
അസ്തു — പക്ഷപാത വചനയുക്തോഭവേത്തു
(വയം) അപരി—ഹ്വൃതാഃ — അകുടിലഗതയസ്സന്തഃ
വാജം സനയാമ — ഹവിർല്ലക്ഷണമന്നം
സംഭജാമഹേ
(യൽ പ്രാൎത്ഥിതം) തൽനഃ
മിത്രഃ വരുണഃ അദിതിഃ
സിന്ധുഃ പൃഥിവീ ഉത ദ്യൌഃ
മമഹന്താം — പൂജയന്താം

അൎത്ഥം—എല്ലാകാലത്തും ഇന്ദ്രൻ നമുക്ക് അധിവക്താവാ യി ഭവിയ്ക്കട്ടെ. നമ്മൾ നേർവഴിക്കാരായി ഹവിരന്നം പ്രാ പിച്ചാവൂ. ഈ പ്രാൎത്ഥനയെ മിത്രനും വരുണനും അദിതിയും സിന്ധുവും പൃഥിവിയും ദ്യോവും കൊണ്ടാടട്ടെ.

വൎഗ്ഗം 16–17 ത്രിഷ്ടുപ്ഛന്ദഃ

1 തത്തഇന്ദ്രിയം പരമം പരാചൈ
രധാരയന്തകവയഃ പുരേദം
ക്ഷമേദമന്യദ്ദിവ്യ൯ന്യദസ്യ
സമീപൃച്യതേ സമനേവകേതുഃ

അന്വയം —

(ഹേ ഇന്ദ്ര,) തേ പരമം	— ത്വദീയമുൽകൃഷ്ടം
തൽ ഇദം ഇന്ദ്രിയം	— പ്രസിദ്ധം വർത്തമാനം ബലം
പുരാ കവയഃ	— പൂർവ്വസ്മിൻകാലെ ക്രാന്തദർശിന സ്തോതാരഃ
പരാചൈഃ	— പരാചീനം, പരാങ്മുഖം, യുദ്ധാഭിമുഖമേവ
അധാരയന്ത	— ധൃതവന്തഃ
(അപിച) അസ്യ	
(ഇന്ദ്രസ്യ) അന്യൽ	— ഏകം
ഇദം ക്ഷമാ	— അഗ്ന്യാഖ്യം ജ്യോതിഃ, ക്ഷമായാം, ഭൂമൌവർത്തതേ
അന്യൽ ദിവി	— ഏകം, സൂര്യാഖ്യം ദ്യുലോകേ വർത്തതേ
ഈം	— തദിദമുഭയവിധ മിന്ദ്രസ്യ ജ്യോതിഃ
സമനാ—ഇവ കേതുഃ	— യഥാസമനേ, സംഗ്രാമേ യുദ്ധ്യമാനയോരുഭയോഃ കേതുഃ, ധ്വജഃ, ധ്വജാന്തരേണ സംയുജ്യതേ തഥാ
സം—പൃച്യതേ	— പരസ്പരം സംയുജ്യതേ

അർത്ഥം—അല്ലയോ ഇന്ദ്ര, അവിടത്തെ ഉത്തമവും പ്രസിദ്ധവുമായ ഈ ബലത്തെ മുൻകാലത്തെ കവികൾ (ക്രാന്തദർശികളായ സ്തോതാക്കൾ) യുദ്ധത്തെ നേരിട്ടുകൊണ്ടു തന്നെ ധരിച്ച് അതായത് പാടിപ്പുകഴ്ത്തി അവിടത്തെ അഗ്നിയെന്ന ഒരു ജ്യോതിസ്സ് ഭൂവിലും, സൂര്യനെന്ന മറ്റൊരു തേജസ്സ് ദ്യോവിലും വർത്തിക്കുന്നു ഇരുവിധത്തിലുള്ള ഈ ജ്യോതിസ്സ്, പോരിനു പടപൊരുതുന്ന രണ്ടു വിഭാഗങ്ങളുടെ കൊടികൾ (കൊടിമരങ്ങൾ) പൊരുത്തപ്പെടുന്നപോലെ, അന്യോന്യം പൊരുത്തപ്പെടുന്നു (രാത്രിയിൽ ആദിത്യൻ അഗ്നിയോടു ചേരുന്നു പകൽ അഗ്നി സൂര്യനോടും ചേരുന്നു അഗ്നിംവാവാദിത്യസ്സായം പ്രവിശതി തസ്മാദഗ്നിർദൂരാന്നക്തം ദദൃശേ'' എന്നും, ' ഉദ്യന്തം വാവാദിത്യം അഗ്നിരനസമാരോഹതി തസ്മാദ്ധൂമ ഏവാഗ്നേർദിവാദദൃശേ'' . ന്നും । ।തികൾ)

2 സധാരയൽ പൃഥിവീം പപ്രഥച്ച
വജ്രേണ ഹത്വാ നിരപസ്സസൎജ്ജ
അഹന്നഹിമഭിനദ്രൗഹിണം
വ്യഹന്വ്യംസം മഘവാശചീഭിഃ

അന്വയം:-

സഃ (ഇന്ദ്രഃ) പൃഥിവീം — അസുരൈഃ പീഡിതാം ഭൂമിം
ധാരയൽ — ധൃതവാൻ, പീഡാരഹിതാമകരോൽ
(തദനന്തരം) പ പ്രഥൽ ച — താംവിസ്തീൎണ്ണാമകരോൽ,
(അപിച) വജ്രേണ
ഹത്വാ — ഹന്തവ്യാൻ വൃത്രാദീൻ ഹത്വാ
അപഃ നിഃ സസൎജ്ജ — വൃഷ്ട്യുദകാനി മേഘാന്നിൎഗ്ഗമയാമാസ
(ഏതദേവസ്പഷ്ടീ കരോതി)
അഹിം അഹൻ — അന്തരിക്ഷേ വൎത്തമാനം മേഘം വജ്രേണ വൎഷണാൎത്ഥമതാഡയൽ
രൗഹിണം വി അഭിനൽ — കഞ്ചിദസുരം വ്യദാരയൽ
(അപി ച) മഘ-വാ
ശചീഭിഃ — ആത്മീയൈൎദൃഢകൎമ്മഭിഃ
വി-അംസം (വൃത്രം)
അഹൻ — അവധീൽ

അൎത്ഥം-ആ ഇന്ദ്രൻ അസുരന്മാരാൽ പീഡിപ്പിയ്ക്കപ്പെട്ട ഭൂമിയെ (അവരുടെ ഉപദ്രവമില്ലാതാക്കി) ധരിച്ചു. രക്ഷിച്ചു. പിന്നെ ആ ഭൂമിയെ വിസ്തീൎണ്ണമാക്കി വജ്രായുധത്താൽകൊല്ലപ്പെടേണ്ട വൃത്രാദികളെക്കൊന്നു്, മഴവെള്ളം ഊക്കോടെ വിട്ടു. (ഇതിനെ വീണ്ടും വ്യക്തമാക്കുന്നു) അന്തരിക്ഷത്തിലുള്ള മേഘത്തെ മഴപെയ്യാൻ വേണ്ടി ഉടച്ചു. രൗഹിണൻ എന്ന അസുരനെ അവിടുന്നു് പിളൎന്നു. കൂടാതെ മഘവാവു് സ്വന്തം ദൃഢകൎമ്മങ്ങളാൽ കൈ മുറിഞ്ഞ വൃത്രനെ കൊന്നു.

3 സജാതൂഭർമ്മാശ്രദ്ദധാന ഓജഃ
പുരോവിഭിന്ദന്നചരദ്വിദാസീഃ
വിദ്വാൻ വജ്രിൻദസ്യവേഹേതിമ
സ്യാര്യം സഹോവർദ്ധയാ ദ്യുമ്നമിന്ദ്ര

അന്വയം:—

ജാതൂ—ഭർമ്മാ	— ജാതൂ ഇത്യശനിനാമ, അശനി രൂപമായുധം യസ്യസഃ
ഓജഃ ശ്രൽ—ദധാനഃ	— ഓജസാ, ബലേന നിഷ്പാദ്യം കാര്യം ആദരാതിശയേന കാമയമാനഃ
സഃ (ഇന്ദ്രഃ) ദാസീഃ പുരഃ	— ദസ്യുസംബന്ധീനി പുരാണി
വി—ഭിന്ദൻ വി അചരൽ	— വിനാശയൻ, വിവിധമഗച്ഛൽ
ഹേ വജ്രിൻ, വിദ്വാൻ	— സ്തുതീഃ വിജാനൻ (ത്വം)
അസ്യ (സ്തോതുഃ)	
ദസ്യവേ	— ഉപക്ഷയകാരിണേ ശത്രവേ
ഹേതിം	— ആയുധം (വിസൃജ)
(അപിച) ഹേ ഇന്ദ്ര,	
ആര്യം സഹഃ	— സ്തോതൃണാം ബലം
വർദ്ധയ	— അതിവൃദ്ധം കുരു
(തഥാ) ദ്യുമ്നം	— തദീയം യശഃ (പ്ര വർദ്ധയ)

അർത്ഥം—ഇടിവാളാകുന്ന ആയുധത്തോടുകൂടിയവനും, ബലംകൊണ്ട് നേടേണ്ട കാര്യത്തിൽ അതീവ തല്പരനുമായ അവിടുന്ന് (ഇന്ദ്രൻ) ദസ്യു (ശത്രു) ക്കളുടെ നഗരങ്ങളെ നശിപ്പിച്ചുകൊണ്ടാണല്ലൊ നടന്നത്. അല്ലയോ വജ്രായുധ, സ്തുതികളെ നല്ലപോലെ അറിയുന്ന അവിടുന്ന് ഈ സ്തോതാവിന്റെ (എന്റെ) ശത്രുവിന്റെ നേരെ ആയുധം വിട്ടാലും. അല്ലയോ ഇന്ദ്ര, സ്തോതാക്കളുടെ ബലത്തെ വർദ്ധിപ്പിച്ചാലും. അവരുടെ യശസ്സിനെയും വർദ്ധിപ്പിച്ചാലും.

4 തദ്ദച്ചഷേ മാനുഷേമായുഗാനി

കീർത്തേന്യമ്മഘവാനാമ ബിഭ്രൽ

ഉപപ്രയന്ദസ്യഹത്യായവജ്രീ

യദ്ധസൂനുശ്രവസേ നാമദധേ

അന്വയം:—

നാമ തൽ	— ശത്രൂണാം നാമകം ഇന്ദ്രസ്യ ബലം
ഊച്ചഷേ	— ഉക്തവതേ, സ്തുതവതേ യജമാനായ
കീർത്തേന്യം (നാമകം തൽബലം)	— കീർത്തനീയം, സ്തുത്യം
ബിഭ്രൽ മഘ—വാ	— ധാരയൻ ഇന്ദ്രഃ
മാനുഷാ ഇമാ യുഗാനി	— മനുഷ്യസംബന്ധീനി ഇമാനി ദൃശ്യമാനാനി, അഹോരാത്ര സംബന്ധനിഷ്പാദ്യമാനാനി, കൃതത്രേതാദീനി സൂര്യാത്മനാ നിഷ്പാദയതി
(കിം പുനസ്തം നാമ?)	
ദസ്യു—ഹത്യായ	— ദസ്യൂനാം, വൃത്രാദീനാം ഹനനായ
ഉപ—പ്രയൻ	— ഗൃഹസമീപാന്നിർഗ്ഗച്ഛൻ
വജ്രീ, സൂനുഃ	— വജ്രവാൻ, ശത്രൂണാം പ്രേരയിതാ (ഇന്ദ്രഃ)
യൽ ഹ നാമ	— യൽ ഖലു ശത്രൂണാം നാമകം
ശ്രവസേ ദധേ	— യശസേ ധൃതവാൻ

അർത്ഥം—ശത്രുക്കളുടെ പേരോടു കൂടിയ (ഇന്നിന്ന ശത്രുവീരരേ കൊന്ന എന്നതുകൊണ്ടു് പ്രസിദ്ധമായ, വൃത്രാരി, വലരിപുമുതലായ) ഇന്ദ്രന്റെ ബലം സ്തുതിപരനായ യജമാനന്നു് (എപ്പോഴും) കീർത്തനീയമാണു്, ഗേയമാണു്. ആ പേരൊത്തബലം ധരിയ്ക്കുന്ന ഇന്ദ്രൻ പകലിരവുകളുണ്ടാക്കുന്ന ഇക്ക

ണ്ടകാലത്തെയും കൃതത്രേതാദിചതുര്യുഗങ്ങളെയും സൂര്യാത്മാവായി ഉണ്ടാക്കുന്ന പിന്നയോ? വൃത്രാദികളായ ദസ്യുക്കളുടെ വധത്തിന്നായി സ്വനിവാസ സ്ഥാനത്തു് നിന്ന് പുറത്തുവന്ന വജ്രായുധനായ ഇന്ദ്രൻ ശത്രുക്കളെ ഇളക്കിവിട്ടു്, തോൽപ്പിച്ചയച്ചിട്ടാണു് ശത്രുക്കളുടെ പേരോട്ടുകൂടിയ (ഇന്നിന്ന ശത്രുക്കളെക്കൊന്ന എന്നു് പേരെടുത്തു പറയാവുന്ന) യശസ്സു നേടിയതു്.

5 തദസ്യേദം പശ്യതാ ഭൂരിപുഷ്ടം
ശ്രദിന്ദ്രസ്യ ധത്തന വീര്യായ
സഗാ അവിന്ദൽ സോ അവിന്ദദശ്വാ
ന്ത്സ ഓഷധീസ്സോ അപസ്സ വനാനി വ. 16

അന്വയം —

സഃ (ഇന്ദ്രഃ പണിഭിരപഹൃതാഃ) ഗാഃ അവിന്ദത് — യേന വീര്യേണ അലഭത
(തഥാ വൈരപഹൃതാൻ) അശ്വാൻ സഃ അവിന്ദത് — യേന വീര്യേണാലഭത
(അപിച) സഃ ഓഷധീഃ — ഓഷധ്യുപലക്ഷിതാം സർവ്വാം ഭൂമിംയേന വീര്യേണാലഭത
(തഥാ വൃത്രേണ നിരുദ്ധാഃ) അപഃ സഃ — വൃഷ്ട്യുദകാനിയേന വീര്യേണാലഭത
(തഥാ) വനാനി സഃ — വനനീയാനി, സംഭജനീയാനി ധനാനി യേന വീര്യേണ പ്രാപ്തോൽ
(ഹേ ഋത്വിഗ്യജമാനാഃ,) അസ്യ ഇന്ദ്രസ്യ തത് ഇദം പുഷ്ടം — വീര്യം പ്രവൃദ്ധം
(അതഃ ഏവ) ഭൂരി പശ്യത — വിസ്തീർണ്ണമാലോകയത
(തസ്മൈ) വീര്യായ ശ്രത് ധത്തന — ബഹുമാനം കുരുത

[1]അത്ഥം—ആ ഇന്ദ്രൻ പണികളെന്ന അസുരന്മാരാൽ അപഹരിയ്ക്കപ്പെട്ട പശ്ശുക്കളെ യാതൊരു വീര്യം കൊണ്ട് വീണ്ടെടുത്തുവോ, അതുപോലെ അവരാൽ അപഹരിക്കപ്പെട്ട കുതിരകളെ ഏതു ബലംകൊണ്ടു നേടിയോ, സസ്യപൂണ്ണയായ ഭൂമിയെ മുഴവൻ ഏതു ശക്തികൊണ്ട് കീഴടക്കിയോ, അതുപോലെ വൃത്രനാൽ തടയപ്പെട്ട മഴവെള്ളത്തെ എപ്രകാരമുള്ള ഊക്കുകൊണ്ട് നേടിയോ, (ഭൂമിയിലെത്തിച്ചുവോ), നേടേണ്ടും ധനങ്ങൾ എങ്ങിനെയുള്ള സാമത്ഥ്യംകൊണ്ട് പ്രാപിച്ചുവോ, ആ ഇന്ദ്രൻെറ പ്രസിദ്ധമായ ഈ മഹത്വം പ്രവൃദ്ധമാകുന്നു. അതുകൊണ്ടുതന്നെ വിസ്തീണ്ണമായ അതിനെ, (പരന്നു നിരന്ന ആ വീര്യാവലിയെ) അല്ലയോ ഋത്വിഗ്യജമാനന്മാരേ, നോക്കിക്കാണുക. അവിടത്തെ ആ വീര്യത്തെ ശ്രദ്ധിക്കുക ബഹുമാനിക്കുക.

6 ഭൂരികമ്മണേ വൃഷഭായവൃഷ്ണേ
സത്യശുഷ്മായ സുനവാമസോമം
യ ആദൃത്യാപരിപന്ഥീവ ശൂരോ
യജ്വനോ വിഭജന്നേതി വേദഃ

അന്വയം:—

ഭൂരി—കമ്മണേ	—	ബഹുവിധേന, ശത്രുവധാദിരൂപേണ കമ്മണായുക്തായ
വൃഷഭായ	—	വൃഷഭവൽ, സവ്വേഷു ദേവേഷു ശ്രേഷ്ഠായ
വൃഷ്ണേ, സത്യ—ശുഷ്മായ	—	സേചന സമത്ഥായ, അവിതഥബലായ (ഇന്ദ്രായ)
സോമം സുനവാമ	—	ഹോമാത്ഥം രസരൂപം കരവാമ
ശൂരഃ യഃ (ഇന്ദ്രഃ) ആ—ദൃത്യ	—	ധനവിഷയമാദരം കൃത്വാ
അയജ്വനഃ വേദഃ	—	അയജമാനസ്യ ധനം
വി—ഭജൻ	—	തസ്മാദയജമാനാൽ വിഭക്തം കുവ്വൻ

പരിപന്ഥി–ഇവ — മാർഗ്ഗനിരോധകശ്ചോരഃ യഥാ പുരുഷാണാം ധനം ബലാൽക്കാരേണാപഹൃത്യ ഗച്ഛതി തഥാ

ഏതി — യജമാനേഭ്യസ്തദ്ധനം ദാതും ഗച്ഛതി

അർത്ഥം–ബഹുവിധങ്ങളായ ശത്രുവധാദി കർമ്മങ്ങളോടു കൂടിയവനും ദേവന്മാരിൽ ശ്രേഷ്ഠനും കാമവർഷിതാവും സഫലമായ ബലത്തോടു കൂടിയവനുമായ ഇന്ദ്രന്നായി (ഇന്ദ്രന് ഹോമിക്കുവാനായി) സോമം ചതച്ച് രസരൂപമാക്കുന്നു. ശൂരനായ ഇന്ദ്രൻ ധനവിഷയത്തിൽ ആദരത്തോടുകൂടി, ഒരു കള്ളൻ വഴിപോക്കന്റെ മുതലപഹരിക്കുന്നപോലെ, യാഗവിരോധിയുടെ ധനം പിടിച്ചെടുത്ത് യാഗകർത്താക്കൾക്ക് കൊടുക്കുവാൻ എത്തുന്നു.

7 തദിന്ദ്ര പ്രേവ വീര്യം ചകർത്ഥ
യത്സസന്തം വജ്രേണാബോധയോഹിം
അനുത്വാ പത്നീർഹൃഷിതം വയശ്ച
വിശ്വേദേവാസോ അമദന്നനുത്വാ

അന്വയഃ–

സസന്തം — സ്വപന്തം, മദോന്മത്തം
അഹിം വജ്രേണ — വൃത്രം കുലിശേന
യൽ അബോധയഃ — യേനവീര്യേണ പ്രബോധിതസ്സൻ (മയാസഹയുദ്ധം കരോതീതിജാഗരിതവാനസി)
ഹൃഷിതം — താദൃശസ്യവൃത്രസ്യഹനനേന പ്രാപ്തഹർഷം ത്വാം
പത്നീഃ ത്വാ അനു അമദൻ - ദേവപത്നീഃ പശ്ചാൽ ഹർഷം പ്രാപ്താഃ
(അപിച) വയഃ ച — ഗമനശീലാമരുതോപി

(തഥാ) വിശ്വേ ദേവാസഃ
ത്വാ — അന്യേപ്രസര്‍വ്വേദേവാഃ
ത്വാം (അനുഅമദന്‍)
ഹേ ഇന്ദ്ര, തത് വീര്യം
പ്ര—ഇവ — പ്രഖ്യാതമിവ
ചകര്‍ഥ — അകാര്‍ഷീഃ

അര്‍ത്ഥം—മദോന്മത്തനായി ഉറങ്ങിയിരുന്ന വൃത്രനെ വജ്രം കൊണ്ടു് ഏതു വീര്യത്താല്‍ ഉണര്‍ത്തി, ''എന്നോടുകൂടി ഭവാന്‍ യുദ്ധം ചെയ്യുക'' എന്നിങ്ങനെ പറഞ്ഞെതിര്‍ത്തേല്പിച്ചുവോ, അ പ്രകാരമുള്ള വൃത്രന്റെ വധംകൊണ്ടു് ഹര്‍ഷം പ്രാപിച്ച അവിടത്തെ (ഏതു വീര്യത്തെ) ദേവപത്നിമാര്‍ അനുമോദിച്ചുവോ, ഗമനശീലരായ മരുത്തുക്കളും മറ്റെല്ലാ ദേവന്മാരും അനുമോദിച്ചുവോ, അല്ലയോ ഇന്ദ്ര, ആ വീര്യം അവിടുന്നു് പ്രഖ്യാതമായിട്ടാണു് നിര്‍വ്വഹിച്ചതു്

8 ശുഷ്ണംപിപ്രുംകുയവംവൃത്രമിന്ദ്ര
യദാവധീര്‍വ്വിപുരശ്ശംബരസ്യ
തന്നോമിത്രോവരുണോമാമഹന്താ
മദിതിസ്സിന്ധുഃ പൃഥിവീഉതദ്യൗഃ വ 17

അന്വയം:—

ഹേ ഇന്ദ്ര, (ത്വം) ശുഷ്ണം, പിപ്രും, കുയവം, വൃത്രം, യദാ അവധീഃ
(തദാനീം)
ശംബരസ്യ പുരഃ — നഗരാണി
വി (ദാരിതവാനസി)
(പ്രാര്‍ഥിതം) തത് നഃ
മിത്രഃ വരുണഃ അദിതിഃ
സിന്ധുഃ പൃഥിവീ ഉത ദ്യൗഃ
മമഹന്താം — പൂജയന്താം

അർത്ഥം—അല്ലയോ ഇന്ദ്ര അവിടന്ന് ശുഷ്ണൻ, പിപ്രു, കയവൻ, വൃത്രൻ എന്നീ അസുരന്മാരെ എപ്പോൾ കൊന്നുവോ അപ്പോഴാണല്ലോ ശംബരന്റെ നഗരങ്ങളെ തകർത്തത് ഞങ്ങളുടെ പ്രാർത്ഥനയെ മിത്രനും വരുണനും അദിതിയും സിന്ധുവും പൃഥിവിയും ദ്യോവും കൊണ്ടാടട്ടെ

വർഗ്ഗം 18–19

1 യോനിഷ്ട ഇന്ദ്ര നിഷദേ അകാരി
തമാനിഷീദസ്വാനോനാർവ്വാ
വിമുച്യാവയോവസായാശ്വാ
ന്ദോഷാവസ്തോർവ്വഹീയസഃ പ്രപിത്വേ

അന്വയം

ഹേ ഇന്ദ്ര യോനിഃ — വേദ്യാഖ്യംസ്ഥാനം
തേ നി-സദേ അകാരി — തവനിഷദനായ ഉപവേശനായ കൃതം അസ്മാഭിഃ കല്പിതമഭൂത്
വയഃ വി-മുച്യ — അശ്വബന്ധനാർത്ഥാൻ രശ്മീൻ രഥാദ്വിശ്ലിഷ്യ
പ്ര-പിത്വേ — യാഗകാലേ പ്രാപ്തേ
ദോഷാ വസ്തോഃ — രാത്രാവഹനി ച
വഹീയസഃ — ആദരാതിശയേനവോഢൄൻ
അശ്വാൻ അവ-സായ — രഥേയോജിതാനശ്വാൻ വിമുച്യ
സ്വാനഃ അർവ്വാ ന — ഹേഷാശബ്ദം കുർവ്വൻ അശ്വഃ സ്വകീയം സ്ഥാനം യഥാശീഘ്രമാഗച്ഛതിതദ്വത്
തം (യോനിം) ആ നി സീദ — ശീഘ്രമാഗത്യ തത്രോപവിശ

അർത്ഥം—അല്ലയോ ഇന്ദ്ര വേദിയെന്ന സ്ഥാനം അവിടേയ്ക്കിരുന്നരുളാനായി ഞങ്ങളാൽ ഉണ്ടാക്കപ്പെട്ടതൊരുങ്ങിയിരിക്കുന്നു കതിരകളുടെ കടിഞ്ഞാണകളയച്ച്, യാഗകാലമായുള്ള

ുതൽ രാവും പകലും തേർവലിയ്ക്കുന്നവയും തേരിൽ പൂട്ടിയവ
യുമായ കുതിരകളെ വിട്ടു്, ഹേഷാശബ്ദം പുറപ്പെടുവിച്ചു് വേ
ഗത്തിൽ സ്വസ്ഥാനത്തു് വന്നെത്തുന്ന കുതിരപോലെ അവിട
ന്നു് ആ വേദിയിൽ വേഗം വന്നിരുന്നാലും.

2 ഓത്യേനര ഇന്ദ്രമൂതയേ ഗു
ന്നൂചിത്താന്ഥ്സദ്യോ അധ്വനോ ജഗമ്യാൽ
ദേവാസോമന്യുന്ദാസസ്യശ്ചന്ന
ന്തേന ആവക്ഷന്ഥ്സുവിതായ വർണ്ണം

അന്വയം:—

ത്യേ നരഃ ഊതയേ — യജ്ഞസ്യ നേതാരഃ,
യജമാനാഃ രക്ഷണായ
ഇന്ദ്രം ഓ ഗുഃ — ആ ഉ ഇഃത്യേതന്നിപാത
സമുദായഃ, ആകാരാത്ഥഃ,
ആഗച്ഛതി
(സചേന്ദ്രഃ ആഗതാൻ)
താൻ നു ചിൽ — ക്ഷിപ്രം
സദ്യഃ അധ്വനഃ
ജഗമ്യാൽ — തദാനീമേവ അനുഷ്ഠാന
മാർഗ്ഗാൻ പ്രാപയതു
ദേവാസഃ ദാസസ്യ — ദേവാഃ ഉപക്ഷയിതുരസുരസ്യ
മന്യും ശ്ചന്നൻ — ക്രോധം ഭക്ഷയന്തു, ഹിംസന്തു
(അപിച) തേ (ദേവാഃ)
നഃ സുവിതായ — സുഷ്ഠുപ്രാപ്തവ്യായ യജ്ഞായ
വർണ്ണം ആ വക്ഷൻ — അനിഷ്ടനിവാരകമിന്ദ്രമാ
വഹന്തു

അത്ഥം—ആ യജ്ഞനേതാക്കളായ യജമാനന്മാർ ഇന്ദ്രനെ
പ്രാപിയ്ക്കുന്നു. ചെന്നാചേന്ന അവരെ ഇന്ദ്രൻ വേഗത്തിൽ,
അപ്പോഴുതന്നെ, അനുഷ്ഠാന മാർഗ്ഗത്തിലെത്തിയ്ക്കട്ടെ. ദേവ

ന്മാർ ദ്രോഹകാരിയായ അസുരന്റെ കോപത്തെ ഹനിയ്ക്കട്ടെ കൂടാതെ ആ ദേവന്മാർ, വേണ്ടപോലെസാധിയ്ക്കണ്ടും യജ്ഞത്തിന്ന് അനിഷ്ടനിവാരകനായ ഇന്ദ്രനെ ആനയിയ്ക്കട്ടെ

3 അവ ത്മനാ ഭരതേ കേതവേദാ
അവത്മനാ ഭരതേഫേനമുദൻ
ക്ഷീരേണ സ്നാതഃ കുയവസ്യയോഷേ
ഹതേതേസ്യാതാം പ്രവണേശിഫായാഃ

അന്വയം —

കേത–വേദാഃ — കേതം ജ്ഞാതം വേദഃ, പരേഷാം ധനംയേന സം താദൃശഃ കുയവഃ

ത്മനാ അവ ഭരതേ — ആത്മനാ, സ്വയമേവ പരേഷാം ധനമപഹരതി

(അപിച സോസുരഃ)

ഉദൻ — ഉദകേന്തർവ്വർത്തമാനസ്സൻ

ഫേനം ത്മനാഅവ ഭരതേ — ഫേനയുക്തമുദകം സ്വയമേവാപഹരതി

ക്ഷീരേണ — ക്ഷരണശീലേനതേനാപഹൃതേനോദകേന

കുയവസ്യയോഷേ — ഭാര്യേ

സ്നാതഃ — സ്നാനം കുർവ്വാതേ, താദൃശ്യൌ സ്ത്രീയൌ

ശിഫായാഃ — ശിഫാനാമനദീ, തസ്യാഃ

പ്രവണേ — നിമ്നേ പ്രവേഷ്ടുമശക്യേഗാധേ പ്രദേശേ

തേ ഹതേ സ്യാതാം — നഷ്ടേഭവേതാം

(ഹേ ഇന്ദ്ര ത്വം, പരേഷാം ധനമപഹൃത്യ അന്യൈർദ്ദുരവഗാഹേ ഉദകസ്യമദ്ധ്യേ വർത്തമാനം കുയവം സകുടുംബമവധീഃ)

അൎത്ഥം—അന്യരുടെ മുതൽ (ഇന്നതെന്നും ഇന്നിടത്തെന്നും ഇത്രയെന്നും അറിയുന്ന കയവനെന്ന അസുരൻ ആ ധനങ്ങളെ സ്വയമപഹരിക്കുന്നു. കൂടാതെ ആ അസുരൻ വെള്ളത്തിൻെറ ഉള്ളിൽ കടന്നുകൂടി, നരയുള്ള വെള്ളത്തെ സ്വയം കവൎന്നെടുക്കുന്നു. (നദികളും മററും വററിക്കുന്നു.) അവനാൽ അപഹരിക്കപ്പെട്ട ഒഴുക്കുവെള്ളംകൊണ്ടു് കവയൻെറ രണ്ടു ഭാൎയ്യമാർ കുളിക്കുന്നു. ശിഫാനദിയുടെ അടിത്തട്ടിൽ, ആൎക്കും ചെന്നെത്തുവാൻ പററാത്ത പ്രദേശത്തു് അവർ ഹതകളായി (മടങ്ങിവരാത്ത വിധം മരിച്ചവരായി). അതായത്തു് പരധനം അപഹരിച്ചു് ദുൎഗ്ഗമമായ ജലമദ്ധ്യത്തിൽ വൎത്തിക്കുന്ന കയവനെ ഇന്ദ്രൻ ഒടുവിൽ സകുടുംബം വധിച്ചു.

4 യുയോപനാഭിരുപരസ്യായോഃ
പ്രപൂൎവ്വാഭിസ്തിരതേരാഷ്ടിശൂരഃ
അഞ്ജസീകുലിശീവീരപത്നീ
പയോഹിന്വാനാ ഉദഭിൎഭരന്തേ

അന്വയം —

ഉപരസ്യ — ഉദകമദ്ധ്യേവസ്ഥിതസ്യ
ആയോഃ — പരേഷാമുപദ്രവാൎത്ഥമിതസ്തതോഗച്ഛതഃ കയവസ്യാസുരസ്യ
നാഭിഃ — സന്നദ്ധമാവാസസ്ഥാനം
യുയോപ — ഗൂഢമാസീൽ
(അപിച) പൂൎവ്വാഭിഃ — പൂരയിത്രീഭിഃ ആത്മനാപഹൃതാഭിരദ്ഭിഃ
പ്ര തിരതേ — സോസുരഃ പ്രവൎദ്ധതേ
(സച) ശൂരഃ രാഷ്ടി — രാജതേച, ആത്മീയേന ശൌൎയ്യേണ പ്രഖ്യാതോ ഭവതി

(തം അസുരം) അഞ്ജസീ,
കലിശീ, വീര–പത്നീ — ഏതൽ സംജ്ഞികാസ്തി സ്രോതസ്യഃ
പയഃ ഹിന്വാനാഃ — പയസാ പ്രീണയന്ത്യഃ
ഉദ–ഭിഃ ഭരന്തേ — ആത്മീയൈരുദകൈഃ ധാരയന്തി

അത്ഥം.–വെള്ളത്തിനുള്ളിൽ വർത്തിച്ച് മററുള്ളവക്ക് ഉപദ്രവത്തിന്നായി അങ്ങുമിങ്ങും നടക്കുന്ന കുയവനെന്ന അസുരൻെറ, യുദ്ധസന്നാഹങ്ങളോടു കൂടിയ നിവാസസ്ഥാനം നിഗൂഢമായിരുന്നു. അന്യർക്കറിയാനും കാണാനും വയ്യാത്ത വിധത്തിലായിരുന്നു കൂടാതെ, താൻ അപഹരിച്ചവയും മുകളിൽ മൂടി നില്ക്കുന്നവയുമായ വെള്ളങ്ങളാൽ ആ അസുരൻ തഴച്ചു വളർന്നു വന്നു, ശോഭിച്ച പ്രഖ്യാതനായി ആ അസുരനെ അഞ്ജസീ, കലിശീ, വീരപത്നി എന്നീ പേരുകളോടുകൂടിയ നദികളാണ് പ്രീണിപ്പിച്ച് തങ്ങളുടെ വെള്ളങ്ങളാൽ ധരിച്ചത്, രക്ഷിച്ചു പോന്നത്.

5 പ്രതിയൽസ്യാനീഥാദശിദസ്യോ
രോകോനാച്ഛാ സദനഞ്ജാനതീഗാൽ
അധസ്മാനോമഘവഞ്ചർക്കൃതാദി
ന്മാനോമഘേവ നിഷ്ഷപീപരാദാഃ വ 18

അന്വയം:–

യൽ നീഥാ — യദാഗമന ഹേതുഭൂതാ
സ്യാ പ്രതി അദശി — സാ പദവീ അസ്മാഭിർദൃഷ്ടാഭൂൽ
(സാ പദവീ) ദസ്യോഃ — ഉപക്ഷയിതുഃ കുയവാസുരസ്യ
സദനം — ഗൃഹം
ജാനതീ ഓകഃ ന — സ്വകീയം വത്സം അഭിജാനതീഗൌഃ സ്വകീയം ഗോഷ്ഠം യഥാ ഋജുപ്രാപ്നോതി തദ്വൽ
അച്ഛ ഗാൽ — ആഭിമുഖ്യേന ഗതഃ, പ്രാപ്ത
അധ സ്മ നഃ മഘ–വൻ — അഥ, അനന്തരമേവഹേ ഇന്ദ്ര,

ചക്ൃതാൽ — പുനഃ പുന സ്തേനാസുരേണ കൃതാദുപദ്രവാൽ
നഃ ഇൽ — അസ്മാൻ (രക്ഷ)
(അസ്മാഭിർജ്ഞാതേന മാർഗ്ഗേണഗത്വാ അസ്മദുപദ്രവകാരിണ മസുരം ജഹി)
നിഷ്ഷപീ — സ്ത്രീകാമഃ, വിനിർഗ്ഗതസപഃ, വിനിർഗ്ഗതശേപഃ, വിനിർഗ്ഗത മേഢ്രഃ യഥേഷ്ടചാരീ ദാസീപതിഃ
മഘാ–ഇവ — യഥാ ധനാന്യസ്ഥാനേ പരിത്യ ജതിതഥാ
നഃ മാ പരാ ദാഃ — അസ്മാൻ മാപരിത്യാക്ഷീഃ

അർത്ഥം–(കുയവാസുരന്റെ) ആഗമനത്തിന്റെ വഴി ഞങ്ങാം കണ്ടെത്തി. ആ വഴി അസുരന്റെ ഗൃഹത്തിലേയ്ക്കു്, തന്റെ കുട്ടിയെ അറിയുന്ന തള്ളപ്പശു തന്റെ തൊഴുത്തിലേയ്ക്കെത്തുന്നപോലെ, നേരേ എത്തുന്നു. അതുകൊണ്ടു് അല്ലയോ മഘവൻ, വീണ്ടും വീണ്ടുമുള്ള ആ അസുരന്റെ ഉപദ്രവത്തിൽ നിന്നു് ഞങ്ങളെ രക്ഷിച്ചാലും. ഞങ്ങാംക്കറിവുകിട്ടിയ ഈ വഴിയേപ്പോയി ദ്രോഹിയായ അസുരനെ കൊന്നാലും. (എനിവൃതിരേകത്തോടുകൂടിയ ഒരു ദൃഷ്ടാന്തം പറയുന്നു.) സ്ത്രീകാമനും, കോണകംപോലുമുടുക്കാത്തവനും താന്തോന്നിയുമായ ആ ദാസീപതിതന്റെ കാമമൌഢ്യത്തിൽ ധനങ്ങാം അസ്ഥാനത്തങ്ങിങ്ങുപേക്ഷിയ്ക്കുന്നപോലെ അവിടുന്നു് ഞങ്ങളെ പരിത്യജിക്കരുതേ. (കുയവാസുരന്റെ കാമാന്ധതയും കാമംകൊണ്ടുള്ള പ്രമത്തതയും അനുഭവപ്പെടുത്തുവാനാണു് അയാളെ കോണകമുടുക്കാതെ, ലിംഗം പുറത്തിട്ടവനായി പറയുന്നതു്. തിരുവനന്തപുരത്തു് പത്മനാഭസ്വാമിക്ഷേത്രത്തിൽ മോഹിനിയുടെ പിന്നാലെ ഓടുന്ന സുന്ദോപസുന്ദന്മാരെ ഈ വിധം കൊത്തിവെച്ചിട്ടുണ്ടു്. കാമോന്മത്തതകൊണ്ടുളവാകുന്ന ആത്മവിസ്മൃതി, നിർല്ലജ്ജത എന്നിവ കാണിയ്ക്കാനാണിങ്ങനെ ചെയ്തിട്ടുള്ളതു്. കുയവൻ ആ കാമാന്ധതയിൽ തന്നെ തന്റെ ധനങ്ങാം അസ്ഥാനങ്ങളിലുപേക്ഷിയ്ക്കുന്നതും സൂചിപ്പിച്ചിരിയ്ക്കുന്നു. അയാാം ധനങ്ങളുപേക്ഷിയ്ക്കുന്നമാതിരി ഞങ്ങളെ ഉപേക്ഷിയ്ക്കരുതേ എന്നു് പറഞ്ഞിടത്തു് വ്യതിരേ കോപമ)

6 സത്വന്ന ഇന്ദ്ര സൂര്യേസോ അപ്സ്വ
നാഗാസ്ത്വ ആ ഭജ ജീവശംസേ
മാന്തരാം ഭുജമാരീരിഷോന
ശ്ശ്രദ്ധിതന്തേ മഹത ഇന്ദ്രിയായ

അന്വയം:—

ഹേ ഇന്ദ്ര സഃ ത്വം നഃ	— അസ്മാൻ
സൂര്യേ ആ ഭജ	— സർവ്വസ്യപ്രേരകേ ആദിത്യേ ആഭാജയ, ആഭിമുഖ്യേന ഭക്താൻ കുരു
(തഥാ) സഃ (ത്വം)	
അപ്-സു	— അബ്ദേവതാസു (അസ്മാൻ ആഭാജയ)
(അപിച) ജീവ-ശംസേ	— പ്രാണിഭിശ്ശംസനീയേ, കാമയിതവ്യേ
അനാഗാഃ-ത്വേ	— അപാപത്വേ, പാപരാഹിത്യേ (അസ്മാൻ ആഭാജയ)
(അപിച) നഃ അന്തരാം	— അസ്മാകം ഗർഭരൂപേണ അന്തർവ്വർത്തമാനാം
ഭുജം	— പാലനീയാം പ്രജാം
ആ മാ രീരിഷഃ	— ആ സമന്താൽ മാഹിംസീഃ
തേ മഹതേ ഇന്ദ്രിയായ	— തവ പ്രവൃദ്ധായ ബലായ
ശ്രദ്ധിതം	— അസ്മാഭിഃ ശ്രദ്ധാനംകൃതം, ത്വദീയം ബലം ബഹുമാനപൂർവ്വകം സ്മഃ

അർത്ഥം—അല്ലയോ ഇന്ദ്ര, അപ്രകാരമുള്ള അവിടുന്ന് ഞങ്ങ ളെ സർവ്വപ്രേരകനായ ആദിത്യങ്കൽ ആഭിമുഖ്യത്തോടു കൂടിയ ഭക്തന്മാരാക്കിയാലും. അതുപോലെ ജലദേവതകളിൽ ഞങ്ങ ളെ ഭക്തരാക്കിയാലും; പ്രാണികൾക്കെല്ലാം ആശാസ്യമായ അ പാപത്വത്തിൽ (ത്രികരണങ്ങളെക്കൊണ്ടും പാപം ചെയ്യാത്ത

ച്ചുന്ന ഞങ്ങളുടെ സന്താനത്തെ ഒരു വിധത്തിലും ഹിംസിക്കരുതേ. (എല്ലാ വിധത്തിലും രക്ഷിക്കണേ,) അവിടത്തെ മഹത്തായ ബലം ഞങ്ങളാൽ ശ്രദ്ധിയ്ക്കപ്പെട്ടിരിക്കുന്നു. അതായത് ഞങ്ങളെപ്പോഴും ആ ബലത്തെ ബഹുമാനപൂർവ്വം സ്തുതിയ്ക്കുന്നു.

7 അധാമന്യേശ്രുത്തേ അസ്മാ അധായി

വൃഷാചോദസ്വമഹതേ ധനായ

മാനോ അകൃതേ പുരുഹൂതയോനാ

വിന്ദ്രക്ഷുദ്ധ്യദ്ഭ്യോവയ ആസുതിന്ദാഃ

അന്വയം:—

(ഹേ ഇന്ദ്ര,) അധ (ത്വാം)		
മന്യേ	—	മനസാജാനാമി
തേ അസ്മൈ (ബലായ)		
ശ്രൽ അധായി	—	തവബലായ അസ്മാഭിഃ ശ്രദ്ധാകൃതാ
വൃഷാ (ത്വം) മഹതേ		
ധനായ ചോദസ്വ	—	അസ്മാൻ പ്രേരയ,
ഹേ പുരു—ഹൂത,	—	പുരുഭിര്യജമാനൈരാഹൂത, (ഇന്ദ്ര)
അകൃതേ യോനൌ	—	അനിഷ്ടാദിതേ, ധനശൂന്യേ സ്ഥാനേ
നഃ മാ (ധാഃ)	—	അസ്മാൻ മാ നിധേഹി (ധനധാന്യപൂർണ്ണേ ഗൃഹേ അസ്മാൻ വാസയ)
(അപിച) ഹേ ഇന്ദ്ര,		
ക്ഷുധ്യൽ—ഭ്യഃ	—	ബുഭുക്ഷിതേഭ്യഃ അന്യേഭ്യോപി സ്തോതൃഭ്യഃ
വയഃ ആ—സുതിം	—	അന്നം, പേയം (ക്ഷീരാദികം)
ദാഃ	—	ദേഹി

അർത്ഥം—അല്ലയോ ഇന്ദ്ര, ഞാൻ അവിടത്തെ മനസ്സുകൊണ്ട റിയുന്നു. അവിടത്തെ ആ ബലത്തിന്ന് എന്റെ ശ്രദ്ധ, ബഹുമാനം സമർപ്പിക്കപ്പെട്ടിരിയ്ക്കുന്നു. കാമവർഷിതാവായ അവിടന്ന് മഹത്തായ ധനത്തിന്ന് (അതുണ്ടാവാനുള്ള പ്രയത്നത്തിന്ന്) എന്നെ പ്രേരിപ്പിച്ചാലും. പല യജമാനന്മാരാലും വിളിയ്ക്കപ്പെട്ട ഇന്ദ്ര, എന്നെ ഒരിയ്ക്കലും നിർധനമായ ഗൃഹത്തിൽ വെയ്ക്കരുതേ (എത്തിക്കരുതേ. വരുന്ന ജന്മങ്ങളിലും എന്നു സാരം) ധനധാന്യപൂർണ്ണമായ ഗൃഹത്തിൽ നിവസിപ്പിച്ചാലും. കൂടാതെ, അല്ലയോ ഇന്ദ്ര, വിശന്നവലയുന്ന അവിടത്തെ മററുപാസകർക്കും ഭക്ഷിക്കാനന്നവും കുടിക്കാൻ പാൽ മുതലായതും കൊടുത്താലും. (അപ്രകാരമുള്ള പരിതസ്ഥിതിയിലെത്തിച്ചാലും.)

8 മാനോവധീരിന്ദ്രമാപരാദാ
മാനഃ പ്രിയാഭോജനാനി പ്രമോഷീഃ
ആണ്ഡാമാനോമഘവഞ്ഛക്രനിർഭേ
ന്മാനഃ പാത്രാഭേത്സഹജാനുഷാണി

അന്വയം:—

ഹേ ഇന്ദ്ര, മാ വധീഃ — അസ്മാൻ മാഹിംസീഃ, സർവ്വദാ രക്ഷ
നഃ മാ പരാ ദാഃ — മാ പരിത്യാക്ഷീഃ
നഃ പ്രിയാ ഭോജനാനി — പ്രിയാണ്യുപഭോഗ്യാനിധനാനി
മാ പ്ര മോഷീഃ — മാപഹർഷീഃ
ഹേ മഘ—വൻ, ശക്ര, — സർവ്വകാര്യശക്ത, (ഇന്ദ്ര.)
നഃ ആണ്ഡാ — അണ്ഡസംബന്ധീനി ഗർഭരൂപേണ നിഷിക്താന്യപത്യാനി
മാ നിഃ ഭേത് — മാ ഭിന്ദഃ

നഃ പാത്രാ — പതന്തി ഗച്ഛന്തി, ഗമനസമർത്ഥാനിയാനിതാന്യപത്യാനി

സഹ–ജാനുഷാണി — ജാനുഭ്യാം യാനിഭ്രുമിം സനന്തി താന്യപത്യാനി

മാ ഭേൽ — മാ ഭിദഃ

അർത്ഥം–അല്ലയോ ഇന്ദ്ര, അവിടുന്നു് ഞങ്ങളെ വലയ്ക്കരുതേ, എപ്പോഴും രക്ഷിയ്ക്കണേ, ഒരിയ്ക്കലും ഞങ്ങളെ ഉപേക്ഷിയ്ക്കരുതേ. ഞങ്ങളുടെ പ്രിയപ്പെട്ട, അനുഭവയോഗ്യങ്ങളായ ധനങ്ങളെ അപഹരിയ്ക്കരുതേ (ഇല്ലാതാക്കരുതേ) അല്ലയോ മഘവൻ, സർവ്വകാര്യശക്തനായ ഇന്ദ്ര, ഗർഭത്തിൽ അണ്ഡരൂപത്തിൽ ഉല്പാദിപ്പിയ്ക്കപ്പെട്ടിട്ടുള്ള ഞങ്ങളുടെ സന്തതികളെ (ഭ്രൂണങ്ങളെ) പിളർക്കരുതേ. കൂടാതെ ഓടിനടക്കുന്ന ഞങ്ങളുടെ കുട്ടികൾക്കും മുട്ടുകുത്തി നടക്കുന്ന കിടാങ്ങൾക്കും കേടുവരുത്തരുതേ.

9 അർവ്വാങേഹി സോമകാമന്ത്വാഹു
രയം സുതസ്തസ്യ പിബാമദായ
ഉരുവ്യചാ ജഠര ആ വൃഷസ്വ
പിതേവനശ്ശൃണുഹി ഹൂയമാനഃ വ. 19

അന്വയം:–

(ഹേ ഇന്ദ്ര,) ത്വാ സോമ–
കാമം ആഹുഃ — ത്വാം പുരാവിദഃ കഥയന്തി

അയം സുതഃ — അസ്മദീയഃ സോമഃ ഋത്വിഗ്ഭിരഭിഷുതഃ

അർവ്വാങ് ആ ഇഹി — അസ്മദഭിമുഖഃ ആഗച്ഛ

(ആഗത്യ ച) മദായ

തസ്യ പിബ — തമഭിഷുതം സോമം പിബ

(ഏതദേവസ്തുഷ്ടീ ക്രിയതേ)

ഉരു–വ്യചാഃ — ഉരു, വിസ്തീർണ്ണം വ്യചഃ, വ്യാപനം യസ്യസഃ (മഹാവയവഃ ത്വാ)

ജഠരേ ആ വൃഷസ്വ — ആത്മീയേ ഉദരേ സോമമാസിഞ്ച, ആ സമന്താ ദുദരം പൂരയ

(ത്വം) ഹൂയമാനഃ — സ്തുതിഭിരാഹൂയമാനസ്സൻ

പിതാ–ഇവ — പുത്രാണാം വാക്യം യഥാ ശൃണോതി തഥാ

നഃ ശൃണുഹി — അസ്മാകം വാക്യാനി ശൃണു

അർത്ഥം.-അല്ലയോ ഇന്ദ്ര, അവിടത്തെ സോമകാമനെന്ന് പഴങ്കഥ അറിയുന്നവർ പറയുന്നു. ഇതാ ഞങ്ങളുടെ സോമം ഋത്വിക്കുകളാൽ സംസ്കരിക്കപ്പെട്ടുവെച്ചിരിയ്ക്കുന്ന അഭിമുഖനായി വന്നാലും, വന്ന്, ആ ചതച്ച സോമം ഹർഷത്തിനായി കുടിച്ചാലും. (കുറച്ചുകൂടി വിശദമാക്കുന്നു) അവിടുന്ന് പെരുത്ത അവയവങ്ങളോടുചേർന്നവനായി, സ്വന്തം വയററിൽ സോമം വീഴ്ത്തി നിറച്ചാലും. സ്തുതികളാൽ വിളിയ്ക്കപ്പെടുന്ന അവിടുന്ന്, അച്ഛൻ മക്കളുടെ വാക്കുകൾ കേൾക്കുംപോലെ, ഞങ്ങളുടെ വാക്കുകൾ കേട്ടാലും.

വർഗ്ഗം 20–21–22–23 ത്രിതഃ ആപ്ത്യഃ ആങ്ഗിരസഃ കുത്സോവാ ഋഷിഃ പങ്ക്തിര്യവമധ്യാ മഹാബൃഹതീ ത്രിഷ്ടുപ്ഛന്ദാംസി വിശ്വേദേവാ ദേവതാ

1 ചന്ദ്രമാ അപ്സ്വ1ന്തരാ

സുപർണ്ണോധാവതേദിവി

നവോഹിരണ്യനേമയഃ

പദം വിന്ദന്തി വിദ്യുതോ

വിത്തംമേ അസ്യരോദസീ

അന്വയം.—

അപ്–സു അന്തഃ — അന്തരിക്ഷേ ഉദകമയേ മണ്ഡലേ മദ്ധ്യേ വർത്തമാനം

സു–പർണ്ണഃ — സുഷുമ്ണാഖ്യേന സൂര്യരശ്മിനാ യുക്തഃ

ചന്ദ്രമാഃ ദിവി ആ ധാവതേ— ഏകേനൈവപ്രകാരേണ ദിവി ധാവതേ, ശീഘ്രം ഗച്ഛതി
(താദൃശസ്യ ചന്ദ്രമസഃ)
ഹിരണ്യ–നേമയഃ — സുവൎണ്ണസദൃശപര്യന്താഃ
വി-ദ്യുതഃ — വിദ്യോതമാനാരശ്മയഃ
വഃ പദം — യുഷ്മാകം പാദസ്ഥാനീയമഗ്രം
ന വിന്ദന്തി — മദീയാനീന്ദ്രിയാണി കൂപേനാവൃതത്വാൽ നലഭന്തേ
(അതഃ അസ്മാൽ കൂപാൽ മാമുത്താരയത)
(അപിച) ഹേ രോദസീ,
മേ അസ്യ വിത്തം — മദീയമിദം ദുഃഖം ജാനീതം

അൎത്ഥം:—ഇവിടെ ഒരു കഥയുണ്ടു്. ഏകൻ, ദ്വിതൻ, ത്രിതൻ എന്നീ മൂന്നുപേർ മരുഭൂമിയിൽ പെട്ടു ദാഹിച്ചു വലഞ്ഞു. അവിടെ ഒരു കിണർ കണ്ടെത്തി; ത്രിതൻ അതിൽ നിന്നു് വെള്ളം കോരി കുടിച്ചു. ഏകതനും, ദ്വിതനും കുടിപ്പ്യാൻ കോരിക്കൊടുക്കുകയും ചെയ്തു. വെള്ളം കുടിച്ചശേഷം ഏകതനും ദ്വിതനും കൂടി ത്രിതനെ കിണററിൽ തള്ളിവീഴ്ത്തി അദ്ദേഹത്തിൻെറ പണവും കൊണ്ടു് നടന്നുകളഞ്ഞു. പോകും മുമ്പു് കിണർ ഒരു തേർചക്രത്താലടക്കുകയും ചെയ്തു. ആ കിണററിൽ കിടന്നുകൊണ്ടു് ത്രിതൻെറ സ്തുതിയാണിതു്. അന്യത്ര ത്രിതൻ കിണററിൽ വീണപ്പോൾ അസുരന്മാർ വന്നു കിണറടച്ചുവെന്നും കാണുന്നു. ഏതായാലും കിണററിൽ വീണ ത്രിതൻെറ പരിദേവനമാണിതു്. കുത്സനെന്ന ഋഷിയും ഒരിക്കൽ കിണററിൽ വീണിട്ടുണ്ടു്. അദ്ദേഹത്തിൻെറയാണു് സ്തുതി എന്നും പക്ഷാന്തരമുണ്ടു്. അതുകൊണ്ടു് ഈ സൂക്തത്തിൻെറ ഋഷി ത്രിതൻ അല്ലെങ്കിൽ കുത്സൻ എന്നേ പറയുവാൻ നിവൃത്തിയുള്ളു.

അന്തരിക്ഷത്തിലുള്ള ജലമണ്ഡലത്തിൽ (ചന്ദ്രമണ്ഡലത്തിൽ) വൎത്തിക്കുന്നവനും സുഷുമ്ണാ എന്ന സൂൎയ്യരശ്മിയോടു കൂടിയവനും (ആ രശ്മിയാവണം ചന്ദ്രനെ പ്രകാശിപ്പിക്കുന്നതു്) ആയ ചന്ദ്രൻ നിയതമായ ഒരേ പ്രകാരത്തിൽ ഓടിക്കൊണ്ടിരിക്കുന്നു. ആ ചന്ദ്രൻെറ സ്വൎണ്ണവൎണ്ണങ്ങളായ വക്കുകളോടു കൂടിയ പ്രകാശമാനങ്ങളായ രശ്മികളെ, നിങ്ങളു

ടെ പാദസ്ഥാനത്തുള്ള അററം (ഭൂമിയിലെത്തുന്നഭാഗം) കിണററിൽ വീണ് കിടക്കുക കാരണം എനിക്ക് കിട്ടുന്നില്ല. അതുകൊണ്ട് എന്നെ കിണററിൽ നിന്ന് കയററിയാലും. അല്ലയോ ദ്യാവാപൃഥിവികളേ, എൻെറ ഈ ദുഃഖമറിഞ്ഞാലും.

2 അർത്ഥമിദ്വാ ഉ അർത്ഥിന
ആജായായുവതേപതിം
തുഞ്ജാതേ വൃഷ്ണ്യംപയഃ
പരിദായരസന്ദുഹേ
വിത്തമ്മേ അസ്യരോദസീ

അന്വയം'—

അർത്ഥിനഃ — ധനമപേക്ഷമാണാഃ പുരുഷാഃ
അർത്ഥം ഇത് വൈ ഉ — അപേക്ഷിതം ധനം പ്രാപ്നോത്യേവ
(കൂപേ പതിതോഹം ന പ്രാപ്നോമി)
(അപിച) ജായാ പതിം — അദ്യദീയാ ഭാര്യാസ്വപതിം
ആ യുവതേ — ആഭിമുഖ്യേന പ്രാപ്നോതി
(മദീയാതുമദ്വിരഹാൽ ഹതാ)
(അപിച സംയുക്തൌതൌ
ജായാപതീ) വൃഷ്ണ്യം — വീര്യരൂപം
പയഃ തുഞ്ജാതേ — ഉദകം പ്രജനനായ അന്യോന്യ സംഘട്ടനേന പ്രേരയതഃ
(തദനന്തരം) രസം — പുരുഷസ്യ സാരഭൂതംവീര്യം
പരി-ദായ — ഗർഭാശയേനാദായ ഗർഭരൂപേണ ധൃത്വാ
ദുഹേ — ദുഗ്ധേ, പുത്രരൂപേണ ജനയതി
(കൂപേപതിതസ്യ മമ പുത്രോപിനോൽപദ്യതേ)
ഹേരോദസീ മേ അസ്യ
വിത്തം — മദീയം ഇദം ദുഃഖം ജാനീതം

അർത്ഥം—ധനാർത്ഥികൾ ആവശ്യമായ ധനം പ്രാപിയ്ക്കുന്നു. കിണററിൽ കിടക്കുന്ന ഞാൻ അതു പ്രാപിയ്ക്കുന്നില്ല. അന്യന്റെ ഭാര്യ സ്വഭർത്താവിനെ നേരെ പ്രാപിയ്ക്കുന്നു. എന്റെ ഭാര്യയാകട്ടെ എന്റെ വിരഹത്താൽ അവശയായിരിക്കുന്നു. ഭാര്യാഭർത്താക്കൾ യോജിച്ച് വീര്യരൂപമായ വെള്ളം ഉല്പാദിപ്പിക്കാനായി അന്യോന്യം മുട്ടിപ്രേരിപ്പിച്ച്, പുരുഷന്റെ സാരഭൂതമായ വീര്യത്തെ, ശുക്ലത്തെ, ഭാര്യ, ഗർഭാശയത്തിൽ സ്വീകരിച്ച്, ഗർഭരൂപത്തിൽ ധരിച്ചാണല്ലൊ പുത്രരൂപത്തിൽ പുറത്തു വരുന്നത്. കിണററിൽ കിടക്കുന്ന എനിക്കു പുത്രനും ഉല്പാദിക്കപ്പെട്ടില്ലല്ലൊ. അല്ലയോ ദ്യാവാപൃഥിവികളേ, എന്റെ ഈ ദുഃഖമറിഞ്ഞാലും.

3 മോഷുദേവാ അദസ്സ്വ

രവപാദിദിവസ്പരി

മാസോമ്യസ്യശംഭുവ

ശ്ശൂനേഭൂമകദാചന

വിത്തംമേ അസ്യരോദസീ

അന്വയം:—

ഹേ ദേവാഃ, സ്വഃ	— സ്വർഗ്ഗേവർത്തമാനം
അദഃ	— തദസ്മദീയം പിതൃപിതാമഹ പ്രപിതാമഹാത്മകം സന്താനം
ദിവഃ പരി	— ദിവശ്ചോപരിവർത്തമാനം
മോ സു അവ പാദി	— അവപന്നം, വിപന്നം, പ്രച്യുതം മാഭൂത് (മമ പുത്രാഭാവാത്)
(ആരോപ്യം)	
സോമ്യസ്യ	— സോമപാനാർഹസ്യ പിതൃഗണസ്യ
ശംഭുവഃ	— സുഖസ്യ ഭാവയിതുഃ പുത്രസ്യ
ശൂനേ	— അപഗമേ
കദാ ചന	— കദാചിദപി

മാഭൂമ — യുഷ്മൽ പ്രസാദാൽ മമ പുത്രാഃ ജായന്താം

ഹേ രോദസീ മേ

അസ്യവിത്തം — മദീയമിദം ദുഃഖം ജാനീതം

അർത്ഥം—അല്ലയോ ദേവന്മാരേ, സ്വർഗ്ഗത്തിൽ വർത്തിക്കുന്ന എന്റെ അച്ഛൻ, മുത്തച്ഛൻ, മുതുമുത്തച്ഛൻ മുതലായവരുടെ സമൂഹം എന്റെ അപുത്രത്വം കാരണമായി സ്വർഗ്ഗത്തിൽനിന്ന് ഭ്രഷ്ടരായി വീഴുവാൻ ഇടവരരുതേ സോമപാനമർഹിക്കുന്ന ആ പിതൃഗണത്തിന്ന് സുഖം ചേർക്കുന്ന പുത്രന്റെ അഭാവം ഒരിക്കലും ഭവിക്കരുതേ. നിങ്ങളുടെ അനുഗ്രഹംകൊണ്ട് (ഈ കിണററിൽ നിന്ന് കയററപ്പെട്ട്) എനിക്ക പുത്രന്മാരുണ്ടാവണേ ദ്യാവാപൃഥിവികളേ എന്റെ ഈ ദുഖമറിഞ്ഞാലും.

4 യജ്ഞം പൃച്ഛാമ്യവമം

സ തദ്ദൂതോ വിവോചതി

ക്വ ഋതം പൂർവ്യം ഗതം

കസ്തദ്ബിഭർത്തി നൂതനോ

വിത്തമ്മേ അസ്യരോദസീ

അന്വയം:—

യജ്ഞം അവമം — യജനീയം, സർവ്വേഷാം ദേവാനാമാദിഭൂതം

(അഗ്നിം) പൃച്ഛാമി —

(യൽ മയാപൃഷ്ടം) തൽ (ദേവാനാം) ദൂതഃ സഃ (അഗ്നിഃ)

വി വോചതി — വിവിച്യ കഥയതു

(ഹേ അഗ്നേ ത്വദീയം)

പൂർവ്യം — പൂർവ്വകാലീനം

ഋതം — ഭദ്രം, സ്തോതൃഭ്യഃ കൃതം ശ്രേയഃ

ക്വ ഗതം? — കുത്രേദാനീം വർത്തതേ?

നൂതനഃ കഃ — നവതരഃ, ത്വത്തോന്യഃ
പുരുഷഃ കഃ
തൽ (ഭദ്രം) ബിഭർത്തി? — ധാരയതി?
(യദി ത്വയ്യവർത്തിഷ്യത മമേദൃശീദശാപി നാഭവിഷ്യൽ)
ഹേ രോദസീ, മേ അസ്യ
വിത്തം — മദീയമിദം ദുഃഖം ജാനീതം

അർത്ഥം—യജിയ്ക്കപ്പെടേണ്ടവരിൽ മുമ്പനായ അഗ്നിയോട് ഞാൻ ചോദിയ്ക്കുന്നു. ഞാൻ ചോദിയ്ക്കുന്നതിന്ന് ദേവന്മാരുടെ ദൂതനായ ആ അഗ്നി വ്യക്തമായി മറുപടിപറയട്ടെ.- അല്ലയോ അഗ്നേ, അവിടുന്ന് മുൻകാലത്തു് ധരിച്ചിരുന്ന, നമ്മ സ്തോതാക്കൾക്കുള്ള ശ്രേയസ്സ് ഇപ്പോൾ എവിടെയുണ്ട്? അവിടുന്നല്ലാതെ പുതിയ വല്ലവരുമാണോ ഇപ്പോൾ അതു് ധരിയ്ക്കുന്നതു്? അവിടുത്തെ കയ്യിലായിരുന്നുവെങ്കിൽ എനിയ്ക്ക് ഈ സ്ഥിതി പോലും വരുമായിരുന്നില്ല, ദ്യാവാപൃഥിവികളേ, എന്റെ ഈ ദുഃഖമറിഞ്ഞാലും.

5 അമീയേ ദേവാസ്ഥന
ത്രിഷ്വാരോചനേദിവഃ
കദ്വഋതങ് കദനൃതം
ക്വപ്രത്നാവ ആഹുതി
ർവ്വിത്തമ്മേ അസ്യരോദസീ വ. 20

അന്വയം:—
ഹേ ദേവാഃ, (യാനിസ്ഥാനാനി)
ആ രോചനേ— — സൂര്യസ്യ ദീപ്തി വിഷയേഷു
ത്രിഷു — പൃഥിവ്യാദിഷു ത്രിഷുസ്ഥാനേഷു
യേ അമീ (യൂയം) സ്ഥന — വർത്തമാനാഭവഥ
(തേഷാം) വഃ ഋതംഃ കദ്? — യുഷ്മാകം സംബന്ധിസ്തോത്ര
വിഷയം സത്യം കസ്മിൻ ദേശേ
വർത്തതേ?

അനൃതം കൽ? — ദ്വേഷ്യവിഷയേ സത്യം (പ്ര) കത്രാസീൽ?

(അപിച) പ്രത്നാ — ചിരകാലീനാ

വഃ ആ-ഹുതിഃ ക്വ? — യുഷ്മാകം സംബന്ധിനീ ആഹുതിഃ മയാ പൂർവ്വമനുഷ്ഠിതോ യാഗഃ കത്രാസീൽ?

(ഈദൃക്ഭൂതദുഃഖാനുഭവേന മയാപൂർവ്വമനുഷ്ഠിതോ യാഗസമൂഹഃ യുഷ്മാൻ ന പ്രാപ്നോദിതി ഉത്പ്രേക്ഷ്യമിത്യർത്ഥഃ)

ഹേ രോദസീ മേ അസ്യ

വിത്തം — മദീയമിദം ദുഃഖം ജാനീതം

അർത്ഥം—അല്ലയോ ദേവന്മാരേ, സൂര്യപ്രകാശ വിഷയങ്ങളായ പൃഥിവി, അന്തരിക്ഷം, സ്വർഗ്ഗം എന്നീ മൂന്നു സ്ഥാനങ്ങളിൽ നിങ്ങൾ യാവർ വർത്തിക്കുന്നുവോ, ആ നിങ്ങൾ സ്തോതാക്കളുടെ, ഉപാസകരുടെ വിഷയത്തിൽ കാണിക്കുന്ന സത്യം (അനുഗ്രഹരൂപമായ അഭീഷ്ടപ്രാപണം) എവിടെ? ദ്വേഷ്യാക്കളിൽ പ്രയോഗിക്കുന്ന അസത്യം (അനിഷ്ടാനുഭവം) എവിടെ? ചിരകാലമായി നിങ്ങളെ ഉദ്ദേശിച്ച് എന്നാൽ അനുഷ്ഠിക്കപ്പെട്ട യാഗം എവിടെപ്പോയി? ഇപ്രകാരമുള്ള ദുഃഖാനുഭവം കൊണ്ട് ഞാൻ മുമ്പനുഷ്ഠിച്ച യാഗസമൂഹം നിങ്ങളുടെ അടുക്കലെത്തീട്ടില്ലെന്ന് അനുമാനിക്കേണ്ടിവരുന്നു അല്ലയോ ദ്യാവാപൃഥിവികളേ എന്റെ ഈ ദുഃഖമറിഞ്ഞാലും.

6 കദ്വൃതസ്യ ധർണ്ണസി

കദ്വരുണസ്യചക്ഷണം

കദര്യമ്ണോമഹസ്പഥാ

തിക്രാമേമദൂഢ്യോ

വിത്തംമേ അസ്യരോദസീ

അന്വയം:–

(ഹേ ദേവാഃ) വഃ
ഋതസ്യ — യുഷ്മാകം സംബന്ധിനഃ സത്യസ്യ, അഭിമതഫല പ്രാപണസ്യ
ധർണ്ണസി കൽ? — ധാരണം കുത്രഗതം?
വരുണസ്യ ചക്ഷണം
കൽ? — അനിഷ്ട നിവാരകസ്യ ദേവസ്യ അനുഗ്രഹദൃഷ്ട്യാദർശനം ക്വഗതം?
മഹഃ അര്യമ്ണഃ പഥാ — മഹതഃ അരീണാം നിയന്തുഃ ദേവസ്യ സംബന്ധിനാ ശോഭനേ മാർഗ്ഗേണ അഭീഷ്ടപ്രാപണം
കൽ? — ക്വഗതം?
(ഏതൽ സർവ്വം യുഷ്മാസ്വേവ വർത്തതേ, ന കുത്രാപിഗതം)
(അതോവയം) ദുഃ–ധ്യഃ — ദുർദ്ധിയഃ, പാപബുദ്ധീൻ, അസ്മദനിഷ്ടാചരണപരാൻ ശത്രൂൻ
അതി ക്രാമേമ — അതിതരേമ
(തൈഃ കൃതാദസ്മാൽ കൂപപാതഭവാദ്ദുഃഖാൽ വയമുത്തീർണ്ണാഭവേമ)
ഹേ രോദസീ മേ
അസ്യ വിത്തം — മദീയം ഇദം ദുഃഖം ജാനീതം

അർത്ഥം—അല്ലയോ ദേവന്മാരേ, നിങ്ങളുടെ സത്യത്തിൻെറ ധാരണം (സത്യവ്രതം) കർമ്മാനുസാരമായ ഫലത്തിൻെറ പ്രാപണം എവിടെപ്പോയി? അനിഷ്ടനിവാരകനായ വരുണൻെറ അനുഗ്രഹാത്മകമായ നോട്ടം എവിടേപ്പോയി? അരികളെ ഒതുക്കുന്ന അര്യമാവിൻെറ, നല്ല വഴികളുള്ള അഭീഷ്ടപ്രാപണം എവിടേപ്പോയി? അതെല്ലാം ഇപ്പോഴം നിങ്ങളിൽ തന്നെയുണ്ട്. എവിടെയും പോയിട്ടില്ല. അതുകൊണ്ട് പാപബുദ്ധികളായ, അനിഷ്ടാചരണന്മാരായ ശത്രുക്കളെ ഞാൻ ജയിച്ചു കടന്നാവു. അവരാൽ വരുത്തപ്പെട്ട, ഈ കിണററിൽ വീഴ്ത്തപ്പെട്ട ദുഃഖത്തിൽ നിന്ന് ഞാൻ കരകയറാവു. അല്ലയോ ദ്യാവാപൃഥിവികളേ എൻെറ ഈ ദുഃഖമറിഞ്ഞാലും.

7 അഹംസോ അസ്മിയഃ പുരാ
സുതേവദാമികാനിചിൽ
തമ്മാവ്യന്ത്യാധ്യോഽഽ
വൃകോന തൃഷ്ണജം മൃഗം
വിത്തമ്മേ അസ്യ രോദസീ

അന്വയം —

(ഹേ ദേവാഃ) പുരാ — പൂർവ്വസ്മിൻ കാലേ
സുതേ — യുഷ്മദ്യാഗാർത്ഥം സോമേ അഭിഷുതേ
കാനി ചിൽ യഃ അഹം
വദാമി — കതിപയാനി സ്തോത്രാണി ഉക്തവാനസ്മി
സഃ (ഏവാഹം) അസ്മി — നത്വന്യഃ കശ്ചിൽ
(തസ്മാൽ കിമർത്ഥം മാം പരിത്യജഥ?)
തം മാ ആ—ധ്യഃ — താദൃശം മാം അഭിലക്ഷിത പുത്രാദ്യപ്രാപ്ത്യാജനിതാ മാനസ്യോ വ്യഥാഃ
തൃഷ്ണ—ജം മൃഗം — ജാതതൃഷ്ണം, പിപാസന്തം ഉദകം പ്രതിഗച്ഛന്തം മൃഗം
വൃകഃ ന വ്യന്തി — യഥാ അരണ്യശ്വാ മദ്ധ്യേ മാർഗ്ഗം ഭക്ഷയതി തഥാ ഭക്ഷയന്തി
ഹേ രോദസീ മേ
അസ്യ വിത്തം — മദീയമിദം ദുഃഖം ജാനീതം

അർത്ഥം—അല്ലയോ ദേവന്മാരേ, മുമ്പ് നിങ്ങളെ ഉദ്ദേശിച്ച യാഗത്തിന്നായി സോമം ചതച്ച് സംസ്കരിച്ചപ്പോൾ എത്രയോ സ്തോത്രങ്ങൾ ഞാൻ ചൊല്ലുകയുണ്ടായല്ലൊ ഇതു് ആ ഞാൻ തന്നെയാണ്, മററാരുമല്ല അതുകൊണ്ടു് എന്തിന് നിങ്ങളെ ന്നെ ഉപേക്ഷിക്കുന്നു? അപ്രകാരമുള്ള എന്നെ, (ഇപ്പോൾ സന്ത

തിയില്ലായ്മയാലുള്ള മനോദുഃഖങ്ങൾ) ബാധിച്ച് വിശന്ന് തണ്ണീർ തേടിപ്പോകുന്ന മാനിനെ ചെന്നായകൾ ഭക്ഷിയ്ക്കുന്ന പോലെ, ഭക്ഷിയ്ക്കുന്നു അല്ലയോ ദ്യാവാപൃഥിവികളേ എന്റെ ഈ ദുഃഖമറിഞ്ഞാലും

8 സമ്മാതപന്ത്യഭിത
സ്സപത്നീരിവപശവഃ
മൂഷോനശിശ്നാവ്യദന്തിമാധ്യ
സ്തോതാരന്തേ ശതക്രതോ
വിത്തമ്മേ അസ്യരോദസീ

അന്വയം—

(ഹേ ഇന്ദ്ര,) പശവഃ	— പാർശ്വാസ്ഥിനി അത്രസാമ ത്ഥ്യാൽ പർശുസ്ഥാനീയാഃ കൂപഭിത്തയഃ
മാ അഭിതഃ	— മാംസർവ്വതഃ
സപത്നീഃ—ഇവ	— സമാനഃ ഏകഃ പതിഃ യാസാം താഃ യഥൈകം പതിം അഭിതഃ പീഡയന്തിതദ്വൽ
സം തപന്തി	— സമ്യക് പീഡയന്തി
ഹേ ശത—ക്രതോ	— ബഹുകർമ്മൻ (ഇന്ദ്ര,)
തേ സ്തോതാരം മാ	
ആ-ധ്യഃ	— അസമ്പദ്യമാനൈഃ യാഗദാനാ ദിഭിരുൽപാദിതാഃ മാനസ്യഃ പീഡാഃ
ശിശ്നാ മൂഷഃ ന	— ശിശ്നാനി കവിന്ദേനവായിതാ നി അന്നരസേനാലിപ്താനി സൂത്രാണിഭക്ഷയന്തിതദ്വൽ
വി അദന്തി	— വിവിധം ഭക്ഷയന്തി

(ന ചൈതൽ തവസ്തോതുർന്യായ്യം തസ്മാൽ കൃപാൽ മാമുത്താ രയ)

ഹേ രോദസീ മേ	
അസ്യ വിത്തം	— മദീയമിദം ദുഃഖം ജാനീതം

അർത്ഥം—അല്ലയോ ഇന്ദ്ര, ഓങ്ങുന്ന മഴക്കാറുപോലെ നില്ക്കുന്ന ഈ മതിലുകൾ എന്നെ എമ്പാടും സപത്നിമാർ ഒരു ഭർത്താവിനെയെന്നപോലെ വല്ലാതെ പീഡിപ്പിക്കുന്നു. അല്ലയോ ശതക്രതോ, അവിടത്തെ സ്തോതാവായ എന്നെ, നെയ്ത്തുകാരൻ അന്നരസം പുരട്ടിയ നൂലുകളെ എലി എന്നപോലെ, ഫലിക്കാത്ത യാഗദാനാദികളാൽ ഉളവായ മനോവ്യഥകൾ ഭക്ഷിക്കുന്നു. അവിടത്തെ സ്തോതാവിനോട് ഇങ്ങിനെ ചെയ്യുന്നത് ന്യായയുക്തമല്ല. അതിനാൽ എന്നെ ഈ കിണററിൽ നിന്ന് കരകയററിയാലും. അല്ലയോ ദ്യാവാപൃഥിവികളേ, എൻെറ ഈ ദുഃഖമറിഞ്ഞാലും.

9 അമീയേ സപ്തരശ്മയ
സ്തത്രാമേനാഭിരാതതാ
ത്രിതസ്തദ്വേദാപ്ത്യ
സ്സജാമിത്വായരേഭതി
വിത്തമ്മേ അസ്യരോദസീ

അന്വയം:—

യേ അമീ സപ്ത രശ്മയഃ	— ദ്യുലോകേ വർത്തമാനാഃ സൂര്യസ്യ സപ്തസംഖ്യാകാഃ കിരണാസ്സന്തി
തത്ര	— തേഷു സൂര്യരശ്മിഷു അധ്യാത്മം സപ്തപ്രാണരൂപേഷു വർത്തമാനേഷു
മേ നാഭിഃ ആ—തതാ	— മദീയാനാഭിഃ സംബദ്ധാ (ഋഷിരാത്മാനമേവ പരോക്ഷതയാ നിർദ്ദിശതി)
ത്രിതഃ	— തീർണ്ണതമഃ, തിരസ്കൃതാജ്ഞാനഃ
ആപ്ത്യഃ	— അപാം പുത്രഃ (ഋഷിഃ)
തദ്വേദ	— പൂർവ്വോക്തം വൃത്താന്തം ജാനാതി, നാന്യഃ

സഃ (ജാനന്ന്യഷിഃ)
ജാമി-ത്വായ — കൂപാൽ നിഗ്ഗന്തൃത്വായ
രേഭതി — താൻ രശ്മീൻ സ്തൌതി
ഹേ രോദസീ, മേ
അസ്യ വിത്തം — മദീയമിദം ദുഃഖം ജാനീതം

അത്ഥം—ദ്യുലോകത്തിൽ വർത്തിയ്ക്കുന്ന സൂര്യൻെറ ഏഴു രശ്മികൾ യാവയോ, ആ രശ്മികളിൽ, സപ്തപ്രാണരൂപങ്ങളിൽ വർത്തിയ്ക്കുന്ന അവയിൽ, എൻെറ നാഭിയും ബദ്ധമാണ്. അതായതു് എൻെറ സപ്തപ്രാണങ്ങളിലും ആ രശ്മികളാണു ള്ളതു് (മേൽപ്പോട്ട തന്നേപ്പററി തന്നെ പരോക്ഷമായി പ്രഥമ പുരുഷനിൽ പറയുന്നു.) അജ്ഞാനമകന്ന ത്രിതൻ, ജലപുത്രനായ ഋഷി, മുൻപറഞ്ഞ സംഗതി അറിയുന്നു. മററാരുമറിയുന്നില്ല. അദ്ദേഹം അതറിയുന്നവനായി ഈ കിണററിൽ നിന്നു് പുറത്തു കടക്കാൻ വേണ്ടി ആ രശ്മികളെ സ്തുതിയ്ക്കുന്നു. ദ്യാവാപൃഥിവികളേ, എൻെറ ഈ ദുഃഖമറിഞ്ഞാലും.

10 അമീയേപഞ്ചോക്ഷണോ
മധ്യേതസ്ഥുർമ്മഹോദിവഃ
ദേവത്രാനുപ്രവാച്യം
സധ്രീചീനാനിവാവൃതു
ർവ്വിത്തമ്മേ അസ്യരോദസീ വ. 21

അന്വയം:—
ഉക്ഷണഃ പഞ്ച — സേക്താരഃ, കാമവർഷകാഃ
പഞ്ചസംഖ്യാകാഃ ഇന്ദ്രഃ വരുണഃ
അഗ്നിഃ അര്യമാ സവിതാച
യേ അമീ — പഞ്ചസംഖ്യാകാദേവാഃ
മഹഃ ദിവഃ മധ്യേ തസ്ഥുഃ — മഹതഃ ദ്യുലോകസ്യ മദ്ധ്യേ
തിഷ്ഠന്തി, ആസതേ
ദേവ-ത്രാ നു പ്ര-വാച്യം — ദേവേഷുക്ഷിപ്രം പ്രശംസനീയം, ദേവാനാം യോഗ്യം മദീയം
സ്തോത്രം പ്രതി

സദ്ധ്രീചീനാഃ — യുഗപദാഗച്ഛന്തഃ (തേദേവാഃ മദീയം പരിചരണം സ്വീകുർവ്വന്തി)

(തദനന്തരം) നി വവൃതുഃ — തൃപ്താസ്സന്തോ നിവർത്തന്തേച

ഹേ രോദസീ മേ

അസ്യ വിത്തം — മദീയമിദം ദുഃഖംജാനീതം

അർത്ഥം—കാമാഭിവർഷകന്മാർ അഞ്ചാണ്. ഇന്ദ്രൻ, വരുണൻ, അഗ്നി, അര്യമാവ്, സവിതാവ്. പഞ്ചസംഖ്യരായ ആ ദേവന്മാർ യാവരോ മഹത്തായ ദ്യുലോകത്തിൻെറ മദ്ധ്യത്തിൽ വർത്തിക്കുന്നത്, അവർ ദേവന്മാക്കിടയിൽ വേഗത്തിൽ പ്രശസ്യമായ, ദേവന്മാരക്കു് ചേന്ന എൻെറ സ്തോത്രം സ്വീകരിപ്പാനായി ഒപ്പംവന്ന്, എൻെറ പരിചരണത്തെ സ്വീകരിക്കും. പിന്നെ തൃപ്തരായി മടങ്ങിപ്പോകും. (അങ്ങിനെയായിരുന്ന പതിവ്) അല്ലയോ ദ്യാവാപൃഥിവികളേ, എൻെറ ദുഃഖമറിഞ്ഞാലും.

11 സുപർണ്ണാഏത ആസതേ
മദ്ധ്യആരോധനേദിവഃ
തേസേധന്തിപഥോവൃകം
തരന്തംയഹ്വതീരപോ
വിത്തമ്മേ അസ്യരോദസീ

അന്വയം —

സു-പർണ്ണാഃ ഏതേ — ശോഭനപതനാഃ സൂര്യരശ്മയഃ

ആ-രോധനേ — സർവ്വസ്യാവരകേ, വ്യാപ്തേ

ദിവഃ മദ്ധ്യേ ആസതേ — അന്തരിക്ഷസ്യ മദ്ധ്യേ വർത്തന്തേ

തേ പഥഃ — സൂര്യരശ്മയഃ മാർഗ്ഗാൽ

യഹ്വതീഃ അപഃ തരന്തം — മഹതീം നദീം അതിക്രാമന്തം

വൃകം സേധന്തി — അരണ്യശ്വാനം നിഷേധന്തി. നിവാരയന്തി

ഹേ രോദസീ മേ അസ്യ വിത്തം — മദീയമിദം ദുഃഖം ജാനീതം

അത്ഥം—ഒരിക്കൽ ത്രിതനെ കടിച്ചുതിന്നാൻ ഒരു പുഴയുടെ അക്കരെയിൽ നിന്നു് ഒരു ചെന്നായ നീന്തിവരുവാൻ ശ്രമിച്ചു. മുൻപറഞ്ഞ സൂര്യൻെറ സപ്തരശ്മികൾ ത്രിതനിൽ വ്യാപിച്ചുകണ്ടപ്പോൾ ഇതു തഞ്ചമല്ലെന്നു കരുതി പിന്മാറി. ഈ കഥാംശം ഋക്കിൽ സൂചിപ്പിക്കുന്നു.

പ്രകാശത്തോടുകൂടി പടരുന്ന ഈ സൂര്യരശ്മികൾ എങ്ങും നിറഞ്ഞു് ദ്യോവിൻെറ മദ്ധ്യത്തിൽ വർത്തിയ്ക്കുന്നു. ആ രശ്മികൾ വലുതായ പുഴ കടക്കാൻതുനിഞ്ഞ ചെന്നായയെ പിടിച്ചുട്ക്കി. (അപ്രകാരമെല്ലാം അന്നു് സഹായഭൂതങ്ങളായ ആ രശ്മികൾ ഇന്നുമെന്നെ രക്ഷിയ്ക്കട്ടേ എന്നു് ഭാവം.) അല്ലയോ ദ്യാവാപ്പഥിവികളെ, എൻെറ ഈ ദുഃഖമറിഞ്ഞാലും.

12 നവ്യന്തദുക്ഥ്യംഹിതം
ദേവാസസ്സുപ്രവാചനം
ഋതമർഷന്തിസിന്ധവ
സ്സത്യന്താതാനസൂര്യോ
വിത്തമ്മേ അസ്യരോദസീ

അന്വയം:—

ഹേ ദേവാസഃ	— ദേവാഃ
നവ്യം, ഉക്ഥ്യം,	
സു—പ്രവാചനം	— നവതരം, പ്രശസ്യം, സുഷ്ഠു ഋത്വിഗ്ഭിഃ വാചയിതും ശക്യം
തത് ഹിതം (യുഷ്മദീയേന ബലേന)	— ബലം യുഷ്മാസുനിഹിതം
സിന്ധവഃ	— നദ്യഃ
ഋതം അർഷന്തി	— ഉദകം സർവ്വദാ പ്രേരയന്തി, പ്രവഹന്തി
(തഥാ) സൂര്യഃ സത്യം	— സർവ്വദാ വിദ്യമാനം സ്വകീയം തേജഃ

തതാന — ആതനോതി, വിസ്താരയതി
ഹേ രോദസീ മേ
അസ്യവിത്തം — മദീയമിദം ദുഃഖം ജാനീതം

അർത്ഥം—അല്ലയോ ദേവന്മാരേ, പുത്തും, സ്തുതിയ്ക്കത്തക്കതും, ഋത്വിക്കുകൾക്ക് വേണ്ടപോലെ പുകഴ്ത്തുവാൻ പററിയതുമായ ബലം നിങ്ങളിൽ നിക്ഷിപ്തമാണ് നിങ്ങളുടെ ആ ബലം കൊണ്ടാണ് നദികൾ എപ്പോഴും വെള്ളത്തെ മുന്നോട്ടൊഴുക്കുന്നത് അതുപോലെ സൂര്യൻ സത്യത്തെ, അസ്ഥിത്വ ദ്യോതകമായ തേജസ്സിനെ, പരത്തുന്നതും (നിങ്ങളുടെ ബലം കൊണ്ടാണ്) അല്ലയോ ദ്യാവാപൃഥിവികളേ എന്റെ ഈ ദുഃഖമറിഞ്ഞാലും

13 അഗ്നേ തവത്യദുക്ഥ്യം
ദേവേഷ്വസ്ത്യാപ്യം
സനസ്സത്തോ മനുഷ്വദാ
ദേവാൻ യക്ഷിവിദുഷ്ടരോ
വിത്തമ്മേ അസ്യരോദസീ

അന്വയം —

ഹേ അഗ്നേ, തവ ത്യത്
ഉക്ഥ്യം ആപ്യം — പ്രശസ്യം ബന്ധുഭാവം
ദേവേഷു അസ്തി — ഇന്ദ്രാദിഷു വിദ്യതേ
(തസ്മാത്) സഃ
വിദുഃ—തരഃ — വിദ്വത്തരഃ (ത്വം)
നഃ സത്തഃ — അസ്മാകം നിഷണ്ണസ്സൻ
മനുഷ്വത് — യഥാ മനുനാം യജ്ഞേ തദ്വത്
ദേവാൻ ആ യക്ഷി — ഇന്ദ്രാദീൻ ശാസ്ത്രമര്യാദയാ ഹവിർഭിര്യജ, പൂജയ
ഹേ രോദസീ, മേ
അസ്യ വിത്തം — മദീയമിദം ദുഃ ം ജാനീതം

അത്ഥം-അല്ലയോ അഗ്നേ, അവിടേയ്ക്കു് പ്രശംസനീയ മായ ബന്ധുത്വം ഇന്ദ്രാദിദേവന്മാരിലുണ്ടല്ലൊ. അതുകൊണ്ടു് മഹാവിജ്ഞനായ അവിടുന്നു് എന്റെ യജ്ഞത്തിൽ (കിണ റ്റിൽ അവശനായി കിടപ്പാകകൊണ്ടു് മാനസ യജ്ഞത്തിൽ) മനുക്കളുടെ യജ്ഞത്തിൽ ചെയ്യുപോലെ വന്നിരുന്നു്, ഇന്ദ്രാദി ദേവന്മാരെ, ശാസ്ത്രവിധിപ്രകാരം യജിച്ചാലും. പൂജിച്ചാലും. അല്ലയോ ദ്യാവാപൃഥിവികളേ, എന്റെ ഈ ദുഃഖമറിഞ്ഞാലും.

14 സത്തോഹോതാ മനുഷ്വദാ
ദേവാ അച്ഛാവിദുഷ്ടരഃ
അഗ്നിഹ് വ്യാസുഷൂദതി
ദേവോദേവേഷുമേധിരോ
വിത്തമ്മേ അസ്യരോദസീ

അന്വയം:—

മനുഷ്വൽ	— മനോരിവാസ്മാകം യജ്ഞേ
സത്തഃ ഹോതാ	— നിഷണ്ണോ ദേവാനാമാഹ്വാതാ
വിദുഃ—തരഃ ദേവഃ	— വിദ്വത്തരഃ ദേവഃ
ദേവേഷു മേധിരഃ	— സർവ്വേഷ്വിന്ദ്രാദിഷു മദ്ധ്യേ മേധാവീ
അഗ്നിഃ (താൻ) ദേവാൻ	
അച്ഛ	— ആഭിമുഖ്യേന
ഹവ്യാ ആ സുസൂദതി	— ശാസ്ത്രമര്യാദയാ ഹവ്യാനി, അസ്മദീയാനി ഹവീംഷി, പ്രേരയതു
ഹേ രോദസീ, മേ	
അസ്യ വിത്തം	

അർത്ഥം—മനുവിൻേറതിനെന്നപോലെ എൻെറ യാഗത്തിലും വന്നിരുന്ന് ദേവന്മാരെ വിളിക്കുന്നവനും മഹാജ്ഞാനിയും പ്രകാശവാനും ഇന്ദ്രാദി ദേവന്മാരുടെ ഇടയിൽ മേധാവിയുമായ അഗ്നി ആ ദേവന്മാർക്ക് എൻെറ ഹവിസ്സുകൾ ശാസ്ത്രോക്തപ്രകാരം നേരെ എത്തിയ്ക്കട്ടെ. അല്ലയോ ദ്യാവാപൃഥിവികളേ, എൻെറ ഈ ദുഃഖമറിഞ്ഞാലും

15 ബ്രഹ്മാകൃണോതി വരുണോ
ഗാതുവിദന്തമീമഹേ
വ്യൂർണ്ണോതിഹൃദാമതിം
നവ്യോജായതാമൃതം
വിത്തമ്മേ അസ്യരോദസീ വ 22

അന്വയം —

(യഃ) വരുണഃ	— അനിഷ്ടനിവാരയിതാദേവഃ
ബ്രഹ്മ കൃണോതി	— പരിവൃഢം, തദ്രക്ഷണരൂപം കർമ്മകരോതി
തം ഗാതു—വിദം	— ഗാതോഃ, മാർഗ്ഗസ്യ ദുഃഖ നിവാരകസ്യ ലംഭയിതാരം (വരുണം)
ഈമഹേ	— അഭിമതഫലം യാചാമഹേ
(തസ്മൈ വരുണായ അസ്മദീയ സ്തോതാ) ഹൃദാ	— ഹൃദയേന
മതിം വി ഊർണ്ണോതി	— മനനീയാം സ്തുതിം വിവൃണോതി പ്രകാശയതി, ഉച്ചാരയതി
(സോയം) നവ്യഃ	— സ്തുത്യഃ (വരുണഃ)
(അസ്മാകം) ഋതം ജായതാം	— സത്യഭൂതോസ്തു
ഹേ രോദസീ, മേ അസ്യ വിത്തം	— മദീയമിദം ദുഃഖം ജാനീതം

അത്ഥം:—അനിഷ്ടനിവാരകനായ യാതൊരു വരുണൻ രക്ഷണരൂപമായ കമ്മം ചെയ്യുന്നുവോ, ദുഃഖനിവാരകമായ മാർഗ്ഗം നേടിത്തരുന്ന ആ വരുണനോട്ട് അഭിമതഫലസിദ്ധി യാചിയ്ക്കുന്നു. ആ വരുണന്നായി എൻെറ സ്തോതാവു് ഹൃദയത്തോടുകൂടി ഗംഭീരസ്തുതിയെ പ്രകാശിപ്പിയ്ക്കും, ചൊല്ലും. ആ സ്തുത്യനായ വരുണൻ എനിയ്ക്കു് സത്യഭൃതനായി, കമ്മാനുസാരമായ ഫലം നല്കുന്നവനായി, ഭവിയ്ക്കട്ടെ. ദ്യാവാപൃഥിവികളേ, എൻെറ ഈ ദുഃഖമറിഞ്ഞാലും.

16 അസൌയഃ പന്ഥാ ആദിത്യോ
ദിവിപ്രവാച്യംങ്കൃതഃ
നസദേവാ അതിക്രമേ
തം മർത്താസോന പശ്യഥ
വിത്തമ്മേ അസ്യരോദസീ

അന്വയം:—

പന്ഥാഃ	— ബ്രഹ്മലോകം ഗച്ഛതാം, ഉപാസകാനാംമാർഗ്ഗഭൃതഃ
യഃ അസൌ ആദിത്യഃ	
ദിവി	— ദ്യുലോകേ
പ്ര-വാച്യം കൃത.	— പ്രകർഷേണവചനം യഥാ ഭവതിതഥാനിർമ്മിതഃ (യഥാ സർവ്വൈഃ പ്രാണിഭിർദ്ദൃശ്യതേ തഥാവർത്തമാനഃ)
ഹേ ദേവാഃ, സഃ (ആദിത്യഃ) ന അതി-ക്രമേ	— യുഷ്മാഭിരപി അതിക്രമിതും നശക്യഃ (യുഷ്മജ്ജീവനസ്യ തദായത്തത്വാത്)
(ഏവം ച സതി) ഹേ മർത്താസഃ	— പാപകൃതോ മനുഷ്യാഃ

തം (സൂര്യം യൂയം)
ന പശ്യഥ — നജാനീഥ
(ഏതച്ചകൂപേ പാതയിത്വാ നിർഗ്ഗതൌ ഏകതദ്വിതൌ പ്രതി നിന്ദനം അഹമേവ മന്ത്രദ്രഷ്ടാ തം സൂര്യം ജാനാമി പാപകൃതൌയുവാം ന ജാനീഥഃ)
ഹേ രോദസീ, മേ
അസ്യ വിത്തം — മദീയമിദം ദുഃഖം ജാനീതം

അത്ഥം—ബ്രഹ്മലോകത്തേയ്ക്കുപോകുന്ന ഉപാസകക്ക് മാർഗ്ഗഭൂതനായ ('സൂര്യദ്വാരേണതേ വിരജാഃ പ്രയാന്തി''—സൂര്യനിൽ കൂടെയാണ് ആ വിശുദ്ധന്മാർ പോകുന്നത് എന്ന് ശ്രുതി) യാതൊരു സൂര്യൻ ദ്യുലോകത്തിൽ ഏററവും സ്തുത്യനായി നിലകൊള്ളുന്നുവോ, എല്ലാ പ്രാണികാംക്കും കാണത്തക്കവണ്ണം വത്തിയ്ക്കുന്നുവോ, അല്ലയോ ദേവന്മാരേ, ആ ആദിത്യൻ നിങ്ങളാലും അതിക്രമിക്കപ്പെട്ടുവാൻ ശക്യനല്ല കാരണം, നിങ്ങളുടെ ജീവനം സൂര്യാശ്രയമാണ് (സൂര്യനാണ് ഋതുക്കളുണ്ടാക്കുന്നത് ഋതുക്കളെനുസരിച്ചാണ് യാഗം യാഗങ്ങളിലാണ് നിങ്ങളുടെ ജീവനം) അങ്ങിനെയിരിയ്ക്കേ, (ദേവന്മാക്കുകൂടി സൂര്യൻ അധൃഷ്യനായിരിയ്ക്കേ) അല്ലയോ പാപികളായ മനുഷ്യരേ, നിങ്ങളാ സൂര്യനെ കാണുന്നില്ല, അറിയുന്നില്ല (ഇവിടെ പാപികളെന്ന് നിന്ദിക്കുന്നത് തന്നെ കിണററിൽ വീഴ്ത്തിയ ഏകതദ്വിതന്മാരെയാണ് മന്ത്രദ്രഷ്ടാവായ ഞാൻ മാത്രം ആ സൂര്യനെ അറിയുന്നു പാപംകൊണ്ടു മൂഢരായ നിങ്ങാം അറിയുന്നില്ല എന്ന ഭാവം) ദ്യാവാപൃഥിവികളേ, എന്റെ ഈ ദുഃഖമറിഞ്ഞാലും.

17 ത്രിതഃ കൂപേ വഹിതോ—
ദേവാന് ഹവതഊതയേ
തച്ഛുശ്രാവ ബൃഹസ്പതിഃ
കൃണ്വന്നംഹൂരണാദുരു
വിത്തം മേ അസ്യ രോദസീ

അന്വയം —

കൂപേ അവ—ഹിതഃ	
ത്രിതഃ ഊതയേ	— രക്ഷണായ
ദേവാൻ ഹവതേ	— സ്തുതിഭിരാകാരയതി
(യദേതൽ ത്രിതസ്യാ	
ഹ്വാനം) ബൃഹസ്പതിഃ	— ബൃഹതാം, മഹതാം ദേവാനാം രക്ഷകഃ, ഏതൽ സംജ്ഞോദേവഃ
തൽ (ആഹ്വാനം)	
അംഹൂരണാൽ	— അംഹസഃ, പാപരൂപാദസ്മാൽ കൂപപാതാദുന്നീയ
ഉരു കൃണ്വൻ	— ശോഭനം കുർവ്വൻ
ശുശ്രാവ	— ശ്രുതവാൻ
ഹേ രോദസീ, മേ	
അസ്യ വിത്തം	— മദീയമിദം ദുഃഖം ജാനീതം

അർത്ഥം—കിണററിൽ കിടന്ന ത്രിതൻ രക്ഷയ്ക്കായി ദേവന്മാരെ സ്തുതികളാൽ വെവ്വേറെ വിളിച്ചത്, മഹാന്മാരായ ദേവന്മാരുടെ രക്ഷകനായ ബൃഹസ്പതി, ആ ദുരിതരൂപമായ കിണററിൽ നിന്ന് കയററി നല്ല നിലയിൽ എത്തിച്ചുകൊണ്ട് കേട്ടു. (കേൾക്കലും അദ്ദേഹത്തെ രക്ഷിയ്ക്കലും ഒപ്പമായിരുന്നു. കേട്ടുകൊണ്ടു രക്ഷിച്ചു. രക്ഷിച്ചുകൊണ്ടു കേട്ടു. എന്നിട്ടും ത്രിതൻ ദ്യാവാപൃഥിവികളെ വിളിയ്ക്കുന്നു) ദ്യാവാപൃഥിവികളേ, എന്റെ ഈ ദുഃഖമറിഞ്ഞാലും

18 അരുണോമാസകൃദ്വൃകഃ
പഥായന്തംദദർശഹി
ഉജ്ജിഹീതേ നിചായ്യാ
തഷ്ടേവ പൃഷ്ട്യാമയീ
വിത്തംമേ അസ്യ രോദസീ

അന്വയം:—

അരുണഃ വൃകഃ	— അരുണവര്‍ണ്ണഃ ലോഹിതവര്‍ണ്ണഃ, ആരണ്യശ്വാ
സകൃൽ പഥാ യന്തം മാ	— മാര്‍ഗ്ഗേണ ഗച്ഛന്തം മാം
ദദര്‍ശ ഹി	— ദൃഷ്ടവാന്‍
നി—ചായ്യ	— ദൃഷ്ട്വാ ച മാം ജിഘൃക്ഷുസ്സന്‍
തഷ്ടാ—ഇവ പൃഷ്ടി—	
ആമയീ	— യഥാതക്ഷണജനിതപൃഷ്ഠക്ലേശഃ തഷ്ടാ വര്‍ദ്ധകിഃ തദപനോദനായ ഊര്‍ദ്ധ്വാഭിമുഖോ ഭവതിതദ്വത്
ഉൽ ജിഹീതേ	— ഉദ്ഗച്ഛതിസ്മ
ഹേ രോദസീ, മേ	
അസ്യ വിത്തം	— മദീയമിദം ദുഃഖം ജാനീതം

അര്‍ത്ഥം—ഒരിയ്ക്കല്‍ വഴിക്കു പോകുന്ന എന്നെ ഒരു ചെമ്പന്‍ ചെന്നായ കണ്ടു, എന്നെ പിടിയ്ക്കാനൊരുങ്ങി: അധികനേരം കുമ്പിട്ടിരുന്നു് പണിചെയ്ത ഒരാശാരി മുതുകുവേദന മാറ്റുവാന്‍ നിവര്‍ന്നു നേരേ മുഖമുയര്‍ത്തുന്ന പോലെ, എന്റെ നേരെ വന്നു. (ആപത്തില്‍ പെട്ട ത്രിതന്‍ മുമ്പനുഭവിച്ച കഷ്ടതയും മറ്റും പറയുകയാണു്). ദ്യാവാപൃഥിവികളേ, നിങ്ങളെന്റെ ഈ ദുഃഖമറിഞ്ഞാലും.

19 ഏനാങ്ഗൂഷേണ വയമിന്ദ്രവന്തോ
ഭിഷ്യാമവൃജനേ സര്‍വ്വവീരാഃ
തന്നോമിത്രോ വരുണോമാമഹന്താ
മദിതിസ്സിന്ധുഃ പൃഥിവീ ഉതദ്യൌഃ വ. 23

അന്വയം:—

ഏനാ ആങ്ഗൂഷേണ	—	അനേന ആഘോഷണയോഗ്യേന സ്തോത്രേണ ഹേതുഭൂതേന
ഇന്ദ്ര–വന്തഃ	—	അനുഗ്രാഹകേണേന്ദ്രേണ യുക്താഃ
സർവ്വ–വീരാഃ	—	സർവ്വൈർവ്വീരൈഃ പുത്രൈഃ പൌത്രാദിഭിശ്ചോപേതാഃ
വയം വൃജനേ അഭി സ്യാമ	—	സംഗ്രാമേ ശത്രൂൻ അഭിഭവേമ
(പ്രാർത്ഥിതം) നഃ തൽ		
മിത്രഃ വരുണഃ അദിതിഃ		
സിന്ധുഃ പൃഥിവീ ഉതദ്യൌഃ		
മമഹന്താം	—	പൂജയന്താം

അർത്ഥം–ഘോഷമായി ചൊല്ലാൻ പററിയ ഈ സ്തോത്രം (ഈ സൂക്തം) കൊണ്ടു്, അനുഗ്രാഹകനായ ഇന്ദ്രനോടുകൂടിയവരായി, പുത്രപൌത്രാദികളോടു ചേർന്നവരായി നമ്മൾ യുദ്ധത്തിൽ ശത്രുക്കളെ ജയിസ്സുമാറാകം. ഞങ്ങളുടെ ഈ പ്രാർത്ഥന മിത്രനും വരുണനും അദിതിയും സിന്ധുവും പൃഥിവിയും ദ്യോവും കൊണ്ടാടട്ടെ.

വർഗ്ഗം 24 കഥ്സഃ ഋഷിഃ ജഗതീത്രിഷ്ടുപൌച്ഛന്ദസീ, വിശ്വേ ദേവാദേവതാ.

1 ഇന്ദ്രം മിത്രം വരുണമഗ്നിമൂതയേ
മാരുതം ശർധോ അദിതിംഹവാമഹേ
രഥന്നദുർഗ്ഗാദ്വസവസ്സുദാനവോ
വിശ്വസ്മാന്നോ അംഹസോനിഷ്പിപർത്തന

അന്വയം:—

(വയം) ഊതയേ	—	രക്ഷണായ
ഇന്ദ്രം മിത്രം വരുണം		
അഗ്നിം മാരുതം ശർധഃ		
അദിതിം	—	മരുത്സമൂഹരൂപം ബലം ചാദിതിം, ദേവമാതരം

ഹവാമഹേ — ആഹ്വയാമഹേ
ഹേ വസവഃ, — നിവാസയിതാരഃ,
സു-ദാനവഃ, — ശോഭനദാനാഃ, ഇന്ദ്രാദയഃ,
രഥം ന ദുഃ-ഗാത് — ഗന്തുമശക്യാത് നിമ്നോന്നതാത് സ്ഥാനാത് സാരഥയഃ യഥാരഥം പാലയന്തി തദ്വത്
വിശ്വസ്മാത് അംഹസഃ — സർവ്വസ്മാത് പാപാത്
നഃ നിഃ പിപർത്തന — അസ്മാൻ നിർഗ്ഗമയ്യ പാലയത

അർത്ഥം—ഞങ്ങൾ രക്ഷയ്ക്കായി ഇന്ദ്രനെയും മിത്രനെയും വരുണനെയും അഗ്നിയെയും മരുത്സമൂഹരൂപമായ ബലത്തെയും ദേവമാതാവായ അദിതിയെയും വിളിക്കുന്നു എല്ലാവരെയും അതാതിടത്തു് വസിപ്പിക്കുന്നവരും ദാനശീലരുമായ ഇന്ദ്രാദി ദേവന്മാരേ, നിമ്നോന്നതമായി ദുർഗ്ഗമമായ സ്ഥാനത്തിൽ നിന്നു് സാരഥികൾ രഥത്തെ രക്ഷിക്കുന്നപോലെ ഞങ്ങളെ എല്ലാ പാപത്തിൽ നിന്നും പുറത്തുകടത്തി രക്ഷിച്ചാലും.

2 ത ആദിത്യാ ആഗതാ സർവ്വതാതയേ
ഭൂതദേവാ വൃത്രതൂര്യേഷു ശംഭുവഃ
രഥന്ന ദുർഗ്ഗാദ്വസവസ്സുദാനവോ
വിശ്വസ്മാന്നോ അംഹസോനിഷ്പി പർത്തന

അന്വയം —

ഹേ ആദിത്യാഃ ദേവാഃ — അദിതേഃ പുത്രാഃ ദേവാഃ
തേ സർവ്വ-താതയേ — യൂയം സർവ്വൈർവ്വീരപുരുഷൈഃ തതായ, യുദ്ധായ (യുദ്ധേ അസ്മാകം സാഹായ്യം കർത്തും)
ആ ഗത — ആഗച്ഛത
(അപി ച) വൃത്ര-തൂര്യേഷു — സംഗ്രാമേഷു
ശം-ഭുവഃ ഭൂത — സുഖസ്യ ഭാവയിതാരോ ഭവത

വസവഃ സു-ദാനവഃ രഥം നഃ-ഗാൽ വിശ്വ സ്മാൽ അംഹസഃനഃ നിഃ പിപർത്തന	— നിവാസയിതാരഃ ശോഭനേ ദാനാഃ ഇന്ദ്രാദയഃ നിമ്നോന്നതാൽ സ്ഥാനാൽ സാരഥയഃ യഥാരഥം പാലയന്തി തദ്വൽ സർവ്വസ്മാൽ പാപാൽ അസ്മാൻ നിർഗ്ഗമയ്യ പാലയത

അർത്ഥം:—അല്ലയോ അദിതിപുത്രന്മാരേ, ദേവന്മാരേ, നിങ്ങൾ വീരപുരുഷന്മാർ നിറഞ്ഞ യുദ്ധത്തിൽ ഞങ്ങൾക്ക സാഹായ്യം ചെയ്‌വാൻ വരുമാറാകണം. കൂടാതെ യുദ്ധങ്ങളിൽ നിങ്ങൾ സുഖപ്രദന്മാരായി, ജയപ്രദന്മാരായി ഭവിയ്ക്കണം. ഇന്ദ്രാദി ദേവന്മാർ, നിമ്നോന്നതമായ സ്ഥാനത്തു് നിന്നു് സാരഥികൾ രഥത്തെ രക്ഷിയ്ക്കുന്നപോലെ ഞങ്ങളെ എല്ലാ പാപത്തിൽ നിന്നും പുറത്തുകടത്തി രക്ഷിക്കുമാറാകണം.

3 അവന്തുനഃ പിതരസ്സുപ്രവാചനാ
ഉതദേവീ ദേവപുത്രേ ഋതാവൃധാ
രഥന്ന ദുർഗ്ഗാദ്വസവസ്സു ദാനവോ
വിശ്വസ്മാന്നോ അംഹസോ നിഷ്പിപർത്തന

അന്വയം:—

സു-പ്രവാചനാഃ	— സുഖേനപ്രവക്തും, സ്തോതും ശക്യാഃ
പിതരഃ നഃ അവന്തു	— അഗ്നിഷ്വാത്താദയഃ അസ്മാൻ രക്ഷന്തു
ഉത ദേവ-പുത്രേ	— ദേവാഃ പുത്രസ്ഥാനീയായയോഃ തേ
ഋത-വൃധാ	— ഋതസ്യ, സത്യസ്യ വർദ്ധയിത്ര്യൌ

ഹവാമഹേ — ആഹ്വയാമഹേ
ഹേ വസവഃ, — നിവാസയിതാരഃ,
സു-ദാനവഃ, — ശോഭനദാനാഃ, ഇന്ദ്രാദയഃ,
രഥം ന ദുഃ-ഗാത് — ഗന്തുമശക്യാത് നിമ്നോന്നതാത് സ്ഥാനാത് സാരഥയഃ യഥാരഥം പാലയന്തി തദ്വത്
വിശ്വസ്മാത് അംഹസഃ — സർവ്വസ്മാത് പാപാത്
നഃ നിഃ പിപർതന — അസ്മാൻ നിർഗ്ഗമയ്യ പാലയത

അർത്ഥം—ഞങ്ങൾ രക്ഷയ്ക്കായി ഇന്ദ്രനെയും മിത്രനെയും വരുണനെയും അഗ്നിയെയും മരുത്സമൂഹരൂപമായ ബലത്തെയും ദേവമാതാവായ അദിതിയെയും വിളിക്കുന്നു. എല്ലാവരെയും അതാതിടത്ത് വസിപ്പിക്കുന്നവരും ദാനശീലരുമായ ഇന്ദ്രാദി ദേവന്മാരേ, നിമ്നോന്നതമായി ദുർഗ്ഗമമായ സ്ഥാനത്തിൽ നിന്ന് സാരഥികൾ രഥത്തെ രക്ഷിക്കുന്നപോലെ ഞങ്ങളെ എല്ലാ പാപത്തിൽ നിന്നും പുറത്തുകടത്തി രക്ഷിച്ചാലും.

2 ത ആദിത്യാ ആഗതാ സർവ്വതാതയേ
ഭൂതദേവാ വൃത്രതൂര്യേഷു ശംഭുവഃ
രഥന്ന ദുർഗ്ഗാ ദ്വസവസ്സുദാനവോ
വിശ്വസ്മാന്നോ അംഹസോനിഷ്പിപർത്തന

അന്വയം:—

ഹേ ആദിത്യാഃ ദേവാഃ — അദിതേഃ പുത്രാഃ ദേവാഃ
തേ സർവ്വ-താതയേ — യൂയം സർവ്വൈർവ്വീരപുരുഷൈഃ തതായ, യുദ്ധായ (യുദ്ധേ അസ്മാകം സാഹായ്യം കർത്തും)
ആ ഗത — ആഗച്ഛത
(അപിച) വൃത്ര-തൂര്യേഷു — സംഗ്രാമേഷു
ശം-ഭുവഃ ഭൂത — സുഖസ്യ ഭാവയിതാരോ ഭവത

വസവഃ സു–ദാനവഃ രഥം നദഃ–ഗാൽ വിശ്വ സ്മാൽ അംഹസഃനഃ നിഃ പിപർത്തന	— നിവാസയിതാരഃ ശോഭനേ ദാനാഃ ഇന്ദ്രാദയഃ നിമ്നോന്നതാൽ സ്ഥാനാൽ സാരഥയഃ യഥാരഥം പാലയന്തി തദ്വൽ സർവ്വസ്മാൽ പാപാൽ അസ്മാൻ നിർഗ്ഗമയ്യ പാലയത

അർത്ഥം–അല്ലയോ അദിതിപുത്രന്മാരേ, ദേവന്മാരേ, നിങ്ങൾ വീരപുരുഷന്മാർനിറഞ്ഞ യുദ്ധത്തിൽ ഞങ്ങൾക്ക സാഹായ്യം ചെയ്‌വാൻ വരുമാറാകണം. കൂടാതെ യുദ്ധങ്ങളിൽ നിങ്ങൾ സുഖപ്രദന്മാരായി, ജയപ്രദന്മാരായി ഭവിയ്ക്കണം. ഇന്ദ്രാദി ദേവന്മാർ, നിമ്നോന്നതമായ സ്ഥാനത്തു് നിന്നു് സാരഥികൾ രഥത്തെ രക്ഷിയ്ക്കുന്നപോലെ ഞങ്ങളെ എല്ലാ പാപത്തിൽ നിന്നും പുറത്തുകടത്തി രക്ഷിക്കമാറാകണം.

3 അവന്തുനഃ പിതരസ്സുപ്രവാചനാ
ഉതദേവീ ദേവപുത്രേ ഋതാവൃധാ
രഥന്ന ദുർഗ്ഗാദ്വസവസ്സു ദാനവോ
വിശ്വസ്മാന്നോ അംഹസോ നിഷ്പിപർത്തന

അന്വയം:–

സു–പ്രവാചനാഃ	— സുഖേനപ്രവക്തും, സ്തോതും ശക്യാഃ
പിതരഃ നഃ അവന്തു	— അഗ്നിഷ്വാത്താദയഃ അസ്മാൻ രക്ഷന്തു
ഉത ദേവ–പുത്രേ	— ദേവാഃ പുത്രസ്ഥാനീയായയോഃ തേ
ഋത–വൃധാ	— ഋതസ്യ, സത്യസ്യ വർദ്ധയിത്ര്യൌ

ദേവീ — ദേവനാദി ഗുണയുക്തേ ദ്യാവാപൃഥിവ്യൌ അസ്മാൻ രക്ഷതാം

ഹേ വസവഃ, സു-ദാനവഃ,
രഥം ന ദുഃ-ഗാൽ വിശ്വസ്മാൽ
അംഹസഃ നഃ നിഃ
പിപർത്തന — ഇന്ദ്രാദയഃ നിമ്നോന്നതാൽ സ്ഥാനാൽ സാരഥയഃ യഥാരഥം പാലയന്തി തദ്വൽ സർവ്വസ്മാൽ പാപാൽ അസ്മാൻ നിർഗ്ഗമയ്യ പാലയത

അർത്ഥം—എളുപ്പത്തിൽ സ്തുതിയ്ക്കപ്പെടാവുന്ന (സ്തുതികൊണ്ടെളുപ്പത്തിൽ സന്തോഷിയ്ക്കുന്ന) അഗ്നിഷ്വാത്താദികളായ പിതൃക്കൾ ഞങ്ങളെ രക്ഷിയ്ക്കട്ടെ. അതിനുപുറമേ, ദേവമാതാക്കളും സത്യത്തെ വർദ്ധിപ്പിയ്ക്കുന്നവരും പ്രകാശവതികളുമായ ദ്യാവാപൃഥിവികൾ ഞങ്ങളെ രക്ഷിയ്ക്കട്ടെ. ഇന്ദ്രാദിദേവന്മാരേ, നിമ്നോന്നതമായ സ്ഥാനത്തു് നിന്നു് സാരഥികൾ രഥത്തെ രക്ഷിയ്ക്കുന്നപോലെ ഞങ്ങളെ എല്ലാ പാപത്തിൽ നിന്നും പുറത്തുകടത്തി രക്ഷിച്ചാലും.

4 നരാശംസം വാജിനം വാജയന്നിഹ
ക്ഷയദ്വീരം പൂഷണം സുമ്നൈരീമഹേ
രഥന്നദുർഗ്ഗാദ്വസവസ്സുദാനവോ
വിശ്വസ്മാന്നോ അംഹസോ നിഷ്പിപർത്തന

അന്വയം:-

(അഹം) നരാശംസം
വാജിനം — ശംസനീയം അന്നവന്തം (അഗ്നിം)
വാജയൻ — ഉപവാജയൻ, പ്രജ്വലയൻ
ഇഹ — അസ്മിൻകാലെ (സ്തൌമി)

(തഥാ) ക്ഷയൽ-വീരം — അതിബലിനം യസ്മിൻ സൎവ്വേവീരാഃ ക്ഷീയന്തേ, ഏവം രൂപം

പൂഷണം സുമ്നൈഃ

ഈമഹേ — സുഖകരൈഃ (സ്തോത്രൈഃ) യാചാമഹേ, അഭീഷ്ടം പ്രാൎത്ഥയാമഹേ

ഹേ വസവഃ, സു–ദാനവഃ, രഥം ന ദുഃ–ഗാൽ വിശ്വസ്മാൽ

അംഹസഃ നഃ നിഃ

പിപൎത്തന — ഇന്ദ്രാദയഃ നിമ്നോന്നതാൽ സ്ഥാനാൽ സാരഥയഃ യഥാരഥം പാലയന്തി തദ്വൽ സൎവ്വസ്മാൽ പാപാൽ അസ്മാൻ നിൎഗ്ഗമയ്യ പാലയത

അൎത്ഥം—പ്രശംസാൎഹനും ഹവിരന്നയുക്തനുമായ അഗ്നിയെ ആളികത്തിച്ചുകൊണ്ട് ഇതാ ഞാൻ സ്തുതിക്കുന്നു. അതുപോലെ എല്ലാ വീരന്മാരെയും ക്ഷീണിപ്പിക്കുന്ന അതിബലവാനായ പൂഷാവിനോട് സുഖകരങ്ങളായ സ്തോത്രങ്ങളാൽ അഭീഷ്ടസിദ്ധിക്കായി യാചിക്കുന്നു. ഇന്ദ്രാദിദേവന്മാരേ, നിമ്നോന്നതമായ സ്ഥാനത്തുനിന്ന് സാരഥികൾ രഥത്തെ രക്ഷിക്കുന്നപോലെ, ഞങ്ങളെ എല്ലാ പാപത്തിൽ നിന്നും പുറത്തുകടത്തി രക്ഷിച്ചാലും.

5 ബൃഹസ്പതേ സദമിന്നസ്സുഗങ്കൃധി
ശംയോൎയ്യത്തേ മനുൎഹിതന്തദീമഹേ
രഥന്ന ദുൎഗ്ഗാദ്വസവസ്സുദാനവോ

അന്വയം —

ബൃഹസ്പതേ, സദം ഇൽ
നഃ സു–ഗം കൃധി — സദൈവാസ്മാകം സുഖം കുരു
(അപിച) തേ ശം യോഃ — തവസ്വഭൂതം രോഗാണാം ഉപശമനം, ഭയാനാം യാവനം (പ)
മനഃ–ഹിതം യൽ — മനസാ, ബ്രഹ്മണാഹിതം, ത്വയ്യവസ്ഥാപിതംയദസ്തി
തൽ ഈമഹേ — യാചാമഹേ
ഹേ വസവഃ, സു–ദാനവഃ
രഥം ന ദുഃ–ഗാൽ വിശ്വ
സ്മാൽ അംഹസഃ നഃ നിഃ
പിപത്തന — ഇന്ദ്രാദയഃ നിമ്നോന്നതാൽ സ്ഥാനാൽ സാരഥയഃ യഥാ രഥം പാലയന്തിതദ്വൽ സവ്വസ്മാൽ പാപാദസ്മാൻ നിർഗ്ഗമയ്യ പാലയത

അത്ഥം—അല്ലയോ ബൃഹസ്പതേ, എപ്പോഴും എനിയ്ക്ക് സുഖം തന്നാലും മാത്രമല്ല, രോഗശമനത്തിന്റെയും ഭയദൂരീകരണത്തിന്റെയും സ്വഭൂതമായ ശക്തി ബ്രഹ്മാവിനാൽ സിദ്ധമായിട്ടുള്ളത് യാതൊന്നോ അതിന്നും (രോഗശമനത്തിന്നും ഭയദൂരീകരണത്തിന്നും) അത്ഥിയ്ക്കുന്നു ഇന്ദ്രാദിദേവന്മാരേ നിമ്നോന്നതമായ സ്ഥാനത്ത് നിന്ന് സാരഥികാം രഥത്തെ രക്ഷിയ്ക്കുന്നപോലെ ഞങ്ങളെ എല്ലാ പാപത്തിൽ നിന്നും പുറത്തു കടത്തി രക്ഷിച്ചാലും.

6 ഇന്ദ്രങ്കുത്സോവൃത്രഹണംശചീപതിം
കാടേനിബാള്ഹ ഋഷിരഹ്വദൂതയേ
രഥന്നദുർഗ്ഗാദ്വസവസ്സുദാനവോ

അന്വയം:—

കാടേ നി—ബാള്ഹഃ	—	കൂപേ നിപതിതഃ
ഋഷിഃ കുത്സഃ ഊതയേ	—	രക്ഷണായ
വൃത്ര-ഹനം ശചീ—പതിം		
ഇന്ദ്രം	—	വൃത്രഹന്താരം, ശച്യാഭർത്താരം ഇന്ദ്രം
അഹ്വൽ	—	ആഹ്വയതിസ്മ
ഹേ വസവഃ, സു—ദാനവഃ		
രഥംന ദുഃ—ഗാൽ വിശ്വ		
സ്മാൽ അംഹസം നഃ നിഃ		
പിപർത്തന	—	ഇന്ദ്രാദയഃ നിമ്നോന്നതാൽ സ്ഥാനാൽ സാരഥയഃ യഥാരഥം പാലയന്തി തദ്വൽ സർവ്വസ്മാൽ പാപാദസ്മാൻ നിർഗ്ഗമയ്യ പാലയത

അർത്ഥം—കിണററിൽ വീണ ഋഷി കുത്സൻ രക്ഷണത്തിന്നായി വൃത്രഹന്താവും ശചിയുടെ ഭർത്താവുമായ ഇന്ദ്രനെ വിളിച്ചു. (കുത്സനെ ഇന്ദ്രൻ രക്ഷിച്ചു അതുപോലെ പാപകൂപത്തിൽ വീണ ഞങ്ങളെയും രക്ഷിക്കണമെന്നഭാവം) ഇന്ദ്രാദിദേവന്മാരേ നിമ്നോന്നതമായ സ്ഥാനത്തു് നിന്നു് സാരഥികരം രഥത്തെ രക്ഷിക്കുന്നപോലെ ഞങ്ങളെ എല്ലാ പാപത്തിൽ നിന്നും പുറത്തുകടത്തി രക്ഷിച്ചാലും.

7 ദേവൈർന്നോദേവ്യദിതിർന്നിപാതു
ദേവസ്ത്രാതാത്രായതാമപ്രയുച്ഛൻ
തന്നോമിത്രോ വരുണോ മാമഹന്താ
മദിതിസ്സിന്ധുഃ പൃഥിവീ ഉതദ്യൗഃ

അന്വയം:—

ദേവീ അദിതിഃ	— ദാനാദി ഗുണയുക്താ ദേവമാതാ
ദേവൈഃ	— സ്വകീയൈഃ പുത്രൈസ്സഹ
നഃ നി പാതു	— അസ്മാകം നിതരാം രക്ഷതു
ദേവഃ ത്രാതാ	— സർവ്വേഷാം രക്ഷകഃ സവിതാ
അപ്ര-യുച്ഛൻ	— അപ്രമാദ്യൻ, അസ്മദ്രക്ഷണേ ജാഗരൂകസ്സൻ
ത്രായതാം	— അസ്മാൻ പാലയതു
(പ്രാർത്ഥിതം) നഃ തൽ	
മിത്രഃ വരുണഃ അദിതിഃ	
സിന്ധുഃ പൃഥിവീ	
ഉത ദ്യൌഃ മമഹന്താം	— പൂജയന്താം

അർത്ഥം—ദാനാദി ഗുണങ്ങളോടുകൂടിയ ദേവമാതാവായ അദിതി, സ്വപുത്രന്മാരായ ദേവന്മാരോടുകൂടി നമ്മളെ നന്നായി രക്ഷിയ്ക്കട്ടെ. പ്രകാശശീലനും സർവ്വരക്ഷകനുമായ സവിതാവു് വീഴ്ചവരാതെ, ജാഗരൂകനായി നമ്മളെ രക്ഷിയ്ക്കട്ടെ. നമ്മുടെ പ്രാർത്ഥനയെ മിത്രനും വരുണനും അദിതിയും സിന്ധുവും പൃഥിവിയും ദ്യോവും കൊണ്ടാടട്ടെ.

വർഗ്ഗം—25. ത്രിഷ്ടുപ്ഛന്ദഃ

1 യജ്ഞോദേവാനാം പ്രത്യേതിസുമ്ന
മാദിത്യാസോ ഭവതാമൃളയന്തഃ
ആവോർവ്വാചീസുമതിർവ്വവൃത്യാ
ദംഹോശ്ചിദ്യാവരിവോവിത്തരാസൽ

അന്വയം:—

(അസ്മദീയഃ) യജ്ഞഃ	
ദേവാനാം	— ഇന്ദ്രാദീനാം
സുമ്നം പ്രതി ഏതി	— സുഖം പ്രാപ്നോതു
(അപിച) ഹേ,	
ആദിത്യാസഃ, മൃളയന്തഃ	
ഭവത	— ആദിത്യാഃ അസ്മാൻ സുഖയന്തഃ ഭവത.

(തഥാ) വഃ സു–മതിഃ — യുഷ്മാകം ശോഭനാ, അനുഗ്രഹ പരാ ബുദ്ധിഃ
അർവ്വാചീ ആ വവൃത്യാൽ — അസ്മദഭിമുഖീ ആവർത്തതാം
യാ (മതിഃ) അംഹോഃ
ചിൽ — ദാരിദ്ര്യ പ്രാപ്തസ്യാപി പുരുഷസ്യ
വരിവോവിൽ–തരാ
അസൽ — അതിശയേന ധനസ്യ ലംഭയിത്രീ ഭവേൽ
(സൈഷാമതിരസ്മാൻ രക്ഷിതും വർത്തതാം)

അർത്ഥം–ഞങ്ങളുടെ യജ്ഞം ഇന്ദ്രാദിദേവന്മാരെ സുഖം പ്രാപിപ്പിയ്ക്കട്ടെ. അല്ലയോ അദിതിപുത്രന്മാരായ ദേവന്മാരേ, നിങ്ങൾ ഞങ്ങളെ സുഖിപ്പിയ്ക്കുന്നവരായി ഭവിച്ചാലും. നിങ്ങളുടെ ശോഭനമായ അനുഗ്രഹബുദ്ധി ഞങ്ങൾക്കു നേരേ തിരിയട്ടെ. നിങ്ങളുടെ ഏതു ബുദ്ധി (മനസ്സങ്കല്പം) ദരിദ്രനും അത്യന്തം ധനം നേടിക്കൊടുക്കുമോ, ആ ബുദ്ധി ഞങ്ങളെ രക്ഷിയ്ക്കാനായി വർത്തിയ്ക്കട്ടെ,

2 ഉപ നോ ദേവാ അവസാ ഗമ
ന്ത്വംങ്ഗിരസാം സാമഭി സ്തൂയമാനാഃ
ഇന്ദ്ര ഇന്ദ്രിയൈർമ്മരുതോ മരുദ്ഭി
രാദിത്യൈർന്നോ അദിതിശ്ശർമ്മ യംസൽ

അന്വയം:–
ആങ്ഗിരസാം — ഏതന്നാമ സംജ്ഞകാനാം ഋഷീണാം സംബന്ധിഭിഃ
സാമ–ഭിഃ സ്തൂയമാനാഃ
ദേവാഃ — സർവ്വേ ദേവാഃ
അവസാ നഃ ഉപ ആ
ഗമന്തു — രക്ഷണേനയുക്താഃ അസ്മാൻ ഉപാഗച്ഛന്തു

(അപി ച) ഇന്ദ്രഃ
ഇന്ദ്രിയൈഃ — സ്വസംബന്ധിഭിരസ്മഭ്യം ദാതവ്യൈഃ ധനൈസ്സഹ അസ്മാനപാഗച്ഛതു

(തഥാ) മരുതഃ — സപ്തഗണരൂപാഃ, ഏകോന പഞ്ചാശൽ സംഖ്യാകാഃ, ഈദൃങ്, അന്യദൃങ്ച ഇത്യേവമാദിനാമാനഃ ദേവാഃ

മരുൽ—ഭിഃ — സ്വാവയവഭൂതൈഃ പ്രാണാപാനാദിരൂപേണ വർത്തമാനൈഃ വായുഭിസ്സഹ അസ്മാൻ ഉപാഗച്ഛന്തു

(തഥാ) അദിതിഃ
ആദിത്യൈഃ — ദേവമാതാ സ്വകീയൈഃ പുത്രൈസ്സഹ

നഃ ശർമ്മ യംസൽ — അസ്മഭ്യം സുഖം യച്ഛതു

അർത്ഥം—അങ്ഗിരസ്സുകളെന്ന ഋഷിമാരുടെ സാമഗാനങ്ങളാൽ സ്തുതിക്കപ്പെടുന്ന എല്ലാ ദേവന്മാരും രക്ഷണത്തോടുകൂടി നമ്മുടെ അടുക്കൽ വന്നുചേരട്ടെ ഇന്ദ്രൻ, അവിടത്തെസംബന്ധിച്ചവയും നമുക്ക് തരുവാനുള്ളവയുമായ ധനങ്ങളോടുകൂടി നമ്മളെ പ്രാപിക്കട്ടെ അതുപോലെ ഏഴ് ഗണങ്ങളായി, എണ്ണത്തിൽ നാല്പത്തൊമ്പതു വരുന്നവരും, ഈദൃങ്, അന്യദൃങ് മുതലായ പേരുകളോടുകൂടിയവരുമായ മരുത്തുക്കളും, അവരുടെ അവയവങ്ങളിൽ നിന്ന് പിറന്ന് പ്രാണാപാനാദിരൂപങ്ങളിൽ വർത്തിക്കുന്ന വായുക്കളോടുകൂടി, നമ്മുടെ അടുക്കൽ വന്നെത്തട്ടെ പിന്നെ, ദേവമാതാവായ അദിതി സ്വന്തം പുത്രന്മാരോടുകൂടി നമുക്ക് സുഖം തരട്ടെ

3 തന്ന ഇന്ദ്രസ്തദ്വരുണസ്തദഗ്നി
സ്തദര്യമാതൽ സവിതാചനോധാൽ
തന്നോമിത്രോ വരുണോ മാമഹന്താ
മദിതിസ്സിന്ധുഃ പൃഥിവീ ഉതദ്യൌഃ വ 25

അന്വയം:—

തൽ ചനഃ — അസ്മാഭിഃ പ്രാർത്ഥ്യമാനംയൽ തദന്നം

നഃ ഇന്ദ്രഃ ധാൽ — ദധാതു, ദദാതു

(ഏവം) തൽ വരുണഃ (ധാൽ)

തൽ അഗ്നിഃ (ധാൽ)

തൽ അര്യമാ (ധാൽ)

തൽ സവിതാ (ധാൽ)

തൽ മിത്രഃ വരുണഃ

അദിതിഃ സിന്ധുഃ

പൃഥിവി ഉത ദ്യൗഃ

മമഹന്താം — പൂജയന്താം

അർത്ഥം—നമ്മളാൽ പ്രാർത്ഥിയ്ക്കപ്പെടുന്ന യാതൊരു അന്നം (പുഷ്ടി ക്ഷേമം) ഉണ്ടോ, അതു് ഇന്ദ്രൻ തന്നരുളട്ടെ അതു് വരുണൻ തന്നരുളട്ടെ അതു് അഗ്നി തന്നരുളട്ടെ, അതു് അര്യമാവു് തന്നരുളട്ടെ അതു് സവിതാവു് തന്നരുളട്ടെ അതിനെ മിത്രനും വരുണനും അദിതിയും സിന്ധുവും പൃഥിവിയും ദ്യോവും കൊണ്ടാടട്ടെ

വർഗ്ഗം 26—27—28 ത്രിഷ്ടുപ്ഛന്ദഃ ഇന്ദ്രാഗ്നീദേവതാ

1 യ ഇന്ദ്ര ഗ്നീ ചിത്രതമോരഥോവാ

മഭിവിശ്വാനി ഭുവനാനിചഷ്ടേ

തേനായാതം സരഥന്തസ്ഥിവാംസാ

ഥാസോമസ്യ പിബതം സുതസ്യ

അന്വയം —

ഹേ ഇന്ദ്രാഗ്നീ,

ചിത്ര—തമഃ — അതിശയേന ചായനീയഃ

വാം യഃ രഥഃ — യുവയോസ്സംബന്ധീയോ രഥഃ

വിശ്വാനി, ഭുവനാനി
അഭി ചഷ്ടേ — സർവ്വാണി ഭൂതജാതാനി ആഭി
മുഖ്യേന പശ്യതി, സുവർണ്ണമയ
ത്വാൽ, രത്നഖചിതത്വാൽ
സ്വപ്രഭാഭിഃ കൃൽസ്നം ജഗൽ
ഭാസയതി
തേന (രഥേന) ആ യാതം — അസ്മദ്യാഗമാഗച്ഛതം
സ–രഥം — സമാനമേകം രഥം
തസ്ഥി–വാംസാ — ആസ്ഥിതവന്തൌ യുവാം
ന പര്യായേണാഗച്ഛതം
അഥ സുതസ്യ സോമസ്യ
പിബതം — അഭിഷുതം സോമം സ്വാംശ
ലക്ഷണം പാനം കുരുതം

അർത്ഥം—അല്ലയോ ഇന്ദ്രാഗ്നികളേ, ഏററവും മനോഹരമായ നിങ്ങളുടെ തേർ എല്ലാ ചരാചരങ്ങളെയും നേരിട്ടു കാണുന്നു. അതായതു് സ്വർണ്ണമയവും രത്നം പതിച്ചതുമാകയാൽ സ്വപ്രകാശം കൊണ്ടു് ജഗത്തു മുഴുവൻ ശോഭിപ്പിക്കുന്നു. ആ രഥത്തിൽ ഞങ്ങളുടെ യാഗത്തിനു് വന്നാലും. ഒരേ രഥത്തിൽ (നിങ്ങൾ രണ്ടുപേരും) ഒപ്പം ഇരുന്നുവന്നാലും, ഊഴമായിട്ടല്ലാതെ വന്ന ശേഷം ഋത്വിക്കുകൾ ചതച്ചു സംസ്കരിച്ച സോമത്തിന്റെ, തന്റെ തന്റെ, അംശം കുടിച്ചാലും.

2 യാവദിദം ഭുവനം വിശ്വമ
സ്ത്യുരുവ്യചാ വരിമതാഗഭീരം
താവാ അയം പാതവേസോമോ അ
സ്ത്വരമിന്ദ്രാഗ്നീമനസേ യുവഭ്യാം

അന്വയം:—
ഉരു–വ്യചാ — വിസ്തീർണ്ണവ്യാപനം,
സർവ്വവ്യാപകം
വരിമതാ ഗഭീരം — ആത്മീയേന ഗൌരവേണ
ഗാംഭീര്യോപേതം

വിശ്വം ഇദം ഭുവനം
യാവൽ അസ്തി — സർവ്വം ജഗൽ യാവൽ പരിമാണം ഭവതി

ഹേ ഇന്ദ്രാഗ്നീ, യുവ–ഭ്യാം
പാതവേ സോമഃ — യുവാഭ്യാം പാതും സോമഃ
താവാൻ അസ്തു — താവൽ പ്രമാണോ ഭവതു
(തഥാ) അയം മനസേ
അരം — യുവയോരന്തഃ കരണായ സസോമഃ പര്യാപ്തോ ഭവതു

അർത്ഥം–സർവ്വവ്യാപകവും സ്വന്തം ഗരിമയാൽ ഗംഭീരവുമായ ഈ സർവ്വജഗത്തും ഏതളവുകാലം വരെ ഉണ്ടാവുമോ, അല്ലയോ ഇന്ദ്രാഗ്നികളേ, നിങ്ങൾക്ക് പാനം ചെയ്യാനുള്ള സോമം ആ അളവുള്ളതായി ഭവിക്കട്ടെ അതുപോലെ നിങ്ങളുടെ അന്തഃകരണത്തിന്ന് ആ സോമം പര്യാപ്തമായി ഭവിക്കട്ടെ

3 ചക്രാഥേ ഹിസധ്ര്യ ൧ ങ്നാമഭദ്രം
സധ്രീചീനാ വൃത്രഹണാ ഉതസ്ഥഃ
താവിന്ദ്രാഗ്നീ സധ്ര്യഞ്ചാനിഷദ്യാ
വൃഷ്ണഃസോമസ്യ വൃഷണാ വൃഷേഥാം

അന്വയം–
ഹേ ഇന്ദ്രാഗ്നീ, ഭദ്രം നാമ — കല്ല്യാണം സ്വകീയം നാമധേയം
സധ്ര്യക് ചക്രാഥേ — സഹഗതമിന്ദ്രാഗ്നീ ഇത്യേവം സംയുക്തം യുവാം കൃതവന്തൌ
ഉത ഹേ വൃത്ര–ഹണൌ — അപിച വൃത്രസ്യ ഹന്താരാവിന്ദ്രാഗ്നീ
സധ്രീചീനാ സ്ഥഃ — സഹാഞ്ചന്തൌ, വൃത്രവധാർത്ഥം സംഗതൌ ഭവഥഃ
ഹി ഹേ വൃഷണാ, — യസ്മാദേവം തസ്മാൽ കാമാനാം വർഷിതാരൌ

തൗ സധ്ര്യഞ്ചാ	—	യുവാം സഹിതൌ സന്തൌ
നി–സദ്യ	—	വേദ്യാമുപവിശ്യ
അംശുഃ സോമസ്യ	—	സോമസ്യാത്മീയം ഭാഗം
വൃഷണാ	—	സ്വകീയേ ഉദരേ ആസിഞ്ചേഥാം

അർത്ഥം—അല്ലയോ ഇന്ദ്രാഗ്നികളേ, ഇന്ദ്രാഗ്നീ എന്നിങ്ങനെ കൂടിച്ചേർന്ന സ്വകീയമായ നല്ലപേർ നിങ്ങളുണ്ടാക്കിയതാണല്ലൊ. (നിങ്ങളുടെ കൂടിച്ചേരൽകൊണ്ട് ഉണ്ടായതാണല്ലൊ.) അല്ലയോ വൃത്രഹന്താക്കളേ, വൃത്രവധത്തിന്ന് നിങ്ങൾ ഒപ്പം ചേർന്നുവല്ലൊ. അപ്രകാരമാകയാൽ, കാമവർഷിതാക്കളേ, നിങ്ങൾ കൂടിച്ചേർന്ന് ഈ യാഗവേദിയിലിരുന്ന്, (കാമപ്രദമായ) സോമത്തിന്റെ സ്വകീയാംശം സ്വന്തം വയററിൽ വീഴ്ത്തിയാലും, (സോമരസംകൊണ്ട് വയർ നനച്ചാലും.)

4 സമിദ്ധേഷ്വഗ്നിഷ്വാനജാനാ
യതസ്രുചാബർഹിരുതിസ്തിരാണാ
തീവ്രൈഃസോമൈഃ പരിഷിക്തേഭിരർവ്വാ
ഗേന്ദ്രാഗ്നീസൌമനസായ യാതം

അന്വയം:—

(അധ്വര്യപ്രതിപ്രസ്ഥാതാരൌ) അഗ്നിഷു	—	ഗാർഹപത്യാദിഷു അന്വാധാനാദിനാ
സം–ഇദ്ധേഷു	—	സമ്യഗിദ്ധേഷു, ദീപ്തേഷു സത്സു
ആനജാനാ	—	ഹവീംഷ്യാജ്യേനാഞ്ജന്തൌ
യത–സ്രുചാ	—	യാഗാർത്ഥം ഗൃഹീതസ്രുചൌ
ബർഹിഃ ഉ തിസ്തിരാണാ	—	വേദ്യാം ബർഹിരപി ആസ്തീർണ്ണം കൃതവന്തൌ
(തഥാസതി) ഹേ ഇന്ദ്രാഗ്നീ, തീവ്രൈഃ	—	ക്ഷിപ്രം മദകരൈഃ

പരി-സിക്തേഭിഃ — പരിതഃ സവ്വേഷു ഗ്രഹചമസാദിഷു ആസിക്തൈഃ
സോമൈഃ സൌമനസായ— (ഹേതുഭൂതൈഃ) സൌമനസ്യായ അസ്മാകമനുഗ്രഹാത്ഥം
അവ്വാക് ആ യാതം — അസ്മദഭിമുഖമാഗച്ഛതം

അത്ഥം—അധ്വര്യുപ്രതിപ്രസ്ഥാതന്മാരെന്ന ഋത്വിക്കുകൾ ഗാർഹപത്യാദ്യഗ്നികൾ, അന്വാധാനാദിയാൽ വേണ്ട പോലെ സമിദ്ധങ്ങൾ (ദീപ്തങ്ങൾ) ആക്കി, ഹവിസ്സുകളിൽ നെയ്യു പസ്തരിച്ച് യാഗത്തിന്നുവേണ്ടി സ്രുക്കുകൾ കയ്യിലേന്തി, വേദിയ്ക്കുപുറത്തുകൂടി ദർഭപ്പുൽ പരത്തി വിരിച്ചിരിയ്ക്കുന്നു ; ഈ സ്ഥിതിയിൽ അല്ലയോ ഇന്ദ്രാഗ്നികളേ, വേഗത്തിൽ ഹർഷമുളവാക്കുന്നവയും നാലുപുറത്തുമുള്ള ഗ്രഹം ചമസം മുതലായ മരികകളിൽ ഒഴിക്കപ്പെട്ടവയുമായ സോമങ്ങൾക്കുവേണ്ടി, ഞങ്ങളുടെ പേരിൽ സൌമനസ്യ (അനുഗ്രഹ) ത്തിന്നായിക്കൊണ്ടു് നേരെ വന്നാലും

5 യാനീന്ദ്രാഗ്നീ ചക്രഥുർവ്വീര്യാണി
യാനി രൂപാണ്യുതവൃഷ്ണ്യാനി
യാവാം പ്രത്നാനി സഖ്യാശിവാനി
തേഭിസ്സോമസ്യ പിബതം സുതസ്യ വ. 26

അന്വയം —

ഹേ ഇന്ദ്രാഗ്നീ, യാനി
വീര്യാണി — വൃത്രവധാദിരൂപാണി വീരകമ്മാണി
ചക്രഥുഃ — യുവാം കൃതവന്തൌ
യാനി രൂപാണി — നിരൂപ്യമാണാനി ഗവാശ്വരൂപാണി ഭൂതജാതാനി ച കൃതവന്തൌ
ഉത (യാനി) വൃഷ്ണ്യാനി — വൃഷ്ടിഭവാനി, വൃഷ്ടിപ്രദാനാദിരൂപാണി കമ്മാണി കൃതവന്തൌ

[illegible]

വാം പ്രത്നാനി ശിവാനി	— യുവയോഃ ചിരന്തനാനി ശോഭനാനി
യാ സഖ്യാ	— യാനി സഖിത്വാനി സന്തി
തേഭിഃ	— തൈസ്സഖിത്വൈസ്സഹിതൌ യുവാം
സുതസ്യ സോമസ്യ	
പിബതം	— അഭിഷുതം സോമം പിബതം

അർത്ഥം—അല്ലയോ ഇന്ദ്രാഗ്നികളേ, വൃത്രവധാദിരൂപങ്ങളായ ഏതേതു വീരകർമ്മങ്ങൾ നിങ്ങൾ ചെയ്തുവോ, ആകാരങ്ങളോടുകൂടി പശു, കുതിര മുതലായ ഏതേതു ഭൂതജാതങ്ങളെ സൃഷ്ടിച്ചുവോ, മഴപെയ്യിക്കുൽ തുടങ്ങിയ ഏതേതു കർമ്മങ്ങൾ ചെയ്തുവോ, നിങ്ങൾക്ക് (തമ്മിൽ) പുരാതനമായി, മംഗളകരമായ ഏതേതു വിധമുള്ള സഖ്യങ്ങളുണ്ടോ, അവയോടെല്ലാം കൂടിയ നിങ്ങൾ ചതച്ചുസംസ്കരിച്ച സോമം പാനം ചെയ്യാലും.

6 യദബ്രവം പ്രഥമംവാം വൃണാനോ

യംസോമോ അസുരൈർന്നോവിഹവ്യഃ

താംസത്യാം ശ്രദ്ധാമഭ്യാഹിയാത

മഥാസോമസ്യ പിബതം സുതസ്യ

അന്വയം'—

(ഹേ ഇന്ദ്രാഗ്നീ,) പ്രഥമം	— കർമ്മോപക്രമേ ഏവ
വാം വൃണാനഃ	— യുവാം സംഭജമാനഃ
യൽ അബ്രവം	— സോമേന പ്രീണയിഷ്യാമീതിയദവോചം
സത്യാം താം ശ്രദ്ധാം	— യഥാർത്ഥാം, ആദരാതിശയേന കൃതാമുക്തിം
അഭി ആ ഹി യാതം	— അഭിലക്ഷ്യ ആഗച്ഛതമേവ, നോദാസാഥാം
അഥ സുതസ്യ സോമസ്യ പിബതം	— അഭിഷുതം സോമംപാനം കുരുതം

(തഥാസതി) അസുരൈഃ — ഹവിഷാം പ്രക്ഷേപണൈഃ ഋത്വിഗ്ഭിഃ
അയം നഃ സോമഃ
വി–ഹവ്യഃ — വിശേഷേണ ഹോതവ്യോ ഭവതി, ഇതരഥാവ്യത്ഥഃ സ്യാൽ
(തസ്മാദിന്ദ്രാഗ്നീ ആഗച്ഛതം)

അത്ഥം—അല്ലയോ ഇന്ദ്രാഗ്നികളേ, കമ്മാരംഭത്തിൽ തന്നെ നിങ്ങളെ വരിയ്ക്കുന്ന ഞാൻ, 'നിങ്ങളെ സോമംകൊണ്ടു സന്തോഷിപ്പിച്ചു കൊള്ളാം' എന്നു യാതൊരു വാക്കു് പറഞ്ഞുവോ, യഥാത്ഥവും ആദരാതിശയത്തോടുകൂടി പറഞ്ഞതുമായ ആ വാക്കിനെ ഗണിച്ചു്, മുൻനിത്തി, നിങ്ങറം വരുകതന്നെ വേണം ഉദാസീനതയരുതേ, പിന്നെ സോമം കുടിച്ചാലും. ഇപ്രകാരമായാലാണല്ലൊ ഹവിദ്ദാതാക്കളായ ഋത്വിക്കുകളാൽ എൻെറ ഈ സോമം വേണ്ടപോലെ ഹോതവ്യം (ഹോമിക്കപ്പെടാവുന്നതു്) ആകുന്നതു്. അല്ലെങ്കിലതു് വ്യത്ഥമാണു്. അതുകൊണ്ടു് ഇന്ദ്രാഗ്നികളേ, നിങ്ങറം വന്നാലും.

7 യദിന്ദ്രാഗ്നീ മദഥഃ സ്വേ ദുരോണേ
യദ് ബ്രഹ്മണി രാജനി വാ യജത്രാ
അതഃ പരി വൃഷണാ വാ ഹി യാത
മഥാ സോമസ്യ പിബതം സുതസ്യ

അന്വയം —

ഹേ യജത്രാ ഇന്ദ്രാഗ്നീ, — യഷ്ടവ്യാവിന്ദ്രാഗ്നീ
സ്വേ ദുരോണേ യൽ
മദഥഃ — സ്വകീയേ ഗൃഹേ യദി ഹൃഷ്യഥ
യൽ വാ ബ്രഹ്മണി — യദിവാബ്രാഹ്മണേ, അന്യസ്മിൻ യജമാനേ ഹവിസ്വീകരണായ ഗത്വാഹൃഷ്യഥഃ
(യദിവാ) രാജനി — ക്ഷത്രിയേ യുദ്ധേ സാഹായ്യം കർത്തും ഗത്വാ ഹൃഷ്യഥഃ

അതഃ പരി — പരിതോസ്ഥാൽ, സർവ്വസ്ഥാൽ സ്ഥാനാൽ

ഹേ വൃഷണൌ, ആ

യാതം ഹി — കാമാനാം വർഷിതാരൌ, ആഗച്ഛതമേവ

അഥ സുതസ്യ സോമസ്യ പിബതം

അർത്ഥം—യജനീയ (പൂജനീയ) രായ ഇന്ദ്രാഗ്നികളെ, നിങ്ങാം സ്വന്തം ഗൃഹത്തിൽ ഹർഷിയ്ക്കുകയാവട്ടെ, ബ്രാഹ്മണനായ *മറ്റൊരു യജമാനങ്കൽ ഹവിസ്സ്വീകരണത്തിന്നെത്തി* ഹർഷിയ്ക്കുകയാവട്ടെ, വല്ല രാജാവിങ്കലും യുദ്ധസഹായത്തിന്നെത്തി ഹർഷിയ്ക്കുകയാവട്ടെ, അങ്ങിനെ ചുറ്റുമുള്ള എവിടേനിന്നായാലും, അല്ലയോ കാമവർഷിതാക്കളേ, നിങ്ങാം തീർച്ചയായും വന്നാലും. എന്നിട്ട് ചതച്ചു സംസ്കരിച്ച സോമം കുടിച്ചാലും.

8 യദിന്ദ്രാഗ്നീയദുഷുതുർവ്വശേഷു
യദ്ദ്രുഹ്യുഷ്വനുഷു പൂരുഷു സ്ഥഃ
അതഃ പരിവൃഷണാവാഹിയാത
മഥാസോമസ്യ പിബതം സുതസ്യ

അന്വയം:—

ഹേ ഇന്ദ്രാഗ്നീ, യൽ — യദി

യദുഷു സ്ഥഃ — നിയതേഷു, പരേഷാമഹിംസകേഷു മനുഷ്യേഷു ഭവഥഃ, വർത്തേഥേ

(യദിവാ) തുർവ്വശേഷു — ഹിംസകേഷു മനുഷ്യേഷു വർത്തേഥേ

യൽ ദ്രുഹ്യുഷു — യദിവാ ദ്രോഹം, പരേഷാമുപദ്രവമിച്ഛത്സു മനുഷ്യേഷു വർത്തേഥേ

(യദിവാ) അനുഷു — പ്രാണത്സു, സഫലൈഃ പ്രാണൈര്യുക്തേഷു, ജ്ഞാതൃഷു അനുഷ്ഠാതൃഷു മനുഷ്യേഷു വർത്തഥേ
(അന്യേഷാംഹി പ്രാണാനിഷ്ഫലാഃ, ജ്ഞാനഹീനത്വാൽ, അനുഷ്ഠാനാഭാവാച്ച)
(തഥാ) പൂരുഷു —കർമ്മൈഃ പൂരയിതവ്യേഷ്വന്യേഷു സ്തോതൃജനേഷു വർത്തഥേ
അതഃ പരി — പരിതോസ്ഥാൽ, സർവ്വസ്ഥാൽ സ്ഥാനാൽ
ഹേ വൃഷണൗ, ആ
യാതം ഹി — ആഗച്ഛതമേവ
അഥ സുതസ്യ സോമസ്യ പിബതം

അർത്ഥം—അല്ലയോ ഇന്ദ്രാഗ്നികളേ, നിങ്ങൾ നിയതചിത്തരും പരോപകാരികളുമായ മനുഷ്യരുടെ ഇടയിലൊ, പരഹിംസകരായ മനുഷ്യരുടെ ഇടയിലൊ, എല്ലാവരേയും ദ്രോഹിയ്ക്കാനിച്ഛിയ്ക്കുന്ന മനുഷ്യരുടെ ഉടയിലൊ, അറിവുള്ളവരും അനുഷ്ഠാതാക്കളുമായി, സഫലങ്ങളായ പ്രാണങ്ങളോടു കൂടിയവരുടെ ഇടയിലൊ, കർമ്മങ്ങൾകൊണ്ടു് സ്വയം പോഷിയ്ക്കപ്പെടുന്ന മനുഷ്യരുടെ ഇടയിലൊ—എവിടെയായാലും അവിടെ നിന്നെല്ലാം, അല്ലയോ കാമവർഷിതാക്കളേ, നിങ്ങൾ തീർച്ചയായും വന്നാലും. പിന്നെ ചതച്ചു സംസ്കരിച്ച സോമം കുടിച്ചാലും. (യദു, തുർവ്വശൻ, ദ്രുഹ്യു, അനു, പൂരു എന്നിവർ പുരാണങ്ങൾ പ്രകാരം യയാതിയുടെ പുത്രന്മാരാണു്. അവരുടെ കുലങ്ങളെ ഉദ്ദേശിച്ചുമാകാം യദുക്കളിൽ എന്നും മററും ബഹുവചനമായി പറഞ്ഞിട്ടുള്ളതു്. ആ വാക്കുകളുടെ അർത്ഥം പരിഗ്ഗണിച്ചു് വിവിധ സ്വഭാവരായ മനുഷ്യരെ എടുത്താണു് സായണാചാര്യൻ അർത്ഥം പറഞ്ഞിട്ടുള്ളതു്)

9 യദിന്ദ്രാഗ്നീ അവമസ്യാംപൃഥിവ്യാ
മ്മധ്യമസ്യാം പരമസ്യാമുതസ്ഥഃ
അതഃ പരിവൃഷണാവാഹിയാത
മഥാസോമസ്യപിബതം സുതസ്യ

അന്വയം:—

ഹേ ഇന്ദ്രാഗ്നീ, അവമസ്യാം
പൃഥിവ്യാം — സന്നികൃഷ്ടായാം അസ്യാം ഭൂമ്യാം
യൽ സ്ഥഃ — യദിവർത്തമാനൌ ഭവഥഃ
(യദിവാ) മധ്യമസ്യാം
(പൃഥിവ്യാം) — അന്തരിക്ഷലോകേ
ഉത പരമസ്യാം
(പൃഥിവ്യാം) — ഉൽകൃഷ്ടായാം, ദൂരേവർത്ത മാനായാം ദ്യുലോകേ വർത്തഥേ
അതഃ പരി ഹേ വൃഷണൌ,
ആ യാതം ഹി — ആഗച്ഛതമേവ
അഥ സുതസ്യ സോമസ്യ പിബതം

അർത്ഥം—അല്ലയോ ഇന്ദ്രാഗ്നികളേ, സമീപത്തുള്ള ഈ ഭൂമിയിൽ നിങ്ങൾ വർത്തിച്ചാലും, മധ്യത്തിലുള്ള അന്തരിക്ഷത്തിൽ വർത്തിച്ചാലും, പരമമായ, ഉൽകൃഷ്ടമായ സ്വർഗ്ഗത്തിൽ വർത്തിച്ചാലും, അവിടെ നിന്നെല്ലാം, അല്ലയോ കാമവർഷിതാക്കളേ, തീർച്ചയായും വന്നാലും, എന്നിട്ട് പതച്ചു സംസ്കരിച്ച സോമം കടിച്ചാലും

10 യദിന്ദ്രാഗ്നീപരമസ്യാം പൃഥിവ്യാ
മ്മധ്യമസ്യാമവമസ്യാമുതസ്ഥഃ
അതഃ പരിവൃഷണാവാഹിയാത
മഥാസോമസ്യ പിബതം സുതസ്യ

അന്വയം:—

ഹേ ഇന്ദ്രാഗ്നീ, യൽ (യദി)
പരമസ്യാം പൃഥിവ്യാം — ദ്യുലോകേ
മധ്യമസ്യാം (പൃഥിവ്യാം)— അന്തരിക്ഷേ
ഉത അവമസ്യാം
(പൃഥിവ്യാം) സ്ഥഃ — ഭൂമ്യാം വർത്തേഥേ

അതഃ പരി ഹേ വൃഷണൌ
ആ യാതം ഹി — ആഗച്ഛതമേവ
അഥ സുതസ്യ സോമസ്യ പിബതം

അൎത്ഥം—അല്ലയോ ഇന്ദ്രാഗ്നികളേ; സ്വൎഗ്ഗത്തിലൊ, അന്തരിക്ഷത്തിലോ, ഭൂമിയിലോ നിങ്ങൾ വൎത്തിച്ചാലും അവിടെ നിന്നെല്ലാം അല്ലയോ കാമവൎഷിതാക്കളേ, തീർച്ചയായും വന്നാലും എന്നിട്ടു ചതച്ചുസംസ്കരിച്ച സോമം കുടിച്ചാലും.

11 യദിന്ദ്രാഗ്നീദിവിഷ്ഠോയൽ പൃഥിവ്യാം
യൽപൎവ്വതേഷ്വോഷധീഷ്വപ്സു
അതഃ പരിവൃഷണാവാഹിയാത
മഥാസോമസ്യ പിബതം സുതസ്യ

അന്വയം:—

ഹേ ഇന്ദ്രാഗ്നീ, ദിവി
യൽ സ്ഥഃ — യദിദ്യുലോകേ ഭവഥഃ
യൽ പൃഥിവ്യാം,
പൎവ്വതേഷു, ഓഷധീഷു
അപ്—സു — യദിവാ ഭൂലോകേ,
മേൎവ്വാദിഷു, തിലമാഷവ്രീഹ്യാദിഷു, ഉദകേഷുസ്ഥഃ
ഹേ വൃഷണൌ അതഃ
പരി ആ യാതം ഹി — ആഗച്ഛതമേവ
അഥ സുതസ്യ സോമസ്യ പിബതം

അൎത്ഥം—അല്ലയോ ഇന്ദ്രാഗ്നികളേ, നിങ്ങൾ സ്വൎഗ്ഗത്തിലൊ, ഭൂമിയിലൊ, മേരു മുതലായ പൎവ്വതങ്ങളിലൊ, നെല്ല്, ഉഴുന്ന്, എള്ള് തൊട്ട സസ്യാദികളിലൊ വെള്ളങ്ങളിലൊ വൎത്തിച്ചാലും. അല്ലയോ കാമവൎഷകരേ, അവിടെ നിന്നെല്ലാം വന്നാലും എന്നിട്ടു ചതച്ച സംസ്കരിച്ച സോമം കുടിച്ചാലും.

12 യദിന്ദ്രാഗ്നീ ഉദിതാ സൂര്യസ്യ
മധ്യേദിവസ്സ്വധയാ മാദയേഥേ
അതഃപരിവൃഷണാ വാഹിയാത
മഥാസോമസ്യ പിബതം സുതസ്യ

അന്വയം:—

ഹേ ഇന്ദ്രാഗ്നീ, ഉൽ—ഇതാ
സൂര്യസ്യ — ഉദയം പ്രാപ്തസ്യാദിത്യസ്യ സംബന്ധിനഃ
ദിവഃ മധ്യേ — ദ്യോതമാനസ്യാന്തരിക്ഷസ്യ മദ്ധ്യഭാഗേ
സ്വധയാ യൽ മാദയേഥേ— ആത്മീയേന തേജസാ യസ്മാൽ തൃപ്തൌഭവഥഃ
(തസ്മാൽ) ഹേ വൃഷണൌ
അതഃ പരി ആ യാതം ഹി— ആഗച്ഛതമേവ
അഥ സുതസ്യ സോമസ്യ പിബതം

അത്ഥം—അല്ലയോ ഇന്ദ്രാഗ്നികളേ, ഉദിച്ചുയന്ന സൂര്യനെ സ്സംബന്ധിയ്ക്കുന്ന ദ്യോതമാനമായ അന്തരിക്ഷത്തിന്റെ നടുവിൽ നിങ്ങൾ സ്വതേജസ്സുകൊണ്ടു് (ലോകോപകാരത്തിന്നായി) യാതൊരു കാരണത്താൽ വത്തിയ്ക്കുന്നാവോ, ആ കാരണത്താൽ, അല്ലയോ കാമവഷിതാക്കളേ, അവിടെ നിന്നു് തീച്ച്യായും വന്നാലും. എന്നിട്ടു് ചതച്ചു സംസ്കരിച്ച സോമം കുടിച്ചാലും.

13 ഏവേന്ദ്രാഗ്നീപപിവാംസാസുതസ്യ
വിശ്വാസ്മഭ്യം സഞ്ജയതന്ധനാനി
തന്നോമിത്രോ വരുണോമാമഹന്താ
മദിതിസ്സിന്ധുഃ പൃഥിവീ

അന്വയം:-

ഹേ ഇന്ദ്രാഗ്നീ, സുതസ്യ
ഏവ പപി-വാംസാ — അഭിഷുതം സോമമേവ
പീതവന്തൌ യുവാം
അസ്മഭ്യം വിശ്വാ ധനാനി
സം ജയതം — പ്രയച്ഛതം
(യൽ പ്രാത്ഥിതം) തൽ
നഃ മിത്രഃ വരുണഃ
അദിതിഃ സിന്ധുഃ
പൃഥിവീ ഉത ദ്യൌഃ
മമഹന്താം — പൂജയന്താം

അത്ഥം—അല്ലയോ ഇന്ദ്രാഗ്നികളേ, ചതച്ച സംസ്കരിച്ച സോമം ഇപ്രകാരം കുടിച്ച നിങ്ങാം ഞങ്ങാംക്കു് എല്ലാ ഐശ്വര്യങ്ങളും തന്നരുളണം. ഈ പ്രാത്ഥിതത്തെ മിത്രനും വരുണനും അദിതിയും സിന്ധുവും പൃഥിവിയും ദ്യോവും കൊണ്ടാടട്ടെ.

വഗ്ഗം 28—29

1 വിഹ്യഖ്യം മനസാ വസ്യ ഇച്ഛ
ന്നിന്ദ്രാഗ്നീജ്ഞാസ ഉതവാസജാതാൻ
നാന്യായുവൽപ്രമതിരസ്തിമഹ്യം
സവാന്ധിയംവാജയന്തീമതക്ഷം

അന്വയം —

ഹേ ഇന്ദ്രാഗ്നീ, വസ്യഃ
ഇച്ഛൻ — പ്രശസ്തം ധനം കാമയമാനോഹം
ജ്ഞാസഃ ഉത വാ സ-
ജാതാൻ — ജ്ഞാതീനപിവാ
ബാന്ധവാൻ
മനസാ വി ഹി അഖ്യം — യുവാമേവജ്ഞാതിരൂപേണ,
ബന്ധുരൂപേണ ച
വ്യജ്ഞാസിഷം

യുവൽ അന്യാ	— യുവാഭ്യാം അന്യേനകേനചിൽ
മഹ്യം (ദത്താ) പ്ര—മതിഃ	— പ്രകൃഷ്ടാബുദ്ധിഃ
ന അസ്തി	— മദീയൈഷാ പ്രകൃഷ്ടാബുദ്ധിഃ യുവാഭ്യാമേവദത്താ
സഃ (അഹം) വാം	— യുവയോസ്സംബന്ധിനീം
വാജ-യന്തീം ധിയം	— അന്നമസ്മഭ്യമിച്ഛന്തീം സ്തുതിം
അതക്ഷം	— അകാർഷം

അർത്ഥം—അല്ലയോ ഇന്ദ്രാഗ്നികളേ, പ്രശസ്തമായ ഐശ്വര്യം കാംക്ഷിക്കുന്ന ഞാൻ ചാർച്ചക്കാരെയോ, (മററ്) ബന്ധുക്കളെയോ (അവർ ധനദാതാക്കളാണെങ്കിലും) ഗണിയ്ക്കുന്നില്ല. ചാർച്ചക്കാരായും ബന്ധുക്കളായും നിങ്ങളെത്തന്നെയാണ് കണക്കാക്കുന്നത്. നിങ്ങളാലല്ലാതെ, അന്യനാരാലും നല്ലപ്പെട്ടതല്ല എന്റെ മികച്ച ബുദ്ധി. അപ്രകാരമുള്ള ഞാൻ നിങ്ങളെസ്സംബന്ധിച്ചതും, എനിക്കന്നം (പുഷ്ടി) പ്രാർത്ഥിക്കുന്നതുമായ സ്തുതി ഉണ്ടാക്കിയിരിയ്ക്കുന്നു.

2 അശ്രവംഹിഭൂരിദാവത്തരാവാം
വിജാമാതുരുതവാഘാസ്യാലാൽ
അഥാസോമസ്യപ്രയതീയുവഭ്യാ
മിന്ദ്രാഗ്നീസ്തോമഞ്ജനയാമിനവ്യം

അന്വയം:—

ഹേ ഇന്ദ്രാഗ്നീ, വാം	— യുവാം
വി—ജാമാതുഃ	— ശ്രുതാദിരൂപ്യാദിഗുണൈർവ്വിഹീനഃ ജാമാതായഥാകന്യാവതേ ബഹുധനം പ്രയച്ഛതി, തതോതിശയേന
ഉത വാ സ്യാലാൽ	— സ്യം ശ്ലിഷ്ടം, തസ്മാൽലാജാൻ ആപവതി (വിവാഹകാലേ ഇതിസ്യാലഃ, കന്യാഭ്രാതാ) സഥഥാ ഭഗിനീപ്രീത്യർത്ഥം ധനം പ്രയച്ഛതിതതോപ്യതിശയേന

ഭൂരിദാവൽ–തരാ	— അതിശയേന ബഹുധനസ്യ ദാതാരൌ
അശ്രവം ഹി	— അശ്രൌഷം ഖലു
(തഥാചസതി) അഥ	
യുവ–ഭ്യാം സോമസ്യ	— അഭിഷുതസോമസ്യ
പ്ര–യതീ	— പ്രദാനേന സഹ
നവ്യം സ്തോമം	
ജനയാമി ഹ്യ	— നവതരംസ്തോത്രം നിഷ്പാദയാമി

അർത്ഥം—അല്ലയോ ഇന്ദ്രാഗ്നികളേ, വിദ്വത്വവും സൌന്ദര്യവുമില്ലാത്ത ജാമാതാവു് (മകളെ വിവാഹം ചെയ്യുന്നവൻ) കന്യകാരക്ഷിതാവിന്നു് ബഹുധനം കൊടുക്കുന്നതിലും എത്രയോ അധികവും, വിവാഹ വേളയിൽ മുറത്തിലെ മലർ കന്യകയ്ക്കെടുത്തു കൊടുക്കുന്ന ഭ്രാതാവു് (അളിയൻ) സഹോദരിയെ സ്നേഹിച്ചു് ധാരാളം ധനം കൊടുക്കുന്നതിലും വളരെ അധികവും, ധനം കൊടുക്കുന്നവരാണു് നിങ്ങളെന്നു് കേട്ടിട്ടുണ്ടല്ലൊ. അപ്രകാരമിരിക്കേ, നിങ്ങൾക്കു് ചതച്ചു സംസ്കരിച്ച സോമത്തോടൊപ്പം പുതുതായ സ്തോത്രവും ഉണ്ടാക്കുന്നു.

3 മാച്ഛേദ്മരശ്മീരിതിനാധമാനാഃ
പിതൄണാം ശക്തീരനുയച്ഛമാനാഃ
ഇന്ദ്രാഗ്നിഭ്യാങ്കം വൃഷണോമദന്തി
താഹ്യദ്രീധിഷണായാ ഉപസ്ഥേ

അന്വയം:—

രശ്മീൻ	— യഥാരശ്മയഃ, രജ്ജവഃ ദീർഘാഃ, അവിച്ഛിന്നാഭവന്തി ഏവമവിച്ഛിന്നാൻ പുത്രപൌത്രാദീൻ
മാ ഛേദ്മ ഇതി	— മാവിച്ഛിന്നാൻ കുർമ്മ ഇതിബുദ്ധ്യാ
നാധമാനാഃ	— ഇന്ദ്രാഗ്ന്യോസ്സകാശാൽ തഥാവിധാൻ പുത്രാദീൻ യാചമാനാഃ

(തദനന്തരം) പിതൄണാം
ശക്തീഃ — ശക്ത്യുൽപാദകാൻ, വീര്യോൽപാദകാൻ താൻ പുത്രാദീൻ
അനു–യച്ഛമാനാഃ — അനുക്രമേണ നിയതാൻ കുർവന്തഃ
വൃഷണഃ — സേക്താരഃ, പുത്രോൽപാദന സമർത്ഥാഃ, സപത്നീകാഃ (യജമാനാഃ)
ഇന്ദ്രാഗ്നി–ഭ്യാം കം — സുഖം യഥാഭവതി തഥാ
മദന്തി — സ്തുവന്തി
ഹി അദ്രി താ — യസ്മാൽ ശത്രൂൻ ആദൃണന്തൗ, ഹിംസന്തൗ, വിദാരയന്തൗ താവിന്ദ്രാഗ്നീ
ധിഷണായാഃ ഉപ–സ്ഥേ — സ്തുത്യാഃ ഉപസ്ഥാനേ, സമീപേ (ഭവതഃ)
(തസ്മാൽ തൽസാന്നിദ്ധ്യായ സ്തുവന്തി)

അർത്ഥം—നീണ്ട കയറുകൾ പോലെ പുത്രപൌത്രാദി പരമ്പര മുറിയാതെ നില്ക്കണമെന്നുകരുതി, ഇന്ദ്രാഗ്നികളുടെ അടുക്കൽ ആ വിധം പുത്രന്മാരെ യാചിക്കുന്നവരായി, പിന്നീട് പിതാക്കളുടെ ശക്തികളെ, വീര്യത്തെ, സ്വയം ഉല്പാദിപ്പിക്കുന്ന (അതായത് സ്വയം സന്താനോൽപാദനം ചെയ്യുന്ന) ആ പുത്രാദികളെ ക്രമത്തിൽ വളർത്തി നിയതശീലന്മാരാക്കി, അവർ സപത്നീകരായി, പുത്രോൽപാദന സമർത്ഥരായി അപ്രകാരമുള്ള യജമാനന്മാരാണ്, (പിതൃഭൂതന്മാരുടെ പ്രാർത്ഥനയും നിയന്ത്രണവും കൊണ്ട് സന്മാർഗ്ഗത്തിൽ ചരിച്ച് ഗൃഹസ്ഥന്മാരായ യജമാനന്മാരാണ്) ഇന്ദ്രാഗ്നികൾക്ക് ഏതുപ്രകാരമായാൽ ഇഷ്ടം വരുമോ, അപ്രകാരം, സ്തുതിക്കുന്നത് ശത്രുക്കളെ പിളർക്കുന്നവരായ ഇന്ദ്രാഗ്നികൾ സ്തുതിക്കുടയോർ എന്നുള്ളതുകൊണ്ട്, അവരുടെ സാന്നിദ്ധ്യത്തിന്നായി ആ യജമാനന്മാർ സ്തുതിക്കുന്നു.

4 യുവാഭ്യാംദേവീധിഷണാമദായേ
ന്ദ്രാഗ്നീസോമമുശതീ സുനോതി
താവശ്വിനാ ഭദ്ര ഹസ്താസുപാണീ
ആധാവ തമ്മധുനാ പൃങ്ക്തമപ്സു

അന്വയം –

ഹേ ഇന്ദ്രാഗ്നീ, യുവാഭ്യാം		
മദായ	—	യുവയോർഹർഷായ
ദേവീ ഉശതീ ധിഷണാ	—	ദ്യോതമാനാ യുവാം കാമയമാനാ മന്ത്രരൂപാവാക്
സോമം സുനോതി	—	സംസ്കവ്വതി
അശ്വിനാ ഭദ്ര–ഹസ്താ	—	അശ്വവന്തൌ, ശോഭനദോർദണ്ഡൌ
സു–പാണീ	—	(മണിബന്ധാദൂർദ്ധ്വഭാഗഃ പാണിഃ) ശോഭനപാണീ
തൌ (യുവാം) ആ		
ധാവതം	—	ശീഘ്രമാഗച്ഛതം
(ആഗത്യച) അപ്–സു	—	ഉദകേഷു (വർത്തമാനേന)
മധുനാ	—	മാധുര്യോപേതേന സാരാംശേന
പൃങ്ക്തം	—	അസ്മദീയം സോമം സംയോജയതം

അർത്ഥം–അല്ലയോ ഇന്ദ്രാഗ്നികളേ, നിങ്ങളുടെ ഹർഷത്തിന്നായി തിളങ്ങുന്നതും, നിങ്ങളെ കാമത്തോടുകൂടി ഉററുനോക്കുന്നതുമായ (നിങ്ങളുടെ സ്വീകാരത്തിൽ താല്പര്യമുള്ള) മന്ത്രരൂപമായ വാക്കാണ് സോമത്തെ സംസ്കരിക്കുന്നത് കുതിരകളോടുകൂടിയവരും, (ദാനംകൊണ്ട്) മംഗളഹസ്തന്മാരും, (ശക്തികൊണ്ട്) ശോഭനപാണികളുമായ ആ നിങ്ങൾ വേഗത്തിൽ വന്നാലും വന്നിട്ട് വെള്ളത്തിലുള്ള മധുരമായ സാരത്തോട് ഞങ്ങളുടെ സോമത്തെ സംയോജിപ്പിച്ചാലും.

5 യുവാമിന്ദ്രാഗ്നീ വസുനോവിഭാഗേ
തവസ്തമാശുശ്രവ വൃത്രഹത്യേ
താവാസദ്യാ ബർഹിഷിയജ്ഞേ അസ്മിൻ
പ്രചർഷണീ മാദയേഥാം സുതസ്യ വ 28

അന്വയം:–

ഹേ ഇന്ദ്രാഗ്നീ, വസുനഃ

വി–ഭാഗേ	—	സ്തോതൃഭ്യഃ ധനസ്യദാനേ വിഭജനേ (താല്പര്യേണ വർത്തമാനൌ)
യുവാം വൃത്ര–ഹത്യേ	—	വൃത്രാസുരസ്യ ഹനനേ
തവഃ–തമാ	—	അതിശയേന ബലിനൌ
ശുശ്രവ	—	അശ്രൌഷം
ഹേ ചർഷണീ,	—	സർവ്വസ്യദ്രഷ്ടാരൌ
തൌ (യുവാം) അസ്മിൻ		
യജ്ഞേ ബർഹിഷി	—	വേദ്യാമാസ്തീർണ്ണേ ദർഭേ
ആ–സദ്യ	—	ഉപവിശ്യ
സുതസ്യ പ്ര മാദയേഥാം	—	പ്രകർഷേണ തൃപ്തൌ ഭവതം

അത്ഥം–അല്ലയോ ഇന്ദ്രാഗ്നികളേ, സ്തോതാക്കൾക്ക് (അർഹതാനുസാരമായി) ധനം വിഭജിപ്പിക്കുന്നതിൽ താല്പര്യമുള്ള നിങ്ങൾ വൃത്രവധത്തിൽ അത്യന്തം ബലശാലികളായിരുന്നുവെന്ന് കേട്ടിട്ടുണ്ട്. അല്ലയോ എല്ലാററിനെയും കാണുന്നവരേ, ആ നിങ്ങൾ ഈ യജ്ഞത്തിൽ വേദിയിൽ വിരിച്ച ദർഭയിൽ വന്നിരുന്ന്, ചതച്ചു സംസ്കരിച്ച സോമത്തിൻെറ പാനത്താൽ ഏററവും തൃപ്തരായി ഭവിച്ചാലും.

6 പ്രചർഷണിഭ്യഃ പൃതനാഹവേഷു
പ്രപൃഥിവ്യാരിരിചാഥേ ദിവശ്ച
പ്രസിന്ധുഭ്യഃ പ്രഗിരിഭ്യോമഹിത്വാ
പ്രേന്ദ്രാഗ്നീവിശ്വാ ഭുവനാത്യന്യാ

അന്വയം —

ഹേ വജ്ര–ബാഹൂ,
ഇന്ദ്രാഗ്നീ, ആ ഭരതം — അസ്മദർത്ഥം ധനമാഹരതം
(ആഹൃത്യച) ശിക്ഷതം — അസ്മഭ്യംദത്തം
(അപിച) അസ്മാൻ
ശചീഭിഃ അവതം — അനുഷ്ഠാതൄൻ ആത്മീയൈഃ
കർമ്മഭിഃ രക്ഷതം
(കിഞ്ച) സൂര്യസ്യ യേഭിഃ — സൂര്യാത്മനഃ ഇന്ദ്രസ്യയൈഃ
അർച്ചിഭിഃ, രശ്മിഭിഃ
നഃ പിതരഃ — അസ്മാകം പൂർവ്വപുരുഷാഃ
സ–പിത്വം — സഹപ്രാപ്തവ്യം സ്ഥാനം
ആസൻ — ബ്രഹ്മലോകമഗച്ഛൻ
(അർച്ചിരാദിമാർഗ്ഗേണഹി
ഉപാസകാ ബ്രഹ്മലോകം
ഗച്ഛന്തി)
തേ രശ്മയഃ ഇമേ ന — ഇദാനീമസ്മാഭിർദൃശ്യമാനാഃ
ഏത ഏവ ഖലു

(സൂര്യാത്മന ഇന്ദ്രസ്യ യേ രശ്മയഃ, ത ഏവാഗ്നേരപി, തസ്മാത് സൂര്യസ്യ രശ്മീനാം സ്തവനേന ഇന്ദ്രാഗ്ന്യോരുഭയോരപിസ്തുതി സ്സിദ്ധാ)

അർത്ഥം—അല്ലയോ വജ്രപാണികളായ ഇന്ദ്രാഗ്നികളേ, ഞങ്ങൾക്ക് ധനം കൊണ്ടുവരണം, തരണം. കൂടാതെ കർമ്മാനുഷ്ഠാതാക്കളായ ഞങ്ങളെ കർമ്മങ്ങളാൽ രക്ഷിക്കണം. പിന്നെയോ, സൂര്യാത്മാവായ ഇന്ദ്രന്റെ ഏതേതു് അർച്ചിസ്സു (രശ്മി) കളിലൂടെ ഞങ്ങളുടെ കാരണവന്മാർ, ആ രശ്മികളോടൊന്നിച്ചു പോകാവുന്ന ബ്രഹ്മലോകം പ്രാപിച്ചുവോ അവ തന്നെയാണ(ആ രശ്മികൾ തന്നെയാണ)ല്ലോ ഞങ്ങളാലിപ്പോൾ കാണപ്പെടുന്നതു് (സൂര്യരശ്മികളിലൂടെയാണ് ബ്രഹ്മലോക പ്രാപിക്കുന്നതി സൂര്യാത്മാവായ ഇന്ദ്രന്റെ രശ്മികൾ

8 പുരന്ദരാശിക്ഷതം വജ്രഹസ്താ
സ്വാഇന്ദ്രാഗ്നീ അവതംഭരേഷു
തന്നോമിത്രോവരുണോമാമഹന്താ
മദിതിസ്സിന്ധുഃ പൃഥിവീഉതദ്യൌഃ

അന്വയം.—

ഹേ വജ്ര—ഹസ്താ, പുരം—ദരൗ, ഇന്ദ്രാഗ്നീ	— വജ്രഹസ്തൌ, അസുരപുരാണ ദാരയിതാരൌ,
ശിക്ഷതം	— അസ്മദപേക്ഷിതം ധനം പ്രയച്ഛതം
(അപിച) ഭരേഷു അസ്മാൻ അവതം	— സംഗ്രാമേഷു രക്ഷതം
(യൽ പ്രാൎത്ഥിതം) നഃ തൽ മിത്രഃ വരുണഃ അദിതിഃ സിന്ധുഃ പൃഥിവീ ഉത ദ്യൌഃ മമഹന്താം	— പൂജയന്താം

അൎത്ഥം—അല്ലയോ വജ്രപാണികളും അസുരപുരങ്ങ ളുക്കുന്നവരുമായ ഇന്ദ്രാഗ്നികളെ, ഞങ്ങളൎത്ഥിച്ച ധനം തന ണം. കൂടാതെ യുദ്ധങ്ങളിൽ ഞങ്ങളെ രക്ഷിയ്ക്കണം. ഈ ൎത്ഥിതത്തെ മിത്രനും വരുണനും അദിതിയും സിന്ധുവും പൃ വിയും ദ്യോവും കൊണ്ടാടട്ടെ

വൎഗ്ഗം 30—31. ത്രിഷ്ടുബ്ജഗത്യൌഛന്ദസീ ഋഭവോദേ

1 തതമേ അ ...

അന്വയം —

ഹേ ഋഭവഃ മേ അപഃ തതം	— മയാ അഗ്നിഷ്ടോമാദിരൂപം കർമ്മബഹുശഃ വിസ്താരിതം പൂർവ്വമനുഷ്ഠിതം
തത് ഉ പുനഃ തായതേ	— തദേവപുനഃ വിസ്താര്യതേ, അനുഷ്ഠീയതേ
(തത്ര) സ്വാദിഷ്ഠാ ധീതിഃ	— സ്വാദുതമാ, അതിശയേന പ്രീതികരാസ്തുതിഃ (ച)
ഉചഥായ ശസ്യതേ	— സ്തുത്യായ യുഷ്മൽഗണായ പഠ്യതേ
(അപി ച) ഇഹ സമുദ്രഃ അയം	— അസ്മിൻ യാഗേ സമുന്ദനശീലഃ, സോമരസഃ
വിശ്വ-ദേവ്യഃ	— വിശ്വേഭ്യോ ദേവേഭ്യഃ പര്യാപ്തോ യഥാ ഭവതി തഥാ സമ്പാദിതഃ
(തസ്യ) സ്വാഹാ-കൃതസ്യ	— സ്വാഹാകാരേണാഗ്നൗ പ്രക്ഷിപ്തസ്യ സോമസ്യ പാനേന
സം ഉ തൃപ്ണുത	— സമ്യഗേവ തൃപ്താഭവത

അർത്ഥം — അല്ലയോ ഋഭുക്കളേ എന്നാൽ മുമ്പ് അഗ്നിഷ്ടോമാദി കർമ്മം ധാരാളമായി അനുഷ്ഠിക്കപ്പെട്ടിട്ടുണ്ട് അതുതന്നെ വീണ്ടും (ഇതാ) അനുഷ്ഠിക്കപ്പെടുന്നു അതിൽ ഏററവും മധുരമായ നിങ്ങൾക്കു പ്രീതികരമായ സ്തുതിയും ചൊല്ലപ്പെടുന്നു കൂടാതെ ഈ യാഗത്തിൽ തിളച്ചു മേല്പോട്ടു വരുന്ന സോമരസം എല്ലാ ദേവന്മാർക്കും തികയത്തക്കവിധം ഒരുക്കിയിരിക്കുന്നു സ്വാഹാശബ്ദത്തോടുകൂടി അഗ്നിയിൽ ഹോമിക്കപ്പെടുന്ന ആ സോമത്തിന്റെ പാനത്താൽ നിങ്ങൾ സന്തൃപ്തരായി ഭവിച്ചാലും

2 ആഭോഗയം പ്രയദിച്ഛന്ത നൈതനാ
പാകാഃ പ്രാഞ്ചോ മമ കേചിദാപയഃ
സൌധന്വനാസശ്ചരിതസ്യ ഭൂമനാ
ഗച്ഛത സവിതുർദ്ദാശുഷോ ഗൃഹം.

അന്വയം —

(ഹേ ഋഭവഃ), അപാകാഃ	—	പരിപക്വജ്ഞാനാഃ
പ്രാഞ്ചഃ മമ ആപയഃ	—	പൂർവ്വകാലീനാമമജ്ഞാതയഃ
കേ ചിൽ (ഏവ)	—	ഏവം ഭൂതായേകേചനയൂയം
ആ—ഭോഗയം ഇച്ഛന്തഃ	—	ഉപഭോഗ്യം സോമമിച്ഛന്തഃ
യൽ പ്ര ഐതന	—	യദാ തപശ്ചരിതുമരണ്യം ഗതവന്തഃ
ഹേ സൌധന്വനാസഃ,	—	സുധന്വനഃ പുത്രാഃ,
(തദാനീം) ചരിതസ്യ ഭൂമനാ	—	സമുപാർജ്ജിതസ്യ തപസഃ ഭൂമ്നാ, ബഹുത്വേന
ദാശുഷഃ സവിതുഃ ഗൃഹം അഗച്ഛത	—	തപസാലബ്ധ സോമാസ്സന്തഃ സവിതുസ്സംബന്ധി യജ്ഞഗൃഹം കൃതപാനാഃ യൂയം ഗതവന്തഃ

അർത്ഥം—അല്ലയോ ഋഭുക്കളേ, തികഞ്ഞ ജ്ഞാനത്തോടു കൂടിയവരായ എൻെറ പൂർവ്വന്മാരായ ജ്ഞാനികളിൽ ചിലരായ നിങ്ങൾ ഉപഭോഗ്യമായ സോമത്തെ ഇച്ഛിക്കുന്നവരായി എപ്പോൾ തപസ്സനുഷ്ഠിപ്പാൻ കാട്ടിൽ പോയോ അപ്പോഴാണല്ലൊ, സൌധന്വനന്മാരേ, (സുധന്വാവിൻെറ പുത്രന്മാരേ,) ചെയ്ത തപസ്സിൻെറ മഹത്വംകൊണ്ടു് ദാതാവായ സവിതാവിൻെറ യജ്ഞഗൃഹത്തിലെത്തി, തപസ്സുകൊണ്ടു് സോമം ലഭിച്ചവരായും കടിച്ചവരായും നിങ്ങൾ പോന്നതു്

3 തൽസവിതാവോഽമൃതത്വമാസുവ
ദഗോഹ്യം യച്ഛ്രവയന്ത ഐതന
ത്യംചിച്ചമസമസുരസ്യ ഭക്ഷണ
മേകംസന്തമകൃണുതാ ചതുർവ്വയം

അന്വയം:—

(ഹേ ഋഭവഃ) യൽ — യദാ (യൂയം)
അഗോഹ്യം — ഗ്രഹീതുമശക്യം, സർവ്വൈർദൃശ്യമാനം സവിതാരം
ശ്രവയന്തഃ — അപേക്ഷിതം സോമപാനം വിജ്ഞാപയന്തസ്സന്തഃ
ഐതന — ആഗച്ഛത
(യസ്മാൽ യൂയം ദേവൈരാജ്ഞാപിതാസ്സന്തഃ)
അസുരസ്യ — ത്വഷ്ടുസ്സംബന്ധിനം, തേനനിർമ്മിതം
ഭക്ഷണം — സോമപാനസാധനം
ത്യം ചമസം — തം പാത്രം
ഏകം ചിൽ സന്തം — അസഹായമേവ
ചതുഃ—വയം അകൃണുത — ചതുർവ്യൂഹം കൃതവന്തഃ
(സൃഷ്ട്യാദൌ ത്വഷ്ടാ കൃതം ചമസം ഹോതൃചമസാദിമുഖ്യ ചമസചതുഷ്ടയരൂപേണ ഋഭവഃ കൃതവന്തഃ)
തൽ സവിതാ — തദാ സർവ്വസ്യ പ്രേരകോദേവഃ
വഃ അമൃത—ത്വം ആ
അസുവൽ — യുഷ്മാകം ദേവത്വം ആഭിമുഖ്യേന ദത്തവാൻ

അർത്ഥം—അല്ലയോ ഋഭുക്കളേ, നിങ്ങൾ, ആർക്കും മറക്കാൻ കഴിയാത്ത, ഏവർക്കും കാണപ്പെടുന്ന സവിതാവിനോട് ആഗ്രഹിക്കുന്ന സോമപാനം അറിയിക്കുന്നവരായിച്ചെന്ന്, ദേവന്മാരാൽ കല്പിക്കപ്പെട്ടവരായി, ത്വഷ്ടാവെന്ന അസുരനാൽ ഉണ്ടാക്കപ്പെട്ട സോമപാന പാത്രമായ ചമസത്തെ (ഒന്നായിത

ന്നതിനെ) ഹോത്രചമസം മുതലായി നാലാക്കിച്ചെയ്തു.' അപ്പോൾ സൎവ്വപ്രേരകനായ സവിതാവ് നിങ്ങൾക്ക് ദേവത്വം നേരിട്ടു നല്കുകയാണല്ലൊ ഉണ്ടായതു്.

4 വിഷ്ട്വീശമീതരണിത്വേന വാഘതോ
മൎത്താസസ്സന്തോ അമൃതത്വമാനശുഃ
സൌധന്വനാഋഭവസ്സൂരചക്ഷസ
സ്സംവത്സരേസമപൃച്യന്തധീതിഭിഃ

അന്വയം:-

വാഘതഃ	— ഋത്വിജഃ, അത്രൈതരുപേതാ ഋഭവഃ
ശമീ	— യാഗദാനാദീനി കൎമ്മാണി
തരണി–ത്വേന	— ക്ഷിപ്രത്വേന, ശൈഘ്ര്യേണ
വിഷ്ട്വീ	— വ്യാപ്യ, കൃത്വാ
മൎത്താസഃ സന്തഃ	— മനുഷ്യാസ്സന്തോപി
അമൃത–ത്വം ആനശുഃ	— കൃതൈഃ കൎമ്മഭിരാനശിരേ, ലേഭിരേ
(ദേവത്വം പ്രാപ്യച)	
സൌധന്വനാഃ	— സുധന്വനഃ പുത്രാഃ
സൂര–ചക്ഷസഃ ഋഭവഃ	— സൂൎയ്യസമാന പ്രകാശാസ്തേ
സംവത്സരേ	— സംവത്സരാവയവഭൂതേവസന്താദികാലേ അനുഷ്ഠേയൈഃ
ധീതി–ഭിഃ	— അഗ്നിഷ്ടോമാദികൎമ്മഭിഃ
സം അപൃച്യന്ത	— സംയുക്താ അഭവൻ, ഹവിർഭാഗാർഹാ ബഭൂവുഃ

അൎത്ഥം—ഋത്വിക്കുകളോടുകൂടിയ ഋഭുക്കൾ യാഗം, ദാനം മുതലായ കൎമ്മങ്ങളെ, വേഗതയോടുകൂടി (ആലസ്യമില്ലാതെ, ഒന്നിനമേൽ ഒന്നായി) ചെയ്തിട്ടു്, മനുഷ്യരായിരുന്നിട്ടും, ചെയ്യപ്പെട്ട കൎമ്മങ്ങളാൽ, ദേവത്വം പ്രാപിച്ചു ദേവത്വം പ്രാപിച്ചിട്ടു, സൌധന്വനന്മാർ സൂൎയ്യന്നു തുല്യമായ പ്രകാശമുള്ള ഋഭുക്കൾ

ളായ വസന്താദികാലങ്ങളിൽ അനുഷ്ഠിയ്ക്കപ്പെടേണ്ട അഗ്നിഷ്ടോമാദി കമ്മങ്ങളോട് ചേൻനവരായി അതായത് അവയിൽ ഹവിർഭാഗത്തിന്നർഹരായി.

5 ക്ഷേത്രമിവവിമമുസ്തേജനേന്

ഏകംപാത്രമൃഭവോജേഹമാനം

ഉപസ്തുതാ ഉപമന്നാധമാനാ

അമർത്ത്യേഷുശ്രവ ഇച്ഛമാനാഃ വ. 30

അന്വയം;—

ഉപ–സ്തുതാഃ ഋഭവഃ	—	സമീപസ്ഥൈഃ ഋഷിഭിസ്തുതാഃ ഋഭവഃ
ജേഹമാനം	—	ഹോമക്രിയാംപ്രതി പ്രയതമാനം
ഏകം പാത്രം	—	പാനസാധനം ത്വഷ്ടാനിമ്മിതം ചമസംമാനദണ്ഡേന
ക്ഷേത്രം–ഇവ	—	ഭൂമിമിവ
ഉപ–മം നാധമാനാഃ	—	സവ്വേഷാമുപമാനഭൂതം, പ്രശസ്തം സോമലക്ഷണമന്നം യാചമാനാഃ
തേ ജനേന	—	തീക്ഷ്ണേന ശസ്ത്രേണചമസം ചതുഷ്ടയരൂപേണകൃത്വാ
വി മമുഃ	—	വിശേഷേണമാനം കൃതവന്തഃ
അമർത്ത്യേഷു	—	മരണധമ്മരഹിതേഷുദേവേഷു മദ്ധ്യേ
ശ്രവഃ ഇച്ഛമാനാഃ	—	ഹവിർല്ലക്ഷണമന്നമിച്ഛന്തഃ (തല്ലാഭായചമസം ചതുരഃ)

അൎത്ഥം—ഋഷികളാൽ അടുത്തിരുന്ന് സ്തുതിയ്ക്കപ്പെട്ട ഋഭുക്കരം ഹോമക്രിയയ്ക്കൊരുക്കിയതും ത്വഷ്ടാവിനാൽ നിൎമ്മിയ്ക്കപ്പെട്ടതുമായ പാനപാത്രത്തെ (ചമസത്തെ) ഭൂമിയെപ്പോലെ അളന്ന്, ഉപമാനഭൂതവും ഉൽക്കൃഷ്ടവുമായ സോമരസം ആഗ്രഹിക്കുന്നവരായി, മൂൎച്ചയുള്ള ആയുധംകൊണ്ട് നാലാകത്തക്കവിധം മുറിച്ചു. ദേവന്മാരുടെ ഇടയിൽ തങ്ങരംക്കും ഹവിരന്നമിച്ഛിച്ച അവർ അതു കിട്ടാൻവേണ്ടിയാണ് ചമസത്തെ നാലാക്കിയതു്.

6 ആമനീഷാ മന്തരിക്ഷസ്യ നൃഭ്യേ

സ്സ്രുചേവഘൃതഞ്ജുഹവാമവിദ്മനാ

തരണിത്വായേ പിതുരസ്യസശ്ചിര

ഋഭവോ വാജമരുഹന്ദിവോരജഃ

അന്വയം:—

അന്തരിക്ഷസ്യ നൃ—ഭ്യഃ — അന്തരിക്ഷലോകസ്യ സംബന്ധിഭ്യഃ നേതൃഭ്യഃ ഋഭുഭ്യഃ

സ്രുചാ—ഇവ — യഥാസ്രുചാ, ജുഹ്വാ

ഘൃതം ആ ജുഹവാമ — ആജ്യോപേതം ഹവിഃ യഥാശാസ്ത്രം പ്രയച്ഛാമ

(ഏവമേവ) മനീഷാം വിദ്മനാ — സ്തുതിംജ്ഞാനേന (കുൎമ്മഃ)

(അപിച) യേ ഋഭവഃ

പിതുഃ — സൎവ്വസ്യ ജഗതഃ പാലകസ്യ

അസ്യ തരണി—ത്വാ — സൂൎയ്യസ്യ തരണിത്വാനി, തരണകൌശലാനി

സശ്ചിരേ — സൂൎയ്യരശ്മി ഭൂതാസ്സന്തഃ പ്രാപുഃ

(തേ) ദിവഃ രജഃ — ഋഭവഃ ദ്യോതമാനസ്യ സ്വൎഗ്ഗലോകസ്യ സംബന്ധിനം

വാജം അരുഹൻ — യാഗദാനാദിഭിഃ കൎമ്മഭിഃ ചമസചതുഷ്ടയകരണാദി

അർത്ഥം—അന്തരിക്ഷലോകത്തിന്റെ മദ്ധ്യത്തിലുള്ളവരും യജ്ഞനേതാക്കളുമായ ഋഭുക്കൾക്ക് ജുഹുകൊണ്ടെന്നപോലെ നെയ്യുപസ്തരിച്ച ഹവിസ്സ് ശാസ്ത്രപ്രകാരമർപ്പിക്കുന്നു, (ഹോമിക്കുന്നു) അതുപോലെത്തന്നെ ജ്ഞാനത്തോടുകൂടി സ്തുതിചൊല്ലുന്നു കൂടാതെ, യാവരായ ഋഭുക്കൾ സവ്വജഗൽപാലകനായ സൂര്യന്റെ തരണകൌശലങ്ങളെ (ദുഘടങ്ങളിൽ നിന്ന് കരകടത്താനുള്ള സാമത്ഥ്യങ്ങളെ) സൂര്യരശ്മികൾ തന്നെയായിത്തീൎന്ന് പ്രാപിച്ചുവോ, അവർ (ഋഭുക്കൾ) പ്രകാശിക്കുന്ന സ്വൎഗ്ഗത്തിന്റെ സോമരസത്തെ യാഗദാനാദി കമ്മങ്ങളാലും, ചമസത്തെ നാലാക്കി ചെയ്യുയാലും പ്രാപിച്ചു

7 ഋഭുൎന്ന ഇന്ദ്രശ്ശവസാ നവീയാ
നൃഭുൎവ്വാജേഭിൎവ്വസുഭിൎവ്വസുൎദ്ദദിഃ
യുഷ്മാകന്ദേവാ അവസാഹനിപ്രിയേഽ
ഭിതിഷ്ഠേമ പൃത്സുതീരസുന്വതാം

അന്വയം:—

(ഋഭുൎവ്വിഭ്വാവാജ ഇതി ത്രയഃ സുധന്വനഃ പുത്രാഃ)
(തത്ര) ശവസാ
നവീയാൻ — ബലേന നവതരഃ പ്രശസ്തതരഃ
ഋഭുഃ നഃ ഇന്ദ്രഃ — അസ്മാകം രക്ഷകഃ
(അപി ച) വാജേഭിഃ
വസു—ഭിഃ — അന്നൈഃ, നിവാസഹേതുഭൂതൈ ധനൈഃ (ച)
ഋഭുഃ വസുഃ ദദിഃ — അസ്മാകം നിവാസയിതാ, അന്നാനാം ധനാനാം ച ദാതാ (ഭവതു)
ഹേ ദേവാഃ, — ഋഭുപ്രഭൃതയഃ,
യുഷ്മാകം അവസാ — രക്ഷണേന യുക്താ

(അപി ച) സൌധന്വ
നാസഃ നരഃ — സുധന്വനഃ പുത്രാ നേതാരഃ
സു-അപസ്യയാ — ശോഭനേകർമ്മേച്ഛയാ, യാഗാദ്യാ ചരണേന
ജിവ്രീ പിതരാ — വൃദ്ധൌ മാതാപിതരൌ
യുവാനാ അകൃണോതന — പുനർയൌവ്വനോപേതൌ അകൃഥാം

അർത്ഥം—പണ്ടു് ഒരു ഋഷിയുടെ പശു ചത്തു. ആ ഋഷി പൈക്കുട്ടിയെക്കണ്ടു് ഋഭുക്കളെ സ്തുതിച്ചു. ഋഭുക്കാം അതുപോലെ മറെറാരു പശുവിനെ ഉണ്ടാക്കി, ചത്ത പശുവിൻെറ തോൽ കൊണ്ടു മൂടി പൈക്കുട്ടിയോടു ചേർത്തു. വൃദ്ധരായ തൻെറ പിതാക്കാംക്കു് അവർ വീണ്ടും യൌവ്വനം കൊടുത്തു. അതു രണ്ടുമാണു് ഈ ഋക്കിൽ സൂചിപ്പിക്കുന്നതു്.

അല്ലയോ ഋഭുക്കളേ, നിങ്ങാം തോലുകൊണ്ടു് പശുവിനെ തികച്ചും യോജിപ്പിച്ചുവല്ലൊ. പിന്നെ തള്ളപ്പയ്യിനെ പൈക്കുട്ടിയോടു വേണ്ടപോലെ ചേർക്കുകയും ചെയ്തു കൂടാതെ അല്ലയോ സുധന്വപുത്രന്മാരേ, നേതാക്കളേ, യാഗാദികർമ്മങ്ങളിലുള്ള ശ്രദ്ധകൊണ്ടും ആചരണം കൊണ്ടും നിങ്ങാം വൃദ്ധരായ മാതാപിതാക്കളെ വീണ്ടും യുവാക്കളാക്കി.

9 വാജേഭിർന്നോ വാജസാതാവവിഡ്ഢ്യൃ

ഭുമാ ഇന്ദ്രചിത്രമാദർഷിരാധഃ

തന്നോമിത്രോ വരുണോ മാമഹന്താ

മദിതിസ്സിന്ധുഃ പൃഥിവീ ഉതദ്യൌഃ വ. 31

അന്വയം:—

(അപി ച) ചിത്രം രാധഃ
ആ ദർഷി — ചായനീയം ധനം അസ്മഭ്യം ദാതും ആദ്രിയസ്വ
(യൽ പ്രാർത്ഥിതം) തൽ
നഃ മിത്രഃ വരുണഃ
അദിതിഃ സിന്ധുഃ
പൃഥിവീ ഉത ദ്യൌഃ
മമഹന്താം — പൂജയന്താം

അർത്ഥം—അല്ലയോ ഇന്ദ്ര, മരുത്തുക്കളോടു കൂടിയ അവിടുന്നു് യുദ്ധത്തിൽ കുതിരകളാൽ (സഹായിച്ചു്) ഞങ്ങളെ രക്ഷിച്ചാലും. കൂടാതെ മനോഹരമായ ധനം ഞങ്ങൾക്കു തരുവാൻ ശ്രദ്ധിച്ചാലും. ഞങ്ങളുടെ ഈ പ്രാർത്ഥനയെ മിത്രനും വരുണനും അദിതിയും സിന്ധുവും പൃഥിവിയും ദ്യോവും പുകഴ്ത്തട്ടെ.

വർഗ്ഗം 32

1 തക്ഷന്രഥം സുവൃതം വിദ്മനാപസ
സ്തക്ഷന്ഹരീ ഇന്ദ്രവാഹാ വൃഷണ്വസൂ
തക്ഷൻ പിതൃഭ്യോമൃഭവോ യുവദ്വയ
സ്തക്ഷൻവത്സായ മാതരംസചാഭുവം

അന്വയം:—

വിദ്മനാ—അപസഃ
ഋഭവഃ — ഉൽകൃഷ്ടേന ജ്ഞാനേന നിഷ്പാദ്യ കർമ്മാണഃ, ലബ്ധകർമ്മാണഃ തേ
(അശ്വിനോഃ) രഥം
സു–വൃതം — ശോഭനവർത്തനം
തക്ഷൻ — അകുർവ്വൻ
(തഥാ) വൃഷൺ–വസൂ — സേചനസമർത്ഥേന ധനേന യുക്തൌ
ഇന്ദ്ര–വാഹാ ഹരീ — ഇന്ദ്രസ്യ വാഹനഭൂതാവശ്വൌ

(അപി ച) ചിത്രം രാധഃ
ആ ദർഷി — ചായനീയം ധനം അസ്മഭ്യം ദാതും ആദ്രിയസ്വ
(യൽ പ്രാൎത്ഥിതം) തൽ
നഃ മിത്രഃ വരുണഃ
അദിതിഃ സിന്ധുഃ
പൃഥിവീ ഉത ദ്യൌഃ
മമഹന്താം — പൂജയന്താം

അൎത്ഥം—അല്ലയോ ഇന്ദ്ര, ഋഭുക്കളോടു കൂടിയ അവിടുന്ന് യുദ്ധത്തിൽ കുതിരകളാൽ (സഹായിച്ച്) ഞങ്ങളെ രക്ഷിച്ചാലും. കൂടാതെ മനോഹരമായ ധനം ഞങ്ങൾക്കു തരുവാൻ ശ്രദ്ധിച്ചാലും. ഞങ്ങളുടെ ഈ പ്രാൎത്ഥനയെ മിത്രനും വരുണനും അദിതിയും സിന്ധുവും പൃഥിവിയും ദ്യോവും പുകഴ്ത്തട്ടെ

വൎഗ്ഗം 32

1 തക്ഷന്രഥം സുവൃതം വിദ്മനാപസ
സ്തക്ഷന്ഹരീ ഇന്ദ്രവാഹാ വൃഷണ്വസൂ
തക്ഷൻ പിതൃഭ്യാമൃഭവോ യുവദ്വയ
സ്തക്ഷൻവത്സായ മാതരംസചാഭുവം

അന്വയം:—

വിദ്മനാ-അപസഃ
ഋഭവഃ — ഉൽകൃഷ്ടേന ജ്ഞാനേന നിഷ്പാദ്യ കൎമ്മാണഃ, ലബ്ധകൎമ്മാണഃ തേ
(അശ്വിനോഃ) രഥം
സു-വൃതം — ശോഭനവൎത്തനം
തക്ഷൻ — അകുൎവ്വൻ
(തഥാ) വൃഷൺ-വസൂ — സേചനസമൎത്ഥേന ധനേന യുക്തൌ
ഇന്ദ്ര-വാഹാ ഹരീ — ഇന്ദ്രസ്യ വാഹനഭൂതാവശ്വൌ

തക്ഷൻ	— കൃതവന്തഃ
(അപിച) പിതൃ-ഭ്യാം	— സ്വകീയാഭ്യാം വൃദ്ധാഭ്യാം മാതാപിതൃഭ്യാം
യുവത് വയഃ	— യൌവ്വനോപേതമായുഃ
തക്ഷൻ	— കൃതവന്തഃ
(തഥാ) വത്സായ	
മാതരം (ഗാം)	
സചാ-ഭുവം	— സഹവത്തമാനം
തക്ഷൻ	— അകൾപ്പൻ

അർത്ഥം—ഉൽകൃഷ്ടജ്ഞാനത്താൽ കർമ്മം നേടിയവരായ ഋഭുക്കൾ അശ്വികളുടെ തേർ നന്നാക്കി അതുപോലെ ഭാനോ സുകമായ ധനത്തോടുകൂടിയ ഇന്ദ്രവാഹനങ്ങളായ ഹരികളെന്ന കുതിരകളെ അവരാണുണ്ടാക്കിയതു് കൂടാതെ വൃദ്ധരായ സ്വന്തം മാതാപിതാക്കൾക്കു് പുതുതായി യൌവ്വനമുണ്ടാക്കി അതുപോലെ പൈക്കുട്ടിയെ തള്ളപ്പയ്യിനോടു ചേർത്തു (രണ്ടാമദ്ധ്യായത്തിൽ ഒന്നാം വർഗ്ഗത്തിൽ 'തക്ഷൻനാസത്യാഭ്യാം' എന്നു തുടങ്ങുന്നതും പിന്നത്തേതും ഋക്കുകളിൽ ഇതേ സംഗതി പ്രതിപാദിക്കുന്നു)

2 ആനോയജ്ഞായതക്ഷത ഋഭുമദ്വയഃ
ക്രത്വേദക്ഷായസുപ്രജാവതീമിഷം
യഥാക്ഷയാമസർവ്വവീരയാവിശാ
തന്നശ്ശർദ്ധായധാസഥാസ്വിന്ദ്രിയം

അന്വയം —

(ഹേ ഋഭവഃ) നഃ	
യജ്ഞായ	— അസ്മാകം യജ്ഞാത്ഥം
ഋഭു-മത് വയഃ	— ഉത്ഭാസമാനം ഹവിർല്ലക്ഷണമന്നം
ആ തക്ഷത	— ആസമന്താദുല്പാദയത

ക്രതോ ദക്ഷായ	—	ക്രതവേ, അസ്മദീയായകർമ്മണേ ബലായ (ച)
സു—പ്രജാവതീം ഇഷം	—	ശോഭനാഭിഃ പുത്രപൌത്രാദി ലക്ഷണാഭിഃ പ്രജാഭിര്യുക്തമന്നം (ആതക്ഷത)
(അപിച) സർവ്വ-വീരയാ	—	സർവ്വൈർവ്വീരൈഃ പുത്രാദിഭിരു പേതയാ
വിശാ	—	പ്രജയാസഹ
യഥാ ക്ഷയാമ	—	സുഖേനനിവസേമ
തൽ ഇന്ദ്രിയം	—	താദൃശം ധനം
നഃ ശർദ്ധായ സു ധാസഥ	—	അസ്മാകം ബലാർത്ഥം സുഷ്ഠുധത്ത പ്രയച്ഛത

അർത്ഥം—അല്ലയോ ഋഭുക്കളേ, ഞങ്ങളുടെ യജ്ഞത്തിന്ന് തെളുതെളെ മിന്നുന്ന ഹവിസ്സിനുള്ള അന്നം പൂർണ്ണമായുല്പാദിപ്പിച്ചാലും. ഞങ്ങളുടെ കർമ്മത്തിന്നും ബലത്തിന്നുംവേണ്ടി സൽപുത്രപൌത്രാദികളോടുകൂടിയ പുഷ്ടിയുണ്ടാക്കിയാലും. കൂടാതെ വീരപുത്രാദികളോടുകൂടിയ ഞങ്ങൾ സസുഖം നിവസിയ്ക്കാവൂ. ആ സുഖത്തിന്ന് പര്യാപ്തമായ ധനം ഞങ്ങളുടെ ബലത്തിന്നായി നന്നായിതന്നരുളിയാലും.

3 ആതക്ഷതസാതിമസ്മഭ്യമൃഭവ
സ്സാതിംരഥായസാതിമർവ്വതേനരഃ
സാതിന്നോജൈത്രീം സമ്മഹേതവിശ്വഹാ
ജാമിമജാമിം പൃതനാസുസക്ഷണിം

അന്വയം —

ഹേ നരഃ ഋഭവഃ		
അസ്മഭ്യം	—	അനുഷ്ഠാതൃഭ്യഃ
സാതിം ആ തക്ഷത	—	സംഭജനീയം ധനം ആ സമന്താൽ കുരുത
(അസ്മദീയായ) രഥായ സാതിം	—	(ആതക്ഷത)

(തഥാ) അപ്നതേ സാതിം — അശ്വായാന്നം (ആതക്ഷത)
(കിഞ്ച) വിശ്വഹാ നഃ — സർവ്വേഷ്വഹസ്സ്വസ്മാകം
ജൈത്രീം സാതിം — ജയശീലമപരിമിതം ധനം
സം മഹേത — സർവ്വോജനഃ സമ്യക്പൂജയതു
(വയഞ്ച) പൃതനാസു — സംഗ്രാമേഷു
സക്ഷണിം — അസ്മാനഭിഭവന്തം
ജാമിം അജാമിം — സഹജാതം, സഹാനൽപന്നം ശത്രും
(യുഷ്മൽ പ്രസാദാദഭിഭവേമ)

അർത്ഥം—അല്പയോ നേതാക്കളായ ഋഭുക്കളേ, അനുഷ്ഠാതാക്കളായ ഞങ്ങൾക്ക്, നേടേണ്ടും ധനം തികച്ചുമുണ്ടാക്കിയാലും. ഞങ്ങളുടെ രഥത്തിന്ന് പുഷ്ടിയുണ്ടാക്കിയാലും. കുതിരയ്ക്ക് അന്നം തികച്ചുമുണ്ടാക്കിയാലും. കൂടാതെ ഞങ്ങളുടെ,ജയശീലവും അപരിമിതവുമായ ധനത്തെ എന്നും എല്ലാ ജനങ്ങളും മാനിയ്ക്കട്ടെ. യുദ്ധങ്ങളിൽ എതിരിടുന്ന ശത്രുവിനെ, ചാർച്ചക്കാരനായാലും അല്ലെങ്കിലും നിങ്ങളുടെ പ്രസാദംകൊണ്ട് ഞങ്ങൾ ജയിച്ചാവു.

4 ഋഭുക്ഷണമിന്ദ്രമാഹുവഊതയ
ഋഭൂൻവാജാൻ മരുതസ്സോമപീതയേ
ഉഭാമിത്രാവരുണാനൂനമശ്വിനാ
തേനോഹിന്വന്തുസാതയേധിയേജിഷേ

അന്വയം—

ഋഭുക്ഷണം ഇന്ദ്രം ഊതയേ
ആ ഹുവേ — മഹാന്തമിന്ദ്രം രക്ഷണായാഹ്വയാമി
(തഥാ) ഋഭൂൻ വാജാൻ — ത്രീൻ സുധന്വനഃ പുത്രാൻ
മരുതഃ (ച) സോമപീതയേ — സോമപാനാർത്ഥം (ആഹ്വയാമി)

(തഥാ) ഉഭാ	— യുഗളരൂപേണ സംഹത്യ വത്തമാനൌ
(ദെവൌ) മിത്രാവരുണാ	
അശ്വിനാ	— മിത്രാവരുണാവശ്വിനൌച
നൂനം	— അവശ്യം സോമപാനാത്ഥം (ആഹ്വയാമി)
(അപിച ആഹൂതാഃ	
ഇന്ദ്രാദയഃ) തേ നഃ	— അസ്മാൻ
സാതയേ, ധിയേ	— ധനായ, ധനസാദ്ധ്യായ കമ്മണേ
ജിഷേ	— ശത്രൂണാം ജയാത്ഥം (ച)
ഹിന്വന്തു	— പ്രേരയന്തു, ഗമയന്തു

അത്ഥം—മഹാനായ ഇന്ദ്രനെ രക്ഷയ്ക്കായി വിളിയ്ക്കുന്നു അതുപോലെ ഋഭു, വിഭ്വാവ്, വാജൻ എന്നീ ഋഭുക്കളെയും മരുത്തുക്കളെയും സോമപാനത്തിന്നായി വിളിയ്ക്കുന്നു ഇരട്ടകളായി വത്തിയ്ക്കുന്ന മിത്രവരുണന്മാരെയും അശ്വികളെയും സോമപാനത്തിന്നു് അവശ്യം വിളിയ്ക്കുന്നു അങ്ങിനെ വിളിയ്ക്കപ്പെട്ട ഇന്ദ്രാദിദേവന്മാർ ഞങ്ങളെ ധനത്തിലേയ്ക്കും, ധനപ്രാപ്തിയ്ക്കുള്ള കമ്മത്തിലേയ്ക്കും ശത്രുജയത്തിലേയ്ക്കും എത്തിയ്ക്കട്ടെ

5 ഋഭുഋരായസംശിശാതുസാതിം
സമര്യജിദ്വാജോ അസ്മാ അവിഷ്ടു
തന്നോമിത്രോ വരുണോമാമഹന്താ
മദിതിസ്സിന്ധുഃ പൃഥിവീ ഉതദ്യൌഃ വ 32

അന്വയം —

ഋഭുഃ സാതിം	— പ്രഥമഃ അസ്മാകം ധനം
രായ സം ശിശാതു	— സംഗ്രാമാത്ഥം തീക്ഷ്ണീകരോതു (സംഗ്രാമോചിതധനമസ്മഭ്യം പ്രയച്ഛതു)

(തഥാ) സമര്യ-ജിൽ
വാജഃ — സംഗ്രാമജേതാ തൃതീയഃ
അസ്മാൻ അവിഷ്ടു — സ്തോതൄൻ അവതു
സംഗ്രാമാദ്രക്ഷതു
(യൽ പ്രാൎത്ഥിതം) തൽ നഃ മിത്രഃ വരുണഃ അദിതിഃ സിന്ധുഃ പൃഥിവീ ഉത ദ്യൌഃ മമഹന്താം–പൂജയന്താം

അൎത്ഥം.- ഋഭുകളിൽ ഒന്നാമൻ ഞങ്ങളുടെ ധനത്തിന്ന് യുദ്ധത്തിന്ന വേണ്ട മൂൎച്ച കൂട്ടട്ടെ. അതായത്് യുദ്ധാവശ്യമായ ധനം തന്നരുളട്ടെ. അതുപോലെ യുദ്ധജേതാവായ വാജൻ, ഋഭുക്കളിൽ മൂന്നാമൻ, ഞങ്ങളെ യുദ്ധത്തിൽ രക്ഷിയ്ക്കട്ടെ. ഞങ്ങളുടെ ഈ പ്രാൎത്ഥനയെ മിത്രനും വരുണനും അദിതിയും സിന്ധുവും പൃഥിവിയും ദ്യോവും കൊണ്ടാടട്ടെ.

വൎഗ്ഗം 33–34–35–36–37. ദ്യാവാപൃഥിവ്യാവശ്യശ്വിനൌ ദേവതാ

1 ഈളേദ്യാവാപൃഥിവീ പൂൎവ്വചിത്തയേ
ഗ്നിങ്ഘൎമ്മം സുരുചം യാമന്നിഷ്ടയേ
യാഭിൎഭരേകാരമംശായജിന്വഥ
സ്താഭിരുഷുഊതിഭിരശ്വിനാഗതം

അന്വയം:–

(അഹം) ദ്യാവാപൃഥിവീ — ദ്യാവാപൃഥിവ്യൌ
പൂൎവ്വ–ചിത്തയേ ഈളേ — അന്യദീയസ്തോത്രാൽപൂൎവ്വം അസ്മദീയസ്തോത്രസ്യ അശ്വിനോഃ പ്രജ്ഞാപനായസ്തൌമി
(അപിച) യാമൻ — യാമനി. അശ്വിനോരാഗമനേസതി
ഇഷ്ടയേ — തദീയയാഗാൎത്ഥമാഹവനീയരൂപേണസ്ഥാപിതം

ഘമ്മം, സു-രുചം അഗ്നിം — പ്രവൃഞ്ജനേനദീപ്തം, അതഏവ ശോഭനകാന്തിയുക്തം (സ്വൌമി)

ഹേ അശ്വിനാ ഭരേ

അംശായ — സംഗ്രാമേ യുഷ്മദീയ ഭാഗായ ജയപ്രാപ്തയേ

യാഭിഃ ഊതി—ഭിഃ — രക്ഷാസംവിധാനൈസ്സഹ (ആഗത്യ)

കാരം ജിന്വഥഃ — ശബ്ദകാരിണം ശംഖം സുഖേനാപൂരയഥഃ

താഭിഃ (ഊതിഭിസ്സഹ) ഉ — ഉസമുച്ചയേ, അസ്മാനപി

സു ആ ഗതം — സുഷ്ഠുആഗച്ഛതം

അൎത്ഥം-മററുള്ളവരുടെ സ്തോത്രങ്ങരംക്കമുമ്പ് എൻെറ സ്തോത്രം അശ്വികരംകറിയിയ്ക്കാനായി ദ്യാവാപൃഥിവികളെ സ്തുതിയ്ക്കുന്നു. കൂടാതെ അശ്വികരം അവകളുള്ള യാഗത്തിന്നായി വരുമ്പോരം, ആഹവനീയരൂപത്തിൽ സ്ഥാപിച്ച് വീശിക്കത്തിച്ച്, അതുകൊണ്ടുതന്നെ ശോഭനപ്രകാശമുററ അഗ്നിയെ സ്തുതിയ്ക്കുന്നു അല്ലയോ അശ്വികളേ, യുദ്ധത്തിൽ നിങ്ങളുടെ ഭാഗമായ ജയപ്രാപ്തിയ്ക്ക് ഏതേതു് രക്ഷണവിധാനങ്ങളോടുകൂടിവന്ന്, നിങ്ങരം ശംഖശബ്ദം മുഴക്കുന്നുവോ, ആ രക്ഷണങ്ങളോടുകൂടി ഞങ്ങളുടെ അടുക്കലും വേണ്ടപോലെ ആഗമിച്ചാലും

2 യുവോൎദ്ദാനായസുഭരാ അസശ്ചതോ
രഥമാതസ്ഥുൎവ്വചസന്നമന്തവേ
യാഭിൎധിയോവഥഃ കൎമ്മന്നിഷ്ടയേ
താഭിരുഷുഊതിഭിരശ്വിനാഗതം

അന്വയം.—

സു—ഭരാഃ — ശോഭനസ്തോത്രഭരണാഃ

അസശ്ചതഃ — അന്യത്രാനാസക്താഃ (സ്തോതാരഃ)

(ഹേ അശ്വിനൌ) യുവോഃ

രഥം ദാനായ — യുവയോഃ രഥസമീപേദാനായ

വചസം ന — യഥാ ന്യായോപേതേന വചസായുക്തം, വിപശ്ചിതം

മന്തവേ — ബുദ്ധ്യസിതാൎത്ഥ പ്രതിപത്തയേ സ്തോതാരഃ പ്രാപ്നുവന്തിതദ്വൽ

ആ തസ്ഥുഃ — ആതിഷ്ഠന്തി, പ്രാപ്നുവന്തി

(അപിച) കൎമ്മൻ ഇഷ്ടയേ — കൎമ്മണിയാഗാൎത്ഥം പ്രവൃത്താൻ

ധിയഃ — ധ്യാതൄൻ, വിശിഷ്ടജ്ഞാനോപേതാൻ

യാഭിഃ അവഥഃ — യുവാം രക്ഷഥഃ

ഹേ അശ്വിനാ, താഭിഃ

ഊതി-ഭിഃ ഉ സു ആ ഗതം — സുഷ്ഠു ആഗച്ഛതം

അൎത്ഥം-നല്ല സ്തോത്രങ്ങളെ ഭരിക്കുന്നവരും (സ്തോത്രങ്ങൾ ഹൃദിസ്ഥങ്ങളായവരും) മറ്റൊന്നിൽ ആസക്തിയില്ലാത്തവരുമായ സ്തോതാക്കളും, അല്ലയോ അശ്വികളേ, നിങ്ങളുടെ തേരിന്നടുത്തു് നിങ്ങൾ തരുന്ന ദാനത്തിന്നായി, ന്യായവാക്കായ വിദ്വാനെ ഉദ്ദിഷ്ടാൎത്ഥപ്രാപ്തിക്കു് സ്തോതാക്കൾ സമീപിക്കുന്നപോലെ, വന്നുനിൽക്കുന്നു കൂടാതെ യാഗാൎത്ഥമായ കൎമ്മത്തിൽ പ്രവൎത്തിക്കുന്ന ധ്യാനശീലന്മാരെ വിശിഷ്ട ജ്ഞാനികളെ നിങ്ങൾ ഏതേതു രക്ഷണങ്ങളാൽ പാലിക്കുന്നുവോ, ആ രക്ഷണങ്ങളോടുകൂടി ഞങ്ങളുടെ അടുക്കലേയ്ക്കും വേണ്ടപോലെ ആഗമിച്ചാലും.

3 യുവന്താസാന്ദിവ്യസ്യ പ്രശാസനേ

വിശാങ്ക്ഷയഥോ അമൃതസ്യ മജ്മനാ

യാഭിർധേനുമസ്വം ≀ പിന്വഥോ നരാ

താഭിരൂഷു ഊതിഭിരശ്വിനാഗതം

അന്വയം:—

ഹേ നരാ,	— നേതാരാവശ്വിനൌ,
ദിവ്യസ്യ അമൃതസ്യ	— ദിവിഭവസ്യ സോമസ്യ (പാനേനോൽപന്നേന)
മജ്മനാ യുവം	— ബലേന യുക്തൌ യുവാം
താസാം	— യാസ്ത്രിഷു ലോകേഷു വൎത്തന്തേ താസാം സൎവ്വാസാം
വിശാം പ്ര-ശാസനേ	— പ്രജാനാം പ്രകൃഷ്ടാനുശാസനേ, ശിക്ഷണേ
ക്ഷയഥഃ	— ഈശാഥേ, സമൎത്ഥൌ ഭവഥഃ
(അപിച) യാഭിഃ	— രക്ഷാഭിഃ
അസ്വം ധേനും	— പ്രസവാ സമൎത്ഥാം ഗാം ശയുനാമ്നേ ഋഷയേ
പിന്വഥഃ	— സിഞ്ചഥഃ, പയസാ പൂരിതവന്തൌ
ഹേ അശ്വിനാ, താഭിഃ	
ഊതി-ഭിഃ ഉ സു ആ ഗതം	— സുഷ്ഠു ആഗച്ഛതം

അൎത്ഥം—നേതാക്കളായ അശ്വികളേ, സ്വൎഗ്ഗത്തിലുള്ള സോമം കുടിച്ച് ബലത്തോടു കൂടിയ നിങ്ങൾ, മൂന്നു ലോകങ്ങളിലും വൎത്തിക്കുന്ന എല്ലാവരെയും വേണ്ടപോലെ ശാസിച്ചു കൊണ്ട് ഈശ്വരന്മാരായി ഭവിക്കുന്നു. കൂടാതെ, ഏതേതു രക്ഷകളാൽ ശയു എന്ന പേരായ ഋഷിക്കുവേണ്ടി മച്ചിയായ പശുവിന്നു് പാൽ നിറച്ചുണ്ടാക്കി (കറക്കാറാക്കി)യോ, ആ രക്ഷകളോടുകൂടി അശ്വികളേ, ഞങ്ങളുടെ അടുക്കലും വേണ്ട പോലെ ആഗമിച്ചാലും.

4 യാഭിഃ പരിജ്മാതനയസ്യമജ്മനാ
ദ്വിമാതാതൂൎഷു തരണിൎവ്വിഭൂഷതി
യാഭിസ്ത്രിമന്തുരഭവദ്വിചക്ഷണ
സ്താഭിരൂഷു ഊതിഭിരശ്വിനാഗതം

അന്വയം.—

പരി-ജ്മാ തനയസ്യ — പരിതോഗന്താ വായുഃ ആത്മീയസ്യ പുത്രസ്യാഗ്നേഃ

മജ്മനാ, — ബലേനയുക്തസ്സൻ

ദ്വി-മാതാ — ദ്വയോർല്ലോകയോഃ, പൃഥിവ്യന്തരിക്ഷയോഃ നിർമ്മാതാ

(ഹേ അശ്വിനൌ, ഏവം ഭൂതോ വായുഃ)

യാഭിഃ തൂർഷു — തരിതൃഷു

തരണിഃ — അതിശയേന ശീഘ്രഗാമീ

വി-ഭൂഷതി — വിഭവതി, വ്യാപ്തോഭവതി, വിശേഷേണ സർവ്വമലങ്കരോതി

(അപി ച) ത്രി-മന്തുഃ — ത്രയാണാം മന്താ, ത്രിവിധേഷു പാകയജ്ഞ ഹവിര്യജ്ഞ സോമയജ്ഞേഷു ആസാദിതജ്ഞാനഃ (കക്ഷീവാൻ)

യാഭിഃ വി-ചക്ഷണഃ

അഭവൽ — വിശിഷ്ടജ്ഞാനയുക്തോഭവൽ

ഹേ അശ്വിനാ, താഭിഃ

ഊതി-ഭിഃ ഉ സു ആ ഗതം — സുഷ്ഠു ആഗച്ഛതം

അർത്ഥം—അങ്ങുമിങ്ങും ചരിക്കുന്ന വായു തന്റെ ആത്മീയപുത്രനായ അഗ്നിയുടെ ബലത്തോടു കൂടിച്ചേർന്ന്, ഭൂമി, അന്തരിക്ഷം എന്നീ ലോകങ്ങളുടെ നിർമ്മാതാവായി. (അഗ്നി ഭൂമിയുടെയും വായു അന്തരിക്ഷത്തിന്റെയും രണ്ടും കൂടുമ്പോൾ രണ്ടിന്റെയും നിർമ്മാതൃത്വം). അല്ലയോ അശ്വികളേ, അപ്രകാരമുള്ള വായു ഏതേതു രക്ഷകളാൽ സഞ്ചാരവേഗമുള്ളവരിൽവെച്ച് ശീഘ്രസഞ്ചാരിയായി, എങ്ങും വ്യാപിച്ച് എല്ലാമലങ്കരിക്കുന്നുവോ, (അതിന്നു പുറമെ) പാകയജ്ഞം, ഹവിര്യജ്ഞം, സോമയജ്ഞം എന്നീ മൂന്നുവിധം യാഗങ്ങളിൽ ജ്ഞാനം നേടിയ കക്ഷീവാൻ നിങ്ങളുടെ ഏതേതു രക്ഷകളാൽ മഹാവിജ്ഞനായി ഭവിച്ചുവോ, ആ രക്ഷകളോടുകൂടി അശ്വികളേ, ഞങ്ങളുടെ അടുക്കലും വേണ്ടപോലെ വന്നാലും. (പഞ്ചപ്രാണന്മാരിൽ വ്യാനന്റെ മന്ഥനത്താൽ ഉണ്ടാവുന്നതുകൊണ്ട് അഗ്നിക്ക് വായുപുത്രത്വം ശ്രുതിസിദ്ധം.)

6 യാഭിരന്തകംജസമാനമാരണേ
ഭുജ്യം യാഭിരവ്യഥിഭിർജിജിന്വഥുഃ
യാഭിഃ കർക്കന്ധും വയ്യഞ്ചജിന്വഥ
താഭിരൂഷു ഊതിഭിരശ്വിനാഗതം

അന്വയം:—

(ഹേ അശ്വിനൌ,)

യാഭിഃ	— ഊതിഭിഃ
ആ—അരണേ	— അഗാധേ കൂപാദൌ അസുരൈഃ പ്രക്ഷിപ്തം
ജസമാനം അന്തകം	— ഹിംസ്യമാനം അന്തക സംജ്ഞമൃഷിം അവഥഃ
(തഥാ) ഭുജ്യം	— സർവ്വസ്യപാലകം ഏതൽ സംജ്ഞംസമുദ്രമദ്ധ്യേ നിമഗ്നം തുഗ്രസ്യപുത്രം രാജർഷിം
യാഭിഃ അവ്യഥി—ഭിഃ	— വ്യഥാരഹിതാഭിഃ നൌഭിഃ
ജിജിന്വഥുഃ	— യുവാം അതർപ്പയതം
(അപിച) കർക്കന്ധും	
വയ്യം ച	— അസുരൈഃ പീഡ്യമാനൌ ഏതൽ സംജ്ഞകാവൃഷീ
യാഭിഃ ജിന്വഥഃ	— ഊതിഭിഃ പ്രീണയഥഃ
ഹേ അശ്വിനാ, താഭിഃ	
ഊതി—ഭിഃ ഉ സു ആ ഗതം	— സുഷ്ഠു ആഗച്ഛതം

അർത്ഥം—അല്ലയോ അശ്വികളേ, ഏതേതു രക്ഷാവിധാനങ്ങളാൽ നിങ്ങൾ കണ്ടുകുഴിയിൽ തള്ളപ്പെട്ടു ഉപദ്രവിയ്ക്കപ്പെട്ടിരുന്ന അന്തകനെന്ന ഋഷിയെ രക്ഷിച്ചുവോ, അതുപോലെ സർവ്വരക്ഷകനും, സമുദ്രമദ്ധ്യത്തിൽ മുങ്ങിയവനുമായ തുഗ്രന്റെ പുത്രൻ ഭുജ്യുവെന്ന ഋഷിയെ ക്ലേശരഹിതമായ തോണിയിലേററി ഏതേതു വിധാനങ്ങളാൽ രക്ഷിച്ചു സന്തോഷിപ്പിച്ചുവോ, കൂടാതെ അസുരന്മാരാൽ പീഡിതരായിരുന്ന കർക്കന്ധു, വ

യ്യൻ എന്നീ ഋഷിമാരെ ഏതേതു പ്രകാരങ്ങളാൽ പ്രീണി
ച്ചുവോ, ആ രക്ഷകളോടുകൂടി അശ്വികളേ, ഞങ്ങളുടെ അ
ലും വേണ്ടപോലെ വന്നാലും.

7 യാഭിശ്ശുചന്തിം ധനസാം സുഷംസദം
തപ്തം ഘർമമോമ്യാവന്തമത്രയേ
യാഭിഃ പൃശ്നിഗുംപുരുകുത്സമാവതം
താഭിരൂഷുഊതിഭിരശ്വിനാഗതം

അന്വയം:—

(ഹേ അശ്വിനൌ)

ധന-സാം ശുചന്തിം — ധനസ്യസംഭക്താരം ഏതന്നാമാനം

സു-സംസദം — ശോഭനസദനം, സുഗൃഹയുക്ത

യാഭിഃ — ഊതിഭിഃ അകുരുതം

(തഥാ) അത്രയേ — യാഭിരൂതിഭിഃ

തപ്തം ഘർമം — (ശതദ്വാരേയന്ത്രഗൃഹേ അസു ... രൈഃ പീഡ്യമാനായ) ദീപ്തം ... താപകാരിണം

ഓമ്യാ-വന്തം — സുഖവന്തം, സുഖേനസ്പ്രവ ... ശക്യം (യാഭിരൂതിഭിഃ അകുരുതം)

യുൻ എന്നീ ഋഷിമാരെ ഏതേതു പ്രകാരങ്ങളാൽ പ്രീണിപ്പിച്ചുവോ, ആ രക്ഷകളോടുകൂടി അശ്വികളേ, ഞങ്ങളുടെ അടുക്കലും വേണ്ടപോലെ വന്നാലും.

7 യാഭിശ്ശുചന്തിന്ധനസാം സുഷംസദം
തപ്തങ്ഘർമ്മമോമ്യാവന്തമത്രയേ
യാഭിഃ പൃശ്നിഗുംപുരുകുത്സമാവതം
താഭിരൂഷുഊതിഭിരശ്വിനാഗതം

അന്വയം:—

(ഹേ അശ്വിനൌ)
ധന-സാം ശുചന്തിം — ധനസ്യസംഭക്താരം ഏതന്നാമാനം
സു-സംസദം — ശോഭനസദനം, സുഗൃഹയുക്തം
യാഭിഃ — ഊതിഭിഃ അകുരുതം
(തഥാ) അത്രയേ — യാഭിരൂതിഭിഃ
തപ്തം ഘർമ്മം — (ശതദ്വാരേയന്ത്രഗൃഹേ അസുരൈഃ പീഡ്യമാനായ) ദീപ്തം, താപകാരിണം
ഓമ്യാ-വന്തം — സുഖവന്തം, സുഖേനസ്പ്രഷ്ടും ശക്യം (യാഭിരൂതിഭിഃ അകുരുതം)
(യഥാ അഗ്നൌസുഖം ഭവതി തഥാ ഹിമേനോദകേനതമഗ്നിമവാരയേഥാം)
(അപി ച) യാഭിഃ പൃശ്നി-
ഗും പുരു-കുത്സം (ച)
ആവതം — അരക്ഷതം
ഹേ അശ്വിനാ താഭിഃ
ഊതി-ഭിഃ ഉ സു ആ ഗതം — സുഷ്ഠു ആഗച്ഛതം

അർത്ഥം—അല്ലയോ അശ്വികളേ, ധനകാംക്ഷിയായ ശുചന്തിയെ ഏതേതു രക്ഷകളാൽ നല്ല ഗൃഹത്തോടുകൂടിയവനാക്കിയോ, അതുപോലെ നൂറു തുളകളുള്ള കത്തിച്ചുടുന്ന യന്ത്രഗൃഹത്തിലിട്ടു പീഡിപ്പിയ്ക്കപ്പെട്ട അത്രി എന്ന മഹർഷിക്ക്, അതു് (ആ യന്ത്രഗൃഹം) സുഖവത്താക്കിയതു് (സുഖമായി സ്പർശിക്കാവുന്നതും മഞ്ഞുനീരാൽ ചുടററതുമാക്കിയതു്) ഏതേതു രക്ഷകളാലാണോ, കൂടാതെ പൃശ്നിഗു, പുരുകുത്സൻ എന്നിവരെ രക്ഷിച്ചതു് ഏതേതു രക്ഷകളാലാണോ, ആ രക്ഷകളോടുകൂടി അശ്വികളേ, ഞങ്ങളുടെ അടുക്കൽ വേണ്ടപോലെ വന്നാലും.

8 യാഭിശ്ശചീഭിർവൃഷണാപരാവൃജം
പ്രാന്ധം ശ്രോണഞ്ചക്ഷസ ഏതവേ കൃഥഃ
യാഭിർവ്വർത്തികാം ഗ്രസിതാമമുഞ്ചതം
താഭിരൂഷു ഊതിഭിരശ്വിനാഗതം,

അന്വയം —

ഹേ വൃഷണാ,	— കാമാനാം വർഷിതാരൌ,
യാഭിഃ ശചീഭിഃ	— കർമ്മഭിഃ
പരാവൃജം	— ഏതന്നാമകമൃഷിം പംഗും സന്തം അപംഗുമകുരുതം
(തഥാ) അന്ധം	— ദൃഷ്ടിരഹിതം സന്തം ഋജ്രാശ്വമൃഷിം
ചക്ഷസേ	— പ്രകാശായ സമ്യക്ചക്ഷുഷാ ദശനായ യാഭിരൂതിഭിഃ
പ്ര കൃഥഃ	— പ്രകർഷേണ കുരുഥഃ
(യാഭിഃ) ശ്രോണം	— വിഗതജാനുകം ഋഷിം
ഏതവേ	— ഗന്തും (പ്രകൃഥഃ)
(അപി ച) യാഭിഃ വർത്തികാം	— ചടകസദൃശസ്യ പക്ഷിണഃ സ്ത്രീയം
ഗ്രസിതാം	— വൃകേണ ഗ്രസ്താം
അമുഞ്ചതം	— വൃകാസ്യാന്നിർമ്മുക്താമകുരുതം
താഭിഃ ഊതി–ഭിഃ ഹേ അശ്വിനാ ഉ സു ആ ഗതം	— സുഷ്ഠു ആഗച്ഛതം

അർത്ഥം—അല്ലയോ കാമവഷിതാക്കളായ അശ്വികളേ, ഏതേതു കർമ്മങ്ങളാൽ നിങ്ങൾ മുടന്തനായ പരാവൃജൻ എന്ന ഋഷിയെ നേരെ നടക്കാറാക്കിയോ, അതുപോലെ കണ്ണുകാണാത്ത ഋജ്രാശ്വനെന്ന ഋഷിക്ക് .... ൽ മുട്ടൊടിഞ്ഞ ശ്രോണനെന്ന .... ഏതേതു രക്ഷകളാലാണൊ, കൂടാതെ വർത്തികയെന്ന പെൺ പക്ഷി ചെന്നായയാൽ പിടിക്കപ്പെട്ട് അതിന്റെ വായിൽ നിന്ന് വിടുർത്തിയതു് ഏതേതു രക്ഷകളാലാണോ, ആ രക്ഷകളോടുകൂടി അശ്വികളേ, ഞങ്ങളുടെ അടുക്കൽ വേണ്ടപോലെ വന്നാലും.

9 യാഭിസ്സിന്ധുമ്മധുമന്തമസശ്ചതം
വസിഷ്ഠംയാഭിരജരാവജിന്വതം
യാഭിഃകഥ്സം ശ്രുതര്യന്നര്യമാവതം
താഭിരുഷു ഊതിഭി രശ്വിനാഗതം

അന്വയം:—

ഹേ അജരൌ,
(അശ്വിനൌ,) സിന്ധും — സ്യന്ദനശീലാന്നദീം
മധു-മന്തം — മധുസദൃശേനോദകേനപൂർണ്ണാം
യാഭിഃ അസശ്ചതം — അഗമയതം, പ്രാവാഹയതം
വസിഷ്ഠം യാഭിഃ
അജിന്വതം — അപ്രീണയതം
യാഭിഃ കഥ്സം, ശ്രുതര്യം,
നര്യം (ച) ആവതം — അരക്ഷതം
താഭിഃ ഊതി-ഭിഃ
അശ്വിനാ, ഉ സു ആ ഗതം — സുഷ്ഠു ആഗച്ഛതം

അർത്ഥം—അല്ലയോ നിത്യയുവാക്കളായ അശ്വികളേ, പ്രവാഹ രൂപയായ സിന്ധുനദിയെ, നിങ്ങൾ ഏതേതു രക്ഷണങ്ങളാൽ തേനൊത്ത നീരുററതാക്കിയോ, വസിഷ്ഠനെന്ന ഋഷിയെ ഏതു രക്ഷണങ്ങളാൽ പ്രീണിപ്പിച്ചുവോ, കുത്സൻ, ശ്രുതര്യൻ, നര്യൻ എന്നീ ഋഷികളെ ഏതേതു വിധാനങ്ങളാൽ രക്ഷിച്ചുവോ ആ രക്ഷകളോടുകൂടി അശ്വികളേ, ഞങ്ങളുടെ അടുക്കൽ വേണ്ടപോലെ വന്നാലും

10 യാഭിർവിശ്പലാം ധനസാമഥർവ്യം
സഹസ്രമീള്ഹ ആജാവജിന്വതം
യാഭിർവശമശ്വ്യം പ്രേണിമാവതം
താഭിരൂ ഷു ഊതിഭിരശ്വിനാ ഗതം വ 34

അന്വയം —
(ഹേ അശ്വിനൌ)
ധന—സാം അഥർവ്യം — ധനം സംഭജമാനാം, അഗച്ഛന്തീം ഛിന്നജംഘാത്വേന ഗന്തുമസമർത്ഥാം
വിശ്പലാം — ഏതൽ സംജ്ഞാം അഗസ്ത്യപുരോഹിതസ്യ ഖേലസ്യ സംബന്ധിനീം
സഹസ്ര—മീള്ഹേ
ആജൌ — ബഹുധനോപേതേന സംഗ്രാമേ
യാഭിഃ അജിന്വതം — ഗന്തും സമർത്ഥാമകുരുതം
യാഭിഃ അശ്വ്യം,
പ്രേണിം വശം — അശ്വപുത്രം സ്തോതൃ പ്രേരയിതാരമൃഷിം
ആവതം — അരക്ഷതം
താഭിഃ ഊതി—ഭിഃ ഹേ
അശ്വിനാ ഉ സു ആ ഗതം — സുഷ്ഠു ആഗച്ഛതം

അത്ഥം—അല്ലയോ അശ്വികളേ, ധനകാമയും, കാൽമുട്ടു മുറിഞ്ഞു് നടക്കാൻ വയ്യാത്തവളുമായ, അഗസ്ത്യപുരോഹിതൻ ഖേലന്റെ ചാർച്ചക്കാരി വിശ്പലയെ, അധികധനാർജ്ജനത്തിന്നാസ്പദമായ യുദ്ധത്തിൽ, നിങ്ങൾ നടക്കാറാക്കിയതു് ഏതേതു രക്ഷകളാലാണോ, ഏതുവിധാനങ്ങളാൽ അശ്വന്റെ മകനും സ്തോത്രനിർമ്മാതാവുമായ വശൻ എന്ന ഋഷിയെ രക്ഷിച്ചുവോ, ആ രക്ഷകളോടുകൂടി അശ്വികളേ, ഞങ്ങളുടെ അടുക്കൽ വേണ്ടപോലെ ആഗമിച്ചാലും.

11 യാഭിസ്സുദാനൂ ഔശിജായ വണിജേ
ദീർഘശ്രവസേ മധുകോശോ അക്ഷരൽ
കക്ഷീവന്തം സ്തോതാരം യാഭിരാവതം
താഭിരുഷു ഊതിഭിരശ്വിനാഗതം

അന്വയം —

ഹേ സു-ദാനൂ, — ശോഭനദാനാവശ്വിനൌ,
വണിജേ ഔശിജായ
ദീർഘ-ശ്രവസേ — വാണിജ്യം കുർവ്വതേ ഉശിക് പുത്രായ ദീർഘശ്രവസേ (ദീർഘശ്രവാഃ ദീർഘതമസഃ ഉശിജിജാതഃ പുത്രഃ)
യാഭിഃ കോശഃ — മേഘഃ
മധു അക്ഷരത് — മാധുര്യോപേതം വൃഷ്ടിജലമസിഞ്ചത്
(ഋഷ്യർ പ്രസാദാദപേക്ഷിതാവൃഷ്ടിർജാതാ)
(അപിച ഉശിജഃ പുത്രം)
സ്തോതാരം കക്ഷീവന്തം — ഋഷിം
യാഭിഃ ആവതം — ആരക്ഷതം
താഭിഃ ഊതി-ഭിഃ
അശ്വിനാ, ഉ സു ആ ഗതം — സുഷ്ഠു ആഗച്ഛതം

അർത്ഥം—അല്ലയോ ദാനശീലരായ അശ്വികളേ, ദീർഘതമസ്സിന്റെ ഉശിക് എന്ന പത്നിയിൽ ജനിച്ചവനും, കച്ചവടത്തിൽ ഏർപ്പെട്ടവനുമായ ദീർഘശ്രവസ്സിന്നുവേണ്ടി ഏതേതു രക്ഷകളാൽ മേഘം മധുരമായ മഴവെള്ളം പെയ്തുവോ, (അതായതു് നിങ്ങളുടെ പ്രസാദത്താൽ മഴപെയ്യിക്കപ്പെട്ടുവോ) ഉശിക്കിന്റെ പുത്രനും സ്തോതാവുമായ കക്ഷീവാനെ ഏതേതു രക്ഷകളാൽ കാത്തുവോ ആ രക്ഷകളോടുകൂടി അശ്വികളേ, ഞങ്ങളുടെ അടുക്കലും വേണ്ടപോലെ ആഗമിച്ചാലും

12 യാഭീരസാംക്ഷോദസോദ്നഃ പിപിന്വഥു
രനശ്വംയാഭീരഥമാവതഞ്ജിഷേ
യാഭിസ്ത്രിശോകഉസ്രിയാ ഉദാജത
താഭിരൂഷുഊതിഭിരശ്വിനാഗതം

അന്വയം:—

(ഹേ അശ്വിനൌ) യാഭിഃ
രസാം — അനാവൃഷ്ട്യാജലരഹിതാന്നദീം
ക്ഷോദസാ ഉദ്നഃ — കൂലാനിസംപിഷതാ ഉദകേന
പിപിന്വഥുഃ — യുവാംപൂരിതവന്തൌ
(തഥാ) യാഭിഃ അനശ്വം
രഥം — അശ്വരഹിതം രഥം
ജിഷേ ആവതം — ജേതും അഗമയതം
(അപിച) യാഭിഃ
ത്രി—ശോകഃ — കണ്വപുത്രഃ ഋഷിഃ
ഉസ്രിയാഃ ഉൽ—ആജത — അപഹൃതാ ഗാഃ അസുരസകാശാൽലേഭേ
താഭിഃ ഊതി—ഭിഃ
അശ്വിനാ, ഉ സു ആ ഗതം— സുഷ്ഠു ആഗച്ഛതം

അർത്ഥം—അല്ലയോ അശ്വികളേ, ഏതേതു രക്ഷകളാൽ നിങ്ങൾ മഴയില്ലായ്മകൊണ്ടു് വെള്ളം വററിയ പുഴയെ കരകവിയുന്ന വെള്ളംകൊണ്ടു് നിറച്ചുവോ, ഏതേതു രക്ഷകളാൽ

കതിരകളില്ലാത്ത തേർ ജയിസ്സാനയച്ചുവോ, അതുപോലെ കണ്വപുത്രനായ ത്രിശോകന്നു് അസുരന്മാർ കട്ടുകൊണ്ടുപോയ പശുക്കളെ നിങ്ങളുടെ ഏതേതു രക്ഷകളാൽ വീണ്ടുകിട്ടിയോ, ആ രക്ഷകളോടുകൂടി അശ്വികളേ, ഞങ്ങളുടെ അടുക്കൽ വേണ്ട പോലെ വന്നാലും.

13 യാഭിസ്സൂര്യം പരിയാഥഃ പരാവതി
മന്ധാതാരം ക്ഷൈത്രപത്യേഷ്വാവതം
യാഭിർവിപ്രം പ്രഭരദ്വാജമാവതം
താഭിരൂഷു ഊതിഭിരശ്വിനാഗതം

അന്വയം:—

(ഹേ അശ്വിനൌ,)

പരാ–വതി	— ദൂരദേശേസ്ഥിതം
സൂര്യം	— തമോരൂപേണ സ്വർഭാനുനാവൃത മാദിത്യം തസ്മാൽ തമസോ മോചയിതും
യാഭിഃ പരി–യാഥഃ	— യുവാം പരിതോഗച്ഛഥഃ
(തഥാ) മന്ധാതാരം	
ക്ഷൈത്ര- പത്യേഷു	— തന്നാമകമൃഷിം ക്ഷേത്രപതി സംബന്ധിഷു കർമ്മസു
ആവതം	— അരക്ഷതം
(അപി ച) യാഭിഃ വിപ്രം	
ഭരത്–വാജം	— മേധാവിനം തന്നാമകമൃഷിം
പ്ര ആവതം	— അന്നപ്രദാനേനാരക്ഷതം
താഭിഃ ഊതി–ഭിഃ	
അശ്വിനാ ഉ സു ആ ഗതം	— സുഷ്ഠു ആഗച്ഛതം

അർത്ഥം—അല്ലയോ അശ്വികളേ, ദൂരസ്ഥാനത്തുള്ള സൂര്യനെ തമോരൂപനായ രാഹു മറച്ച് ആ ഇരുട്ടിൽ നിന്ന് (ലോകത്തെ) മോചിപ്പിയ്ക്കുവാൻ ഏതേതു രക്ഷകളാൽ നിങ്ങൾ അങ്ങുമിങ്ങും ഗമിച്ചുവോ, അതുപോലെ മന്ധാതാവെന്ന ഋഷിയെ വയലുകളിൽ കൃഷിസംബന്ധിച്ച കർമ്മങ്ങളിൽ കാത്തുവോ, ഏതേതു രക്ഷകളാൽ മേധാവിയായ ഭരദ്വാജനെന്ന ഋഷിയെ അന്നദാനം കൊണ്ട് പാലിച്ചുവോ, ആ രക്ഷകളോടുകൂടി അശ്വികളേ, ഞങ്ങളുടെ അടുക്കലും വേണ്ടപോലെ ആഗമിച്ചാലും.

14 യാഭിർമ്മഹാമതിഥിഗ്വം കശോജുവം
ദിവോദാസം ശംബരഹത്യ ആവതം
യാഭിഃ പൂർഭിദ്യേ ത്രസദസ്യുമാവതം
താഭിരൂഷു ഊതിഭിരശ്വിനാഗതം

അന്വയം:—

(ഹേ അശ്വിനൌ,) മഹാം	
അതിഥി–ഗ്വം	— മഹാന്തം, അതിഥിഭിർഗ്ഗന്തവ്യം
കശഃ–ജുവം	— അസുരഭീത്യാ ഉദകം പ്രവേഷ്ടും ഗന്താരം
ദിവഃ–ദാസം	— ഏതൽ സംജ്ഞകം രാജർഷിം
ശംബര–ഹത്യേ	— ശംബരസ്യ ഹനനേ വിഷയഭൂതേ സതി
യാഭിഃ ആവതം	— ആരക്ഷതം
(അപിച) യാഭിഃ	
പൂഃ–ഭിദ്യേ	— പുരാണി ഭിദ്യന്തേ അസ്മിൻ ഇതി പൂർഭിദ്യഃ സംഗ്രാമഃ, തസ്മിൻ
ത്രസദസ്യും ആവതം	— പുരുകുത്സസ്യപുത്രം ഋഷിം ആരക്ഷതം
താഭിഃ ഊതി–ഭിഃ	
അശ്വിനാ, ഉ സു ആ ഗതം	— സുഷ്ഠു ആഗച്ഛതം

അത്ഥം–അല്പയോ അശ്വികളേ, മഹാനും അതിഥികളും കൾ എപ്പോഴും ചെല്ലാവുന്നവനും അസുരന്മാരെ ഭയപ്പെട്ടു വെള്ളത്തിൽ ചാടുവാൻ പോയിരുന്നവനുമായ ദിവോദാസനെന്ന രാജർഷിയെ, ശംബരനെന്ന അസുരനെ ഹനിച്ച യുദ്ധത്തിൽ, ഏതേതു രക്ഷകളാൽ കാത്തുവോ, പുരുകുത്സന്റെ മകനായ ത്രസദസ്യുവിനെ, നഗരം തകർക്കുന്ന യുദ്ധത്തിൽ ഏതേതു രക്ഷകളാൽ പാലിച്ചുവോ, ആ രക്ഷകളോടുകൂടി അശ്വികളേ, ഞങ്ങളുടെ അടുക്കലും വേണ്ടപോലെ ആഗമിച്ചാലും

15 യാഭിർവ്വമ്രം വിപിപാനമുപസ്തുതം
കലിംയാഭിർവ്വിത്തജാനിന്ദുവസ്യഥഃ
യാഭിർവ്യശ്വമുതപൃഥി മാവതം
താഭിരൂഷു ഊതിഭിരശ്വിനാഗതം വ 35

അന്വയം –

(ഹേ അശ്വിനൌ)		
വി–പിപാനം	—	വിശേഷേണ പാർത്ഥിവം രസം പിബന്തം
ഉപ–സ്തുതം വമ്രം യാഭിഃ	—	സമീപസ്ഥൈഃ സമ്യക്സ്തുതം, വിഖനസസ്യ പുത്രമൃഷിം യാഭിരക്ഷാഭിഃ
(തഥാ) വിത്ത–ജാനിം		
കലിം	—	ലബ്ധഭാര്യം കഞ്ചിദൃഷിം
യാഭിഃ ദുവസ്യഥഃ	—	രക്ഷഥഃ
ഉത വി–അശ്വം പൃഥിം	—	വിഗതാശ്വം വൈനം രാജർഷിം
യാഭിഃ ആവതം	—	അരക്ഷതം
താഭിഃ ഊതി–ഭിഃ		
അശ്വിനാ, ഉ സു ആ ഗതം	—	സുഷ്ഠു ആഗച്ഛതം

അർത്ഥം—അശ്വികളേ, ഭൂമിയിലെ വെള്ളം മാത്രം കുടിച്ചുകൊണ്ടിരുന്നവനും, അടുത്തുള്ളവരാൽ പുകഴ്ത്തപ്പെട്ടവനും വിഖനസിന്റെ പുത്രനുമായ വമ്രനെന്ന ഋഷിയേയും, സമാര്യനായ കലി എന്ന ഋഷിയെയും ഏതേതു രക്ഷകളാൽ കാത്തുവോ, പിന്നെ കതിര നഷ്ടപ്പെട്ട വേനപുത്രൻ പൃഥിയെ ഏതേതു രക്ഷകളാൽ പാലിച്ചുവോ, ആ രക്ഷകളോടുകൂടി അശ്വികളെ, ഞങ്ങളുടെ അടുക്കൽ വേണ്ടപോലെ ആഗമിച്ചാലും (ഭാഗവതത്തിലെ പൃഥുവായിരിക്കാം ഈ പൃഥി.)

16 യാഭിർന്നരാശയവേയാഭിരത്രയേ
യാഭിഃ പുരാമനവേഗാതുമീഷഥുഃ
യാഭിശ്ശാരീരാജതം സ്യൂമരശ്മയേ
താഭിരൂഷു ഊതിഭിരശ്വിനാഗതം

അന്വയം:—

ഹേ നരാ, പുരാ ശയവേ — നേതാക്കളേ, പൂർവ്വസ്മിൻകാലേ ഏതത് സംജ്ഞകായ ഋഷയേ
ഗാതും — ദുഃഖാന്നിർഗ്ഗമനലക്ഷണം മാർഗ്ഗം
യാഭിഃ ഈഷഥുഃ — യുവാം വാഞ്ഛിതവന്തൌ, കൃതവന്തൌ
(തഥാ) അത്രയേ — ശതദ്വാരേ യന്ത്രഗൃഹേ പീഡ്യമാനായ ശീതകരണലക്ഷണം ഗാതും
യാഭിഃ (ഊതിഭിഃ) — യുവാം കൃതവന്തൌ
(തഥാ) മനവേ — ഏതന്നാമ്നേരാജർഷയേ യവവാപനാദിരൂപം ദാരിദ്ര്യനിർഗ്ഗമനഹേതും ഗാതും
യാഭിഃ (ഊതിഭിഃ) — യുവാം കൃതവന്തൌ
(അപിച) സ്യൂമ-രശ്മയേ — ഏതത് സംജ്ഞകായ ഋഷയേ
യാഭിഃ ശാരീഃ — ശരോനാമ വേണുവിശേഷഃ തദ്വികാരഭൂതാ ഇഷുഃ
ആജതം — ശത്രൂൻ പ്രതിപ്രേരയതം
താഭിഃ ഊതി-ഭിഃ
അശ്വിനാ ഉ സു ആ ഗതം — സുഷ്ഠു ആഗച്ഛതം

അത്ഥം—അശ്വിയോ നേതാക്കളേ, പണ്ട് ശയ്യ എന്ന ഋഷിക്ക് കഷ്ടപ്പാടിൽ നിന്ന് ഏതേതുരക്ഷകളാൽ പോംവഴി ഉണ്ടാക്കിക്കൊടുത്തുവോ, നൂറ് തുളകളുള്ള യന്ത്രഗൃഹത്തിൽ അസുരന്മാരാൽ വേവേല്പിയ്ക്കപ്പെട്ട അത്രിയ്ക്ക് തണുപ്പിയററുന്ന മഞ്ഞുനീരാൽ പൊറുതി ഏതേതു രക്ഷകളാൽ ഉണ്ടാക്കിയോ, അതുപോലെ മനുവെന്ന രാജഷിയ്ക്ക് യവം വിതച്ച് ദാരിദ്ര്യം അകററാനുള്ള വഴി (നാട്ടിൽ കൃഷിചെയ്ത് ദാരിദ്ര്യം നീക്കാനുള്ള വഴി) ഏതേതു രക്ഷകളാൽ നിമ്മിച്ചുവോ, കൂടാതെ സ്യൂമരശ്മി എന്ന ഋഷിയ്ക്കു ഏതേതു രക്ഷകളാൽ ശരം എന്ന പേരുള്ള ഓടയുടെ അമ്പുകൾ ശത്രുക്കൾക്ക് നേക്കയെപ്പാൻ സാധിപ്പിച്ചുവോ, ആ രക്ഷകളോടുകൂടി അശ്വികളേ, ഞങ്ങളുടെ അടുക്കൽ വേണ്ടപോലെ ആഗമിച്ചാലും.

17 യാഭിഃ പഠർവാ ജഠരസ്യമജ്മന്നാ
ഗ്നിന്നാദീദേച്ചിത ഇദ്ധോ അജ്മന്നാ
യാഭിശ്ശര്യാതമവഥോ മഹാധനേ
താഭിരുഷു ഊതിഭിരശ്വിനാഗതം

അന്വയം—

(ഹേ അശ്വിനൌ,)

ജഠരസ്യ	— ജഠരോപലക്ഷിതസ്യ ശരീരസ്യ
മജ്മനാ	— ബലേനയുക്തസ്സൻ
പഠർവാ അജ്മൻ	— ഏതൽ സംജ്ഞകഃ ഋഷിഃ അജ്മനി, സംഗ്രാമേ
ചിതഃ ഇദ്ധഃ അഗ്നിഃ ന	— കാഷ്ഠൈരഭിചിതഃ യജ്ഞഗൃഹേ ഋത്വിഗ്ഭിഃ പ്രജ്വലിതഃ അഗ്നിര്യഥാ പ്രകാശതേ തദ്വൽ
യാഭിഃ ആ അദീദേത്	— സമന്താൽ ആദീപ്യത
(അപിച) ശര്യാതം	— ഇന്ദ്രേണ സഹസ്പദ്ധമാനം മാനവം

മഹാ–ധനേ — മഹതാം ധനോപേതേ,
സംഗ്രാമേ
യാഭിഃ അവഥഃ — രക്ഷഥഃ
താഭിഃ ഊതി–ഭിഃ
അശ്വിനാ ഉ സു ആ ഗതം — സുഷ്ഠു ആഗച്ഛതം

അർത്ഥം—അല്ലയോ അശ്വികളേ, നല്ല ശരീരബലമുള്ള പാവ്ഛാവെന്ന ഋഷി യുദ്ധത്തിൽ ഏതേതു രക്ഷകളാൽ, ഋത്വിക്കുകളാൽ യാഗശാലയിൽ മേലേറി കൂട്ടികത്തിച്ച തീ പ്രകാശിക്കുന്ന പോലെ നിറച്ചും പ്രകാശിച്ചുവോ, (അടക്കാൻ വയ്യാത്തവനായി നിന്നുവോ,) കൂടാതെ വളരെ ധനവിഷയമുറപ്പെട്ട യുദ്ധത്തിൽ ഇന്ദ്രനോട് സ്പർദ്ധിക്കുന്ന ശര്യാതനെന്ന മനുഷ്യനെ ഏതേതു രക്ഷകളാൽ കാത്തുവോ, ആ രക്ഷകളോടുകൂടി അശ്വികളേ, ഞങ്ങളുടെ അടുക്കൽ വേണ്ടപോലെ ആഗമിച്ചാലും.

18 യാഭിരങ്ഗിരോ മനസാ നിരണ്യഥോ
ഗ്രം ഗച്ഛഥോ വിവരേ ഗോഅർണസഃ
യാഭിർമനും ശൂരമിഷാ സമാവതം
താഭിരൂഷു ഊതിഭിരശ്വിനാ ഗതം

അന്വയം:—

(ആത്മാനം സംബോധ്യസ്തുതാവൃഷിം പ്രേരയതി)
ഹേ അംഗിരഃ — അംഗിരോഗോത്രജാത
(ത്വമശ്വിനൌ സ്തുഹി)
(ഹേ അശ്വിനൌ,)
മനസാ — മനനീയേന സ്തോത്രേണ
(പ്രീതൌ സന്തൌ യുവാം)
യാഭിഃ നി–രണ്യഥഃ — നിതരാം സ്തോതൄൻ രമയഥഃ
(തഥാ) ഗോ–അർണസഃ — ഗോരൂപസ്യാരണീയസ്യ
ധനസ്യ പണിഭിർഗുഹായാം
നിഹിതസ്യ

വി–വരേ — വിവരണേ, ഗുഹാദ്വാരസ്യോൽഘാടനേന പ്രകാശേന നിമിത്തഭൂതേസതി

(യാഭിരൂതിഭിസ്സഹ

യുവാം) അഗ്രം ഗച്ഛഥഃ — സർവ്വേഭ്യോ ദേവേഭ്യഃ പുരസ്താൽ ഗച്ഛഥഃ

(അപി ച) ശൂരം മനും — വീര്യവന്തം മനും

ഇഷാ — പൃഥിവ്യാമുപ്തേനയവാദി ധാന്യരൂപേണാന്നേന

യാഭിഃ സം–ആവതം — സമ്യഗാരക്ഷതം

താഭിഃ ഊതി–ഭിഃ

അശ്വിനാ, ഉ സു ആ ഗതം — സുഷ്ഠു ആഗച്ഛതം

അർത്ഥം—ആദ്യം ആത്മാവിനെ സംബോധനം ചെയ്തു ഋഷി (ആംഗിരസനായ കണ്വൻ) സ്തുതിയ്ക്കു പ്രേരിപ്പിക്കുന്നു. അല്ലയോ അംഗിരോഗോത്രജാത, അശ്വികളെ സ്തുതിക്കുക. (എന്നി അപ്രകാരം സ്തുതിക്കുന്നു) അല്ലയോ അശ്വികളേ, ആലോചനാമൃതങ്ങളായ സ്തോത്രങ്ങളാൽ സന്തോഷിച്ച നിങ്ങൾ, ഏതേതു രക്ഷകളാൽ സ്തോതാക്കളെ രമിപ്പിച്ചുവോ, അതുപോലെ പണികളെന്ന അസുരരാൽ പശുക്കളെന്ന ധനം ഗുഹയിൽ ഒളിപ്പിയ്ക്കപ്പെട്ടതു് ഗുഹയുടെ വാതിൽ തുറന്നു് പ്രകാശിച്ചപ്പോൾ എല്ലാ ദേവന്മാരെക്കാളും മുമ്പ് അവിടെ എത്തിയോ, വീര്യവാനായ മനുവിനെ ഭൂമിയിൽ വിതച്ച യവം തൊട്ടു ധ്യാനങ്ങളായ അന്നത്താൽ, ഏതേതു രക്ഷകളാൽ കാത്തുവോ, ആ രക്ഷകളോടുകൂടി അശ്വികളേ, ഞങ്ങളുടെ അടുക്കൽ വേണ്ടപോലെ ആഗമിച്ചാലും.

19 യാഭിഃ പത്നീർവിമദായ ന്യൂഹഥു

രാഘവായാഭിരരുണീരശിക്ഷതം

യാഭിസ്സുദാസ ഊഹഥുസ്സുദേവ്യം

താഭിരൂഷു ഊതിഭിരശ്വിനാഗതം

അന്വയം:—

(ഹേ അശ്വിനൌ,)
വി—മദായ — ഏതന്നാമ്നേ ഋഷയേ
യാഭിഃ പത്നീഃ — ഭാര്യാം പുരുമിത്രസ്യ ദുഹിതരം
നി—ഊഹഥുഃ ഘ — നിതരാം യുവാം
പ്രാപിതവന്തൌഹി

(തഥാ) വാ
യാഭിഃ അരുണീഃ — അഥവാ അരുണവർണ്ണാഗാഃ
ആ അശിക്ഷതം — ആഭിമുഖ്യേന അദത്തം
(തഥാ) സു—ദാസേ — പിജവനപുത്രായ കല്ല്യാണ
ദാനായ രാജ്ഞേ
സു—ദ്രവ്യം — പ്രശസ്തം (ധനം)
യാഭിഃ ഊഹഥുഃ — പ്രാപിതവന്തൌ
താഭിഃ ഊതി—ഭിഃ
അശ്വിനാ ഉ സു ആ ഗതം — സുഷ്ഠു ആഗച്ഛതം

അർത്ഥം—അല്ലയോ അശ്വികളേ, ഏതേതു രക്ഷകളാൽ നിങ്ങൾ വിമദനെന്ന ഋഷിക്ക് ഭാര്യയായി പുരുമിത്രന്റെ മകളെ പ്രാപിപ്പിച്ചുവോ, അല്ലെങ്കിൽ ഏതേതു രക്ഷകളാൽ അദ്ദേഹത്തിന്ന് ചുകന്ന പൈക്കളെ നേരിട്ട കൊടുത്തുവോ, പിജവനപുത്രനായ സുദാസ്സെന്ന ദാനശീലനായ രാജാവിന്ന് പ്രശസ്തമായ ധനം ഏതേതു രക്ഷകളാൽ എത്തിച്ചുവോ, ആ രക്ഷകളോടുകൂടി അശ്വികളേ, നിങ്ങൾ ഞങ്ങളുടെ അടുക്കൽ വേണ്ട പോലെ ആഗമിച്ചാലും.

20 യാഭിശ്ശന്താതീ ഭവഥോ ദദാശുഷേ
ഭുജ്യം യാഭിരവഥോ യാഭിരധ്രിഗും
ഓമ്യാവതീം സുഭരാമൃതസ്തുഭം
താഭിരൂഷു ഊതിഭിരശ്വിനാഗതം വ. 36

അന്വയം:—

(ഹേ അശ്വിനൌ,)

ദദാശുഷേ — ഹവീംഷിദത്തവതേ യജമാനായ

യാഭിഃ ശം—താതീ ഭവഥഃ — സുഖസ്യ കത്താരൌ ഭവഥഃ

യാഭിഃ ഭുജ്യം അവഥഃ — തുഗ്രസ്യപുത്രം

യാഭിഃ അധ്രി—ഗും,

ഋത—സ്തുഭം — ഏതന്നാമാനൌ ഋഷീ

ഓമ്യാ—വതീം സു—ഭരാം — സുഖയുക്താം സുഖേന ഭരണീയാം ത്വഷം. (യാഭിരൂതിഭിഃ പ്രാപയഥഃ)

താഭിഃ ഊതി—ഭിഃ

അശ്വിനാ ഉ സു ആ ഗതം — സുഷ്ഠു ആഗച്ഛതം

അത്ഥം—അല്ലയോ അശ്വികളേ, ഹവിസ്സേകുന്ന യജമാനന്നു് ഏതേതു രക്ഷകളാൽ നിങ്ങൾ സുഖപ്രദന്മാരായി ഭവിക്കുന്നുവോ, തുഗ്രന്റെ മകൻ ഭുജ്യുവിനെ ഏതേതു രക്ഷകളാൽ കാത്തുവോ, അധ്രിഗു, ഋതസ്തുപ്പ് എന്നിവരെയും ഏതേതു രക്ഷകളാൽ സുഖയുക്തവും സുക്ഷിപ്പാവുന്നതുമായ അന്നം പ്രാപിപ്പിച്ചുവോ, ആ രക്ഷകളോടുകൂടി അശ്വികളേ, ഞങ്ങളുടെ അടുക്കൽ വേണ്ടപോലെ ആഗമിച്ചാലും. (അധ്രിഗു, ദേവന്മാരുടെ രണ്ടു ശമിതാക്കളിൽ ഒരുവനാകുന്നു.)

21 യാഭിഃ കൃശാനുമസനേദുവസ്യഥോ—
ജവേയാഭിര്യൂനോ അവ്വന്തമാവതം
മധുപ്രിയം ഭരഥോയൽ സരഡ്ഭ്യ
സ്താഭിരൂഷു ഊതിഭിരശ്വിനാഗതം

അന്വയം:—

കൃശാനും അസനേ — സോമപാലേഷു ഏകം, സംഗ്രാമേ

(ഹേ അശ്വിനൌ,)

യാഭിഃ ദുവസ്യഥഃ — രക്ഷഥഃ

(തഥാ) യാഭിഃ ജവേ — വേഗേ പ്രവൃത്തം
യൂനഃ അർവ്വന്തം — തരുണസ്യ പുരുകുത്സസ്യ അശ്വം
ആവതം — അരക്ഷതം
(അപിച) യത് മധു — ക്ഷൌദ്രം
പ്രിയം — സർവ്വേഷാമനുകൂലം (തത്)
സരട്-ഭ്യഃ — മധുമക്ഷികാഭ്യഃ യാഭിഃ ച ഊതിഭിഃ
ഭരഥഃ — സമ്പാദയഥഃ
താഭിഃ ഊതി-ഭിഃ
അശ്വിനാ ഉ സു ആ ഗതം — സുഷ്ഠു ആഗച്ഛതം

അർത്ഥം—സോമപാലന്മാരിൽ ഒരുവനായ കൃശാനുവിനെ, അല്ലയോ അശ്വികളേ, യുദ്ധത്തിൽ ഏതേതു രക്ഷകളാൽ കാത്തുവോ, ചെറുപ്പക്കാരനായ പുരുകുത്സന്റെ വേഗവത്തായ കുതിരയെ ഏതേതു രക്ഷകളാൽ കാത്തുവോ, മധുരമായ യാതൊരു തേൻ എല്ലാവൎക്കും പ്രിയമാണോ അതിനെ തേനീച്ചകളിൽ നിന്ന് ഏതേതു രക്ഷകളാൽ നേടിയോ, ആ രക്ഷകളോടുകൂടി അശ്വികളേ, നിങ്ങൾ ഞങ്ങളുടെ അടുക്കൽ വേഗംപോലെ ആഗമിച്ചാലും.

22 യാഭിർന്നരം ഗോഷുയുധന്നൃഷാഹ്യേ
ക്ഷേത്രസ്യസാതാതനയസ്യ ജിന്വഥഃ
യാഭീരഥാँ അവഥോയാഭിരർവ്വത
സ്താഭിരുഷു ഊതിഭിരശ്വിനാഗതം

അന്വയം:—
(ഹേ അശ്വിനൌ,)
ഗോഷു-യുധം — ഗോവിഷയം യുദ്ധം കുർവ്വന്തം
നരം — യജ്ഞസ്യനേതാരം യജമാനം
യാഭിഃ നൃ-സഹ്യേ
ജിന്വഥഃ — നൃഭിസ്സോഢവ്യേ സംഗ്രാമേ പ്രീണയഥഃ, രക്ഷഥഃ

(തഥാ) ക്ഷേത്രസ്യ
തനയസ്യ — ഗൃഹാദിരൂപസ്യ ധനസ്യ
സാതാ യാഭിഃ — സാതയേ സംഭജനാർത്ഥം, യജമാനം രക്ഷഥഃ
യാഭിഃ രഥാൻ — യജമാനാനാം രഥാൻ രക്ഷഥഃ
(തദീയാൻ) അർവ്വതഃ — അശ്വാംശ്ചയാഭിഃ
അവഥഃ — രക്ഷഥഃ
താഭിഃ ഊതി—ഭിഃ
അശ്വിനാ, ഉ് സു ആ ഗതം — സുഷ്ഠു ആഗച്ഛതം

അർത്ഥം:—അല്ലയോ അശ്വികളേ, പശുക്കൾക്കുവേണ്ടി യുദ്ധം ചെയ്യുന്ന യജ്ഞനേതാവായ യജമാനനെ ഉഗ്രമായ യുദ്ധത്തിൽ ഏതേതു രക്ഷകളാൽ കാത്തുവോ, ഗൃഹാദിരൂപമായ ധനം നേടുവാൻ യജമാനനെ ഏതേതു രക്ഷകളാൽ കാത്തുവോ, ഏതേതു രക്ഷകളാൽ യജമാനന്മാരുടെ തേരുകളെ കാത്തുവോ, ആ രക്ഷകളോടുകൂടി അശ്വികളേ, ഞങ്ങളുടെ അടുക്കൽ വേണ്ടപോലെ ആഗമിച്ചാലും.

23 യാഭിഃ കുത്സമാർജ്ജുനേയം ശതക്രതു
പ്രതുർവ്വീതിം പ്രച ദഭീതിമാവതം
യാഭിർധ്വസന്തിം പുരുഷന്തിമാവതം
താഭിരൂഷു ഊതിഭിരശ്വിനാഗതം

അന്വയം:—

ഹേ ശതക്രതൂ, — ബഹുവിധ കർമ്മാണാവശ്വിനൌ,
ആർജ്ജുനേയം — അർജ്ജുനസ്യ, ഇന്ദ്രസ്യ പുത്രം
കുത്സം യാഭിഃ പ്ര
ആവതം — പ്രകർഷേണാരക്ഷതം
(തഥാ) തുർവ്വീതിം ദഭീതിം ച (യാഭിരൂതിഭിഃ)
പ്ര (ആവതം) — ആരക്ഷതം

(യൽ പ്രാർത്ഥിതം) തൽ നഃ
മിത്രഃ വരുണഃ അദിതിഃ
സിന്ധുഃ പൃഥിവീ ഉത ദ്യൌഃ
മമഹന്താം — പൂജയന്താം

അർത്ഥം—അല്ലയോ അശ്വികളേ, പകലിരവുകളിൽ സ്തോതാക്കളായ ഞങ്ങളെ എമ്പാടും രക്ഷിച്ചാലും. അതുപോലെ കേടുപററാത്ത ഭാഗ്യങ്ങളാൽ, ഭാഗ്യനിദാനങ്ങളായ ധനങ്ങളാൽ ഞങ്ങളെ രക്ഷിച്ചാലും. ഈ പ്രാർത്ഥനയെ മിത്രനും വരുണനും അദിതിയും സിന്ധുവും പൃഥിവിയും ദ്യോവും മാനിക്കട്ടെ.

അധ്യായ പീഠിക

അഷ്ടകം–1 അധ്യായം–8

1–മുതൽ 4 കൂടി വർഗ്ഗങ്ങൾ ഉഷോദേവതാകം. 5–6 വർഗ്ഗങ്ങൾ രുദ്രസൂക്തങ്ങളിൽ പെട്ടതാണ്. അതിൽ ഉപാസകന്ന് വേണ്ടിയല്ലാതെ ഗ്രാമത്തിന്ന്, സമുദായത്തിന്ന്വേണ്ടിയ പ്രാർത്ഥനയും സ്പഷ്ടമായി കാണുന്നു. 7–ാം വർഗ്ഗം സൌരമന്ത്രങ്ങളിൽ പെട്ടതാണ്. ''സൂര്യ ആത്മാ ജഗതസ്തസ്ഥുഷശ്ച'' (സൂര്യൻ ചരാചരങ്ങൾക്കാത്മാവാകുന്നു, എന്ന) പ്രാകൃതിക്വും ആധ്യാത്മികവുമായ തത്വം ഇതിൽ കാണാം. ഇതിൽ ഒന്നാമത്തെ മന്ത്രം എല്ലാ ഹോമങ്ങൾക്കും ആഹുതിക്കുപയോഗിക്കുന്നതാണ്. 8 മുതൽ 23 കൂടി വർഗ്ഗങ്ങൾ ആശ്വിനങ്ങളാണ്. അശ്വികളുടെ നാനാവിധങ്ങളായ അത്ഭുതകർമ്മങ്ങളെ വിവരിക്കുന്നു. പല കഥാ സൂചനകളുമുണ്ട്: ച്യവനന്ന് നവയൌവ്വനം വീണ്ടും കൊടുത്തതും വിശ്പല എന്ന സ്ത്രീക്ക് മുറിഞ്ഞ കാലിന്ന് പകരം ഇരുമ്പുകാൽ വെച്ചുകൊടുത്തതും പേറുമാറിയ പശുവിനെ പ്രസവിപ്പിച്ചതും മററും ഇവയിൽ പെടുന്നു. 24–25–26 കളിൽ ഇന്ദ്രൻ ദേവതാ.

അഷ്ടകം1–അധ്യായം 8, വർഗ്ഗം 1–2–3–4 ആംഗിരസഃ കത്സഃ ഋഷിഃ ത്രിഷ്ടുപ്ഛന്ദഃ ഉഷാദേവതാ.

1 ഇദം ശ്രേഷ്ഠംജ്യോതിഷാംജ്യോതിരാഗാ
ച്ചിത്രഃ പ്രകേതോ അജനിഷ്ടവിഭ്വാ
യഥാ പ്രസൂതാസവിതുസ്സവായ്
ഏവാരാത്ര്യുഷസേ യോനിമാരൈക്

അന്വയം:–

ജ്യോതിഷാം	— ദ്യോതമാനാനാം ഗ്രഹനക്ഷത്രാദീനാം മദ്ധ്യേ
ഇദം ജ്യോതിഃ ശ്രേഷ്ഠം	— ഉഷ ആഖ്യം ജ്യോതിഃ പ്രശസ്യതമം

*–6

(നക്ഷത്രാദികം ജ്യോതിഃ സ്വാത്മാനമേവപ്രകാശയതി. ചന്ദ്ര
സ്സൂയദ്യ പ്യന്യൽ പ്രകാശയതി തഥാപി നവിസ്പഷ്ട പ്രകാശഃ
ഔഷസംജ്യോതിഃ യുഗപദേവ സർവ്വസ്യ ജഗതഃ പ്രകാശകം.)

(താദൃശം ജ്യോതിഃ)
ആ അഗാൽ — പൂർവ്വസ്യാംദിശി ആഗമൽ
(ആഗതേ ച തസ്മിൻ)
ചിത്രഃ പ്ര–കേതഃ — ചായനീയഃ അന്ധകാരാവൃതസ്യ ജഗതഃ പ്രജ്ഞാപകഃ
(തദീയോ രശ്മിഃ) വി–ഭോ — വിഭുഃ, വ്യാപ്തസ്സൻ
അജനിഷ്ട — പ്രാദുരഭൂൽ
(കിഞ്ച) യഥാ രാത്രീ
സവിതുഃ — രാത്രിഃ സ്വയം സൂര്യ സകാശാൽ
പ്ര–സൂതാ — ഉൽപന്നാ, സൂര്യോഹി അസ്തംഗച്ഛൻ രാത്രിം ജനയതി

(രാത്രിരപി) ഏവ
ഉഷസേ സവായ — ഏവമേവ ഉഷസഃ ഉൽപത്തയേ
യോനിം അരൈക് — സ്ഥാനമാരേചിതവതീ, കല്പിതവതീ

അർത്ഥം—വിളങ്ങുന്ന ഗ്രഹനക്ഷത്രാദി ജ്യോതിസ്സുകളുടെ ഇടയിൽ ഉഷസ്സെന്ന ഈ ജ്യോതിസ്സ് ഏററവും പുകഴ്ന്നതാകുന്നു. (നക്ഷത്രാദി ദീപ്തികൾ തങ്ങളെ മാത്രമേ പ്രകാശിപ്പിക്കുന്നുള്ളു. ചന്ദ്രനാകട്ടെ പ്രകാശകരനെങ്കിലും സ്പഷ്ടശോഭനല്ല. ഉഷസ്സിന്റെ പ്രകാശം ഒരേ സമയത്തു ജഗത്തിനെ മുഴുവൻ തെളിയിക്കുന്നു.) അപ്രകാരമുള്ള 6 ജ്യോതിസ്സ് കിഴക്കേദിക്കിലെത്തിക്കഴിഞ്ഞു അവിടെ എത്തിയ ആ ജ്യോതിസ്സിൽ, മനോഹരവും, ജഗത്തിനെ മുഴുവൻ തെളിച്ചു കാട്ടിക്കൊടുക്കുന്നതുമായ രശ്മി എമ്പാടും വ്യാപിച്ച് പുറത്തുവന്നിരിക്കുന്നു. കൂടാതെ, രാത്രി എങ്ങിനെ സൂര്യങ്കൽ നിന്നുളവായോ, (സൂര്യൻ അസ്തമിക്കുമ്പോഴാം രാത്രിയെ ജനിപ്പിക്കുന്ന സൂര്യൻ മറഞ്ഞില്ലെങ്കിൽ രാത്രി പിറക്കുകയില്ലല്ലൊ) അതുപോലെ രാത്രി അന്യയാമത്തിൽ ഉഷസ്സിന്റെ ഉൽപത്തിക്കായി തന്റെ സ്ഥാനം ഒഴിഞ്ഞുകൊടുത്തവളായി. (അന്യത്ര സൂര്യൻ രാത്രിയുടെ മകനാണെന്ന് കല്പിച്ചിരിക്കുന്നു.)

2 രുശദ്വത്സാരുശതീശ്വേത്യാഗാ
ദാരൈഗുകൃഷ്ണാസദനാന്യസ്യാഃ
സമാനബന്ധൂ അമൃതേ അനൂചീ
ദ്യാവാവർണ്ണഞ്ചരത ആമിനാനേ

അന്വയം:—

രുശതീ, ശ്വേത്യാ — ദീപ്താ, ശ്വേതവർണ്ണാ (ഉഷാഃ)
രുശൽ-വത്സാ — ദീപ്തസൂര്യഃ വത്സോയസ്യാഃ സാ (യഥാമാതുസ്സമീപേ വത്സസ്സഞ്ചരതി, ഏവമുഷസസ്സമീപേ സൂര്യസ്യാവസ്ഥാനാൽ തദ്വത്സത്വം)
ആ അഗാൽ — ആഗതവതീ
അസ്യാഃ കൃഷ്ണാ സദനാനി
അരൈക് ഉ — ഉഷസഃ കൃഷ്ണവർണ്ണാരാത്രിഃ സ്വകീയാനി അല്പയാമ ലക്ഷണാനി സ്ഥാനാനി, ആരേചിതവതീച
(ഏതേരാത്ര്യുഷസൌ)
സമാന-ബന്ധൂ — സമാനേനൈകേന.സൂര്യാഖ്യേന ബന്ധുനായുക്തേ
അമൃതേ — മരണരഹിതേ (കാലാത്മകതയാ നിത്യത്വാൽ)
അനൂചീ — അനുഞ്ചന്ത്യൌ, പ്രഥമം രാത്രിഃ പശ്ചാദുഷാഃ, ഇതിക്രമേണ ഗച്ഛന്ത്യൌ
വർണ്ണം ആ-മിനാനേ — സർവ്വേഷാം പ്രാണിനാം രൂപം ജരയന്ത്യൌ
ദ്യാവാ ചരതഃ — ദ്യോതമാനേ പ്രതി ദിവസമാവർത്തേതേ

അർത്ഥം—വെളുത്തുമിന്നുന്ന ഉഷസ്സ് പ്രകാശവാനായ സൂര്യനാകുന്ന കുട്ടിയോടുകൂടി (അമ്മയുടെ അടുക്കൽ കുട്ടി എന്നപോലെ ഉഷസ്സിന്റെ അടുക്കൽ സൂര്യന്റെ നില്പാൽ) വന്നുചേർന്നുവല്ലൊ ആ ഉഷസ്സിന്ന് കറുത്ത രാത്രി തന്റെ ഒടുക്കത്തെ യാമത്തിന്റെ പകുതിസ്ഥാനം ഒഴിഞ്ഞുകൊടുത്തു ഈ രാത്ര്യുഷസ്സുകൾ സൂര്യനാകുന്ന പൊതുബന്ധുവോടുകൂടിയവരായി, വിനാശരഹിതമായ നിത്യത്വത്താൽ ഒന്നിന്നു പിന്നാലെ ഒന്നായി (രാത്രി, ഉഷസ്സ്, വീണ്ടും രാത്രി, ഉഷസ്സ് എന്നിങ്ങനെ ക്രമത്തിൽ) എല്ലാ പ്രാണികളുടേയും ശരീരത്തെ (ദിവസം പ്രതി) ജരിപ്പിച്ചുകൊണ്ട് (വാർദ്ധക്യമിയററികൊണ്ട്, ക്ഷീണിപ്പിച്ചുകൊണ്ട്, മരണത്തോടടുപ്പിച്ചുകൊണ്ട്) പ്രകാശവതികളായി ആവർത്തിച്ചു ചരിയ്ക്കുന്നു

3 സമാനോ അധ്വാസ്വസ്രോരനന്ത
സ്തമന്യാന്യാചരതോ ദേവശിഷ്ടേ
നമേഥേതേനതസ്ഥതുസ്സുമേകേ
നക്തോഷാസാസമനസാവിരൂപേ

അന്വയം —

സ്വസ്രോഃ	— ഭഗിന്യോഃ, രാത്ര്യുഷസോഃ
അധ്വാ സമാനഃ	— മാർഗ്ഗ ഏകഏവ, ആകാശമാർഗ്ഗേണ ഉഷാഃ നിർഗ്ഗച്ഛതിരാത്രിശ്ച
(സമാർഗ്ഗഃ) അനന്തഃ	— അവസാനരഹിതഃ
തം (മാർഗ്ഗം) ദേവശിഷ്ടേ	— ദേവേന ദ്യോതമാനേന സൂര്യേണ അനുശിഷ്ടേ ശിക്ഷിതേ സത്യൌ
അന്യാ-അന്യാ ചരതഃ	— ഏകൈകാനുഗച്ഛതഃ
(അപിച) സുമേകേ	— ശോഭനമേഹനേ, സർവേഷാമുൽപാദകത്വാൽ ശോഭനപ്രജനനേ

നക്താഷസാ	— രാത്രിരുഷാശ്ച
വി–രൂപേ	— തമഃ പ്രകാശലക്ഷണാഭ്യാം, വിരുദ്ധരൂപാഭ്യാം യുക്തേ
(അപി) സ–മനസാ	— സമാനമനസ്കേ ഐകമത്യം പ്രാപ്തേസത്യൌ
ന മേഥേതേ	— പരസ്പരംനഹിംസ്തഃ
(തഥാ) ന തസ്ഥതുഃ	— ക്വചിദപിനതിഷ്ഠതഃ സർവ്വദാ ലോകാനുഗ്രഹാത്ഥം ഗച്ഛതഃ

അത്ഥം–സഹോദരിമാരായ രാത്ര്യുഷസ്സുകളുടെ മാർഗ്ഗം (വന്നുപോകുന്ന വഴി) ഒന്നാകുന്നു ആ മാർഗ്ഗം അതിരററതാകുന്നു. ആ മാർഗ്ഗത്തിലൂടെ പ്രകാശിയ്ക്കുന്ന സൂര്യനാൽ അനുശാസിയ്ക്കപ്പെട്ടു്, അവർ ഒററയ്ക്കൊററയ്ക്കു് (മാറിമാറി) ചരിയ്ക്കുന്നു. കൂടാതെ ശോഭനങ്ങളായ ഉൽപാദനേന്ദ്രിയങ്ങളോടുകൂടിയ (ഭുവനത്തിലെല്ലാമുൽപാദിപ്പിക്കുന്നതു് അവരാണല്ലൊ) രാത്ര്യുഷസ്സുകൾ ഇരുട്ടും വെളിച്ചവുമാകുന്ന ഭിന്നരൂപങ്ങളോടുകൂടിയവരെങ്കിലും, ഏകമനസ്സോടുകൂടിയവരായി, ഐകമത്യവതികളായി വർത്തിച്ചു് പരസ്പരമൊരിക്കലും ഹിംസിയ്ക്കുന്നില്ല (കൂട്ടുകാരിയുടെ വഴിമുടക്കിയോ മറേറാ) എവിടേയും നില്ക്കുന്നില്ല. എപ്പോഴും ലോകാനുഗ്രഹത്തിന്നായി ചരിക്കുന്നു.

4 ഭാസ്വതീനേത്രീസൂനൃതാനാ
അചേതിചിത്രാവിദുരോന ആവഃ
പ്രാർപ്യാജഗദ്വ്യൂനോരായോ അഖ്യ
ദുഷാഅജീഗർഭുവനാനിവിശ്വാ

അന്വയം:–

ഭാസ്വതീ	— വിശിഷ്ട പ്രകാശനയുക്താ
സൂനൃതാനാം നേത്രീ	— വാചാം ഉല്പാദയിത്രീ
അചേതി	— അസ്മാഭിഃ അജ്ഞായി
ചിത്രാ (സാ) നഃ ദുരഃ	— അസ്മാകം തമസാതിരോഹിതാനിദ്വാരാണി
വി ആവഃ	— വ്യവൃണോൽ

(യഥാസ്മാഭിർദൃശ്യന്തേ തഥാതമോനിവാര്യ പ്രകാശയതി)

(അപിച) ജഗൽ

പ്ര-അർപ്പ്യ	— സർവ്വം ഭുവനം പ്രകാശം ഗമയിത്വാ
നഃ രായഃ	— അസ്മാകം ധനാനി
വി അഖ്യൽ ഉ	— വിശിഷ്ടപ്രകാശനയുക്താന്യ കരോൽ

(സൈഷാ) ഉഷാഃ വിശ്വാ

ഭുവനാനി	— സർവ്വാണിഭൂതജാതാനിതമസാ തിരോഹിതത്വേന അവിദ്യമാനകല്പാനി
അജീഗഃ	— ഉൽഗിരതി, സ്വമുഖാന്നിർഗ്ഗമയതി

(സ്വകീയേന പ്രകാശേന തമോനിസ്സാര്യ പുനരുല്പന്നാനീവ കരോതി)

അർത്ഥം—ഏററവും പ്രകാശിക്കുന്നവളും വാക്കുകളുല്പാദിപ്പിക്കുന്നവളും (പ്രഭാതത്തിലാണല്ലൊ പശുപക്ഷിമൃഗാദികളും മനുഷ്യരും ഉലകത്തെ ശബ്ദായമാനമാക്കുന്നതു്) ആയ ഉഷസ്സ് നമ്മളാൽ അറിയപ്പെടുന്ന മനോഹാരിണിയായ അവൾ ഇരുട്ടുമൂടിയ നമ്മുടെ പടിവാതിലുകൾ തുറക്കുന്നു (നമുക്കു് എല്ലാം കാണത്തക്കവിധം ഇരുട്ടകററി തെളിയിക്കുന്നു) ഭുവനത്തിൽ മുഴുവൻ വെളിച്ചം പരത്തി നമ്മുടെ ധനങ്ങളെ (കൃഷി, ഗൃഹം മുതലായവയെ) പ്രകാശിപ്പിക്കുന്നു. ആ ഉഷസ്സ് ഇരുട്ടു ബാധിച്ചു്, ഇന്നിന്നതെന്നറിയാതായിരുന്ന എല്ലാ ഭൂതജാതങ്ങളെയും സ്വമുഖത്തിൽ നിന്നു് (വായകൊണ്ടു് തുപ്പുന്നപോലെ) പുറത്തുകൊണ്ടുവരുന്നു സ്വന്തം പ്രകാശം കൊണ്ടു് ഇരുട്ടകററി വീണ്ടും സൃഷ്ടിച്ചപോലെ തെളിയിക്കുന്നു.

5 ജിഹ്മശ്യേ ചരിതവേമഘോ
ന്യാഭോഗയ ഇഷ്ടയേ രായ ഉത്വം
ദഭ്രം പശ്യദ്ഭ്യ ഉർവ്വിയാ വിചക്ഷ
ഉഷാ അജീഗർഭുവനാനി വിശ്വാ വ. 1

അന്വയം:—

മഘോനീ	— ധനവതീ (ഉഷാഃ)
ജിഹ്മ–ശ്യേ	— വക്രം ശയാനായ പുരുഷായ
ചരിതവേ	— ചരിതും, ശയനാദുത്ഥായ സ്വാപേക്ഷിതം പ്രതിഗന്തും വ്യുച്ഛന്തീഭവതി
ത്വം ആ–ഭോഗയേ	— ഏകം പ്രതി ആഭോഗ്യായ, ശബ്ദാദിവിഷയാൎത്ഥം തഥാ അപരം പ്രതി
ഇഷ്ടയേ	— യാഗാൎത്ഥം തഥാ അന്യം പ്രതി
രായേ ഉ	— ധനാൎത്ഥം ച, വ്യുച്ഛന്തീ
(അപിച) ഭദ്രം	
പശ്യൽ–ഭ്യഃ	— അന്ധകാരാവൃതത്വേന ഈഷദ്ദ്രഷ്ടൃഭ്യോ മനുഷ്യേഭ്യഃ
വി–ചക്ഷേ	— വിശിഷ്ടപ്രകാശായ വ്യുച്ഛന്തീ
ഉൎവ്വിയാ ഉഷാഃ	— ഉൎവ്വീ, വിസ്തീൎണ്ണാ
വിശ്വാ ഭുവനാനി	
അജീഗഃ	— തമസാതിരോഹിതാനി സൎവ്വാണി ഭൂതജാതാനി പ്രകാശദാനേന ഉൽഗ്ഗീൎണ്ണാനീവ കരോതി

അൎത്ഥം—ശ്രീമതിയായ ഉഷസ്സ്, ചുരുണ്ടുകൂടികിടക്കുന്ന മനുഷ്യനെ ചരിക്കാനായി കിടക്കയിൽ നിന്ന് എഴുന്നേൽപിച്ച്, സ്വേച്ഛപ്രകാരം പോകാൻ വഴി തെളിയിക്കുന്നു. ഒരുത്തനെ സുഖഭോഗത്തിന്നായും മററൊരുത്തനെ യാഗാദികൎമ്മാനുഷ്ഠാനത്തിന്നായും വേറൊരുത്തനെ പണം സമ്പാദിപ്പാനുള്ള വൃത്തിയിലേൎപ്പെടാനായും ഉഷസ്സ് വഴി തെളിച്ചു വിടുന്നു. ഇരുട്ടാണ്ടതുമൂലം കാഴ്ചപോയ മനുഷ്യൎക്ക് നല്ല വെളിച്ചമിയററികൊണ്ടു്, എമ്പാടും പരന്നനിരന്ന ഉഷസ്സ് ഇരുട്ടിലാണ്ട ചരാചരങ്ങളെ മുഴുവൻ വീണ്ടും സൃഷ്ടിച്ചപോലെ തെളിയിക്കുന്നു.

6 ക്ഷത്രായത്വംശ്രവസേത്വമ്മഹീയാ
ഇഷ്ടയേത്വമർത്ഥമിവത്വമിത്യൈ
വിസദൃശാ ജീവിതാഭിപ്രചക്ഷ
ഉഷാ അജീഗർഭുവനാനിവിശ്വാ

അന്വയം.—

ക്ഷത്രായ ത്വം	— ധനാർത്ഥമേകം പ്രതിവ്യുച്ഛന്തി
(തഥാ) ശ്രവസേ ത്വം	— അന്നാർത്ഥമേകം പ്രതിവ്യുച്ഛന്തി
മഹീയൈ ഇഷ്ടയേ ത്വം	— മഹത്യൈ, അഗ്നിഷ്ടോമാദി മഹായജ്ഞാർത്ഥം ഏകം വ്യുച്ഛന്തി
(തഥാ) അർത്ഥം—ഇവ	— അപേക്ഷിതാർത്ഥം പ്രതി
ഇത്യൈ ത്വം	— ഗമനാർത്ഥമേകം പ്രതി വ്യുച്ഛന്തി
(അപിച) വി—സദൃശാ ജീവിതാ	— വിലക്ഷണാനി നാനാരൂപാണി ജീവിതാനി ജീവിതോപായ ഭൂതാനി കൃഷ്യാദീനി
അഭി—പ്രചക്ഷേ	— ആഭിമുഖ്യേന പ്രകാശയിതും വ്യുച്ഛന്തി
ഉഷാഃ വിശ്വാ ഭുവനാനി അജീഗഃ	— സർവ്വാണി ഭൂതജാതാനി ഉൽഗ്ഗീർണ്ണാനീവകരോതി

അർത്ഥം—ഒരുത്തനെ ധന (സമ്പാദന) ത്തിന്നായിക്കൊണ്ടും മറെറാരുത്തനെ അന്നത്തിന്നായിക്കൊണ്ടും വേറൊരുത്തനെ അഗ്നിഷ്ടോമാദി മഹായജ്ഞാനുഷ്ഠാനത്തിന്നായിക്കൊണ്ടും നാലാമതൊരുത്തനെ ഉദ്ദിഷ്ടകാര്യത്തിന്ന് പോകാനായിക്കൊണ്ടും (ഇരുട്ടകററി) വെളിച്ചം പരത്തുന്നവളായും നാനാവിധങ്ങളായ ജീവിതങ്ങളെ, കൃഷി, കച്ചവടം മുതലായ ജീവിതോപായങ്ങളെ നേരിട്ട തെളിയിയ്ക്കുന്നവളായും ഉഷസ്സ് എല്ലാ ഭൂതജാതങ്ങളെയും വീണ്ടും സൃഷ്ടിച്ചപോലെ പ്രകാശിപ്പിയ്ക്കുന്നു.

7 ഏഷാദിവോദുഹിതാ പ്രത്യദശി

വ്യുച്ഛന്തീയുവതിശ്ശുക്രവാസാഃ

വിശ്വസ്യേശാനാ പാൎത്ഥിവസ്യവസ്വ

ഉഷോ അദ്യേഹസുഭഗേവ്യുച്ഛ

അന്വയം:—

യുവതിഃ	— നിത്യയൌവ്വനോപേതാ
ശുക്ര-വാസാഃ	— ശ്വേതവസനാ
വിശ്വസ്യ പാൎത്ഥിവസ്യ	
വസ്വഃ ഈശാനാ	— പൃഥിവ്യാസ്സംബന്ധിനഃ ധനസ്യേശ്വരീ
ദിവഃ ദുഹിതാ	— വ്യോമ്നോദുഹിതൃസ്ഥാനീയാ
(സാ) ഏഷാ (ഉഷാഃ)	
വി_ഉച്ഛന്തീ	— തമോ വൎജ്ജയന്തീ
പ്രതി അദശി	— സൎവ്വൈഃ പ്രാണിഭിദൃഷ്ടാഭൂൽ
ഹേ സു—ഭഗേ, ഉഷഃ,	
അദ്യ	— അസ്മിൻ കാലേ (ത്വം)
ഇഹ വി ഉച്ഛ	— അസ്മിൻ ദേവയജനദേശേ തമാംസി വൎജ്ജയ

അൎത്ഥം—നിത്യയുവതിയും വെളുത്ത വസ്ത്രം ധരിച്ചവളും ഭൂമിയുടെ എല്ലാ ധനങ്ങളുടെയും ഈശ്വരിയും ആകാശപുത്രിയുമായ ആ ഉഷസ്സ് ഇരുട്ടകററുന്നവളായി എല്ലാ പ്രാണികളാലും കാണപ്പെട്ടിരിയ്ക്കുന്നു അല്ലയോ സുന്ദരിയായ ഉഷസ്സേ, ഇപ്പോഴ ചിടന്ന് ഈ ദേവയജനദേശത്ത് ഇരുട്ടകറ്റാലെയാകണി (ഇവിടെ ഇരുട്ടകളെന്നതിന്ന് മനസ്സാഃവും ദേവന്മാരുടെ ഇട ഭേദാദ്യജ്ഞാനങ്ങളെന്നും കൂടി അ...

8 പരായതീനാമന്വേതിപാഥ

ആയതീനാം പ്രഥമാശശ്വതീനാം

വ്യുച്ഛന്തീ ജീവമുദീരയ

ന്ത്യുഷാമൃതങ്കഞ്ചനബോധയന്തീ

അന്വയം –

പരാ–യതീനാം	—	പരാഗച്ഛന്തീനാം, അതീതാനാം
പാഥഃ	—	അന്തരിക്ഷൈകദേശലക്ഷണം സ്ഥാനം
(അദ്യതന്യുഷാഃ) അന്വേതി	—	അനുഗച്ഛതി
(തഥാ) ആ–യതീനാം ശശ്വതീനാം	—	ആഗച്ഛന്തീനാം ബഹ്വീനാമുഷസാം
പ്രഥമാ	—	ആദ്യാ (ഭവതി)
(താദൃശീ) വി–ഉച്ഛന്തീ ഉഷാഃ	—	തമോവർജ്ജയന്തീ ഉഷാഃ
ജീവം	—	പ്രാണിനാം ജീവാത്മാനം
ഉത്–ഈരയന്തീ	—	ശയനാദൂർദ്ധ്വം പ്രേരയന്തീ
മൃതം	—	സ്വാപസമയേ പ്രലീനേന്ദ്രിയത്വാൻമൃതമിവസന്തം
കം ചന	—	കമപി പുരുഷം
ബോധയന്തീ	—	പുനരിന്ദ്രിയ പ്രവേശേന ചേതനം കുർവ്വതീ (പ്രവർത്തതേ)

അർത്ഥം—കഴിഞ്ഞുപോയ ഉഷസ്സുകളുടെ അന്തരിക്ഷസ്ഥാനം (തന്നെ) ഇന്നത്തെ ഉഷസ്സ് അനുഗമിക്കുന്നു അതുപോലെ വരാൻപോകുന്ന കണക്കററ ഉഷസ്സുകളിൽ അവൾ (ഇന്നത്തെ ഉഷസ്സ്) ഒന്നാമത്തവളായി ഭവിക്കുന്നു അപ്രകാരം ഇരുട്ടു ...റുന്ന ... പ്രാണികളുടെ ജീവാത്മാവിനെ കിടക്കയിൽ ...ജീവിതോപായ...ക്കുന്നവളായും, ഉറക്കത്തിൽ ഇന്ദ്രിയങ്ങളടങ്ങി എല്ലാ ഭൂതജാതങ്ങളെയും ... ഒരുത്തനെ വീണ്ടും ഇന്ദ്രിയപ്രവർത്തിപ്പിക്കുന്നു

...നാക്കി ... പ്രവർത്തിക്കുന്നു

9 ഉഷോയദഗ്നിം സമിധേചകർത്ഥ
വിയദാവശ്ചക്ഷസാസൂര്യസ്യ
യന്മാനുഷാൻയക്ഷ്യമാണാ അജീഗ
സ്തദ്ദേവേഷുചകൃഷേഭദ്രമപ്നഃ

അന്വയം:—

ഹേ ഉഷഃ (ത്വം)	
അഗ്നിം സം—ഇധേ	— ഗാർഹപത്യാദിരൂപമഗ്നിം സമിന്ധനായ, പ്രജ്വലനാർത്ഥം
യൽ ചകർത്ഥ	— കൃതവതീ
(അപിച തമസാതിരോഹിതം ജഗൽ) സൂര്യസ്യ	
ചക്ഷസാ	— പ്രകാശേന
യൽ വി ആവഃ	— വ്യവൃണോഃ, തമസാ വിശ്ലിഷ്ടമകരോഃ
(തഥാ) മാനുഷാൻ	
യക്ഷ്യമാണാൻ	— മനുഷ്യാൻ യാഗം കരിഷ്യതഃ
(ത്വം) യൽ അജീഗഃ	— തമസാഗ്രസ്താൻ പ്രകാശേന ഉൽഗീർണ്ണാനിവാകരോഃ
(ഹേ ഉഷഃ) ദേവേഷു	
(മദ്ധ്യേത്വമേവ) ഭദ്രം	— ഭജനീയം
തൽ അപ്നഃ ചകൃഷേ	— ഏതൽ ത്രിവിധം കർമ്മകൃതവതീ

അർത്ഥം—അല്ലയോ ഉഷസ്സേ, അവിടുന്നു് ഗാർഹപത്യാദി രൂപത്തിലുള്ള അഗ്നിയെ ജ്വലിപ്പിയ്ക്കുവാൻ (പ്രഭാതത്തിലാണല്ലൊ അഗ്നികളെ ഹോമങ്ങൾക്കായി വീശിപ്പിടിപ്പിയ്ക്കുന്നതു്) യാതൊന്നു് ചെയ്യുമോ, പുറമെ ഇരുട്ടാണ്ട ജഗത്തിനെ സൂര്യന്റെ പ്രകാശംകൊണ്ടു് യാതൊരു പ്രകാരം തെളിയിച്ചുവോ, അതുപോലെ യാഗം ചെയ്യുന്ന മനുഷ്യരെ യാതൊരു പ്രകാരത്തിൽ ഇരുട്ടകററി പുതുതായി പിറന്നവരെപ്പോലെയാക്കിയോ, ഈ മൂന്നു വിധത്തിലുള്ള സൽപ്രവൃത്തിയും ദേവന്മാരുടെ ഇടയിൽ അവിടുന്നു് മാത്രം ചെയ്യുന്നു.

12 യാവയദ്ദ്വേഷാ ഋതപാ ഋതേജാ
സുമ്നാവരീ സൂനൃതാ ഈരയന്തീ
സുമങ്ഗലീർബ്ബിഭ്രതീ ദേവവീതി
മിഹാദ്യോഷശ്ശ്രേഷ്ഠതമാവ്യുച്ഛ

അന്വയം:—

യവയത്—ദ്വേഷാഃ	—	യാവയന്തി ദ്വേഷാംസി, ദ്വേഷ്ടൄണി, രാക്ഷസാദീനി, അസ്മത്തഃ പൃഥക്കൃതാനി യയാസാ (നിശാചരാസ്തേ ഉഷസി ജാതായാം ന അവതിഷ്ഠന്തേ)
ഋത-പാഃ	—	ഋതസ്യ, സത്യസ്യ പാലയിത്രീ
ഋതേ-ജാഃ	—	യജ്ഞാർത്ഥം പ്രാദുർഭൂതാ

(സത്യാമുഷസി അഹനിയാഗാ അനുഷ്ഠീയന്തേ)

സുമ്ന—വരീ	—	സുഖവതീ
സൂനൃതാഃ ഈരയന്തീ	—	പശുപക്ഷിമൃഗദീനാം വചാംസി പ്രേരയന്തീ, ഉല്ലാദയന്തീ
സു—മങ്ഗലീഃ	—	പത്യാകദാചിദപി നവിയുക്താ
ദേവ—വീതിം ബിഭ്രതീ	—	യജ്ഞം ധാരയന്തീ
ഹേ ഉഷഃ ശ്രേഷ്ഠ—തമാ		
ഇഹ	—	ത്വം അസ്മിൻ ദേവയജനദേശേ
അദ്യ വി ഉച്ഛ	—	അസ്മിൻ യാഗസമയേ വിവാസയ

അർത്ഥം—ദ്വേഷങ്ങളെയും ദ്വേഷ്ടാക്കളെയും (രാക്ഷസാദികളെ) നമ്മളിൽ നിന്നകററുന്നവളും (രാത്രിഞ്ചരന്മാരായ രാക്ഷസന്മാരും മററും ഉഷസ്സു പിറന്നാൽ നില്ക്കില്ലല്ലൊ) സത്യം രക്ഷിക്കുന്നവളും, യജ്ഞാർത്ഥം പിറന്നവളും (ഉഷസ്സു പിറന്നാലാണല്ലൊ യാഗാദികർമ്മങ്ങളനുഷ്ഠിക്കപ്പെടുന്നതു്) സുഖാത്തികയും പശുപക്ഷിമൃഗാദികൾക്കു് വാക്കു്, (ശബ്ദം) ഉല്ലാദിപ്പി

ശ്ശുന്നവളും ഭർത്താവിനോട് (സൂര്യനോട്) ഒരിക്കലും വേർപെടാത്ത മങ്ഗല്ല്യവതിയും യജ്ഞത്തെ സ്വയം ധരിയ്ക്കുന്നവളും മഹത്തമയുമായ ഉഷസ്സേ, അവിടുന്ന് ഈ ദേവയജനദേശത്തിൽ, ഈ യാഗവേളയിൽ ഇരുട്ടകററിയാലും. (ജ്ഞാനസ്വരൂപമായ പ്രകാശം കൊണ്ട് ഞങ്ങളിലെ തമോരൂപമായ അജ്ഞാനം നീക്കുവാനർത്ഥിയ്ക്കുന്നു. അടുത്തു മുമ്പൊരു മന്ത്രത്തിൽ സൂര്യനെ ഉഷസ്സിൻെറ മകനായി കല്പിച്ചു. ഇവിടെ ഭർത്താവായി കല്പിച്ചിരിയ്ക്കുന്നു. രണ്ടും ഭാവോചിതം തന്നെ).

13 ശശ്വൽ പുരോഷാവ്യുവാസദേവ്യ
ഥോ അദ്യേദം വ്യാവോമഘോനീ
അഥോവ്യുച്ഛാദുത്തരാം അനുദ്യൂ
നജരാമൃതാചരതിസ്വധാഭിഃ

അന്വയം:—

ദേവീ ഉഷാഃ	— ദേവനശീലോഷാഃ
പുരാ ശശ്വൽ വി ഉവാസ	— പൂർവ്വസ്മിൻ കാലേ നിത്യം സതതം വ്യൌച്ഛൽ
അഥോ *അദ്യ മഘോനീ* (തമസാ തിരോഹിതം)	— *ധനവതീ*
ഇദം	— സർവ്വം ജഗൽ
വി ആവഃ	— പ്രകാശേന തമസാ വിയുക്താമകരോൽ
അഥോ ഉൽ-തരാൻ	— ഊർദ്ധ്വതരാൻ, ഭാവിനഃ
ദ്യൂൻ അനു (ആഗാമിഷ്വപിദിവസേഷു)	— ദിവസാൻ അനുലക്ഷ്യ
വി ഉച്ഛാൽ (അതഃ കാലത്രയ വ്യാപിനീസോഷാഃ)	— വിവാസയതി
അജരാ അമൃതാ	— ജരാരഹിതാ, മരണരഹിതാചസതീ
സ്വധാഭിഃ ചരതി	— ആത്മീയൈസ്തേജോഭിശ്ചരതി

അർത്ഥം—പ്രകാശവതിയായ ഉഷസ്സ് മുമ്പുള്ളകാലത്ത് നിത്യം നിരന്തരമിരുട്ടകററി ഇപ്പോഴും ധനവതിയായ ഉഷസ്സ് ഇരുട്ടിലാണ്ട ജഗത്ത് മുഴുവൻ വെളിച്ചംകൊണ്ട് തെളിയിക്കുന്നു വരാൻ പോകുന്ന ദിവസങ്ങളെയും ആ ഉഷസ്സ് തെളിയിക്കാൻ പോകുന്നു അങ്ങിനെ കാലത്രയവ്യാപിനിയായ അവിടുന്ന് ജരബാധിക്കാതെ, മരണരഹിതയായി ആത്മീയ തേജസ്സുകളാൽ ചരിക്കുന്നു

14 വ്യഞ്ജിഭിർദ്ദിവ ആതാസ്വദ്യൗത്
അപകൃഷ്ണാന്നിർണ്ണിജന്ദേവ്യാവഃ
പ്രബോധയന്ത്യരുണേഭിരശ്വൈഃ
ഓഷായാതി സുയുജാരഥേന

അന്വയം —

ദിവഃ ആതാസു	— നഭസ്സംബന്ധിനീഷു ആതതാസു, വിസ്തീർണ്ണാസു ദിക്ഷു
(ഉഷാഃ) അഞ്ജി–ഭിഃ	— വ്യഞ്ജകൈഃ, പ്രകാശകൈഃ തേജോഭിഃ
വി അദ്യൗത്	— വിദ്യോതതേ, പ്രകാശതേ
(സാ) ദേവീ കൃഷ്ണാം നിഃ–നിജം	— രാത്രികൃതം കൃഷ്ണം രൂപം
അപ ആവഃ	— അപാവൃണോത്, പ്രകാശേന തിരസ്കൃതവതീ
(അപിച) അരുണേഭിഃ അശ്വൈഃ	— ലോഹിതവർണ്ണൈഃ വ്യാപന ശീലൈഃ കിരണൈഃ
ഉഷാഃ സു–യുജാ രഥേന	— സമ്യക്‌യുക്തേന രഥേന
പ്ര–ബോധയന്തീ	— സുപ്താൻ പ്രാണിനഃ പ്രബുദ്ധാൻ കുർവ്വതീ
ആ യാതി	— ആഗച്ഛതി

അത്ഥം—വിസ്തൃതങ്ങളായ ആകാശഭാഗങ്ങളിൽ ഉഷസ്സ് പ്രകാശകങ്ങളായ തേജസ്സുകളോടുകൂടി ശോഭിയ്ക്കുന്നു. രാത്രിയാൽ നിമ്മിതമായ കറുത്തരൂപത്തെ, ആ ദേവി പ്രകാശത്താൽ നീക്കിയകററുന്നു. കൂടാതെ, ചുകന്നവയും എണ്ണം പരന്നവയുമായ സ്വരശ്മികളാൽ ഉഷസ്സ്, നല്ലപോലെ പൂട്ടിയ തേരിൽ ഉറങ്ങുന്ന പ്രാണികളെ ഉണത്തിക്കൊണ്ടു വന്നുചേരുന്നു.

15 ആവഹന്തീ പോഷ്യാ വാര്യാണി
ചിത്രങ്‌കേതുങ്‌കൃണുതേ ചേകിതാനാ
ഈയുഷീണാമുപമാശശ്വതീനാം
വിഭാതീനാം പ്രഥമോഷാവ്യശ്വൈൽ വ. 3

അന്വയം:—

പോഷ്യാ	— യാവജ്ജീവം പോഷണ സമത്ഥാനി
വാര്യാണി	— വരണീയാനി ധനാനി
ആ-വഹന്തീ	— അസ്മഭ്യമാനയന്തീ
ചേകിതാനാ ഉഷാഃ	— സവ്വം ജഗൽ പ്രജ്ഞാപയന്തീസാ
ചിത്രം കേതും കൃണുതേ	— ചായനീയം, പ്രജ്ഞാപകം രശ്മിം സ്വാത്മനഃ പ്രകാശാൽ കൃത്സ്നം ജഗൽ പ്രകാശന സമത്ഥം കുരുതേ
(സൈഷാ) ഈയുഷീണാം	— ഗമനവതീനാം, പൂവ്വനിഷ്പന്നാനാം
ശശ്വതീനാം (ഉഷസാം) ഉപ-മാ	— ബഹ്വീനാം ഉപമാത്ഭൂതാ
വി-ഭാതീനാം പ്രഥമാ	— വിശേഷേണ പ്രകാശമാനാനാം ആഗമനീനാമുഷസാമാദ്യാ
വി അശ്വൈ...	[illegible]

അർത്ഥം:–ജീവകാലം മുഴുവൻ പോഷിപ്പിയ്ക്കുന്നതും ശ്രേഷ്ഠവുമായ ഐശ്വര്യം നമുക്ക് കൊണ്ടുവരുന്നവളും ജഗത്തിനെ മുഴുവൻ (വെളിച്ചംകൊണ്ട് തന്നെ) അറിയിക്കുന്നവളുമായ ഉഷസ്സ് മനോഹരവും തന്റെ വരവുപ്രഖ്യാപിക്കുന്നതുമായ രശ്മിയെ, ആത്മപ്രകാശത്താൽ ജഗൽപ്രകാശനം സാധിച്ചുകൊണ്ട്, പരത്തുന്നു ആ ഉഷസ്സ് മുമ്പു കഴിഞ്ഞുപോയ കണക്കററ ഉഷസ്സുകൾക്ക് തുല്യയായി, വരാൻപോകുന്ന പ്രകാശവതികൾക്ക് (ഉഷസ്സുകൾക്ക്) ഒന്നാമത്തവളായി പ്രവൃദ്ധയായിരിക്കുന്നു.

16 ഉദീർദ്ധ്വംജീവോഅസുർന്ന ആഗാ
ദപപ്രാഗാത്തമ ആജ്യോതിരേതി
ആരൈക്പന്ഥാംയാതവേ സൂര്യായാ
ഗന്മയത്രപ്രതിരന്ത ആയുഃ

അന്വയം:–

(ഹേ മനുഷ്യാഃ) ഉത് ഈർദ്ധ്വം	ശയനം പരിത്യജ്യ ഉത്ഗച്ഛത
നഃ അസുഃ ജീവഃ ആ അഗാത്	അസ്മാകം ശരീരസ്യ പ്രേരയിതാ ജീവാത്മാ ആഗതവാൻ
തമഃ അപപ്ര അഗാത്	അപക്രാന്തം
ജ്യോതിഃ ആ ഏതി	സൂര്യഃ ആഗച്ഛതി
സൂര്യായ യാതവേ പന്ഥാം ആരൈക്	ഗമനായമാർഗ്ഗം വിവിക്തീകരോതി
യത്ര ആയുഃ പ്ര–തിരന്തേ	യസ്മിൻദേശേ ഉദാരാഃ അന്നം പ്രവർദ്ധയന്തി
(തസ്മിൻ ദേശേ) അഗന്മ	ഗച്ഛാമഃ

അർത്ഥം.–അല്ലയോ മനുഷ്യരേ, കിടപ്പിൽ നിന്നെഴുന്നേല്ക്കുക നമ്മുടെ ശരീരത്തെ കൊണ്ടുനടക്കുന്ന ജീവാത്മാവ് വന്നുകഴിഞ്ഞു ഇരുട്ട് പുറത്തായി തേജസ്സു വന്നുചേരുന്നു സൂര്യന്ന് യാത്രയ്ക്കുള്ള വഴി (ഈ ഉഷസ്സ്) തെളിച്ച് ശുചീകരിക്കുന്നു. എവിടെ ദാനശീലർ അന്നം വർദ്ധിപ്പിക്കുന്നുവോ, നാമവിടെപ്പോവുക.

17 സ്യൂമനാവാച ഉദീയർത്തിവഹ്നി
സ്സ്തവാനോരേഭ ഉഷസോവിഭാതീഃ
അദ്യാതദുച്ഛഗൃണതേമഘോ
ന്യസ്മേ ആയുർന്നിദിദീഹിപ്രജാവൽ

അന്വയം:—

വഹ്നിഃ രേഭഃ	— സ്തോത്രാണാം വോഢാ, സ്തോതാ
ഉഷസഃ വി–ഭാതീഃ	— തമോപനോദനേന പ്രകാശമാനാ ഉഷോദേവതാ
സ്തവാനഃ	— സ്തുവൻ
വാചഃ സ്യൂമനാ ഉൽ ഇയർത്തി	— വേദരൂപായാഃ സംബന്ധീനി അനുസ്യൂതാനി സന്തതാ ന്യക്ഥാനി ഉൽഗമയതി, ഉച്ചാരയതി
(അതഃ) ഹേ മഘോനി,	— ധനവതി, (ഉഷഃ,)
അദ്യ ഗൃണതേ	— അസ്മിൻസമയേ സ്തുവതേ പുരുഷായ
തൽ ഉച്ഛ	— ദൃഷ്ടിനിരോധകം നൈശംതമഃ വർജ്ജയ
അസ്മേ പ്രജാ–വൽ	— അസ്മാകം പുത്രപൌത്രാദിഭി രുക്തം
ആയുഃ നി ദിദീഹി	— അന്നം നിതരാം പ്രകാശയ

അത്ഥം—(ഹ്ൃദിസ്ഥങ്ങളായ) സ്തോത്രങ്ങളെ വഹിക്കുന്ന സ്തോതാവ്, ഇരുട്ടകററി പ്രകാശിക്കുന്ന ഉഷോദേവതകളെ സ്തുതിച്ചുകൊണ്ട് വേദ (സാമ) സംബന്ധിയും തുടരെത്തുടരെയുള്ളതുമായ ഉക്ഥങ്ങളെ ചൊല്ലുന്നു അതുകൊണ്ട് ധനവതിയായ ഉഷസ്സേ, ഈ സമയത്തു് സ്തോത്രകർത്താവിന്നായി കാഴ്ചയെ മറയ്ക്കുന്ന ഇരുട്ടകററിയാലും ഞങ്ങൾക്ക പുത്രപൌത്രന്മാരോടുകൂടിയ അന്നം (പുഷ്ടി) പ്രകാശിപ്പിച്ചു തന്നാലും.

18 യാഗോമതീരുഷസസ്സർവ്വവീരാ
വ്യുച്ഛന്തി ദാശുഷേമർത്ത്യായ
വായോരിവ സൂനൃതാനാമുദർക്കേ
താ അശ്വദാ അശ്നവൽ സോമസുത്വാ

അന്വയം —

ദാശുഷേ മർത്ത്യായ — ഹവീംഷി ദത്തവതേ യജമാനായ

ഗോ-മതീഃ സർവ്വ-വീരാഃ — ബഹുഭിർഗ്ഗോഭിര്യുക്താഃ, സർവ്വൈ ശ്ശൂരൈര്യുക്താഃ

വായോഃ-ഇവ സൂ-
നൃതാനാം ഉൽ-അർക്കേ — വായുവച്ഛീഘ്രം പ്രവർത്തമാനാനാം സ്തുതിരൂപാണാം വാചാം സമാപ്തൌ

യാഃ ഉഷസഃ വി-ഉച്ഛന്തി — തമോവർജ്ജയന്തി

അശ്വ-ദാഃ താഃ — അശ്വദാത്രീഃ ഉഷസഃ

സോമ-സുത്വാ — സോമാനാം അഭിഷോതാ യജമാനഃ

അശ്നവൽ — വ്യാപ്നോതു

അർത്ഥം—ഹവിസ്സുകളേകുന്ന യജമാനനു്, ബഹുപശുക്കളോടുകൂടിയവരും എല്ലാ ശൂരന്മാരോടും കൂടിയവരുമായ യാവരായ ഉഷോദേവതകൾ, വായുവേഗത്തിൽ ചൊല്ലുന്ന സ്തോത്രങ്ങളുടെ അവസാനത്തിൽ ഇരുട്ടകററിക്കൊടുക്കുന്നുവോ, അശ്വദാത്രികളായ അവർ (ഉഷോദേവതകൾ) സോമം ചതച്ച് സംസ്കരിക്കുന്ന യജമാനനെ പ്രാപിക്കട്ടെ, വ്യാപിക്കട്ടെ

19 മാതാ ദേവാനാമദിതേരനീകം

യജ്ഞസ്യകേതുർബൃഹതീ വിഭാഹി

പ്രശസ്തികൃദ്ബ്രഹ്മണേനോ വ്യു ഛാ

നോജനേ ജനയ വിശ്വവാരേ

അന്വയം:—

(ഹേ ഉഷഃ, ത്വം)
ദേവാനാം മാതാ — ജനനീ
(ഉഷസിസർവ്വേദേവാഃ സ്തുത്യാ പ്രബോദ്ധ്യന്തേ അതഃ സാ ത ജ്ജനനവതീ)
(അതഃ ഏവ) അദിതേഃ
അനീകം — ദേവാനാം മാതുഃ പ്രത്യനീകം, പ്രതിസ്പർദ്ധിനീ
യജ്ഞസ്യ കേതുഃ — കേതയിത്രീ, ജ്ഞാപയിത്രീ
ബൃഹതീ വി ഭാഹി — മഹതീസതീ പ്രകാശസ്വ
(അപിച) പ്രശസ്തി–കൃൽ — സ്തുതിമതീ, പ്രശംസനാഃ കർത്രീ
നഃ ബ്രഹ്മണേ വി ഉച്ഛ — അസ്മദീയായ മന്ത്രരൂപായ സ്തോത്രായ വിവാസയ
(തദനന്തരം) ഹേ വിശ്വ–
വാരേ — സർവ്വൈർവ്വരണീയേ ഉഷഃ
നഃ ജനേ — അസ്മാൻ ജനപദേ
ആ ജനയ — ആഭിമുഖ്യേനാവസ്ഥാപയ

അർത്ഥം—അല്ലയോ ഉഷസ്സേ, അവിടുന്ന് ദേവന്മാരുടെ അമ്മയാകുന്നു. (ഉഷസ്സിൽ എല്ലാ ദേവന്മാരും സ്തുതികളാൽ ഉണർത്തപ്പെടുന്നു. അതുകൊണ്ട് അവരുടെ നിത്യപ്രബോധനരൂപമായ ജനനത്തിന്ന് ഹേതുഭൂത.) അക്കാരണംകൊണ്ടു തന്നെ ദേവമാതാവായ അദിതിയ്ക്ക് എതിരാളിയാകുന്നു. അവിടുന്ന് യജ്ഞത്തെ അറിയിയ്ക്കുന്നവളാകുന്നു (അപ്രകാരമുള്ള അവിടുന്ന്) മഹതിയായി പ്രകാശിച്ചാലും. അതിന്നുപുറമേ, സ്തുതിമതിയായ (അതായതു് സ്തുതികളെ ഉൾക്കൊള്ളുന്ന) അവിടുന്ന്

ഞങ്ങളുടെ മന്ത്രരൂപമായ സ്തോത്രോച്ചാരണത്തിന്നായി (ചില സ്തോത്രങ്ങൾ സൂര്യനുദിച്ച ശേഷമേ ചൊല്ലാൻ പാടുള്ളൂ) ഇരുട്ടകററിയാലും. അതിന്നുശേഷം സർവ്വാദൃതയായ ഉഷസ്സേ, ഞങ്ങളെ നാട്ടിൽ നേരെ വസിപ്പിച്ചാലും, നിലനിർത്തിയാലും.

20 യച്ചിത്രമപ്നഉഷസോവഹന്തി
ഈജാനായശശമാനായഭദ്രം
തന്നോമിത്രോവരുണോമാമഹന്താ
മദിതിസ്സിന്ധുഃ പൃഥിവീഉതദ്യൌഃ വ. 4

അന്വയം:—

ചിത്രം അപ്നഃ യൽ — ചായനീയം പ്രാപ്തവ്യം യൽ ധനം
ഉഷസഃ വഹന്തി — ആനയന്തി
ഈജാനായ — ഹവിർഭിരിഷ്ടവതേ
ശശമാനായ — സ്തുതിഭിസ്സംഭജമാനായ പുരുഷായച
ഭദ്രം (തൽഭവതി)
(യൽ പ്രാർത്ഥിതം) തൽ
നഃ മിത്രഃ വരുണഃ അദിതിഃ
സിന്ധുഃ പൃഥിവീ ഉത ദ്യൌഃ
മമഹന്താം — പൂജയന്താം

അർത്ഥം—മനോഹരവും നേടേണ്ടതുമായ യാതൊരു ധനം ഉഷസ്സുകൾ കൊണ്ടുവരുന്നുവോ, ശ്രേഷ്ഠമായ അതു് ഹവിസ്സുകളാൽ യജിയ്ക്കുന്നവന്നും സ്തുതികളാൽ ഭജിക്കുന്നവന്നും വന്നു ചേരുന്നു. ഞങ്ങളുടെ ഈ പ്രാർത്ഥനയെ മിത്രനും വരുണനും അദിതിയും സിന്ധുവും പൃഥിവിയും ദ്യോവും മാനിയ്ക്കട്ടെ.

വഗ്ഗം5–6. ആങ്ഗിരസഃ കുത്സഃ ഋഷിഃ ജഗതീത്രിഷ്ടുഭൌ ഛന്ദസീ, രുദ്രോ ദേവതാ.

1 ഇമാ രുദ്രായതവസേകപർദ്ദിനേ
ക്ഷയദ്വീരായ പ്രഭരാമഹേമതീഃ
യഥാശമസദ്വിപദേ ചതുഷ്പദേ
വിശ്വം പുഷ്ടംഗ്രാമേ അസ്മിന്നനാതുരം

അന്വയം:—

തവസേ, കപർദ്ദിനേ	—	പ്രവൃദ്ധായ, ജടിലായ
ക്ഷയൽ–വീരായ രുദ്രായ	—	ക്ഷയന്തോ വീരാഃ യസ്മിൻ താദൃശായ
യഥാ അസ്മിൻ ഗ്രാമേ	—	അസ്മദീയേ ഗ്രാമേ
ദ്വി–പദേ ചതുഃ–പദേ	—	മനുഷ്യായ, ഗവാശ്വപ്രഭൃതയേ
ശം അസൽ	—	രോഗാണാമുപശമനം ഭവേൽ
(യഥാ) വിശ്വം അനാതുരം		
പുഷ്ടം	—	സർവ്വം രോഗരഹിതം പ്രവൃദ്ധം (ഭവതു)
(തഥാ) മതീഃ ഇമാഃ	—	മനനീയാഃ ഇമാസ്തുതീഃ
പ്ര ഭരാമഹേ	—	പ്രകർഷേണ നിഷ്പാദയാമഃ

അർത്ഥം—യാതൊരു വിധമായാൽ ഞങ്ങളുടെ ഗ്രാമത്തിൽ മനുഷ്യനും കന്നുകാലികളും രോഗശമനം ഭവിക്കുമോ, ഗ്രാമത്തിലെല്ലാവരും അരോഗരും സമ്പന്നരുമായി വരുമോ, അതിന്നു തക്കവിധം പ്രവൃദ്ധനും ജടായുക്തനും ശത്രുഹന്താവുമായ രുദ്രന്നായിക്കൊണ്ടു് മനനീയങ്ങളായ ഈ സ്തോത്രങ്ങൾ ഞങ്ങൾ നിഷ്പാദിപ്പിക്കുന്നു, ഉണ്ടാക്കിച്ചൊല്ലുന്നു.

2 മൃളാനോരുദ്രോതനോമയസ്കൃധി
ക്ഷയദ്വീരായ നമസാവിധേമതേ
യച്ഛംചയോശ്ചമനുരായേജേപിതാ
തദശ്യാമതവ രുദ്രപ്രണീതിഷു

അന്വയം:–

ഹേ മീഢ്വഃ, രുദ്ര,	—	സേക്തഃ, കാമാഭിവർഷക,
(വയം) തേ ദേവ–		
യജ്യയാ	—	ത്വദ്ദേവത്യേന യജ്ഞേന
ക്ഷയൽ–വീരസ്യ തവ	—	ക്ഷപിതപ്രതിപക്ഷസ്യതേ
സു–മതിം അശ്യാമ	—	കല്യാണീമനുഗ്രഹാത്മികാം ബുദ്ധിം പ്രാപ്നവാമ
(ത്വം) അസ്മാകം വിശഃ	—	പ്രജാഃ
സുമ്ന–യൻ ഇൽ ആ ചര	—	സുഖമിച്ഛൻ, സുഖപ്രദഃ ആഗച്ഛ
(വയം) അരിഷ്ട–വീരാഃ	—	വീര്യാജ്ജായന്തേ ഇതിവീരാഃ പ്രജാഃ, അഹിംസിതാഃ പ്രജായേഷാം തഥാഭൂതാഃ
തേ ഹവിഃ	—	തുഭ്യം ചരുപുരോഡാശാദികം
ജുഹവാമ	—	ചോദിതാധാരേ പ്രക്ഷിപാമ

അർത്ഥം–അല്പയോ കാമവർഷക, രുദ്ര, ഞാൻ അവിടുന്നു ദേവനായ യജ്ഞത്താൽ, അവിടുത്തെ ഉപാസനയാൽ, ശത്രു ഹന്താവായ അവിടുത്തെ മംഗളാത്മികയും അനുഗ്രഹവതിയുമായ ബുദ്ധിയെ പ്രാപിയ്ക്കുമാറാകട്ടെ. അവിടുന്നു് ഞങ്ങളുടെ പ്രജകൾക്കു് (സന്താനങ്ങൾക്കു്) സുഖപ്രദനായി വന്നാലും. അഹിംസിതരായ ആ പുത്രന്മാരോടുകൂടി അവിടേക്കു് നിശ്ചിത സ്ഥാനത്തു് ചരുപുരോഡാശാദി ഹവിസ്സുകളെ ഞാൻ സമർപ്പിക്കാവൂ.

4 ത്വേഷം വയം രുദ്രംയജ്ഞസാധം

വങ്കുംകവിമവസേനിഹ്വയാമഹേ

ആരേഅസ്മദ്ദൈവ്യം ഹേളോഅസ്യതു

സുമതിമിദ്വയമസ്യാവൃണീമഹേ

അന്വയം —

ത്വേഷം, യജ്ഞ-സാധം — ദീപ്തം, യജ്ഞസ്യസാധയിതാരം
വങ്കും, കവിം, രുദ്രം — കുടിലഗന്താരം, ക്രാന്തദർശിനംതം
അവസേ വയം
നി ഹ്വയാമഹേ — രക്ഷണായനിതരാം ആഹ്വയാമഃ
(സരുദ്രഃ) ദൈവ്യം
ഹേളഃ — ദേവസംബന്ധിനം ക്രോധം
അസ്മൽ ആരേ അസ്യതു — അസ്മത്തോ ദൂരദേശേപ്രേരയതു
വയം അസ്യ സു-മതിം
ഇൽ — അനുഗ്രഹരൂപാം ബുദ്ധിമേവ
ആ വൃണീമഹേ — ആഭിമുഖ്യേന സംഭജാമഹേ

അർത്ഥം—ദീപ്തനും, യജ്ഞം സാധിപ്പിക്കുന്നവനും (ആർക്കും അറിയാൻ വയ്യാത്ത) കുടിലഗതിയോടുകൂടിയവനും ക്രാന്തദർശിയുമായ രുദ്രനെ നമ്മൾ ഉറപ്പിച്ചു വിളിക്കുന്നു ആ രുദ്രൻ ദേവന്മാരുടെ ക്രോധത്തെ നമ്മളിൽ നിന്നകലെ അയയ്ക്കട്ടെ നമ്മളുവിടുത്തെ അനുഗ്രഹരൂപമായ ബുദ്ധിയെത്തന്നെ നേരെ വരിക്കുന്നു, ഭജിക്കുന്നു

5 ദിവോവരാഹമരുഷങ്കപർദ്ദിനം
ത്വേഷംരൂപന്നമസാനിഹ്വയാമഹേ
ഹസ്തേബിഭ്രദ്ഭേഷജാവാര്യാണി
ശർമ്മവർമ്മച്ഛർദ്ദിരസ്മഭ്യംയംസൽ വ 5

അന്വയം —

വരാഹം, അരുഷം,
കപർദിനം — വരാഹവദ്ദൃഢാംഗം, രോചമാനം, ജടായുക്തം
ത്വേഷം, രൂപം — തേജസാദീപ്യമാനം, നിരൂപണീയം വേദാന്തൈരധിഗമ്യം രുദ്രം

നമസാ ദിവഃ നി
ഹ്വയാമഹേ — നമസ്കാരേണ ദ്യുലോകാൽ
നിതരാമാഹ്വയാമഃ
(സ ആഹുതോരുദ്രഃ)
ഹസ്തേ വാര്യാണി — വരണീയാനി
ഭേഷജാ ബിഭ്രൽ — രോഗശമനഹേതുഭൂതാനി
ഭൈഷജ്യാനിധാരയൽ
അസ്മഭ്യം — സ്തോതൃഭ്യഃ
ശർമ്മ, വർമ്മ, — ആരോഗ്യലക്ഷണം സുഖം,
ആയുധാനാംനിവാരകം കവചം
ഛർദ്ദിഃ യംസൽ — ഗൃഹം ച പ്രയച്ഛതു

അർത്ഥം—പന്നിയെപ്പോലെ കരുത്തനും പ്രകാശയുക്തനും ജടായുക്തനും തേജസ്സുകൊണ്ടു് ജ്വലിക്കുന്നവനും ജ്ഞാനംകൊണ്ടു് നിരൂപണീയ (അഭിഗമ്യ) നും ആയ രുദ്രനെ നമസ്കാരത്തോടുകൂടി ദ്യോവിൽനിന്നു് നമ്മൾ ഉറപ്പിച്ചു വിളിക്കുന്നു വിളിക്കപ്പെട്ട രുദ്രൻ കയ്യിൽ ശ്രേഷ്ഠങ്ങളായ രോഗശമനൌഷധങ്ങൾ ധരിച്ചുകൊണ്ടു് സ്തോതാക്കൾക്കു്, ഉപാസകരായ നമ്മൾക്കു്, ആരോഗ്യസുഖവും ആയുധങ്ങളെ തടുക്കുന്ന കവചവും ഗൃഹവും നല്കട്ടെ.

6 ഇദംപിത്രേമരുതാ മുച്യതേവചഃ
സ്വാദോ സ്വാദീയോ രുദ്രായവർദ്ധനം
രാസ്വാചനോ അമൃതമർത്തഭോജനം
ത്മനേതോകായതനയായമൃള

അന്വയം:—

സ്വാദോഃ സ്വാദീയഃ — മധുഘൃതാദേരപി സ്വാദുതരം
വർദ്ധനം — സ്തുത്യസ്യ പ്രവർദ്ധകം
ഇദം വചഃ — സ്തുതിലക്ഷണം വചഃ
മരുതാം പിത്രേ രുദ്രായ
ഉച്യതേ — ഉച്ചാര്യതേ
ഹേ അമൃത, — മരണരഹിത, (രുദ്ര.)

മർത്ത്യ—ഭോജനം നഃ രാസ്വ — മനുഷ്യാണാംഭോഗപര്യാപ്തം
യൽ തൽ അസ്മഭ്യം പ്രയച്ഛ
(തഥാ) ത്മനേ — മാം (ദ്വിതീയാർത്ഥേ ചതുർത്ഥീ)
തോകായ തനയായ മൃള — പുത്രം തൽപുത്രം ച സുഖയ

അർത്ഥം— തേൻ, നെയ്യ് ഇതുകളേക്കാൾ മധുരതരവും സ്തുതിക്കപ്പെടുന്ന ദേവന്ന് വലിപ്പം കൂട്ടുന്നതുമായ ഈ സ്തുതി വചസ്സ്, മരുത്തുകളുടെ പിതാവായ രുദ്രന്നായി ഉച്ചരിക്കപ്പെടുന്നു. അല്ലയോ നാശരഹിത, രുദ്ര, മനുഷ്യർക്ക് ഭോഗത്തിന്ന് (ധാർമ്മികമായ സുഖത്തിന്ന്) പര്യാപ്തമായതു് ഞങ്ങൾക്ക് നല്കിയാലും. അതുപോലെ എന്നെയും മകനെയും മകന്റെ മകനെയും സുഖിപ്പിച്ചാലും

7 മാനോമഹാന്തമുതമാനോ അർഭകം
മാന ഉക്ഷന്തമുതമാന ഉക്ഷിതം
മാനോവധീഃ പിതരംമോതമാതരം
മാനഃ പ്രിയാസ്തന്വോരുദ്രരീരിഷഃ

അന്വയം:—
ഹേ രുദ്ര, നഃ — അസ്മാകം മദ്ധ്യേ
മഹാന്തം മാ വധീഃ — വൃദ്ധം മാ ഹിംസീഃ
ഉത നഃ അർഭകം മാ — അപി ച അസ്മാകം ബാലം മാ ഹിംസീഃ
(തഥാ) നഃ ഉക്ഷന്തം മാ — അസ്മാകം മദ്ധ്യേ മദ്ധ്യവയസ്സം യുവാനം മാ ഹിംസീഃ
ഉത നഃ ഉക്ഷിതം മാ — അപി ച അസ്മാകം ഗർഭരൂപേണ സ്ത്രീഷുനിഷിക്തമപത്യം മാ ഹിംസീഃ
(തഥാ) നഃ പിതരം മാ — അസ്മാകം ജനകം മാ ഹിംസീഃ
ഉത മാതരം മാ — അപി ച ജനനീം മാ ഹിംസ
(തഥാ) നഃ പ്രിയാഃ തന്വഃ
മാ രിരിഷഃ — അസ്മാകം സ്നേഹവിഷയാനി ശരീരാണി മാ ഹിംസീഃ

അർത്ഥം—'മാ വധീഃ' എന്നതുകൊണ്ട് കൊല്ലരുത്, ആയുസ്സറുക്കരുത്, ഹിംസിക്കരുത്, കഷ്ടപ്പെടുത്തരുത് എന്നിങ്ങനെ പലവിധത്തിലും അർത്ഥം പറയാം. ഈ ഋക്കിൽ വിവിധാർത്ഥങ്ങൾ വരുന്നുണ്ട്. എന്നാൽ ആത്മനാശം വരുത്തരുത് എന്നാണ് ആധ്യാത്മികമായി അർത്ഥം പറയേണ്ടത്. നമ്മുടെ പൂർവ്വന്മാരായ ഋഷിവര്യന്മാർ ശരീരനാശത്തിൽ പരിഭ്രമിക്കുന്നവരായിരുന്നില്ലല്ലൊ.

അല്ലയോ രുദ്ര, ഞങ്ങളുടെ ഇടയിൽ നിന്ന് വൃദ്ധനെ വധിക്കരുത്. ഞങ്ങളുടെ ബാലനെ വധിക്കരുത്. അതുപോലെ ഞങ്ങളുടെ ഇടയിൽ മദ്ധ്യവയസ്സനെ, യുവാവിനെ വധിക്കരുത്. ഗർഭത്തിന്നുള്ളിൽ ഉള്ള ഞങ്ങളുടെ സന്തതിയെ വധിക്കരുത്. അതുപോലെ ഞങ്ങളുടെ അച്ഛനെ വധിക്കരുത്. അമ്മയേയും വധിക്കരുത്. ഞങ്ങൾക്ക് സ്നേഹവിഷയങ്ങളായ ശരീരങ്ങളെ വധിക്കരുത്.

8 മാനസ്തോകേതനയേമാന ആയൌ
മാനോഗോഷു മാനോ അശ്വേഷു രീരിഷഃ
വീരാന്മാനോ രുദ്രഭാമിതോവധീ
ർഹവിഷ്മന്തസ്സദമിത്വാ ഹവാമഹേ

അന്വയം:—

ഹേ രുദ്ര, നഃ തോകേ
തനയേ മാ — അസ്മാകം പുത്രേ തൽപുത്രേ
നഃ ആയൌ മാ — പുത്രപൌത്രവ്യതിരിക്തേഷു അസ്മദീയേഷു മനുഷ്യേഷു
നഃ ഗോഷു അശ്വേഷു
(ച) മാ രീരിഷഃ — ഹിംസാം മാ കൃഥാഃ
(തഥാ) ഹേ രുദ്ര,
വീരാൻ നഃ — വിക്രാന്താൻ, ശൌര്യോപേതാൻ (അസ്മദീയാൻ)
ഭാമിതഃ നഃ മാ വധീഃ — ക്രുദ്ധഃ മാ ഹിംസീഃ

(വയം) ഹവിഷ്മന്തഃ — ഹവിർഭിര്യുക്താഃ
സദം ഇത് ത്വാ
ഹവാമഹേ — സദൈവ ത്വാം ആഹ്വയാമഹേ

അർത്ഥം—അല്ലയോ രുദ്ര, ഞങ്ങളുടെ പുത്രനിലും, പൌത്രനിലും ഞങ്ങളെ സംബന്ധിച്ച മററുള്ളവരിലും പശുതൊട്ട ജീവികളിലും കുതിരകളിലും ഹിംസ ചെയ്യരുത്. അല്ലയോ രുദ്ര, ഞങ്ങളിൽ വീരന്മാരെ ക്രുദ്ധനായി അവിടുന്ന് വധിക്കരുത്. ഹവിസ്സോടുകൂടി ഞങ്ങളെപ്പോഴും അവിടത്തെ വിളിക്കുന്നു.

9 ഉപ തേ സ്തോമാൻ പശുപാ ഇവാകരം
രാസ്വാ പിതർമരുതാം സുമ്നമസ്മേ
ഭദ്രാ ഹി തേ സുമതിർമൃളയത്തമാ
ഥാ വയമവ ഇത്തേ വൃണീമഹേ

അന്വയം:—
(ഹേ രുദ്ര) സ്തോമാൻ തേ — സ്തുതിരൂപാൻ മന്ത്രാൻ തുഭ്യം
പശുപാഃ—ഇവ — ഗോപാഃ പ്രാതഃ കാലേ സ്വാമിഭ്യഃ സമർപ്പിതാൻ പശൂൻ സായം കാലേ സ്വാമിഭ്യഃ പ്രത്യർപ്പയതി, തദ്വൽ
ഉപ ആ അകരം — ഉപാകരോമി, സമർപ്പയാമി, ത്വൽസകാശാൽ ലബ്ധാൻ സ്തുതിരൂപാൻ മന്ത്രാൻ സ്തുതി സാധനതയാ തുഭ്യം പ്രത്യർപ്പയാമി
ഹേ മരുതാം പിതഃ (രുദ്ര) — മരുതാം ഉല്പാദക
അസ്മേ സുമ്നം രാസ്വ — അസ്മഭ്യം സുഖം ദേഹി
(അപിച) തേ സു—മതിഃ
മൃളയൽ—തമാ — ത്വദീയാ കല്യാണീ ബുദ്ധിഃ അതിശയേന സുഖയിതൃതമാ
അഥ ഇത് — അത ഏവ

ഭദ്രാ ഹി — ഭജനീയാഹി
(യസ്മാദേവം തസ്മാൽ)
വയം തേ അവഃ
വൃണീമഹേ — ത്വദീയം രക്ഷണം സംഭജാമഹേ

അർത്ഥം–അല്ലയോ രുദ്ര, മാട്ടുമേയ്പുകാർ രാവിലെ ഏററു വാങ്ങിയ പശുക്കളെ സന്ധ്യക്ക ഉടമസ്ഥന്ന് മടക്കി ഏല്പിക്കുന്നപോലെ, അവിടത്തെ കയ്യിൽ നിന്ന് ഞങ്ങൾക്ക് കിട്ടിയ, ഭക്തരായ ഞങ്ങളിൽ പ്രസാദിച്ച്, പ്രചോദിപ്പിച്ചുണ്ടായ, സ്തുതിരൂപങ്ങളായ മന്ത്രങ്ങളെ അവിടേക്ക തന്നെ സമർപ്പിക്കുന്നു. മരുത്തുക്കളുടെ പിതാവേ, രുദ്ര, ഞങ്ങൾക്ക് സുഖം തന്നാലും. പിന്നെ അവിടത്തെ മംഗളമുററ ബുദ്ധി ഏററവും സുഖം തരുന്നതാകുന്നു അതുകൊണ്ടുതന്നെ ഭജനീയവുമാകുന്നു. ഞങ്ങൾ അവിടത്തെ രക്ഷയെ ആശ്രയിക്കുന്നു.

10 ആരേതേഗോഘ്നമുതപൂരുഷഘ്നം
ക്ഷയദ്വീര സുമ്നമസ്മേതേ അസ്തു
മൃളാചനോ അധിചബ്രൂഹിദേവാ
ധാചനശ്ശർമ്മയച്ഛദ്വിബർഹാഃ

അന്വയം –

ഹേ ക്ഷയത്–വീര — ക്ഷപിത ശത്രുജന,
തേ ഗോ–ഘ്നം — ത്വദീയം ഗോഹനന സാധനമായുധം
ഉത പൂരുഷ–ഘ്നം — അപിച പുരുഷ ഹനനായുധം (തദ്ദ്വയം)
ആരേ — ദൂരേ, അസ്മത്തോവി പ്രകൃഷ്ടദേശേ (ഭവതു)
അസ്മേ തേ സുമ്നം അസ്തു — അസ്മാസു ത്വദീയം സുഖം ഭവതു
(അപിച) മൃള നഃ അധി ബ്രൂഹി ച — അസ്മാൻ സുഖയ, അധിവചനം, പക്ഷപാതേനവചനം ബ്രൂഹി

ഹേ ദേവ, അധ ച
ദ്വി-ബർഹാഃ — ദേവ, അനന്തരം ദ്വയോഃ സ്ഥാനയോഃ, പൃഥിവ്യാ മന്തരിക്ഷേച ജ്ഞാന കർമ്മണോർവ്വാ പരിവൃഢഃ സ്വാമീ (ത്വം)
നഃ ശർമ്മ യച്ഛ ച — അസ്മഭ്യം സുഖം ദേഹിച

അർത്ഥം—അല്ലയോ ശത്രുനാശക, അവിടത്തെ ഗോഹനനായുധവും (ക്രൂരജന്തുക്കളെയും യുദ്ധവാഹനങ്ങളെയും ഹനിയ്ക്കുന്ന ആയുധം) മനുഷ്യഹനനായുധവും രണ്ടും ഞങ്ങളിൽ നിന്നകലെ ഭവിയ്ക്കട്ടെ, ഞങ്ങളെ സമീപിയ്ക്കാതിരിക്കട്ടെ ഞങ്ങളിൽ അവിടന്നരുളുന്ന സുഖം ഭവിയ്ക്കട്ടെ കൂടാതെ ഞങ്ങളെ സുഖിപ്പിച്ചാലും, (മററു ദേവന്മാരോട്) ഞങ്ങളെപ്പററി അനുകൂലമായി, പക്ഷപാതപരമായി സംസാരിച്ചാലും പിന്നെ ഭൂമിക്കും അന്തരിക്ഷത്തിന്നും (കർമ്മത്തിന്നും ജ്ഞാനത്തിന്നും) അധിപതിയായ അവിടന്ന് ഞങ്ങൾക്ക് സുഖം തന്നരുളിയാലും

11 അവോചാമ നമോ അസ്മാ അവസ്യവ
ശ്ശൃണോതു നോ ഹവം രുദ്രോ മരുത്വാൻ
തന്നോ മിത്രോ വരുണോ മാമഹന്താ
മദിതിസ്സിന്ധുഃ പൃഥിവീ ഉത ദ്യൌഃ വ 6

അന്വയം —
അവസ്യവഃ — രക്ഷണമിച്ഛന്തഃ (വയം)
അവോചാമ — ഏതൽ സൂക്തരൂപം സ്തോത്രം അപാഠിഷ്മ
അസ്മൈ നമഃ — രുദ്രായ നമസ്കാരോസ്തു
മരുത്വാൻ രുദ്രഃ — മരുദ്ഭിര്യുക്തഃ സഃ
നഃ ഹവം ശൃണോതു — അസ്മാകമാഹ്വാനം സ്വീകരോതു
(യൽ പ്രാർത്ഥിതം) തൽ നഃ
മിത്രഃ വരുണഃ അദിതിഃ
സിന്ധുഃ പൃഥിവീ
ഉത ദ്യൌഃ മമഹന്താം — പൂജയന്താം

അർത്ഥം—അവിടത്തെ രക്ഷയിച്ഛിക്കുന്ന ഞങ്ങൾ ഈ സൂക്തരൂപത്തിൽ സ്തോത്രം ചെയ്യുന്നു. ആ രുദ്രന് നമസ്കാരം ഭവിക്കട്ടെ. മരുത്തുക്കളോടു കൂടിയ രുദ്രൻ, ഞങ്ങളുടെ വിളികേൾക്കട്ടെ, സ്വീകരിക്കട്ടെ. ഈ പ്രാർത്ഥനയെ മിത്രനും വരുണനും അദിതിയും സിന്ധുവും പൃഥിവിയും ദ്യോവും കൊണ്ടാടട്ടെ.

വർഗ്ഗം 7 കുത്സഃ ഋഷിഃ ത്രിഷ്ടുപ്ഛന്ദഃ സൂര്യോദേവതാ

1 ചിത്രന്ദേവാനാമുദഗാദനീകം
ചക്ഷുർമ്മിത്രസ്യവരുണസ്യാഗ്നേഃ
ആപ്രാദ്യാവാപൃഥിവീ അന്തരിക്ഷം
സൂര്യആത്മാജഗതസ്തസ്ഥുഷശ്ച

അന്വയം:—

മിത്രസ്യ, വരുണസ്യ അഗ്നേഃ, ദേവാനാം	— മിത്രവരുണാഗ്ന്യുപലക്ഷിതാനാം ദേവാനാം
അനീകം ചിത്രം	— സമൂഹരൂപം സൂര്യമണ്ഡലമാശ്ചര്യകരം
ഉത് അഗാത്	— ഉദയാചലം പ്രാപ്തമാസീത്
(തദുപലക്ഷിതാനാം ജഗതാം) ചക്ഷുഃ	— പ്രകാശകം ചക്ഷുഃ
ദ്യാവാപൃഥിവീ അന്തരിക്ഷം	— ദിവം പൃഥിവീമന്തരിക്ഷം ച
ആപ്രാഃ ആ	— സ്വകീയേന തേജസാസമന്താദപൂരയത്
സൂര്യഃ	— അന്തര്യാമിതയാ സർവ്വസ്യ പ്രേരകഃ പരമാത്മാ
ജഗതഃ തസ്ഥുഷഃ ച	— ജംഗമസ്യസ്ഥാവരസ്യ ച
ആത്മാ	— സ്വരൂപഭൂതഃ (ഭവതി)

അർത്ഥം—മിത്രൻ, വരുണൻ, അഗ്നി മുതലായ ദേവന്മാരുടെ സമൂഹരൂപമായി, ആശ്ചര്യകരമായ സൂര്യമണ്ഡലം ഉദയാചലത്തെ പ്രാപിച്ചിരിക്കുന്നു. ദേവന്മാരടക്കമുള്ള ജഗത്തിനെ പ്രകാശിപ്പിക്കുന്ന ആ ചക്ഷുസ്സ്, ദ്യോവിനെയും ഭൂവിനെയും അന്തരിക്ഷത്തെയും സ്വതേജസ്സുകൊണ്ട് മുഴുവൻ പൂരിപ്പിച്ചിരിക്കുന്നു. അന്തര്യാമിത്വംകൊണ്ട് സർവ്വപ്രേരകനായ, പരമാത്മാവായ സൂര്യൻ ജംഗമസ്ഥാവരാത്മകമായ വിശ്വത്തിന്റെ സ്വരൂപഭൂതനായി, ആത്മാവായി ശോഭിക്കുന്നു.

2 സൂര്യോദേവീമുഷസംരോചമാനാം
മര്യോനയോഷാമഭ്യേതിപശ്ചാൽ
യത്രാനരോദേവയന്തോയുഗാനി
വിതന്വതേപ്രതിഭദ്രായഭദ്രം

അന്വയം:—

യത്ര	—	യസ്യാം ഉഷസിജാതായാം
ദേവ—യന്തഃ നരഃ	—	ദേവം, സൂര്യംയഷ്ടുമിച്ഛന്തഃ മനുഷ്യാഃ
യുഗാനി	—	കാലേകർത്തവ്യാനികർമ്മാണി യുഗാനിഭൂത്വാ, പത്നീസഹിതഃ
വി—തന്വതേ	—	വിസ്താരയന്തി
(തത്ര) മര്യഃ ന യോഷാം	—	മനുഷ്യഃ യഥാ ശോഭനാവയവാം യുവതീം
സൂര്യഃ ദേവീം		
രോചമാനാം ഉഷസം	—	ദാനാദിഗുണയുക്താം ദീപ്യമാനാം
പശ്ചാൽ അഭി ഏതി	—	പ്രാദുർഭാവാനന്തരം താമഭിലക്ഷ്യ ഗച്ഛതി
(ഏവം വിധം) ഭദ്രം	—	കല്യാണം (സൂര്യം)
പ്രതി ഭദ്രായ	—	കല്യാണരൂപായ കർമ്മഫലായ (സ്തുമഃ)

അർത്ഥം—ഉഷസ്സൽഭൂതമായപ്പോൾ സൂര്യദേവനെ ഉപാസിക്കാൻ ഇച്ഛിക്കുന്ന മനുഷ്യർ പത്നീസഹിതന്മാരായി, ഇണചേൎന്നു കാൎയ്യകൎമ്മങ്ങൾ ചെയ്യുന്നു. അപ്പോൾ മനുഷ്യൻ (യുവാവ്) സുന്ദരിയായ ഒരു സ്ത്രീയെ എന്നപോലെ സൂര്യൻ ദാനവതിയും ദീപ്യമാനയുമായ ഉഷോദേവിയെ പിന്തുടൎന്നുവരുന്നു. ഇപ്രകാരം മംഗളകരനായ സൂര്യനെ കല്യാണരൂപമായ കൎമ്മഫലത്തിന്നായിക്കൊണ്ടു് സ്തുതിക്കുന്നു. (ഇവിടെ സൂര്യനെ ഉഷസ്സിൻെറ കാമുകനായിട്ടാണ് കല്പിച്ചിരിക്കുന്നത്.)

3 ഭദ്രാ അശ്വാഹരിതസ്സൂൎയ്യസ്യ
ചിത്രാ ഏതഗ്വാ അനുമാദ്യാസഃ
നമസ്യന്തോ ദിവ ആപൃഷ്ഠമസ്ഥുഃ
പരിദ്യാവാപൃഥിവീയന്തിസദ്യഃ

അന്വയം:—

സൂൎയ്യസ്യ ഭദ്രാഃ ചിത്രാഃ അശ്വാഃ	— കല്യാണാഃ, വിചിത്രാവയവാഃ അശ്വാഃ രശ്മയോവാ
ഹരിതഃ	— ഹൎത്താരഃ, രസഹരണ ശീലാഃ
അനു-മാദ്യാസഃ	— അനുക്രമേണ മാദനീയാഃ
(സൂൎയ്യസ്യ) ഏത-ഗ്വാഃ	— അശ്വാഃ
നമസ്യന്തഃ	— അസ്മാഭിൎന്നമസ്യമാനാസ്സന്തഃ
ദിവഃ പൃഷ്ഠം ആ അസ്ഥുഃ	— അന്തരിക്ഷസ്യ ഉപരിപ്രദേശം ആതിഷ്ഠന്തി, പ്രാപ്നുവന്തി
(ആസ്ഥായ) ദ്യാവാപൃഥിവീ സദ്യഃ പരി യന്തി	— പരിതോഗച്ഛന്തി, വ്യാപ്നുവന്തി

അൎത്ഥം—സൂൎയ്യൻെറ മംഗല്യരൂപവും വിചിത്രാവയവങ്ങളോൎന്നവയുമായ അശ്വങ്ങൾ, അല്ലെങ്കിൽ രശ്മികൾ രസത്തെ ഹരിക്കുന്നവയായി മദ (ആനന്ദ) ജനകങ്ങളായി ഭവിക്കുന്നു. അ

വിടപ്പെട്ട അശ്വങ്ങളാം നമ്മളാൽ നമസ്കരിക്കപ്പെടേണ്ടവയായി, അന്തരിക്ഷത്തിന്റെ ഉപരിപ്രദേശത്ത് സ്ഥിതിചെയ്യുന്നു. സ്ഥിതി ചെയ്തിട്ട് ദ്യാവാപൃഥിവികളെ വേഗത്തിൽ മുററും പ്രാപിയ്ക്കുന്നു

4 തത് സൂര്യസ്യ ദേവത്വന്തന്മഹിത്വം
മധ്യാകത്തോർവ്വിതതം സഞ്ജഭാര
യദേദയുക്ത ഹരിതസ്സധസ്ഥാ
ദ്രാത്രീ വാസസ്തനുതേസിമസ്മൈ

അന്വയം:—

(യത്) കർത്തോഃ — കൃഷ്യാദി ലക്ഷണസ്യ കർമ്മണഃ
മധ്യാ വി–തതം — മദ്ധ്യേ, അപരിസമാപ്തേ, വിസ്തീർണ്ണം (സ്വകീയം രശ്മിജാലം)
(അസ്തം ഗച്ഛൻ സൂര്യഃ)
സം ജഭാര — അസ്മാത് ലോകാത് സ്വാത്മനി ഉപസംഹരതി
(കർമ്മകരശ്ച അപരിസമാപ്യമേവ പ്രവൃത്തം വിസൃജതി)
യദാ ഇത് ഹരിതഃ — യദൈവ രസഹരണശീലാൻ രശ്മീൻ
സധ–സ്ഥാത് — സഹസ്ഥാനാത്, അസ്മാത്പാർഥിവാത്ലോകാത് (ആദായ)
അയുക്ത — അന്യത്ര സംയുക്താൻ കരോതി
സൂര്യസ്യ തത് (ഏവ)
ദേവ–ത്വം — ഈശ്വരത്വം
(തത് ഏവ) മഹി–ത്വം — മാഹാത്മ്യം സ്വാതന്ത്ര്യം
ആത് രാത്രീ — അനന്തരം നിശാ

വാസഃ — ആച്ഛാദയിതൃതമഃ
സിമസ്മൈ തനുതേ — സർവ്വസ്മിൻ ലോകേ വിസ്താരയതി

അത്ഥം—കൃഷി മുതലായ പ്രവൃത്തികൾ ചെയ്യുന്നവർ അതു മുഴമിക്കാതിരിക്കേ, തൻെറ രശ്മിജലത്തെ സൂര്യൻ ഈ ലോകത്തിൽ നിന്നു് ആത്മാവിലേക്കു്, ഉൾവലിക്കുന്നു അപ്പോൾ തൊഴിലാളി മുഴമിക്കാത്ത വേലയും നിത്തുന്നു രസഹരണ ശീലങ്ങളായ രശ്മികളെ ഭൂലോകത്തിൽ നിന്നു് പിൻവലിച്ചു് (ഭൂലോകത്തിൻെറ ഒരു ഭാഗത്തു നിന്നെന്നാവാം ഉദ്ദേശം) മറെറാരിടത്തു് സംയോജിപ്പിക്കുന്നു അതാണു് സൂര്യൻെറ ദേവത്വം അതുതന്നെയാണു് സൂര്യൻെറ മഹത്വം, സ്വാതന്ത്ര്യം. സൂര്യൻ അങ്ങിനെ സ്വരശ്മികൾ പിൻവലിച്ചാൽ രാത്രി ലോകത്തെ മുഴവൻ ഇരുട്ടുകൊണ്ടുമൂടി വ്യാപിക്കുന്നു

5 തന്മിത്രസ്യ വരുണസ്യാഭിചക്ഷേ
സൂര്യോരൂപംകൃണുതേ ദ്യോരുപസ്ഥേ
അനന്തമന്യ ദ്രുശദസ്യപാജഃ
കൃഷ്ണമന്യദ്ധരിതസ്സംഭരന്തി

അന്വയം —

തൽ മിത്രസ്യ വരുണസ്യ — തദാനീം, ഉദയസമയേ തദുഭയോപലക്ഷിതസ്യ സർവ്വസ്യ ജഗതഃ
അഭി—ചക്ഷേ — ആഭിമുഖ്യേന പ്രകാശനായ
ദ്യോഃ ഉപ—സ്ഥേ — നഭസഃ മദ്ധ്യേ
സൂര്യഃ രൂപം കൃണുതേ — സവസ്യ പ്രേരകഃ സർവ്വസ്യ നിരൂപകം, പ്രകാശകം തേജഃ കരോതി
(അപിച) അസ്യ
(സൂര്യസ്യ) ഹരിതഃ — രസഹരണശീലാ രശ്മയഃ
അനന്തം — അവസാനരഹിതം, ജഗദ്വ്യാപകം

രുശൽ പാജഃ	— ദീപ്യമാനം, ബലയുക്തം, നൈശതമോനിവാരണസമർത്ഥം
അന്യൽ	— തമസോവിലക്ഷണം തേജഃ
സം ഭരന്തി	— സ്വകീയാഗമനേന നിഷ്പാദയന്തി
(തഥാ) കൃഷ്ണം അന്യൽ	— തമഃ, സ്വകീയാപഗമനേരാത്രൗ സംഭരന്തി

(അസ്യ രശ്മയഃ അപി തേജസ്തമശ്ചനിഷ്പാദയന്തി)

അർത്ഥം—ഉദയസമയത്തു് മിത്രവരുണന്മാരടക്കമുള്ള ജഗത്തിന്നു് മുഴുവൻ നേരിട്ടു പ്രകാശത്തിന്നായി ദ്യോവിന്റെ മദ്ധ്യത്തിൽ സൂര്യൻ സർവ്വപ്രകാശകമായ തേജോരൂപം ഉണ്ടാക്കുന്നു. പിന്നെ ആ സൂര്യന്റെ രസഹരണശീലങ്ങളായ രശ്മികൾ അവസാനരഹിതമായി, ജഗദ്വ്യാപകമായി രാവിരുട്ടു നീക്കാൻ ബലവത്തായി ഒരു തേജോ വിശേഷം സ്വകീയാഗമനം കൊണ്ടുണ്ടാക്കുന്നു. അതുപോലെ സ്വകീയാപഗമനത്തിൽ (രാത്രിയിൽ) മറ്റൊന്നു്, ഇരുട്ടു് ഉണ്ടാക്കുന്നു. അവിടുന്നാണു് തേജസ്സും തമസ്സുമുണ്ടാക്കുന്നതു്. (മിത്രൻ പകലിന്റെയും വരുണൻ രാത്രിയുടെയും അഭിമാന ദേവതകൾ.)

6 അദ്യാദേവാ ഉദിതാ സൂര്യസ്യ
നിരംഹസഃ പിപൃതാനിരവദ്യാൽ
തന്നോമിത്രോ വരുണോമാമഹന്താം
അദിതിസ്സിന്ധുഃ പൃഥിവീ ഉതദ്യൗഃ വ. 7

അന്വയം:—

ഹേ ദേവാഃ,	— ദ്യോതമാനാഃ സൂര്യരശ്മയഃ,
അദ്യ സൂര്യസ്യ ഉത്—ഇതാ (ഇതസ്തതഃ പ്രസരണോദ്യമം)	— അസ്മിൻ കാലേ, സൂര്യോദയേ
അവദ്യാൽ നിഃ	— നിന്ദ്യാൽ നിഷ്കൃത്യ

അംഹസഃ നിഃ പിപൃത — പാപാൻ നിഷ്കൃഷ്യ
പാലയത
(യൽ പ്രാൎത്ഥിതം) തൽ നഃ
മിത്രഃ വരുണഃ അദിതിഃ
സിന്ധുഃ പൃഥിവീ
ഉത ദ്യൌഃ മമഹന്താം — പൂജയന്താം

അൎത്ഥം—സൂര്യരശ്മികളായ ദേവന്മാരേ, ഇപ്പോഠം, ഉദയകാലത്തിൽ 'അങ്ങിങ്ങ്' പ്രസരിച്ചു നിറയുന്ന നിങ്ങഠം ഞങ്ങളെ നിന്ദ്യത്തിൽനിന്നും പാപത്തിൽ നിന്നും വലിച്ചു കയററി രക്ഷിച്ചാലും. (സൂര്യരശ്മികഠംക്ക് ബാഹ്യശുദ്ധിയുണ്ടാക്കുന്നപോലെ ആന്തരശുദ്ധിയുമുണ്ടാക്കാൻ കെല്പുണ്ട്.) ഈ പ്രാൎത്ഥനയെ മിത്രനും വരുണനും അദിതിയും സിന്ധുവും പൃഥിവിയും ദ്യോവും കൊണ്ടാടട്ടെ.

വൎഗ്ഗം 8–9–10–11–12. കക്ഷീവാൻ ദീൎഘതമസഃ ഔശിജഃ ഋഷിഃ ത്രിഷ്ടുപ്ഛന്ദഃ അശ്വിനൌ ദേവതാ.

1 നാസത്യാഭ്യാം ബഹിരിവപ്രവൃഞ്ജേ
സ്തോമാ ഇയൎമ്യഭ്രിയേവവാതഃ
യാവൎഭഗായ വിമദായ ജായാം
സേനാജുവാന്യൂഹതുരഥേന

അന്വയം:—

(യഥാ കശ്ചിദ്യജമാനോയാഗാൎത്ഥം)
ബഹിഃ—ഇവ പ്ര വൃഞ്ജേ — പ്രകൎഷേണ, അന്യൂനാനതിരിക്തം പൎയ്യാപ്തം ദൎഭം വൃങ്ക്ഷേത, ഛിനത്തി
(ഏവമഹം) അൎഭഗായ — ബാലായ
വി—മദായ — ഏതൽ സംജ്ഞായ രാജൎഷയേ
സേനാ—ജുവാ — ശത്രുസേനായാഃ പ്രേരകേണ, ശത്രുഭിർദ്ദുഷ്പ്രാപേണ

രഥേന യൌ (അശ്വിനൌ)

ജായാം	— ഭാര്യാം
നി–ഊഹതുഃ	— ശത്രൂന്നിഹത്യ തദീയം ഗൃഹം പ്രാപയാമാസതുഃ
(താഭ്യാം) നാസത്യാഭ്യാം	— അശ്വിഭ്യാം
അഭ്രിയാ–ഇവ വാതഃ	— അഭ്രേഷു, മേഘേഷു അവസ്ഥിതാന്യുദകാനി വാതഃവർഷണാൎത്ഥം യഥാ പ്രേരയതി തദ്വൽ
സ്തോമാൻ ഇയൎമ്മി	— സ്തുതീഃ സമ്പാദയാമി

അൎത്ഥം—വിമദൻ എന്ന രാജകുമാരൻ സ്വയംവരത്തിൽ തന്നെ വരിച്ച വധുവിനോടുകൂടി പോകുമ്പോറം കന്യകയെ കിട്ടാത്ത മററു രാജാക്കന്മാരാൽ ആക്രമിയ്ക്കപ്പെട്ടു. വിമദന്നു് അവരെ എതിരിട്ടു് ജയിക്കാൻ ശക്തിയില്ലായിരുന്നു. അശ്വികളുടെ സഹായത്താൽ ആ അക്രമിരാജാക്കരം തോല്പിയ്ക്കപ്പെട്ടു. വിമദനു് ഭാര്യയെ സ്വയം ലഭിച്ചു. ഈ കഥ ഇവിടെ സൂചിതമായിരിക്കുന്നു.

യാഗത്തിന്നായി ഒരുവൻ ഏററക്കുറച്ചിലില്ലാതെ ദൎഭപ്പുല്ലു മുറിച്ചൊരുക്കുന്നപോലെ, ബാലനായ വിമദനെന്ന രാജൎഷിക്കുവേണ്ടി ശത്രുക്കളാൽ അടുക്കാൻ വയ്യാത്ത തേരോടുകൂടി, യാവരായ അശ്വികളേവർ ശത്രുക്കളെ അമൎത്തി നവവധുവിനെ (ഭൎത്തൃ) ഗൃഹം പ്രാപിപ്പിച്ചുവോ, സത്യശീലരായ ആ അശ്വികരംക്കായി, മേഘത്തിൻെറ ഉള്ളിലെ വെള്ളത്തെ വർഷിയ്ക്കാനായി കാററു് പ്രേരിപ്പിക്കുന്നപോലെ, ഞാൻ സ്തോത്രങ്ങളൊരുക്കിച്ചൊല്ലുന്നു. (കാററു് വർഷത്തെ പ്രസാദിക്കുവാൻ പ്രേരിപ്പിക്കുന്നപോലെ, നിങ്ങരം പ്രസാദിക്കുവാൻ ഞാൻ സ്തുതിക്കുന്നു.)

2 വീളുപത്മഭിരാശുഹേമഭിർവ്വാ

ദേവാനാം വാ ജൂതിഭിശ്ശാശദാനാ

തദ്രാസഭോനാസത്യാസഹസ്ര

മാജായമസ്യപ്രധനേ ജിഗായ

അന്വയം.—

ഹേ നാസത്യാ, — അശ്വിനൌ,
വീളുപത്മ-ഭിഃ — ബലവദ്ഗല്പതനൈഃ
ആശുഹേമ-ഭിഃ വാ — ശീഘ്രഗമനൈശ്ച (അശ്വൈഃ)
ദേവാനാം ജൂതി-ഭിഃ വാ — പ്രേരണൈശ്ച
(വാശബ്ദസ്സമുച്ചയേ)
ശാശദാനാ — ശാശദ്യമാനയോഃ അത്യന്തം
പ്രേര്യമാണയോഃ
യുവയോർവ്വാഹനഭൂതഃ
(യഃ) രാസഭഃ (പ്രജാപതിനാദത്തഃ)
യമസ്യ പ്ര-ധനേ ആജാ — വൈവസ്വതസ്യ പ്രീതികരേ
പ്രകീർണ്ണധനോപേതേ ആജൌ,
സംഗ്രാമേ
തൽ (ശത്രൂണാം)
സഹസ്രം ജിഗായ — ജിതവാൻ
(വൈവസ്വതഃ ബഹൂനാം മരണഹേതുനാ സംഗ്രാമേണ തുഷ്ടഃ)

അർത്ഥം—അല്ലയോ സത്യശീലരേ, അശ്വികളേ, ബലത്തോടുകൂടി ഉയരത്തിൽ കുതിക്കുന്നവയും വേഗത്തിലോടുന്നവയുമായ കുതിരകളോടുകൂടിയവരും ദേവന്മാരുടെ പ്രേരണങ്ങളാൽ പ്രോത്സാഹിതരുമായ നിങ്ങളുടെ കഴുത, പ്രജാപതിയാൽ നല്കപ്പെട്ടതു് യമന്നു് ഇഷ്ടമായതും ചിതറിച്ചിലവാകുന്ന ധനങ്ങളോടുകൂടിയതുമായ യുദ്ധത്തിൽ, ആയിരക്കണക്കിൽ ശത്രുക്കളെ ജയിച്ചുവല്ലൊ. (വളരെ മരണങ്ങൾക്കു് ഹേതുവായ യുദ്ധംകൊണ്ടു് യമൻ സന്തോഷിക്കുമല്ലൊ)

3 തുഗ്രോഹഭുജ്യുമശ്വിനോദമേഘേ
രയിന്നകശ്ചിന്മമൃവാം അവാഹാഃ
തമൂഹഥുർന്നൗഭിരാത്മന്വതീഭി
രന്തരിക്ഷപ്രുദ്ഭിരപോദകാഭിഃ

അന്വയം:—

തുഗ്രഃ ഹ	— തുഗ്രഃ ഖലു (പൂർവ്വം ശത്രുഭിഃ പീഡിതസ്സൻ തജ്ജയാർത്ഥം)
ഉദ—മേഘേ	— ഉദകൈഃ മിഹ്യതേ, സിച്യതേ ഇതി ഉദമേഘഃ സമുദ്രഃ, തസ്മിൻ
ഭുജ്യും	— ഏതൽ സംജ്ഞം പ്രിയം പുത്രം
മമൃ—വാൻ	— മ്രിയമാണസ്സൻ
(ധനലോഭി) കഃ ചിൽ	
(മനുഷ്യഃ) രയിം ന	— യഥാ ധനം പരിത്യജതി തദ്വൽ
അവ അഹാഃ	— നാവാഗതം പര്യത്യാക്ഷീൽ,
ഹേ അശ്വിനാ, തം	— അശ്വിനൌ, മദ്ധ്യേസമുദ്രം നിമഗ്നം ഭുജ്യും
ആത്മൻ—വതീഭിഃ	— യുവയോഃ സ്വഭൂതാഭിഃ
അന്തരിക്ഷപ്രുൽ—ഭിഃ	— അതിസ്വച്ഛതയാൽ അന്തരിക്ഷേ ജലസ്യ ഉപരിസ്ഥാ ദേവഗന്ത്രീഭിഃ
അപ—ഉദകാഭിഃ	— സുശ്ലിഷ്ടതയാൽ അപ്രവിഷ്ടോദകാഭിഃ
നൌഭിഃ ഊഹഥുഃ	— പിതൃസമീപം യുവാം പ്രാപിതവന്തൌ

അർത്ഥം—ഇവിടെ ഒരു കഥാസൂചനയുണ്ട്. തുഗ്രൻ എന്ന പേരായ അശ്വികൾക്ക് പ്രിയനായ ഒരു രാജർഷിയുണ്ടായിരുന്നു. ദ്വീപാന്തരവാസികളായ ശത്രുക്കളാൽ അദ്ദേഹം ദ്രോഹിക്കപ്പെട്ടു. അവരെ ജയിക്കാനായി പുത്രനായ ഭുജ്യുവിനെ പത്തേമാരിയിലയച്ചു. ആ പത്തേമാരി സമുദ്രമദ്ധ്യത്തിൽ കാററി

നാൽ പിളൎന്നു. അപ്പോൾ അഭയാന്തരരഹിതനായ ഭുജ്യു അശ്വികളെ സ്തുതിച്ചു. തുഷ്ടരായ അശ്വികൾ സ്വന്തം പത്തേമ്മാരിയിൽ സസൈന്യനായ ഭുജ്യുവിനെ മൂന്നു രാപ്പകലുകളാൽ കരകയററി രക്ഷിച്ചു്, പിതൃസമീപമെത്തിച്ചു. ഇതു മുതൽ മൂന്നു് ഋക്കുകളിൽ ഈ കഥ സൂചിപ്പിക്കുന്നു.

പ്രസിദ്ധനായ തുഗ്രൻ എന്ന രാജൎഷി പണ്ടു് ശത്രുക്കളാലുപദ്രവിക്കപ്പെട്ടു്, അവരെ ജയിക്കാനായി തന്റെ പ്രിയപുത്രനായ ഭുജ്യുവിനെ, ധനലോഭിയായ ഒരു മനുഷ്യൻ മരണസമയത്തു് പണം കൈവിടുന്നപോലെ, സമുദ്രത്തിൽ പത്തേമ്മാരിയിൽ പോകാനായി ഉപേക്ഷിച്ചു. (അയച്ചു) അല്ലയോ അശ്വികളേ, സമുദ്രമദ്ധ്യത്തിൽ മുങ്ങിയ ഭുജ്യുവിനെ നിങ്ങൾ സ്വന്തങ്ങളും അതിലാഘവത്താൽ വെള്ളത്തിന്നു മുകളിൽ കൂടെ മാത്രം പോകുന്നവയും നന്നായ ചേൎച്ച്കൊണ്ടു് വെള്ളമുള്ളിൽ കടക്കാത്തവയുമായ പത്തേമ്മാരികളാൽ രക്ഷിച്ചു്, അച്ഛന്റെ അടുക്കൽ എത്തിച്ചുവല്ലൊ.

4 തിസ്രഃ ക്ഷപസ്ത്രിരഹാതിവ്രജദ്ഭി
ൎന്നാസത്യാഭുജ്യുമൂഹഥുഃ പതങ്ഗൈഃ
സമുദ്രസ്യ ധന്വന്നാൎദ്രസ്യ പാരേ
ത്രിഭീരഥൈശ്ശതപദ്ഭിഷ്ഷളശ്വൈഃ

അന്വയം:—

ഹേ നാസത്യാ,	— നാസത്യൌ, (സേനയാസഹ ഉദകേനിമഗ്നം)
ഭുജ്യും തിസ്രഃ ക്ഷപഃ	— ത്രിസംഖ്യാകാരാത്രീഃ
ത്രിഃ അഹാ	— ത്രിവാരമാവൃതാന്യഹാനി (ച)
അതിവ്രജത്-ഭിഃ	— അതിക്രമ്യഗച്ഛദ്ഭിഃ, ഏതാവന്തം കാലമതിവ്യാപ്യ വൎത്തമാനൈഃ
പതങ്ഗൈഃ	— പതദ്ഭിഃ

ശതപദ്ഭിഃ — ശതസംഖ്യാകൈഃ ചക്രലക്ഷണൈഃ പാദൈരുപേതൈഃ

ഷട്-അശ്വൈഃ — ഷഡ്ഭിരശ്വൈരുപേതൈഃ

ത്രി-ഭിഃ രഥൈഃ ധന്വനി — ധന്വനി, നിരുദകേ പ്രദേശേ

ആർദ്രസ്യ സമുദ്രസ്യ പാരേ — ഉദകേനാർദ്രീഭൂതസ്യ സമുദ്രസ്യ തീരദേശേ

ഊഹഥുഃ — യുവാം ഊഢവന്തൌ

അർത്ഥം—അല്ലയോ സത്യശീലരേ, സൈന്യത്തോടുകൂടി വെള്ളത്തിൽ മുങ്ങിയ ഭുജ്യുവിനെ മൂന്നു രാവുകളിലും മൂന്നു പകലുകളിലും, അതിവേഗം പോകുന്നവയും പറക്കുന്നവയും അസംഖ്യങ്ങളായ ചക്രപാദങ്ങളോടുകൂടിയവയും ആറ് കുതിരകളോടുകൂടിയവയുമായ മൂന്നു തേരുകളാൽ വെള്ളമില്ലാത്ത, നനഞ്ഞ സമുദ്രതീരത്തിൽക്കൂടെ കൊണ്ടുപോയല്ലൊ.

5 അനാരംഭണേ തദവീരയേഥാ
മനാസ്ഥാനേ അഗ്രഭണേ സമുദ്രേ
യദശ്വിനാ ഊഹഥുർഭുജ്യുമസ്തം
ശതാരിത്രാം നാവമാതസ്ഥിവാംസം വ. 8

അന്വയം:—

ഹേ അശ്വിനൌ,

അനാരംഭണേ — ആലംബരഹിതേ

അനാസ്ഥാനേ — ആസ്ഥാനോ ഭൂപ്രദേശഃ തദ്രഹിതേ

അഗ്രഭണേ — ഹസ്തേനഗ്രാഹ്യം ശാഖാദികം യത്രനാസ്തി തസ്മിൻ

— കയ്യ

അവീരയേഥാം — വിക്രാന്തം കൃതവന്തൌ (യുവാം)
(സമുദ്രേമഗ്നം) ഭുജ്യും
ശത-അരിത്രാം — ബഹ്വരിത്രാം, യൈഃ കാഷ്ഠൈഃ പാൎശ്വതോബദ്ധൈഃ ജലാലോഡനേസതി നൌഃ ശീഘ്രം ഗച്ഛതി താനിഅരിത്രാണി
നാവം ആതസ്ഥി-
വാംസം — ആസ്ഥിതവന്തം ആരൂഢവന്തം കൃത്വാ
അസ്തം യത് ഊഹഥുഃ — (പിതുസ്തുഗ്രസ്യ) ഗൃഹം പ്രാപിതവന്തൌ
(തത് പ്രാപണം അന്യൈൎദ്ദുഷ്കരം യുവാം കൃതവന്തൌ)

അൎത്ഥം-അവലംബമില്ലാത്തതും നിലയില്ലാത്തതും (ഭൂമിയെ തൊടുവാൻ സാധിയ്ക്കാത്തതും) പിടിയ്ക്കാൻ കൊമ്പുകളും മററുമില്ലാത്തതുമായ സമുദ്രത്തിൽ ആ കൎമ്മം നിങ്ങൾ വീരതയോടുകൂടി ചെയ്തുവല്ലൊ. സമുദ്രത്തിൽ മുങ്ങിയ ഭുജ്യുവിനെ നൂറ് തുഴകളോട് (ചുക്കാനകളോട്) കൂടിയ പത്തേമ്മാരിയിൽ കയററി അച്ഛന്റെ ഗൃഹത്തിൽ എത്തിച്ചുവല്ലൊ. ആ കൎമ്മം മററാരാലും ചെയ്യപ്പെടുവാൻ അസാദ്ധ്യമായിരുന്നു.

6 യമശ്വിനാദദഥുശ്വേതമശ്വ
മഘാശ്വായ ശശ്വദിൽസ്വസ്തി
തദ്വാന്ദാത്രമ്മഹി കീൎത്തേന്യംഭൂൽ
പൈദ്വോവാജീ സദമിദ്ധവ്യോഅൎയ്യഃ

അന്വയം:-

ഹേ അശ്വിനാ (യുവാം)
അഘ-അശ്വായ — അഹന്തവ്യാശ്വായ (പേദുനാമ്നേ രാജൎഷയേ)
യം ശ്വേതം അശ്വം ദദഥുഃ — ശ്വേതവൎണ്ണമശ്വംദത്തവന്തൌ

(സോശ്വഃ തസ്മൈ)	
സ്വസ്തി	— ജയലക്ഷണം മംഗളം
ശശ്വൽ ഇൽ	— നിത്യമേവചകാര
വാം തൽ ദാത്രം	— യുവയോസ്തദ്ദാനം
മഹി, കീർത്തന്യം ഭൂൽ	— മഹൽ, ഗംഭീരം, കീർത്തനീയം, പ്രശസ്യം അഭൂൽ
(തസ്മാൽ) പൈദ്വഃ	— പേദോസ്സംബന്ധി. ശീഘ്രഗാമീ
അര്യഃ വാജീ	— യുദ്ധേഷു പ്രേരയിതവ്യഃ വേജനവാൻസോശ്വഃ
സദം ഇൽ ഹവ്യഃ	— സദൈവാസ്മാഭി രാഹ്വാതവ്യഃ

അർത്ഥം:-അശ്വികൾ പേദു എന്ന രാജർഷിക്ക്, സ്തുതിയാൽ പ്രീതരായി, ഒരു വെളുത്ത കുതിരയെ കൊടുത്തു അത് അദ്ദേഹത്തിന്ന് യുദ്ധങ്ങളിൽ ജയത്തിന്ന്, ശ്രേയസ്സിന്നുപകരിച്ചു ഈ സംഗതി ഈ ഋക്കിൽ സൂചിപ്പിക്കുന്നു.

അല്ലയോ അശ്വികളേ, നിങ്ങൾ പേദു എന്ന രാജർഷിക്ക് കൊല്ലപ്പെടുവാൻ കഴിയാത്ത യാതൊരു വെള്ളക്കുതിരയെക്കൊടുത്തുവോ, അതദ്ദേഹത്തിന്ന് നിത്യമായ ക്ഷേമം, ജയം ചേർത്തു. യുദ്ധങ്ങളിൽ മുന്നോട്ടു നയിക്കാവുന്ന, പേദുവിന്റെ ശീഘ്രഗാമിയായ കുതിര ഞങ്ങളാൽ എപ്പോഴും വിളിക്കു (ആരാധിക്കു)പ്പെടേണ്ടതാകുന്നു.

7 യുവന്നരാസ്തുവതേപജ്രിയായ
കക്ഷീവതേ അരദതം പുരന്ധിം
കാരോതരാച്ഛഫാദശ്വസ്യവൃഷ്ണഃ
ശതങ്കുംഭാ അസിഞ്ചതം സുരായാഃ

അന്വയം:-

ഹേ നരാ, യുവം	— നേതാരാവശ്വിനൌ, യുവാം
പജ്രിയായ	— അംഗിരസാം കുലേ ജാതായ
കക്ഷീവതേ സ്തുവതേ	— യുവയോഃ സ്തുതിം കുർവ്വതേമഹ്യം

പുരം–ധിം — പ്രഭൃതാം ധിയം, ബുദ്ധിം
അരദതം — വ്യലിഖതം
(യഥാസർവ്വാർത്ഥഗോചരാഭവേതി തഥാകൃതവന്തൌ)
(അപി ച) കാരോതരാൽ — വൈദലശ്ചർമ്മവേഷ്ടിതോ ഭാജനവിശേഷഃ, യസ്മിൻ സുരായാഃ സ്രാവണം ക്രിയതേ യഥാസുരായാഃ സമ്പാദകഃ താഃ സമ്പാദയതി)
(ഏവമേവ യുവാം) വൃഷ്ണഃ — സേചനസമർത്ഥസ്യ യുഷ്മദീയസ്യ
അശ്വസ്യ ശഫാൽ — ഖുരാൽ
സുരായാഃ ശതം കുംഭാൻ — അസംഖ്യാകാൻ സുരാഘടാൻ
അസിഞ്ചതം — അക്ഷാരയതം, അപൂരയതം
(യേജനാഃ സൌത്രാമണ്യാദി കർമ്മണി യുഷ്മദ്യാഗായ സുരാം യാചന്തേതേഷാം)

അർത്ഥം–പണ്ട് കക്ഷീവാനെന്ന ആംഗിരസഗോത്രജാതനായ ഋഷി തമോബാധിതനായി നഷ്ടപ്രജ്ഞനായി അശ്വികളെ സ്തുതിച്ചു അവർ അദ്ദേഹത്തിന് മഹത്തായ ജ്ഞാനം കൊടുത്തരുളി അതിവിടെ സൂചിപ്പിക്കുന്നു കക്ഷീവാൻ പറയുകയാണ്

അല്ലയോ നേതാക്കളായ അശ്വികളേ, നിങ്ങൾ അംഗിരസകുലജാതനും നിങ്ങളെ സ്തുതിക്കുന്നവനുമായ കക്ഷീവാനായ എനിക്ക് സർവ്വാർത്ഥദർശനക്ഷമമായ, എല്ലാം അറിയാൻ കഴിവുള്ള ബുദ്ധിയെ തന്നരുളിയല്ലോ കൂടാതെ, തോലിട്ടുവരിഞ്ഞ മുളംപാനിയിൽ ചെത്തുകാർ കള്ളുനിറക്കുമ്പോലെ, നിങ്ങളുടെ നനവുററ കതിരകളെമ്പിൽ നിന്ന് അസംഖ്യങ്ങളായ കള്ളുകടങ്ങൾ (കള്ളുപോലെ മധുരമായ പാനീയങ്ങൾ) നിറച്ചു (സൌത്രാമണ്യം മുതലായി നിങ്ങളെ ഉദ്ദേശിച്ച യാഗങ്ങളിൽ സുരാപാനത്തിന്നിച്ഛിക്കുന്നവർക്കുവേണ്ടി)

'സൌത്രാമണി' എന്നാൽ പൂർവ്വപക്ഷവും ഉത്തരപക്ഷവും കൂടിയ ദിവസം രണ്ടു പശുബന്ധത്തോടും സുരാഗ്രഹത്തോടും കൂടിയ കാമവിശേഷം' എന്നൊരു ഭാഷ്യനിരുക്തി. (ശതാദി പുസ്തകം 3 ലക്കം 8)

8 ഹിമേനാഗ്നിം ഘ്രംസമവാരയേഥാം
പിതുമതീമൂർജ്ജമസ്മാ അധത്തം
ഋബീസേ അത്രിമശ്വിനാവനീത
മുന്നിന്യഥുസ്സർവ്വഗണം സ്വസ്തി

അന്വയം:—

ഹേ അശ്വിനാ, ഹിമേന — അശ്വിനൗ, ഹിമവച്ഛീതേനോദകേന

ഘ്രംസം അഗ്നിം — ദീപ്യമാനം, അത്രേർദ്ദഹനാർത്ഥം അസുരൈഃ പ്രക്ഷിപ്തം തുഷാഗ്നിം

അവാരയേഥാം — യുവാം നിവാരിതവന്തൌ, ശീതീകൃതവന്തൌ

(അപി ച) അസ്മൈ — അസുരപീഡയാകാർശ്യം പ്രാപ്തായാത്രയേ

പിതു-മതീം — അന്നയുക്താം

ഊർജ്ജം — ബലപ്രദം രസാത്മകം ക്ഷീരാദികം

അധത്തം — പുഷ്ട്യർത്ഥം പ്രായച്ഛതം

ഋബീസേ — അപഗത പ്രകാശേ പീഡായന്ത്രഗൃഹേ

അവ-നീതം — അവാങ്മുഖതയാ അസുരൈഃ പ്രാപിതം

അത്രിം സർവ്വ-ഗണം — സർവ്വേഷാമിന്ദ്രിയാണാം ഗണാനാം സമൂഹാനാമുപേതം

സ്വസ്തി ഉൽ നിന്യഥുഃ — അവിനാശോയഥാ ഭവതിതഥാ തസ്മാൽ ഉദ്ഗമയ്യ, യുവാം സ്വഗൃഹം പ്രാപിതവന്തൌ

അത്ഥം—അത്രിമഹർഷിയെ അസുരന്മാർ അസംഖ്യം ദ്വാരങ്ങളുള്ള ഒരു പീഡായന്ത്രഗൃഹത്തിൽ കടത്തി, കമിഴ്ത്തിക്കിടത്തി ഉമിത്തീ കത്തിച്ചു. അത്രിയാൽ പ്രാത്ഥിയ്ക്കപ്പെട്ട അശ്വികാം മഞ്ഞൊത്തു തണുത്ത വെള്ളത്താൽ തീ കെടുത്തി അദ്ദേഹത്തെ രക്ഷിച്ചു. ഈ കഥാംശം ഈ ഋക്കിൽ സൂചിതമാണ്.

അല്ലയോ അശ്വികളേ, ജ്വലിച്ചതും, അത്രിയെ പീഡിപ്പിക്കുവാൻ അസുരന്മാർ ഇട്ടതുമായ ഉമിത്തീയ്യിനെ മഞ്ഞുനീരാൽ നിങ്ങാം നിവാരണം ചെയ്തു, തണുപ്പിച്ചു. മാത്രമല്ല അസുരപീഡയേററ അദ്ദേഹത്തിന്ന് അന്നത്തോടുകൂടി, ക്ഷീണഹരമായ പാൽ മുതലായവ പുഷ്ടിയ്ക്കായികൊടുത്തു. ദ്വാരം നിറഞ്ഞ പീഡാഗൃഹത്തിൽ കീഴ്മുഖമായി കിടത്തപ്പെട്ടിരുന്ന അത്രിയെ ഇന്ദ്രിയ സമൂഹങ്ങാം ഒരു കേടും വരാത്തവിധം നിങ്ങാം സ്വവാസസ്ഥാനം പ്രാപിപ്പിച്ചു.

9 പരാവതന്നാസത്യാനുദേഥാ
ഉച്ചാബുധ്നഞ്ചക്രഥുജ്ജിഹ്മബാരം
ക്ഷരന്നാപോ നപായനായരായേ
സഹസ്രായ തൃഷ്യതേ ഗോതമസ്യ

അന്വയം:—

ഹേ നാസത്യാ (യുവാം)	
അവതം	— കൂപം
പരാ അനുദേഥാം	— ഗോതമസ്യ ഋഷേഃ സമീപേ പ്രൈരിഷാഥാം
(തദനന്തരം തം കൂപം)	
ഉച്ചാ—ബുധ്നം	— ഉച്ചൈഃ ഉപരിഷ്ഠാൽ ബുധ്നഃ മൂലം യസ്യസഃ
ജിഹ്മ—ബാരം	— അധസ്താദവത്തമാനതയാവക്രം ബാരം, ദ്വാരംയസ്യ സഃ
ചക്രഥുഃ	— യുവാം അകൃഷാഥാം

(തസ്മാൽ കൂപാൽ)

തൃഷ്യതേ	— പിപാസതഃ
സഹസ്രായ രായേ	— സഹസ്രസംഖ്യാകായ ധനായ ഹവീംഷി ദത്തവതഃ
ഗോതമസ്യ പായനായ	— പാനാർത്ഥം
ആപഃ ന ക്ഷരൻ	— ആപശ്ച പ്രവാഹരൂപേണ നിരഗമൻ (നശബ്ദശ്ചാർത്ഥേ)

അർത്ഥം—ഒരിക്കൽ ഒരു മരുഭൂമിയിൽപെട്ട സ്തോതാവായ ഗോതമർഷിയുടെ മുമ്പിൽ അശ്വികരം ഒരു കിണർ പറിച്ചെടുത്തു കൊണ്ടുവന്ന് മേൽക്കീഴായി നിർത്തി ദാഹം തീർത്തുകൊടുത്ത കഥ ഇതിൽ സൂചിപ്പിയ്ക്കുന്നു.

അല്ലയോ സത്യശീലരേ, നിങ്ങരം ഗോതമർഷിയ്ക്കു, ഒരു കിണർ അടുത്തെത്തിച്ചുവല്ലൊ. പിന്നെ ആ കിണർ കീഴ്മേലായി നിർത്തി, അതിൽ നിന്ന് ദാഹബാധിതനും അസംഖ്യേയമായ ധനത്തിന്ന് (ശ്രേയസ്സിന്ന്) വേണ്ടി നിങ്ങരക്ക് ഹവിസ്സർപ്പിയ്ക്കുന്നവനുമായ ഗോതമന് കുടിയ്ക്കാൻ വെള്ളം ഒഴുക്കോടുകൂടി എത്തിച്ചുകൊടുക്കുകയും ചെയ്തു.

10 ജുജുരുഷോനാസത്യോതവവ്രിം
പ്രാമുഞ്ചതംദ്രാപിമിവച്യവാനാത്
പ്രാതിരതംജഹിതസ്യായുർദ്ദസ്രാ
ദിത്പതിമകൃണുതംകനീനാം വ. 9

അന്വയം:—

ഹേ നാസത്യാ,

ജുജുരുഷഃ	— ജീർണ്ണാത്
ച്യവാനാത്	— ച്യവനാഖ്യാദൃഷേസ്സകാശാത്
വവ്രിം	— കൃത്സ്നം ശരീരമാവൃത്യാവസ്ഥിതാം ജരാം

ദ്രാപിം—ഇവ	— കവചമിവ, യഥാകൃത്സ്നശരീരവ്യാപകം കവചംധൃത്വാ പശ്ചാൽ ശരീരാൽ പൃഥക്കരോതി തദ്വൽ
പ്ര അമുഞ്ചതം	— പ്രകർഷേണാമോചയതം
ഉത ഹേ ദസ്രാ, ജഹിതസ്യ	— പുത്രാദിഭിഃ പരിത്യക്തസ്യ ഋഷേഃ
ആയുഃ പ്ര അതിരതം	— ജീവിതം പ്രാവർദ്ധയതം
ആൽ ഇൽ	— അനന്തരമേവയുവാനംസന്തം
കനീനാം പതിം	
അകൃണുതം	— കന്യകാനാം ഭർത്താരമകുരുതം

അർത്ഥം—ജരാനരകരം ബാധിച്ച്, പുത്രാദി ബന്ധുക്കളാൽ ഉപേക്ഷിക്കപ്പെട്ട ച്യവാനൻ (ച്യവനൻ) എന്ന ഋഷി അശ്വികളെ സ്തുതിച്ചു അവർ ഋഷിയുടെ ജരയകററി വീണ്ടും യുവാവാക്കി എന്ന കഥ ഇതിൽ സൂചിപ്പിക്കുന്നു.

അല്ലയോ സത്യശീലരേ, ചുക്കിച്ചുളിഞ്ഞ അംഗങ്ങളോടുകൂടിയ ച്യവനന്ന് മെയ്യാകെ ബാധിച്ച ജരയെ, ദേഹത്തിൽ ധരിച്ച ഒരു കവചം ഊരിമാററുന്നപോലെ, മോചിപ്പിച്ചു കൊടുത്തു ദശനീയരേ, പിന്നെ പുത്രാദികളാൽ ഉപേക്ഷിതനായ അദ്ദേഹത്തിന്ന് ആയുസ്സ് വർദ്ധിപ്പിച്ചു അതിന്നുശേഷം അദ്ദേഹത്തെ പെൺകിടാങ്ങളുടെ ഭർത്താവാക്കിചെയ്തു

11 തദ്വാന്നരാശംസ്യം രാധ്യംച്ചാ
ഭിഷ്ടിമന്നാസത്യാവരൂഥം
യദ്വിദ്വാംസാനിധിമിവാപഗൂള്ഹ
മുദ്ദർശതാദൂപഥുർവ്വന്ദനായ

അന്വയം'—

നരാ, നാസത്യാ	— ആരോഗ്യനേതാരൌ, നാസത്യൌ
വാം അഭിഷ്ടി-മത്	— യുവയോസ്സംബന്ധി, ആഭിമുഖ്യേന പ്രാപ്തവ്യം
(തഥാ) വരൂഥം ച	— വരണീയം, കാമയിതവ്യം ച
തത് ശംസ്യം	— തത്കർമ്മ അസ്മാഭിഃ പ്രശംസനീയം
രാധ്യം	— ആരാധനീയം
(കിം പുനഃ തത്കർമ്മ?)	
വിദ്വാംസാ	— ജാനന്തൌയുവാം
നിധിം-ഇവ	— നിക്ഷിപ്തം ധനമിവ
അപ-ഗൂള്ഹം	— അരണ്യേ, നിർജ്ജനേദേശേ അസുരൈഃ നിപാതിതം
വന്ദനായ (ഋഷിം)	
ദർശതാത്	— അധ്വഗൈഃ പിപാസുഭിഃ ദ്രഷ്ടവ്യാത് കൂപാത് വന്ദനം (ദ്വിതീയാർത്ഥേ ചതുർത്ഥീ)
ഉത് ഊപഥുഃ	— ഉദഹാർഷ്ടം
(ഏവം) യത്	— ഏനാത് കൂപാദുദ്ധരണം തദ്രാധ്യം

അർത്ഥം—ആരോഗ്യനേതാക്കളായ സത്യശീലരേ അറിവുററവരായ നിങ്ങൾ ഒളിച്ചു കുഴിച്ചിട്ട ധനംപോലെ ജനവാസമില്ലാത്ത ഒരു കാട്ടിൽ ദാഹിച്ചു വഴിപോകന്മാർ മാത്രം കാണപ്പെടുന്ന ഒരു കിണററിൽ അസുരന്മാരാൽ തള്ളപ്പെട്ട വന്ദനെന്ന ഋഷിയെ ഉദ്ധരിച്ചുവല്ലോ നിങ്ങളുടെ ശ്രേഷ്ഠവും, കാമ്യവും, സ്തുതികൊണ്ട് പ്രാപ്യവുമായ ആ കർമ്മം ഞങ്ങളാൽ പ്രശംസനീയമാകുന്നു ആരാധനീയമാകുന്നു (വന്ദനൻ എന്ന ഋഷിയെ രാക്ഷസന്മാർ ഒരു കിണററിൽ തള്ളിയിട്ടു കയറുവാൻ പററാതെ അദ്ദേഹം അശ്വികളെ സ്തുതിച്ചു അവർ കയററി രക്ഷിച്ചു ആ കഥ ഇവിടെ സൂചിതം)

12 തദ്വാന്നരാസനയേദംസഉഗ്ര

മാവിഷ്കൃണോമിതന്യതുൎന്നവൃഷ്ടിം

ദധ്യങ്ഹയന്മധ്വാഥൎവ്വണോവാ

മശ്വസ്യശീർഷ്ണാ പ്രയദീമുവാച

അന്വയം —

ഹേ നരാ, വാം — യുവയോസ്സംബന്ധി
ഉഗ്രം ദംസഃ — അന്യൈർദ്ദുഷ്കരം കൎമ്മ
തൽ സനയേ — ധനലാഭാൎത്ഥം
തന്യതുഃ ന — യഥാമേഘസ്യശബ്ദഃ
വൃഷ്ടിം — മേഘാന്തൎഗ്ഗതമുദകം പ്രവർഷണേന സൎവ്വത്ര പ്രകടയതി, തദ്വൽ
ആവിഃ കൃണോമി — പ്രകടീകരോമി
(കിം തൽ കൎമ്മ?)
ആഥൎവ്വണഃ ദധ്യങ് — അഥൎവ്വണപുത്രഃ ഏതൽ സംജ്ഞകഃ ഋഷിഃ
അശ്വസ്യ ശീർഷ്ണാ — യുഷ്മൽ സാമൎത്ഥ്യേന പ്രതിഹിതേന ശിരസാ
വാം ഈം മധു — യുവാഭ്യാം ഇമാം മധുവിദ്യാം
യൽ ഹ പ്ര ഉവാച — യദാഖലു പ്രോക്തവാൻ
(തദാനീം അശ്വസ്യ ശിരസഃ സന്ധാനം, പുനൎമ്മാനുഷസ്യ ശിരസസ്സന്ധാനഞ്ച)
യൽ — ഭവദീയം കൎമ്മ (തൽആവിഷ്കൃണോമി)

അൎത്ഥം—ദധ്യങ് (ദധീചി) മഹർഷിക്ക ഋഗ്യജുസ്സാമങ്ങളിൽ പ്രവർഗ്യവിഷയമായ മധുവിദ്യയെന്ന മന്ത്രം ഉപദേശിച്ചുകൊണ്ട ബ്രാഹ്മണം ഇന്ദ്രൻ ഉപദേശിച്ചു ''ഇതു മററാൎക്കെങ്കിലും പറഞ്ഞു കൊടുത്താൽ തലവെട്ടും'' എന്ന താക്കീതും ചെയ്തു. അശ്വികൾ ദധീചിയോട് മന്ത്രോപദേശമൎത്ഥിച്ചു ഇന്ദ്രന്റെ നിശ്ചയമറിയിച്ചപ്പോൾ അവർ ദധീചിയുടെ മനുഷ്യശിരസ്സ്

റിച്ചെടുത്തു ഭദ്രമായിവെച്ച് തൽസ്ഥാനത്ത് ഒരു കുതിരത്തല പിടിപ്പിച്ചു ആ കുതിരത്തലയോടുകൂടി മഹർഷി അശ്വികൾക്ക് മധുവിദ്യയുപദേശിച്ചു ഇതറിഞ്ഞ ഇന്ദ്രൻവന്ന് വജ്രത്താൽ തലവെട്ടി അപ്പോൾ അശ്വികൾ മാററിവെച്ച മനുഷ്യ ശിരസ്സ് വീണ്ടും ദധീചിയുടെ കഴുത്തിൽവെച്ചുറപ്പിച്ചു ആ കഥയാണിവിടെ സൂചിപ്പിക്കുന്നത്

അല്ലയോ നേതാക്കളേ അന്യർക്ക് ചെയ്യാൻ കഴിയാത്ത നിങ്ങളുടെ ആ കർമ്മം, മേഘത്തിന്റെ ശബ്ദം (ഇടി) മഴയെപ്പുറത്തുകൊണ്ടുവന്ന് തെളിച്ചു കാണിക്കുന്നപോലെ ഞാൻ വെളിവായി പറയുന്നു (ആ കർമ്മമേതെന്നോ?) അഥർവ്വണ പുത്രനായ ദധ്യങ്ങ് എന്ന ഋഷി നിങ്ങളുടെ സാമർത്ഥ്യത്താൽ കുതിരത്തലകൊണ്ട് ആ മധു വിദ്യയെ നിങ്ങൾക്ക് പറഞ്ഞുതന്നുവല്ലൊ അപ്പോൾ നിങ്ങൾ ആദ്യം ഋഷിക്ക്, മനുഷ്യത്തല മാററി കുതിരത്തലവെച്ചതും പിന്നീടതുമാററി മനുഷ്യത്തല തന്നെ വെച്ചതുമായ കർമ്മം യാതൊന്നൊ അതിനെയാണ് ഞാൻ വെളിവായി പറയുന്നത്

13 അജോഹവീന്നാസത്യാകരാവാം
മഹേയാമൻപുരുഭുജാപുരന്ധിഃ
ശ്രുതന്തച്ഛാസുരിവവധ്രിമത്യാ
ഹിരണ്യഹസ്തമശ്വിനാവദത്തം

അന്വയം -

ഹേ പുരു—ഭുജാ നാസത്യാ — ബഹൂനാം പാലകൗ അശ്വിനൌ
മഹേ യാമൻ — മഹനീയേ സ്തോത്രേ
കരാ വാം — അഭിമതഫലസ്യ കർത്താരൌ, യുവാം.
പുരം—ധിഃ — ബഹുധീഃ
വധ്രി—മത്യാഃ — വധ്രിമതീ വധ്രിഃ ഷണ്ഡകതദ്വതീ (ഏതൽ സംജ്ഞാ രാജപുത്രീ തസ്യാഃ)

അജോഹവീൽ — പുനഃ പുനഃ സ്തുത്വാ പുത്രലാഭാർത്ഥം ആഹൂതവതീ

(യുവാഞ്ചെതൽ ആഹ്വാനം)

ശാസുഃ—ഇവ — യഥാശാസുഃ, ആചാര്യസ്യ വചനം ശിഷ്യഃ അവഹിതസ്സൻ ഐകാഗ്ര്യേണ ശൃണോതി തദ്വൽ

തൽ ശ്രുതം — അശൃണുതം

(ശ്രുത്വാച) ഹേ അശ്വിനൌ, (തസ്യൈ)

ഹിരണ്യ-ഹസ്തം — സുവർണ്ണമയപാണിം, ഏതൽ സംജ്ഞമപി പുത്രം

അദത്തം — പ്രായച്ഛതം

അർത്ഥം—വധ്രി എന്ന ഒരു നപുംസകൻെറ ഭാര്യ (വധ്രിമതി എന്ന പേരായ രാജപുത്രി) സന്താനലാഭത്തിന്നായി അശ്വികളെ പിന്നേയും പിന്നേയും വിളിച്ചു സ്തുതിച്ചു. അവരം ക്കവർ ഹിരണ്യഹസ്തനെന്ന മകനെ കൊടുത്തു. ഈ കഥാംശമാണിവിടെ സൂചിപ്പിയ്ക്കുന്നതു്.

എത്രയോപേരുടെ രക്ഷകരായ സത്യശീലരേ, മഹത്തായ സ്തുതിയിൽ അഭിമതം സാധിപ്പിച്ചുകൊടുക്കുന്ന നിങ്ങളെ ബുദ്ധിമതിയായ വധ്രിമതി, നപുംസകനായ വധ്രി എന്ന ഭർത്താവോടുകൂടിയവരം പുത്രലാഭത്തിന്നായി വീണ്ടും വീണ്ടും വിളിച്ചു. *നിങ്ങളാവട്ടെ വധ്രിമതിയുടെ ആ വിളി, ഗുരുവിൻെറ* വാക്കു് പ്രണതനായ ശിഷ്യൻ ഏകാഗ്രതയോടുകൂടി കേരംക്കുന്ന പോലെ, കേട്ടു. അശ്വികളേ, കേട്ടിട്ടു് അവരംക്കു് ഹിരണ്യഹസ്തനെന്ന പുത്രനെ നല്കി അനുഗ്രഹിച്ചു.

14 ആസ്നോവൃകസ്യവർത്തികാമഭീകേ

യുവന്നരാനാസത്യാമുമുക്തം

ഉതോകവിം പുരുഭുജാ യുവം ഹ

കൃപമാണമകൃണുതം വിചക്ഷേ

അന്വയം:—

ഹേ നരാ നാസത്യാ യുവം	— നേതാരൌ, യുവാം
അഭീകേ	— അഭിഗതേ വൃകവർത്തികയോ സ്സംഗ്രാമേ
വൃകസ്യ ആസ്നഃ	— വികർഷകസ്യശ്വാനഃ ആസ്യാത്
വർത്തികാം അമുമുക്തം	— ചടകസ്ത്രീം അമോചയതം
ഉതോ പുരു-ഭുജാ	— അപിച മഹാബാഹൂ
യുവം ഹ	— യുവാം ഖലു
കൃപമാണം കവിം	— സ്തുവന്തം ഏതൽ സംജ്ഞം ഋഷിം
വി-ചക്ഷേ	— വിശേഷേണ ദ്രഷ്ടും സമർത്ഥം
അകൃണുതം	— അകുരുതം

അർത്ഥം—വർത്തിക എന്നാൽ ചടകത്തിനൊത്ത ഒരു പെൺ പക്ഷി. അതിനെ ഒരു ചെന്നായ പിടിച്ചു, അശ്വികൾ വിടുവിച്ചു എന്ന കഥ ഇതിൽ സൂചിപ്പിക്കുന്നു.

അല്ലയോ നേതാക്കളേ, സത്യശീലരേ, നിങ്ങളുടെ അടുക്കൽവെച്ചു നടന്ന ചെന്നായിൻെറയും, വർത്തിക എന്ന പെൺ പക്ഷിയുടെയും സമരത്തിൽ ചെന്നായുടെ വായിൽ നിന്ന് വർത്തികയെ വിടുർത്തി. കൂടാതെ, മഹാബാഹുക്കളായ നിങ്ങൾ, നിങ്ങളെ സ്തുതിച്ച കവി എന്ന അന്ധനായ ഋഷിക്ക് നല്ലപോലെ കാണാനുള്ള കഴിവുണ്ടാക്കി.

15 ചരിത്രം ഹിവേരിവാച്ഛേദി പർണ്ണ
മാജാഖേലസ്യപരിതക്മ്യായാം
സദ്യോജംഘാമായസീം വിശ്പലായൈ
ധനേഹിതേസർത്തവേ പ്രത്യധത്തം വ. 10

അന്വയം:—

ആജാ	— ആജൌ, സംഗ്രാമേ
(അഗസ്ത്യ പുരോഹിതസ്യ) ഖേലസ്യ	— രാജ്ഞഃ സംബന്ധിന്യാഃ വിശ്പലായാഃ

ചരിത്രം — ചരണം
വേഃ–ഇവ പര്ണ്ണം — പക്ഷിണഃ പതത്രമിവ
അച്ഛേദി ഹി — പുരാഛിന്നമഭൂൽഖലു
(ഹേ അശ്വിനൌ, യുവാം പുരോഹിതേനാഗസ്ത്യേന സ്തുതൌ സന്തൌ)
പരി–തക്മ്യായാം — രാത്രൌ (ആഗത്യ)
സദ്യഃ — തദാനീമേവ
ഹിതേ ധനേ — ശത്രുഷ്വനിഹിതേ ജേതവ്യേ
വിഷയഭൂതേസതി.
സര്ത്തവേ — സര്ത്തും, ഗന്തും
വിശ്പലായൈ
ആയസീം ജങ്ഘാം — അയോമയം
ജങ്ഘോപലക്ഷിതം പാദം
പ്രതി അധത്തം — സന്ധാനം കൃതവന്തൌ.

അര്ത്ഥം–യുദ്ധത്തിൽ അഗസ്ത്യപുരോഹിതനായ (അഗസ്ത്യനെന്ന പുരോഹിതനോടുകൂടിയ) ഖേലൻ എന്ന രാജാവിന്നു ബന്ധപ്പെട്ട വിശ്പല എന്ന സ്ത്രീയുടെ കണങ്കാൽ ഒരു പക്ഷിയുടെ ചിറകെന്നപോലെ മുറിഞ്ഞുപോയി. പുരോഹിതനായ അഗസ്ത്യനാൽ അശ്വികളേ, സ്തുതിക്കപ്പെട്ട നിങ്ങൾ രാത്രിക്കു രാത്രിവന്നു, അപ്പോൾതന്നെ, ശത്രുക്കളിൽ നിന്നു നേടേണ്ടും ധനം അങ്ങിങ്ങു കിടക്കവേതന്നെ, നടക്കാറാകുംവണ്ണം വിശ്പലക്കു ഇരുമ്പുകൊണ്ടു, കണങ്കാലിന്റെ സ്ഥാനത്തു, കാൽവെച്ചുകൊടുത്തുവല്ലൊ. (ഏഴാമധ്യായത്തിൽ 34ാം വര്ഗ്ഗത്തിൽ ഈ വിക്രമം എടുത്തുപറഞ്ഞിട്ടുണ്ടു.)

16 ശതമ്മേഷാന്വൃക്യേ ചക്ഷദാന
മൃജ്രാശ്വന്തംപിതാന്ധഞ്ചകാര
തസ്മാ അക്ഷീനാസത്യാവിചക്ഷ
ആധത്തന്ദസ്രാഭിഷജാവനര്വ്വൻ

അന്വയം:—

(യഃ) ശതം മേഷാൻ	—	ശതസംഖ്യാകാൻ മേഷാൻ
വൃക്യേ	—	ആത്മനാപോഷിതായൈവൃക സ്ത്രീയൈ (ശകലീകൃത്യപ്രാദാൽ)
തം ചക്ഷദാനം	—	ശകലീകൃത്യദത്തവന്തം
ഋജ്ര-അശ്വം പിതാ	—	വൃഷാഗീഃ (ശാപേന)
അന്ധം ചകാര	—	ദൃഷ്ടിഹീനം കൃതവാൻ
ഭിഷജൌ,		
ഹേ നാസത്യാ, ദസ്രാ,	—	സത്യശീലാവവശ്വിനൌ
അനർവ്വൻ	—	അനർവ്വണി. ദ്രഷ്ടവ്യംപ്രതി പിതൃശാപാൽ ഗമനരഹിതേ
അക്ഷീ വി-ചക്ഷേ	—	ചക്ഷുഷീ ദ്രഷ്ടും സമർത്ഥേ
തസ്മൈ ആ അധത്തം	—	ഋജ്രാശ്വായ വ്യധത്തം, അകുരുതം

അർത്ഥം—വൃഷാഗീരിന്റെ മകൻ ഋജ്രാശ്വനെന്ന രാജർഷിയുടെ മുമ്പിൽ അശ്വികളുടെ വാഹനമായ കഴുത, ഒരു പെൺചെന്നായയായി വന്നുകൂടി. തന്നാൽ രക്ഷിയ്ക്കപ്പെടേണ്ട അതിന്റെ ക്ഷേമത്തിന്നായി ഋജ്രാശ്വൻ നാട്ടുകാരുടെ നൂറൊന്നാടുകളെ വെട്ടിമുറിച്ചു കൊടുത്തു. നാട്ടുകാർക്ക് ദ്രോഹമായ ഈ പ്രവൃത്തി ചെയ്ത മകനെ അച്ഛൻ ശാപത്താൽ കണ്ണുപൊട്ടനാക്കി. തങ്ങളുടെ വാഹനം കാരണം ഋജ്രാശ്വനുവന്ന കഷ്ടതയറിഞ്ഞ് അശ്വികൾ അദ്ദേഹത്തിന്ന് വീണ്ടും കാഴ്ചകൊടുത്തു. ഈ കഥയാണ് ഋക്കിൽ സൂചിപ്പിക്കുന്നത്.

യാതൊരുവൻ നൂറുകണക്കിൽ ആടുകളേ (തന്റെ അടുത്തുവന്ന്) താൻ വളർത്തുന്ന പെൺചെന്നായയ്ക്ക് (ക്ഷേമത്തിന്ന്) വെട്ടിനുറുക്കിക്കൊടുത്തുവോ, അങ്ങിനെ നുറുക്കിക്കൊടുത്ത ഋജ്രാശ്വനെ അച്ഛൻ, വൃഷാഗീര് ശാപംകൊണ്ട് കണ്ണുപൊട്ടനാക്കി. ദേവവൈദ്യരും, സത്യശീലരും, ദർശനീയരുമായ അശ്വകളേ, നിങ്ങൾ കാഴ്ചയില്ലാതെ, എങ്ങും പോകാതെ കഴിഞ്ഞ ആ ഋജ്രാശ്വന്ന് കാണ്മാൻ കഴിവുള്ള കണ്ണുകൾ വെച്ചുകൊടുത്തു.

17 ആവാംരഥംദുഹിതാസൂര്യസ്യ
കാർഷ്മേവാതിഷ്ഠദർവ്വതാ ജയന്തീ
വിശ്വേദേവാ അന്വമന്യന്തഹൃദ്ഭി
സ്സമുശ്രിയാനാസത്യാസചേഥേ

അന്വയം:—

ഹേ നാസത്യാ വാം രഥം— അശ്വിനൗ യുവയോ രഥം
കാർഷ്മ-ഇവ — കാഷ്ഠമിവ, ആജിധാവനസ്യ അവധിതയാ നിർദ്ദിഷ്ടം ലക്ഷ്യം ആശുഗാമീ, സർവ്വേഭ്യോധാവത്ഭ്യഃ പൂർവ്വം പ്രാപ്നോതി ഏവമേവ സർവ്വേഭ്യോദേവേഭ്യഃ പൂർവ്വം
അർവ്വതാ — ശീഘ്രമവധിം പ്രാപ്നുവതാ യുഷ്മദീയേനാശ്വേന കാരണഭൂതേന
ജയന്തീ — വിജീയമാനാ
സൂര്യസ്യ ദുഹിതാ — സവിതുഃ പുത്രീ, സൂര്യാ
ആ അതിഷ്ഠൽ — ആരൂഢവതീ
വിശ്വേ ദേവാഃ — സർവ്വേ ഇതരേദേവാഃ
(ഏതൽ) ഹൃൽ—ഭിഃ — ആരോഹണസ്ഥാനം ഹൃദയൈഃ
അനു അമന്യന്ത — അനുജജ്ഞാനൻ
(തദാനീം) ശ്രിയാ — ശുക്തിസഹസ്രലാഭരൂപയാ സമ്പദാ, കാന്ത്യാ
(യുവാം) സം സചേഥേ ഉ— സംഗച്ഛേഥേ ഹി

അർത്ഥം—സവിതാവ് (സൂര്യൻ) തന്റെ മകൾ സൂര്യയെ സോമന്ന് കൊടുക്കാൻ ഇച്ഛിച്ചു. ആ കന്യകയെ ദേവന്മാരെല്ലാം കാമിച്ചിരുന്നു. ''ആദിത്യനെ അതിർ കുറിയാക്കി നമുക്ക് ഓട്ടകം നമ്മളിൽ ആർ ജയിക്കുന്നുവോ, അയാൾക്ക് ഇവളെ കിട്ടും'' എന്ന ദേവന്മാർ പരസ്പരം പറഞ്ഞു അശ്വികളതിൽ ജയിച്ചു. അവൾ അവരുടെ രഥത്തിൽ കയറി. (പക്ഷേ

വിവാഹം ചെയ്തത് പി... (... ... ...
എട്ടാമഷ്ടകത്തിലുള്ള വിവാഹ സൂക്തത്തിൽ വ്യക്തമാവുന്നു.) ആ കഥ ഇവിടെ സൂചിതമാണ്.

അല്ലയോ സത്യശീലരായ അശ്വികളെ, നിങ്ങളുടെ തേർ ഓട്ടപ്പന്തയത്തിൽ ഉന്നമായ അതിർ കുറിയെ, ഓട്ടത്തിൽ വേഗക്കാരൻ മുമ്പെത്തുന്നപോലെ, എല്ലാ ദേവന്മാർക്കും മുമ്പെ ഗതിവേഗമുള്ള കുതിരകളാൽ എത്തി ജയിക്കപ്പെട്ടന്നവളായി സൂര്യന്റെ മകളും (നിങ്ങളുടെ തേരിൽ) കയറി. മറ്റു ദേവന്മാരെല്ലാം ഈ രഥാരോഹണം ഉള്ളാൽ സമ്മതിച്ചു. നിങ്ങൾ (സൂര്യയോടൊപ്പം പന്തയവസ്തുവായി പ്രഖ്യാപിക്കപ്പെട്ടിരുന്ന ആയിരം ഋക്കുകളുടെ ലാഭത്താൽ പ്രകാശവിശേഷത്തോടു ചേർന്നവരായി. മിന്നിത്തിളങ്ങുന്നവരായി.)

18 യദയാതന്ദിവോദാസായവർത്തി
ഭരദ്വാജായാശ്വിനാഹയന്താ
രേവദുവാഹസചനോരഥോവാം
വൃഷഭശ്ചശിംശുമാരശ്ചയുക്താ

അന്വയം:—

ഹേ അശ്വിനാ, ഹയന്താ	—	സ്തുതിഭിരാഹൂയമാനൌ യുവാം
ഭരൽ—വാജായ	—	സംഭ്രിയമാണഹവിർല്ലക്ഷണാന്നായ യജമാനായ
ദിവഃ—ദാസായ	—	ഏതൽ സംജ്ഞായ രാജർഷയേ അഭീഷ്ടം ഫലം ദാതും
വർത്തിഃ യൽ അയാതം	—	തദീയം ഗൃഹം യദാ ആഗച്ഛതം
(തദാനീം) രേവൽ	—	ധനയുക്തമന്നം
വാം സചനഃ രഥഃ	—	യുവയോഃ സേവനഃ രഥഃ
ഉവാഹ	—	തസ്മൈദിവോദാസായ പ്രാപയാമാസ
(അപിചതസ്മിൻ രഥേ)		
വൃഷഭഃ ച	—	അനഡ്വാൻ

അത്ഥം—അല്ലയോ അശ്വികളേ, സ്തുതികളാൽ വിളി
പ്പെട്ടന്നവരായി നിങ്ങറം ഹവിസ്സ് ഒരുക്കുന്ന യജമാനനാ
ദിവോദാസൻ എന്ന രാജഷിസ്സു് അഭീഷ്ടഫലം കൊടുപ്പാ
യി അദ്ദേഹത്തിൻെറ ഗൃഹത്തിൽ ചെന്നുവല്ലൊ. അപ്പോ
നിങ്ങളെസ്സേവിയ്ക്കുന്ന തേർ ധനത്തോടുകൂടിയ അന്നം, ആ
വോദാസന്നെത്തിച്ചു കൊടുത്തു. കൂടാതെ ആ തേരിൽ പര
രവിരോധികളായ കാളയെയും, മുതലയെയും നിങ്ങറം സ
ത്ഥ്യം പ്രകടിപ്പിച്ചുകൊണ്ടു് പൂട്ടിയിരുന്നു.

19 രയിംസുക്ഷത്രം സ്വപത്യമായു
സ്സുവീര്യന്നാസത്യാവഹന്താ
ആജഹ്നാവീംസമനസോപവാജൈ
സ്ത്രിരഹ്നോഭാഗന്ദധതീമയാതം

അന്വയം:—

ഹേ നാസത്യാ,

സു—ക്ഷത്രം രയിം — ശോഭനബലം ധനം

സു—അപത്യം, സു—വീര്യം

ആയുഃ — ശോഭനൈഃ പുത്രാദിഭി രുപേതം, ശോഭനവീര്യോപേ മന്നം

വഹന്താ — ധാരയന്തൌയുവാം

സ—മനസാ — സമാനമനസ്കൌ സന്തൌ

വാജൈഃ — ഹവിർല്ലക്ഷണൈ രന്നൈരുപേതാം

അഹ്നഃ — അഹനി അന്വഷ്ഠേയസ്യ സോമയാഗസ്യ പ്രാതസ്സവന ത്രയസ്യ

ത്രിഃ ഭാഗം ദധതീം — ത്രിധാവിഭക്തമംശംബിഭ്രതീം
ജഹ്നാവീം — ജഹ്നോഃ മഹർഷേ സ്സംബന്ധിനീം പ്രജാം
ഉപ ആ അയാതം — ആഭിമുഖ്യേന സമീപമാഗച്ഛതം

അർത്ഥം—അല്ലയോ സത്യശീലരേ, നല്ല ബലം, ധനം, സൽപുത്രാദികളോടും നല്ല വീര്യത്തോടും കൂടിയ അന്നം എന്നിവ കയ്യിലേന്തിക്കൊണ്ടാണല്ലോ നിങ്ങൾ, ഹവിസ്സോടു കൂടി സോമയാഗത്തിലെ പ്രാതസ്സവനത്തെ മൂന്നായി ഭാഗിച്ച അംശത്തെ ധരിച്ചവളായ ജഹ്നുമഹർഷിയെസ്സംബന്ധിച്ച സ്ത്രീയുടെ അടുക്കൽ ഏകമനസ്കരായി നേരേ ചെന്നതു്. (ആ സ്ത്രീ പ്രതിനിധിയായ യജമാനപത്നിയാവാം.)

20 പരിവിഷ്ടഞ്ജാഹുഷം വിശ്വതസ്സീം
സുഗേഭിർന്നക്ത മൂഹഥൂ രജോഭിഃ
വിഭിന്ദുനാനാസത്യാരഥേന
വിപർവ്വതാംഅജരയൂഅയാതം വ 11

അന്വയം —

ഹേ നാസത്യാ, വിശ്വതഃ
പരി–വിഷ്ടം — ശത്രുഭിസ്സർവ്വതഃ പരിവൃതം
ജാഹുഷം — ഏതന്നാമാനം രാജാനം
അജരയൂ — ജരാരഹിതൗ (യുവാം)
വി–ഭിന്ദുനാ രഥേന — വിശേഷേണ ഭേദകേന രഥേന
നക്തം — രാത്രൗ
സു–ഗേഭിഃ രജഃ–ഭിഃ — സുഷ്ഠുഗന്തും ശക്യൈഃ, രഞ്ജകൈഃ മാർഗ്ഗൈഃ
ഊഹഥുഃ സീം (നിർഗ്ഗതേനതേനസഹ) — ശത്രുസമൂഹാന്നിരഗമയതംഹി
പർവ്വതാൻ — ശത്രുഭിരാരോഢുമശക്യാൻ ശിലോച്ചയാൻ
വി അയാതം — വിശേഷേണാഗച്ഛതം

അത്ഥം—അല്ലയോ സത്യശീലരേ, ശത്രുക്കളാൽ നാലു പുറവും വളയപ്പെട്ട ജാഹ്നഷനെന്ന രാജാവിനെ നിത്യയുവാക്കളായ നിങ്ങൾ എല്ലാററിനെയും പിളക്കുന്ന തേരിൽ രാത്രി സുഗമങ്ങളായി, ഇണക്കമുററ വഴികളിലൂടെ ശത്രുസമൂഹത്തിൽ നിന്നു് പുറത്തുകടത്തിയല്ലൊ. അങ്ങിനെ പുറത്തുകടന്ന അദ്ദേഹത്തോടുകൂടി ശത്രുക്കൾക്കു് കയറാൻ വയ്യാത്ത മലകളിൽ ചെന്നുചേൻു.

21 ഏകസ്യാവസ്തോരാവതം രണായ
വശമശ്വിനാ സനയേ സഹസ്രാ
നിരഹതന്ദുച്ഛുനാ ഇന്ദ്രവന്താ
പൃഥുശ്രവസോ വൃഷണാവരാതീഃ

അന്വയം:—

ഹേ അശ്വിനാ, വശം	— ഏതൽ സംജ്ഞമൃഷിം
ഏകസ്യാഃ വസ്തോഃ	— ഏകസ്യ അഹ്നഃ
രണായ സഹസ്രാ	
സനയേ	— രമണീയായ സഹസ്ര സംഖ്യാകായ ധനലാഭായ
ആവതം	— അരക്ഷതം
(അപിച) ഹേ വൃഷണൌ,	— കാമാനാം വഷിതാരൌ
ഇന്ദ്ര-വന്താ	— ഇന്ദ്രേണ സംയുക്തൌ (യുവാം)
ദുച്ഛുനാഃ	— ദുഃഖസ്യ കത്തൄൻ
പൃഥു-ശ്രവസഃ അരാതീഃ	— വിസ്തീണ്ണയശസഃ ശത്രൂൻ
നിഃ അഹതം	— നിശ്ശേഷേണാവധിഷ്ടം

അത്ഥം—അല്ലയോ അശ്വികളേ, നിങ്ങൾ വശൻ എന്ന ഋഷിയെ ഒരു ദിവസത്തിന്നു് അഭികാമ്യമായ ആയിരക്കണക്കിലുള്ള ധനം ഉണ്ടാകത്തക്കവിധം രക്ഷിച്ചു. (ദിവസംപ്രതി മികച്ച ധനാഗമമുണ്ടാവാൻ അനുഗ്രഹിച്ചു.) അല്ലയോ കാമവഷകരേ, ഇന്ദ്രനോടുകൂടിയനിങ്ങൾ, അതിന്നപുറമെ, ക്ലേശകാരികളായ, *വമ്പരായ ശത്രുക്കളെ നിശ്ശേഷം കൊന്നൊടുക്കി.*

22 ശരസ്യചിദാർച്ചത്കസ്യാവതാദാ
നീചാദുച്ചാചക്രഥുഃ പാതവേവാഃ
ശയവേചിന്നാസത്യാ ശചീഭി
ർജസുരയേസ്തര്യം പിപ്യഥുർഗ്ഗാം

അന്വയം:—

ഹേ നാസത്യാ, (യുവാം)
ആർച്ചത്കസ്യ ശരസ്യ — ഋചല്കപുത്രസ്യ ഏതത് സംജ്ഞസ്യ സ്തോതുഃ
പാതവേ — (പിപാസിതസ്യ) പാനാർത്ഥം
നീചാൽ ചിൽ അവതാൽ — നീചീനാദപി കൂപാൽ
ഉച്ചാ — ഉച്ചൈഃ ഉപരിസ്ഥാൽ
വാഃ ആ ചക്രഥുഃ — ഉദകം ആഭിമുഖ്യേന കൃതവന്തൗ
(തഥാ) ശചീഭിഃ — യുഷ്മദീയൈഃ കർമ്മഭിഃ
ജസുരയേ ശയവേ ചിൽ — ശ്രാന്തായ ശയുനാമ്നേ ഋഷയേപി
സ്തര്യം ഗാം — നിവൃത്തപ്രസവാം (അഗ്നിഹോത്രാർത്ഥസ്യ പയസോ ദോഗ്ധ്രീം) ഗാം
പിപ്യഥുഃ — പയസാ ആപൂരിതവന്തൗ

അർത്ഥം—അല്ലയോ സത്യശീലരേ, ഋചല്കന്റെ മകനായ ശരനെന്ന സ്തോതാവിന്ന് ദാഹബാധിതനായപ്പോഴ താഴ ഉള്ള കിണററിൽ നിന്ന് കുടിപ്പാൻ വെള്ളം മുകളിൽ നിങ്ങൾ നേരെ എത്തിച്ചു കൊടുത്തു അതുപോലെ ശ്രാന്തനായ ശയു എന്ന ഋഷിക്ക അഗ്നിഹോത്രത്തിന്ന് പാൽ കറന്നിരുന്നതും, പേറുമാറിയതുമായ പശുവിനെ പാൽമുററിയതാക്കി, വീണ്ടും കറവുററതാക്കി

23 അവസ്യതേസ്തുവതേകൃഷ്ണിയായ
ഋജൂയതേനാസത്യാശചീഭിഃ
പശുന്നനഷ്ടമിവദർശനായ
വിഷ്ണാപ്വന്ദദഥുർവ്വിശ്വകായ

അന്വയം:—

ഹേ നാസത്യാ, (യുവാം)

അവസ്യതേ	— അവനം, രക്ഷണമാത്മന ഇച്ഛതേ
സ്തുവതേ കൃഷ്ണീയായ	— സ്തുതിം കുർവ്വതേ കൃഷ്ണനാമകസ്യ പുത്രായ
ഋജൂ-യതേ	— ആർജ്ജവമിച്ഛതേ
വിശ്വകായ	— ഏതൽ സംജ്ഞായ ഋഷയേ
ശചീഭി:	— ആത്മീയൈഃ കർമ്മഭി:
വിഷ്ണാപ്വം	— തന്നാമാനം വിനഷ്ടംപുത്രം
പശും ന നഷ്ടം-ഇവ	— യഥാകശ്ചിൽ വിനഷ്ടം പശും സ്വാമിനോ ദൃഷ്ടിപഥം പ്രാപയതി തദ്വൽ
ദൾനായ ദദഥുഃ	— ദത്തവന്തൌ

അർത്ഥം—അല്ലയോ സത്യശീലരേ, രക്ഷണം സ്വയമിച്ഛിയ്ക്കുന്നവനും സ്തുതിയ്ക്കുന്നവനുമായ കൃഷ്ണനെന്ന ഒരാളുടെ മകനും നേർവഴിക്കാരനുമായ വിശ്വകൻ എന്ന ഋഷിയ്ക്ക് സ്വകർമ്മങ്ങളാൽ നിങ്ങൾ വിഷ്ണാപ്വനെന്ന നഷ്ടപ്പെട്ട മകനെ, പോയ്പ്പോയ ഒരു പശു ഉടമസ്ഥന്റെ ദൃഷ്ടിയിൽ പെടുന്നപോലെ, കാണമാറാക്കിക്കൊടുത്തു

24 ദശരാത്രീരശിവേനാനവദ്യ

നവനദ്ധം ശ്നഥിതമപ്സ്വ ന്തഃ

വിപ്രുതംരേഭമുദനിപ്രവൃക്ത

മുന്നിന്യഥുസ്സോമമിവസ്രുവേണ

അന്വയം:—

(ഹേ അശ്വിനൗ, യുവാം)

അപ്-സു അന്തഃ	— കൂപാന്തർഗ്ഗത ജലേഷുമദ്ധ്യേ അസുരൈഃ പതിതം
അശിവേന അവ-നദ്ധം	— ദുഃഖഹേതുനാ ദാമ്നാബദ്ധം

ശ്നഥിതം — ശത്രുഭിർഹിംസിതം

ദശ രാത്രീഃ നവ ദ്യൂൻ — ദശസംഖ്യാകാനിശാഃ, നവ
സംഖ്യാകാന്യഹാനി (പ)

(ഏതാവന്തംകാലം കൂപേവസ്ഥിതം അത ഏവ)

ഉദനി വി-പ്രുതം — ഉദകേ വിപ്ലുതം, വ്യാക്ഷിപ്ത
സർവ്വാംഗം

പ്ര-വൃക്തം — പ്രവൃഞ്ജനേന സന്തപ്തം

രേഭം — തന്നാമകമൃഷിം

സ്രുവേണ സോമം-ഇവ — അഗ്നിഹോത്രഹോമാർത്ഥം
അഭിഷുത സോമരസം
കൂപസദൃശേ സ്ഥാലീമദ്ധ്യേ
വർത്തമാനം അദ്ധ്വര്യുഃ യഥാ
ഉന്നയതി തദ്വത്

ഉത് നിന്യഥുഃ — തസ്മാത് കൂപാത് ഉത്തീർണ്ണം
കൃതവന്തൌ

അന്വയം:—

ഹേ അശ്വിനൌ, വാം

ദംസാംസി	— യുവയോഃ പുരാകൃതാനി കർമ്മാണി
പ്ര അവോചം	— പ്രസ്പഷ്ടമുക്തവാനസ്മി
(സോഹം)സു-ഗവഃ	— ശോഭനഗോയുക്തഃ
സു—വീരഃ	— ശോഭന വീര്യഃ (ച ഭൂത്വാ)
അസ്യ പതിഃ സ്യാം	— രാഷ്ട്രസ്യ അധിപതിഃ ഭവേയം
ഉത പശ്യൻ	— അപിച അക്ഷാഭ്യാം പശ്യൻ, സവൈരിന്ദ്രിയൈഃ സ്വസ്വ വിഷയോപയോഗസമർത്ഥൈഃ (അക്ഷ്യുപലക്ഷണം)
ദീർഘം ആയുഃ	— വർഷശതരൂപേണ ആയതം ജീവിതം
അശ്നുവൻ	— പ്രാപ്നുവൻ
അസ്തം-ഇവ ഇത്	— ഗൃഹമിവ, യഥാഗൃഹം സ്വാമീ പ്രവിശതിതദ്വദേവ
ജരിമാണം ജഗമ്യാം	— ജരാം പ്രാപ്നുയാം

അർത്ഥം—അല്ലയോ അശ്വികളേ, നിങ്ങൾ പണ്ടുചെയ്ത കർമ്മങ്ങളെ ഞാൻ വിശദമായി പറഞ്ഞുവല്ലൊ. അപ്രകാരമുള്ള ഞാൻ നല്ല പശുക്കളോടുകൂടിയവനും, നല്ല വീര്യത്തോടുകൂടിയവനുമായി രാഷ്ട്രത്തിന്റെ അധിപതിയായി ഭവിച്ചാവൂ. കൂടാതെ അതാതു വിഷയങ്ങളിൽ ഉപയോഗസമർത്ഥങ്ങളായ എല്ലാ ഇന്ദ്രിയങ്ങളോടും കൂടി (നൂറുകൊല്ലം) നീണ്ട ആയുസ്സു നേടി ഒരു ഗൃഹസ്ഥൻ തന്റെ ഗൃഹത്തിലേയ്ക്കു സ്വൈരമായി കടന്നുചെല്ലുന്നപോലെ വാർദ്ധക്യത്തിൽ പ്രവേശിച്ചാവൂ.

വർഗ്ഗം 13-14-15-16-17

1 മധ്വസ്സോമസ്യാശ്വിനാമദായ

പ്രത്നോഹോതാവിവാസതേവാം

ബർഹിഷ്മതീരാതിർവ്വിശ്രിതാഗീ

രിഷായാതന്നാസത്യോപവാജൈഃ

അന്വയം:—

ഹേ അശ്വിനാ, മധ്വഃ	
സോമസ്യ	— മാധുര്യോപേതേന സോമേന (തൃതീയാർത്ഥേഷഷ്ഠീ)
മദായ	— യുവയോർമ്മദാർത്ഥം
പ്രത്നഃ ഹോതാ	— ചിരന്തനഃ ഹോമനിഷ്പാദകോ യജമാനഃ
വാം ആ വിവാസതേ	— യുവാം യഥാശാസ്ത്രം പരിചരതി
(അപിച) രാതിഃ	
ബർഹിഷ്മതീ	— ദാതവ്യംഹവിഃ യുഷ്മദർത്ഥം ബർഹിഷ്യാസാദിതം
(തഥാ) ഗീഃ വി-ശ്രിതാ	— സ്തുതിലക്ഷണാവാക് ഋത്വിക്ഷു സമവേതാ, സ്തുതിരപിക്രിയതേ
ഹേ നാസത്യാ ഇഷാ	— അസ്മഭ്യം ദാതവ്യനാന്നേന
വാജൈഃ	— ബലൈശ്ച സഹ (യുവാം)
ഉപ യാതം	— അസ്മഭ്യം സമീപം പ്രാപ്നുതം

അർത്ഥം—അല്ലയോ അശ്വികളെ, നിങ്ങളുടെ ഹർഷത്തിന്നായി മധുരമായ സോമത്തോടുകൂടി, ചിരകാലമായി ഹോമം കഴിയ്ക്കുന്ന (അഗ്നിഹോത്രാദി കർമ്മങ്ങളനുഷ്ഠിച്ചു വരുന്ന) യജമാനൻ നിങ്ങളെ പരിചരിയ്ക്കുന്നു, ഉപാസിയ്ക്കുന്നു. കൂടാതെ, നിങ്ങൾക്കു സമർപ്പിയ്ക്കുവാനുള്ള ഹവിസ്സ് ദർഭപ്പുല്ലിൽ കൊണ്ടു വെച്ചിരിയ്ക്കുന്നു. ഋത്വിക്കുകളാൽ സ്തുതിയും ചൊല്ലപ്പെടുന്നു. അല്ലയോ സത്യശീലരേ, ഞങ്ങൾക്കു തരാനുള്ള അന്നത്തോടുകൂടി ബലങ്ങളോടുകൂടി *ഞങ്ങളുടെ അടുക്കൽ* വന്നാലും.

2 യോവാമശ്വിനാമനസോജവീയാ

ന്രഥസ്സ്വശ്വോവിശ ആജിഗാതി

യേനഗച്ഛഥസ്സുകൃതോദുരോണം

തേനനരാവർത്തിരസ്മഭ്യം യാതം

അന്വയം:—

ഹേ അശ്വിനാ, വാം — അശ്വിനൌ, യുവയോഃ
മനസഃ ജവീയാൻ — മനസോപ്യതിശയേന വേഗവാൻ
സു–അശ്വഃ യഃ രഥഃ — ശോഭനാശ്വഃ യഃ രഥഃ
വിശഃ ആ–ജിഗാതി — പ്രജാഃ ആഭിമുഖ്യേന ഗച്ഛതി
യേന (രഥേന) സു–കൃതഃ — ശോഭനയാഗം കൃതഃ യജമാനസ്യ
ദുരോണം ഗച്ഛഥഃ — ദേവയജനലക്ഷണം ഗൃഹം ഗച്ഛഥഃ
ഹേ നരാ, തേന അസ്മഭ്യം — തേന രഥേനാസ്മാകം
വർത്തിഃ യാതം — വർത്തനാധികരണം ഗൃഹം ആഗച്ഛതം

അർത്ഥം—അല്ലയോ അശ്വികളേ, മനസ്സിനേക്കാരം വേഗമുള്ളതും നല്ല കുതിരയോടു കൂടിയതുമായ നിങ്ങളുടെ ഏതു തേർ പ്രജകളെ നേരെ പ്രാപിയ്ക്കുന്നുവോ, ഏതു തേരിനാൽ മഹത്തായ യാഗം ചെയ്യുന്ന യജമാനൻെറ ശാലയിലെത്തുന്നുവോ, അല്ലയോ നേതാക്കളേ, ആ തേരിൽ ഞങ്ങളുടെ ഗൃഹത്തിലും വന്നാലും.

3 ഋഷിന്നരാവംഹസഃ പാഞ്ചജന്യ
ഋബീസാദത്രിമ്മുഞ്ചഥോ ഗണേന
മിനന്താദസ്യോരശിവസ്യ മായാ
അനുപൂർവ്വം വൃഷണാ ചോദയന്താ

അന്വയം:—

ഹേ നരൌ, വൃഷണാ, — നേതാരൌ, കാമവർഷിതാരൌ
പാഞ്ച–ജന്യം — പഞ്ചജനേഷുഭവം
ഋഷിം അത്രിം അംഹസഃ — പാപരൂപാൽ, ക്ലേശരൂപാൽ
ഋബീസാൽ — ശതദ്വാരേ യന്ത്രഗൃഹേ പീഡാർത്ഥം അസുരൈഃ പ്രക്ഷിപ്താൽ തുഷാഗ്നേസ്സകാശാൽ

ഗണേന — ഇന്ദ്രിയവർഗ്ഗേണ സഹ
മിനന്താ — ശത്രൂൻ ഹിംസന്തൌ
അശിവസ്യ ദസ്യോഃ — ദുഃഖകാരിണഃ ഉപക്ഷയിതുഃ
മായാഃ — അത്രൌ പ്രയുക്താ മായാഃ
അനു-പൂർവ്വം ചോദയന്താ — ആനുപൂർവ്യേണ പ്രേരയന്തൌ, നിവാരയന്തൌ
മുമുചഥുഃ — അമോചയതം

അർത്ഥം—അല്ലയോ നേതാക്കളേ, കാമവർഷകരേ, നിഷാദപഞ്ചമന്മാരായ ജനങ്ങളിൽ (ബ്രാഹ്മണരിൽ) പെട്ടവനായ ഋഷി അത്രിയെ, ക്ലേശരൂപവും, നൂറു ദ്വാരകളുള്ളതുമായ യന്ത്രഗൃഹത്തിലെ ഉമിത്തീയ്യിൽനിന്ന് സുരക്ഷിതങ്ങളായ സർവ്വാവയവങ്ങളോടുംകൂടി, ശത്രുക്കളെ അകററി, ദുഃഖകാരിയായ ദ്രോഹിയുടെ മായകളെ വേണ്ടപോലെ നിവാരണംചെയ്തു നിങ്ങൾ മോചിപ്പിച്ചുവല്ലൊ.
(ഇതേ സംഗതി മുൻസൂക്തത്തിലും പ്രസ്താവിച്ചിട്ടുണ്ട്.)

4 അശ്വന്നഗൂള്ഹമശ്വിനാദുരേവൈ
ഋഷിന്നരാ വൃഷണാരേഭമപ്സു
സന്തംരിണീഥോ വിപ്രുതന്ദംസോഭി
ർനവാഞ്ജൂര്യന്തി പൂർവ്വ്യാകൃതാനി

അന്വയം:—

നരാ, വൃഷണാ, അശ്വിനാ — നേതാരൌ കാമവർഷകാവശ്വിനൌ (യുവാം)
ദുഃ-ഏവൈഃ — ദുഷ്പ്രാപൈരസുരൈഃ
അപ്-സു ഗൂള്ഹം — കൂപസ്ഥേഷൂദകേഷു നിഗൂഢം നിഖാതം
തം രേഭം ഋഷിം
വി-പ്രുതം — കൂപാദുന്നീയ വിശ്ലിഷ്ടാവയവം
അശ്വം ന — വ്യാധിതമശ്വമിവ

ദംസഃ—ഭിഃ	—	ആത്മീയൈഃ ഭേഷജരൂപൈഃ കർമ്മഭിഃ
സം രിണീഥഃ	—	സമധത്തം, സർവ്വൈരവയവൈരുപേതമകുരുതം
വാം പൂർവ്വ്യാ കൃതാനി	—	യുവയോശ്ചിരന്തനാനി കർമ്മാണി
ന ജൂര്യന്തി	—	ന ജീർണ്ണാനി ഭവന്തി

അർത്ഥം—നേതാക്കളും കാമവർഷകരുമായ അശ്വികളേ, പിടികിട്ടാത്ത അസുരന്മാരാൽ കിണർവെള്ളത്തിൽ ഗൂഢമായി മുക്കപ്പെട്ട്, വേർപെട്ട അംഗങ്ങളോടു കൂടിയ രേഭനെന്ന ആ ഋഷിയെ രോഗം ബാധിച്ച ഒരു കുതിരയെ എന്ന പോലെ സ്വന്തം ചികിത്സാകർമ്മങ്ങളാൽ സർവ്വാംഗയുക്തനാക്കി, അതാതംഗങ്ങൾ അതാതിടത്തുതന്നെ ഉറപ്പിച്ചു രക്ഷിച്ചു. (ഇപ്രകാരം) നിങ്ങളുടെ ചിരകാലികങ്ങളായ കർമ്മങ്ങൾ എന്നും പഴകി പാഴാകുന്നില്ല.

5 സുഷുപ്വാംസന്ന നിരൃതേ രുപസ്ഥേ
സൂര്യന്ന ദസ്രാ തമസി ക്ഷിയന്തം
ശുഭേ രുക്മന്ന ദർശതന്നിഖാത
മുദൂപഥുരശ്വിനാ വന്ദനായ വ. 13

അന്വയം:—

ഹേ ദസ്രാ, അശ്വിനാ,	—	ദർശനീയാവശ്വിനൌ,
നിഃ—ഋതേഃ ഉപ—സ്ഥേ	—	പൃഥിവ്യാഃ ഉത്സംഗേ
സുസുപ്വാംസം ന	—	സ്വപ്നവന്തം പുരുഷമിവ (കൂപമദ്ധ്യേ ശയാനം)
തമസി ക്ഷിയന്തം		
സൂര്യം ന	—	കൂപാന്തർഗ്ഗതേ അന്ധകാരേ നിവസന്തം സൂര്യമിവ തേജസ്വിനം
ശുഭേ	—	ശോഭനാർത്ഥം (നിർമ്മിതം)

ദർശതം തക്മം ന — ദർശനീയം രോചമാനം സ്വർണ്ണാഭരണമിവ
(ഏവം ഗുണവിശിഷ്ടം അസുരൈഃ കൂപേ)
നി-ഖാതം — പ്രക്ഷിപ്തം
വന്ദനായ — വന്ദനനാമകമൃഷിം (ദ്വിതീയാർത്ഥേ ചതുർത്ഥീ)
ഉൽ ഊപഥുഃ — യുവാം ഉദ്ധൃതവന്തൌ

അർത്ഥം—അല്ലയോ ദർശനീയരായ അശ്വികളേ, ഭൂമിയുടെ മടിയിൽ ഉറങ്ങുന്ന ഒരു മനുഷ്യനെപ്പോലെ ഇരുട്ടായ കിണററിലമരുന്ന സൂര്യനെപ്പോലെ തേജസ്വിയായി, ശരീരശോഭനത്തിന് നിർമ്മിച്ച ദർശനീയവും പ്രകാശമയവുമായ സ്വർണ്ണാഭരണംപോലെയുള്ളവനും അസുരന്മാർ കിണററിൽ തള്ളിക്കഴിച്ചിട്ടവനുമായ വന്ദനനെന്ന ഋഷിയെ നിങ്ങൾ അതിൽനിന്ന് കയററിയല്ലൊ.

6 തദ്വാന്നരാശംസ്യം പജ്രിയേണ
കക്ഷീവതാനാസത്യാപരിജ്മൻ
ശഫാദശ്വസ്യവാജിനോജനായ
ശതങ്കുംഭാം അസിഞ്ചതമ്മധൂനാം

അന്വയം:—

ഹേ നരാ, നാസത്യാ — നേതാരാവസത്യരഹിതൌ
പരി-ജ്മൻ — പരിഗമനേ, അഭീഷ്ടസ്യ പ്രാപണേനിമിത്തഭൂതേസതി
പജ്രിയേണ — പജ്രാണാം, അംഗിരസാം കുലേജാതേന
കക്ഷീവതാ (മയാ) വാം — യുവയോസ്സംബന്ധി
തൽ (കർമ്മ) ശംസ്യം — പ്രകർഷേണ ശംസനീയം
(യൽ) ജനായ — അപേക്ഷമാണായ പുരുഷായ
വാജിനഃ അശ്വസ്യ — വേഗവതോശ്വസ്യ

ശഫാൽ	— ഖുരാൽ (നിർഗ്ഗതൈഃ)
മധൂനാം	— മധുഭിഃ (തൃതീയാർത്ഥേഷഷ്ഠീ)
ശതം കുംഭാൻ	— ശതസംഖ്യാകാൻ കുംഭാൻ
അസിഞ്ചതം	— ആപൂരയതം

അർത്ഥം—അല്ലയോ നേതാക്കളേ, സത്യശീലരേ, അഭീഷ്ട ങ്ങൾ അരുളിയ കാരണത്താൽ ആംഗിരസകുലത്തിൽ ജനിച്ച കക്ഷീവാനായ എന്നാൽ, അർത്ഥിയായ പുരുഷന്ന് ഗതിവേഗ മുള്ള കുതിരയുടെ കുളമ്പിൽ നിന്ന് പൂന്തേൻകൊണ്ട് നിങ്ങൾ നൂറു കുടം നിറച്ചു കൊടുത്ത ആ കർമ്മം ഏററവും പ്രശംസിക്ക ത്തക്കതാകുന്നു. (കുതിരക്കുളമ്പിലെ ജലമാണ് മുമ്പ് സ്വാദു വായ സുരയായും ഇപ്പോൾ തേനായും വിവക്ഷിച്ചത്. അല്ലാ തെ കള്ളല്ല.)

7 യുവന്നരാസ്തുവതേ കൃഷ്ണിയായ

വിഷ്ണാപ്വം ദദഥുർവ്വിശ്വകായ

ഘോഷായൈചിൽ പിതൃഷദേ ദുരോണേ

പതിഞ്ജൂര്യന്ത്യാ അശ്വിനാവദത്തം

അന്വയം:—

ഹേ നരാ, യുവം	— നേതാരൌ, യുവാം
സ്തുവതേ കൃഷ്ണിയായ	
വിശ്വകായ	— കൃഷ്ണാഖ്യസ്യ വിശ്വകനാമ്നേ പുത്രായ
വിഷ്ണാപ്വം ദദഥുഃ	— തംനാമാനം വിനഷ്ടപുത്രം ദത്തവന്തൌ
ഹേ അശ്വിനൌ ദുരോണേ	— പിത്രാസംബദ്ധേഗൃഹേ (കുഷ്ഠ രോഗേണ ഭർത്താരമപ്രാപ്യ)
പിതൃ-സദേ	— പിതൃസമീപേ നിഷണ്ണായൈ

ജൂര്യന്ത്യൈ — ജരാം പ്രാപ്തവത്യൈ
ഘോഷായൈ ചിത് — ഏതത് സംജ്ഞായൈ ബ്രഹ്മവാദിന്യൈ (രോഗോപശമനേന)
പതിം അദത്തം — ഭർത്താരം (യുവാം) ദത്തവന്തൗ

അർത്ഥം—കക്ഷീവാന്റെ പുത്രിയായ ഘോഷാ എന്ന ബ്രഹ്മവാദിനി കുഷ്ഠരോഗബാധിതയായി അവിവാഹിതയായി, പിതൃഗൃഹത്തിൽ തന്നെ നിവസിച്ച് ജരാബാധിച്ചവളായി അശ്വികളുടെ അനുഗ്രഹത്താലവൾ രോഗമുക്തയായി, ഭർത്തൃമതിയായി ഈ കഥ ഋക്കിലെ ഉത്തരാർദ്ധത്തിൽ സൂചിപ്പിക്കുന്നു.

അല്ലയോ നേതാക്കളേ, നിങ്ങളെ സ്തുതിച്ച കൃഷ്ണപുത്രനായ വിശ്വകന് നിങ്ങൾ നഷ്ടപ്പെട്ട മകനായ വിഷ്ണാപ്വിനെ കൊടുത്തു അല്ലയോ അശ്വികളേ, കുഷ്ഠരോഗംകൊണ്ട് ഭർത്താവിനെ പ്രാപിക്കാതെ, പിതൃസമീപത്തിൽ സ്വഗൃഹത്തിൽ ഇരുന്നിരുന്ന ഘോഷയെന്നപേരായ ബ്രഹ്മവാദിനിയ്ക്ക് രോഗം മാററി, നിങ്ങൾ ഭർത്താവിനെ കൊടുത്തു

8 യുവം ശ്യാവായ രുശതീമദത്തം
മഹഃ ക്ഷോണസ്യാശ്വിനാ കണ്വായ
പ്രവാച്യം തദ്വൃഷണാ കൃതം വാം
യന്നാർഷദായ ശ്രവോ അധ്യധത്തം

അന്വയം:—

ഹേ അശ്വിനാ, യുവം — യുവാം
ശ്യാവായ — കുഷ്ഠരോഗേണ ശ്യാമവർണ്ണായ ഋഷയേ
രുശതീം അദത്തം — ദീപ്തത്വചം സ്ത്രീയം പ്രായച്ഛതം

(അപിച) ക്ഷോണസ്യ — ദൃഷ്ടിരാഹിത്യേന ഗന്തുമശക്ത്യാ ഏകസ്മിന്നേവസ്ഥാനേ നിവസതേ ക്ഷോണായ (ചതുർത്ഥ്യർത്ഥേ ഷഷ്ഠി)

കണ്വായ മഹഃ — തേജഃ, തൈജസം ചക്ഷുരിന്ദ്രിയം (അദത്തം)

(തഥാ) ഹേ വൃഷണാ, — കാമാനാം വർഷിതാരൗ, (യുവാം)

നാർസദായ — ബധിരായ, നൃഷദഃ പുത്രായ ഋഷയേ

ശ്രവഃ യൽ അധി—

അധത്തം — ദത്തവന്തൗസ്ഥഃ

വാം തൽ കൃതം — യുവയോസ്തൽകർമ്മ

പ്ര—വാച്യം — പ്രകർഷേണ വാചനീയം

അർത്ഥം—അല്ലയോ അശ്വികളേ, കുഷ്ഠരോഗംകൊണ്ടു് കറുത്തുപോയ ഋഷിയ്ക്കു് നിങ്ങൾ തൊലിനിറമുള്ള ഒരു സ്ത്രീയെ (വിവാഹംചെയ്തു്) കൊടുത്തു കൂടാതെ, കാഴ്ചയററു് ഒരേ ദിക്കിൽതന്നെ താമസിയ്ക്കേണ്ടിവന്ന കണ്വനെന്ന ഋഷിയ്ക്കു് തേജസ്സുററ കണ്ണുണ്ടാക്കിക്കൊടുത്തു അതുപോലെ, കാമവർഷിതാക്കളേ, നൃഷത്തിൻെറ ചെകിടുപൊട്ടനായ മകന്നു് ശ്രവണേന്ദ്രിയം യാതൊന്നോ, അതുകൊടുത്തു നിങ്ങളുടെ ആ കർമ്മം ഏററവും പ്രശംസനീയമാകുന്നു.

9 പുരുവർപ്പാംസ്യശ്വിനാദധാനാ
നിപേദവ ഊഹഥുരാശുമശ്വം
സഹസ്രസാം വാജിനമപ്രതീത
മഹിഹനം ശ്രവസ്യന്തരുത്രം

അന്വയം:—

ഹേ അശ്വിനാ, പുരു — പുരൂണി, ബഹൂനി

വർപ്പാംസി ദധാനാ — ആത്മീയൈഃ കർമ്മഭിഃ കൃതാനി രൂപാണി ധാരയന്തൗ യുവാം

പേദവേ — പേദുനാമ്നേ സ്തുവതേ

ആശും — ശീഘ്രഗാമിനം
സഹസ്ര-സാം — സഹസ്രസംഖ്യാകസ്യ ധനസ്യ സനിതാരം, ദാതാരം
വാജിനം, അപ്രതി-ഇതം — ബലവന്തം, അത ഏവ ശത്രുഭിരപ്രതിഗതം
അഹി-ഹനം — ഹന്തൄണാം, ശത്രൂണാം ഹന്താരം
ശ്രവസ്യം — സ്തുതിവിഷയം
തരുത്രം — താരിതാരം
ആശും നി ഊഹഥുഃ — നിതരാം പ്രാപിതവന്തൌ

അർത്ഥം—അല്ലയോ അശ്വികളേ, ആത്മകർമ്മങ്ങളാൽ പല രൂപങ്ങളും ധരിയ്ക്കുന്ന നിങ്ങൾ പേദു എന്ന പേരായ സ്തോതാവിന്നു വേണ്ടി ഗതിവേഗമുള്ളതും, ആയിരക്കണക്കിൽ ധനം കൊടുക്കുന്നതും, (സ്വവൈഭവംകൊണ്ട് നേടുന്നതും) ബലവത്തും, അതുകൊണ്ടുതന്നെ ശത്രുക്കൾക്ക് എതിരിടാൻ കഴിയാത്തതും, ശത്രുക്കളെ ഹനിക്കുന്നതും പുകഴ്ത്താനാകുന്നതും, വേണ്ടിടത്തെത്തിയ്ക്കുന്നതുമായ കുതിരയെ എത്തിച്ചു കൊടുത്തുവല്ലൊ.

10 ഏതാനി വാം ശ്രവസ്യാ സുദാനൂ
ബ്രഹ്മാംഗൂഷം സദനം രോദസ്യോഃ
യദ്വാം പജ്രാസോ അശ്വിനാ ഹവന്തേ
യാതമിഷാ ച വിദുഷേ ച വാജം

വ 14

അന്വയം:—

ഹേ സു-ദാനൂ,
അശ്വിനാ, — ശോഭനദാനാവശ്വിനൌ,
വാം ഏതാനി — സമന്താരോക്താനി വീര്യാണി
ശ്രവസ്യാ — ശ്രവണീയാനി, സർവ്വൈർജ്ഞാതവ്യാനി (സന്തി)
(തദർത്ഥം) രോദസ്യോഃ — ദ്യാവാപൃഥിവ്യാത്മനാ വർത്തമാനയോഃ യുവയോഃ

സദനം — പ്രസാദന ഹേതുഭൂതം

ആങ്ഗൂഷം ബ്രഹ്മ — ആഘോഷണീയം മന്ത്രരൂപം സ്തോത്രം (നിഷ്പന്നം)

യൽ പജ്രാസഃ — യദാ ആങ്ഗിരസാം ഗോത്രോല്പന്നാ യജമാനാഃ

വാം ഹവന്തേ — യുവാം സ്തുതിഭിഃ ആഹ്വയന്തി

(തദാനീം) ഇഷാ — ദാതവ്യേനാന്നേനസഹ

(ആ) യാതം — ആഗച്ഛതം

ച വിദുഷേ — യുഷ്മദീയം സ്തോത്രം ജാനതേ മഹ്യം

ച വാജം — അന്നം (പ്രയച്ഛതം)

അൎത്ഥം—ശോഭനദാനരായ അശ്വികളേ, ഭേദമില്ലാതെ പറയപ്പെട്ട നിങ്ങളുടെ വീൎയ്യങ്ങൾ എല്ലാവരാലും അറിയപ്പെടേണ്ടവയാകുന്നു. ദ്യാവാപൃഥിവികളുടെ രൂപത്തിൽ വൎത്തിയ്ക്കുന്ന നിങ്ങൾക്ക് പ്രസാദജനകവും, ഘോഷമായി ചൊല്ലേണ്ടതും, മന്ത്രാത്മകവുമായ സ്തോത്രം നിൎമ്മിതമായിരിക്കുന്ന ആംഗിരസഗോത്രക്കാരായ യജമാനന്മാർ സ്തുതികളെക്കൊണ്ട് നിങ്ങളെ വിളിക്കുമ്പോൾ, അവൎക്ക കൊടുക്കേണ്ടും അന്നത്തോടുകൂടി നിങ്ങൾ എത്തിയാലും.

അതുപോലെ നിങ്ങളുടെ സ്തോത്രമറിയുന്ന എനിക്കും അന്നം തന്നരുളിയാലും.

11 സുനോൎമ്മാനേനാശ്വിനാഗൃണാനാ
വാജം വിപ്രായ ഭുരണാരദന്താ
അഗസ്ത്യേ ബ്രഹ്മണാവാവൃധാനാ
സംവിശ്പലാന്നാസത്യാരിണീതം

അന്വയം:—

ഭുരണാ, നാസത്യാ, അശ്വിനാ — ഭർത്താരൌ, പോഷകൌ, അസത്യരഹിതാവശ്വിനൌ,
സൂനോഃ — കുംഭാൽ പ്രസൂതസ്യ ഖേല പുരോഹിതസ്യ അഗസ്ത്യസ്യ സംബന്ധിനാ
മാനേന — സ്തുത്യസ്യ പരിച്ഛേദകേന സ്തോത്രേണ
ഗൃണാനാ — ഗൃണാനൌ, സ്തൂയമാനൌ
വിപ്രായ — മേധാവിനേ, ഭരദ്വാജായ ഋഷയേ
വാജം രദന്താ — അന്നം വിലിഖന്തൌ, നിഷ്പാദയന്തൌ യുവാം
അഗസ്ത്യേ ബ്രഹ്മണാ — മന്ത്രരൂപേണ സ്തോത്രേണ
വവൃധാനാ — പ്രവർദ്ധിതൌ
വിശ്പലാം — സംഗ്രാമേഛിന്നജങ്ഘാം ഖേലസ്യ സംബന്ധിനീം സ്ത്രീയം
സം അരിണീതം — പുനഃ ആയസ്യാ ജങ്ഘയാ സമയോജയതം

അർത്ഥം—പോഷകരും, സത്യശീലരുമായ അശ്വികളേ, ഖേലന്റെ പുരോഹിതനായ കുംഭസംഭവന്റെ (അഗസ്ത്യന്റെ) അളന്നുമുറിച്ച (വേണ്ട ഭാഗങ്ങൾ മാത്രം എടുത്തു ചൊല്ലിയ) സ്തോത്രത്താൽ പുകഴ്ത്തപ്പെടുന്നവരായി (അച്ഛനായ) ഭരദ്വാജഷിക്ക് നിങ്ങൾ അന്നമുണ്ടാക്കിക്കൊടുത്തു നിങ്ങൾ അഗസ്ത്യന്റെ മന്ത്രരൂപമായ സ്തോത്രത്താൽ വൃദ്ധി പ്രാപിച്ച് (പ്രീതരായി തെളിഞ്ഞ്) യുദ്ധത്തിൽ കണങ്കാൽ മുറിഞ്ഞ ഖേലന്റെ ചാർച്ചക്കാരി വിശ്പലക്ക് ഇരുമ്പുകൊണ്ടുള്ള കാൽവെച്ചു യോജിപ്പിച്ചു

12 കുഹയാന്താ സുഷ്ടുതിങ്കാവ്യസ്യ
ദിവോനപാതാ വൃഷണാശയുത്രാ
ഹിരണ്യസ്യേവകലശന്നിഖാത
മുദൂപഥുർദ്ദശമേ അശ്വിനാഹൻ

അന്വയം:—

ഹേ ദിവഃ നപാതാ, — ദ്യോതമാനസ്യസൂര്യസ്യപുത്രൌ,
വൃഷണാ, ശയു–ത്രാ,
അശ്വിനാ — കാമവർഷകൌ, ശയുനാമ്ന
സ്ത്രായകാവശ്വിനൌ,
കഹ കാവ്യസ്യ — കത്രഭാർഗ്ഗവസ്യ, ഉശനസഃ
സു–സ്തുതിം യന്താ — ശോഭനാം സ്തുതിം ശ്രോതും
ഗച്ഛന്തൌ
ഹിരണ്യസ്യ–ഇവ
കലശം — യഥാ ഹിരണ്യപൂരിതം
കലശം ഭൂമ്യാം നിക്ഷിപ്തം
സദ്വൈത്തുർജ്ഞാതം കശ്ചിദ
ഭിജ്ഞഃ ഉദ്ധരതി ഏവമസുരൈഃ
കൂപേ
നി–ഖാതം (രേഭം) ദശമേ
അഹൻ — ദശമേഹനി
ഉൽ ഊപഥുഃ — ഉന്നീതവന്തൌ
(കാവ്യസ്യ സ്തുതിം പ്രതിഗച്ഛന്തൌ യുവാം കഹ, കസ്മിൻ സ്ഥാനേരേഭം ഉന്നിന്യഥുഃ?)

അത്ഥം—കാന്തിമാനായ സൂര്യന്റെ പുത്രന്മാരേ, കാമവഷ്കരേ, ശയുവിനെ രക്ഷിച്ചവരായ അശ്വികളേ, ഭാർഗ്ഗവനായ ഉശനസ്സിന്റെ (ശുക്രന്റെ) സ്തുതി കേൾക്കാൻപോയ നിങ്ങൾ എവിടെയാണ്, ഭൂമിയിൽ കഴിച്ചിട്ട സ്വർണ്ണക്കുടം അറിഞ്ഞ ഒരാൾ കഴിച്ചു പുറത്തെടുക്കുന്നപോലെ, കിണററിൽ തള്ളി ത്താഴ്ത്തപ്പെട്ട. രേഭനെന്ന ഋഷിയെ പത്താമത്തെ ദിവസം കയററിയതു്? എവിടെ ഏതു സ്ഥാനത്തു നിന്നാണ് അങ്ങി നെ രേഭനെ രക്ഷിച്ചതു്.

13 യുവഞ്ച്യവാനമശ്വിനാ ജരന്തം
പുനര്യുവാനഞ്ചക്രഥുശ്ശചീഭിഃ
യുവോരഥന്ദുഹിതാസൂര്യസ്യ
സഹശ്രിയാനാസത്യാവൃണീത

അന്വയം —

ഹേ അശ്വിനാ, യുവം	— യുവാം
ശചീഭിഃ	— ആത്മീയൈഃ ഭൈഷജ്യ ലക്ഷണൈഃ കർമ്മഭിഃ
ജരന്തം ച്യവാനം	— ജീര്യന്തം ഏതൽ സംജ്ഞമൃഷിം
പുനഃ യുവാനം ചക്രഥുഃ	— യൌവ്വനോപേതം കൃതവന്തൌ
(അപിച) നാസത്യാ, യുവോഃ രഥം	— യുവയോഃ രഥം
സൂര്യസ്യ ദുഹിതാ ശ്രിയാ സഹ	— സൂര്യാഖ്യാ ഋക്സഹസ്ര രൂപയാകാന്ത്യാ
അവൃണീത	— സമഭജത, ആഗത്യാരൂഢവതീ

അർത്ഥം—അല്ലയോ അശ്വികളേ, നിങ്ങൾ സ്വന്തം ചികിത്സാകർമ്മങ്ങളാൽ ജരപൂകിയ ച്യവാന (ച്യവന) നെന്ന ഋഷിയെ വീണ്ടും യൌവ്വനയുക്തനാക്കി തീർത്തു കൂടാതെ സൂര്യൻെറ മകൾ സൂര്യ ആയിരം ഋക്കുകളുടെ കാന്തിയോടുകൂടി നിങ്ങളുടെ തേരിൽ വന്നുകയറി

14 യുവന്തുഗ്രായപൂർവ്യേഭിരേവൈഃ
പുനർമ്മന്യാവഭവതം യുവാനാ
യുവം ഭുജ്യുമർണ്ണസോനിസ്സമുദ്രാ
ദ്വിഭിരൂഹഥുർഋജ്രേഭിരശ്വൈഃ

അന്വയം —

ഹേ യുവാനാ, യുവം	— ദുഃഖാനാം യാവയിതാരൌ (അശ്വിനൌ) യുവാം
പൂർവ്യേഭിഃ	— പൂർവ്വകാലീനൈഃ ചിരന്തനൈഃ
ഏവൈഃ	— സ്തുത്യം പ്രതിഗന്തൃഭിഃ, സ്തോത്രൈഃ
തുഗ്രായ	— ഭുജ്യോഃ ജനകസ്യസംബന്ധിഭിഃ

പുനഃ—മന്യൌ — യഥാഭുജ്യോഃ സമുദ്രഗമനാൽ പൂർവ്വം യുവാം സ്തോതവ്യൌ തഥാ പുനരപീദാനീം സ്തോതവ്യൌ

അഭവതം

(യദാ സമുദ്രമദ്ധ്യേസേനയാ സഹനിമഗ്നം)

ഭുജ്യം യുവം — തുഗ്രസ്യപുത്രം യുവാം

അർണ്ണസഃ സമുദ്രാൽ — അർണ്ണസ്സ്വതഃ പ്രൌഢോദക യുക്താൽ അംബുരാശേസ്സകാശാൽ

വി—ഭിഃ — ഗന്തൃഭിർന്നൌഭിഃ

ഋജ്രേഭിഃ — *ശീഘ്രഗതിയുക്തൈഃ*

അശ്വൈഃ (ച) നിഃ

ഊഹഥുഃ — നിർഗ്ഗമയ്യപിതൃസമീപം പ്രാപിതവന്തൌ (തദാനീംപുനരപ്യതിശയേനസ്തോതവ്യൌജാതൌ)

അർത്ഥം—ദുഃഖത്തെ അകററുന്ന അശ്വികളെ, ചിരന്തനങ്ങളായി സ്തുത്യന്മാരെ പ്രാപിയ്ക്കുന്ന സ്തോത്രങ്ങളെക്കൊണ്ട് ഭുജ്യുവിൻെറ സമുദ്രയാത്രയ്ക്കുമുമ്പ് തുഗ്രന്ന് (തൽസംബന്ധികൾക്കും) നിങ്ങൾ എപ്രകാരം സ്തുത്യർഹരായിരുന്നുവോ, അപ്രകാരം പിന്നീടും, ഇപ്പോഴും, സ്തോതവ്യരായി ഭവിച്ചിരിക്കുന്നു. സൈന്യസമേതം മുങ്ങിയ തുഗ്രപുത്രനായ ഭുജ്യുവിനെ ഇളകിമറിയുന്ന ജലപ്പരപ്പായ സമുദ്രത്തിൽ നിന്ന്, വേഗം ഓടുന്ന തോണികളാലും ഗതിവേഗമുള്ള കുതിരകളാലും, കരകയററി പിതൃസമീപമെത്തിച്ച നിങ്ങൾ വീണ്ടും സ്തുത്യർഹരായിത്തീൎന്നു

15 അജോഹവീദശ്വിനാതൌഗ്ര്യോവാം

പ്രോള്ഹസ്സമുദ്രമവ്യഥിർജ്ജഗന്വാൻ

നിഷ്ടമൂഹഥുസ്സുയുജാരഥേന

അന്വയം:-

ഹേ അശ്വിനാ, വാം — യുവാം
തൌഗ്ര്യഃ പ്ര–ഊള്ഹഃ — തുഗ്രപുത്രഃ പിത്രാപ്രാപിതഃ
സമുദ്രം ജഗന്വാൻ — ഗതവാൻ (ഋജ്യം ഉദകേ നിമഗ്നോപി)
അവ്യഥിഃ — വ്യഥാം പീഡാം അപ്രാപ്യ ഏവ സൻ
അജോഹവീത് — സ്തുതിഭിരാഹ്വയത്
ഹേ മനഃ–ജവസാ — മനോവേഗയുക്തൌ
വൃഷണാ — കാമവർഷകൌ, (അശ്വിനൌ)
സു–യുജാ രഥേന — സ്വൈശ്വര്യയുക്തേന രഥേന
സ്വസ്തി — ക്ഷേമം യഥാ ഭവതി തഥാ
തം നിഃ ഊഹഥുഃ — ജലാന്നിര്ഗ്ഗമയ്യ പിതൃഗൃഹം പ്രാപിതവന്തൌ

അർത്ഥം-അല്ലയോ അശ്വികളേ, തുഗ്രന്റെ മകൻ അച്ഛനാൽ അയക്കപ്പെട്ട്, സമുദ്രത്തെ പ്രാപിച്ച് വെള്ളത്തിൽ മുങ്ങിയിട്ടും മനോവ്യഥയേശാതെ തന്നെ നിങ്ങളെ വിളിക്കുകയാണ് ചെയ്തത്. മനസ്സിനൊത്ത വേഗമുള്ളവരും കാമവർഷകരുമായ അശ്വികളേ, നിങ്ങൾ ഐശ്വര്യയുക്തമായി പൂട്ടിയ തേരിനാൽ ക്ഷേമകരമായി, അദ്ദേഹത്തെ വെള്ളത്തിൽ നിന്ന് കയററി അച്ഛന്റെ ഗൃഹത്തിലെത്തിച്ചു.

16 അജോഹവീദശ്വിനാവർത്തികാ വാ
മാസ്നോ യത്സീമമുഞ്ചതം വൃകസ്യ
വി ജയുഷാ യയഥുഃ സാന്വദ്രേ
ർജാതം വിഷ്വാചോ അഹതം വിഷേണ

അന്വയം —

വർത്തികാ — ചടകസദൃശസ്യ പക്ഷിണഃ സ്ത്രീ (വൃകേണ ആരണ്യശ്വനാ ഗ്രസ്താസതീ)

അശ്വിനാ
വാം അജോഹവീൽ — അശ്വിനൗ യുവാം ആഹൂതവതീ
യൽ സീം — യദാ ഖലു
വൃകസ്യ ആസ്നഃ — ആസ്യാൽ
അമുഞ്ചതം — വർത്തികാം അമോചയതം
(അപിച വാം) ജയുഷാ — ജയശീലേന രഥേന
അദ്രേഃ സാനു — പർവ്വതസ്യ സമുച്ഛ്രിതപ്രദേശം
വി യയഥുഃ — ശത്രുഭിരാവേഷ്ടിതംജാഹുഷാഖ്യം
സ്തോതാരം ശത്രുസമൂഹാൽ
നിരഗമയ്യ, തേനസഹ
പർവ്വതാഗ്രം ഗതവന്തൗ
(തഥാ) വിഷ്വാചഃ — ഏതൽ സംജ്ഞസ്യാസുരസ്യ
ജാതം വിഷേണ അഹതം — ഉല്പന്നമപത്യം ക്ഷ്വേളേന
ഹതവന്തൗ

അർത്ഥം–ചടകത്തിനോടൊത്ത വർത്തിക എന്നു പറയപ്പെട്ടുന്ന പെൺപക്ഷി ചെന്നായയാൽ പിടിയ്ക്കപ്പെട്ടു നിങ്ങളെ വിളിച്ചു. (നിലവിളിച്ചു.) അപ്പോൾ ചെന്നായുടെ വായിൽ നിന്നു് വർത്തികയെ മോചിപ്പിച്ചുവല്ലൊ. കൂടാതെ ജയശീലമായ രഥത്താൽ, ശത്രുക്കളാൽ വളയപ്പെട്ട ജാഹുഷനെന്ന സ്തോതാവിനെ ശത്രുസമൂഹത്തിൽ നിന്നു് പുറത്തുകടത്തി, ഒരു മലമുകളിൽ കൊണ്ടുപോയി നിങ്ങൾ രക്ഷിച്ചു. അതുപോലെ വിഷ്വാക്കെന്ന അസുരന്നു് പിറന്ന കുട്ടിയെ നിങ്ങൾ വിഷം കൊടുത്തു കൊന്നു.

17 ശതമ്മേഷാന്വൃക്യേമാമഹാനം
തമഃപ്രണീതമശിവേനപിത്രാ
ആക്ഷീ ഋജ്രാശ്വേ അശ്വിനാവധത്തം
ജ്യോതിരന്ധായചക്രഥുർവ്വിചക്ഷേ

അന്വയം:—

ശതം മേഷാൻ	— ശതസംഖ്യാകാൻ മേഷാൻ
വൃക്യേ	— വൃകീരൂപേണാവസ്ഥിതായ അശ്വിനോർവ്വാഹനായ രാസഭായ
മമഹാനം	— പൂജിതവന്തം ആഹാരാർത്ഥം സമർപ്പിതവന്തം
അശിവേന പിത്രാ	— അസുഖകാരിണാ ജനകേന
തമഃ പ്ര—നീതം	— ദൃഷ്ടിരാഹിത്യേന ആന്ധ്യം പ്രാപിതമൃജ്രാശ്വം (അശ്വിനൌ ചക്ഷുഷ്മന്തമകുരുതം)
(ഏതദേവ വിശദയതി)	
ഹേ അശ്വിനൌ, അക്ഷീ	— പിതൃശാപാന്നഷ്ടചക്ഷുഷീ
ഋജ്ര—അശ്വേ	— ഏതൽ സംജ്ഞകേ രാജർഷൌ
ആ അധത്തം	— പുനശ്ച സമർത്ഥ അകുരുതം
അന്ധായ ജ്യോതിഃ	— ദൃഷ്ടിഹീനായ പ്രകാശകം ചക്ഷുഃ
വി—ചക്ഷേ ചക്രഥുഃ	— വിവിധം ജഗൽദ്രഷ്ടും യുവാം കൃതവന്തൌ

അർത്ഥം—പെൺചെന്നായയുടെ രൂപത്തിൽ തന്റെ അടുത്തു വന്നുകൂടിയ, അശ്വികളുടെ വാഹനമായ കഴുതയ്ക്ക്, നൂറാടുകളെ സമർപ്പിച്ച (അറുത്തുകൊടുത്ത) വനം, (ആ കഠിന പ്രവൃത്തിയിൽ) അനിഷ്ടകാരിയായ അച്ഛനാൽ ശപിക്കപ്പെട്ട്, കാഴ്ചയററവനമായ ഋജ്രാശ്വനെ അശ്വികൾ കണ്ണുള്ളവനാക്കി (അതുതന്നെ വീണ്ടും വിശദീകരിക്കുന്നു) അല്ലയോ അശ്വികളേ, അച്ഛന്റെ ശാപത്താൽ പൊട്ടിപ്പോയ കണ്ണുകൾ ഋജ്രാശ്വങ്കൽ വീണ്ടും ഉണ്ടാക്കി. കണ്ണുപൊട്ടന്നു് ലോകം കാണത്തക്കവണ്ണം പ്രകാശയുക്തമായ കണ്ണുണ്ടാക്കിക്കൊടുത്തു

18 ശുനമന്ധായ ഭരമഹ്വയൽ സാ
വൃകീരശ്വിനാവൃഷണാനരേതി
ജാരഃകനീനഇവ ചക്ഷദാന
ഋജ്രാശ്വഃശതമേകഞ്ചമേഷാൻ

അന്വയം —

ഭരം ശുനം — പോഷണഹേതുഭൂതം സുഖം
അന്ധായ — ദൃഷ്ടിഹീനായ തസ്മൈ
ഋജ്രാശ്വായ ഇച്ഛന്തീ
സാ വൃകീഃ ''ഹേ
വൃഷണാ, അശ്വിനാ, — കാമവർഷകാവശ്വിനൌ''
ഇതി (സംബോധ്യ) നരാ — നേതാരാവശ്വിനൌ
അഹ്വയത് — ആഹൂതവതീഃ
''കനീനഃ-ഇവ — യഥാപ്രാപ്തയൌവ്വനഃ കാമുകഃ
ജാരഃ — പാരദാരികസ്സൻ, പരസ്ത്രീയൈ
സർവ്വം ധനം പ്രയച്ഛതി ഏവം
ഋജ്ര-അശ്വഃ (മഹ്യം)
ശതം ഏകം ച — ഏകോത്തര ശതസംഖ്യാകാൻ
പൌരജനാനാം
മേഷാൻ (അപഹൃത്യ)
ചക്ഷദാനഃ — ശകലീകുർവ്വൻ പ്രാദാൽ
(തേന ഈദൃശീം ദുർദ്ദശാം പ്രാപ്തഃ)''

അർത്ഥം—കാഴ്ച നശിച്ചുപോയ ആ ഋജ്രാശ്വന്നു് പുഷ്ടികരമായ സുഖമിച്ഛിച്ച ആ പെൺചെന്നായ ' അല്ലയോ കാമവർഷിതാക്കളായ അശ്വികളേ എന്നു് സംബോധനം ചെയ്തുകൊണ്ടു്, നേതാക്കളായ അശ്വികളെ വിളിച്ചു (എന്നിട്ടു പറഞ്ഞു) ''യൌവ്വനമെത്തിയ കാമവിവശൻ പരദാരരതനായി പരസ്ത്രീക്ക എല്ലാ ധനവും കൊടുക്കുന്നപോലെ, ഋജ്രാശ്വൻ എനിക്കു് പുരവാസികളുടെ നൂറെറാന്നു് ആടുകളെ പിടിച്ചുകൊണ്ടുവന്നു് കഷണം കഷണമായി മുറിച്ചു തന്നു അതു മൂലം അദ്ദേഹം ഈ ദുസ്ഥിതി പ്രാപിച്ചിരിക്കുന്നു''

19 മഹീവാമൂതിരശ്വിനാമയോഭൂ
രുതസ്രാമംധിഷ്ണ്യാസംരിണീഥഃ
അഥായുവാമിദഹ്വയത് പുരംധി
രാഗച്ഛതം സീംവൃഷണാവവോഭിഃ

അന്വയം:-

ഹേ അശ്വിനാ, വാം മഹീ

ഊതിഃ	— യുവയോഃ മഹതീരക്ഷാ
മയഃ-ഭൂഃ	— സുഖസ്യോത്പാദയിത്രീ
ഉത ഹേ ധിഷ്ണ്യാ	— ധിഷണാസ്തുതിഃ തയാസ്തോതവ്യൌ
ശ്രാമം സം രിണീഥഃ	— വ്യാധിതം, വിശ്ലിഷ്ടാവയവം, അത്ര്യാദികം സംഗതാവയവം കുരുഥഃ
അഥ യുവാം ഇത്	— യുവാമേവ
പുരം-ധിഃ	— ബഹുധീഃ (ഘോഷാ)
അഹ്വയത്	— രോഗോപശമനാർത്ഥമാഹൂതവതീ
ഹേ വൃഷണൌ	— കാമവർഷകാവശ്വിനൌ
അവഃ-ഭിഃ	— രക്ഷണൈസ്സഹ
ആ അഗച്ഛതം സീം	— ആഭിമുഖ്യേന ഏനാം പ്രാപ്തവന്തൌ

അർത്ഥം-അല്ലയോ അശ്വികളേ, നിങ്ങളുടെ രക്ഷണം സുഖഹേതുകമാകുന്നു. സ്തുതിക്കപ്പെടേണ്ടവരേ, അംഗങ്ങൾ വേർപ്പെട്ട അത്രിമുതലായവരെ നിങ്ങൾ അംഗങ്ങളോടുകൂടിയവരാക്കിയല്ലൊ. പിന്നെ ബുദ്ധിമതിയായ ഘോഷ, രോഗശമനത്തിന്നായി നിങ്ങളെ വിളിച്ചു. (നിലവിളിച്ചു.) കാമവർഷകരായ അശ്വികളെ, നിങ്ങൾ രക്ഷണങ്ങളോടുകൂടി നേരേ അവളെ പ്രാപിച്ചുവല്ലൊ. (അവൾക്ക് രോഗശമനം വരുത്തിയല്ലൊ.)

20 അധേനും ദസ്രാസ്തര്യം വിഷക്താ
മപിന്വതം ശയവേ അശ്വിനാഗാം
യുവം ശചീഭിർവിമദായ ജായാം
ന്യൂഹഥുഃ പുരുമിത്രസ്യ യോഷാം

അന്വയം —

ഹേ ദസ്രാ, അശ്വിനാ	— ദശനീയാവശ്വിനൌ
വി-സക്തം	— വിശേഷേണ സക്താവയവാം, കൃശാവയവാം
(അതഃ ഏവ) സ്തര്യം	— നിവൃത്തപ്രസവാം
(അതഃ ഏവ) അധേനും	
ഗാം	— അദോഗ്ധ്രീം ഗാം
ശയവേ അപിന്വതം	— ശയുനാമ്നേ ഋഷയേ പയസാ അപൂരയതം
(അപിച) യുവം ശചീഭിഃ	— യുവാം ആത്മീയൈഃ കർമ്മഭിഃ
പുരു-മിത്രസ്യ യോഷാം	— തന്നാമകസ്യ രാജ്ഞഃ കുമാരീം
വി-മദായ	— ശത്രുഭിസ്സഹയോദ്ധുമശക്തായ ഏതൽ സംജ്ഞായ ഋഷയേ
ജായാം	— ഭാര്യാം
നി ഊഹഥുഃ	— ഗൃഹം പ്രാപിതവന്തൌ

അർത്ഥം—അല്ലയോ ദശനീയരായ അശ്വികളേ, ഒട്ടിമെലിഞ്ഞു പേറുമാറിയ പശുവിനെ ശയു എന്ന ഋഷിയ്ക്കു (അഗ്നിഹോത്രാദികൎമ്മങ്ങൾ പാലിന്നുവേണ്ടി) നിങ്ങൾ പാൽ കറവുററതാക്കിത്തീൎത്തു കൂടാതെ, നിങ്ങളുടെ കൎമ്മങ്ങളാൽ ശത്രുക്കളായി പൊരുതുവാനശക്തനായ വിമദനെന്ന ഋഷിയ്ക്കു പുരുമിത്രനെന്ന രാജാവിൻെറ മകളെ ഭാര്യയാക്കി ഗൃഹത്തിലെത്തിച്ചു കൊടുത്തു

21 യവം വൃകേണാശ്വിനാവപന്തേ
ഷം ദുഹന്താ മനുഷായ ദസ്രാ
അഭിദസ്യുംബകുരേണാധമന്തോ
രുജ്യോതിശ്ചക്രഥുരാര്യായ

അന്വയം —

ഹേ ദസ്രാ, അശ്വിനാ	— ദശനീയാവശ്വിനൌ,
ആര്യായ മനുഷായ	— വിദുഷേ മനവേ (മനോരഥം)
വൃകേണ	— ലാംഗലേന കൃഷ്ടേദേശേ

യവം — യവാദ്യുപലക്ഷിതം ധാന്യജാതം
വപന്താ — വാപയന്തൌ
(തഥാ) ഇഷം — അന്നം, തൽകാരണഭൂതം വൃഷ്ട്യുദകം
ദുഹന്താ — മേഘാൽ ക്ഷാരയന്തൌ,
(തഥാ) ദസ്യും — അസുരപിശാചാദികം
ബകുരേണ അഭി ധമന്താ — ശോഭമാനേന വജ്രേണ അഭിഘ്നന്തൌ
(ഏവം ത്രിവിധം കർമ്മ കൃതവന്തൌ) ഉരു ജ്യോതിഃ — വിസ്തീർണ്ണം സ്വകീയം തേജഃ, മഹാത്മ്യം
ചക്രഥുഃ — കൃതവന്തൌ

അർത്ഥം—അല്ലയോ ദർശനീയരായ അശ്വികളേ, ജ്ഞാനിയായ മനുവിന്ന് വേണ്ടി കരികൊണ്ട് പൂട്ടിയ പാടത്ത് നിങ്ങൾ ധാന്യങ്ങൾ വിതപ്പിച്ചു; അതുപോലെ അന്നത്തിന്ന കാരണമായ മഴവെള്ളത്തെ മേഘങ്ങളിൽ നിന്ന് പൊഴിച്ചു. പിന്നെ അസുരപിശാചാദികളെ മൂർച്ചയേറ്റു തിളങ്ങുന്ന വജ്രം കൊണ്ടു ഹനിച്ചു. ഇപ്രകാരം മൂന്നു വിധം കർമ്മങ്ങൾ ചെയ്ത് നിങ്ങൾ മഹത്തായ ജ്യോതിസ്സ്, സ്വപ്രഭാവം വിളയിച്ചു.

22 ആഥർവ്വണായാശ്വിനാദധീചേ
ശ്വ്യംശിരഃ പ്രത്യൈരയതം
സവാം മധുപ്രവോചദൃതായ
ത്വാഷ്ട്രം യദ്ദസ്രാവപികക്ഷ്യംവാം

അന്വയം:—

ഹേ ദസ്രൌ അശ്വിനാ
ആഥർവ്വണായ — അഥർവ്വണപുത്രായ
ദധീചേ — ദധ്യങ്ങ്നാമ്നേ ഋഷയേ
അശ്വ്യം ശിരഃ — അശ്വസംബന്ധിശിരഃ
പ്രതി ഐരയതം — പ്രത്യധത്തം
(തദീയം മാനുഷം ശിരഃ പ്രച്ഛിദ്യ അന്യത്ര വിധായ അശ്വ്യേന ശിരസാ തമൃഷിം സമയോജയതം.)

സഃ (പ) വാം ഋത–യൻ — സത്യമാത്മന ഇച്ഛൻ
ത്വാഷ്ട്രം മധു — ത്വഷ്ടുരിന്ദ്രാൽ ലബ്ധാം മധുവിദ്യാം
പ്ര വോചൽ — പ്രോക്തവാൻ
(വാം) യൽ — യുവയോസ്സംബന്ധിയൽ
അപി–കക്ഷ്യം — ച്ഛിന്നസ്യയജ്ഞശിരസഃ കക്ഷപ്രദേശേനപുനസ്സന്ധാനഭൂതം പ്രവർഗ്യം (മധു) വിദ്യാഖ്യം രഹസ്യം
(തൽ) വാം — യുവാഭ്യാം പ്രാവോചൽ

അർത്ഥം—അല്ലയോ ദർശനീയരായ അശ്വികളേ, അഥർവ്വണ പുത്രനായ ദധീചിക്ക നിങ്ങൾ കുതിരത്തലവെച്ചുവല്ലൊ. അദ്ദേഹത്തിൻെറ മനുഷ്യത്തല അറുത്തെടുത്തു് വേറെവെച്ചു് കുതിരത്തലപിടിപ്പിച്ചു. അദ്ദേഹം സത്യമിച്ഛിക്കുന്നവനായി (ഇന്ദ്രനോടുള്ള പ്രതിജ്ഞലംഘിയ്ക്കാതെ) ഇന്ദ്രങ്കൽ നിന്നുകിട്ടിയ മധുവിദ്യയെ നിങ്ങൾക്കു് പറഞ്ഞുതന്നു അങ്ങിനെ നിങ്ങളോടു് മധുവിദ്യാ രഹസ്യം യാതൊന്നോ അതു് ഉപദേശിച്ചു. (ആദിത്യങ്കൽ വിഷം യോജിപ്പിച്ചു് ആദിത്യനാൽ അതിൻെറ അമൃതീകരണമാണു് മധുവിദ്യ. രണ്ടാമഷ്ടകം അഞ്ചാമദ്ധ്യായം പതിനഞ്ചാം വർഗ്ഗത്തിൽ ഇതു് വിവരിയ്ക്കുന്നു)

23 സദാകവീസുമതിമാചകേവാം
വിശ്വാധിയോ അശ്വിനാപ്രാവതംമേ
അസ്മേരയിന്നാസത്യാബൃഹന്ത
മപത്യസാചംശ്രുത്യംരരാഥാം

അന്വയം:—
ഹേ കവീ, നാസത്യാ
അശ്വിനാ — മേധാവിനൌ, അസത്യരഹിതാവശ്വിനൌ
വാം സു–മതിം — യുവയോഃ കല്യാണീമനുഗ്രഹാത്മികാംബുദ്ധിം

സദാ ആ ചകേ — സർവ്വദാ പ്രാർത്ഥയേ
മേ വിശ്വാഃ ധിയഃ — മമസർവ്വാണി കർമ്മാണി
പ്ര അവതം — പ്രകർഷേണ രക്ഷതം
(അപിച) അസ്മേ — അസ്മഭ്യം
ബൃഹന്തം അപത്യ-സാചം — മഹാന്തം പുത്രാദിഭിസ്സമവേതം
ശ്രുത്യം രയിം — ഉൽകൃഷ്ടം, പ്രശംസനീയം ധനം
രരാഥാം — പ്രയച്ഛതം

അർത്ഥം—അല്ലയോ മേധാവികളും സത്യശീലന്മാരായ അശ്വികളേ, നിങ്ങളുടെ മംഗളാത്മികയായ അനുഗ്രഹബുദ്ധിക്കായി ഞാൻ പ്രാർത്ഥിക്കുന്നു. എന്റെ എല്ലാ കർമ്മങ്ങളെയും (മനോവാക്കായ കർമ്മങ്ങളെ) നിങ്ങൾ (പാപം ബാധിക്കാതെ) രക്ഷിക്കണം. കൂടാതെ, എനിക്കു മഹത്തും (ന്യായാർജ്ജിതമായി ശുദ്ധവും) സൽസന്താനയുതവുമായ ധനം തന്നരുളണം.

24 ഹിരണ്യഹസ്തമശ്വിനാരരാണാ
പുത്രന്നരാവധ്രിമത്യാഅദത്തം
ത്രിധാഹശ്യാവ മശ്വിനാവികസ്ത
മുജ്ജീവസ ഐരയതംസുദാനൂ

അന്വയം:—

രരാണാ, നരാ, അശ്വിനാ,— രമമാണൌ ദാതാരൌ നേതാരാവശ്വിനൌ (യുവാം)
ഹിരണ്യ-ഹസ്തം (നാമ)
പുത്രം വധ്രി-മത്യാഃ — തൽ സംജ്ഞായൈ ബ്രഹ്മവാദിന്യൈ
അദത്തം ഹ — പ്രയച്ഛതം ഖലു
(അപിച) ഹേ സു-ദാനൂ
അശ്വിനാ — ശോഭനദാനാവശ്വിനൌ,
ത്രിധാ വി-കസ്തം — ത്രേധാവിച്ഛിന്നം
ശ്യാവം — ഏതൽ സംജ്ഞമൃഷിം

ദിവസേ ഉൽ ഐരയതം — അസുരൈഃ ത്രേധാഖണ്ഡിതം ശരീരം പുനരേകീകൃത്യ ഉദഗമയതം

അർത്ഥം—സന്തോഷശീലരും (ദാതാക്കളും), നേതാക്കളുമായ അശ്വികളേ, നപുംസകനായ ഭർത്താവോടുകൂടിയ, വധ്രിമതി എന്ന ബ്രഹ്മവാദിനിയ്ക്കു് നിങ്ങൾ ഹിരണ്യഹസ്തനെന്ന പേരായ മകനെ കൊടുത്തുവല്ലൊ. കൂടാതെ, അല്ലയോ ദാനശീലരെ, അശ്വികളേ, അസുരന്മാരാൽ മൂന്നായി ശരീരം മുറിയ്ക്കപ്പെട്ട ശ്യാവനെന്ന ഋഷിയെ ജീവിയ്ക്കാനായി ആ മൂന്നു ഖണ്ഡങ്ങളും ചേർത്തി യോജിപ്പിച്ചു.

25 ഏതാനിവാമശ്വിനാ വീര്യാണി
പ്രപൂർവ്വ്യാണ്യായവോവോചൻ
ബ്രഹ്മകൃണ്വന്തോ വൃഷണായുവഭ്യാം
സുവീരാസോവിദഥമാവദേമ വ. 17

അന്വയം:—

ഹേ അശ്വിനാ, വാം — അശ്വിനൌ, യുവയോഃ
പൂർവ്വ്യാണി ഏതാനി
വീര്യാണി — പ്രതാനിമയോക്താനി വീരകർമ്മാണി
ആയവഃ — മനുഷ്യാഃ, പിത്രാദയഃ
പ്ര അവോചൻ — ഉക്തവന്തഃ
ഹേ വൃഷണാ, — കാമവർഷകൌ, (വയം ച)
ബ്രഹ്മ കൃണ്വന്തഃ — മന്ത്രാത്മകം സ്തോത്രം കുർവ്വന്തഃ
സു-വീരാസഃ — സുവീരാഃ ശോഭനൈഃ പുത്രൈരുപേതാസ്സന്തഃ
യുവ-ഭ്യാം വിദഥം ആ
വദേമ — യുവയോഃ യജ്ഞം, ആഭിമുഖ്യേന സ്തുതിം ഉച്ചാരയാമ

അർത്ഥം—അല്ലയോ അശ്വികളേ, നിങ്ങളെക്കുറിച്ചു പുരാതനങ്ങളും എന്നാൽ പറയപ്പെട്ടവയുമായ വീരകർമ്മങ്ങളെ പിതൃപിതാമഹാദികളായ ആളുകൾ പറഞ്ഞിരുന്നു. അല്ലയോ കാമവർഷകരേ, ഞങ്ങളും മന്ത്രരൂപമായ സ്തോത്രം ചൊല്ലിക്കൊണ്ട്, സൽപുത്രന്മാരോടു കൂടി യജ്ഞത്തെ, സൽകർമ്മത്തെക്കുറിച്ച സ്തുതികൾ ചൊല്ലുന്നു.

വർഗ്ഗം 18–19

1 ആവാം രഥോ അശ്വിനാശ്യേനപത്വാ
സുമൃളീകസ്വവാ̐യാത്വർവ്വാങ്
യോമർത്ത്യസ്യമനസോജവീയാ
ത്രിവന്ധുരോ വൃഷണാവാതരംഹാഃ

അന്വയം—

ഹേ വൃഷണാ, അശ്വിനാ,	
വാം	— കാമവർഷകാവശ്വിനൌ, യുവയോഃ സ്വഭൂതഃ
ശ്യേന—പത്വാ	— ശംസനീയ ഗമനൈരശ്വൈഃ പതൻ, ഗച്ഛൻ
സു—മൃളീകഃ, സ്വ—വാൻ	— ശോഭന സുഖയുക്തഃ, ധനവാൻ
യഃ രഥഃ	— യുഷ്മദീയോരഥഃ
മർത്ത്യസ്യ മനസഃ ജവീയാൻ	— മനുഷ്യമനസോപ്യധികം വേഗവാൻ
ത്രി—വന്ധുരഃ	— വന്ധുരം വേഷ്ടിതം സാരഥേഃ സ്ഥാനം ത്രിപ്രകാരേണ വന്ധുരേണ യുക്തഃ
വാത—രംഹാഃ	— വാതസ്യ, വായോഃ രംഹഃ, വേഗഃ യസ്യ തഥോക്തഃ
(സഃ രഥഃ) അർവ്വാങ് ആ യാതു	— അസ്മദഭിമുഖം ആഗച്ഛതു

അൎത്ഥം—അല്ലയോ കാമവർഷകരായ അശ്വികളേ, പുകഴ്ത്തത്തക്കവണ്ണം (പരുന്തുപോലെ) പറക്കുന്നതും, സുഖകരവും, വളരെ ധനത്തോടുകൂടിയതും ആയ നിങ്ങളുടെ യാതൊരു തേർ മനുഷ്യമനസ്സിനേക്കാരം വേഗമുള്ളതാണൊ, മൂന്നു വിധത്തിലുള്ള ചുററായ സാരഥിസ്ഥാനങ്ങളുള്ളതാണൊ, വായുവേഗമുള്ളതാണൊ (ലോകത്തിൽ മുഴുവൻ ക്ഷണമാത്രംകൊണ്ടു് വ്യാപിപ്പാൻ കെല്പുള്ളതാണൊ) ആ തേർ ഞങ്ങൾക്കു നേരെ വന്നെത്തട്ടെ.

2 ത്രിവന്ധുരേണ ത്രിവൃതാരഥേന
ത്രിചക്രേണ സുവൃതാ യാതമൎവ്വാക്
പിന്വതം ഗാ ജിന്വതമൎവ്വതോ നോ
വർധയതമശ്വിനാ വീരമസ്മേ

അന്വയം:—

ഹേ അശ്വിനാ

ത്രി-വന്ധുരേണ	— അശ്വിനൗ, ത്രിപ്രകാര സാരഥിസ്ഥാനേനോപേതേന
ത്രി-വൃതാ	— ത്രിധാവർത്തമാനേന
ത്രി-ചക്രേണ	— ചക്രത്രയോപേതേന
സു-വൃതാ	— ശോഭനം ഗച്ഛതാ
രഥേന അൎവ്വാക് ആ	
യാതം	— അസ്മദഭിമുഖമാഗച്ഛതം
(ആഗത്യച അസ്മദീയാഃ)	
ഗാഃ പിന്വതം	— പയസാ പൂരയതം
നഃ അൎവ്വതഃ ജിന്വതം	— അശ്വാൻ പ്രീണയതം
(അപിച) അസ്മേ	— അസ്മാകം
വീരം വർധയതം	— പുത്രാദികം പ്രവൃദ്ധം കുരുതം

അൎത്ഥം—മൂന്നുവിധത്തിലുള്ള മൂന്നു സാരഥിസ്ഥാനങ്ങളുള്ളതും മൂന്നുവിധത്തിലുള്ള മൂന്നു ചക്രങ്ങളോടുകൂടിയതും, കേടററു് നല്ലപോലെ ഓടുന്നതുമായ തേരിൽ ഞങ്ങളുടെ നേരെ വന്നാ

ലും. വന്നിട്ട്, ഞങ്ങളുടെ പശുക്കളെ നിറച്ചും കറവുള്ളവയാക്കിയാലും. ഞങ്ങളുടെ കുതിരകളെ പ്രീണിപ്പിച്ചാലും. (അവക്ക് ഊക്കുകൂട്ടിയാലും) കൂടാതെ ഞങ്ങളുടെ സന്തതികളെ പ്രവൃദ്ധരാക്കിയാലും.

3 പ്രവദ്യാമനാസുവൃതാരഥേന
ദസ്രാവിമം ശൃണുതം ശ്ലോകമദ്രേഃ
കിമങ്ഗവാം പ്രത്യവർത്തിംഗമിഷ്ഠാ
ഹുർവിപ്രാസോ അശ്വിനാ പുരാജാഃ

അന്വയം —

ഹേ ദസ്രൗ,	— ദർശനീയാവശ്വിനൗ,
പ്രവത്–യാമനാ	— ശീഘ്രഗാമിനാ
സു–വൃതാ രഥേന	— ശോഭനവർത്തനേനരഥേന (ആഗത്യ)
അദ്രേഃ	— ആദരം കുർവ്വതഃ സ്തോതുഃ
ഇമം ശ്ലോകം ശൃണുതം	— സ്തുതിലക്ഷണംവാക്യം ശൃണുതം
അങ്ഗ, അശ്വിനാ	— ഹേ അശ്വിനൗ
പുരാ–ജാഃ വിപ്രാസഃ	— പൂർവ്വജാതാമേധാവിനഃ
വാം അവർത്തിം പ്രതി	— യുവാം സ്തോതൄണാം ദാരിദ്ര്യം പരിഹർത്തും
ഗമിഷ്ഠാ	— ഗന്തൃതമൌ (ഇതി)
ആഹുഃ കിം	— കഥയന്ത്യേവ (തഥാസതി ആഗന്തവ്യൌ)

അർത്ഥം—അല്ലയോ ദർശനീയരായ അശ്വികളെ, വേഗത്തിലോടുന്നതും, കേടററ് നന്നായി വർത്തിക്കുന്നതുമായ തേരിൽ വന്ന്, നിങ്ങളെ ആദരിക്കുന്ന സ്തോതാവിന്റെ ഈ സ്തുതിവചനം കേട്ടാലും. സ്തോതാക്കളുടെ ദാരിദ്ര്യം പരിഹരിക്കുവാൻ ഏററവുമധികം എത്തിയിരുന്നവരാണ് നിങ്ങളെന്ന് പൂർവ്വീക

4 ആവാംശ്യേനാസോ അശ്വിനാവഹന്തു
രഥേയുക്താസ ആശവഃ പതങ്ഗാഃ
യേഅപ്തുരോദിവ്യാസോനഗൃധ്രാ
അഭിപ്രയോനാസത്യാവഹന്തി

അന്വയം:—

ഹേ അശ്വിനാ, രഥേ	
യുക്താസഃ	— വഹനപ്രദേശേ യോജിതാഃ
ആശവഃ പതങ്ഗാഃ	— വ്യാപ്തവന്തഃ, പതന സമർത്ഥാഃ
ശ്യേനാസഃ	— ശംസനീയഗമനാഃ (അശ്വാഃ)
വാം ആ വഹന്തു	— അസ്മൽ സമീപം യുവാമാനയന്തു
യേ അപ്—തുരഃ	— ആപഇവതരോപേതാഃ (അശ്വാഃ)
ദിവ്യാസഃ ഗൃധ്രാഃ ന	— അന്തരിക്ഷേവർത്തമാനാഃ ഗൃധ്രാഖ്യാഃ പക്ഷിണ ഇവ ശീഘ്രംഗച്ഛന്തഃ
ഹേനാസത്യാ, പ്രയഃ	— യുവാം ഹവിർല്ലക്ഷണമന്നം
അഭി വഹന്തി	— അഭിലക്ഷ്യ പ്രാപയന്തി

(താദൃശാഃ അശ്വാഃ യുവാം ആനയന്തു)

അർത്ഥം:—അല്ലയോ അശ്വികളേ, ഏപ്രകാരമുള്ള കുതിരകൾ വെള്ളംപോലെ വേഗമുററവയായി, ആകാശത്തിൽ പറക്കുന്ന കഴുകൻപോലെ വേഗത്തിൽ പോകുന്നവയായി, അല്ലയോ സത്യശീലരെ, നിങ്ങളെ ഹവിരന്നത്തിൻെറ നേരെ എത്തിയ്ക്കുന്നവോ, തേരിൽ പൂട്ടപ്പെട്ട്, എല്ലാടവും വ്യാപിച്ചുകൊണ്ട് പറക്കുന്ന പുകഴ്ന്ന വേഗമുള്ള കുതിരകൾ നിങ്ങളെ ഞങ്ങളുടെ സമീപമെത്തിയ്ക്കട്ടെ.

5 ആവാംരഥംയുവതിസ്തിഷ്ഠദത്ര
ജുഷ്ട്വീനരാദുഹിതാ സൂര്യസ്യ
പരിവാമശ്വാവപുഷഃ പതങ്ഗാ
വയോവഹന്ത്വരുഷാ അഭീകേ വ. 18

അന്വയം:—

ഹേ നരാ — നേതാരാവശ്വിനൗ
യുവതിഃ സൂര്യസ്യ ദുഹിതാ — തരുണീ സൂര്യാ
ജുഷ്ട്വീ — പ്രീതാസതീ
വാം അത്ര രഥം ആ
തിഷ്ഠൽ — യുവയോഃ ഇമം രഥം ആരുഢവതീ
(തയാസഹിതൌ) വാം — യുവാം
അഭീകേ — ഗൃഹസമീപേ (തംരഥം)
വപുഷഃ പതങ്ഗാഃ — ശരീരവന്തഃ ഉല്പതനസമർത്ഥാഃ
വയഃ അരുഷാഃ അശ്വാഃ — ഗച്ഛന്തഃ ആരോചമാനാഃ അശ്വാഃ
പരി വഹന്തു — പരിപ്രാപയന്തു

അർത്ഥം—അല്ലയോ നേതാക്കളായ അശ്വികളേ, തരുണിയായ സൂര്യപുത്രി (സൂര്യ) പ്രീതയായി ഈ തേരിൽ കയറിയല്ലോ. ആ തേരിൽ, (കൊഴുത്ത) മെയ്യുററവയും മുകളിലേയ്ക്കു കുതിച്ചുപൊങ്ങുന്നവയും, പ്രകാശമുള്ളവയുമായ കുതിരകൾ അവളോടു കൂടി നിങ്ങളെ ഗൃഹസമീപമെത്തിയ്ക്കട്ടെ

6 ഉദ്വന്ദനമൈരതം ദംസനാഭി
രുദ്രേഭം ദസ്രാ വൃഷണാശചീഭിഃ
നിഷ്ടൗഗ്ര്യം പാരയഥസ്സമുദ്രാത്
പുനശ്ച്യവാനം ചക്രഥുര്യുവാനം

അന്വയം:—ഹേ വൃഷണാ,

ദസ്രാ,	—	കാമവർഷകൌ, ദർശനീയാ വശ്വിനൌ
വന്ദനം	—	ഏതൽ സംജ്ഞമൃഷിം
ദംസനാഭിഃ	—	ആത്മീയൈഃ കർമ്മഭിഃ (കൃപാൽ)
ഉൽ ഐരതം	—	ഉദൈരയതം, ഉദഗമയതം
ശചീഭിഃ രേഭം ഉൽ	—	കർമ്മഭിഃ തം നാമകമൃഷിം ദശരാത്രീഃ നവാഹാനിച കൂപേവസ്ഥിതം ഉദൈരയതം ഉദഗമയതം
(തഥാ) തൌഗ്ര്യം	—	തുഗ്രസ്യപുത്രം ഭുജ്യം സമുദ്രേ നിമഗ്നം ആത്മീയാഭിഃ നൌഭിഃ അശ്വൈശ്ച
സമുദ്രാൽ നിഃ പാരയഥഃ	—	തീരദേശം പ്രാപിതവന്തൌ
(തഥാ) ച്യവാനം	—	തം നാമകമൃഷിം
പുനഃ യുവാനം ചക്രഥുഃ	—	യൌവ്വനോപേതം കൃതവന്തൌ

അർത്ഥം—അല്ലയോ കാമവർഷകരേ, ദർശനീയരേ, അശ്വികളേ, വന്ദനനെന്ന പേരായ ഋഷിയെ സ്വകർമ്മങ്ങളാൽ നിങ്ങാം കിണററിൽ നിന്നു് മുകളിലെത്തിച്ചുവല്ലൊ. നിങ്ങളുടെ കർമ്മങ്ങളാൽ (തന്നെ) പത്തു രാവും ഒമ്പതു പകലും കിണററിൽ കിടന്ന രേഭനെന്ന ഋഷിയെ കരകയററിയല്ലൊ അതുപോലെ സമുദ്രത്തിൽ മുങ്ങിയ തുഗ്രൻെറ മകനായ ഭുജ്യുവിനെ നിങ്ങളുടെ തോന്നികളാലും കുതിരകളാലും കരകയററി (അച്ഛൻെറ അടുക്കൽ കൊണ്ടാക്കി) യല്ലൊ, (വൃദ്ധനായ) ച്യവനനെന്ന ഋഷിയെ നിങ്ങാം വീണ്ടും ചെറുപ്പക്കാരനാക്കി. (പുരാണങ്ങളിലെ സുകന്യോപാഖ്യാനം ഒടുവിൽ പറഞ്ഞതിൻെറ പ്രപഞ്ചനമാണു്)

7 യുവമത്രയേവനീതായതപ്ത
മൂർജമോമാനമശ്വിനാവധത്തം
യുവംകണ്വായാപിരിപ്തായചക്ഷുഃ
പ്രത്യധത്തം സുഷ്ടുതിം ജുജുഷാണാ

*71

5 ആവാംരഥംയുവതിസ്തിഷ്ഠദത്ര
ജുഷ്ട്വീനരാദുഹിതാ സൂര്യസ്യ
പരിവാമശ്വാവപുഷഃ പതങ്ഗാ
വയോവഹന്ത്വരുഷാ അഭീകേ വ. 18

അന്വയം:—

ഹേ നരാ — നേതാരാവശ്വിനൌ
യുവതിഃ സൂര്യസ്യ ദുഹിതാ — തരുണീ സൂര്യാ
ജുഷ്ട്വീ — പ്രീതാസതീ
വാം അത്ര രഥം ആ —
തിഷ്ഠത് — യുവയോഃ ഇമം രഥം ആരൂഢവതീ
(തയാസഹിതൌ) വാം — യുവാം
അഭീകേ — ഗൃഹസമീപേ (തം രഥം)
വപുഷഃ പതങ്ഗാഃ — ശരീരവന്തഃ ഉല്പതനസമർത്ഥാഃ
വയഃ അരുഷാഃ അശ്വാഃ — ഗച്ഛന്തഃ ആരോചമാനാഃ അശ്വാഃ
പരി വഹന്തു — പരിപ്രാപയന്തു

അർത്ഥം—അല്ലയോ നേതാക്കളായ അശ്വികളേ, തരുണിയായ സൂര്യപുത്രി (സൂര്യ) പ്രീതയായി ഈ തേരിൽ കയറിയല്ലോ. ആ തേരിൽ, (കൊഴുത്ത) മെയ്യുററവയും മുകളിലേയ്ക്കു കുതിച്ചുപൊങ്ങുന്നവയും, പ്രകാശമുള്ളവയുമായ കുതിരകൾ അവളോടു കൂടി നിങ്ങളെ ഗൃഹസമീപമെത്തിയ്ക്കട്ടെ

6 ഉദ്വന്ദനമൈരതം ദംസനാഭി
രുദ്രേഭം ദസ്രാ വൃഷണാശചീഭിഃ
നിഷ്ടൌഗ്ര്യം പാരയഥസ്സമുദ്രാത്
പുനശ്ച്യവാനം ചക്രഥുര്യുവാനം

അന്വയം:—ഹേ വൃഷണാ,

ദസ്രാ, — കാമവർഷകൌ, ദർശനീയാ അശ്വിനൌ

വന്ദനം — ഏതൽ സംജ്ഞമൃഷിം

ദംസനാഭിഃ — ആത്മീയൈഃ കർമ്മഭിഃ (കൃപാൽ)

ഉൽ ഐരതം — ഉദൈരയതം, ഉദഗമയതം

ശചീഭിഃ രേഭം ഉൽ — കർമ്മഭിഃ തം നാമകമൃഷിം ദശരാത്രീഃ നവാഹാനിച കൂപേവസ്ഥിതം ഉദൈർയതം ഉദഗമയതം

(തഥാ) തൌഗ്ര്യം — തുഗ്രസ്യപുത്രം ഭുജ്യം സമുദ്രേ നിമഗ്നം ആത്മീയാഭിഃ നൌഭിഃ അശ്വൈശ്ച

സമുദ്രാൽ നിഃ പാരയഥഃ — തീരദേശം പ്രാപിതവന്തൌ

(തഥാ) ച്യവാനം — തം നാമകമൃഷിം

പുനഃ യുവാനം ചക്രഥുഃ — യൌവ്വനോപേതം കൃതവന്തൌ

അർത്ഥം—അല്ലയോ കാമവർഷകരേ, ദർശനീയരേ, അശ്വികളേ, വന്ദനനെന്ന പേരായ ഋഷിയെ സ്വകർമ്മങ്ങളാൽ നിങ്ങൾ കിണററിൽ നിന്നു് മുകളിലെത്തിച്ചുവല്ലൊ. നിങ്ങളുടെ കർമ്മങ്ങളാൽ (തന്നെ) പത്തു രാവും ഒമ്പതു പകലും കിണററിൽ കിടന്ന രേഭനെന്ന ഋഷിയെ കരകയററിയല്ലൊ അതുപോലെ സമുദ്രത്തിൽ മുങ്ങിയ തുഗ്രൻെറ മകനായ ഭുജ്യവിനെ നിങ്ങളുടെ തോണികളാലും കുതിരകളാലും കരകയററി (അച്ഛൻെറ അടുക്കൽ കൊണ്ടാക്കി)യല്ലൊ, (വൃദ്ധനായ) ച്യവനനെന്ന ഋഷിയെ നിങ്ങൾ വീണ്ടും ചെറുപ്പക്കാരനാക്കി. (പുരാണങ്ങളിലെ സുകന്യോപാഖ്യാനം ഒടുവിൽ പറഞ്ഞതിൻെറ പ്രപഞ്ചനമാണു്)

7 യുവമത്രയേവനീതായതപ്ത

മൂർജ്ജമോമാനമശ്വിനാവധത്തം

യുവംകണ്വായാപിരിപ്തായചക്ഷുഃ

പ്രത്യധത്തം സുഷ്ടുതിം ജുജുഷാണാ

അന്വയം:—

ഹേ അശ്വിനൌ, യുവം — യുവാം

അവ-നീതായ അത്രയേ — ശതദ്വാരേ പീഡായന്ത്രഗൃഹേ അവസ്ഥാന്നീതായാത്രയേ, ഋഷയേ

തപ്തം — പീഡാർത്ഥം പ്രക്ഷിപ്തം തുഷാഗ്നിം ശീതേനോദകേന അവാരയേഥാം

(അപിച അസ്മൈ അത്രയേ) ഓമാനം — സുഖകരം

ഊർജം അധത്തം — രസവദന്നം പ്രാപയതം

(തഥാ) യുവം സു-സ്തുതിം ജുജുഷാണാ — യുവാം ശോഭനസ്തുതിം സേവമാനൌ

അപി-രിപ്തായ — അപിലിപ്തായ, പടലേനപിഹിതദൃഷ്ടയേ ഋഷയേ

കണ്വായ ചക്ഷുഃ — തം നാമകായ ഋഷയേ ചക്ഷുരിന്ദ്രിയം

പ്രതി അധത്തം — പ്രത്യസ്ഥാപയതം

അർത്ഥം—അല്ലയോ അശ്വികളേ. നൂറു ഇളയുള്ള പീഡായന്ത്രഗൃഹത്തിൽ തലകീഴായി നിർത്തിയ അത്രിയ്ക്കായി അതിലിട്ട ഉമിത്തീയിന്റെ ചൂട് തണുത്ത വെള്ളംകൊണ്ട് നിങ്ങളകററിയെന്ന മാത്രമല്ല അദ്ദേഹത്തിന് സുഖകരവും രസകരവുമായ അന്നം എത്തിച്ചു കൊടുക്കുകയും ചെയ്തു. അതുപോലെ നല്ല സ്തുതിയെ ഉപാസിക്കുന്ന നിങ്ങൾ, പീളകെട്ടി, കാഴ്ചയടഞ്ഞ അന്ധനായ കണ്വന് വീണ്ടും കണ്ണുണ്ടാക്കി കൊടുത്തു.

8 യുവംധേനുംശയവേനാധിതാ

യാപിന്വതമശ്വിനാ പൂർവ്യായ

അമുഞ്ചതം വർത്തികാമംഹസോനിഃ

പ്രതിജംഘാം വിശ്പലായാ അധത്തം

അന്വയം:—

ഹേ അശ്വിനാ, യുവം — അശ്വിനൌ, യുവാം
പൂർവ്യായ, നാധിതായ,
ശയവേ — പുരാതനായ യാചമാനായ, ശയുനാമ്നേ ഋഷയേ
ധേനും അപിന്വതം — നിവൃത്തപ്രസവാംഗാം പുനഃ പയസ്വിനീമകുരുതം
(അപിച) വർത്തികാം — വൃകേണഗ്രസ്താം ചാടകസദൃശീം ശകുനിം
അംഹസഃ നിഃ
അമുഞ്ചതം — വൃകസ്യക്ഷേണാൽ നിരമോചയതം
(തഥാ) വിശ്പലായാഃ — സംഗ്രാമേഛിന്ന ജംഘായൈ, ഖേലസ്യ സംബന്ധിന്യൈ
(ആയസീം) ജംങ്ഘാം
പ്രതി അധത്തം — പ്രത്യസ്ഥാപയതം

അർത്ഥം:—അല്ലയൊ അശ്വികളേ, പൂർവ്വികനും നിങ്ങളോട് വന്നു യാചിച്ചവനുമായ ശയു എന്ന ഋഷിക്ക് (അഗ്നിഹോത്രാദ്യാവശ്യങ്ങൾക്ക്) പേറുമാറിയ പശുവിനെ വീണ്ടും പാൽ കറവുററതാക്കിക്കൊടുത്തു. കൂടാതെ ചെന്നായിനാൽ പിടിക്കപ്പെട്ട ചടകത്തോടൊത്ത പെൺപക്ഷിയെ ചെന്നായയുടെ ഭക്ഷണത്തിൽ നിന്ന് മോചിപ്പിച്ചു. യുദ്ധത്തിൽ കണങ്കാൽ മുറിഞ്ഞ ഖേലൻെറ ചാർച്ചക്കാരിയായ വിശ്പലക്ക് ഇരുമ്പുകൊണ്ടുള്ള കണങ്കാൽ സ്ഥാനത്ത് പകരം വെച്ചുകൊടുത്തു.

9 യുവംശ്വേതംപേദവ ഇന്ദ്രജൂത
മഹിഹനമശ്വിനാദത്തമശ്വം
ജോഹൂത്രമര്യോ അഭിഭൂതിമുഗ്രം
സഹസ്രസാംവൃഷണംവീഡ്വങ്ഗം

അന്വയം —

ഹേ അശ്വിനാ, യുവം — അശ്വിനൌ, യുവാം
പേദവേ — പേദുനാമ്നേ രാജ്ഞേ
ഇന്ദ്ര-ജൂതം — ഇന്ദ്രേണ യുവാഭ്യാം ദത്തം
അഹി-ഹനം — ശത്രൂണാം ഹന്താരം
ജോഹൂത്രം — അതിശയേന സംഗ്രാമേഷ്വാ ഹ്വാതാരം
അര്യഃ അഭി-ഭൂതിം — അരേഃ, ശത്രോഃ അഭിഭാവുകം
ഉഗ്രം — വീര്യവന്തം
സഹസ്ര-സാം — സഹസ്രസംഖ്യാകസ്യ ധനസ്യ ദാതാരം
വൃഷണം — സേക്താരം, യുവാനം
വീളു-അങ്ഗം — ദൃഢാംഗം
ശ്വേതം (കംചിത്) അശ്വം
അദത്തം — പ്രായച്ഛതം

അർത്ഥം-അല്ലയോ അശ്വികളേ, നിങ്ങൾക്ക് ഇന്ദ്രൻ തന്നതും, ശത്രുക്കളെ ഹനിക്കുന്നതും, യുദ്ധങ്ങളിൽ ഏറ്റവും വിളിക്കുന്നതും, ശത്രുക്കളെ ജയിക്കുന്നതും, വീര്യമേറിയതും ആയിരക്കണക്കിൽ ധനം തരുന്നതും ചെറുപ്പവും, ഉറച്ച അവയവങ്ങളോടു കൂടിയതുമായ ഒരു വെള്ളക്കുതിരയെ നിങ്ങൾ പേദു എന്ന രാജാവിന്നു കൊടുത്തു

10 താവാംനരാസ്വവസേസുജാതാ
ഹവാമഹേ അശ്വിനാനാധമാനാഃ
ആന ഉപവസുമതാരഥേന
ഗിരോജുഷാണാ സുവിതായ യാതം

അന്വയം —

നരാ അശ്വിനാ — നേതാരാവശ്വിനൌ
സു-ജാതാ താ വാം — ശോഭനജന്മാനൌ തൌ യുവാം
നാധമാനാഃ — ധനം യാചമാനാഃ സ്തോതാരഃ വയം

അവസേ സു ഹവാമഹേ	—	രക്ഷണാത്ഥം സുഷ്ഠു ആഹ്വയാമഹേ
ഗിരഃ ജുഷാണാ	—	സ്തുതിം സേവമാനൌ യുവാം
വസു–മതാ രഥേന	—	ധനയുക്തേന രഥേന
സുവിതായ	—	സുഷ്ഠു പ്രാപ്തവ്യായ സുഖായ
നഃ ഉപ ആ യാതം	—	അസ്മാൻ ഉപാഗച്ഛതം

അത്ഥം–നേതാക്കളായ അശ്വികളേ, നൽപിറവികളോടു കൂടിയ ആ നിങ്ങളെ, ധനാത്ഥികളും, സ്തോതാക്കളുമായ ഞങ്ങൾ രക്ഷയ്ക്കായി നല്ലപോലെ വിളിയ്ക്കുന്നു സ്തുതികളെ ഇഷ്ടപ്പെടുന്ന നിങ്ങൾ ധനം നിറച്ച തേരിൽ ഞങ്ങൾക്ക് നേടേണ്ടും സുഖത്തിന്നായി ഞങ്ങളുടെ അടുക്കൽ വന്നുചേന്നാലും

11 ആശ്യേനസ്യ ജവസാ നൂതനേ
നാസ്മേയാതം നാസത്യാസജോഷാഃ
ഹവേഹിവാമശ്വിനാരാതഹവ്യ
ശ്ശശ്വത്തമായാ ഉഷസോവ്യുഷ്ടൌ വ 19

അന്വയം –

ഹേ നാസത്യാ,		
അശ്വിനാ,	—	സത്യശീലാവശ്വിനൌ,
സ–ജോഷാഃ	—	സജോഷസൌ, സമാനപ്രീതിയുക്തൌ
ശ്യേനസ്യ	—	ശംസനീയ വേഗേന ഗച്ഛതഃ അശ്വസ്യ
നൂതനേന ജവസാ	—	പ്രത്യഗ്രേണ വേഗേന സഹിതൌ (യുവാം)
അസ്മേ ആ യാതം	—	അസ്മാൻ ആഗച്ഛതം
രാത–ഹവ്യഃ വാം	—	യുവാഭ്യാം ദാതവ്യേന ഹവിഷായുക്തസ്സൻ
ശശ്വത്–തമായാഃ	—	കാലാത്മകതയാ നിത്യായാഃ

ഉഷസഃ വി-ഉഷ്ടൗ — വിവാസനസമയേ
ഹവേ ഹി — ആഹ്വയാമി, (യസ്മാദേവം തസ്മാൽ ആയാതം-ഹിഹേതൗ)

അർത്ഥം—അല്ലയോ സത്യശീലരായ അശ്വികളേ, നിങ്ങൾ (രണ്ടുപേരും) ഒരുപോലെ പ്രീതരായി പുകഴ്ത്തക്ക വേഗത്തോടെ പോകുന്ന കുതിരയുടെ കടന്ന ശീഘ്രതയോടുകൂടി ഞങ്ങളുടെ അടുക്കൽ വന്നാലും. നിങ്ങൾക്ക് സംതൃപ്തിയുണ്ടാകാനുള്ള ഹവിസ്സോടുകൂടിയവരായി സനാതനയായ ഉഷസ്സിന്റെ തെളിവിൽ ഞങ്ങൾ നിങ്ങളെ വിളിക്കുന്നു. അതുകൊണ്ട് വന്നാലും.

വർഗ്ഗം 20-21. ജഗതിച്ഛന്ദഃ

1 ആ വാം രഥം പുരുമായം മനോജുവം
ജീരാശ്വം യജ്ഞിയം ജീവസേ ഹുവേ
സഹസ്രകേതും വനിനം ശതദ്വസും
ശ്രുഷ്ടീവാനം വരിവോധാമഭി പ്രയഃ

അന്വയം:—

(ഹേ അശ്വിനൗ,)
പുരു-മായം — ബഹുവിധകർമ്മാണം
മനഃ-ജുവം — മന ഇവ ശീഘ്രം ഗച്ഛന്തം
ജീര-അശ്വം — ജവവദശ്വോപേതം
യജ്ഞിയം — യജ്ഞാഘ്രാണസമ്പന്നം
സഹസ്ര-കേതും — അനേകധ്വജം
വനിനം — ഉദകവന്തം
ശതദ്-വസും — ശതസംഖ്യാകൈഃ ധനൈഃ യുക്തം
ശ്രുഷ്ടീ-വാനം — ക്ഷിപ്രം സംഭജമാനം
വരിവഃ-ധാം — ധനസ്യ ദാതാരം

വാം രഥം — യുവയോഃ രഥം
ജീവസേ — ജീവനാർത്ഥം
അഭി പ്രയഃ — ഹവിർല്ലക്ഷണമന്നമഭിലക്ഷ്യ
ആ ഹുവേ — ആഹ്വയാമി

അർത്ഥം—അല്ലയോ അശ്വികളേ, ബഹുവിധകർമ്മങ്ങളോട്ടു കൂടിയതും മനസ്സുപോലെ വേഗത്തിൽ പോകുന്നതും, ശീഘ്രഗാമികളായ കുതിരകളോട്ടു കൂടിയതും, യജ്ഞങ്ങളിൽ വിളിക്കപ്പെടാൻ അർഹതയുള്ളതും അസംഖ്യം കൊടിക്കൂറകളണിഞ്ഞതും ജലത്തോട്ടു കൂടിയതും നൂറുകണക്കിൽ ധനങ്ങൾ ഉൾച്ചേർന്നതും, വേഗത്തിലെത്തേണ്ടിടത്തെത്തുന്നതും, ധനത്തെ വിതരണം ചെയ്യുന്നതും, ആയ നിങ്ങളുടെ തേരിനെ ഈ ഹവിരന്നത്തെ ഉദ്ദേശിച്ച് (വരുവാൻ) എൻെറ ജീവനത്തിന്നു വേണ്ടി ഞാൻ വിളിക്കുന്നു.

2 ഊർധ്വാധീതിഃ പ്രത്യസ്യപ്രയാമ
ന്യധായിശസ്മൻത്സമയന്ത ആദിശഃ
സ്വദാമിഘർമ്മം പ്രതിയന്ത്യൂതയ
ആവാമൂർജ്ജാനീ രഥമശ്വിനാരുഹത്

അന്വയം:—

ഹേ അശ്വിനാ, — അശ്വിനൌ
അസ്യ പ്ര-യാമനി — രഥസ്യ പ്രഗമനേസതി
ശസ്മൻ — (അശ്വിനോഃ) ശംസതേ, സ്തുവതേ
ധീതിഃ — അസ്മദീയാബുദ്ധിഃ
ഊർധ്വാ പ്രതി അധായി — പ്രത്യസ്ഥായി
(തദനന്തരം) ദിശഃ — ദേഷ്ടവ്യാഃ സ്തുതയോപി
ആ സം അയന്ത — അശ്വിഭ്യാം സംഗച്ഛന്തേച (ആകാരസ്സമുച്ചയേ)
(സ്തോതാഹം ച) ഘർമ്മം — ക്ഷരണശീലമാജ്യാദികം
സ്വദാമി — സ്വാദൂകരോമി

ഊതയഃ	— രക്ഷകാഃ ഋത്വിജഃ (സംസ്കാരാർത്ഥം)
പ്രതി യന്തി	— പ്രതിഗച്ഛന്തി
(അപിച) വാം രഥം	— യുവയോരഥം
ഊർജ്ജാനീ	— സൂര്യസ്യദുഹിതാ
ആ അതഷ്ഠൽ	— ആരൂഢവതീ

അർത്ഥം:—അല്ലയോ അശ്വികളേ, രഥത്തിന്റെ പോക്കിൽ അശ്വികളെ സ്തുതിയ്ക്കുന്നതിൽ ഞങ്ങളുടെ ബുദ്ധി മേല്പോട്ട് പോവുകയായി. പിന്നെ കാണത്തക്കവയായ ആ സ്തുതികളാവട്ടെ അശ്വികളായ നിങ്ങളോട് ചേരുകയും ചെയ്യുന്നു. സ്തോതാവായ ഞാനും, ഒഴുകുന്ന, ഒലിയ്ക്കുന്ന നെയ്യ് മുതലായ ഹവിസ്സാധനങ്ങൾക്ക് സ്വാദുണ്ടാക്കുന്നു. രക്ഷകരായ ഋത്വിക്കുകൾ അവയെ സംസ്കരിയ്ക്കാനായി എത്തിച്ചേരുന്നു. കൂടാതെ നിങ്ങളുടെ രഥത്തിൽ സൂര്യപുത്രി കയറിയല്ലൊ.

3 സംയന്മിഥഃപസ്പൃധാനാസോ അഗ്മത
ശുഭേമഖാ അമിതാ ജായവോരണേ
യുവോരഹപ്രവണേ ചേകിതേരഥോ
യദശ്വിനാവഹഥസ്സൂരിമാവരം

അന്വയം:—

മഖാഃ	— മഖവന്തഃ, യജ്ഞോപേതാഃ
അമിതാഃ ജായവഃ	— അപരിമിതാജയശീലാ മനുഷ്യാഃ
രണേ ശുഭേ	— സംഗ്രാമേ ശോഭനധനായ
മിഥഃ പസ്പൃധാനാസഃ	— അന്യോന്യം സ്പർദ്ധമാനാഃ
യൽ സം അഗ്മത	— യദസംഗച്ഛന്തേ
(തദാനീം) ഹേ	
അശ്വിനാ,	— അശ്വിനൌ,
യൽ സൂരിം	— യേന (രഥേന) സ്തോതാരം പ്രതി

വരം ആ വഹഥഃ — ശ്രേഷ്ഠം ധനം പ്രാപയഥഃ
(സഃ) യുവോഃ അഹ രഥഃ — യുവയോരേവരഥഃ
പ്രവണേ — പ്രകർഷേണ സംഭജനീയേ ഭൂതലേ
ചേകിതേ — ജ്ഞായതേ
(ദേവേഷു മധ്യേ യുവാമേവരക്ഷണാർത്ഥം ശീഘ്രം രഥേനാഗച്ഛഥഃ)

അർത്ഥം—യജ്ഞം ചെയ്ത അസംഖ്യം ജയശീലരായ മനുഷ്യർ യുദ്ധത്തിൽ നല്ല ധനത്തിനുവേണ്ടി പരസ്പരം സ്പർദ്ധിയ്ക്കുന്നവരായി എപ്പോൾ നിങ്ങളെ പ്രാപിയ്ക്കുന്നുവോ അപ്പോൾ അശ്വികളേ, നിങ്ങൾ ഏതു രഥത്താൽ സ്തോതാവിന്ന് ഉൽകൃഷ്ടമായ ധനം എത്തിയ്ക്കുന്നുവോ, നിങ്ങളുടെ ആ തേർ താഴത്ത് ഭൂമിയിൽ കാണപ്പെടുന്നു (പരസ്പരമത്സരികളായവരിൽ നിങ്ങളാരെ സഹായിയ്ക്കാൻ ഉദ്ദേശിയ്ക്കുന്നുവോ, അവരുടെ അടുക്കൽ തേർ എത്തുന്നു.) യജ്ഞാനുഷ്ഠാതാക്കളിൽ അർഹിയ്ക്കുന്നവരുടെ രക്ഷയ്ക്കായി നിങ്ങളുടെ തേരാണ് മററുദേവന്മാരുടെതിനേക്കാൾ മുമ്പ് എത്താറുള്ളത്.

4 യുവം ഭുജ്യും ഭുരമാണം വിഭിർഗ്ഗതം
സ്വയുക്തിഭിർന്നിവഹന്താ പിതൃഭ്യ ആ
യാസിഷ്ടം വർത്തിർവൃഷണാവിജേന്യം ।
ദിവോദാസായ മഹിചേതിവാമവഃ

അന്വയം:—

ഹേ വൃഷണാ, യുവം — കാമവർഷകൌ, യുവാം
വി-ഭിഃ ഭുരമാണം — അശ്വൈഃ ഭ്രിയമാണം
ഗതം ഭുജ്യും — സമുദ്രേനിമഗ്നം തുഗ്രപുത്രം
സ്വയുക്തി-ഭിഃ — സ്വയമേവയുജ്യമാനൈഃ അശ്വൈഃ നൌ വിശേഷൈശ്ച
നി-വഹന്താ — നിതരാം വഹന്തൌ

പിതൃ-ഭ്യഃ ആ — യത്ര പിതാതുഗ്രഃ ആസതേ താവൽപര്യന്തം

വി-ജേന്യം — ദൂരേ വർത്തമാനം

വർത്തിഃ യാസിഷ്ടം (അപിപ) — തുഗ്രസ്യഗൃഹം അഗച്ഛതം

ദിവഃ-ദാസായ — രാജ്ഞേ, യുവയോസ്സംബന്ധികൃതം (ശംബരസ്യഹനനരൂപം)

വാം അവഃ — യുവയോഃ രക്ഷണം

മഹി ചേതി — മഹൽ ഗംഭീരം (ഇതി അസ്മാഭിഃ ജ്ഞായതേ)

അർത്ഥം-അല്ലയോ കാമവർഷകരേ, കതിരപ്പുറത്തുപോയി സമുദ്രത്തിൽ മുങ്ങിയ ഭുജ്യുവിനെ നിങ്ങൾ സ്വയം പൂട്ടപ്പെടുന്ന കതിരകളോടും തോണികളോടുംകൂടി കരയേററി, അച്ഛൻ തുഗ്രൻ എവിടെയോ, ദൂരേയുള്ള ആ ഗൃഹത്തിൽ എത്തിച്ചേർന്നു. കൂടാതെ ശംബരവധം കൊണ്ടു് ദിവോദാസനെന്ന രാജാവിന്നു് ചെയ്ത നിങ്ങളുടെ രക്ഷണം മഹത്തെന്നു്, ഗംഭീരമെന്നു്, ഞങ്ങളാൽ അറിയപ്പെടുന്നു.

5 യുവോരശ്വിനാവപുഷേ യുവായുജം
രഥം വാണീയേമതുരസ്യശർധ്യം
ആവാംപതിത്വം സഖ്യായജഗ്മുഷീ
യോഷാവൃണീതജേന്യായുവാംപതീ വ 20

അന്വയം:-

ഹേ അശ്വിനൗ, യുവോഃ — അശ്വിനൗ, യുവയോഃ

വാണീ — വർണ്ണനീയൌ, പ്രശസ്യൌ, അശ്വൌ

യുവാ-യുജം രഥം (ആജിധാവനസമയേ) — യുവാഭ്യാം യുജ്യമാനം രഥം

അസ്യ (യൽ) ശർധ്യം — പ്രാപ്യമാദിത്യാഖ്യം അവധിഭൂതം ലക്ഷ്യം

വപുഷേ — ശോഭാർത്ഥം
(തൽ) യേമതുഃ — സർവ്വേഭ്യോദേവേഭ്യഃ പൂർവ്വം
പ്രാപയാമാസതുഃ
(തദനന്തരം) ആ
ജഗ്മുഷീ — ആഗതവതീ
ജേന്യാ — ആജിധാവനേന ജീയമാനാ
യോഷാ — സൂര്യാ
വാം സഖ്യായ — സഖിത്വായ (യുവയോഃ)
'യുവാം പതീ' — യുവാമേവ ഭർത്താരൌ ഇതി
പതി-ത്വം അവൃണീത — വൃതവതീ

അർത്ഥം—അല്ലയോ അശ്വികളേ, വർണ്ണിച്ച് പുകഴ്ത്തപ്പെടേണ്ടും നിങ്ങളുടെ കുതിരകളും, നിങ്ങളാൽ തന്നെ പൂട്ടപ്പെട്ട തേരിനെ, ഓട്ടപ്പന്തയം നടന്നപ്പോൾ അതിൻെറ പ്രാപ്യസ്ഥാനമായ ആദിത്യനെന്ന യാതൊരു ലക്ഷ്യം ശോഭാർത്ഥം, എളുപ്പത്തിൽ കാണത്തക്കവിധമുണ്ടായിരുന്നുവോ, അതിനെ എല്ലാ ദേവന്മാർക്കും മുമ്പ് എത്തിച്ചു. പിന്നീട് ഓട്ടപ്പന്തയത്താൽ ജയിയ്ക്കപ്പെടേണ്ടവളായ സൂര്യവന്ന് സഖിത്വത്തിന്നായി 'നിങ്ങൾ തന്നെ ഭർത്താക്കന്മാർ' എന്ന് ഭർത്തൃത്വം വരിച്ചു. (വിവാഹസൂക്തത്തിൽ സൂര്യ സോമനെ വരിച്ചതായിപറയുന്നു. അശ്വികൾ സൂര്യചന്ദ്രന്മാരാണെന്ന് ശ്രുതിയുണ്ട്. അപ്പോൾ സോമനും അശ്വികളിൽ ഒരാളാകമല്ലോ. അങ്ങിനെ വേണം ഈ വൈരുദ്ധ്യം വിശദീകരിയ്ക്കാൻ എന്നു തോന്നുന്നു.)

6 യുവം രേഭം പരിഷൂതേരുരുഷ്യഥോ
ഹിമേനഘർമ്മം പരിതപ്തമത്രയേ
യുവം ശയോരവസം പിപ്യഥുർഗ്ഗവി
പ്രദീർഘേണ വന്ദനസ്താര്യായുഷാ

അന്വയം:—
(ഹേ അശ്വിനൌ) യുവം
രേഭം — യുവാം തം നാമകമൃഷിം
പരി-സൂതേഃ ഉരുഷ്യഥഃ — പരിതഃ പ്രേരകാൽ, ഉപദ്രവാൽ
(കൂപപതനാൽ) രക്ഷഥഃ

(തഥാ) അത്രയേ
പരി-തപ്തം — തംനാമ്നേ ഋഷയേ പരിതപ്തായ
ഘർമ്മം — അസുരൈഃ പ്രക്ഷിപ്തംതുഷാഗ്നിം
ഹിമേന — ശീതോദകേന (അവാരയേഥാം)
(അപിച) ശയോഃ — തംനാമ്നഃ ഋഷേഃ
ഗവി അവസം — നിവൃത്തപ്രസവാം ധേനൌ രക്ഷകംപയഃ
യുവം പിപ്യഥുഃ — യുവാം പ്രവർദ്ധിതവന്തൌ
(തഥാ ജീർണ്ണാങ്ഗഃ)
വന്ദനഃ — തന്നാമാഋഷിഃ
ദീർഘേണ ആയുഷാ
പ്ര താരി — യുവാഭ്യാം പ്രവർദ്ധിതഃ

അർത്ഥം—അശ്വിയോ അശ്വികളേ, രേഭനെന്ന ഋഷിയെ ഏല്പിയ്ക്കപ്പെട്ട കിണററിൽ വീണതിൽ നിന്നു് രക്ഷിച്ചു. അത്രി എന്ന ഋഷിയ്ക്കുവേണ്ടി നാലുപാടും ചുട്ടുപഴുത്ത ഉമിത്തീയിനെ തണുത്ത വെള്ളം കൊണ്ടു് നിവാരണം ചെയ്തു. ശയു എന്ന ഋഷിക്കു് പേററമാറിയ പയ്യിൽ നിങ്ങൾ പാൽ വർദ്ധിപ്പിച്ചു അതുപോലെ ജീർണ്ണാങ്ഗനായ വന്ദനൻ എന്ന ഋഷി ദീർഘായുസ്സുകൊണ്ടു് നിങ്ങളാൽ വർദ്ധിപ്പിയ്ക്കപ്പെട്ടു.

7 യുവം വന്ദനം നിരൃതം ജരണ്യയാ
രഥം നദസ്രാകരണാ സമിന്വഥഃ
ക്ഷേത്രാദാവിപ്രം ജനഥോ വിപന്യയാ
പ്രവാമത്രവിധതേ ദംസനാഭവത്

അന്വയം—

ഹേ ദസ്രാ, യുവം — ദർശനശീലൌ, യുവാം
ജരണ്യയാ നിഃ-ഋതം — ജരയാ നിശ്ശേഷേണ പ്രാപ്തം
വന്ദനം കരണാ — കർമ്മണാം കർത്താരൌ (ശില്പകുശലൌ)

രഥം ന	—	യഥാ ശില്പീജീർണ്ണം രഥം പുനരപ്യഭിനവം കരോതി തദ്വൽ
സം ഇനഥഃ	—	സമധത്തം, പുനഃ യുവാനമകുരുതം
(അപിച) വിപന്യയാ	—	സ്തുത്യാ, ഗർഭസ്ഥനവാമദേവേന സ്തുതൌസന്തൌ
ക്ഷേത്രാൽ	—	മാതുരുദരലക്ഷണാൽ ജന്മസ്ഥാനാൽ
വിപ്രം ആ ജനഥഃ	—	മേധാവിനമൃഷിം ജനയഥശ്ച (ആകാരസ്സമുച്ചയേ)
(തഥാ) വാം ദംസനാ	—	യുവയോഃ രക്ഷണാത്മകം കർമ്മ
അത്ര വിധതേ	—	അസ്മൈ പരിചരതേ യജമാനായ
പ്ര ഭുവൽ	—	പ്രഭവതു

അർത്ഥം—അശ്വിയോ ദർശനീയരേ, ജര നിറച്ചും ബാധിച്ച *വന്ദനനെന്ന ഋഷിയെ ശില്പവിദ്യാകുശലന്മാരായി ഒരു പണി*ക്കാരൻ കേടുവന്ന തേരിനെ പണിഞ്ഞു പുതുക്കുന്നപോലെ, നിങ്ങൾ വീണ്ടും യുവാവാക്കി. കൂടാതെ ഗർഭസ്ഥനായ വാമദേവനാൽ സ്തുതിക്കപ്പെട്ട് (അമ്മയുടെ വയററിലെ) ഗർഭസ്ഥാനത്തുനിന്ന് ആ മേധാവിയായ ഋഷിയെ ജനിപ്പിക്കുകയും ചെയ്തു. അതുപോലെ നിങ്ങളുടെ രക്ഷണകർമ്മം ഈ പരിചാരകന്നും (യജമാനന്നും) വേണ്ടപോലെ ഭവിക്കട്ടെ.

8 അഗ്ലൂതം കൃപമാണം പരാവതി
പിതുസ്വസ്യത്യജസാ നിബാധിതം
സ്വർവ്വതീരിത ഊതീര്യുവോരഹ
ചിത്രാ അഭീകേ അഭവന്നഭിഷ്ടയഃ

അന്വയം:—

(ഹേ അശ്വിനൌ,)

പരാ-വതി	— ദൂരദേശേ സമുദ്രമധ്യേ
സ്വസ്യ പിതുഃ	— തുഗ്രസ്യ
ത്യജസാ നി-ബാധിതം	— ത്യാഗേനപീഡിതം ഭുജ്യും
കൃപമാണം	— യുവാംസ്തുവന്തം
അഗച്ഛതം	— രക്ഷണാർത്ഥം യുവാം ഗതവന്തൌ
(യസ്മാദേവം തസ്മാൽ)	
സ്വഃ-വതീഃ	— സ്വവ്രുത്യഃ, ശോഭന ഗമനയുക്താഃ
ഇതഃ ചിത്രാഃ	— ഇതോമുഖാൽ ചായനീയാഃ
യുവോഃ അഹ ഊതീഃ	— യുവയോരേവരക്ഷാഃ
അഭീകേ അഭിഷ്ടയഃ	— സമീപേ സദ്ഭിഃ പ്രാണിഭിരന്വേഷണീയാഃ
അഭവൻ	— ഭവന്തി

അർത്ഥം—അല്ലയോ അശ്വികളേ, ദൂരദേശത്തു് സമുദ്രമധ്യത്തിൽ അച്ഛനായ തുഗ്രനാൽ ഉപേക്ഷിക്കപ്പെട്ടപോലെ അയക്കപ്പെട്ടു് കഷ്ടപ്പെട്ട നിങ്ങളെ സ്തുതിച്ച ഭുജ്യുവിന്റെ രക്ഷക്കു് നിങ്ങൾ ചെന്ന അപ്രകാരമിരിക്കെ, എപ്പോഴും ആശ്രിതരക്ഷക്കായി നന്നായി പൊരുക്കൊണ്ടിരിക്കുന്ന നിങ്ങളുടെ രക്ഷകം തന്നെയാണു് അതുമുതൽക്കു് എല്ലാ പ്രാണികളാലും തേടേണ്ടതായി വന്നിരിക്കുന്നതു്.

9 ഉതസ്യാവാം മധുമന്മക്ഷികാരപ
ന്മദേസോമസ്യൌശിജോഹുവന്യതി
യുവംദധീചോമന ആവിവാസഥോ
ഥാശിരഃ പ്രതിവാമശ്വ്യംവദൽ

അന്വയം:—

(ഹേ അശ്വിനൌ) ഉത

മധു-മൽ വാം	— മധുമന്തൌ യുവാം
സ്യാ മക്ഷികാ	— സരഘാ മധുകാമാസതീ
അരപൽ	— അസ്തൌൽ,
(തഥാ) ഔശിജഃ	— ഉശിജഃ പുത്രഃ കക്ഷീവാൻ

സോമസ്യ (പ്രാനേന	
യുവയോഃ) മദേ	— ഹർഷേനിമിത്തഭൂതേസതി
ഹ്വയതി	— യുവാമാഹ്വയതി
യുവം	— യുവാം ച തസ്യൈമക്ഷികായൈ മധുദാതും മധുവിദ്യാർത്ഥിനൌ സന്തൌ
ദധീചഃ	— അഥർവ്വണസ്യ ഋഷേഃ
മനഃ ആ വിവാസഥഃ	— ചിത്തം ശുശ്രൂഷയാപര്യചരതം
അഥ	— തസ്മിൻ പ്രീതേസതി
അശ്വ്യം	— യുവാഭ്യാംപ്രതിഹിതം അശ്വസ്യസംബന്ധിയൽ
ശിരഃ (തൽ) വാം പ്രതി	— യുവാം പ്രതി
(മധുവിദ്യാം) വദൽ	— അവദൽ

അർത്ഥം—ഇതു കൂടാതെ മധുവോടുകൂടിയ നിങ്ങളെ തേനീച്ച മധുകാമയായി സ്തുതിച്ചു (അവൾക്ക് നിങ്ങൾ മധുകൊടുത്തു.) അതുപോലെ ഉശിക്പുത്രനായ കക്ഷീവാൻ (ഞാൻ) സോമപാനത്താൽ ഹർഷിച്ചു നിങ്ങളെ വിളിക്കുന്നു. നിങ്ങൾ തേനീച്ചയ്ക്കു മധുകൊടുക്കാനായി മധു വിദ്യാർത്ഥികളായി അഥർവ്വണപുത്രനായ ദധീചിയുടെ മനസ്സ് ശുശ്രൂഷയാൽ പ്രസാദിപ്പിച്ചു. അദ്ദേഹം പ്രീതനായപ്പോൾ നിങ്ങളാൽ അദ്ദേഹത്തിന്ന് വെച്ചുപ്പെട്ട കുതിരത്തല യാതൊന്നൊ, അതു് നിങ്ങൾക്ക് മധുവിദ്യ പറഞ്ഞു തന്നു. (സോമത്തിന്നു് മഹത്തും ആന്തരവുമായ ഭാവവും, ബാഹ്യമായ രൂപവും ഉള്ളതുപോലെ മധുവിന്നും രണ്ടു രൂപങ്ങൾ ഉണ്ട്. വിഷം സൂര്യകൽ സങ്കല്പിച്ചപ്പിച്ച് അമൃതീകരിക്കുന്നതാണ് ദിവ്യമായ മധു. തേനീച്ച ഉണ്ടാക്കുന്നത് അതിൻെറ ബാഹ്യമായ, സ്ഥൂലമായ ഒരു രൂപം)

10 യുവം പേദവേപുരുവാരമശ്വിനാ

സ്പൃധാംശ്വേതം തരുതാരംദുവസ്യഥഃ

ശര്യൈരഭിദ്യും പൃതനാസുദുഷ്ടരം

ചർകൃത്യമിന്ദ്രമിവചർഷണീസഹം

അന്വയം —

ഹേ അശ്വിനാ, പേദവേ	—	അശ്വിനൌ, തംനാമധേയരാജ്ഞേ
പുരു-വാരം	—	ബഹുഭിർവ്വരണീയം
സ്പൃധാം	—	സംഗ്രാമേഷ്വഭിയാനാനാം ശത്രൂണാം
തരുതാരം	—	താരകം
ശര്യൈഃ	—	യോദ്ധൃഭിഃ
പൃതനാസു ദുസ്തരം	—	സംഗ്രാമേഷു തരീതുമശക്യം
അഭി-ദ്യും	—	അഭിഗത ദീപ്തിം
ചർകൃത്യം	—	സർവ്വേഷുകാര്യേഷു പുനഃപുനഃ പ്രയോജ്യം
ഇന്ദ്രം-ഇവ ചർഷണി-സഹം	—	ഇന്ദ്രഃ യഥാ ശത്രൂൻ അഭിഭവതി ഏവം ശത്രൂണാമഭിഭവിതാരം
ശ്വേതം	—	ശുഭ്രവർണ്ണം, ഇന്ദ്രാൽ ലബ്ധമശ്വം
യുവം ദദഥുഃ	—	യുവാം ദത്തവന്തൌ

അർത്ഥം—അല്ലയോ അശ്വികളേ, പേദുവെന്ന രാജാവിന്ന് എല്ലാവരാലും വരണീയവും യുദ്ധത്തിൽ എതിർക്കുന്ന ശത്രുക്കളെ മറികടക്കുന്നതും യോദ്ധാക്കളാൽ പോരിൽ നേരിടാൻ വയ്യാത്തതും, തേജസ്സുററതും എല്ലാ കാര്യങ്ങളിലും ഉപയോഗയോഗ്യവും ഇന്ദ്രനെപ്പോലെ ശത്രുക്കളെ ജയിക്കുന്നതും ഇന്ദ്രനിൽ നിന്ന് ലഭിച്ചതുമായ വെള്ളക്കുതിരയെ നിങ്ങൾ കൊടുത്തുവല്ലൊ

വർഗ്ഗം 22–23 ഗായത്രീ, കകുപ്, കാവിരാട്, നഷ്ടരൂപീ, തനുശിരാ ഉഷ്ണിക്, വിഷ്ടാരബൃഹതീ, കൃതിഃ വിരാട്— ഛന്ദാംസി

1 കാ രാധദ്ധോത്രാശ്വിനാ വാം
കോ വാം ജോഷ ഉഭയോഃ
കഥാ വിധാത്യപ്രചേതാഃ

അന്വയം:-

ഹേ അശ്വിനാ, വാം	— അശ്വിനൌ, യുവാം
കാ ഹോത്രാ	— കീദൃശീസ്തുതിലക്ഷണാവാക്
രാധത്	— ആരാധയതി, പ്രീതൌ കരോതി

(യുവയോൎമ്മാഹാത്മ്യാനുരൂപാസ്തുതിൎന്നാസ്തി)

(കിം ച) വാം ഉഭയോഃ	— യുവയോരുഭയോഃ
ജോഷേ കഃ	— ജോഷണേ, സേവനേ, പ്രീണനേ, സമൎത്ഥസ്തോതാ കോവിദ്യതേ?

(യുഷ്മത് ഗുണാഭിജ്ഞഃ കശ്ചിദപി നാസ്തി)

അപ്ര-ചേതാഃ	— യുവയോൎമ്മാഹാത്മ്യമജാനൻ
കഥാ വിധാതി?	— കേന പ്രകാരേണ പരിചരതി?

(യുഷ്മദ്വിഷയം പരിചരണം ന കൎത്തുമശക്യം)

അൎത്ഥം-അല്ലയോ അശ്വികളേ, നിങ്ങളെ ഏതുപ്രകാരമുള്ള സ്തുതി പ്രീതിപ്പെടുത്തുന്നു? (നിങ്ങളുടെ മാഹാത്മ്യത്തിന്നനുരൂപമായ സ്തുതിയില്ല.) നിങ്ങൾ രണ്ടുപേരെ സേവിക്കുന്നതിൽ, പ്രീണിപ്പിക്കുന്നതിൽ ഏതു സ്തോതാവാണ് സമൎത്ഥനായറിയപ്പെടുന്നതു്? (നിങ്ങളുടെ ഗുണങ്ങൾ വേണ്ടപോലെ അറിയുന്നവനാരുമില്ല) നിങ്ങളുടെ മാഹാത്മ്യം അറിയാതെ നിങ്ങളെ എങ്ങിനെയാണ് പരിചരിക്കേണ്ടതു്, ഉപാസിക്കേണ്ടതു്? (നിങ്ങളെസ്സംബന്ധിച്ച ഉപാസന ചെയ്വാൻ ശക്യമല്ല.)

2 വിദ്വാംസാവിദ്ദുരഃ പൃച്ഛേ

അവിദ്വാനിത്ഥാപരോ അചേതാഃ

നൂചിന്നുമൎത്തേ അക്രൌ

അന്വയം:-

ഇത്ഥാ	— ഇത്ഥം, അനേന, പൂൎവ്വോക്തപ്രകാരേണ
അവിദ്വാൻ	— അവിജ്ഞസ്തോതാ
വിദ്വാംസൌ ഇത്	— സൎവ്വജ്ഞാവശ്വിനാവേവ

ദൂരഃ	—	ദ്വാരാണി, സ്തുതിപരിചരണയോഃ ഉപായഭൂതാൻ മാർഗ്ഗാൻ
പൃച്ഛേൽ	—	പ്രഷ്ടുമർഹതി
അപരഃ	—	അശ്വിഭ്യാമന്യസ്സർവ്വോപി
അചേതാഃ	—	ചേതസാ, ജ്ഞാനേനരഹിതഃ

(തസ്മാൽ അശ്വിനാവേവ പൃച്ഛേൽ)

(തൌച) അക്രൌ	—	ശത്രുഭിരനാക്രാന്തൌ
നു നു ചിൽ മർത്തേ	—	ക്ഷിപ്രമേവ മനുഷ്യസ്തോതരി (ഭക്താനുഗ്രഹതയാ സന്നിം ധത്തഃ)

അർത്ഥം—മുൻപറഞ്ഞ പ്രകാരം അറിവററ സ്തോതാവ് സർവ്വജ്ഞരായ അശ്വികളോടു തന്നെ സ്തുത്യുപാസനങ്ങളുടെ മാർഗ്ഗങ്ങൾ ചോദിക്കാനർഹിക്കുന്നു. അശ്വികളിൽ നിന്ന് അന്യൻ (അശ്വികളല്ലാതെ ആരും ഈ വിഷയത്തിൽ) അറിവററവനാകുന്നു. അതിനാൽ അശ്വികളോടു തന്നെ ചോദിക്കണം. അവർ ശത്രുക്കളാൽ ആക്രമിക്കപ്പെടാത്തവരല്ലൊ. (സ്തോതാവിൽ ക്ഷണംകൊണ്ട് അവർ ഭക്താനുഗ്രഹത്തിന്ന് പ്രത്യക്ഷരാവും).

3 താവിദ്വാംസാഹവാമഹേവാം
താനോ വിദ്വാംസാമന്മവോചേതമദ്യ
പ്രാർച്ചദ്ദയമാനോയുവാകുഃ

അന്വയം:—

(ഹേ അശ്വിനൌ,)

വിദ്വാംസാ താ വാം	—	സർവ്വജ്ഞൌതൌ യുവാം
ഹവാമഹേ	—	ആഹ്വയാമഹേ
താ വിദ്വാംസാ നഃ	—	താവഭിജ്ഞൌ യുവാമസ്മഭ്യം
മന്മ	—	മനനീയം, ജ്ഞാതവ്യം സ്തോത്രം

അദ്യ വോചേതം — അസ്മിൻകാലേ ബ്രുവാണൌ ഭൂയാസ്തം
(സചാഹം) യുവാകുഃ — യുവാം കാമയമാനഃ
ദയമാനഃ — യുവാഭ്യാം ഹവിഃ പ്രയച്ഛൻ
പ്ര ആച്ഛൻ — പ്രകർഷേണ സ്തൌമി

അർത്ഥം—അല്ലയോ അശ്വികളേ, സർവ്വജ്ഞരായ ആ നിങ്ങളെ ഞാൻ വിളിക്കുന്നു. വിജ്ഞരായ നിങ്ങൾ ഞങ്ങൾക്കറിയേണ്ടും സ്തോത്രം ഇപ്പോൾ പറഞ്ഞു തന്നാലും. ഞാനാകട്ടെ, നിങ്ങളുടെ അനുഗ്രഹമിച്ഛിക്കുന്നവനും, ഹവിസ്സർപ്പിക്കുന്നവനുമായി സ്തുതിക്കുന്നു.

4 വിപൃച്ഛാമിപാക്യാ ഽ ഽ നദേവാൻ
വഷട്കൃതസ്യാദ്ഭുതസ്യദസ്രാ
പാതംചസഹ്യസോ യുവംചരഭ്യസോനഃ

അന്വയം:—

(ഹേ അശ്വിനൌ,
യുവാം) വി പൃച്ഛാമി — വിശേഷേണ പ്രഷ്ടുമിച്ഛാമി
പാക്യാ — പക്തവ്യപ്രജ്ഞാൻ, അപരിപക്വപ്രജ്ഞാൻ
(അന്യാൻ) ദേവാൻ ന (പൃച്ഛാമി)
ഹേ ദസ്രാ, യുവം — ദർശനീയൌ, യുവാം
വഷട്- കൃതസ്യ — വഷട്കാരേണാഗ്നൌ ഹുതസ്യ
അദ്ഭുതസ്യ — ആശ്ചര്യഭൂതസ്യ, മഹതഃ
സഹ്യസഃ — അതിശയേന ബലോല്പാദകസ്യ സോമസ്യസ്വാംശലക്ഷണമേകദേശം
പാതം ച — പിബതം ച
നഃ ച രഭ്യസഃ — അസ്മാൻ ച അതിശയേന രഭസ്വിനഃ, പ്രൌഢോദ്യമാൻ കുരുതം

അർത്ഥം—അല്ലയോ അശ്വികളേ, നിങ്ങളോട് വേണ്ടപോലെ ചോദിക്കുന്നു. അറിവില്ലാത്ത മററു ദേവന്മാരോട് ചോദിക്കുന്നില്ല. അല്ലയോ ദശനീയരേ, ആ നിങ്ങൾ വഷട്കാരത്തോടുകൂടി അഗ്നിയിൽ ഹോമിച്ചതും, മഹത്തും, ഏററവും ബലമുണ്ടാക്കുന്നതും, സാരഭൂതവുമായ സോമത്തിന്റെ ഭാഗം പാനം ചെയ്യാലും. ഞങ്ങളെയാകട്ടെ, (ഏററം) ഏററവും പ്രവൃത്ത്യുന്മുഖരാക്കുകയും വേണം.

5 പ്രയാഘോഷേഭൃഗവാണേനശോഭേ
യയാവാചായജതിപജ്രിയോവാം
പ്രൈഷയുന്നവിദ്വാൻ വ. 22

അന്വയം:—

യാ പ്ര	— യുഷ്മദീയസ്തുതിരൂപാവാക് പ്രഭവതി
ഘോഷേ	— ഘോഷാഖ്യായാഃ പുത്രേസുഹസ്ത്യാഖ്യേഋഷൌ
ഭൃഗവാണേ ന	— ഭൃഗൌച (നചാർത്ഥേ)
(സാവാക്) ശോഭേ	— ശോഭതേ
യയാ വാചാ	— സ്തുതിലക്ഷണയാവാചാ
പജ്രിയഃ	— ആങ്ഗിരസകുലോല്പന്നഃ കക്ഷീവാൻ
വാം യജതി	— യുവാം പൂജയതി, സ്തൌതി (സാവാഗപി ശോഭതേ)
ഇഷ—യുഃ ന	— അന്നമാത്മനഃ കാമയമാനശ്ച
വിദ്വാൻ	— സ്തുത്യഭിജ്ഞഃ കക്ഷീവാൻ
പ്ര (ഭവതു)	— യുഷ്മദനുഗ്രഹാൽ സമ്പൂർണ്ണകാമോ ഭവതു

അർത്ഥം—നിങ്ങൾക്ക് സ്തുതിരൂപയായ യാതൊരുവാക്ക് ഉൽകൃഷ്ടമായി ഭവിക്കുന്നുവോ, അത് ഘോഷയുടെ പുത്രനായ സുഹസ്ത്യൻ എന്ന ഋഷിയിലും, ഭൃഗുവിങ്കലും ശോഭിക്കുന്നു ഏ

തൊരു സ്തുതിവാക്കിനാൽ അംഗിരസകുലജാതനായ കക്ഷീവാൻ നിങ്ങളെ സ്തുതിക്കുന്നു, ആ വാക്കും ശോഭിക്കുന്നു. അനുമിച്ഛിക്കുന്നവനും സ്തുതിജ്ഞനുമായ കക്ഷീവാൻ നിങ്ങളുടെ അനുഗ്രഹംകൊണ്ടു് പൂർണ്ണകാമനാകട്ടെ

6 ശ്രുതംഗായത്രം തകവാന

സ്യാഹംചിദ്ധിരിരേഭാശ്വിനാവാം

ആക്ഷീശുഭസ്പതീദൻ

അന്വയം:-

ഹേ അശ്വിനാ, ഗായത്രം	—	അശ്വിനൌ, ഗാതവ്യം സ്തോത്രം
തകവാനസ്യ	—	സ്ഖലൽഗതേഃ, അന്ധസ്യ ഋജ്രാശ്വസ്യ സംബന്ധി
ശ്രുതം	—	അശൃണുതം
ഹേ ശുഭഃ പതീ, അഹം		
ചിൽ	—	ശോഭനസ്യ കർമ്മണഃ പാലയിതാരൌ, അഹമിവ
വാം ഹി	—	യുവാമേവ
അക്ഷീ ആ ദൻ	—	യുവാഭ്യാംദത്തേ ചക്ഷുഷീ ആദദാനഃ
(സഃ) രിരേഭ	—	സ്തുതവാൻ

(തസ്മൈ ഇവ മഹ്യമപ്യഭിമത ഫലം പ്രയച്ഛതം)

അർത്ഥം—അല്ലയോ അശ്വികളേ, കണ്ണുകാണാതെ ഇടറി നടന്ന ഋജ്രാശ്വൻെറ ഗാനയോഗ്യമായ സ്തോത്രം നിങ്ങൾ കേട്ടു (കൈക്കൊണ്ടു) വല്ലൊ അല്ലയോ സൽകർമ്മപാലകരേ, എന്നെപ്പോലെ നിങ്ങളാൽ കൊടുക്കപ്പെട്ട കണ്ണുകൾ സ്വീകരിച്ചിട്ടാണല്ലൊ അദ്ദേഹം സ്തുതിച്ചതു് അദ്ദേഹത്തിന്നെന്നപോലെ എനിയ്ക്കും അഭീഷ്ടഫലം തന്നരുളണം

7 യുവം ഹ്യാസ്തം മഹോരൻ
യുവം വായന്നിരതതംസതം
താനോവസൂസുഗോപാസ്യാതം
പാതംനോവൃകാദഘായോഃ

അന്വയം:—

(ഹേ അശ്വിനൌ,) യൽ
മഹഃ രൻ — യസ്മാൽ മഹതോ ധനസ്യ രാതാരൌ, ദാതാരൌ
യുവം ഹി (കംചന)
ആസ്തം
നിഃ-അതതംസതം — യുവാമേവ ധനാനി നിരഗമയതം
(രക്ഷകൌ നാശകാവപിയുവാമേവ)
ഹേ വസൂ, — വാസയിതാരാവശ്വിനൌ,
താ യുവം നഃ
സു-ഗോപാ വാ — താദൃശൌ യുവാം സുഷ്ഠുഗോപയിതാരൌച (വാശബ്ദശ്ചാർത്ഥേ)
സ്യാതം — ഭവതം
(അപിച) നഃ
അഘ-യോഃ — അഘം, പാപഫലമസ്മഭ്യമിച്ഛതഃ
വൃകാൽ പാതം — സ്തേനാൽ രക്ഷതം

അർത്ഥം—അല്ലയോ അശ്വികളേ, യാതൊരു കാരണത്താൽ മഹത്തായ ധനം കൊടുക്കുന്ന നിങ്ങൾ തന്നെ ഒരാളുടെ ധനത്തെ പോക്കുകയും ചെയ്യുന്നു, (ആ കാരണത്താൽ) രക്ഷകരും വിനാശകരും നിങ്ങൾതന്നെയാണ്. എല്ലാവരെയും അതാതിടത്ത് വസിപ്പിക്കുന്നവരേ, ആ നിങ്ങൾ ഞങ്ങൾക്ക് നല്ല രക്ഷിതാക്കളായും ഭവിക്കണം. കൂടാതെ, ഞങ്ങൾക്ക് പാപഫലമായ കഷ്ടപ്പാട് വരുത്തുവാനിച്ഛിക്കുന്ന കള്ളനിൽ നിന്ന് രക്ഷിക്കണം.

8 മാകസ്മൈധാതമഭ്യമിത്രിണേനോ

മാകുത്രാനോ ഗൃഹേഭ്യോധേനവോഗുഃ

സ്തനാഭുജോ അശിശ്വീഃ

അന്വയം:—

(ഹേ അശ്വിനൌ)

അമിത്രിണേ കസ്മൈ	— ചിദപി ശത്രവേ
നഃ മാ അഭി ധാതം	— അസ്മാൻ ആഭിമുഖ്യേന മാസ്ഥാപയതം
(അപിച) നഃ ഗൃഹേഭ്യഃ	— അസ്മാകം ഗൃഹേഭ്യസ്സകാശാൽ
സ്തന-ഭുജഃ	— സ്തനൈഃപുത്രാൻ മനുഷ്യാംശ്ച പാലയന്ത്യഃ
ധേനവഃ	— ഗാവഃ
അശിശ്വീഃ	— ശിശുനാ, വത്സേനരഹിതാഃ
അകുത്ര (ചിൽ)	— അസ്മാഭിരഗമ്യപ്രദേശേ
മാ ഗുഃ	— മാഗച്ഛന്തു

അർത്ഥം—അല്ലയോ അശ്വികളേ, അമിത്രമായ, ശത്രുത്വമുള്ള ആരുടെയെങ്കിലും മുമ്പിൽ ഞങ്ങളെ വിട്ടുനിർത്തരുതേ. കൂടാതെ, ഞങ്ങളുടെ ഗൃഹസമീപത്തിൽ നിന്ന് പൈക്കുട്ടിയെയും മനുഷ്യരെയും (പാൽകൊടുത്ത്) പാലിയ്ക്കുന്ന പശുക്കളെ കുട്ടിയെപ്പിരിഞ്ഞ്, ഞങ്ങൾക്ക് പോകാൻ വയ്യാത്ത പ്രദേശത്തിൽ പോകരുത്.

9 ദുഹീയൻ മിത്രധിതയേ യുവാകു

രായേചനോമിമീതം വാജവത്യൈ

ഇഷേചനോമിമീതം ധേനുമത്യൈ

അന്വയം:—

(ഹേ അശ്വിനൌ,)

യുവാകു	— യുവാം കാമയമാനാഃ സ്തോതരഃ
മിത്ര-ധിതയേ	— മിത്രാണാം, ബന്ധുജനാനാം ധാരണാർത്ഥം

ദേഹീയൻ — യുഷ്മൽ സകാശാൽ ധനാനി ദേഹന്തി, പ്രാപ്നുവന്തി
(അതഃ) നഃ വാജ-
വത്യൈ ച രായേ — അസ്മാകമപി ബലയുക്തായ ധനായ ച
മിമീതം — കുരുതം
(തഥാ) ധേനു-മത്യൈ
ഇഷേ ച — ധേനുഭിര്യുക്തായ അന്നായ ച
നഃ മിമീതം — അസ്മാൻ കുരുതം

അർത്ഥം—അല്ലയോ അശ്വികളേ, നിങ്ങളുടെ അനുഗ്രഹം കാമിക്കുന്ന സ്തോതാക്കൾ ബന്ധുജനങ്ങളുടെ രക്ഷക്കുവേണ്ടി നിങ്ങളുടെ അടുക്കൽ നിന്ന് ധനം നേടുന്നു. ഞങ്ങളെ ബലത്തോടുകൂടിയ ധനത്തിന്റെ സ്വാമികളാക്കണം. പശുക്കളോടുകൂടിയ അന്നത്തിന്നും ഉടയവരാക്കണം. (ബലയുക്തമായ ധനവും ഗോയുക്തമായ അന്നവും തന്നരുളണം)

10 അശ്വിനോ രസനം രഥ
മനശ്വം വാജിനീവതോഃ
തേനാഹം ഭൂരിചാകന

അന്വയം:—
വാജിനീ-വതോഃ — വാജം, ബലം തദ്വൽ ക്രിയാവതോഃ
അശ്വിനോഃ അനശ്വം — അശ്വരഹിതം അപിസാമർത്ഥ്യാതിശയേന ഗച്ഛന്തം
രഥം അസനം — സമഭജം
തേന (രഥേന) അഹം
ഭൂരി ചാകന — പ്രഭൂതം ശ്രേയഃ കാമയേ

അർത്ഥം—ബലത്തോടൊത്ത വിക്രമമുള്ളവരായ അശ്വികളുടെ അശ്വരഹിതമെങ്കിലും ഓട്ടപ്പോരിമയുള്ള തേരിനെ ഞാൻ ഭജിക്കുന്നു ആ തേരിനാൽ മികച്ച ശ്രേയസ്സിനെ കാമിക്കുന്നു.

11 അയം സമഹ മാതനു
ഹ്യാതേജനാ അനു
സോമപേയം സുഖോരഥഃ

അന്വയം:—

ഹേ സമഹ,	— ധനേനസഹിത, രഥ,
അയം	— പുരോവർത്തീ ത്വം
മാ തനു	— മാം വിസ്താരയ, പുത്രപൌത്ര ധനാദിഭിഃ സമൃദ്ധം കുരു
(സഃ) സു—ഖഃ രഥഃ	— സുഖഹേതുരഥഃ
ജനാൻ അനു	— സ്തോതൃജനേഷു
സോമ—പേയം	— സോമപാനം പ്രതി
ഊഹ്യാതേ	— ഊഹ്യതേ, അശ്വിഭ്യാംനീയതേ

(അതഃ അശ്വിഭ്യാം യൽദീയതേ തൽസർവ്വം രഥ ഏവദദാതീതി രഥംസംബോധ്യ പ്രാർത്ഥനാ)

അർത്ഥം—ധനത്തോടുകൂടിയ രഥമേ, മുമ്പിൽ നില്ക്കുന്ന നീ എന്നെ പുത്രപൌത്രധനാദികളാൽ സമൃദ്ധനാക്കിയാലും. ആ സുഖകരമായ തേർ ഓരോ സോമപാനത്തിന്നും സ്തോതൃജനങ്ങളുടെ അടുക്കൽ അശ്വികളാൽ നയിക്കപ്പെടുന്നു. (അശ്വികൾ കൊടുക്കുന്നതു മുഴവൻ തേരും കൊടുക്കും. തേരിന്നു് ദിവ്യത്വവും അതുവഴി ദാതൃത്വവും കല്പിച്ചിരിക്കുന്നു. അതുകൊണ്ടു് തേരിനോടു് പ്രാർത്ഥന.)

12 അധസ്വപ്നസ്യനിർവ്വിദേ
ഭുഞ്ജതശ്ചരേവതഃ
ഉഭാതാബസ്രിനശ്യതഃ

ദൂഹിയൻ — യുഷ്മൽ സകാശാൽ ധനാനി ദൂഹന്തി, പ്രാപ്നുവന്തി

(അതഃ) നഃ വാജ-വത്യൈ ച രായേ — അസ്മാനപി ബലയുക്തായ ധനായ ച

മിമീതം — കുരുതം

(തഥാ) ധേനു-മത്യൈ ഇഷേ ച — ധേനുഭിര്യുക്തായ അന്നായ ച

നഃ മിമീതം — അസ്മാൻ കുരുതം

അർത്ഥം—അല്ലയോ അശ്വികളേ, നിങ്ങളുടെ അനുഗ്രഹം കാമിക്കുന്ന സ്തോതാക്കൾ ബന്ധുജനങ്ങളുടെ രക്ഷക്കുവേണ്ടി നിങ്ങളുടെ അടുക്കൽ നിന്ന് ധനം നേടുന്ന ഞങ്ങളെ ബലത്തോടുകൂടിയ ധനത്തിന്റെ സ്വാമികളാക്കണം. പശുക്കളോടുകൂടിയ അന്നത്തിന്നും ഉടയവരാക്കണം. (ബലയുക്തമായ ധനവും ഗോയുക്തമായ അന്നവും തന്നരുളണം)

10 അശ്വിനോ രസനം രഥ

മനശ്വം വാജിനീവതോഃ

തേനാഹം ഭൂരി ചാകന

അന്വയം:-

വാജിനീ-വതോഃ — വാജം, ബലം തദ്വൽ ക്രിയാവതോഃ

അശ്വിനോഃ അനശ്വം — അശ്വരഹിതം അപി സാമർത്ഥ്യാതിശയേന ഗച്ഛന്തം

രഥം അസനം — സമഭജം

തേന (രഥേന) അഹം ഭൂരി ചാകന — പ്രഭൂതം ശ്രേയഃ കാമയേ

അർത്ഥം—ബലത്തോടൊത്ത വിക്രമമുള്ളവരായ അശ്വികളുടെ അശ്വരഹിതമെങ്കിലും ഓട്ടപ്പോരിമയുള്ള തേരിനെ ഞാൻ ഭജിക്കുന്നു. ആ തേരിനാൽ മികച്ച ശ്രേയസ്സിനെ കാമിക്കുന്നു.

11 അയം സമഹ മാതന്ത

ഹ്യാതേജനാ അന്ന

സോമപേയം സുഖോരഥഃ

അന്വയം:–

ഹേ സമഹ,	— ധനേനസഹിത, രഥ,
അയം	— പുരോവത്തീ ത്വം
മാ തന്ന	— മാം വിസ്താരയ, പുത്രപൌത്ര ധനാദിഭിഃ സമൃദ്ധം കുരു
(സഃ) സു–ഖഃ രഥഃ	— സുഖഹേതുരഥഃ
ജനാൻ അന്ന	— സ്തോതൃജനേഷു
സോമ–പേയം	— സോമപാനം പ്രതി
ഊഹ്യാതേ	— ഊഹ്യതേ, അശ്വിഭ്യാംനീയതേ

(അതഃ അശ്വിഭ്യാം യൽദീയതേ തൽസവ്വം രഥ ഏവദദാതീ തി രഥംസംബോധ്യ പ്രാത്ഥനാ)

അത്ഥം–ധനത്തോടുകൂടിയ രഥമേ, മുമ്പിൽ നില്ക്കുന്ന നീ എന്നെ പുത്രപൌത്രധനാദികളാൽ സമൃദ്ധനാക്കിയാലും. ആ സുഖകരമായ തേർ ഓരോ സോമപാനത്തിന്നും സ്തോതൃജനങ്ങ ളുടെ അടുക്കൽ അശ്വികളാൽ നയിയ്ക്കപ്പെടുന്നു (അശ്വികൾ കൊടുക്കുന്നതു മുഴവൻ തേരും കൊടുക്കും. തേരിന്നു ദിവ്യത്വ വും അതുവഴി ദാതൃത്വവും കല്പിച്ചിരിക്കുന്നു അതുകൊണ്ടു തേരിനോടു പ്രാത്ഥന.)

12 അധസ്വപ്നസ്യനിവ്വിദേ

ഭുഞ്ജതശ്ചരേവതഃ

ഉഭാതാബസ്രിനശ്യതഃ വ. 23

അന്വയം:–

അധ	— ഇദാനീം, പ്രഭാതസമയേ
സ്വപ്നസ്യ നിഃ വിദേ	— സ്വപ്നംപ്രതിനിർവ്വിണ്ണോസ്മി
(തഥാ) അഭുഞ്ജതഃ	— പരാൻ അരക്ഷതഃ
രേവതഃ ച	— ധനവതഃ പുരുഷസ്യച ഏവം ഭൂതംപുരുഷം പ്രത്യപി (നിർവ്വിണ്ണോസ്മി)
(യതഃ) താ ഉഭാ ബഭ്രൂ നശ്യതഃ	— തൗഉഭൗ ക്ഷിപ്രംനാശം പ്രാപ്നുതഃ

(സ്വപ്നദൃഷ്ടഃ പദാർത്ഥഃ പ്രാതർന്നുപലഭ്യതേ കദര്യസ്യേവധനം അഭുക്തമദത്തം സത്ക്ഷിപ്രമേവനശ്യതി)

അർത്ഥം–ഈ പ്രഭാതത്തിൽ ഞാൻ സ്വപ്നത്തെക്കുറിച്ച് അനുതപിക്കുന്നു. അതുപോലെ അന്യരെ രക്ഷിയ്ക്കാത്ത ധനവാനെക്കുറിച്ചും അനുതപിയ്ക്കുന്നു. രണ്ടും, സ്വപ്നവും പിശുക്കനും വേഗം നശിയ്ക്കുന്നു. (സ്വപ്നത്തിൽ കണ്ടത് ഉണർന്നാൽ പോയല്ലൊ. പിശുക്കന്റെ കൊടുക്കാത്തതും അനുഭവിയ്ക്കാത്തതുമായ ധനവും വേഗം നശിക്കുന്നു.)

വർഗ്ഗം 24–25-26. ത്രിഷ്ടുപ്ഛന്ദഃ ഇന്ദ്രോദേവതാ

1 കദിത്ഥാനൄഃ പാത്രം ദേവയതാം
ശ്രവദ്ഗിരോ അങ്ഗിരസാം തുരണ്യൻ
പ്രയദാനഡ്വിശ ആഹർമ്യസ്യോ
രുക്രംസതേ അധ്വരേയജത്രഃ

അന്വയം:–

നൄൻ പാത്രം	— നൄൻ പാതാ, നൄണാം സ്തോതൄ നേതൄണാം രക്ഷണശീലഃ
തുരണ്യൻ	— ഗോത്രപ്രധനം പ്രേരയൻ
ദേവ–യതാം	— ദേവം, ഇന്ദ്രം ആത്മനഃ ഇച്ഛതാം
അങ്ഗിരസാം	— ഋഷീണാമസ്യ

ഇത്ഥാ	—	ഇത്ഥം പ്രയുജ്യമാനാഃ
ഗിരഃ കൽ ശ്രുവൽ?	—	സ്തുതീഃ കദാ ശ്രുണയാൽ?
യൽ ഹർമ്മ്യസ്യ	—	യദാഹർമ്മ്യോപലക്ഷിതേന ഗ്രഹേന യുക്തസ്യയജമാനസ്യ സംബന്ധിനഃ
വിശഃ	—	ഋത്വിക് ലക്ഷണാൻ മനുഷ്യാൻ
(ഇന്ദ്രഃ) ആ പ്ര ആനട്	—	ആഭിമുഖ്യേന പ്രാപ്നോതി,
(തദാനീം) അധ്വരേ	—	അസ്മദീയേ യജ്ഞേ
യജത്രഃ	—	യഷ്ടവ്യസ്സൻ
ഉരു ക്രംസതേ	—	ബഹുലം ക്രമതേ, സ്വയമേവ ഉൽസഹതേ

അർത്ഥം-സ്തുതിശീലരായവക്ക് സ്ഥിരരക്ഷകനും ഗോരൂപമായ ധനം എത്തിയ്ക്കുന്നവനുമായ ഇന്ദ്രൻ അവിടത്തെ അനുഗ്രഹമിച്ഛിയ്ക്കുന്ന അങ്ഗിരസന്മാരായ ഋഷികളുടെ, ഈ വിധം ചൊല്ലുന്ന സ്തുതികളെ എപ്പോഴാണ് കേൾക്കുക? യജമാനന്റെ സംബന്ധികളായ ഋത്വിക്കുകളെ ഇന്ദ്രനെപ്പോൾ നേരെപ്രാപിയ്ക്കുന്നുവോ അപ്പോഴാണ് ഞങ്ങളുടെ യജ്ഞത്തിൽ ആ യജനീയനായ ദേവൻ സ്വയം ഉത്സാഹത്തോടുകൂടി നടക്കുന്നത്. അതായത് അവിടുന്ന യജ്ഞത്തിൽ വന്നാൽ പലവിധത്തിലും ഉത്സാഹപൂർവ്വം ഉദ്യമിയ്ക്കുകയായി

2 സ്തംഭീദ്ധ ദ്യാം സധരുണം പ്രുഷായ
ഋഭുർവ്വാജായദ്രവിണം നരോഗോഃ
അനുസ്വജാം മഹിഷശ്ചക്ഷതവ്രാം
മേനാമശ്വസ്യ പരിമാതരംഗോഃ

അന്വയം:-

സഃ ദ്യാം സ്തംഭീൽ ഹ	—	ഇന്ദ്രഃ ദ്യുലോകംസ്തബ്ധം കൃതവാൻ ഖലു
(തഥാ) ഗോഃ നരഃ	—	കിരണസമൂഹസ്യനേതാസഃ ഇന്ദ്രഃ

ഋഭ്വഃ — സൂര്യാത്മനാ ഉരുഭാസമാനസ്സൻ
ദ്രവിണം — സർവ്വൈഃ പ്രാണിഭിഃ അഭിദ്രവണീയം
ധരുണം — സർവ്വസ്യധാരകം വൃഷ്ട്യുദകം
വാജായ പ്രൃഷായൻ — അന്നാർത്ഥം പ്രൃഷ്ണാതി, പ്രവർഷതി
(അപിച) മഹിഷഃ — മഹാൻ സൂര്യരൂപീ ഇന്ദ്രഃ
സ്വ-ജാം വ്രാം — സ്വസകാശാദുൽപന്നാം ഉഷസം (പ്രകാശേന വൃണോതി)
അനു ചക്ഷത — പശ്ചാൽപശ്യതി, പ്രകാശതേ
(അപിച) അശ്വസ്യ മേനാം — സ്ത്രീയം ബഡവാം
ഗോഃ മാതരം പരി — വിപരീതമകരോൽ
(കദാചിദിന്ദ്രഃ ലീലയാ അശ്വായാം ഗാം ഉല്പാദയാമാസ)

അർത്ഥം—ഇന്ദ്രൻ സ്വർഗ്ഗത്തെ (അവലംബമില്ലാത്തിടത്തു്) സ്തംഭിപ്പിച്ചു നിർത്തി. അതുപോലെ രശ്മിസമൂഹങ്ങൾക്കു് നേ താവായ അവിടുന്നു് സൂര്യരൂപനായി, ഏററവും പ്രകാശമാന നായി, എല്ലാ പ്രാണികൾക്കു് നേരെയും ഒഴുകേണ്ടും മഴവെള്ള ത്തെ അന്നത്തിന്നു് (സസ്യാദിപുഷ്ടിക്കു്) വേണ്ടി പ്രവർഷിക്കു ന്നു. കൂടാതെ, മഹാനായ ആ സൂര്യരൂപി, ഇന്ദ്രൻ തന്നിൽ നി ന്നുണ്ടായ ഉഷസ്സിനെ പ്രകാശംകൊണ്ടു് മൂടുന്നു. ഉഷസ്സിന്റെ പിന്നാലെ ജഗത്തു് കാണുന്നു, പ്രകാശിക്കുന്നു. അതിന്നു പു മെ അവിടുന്നു് ഒരു പെൺകുതിരയെ പശുക്കുട്ടിയുടെ അമ്മയാക്കി. (അതായതു് ഒരിക്കൽ ഇന്ദ്രൻ കളിയായി ഒരു പെൺ കുതിരയിൽ പശുക്കിടാവിനെ ഉൽപാദിപ്പിച്ചു)

3 നക്ഷദ്ധവമരുണീഃ പൂർവ്യംരാട്
തുരോവിശാമങ്ഗിരസാമനുദ്യൂൻ
തക്ഷദ്വജ്രംനിയുതംതസ്തംഭദ്യാം
ചതുഷ്പദേനര്യായദ്വിപാദേ

അന്വയം:—

അരുണീഃ	—	*അരുണവർണ്ണാഃ ഉഷസഃ*
രാട്	—	രാജയൻ, പ്രകാശയൻ, സൂര്യാത്മാ ഇന്ദ്രഃ
അനു ദ്യൂൻ	—	അനുദിവസം
വിശാം അങ്ഗിരസാം	—	ഋഷീണാം, സ്തോതൄണാം
തുരഃ	—	ധനസ്യ പ്രേരയിതാ
പൂർവ്വ്യം	—	പൂർവ്വൈർഋഷിഭിഃ പ്രയുക്തം
ഹവം	—	ഇദാനീമസ്മാഭിഃ ക്രിയമാണമാഹ്വാനം
നക്ഷൽ	—	നക്ഷതു, ശൃണോതു
(അപിച) വജ്രം	—	സ്വകീയമായുധം
നി—യുതം തക്ഷൽ	—	*ഹന്തവ്യേന സഹനിതരാം* യുക്തമകരോൽ
(തഥാ) *നര്യായ*	—	*നൃഭ്യോഹിതായ*
ചതുഃ—പദേ, ദ്വി—പാദേ	—	ഗവാശ്വാദയേ, മനുഷ്യായ ച
ദ്യാം തസ്തംഭൽ	—	അസ്തംഭയൽ, യഥാ അംഭോ ന പതതി തഥാ കരോൽ

അർത്ഥം—ചുകന്ന ഉഷസ്സിനെ പ്രകാശിപ്പിക്കുന്ന സൂര്യരൂപനായ ഇന്ദ്രൻ, പൂർവ്വന്മാരായ ഋഷികളാൽ പ്രയോഗിക്കപ്പെട്ടതും, ഇപ്പോഠം നമ്മളാൽ ചെയ്യപ്പെടുന്നതുമായ (മന്ത്രരൂപമായ) വിളി കേഠംക്കട്ടെ. കൂടാതെ, അവിടുന്ന് സ്വന്തം വജ്രായുധം ഹനിക്കപ്പെടേണ്ടവരോട് ചേർത്തു. (അതായത്, അമർത്തേണ്ടവരിൽ പ്രയോഗിച്ചു). പിന്നെ മനുഷ്യക്ഷേമത്തിന്നുവേണ്ടി, നാല്ക്കാലികഠംക്കും ഇരുകാലികഠംക്കും വേണ്ടി, ആകാശം വീഴാതെ സ്തംഭിപ്പിച്ചുനിർത്തി.

4 *അസ്യ മദേ സ്വര്യം ദാ ഋതായാ*

പീവൃതമുസ്രിയാണാമനീകം

യദ്ധ പ്രസർഗ്ഗേ ത്രികകുമ്നിവർത്ത

അന്വയം:—

(ഹേ ഇന്ദ്ര), അസ്യ മദേ — സോമസ്യപാനേന ഹർഷേസതി
ഋതായ — യജ്ഞാർത്ഥം
സ്വര്യം അപി-വ്രതം — സ്തുത്യം, പണിഭിർഗുഹാ
സന്നിഗൂഢം
ഉസ്രിയാണാം അനീകം — ഗവാംസംഘം
ഗോഃ — അങ്ഗിരോഭ്യോദത്തവാനസി
യത് ഹ പ്ര-സർഗ്ഗേ — യദാ ബലവധേ
ത്രി-കകുപ് — ത്രിഷുലോകേഷു ഉച്ഛ്രിതഃ,
ഇന്ദ്രഃ
നി-വർത്തത് — നിതരാം വർത്തേത
മാനുഷസ്യ — മനോസ്സംബന്ധിനഃ
ദ്രുഹഃ ദുരഃ — ദ്രോഗ്ധുഃ ഗവാം അനിഷ്ടദായ
പിഹിതാനി ദ്വാരാണി
അപ വഃ — അപാവൃണോതി, ഉദ്ഘാടയതി

അന്വയം:—

(ഹേ ഇന്ദ്ര,) തുരണേ

തുഭ്യം	— ക്ഷിപ്രകാരിണേ തുഭ്യം
ഭുരണ്യ പിതരൌ	— ജഗൽപോഷയന്ത്യൌ ദ്യാവാപൃഥിവ്യൌ
യൽ രാധഃ	— യദാ രാധകം, സമൃദ്ധികരം
സു-രേതഃ	— ശോഭനരേതസ്കം കൃത്സ്ന ജഗദുൽപാദനശക്തം
പയഃ അനീതാം	— സാംനായ്യ ലക്ഷണം ഹവിഃ ഗോഷു അനയതാം ന്യധിഷാതാം
യൽ	— യദാദ്യാവാപൃഥിവീഭ്യാം ഗോഷ്വാനീതം

സബഃ—ദുഘായാഃ

ഉസ്രിയായാഃ	— ക്ഷീരസ്യദോഗ്ധ്ര്യാഃ ഗോഃ
ശുചി പയഃ രേക്ണഃ	— ശുദ്ധം ധനവദതിപ്രിയം, പ്രവൃദ്ധം

(ഏവം വിധം ഹവിഃ)

തേ ആ അജയന്ത	— തുഭ്യം യജമാനാഃ പ്രായച്ഛൻ

(തദാനീം മാനുഷസ്യദ്രുഹഃ ദ്വാരാണ്യപവൃണോതി)

അർത്ഥം—അല്ലയോ ഇന്ദ്ര, ക്ഷിപ്രകാരിയായ അവിടേയ്ക്കു വേണ്ടി ജഗത്തു മുഴവൻ വളർത്തുന്ന ദ്യാവാപൃഥിവികാം, സമൃദ്ധികരവും ജഗത്തിനെ ഉൽപാദിപ്പിയ്ക്കാൻ ശക്തവും പോഷകാംശങ്ങളുടെ സമൂഹവുമായ പാലെന്ന ഹവിസ്സ് പശുക്കളിൽ എത്തിച്ചു വച്ചിരിയ്ക്കുന്നു. (പാലിൻെറ വീര്യം, ഉൽപാദനശക്തി പ്രസിദ്ധം.) എപ്പോഴാം പാൽ ചുരക്കുന്ന പശുക്കളുടെ നിർമ്മലമായ പാൽ ധനംപോലെ പ്രിയവും പ്രവൃദ്ധവുമായ ഹവിസ്സായി, അവിടേയ്ക്കു യജമാനന്മാർ അർപ്പിയ്ക്കുന്നുവോ, അപ്പോഴാണ് അവിടുന്ന് മനുഷ്യദ്രോഹിയുടെ അടഞ്ഞ കവാടങ്ങാം

6 അധപ്രജജ്ഞേതരണിർമ്മമത്തു
പ്രരോച്യസ്യാ ഉഷസോന സൂരഃ
ഇന്ദുര്യേഭിരാഷ്ട സ്വേദ്ധഹവ്യൈഃ
സ്രുവേണ സിഞ്ചഞ്ജരണാഭിധാമ

അന്വയം —

അധ	— ഇദാനീം അയമിന്ദ്രഃ സ്തുതിഭിഃ പ്രീയമാണസ്സൻ
പ്ര ജജ്ഞേ	— പ്രകർഷേണ പ്രാദുർഭൂതഃ
ഇന്ദുഃ ധാമ അഭി	— സോമഃ ആഹവനീയസ്ഥാനമഭിലക്ഷ്യ
സ്രുവേണ സിഞ്ചൻ	— സിച്യമാനസ്സൻ
സ്വ–ഇദ്ധഹവ്യൈഃ	— സ്വഭൂതസമൃദ്ധഹവിർഭിഃ
യേഭിഃ ആഷ്ട	— യൈരസ്മാഭിഃ ആശിതഃ. പീത ആസീൽ
(സഃ) തരണിഃ മമത്തു	— ശത്രൂണാം താരകഃ അസ്മാൻ മാദയത്തു
(സച) അസ്യാഃ	— അസ്മാഭിർദൃശ്യമാനായാഃ
ഉഷസഃ (സമീപേ വർത്തമാനഃ) സൂരഃ ന	— സൂര്യ ഇവ
ജരണാ	— ജരണീയഃ, സ്തോതവ്യഃ
പ്ര രോചി	— പ്രകൃഷ്ടം രോചതേ

അർത്ഥം—ഇപ്പോഴിതാ ഈ ഇന്ദ്രൻ സ്തുതികളാൽ സന്തുഷ്ടനായി മുമ്പിലെത്തിയിരിക്കുന്ന ആഹവനീയ സ്ഥാനത്തെ ലാക്കാക്കി സ്രുവത്തിലൂടെ ഒലിച്ചുവരുന്ന സോമം, സ്വന്തം സമൃദ്ധമായ ഹവിസ്സോടുകൂടിയ യാവചിലരായ ഞങ്ങളാൽ ആർ കുടിപ്പിക്കപ്പെട്ടുവോ, (ഞങ്ങാം നല്കിയ സോമം ആർ കുടിച്ചുവോ,) ശത്രുക്കളെ മറികടക്കുന്ന അവിടുന്ന് (ഇന്ദ്രൻ) ആ ഞങ്ങളെ ഹർഷിപ്പിക്കുട്ടെ അവിടുന്ന് നമ്മളാൽ കാണപ്പെടുന്ന ഈ ഉഷസ്സിൻെറ അടുത്തുനില്ക്കുന്ന സൂര്യനെന്നപോലെ സ്തുത്യനായി ഏററവും ശോഭിക്കുന്നു

7 സ്വിധ്മായദ്വനധിതിരപസ്യാൽ
സൂരോഅധ്വരേപരിരോധനാഗോഃ
യദ്ധപ്രഭാസികൃത്ര്യാ അനദ്യൂ
നനസ്വിശേപശ്വിഷേത്തുരായ

അന്വയം'—

സ്വ–ഇധ്മാ	— സൂര്യകിരണൈഃ സുദീപ്താ
വന–ധിതിഃ	— വനമുദകം, മേഘമാലാ
യൽ അപസ്യാൽ	— യദാ അപഃ പ്രവർഷണ ലക്ഷണം കർമ്മകരോതി
(തദാനീം) സൂരഃ	— പ്രേരകഃ ഇന്ദ്രഃ
അധ്വരേ	— യജ്ഞസ്യനിമിത്തഭൂതേ അന്തരിക്ഷേ വർത്തമാനസ്സൻ
ഗോഃ രോധനാ	— വൃഷ്ട്യുദകസ്യരോധനാനി, ആവരണാനി
പരി	— പരിതഃ (നിവാരയതി)
(ഹേ ഇന്ദ്ര, സൂര്യാത്മനാവ ത്തമാനസ്ത്വം) കൃത്വ്യാൻ	
ദ്യൂൻ അനു	— കർമ്മസു സാധൂൻ ദിവസാൻ അനുലക്ഷ്യ
യൽ ഹ പ്ര–ഭാസി	— യദാഖലു പ്രകർഷേണദീപ്യസേ
(തദാനീം) അനസ്വിശേ	— അനസാ, ശകടേന ഇന്ധനാദ്യാ ഹരണായ അരണ്യം പ്രവിശതേ
പശ്വ–ഇഷേ	— പശൂൻ പ്രേരയതേ
തുരായ	— ത്വരമാണായ, ഗോപാലായ (അഭിമതം ച സിദ്ധ്യേൽ)

അർത്ഥം—സൂര്യരശ്മികളാൽ മിന്നുന്ന മുകിൽനിര എപ്പോഴും വർഷിക്കുന്നുവോ, അപ്പോഴും സൂര്യരൂപനായ, മഴയ്ക്കു പ്രേരകനായ, ഇന്ദ്രൻ യജ്ഞത്തെ ആസ്വദിച്ച്, അന്തരിക്ഷത്തിൽ വർത്തിച്ചുകൊണ്ട് മഴ പെയ്യാനുള്ള തടസ്സത്തെ മുററും നീക്കുന്നു. അല്ലയോ ഇന്ദ്ര, സൂര്യാത്മാവായ അവിടുന്ന്, കർമ്മശുദ്ധങ്ങളാ

യ ദിവസങ്ങളെ ലാക്കാക്കി എപ്പോൾ ഏററവും പ്രകാശിക്കുന്നുവോ, അപ്പോൾ (വഴിയറിയാതെ) വിറക മുതലായവ കൊണ്ടുവരാൻ കാട്ടിലേയ്ക്കു് വണ്ടിയോട്ടുന്നവനും കന്നുകളെ ബന്ധപ്പെട്ട മേയ്ക്കുന്നവനും ആയ ഇടയന് സുദിനം (വെളിച്ചംകൊണ്ട് തെളിഞ്ഞ വഴി) സിദ്ധിച്ചു. അതായത് സൂര്യന്റെ വെളിച്ചം നഗരത്തിലും നാട്ടിലുമെന്നപോലെ മേട്ടിലും കാട്ടിലും ധനികനും അലസനമെന്നപോലെ ദരിദ്രനും പണി എടുക്കുന്നവനും വഴി തെളിയിക്കുന്നു. (ഈ ഋക്കിന്റെ ദേവതാ ഇദ്ധ്മാഗ്നിയായിട്ടാണ് കർമ്മങ്ങളിൽ ചൊല്ലിവരുന്നതു്.)

8 അഷ്ടാമഹോദിവ ആദോഹരീഇഹ
ദ്യുമ്നാസാഹമഭിയോധാനഉത്സം
ഹരിംയത്തേ മന്ദിനം ദുക്ഷന്വൃധേ
ഗോരഭസ മദ്രിഭിർവ്വാതാപ്യം

അന്വയം:—

യത് തേ വൃധേ	— യദാ തവ വർദ്ധനായ
ഹരിം, മന്ദിനം	— മനോഹരം, മദകരം
ഗോ-രഭസം	— (ഗോശബ്ദഃ പയസി) പയോബലം, തദ്വീര്യവന്തം
വാതാപ്യം	— വാതതുല്യേന ശീഘ്രകാരിണാ ത്വയാ പാതവ്യം സോമം
(ഋത്വിജഃ) അദ്രി-ഭിഃ ദുക്ഷൻ	— ദുഹന്തി, അഭിഷുണ്വന്തി
(തദാനീം ഹേ ഇന്ദ്ര) മഹഃ ദിവഃ	— മഹതഃ, മദകാരസ്യ സോമസ്യ
അഷ്ടാ ഹരീ	— ഭോക്താരൗ പാതാരൗ സ്വകീയാവശ്വൗ
ഇഹ ആദഃ	— അസ്മിൻ കർമ്മണി പീതശേഷം, സോമം പായയ

(തഥാ) ദൃഢ—സഹം	— ദൃഢസ്യ, അസ്മദീയസ്യ ധനസ്യ അഭിഭവിതാരം
ഉഥ്സം	— ഉൽസ്രാവയിതാരം ശത്രും
യോധാനഃ അഭി	— യോധനശീലസ്ത്വം അഭിഭവ

അർത്ഥം—എപ്പോഴാം അവിടുത്തെ വൃദ്ധിക്കായി മനോഹരവും മദകരവും പാലിനെപ്പോലെ വീര്യവത്തും, വായുപോലെ വേഗവാനായ അവിടേക്ക് കുടിക്കാവുന്നതുമായ സോമം ഋത്വിക്കുകൾ ചതച്ച സംസ്കരിക്കുന്നുവോ, അപ്പോൾ, ഇന്ദ്ര, മഹത്തും ഹർഷകരവുമായ ആ സോമത്തിൽ ഈ കർമ്മത്തിൽ അവിടുന്ന് കുടിച്ച ശേഷിക്കുന്നത് സ്വന്തം കുതിരകളെ കുടിപ്പിച്ചാലും. പിന്നെ ഞങ്ങളുടെ ധനം അപഹരിച്ച ചാടുന്ന ശത്രുവിനെ യുദ്ധശീലനായ അവിടുന്ന് ജയിച്ചാലും

9 ത്വമായസംപ്രതിവർത്തയോഗോ
ർദ്ദിവോ അശ്മാനമുപനീതമൃഭ്വാ
കുഥ്സായയത്ര പുരുഹൂതവന്വ
ഞ്ഛുഷ്ണമനന്തൈഃ പരിയാസിവധൈഃ

അന്വയം —

ഹേ പുരു—ഹൂത	— പുരുഭിഃ ബഹുഭിരാഹൂത, ഇന്ദ്ര
യത്ര കുഥ്സായ	— യദാ എതൽസംജ്ഞായ ഋഷയേ
ശുഷ്ണം അനന്തൈഃ	
വധൈഃ	— തന്നാമാനമസുരം നിരവധികൈഃ ഹനനായുധൈഃ
വന്വൻ പരി—യാസി	— ഹിംസയൻ പരിതോഗച്ഛസി
(തദാനീം) ത്വം ഗോഃ	— (ശുഷ്ണസ്യവധാർത്ഥം) ഗന്തുഃ
ആയസം	— അയോമയം
ദിവഃ ഋഭ്വാ	— ദ്യുലോകാൽ ദീപ്തേന ത്വഷ്ട്രാ
ഉപ—നീതം	— ആനീതം
അശ്മാനം	— ശീഘ്രം ശത്രോർവ്വ്യാപകം വജ്രം
പ്രതി വർത്തയഃ	— ആഭിമുഖ്യേന വ്യസൃജഃ

അർത്ഥം—എല്ലാ കർമ്മികളാലും വിളിയ്ക്കപ്പെടുന്ന ഇന്ദ്ര, എപ്പോഴാം കുത്സനെന്ന ഋഷിക്കുവേണ്ടി ശുഷ്ണനെന്ന അസുരനെ ഹിംസിക്കുവാനായി വളരെ ഹനനായുധങ്ങളോടുകൂടി അവിടുന്ന് നാലുപാടും ഗമിച്ചുവോ അപ്പോഴാം ശുഷ്ണവധത്തിന്ന് വിട്ടയച്ചതും ഇരുമ്പുകൊണ്ടുള്ളതും ദ്യുലോകത്തിൽ നിന്ന് ദീപ്തനായ ത്വഷ്ടാവിനാൽ കൊണ്ടുവരപ്പെട്ടതും വേഗത്തിൽ ശത്രുവിങ്കലെത്തുന്നതുമായ വജ്രം അവിടുന്ന് പ്രയോഗിച്ചു

10 പുരാ യത് സൂരസ്തമസോ അപീതേ
സ്തമദ്രിവഃ ഫലിഗം ഹേതിമസ്യ
ശുഷ്ണസ്യ ചിത്പരിഹിതം യദോജോ
ദിവസ്പരി സുഗ്രഥിതം തദാദഃ വ 25

അന്വയം —

പുരാ യത് സൂരഃ — യദാ സൂര്യഃ
തമസഃ അപി—ഇതേഃ — തമോരൂപസ്യ ശുഷ്ണസ്യ സംഗ്രാമാത് (മുക്തോഽഭവത്)
(തദാനീം) ഹേ അദ്രി വഃ — വജ്രവന്നിന്ദ്ര,
അസ്യ ഹേതിം തം
ഫലി—ഗം — ശുഷ്ണാസുരസ്യ ഹനനായുധം മേഘം (പ്രാദാങ്ക്ഷീഃ)
(തഥാ) ശുഷ്ണസ്യ ചിത്
യത് ഓജഃ — ആച്ഛാദകം ബലം
ദിവഃ പരി — ദ്യോതമാനസ്യ സൂര്യസ്യോപരി
പരി—ഹിതം — ആച്ഛാദിതം
സു—ഗ്രഥിതം തത് — സൂര്യേണ സക്തം ഓജഃ, തസ്മാത് സൂര്യാത്
ആ അദഃ — ആദദാഃ വിശ്ലിഷ്ടം കൃതവാനസി

ഭാവം—പണ്ട് എപ്പോഴാം സൂര്യൻ അന്ധകാരരൂപനായ ശുഷ്ണന്റെ യുദ്ധത്തിൽ നിന്ന് മോചിക്കപ്പെട്ടുവോ, അപ്പോഴാം, അല്ലയോ വജ്രായുധ ഇന്ദ്ര അവന്റെ ഹനനായുധമായ ആ

മേഘത്തെ അവിടുന്ന് പിളന്നു. (ശുഷ്ണൻ മേഘത്താൽ സൂര്യനെ മറച്ചു. ആ മേഘത്തെ ഇന്ദ്രൻ പിളന്നു.) അതുപോലെ ശുഷ്ണൻെറ ആച്ഛാദനബലം (മറയ്ക്കാനുള്ള ശക്തി) പ്രകാശിക്കുന്ന സൂര്യൻെറ മുകളിൽ മറഞ്ഞ് സൂര്യങ്കൽ ഒട്ടിപ്പിടിച്ചതു് അവിടുന്നു വേർപെടുത്തി.

11 അനുത്വാമഹീ പാജസീ അചക്രേ
ദ്യാവാക്ഷാമാ മദതാമിന്ദ്രകമ്മൻ
ത്വം വൃത്രമാശയാനം സിരാസു
മഹോവജ്രേണസിഷ്വപോ വരാഹും

അന്വയം:–

ഹേ ഇന്ദ്ര, മഹീ,

പാജസീ	— മഹത്യൌ, ബലവത്യൌ
അചക്രേ	— അചങ്കമണേ, സവ്വത്രവ്യാപ്യ വത്തമാനേ
ദ്യാവാക്ഷാമാ	— ദ്യാവാപൃഥിവ്യൌ
കമ്മൻ ത്വാ	— വൃത്രവധാദി ലക്ഷണേ കമ്മണി പ്രവൃത്തം ത്വാം
അനു മദതാം	— ഹൃഷ്ടമകുരുതാം
(തദനന്തരം) ത്വം	
ആ-ശയാനം	— ആസമന്താദ്വ്യാപ്യ വത്തമാനം
വരാഹും വൃത്രം	— വരാഹാരമസുരം
സിരാസു	— സരണശീലാസ്വപ്സു
മഹഃ വജ്രേണ	— മഹതാ വജ്രായുധേന
സിസ്വപഃ	— അസ്വാപയഃ പാതിതവാൻ

അത്ഥം–അല്ലയോ ഇന്ദ്ര, മഹതികളും ബലവതികളും ഇളകാതെ എല്ലാടവും വ്യാപിച്ചു നില്ക്കുന്നവരുമായ ദ്യാവാപൃഥിവികൾ, വൃത്രവധാദി കമ്മങ്ങളിലേപ്പെട്ട അവിടുത്തെ അനുമോദിച്ചു സന്തുഷ്ടനാക്കി. പിന്നെ അവിടുന്ന് സവ്വദികം

വ്യാപിച്ച വർത്തിച്ചവനം നല്ലപോലെ തിന്ന തടിച്ചവനമായ വൃത്രനെ ഒഴുകുന്ന ജലങ്ങളിൽ പെരുതായ വജ്രംകൊണ്ട് ഉറക്കി (വീഴ്ത്തി).

12 ത്വമിന്ദ്രനര്യോയാംഅവോനൄൻ

തിഷ്ഠാവാതസ്യസുയുജോവഹിഷ്ഠാൻ

യന്തേകാവ്യഉശനാമന്ദിനംദാ

ദ്വൃത്രഹണംപാര്യംതതക്ഷവജ്രം

അന്വയം:—

ഹേ ഇന്ദ്ര നര്യഃ ത്വം — നൃഭ്യോഹിതസ്ത്വം
യാൻ നൄൻ അവഃ — നേതൄൻ, അശ്വാൻ അവസി, രക്ഷസി
വാതസ്യ — വാതവൽശീഘ്രം ഗച്ഛതഃ
സു–യുജഃ — ശോഭനം രഥേനയുജ്യമാനാൻ
വഹിഷ്ഠാൻ — അതിശയേനവോഢൄൻ താനശ്വാൻ
തിഷ്ഠ — ആതിഷ്ഠ, ആരോഹയ
കാവ്യഃ ഉശനാ — കവേഃ പുത്രഃ ഉശനാഃ
മന്ദിനം യം — മദകരം യം വജ്രം
തേ ദാത് — തുഭ്യം ദത്തവാൻ
(തം) വജ്രം വൃത്ര–ഹനം — വൃത്രാസുരസ്യഘാതകം
പാര്യം — ശത്രൂണാം പാരണേ, അതിക്രമണേ സമർത്ഥം (പ)
തതക്ഷ — കൃതവാനസി

അർത്ഥം:—അല്ലയോ ഇന്ദ്ര, മനുഷ്യർക്ക് ഹിതകാരിയായ അവിടുന്ന്, നേരെ നയിക്കുന്ന കുതിരകളേവയേ രക്ഷിക്കുന്നുവോ, വായുവേഗത്തിലോടുന്നവയും, തേരിൽ നന്നായി പൂട്ടിയവയും, ധാരാളം ഭാരം വഹിക്കുന്നവയുമായ ആ കുതിരകളെ ആരോഹണം ചെയ്താലും. കവിപുത്രനായ ഉശനസ്സ് മദകരമായ യാതൊരു വജ്രം അവിടുത്തേക്ക് തന്നുവോ, ആ വജ്രത്തെ വൃത്രഘാതകമായും ശത്രുക്കളെ അതിക്രമിപ്പാൻ സമർത്ഥമായും അവിടുന്ന് പ്രയോഗിച്ചു.

13 ത്വം സൂരോ ഹരിതോ രാമയോ നൄൻ
ഭരച്ചക്രമേതശോ നായമിന്ദ്ര
പ്രാസ്യ പാരന്നവതിന്നാവ്യാനാ
മപി കർത്തമവർത്തയോയജ്യൂൻ

അന്വയം'—

ഹേ ഇന്ദ്ര, സൂരഃ

അയം ത്വം	—	സൂര്യാത്മനാ വർത്തമാനസ്ത്വം
ഹരിതഃ നൄൻ	—	ഹരിദ്വർണ്ണാൻ നേതൄൻ അശ്വാൻ, രസഹരണശീലാൻ രശ്മീൻ വാ
രമയഃ	—	ഉപാരമയഃ
ഏതശഃ ന	—	ഏതശശ്ച (ന സമുച്ചയാർത്ഥേ)
ചക്രം ഭരൽ	—	പ്രാവഹൽ
(അപി ച ത്വം)		
നാവ്യാനാം	—	നാവാതാര്യാണാം നദീനാം
നവതിം	—	നവതി സംഖ്യാമതീത്യ വർത്തമാനം
പാരം	—	തീരദേശം, തീരദേശേ (സപ്തമ്യർത്ഥേ ദ്വിതീയാ)
അയജ്യൂൻ	—	അയജമാനാൻ, യജ്ഞവിഹീനാൻ അസുരാദീൻ
പ്ര—അസ്യ കർത്തം അപി അവർത്തയഃ	—	പ്രക്ഷിപ്യ, തത്രകർത്തവ്യമപി കൃത്വാ (താനയജമാനാൻ അവർത്തയഃ)

അർത്ഥം—അല്ലയോ ഇന്ദ്ര, സൂര്യരൂപനായ ഈ അവിടന്നു് നേരേ നയിക്കുന്ന പച്ചക്കുതിരകളെ (അല്ലെങ്കിൽ രസഹരണങ്ങളായ രശ്മികളെ) സന്തോഷിപ്പിച്ചു (സ്വാധീനിച്ചു) പച്ചക്കുതിരയും രഥചക്രത്തെ വലിച്ചു കൂടാതെ തോണി കടക്കേണ്ടും തൊണ്ണൂറിലേറെ പുഴകളെക്കടന്നു്, അപ്പുറത്തുള്ള കരയിൽ യ

ത്വവിരോധികളായ അസുരാദികളെ തള്ളിവിട്ട് സ്വന്തം ക
ൃവ്യം നിർവ്വഹിച്ചു. (അവരെ നിരവധി നദികൾക്കപ്പുറത്തു
ള്ള ദൂരദേശത്തേക്ക് പായിച്ചു).

14 ത്വന്നോഅസ്യാ ഇന്ദ്രദുർഹണായാഃ

പാഹിവജ്രിവോദുരിതാദഭീകേ

പ്രനോവാജാന്ത്രഥ്യോ ऽ ऽ അശ്വബുധ്യാ

നിഷേയന്ധിശ്രവസേസൂനൃതായൈ

അന്വയം.—

ഹേ വജ്രി—വഃ, ഇന്ദ്ര,	— വജ്രവൻ, ഇന്ദ്ര, ത്വം
ത്വം	— ദുഃഖേന ഹന്തവ്യാഃ
ദുഃ—ഹനായാഃ	— അവൃത്തേഃ, ദാരിദ്ര്യാൽ
അസ്യാഃ	— അസ്മാൻ രക്ഷ
നഃ പാഹി	— പാപാൽ
(തഥാ) ദുഃ—ഇതാൽ	— അഭിപ്രാപ്തേ സമീപവത്തിനി സംഗ്രാമേ (നഃ പാഹി)
അഭീകേ	— അസ്മഭ്യം രഥയുക്താൻ
(അപിച) നഃ രഥ്യഃ	— അശ്വബുധ്നാൻ, അശ്വമൂലാൻ, അശ്വപ്രമുഖാൻ
അശ്വ—ബുധ്യാൻ	— ധനാനി
വാജാൻ	— അന്നാത്ഥം, കീത്ത്യത്ഥം
ഇഷേ ശ്രവസേ	— പ്രിയസത്യാത്മികാവാക് സൂനൃതാ തദത്ഥം
സൂനൃതായൈ	— പ്രയച്ഛ
പ്ര യന്ധി	

അത്ഥം—അല്ലയോ വജ്രായുധനായ ഇന്ദ്ര, അവിടുന്ന് ദുസ്സഹമായ ദാരിദ്ര്യത്തിൽ നിന്ന് ഞങ്ങളെ രക്ഷിച്ചാലും അതുപോലെ പാപത്തിൽ നിന്ന് രക്ഷിച്ചാലും അടുത്തെത്തിയിരിക്കുന്ന യുദ്ധത്തിൽ (ആപത്തിൽ) ഞങ്ങളെ രക്ഷിച്ചാലും കൂടാതെ ഞങ്ങൾക്ക് അന്നത്തിന്നും കീർത്തിക്കും സത്യത്തിന്നും (പ്രിയവും സത്യവുമായ വാക്കിന്നും) വേണ്ടി രഥത്തോടുകൂടി കതിര മുതലായ ധനങ്ങൾ തന്നരുളിയാലും (എല്ലാ ധനങ്ങൾക്കും കതിര പ്രഥമമൂലം)

15 മാസാതേ അസ്മൽ സുമതിർവ്വിദസ
വാജപ്രമഹസ്സമിഷോ വരന്ത
ആനോഭജമഘവൻ ഗോഷ്വര്യോ
മംഹിഷ്ഠാസ്തേ സധമാദസ്യാമ വ. 26

അന്വയം:—

ഹേ വാജ–പ്രമഹഃ,	—	വാജൈഃ, ധനൈഃ പ്രമഹനീയ, (ഇന്ദ്ര,)
തേ സാ സു–മതിഃ	—	ത്വദീയാനുഗ്രഹരൂപാ ബുദ്ധിഃ
അസ്മൽ മാ വി ദസൽ	—	അസ്മാസു മാ വിശുഷ്യതു
(തഥാ) ഇഷഃ സം വരന്ത	—	അന്നാനി അസ്മാൻ സംവൃതാൻ കുർവ്വന്തു
ഹേ മഘ–വൻ അര്യഃ	—	ധനവൻ, ഇന്ദ്ര, ധനപതിസ്ത്വം
നഃ ഗോഷു ആ ഭജ	—	പ്രാപയ
തേ മംഹിഷ്ഠാഃ	—	അതിശയേന സ്തുതിഭിഃ സംവർദ്ധയിതാരഃ വയം
സധ–മാദഃ സ്യാമ	—	പുത്രപൌത്രാദിഭിസ്സഹമാദ്യന്തൌഭവേമ

അർത്ഥം—അല്ലയോ ബഹുവിധ നയങ്ങളാൽ മഹിമാവോടു കൂടിയ ഇന്ദ്ര, അവിടുത്തെ അനുഗ്രഹരൂപയായ ബുദ്ധി, ഞങ്ങളിൽ (ഒരിക്കലും) ശോഷിക്കരുതേ അതുപോലെ അന്നങ്ങൾ ഞങ്ങളെ മൂടട്ടെ. അല്ലയോ ധനവൻ, ധനപതിയായ അവിടുന്ന് ഞങ്ങളെ പശുക്കളിൽ (പശുക്കൾ ധാരാളമുള്ളിടത്ത്) എത്തിച്ചാലും. സ്തുതികളാൽ അവിടുത്തെ വർദ്ധിപ്പിക്കുന്ന ഞങ്ങൾ പുത്രപൌത്രാദികളോടുകൂടി സുഖികളായി ഭവിച്ചാവൂ.

എട്ടാമധ്യായം സമാപ്തം

ശുദ്ധിപത്രം

പേജ്	വരി	അബദ്ധം	സുബദ്ധം
1	8	അഗ്രണിഃ	അഗ്രണീഃ
8	27	സോമോപേത'	സോമോപേതാഃ
11	27	മിത്രവരുണന്മാരെ	മിത്രവരുണന്മാരേ
12	13	അശിനൌ	അശ്വിനൌ
ടി	22	അശ്വിനൌ	അശ്വിനാ
22	8	ന്മമാദനം	ന്മ–മാദനം
25	21	ഹ്വവേന്ദ്ര	ഹ്വവേന്ദ്രഃ
30	20	തസ്ഥുഷ	തസ്ഥുഷഃ
34	9	വിഭേൽ–വസും	വിദൽ–വസും
46	8	പുരുഷഃ	പുരുഷാഃ
48	15	യജന്മാക്ക്	യജമാനന്മാക്ക്
50	3	അധ്വര്യുക്കളെ	അധ്വര്യുക്കളേ
52	23	സങ്ഗോമദിന്ദ്ര	സംഗോമദിന്ദ്ര
55	29	ഔൽകൃഷ്ടിസിദ്ധി	ഔൽകൃഷ്ട്യസൃഷ്ടി
60	15	ത്വായാ	ത്വയാ
63	5	ദാത്രീം	ദാത്രീം
79	25	ആനയഃ	ആനയ
85	15	ആ താ	ആ ത്വാ
106	20	ഇന്ദ്രാവരുണൌതം തഥാ	ഇന്ദ്രാവരുണൌ തഥാ
ടി	26	ഹ്വകധന	ഹ്വകധന
123	12	(തേ (ഋഭവഃ)	(തേ ഋഭവഃ)
127	23	നിമ്മതി	നിമ്മിതി
135	33	ശ്രുഭതി	ശ്രുംഭതി
137	33	ഹ്വഞ്ജൽസിന്ന	(ഹ്വഞ്ജൽസിന്ന
152	8	ദേവയജനമാഗ്രേ	ദേവയജനമാഗ്രേ
162	4	ഉല്ലാദിയ്ക്കുന്ന	ഉല്ലതിയ്ക്കുന്ന
167	4	അസ്മാദ്രാജാ	അസ്മാ(ന്നാജാ
170	17	അദീതയേ	അദിതയേ
186	29	ഹോതാ	ഹോതാ

ശുദ്ധിപത്രം

219	20	സമദ്രേ	സമുദ്രേ
224	24	കനിവു	കഴിവു
228	7	തൽസേവിതം	തൽസേവിനം
236	26	ങ്ങളോടുകൂടിയ	ങ്ങളോടുകൂടി
243	17	വ്യംസം	വ്യംസ
254	4	വൎത്തമാനാഃ അരാൻ നേമൌ	വൎത്തമാനാനേമിഃ അരാൻ നാഭൌ
257	5	പൂൎവ്വൈൎസ്സേവിതാം	പൂൎവ്വൈൎസ്സേവിതം
ടി	24	നിഷാശാൻ	നിഷംഗാൻ
263	9	(തദാനിം	തദാനീം
ടി	8	സമൎത്ഥാന	സമൎത്ഥാന
266	12	വ്രീഹാദി	വ്രീഹ്യാദി
274	12	ഭേത്താം	ഭേത്ത്യാം
278	28	ദ്രോണകൃശാധവനീയ	ദ്രോണകലശാധവനീയ
280	14	സംബന്ധിനി	സംബന്ധിനി
285	15	സൂര്യാഗമാനാൽ	സൂര്യാഗമനാൽ
294	1	യേതേപത്ഥാ	യേതേപന്ഥാ
ടി	4	ബ്രൂഹിദേവ	ബ്രൂഹിദേവ
295	21	യാചിക്കുന്നു)	യാചിക്കുന്നു)
296	11	ശോഭനമനസ്സാഃ	ശോഭനമനസ്സഃ
301	11	ദ്യാപാപൃഥിവികൾ	ദ്യാവാപൃഥിവികൾ
314	13	മരുൽഗണസംബന്ധി	മരുൽഗണസംബന്ധി
ടി	27	തധൃനഥ	നധൃനഥ
317	26	താല്ല്വോഷ്ഠാദിഷു	താലോഷ്ഠാദിഷു
318	2	ഹംഭാരവോപേതാഃ	ഹംഭാരവോപേതാ
329	13	മന്ത്രവതീയം	മന്ത്രവാനം
332	20	ഭവേത്തു	ഭവേതു
334	6	(അപി ശത്രു)	(അപി ശത്രുഃ)
335	13	ഭബീഭയന്ത	ദബീഭയന്ത
ടി	31	ഭീതാമുൽപാ	ഭീതിമുൽപാ
342	11	യഃ (യജമാനം)	യഃ (യജമാനഃ)
356	15	മയായുധവാൻ	മയായുധവൻ
370	13	ബഹ്ലീ രാഷ്ട്രതഃ	ബഹ്ലീരാഷ്ട്രതാ

553	27	കമ്പതേ	കമ്പന്തേ
555	12	ത്വം ശ്രുഷ്ടം	ത്വം ശ്രുഷ്ടം
565	10	ത്രുപാദിവ്യഞ്ജന	ത്രുപാദിവ്യഞ്ജന
566	24	മംഘാദികളെ	മോഘാദികളെ
568	14	പ്രട്ടങ്ക്ഥ	പ്രഭങ്ക്ഥ
578	6	പാലയിതസ്യ	പാലയിതവ്യസ്യ
580	19	പചകനായ	പാചകനായ
584	20	ദേവതാം	ദേവാനാം
586	20	വിധാതി	വിദധാതി
598	18	ബഹവന്തഃ	ബഹവന്നഃ
610	6	മകനെന്ന	മക്കളെന്ന
617	8	തമഃ വാ	നമഃ വാ
636	22	തഥാ നഹ്യഗ്നിം	തഥാ, നഹ്യഗ്നിം
637	27	സവ്വാന്തഃ	സവ്വാന്നഃ
660	21	പ്രഥമംന്ദേ	പ്രഥമം ദേ
670	23	ഹോമകമ്മ ..	(ഹോമകമ്മ...
689	15	സംഗച്ഛന്ത	സംഗച്ഛന്തേ
693	15	വസൂനി	വസുനി
694	16	ശിപ്രേഹന	ശിപ്രേഹന്ത
700	19	നതദാസ്സേ	നളദാസ്സേ
714	18	വൃത്രഹന്ത്രഥം	വൃത്രഹന്മഥം
745	15	(സ്ഥാതാവിൻേറയും)	(സ്തോതാവിൻേറയും)
772	24	കർതാ	കർത്താ
780	5	വൃഷതോഭിഃ	വൃഷ–തോഭിഃ
785	11	ഉള്ളതു ?	ഉള്ളതു്.
804	1	അവാനഭാഗം	അവസാനഭാഗം
811	21	അഥനോ	അഥാനോ
833	8	ഹിസിതാ	ഹിംസിതാ
835	10	രോഹിതങ്ങളെന്ന	രോഹിത്തുകളെന്ന
841	17	പൂജനാം	പൂജയന്താം
848	7	വൃഷ്ണി, വൃഷ്ണി	വൃഷ്ണി, വൃഷ്ണി
850	3	ആർദ്രീം	ആദ്രീം
853	11	വിരോചമാനം	വിരോചമാനം
867	8	ഗച്ഛതി	ഗച്ഛന്തി

875	17	വിഷ്ടിം	വൃഷ്ടിം
885	11	കൊട്ടക്കരന്നനം	കൊട്ടക്കരന്നവനം
889	18	അംബ്വരീഷൻ	അംബരീഷൻ
ടി	20	ദസ്യൂഞ്ചരിമ്മ്യംശ്ച	ദസ്യൂഞ്ചരിമ്മ്യശ്ച
897	4	യദ്ധത്തിൽ	യുദ്ധത്തിൽ
906	17	തിഷ്ഠുസാതയേ	തിഷ്ഠസാതയേ
907	20	സ്തോത്രണാം	സ്തോതൃണാം
913	14	സിന്ധഃ	സിന്ധുഃ
914	21	സം—വൃച്യതേ	സം വൃച്യതേ
ടി	25	പാടിപ്പുഴകഴ്ത്തി	പാടിപ്പുകഴ്ത്തി
916	18	സ്തോത്രണാം	സ്തോതൃണാം
917	6	ശത്രൂണാം	ശത്രൂണാം
921	27	പൃഥിവി	പൃഥിവീ
922	19	വോഢൃൻ	വോഢൄൻ
924	28	സ്വമദ്ധ്യേ	സ്വമദ്ധ്യേ
925	15	ഉഭേ	ഉദേ
926	12	ശോഭിച്ചു	ശോഭിച്ചു
927	29	വെച്ചീട്ടുണ്ടു	വെച്ചിട്ടുണ്ട്
ടി	31	ചെയ്തീട്ടുള്ളതു	ചെയ്തിട്ടുള്ളതു
934	15	അദ്യദീയാ	അന്യദീയാ
944	10	ദേവന്മാക്കി	ദേവന്മാക്കി
947	8	ഹോതാ	ഹോതാ
951	5	ബൃഹസ്പതീഃ	ബൃഹസ്പതിഃ
954	17	തആദിത്യാ	ത ആദിത്യാ
958	22	ഇന്ദ്രാദിദേവന്മാരോ	ഇന്ദ്രാദിദേവന്മാരേ,
963	11	പൃഥിവി	പൃഥിവീ
971	16	മനുഷ്യടെ	മനുഷ്യരുടെ
ടി	17	ഉടയിലൊ	ഇടയിലൊ
973	3	പീബതം	പിബതം
976	27	ആപവതി	ആവപതി
ടി	29	ഭഗനീ	ഭഗിനീ

ശുദ്ധിപത്രം

982	19	ഇന്ദ്രാഗ്നേ്യാ	ഇന്ദ്രാഗ്നേ്യാ
983	2	ഇന്ദ്രാഗ്നീ	ഇന്ദ്രാഗ്നീ
993	16	ന്ഹരീ	ന്ഹരീ
995	12	സപ്ഷ്ംധത്ത	സപ്ഷധത്ത
996	16	അല്ലങ്കിലും	അല്ലെങ്കിലും
998	13	ദ്യാവാപൃഥിവ്യാ വശ്യശചിനൌ	ദ്യാവാപൃഥിവ്യാവ ശചിനൌ
1002	26	മലങ്കരിഷ്ഠ	മലങ്കരിഷ്ഠ
1015	13	മജ്മന്നാ	മജ്മന്നാ
1017	27	ണീരശിക്ഷതം	ണീരശിക്ഷതം
1020	22	രശചിനാഗതം	രശചിനാഗതം
1022	6	കമ്മണ്ട	കമ്മണ്ട
1026	14	അസ്മംങ്ഗച്ഛൻ	അസ്മംഗച്ഛൻ
1057	5	മിതിയും	ദിതിയും
ടി	21	അന്താരീക്ഷം	അന്തരിക്ഷം
1059	11	പൃഷ്ഠമസ്ഥു:	പൃഷ്ഠമസ്ഥു:
1068	1	ശതസഖ്യാകൈഃ	ശതസംഖ്യാകൈഃ
ടി	2	പദൈ	പാദൈ
1082	29	അശ്വകളേ	അശ്വകളേ,
1089	16	സ്തുതിക്കുന്ന	സ്തുതിക്കുന്ന
1101	18	അന്നത്തോടുകൂടി	അന്നത്തോടു കൂടി
1103	28	വാനമശ്ചിനാ	വാനമശ്ചിനാ
1113	7	പുനസ്സന്താനഭൃതം	പുനസ്സന്ധാനഭൃതം
1114	13	സൽസന്താനയുതവു	സൽസന്താനയുക്തവു
1125	8	സ്തോതാക്കളെ	സ്തോതാക്കളെ
1139	12	സ്യാദഭൂത	സ്യാദ്ഭൂത
1151	19	അജയന്ത	അയജന്ത
1152	12	സ്വ–ഇദ്ദഹവൈ്യഃ	സ്വഇദ്ദഹവൈ്യഃ
1152	23	രിക്കുന്ന	രിക്കുന്ന
ടി	29	സൂര്യനെ	സൂര്യനെ